സെക്കണ്ടറി പാഠ്യക്രമം

# 213 - സാമൂഹ്യശാസ്ത്രം

പുസ്തകം - 1


**കോഴ്സ് കോ-ഓർഡിനേറ്റർമാർ**

മിസ് തരുൺ പുനിയ

ഡോ. ചുന്നു പ്രസാദ്

ഡോ. അസ്മത്ത് നൂറി

**പ്രോജക്ട് കോ-ഓർഡിനേറ്റർ (A.E.P.)**

മിസ് അഷീമ സിംഗ്



**NATIONAL INSTITUTE OF OPEN SCHOOLING**

**(An autonomous organisation under MHRD, Govt. of India)**

**A-24-25, Institutional Area, Sector-62, NOIDA-201309 (U.P.)**

**Website: www.nios.ac.in, Toll Free No. 18001809393**

© National Institute of Open Schooling

Published by the Secretary, National Institute of Open Schooling, A-24-25, Institutional Area, NH-24, Sec. 62, Noida-201309, and printed at

## ADVISORY COMMITTEE

**Dr. Sitansu S. Jena**
Chairman
National Institute of Open Schooling
NOIDA

**Dr. Kuldeep Agarwal**
Director (Academic)
National Institute of Open Schooling
NOIDA

**Mrs. Gopa Biswas**
Jt. Director (Academic)
National Institute of Open Schooling
NOIDA

## CURRICULUM COMMITTEE

**Prof. Girishwar Mishra**
Chairperson
Deptt. of Psychology,
University of Delhi, Delhi

**Prof. K.D. Baroota**
**(Retd.)** Deptt. of Psychology,
University of Delhi
Delhi

**Prof. Shakuntala Nagpal**
DEPFE, NCERT
Sri Aurobindo Marg
New Delhi

**Sh. I.S. Asthana**
Principal (Retd.)
A-88, Ground Floor Back
Ashoka Enclave 2
Faridabad, Haryana

**Dr. Arvind Mishra**
Asso. Professor
ZHCES, School of Social Sciences
JNU, New Delhi

**Dr. Shah Alam**
Sr. Lecturer
Dept. of Psychology, Faculty of Social
Science, Women's College,
Aligarh Muslim University, Aligarh (U.P.)

**Dr. Navin Kumar**
Asso. Professor
Dr. B.R. Ambedkar College
University of Delhi
Delhi

**Dr. B.K. Pal**
Lecturer
DIET (east), Institutional Area
Karkardooma, Delhi

**Mrs. Usha Anand**
PGT
St. Thomas School,
Mandir Marg, New Delhi

**Sh. Vivek Singh**
Convener
Executive Officer (Academic)
National Institute of Open Schooling
NOIDA

## COURSE EDITORS

**Prof. Girishwar Mishra**
Chairperson
Deptt. of Psychology,
University of Delhi, Delhi

**Sh. I.S. Asthana**
Principal (Retd.)
A-88, Ground Floor Back
Ashoka Enclave 2
Faridabad, Haryana

**Dr. Preeti Kapur**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. Renu Kishore**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

## LESSON WRITERS

**Prof. Girishwar Mishra**
Chairperson (Retd.)
Deptt. of Psychology,
University of Delhi, Delhi

**Prof. K.D. Baroota**
**(Retd.)** Deptt. of Psychology,
University of Delhi
Delhi

**Dr. Arvind Mishra**
Asso. Professor
ZHCES, School of Social Sciences
JNU, New Delhi

**Dr. Preeti Kapur**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. Renu Kishore**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. A.K. Shrivastava**
Asso. Professor
NCERT
New Delhi

## GRAPHIC ARTIST

**Mr. Mahesh Sharma**
Graphic Artist,
National Institute of Open Schooling, NOIDA

## TRANSLATORS

**Prof. Dr. P.D. Johny,** Rt. Professor, U.C. College, Aluva

**Mr. D. Gopinathan Nair,** Rt. Principal, Udyogamandal School, Eloor

*Laser Typesetting & Layout by **Jenil Creations** **Ph: 94471 79273***

# ചെയർമാന്റെ സന്ദേശം

പ്രിയ പഠിതാവേ,

സമൂഹത്തിന്റെ പൊതുവായും ചില വിഭാഗങ്ങളുടെ പ്രത്യേകിച്ചും ആവശ്യങ്ങൾ കാലമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അവരുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ വേണ്ട മാർഗ്ഗങ്ങളും തന്ത്രങ്ങളും തദനുസൃതമായി പരിഷ്ക്കരിക്കപ്പെടേണ്ടതായിട്ടുണ്ട്. മാറ്റത്തിനുള്ള ഒരു ഉപാധിയാണ് വിദ്യാഭ്യാസം. തക്കസമയത്ത് നൽകുന്ന ശരിയായ വിദ്യാഭ്യാസം സമൂഹത്തിനെ ശരിയായ വീക്ഷണഗതിയിലേക്ക് കൊണ്ടുവരുന്നതിനും നൂതനമായ വെല്ലുവിളികളെ നേരിടാനുള്ള മനോഭാവവും കാഠിന്യമേറിയ സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കാനുള്ള ധൈര്യവും നൽകുന്നു. കൃത്യമായ കാലഘട്ടത്തിൽ നടക്കുന്ന പാഠ്യപദ്ധതി നവീകരണത്തിലൂടെ ഇത് ഫലപ്രദമായി കൈവരിക്കാൻ കഴിയും. നിശ്ചലമായ ഒരു പാഠ്യപദ്ധതി വ്യക്തിയുടേയും സമൂഹത്തിന്റേയും ആനുകാലിക ആവശ്യങ്ങളും അഭിലാഷങ്ങളും പൂർത്തീകരിച്ചു കൊടുക്കാത്തതിനാൽ അതിന്റെ ഉദ്ദേശ്യം സഫലീകരിക്കപ്പെടുന്നില്ല.

ഈ ഉദ്ദേശ്യത്തിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗത്തുള്ള വിദ്യാഭ്യാസ വിചക്ഷണന്മാർ കൃത്യമായ ഇടവേളകളിൽ ഒത്തുകൂടി വരുത്തേണ്ട ആവശ്യമായ മാറ്റങ്ങൾ, അതിനുള്ള ഉപാധികൾ എന്നീ വിഷയങ്ങളെക്കുറിച്ച് സസൂക്ഷ്മം ചർച്ച നടത്തുന്നു. ഇത്തരം അവധാനപൂർണ്ണമായ ചർച്ചയുടെ ഫലമായി വിദ്യാഭ്യാസത്തിന്റെ വ്യത്യസ്ത തലങ്ങളിലേക്ക് - പ്രൈമറി, എലിമെന്ററി, സെക്കന്ററി, സീനിയർ സെക്കന്ററി - അനുപേക്ഷണീയവും ആവശ്യവുമായ വിശദാംശങ്ങൾ വ്യക്തമാക്കുന്ന ദേശീയ പാഠ്യപദ്ധതിയുടെ രൂപരേഖ (NCF-2005) പുറത്തു വന്നു.

ഈ ചട്ടക്കൂടും ദേശീയവും സാമൂഹികവുമായ മറ്റ് ഘടകങ്ങളും മനസ്സിൽ വച്ചുകൊണ്ട് തന്നെ ആനുകാലികവും ആവശ്യാധിഷ്ഠിതവുമായ രീതിയിൽ സെക്കന്ററിതല വിഷയങ്ങളുടെ പാഠ്യപദ്ധതി ഇപ്പോൾ പരിഷ്ക്കരിച്ചിട്ടുണ്ട്. വിദൂരവിദ്യാഭ്യാസം വഴി നൽകുന്ന NIOS ന്റെ പരിപാടികളുടെ അവശ്യവും അവിഭാജ്യവുമായ ഒരു ഭാഗമാണ് പാഠ്യവസ്തുക്കളുടെ നിർമ്മിതി. അതിനാൽ പാഠ്യവസ്തുക്കൾ ഉപയോഗിക്കുന്നവർക്ക് ഉപകാരപ്രദവും രസകരവും ആകർഷകവുമാക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഈ പാഠപുസ്തകം രസകരവും നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യവും ആക്കിത്തീർക്കുന്നതിന് സഹായിച്ച എല്ലാ വിശിഷ്ട വ്യക്തികൾക്കും നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഇത് ആകർഷണീയവും ഉൾക്കൊള്ളാൻ കഴിയുന്നതുമായി നിങ്ങൾക്ക് അനുഭവവേദ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂളിംഗിന്റെ പേരിൽ നിങ്ങൾ ക്കെല്ലാവർക്കും ശോഭനവും വിജയപ്രദവുമായ ഒരു ഭാവി ഞാൻ ആശംസിക്കുന്നു.

**എസ്.എസ്. ജെന**
ചെയർമാൻ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്

# ഡയറക്ടറുടെ കുറിപ്പ്

പ്രിയ പഠിതാവേ,

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂളിംഗിന്റെ അക്കാദമിക് വകുപ്പ് നിങ്ങളുടെ ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുസരിച്ച് പുതിയ പരിപാടികൾകൊണ്ടുവരാനാണ് എല്ലായ്പ്പോഴും ശ്രമിക്കുന്നത്. സെക്കന്ററിതലത്തിലുള്ള എല്ലാ വിഷയങ്ങളുടേയും പാഠ്യപദ്ധതി ഇപ്പോൾ ഞങ്ങൾ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിലെ മറ്റ് ബോർഡുകളുടെ പാഠ്യപദ്ധതിയോടൊപ്പം നിൽക്കുന്നതിനുവേണ്ടി ഞങ്ങൾ സി. ബി.എസ്സ്. ഇ യുടേയും ധാരാളം സംസ്ഥാന സെക്കന്ററിതല ബോർഡുകളുടേയും പാഠ്യപദ്ധതികൾ പരിശോധിക്കുകയുണ്ടായി. നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് വികസിപ്പിച്ചെടുത്ത ദേശീയ പാഠ്യപദ്ധതിയുടെ രൂപരേഖ ഒരു പ്രധാന സൂചനയായി കണക്കിലെടുത്തിട്ടുണ്ട്. സമഗ്രമായ ഒരു താരതമ്യപഠനത്തിനുശേഷം പ്രവർത്തന നിരതവും ലളിതവും ജീവിതാവസ്ഥകളോട് ബന്ധപ്പെട്ടിരിക്കുന്നതുമായ ഒരു പാഠ്യപദ്ധതി ഞങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിലെ മുൻനിരയിലുള്ള വിദ്യാഭ്യാസ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കാനും നവീകരിക്കാനും സാധിച്ചിട്ടുണ്ട്.

അതേസമയം പാഠ്യവസ്തുക്കൾ വീക്ഷിക്കുവാനും ഞങ്ങൾക്ക് സാധിച്ചു. പഴയതും കാലഹരണപ്പെട്ടതുമായ വിവരങ്ങൾ നീക്കുകയും പുതിയതും പ്രസക്തവുമായ വസ്തുതകൾ കൂട്ടിച്ചേർക്കുകയും അതുവഴി അവയെ നിങ്ങൾക്ക് ഹൃദ്യവും ആകർഷണീയവും ആക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്.

നിങ്ങളുടെ കൈകളിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന പുതിയ പുസ്തകം നിങ്ങളിൽ താൽപര്യമുണർത്തുകയും നിങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

നിങ്ങൾക്ക് സന്തുഷ്ടവും വിജയപ്രദവുമായ ഒരു ഭാവി ഞാൻ ആശംസിക്കുന്നു.

**ഡോ. കുൽദീപ് അഗർവാൾ**
**ഡയറക്ടർ (അക്കാദമിക്)**
**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്**

# നിങ്ങളോടൊരു വാക്ക്

പ്രിയ പഠിതാക്കളെ,

സെക്കന്ററി കോഴ്സിന്റെ ഭാഗമായ സോഷ്യൽ സയൻസ് പഠനത്തിലേക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ കോഴ്സിന്റെ പാഠ്യവസ്തുക്കൾ രണ്ട് ഗ്രന്ഥങ്ങളിലായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒന്നാമത്തേതിൽ ചരിത്രവും ഭൂമിശാസ്ത്രവും രണ്ടാമത്തേതിൽ പൊളിറ്റിക്കൽ സയൻസും (രാഷ്ടമീമാംസ). മനുഷ്യസമൂഹത്തിന്റെ പരിണാമത്തെക്കുറിച്ചുള്ള പഠനവും ലോകത്തിലെ മികച്ച സംസ്ക്കാരങ്ങളും സോഷ്യൽ സയൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിപൂരാതനം, മധ്യം, ആധുനികം എന്നീ കാലങ്ങളിലെ ഇന്ത്യയേയും ലോകത്തേയും കുറിച്ച് നിങ്ങൾ ഇതിൽ പഠിക്കും. പരിണാമത്തെക്കുറിച്ച് ഉൾക്കാഴ്ച നിങ്ങൾക്ക് ഒന്നാമത്തെ ഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്നതോടൊപ്പം ഇന്ത്യയിലെ കൊളോണിയിലിസത്തിന്റെ ഫലങ്ങളും സാമൂഹിക പരിഷ്ക്കരണവും ബ്രിട്ടീഷ് ഭരണത്തിനെതിരായ ചെറുത്തു നിൽപ്പുകളും നിങ്ങൾ പരിചയപ്പെടുകയും ചെയ്യും.

കൂടുതലായി ഭൂമിശാസ്ത്രപരമായ ആശയങ്ങളും വസ്തുതകളും നിങ്ങൾ കൈകാര്യം ചെയ്യും. പ്രകൃതി, പരിസ്ഥിതി, വിഭവങ്ങൾ, വികസനം എന്നിവ തമ്മിലുള്ള പരസ്പര ബന്ധവും നിങ്ങൾ മനസ്സിലാക്കുന്നു.

ഭൂമിയിൽ പരിണമിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി- സന്തുലിതാവസ്ഥ എങ്ങനെ ചില ജീവിത നൈപുണിമാതൃകകൾ പിന്തുടർന്നാൽ നിലനിർത്താൻ കഴിയും. പാഠങ്ങൾ പഠിച്ചു പോകുമ്പോൾ സർവ്വേ, കേസ് സ്റ്റഡികൾ (വ്യക്തി പഠനങ്ങൾ), പ്രശ്ന പരിഹാരങ്ങൾ തുടങ്ങിയ ധാരാളം പാഠ്യപ്രവർത്തനങ്ങൾ നിങ്ങൾ കണ്ടെത്തും. അവ മെച്ചമായി കാര്യങ്ങൾ മനസ്സിലാക്കുന്നതിനും, ചിന്താശക്തി, ആശയവിനിമയം,പരസ്പരാലോചനതുടങ്ങിയ അത്തരം നൈപുണികളും കഴിവുകളും വളർത്തിയെടുക്കുന്നതിന് വേണ്ടി പ്രത്യേകമായി രൂപകൽപന ചെയ്തിട്ടുള്ളതാണ്. ഇത് ഒരു പഠിതാവ് എന്ന നിലയിൽ നിങ്ങളുടെ അറിവ് പുഷ്ടിപ്പെടുത്തുന്നതിനുള്ളതായതിനാൽ ഈ പ്രവർത്തനങ്ങൾ സമയമെടുത്ത് നിർവ്വഹിക്കേണ്ടതാണ്.

ഈ പുസ്തകം നിങ്ങളുടെ പരീക്ഷകൾക്കു മാത്രം ഉപകരിക്കുന്ന ഒന്നു മാത്രമല്ല കൂടാതെ നിങ്ങളെ ഒരു നല്ല മനുഷ്യനാക്കിത്തീർക്കാൻ പ്രചോദിപ്പിക്കുമെന്നു കൂടി ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങൾക്ക് ഈ കോഴ്സുമായി ബന്ധപ്പെട്ട എന്തെങ്കിലും വൈഷമ്യങ്ങളോ, അന്വേഷണങ്ങളോ ഉണ്ടെങ്കിൽ ആ വിവരം ഞങ്ങൾക്കെഴുതുന്നതിനെ സ്വാഗതം ചെയ്യുന്നു ഈ ഗ്രന്ഥത്തെക്കുറിച്ചുള്ളനിങ്ങളുടെ അഭിപ്രായങ്ങൾ മാനിക്കപ്പെടുന്നതാണ്.

**മിസ് തരുൺപുനിയ**
*അക്കാദമിക് ഓഫീസർ*
*(ജോഗ്രഫി)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

**ഡോ. ചുന്നു പ്രസാദ്**
*അക്കാദമിക് ഓഫീസർ*
*(പൊളിറ്റിക്കൽ സയൻസ്)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

**ഡോ. അസ്മത് നൂറി**
*അക്കാദമിക് ഓഫീസർ*
*(ഹിസ്റ്ററി)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

# പാഠ്യവസ്തുക്കൾ ഉപയോഗിക്കപ്പെടേണ്ടത് എങ്ങനെ ?

ഒരു സ്വയം പഠിതാവ് ആവുക എന്ന വെല്ലുവിളി നിങ്ങൾ സ്വീകരിച്ചതിന് നിങ്ങൾക്ക് അഭിനന്ദനങ്ങൾ. എൻ ഐ ഒ എസ്സ് എല്ലായ്പ്പോഴും നിങ്ങളോടൊപ്പം ഉണ്ട്. നിങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ് ഒരു കൂട്ടം വിദഗ്ധരുടെ സഹായത്താൽ ഈ പാഠ്യവസ്തുക്കൾ വികസിപ്പിച്ചെടുത്തിട്ടുള്ളത്. സ്വതന്ത്ര പഠനത്തെ സഹായിക്കുന്ന ഒരു പുസ്തകത്തിന്റെ ആകൃതിയാണ് ഇതിൽ പിന്തുടർന്നിരിക്കുന്നത്. ഇതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചാൽ ഏറ്റവും മെച്ചമായ പ്രയോജനം നിങ്ങൾക്ക് ഈ പാഠ്യവസ്തുക്കളിൽ നിന്ന് ലഭിക്കും. ഇതിൽ ഉപയോഗിച്ചിട്ടുള്ള പ്രസക്തമായ ബിംബങ്ങൾ (Icons) പഠനത്തിന് നിങ്ങളെ സഹായിക്കും. നിങ്ങളുടെ സൗകര്യത്തിന് അവയെ താഴെ വിശദീകരിക്കുന്നു.

**ശീർഷകം:** ഓരോ അധ്യായത്തിലേയും ഉള്ളടക്കത്തെക്കുറിച്ചുള്ള വ്യക്തമായ സൂചന നൽകും. അത് വായിക്കു.

**ആമുഖം:** തൊട്ടുമുൻപുള്ള പാഠവുമായി ബന്ധപ്പെടുത്തി പാഠം അവതരിപ്പിക്കും.

**ഉദ്ദേശ്യങ്ങൾ:** ഓരോ പാഠത്തിൽ നിന്നും നിങ്ങൾ എന്തു പഠിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളത് എന്ന് വിശദീകരിക്കുന്നതിന് ഈ ഉദ്ദേശ്യങ്ങൾ നിങ്ങളെ സഹായിക്കും. അവ വായിച്ചു നോക്കു.

**കുറിപ്പുകൾ:** ഓരോ പേജിലും മാർജിന്റെ ഭാഗത്ത് ഒഴിഞ്ഞ സ്ഥലം ഇട്ടിട്ടുണ്ട്. അവ പ്രധാനപ്പെട്ട സൂചനകളും കുറിപ്പുകളും നിങ്ങൾക്ക് എഴുതുന്നതിനുവേണ്ടിയാണ്.

**പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ:** ഓരോ വിഭാഗത്തിനുംശേഷം വളരെ ലഘുവായ ഉത്തരങ്ങളുടെ സ്വയം പരിശോധിക്കാനുള്ള ചോദ്യങ്ങളും പാഠത്തിന്റെ അവസാനംഅതിന്റെ ഉത്തരങ്ങളുംനൽകിയിട്ടുണ്ട്. ഇത് നിങ്ങൾക്ക് പഠനത്തിലുള്ള പുരോഗതി അറിയാൻ സഹായിക്കും. അത് നിങ്ങൾ ചെയ്യുക. വിജയകരമായി അത് പൂർത്തിയാക്കുമ്പോൾ മുന്നോട്ടുപോകണോ അതോ തിരിച്ച് പഠിച്ച പാഠങ്ങൾ വീണ്ടും പഠിക്കണോ എന്ന് നിങ്ങൾക്ക് തീരുമാനിക്കാൻ കഴിയും.

**നിങ്ങൾ ഇതുവരെ പഠിച്ചത്:** ഇവിടെ പ്രധാന ആശയങ്ങളുടെ ഒരു സംക്ഷിപ്ത രൂപം കാണാം. ഇത് മുഖ്യാംശങ്ങൾ ആവർത്തിക്കുന്നതിനും പുനഃപരിശോധന നടത്തുന്നതിനും സഹായകമാണ്. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം ആശയങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്.

**പാഠ്യാന്ത്യ അഭ്യാസം:** പാഠഭാഗം മുഴുവനും വ്യക്തമായി മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള പരിശീലനത്തിന് അവസരം നൽകാനായി ഹ്രസ്വവും ദീർഘവുമായ ചോദ്യങ്ങൾ ഇവിടെ നൽകുന്നു.

**നിങ്ങൾക്കറിയാമോ:** അധികമായി അറിയേണ്ടകാര്യങ്ങൾ കള്ളികളിൽ (Boxes) നൽകിയിരിക്കുന്നു. ഇത് പ്രധാനപ്പെട്ടതും നിങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുമാണ്. ഇത് മൂല്യനിർണ്ണയത്തിന് ഉദ്ദേശിച്ചിട്ടുള്ളതല്ല. എന്നാലിത് നിങ്ങളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കും.

**ഉത്തരങ്ങൾ:** ഇത് എപ്രകാരം നിങ്ങൾ ചോദ്യങ്ങൾക്ക് ശരിയായി ഉത്തരമെഴുതി എന്നറിയാൻ സഹായിക്കും.

**പാഠ്യ പ്രവർത്തനങ്ങൾ:** ആശയത്തെക്കുറിച്ച് മെച്ചമായ ധാരണ ഉണ്ടാക്കാൻ വേണ്ടിയാണ് ചില പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

WWW **വെബ്സൈറ്റ്:** കൂടുതൽ പഠനത്തിന് വേണ്ടിയാണ് വെബ്സൈറ്റ് നൽകിയിട്ടുള്ളത്. ആവശ്യമായ വിവരങ്ങൾ പാഠഭാഗങ്ങളിൽ നൽകിയിട്ടുണ്ട്. കൂടുതൽ അറിയാൻ ഈ സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

# പഠനസഹായിയെ കുറിച്ചുള്ള അവലോകനം (ഉള്ളടക്കം)




**മൊഡ്യൂൾ 1 : ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ**

സോഷ്യൽ സയൻസിന് ഒരാമുഖം

പാഠം 1 അതിപുരാതന ലോകം

പാഠം 2 മധ്യകാലലോകം

പാഠം 3 ആധുനിക ലോകം - I

പാഠം 4 ആധുനിക ലോകം - II

പാഠം 5 ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ - സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ (AD 1757-1857)

പാഠം 6 കൊളോണിയൽ ഇന്ത്യയുടെ മതസാമൂഹിക ഉണർവ്

പാഠം 7 ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം

പാഠം 8 ഇന്ത്യൻ ദേശീയ പ്രസ്ഥാനം

**മൊഡ്യൂൾ 2 : ഇന്ത്യ: സ്വാഭാവിക പരിസ്ഥിതി, വിഭവങ്ങളും വികസനവും**

പാഠം 9 ഇന്ത്യയുടെ ഭൂപ്രകൃതി

പാഠം 10 കാലാവസ്ഥ

പാഠം 11 ജൈവവൈവിധ്യം

പാഠം 12 കൃഷി ഇന്ത്യയിൽ

പാഠം 13 ഗതാഗതവും വാർത്താവിനിമയവും

പാഠം 14 ജനസംഖ്യ നമ്മുടെ ഏറ്റവും വലിയ സമ്പത്ത്




**മൊഡ്യൂൾ 3 : ജനാധിപത്യം പ്രവർത്തിപഥത്തിൽ**

പാഠം 15 ഭരണഘടനാ മൂല്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനവും

പാഠം 16 മൗലികാവകാശങ്ങളും മൗലിക കടമകളും

പാഠം 17 ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം

പാഠം 18 പ്രാദേശിക ഗവൺമെന്റും മേഖലാ ഭരണവും

പാഠം 19 സംസ്ഥാനതല ഭരണം

പാഠം 20 കേന്ദ്ര തലത്തിലുള്ള ഭരണം

പാഠം 21 രാഷ്ട്രീയ കക്ഷികളും സമ്മർദ്ദ വിഭാഗങ്ങളും

പാഠം 22 ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം

**മൊഡ്യൂൾ 4 : സമകാലീന ഇന്ത്യ - പ്രശ്നങ്ങളും വെല്ലുവിളികളും**

പാഠം 23 ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ

പാഠം 24 ദേശീയോദ്ഗ്രഥനവും മതേതരത്വവും

പാഠം 25 സാമൂഹിക-സാമ്പത്തിക വികസനവും അവശ വിഭാഗങ്ങളുടെ ശാക്തീകരണവും

പാഠം 26 പരിസ്ഥിതി അപചയവും ഡിസാസ്റ്റർ മാനേജ്മെന്റും

പാഠം 27 സമാധാനവും സുരക്ഷിതത്വവും

# ഉള്ളടക്കം


**മൊഡ്യൂൾ 1: ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ**

പാഠം 1. അതിപുരാതന ലോകം ........ 3

പാഠം 2. മധ്യകാല ലോകം ........ 35

പാഠം 3. ആധുനിക ലോകം - I ........ 48

പാഠം 4. ആധുനിക ലോകം - II ........ 63

പാഠം 5. ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ - സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ (AD 1757-1857) ........ 89

പാഠം 6. കൊളോണിയൽ ഇന്ത്യയുടെ മത സാമൂഹിക ഉണർവ് ........ 95

പാഠം 7. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം ........ 107

പാഠം 8. ഇന്ത്യൻ ദേശീയ പ്രസ്ഥാനം ........ 122

പാഠം 9. ഇന്ത്യയുടെ ഭൂപ്രകൃതി ........ 147

**മൊഡ്യൂൾ 1: ഇന്ത്യ: പ്രകൃതി പരിസ്ഥിതി, വിഭവങ്ങൾ വികസനം**

പാഠം 10. കാലാവസ്ഥ ........ 176

പാഠം 11. ജൈവവൈവിധ്യം ........ 190

പാഠം 12. കൃഷി ഇന്ത്യയിൽ ........ 202

പാഠം 13. ഗതാഗതവും വാർത്താവിനിമയവും ........ 218

പാഠം 14. ജനസംഖ്യ നമ്മുടെ ഏറ്റവും വലിയ സമ്പത്ത് ........ 231

ഫീഡ് ബാക്ക് ഫോം

# മൊഡ്യൂൾ–1
# ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ


സോഷ്യൽ സയൻസിന് ഒരാമുഖം

പാഠം 1 അതിപുരാതന ലോകം

പാഠം 2 മധ്യകാലലോകം

പാഠം 3 ആധുനിക ലോകം – I

പാഠം 4 ആധുനിക ലോകം – II

പാഠം 5 ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ – സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ (AD 1757-1857)

പാഠം 6 കൊളോണിയൽ ഇന്ത്യയുടെ മതസാമൂഹിക ഉണർവ്

പാഠം 7 ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം

പാഠം 8 ഇന്ത്യൻ ദേശീയ പ്രസ്ഥാനം

# സാമൂഹ്യശാസ്ത്രത്തിന് ഒരു അവതാരിക

നിങ്ങൾക്ക് ഒരു ടൈം മെഷീൻ (Time Machine) സ്വന്തമായിട്ടുണ്ടെന്നും അതുപയോഗിച്ച് നിങ്ങളുടെ മുത്തശ്ശനും മുത്തശ്ശിയും ഒക്കെ കുട്ടികളായിരുന്ന കാലത്തിലേക്ക് നിങ്ങൾ സഞ്ചരിക്കുന്നുവെന്നും സങ്കൽപ്പിക്കുക. അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ വീടും അതിന്റെ ചുറ്റുപാടും എല്ലാം വളരെ വ്യത്യസ്തമാണെന്ന് കാണാൻ കഴിയും. അവരുടെ കുട്ടിക്കാലത്തിനും പിന്നിലേക്ക് വീണ്ടും യാത്ര ചെയ്താൽ അവരുടെ ആഹാരം, വസ്ത്രം, എന്നിവയും ഭാഷപോലും അവർ ഉപയോഗിച്ചിരുന്നത് നിങ്ങളെ അതിശയിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യും. ഭൂതകാലത്ത് ഏന്തെല്ലാം സംഭവിച്ചു എന്ന് അറിയുന്നത് രസകരമായി തോന്നുന്നില്ലേ? നമുക്ക് നമ്മുടെ ഭൂതകാലത്തെ ഇന്നും ബന്ധപ്പെടുത്താൻ കഴിയുമെന്ന് നിങ്ങൾക്ക് ബോധ്യമാകുന്നുണ്ടോ? നമുക്ക് കണ്ടുപിടിക്കേണ്ട നിഗൂഢതകൾ നിറഞ്ഞതാണ് ആ കാലഘട്ടം എന്നു തോന്നുന്നില്ലേ? അതിനുവേണ്ടി, ചരിത്രാതീതകാലം മുതൽ ഇന്നുവരെ എങ്ങനെയാണ് മനുഷ്യജീവിതം അഭിവൃദ്ധി പ്രാപിച്ചുവന്നത് എന്ന് മനസ്സിലാക്കാൻ നമുക്ക് അതിന്റെ സ്രോതസ്സുകൾ പരിശോധിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രമീമാംസ (Political science) മാനവ സമുദായശാസ്ത്രം (Sociology) എന്നീ വിജ്ഞാന ശാഖകൾ ഉൾക്കൊള്ളുന്ന സോഷ്യൽ സയൻസ് പഠനം ദൃഢീകരിപ്പിക്കാനുള്ള കഴിവ്.
- ഈ വിഷയങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു എന്ന് മനസ്സിലാക്കുകയും ഇതെല്ലാം കൂട്ടിച്ചേർത്ത് സോഷ്യൽ സയൻസിന്റെ വിപുലമായ വിജ്ഞാന ശേഖരം ഉണ്ടാകുന്നു എന്നും മനസ്സിലാക്കാൻ കഴിയുന്നു.
- വിവിധ ഘട്ടങ്ങളിൽ കൂടി മനുഷ്യസമൂഹങ്ങൾ രൂപപ്പെട്ടത് ചർച്ച ചെയ്യാനുള്ള കഴിവ്.
- നമ്മളുടെ ആനുകാലിക സമൂഹത്തിലെ അവസരങ്ങളും വെല്ലുവിളികളും തിരിച്ചറിയാനുള്ള കഴിവ്.

## 0.1 സോഷ്യൽ സയൻസ്-ഒരു അക്കാദമിക് വിഷയം

പേര് സൂചിപ്പിക്കുന്നതുപോലെ സോഷ്യൽ സയൻസ് സമൂഹത്തെ സംബന്ധിക്കുന്ന ഒന്നാണ്. സമൂഹത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ച് ധാരണയും സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അതിനുള്ള പരിഹാരം കണ്ടുപിടിക്കുകയും ചെയ്യുക എന്നത് അത് ലക്ഷ്യമാക്കുന്നു. വ്യത്യസ്തങ്ങളായ ധാരാളം വിജ്ഞാനശാഖകൾ അതിന്റെ വിഷ

യവ്യാപ്തിയിൽ ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു വൈജ്ഞാനിക മേഖലയാണത്. ഈ ഘട്ടത്തിൽ നിങ്ങൾക്ക് പ്രധാനമായി അറിയേണ്ടവ താഴെ സൂചിപ്പിക്കുന്നു.

- ചരിത്രവും പുരാവസ്തു ശാസ്ത്രവും (History and archaeology)
- ഭൂമിശാസ്ത്രം (Geography)
- രാഷ്ട്രമീമാംസ (Political science)
- മാനവ സമുദായ ശാസ്ത്രം (Sociology)
- സാമ്പത്തികശാസ്ത്രം (Economics)

സോഷ്യൽ സയൻസിലെ വ്യത്യസ്തങ്ങളായ മോഡ്യൂളുകളും ഏകകങ്ങളും (Units) ഇതേ വിഷയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ യൂണിറ്റിൽ പ്രത്യേകിച്ച് ചരിത്രത്തെക്കുറിച്ച് മനസ്സിലാക്കാനാണ് പരിശ്രമിക്കുന്നത്. സോഷ്യൽ സയൻസ് പഠിക്കുന്നതിന്റെ പ്രാധാന്യവും നമ്മുടെ ജീവിതവുമായി അത് എപ്രകാരം അടുത്ത് ബന്ധപ്പെട്ടു കിടക്കുന്നുവെന്നും നമുക്ക് മനസ്സിലാക്കാം. ഗുഹകളിൽ താമസിച്ചിരുന്ന മനുഷ്യവർഗ്ഗം വിവിധ ഘട്ടങ്ങളിൽക്കൂടികടന്ന് ഇന്നത്തെ ആധുനിക ലോകത്തിലെ നഗരങ്ങളിൽ താമസിക്കുന്ന സ്ഥിതിയിലേക്ക് എങ്ങനെ പരിണമിച്ചു എന്നു നമുക്ക് ചരിത്ര പഠനത്തിലൂടെ മനസ്സിലാക്കാൻ കഴിയും. ഭുതകാലത്തിലെ ചില വസ്തുതകൾ മനസ്സിലാക്കാനല്ല നാം ചരിത്രം പഠിക്കുന്നത് മറിച്ച് അതിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനാണ്. വ്യത്യസ്ത വിഷയങ്ങൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന തിനുള്ള കഴിവ് ആർജ്ജിക്കുവാൻ സോഷ്യൽ സയൻസ് നമ്മെ സഹായിക്കുന്നു. കാലാകാലങ്ങളിൽ നടക്കുന്ന വികസനപ്രക്രിയകളും സംഭവങ്ങളും തമ്മിൽ യോജിപ്പിക്കുന്ന കണ്ണികൾ രൂപപ്പെടുത്താൻ ഇതിലൂടെ നാം പഠിക്കും. നമ്മുടെ ഭൂതവും വർത്തമാനവും ഭാവിയും തമ്മിലുള്ള ബന്ധങ്ങൾ ഗ്രഹിക്കാനും നമ്മെ ഇത് സഹായിക്കും.നമ്മുടെ ജീവിതത്തിൽ ഇവയുടെ ഫലങ്ങൾ ഉളവാക്കുന്ന ഫലങ്ങളെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഈ വിഷയങ്ങൾ കൂടുതലായി നമുക്ക് പഠിക്കാം.

സെക്കന്ററി തലത്തിലെ സോഷ്യൽ സയൻസ് വിഷയത്തിന്റെ പഠനം നിങ്ങളുടെ ചുറ്റുപാടുമുള്ള സമൂഹത്തെക്കുറിച്ച് മികച്ച ഒരുധാരണ ഉണ്ടാക്കാൻ സഹായിക്കും എന്ന് നിങ്ങൾ എന്തുകൊണ്ട് വിചാരിക്കുന്നു? രണ്ടുദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

## 0.2 സോഷ്യൽ സയൻസിന്റെ പഠനം

വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിൽ പഠിപ്പിക്കുകയും സർവ്വകലാശാലതലത്തിൽ ഗവേഷണം നടത്തുകയും ചെയ്യുന്ന ഒരു അക്കാദമിക് വിഷയമായ അല്ലെങ്കിൽ പഠനമേഖലയായ ഒരു വിജ്ഞാനശാഖയാണ് സോഷ്യൽ സയൻസ്. ഏതു മേഖലയിലെ പഠനത്തിനും ധാരാളം ഉപവിഷയങ്ങളും ശാഖകളും ഉണ്ടാകും. ചിലപ്പോൾ ഇവ മറ്റൊന്നിലേക്ക് അല്പം അതിക്രമിച്ച് കയറിയെന്നും വരാം. സോഷ്യൽ സയൻസിലെ ചില പ്രധാനപ്പെട്ട ശാഖ

കളോ അല്ലെങ്കിൽ ഉപവിഷയങ്ങളോ ആണ് ചരിത്രം (History), പുരാവസ്തു ശാസ്ത്രം, ഭൂമിശാസ്ത്രം, രാഷ്ട്രമീംമാസ, സോഷ്യോളജി എന്നിവ.

പ്രാരംഭ കാലത്ത് ഇന്നത്തെ വിവിധ വിഷയങ്ങളുടെ സ്ഥാനത്ത് ഫിലോസഫി എന്ന് ഒറ്റ വിഷയം മാത്രമാണുണ്ടായിരുന്നത് എന്നറിയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കും. വിജ്ഞാനം അല്ലെങ്കിൽ ധിഷണയോടുള്ള മോഹത്തിനാണ് ഫിലോസഫി (തത്ത്വശാസ്ത്രം/തത്ത്വചിന്ത) എന്നു പറയുന്നത്. അതു കൊണ്ടാണ് ഏതു വിഷയത്തിന്റേയും ഏറ്റവും വലിയ ബിരുദത്തിന് ഇപ്പോഴും പി.എച്ച്.ഡി (ഡോക്ടർ ഓഫ് ഫിലോസഫി) എന്ന പേരു നൽകിയിരിക്കുന്നത്. പിന്നീട് വിജ്ഞാനം വളരുകയും വികസിക്കുകയും ചെയ്തതോടെ അതിനെ വിവിധ വിഷയങ്ങളായി തരം തിരിക്കേണ്ട ആവശ്യം ഉയർന്നു വന്നു. അങ്ങനെ സോഷ്യൽ സയൻസിനെയും സയൻസിനെയും വിവേചിച്ചു. നമ്മുടെ മുന്നിലുള്ള യാഥാർത്ഥ്യങ്ങളുടെ വിവിധ വശങ്ങൾ ഈ രണ്ടു വിഷയങ്ങളും പരാമർശിക്കുന്നു. പ്രകൃതിസിദ്ധവും ഭൗതികവുമായ ലോകത്തെക്കുറിച്ചുള്ള അറിവിനെ ഇത് കൈകാര്യം ചെയ്യുന്നു. മറുവശത്ത് സമൂഹത്തിന്റെ എല്ലാ വീക്ഷണങ്ങളേയും മനുഷ്യരെ ആകെത്തന്നേയും ബന്ധപ്പെടുത്തുന്ന വിജ്ഞാനമാണ് സോഷ്യൽ സയൻസ്. നമുക്ക് ചരിത്രം മുതൽ തുടങ്ങാം.

### 0.2.1 ചരിത്രവും പുരാവസ്തു ശാസ്ത്രവും

എന്താണ് ചരിത്രം ? ഭൂതകാല സംഭവങ്ങളുടെ ആകെത്തുകയാണ് ചരിത്രം. ഇത് യഥാർത്ഥ ആളുകളേയും വസ്തുതകളേയും കുറിച്ചുള്ളതാണ്. അത് ഏതെങ്കിലും കേവലമായ ആശയങ്ങളേയോ ആദർശങ്ങളേയോ അല്ലെങ്കിൽ എന്തായിരിക്കേണ്ടതായിരുന്നു എന്നോ ഉള്ള കാര്യങ്ങളെക്കുറിച്ച് കൈകാര്യം ചെയ്യുന്നില്ല. അത് ഭൂതകാലത്തിൽ എന്താണ് സംഭവിച്ചിരുന്നത് എന്ന പഠനമാണ്. ചരിത്രം വ്യക്തികളെ മാത്രമായി പരാമർശിക്കുന്നില്ല. അത് രാഷ്ട്രവും സമൂഹവുമായി ബന്ധപ്പെട്ടുമാത്രമാണ്. രാജാക്കന്മാരിലോ രാജ്ഞിമാരിലോ മാത്രം ഒതുങ്ങിയല്ല ചരിത്രം.മറിച്ച് മൊത്തം മനുഷ്യരുടെ കാര്യമാണത്.മതം ജാതി എന്നീ പശ്ചാത്തലങ്ങളൊന്നും കണക്കിലെടുക്കാതെ പുരുഷന്മാർ, സ്ത്രീകൾ, ധനികർ, ദരിദ്രർ എന്നിവരെല്ലാം ഇതിൽപ്പെടുന്നു. അതിപുരാതനകാലത്ത് നമ്മുടെ പൂർവ്വികർ എങ്ങനെ ആയിരുന്നുവെന്നും അവർക്ക് എന്തൊക്കെ സംഭവിച്ചിട്ടുണ്ടായിരിക്കും എന്ന് നിങ്ങൾ എന്നെങ്കിലും ചിന്തിച്ച് ആശ്ചര്യം കൊണ്ടിട്ടുണ്ടോ? നിങ്ങൾ ഈ പാഠ്യക്രമം പഠിക്കുമ്പോൾ നിങ്ങൾക്ക് താത്പര്യം തോന്നുന്നതായിട്ടുള്ള സംഭവങ്ങൾ രേഖപ്പെടുത്തി വയ്ക്കുക. അവയെക്കുറിച്ച് കൂടുതലറിയാൻ നിങ്ങൾ ഗ്രന്ഥശാലകളിൽ പോവുകയും ഇന്റർനെറ്റ് ഉപയോഗിക്കുകയും ചെയ്യണം. കൂടുതൽ അറിവിനുവേണ്ടിയുള്ള നിങ്ങളുടെ അന്വേഷണത്തിൽ ഞങ്ങളും നിങ്ങളെ സഹായിക്കാം.

**നാം എന്തിന് ചരിത്രം പഠിക്കുന്നു?** നമ്മുടെ അസ്ഥിവാരം, ശേഷികൾ, നേട്ടങ്ങൾ എന്നിവ അറിയാനും നമുക്ക് അഭിമാനബോധവും ദിശാബോധവും ലഭിക്കാനും ചരിത്ര പഠനം സഹായിക്കുന്നു. നമുക്ക് ചരിത്രത്തെക്കുറിച്ച് ശരിയായ അറിവും ഭൂതകാലത്തെക്കുറിച്ച് ധാരണയുമില്ലായിരുന്നെങ്കിൽ നാം പുരോഗതി എന്ന് വിളിക്കുന്ന ഒന്നിന് അസ്തിത്വമുണ്ടാകുമായിരുന്നില്ല. ഭൂതകാലത്തിലെ മൃതമായ കാര്യങ്ങളെ കൈകാര്യം ചെയ്യുന്നഒന്നാണ് ചരിത്രം എന്ന് ഒരു പൊതു വിശ്വാസം ഉണ്ട്. വാസ്തവത്തിൽ വർത്തമാനകാലത്തിനും ഭാവികാലത്തിനും പഠിക്കാനുള്ള പ്രധാനപ്പെട്ട ധാരാളം പാഠങ്ങൾ നമ്മുടെ ഭൂതകാലത്തിൽഅടങ്ങിയിട്ടുണ്ട്. ഈ പൈതൃകം നമ്മുടെ ജീവിതത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നുണ്ടെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. സാരാംശത്തിൽ മെച്ചമായ ജീവിതത്തിനുവേണ്ടിയുള്ള ധാരാളം പുരുഷന്മാരുടേയും സ്ത്രീകളുടേയും സഹകരണാത്മകമായ പ്രവർത്തനത്തിലൂടെയുള്ള അന്വേഷണത്തെ ചരിത്രം ബന്ധപ്പെടുത്തുന്നു. ഭൂതകാ

കുറിപ്പുകൾ

ലത്തെ അറിയണമെന്ന് ആഗ്രഹിക്കു മ്പോൾ നാം പുരാവസ്തുശാസ്ത്രവുമായി ബന്ധപ്പെടുന്നു. പലപ്പോഴും ഈ ഭൂതകാല പ്രവർത്തനങ്ങളും നേട്ടങ്ങളും നമുക്ക് ഒരു അഭിമാനബോധം നൽകുന്നു. ഭാവി തലമുറകൾക്കുവേണ്ടി നമുക്കവയെല്ലാം സുരക്ഷിതമയി സൂക്ഷിക്കാം.

**പുരാവസ്തു ശാസ്ത്രം (Archaeology)** സമൂഹവും സംസ്ക്കാരവുമായി ബന്ധപ്പെട്ട അതിപുരാതനകാലത്തിന്റെ പഠനമാണ് പുരാവസ്തുശാസ്ത്രം. ആദിമവാസികൾ നിർമ്മിച്ച കലാശില്പ മാതൃകകൾ, ശവകുടീരങ്ങൾ, നശിച്ചുപോയ കെട്ടിടങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ അവശിഷ്ട വസ്തുക്കളിലൂടെ ഭൂതകാലസംഭവങ്ങളുടെ ധാരാളം അടയാളങ്ങൾ കാണാൻ കഴിയുന്നു. പുരാവസ്തു ഗവേഷകർ ഇതിനെ പഠന വിധേയമാക്കുന്നു. ഇവ ഏതു കാലയളവിലുള്ളതായിരുന്നു എന്നും മറ്റും നമുക്ക് അറിവ് തരുന്നതിനുവേണ്ടി ഈ വസ്തുക്കളെ അവരുടെ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കുന്നു. പുരാതനവും ഗുപ്ത ലിപികളിൽ എഴുതിവെച്ചിട്ടുള്ളതും എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമുള്ളതുമായ ലിഖിതരേഖകളും പുരാവസ്തു ശാസ്ത്ര പഠനത്തിൽ ഉൾപ്പെടുന്നു. ഈ സ്രോതസ്സുകൾ വിശ്വാസയോഗ്യവും ആധികാരിവുമായ വിവരങ്ങൾ നൽകുന്നു.

മിക്കപ്പോഴും ഇത്തരം അവശിഷ്ടങ്ങൾ മണ്ണിനടിയിൽ ആയിട്ടുള്ളതും അവിടെ നിന്ന് കുഴിച്ചെടുക്കേണ്ടതായിട്ടുള്ളതുമാണ്. ഇങ്ങനെ കുഴിച്ചെടുക്കുന്നതിനെയാണ് പുരാവസ്തു ഉത്ഖനനം (Archaeological Excavation) എന്നു പറയുന്നത്. മോഹൻജദാരോ, ഹാരപ്പ, നളന്ദ എന്നിവ ഇത്തരത്തിലുള്ള ഉത്ഖനനങ്ങൾ നടന്നിട്ടുള്ള പ്രധാനപ്പെട്ട പ്രദേശങ്ങളാണ്. അവിടങ്ങളിൽ നിന്ന് വിലയേറിയ പല വസ്തുക്കളും കണ്ടു കിട്ടിയിട്ടുമുണ്ട്. ഇതെല്ലാം ദിനപത്രങ്ങളിൽ വാർത്തയായി വന്നിട്ടുണ്ട്. ഈ അടുത്ത കാലത്ത് കണ്ടെത്തിയ രസകരമായ ഒരു കണ്ടുപിടുത്തമാണ് ഗുജറാത്തിനടുത്ത് കടലിൽ നിന്ന് കിട്ടിയ നഗരാവശിഷ്ടങ്ങൾ. ഇത് ഹിന്ദു ദൈവമായ ശ്രീകൃഷ്ണന്റെ ദ്വാരകാപുരിയാണെന്ന് കരുതുന്നു. ഹരിയാനയിലെ രാഖിഗാർഹി (Rakhigarhi) യാണ് അടുത്തകാലത്ത് ഉത്ഖനനം നടന്ന മറ്റൊരു പ്രദേശം. അത്തരം സ്ഥലത്തേക്കുള്ള ഒരു യാത്ര അക്കാലങ്ങളിലേക്ക് നിങ്ങളെ കൊണ്ടുപോകും. അവസരം കിട്ടുമ്പോൾ അത്തരം പ്രദേശങ്ങൾ നിങ്ങൾ സന്ദർശിക്കണം. മറ്റ് രാജ്യങ്ങളിലെ ഇത്തരം ശിലാശാസനങ്ങൾ, സ്തംഭങ്ങൾ, ലോഹത്തകിടുകൾ, നാണയങ്ങൾ, മുദ്രകൾ, സ്മാരകങ്ങൾ, ഉപകരണങ്ങൾ, മൺപാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ പുരാവസ്തു ശാസ്ത്രത്തിന്റെ സ്രോതസ്സുകളിൽ ഉൾപ്പെടുന്നു. കൂടാതെ പെയിന്റിംഗ്കളിൽ ഉള്ള കലകളും കൊത്തുപണികളും വാസ്തുശില്പങ്ങളും ഓരോ പ്രത്യേക കാലഘട്ടത്തിന്റേയും സംസ്ക്കാരങ്ങൾ നമ്മോടു പറയുന്നു. നിങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള കാഴ്ച ബംഗ്ലാവുകളോ അല്ലെങ്കിൽ പുരാവസ്തുക്കൾ ശേഖരിച്ചു വച്ചിട്ടുള്ള ആരുടെയെങ്കിലും വീടോ സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. ഇത്തരം വസ്തുക്കളുടെ ഒരു പട്ടിക തയ്യാറാക്കി അത് ഏത് കാലത്തേതാണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുന്നത് നല്ലതാണ്. ഇന്റർനെറ്റിൽ പരതിയും ഗ്രന്ഥശാലകൾ സന്ദർശിച്ചും കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാവുന്നതാണ്. പുസ്തകങ്ങൾ, മാസികകൾ, ദിനപ്പത്രങ്ങൾ എന്നിവവഴി ഇപ്പോൾ കൂടുതൽവിവരങ്ങൾ ലഭിക്കുന്നതാണ്.

**? നിങ്ങൾക്കറിയാമോ?**

നമ്മുടെ രാഷ്ട്രത്തിന്റെ സാംസ്ക്കാരിക പൈതൃകത്തെ സംരക്ഷിക്കുന്ന പുരാവസ്തു ഗവേഷണങ്ങൾ നടത്തുന്നതിന് സാംസ്ക്കാരിക മന്ത്രാലയത്തിന്റെ കീഴിലുള്ള ഏറ്റവും മുഖ്യമായ സംഘടനയാണ് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ (The Archaeological survey of India. ASI) പുരാതന സ്മാരകങ്ങൾ,

പുരാവസ്തു പ്രദേശങ്ങൾ, ദേശീയ പ്രാധാന്യമുള്ള ഭൗതികാവശിഷ്ടങ്ങൾ എന്നിവയുടെ സംരക്ഷണമാണ് ASI പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇതിനുവേണ്ടി നമ്മുടെ മുഴുവൻ രാജ്യവും 24 സർക്കിളുകളായി വിഭജിച്ചിരിക്കുന്നു. പരിശീലനം സിദ്ധിച്ച പുരാവസ്തു ഗവേഷകർ, കൺസർവേറ്റർമാർ (സംരക്ഷകർ), ശിലാലേഖ വിദഗ്ധർ (എപ്പിഗ്രാഫിസ്റ്റുകൾ) വാസ്തു ശില്പികൾ, ശാസ്ത്രജ്ഞർ എന്നിവർ പുരാവസ്തു പ്രവർത്തനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനുവേണ്ടി ഈ സംഘടനയുടെ ഭാഗമായിട്ടുണ്ട്. കൂടുതൽ അറിയാൻ ഠഠഠ.മശെ.ിശര.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 0.1

1. സോഷ്യൽ സയൻസിന്റെ വിജ്ഞാനമേഖലയെ രൂപപ്പെടുത്തുന്ന പ്രധാന വിഷയങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.
2. ചരിത്രം പഠിക്കുന്നത് ആവശ്യമുള്ളതും പ്രാധാന്യമേറിയതുമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന രണ്ട് കാരണങ്ങൾ എഴുതുക.
3. ചരിത്രവും പുരാവസ്തു ശാസ്ത്രവും തമ്മിലുള്ള ഒരു വ്യത്യാസം എഴുതുക.
4. നമ്മുടെ ഭൂതകാലം പഠിക്കാൻ സഹായിക്കുന്ന 5 സ്രോതസ്സുകളുടെ ഒരു പട്ടിക തയ്യാറാക്കുക.
5. ഈ പാഠപുസ്തകത്തിൽ പരാമർശിക്കാത്ത ഇന്ത്യയിലെ നാല് പുരാവസ്തു പ്രദേശങ്ങൾ കണ്ടുപിടിക്കുക.

### 0.2.2 ഭൂമിശാസ്ത്രം

ചരിത്രം, പുരാവസ്തുശാസ്ത്രം എന്നിവയുടെ പഠനം നിങ്ങൾ പഠിക്കുന്ന മേഖലയുടെ ഭൂമിശാസ്ത്രം അറിയുന്നില്ലെങ്കിൽ അപൂർണ്ണമായി അവശേഷിക്കുന്നു. പ്രകൃതിദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയുടെ സവിശേഷതകൾ, ആളുകൾ, സ്ഥലങ്ങൾ, പരിസ്ഥിതി എന്നിവയുടെ പഠനത്തിനാണ് ഭൂമിശാസ്ത്രം എന്നു പറയുന്നത്. ലളിതമായി പറഞ്ഞാൽ നാം നിവസിക്കുന്ന ലോകത്തെക്കുറിച്ചുള്ള അറിവാണത്. സാമൂഹിക ശാസ്ത്രത്തെ (മനുഷ്യ ഭൂമിശാസ്ത്രം) പ്രകൃതി ശാസ്ത്ര (ഭൗതിക ഭൂമിശാസ്ത്രം) വുമായി ബന്ധിപ്പിക്കുന്ന സവിശേഷമായ ഒന്നാണ് ഭൂമിശാസ്ത്രം.

ഏതു സമൂഹത്തിന്റേയും ജീവിതവും ചരിത്രവും രൂപപ്പെടുത്തുന്നതിൽ ഭൂമിശാസ്ത്രം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലോകമാകെയുള്ള സംസ്കാരങ്ങൾ, രാഷ്ട്രീയ സമ്പ്രദായങ്ങൾ, സാമ്പത്തികശാസ്ത്രം, പ്രകൃതി ചിത്രം, പരിസ്ഥിതി എന്നിവയിലുള്ള വൈജാത്യങ്ങൾ തിരിച്ചറിയൽ ഇവയ്ക്ക് ഭൂമിശാസ്ത്ര പഠനം നമ്മെ സഹായിക്കുന്നു. ഇവയെല്ലാം തമ്മിലുള്ള ബന്ധം സ്ഥാപിക്കാനും ഇത് സഹായിക്കുന്നു. ഭൂമിശാസ്ത്രം അറിവിന്റെ മറ്റു മേഖലകളുമായിട്ടുള്ള ബന്ധത്തിലുള്ള ഒരു മാതൃകാപരമായ ഒരു ചട്ടക്കൂട് നൽകുന്നു. ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രം നാം അറിഞ്ഞാൽ ചരിത്രത്തിൽ അവിടെ എന്തുസംഭവിച്ചു എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ആദിമ മനുഷ്യൻ അമ്പും വില്ലും മറ്റ് ലഘു ഉപകരണങ്ങളും ഉണ്ടാക്കിയിരുന്നുവെന്ന് ഈ പാഠത്തിൽ നാം പഠിക്കും. ഭൂമിശാസ്ത്ര പഠനത്തിലൂടെയാണ് എന്തുകൊണ്ട് എന്നറിയാനുള്ള മനോഭാവം ഉണ്ടാകുന്നത്. ഹിമയുഗത്തിനു ശേഷം (Ice age) പരിസ്ഥിതിയിൽ മാറ്റങ്ങൾ നടന്നിട്ടുണ്ടായിരിക്കണം. അതിന്റെ ഫലമായി

വൻകാടുകൾ മേച്ചിൽ സ്ഥലങ്ങളായിട്ടു മാറിയിട്ടുണ്ടാകും. പിന്നീട് എന്തായിരിക്കും സംഭവിച്ചതെന്ന് നിങ്ങൾക്ക് സങ്കൽപ്പിക്കാമോ? പിന്നീട് മാൻ, കോലാട്, ചെമ്മരിയാട്, മാനുകൾ തുടങ്ങിയ പുല്ല് ഭക്ഷിക്കുന്ന മൃഗങ്ങളുടെ ആവിർഭാവമാണ്. ഈ മൃഗങ്ങളെല്ലാം വളരെ വേഗത്തിൽ ഓടുന്നവയാണ്. ആയതിനാൽ അവയെ വേട്ടയാടിപ്പിടിക്കുക എളുപ്പമല്ല. അതിനാൽ ഭാരം കുറഞ്ഞ കല്ലുകൊണ്ടുള്ള ആയുധങ്ങൾ ആദിമ മനുഷ്യൻ കണ്ടുപിടിച്ചു. ഈ ആയുധങ്ങൾ അവന്റെ നിലനിൽപിന് ആവശ്യമായിരുന്നു.

ഇൻഡ്യയിൽ സിന്ധു-ഗംഗാ സമതലം ഏറ്റവും ഫലഭൂയിഷ്ഠിയുള്ള പ്രദേശമാണെന്ന് നിങ്ങൾക്കറിയില്ലേ? ഗംഗയെപ്പോലുള്ള വൻനദികൾ കുടിക്കാനുള്ള ശുദ്ധജലവും ജലസേചനത്തിന് വേണ്ടുവോളം സൗകര്യവും നൽകുന്നതിനാലാണ് ഈ പ്രദേശം ഇങ്ങനെ ആയത്. മൗര്യ, ഗുപ്ത, മുഗൾ എന്നീ വലിയ സാമ്രാജ്യവംശങ്ങൾ ഈ പ്രദേശത്ത് സ്ഥാപിക്കപ്പെടാനിടയായതിന്റേയും കാരണം ഇതുതന്നെയാണ്. ഇരുമ്പിന്റെ അധികമായ ലഭ്യത ഈ സാമ്രാജ്യങ്ങളെ വികസിക്കാനും സഹായിച്ചു. ഇത് എന്തുകൊണ്ടാണെന്ന് ഊഹിക്കാമോ? നാലാമത്തെ അധ്യായത്തിൽ നിങ്ങൾ ഇതിനെക്കുറിച്ച് കൂടുതലായി പഠിക്കും.

## പാഠ്യപ്രവർത്തനം 0.1

വലിയ നഗരങ്ങളായ ആഗ്ര, നാസിക്, പാറ്റ്ന, കൊൽക്കത്ത എന്നിവ വളർന്ന് വികസിച്ചത് വൻനദീതീരങ്ങളിലാണ്. ചരിത്രം യഥാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ടത് നദീതീരങ്ങളിലാണെന്ന് മനസ്സിലാക്കുമ്പോൾ നിങ്ങൾ അദ്ഭുതപ്പെട്ടേക്കും. ഈ നഗരങ്ങൾ വാണിജ്യത്തിന്റേയും ഭരണത്തിന്റേയും കേന്ദ്രങ്ങളായിത്തീരാനുള്ള മൂന്നു കാരണങ്ങൾ നൽകുക.

### 0.2.3 പോളിറ്റിക്കൽ സയൻസ് (രാഷ്ട്രമീമാംസ)

നിങ്ങൾക്ക് പരിചിതമായ ഒരു വാക്കാണ് ഗവൺമെന്റ് എന്നത്. ഈ വാക്ക് നിങ്ങൾ പത്രങ്ങളിലൂടെയോ ടെലിവിഷനിലൂടെയോ മിക്കവാറും കാണുകയും കേൾക്കുകയും ചെയ്യാറുണ്ട്. ഗവൺമെന്റ് എന്നാൽ എന്താണെന്ന് നിങ്ങൾ എന്നെങ്കിലും വിചാരിച്ചിട്ടുണ്ടോ? നമ്മുടെ ജീവിതത്തിൽ അത് വഹിക്കുന്ന പങ്കിനെക്കുറിച്ചും അത് ചെയ്യുന്ന പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചും നിങ്ങളൾക്കറിയാമോ? ഒരു രാജ്യത്തിലെ ഗവൺമെന്റാണ് നിയമങ്ങൾ ഉണ്ടാക്കുന്നത്. രാജ്യത്തെ ഓരോരുത്തരും ആ നിയമങ്ങൾ അനുസരിച്ച് വേണം ജീവിക്കേണ്ടത്. ജനാധിപത്യത്തിൽ ജനങ്ങളാണ് ഗവൺമെന്റിന് ശക്തി നൽകുന്നത്. എന്തുകൊണ്ടെന്നാൽ ജനങ്ങളാണ് അവരെ തെരഞ്ഞെടുക്കുന്നത്. ഇപ്രകാരം രാജ്യത്തിലെ പാർലമെന്റിന് നിയമങ്ങൾ ഉണ്ടാക്കുവാൻ ജനങ്ങൾ സഹായിക്കുന്നു. ഏകാധിപത്യത്തിൽ ഏകാധിപതിക്ക് അല്ലെങ്കിൽ രാജാവിന് ആണ് തീരുമാനം എടുക്കാനും അത് നടപ്പിലാക്കാനും ഉള്ള അധികാരം. നമ്മൾ എങ്ങനെ ഭരിക്കപ്പെടുന്നു എന്നതുകൂടി സോഷ്യൽ സയൻസ് കൈകാര്യം ചെയ്യുന്നു. രാഷ്ട്രവും ഗവൺമെന്റും പ്രവർത്തിപ്പിക്കുന്ന ജനങ്ങളുടെ പങ്ക് എന്താണെന്ന് മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു. ഈ വിഷയത്തെയാണ് പൊളിറ്റിക്കൽ സയൻസ് എന്ന് വിളിക്കുന്നത്. രാഷ്ട്ര വിജ്ഞാനത്തിന്റെ സിദ്ധാന്തം, പ്രയോഗം, രാഷ്ട്രീയ സമ്പ്രദായങ്ങളുടെ വിശകലനം, രാഷ്ട്രീയ പ്രവർത്തന രീതി എന്നിവയുമായി ബന്ധപ്പെട്ട സാമൂഹിക ശാസ്ത്ര (സോഷ്യൽ സയൻസ്) മാണ് പൊളിറ്റിക്കൽ സയൻസ്. എങ്ങനെ ഒരു ഗവൺമെന്റിനെ തിരഞ്ഞെടുക്കുന്നത് എന്ന് അതു പറഞ്ഞുതരുന്നു. രാഷ്ട്രീയ സംഭവങ്ങളും വ്യവസ്ഥിതികളും തമ്മിലുള്ള ബന്ധത്തെ രാഷ്ട്രീയ വിശാരദൻമാർ പഠന വിധേയമാക്കുന്നു. ലോക രാഷ്ട്രീയം എപ്രകാരം പ്രവർത്തിക്കുന്നു എന്നതിന്റെ പൊതുതത്ത്വം മനസ്സിലാക്കുവാൻ അവർ ശ്രമിക്കുന്നു. ഗവൺമെന്റുകളെക്കുറിച്ചുള്ള പഠനങ്ങൾ, പൊതുനയങ്ങൾ, രാഷ്ട്രീയപ്രക്രിയകൾ, സമ്പ്രദായങ്ങൾ, രാഷ്ട്രീയപ്രവർത്തന രീതികൾ എന്നിവയെല്ലാം ഇതിൽപ്പെടുന്നു. ഈ വിഷയം

നിങ്ങൾ സീനിയർ സെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുമ്പോൾ രാഷ്ട്രീയ സിദ്ധാന്തം, രാഷ്ട്രീയ തത്ത്വചിന്ത, രാഷ്ട്രീയ സമ്പദ്ഘടന തുടങ്ങിയ ഇതിന്റെ പ്രധാനപ്പെട്ട ശാഖകളെക്കുറിച്ച് കൂടുതലായി മനസ്സിലാക്കുവാൻ കഴിയും.

### 0.2.4 സോഷ്യോളജി

സോഷ്യോളജി സോഷ്യൽ സയൻസിന്റെ മറ്റൊരു വളരെ പ്രധാനപ്പെട്ട ഭാഗമാണ്. സാമൂഹിക സാഹചര്യത്തിൽ മനുഷ്യന്റെ പ്രവർത്തന രീതിയെക്കുറിച്ചുള്ള പഠനമാണിത്. സോഷ്യോളജി മനുഷ്യവിഭാഗങ്ങളുടെ പഠനത്തിലാണ് ശ്രദ്ധ നൽകുന്നത്. സോഷ്യോലോഗി (Sociologie) എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് സോഷ്യോളജി എന്ന വാക്ക് ഉടലെടുത്തത്. ഇതിന്റെ വാച്യാർത്ഥം ചങ്ങാതിയെക്കുറിച്ചുള്ള പഠനം എന്നാണ്. സമൂഹത്തിന്റെ ഘടനയും അത് എങ്ങനെ പ്രവർത്തിക്കുന്നു എന്നും മനസ്സിലാക്കാനുള്ള അന്വേഷണമാണ് സോഷ്യോളജി ചെയ്യുന്നത്. നമ്മുടെ സമൂഹത്തെ രൂപപ്പെടുത്തിയിട്ടുള്ള വ്യത്യസ്ത ഘടകങ്ങളെ നിർവ്വചിക്കാനും മനസ്സിലാക്കാനും കൂടി സോഷ്യോളജി ശ്രമിക്കുന്നു. വംശം, വർഗ്ഗം, ലിംഗം, സംസ്ക്കാരം, മതം, വിശ്വാസ സമ്പ്രദായങ്ങൾ, ഗവൺമെന്റ് എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. വ്യക്തിയുടേയും സംഘത്തിന്റേയും പെരുമാറ്റ രീതികൾ സമൂഹത്തെ പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ ഉളവാക്കുന്ന ഫലങ്ങൾ എപ്രകാരമാണെന്നു കൂടി സോഷ്യോളജി പഠനത്തിന് വിധേയമാകുന്നു.

### 0.2.5 എക്ണോമിക്സ് (സാമ്പത്തികശാസ്ത്രം)

ഒരു സമൂഹത്തിൽ ജീവിക്കുന്നു എന്നത് നമ്മുടെ ജീവിതം എങ്ങനെയാണ് നാം പ്രവർത്തനക്ഷമമാക്കേണ്ടത് എന്നതുകൂടി അർത്ഥമാക്കുന്നു. നമ്മുടെ വരുമാനം, സമയം, വിഭവങ്ങൾ എന്നിവയെല്ലാം വളരെ പരിമിതങ്ങളായതിനാൽ അവയെ എങ്ങനെ മിതമായി ചെലവഴിക്കണം എന്ന് നാം അറിഞ്ഞിരിക്കണം. നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി നിങ്ങളുടെ സമയം ചിട്ടപ്പെടുത്തുന്ന കാര്യം കൂടിയും നിങ്ങൾ പഠിച്ചിരിക്കണം. അതുപോലെ നിങ്ങളുടെ വീടിനുവേണ്ടി ഒരു ബഡ്ജറ്റ് (വരവ്-ചെലവ്) തയ്യാറാക്കുമ്പോൾ നമുക്ക് ലഭിക്കാവുന്ന എല്ലാ വിഭവങ്ങളും ഫലപ്രദമായി ഉപയോഗിക്കണം. ഇത്തരത്തിൽ പല പ്രശ്നങ്ങളും നമുക്ക് ഒഴിവാക്കാൻ കഴിയും. നമ്മൾ ഇതിനെയാണ് എക്ണോമിക്സ് അല്ലെങ്കിൽ സാമ്പത്തികശാസ്ത്രം എന്നു പറയുന്നത്. ഇത് ഒരു ബഡ്ജറ്റ് (Budget) തയ്യാറാക്കുന്നതിനും അപ്പുറത്താണ്. ഉത്പാദനം, ഉപഭോഗം, സമ്പത്ത് എന്നിവയെക്കുറിച്ച് മനുഷ്യരുടെ പരിഗണനകളുടെ (ഇഷ്ടങ്ങളുടെ) വഴികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണിത്. പരിമിതമായ ജീവനോപായങ്ങൾ മാത്രമുള്ളപ്പോൾ ഇതിന് വളരെ പ്രാധാന്യമേറുന്നു. ആവശ്യങ്ങളുടേയും ലഭ്യമായ വിഭവങ്ങളുടേയും ഇടയിൽ സന്തുലിതാവസ്ഥ നിലനിർത്താൻ മല്ലടിക്കുന്ന സോഷ്യൽ സയൻസാണിത്. നിങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തിയാൽ ഇതിന്റെ പഠനം കൂടുതൽ താത്പര്യജനകമാകും. നിങ്ങളുടെ വീടിന്റെ ബഡ്ജറ്റോ അല്ലെങ്കിൽ ഒരു സമയ വിവരപ്പട്ടികയോ തയ്യാറാക്കുന്നത് ഇത്തരത്തിലുള്ള ഒരു പ്രവർത്തനമാണ്.

മനുഷ്യാഭിവൃദ്ധിയുടേയും വികസനത്തിന്റേയും മുഴുവൻ പ്രക്രിയകളും എങ്ങനെ നടക്കുന്നുവെന്ന് മനസ്സിലാക്കാൻ ഈ വിഷയങ്ങളുടെ പഠനം നമ്മെ സഹായിക്കുന്നു. ഇതിനായി നമുക്ക് ഭൂതകാലത്തേക്ക് മടങ്ങാം. പടിപടിയായി ഈ ഭൂമിയിലെ മനുഷ്യന്റെ പരിണാമത്തെക്കുറിച്ച് നമുക്കറിയാൻ ശ്രമിക്കാം. സയൻസിൽ പരിണാമത്തെക്കുറിച്ച് പഠിച്ചത് നിങ്ങൾക്കറിയാമല്ലോ? അവിടെ നമ്മൾ പ്രകൃതിയിൽ എങ്ങനെ പരിണാമം സംഭവിച്ചു, എങ്ങനെ സസ്യങ്ങളും മൃഗങ്ങളും ആവിർഭവിച്ചു എന്നതാണ് പഠിച്ചത്. പരിണാമത്തിന്റെ ഏറ്റവും ഉയർന്ന നിലയിലുള്ള മനുഷ്യൻ എങ്ങനെ അത്രയും പരിണാമം സംഭവിക്കാത്ത മൃഗങ്ങളിൽ നിന്ന് വികസിച്ചു വന്നു എന്നറിയുന്നത് രസകരമായ ഒരു കഥയാ

ണ്. നമ്മുടെ വംശത്തിന്റെ (മനുഷ്യരുടെ) ജൈവ ശാസ്ത്രപരമായ പേര് ഹോമോസാപ്പിയൻസ് (Homosapiens) എന്നായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അടുത്ത ഭാഗത്ത് ഇതിനെക്കുറിച്ച് കൂടുതൽ നാം പഠിക്കും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 0.2

1. ചരിത്രം മനസ്സിലാക്കുന്നതിന് ഭൂമിശാസ്ത്രത്തിന്റെ സംഭാവന എപ്രകാരമുള്ളതാണെന്ന് നിങ്ങൾക്ക് വിശദീകരിക്കാൻ കഴിയുമോ?
2. പൊളിറ്റിക്കൽ സയൻസിന്റെ പ്രധാന ഘടകങ്ങൾ ഏവ.
3. സോഷ്യോളജി ഒരു വിഷയം എന്ന നിലയിൽ എന്തിലാണ് ഊന്നൽ നൽകുന്നത്?
4. എക്ണോമിക്സിന്റെ പഠനം എന്താണ് കൈകാര്യം ചെയ്യുന്നത്?
5. പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, എക്ണോമിക്സ് എന്നീ വിഷയങ്ങൾ സമൂഹത്തിന്റെ പ്രവർത്തനങ്ങളെ മെച്ചമായ നിലയിൽ മനസ്സിലാക്കുന്നതിന് എപ്രകാരം സഹായിക്കുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നു?

## 0.3 മനുഷ്യവർഗ്ഗത്തിന്റെ പരിണാമം

രണ്ട് ദശലക്ഷങ്ങൾക്ക് മുൻപാണ് മനുഷ്യരെപ്പോലെയുള്ള ജീവികൾ രൂപം പ്രാപിച്ചുവന്നതെന്നാണ് കരുതപ്പെടുന്നത്. അവ വാലില്ലാകുരങ്ങൻമാരോട് (Apes) സാദൃശ്യമുണ്ടായിരുന്ന ജീവകളാണ്. ജൈവശാസ്ത്രകാരൻമാർ അവയെ ഹോമോസാപിയൻസ് (ലാറ്റിനിൽ ബുദ്ധിയുള്ള മനുഷ്യജീവികൾ) എന്ന് വിളിച്ചു. അവർക്ക് എങ്ങനെ കൃഷി ചെയ്യണമെന്നോ ഭക്ഷണമുണ്ടാക്കണമെന്നോ അറിഞ്ഞുകൂടായിരുന്നു. ഒരു അഭയസ്ഥാനമെന്ന നിലയിൽ ഒരു വീടുണ്ടാക്കാനും അവർ അറിഞ്ഞിരുന്നില്ല. ഗുഹകളിലോ വൃക്ഷാഗ്രങ്ങളിലോ ആണ് അവർ താമസിച്ചിരുന്നത്. എഴുതാൻ പഠിക്കുന്നതിന് വളരെ മുൻപു തന്നെ ഭൂമിയിൽ മനുഷ്യരുടെ ജീവിതം ആരംഭിച്ചിട്ടുണ്ടായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? ഭൂതകാലത്തെക്കുറിച്ചുള്ള നമ്മുടെ വിജ്ഞാനത്തിന്റെ പ്രധാന സ്രോതസ്സ് ലിഖിതരേഖകളായതിനാൽ ലേഖനവിദ്യയുടെ കണ്ടുപിടുത്തം ഒരു പ്രധാനചരിത്രസംഭവമായിരുന്നു. ലിഖിതരേഖകൾ ഇല്ലാത്തതാണ് ചരിത്രാതീതം എന്നു വിളിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാമോ? ലിഖിതരേഖകൾ ഉണ്ടാകുന്നതിനും വളരെ വളരെ മുമ്പുള്ള കാലഘട്ടമാണ് ചരിത്രാതീതകാലം എന്നറിയുമ്പോൾ നിങ്ങൾക്ക് അതിശയം തോന്നിയേക്കാം. ആ കാലഘട്ടവും നാം ചരിത്രമായി കരുതുന്നു. ചരിത്രാതീതകാലത്തെ മനുഷ്യ ജീവിതത്തെ കണ്ടെത്തുന്നതിന് ചരിത്രകാരൻമാരും നരവംശശാസ്ത്രജ്ഞരും ഉപകരണങ്ങൾ, ആയുധങ്ങൾ, ആഭരണങ്ങൾ, ഗുഹാ പാർപ്പിടങ്ങൾ, പൂർവ്വികർ ഗുഹകളിൽ ചെയ്ത പെയിന്റിഗ്കൾ തുടങ്ങിയവയെ പഠനവിധേയമാക്കുന്നു. ലഭ്യമായ ലിഖിത രേഖകൾ ഉപയോഗിച്ച് മനുഷ്യപരിണാമ കാലഘട്ടത്തെ ചരിത്രം പരാമർശിക്കുന്നു. പാറകൾ, സ്തംഭങ്ങൾ, ഇരുമ്പ് തകിടുകൾ, ഈ അടുത്ത കാലത്ത് കണ്ടുപിടിച്ച പേപ്പറുകൾ എന്നിവകളിലെ എഴുത്തുകൾ എന്നിവയെല്ലാം അത്തരത്തിലുള്ള ലിഖിതരേഖകളാണ്.

### 0.3.1 നാടോടികളുടെ ജീവിതം (Nomadic Life):

**ശിലായുഗം**


ചരിത്രാതീതകാലത്തെ മനുഷ്യർ നാടോടികളായിരുന്നു (അലഞ്ഞു തിരിഞ്ഞ് ദേശാന്തരഗമനം ചെയ്യുന്നവർ). പരിസ്ഥിതിയിൽ നിന്നും ഭക്ഷണം അന്വേഷിച്ച് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് അവർ സ്ഥിരമായി സഞ്ചരിച്ചുകൊണ്ടിരുന്നു. മൃഗങ്ങളിൽ നിന്നുമുള്ള സുരക്ഷയെക്കരുതിയും സാമൂഹ്യസുരക്ഷയ്ക്കും ചങ്ങാത്തത്തിനും വേണ്ടി

അവർ സംഘങ്ങളായിട്ടാണ് സഞ്ചരിച്ചുകൊണ്ടിരുന്നത്. അവർ കല്ലുകൾ ഉപയോഗിച്ച് ഉപകരണങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. അതുകൊണ്ട് മനുഷ്യപരിണാമത്തിലെ ഈ കാല ഘട്ടത്തെ നാം ശിലായുഗം എന്നു വിളിക്കുന്നു. ഓരോ ഘട്ടത്തിലും കല്ലുപയോഗിച്ചുള്ള പണിയായുധങ്ങൾ നിർമ്മിച്ചിരുന്നു. അവയെല്ലാം ഓരോ കാലത്തും നിർമ്മിക്കുന്നത് മുൻകാലത്തേക്കാൾ മെച്ചമായ നിലയിലായിരുന്നു. ഇത് മനുഷ്യനെ മെച്ചവും സുരക്ഷിതവുമായ ജീവിതത്തിലേക്ക് അഭിവൃദ്ധിപ്പെടുത്താൻ സഹായിച്ചു. ശിലായുഗത്തിന് താഴെപ്പറയുന്ന പ്രധാനപ്പെട്ട ഘട്ടങ്ങളുണ്ടായിരുന്നു.

### (1) പുരാതന ശിലായുഗം - പാലിയോളിതിക് യുഗം (Paleolithic Age) 500000 B.C -10000 B.C.

പുരാതന ശിലായുഗത്തിൽ (പാലിയോളിതിക്-യുഗം) മനുഷ്യർ താരതമ്യേന നദികളുടെ സമീപമുള്ള പർവ്വതങ്ങളുടെ അടിവാരത്തുള്ള കുന്നുകളിലാണ് താമസിച്ചിരുന്നത്. നദീജലവും ഭക്ഷണത്തിന് ദാഹം തീർക്കാൻ നദിയിലേക്ക് വരുന്ന മൃഗങ്ങളും ഇതുമൂലം അവർക്കുലഭിച്ചു. കുന്നുകളിലുള്ള ഗുഹകൾ അവരുടെ വാസസ്ഥലങ്ങളായി. അങ്ങനെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, ജലം, അഭയസ്ഥാനം എന്നിവ ബുദ്ധിമുട്ടില്ലാതെ അത്തരം സ്ഥലങ്ങളിൽ നിന്ന് അവർക്കു കിട്ടി. ആദിമമനുഷ്യർ വന്യമൃഗങ്ങളെ പ്രത്യേകിച്ച് വൻകരടികളെ ഗുഹകളിൽ നിന്നും പുറത്തു ചാടിച്ച് അവിടം അവരുടെ വാസഗൃഹങ്ങളാക്കിയ കാര്യം നിങ്ങൾക്കറിയാമോ? ആദിമ മനുഷ്യർ എത്ര പ്രയാസമേറിയതും അപകടകരവുമായ ജീവിതമാണ് നയിച്ചിരുന്നതെന്ന് ഒന്നു സങ്കൽപ്പിച്ചു നോക്കുക.

ചൂടിൽ നിന്നും തണുപ്പിൽ നിന്നും ശരീരത്തെ മറയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനും ആദിമ മനുഷ്യൻ വെയിലത്ത് വച്ച് ഉണക്കിയ മരത്തൊലികളും മൃഗങ്ങളുടെ തോലും ഉപയോഗിച്ചു. ഇപ്പോൾപോലും മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപിന് പരിസ്ഥിതി വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. ഇന്ത്യയിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ പോലെയുള്ള സ്ഥലങ്ങളിൽ ആദിമ മനുഷ്യൻ ഗുഹകളിൽ താമസിക്കുകയും ഈ ഗുഹാഭിത്തികളിൽ മൃഗങ്ങളെ വേട്ടയാടുന്ന രംഗങ്ങൾ ചിത്രീകരിക്കുന്ന പെയിന്റിംഗുകൾ നടത്തുകയും ചെയ്തിരുന്നു. മധ്യപ്രദേശിലെ ബിംബട്ക (Bhimbetka) ഗുഹകളിൽ മൃഗങ്ങളെ പ്രത്യേകിച്ച് കാട്ടുപോത്ത്, റയിൻഡിയർ പോലെയുള്ള വലിയ മൃഗങ്ങളെ വേട്ടയാടുന്നതിന്റെ പെയിന്റിംഗുകൾ ഇപ്പോഴുംകാണാൻ കഴിയുന്നു. ഗുഹാഭിത്തികളിൽ ചിത്രീകരണം നടത്തുന്ന ഈ രീതി വേട്ടയാടലിൽ തങ്ങളുടെ വിജയം ഉറപ്പാക്കുന്നതിന് വേണ്ടി ഏതെങ്കിലും തരത്തിലുള്ള ഒരാചാരത്തിന്റെ അനുഷ്ഠാനമാകാനുള്ള സാധ്യത ഉണ്ട്. വേട്ടയാടലിന്റെ കലാപരമായ ഭാവാവിഷ്ക്കാരം കൊണ്ട് തങ്ങളുടെ ചുറ്റുപാടുകളെ മോടിപിടിപ്പിക്കാനുള്ള സൃഷ്ടിപരമായ ഒരു പ്രകടനമായും ഈ ചിത്രീകരണങ്ങളെ കാണാൻ കഴിയും.




**ചിത്രം 0.1** *ബിംബട്ക ഗുഹാ പെയിന്റിംഗുകൾ*

**? നിങ്ങൾക്കറിയാമോ?**

മധ്യപ്രദേശിലെ റെയ്സൻ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഒരു ലോക പൈതൃക പുരാവസ്തു പ്രദേശമാണ് ബിംബ്ട്ക. ബിംബ്ട്ക ഗുഹാസങ്കേതങ്ങളിൽ ചരിത്രാതീത കാലത്തെ ഇന്ത്യയിലെ ആദിമ കാല മനുഷ്യജീവിതത്തിന്റെ അടയാളങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിൽ കുറെയെങ്കിലും ഗുഹാസങ്കേതങ്ങളിൽ കുടിയേറിപ്പാർത്ത മനുഷ്യർക്ക് ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷത്തിലധികം വർഷം പഴക്കം കാണിക്കുന്നുണ്ടെന്ന് പല സൂക്ഷ്മ പഠനങ്ങളും അഭിപ്രായപ്പെടുന്നു. ഈ ഗുഹാസങ്കേതങ്ങളിലെ ശിലാ പെയിൻറിംഗ്കളിൽ ചിലതിന് 30000 വർഷത്തെ പഴക്കം കാണിക്കുന്നു.

നമ്മൾ അവരുടെ മതപരമായ വിശ്വാസമാണെന്ന് കരുതേണ്ട പല ആചാരങ്ങളും പാലിയോളിതിക് മനുഷ്യർ പോഷിപ്പിച്ചെടുത്തിരുന്നു. പൂർവ്വികരെ അവരുടെ മരണശേഷം അവർ ആരാധിച്ചിരുന്നു. മരണാനന്തര ലോകത്തേയ്ക്കുള്ള സുഖകരമായ യാത്രക്കുവേണ്ടിയെന്ന നിലയിൽ ഭക്ഷണസാധനങ്ങളും പണിയായുധങ്ങളും അവർ മൃതദേഹത്തോടൊപ്പം കുഴിച്ചിട്ടിരുന്നു. പ്രകൃതി പ്രതിഭാസങ്ങളായ മിന്നൽ, ഇടിമുഴക്കം എന്നിവയെ അവർ ഭയപ്പെട്ടിരുന്നു. സൂര്യന്റെ ഉദയാസ്തമനങ്ങളുടെ നിജസ്ഥിതി അവർക്കറിഞ്ഞുകൂടായിരുന്നു. സൂര്യൻ കിഴക്കുദിക്കുമ്പോൾ പകൽ സമയത്ത് ചൂടും രാത്രിയിൽ ചന്ദ്രൻ ശാന്തിയും തണുപ്പും നൽകുന്നു എന്ന കാര്യം അവർ അറിഞ്ഞിരുന്നു. ഇതിന്റെ കാരണം എന്താണെന്ന് അറിയാത്തതിനാൽ ഇതെല്ലാം പ്രകൃത്യാതീതമായ എന്തോ ഒന്നാണെന്ന് അവർ കരുതി. അങ്ങനെ സൂര്യൻ, ചന്ദ്രൻ, മിന്നൽ, ഇടിമുഴക്കം എന്നിവയെ എല്ലാം അവർ ആരാധിച്ചു. പ്രകൃതിയും അതിന്റെ സന്തുലിതാവസ്ഥയേയും നശിപ്പിക്കാതിരിക്കാനുള്ള ബുദ്ധി എന്നാൽ അവർക്കുണ്ടായിരുന്നു. പ്രകൃതിയിൽ നിന്ന് അവർക്കാവശ്യമായതു മാത്രം എടുത്തും പ്രകൃതിയുമായി ഇണങ്ങിയും അവർ ജീവിച്ചു. ആദിമ മനുഷ്യൻ സ്വീകരിച്ച ആ മാർഗ്ഗം നാം പിൻതുടർന്നിരുന്നുവെങ്കിൽ നമ്മുടെ ലോകവും ഹൃദ്യമായ ഒന്നാകുമായിരുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? പ്രാചീന ശിലായുഗത്തെ പിന്തുടർന്ന് മധ്യശിലായുഗം അല്ലെങ്കിൽ മെസോളിതിക് യുഗം ആരംഭിച്ചു. പാലിയോളതിക് യുഗത്തിന്റേയും നിയോളിതിക് യുഗത്തിന്റെയും ഇടയിലുള്ള പരിവർത്തനയുഗമായി മെസോളിതിക് യുഗത്തിനെ കരുതപ്പെടുന്നു.


### (ii) മധ്യശിലായുഗം – മെസോളിതിക്‌യുഗം (10,000 B.C 8,000 B.C.)

മെസോളിതിക് യുഗത്തിൽ മനുഷ്യർ എങ്ങനെയാണ് അഗ്നി കണ്ടുപിടിച്ചതെന്ന് നമുക്ക് നോക്കാം. രണ്ടു കഷണം തീക്കല്ലുകൾ ഉരയ്ക്കുമ്പോൾ അവയിൽ നിന്നും തീപ്പൊരി ഉണ്ടാകാനുള്ള നല്ല സാധ്യതകൾ ഉണ്ട്. ഇങ്ങനെ ഉണ്ടായ തീപ്പൊരി കരിയിലകളിൽ വീണിട്ടുണ്ടായിരിക്കുകയും അങ്ങനെ തീയ് ആദ്യമായിട്ടുണ്ടാവുകയും ചെയ്തിരിക്കണം. ഇത് ആദിമ മനുഷ്യരെ ഭയപ്പെടുത്തുകയും അതിശയിപ്പിക്കുകയും ചെയ്തിട്ടുണ്ടാകാം. ബുദ്ധിയുള്ളവർ ഈ കണ്ടുപിടുത്തം അവരുടെ നന്മയ്ക്കായി ഉപയോഗിച്ചു. തീ വന്യമൃഗങ്ങളെ ഭയപ്പെടുത്തുന്നു എന്നവർ മനസ്സിലാക്കി. അതിനാൽ അവയിൽ നിന്നും രക്ഷപ്പെടാൻ തങ്ങളുടെ ഗുഹകളുടെ അടുത്ത് അവർ തീയുണ്ടാക്കി. ഇതവർക്ക് രാത്രിയിൽ വെളിച്ചവും നൽകി. തീയിൽ പാകം ചെയ്താൽ ഭക്ഷണം മൃദുവും സ്വാദിഷ്ടവുമാകുമെന്ന് അവർ മനസ്സിലാക്കി. ചൂടുമൂലം അവർ താമസിക്കുന്ന ഗുഹകളിലെ തണുപ്പു മാറ്റാമെന്നും അവർ അറിഞ്ഞു. അഗ്നിയുടെ കണ്ടുപിടുത്തം ആദിമ മനുഷ്യന്റെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമായി മാറി. വൃക്ഷാഗ്രങ്ങളിൽ താമസിക്കുന്ന ആദിമ മനുഷ്യൻ അഗ്നിയുടെ കണ്ടുപിടുത്തത്തോടെ എത്രമാത്രം അഭിവൃദ്ധി പ്രാപിച്ചുവെന്ന് നിങ്ങൾക്ക് ഭാവന ചെയ്യാമോ? ഇത് കേവലം ഒരു രാത്രി കൊണ്ട് സംഭവിച്ചതല്ല മറിച്ച് അനേകായിരം വർഷങ്ങൾ കൊണ്ടു മാത്രം സംഭവിച്ചതാണ്. അഗ്നി നമുക്ക് അത്ഭുതപ്പെടാനും ആരാധിക്കാനും

ഉള്ള ഒരു വസ്തു ആയി മാറിയതിൽ ഒരതിശയവുമില്ല.

...തി ഇല്ലാത്ത ഒരു സ്ഥലം നിങ്ങൾ സന്ദർശിക്കുന്നുവെന്ന് ഭാവന ചെയ്യുക. അത് ഒരു അതിശൈത്യമുള്ള രാത്രിയിലാണെന്നും കരുതുക. നിങ്ങൾ നിശ്ചയമായും ഭയപ്പെടും. ആദിമമനുഷ്യർ അത്തരം സന്ദർഭങ്ങളിൽ ചൂടുണ്ടാകാൻ വേണ്ടി എന്തു ചെയ്തിരിക്കണമെന്ന് ഓർത്തു നോക്കുക. ഈ സന്ദർഭത്തിൽ നിങ്ങളുടെ ശരീരം ചൂടാകാനുള്ള മൂന്നു മാർഗ്ഗങ്ങൾ എഴുതുക.

തീപോലെ തന്നെ പ്രധാനപ്പെട്ട ഒരു കണ്ടുപിടുത്തമാണ് ഉപകരണങ്ങൾ. ഈ കാലഘട്ടത്തിൽ കണ്ടെത്തിയ ഉപകരണങ്ങളെ മൈക്രോലിത്ത്സ് (Microliths) എന്നാണ് വിളിക്കപ്പെട്ടിരുന്നത്. അത് മൂർച്ചയേറിയതും ഫലപ്രദവുമായിരുന്നു. ഉപകരണങ്ങളും ആയുധമായി ഉപയോഗിക്കുന്ന ചീവുളി, അമ്പുകൾ, കൊളുത്തുകൾ, ചുറ്റികകൾ തുടങ്ങിയ സാധനങ്ങളും മൃഗങ്ങളുടെ അസ്ഥികൾ ഉപയോഗിച്ച് നിർമ്മിച്ചു. ചെറുമരങ്ങൾ മുറിക്കാനുള്ള വെട്ടു കത്തി, ചുറ്റിക, കൈക്കോടാലി എന്നിവയെല്ലാം അവർ ഉണ്ടാക്കിയിരുന്നു. ഭക്ഷണത്തിനുവേണ്ടി മൃഗങ്ങളെ കൊല്ലാനും താമസിക്കാൻ ചെറിയ കുടിലുകളുണ്ടാക്കാനും ഈ ഉപകരണങ്ങൾ സഹായിച്ചു. കത്തിപോലെ മൂർച്ച ലഭിക്കാൻ അവർ ചെറിയ കല്ലുകൾ വെട്ടി മൂർച്ചയുള്ളതാക്കി. വില്ലും കുന്തവും ഈ കൂർത്ത കല്ലുകളും ചേർത്ത് വളരെ ഫലപ്രദമായ ആയുധങ്ങൾ അവരുണ്ടാക്കി. സുരക്ഷിതമായ അകലം പാലിച്ച് മൃഗങ്ങളെ കൊല്ലാൻ ഇതോടെ അവർക്ക് കഴിഞ്ഞു. മറ്റ് പല സ്ഥലങ്ങളോടൊപ്പം പഞ്ചാബ്, കാശ്മീർ താഴ്‌വര, ഹിമാലയത്തിന്റെ അടിവാരത്തെ കുന്നുകൾ, നർമ്മദ താഴ്‌വര എന്നിവിടങ്ങളിലെല്ലാം ഇപ്പറഞ്ഞ ചില ശിലായുധങ്ങളും കാണാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രന്ഥശാലകൾ സന്ദർശിച്ചും പുസ്തകങ്ങൾ വായിച്ചും ഇന്റർനെറ്റിന്റെ സഹായത്തോടെയും ലോകമെമ്പാടുമുള്ള ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുക.



**ചിത്രം 0.2** മധ്യശിലായുഗത്തിലെ പരുക്കൻ ആയുധങ്ങൾ

കുറിപ്പുകൾ

### iii. നവീന ശിലായുഗം - നിയോളിതിക് യുഗം (Neolothic Age - 8,000 B C - 4,000 BC)

തുടക്കത്തിൽ മനുഷ്യർ വെറും വേട്ടക്കാരും ഭക്ഷണം ശേഖരിച്ചു വയ്ക്കുന്നവരും മാത്രമായിരുന്നു. ഭക്ഷണം ഉത്പാദിപ്പിക്കുന്നവരായിത്തീരാൻ നൂറ്റുകണക്കിന് സഹസ്രാബ്ദങ്ങൾ എടുക്കേണ്ടി വന്നു. ഇത് നിയോളിതിക് യുഗത്തിന്റെ ആരംഭമായിരുന്നു. സ്വന്തമായി ഭക്ഷ്യോത്പാദനം ആരംഭിച്ചതോടുകൂടി ഭക്ഷണം തേടിയുള്ള വേട്ടയാടലിന്റെയും അന്വേഷണത്തിന്റെയും മറ്റും അനിശ്ചിതത്വം അവസാനിച്ചു. ഇത് എങ്ങനെ സംഭവിച്ചു എന്നാണ് വിചാരിക്കുന്നത്? തീ കണ്ടെത്തിയതുപോലെ ഒരു ആകസ്മിക സംഭവമാകാനാണ് ഇതിനും സാധ്യത. ചില വിത്തുകൾ മണ്ണിൽ കിടന്ന് മുളച്ച് ചെടികളായി തീർന്നിട്ടുണ്ടാകാം. ഈ ചെടികൾ വളർന്ന് കൃത്യമായി ഭക്ഷണം നൽകി. പിന്നീട് ഇതിന്റെ വിത്തുകൾ അവർ പാകി വിളവെടുത്തിട്ടുണ്ടാകണം. അതിനുവേണ്ടി അവർ നട്ട ചെടിയെ സംരക്ഷിക്കുന്ന ജോലിയും ഏറ്റെടുത്തു. വിത്തിടലിനും വിളവെടുക്കലിനുമിടയിൽ കുറഞ്ഞത് ആറുമാസത്തെയെങ്കിലും ഇടവേള അവർക്ക് കിട്ടി. കൃഷിയുടെ തുടക്കം ഇങ്ങനെയാണ്. കൃത്യമായി വേണ്ടുവോളം ആഹാര സാധനങ്ങൾ കിട്ടാനുള്ള സ്രോതസ്സ് ഉണ്ടെന്നു കണ്ടപ്പോൾ ഒരു നിശ്ചിത സ്ഥലത്തു തന്നെ താമസിക്കുന്നതിലേക്ക് കാര്യങ്ങൾ എത്തി. ജീവൻ നിലനിർത്താൻ മെച്ചമായ സൗകര്യങ്ങൾ ഉണ്ടായതിനാൽ ഭക്ഷണത്തിനുവേണ്ടിയുള്ള വേട്ടയാടൽ അവസാനിപ്പിച്ചു. മനുഷ്യർക്ക് അവരുടെ ജീവിതത്തിൽ ധാരാളം പ്രയോജനങ്ങളും മാറ്റങ്ങളും കൃഷിമൂലം ഉണ്ടായി. മിക്കവാറും ഒരു ഭിത്തികൊണ്ട് സംരക്ഷിക്കപ്പെടുന്ന ചെറിയ കുടിലുകൾ അവർ തന്നെ നിർമ്മിച്ചു. മതിലുകളുടെ പുറത്തായിരുന്നു അവരുടെ വിളഭൂമി. സ്ഥിരമായ ഒരു വാസസ്ഥലം ആയതോടെ അത്തരം നിരവധി വാസസ്ഥലങ്ങൾ ചേർന്ന് ഒരു ഗ്രാമമായി തീർന്നു. അവർ പരസ്പരം സംരക്ഷണം നൽകി. ഇതേ സമയത്തുതന്നെ കുറച്ചു മൃഗങ്ങളും ഇവരോടൊപ്പം ഉണ്ടാകുന്നത് നല്ലതാണെന്ന് അവർ മനസ്സിലാക്കി. ഇത് കൃഷിക്ക് ആവശ്യമായിരുന്നു. ധാന്യങ്ങൾ അവർ സൂക്ഷിക്കുകയും അതിന്റെ അവശിഷ്ടഭാഗങ്ങൾ മൃഗങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുകയും ചെയ്തു. മൃഗങ്ങളെ വീട്ടിൽ വളർത്താൻ അവർ പഠിച്ചു. വീട്ടിൽ വളർത്തി തുടങ്ങിയ ആദ്യമൃഗം നായ് ആണെന്ന് നിങ്ങൾക്കറിയാമോ? പിന്നീട് ചെമ്മരിയാട്, കോലാട്, കന്നുകാലികൾ തുടങ്ങി പല മൃഗങ്ങളേയും പല ഉപയോഗത്തിനും പ്രത്യേകിച്ച് പാൽ, ഇറച്ചി എന്നിവയ്ക്കു വേണ്ടിയും, വീട്ടിൽ വളർത്തിതുടങ്ങി. ഇതാണ് സമ്മിശ്ര കൃഷി സമ്പ്രദായത്തിന്റെ തുടക്കം. കൃഷി. സസ്യങ്ങളിൽ നിന്നുള്ള ഭക്ഷണവും വളർത്തു മൃഗങ്ങൾ, ഇറച്ചി, പാൽ, കമ്പിളി തുടങ്ങിയവയും നൽകി.

ആദിമമനുഷ്യൻ വിത്തിൽ നിന്ന് സസ്യങ്ങൾ പുറത്തു വരുന്നതും അവയെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകി വളർത്തുന്നതുപോല ഭൂമി സംരക്ഷിക്കുന്നതും ശ്രദ്ധിച്ചു. അവർ ഭൂമിയെ മാതാവിന്റെ ഒരു പ്രതീകമായി കണ്ട് ആരാധിച്ചു. പാലിയോളിതിക് കാലത്തെ മനുഷ്യരും പ്രകൃതിശക്തികളെ നിയോളിതിക് യുഗത്തിലെ മനുഷ്യരെപ്പോലെ ഭയ ഭക്തിയോടെ വീക്ഷിച്ചിരുന്നു.

ക്രമേണ പരിസ്ഥിതിയെക്കുറിച്ചുള്ള അവരുടെ വിജ്ഞാനം വളർന്നതോടൊപ്പം സുഖപ്രദമായ ജീവിതം വളർത്തിയെടുക്കുന്നതിനുള്ള ആഗ്രഹവും ഉണ്ടായി. മെച്ചമായ ഉപകരണങ്ങളും പണി ആയുധങ്ങളും ഉണ്ടാകേണ്ടത് പ്രധാനപ്പെട്ട ഒന്നാണെന്ന് അവർക്ക് ബോധ്യമായി. അതുകൊണ്ട് ആയുധങ്ങൾക്ക് മൂർച്ച കൂട്ടി. മരങ്ങൾ മുറിക്കുന്നതിന് കോടാലി ഉപയോഗിച്ചു തുടങ്ങി. ഇത് കട്ടിയേറിയ കല്ലുപയോഗിച്ചായിരുന്നു. കല്ല് തേച്ച് മിനുസമാക്കി അറ്റം മൂർച്ചയുള്ളതാക്കി. പിടിക്ക് തടിയും ഉപയോഗിച്ചു. തടി അതിൽ ഉറപ്പിച്ച് കോടാലിയാക്കി മാറ്റി. അതുപോലെ വിളവ് കൊയ്യാൻ അരിവാളും നിർമ്മിച്ചു. കൂടുതൽ കാലം നിൽക്കാൻ വേണ്ടി ഈ ഉപകരണങ്ങൾ പോളിഷും ചെയ്തു. നിലം വൃത്തിയാക്കാനും മരങ്ങൾ മുറിക്കാനും വിളകൾ ശേഖരിക്കാനും ഒക്കെയായി ഇങ്ങനെ പണി

യായുധങ്ങൾ മെച്ചമാക്കിത്തുടങ്ങി. ഇന്നും ചെറു കർഷകർ ഇത്തരം സാധനങ്ങൾ തോട്ടപ്പണിക്കും കൃഷിക്കും ഉപയോഗിക്കുന്നത് നിങ്ങൾക്കറിയാമല്ലോ?

ചക്രത്തിന്റെ കണ്ടുപിടുത്തമാണ് ഇക്കാലഘട്ടത്തിലെ മറ്റൊരു പ്രധാന സംഭവം. ഇത് മനുഷ്യന്റെ ജീവിതത്തെ നിരവധി തരത്തിൽ സ്പർശിക്കുകയും മാറ്റം വരുത്തുകയും ചെയ്യുമെന്ന് ആരും വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല. കിണറ്റിൽ നിന്നും വെള്ളം കോരാനുപയോഗിക്കുന്ന കപ്പി, നൂൽനൂൽപ്പ് യന്ത്രം അല്ലെങ്കിൽ ചർക്ക, കുശവൻമാരുടെ ചക്രം ഇതെല്ലാം ഈ കണ്ടുപിടുത്തത്തിന്റെ ഫലങ്ങളാണ്. മൺപാത്രങ്ങൾ ഉണ്ടാക്കുന്ന കുശവൻമാരുടെ ചക്രത്തിന്റെ കണ്ടുപിടുത്തം ഭക്ഷണം പാകം ചെയ്യാൻ വളരെ സഹായിച്ചു. ഈ മൺപാത്രങ്ങൾ വ്യത്യസ്താകൃതിയിലും പുറമേ മനോഹരമായ മാതൃകയിലും ഉള്ളതായിരുന്നു. ഗതാഗതത്തിനുപയോഗിക്കുന്ന വണ്ടികളുടെ കാര്യത്തിലായിരുന്നു ചക്രങ്ങൾ കൊണ്ടുള്ള ഏറ്റവും വലിയ പ്രയോജനം ഉണ്ടായത്. ഇതുമൂലം അവർക്ക് മറ്റ് സ്ഥലങ്ങളിലേക്ക് സഞ്ചരിക്കാനും സാധനങ്ങൾ കൊണ്ടുപോകാനും കഴിഞ്ഞു. ഇന്നും ചക്രങ്ങൾ നിരവധി പ്രധാനപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു.



**ചിത്രം – 0.3** *നവീന ശിലായുഗത്തിലെ മൺപാത്രങ്ങൾ*

## പാഠ്യപ്രവർത്തനം 0.3

ഇതെല്ലാം പഠിക്കുമ്പോൾ എപ്രകാരമാണ് മനുഷ്യവർഗ്ഗം പാലിയോളിതിക് യുഗത്തിൽ നിന്ന് നിയോളിതിക് കാലഘട്ടത്തിലേക്ക് അചഞ്ചലമായി അഭിവൃദ്ധി പ്രാപിച്ചതെന്ന് നിങ്ങൾക്ക്ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരിക്കണം. ഭൂതകാലത്തിലെ ആദിമമനുഷ്യരുടെ സ്ഥിതിയും ഇന്നത്തെ നിങ്ങളുടെ സ്ഥിതിയും തമ്മിൽ ഒന്ന് താരതമ്യം ചെയ്യുക. താഴെപ്പറയുന്ന സൂചനകൾ ഉപയോഗിക്കുക.

അഗ്നി, ഉപകരണങ്ങൾ, കൃഷി, മിശ്രിത കൃഷിത്തൊഴിൽ, ചക്രം, മതം, പ്രകൃതിയുമായുള്ള രഞ്ജിപ്പ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 0.3 a

1. ആദിമ മനുഷ്യരെ എന്തു കൊണ്ട് നാടോടികൾ (Nomads) എന്നു വിളിച്ചിരുന്നു?







2. പ്രാചീന ശിലായുഗത്തിലേയും നവീനശിലായുഗത്തിലേയും ഉപകരണങ്ങളുടെ രണ്ട് വ്യത്യാസങ്ങൾ എഴുതുക.

3. നിയോളിതിക് യുഗത്തിലെ രണ്ട് പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങൾ പറയുക.

4. ചക്രത്തിന്റെ കണ്ടുപിടുത്തം മനുഷ്യ സംസ്ക്കാരത്തിൽ മുഖ്യപരിഗണനയാകാനുള്ള മൂന്നുകാരണങ്ങൾ എഴുതുക.

### 0.3.2 ലോഹങ്ങളുടെ ഉപയോഗം: ചാൽക്കോളിതിക് യുഗം (Chalcolithic Age)

മനുഷ്യർ അവരുടെ ഭക്ഷണ ശേഖരണ രീതി, കല്ലുകൊണ്ടുള്ള പണി ആയുധം എന്നിവയിൽ നിന്നെല്ലാം വളരെ മുന്നോട്ടു പോയി. എന്നിട്ടും അവർ തൃപ്തരായില്ല. വളരെ വൈകാതെ ചെമ്പ് കണ്ടുപിടിച്ചു. ഈ കാലഘട്ടമാണ് ചാൽക്കോളിതിക് യുഗം എന്ന പേരിലറിയപ്പെടുന്നത്. ഈ കാലത്ത് ചെമ്പ് ഉപയോഗിച്ചുള്ള ഉപകരണങ്ങൾ നിർമ്മിക്കാനാരംഭിച്ചു. കളിമണ്ണുകൊണ്ടുള്ള മൺപാത്രങ്ങൾ ഉണ്ടാക്കാൻ ആദിമ മനുഷ്യർ തീ ഉപയോഗിച്ചിരുന്നുവെന്ന് നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലോ? ഇന്നും ഫർണസുകളുടെ രൂപത്തിൽ അത് ഉപയോഗിക്കപ്പെടുന്നു. പണിയായുധങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ചൂടുകൊണ്ട് ഉരുക്കിയ ആദ്യത്തെ ലോഹം ചെമ്പ് ആയിരുന്നു.



*ചിത്രം 0.4. ചാൽക്കോളിതിക് യുഗത്തിലെ ലോഹായുധങ്ങൾ*

പുതിയ വസ്തുക്കൾ കണ്ടുപിടിക്കാനുള്ള ആദിമ മനുഷ്യന്റെ പരീക്ഷണങ്ങൾ ആരംഭിച്ചു. ചെമ്പ്, വെളുത്തീയം, കാരീയം തുടങ്ങിയ ലോഹങ്ങളോട് ചെമ്പ് ചേർത്ത് വെങ്കലം നിർമ്മിച്ചു. ആളുകൾ വെങ്കലം ഉപയോഗിക്കാൻ തുടങ്ങിയ കാലഘട്ടത്തെയാണ് വെങ്കലയുഗം എന്നു വിളിക്കുന്നത്. ലോഹനിർമ്മിതങ്ങളായ ഉപകരണങ്ങൾ നേരത്തേ നിർമ്മിച്ച കല്ലുകൊണ്ടുള്ളവയേക്കാൾ ഫലപ്രദമായി തീർന്നു. ലോഹംകൊണ്ടുള്ള പിച്ചാത്തികളും കോടാലികളും മരങ്ങൾ വെട്ടി മാറ്റാനും കൃഷിക്കുവേണ്ട നിലങ്ങൾ ഒരുക്കാനും സഹായകരമായി. മനുഷ്യർ ലോഹങ്ങളും ചെറിയ ശിലാകഷണങ്ങളും ഉപയോഗിച്ചിരുന്ന കാലഘട്ടത്തെയാണ് ചാൽക്കോളിത്തിക് യുഗം എന്ന് വിളിക്കുന്നത്. മൈസൂറിലെ ബ്രഹ്മഗിരി, നർമ്മദാ നദീത്തീരത്തിനടുത്തുള്ള നവാബ് ടോളി, ഛോട്ടാ നാഗ്പൂർ പീഠഭൂമി എന്നിവിടങ്ങളിൽ ഈ കാലഘട്ടത്തിലെ ഉപകരണങ്ങൾ കാണാൻ കഴിയും. നിങ്ങൾ ഈ പ്രദേശത്തിന് അടുത്ത് എവിടെയെങ്കിലുമാണെങ്കിൽ ഈ ഉത്ഖനന സ്ഥലങ്ങൾ കാണുകയും

കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യണം. നിങ്ങൾ കണ്ടിട്ടുള്ളതോ വായിച്ചിട്ടുള്ളതോ ആയ ഇത്തരം സ്ഥലങ്ങളുമായി അതിനെ താരതമ്യം ചെയ്യുക.

### 0.3.3 സാമൂഹിക ജീവിതം

കൃഷി, മിശ്ര കാർഷിക വൃത്തികൾ, പണിയായുധങ്ങളുടെ നവീകരണം, ചക്രത്തിന്റെ കണ്ടുപിടുത്തം തുടങ്ങിയവയെല്ലാം മനുഷ്യരെ ഒരു സ്ഥിരമായ സ്ഥലത്ത് താമസിക്കുന്ന വരാക്കിതീർക്കുന്നതിലേക്ക് നയിച്ചു. അങ്ങനെ ഗ്രാമ ജീവിതത്തിന്റെ തുടക്കമായി എന്നു നമുക്കു പറയാം. ക്രമേണ ഒരുമിച്ച് ഒരേ പ്രദേശത്ത് താമസിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇതിന്റെ ഫലമായി ക്രമസമാധാനപാലനം, അച്ചടക്കം ഇവയൊക്കെ ആരെങ്കിലും ശ്രദ്ധിക്കപ്പെടേണ്ട ആവശ്യം ഉയർന്നു വന്നു. സ്വാഭാവികമായും ഇക്കാര്യങ്ങളിലെല്ലാം നേതൃത്വം നൽകാൻ ഒരാളെ തെരഞ്ഞെടുക്കേണ്ടി വന്നു. വ്യത്യസ്ത വിഭാഗങ്ങൾ നേതാവിനെ തിരഞ്ഞെടുക്കുന്നതിൽ അവരുടെ സ്വന്തംരീതികൾ അവലംബിച്ചു. തങ്ങളുടെ സമൂഹത്തിന്റെ ഏറ്റവും പ്രായം കൂടിയ ആളായിരിക്കും ചിലസംഘങ്ങൾക്ക്, മറ്റ് ചിലർക്ക് അവരുടെ സമൂഹത്തിലെ ഏറ്റവും ശക്തനായ വ്യക്തി ആയിരിക്കും നേതാവ്. നേതാവ് ആവാസകേന്ദ്രത്തിലെ ക്രമസമാധാന പാലനം നടത്തുന്നു. ആ സംഘത്തിലെ രണ്ടു വ്യക്തികൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾക്ക് നേതാവ് മധ്യസ്ഥനായിതീരുന്നു. ക്രമേണ ഈ വാസകേന്ദ്രങ്ങൾ വലുതായി വന്നു. അങ്ങനെ പട്ടണങ്ങളും വൻനഗരങ്ങളും വരാൻ തുടങ്ങി. 2500 ആ.ഇ. യിൽ സരസ്വതി, സിന്ധു എന്നീ നദികളുടെ തീരപ്രദേശങ്ങളിൽ ഇൻഡ്യയിലെ വൻ നഗരങ്ങൾ നിലവിൽ വന്നത് നിങ്ങൾക്കറിയാമോ? അതാണ് ഇൻഡസ് വാലി സിവിലിസേഷൻ (സിന്ധു നദീ തട സംസ്ക്കാരം). ഹാരപ്പൻ പ്രദേശത്തെ കണ്ടുപിടുത്തങ്ങൾക്കുശേഷം ചില ചരിത്രകാരൻമാർ ഈ സംസ്ക്കാരത്തെ സിന്ധു-സരസ്വതി സംസ്ക്കാരം എന്നു വിളിക്കുന്നുണ്ട്.

**മതം:** അജ്ഞാതമായതിനെക്കുറിച്ച് ലോകമെമ്പാടുമുള്ള മനുഷ്യർക്ക് ഭയമായിരുന്നു. അവർക്കറിയാൻപാടില്ലാത്ത ഏതുസംഭവവും അവർ ഭയഭക്തിയോടും ദൈവവുമായും കരുതി. ആദിമ മനുഷ്യരും ഇതുപോലെ തന്നെ ആയിരുന്നു. ഭൂമിക്ക് അമ്മയുടെ പദവി നൽകിയിരുന്നു. അമ്മ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുന്നതുപോലെ ഭൂമി എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം നൽകുന്നു. സൂര്യൻ ചൂടും ജീവനും പ്രദാനം ചെയ്യുന്നു. രാത്രിയിലെ അന്ധകാരത്തിനുശേഷം സൂര്യൻ വരുമെന്ന് ഉറപ്പായിരുന്നു. ചന്ദ്രൻ, നക്ഷത്രങ്ങൾ, മഴ എന്നിവയേയും ജനങ്ങൾ ഭക്തിയോട് കണ്ട് ആരാധിക്കാൻ തുടങ്ങി. ബലിദാനം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ ആരംഭിച്ചു. പ്രകൃതിശക്തികളെ പുകഴ്ത്തിക്കൊണ്ടുള്ള ഗാനങ്ങൾ ആലപിക്കുന്ന രീതിയും ഉണ്ടായി. മനുഷ്യരെ ഉപദ്രവിക്കാൻ വരുന്നവരെ തടയാൻ തങ്ങൾക്ക് കഴിവുണ്ടെന്ന് അവകാശപ്പെടുന്ന മന്ത്രവാദികളും അന്നുണ്ടായിരുന്നു. സമൂഹത്തിനുവേണ്ടി പൂജാദികാര്യങ്ങളും ദൈവാരാധനയും നടത്തുന്ന വ്യക്തികൾ ഉണ്ടായി. അവർ പുരോഹിതർ എന്നറിയപ്പെട്ടിരുന്നു.

ഒരിക്കലും തിരിച്ചു വരാത്ത യാത്രയാണ് മരണം എന്ന് അവർ മനസ്സിലാക്കി. അതിനാൽ മരിച്ചവരെ കുഴിച്ചിടാൻ അവർക്കു കുഴിമാടങ്ങൾ ഉണ്ടാക്കി. മെഗാലിത് (Megaliths) എന്നു വിളിച്ചിരുന്ന വലിയ കല്ലുകൾ കൊണ്ട് ഈ കുഴിമാടങ്ങൾ മൂടി. ചിലപ്പോൾ അവരുടെ അന്ത്യയാത്രയിലെ ദിവസേനയുള്ള ഉപയോഗത്തിന് എന്ന നിലയിൽ വ്യത്യസ്തങ്ങളായ വസ്തുക്കൾ കുഴിമാടങ്ങളിൽ നിക്ഷേപിച്ചിരുന്നു. ഇന്നും പരേതാത്മാക്കളോടുള്ള ആദരവ് എന്ന രീതിയിൽ അത്തരം ചില കാര്യങ്ങൾ നടക്കുന്നുണ്ട് എന്നുള്ളത് നിങ്ങൾക്കറിയാമല്ലോ? വാസ്തവത്തിൽ നമ്മുടെ പൂർവ്വികരും നമ്മളും തമ്മിൽ പൊതുവായി എന്തെല്ലാം കാര്യങ്ങളിൽ യോജിപ്പുണ്ടെന്ന് മനസ്സിലാക്കിയാൽ നിങ്ങൾ അത്ഭുതപ്പെട്ടേക്കും.

### 0.3.4. ഇരുമ്പ് കാലഘട്ടവും അതിനുശേഷവും

മനുഷ്യ സംസ്ക്കാരവും നാഗരികതയും വികസനത്തിന്റെ നിരവധി ഘട്ടങ്ങളിൽ കൂടി കടന്നു പോയിട്ടുണ്ടെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. ആദിമ മനുഷ്യൻ കല്ലുപയോഗിച്ച് സാമഗ്രികൾ ഉണ്ടാക്കാൻ ആരംഭിച്ചു.പിന്നീട് മനുഷ്യൻ ലോഹങ്ങൾ കണ്ടുപിടിച്ചു. അത് ഉപകരണങ്ങൾ നിർമ്മിക്കാൻ കൂടുതൽ ഉപയോഗയോഗ്യമാണെന്ന് അവർ കണ്ടു. കാലഗണനാക്രമത്തിൽ ചെമ്പ്, വെങ്കലം, ഇരുമ്പ് എന്നിവ പിന്നീട് കണ്ടുപിടിക്കപ്പെട്ടു.

മനുഷ്യസംസ്ക്കാരത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് ഇരുമ്പിന്റെ കണ്ടുപിടുത്തം. ദീർഘകാലം കേടുകൂടാതെ ഇരിക്കുന്ന നിരവധി സാമഗ്രികൾ നിർമ്മിക്കാൻ ഇരുമ്പിന്റെ കണ്ടുപിടുത്തം സഹായകമായി. ഇതിനുശേഷം മറ്റ് പദാർത്ഥങ്ങൾ കണ്ടു പിടിച്ചു. രണ്ടോ അതിലധികമോ ലോഹങ്ങൾ നിശ്ചിത അനുപാതത്തിൽ ചേർത്ത് ലോഹക്കൂട്ട് (Alloy) നിർമ്മിക്കാൻ തുടങ്ങി. പിച്ചള ഇതിന്റെ ഒരു ഉദാഹരണമാണ്. ഇരുമ്പിനോട് കാർബൺ (കരി) ചേർത്ത് സ്റ്റീൽ നിർമ്മിക്കാൻ പഠിച്ചു. വളരെക്കാലം കഴിഞ്ഞ് ആധുനിക ശാസ്ത്രം പ്ലാസ്റ്റിക് എന്ന് വിളിക്കുന്ന വളരെ ഉപകാരപ്രദമായ വസ്തു നമുക്ക് നൽകി. നിത്യേന ഉപയോഗമുള്ള സാധനങ്ങളും സാമഗ്രികളും നിർമ്മിക്കാൻ പ്ലാസ്റ്റിക് ഇന്നും ഉപയോഗിക്കുന്നു. മറ്റ് വസ്തുക്കളേക്കാൾ ഇതിന് കൂടുതൽ പ്രയോജനമുണ്ട്. എന്നിരുന്നാലും നമ്മുടെ പരിസ്ഥിതിക്ക് വിനാശങ്ങളായ ഫലങ്ങൾ ഇതുണ്ടാക്കുന്നു എന്ന് വളരെ വൈകി കണ്ടുപിടിച്ചിരിക്കുന്നു. അതിനാൽ ഇതിന്റെ ഉപയോഗം നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പ്ലാസ്റ്റിക് സഞ്ചികൾ നിരോധിക്കപ്പെട്ട വസ്തുത നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ? ശാസ്ത്രജ്ഞർ ഇപ്പോൾ ജൈവാപചയ പ്ലാസ്റ്റിക്കുകൾ കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ്. മനുഷ്യവികസനത്തിന്റെ ഓരോ ഘട്ടത്തിലും അതിന് അതിന്റേതായ വെല്ലുവിളികളേയും നേരിടേണ്ടിവരുന്നുവെന്ന് ഇതിൽ നിന്നും നിങ്ങൾക്ക് ബോധ്യമായിക്കാണുമല്ലോ? അടുത്ത ഘട്ടത്തിലേക്കുള്ള പ്രയാണത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തേണ്ടതായിട്ടുണ്ട്. നമുക്കിനിയും മനുഷ്യ വികസനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് പഠിക്കാം.

## പാഠ്യപ്രവർത്തനം 0.4

നാം ഇപ്പോൾ അനുഷ്ഠിക്കുന്ന ചില മതാചാരങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. ഈ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് കുടുംബാംഗങ്ങളോടും നിങ്ങളുടെ സുഹൃത്തുക്കളോടും ചർച്ച ചെയ്യുക. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ പുതുതായി നിങ്ങൾ മനസ്സിലാക്കിയ ആചാരങ്ങളെക്കുറിച്ച് മറ്റൊരു നഗരത്തിൽ താമസിക്കുന്ന നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക. ആനുകാലിക ജീവിതത്തിൽ ഈ ആചാരങ്ങൾക്കുള്ള പ്രസക്തി കൂടി തിരിച്ചറിയുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. ചാൽക്കോളിതിക് യുഗത്തിലെ ഉപകരണങ്ങൾ ശിലായുഗത്തിലെ ഉപകരണങ്ങളേക്കാൾ മെച്ചമായിരുന്നുവെന്ന് എന്തുകൊണ്ട് പറയുന്നു?

2. ആദിമമനുഷ്യൻ സ്ഥിരമായി ഒരു പ്രദേശത്ത് താമസിക്കുന്ന സ്ഥിതിയിലേക്ക് നയിച്ച ഘടകങ്ങൾ രേഖപ്പെടുത്തുക. ഈ ഘടകങ്ങൾക്ക് ഇപ്പോഴത്തെ പ്രാധാന്യം എന്ത്?

3. സാമൂദായിക ജീവിതവും മതവും ആദിമകാലഘട്ടത്തിലെ സമൂഹത്തിന്റ പ്രവർത്തനം എങ്ങനെയാണ് രൂപപ്പെടുത്തിയത്?

4. ഇരുമ്പിന്റെ കണ്ടുപിടുത്തം ആദിമകാല മനുഷ്യരുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്ത്?

## 0.4 മനുഷ്യവികസനത്തിന്റെ വ്യത്യസ്തഘട്ടങ്ങൾ


മുകളിൽ പറഞ്ഞിട്ടുള്ള വിവരണങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പൊതുവായി കാണുന്ന മനുഷ്യവികസനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെക്കുറിച്ചുള്ള അടയാളങ്ങൾ നമുക്ക് നോക്കാം. ഇതോടൊപ്പം ഇപ്പോഴും പ്രസക്തമായ ഭൂതകാലത്തിലെ ചില കണ്ടുപിടുത്തങ്ങൾ കൂടി നമുക്ക് പരിശോധിക്കാം. ഉദാ: ചക്രത്തിന്റെ ഉപയോഗം.

**(a) വേട്ടയാടലിന്റെ കാലഘട്ടം:** പുരാവസ്തു ശാസ്ത്രം നൽകിയിട്ടുള്ള ധാരാളം സൂചനകൾ ചരിത്രാതീതകാലം പുന:നിർമ്മാണം ചെയ്യാൻ നമ്മളെ സഹായിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിലെ ജീവിതത്തെ പ്രാകൃതം (primitive) എന്നാണ് വിളിക്കുന്നത്. എന്തുകൊണ്ടെന്നാൽ നിത്യവൃത്തിക്ക് അവർ പ്രകൃതിയെ മാത്രമാണ് ആശ്രയിച്ചിരുന്നത്. വന്യമൃഗങ്ങൾ വനാന്തരങ്ങളിൽ ചെയ്യുന്നതുപോലെ ഈ ആദിമ മനുഷ്യർ മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയെ വേട്ടയാടിയും മത്സ്യങ്ങൾ, പ്രാണികൾ തുടങ്ങിയവയെ ശേഖരിച്ചുമാണ് അവരുടെ ഭക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയത്. നൂറുകണക്കിന് സഹസ്രാബ്ദങ്ങൾ അവർ വേട്ടക്കാരായിത്തന്നെ കഴിഞ്ഞു. ഈ കാലഘട്ടത്തെ ചരിത്രത്തിൽ പറയുന്നത് ശിലായുഗം എന്നാണ്. ഈ കാലഘട്ടത്തിൽ മൃഗങ്ങളെ വളർത്തുന്ന ഒരു പ്രവണതയും തുടങ്ങി. തന്മൂലം അവർക്ക് കൃത്യമായി പാൽ, വെണ്ണ, വെണ്ണക്കട്ടി തുടങ്ങിയ ആഹാരസാധനങ്ങൾ ലഭിക്കാനിടയായി. വേട്ടക്കാരായിരുന്ന കാലത്തേക്കാൾ മനുഷ്യരുടെ ജീവിതം ഇന്ന് വളരെയേറെ സുരക്ഷിതമാണ്. മൃഗങ്ങളെ വളർത്തൽ വേട്ടയാടലിനേക്കാൾ ബുദ്ധിമുട്ട് കുറഞ്ഞ ഒന്നായിരുന്നു. തന്മൂലം അവർക്ക് മറ്റ് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ സമയം കിട്ടിയിരുന്നു. എന്നിരുന്നാലും നാടോടികളെപ്പോലെ ഭക്ഷണത്തിനുവേണ്ടി ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് അവർ സഞ്ചരിച്ചിരുന്നു. കന്നുകാലികൾക്ക് വേണ്ടി ഒഴിഞ്ഞ മേച്ചിൽ സ്ഥലങ്ങൾ ഉപേക്ഷിച്ച് പുതിയവയെ തേടേണ്ടതായും വന്നു.

**(b) ഗ്രാമജീവിതം (Village life - Rural):** കൃഷിയുടെ കണ്ടുപിടുത്തത്തോടുകൂടി സ്ഥിരതാമസത്തിനുള്ള അവസരം കൈ വന്നു. മണ്ണിൽ വിത്ത് വിതച്ച് വിള കൊയ്യാൻ അവർ പഠിച്ചു. ഈ തന്ത്രം ഒരേ സ്ഥലത്തു തന്നെ അവർക്ക് ഭക്ഷണം ലഭിക്കാൻ സഹായിച്ചു. അങ്ങനെ സ്ഥിരമായ വാസകേന്ദ്രങ്ങൾ ഉണ്ടാകേണ്ടതായി വന്നു. അവ പിന്നീട് ഗ്രാമങ്ങളായി രൂപപ്പെടുകയും അവിടെ ആധുനിക ധാരണയിലെ സംസ്ക്കാരം ജനിപ്പിക്കുകയും ചെയ്തു.


**(c) പട്ടണജീവിതം (Town life - Urban):** ഗ്രാമ ജീവിതം, കൃഷി എന്നിവയിൽ നിന്ന് മനുഷ്യർ നഗര വത്ക്കരണത്തിലേക്ക് നീങ്ങാൻ തുടങ്ങി. ഈഘട്ടത്തിൽ ജനസംഖ്യയിൽ വൻവർദ്ധനവ് ഉണ്ടായി. മനുഷ്യർ ഭക്ഷണം ശേഖരിക്കുന്നവർ എന്ന സ്ഥിതിയിൽ നിന്ന് ഭക്ഷണം ഉത്പാദിപ്പിക്കുന്നവരായി മാറി. കുടുംബങ്ങളുടെ സംഘങ്ങൾ വർദ്ധിക്കുകയും സമൂഹം രൂപപ്പെടുകയും ചെയ്തു. സ്വന്തം ഭക്ഷണത്തിനുവേണ്ടി ഓരോ കുടുംബവും കൃഷിയിടങ്ങളിൽ പണി ചെയ്യേണ്ട സ്ഥിതി ആവശ്യമില്ലാതായിതീർന്നു. നെയ്ത്തുകാർ, മൺപാത്രനിർമ്മാതാക്കൾ (കുശവർ), ആശാരിമാർ, തുട

ങ്ങിയവർ തങ്ങളുടെ സാധനങ്ങൾ ആഹാരസാധനങ്ങൾക്കു വേണ്ടി കൈമാറ്റം ചെയ്തു. അവരുടെ ജീവിതത്തിൽ വലിയ നേട്ടങ്ങളുണ്ടായി. ലോഹങ്ങളുടെ കണ്ടു പിടുത്തം കരകൗശല വസ്തുക്കളുടെ നിർമ്മാണത്തെ വൈദഗ്ധ്യത്തിലേക്ക് നയിച്ചു. ചില കരകൗശലവേലക്കാർ മറ്റുള്ളവരേക്കാൾ കൂടുതൽ നൈപുണ്യം കാണിച്ചു. ഇതുമൂലം സമൂഹത്തിൽ തൊഴിലിന്റെ വൈദഗ്ധ്യം അനുസരിച്ച് വിദ ഗ്ധർ, അർദ്ധ വിദഗ്ധർ എന്നീ വിഭാഗങ്ങളുണ്ടായി. അതോടൊപ്പം ചെമ്പ്, വെങ്കലം തുടങ്ങിയ ലോഹങ്ങളുടെ കണ്ടുപിടുത്തവും സംഭവിച്ചു. സുഖകരമായ ജീവിതത്തിന് അത്യാവശ്യമായ വസ്തുക്കൾ ഇതുപയോഗിച്ച് നിർമ്മിക്കപ്പെട്ടു. മൺപാത്രനിർമ്മാ ണം,തുകൽപ്പണി, മൂശാരിപ്പണി എന്നിവയിലെല്ലാം മനുഷ്യർ ഈ വൈദഗ്ധ്യ ങ്ങൾപ്രയോജനപ്പെടുത്തി. തങ്ങളുടെ ഉത്പന്നങ്ങൾ കൈമാറ്റം ചെയ്യുന്നതിന് സൗക ര്യമുള്ള സ്ഥലങ്ങളിൽ അവർ ഒത്തുകൂടിയിരുന്നു. കൃഷിക്കാരും അവരുടെ അധിക ധാന്യങ്ങൾ വിൽക്കാനും മറ്റത്യാവശ്യസാധനങ്ങൾ വാങ്ങാനുമായി ഇത്തരം സ്ഥല ങ്ങളിൽ എത്തിയിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടന്നിരുന്നത് ഒരു കേന്ദ്ര സ്ഥല ത്തായിരുന്നു. സംസ്കാരത്തിന്റെ ഈ ഘട്ടത്തിൽ ആഹാരാവശ്യങ്ങൾ നിവർത്തിക്കുന്നതിനേക്കാൾ ഉപരിയായി നെയ്ത്ത്, മൺപാത്ര നിർമ്മാണം, ലോഹ പ്പണികൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇരുമ്പ് കണ്ടുപിടിക്ക പ്പെട്ടതോടെ ഘടനാപരമായി വിശിഷ്ടവിഭാഗവും അല്ലാത്തതും എന്ന സംഘങ്ങ ളുടെ ആവശ്യം ഉയർന്നു വന്നു. ചെയ്യുന്ന ജോലിയുടെ അടിസ്ഥാനത്തിൽ ജോലി വിഭജനവും ഉണ്ടായി. അടുത്ത് ഘട്ടത്തിലേക്കുള്ള നിലനിൽപിനും വികസനത്തിനും ആളുകൾ പ്രാപ്തരായി. ലേഖന വിദ്യയുടെ കണ്ടുപിടുത്തം മുന്നോട്ടുള്ള ഒരു കുതി ച്ചുചാട്ടത്തിന് ഇടയാക്കി. ഇതിന്റെ ഫലമായി വിജ്ഞാനം ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് കൈമാറാൻ കഴിഞ്ഞു. കച്ചവടക്കാർക്ക് രേഖകൾ സൂക്ഷി ക്കാനും ഗ്രാമങ്ങൾ, പട്ടണങ്ങൾ, നഗരങ്ങൾ എന്നിവിടങ്ങളിൽ ക്രമസമാധാനപാ ലന ചുമതലയുള്ളവർക്ക് അവരുടെ ജോലിക്കും ലേഖന വിദ്യ വളരെ ആവശ്യമാ യിരുന്നു.



**ചിത്രം 0.5** *ഹാരപ്പൻകാലത്തെ എഴുത്തുകൾ*

**d. നാഗരിക ജീവിതം (City Life) :** ആളുകൾ കൂടുതൽ ധാന്യം ഉത്പാദിപ്പിക്കുകയും അധികമുള്ളത് ഭാവിയിലേക്ക് സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു തുടങ്ങി. ഇതവർക്ക് ധാരാളം വിശ്രമ സമയം നൽകി. അത് നാഗരികതയിലേക്കും സംസ്ക്കാരത്തിലേക്കും നയിച്ചു. പെയിന്റിംഗ്, സംഗീതം, ശില്പവേല, വാസ്തു വിദ്യ എന്നീ കലകൾ വളരെ വികസിച്ചു. ലോഹനിർമ്മിതികൾ, ആഭരണ നിർമ്മാണം തുടങ്ങിയ ആലങ്കാരിക കരവി രുതുകളും ആരംഭിച്ചു. ആളുകൾക്ക് സുരക്ഷിതത്വം ഉണ്ടായിരുന്നു. അവരുടെ അടിസ്ഥാ നാവശ്യങ്ങളെല്ലാം പൂർത്തീകരിച്ചതോടെ ഉയർന്ന സാമൂഹിക തലത്തിലുള്ള ആവശ്യ ങ്ങളും കലാ സൗന്ദര്യാവശ്യങ്ങളും ഉടലെടുത്തു. ജാതി, വർഗ്ഗം തുടങ്ങിയ ആശയങ്ങളും ഇക്കാലത്തുണ്ടായി. പട്ടണങ്ങളിൽ നിന്ന് കുറേക്കൂടെ പുരോഗതി പ്രാപിച്ച നഗരങ്ങൾ വികസിച്ചു വന്നു. ഇപ്പോൾ പാക്കിസ്ഥാനിലായിരിക്കുന്ന ഹാരപ്പായിലും മോഹൻജദാ രോയിലും കണ്ടുപിടിക്കപ്പെട്ടത് ഇത്തരം ആദിമനഗരങ്ങളായിരുന്നു. ചണ്ഡിഗഢിന് അടു ത്തുള്ള രോപാർ, അഹമ്മദാബാദിനടുത്തുള്ള ലോത്തൽ, രാജസ്ഥാനിലെ കാളിഭംഗം എന്നിവ ഇന്ത്യയിൽ കണ്ടുപിടിക്കപ്പെട്ട ഇത്തരം പ്രധാനപ്പെട്ട നഗരപ്രദേശങ്ങളാണ്. നല്ല വണ്ണം ആസൂത്രണം ചെയ്യപ്പെട്ടവയായിരുന്നു ഈ നഗരങ്ങൾ. സമകോണങ്ങളിൽ അന്യോന്യം വിഭജിച്ചിട്ടുള്ള റോഡുകൾ, ജലനിർഗ്ഗമന സമ്പ്രദായം, ചുടുകട്ടയുടെ ഉപ യോഗം തുടങ്ങിയ അക്കാലത്തെ എല്ലാ സൗകര്യങ്ങളും ഈ നഗരങ്ങളിൽ കണ്ടെത്തി.

**ചിത്രം 0.6** *ഗുജറാത്തിലെ ലോത്തലിലെ സിന്ധൂതട സംസ്കാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ*

ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും പുരേഗതിയോടുകൂടി ഭൗതികമണ്ഡല ത്തിലെ അഭിവൃദ്ധി നാനാമുഖമായി വേഗത്തിലായി. ജീവിതം സുഖകരവും കുറച്ചു പേർക്കെങ്കിലും ആഡംബര പൂർണവുമായിത്തീർന്നു.വളരെ പെട്ടെന്ന് തന്നെ നഗരങ്ങ ളുടെ പ്രാധാന്യം വർദ്ധിച്ചു. ഈ നഗരങ്ങളിൽ ചിലത് വീണ്ടും വളർന്ന് വൻ നഗരങ്ങ ളായി (മെട്രോ പോളിറ്റൻ നഗരങ്ങൾ) മാറി. അവിടെ വൻ കെട്ടിടങ്ങളും പ്രധാനപ്പെട്ട ഓഫീസുകളും വലിയ വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും നമുക്ക് കാണാൻ കഴിയും. ജീവിതം സുഖപ്രദമാകുന്നതിനുവേണ്ടി മാത്രമല്ല അർത്ഥവത്താകുന്നതിനുവേണ്ടി കൂടി നിരവധി പുതിയ കണ്ടുപിടുത്തങ്ങളും പരിഷ്ക്കരണങ്ങളും ഒക്കെ നടന്നു. എന്നാ ലിപ്പോഴും നമ്മളിൽ പലർക്കും ശുദ്ധമായ കുടിവെള്ളമോ വൈദ്യുതിയോ ലഭിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം എന്നീ അടിസ്ഥാന ആവശ്യങ്ങളുടെ കാര്യത്തിലും അതാണ് സ്ഥിതി. ഇത് നാം പരിഹാരം കണ്ടുപിടിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. ഈ പാഠത്തിൽ അത്തരം കാര്യങ്ങൾ കൂടുതലായി നാം പഠിക്കും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 0.4

1. മനുഷ്യവികസനത്തിന്റെ ഓരോ ഘട്ടത്തിലേയും രണ്ട് സവിശേഷതകൾ തിരിച്ചറിയുക.

2. ഭക്ഷണത്തിനുവേണ്ടി മൃഗങ്ങളെ വേട്ടയാടിയിരുന്നതിൽ നിന്നും മനുഷ്യന്റെ ഇന്നത്തെ വേട്ടയാടൽ സമ്പ്രദായം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

3. പട്ടണങ്ങൾ രൂപം കൊള്ളാൻ കാരണമായ ഘടകങ്ങൾ എന്തെല്ലാം?

4. മനുഷ്യ പുരോഗതിക്ക് എങ്ങനെ ലേഖന വിദ്യ സഹായകമായി തീർന്നു?

## 0.5 സോഷ്യൽ സയൻസും ആനുകാലിക സമൂഹത്തിന്റെ പ്രശ്നങ്ങളും

ഒരു ദീർഘ യാത്രയിലൂടെയാണ് വനാന്തരങ്ങളിൽ വേട്ടയാടിക്കഴിഞ്ഞുകൂടിയ നിലയിൽ നിന്നും മനുഷ്യൻ ആധുനിക കാലത്ത് മറ്റു ഗ്രഹങ്ങളിൽ പര്യടനം നടത്തുകയും ബഹിരാകാശത്ത് ഉപഗ്രഹങ്ങൾ വിക്ഷേപിക്കുകയും ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നത്. കംപ്യൂട്ടറിന്റേയും റോബോട്ടിന്റേയും സഹായത്താൽ വിവരങ്ങൾ ശേഖരിക്കാനും വിനിമയം ചെയ്യാനും ഇന്ന് നമുക്ക് കഴിയുന്നു. വിവര സാങ്കേതിക വിദ്യയുടെ യുഗത്തിലാണ് നാമിന്ന് നിൽക്കുന്നത്. നഗരങ്ങൾ മെട്രോ നഗരങ്ങളായിതീരാനുള്ള വഴിയിലാണ്. എന്നാൽ ഇപ്പോഴും നാം മാറിക്കൊണ്ടിരിക്കുന്നു; വികസിച്ചുകൊണ്ടിരിക്കുന്നു; പരിണമിച്ചു കൊണ്ടിരിക്കുന്നു; പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യർ വേട്ടയാടലിന്റെയും ഭക്ഷണശേഖരണത്തിന്റേയും അവസ്ഥയിൽ നിന്ന് ഇന്നത്തെ ആധുനിക സമൂഹത്തിലേക്ക് പരിണമിച്ചത് എപ്രകാരമാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകുമല്ലോ? ധാരാളം കണ്ടുപിടുത്തങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ എന്നിവ കൊണ്ടുള്ള ഒരു ദീർഘ യാത്ര ആയിരുന്നു അത്. സ്വയം, സമൂഹം, പ്രകൃതി എന്നിവയോടുള്ള മനുഷ്യബന്ധം കുറച്ചു പേർക്കു മാത്രമല്ല നമുക്കെല്ലാവർക്കും നേട്ടങ്ങളുണ്ടാക്കുന്ന ഒരു ജീവിതം നയിക്കാനുള്ള സമൂഹ സൃഷ്ടിക്ക് പ്രേരകമാകും.

നാം നല്ല അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴും നമുക്ക് ധാരാളം വെല്ലു വിളികളെ തരണം ചെയ്യാനുണ്ട്. ഈ കോഴ്സിന്റെ പഠനഭാഗങ്ങൾ പിന്തുടരുന്നതിലൂടെ അതെല്ലാം നിങ്ങൾക്ക് പഠിക്കാൻ കഴിയും. അതെല്ലാം പഠിച്ചതിനുശേഷം താഴെപ്പറയുന്ന പ്രശ്നങ്ങൾക്ക് എന്ത് പരിഹാരങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് കണ്ടെത്തുക.

(a) ദാരിദ്ര്യവും പട്ടിണിയും

(b) സമ്പത്തിന്റെ അസമാനമായ വിതരണം

(c) തൊഴിലില്ലായ്മയും യോജിച്ച ജോലി ലഭിക്കാതിരിക്കലും

(d) സമാന്തര സമ്പദ്ഘടന, നികുതിവെട്ടിക്കൽ, കള്ളപ്പണം

(e) പൊതുജീവിതത്തിലെ അഴിമതി

(f) മലിനീകരണവും പരിസ്ഥിതി അപചയവും

(g) ദേശീയബോധത്തിന്റെയും രാജ്യസ്നേഹത്തിന്റെയും അപര്യാപ്തത

(h) ലിംഗപരമായ വ്യത്യാസങ്ങൾ, സ്ത്രീകളോടുള്ള വിവേചനം, സ്ത്രീകൾക്കു നേരേയുള്ള കുറ്റകൃത്യങ്ങൾ, സ്ത്രീധനസമ്പ്രദായം, ശിശുഹത്യയും ഭ്രൂണഹത്യയും, മനുഷ്യക്കച്ചവടം, വ്യഭിചാരം.

(i) കലാപം-ഭീകരപ്രവർത്തനം, നക്സലിസം

(j) ദേശീയോദ്ഗ്രഥനത്തിന്റെ തടസ്സങ്ങൾ - ഭാഷാവാദം, പ്രാദേശികത, ജാതി സമുദായ വ്യവസ്ഥകൾ

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 0.5

1. നിങ്ങളുടെ സമൂഹം അഭിമുഖീകരിക്കുന്ന ഈ പാഠത്തിൽ പരാമർശിച്ചിട്ടില്ലാത്ത ചില പ്രശ്നങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

2. നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിൽ സോഷ്യൽ സയൻസിലെ വിഷയങ്ങൾ എങ്ങനെ സഹായിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

3. മനുഷ്യനാഗരികതയുടെ അഭിവൃദ്ധിയോടൊപ്പം പ്രശ്നങ്ങളും വർദ്ധിച്ചു. നഗരവത്ക്കരണവും വ്യവസായവത്ക്കരണവും മൂലം ഉയർന്നു വന്ന ചില പ്രശ്നങ്ങൾ നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുമോ?

## നിങ്ങൾ എന്തു പഠിച്ചു

- സോഷ്യൽ സയൻസ് പഠിക്കുന്നതിന്റെ പ്രാധാന്യവും വ്യത്യസ്ത വിഷയങ്ങളെ കൂട്ടിയിണക്കുന്നതിനുള്ള കഴിവ് ആർജ്ജിക്കാൻ അതെങ്ങനെ സഹായിക്കുന്നുവെന്നും മനസ്സിലാക്കാൻ കഴിയുക.

- മനുഷ്യർ തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടത്തുന്ന അന്വേഷണങ്ങളുടെ കഥ ചരിത്രം ബന്ധപ്പെടുത്തുന്നു.

- ആദിമവാസികൾ നിർമ്മിച്ച കലാശില്പമാതൃകകൾ, ശവ കുടീരങ്ങൾ, ജീർണ്ണിച്ച് നശിച്ച കെട്ടിടങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഭൗതികാവശിഷ്ടങ്ങൾ പുരാവസ്തു ശാസ്ത്രം പഠനവിധേയമാക്കുമ്പോൾ ഭൂമിയുടെ പ്രകൃതിദൃശ്യങ്ങൾ, ആളുകൾ, സ്ഥലങ്ങൾ, പരിസ്ഥിതികൾ എന്നിവയെക്കുറിച്ചുള്ള പഠനമാണ് ഭൂമിശാസ്ത്രം.

- പൊളിറ്റിക്കൽ സയൻസ് രാഷ്ട്രീയ സമ്പ്രദായങ്ങളേയും രാഷ്ട്രീയ പ്രവർത്തന രീതികളേയും വിശകലനം ചെയ്യുന്നു.

- സോഷ്യോളജി സമൂഹത്തിന്റെ ഘടനയേയും സമൂഹം എങ്ങനെ പ്രവർത്തിക്കുന്നു എന്നതും കൈകാര്യം ചെയ്യുമ്പോൾ എക്ണോമിക്സ് ഉത്പാദനം, ഉപഭോഗം, സമ്പത്ത് എന്നിവയെക്കുറിച്ചുള്ള മനുഷ്യരുടെ പരിഗണനകളുടെ (ഇഷ്ടങ്ങൾ) വഴികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം നടത്തുന്നു.

- വിവിധ ശിലായുഗങ്ങളിൽ മനുഷ്യൻ അഗ്നിയുടെ ഉപയോഗം കണ്ടുപിടിച്ചത് നമ്മൾ പഠിക്കുന്നു. മനുഷ്യൻ ചുറ്റിക, വെട്ടുകത്തി, കൈക്കോടാലി എന്നിവ നിർമ്മിച്ചു. അതുപയോഗിച്ച് മരങ്ങൾ മുറിക്കുകയും നിലനിൽപ്പിനുവേണ്ടി മൃഗങ്ങളെ കൊല്ലുകയും ചെയ്തു. തങ്ങളുടെ പൂർവ്വികരെ അവരുടെ മരണശേഷം ആരാധിച്ചു. മരണാനന്തര ലോകത്തേക്കുള്ളസുഖകരമായ യാത്രയ്ക്ക് വേണ്ടതെന്ന നിലയിൽ അവരുടെ കുഴിമാടത്തിൽ ഭക്ഷണസാധനങ്ങളും പണിയായുധങ്ങളും നിക്ഷേപിച്ചു. കാലക്രമേണ അവരുടെ പണി സാധനങ്ങളുടെ മൂർച്ച കൂട്ടുകയും കൂടുതൽ ഫലപ്രദമാക്കി തീർക്കുകയും ചെയ്തു.

- നിയോളിതിക് യുഗത്തിൽ അവർ തങ്ങളുടെ ജീവിതം കൂടുതൽസുഖപ്രദമാക്കി. ചക്രത്തിന്റെ കണ്ടുപിടുത്തം ഇക്കാലഘട്ടത്തിലാണ്. അതിന്റെ പ്രയോജനം അവരറിഞ്ഞു. കൃഷി മിശ്ര കൃഷിത്തൊഴിലിലേക്കും സ്ഥിരമായ സ്ഥലത്തു താമസിച്ചു കൊണ്ടുള്ള ജീവിതത്തിലേക്കും നയിച്ചു. ഇത് സാമൂഹിക ജീവിതത്തിന്റെ അടിത്തറ ആയിത്തീർന്നു.പെട്ടെന്ന്തന്നെ ഗ്രാമങ്ങൾ രൂപം പ്രാപിച്ചു, തുടർന്ന് പട്ടണങ്ങളും നഗരങ്ങളും.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1. സോഷ്യൽ സയൻസ് വിഭാഗത്തിൽ വരുന്ന വ്യത്യസ്ത വിഷയങ്ങൾ എങ്ങനെയാണ് അന്യോന്യം കൂട്ടിയിണക്കുന്നത്? ഉദാഹരണങ്ങളുടെ സഹായത്തോടെ ചർച്ച ചെയ്യുക.
2. ചരിത്ര പഠനം അത്യാവശ്യവും പ്രാധാന്യമേറിയതും ആണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ നിലപാടിനുള്ള കാരണങ്ങൾ വിശദമാക്കുക.
3. പുരാവസ്തു ശാസ്ത്രവും ചരിത്രവും തമ്മിലുള്ള ബന്ധം എന്ത്?
4. സോഷ്യൽ സയൻസിന്റെ മറ്റ് ഉപവിഷയങ്ങൾ മാനവ നാഗരികതയെ മനസ്സിലാക്കുന്നതിന് എങ്ങനെ സഹായിക്കുന്നു?
5. സമുദായത്തിന്റെ ഉദയത്തിലേക്ക് നയിച്ച ഘടകങ്ങളെക്കുറിച്ചും ചാൽക്കോളിതിക് യുഗത്തിലേയും വെങ്കലയുഗത്തിലേയും സാമൂഹിക ജീവിതത്തെക്കുറിച്ചും ഒരു ലഘുക്കുറിപ്പ് എഴുതുക.
6. അഗ്നിയുടെ കണ്ടുപിടുത്തത്തിന്റെ പ്രാധാന്യം എന്തായിരുന്നു?
7. എക്ണോമിക്സിന്റെ (സാമ്പത്തിക ശാസ്ത്രം) പഠന വസ്തുക്കൾ ലഘുവായി വിശദീകരിക്കുക.
8. സാമ്പത്തികശാസ്ത്രജ്ഞർ ഒരു രാജ്യത്തിന് വളരെ പ്രധാനപ്പെട്ടവരാണ്. നിങ്ങൾ അത് അംഗീകരിക്കുന്നോ? എന്തുകൊണ്ട്?
9. പ്ലാസ്റ്റിക് സഞ്ചികൾ എന്തുകൊണ്ട് നിരോധിക്കപ്പെടേണ്ടതാണ്? ലോഹത്തിന്റേയും പ്ലാസ്റ്റിക്കിന്റേയും ഗുണങ്ങളും ദൂഷ്യങ്ങളും വിശദമാക്കിക്കൊണ്ടുള്ള ഒരു പ്രോജക്ട് തയ്യാറാക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**0.1**

1 എക്ണോമിക്സ്, ചരിത്രവും പുരാവസ്തുശാസ്ത്രവും, ഭൂമിശാസ്ത്രം, പൊളിറ്റിക്കൽ സയൻസും സോഷ്യോളജിയും.

2. നമ്മുടെ അടിസ്ഥാനം, ശേമുഷികൾ, നേട്ടങ്ങൾ, ദിശാബോധം എന്നിവ അറിയുന്നതിന് ചരിത്രപഠനം സഹായിക്കുന്നു.

3. ചരിത്രം മനുഷ്യർക്ക് ഭൂതകാലത്ത് എന്തെല്ലാം സംഭവിച്ചു എന്നതിന്റെ കഥയാണ് എന്നാൽ പുരാവസ്തുശാസ്ത്രം ഭൗതികാവശിഷ്ടങ്ങളുടെ ശാസ്ത്രീയ പഠനത്തിലൂടെ ഭൂതകാലം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

4. ശിലാശാസനങ്ങൾ, നാണയങ്ങൾ, സ്മാരകങ്ങൾ മുറികൾ. ഉത്ഖനനം ചെയ്ത പ്രദേശങ്ങൾ

5. സാഞ്ചി, വൈശാലി, മഹാബലിപുരം, ഫത്തേപൂർ സിക്രി.

**0.2**

1. ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ ഒരു പ്രദേശത്തിന്റെ ചരിത്രപരമായ വികസനം അറിയാൻ വളരെ പ്രധാനപ്പെട്ടതാണ്. ഉദാഹരണമായി സിന്ധുനദീതടസംസ്ക്കാരത്തിന് സിന്ധുനദീതടം.

2. രാഷ്ട്രതന്ത്രത്തിന്റെ സിദ്ധാന്തം പ്രയോഗം രാഷ്ട്രീയ സമ്പ്രദായങ്ങളുടെ വിശകലനം, രാഷ്ട്രീയ പെരുമാറ്റ രീതികൾ.

3. സോഷ്യോളജി മനുഷ്യന്റെ സംഘങ്ങളെ പഠിക്കുന്നതിന് ഊന്നൽ നൽകുന്നു.

4. എക്ണോമിക്സ് ഉത്പാദനം, ഉപഭോഗം, സമ്പത്ത് എന്നിവയ്ക്കുറിച്ചുള്ള മനുഷ്യരുടെ പരിഗണനകളുടെ (ഇഷ്ടങ്ങളുടെ) വഴികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ്.

5. അവ പരസ്പരം കെട്ടു പിണഞ്ഞ് കിടക്കുകയും സാമൂഹിക പ്രക്രിയകളെക്കുറിച്ചുള്ള മൊത്തമായ ധാരണകൾ നൽകുകയും ചെയ്യുന്നു.

**0.3 a**

1. എന്തുകൊണ്ടെന്നാൽ അവർ ഭക്ഷണം അന്വേഷിച്ചുകൊണ്ട് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു.

2. നവീനശിലായുഗത്തിലെ സാമഗ്രികൾ മൂർച്ചയേറിയതും മിനുസപ്പെടുത്തിയതും ആയിരുന്നതിനാൽ കൂടുതൽകാലം കേടുകൂടാതിരുന്നു. എന്നാൽ പ്രാചീന ശിലായുഗത്തിൽ അങ്ങനെ ആയിരുന്നില്ല.

3. ചക്രം, മിശ്ര കാർഷികവൃത്തികൾ എന്നിവയുടെ കണ്ടുപിടുത്തം

4. ഗതാഗതം, കുശവരുടെ ചക്രം. ചർക്ക

## 0.3 b

1. ആദിമകാലത്തെ ശിലകൊണ്ടുണ്ടാക്കിയ ഉപകരണങ്ങളേക്കാൾ ലോഹങ്ങൾ ഉപയോഗിച്ചു നിർമ്മിച്ചവ ഫലപ്രദമാണെന്ന് തെളിഞ്ഞു. ലോഹങ്ങൾ ഉപയോഗിച്ചുള്ള കത്തികൾ, കോടാലി തുടങ്ങിയ പണിയായുധങ്ങൾ മരങ്ങൾ മുറിക്കാനും കൃഷിക്കുവേണ്ടി ഭൂമി തയ്യാറാക്കാനും വളരെ സഹായകരങ്ങളായിരുന്നു.

2. തീ, ചക്രം, ലോഹം എന്നിവയുടെ കണ്ടുപിടുത്തവും കൃഷി ചെയ്യാനാരംഭിച്ചതും

മനുഷ്യനെ സ്ഥിരമായി ഒരു പ്രദേശത്ത് താമസിക്കുന്നതിലേയ്ക്ക് നയിച്ചു. ഇവ വ്യാവസായിക സമൂഹത്തിലെ വളരെ മുന്നേറിയ മനുഷ്യ പുരോഗതിക്ക് ഇന്നും പ്രസക്തമാണ്.

3. കുടുംബജീവിതത്തിന്റെ രൂപീകരണം, പൊതുവിശ്വാസങ്ങൾ, തൊഴിൽ, രാഷ്ട്രകാര്യങ്ങൾ, സുരക്ഷിതത്വം എന്നിവയ്ക്കുവേണ്ടി പരസ്പരം സഹകരിച്ചുള്ള പ്രവർത്തനം, പരസ്പരാശ്രയം എന്നിവയിലെല്ലാം കൂടി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി.

4. ശക്തിയേറിയതും ദീർഘകാലം ഈടുനിൽക്കുന്നതുമായ സാമഗ്രികൾ ഇരുമ്പിന്റെ സഹായത്താൽ ഉണ്ടാക്കാൻ കഴിഞ്ഞു. ഈ സാമഗ്രികൾമൂലം ജോലി ചെയ്യാനുള്ള കഴിവ് വളരെ വർദ്ധിച്ചു.

**0.4**

1. 1.3, 1.4 ഭാഗം കാണുക

2. ജീവൻ നിലനിർത്താൻ വേണ്ടിയുള്ള വേട്ടയാടലും മാനസികാഹ്ലാദത്തിനുള്ള വേട്ടയാടലും ബന്ധപ്പെടുത്തുക.

2. വാണിജ്യം, വ്യവസായം, ഭരണം എന്നിവയുടെ സിരാകേന്ദ്രം

4. അകലെയുള്ളവരുമായുള്ള ആശയവിനിമയം, കണക്കും രേഖകളും സൂക്ഷിച്ചു വയ്ക്കാം.

**0.5**

1. പെൺകുട്ടികളുടെ വിദ്യാഭ്യാസം, ദുർബല വിഭാഗങ്ങൾക്കെതിരയുള്ള അക്രമം.

2. നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവശ്യമായ പൂർണ്ണ അറിവ് ഇതിലൂടെ ലഭിക്കുന്നു. ദൈനംദിന ജീവിതത്തിൽ നാം നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യാനുള്ള കഴിവ് നേടുന്നു. അവസരങ്ങൾ കണ്ടെത്താനും അത് എങ്ങനെ നാം ഉപയോഗിക്കണമെന്ന് മനസ്സിലാക്കാനും ഈ വിഷയങ്ങളുടെ പഠനം സഹായിക്കുന്നു.

3. അഭിവൃദ്ധിയുടെ ഗുണദോഷങ്ങൾ വിശകലനം ചെയ്ത് ഉത്തരം എഴുതുക.

# 1

# അതിപുരാതന ലോകം

നിങ്ങൾ ചന്തയിലോ, റയിൽവേ സ്റ്റേഷനിലോ, വീടിനുള്ളിലോ, റോഡിലോ മറ്റ് എവിടെയായിരുന്നാലും ചുറ്റുമൊന്നു കണ്ണോടിച്ചു നോക്കിയാൽ ലോഹങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള നിരവധി വസ്തുക്കൾ കാണാൻ കഴിയും. അവ ചെമ്പോ, ഇരുമ്പോ, വെങ്കലമോ അല്ലെങ്കിൽ സ്റ്റീൽ തുടങ്ങിയ ലോഹങ്ങളോ ആയിരിക്കും. സ്റ്റീൽ ഇരുമ്പിന്റെ സംസ്ക്കരിച്ച രൂപമാണെന്നോർക്കുക. ലോഹങ്ങളുടെ കണ്ടുപിടിത്തം അഗാധവും നാടകീയവുമായ വ്യതിയാനങ്ങൾ മാനവ ജീവിതത്തിൽ വരുത്തുകയുണ്ടായി.

ചരിത്രാതീത കാലത്തെക്കുറിച്ച് നിങ്ങൾ പ്രാരംഭത്തിൽ പഠിച്ചിട്ടുണ്ട്. ശിലായുഗത്തിൽ മനുഷ്യൻ എല്ല്, കല്ല്, തടി എന്നിവ കൊണ്ട് ഉപകരണങ്ങളും ആയുധങ്ങളും നിർമ്മിക്കാൻ പഠിച്ചു എന്ന കാര്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. മൃഗങ്ങളെ വേട്ടയാടി ഭക്ഷണം ശേഖരിച്ച് അവർ ഗുഹകളിൽ താമസിച്ചു. പിന്നീട് കൃഷിയും മൃഗപരിപാലനവും പരിശീലിച്ച് സ്ഥിരമായ ഒരു സ്ഥലത്ത് ജീവിതവും ആരംഭിച്ചു. ശിലായുഗത്തെ പിൻതുടർന്ന് ലോഹയുഗം, വെങ്കല യുഗം, ഇരുമ്പു യുഗം എന്നിവ രൂപം കൊണ്ടു. ലോഹങ്ങളുടെ കണ്ടുപിടുത്തത്തോടുകൂടി മാനവ സംസ്ക്കാരത്തിന് ഉന്നതമായ പരിണാമമാണ് സംഭവിച്ചത്. വെങ്കല കാലഘട്ടത്തിൽ മെസൊപ്പൊട്ടേമിയ, ചൈന, ഈജിപ്റ്റ്, ഇൻഡ്യ എന്നിവിടങ്ങളിൽ പരിഷ്കൃത സംസ്ക്കാരങ്ങൾ ആവിർഭവിച്ചു. പ്രസ്തുത സംസ്ക്കാരങ്ങളെക്കുറിച്ച് ചിലതെല്ലാം നിങ്ങൾ ഈ പാഠത്തിൽ പഠിക്കും. അതോടൊപ്പം ഗ്രീസ്, റോം, പേർഷ്യ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ഇരുമ്പു യുഗ സംസ്ക്കാരവും. വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ ഇരുമ്പിന്റെ ഉപയോഗം ഇപ്പോഴും നാം തുടരുന്നുവെന്നത് നമ്മെ അതിശയിപ്പിക്കുന്നില്ലേ? നിങ്ങൾ ചുറ്റുപാടും നോക്കിയാൽ ഇരുമ്പും സ്റ്റീലും കൊണ്ട് നിർമ്മിച്ച അനവധി വസ്തുക്കൾ കാണാൻ കഴിയും. നമ്മുടെ വീടുകളിൽ തന്നെ ധാരാളം സ്റ്റീൽ പാത്രങ്ങളുണ്ട്.

നമുക്കിനിയും അക്കാലത്ത് ഇന്ത്യ ഭരിച്ചിരുന്ന ചക്രവർത്തിമാരേയും രാജവംശങ്ങളെക്കുറിച്ചും പഠിക്കാം. മാനവ സംസ്ക്കാരത്തിന് ഇന്ത്യയുടെ സംഭാവന വളരെ ബൃഹത്താണെന്ന് നിങ്ങൾക്ക് അതിലൂടെ മനസ്സിലാക്കാൻ കഴിയും. നമ്മുടെ ബൃഹത്തായ ഭൂതകാലം അറിയുന്നത് താത്പര്യമുണ്ടാക്കുന്നതും നമ്മെ പ്രചോദിപ്പിക്കുന്നതുമല്ലേ? നിരവധി യുഗങ്ങളിലൂടെ കടന്നുവന്ന മനുഷ്യൻ എങ്ങനെയാണ് വ്യക്തമായ ധാരണകളുള്ള അഭിവൃദ്ധികരവും ഉന്നത്മായ സംസ്ക്കാരവും ഉള്ള വ്യക്തികളായി പരിണമിച്ചത് എന്ന് അറിയാൻ ഭൂതകാലത്തിലൂടെ നമുക്കൊരു യാത്ര ചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചു കഴിയുന്നതോടെ നിങ്ങൾ നേടുന്നത്

- വെങ്കല ലോഹ കാല സംസ്ക്കാരങ്ങളായ മെസപ്പൊട്ടോമിയൻ, ചൈനീസ്, ഈജിപ്റ്റ്, സിന്ധു നദീ തടം എന്നീ നാഗരികത നൽകിയ സംഭാവനകൾ വിവരിക്കുന്നതിനുള്ള കഴിവ്.

- ഗ്രീക്ക്,റോമൻ, പേർഷ്യൻ എന്നീ ഇരുമ്പു കാലഘട്ട സംസ്ക്കാരങ്ങളുടെ സംഭാവന കളെക്കുറിച്ചുള്ള തിരിച്ചറിവ്.
- ലോക സംസ്ക്കാരത്തിന് ഇന്ത്യ നൽകിയ വിവിധങ്ങളായ സംഭാവനകൾ പരിശോ ധിക്കാനുള്ള കഴിവ്.

## 1.1. വെങ്കല ലോഹ കാലഘട്ടം


നവീന ശിലായുഗത്തിന്റെ അന്ത്യത്തോടുകൂടി ലോഹത്തിന്റെ ഉപയോഗം ആരംഭിച്ചു. ശിലയും ചെമ്പും ഒരേസമയം ഉപയോഗിച്ചിരുന്ന സംസ്ക്കാരങ്ങൾ ഇക്കാലയളവിലാണ് ഉടലെടുത്തത്. ഇവയെ ചാൽക്കോലിത്തിക് സംസ്ക്കാരങ്ങൾ എന്ന് വിളിക്കുന്നു. ഇതിനെ തുടർന്ന് ചെമ്പും വെളുത്തീയവും ചേർത്ത് നിർമ്മിച്ച വെങ്കല ലോഹ സങ്കരം കണ്ടുപിടി ച്ചു. അതിനാൽ ഇതിനെ വെങ്കല ലോഹ കാലഘട്ടം എന്നും വിളിക്കുന്നുണ്ട്. ക്രമേണ ആയുധങ്ങളും ഉപകരണങ്ങളും നിർമ്മിക്കുവാൻ ശിലയുടെയും തടിയുടേയും എല്ലിന്റെയും സ്ഥാനത്ത് ചെമ്പും വെങ്കല ലോഹവും ഉപയോഗിക്കുവാൻ തുടങ്ങി. ഇക്കാലത്ത് ഇഷ്ടിക നിർമ്മാണവും അതിന്റെ ഉപയോഗവും ആളുകൾ പഠിച്ചു. നിർമ്മാണത്തിന് അവർ ഉപ യോഗിച്ചത് ചുടുകട്ടകളും സൂര്യപ്രകാശത്താൽ ഉണക്കി എടുത്തിട്ടുള്ള കട്ടകളും ആയി രുന്നു. നാഗരികത വിവിധ നദീതടങ്ങളിലാണ് ആദ്യമായി ജന്മം കൊണ്ടത്.

ഈ നഗരങ്ങൾ ക്രമേണ വ്യാപാര വാണിജ്യ ഭരണ കേന്ദ്രങ്ങളായി മാറുകയും ചെയ്തു. ഈ വെങ്കല ലോഹ കാലഘട്ടത്തിലെ മനുഷ്യർ വലിയ സംസ്ക്കാരങ്ങൾ കെട്ടിപ്പടുക്കു കയും മാനവ പുരോഗതിക്ക് ഏറെ സംഭാവനകൾ നൽകുകയും ചെയ്തു. മെസപ്പൊട്ടേ മിയ, ഈജിപ്ത്, ഇന്ത്യ, ചൈന എന്നീ നാലു വലിയ വെങ്കല ലോഹ സംസ്ക്കാരങ്ങളെ ക്കുറിച്ചാണ് ഈ ഭാഗത്ത് നമുക്ക് പഠിക്കാനുള്ളത്.

### 1. മെസൊപ്പൊട്ടേമിയൻ സംസ്ക്കാരം

ആധുനിക ഇറാക്കിലെ ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നീ രണ്ട് നദികൾക്കിടയിൽ കിടക്കുന്ന ഭൂപ്രദേശമാണ് മെസൊപ്പൊട്ടേമിയ. മിക്കവാറും വെള്ളപ്പൊക്കമനുഭവിച്ചിരുന്ന ഈ നദി കൾ ധാരാളം എക്കൽ മണ്ണ് നിക്ഷേപിച്ച് അവയുടെ തീരങ്ങളെ ഫലഭൂയിഷ്ഠമാക്കിയിരു ന്നു. ഇതിന്റെ ഫലമായി ഭക്ഷ്യോൽപ്പാദനത്തിൽ വർദ്ധനവുണ്ടായി. വർദ്ധിച്ച കാർഷിക വിളവ് കൊല്ലൻ, കുശവൻ, തയ്യൽക്കാരൻ, ആശാരി തുടങ്ങിയ വിദഗ്ദ്ധ തൊഴിലാളിക ളുടെ വളർച്ചയ്ക്ക് കാരണമായി. അവർ അവരുടെ ഉൽപ്പന്നങ്ങൾ തങ്ങളുടെ ആവശ്യ ങ്ങൾക്കുവേണ്ടി കൈമാറ്റം ചെയ്തു. കൂടാതെ അവർ ഇന്ത്യ പോലെയുള്ള വിദൂരദേശ ങ്ങളുമായി വ്യാപാരത്തിലേർപ്പെടുകയും ചെയ്തു. ചുമട്ടു വണ്ടികൾ, ചരക്കു വണ്ടികൾ, വള്ളങ്ങൾ, കപ്പലുകൾ എന്നിവ ഗതാഗതത്തിനും വാർത്താവിനിമയത്തിനും വേണ്ടി ഉപ യോഗിച്ചു. ലേഖന വിദ്യയും അവർ വികസിപ്പിച്ചെടുത്തു. അവരുടെ കയ്യെഴുത്തുരീതി ചിഹ്നങ്ങളുടെയും ചിത്രങ്ങളുടെയും സമാഹാരമായിരുന്നു, കാലക്രമത്തിൽ ആപ്പി ന്റെ മാതൃകയിലുള്ള വരകൾ വരച്ച് ഒരു ലിപി അവർ രൂപപ്പെടുത്തി. അതുകൊണ്ട് ഈ ലിപി ക്യൂണിഫോം എന്ന പേരിലറിയപ്പെട്ടു.

മെസൊപ്പൊട്ടേമിയയിലെ ആദ്യകാല പട്ടണങ്ങൾ സ്വയംഭരണക്രമമുള്ള ചെറുസംസ്ഥാ നങ്ങൾ പോലെ ആയിരുന്നു. അവിടുത്തെ ഭരണവർഗ്ഗം - പുരോഹിതൻമാർ, രാജാക്കൻമാർ, പ്രഭുക്കൻമാർ എന്നിവർ അടങ്ങിയതായിരുന്നു. ഇവരെ കൂടാതെ വ്യാപാരികളും, സാധാ രണ ജനങ്ങളും, അടിമകളും ആ സമൂഹത്തിലുണ്ടായിരുന്നു. മെസൊപ്പൊട്ടോമിയൻ ജനത ധാരാളം ദേവൻമാരെയും ദേവിമാരെയും ആരാധിച്ചിരുന്നു. ആകാശം, സൂര്യൻ, ചന്ദ്രൻ, ഫലഭൂയിഷ്ഠത തുടങ്ങിയവ എല്ലാം അവർക്ക് ദൈവങ്ങളായിരുന്നു. ഓരോ നഗരത്തിനും ഓരോ കാവൽ ദേവനോ ദേവിയോ ഉണ്ടായിരുന്നു.




**ചിത്രം 1.1** *ക്യൂണിഫോം ലിപി*

### 1.1.2 ഈജിപ്ത്യൻ സംസ്ക്കാരം

ഈജിപ്തിലെ നൈൽ നദിയുടെ തീരത്ത് മറ്റൊരു സംസ്ക്കാരം ആവിർഭവിച്ചു. ഈജിപ്തിനെ ഫലഭൂയിഷ്ഠമാക്കിത്തീർത്തത് നൈൽനദിയാണ്. ഇവിടുത്തെ രാജാക്കന്മാരെ ഫറവോ എന്നാണ് വിളിച്ചിരുന്നത്. നാടിലെ ഭരണം നടത്താനും നികുതി പിരിക്കുന്നതിനും വേണ്ടി മന്ത്രിമാരും ഓഫീസർമാരും ഇവരുടെ കീഴിൽ ഉണ്ടായിരുന്നു. പുരോഹിതർക്ക് സമൂഹത്തിൽ ആദരണീയ സ്ഥാനമായിരുന്നു. ഓരോ നഗരത്തിലും പട്ടണത്തിലും ഉള്ള ക്ഷേത്രങ്ങൾ ഓരോ പ്രത്യേക ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടിരുന്നു. പുരാതന ഈജിപ്ത്യൻ ലിപി ഹിറോഗ്ലാഫിക്സ് എന്ന പേരിലാണറിയപ്പെട്ടിരുന്നത്. കരമാർഗ്ഗവും ജലമാർഗ്ഗവുമാണ് വാണിജ്യവും കച്ചവടവും നടത്തിയിരുന്നത്. പാറ പൊട്ടിക്കുന്നവർ, ആശാരിമാർ തുടങ്ങിയ വിദഗ്ദ്ധർ തൊഴിലാളികളിൽ ഉണ്ടായിരുന്നു.

പിരമിഡുകൾ എന്നറിയപ്പെടുന്ന പൗരാണിക ലോകത്തിലെ മഹത്തായ സ്മാരകം പണികഴിപ്പിച്ചത് ഫറവോമാരാണ്. മരണാനന്തര ജീവിതത്തിൽ അവർ വിശ്വസിക്കുകയും മൃതശരീരങ്ങൾ കേടുകൂടാതെ സൂക്ഷിച്ചു വയ്ക്കുകയും ചെയ്തിരുന്നു. അവ മമ്മികൾ എന്ന് അറിയപ്പെടുന്നു. മരിച്ച രാജാക്കന്മാരുടെ മമ്മികൾ സൂക്ഷിക്കുന്നതിന് പണിതുയർത്തിയ വലിയ കുടീരങ്ങളാണ് പിരമിഡുകൾ.




ചിത്രം 1.2 *ഹൈറോഗ്ലാഫിക്സ് ലിപി*

### 1.1.3. ചൈനീസ് സംസ്ക്കാരം

ചീന സംസ്ക്കാരം വടക്കൻ ചൈനയിലെ ഹുവാങ്ഹോ താഴ്‌വരയിലാണ് വളർന്ന് വികസിച്ചത്. ആദ്യകാല ചീനാ നഗരങ്ങളിൽ നിർമ്മിച്ച് ഷാംഗ് വംശമാണ് ആദ്യകാല ഭരണാധികാരികൾ. കലയ്ക്കും സംസ്ക്കാരത്തിനും ഇവർ സംഭാവനകൾ നൽകിയിട്ടുണ്ട്. ചൈനയുടേതായ എഴുത്തു സമ്പ്രദായം ഇക്കാലത്തിൽ വികസിക്കപ്പെട്ടു. ഈ കാലത്തെ ശില്പികൾ പ്രത്യേകിച്ച് വെങ്കല പണിക്കാർ തങ്ങളുടെ വേലകളിൽ വൈദഗ്ധ്യം ലഭിച്ചവരായിരുന്നു. ഷോവുസ് വംശം ഷാംഗ് രാജവംശത്തെ അധികാര ഭ്രഷ്ഠരാക്കി. മിക്കളെ പ്രതിരോധിക്കുന്നതിന് ബലമേറിയ കോട്ടകളും ഉയർന്ന മതിലുകളും പടുത്തുയർത്തി. ഷോവു ഭരണത്തിന്റെ അന്ത്യഘട്ടത്തിൽ ഇരുമ്പ് ഉപയോഗത്തിൽ വരികയും അങ്ങനെ വെങ്കല കാലഘട്ടം ചൈനയിൽ അവസാനിക്കുകയും ചെയ്തു.

221 B.C. യിൽ ചിൻ രാജാക്കന്മാർ അധികാരത്തിലെത്തി. രാജ്യത്തുടനീളം പൊതുവായ ഭാഷ, പൊതുവായ നിയമങ്ങൾ, പൊതുവായ അളവു തൂക്കങ്ങൾ എന്നിവ അവർ നിഷ്കർഷിച്ചു. അതിപ്രശസ്തമായ വൻമതിൽ നിർമ്മിച്ചതും അവരായിരുന്നു. നിങ്ങൾക്കതറിയാമായിരുന്നോ?

ചിൻ വംശത്തിനു ശേഷം ചൈനയിൽ ഹാൻ രാജവംശം AD 220-ൽ വന്നു. അധികാരത്തിലിരുന്ന ഇവരുടെ കാലത്താണ് മധ്യഏഷ്യയും പേർഷ്യയും കടന്ന് ‘സിൽക്ക് പാത’യിലൂടെ ചൈനീസ് വ്യാപാരികൾ പാശ്ചാത്യരാജ്യങ്ങളുമായി സമ്പർക്കം പുലർത്തിയത്.

ചൈനാക്കാർ ബഹുദൈവങ്ങളിൽ വിശ്വസിച്ചിരുന്നു. പൂർവ്വികരെയും പ്രകൃതി ശക്തികളെയും ആത്മാക്കളെയും അവർ ആരാധിച്ചിരുന്നു. പ്രശസ്ത ചൈനീസ് ചിന്തകനായ കൺഫ്യൂഷ്യസിന്റെ മാതൃകാ പെരുമാറ്റത്തെ അധിഷ്ഠിതമാക്കിയുള്ള മതസിദ്ധാന്തം അവിടുത്തെ സമൂഹത്തെയും ഭരണകൂടത്തെയും വളരെ സ്വാധീനിച്ചു. നല്ല ധാർമ്മിക സ്വഭാ

വം, മുതിർന്നവരെ ആദരിക്കൽ, കുടുംബത്തോടുള്ള വിശ്വാസ്യത, നിയമങ്ങളെ അനുസരിക്കൽ എന്നിവയ്ക്ക് അദ്ദേഹം വലിയ ഊന്നൽ നൽകി. ഈ സിദ്ധാന്തങ്ങൾ കൺഫ്യൂഷ്യനിസം എന്ന പേരിൽ പിന്നീട് അറിയപ്പെട്ടു.

## പാഠ്യ പ്രവർത്തനങ്ങൾ

1. നദീതീരങ്ങളിലാണ് വലിയ സംസ്ക്കാരങ്ങൾ രൂപം കൊണ്ടതെന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ?

2. നദീതീരങ്ങളിൽ ഉത്ഭവിച്ച ചില പ്രധാനപ്പെട്ട നഗരങ്ങൾ ഏവ? ഇത്തരം നഗരങ്ങൾ മറ്റ് നഗരങ്ങളേക്കാൾ കൂടുതൽ വിജയിച്ചതിന്റെ രണ്ടു കാരണങ്ങൾ പറയുക.

## 1.2 ഇൻഡ്യ-സിന്ധു നദീ തട സംസ്ക്കാരം

ഇന്ത്യയുടെ വെങ്കല-ലോഹ കാല നാഗരികതയുടെ ഭാഗം സിന്ധു നദീതടങ്ങളിലും അതിനോടടുത്തുമായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? സിന്ധു നദീതടങ്ങളിലും അതിനോടടുത്ത പ്രദേശങ്ങളിലുമാണ് ഈ നാഗരികത വളർന്ന് പുഷ്ടി പ്രാപിച്ചത്. 1920-ൽ ഈ പ്രദേശങ്ങളിൽ പുരാവസ്തു ഗവേഷകർ നടത്തിയ ഖനനങ്ങളുടെ ഫലമായിട്ടാണ് പുരാതന നാഗരികത കണ്ടുപിടിക്കപ്പെട്ടത്. ആദ്യം ഹാരപ്പ, മോഹൻജദാരോ എന്നീ പ്രദേശങ്ങളിലായിരുന്നു ഖനനം. അതുകൊണ്ട് ഇതിനെ ഹാരപ്പൻ സംസ്ക്കാരം എന്നും വിളിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഹാരപ്പൻ സംസ്ക്കാരത്തിൽ ഉൾപ്പെട്ടിരുന്ന നൂറുകണക്കിന് ഇടങ്ങളേക്കുറിച്ച് നമുക്ക് അറിവ് ലഭിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് - ഹാരപ്പ (പടിഞ്ഞാറൻ പഞ്ചാബ്), മോഹൻജദാരോ (സിന്ധ്) ലോതൽ (ഗുജറാത്ത്) കാലിബംഗാൾ (രാജസ്ഥാൻ), റോപാർ (പഞ്ചാബ്), ബനവാലിയും രാഖി ഗാർഗിയും (ഹരിയാന), ധോളാവിറ (ഗുജറാത്ത്) എന്നിവയാണ്.

### 1.2.1. നഗരാസൂത്രണം

ദക്ഷിണേന്ത്യയിലെ ആദ്യ നഗര സമൂഹത്തിന്റെ ആവിർഭാവമായിരുന്നു ഈ നാഗരികതയുടെ ഏറ്റവും സവിശേഷമായ പ്രത്യേകതകളിൽ ഒന്ന്. കൂടാതെ ഉന്നത നിലയിലുള്ള വ്യക്തമായ ധാരണകളോടു കൂടിയ നഗരാസൂത്രണം, കലാവൈഭവം തുടങ്ങിയവ ഏറ്റവും പ്രാധാന്യത്തോടുകൂടി പറയേണ്ട വസ്തുതകളാണ്. നല്ല രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള നഗരങ്ങളിലാണ് ആളുകൾ പാർത്തിരുന്നത്. കോട്ട കെട്ടി തിരിച്ചിട്ടുള്ള പ്രധാന പട്ടണവും അതിനകത്ത് സംരക്ഷിക്കപ്പെട്ടിട്ടുള്ള പൊതു കെട്ടിടങ്ങളും പ്രധാന പ്രത്യേകതയാണ്. വീതി കൂടിയ നഗര വീഥികൾ മട്ടക്കോണുകളായാണ് പരസ്പരം ഖണ്ഡിച്ചിരുന്നത്. വീടുകൾ ഇഷ്ടിക നിർമ്മിതവും കൂടുതലും ഇരുനിലകളിൽ നിർമ്മിച്ചവയും ആയിരുന്നു. ഓരോ വീടിനും കിണർ, കുളിമുറി, ഓടകൾ, മാലിന്യ നിർമ്മാർജ്ജന സജ്ജീകരണങ്ങൾ തുടങ്ങിയവ ഉണ്ടായിരുന്നു. കല്ല് വിരിച്ച പാതകളും നഗര വിളക്കുകളും അവർക്ക് പരിചിതമായിരുന്നു. താമസിക്കുവാനുള്ള വീടുകൾ കൂടാതെ വിശാലമായ തൂണുകൾ നിറഞ്ഞ സ്റ്റാളുകളും മോഹൻജദാരോവിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത് 180 അടി നീളവും 108 അടി വീതിയുമുള്ള ഒരു വലിയ കുള (ഗ്രേറ്റ് ബാത്ത്) മാണ്. ഈ സ്നാനഘട്ടത്തിന് 39 അടി നീളവും 23 അടി വീതിയും 8 അടി ആഴവും ഉണ്ടായിരുന്നു. ഹാരപ്പയിലുള്ള വലിയ ധാന്യപ്പുരയാണ് മറ്റൊരു ശ്രദ്ധേയമായ കെട്ടിടം. കർഷകരുടെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന കാർഷിക ഉത്പന്നങ്ങൾ ഇവിടെ സൂക്ഷിക്കുമായിരുന്നു.

കുറിപ്പുകൾ

### 1.2.2. സമൂഹവും സമ്പദ്ഘടനയും

ഹാരപ്പൻ ജനത കാർഷികവൃത്തിയിലും മൃഗപരിപാലനത്തിലും കലാവിരുതിലും വാണിജ്യ വ്യാപാരങ്ങളിലും പ്രാവീണ്യം ഉള്ളവരായിരുന്നു. അവരുടെ പ്രധാന വിളകൾ ഗോതമ്പ്, ബാർലി, റായ്, എള്ള്, പയർ എന്നിവയായിരുന്നു. ലോത്താളിലും റാംഗ്പൂരിലും നെല്ല് ഉണ്ടായിരുന്നുവെന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്. ഉഴവുചാലുകളുടെ സാന്നിദ്ധ്യം കാളി ബംഗാനിൽ നിന്നും കണ്ടെത്തിയിട്ടുള്ളത് അവർക്ക് ആ മേഖലയിലുള്ള പരിജ്ഞാനം വെളിവാക്കുന്നതാണ്. കൊയ്ത്തിന് അരിവാൾ ഉപയോഗിച്ചിരുന്നു. പലതരത്തിലുള്ള ജല സേചന രീതികൾ അവർ നടപ്പിലാക്കിയിരുന്നു. പരുത്തിയെക്കുറിച്ച് അവർക്ക് അറിവു ണ്ടായിരുന്നു. പശു, ആട്, ചെമ്മരിയാട്, കാള, നായ, പൂച്ച, ഒട്ടകം, കഴുത എന്നീ മൃഗ ങ്ങളെ അവർ ഇണക്കി വളർത്തിയിരുന്നു. ധാന്യം, മത്സ്യം, മാംസം, പാൽ, മുട്ട, പഴം തുട ങ്ങിയവ അവർ ഭക്ഷിച്ചിരുന്നു. ചെമ്പും വെങ്കലവും ഉപയോഗിച്ചുള്ള ഉപകരണങ്ങളും ആയുധങ്ങളുമാണ് കൂടുതലായും ഉപയോഗിച്ചിരുന്നത്. ആഭരണ നിർമ്മാണത്തിന് സ്വർണ്ണം, വെള്ളി, വിലയേറിയ ശംഖ്, ആനക്കൊമ്പ് എന്നിവയാണ് ഉപയോഗിച്ചിരുന്നത്. ആഭരണ നിർമ്മാണത്തിന് സ്വർണ്ണം, വെള്ളി, വില കൂടിയതും അത്ര വിലയില്ലാത്തതു മായ കല്ലുകൾ, ശംഖ്, ആനക്കൊമ്പ് എന്നിവ ഉപയോഗിച്ചു വന്നു. കുശവർ, കൊല്ലൻമാർ, ആശാരികൾ, സ്വർണ്ണപ്പണിക്കാർ, ശിൽപികൾ, പാറ പൊട്ടിക്കുന്നവർ, കളിമൺപാത്ര നിർമാ താക്കൾ തുടങ്ങിയവരായിരുന്നു ഹാരപ്പയിലെ വിദഗ്ദ്ധ തൊഴിലാളികൾ. വാണിജ്യവും വ്യാപാരവും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളായിരുന്നു. അന്തർമേഖലാ വ്യാപാ രവും, വിദേശവ്യാപാരവും അവർ നടത്തിയിരുന്നു. മെസൊപ്പൊട്ടേമിയൻ രാജ്യങ്ങളുമായി ഹാരപ്പയ്ക്കുണ്ടായിരുന്ന വ്യാപാര ബന്ധത്തിന് അനേകം തെളിവുകൾ ലഭിച്ചിട്ടുണ്ട്. സ്വർണ്ണം, വെളുത്തീയം, ചെമ്പ് തുടങ്ങിയ ലോഹങ്ങളും വിവിധ തരം വിലയേറിയ കല്ലു കളും അവർ ഇറക്കുമതി ചെയ്തിരുന്നു. കാർഷിക വിളകളും, പരുത്തി ഉൽപ്പന്നങ്ങളും മൺപാത്രങ്ങളും ആഭരണങ്ങളും ആനക്കൊമ്പ് കൊണ്ട് ഉണ്ടാക്കിയ ഉത്പന്നങ്ങളും മറ്റും പ്രധാന കയറ്റുമതി സാധനങ്ങളായിരുന്നു. ഹാരപ്പൻ സീലുകൾ വാണിജ്യ പ്രവർത്തന ങ്ങൾക്കായിരിക്കണം ഉപയോഗിച്ചിരുന്നത് എന്നാണ് നിഗമനം. സമൂഹം പല തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നതായും കാണാൻ കഴിയും.

### 1.2.3. മതവും സംസ്ക്കാരവും

അമ്മ ദൈവത്തിന്റെ (ദേവി) വിശ്വാസം അവർക്കിടയിൽ ഏറെ പ്രചാരമുണ്ടായിരുന്നു. അമ്മ ദൈവത്തിന്റെ നിരവധി സ്തൂപങ്ങൾ (ചെറിയ പ്രതിമകൾ) കണ്ടുകിട്ടിയിട്ടുണ്ട്. ശിവന്റെ ആദ്യ രൂപമെന്ന് (പശുപതി) വിളിക്കപ്പെടുന്ന ഒരു പുരുഷ ദൈവ സ്തൂപവും മോഹൻജദാരോവിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. മൃഗങ്ങളാൽ ചുറ്റപ്പെട്ട് ധ്യാനിക്കുന്ന രീതിയിൽ ഈ ദൈവത്തെ ഒരു സീലിൽ കൊത്തി വച്ചിട്ടുണ്ട്. ലിംഗാരാധനയും വൃക്ഷാ രാധനയും നിലവിലുണ്ടായിരുന്നു. ഹിന്ദുമതത്തിൽ പെട്ടവരുടെ ഇന്നത്തെ ആരാധന രീതി കളും ഇതിൽ പരാമർശിക്കുന്ന രീതികളും തമ്മിൽ നിങ്ങൾക്ക് സാമ്യം തോന്നുന്നില്ലേ? നിങ്ങൾ ഏതെങ്കിലും ഒരു ശിവക്ഷേത്രം സന്ദർശിച്ചാൽ ശിവലിംഗം ആരാധിക്കപ്പെടു ന്നത് നിങ്ങൾക്ക് കാണാൻ കഴിയും. അതുപോലെ തന്നെ ഹിന്ദുക്കൾ അരയാൽ പോലെ യുള്ള വൃക്ഷങ്ങളേയും ആരാധിക്കുന്നത് കാണാൻ കഴിയും.

### 1.2.4. സാങ്കേതിക വൈദഗ്ദ്ധ്യം

അവർ ഉയർന്ന നിലയിലുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും നേടിയിരുന്നു. നാഗരിക എൻജി നീയറിംഗ്, അളവു തൂക്കങ്ങൾ. ആരോഗ്യം, ശുചിത്വം എന്നിവയിലെല്ലാം അവർക്ക് പരി ജ്ഞാനം ഉണ്ടായിരുന്നു. എഴുതാൻ അവർ അറിഞ്ഞിരുന്നു. അവർ ഒരു പ്രത്യേക ലിപി ഉപയോഗിച്ചിരുന്നു. എന്നാൽ അത് ഇതുവരെ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

### 1.2.5. പതനം

ഈ സംസ്ക്കാരം എങ്ങനെ നശിച്ചു എന്നതിന്റെ കാരണം ഇതുവരെയും വ്യക്തമല്ല. പ്രകൃതി ദുരന്തങ്ങളായിരിക്കാം ഹാരപ്പൻ സംസ്ക്കാരത്തിന്റെ ഏറ്റവും പ്രധാന കാരണ മെന്ന് അനുമാനിക്കുന്നു. നിരന്തര വെള്ളപ്പൊക്കം, നദികളുടെ വരൾച്ച, മണ്ണിന്റെ ഫലഭൂ യിഷ്ഠതയിലുള്ള കുറവ്, മരത്തിന്റെ നിരന്തര ഉപയോഗം മൂലമുണ്ടായ വന നശീകര ണം, ഭൂകമ്പം, മഴ ലഭ്യതയുടെ കുറവ്, മരുഭൂമിയുടെ വികാസം തുടങ്ങിയവ ഈ സംസ്ക്കാ രത്തിന്റെ നാശ കാരണമായി കരുതപ്പെടുന്നു. മെസൊപ്പൊട്ടേമിയയുമായി ഉണ്ടായിരുന്ന വാണിജ്യ ബന്ധത്തിന്റെ തകർച്ചയാണ് നാശകാരണം എന്ന് ചില പണ്ഡിതർ അഭിപ്രാ യപ്പെടുന്നുണ്ട്. ഇതിന്റെ അധഃപതനത്തോടെ സാക്ഷരതയും നാഗരിക ജീവിതവും ഏതാണ്ട് ആയിരം വർഷത്തിൽ കൂടിയ കാലയളവിലേക്ക് ഇന്ത്യയിൽ നിന്നും അപ്രത്യ ക്ഷമായി.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 1.1

1. പൂരിപ്പിക്കുക

   (a) വെങ്കല ലോഹ കാലഘട്ടത്തിലെ സമൂഹം ............................ വിഭജിക്കപ്പെ ട്ടിരുന്നു.

   (b) ഹാരപ്പൻ സംസ്ക്കാരത്തിന്റെ ഏറ്റവും പ്രധാന കാരണം ....................... ആയിരുന്നു.

   (c) ................................ മായി ഹാരപ്പൻ കാലഘട്ടത്തിലെ ആളുകൾക്ക് കടൽ കട ന്നുള്ള വാണിജ്യ ബന്ധമുണ്ടായിരുന്നു.

2. മനുഷ്യൻ ആദ്യം ഉപയോഗിച്ചിരുന്ന ലോഹം ഏത് ആയിരുന്നു?
3. ഏതൊക്കെ നദികളുടെ മധ്യത്തിലാണ് മെസൊപ്പൊട്ടേമിയൻ സംസ്ക്കാരം സ്ഥിതി ചെയ്തിരുന്നത്?
4. പുരാതന ഈജിപ്ത്യൻ ലിപിയുടെ പേര് എന്താണ്?
5. ഇന്ത്യയിൽ ഹാരപ്പൻ സംസ്ക്കാരം നിലനിന്നിരുന്ന 4 പ്രദേശങ്ങളുടെ പേര് പറയുക?

## 1.3. ഇരുമ്പ് യുഗ സംസ്കാരം

ഇരുമ്പിന്റെ വൻതോതിലുള്ള ഉത്പാദനം നടക്കുകയും അതിന്റെ ഉപയോഗം വ്യാപകമാ വുകയും ചെയ്ത കാലഘട്ടത്തെയാണ് ഇരുമ്പ് യുഗം എന്നു പറയുന്നത്. ഇത് മൂവാ യിരം വർഷങ്ങൾക്കു മുൻപാണ് ആരംഭിച്ചത്. ചെമ്പിനേക്കാളും വെങ്കലത്തേക്കാളും ഇരു മ്പ് ബലമേറിയതും ആദായകരവുമായിരുന്നു. അതിനാൽ ഇരുമ്പിന്റെ ഉപയോഗം നമ്മുടെ കാടുകൾ വെട്ടിത്തെളിക്കാനും കൃഷി വ്യാപിപ്പിക്കുവാനും നമ്മുടെ പൂർവ്വികരെ സഹാ യിച്ചു. തത്ഫലമായി കാർഷിക വിളവ് ഗണ്യമായി വർദ്ധിച്ചു.

ആശയ വിനിമയ, ഗതാഗത രംഗങ്ങളിലും ഇരുമ്പിന്റെ ഉപയോഗം ഏറെ സ്വാധീനം ചെലു ത്തി. ഇരുമ്പിന്റെ വക്കുകളും, ആരക്കാലുകളും വണ്ടിച്ചക്രങ്ങളെ കൂടുതൽ ഉറപ്പുള്ളതാ ക്കി. ബോട്ടുകളും കപ്പലുകളും നിർമ്മിക്കാൻ ഇരുമ്പാണികളും പാളികളും വ്യാപകമായി

ഉപയോഗിക്കപ്പെട്ടു. ഇത് വാണിജ്യ വ്യാപാരങ്ങൾ തഴച്ചു വളരുന്നതിന് കാരണമായി. തൻമൂലം ഐശ്വര്യം വർദ്ധിച്ചു. പുതിയ രീതിയിലുള്ള യുദ്ധോപകരണങ്ങളും ഈ കാലത്തിന്റെ സംഭാവനയാണ്. നീണ്ട ഭാരമുള്ള വാൾ, വളഞ്ഞ വാൾ, ഇരുമ്പ് പരിച, കുന്തം തുടങ്ങിയവയുടെ ഉപയോഗം യുദ്ധരീതികളിൽ മാറ്റം വരുത്തി.

ഇരുമ്പ് യുഗം ബുദ്ധിവികാസത്തിന്റെയും കാലഘട്ടമാണ്. അക്ഷരമാലയുടെ ഉത്ഭവവും ഉപയോഗവുമാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു വികസനം. വെങ്കല കാലഘട്ടത്തിൽ ഈജിപ്റ്റ്, മെസൊപ്പൊട്ടേമിയ, ചൈന എന്നീ രാജ്യങ്ങളിൽ നിലവിലിരുന്ന ചിത്ര ലിപിക്ക് പകരമാണ് ഈ അക്ഷരമാലയുടെ ഉപയോഗം. ഗ്രീസ്, റോം, പേർഷ്യ, ഇന്ത്യ എന്നിവിടങ്ങളിൽ ഇരുമ്പുയുഗത്തിൻ സംസ്ക്കാരങ്ങൾ തഴച്ചു വളർന്നിരുന്നു. അവയെല്ലാം മുൻപ് നിലവിലുണ്ടായിരുന്ന സംസ്കൃതികളേക്കാൾ മെച്ചമായിരുന്നു. അത്തരം സംസ്ക്കാരങ്ങളെക്കുറിച്ച് ഇനിയും നമുക്ക് പഠിക്കാം.

### 1.3.1. ഗ്രീക് സംസ്ക്കാരം

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ഗ്രീസിലാണ് ഗ്രീക്ക് സംസ്ക്കാരം ഉടലെടുത്തത്. അവിടെ നിരവധി നഗര രാഷ്ട്രങ്ങളുള്ള ഒരു പ്രത്യേക ഭരണക്രമമാണ് നിലനിന്നിരുന്നത്. ഇത് ഗ്രീക്ക് നാഗരികതയുടെ മാത്രം ഒരു സവിശേഷതയാണ്. ഓരോ നഗരവും ഒരു സംരക്ഷണ മതിലിനാൽ ചുറ്റപ്പെട്ടിരുന്നു. നഗരത്തിനകത്ത് അക്രോപോലീസ് എന്ന ഒരു കോട്ട താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്തിരുന്നു. ഗ്രീസിലെ നഗര രാഷ്ട്രങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് ഏതൻസും സ്പാർട്ടയുമാണ്. ഏതൻസ് സമ്പൽസമൃദ്ധവും സംസ്ക്കാര സമ്പന്നവുമായിരുന്നു. അഥീനിയൻ പൗരന്മാരിൽ എഴുത്തുകാരും തത്വചിന്തകരും കലാകാരൻമാരും എല്ലാം ഉൾപ്പെട്ടിരുന്നു. അടിമത്ത വ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്ന സമൂഹമായിരുന്നെങ്കിലും പൗരൻമാർക്ക് ജനാധിപത്യ അവകാശങ്ങൾ ഉണ്ടായിരുന്നു. സ്പാർട്ടയിൽ ഒരു പട്ടാള ക്യാമ്പിന്റെ അന്തരീക്ഷമാണ് ഉണ്ടായിരുന്നത്. മേലുദ്യോഗസ്ഥരെ പൂർണ്ണമായി അനുസരിക്കാൻ അവർ ബാദ്ധ്യസ്ഥരായിരുന്നു. ഗ്രീസിലെ നഗര രാഷ്ട്രങ്ങളിൽ ഏറ്റവും മികച്ച പട്ടാളം ഉണ്ടായിരുന്നത് സ്പാർട്ടക്കായിരുന്നു. യുദ്ധ പരിശീലനം നേടുക എന്നത് ഏറ്റവും പ്രാധാന്യമേറിയ ഒരു കാര്യമായി കണക്കാക്കപ്പെട്ടിരുന്നു.

ഏതൻസും സ്പാർട്ടയും തമ്മിൽ കാര്യമായ ശത്രുത ഉണ്ടായിരുന്നു. എങ്കിലും ഗ്രീസിനെ കീഴടക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന ഡാരിയൂസ് 1 ന്റേയും സർക്സസിന്റേയും പേർഷ്യൻ സൈന്യത്തെ അവർ ഇരുവശത്തു നിന്നും ചെറുത്തു കൊണ്ടിരുന്നു. പെരിക്ലീസിനു കീഴിൽ ഏതൻസ് നേടിയ വളർച്ചയെ സുവർണ്ണ കാലഘട്ടം എന്ന് വിളിക്കുന്നു. പക്ഷേ 27 വർഷം, ഏതൻസും സ്പാർട്ടയും തമ്മിൽ നീണ്ടു നിന്ന പെലൊപൊനേഷ്യൻ യുദ്ധത്തിൽ ഏതൻസ് പരാജയപ്പെട്ടു.

പുരാതന ഗ്രീക്കുകാർ കലയുടെയും പഠനത്തിന്റെയും ശാസ്ത്രത്തിന്റെയും സാഹിത്യത്തിന്റെയും ശിൽപശാലയുടെയും ഉപജ്ഞാതാക്കളാണ്. ആയതിനാൽ പാശ്ചാത്യ സംസ്ക്കാരത്തിന്റെ ജന്മദേശം എന്നാണ് ഗ്രീസ് അറിയപ്പെടുന്നത്. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവർ അവിടുത്തെ മഹാൻമാരായ തത്വചിന്തകരാണ്. ഇന്നും അവരുടെ കൃതികൾ പഠനവിധേയമാക്കിക്കൊണ്ടിരിക്കുന്നു. ഹെറോഡോട്ടസും തുസിഡൈഡ്സും ഗ്രീസിലെ പ്രസിദ്ധ ചരിത്രകാരൻമാരായിരുന്നു. ആർക്കിമിഡീസ്, അരിസ്റ്റാർക്കസ്, ഡെമോക്രിറ്റസ് എന്നിവർ അവിടുത്തെ പ്രമുഖ ശാസ്ത്രജ്ഞരും ആയിരുന്നു. എസ്കലസ്, സോഫാക്ലസ്സ്, അരിസ്റ്റോഫാനസ് എന്നിവരായിരുന്നു പ്രമുഖ നാടക കൃത്തുക്കൾ. ഇലിയഡ്, ഒഡീസി എന്നീ പ്രസിദ്ധ ഇതിഹാസങ്ങൾ രചിച്ചത് ഹോമറാണ്.

കുറിപ്പുകൾ

നിർമ്മാണ കലയിലും ഗ്രീക്കുകാർക്ക് വേണ്ടത്ര ജ്ഞാനമുണ്ടായിരുന്നു. അവർ ധാരാളം മനോഹരങ്ങളായ ക്ഷേത്രങ്ങളും കൊട്ടാരങ്ങളും നിർമ്മിച്ചു. ഗ്രീക്കുകാർ ബഹുദൈവങ്ങളിൽ വിശ്വസിച്ചിരുന്നു. ഓരോ നഗരത്തിനും ഓരോ സംരക്ഷക ദേവനും അല്ലെങ്കിൽ ദേവതയും ഉണ്ടായിരുന്നു. ദൈവങ്ങൾ ഒളിംപസ് മലയിൽ ജീവിച്ചിരുന്നു എന്നായിരുന്നു വിശ്വാസം. ചരിത്രത്തിൽ രേഖപ്പെടുത്തിയ ആദ്യ ഒളിമ്പിക്സ്, ബി.സി. 776-ൽ ആണ് നടന്നത്. പിന്നീട് എല്ലാ നാലു കൊല്ലവും കൂടുമ്പോൾ ഒളിംപിയ എന്ന സ്ഥലത്ത് ഇത് നടത്തി വന്നു. കായിക മത്സരങ്ങൾ നടത്തിയിരുന്നത് ദേവരാജാവായ സീയൂസിനെ ആദരിക്കുവാൻ വേണ്ടിയായിരുന്നു.

ഗ്രീക്ക് നഗരങ്ങൾ സാമ്പത്തിക സാംസ്ക്കാരിക പ്രവർത്തനത്തിന്റെയും ഭരണത്തിന്റെയും സിരാകേന്ദ്രങ്ങളായിരുന്നു. ഗ്രീക്ക് കർഷകർ പ്രധാനമായും മുന്തിരി, ഒലിവ്, ധാന്യങ്ങൾ എന്നിവ കൃഷി ചെയ്തിരുന്നു. വൈൻ, ഒലീവ് എന്നിവയായിരുന്നു പ്രധാന ഉത്പന്നങ്ങൾ. ഗ്രീക്കുകാർ വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. സിറിയ, മെസൊപ്പൊട്ടേമിയ, ഈജിപ്റ്റ്, അഫ്ഗാനിസ്ഥാൻ, മദ്ധ്യേഷ്യൻ ഭാഗങ്ങൾ, വടക്കു പടിഞ്ഞാറൻ ഭാരതം ഇവയെല്ലാം ആക്രമിച്ചു കീഴടക്കിയ മഹാനായ അലക്സാണ്ടർ ചക്രവർത്തി ഗ്രീക്കുകാരനായിരുന്നു. ഈ സാമ്രാജ്യ സ്ഥാപനങ്ങളുടെ ഫലമായി ഗ്രീക്ക് കലയും സംസ്ക്കാരവും ആശയങ്ങളും ലോകമെങ്ങും വ്യാപിച്ചു. 33-ാമത്തെ വയസ്സിൽ അലക്സാണ്ടർ മരണമടഞ്ഞു. അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ സാമ്രാജ്യം ചെറുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പിന്നീട് റോമാക്കാർ ഗ്രീസ് ആക്രമിച്ചു കീഴടക്കി.

### 1.3.2. റോമൻ സംസ്ക്കാരം

മധ്യ ഇറ്റലിയിലെ ടൈബർ നദിയുടെ തീരത്താണ് റോമാ നഗരം സ്ഥിതി ചെയ്യുന്നത്. ബി.സി.510-ൽ റോമിൽ ഒരു റിപ്പബ്ലിക് നിലവിൽ വന്നു. സെനറ്റർമാർ എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗം ശ്രേഷ്ഠൻമാരായ ആളുകൾ അടങ്ങിയ സെനറ്റ് ആണ് റോമൻ റിപ്പബ്ലിക്കിന്റെ ഭരണം നടത്തിയിരുന്നത്. ഇവരെ നയിക്കുന്നതിനുവേണ്ടി രണ്ട് പ്രതിനിധികളെ വീതം ഓരോ വർഷ കാലാവധിയിലേക്ക് അവർ തിരഞ്ഞെടുത്തിരുന്നു. ബി.സി.200 -ഓടു കൂടി ഇറ്റലി ഒരു മികച്ച അധികാര ശക്തിയായി വളർന്നു. കാർത്തേജ് പോലെയുള്ള എതിരാളികളെ പരാജയപ്പെടുത്തി മെഡിറ്ററേനിയൻ മേഖലയിലെ നിയന്ത്രണം മുഴുവൻ അധീനത്തിലാക്കാൻ റോമിനു കഴിഞ്ഞു.

ആദ്യകാല റോമിൽ മൂന്നു വിഭാഗം ആളുകളുണ്ടായിരുന്നു. അവർ പെട്രീഷ്യൻസ് (ഉന്നത കുല ജാതർ), പ്ലീബിയൻസ് (സാധാരണക്കാർ), സ്ലേവ്സ് (അടിമകൾ) എന്നീ പേരുകളിൽ അവർ അറിയപ്പെട്ടു. അടിമകളെ ആധാരമാക്കിയായിരുന്നു റോമിന്റെ സമ്പദ്ഘടന. ധനികരായ റോമാക്കാർ അനേകം അടിമകളെ സ്വന്തമാക്കിയിരുന്നു. വന്യമൃഗങ്ങളോട് ഈ അടിമകൾ മല്ലിടണമായിരുന്നു. ഇതിന് പര്യാപ്തമായ പരിശീലനം (Gladiators' fight) ഈ അടിമകൾക്ക് നൽകുമായിരുന്നു. റോമിൽ തന്നെ അടിമകൾ കൂടെക്കൂടെ പരസ്പരം കലഹത്തിൽ ഏർപ്പെട്ടിരുന്നു. ബി.സി. 74-ൽ സ്പാർട്ടക്കസ് നയിച്ചിരുന്നത് അത്തരം ഒരു വിപ്ലവം ആയിരുന്നു.

റോം ഒരു റിപ്പബ്ലിക്കായിരുന്നുവെങ്കിലും ശക്തരും സ്വാധീനവുമുള്ള വ്യക്തികൾ തമ്മിൽ പരസ്പരം അധികാരം പിടിച്ചെടുക്കുന്നതിനായി യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. ജൂലിയസ് സീസർ അത്തരത്തിൽപെട്ട ഒരു നേതാവ് ആയിരുന്നു. അദ്ദേഹം ബൃഹത്തായ ശക്തി നേടി ഒരു ഏകാധിപതിയായി തീർന്നിരുന്നു. ബി.സി.44-ൽ സീസർ വധിക്കപ്പെട്ടു. അതേ തുടർന്ന് അവിടെ ആഭ്യന്തര കലാപം പൊട്ടി പുറപ്പെട്ടു. ഈ കലാപത്തിനു ശേഷം അഗസ്റ്റസ് സീസർ റോമിലെ ആദ്യത്തെ ചക്രവർത്തിയായി. ഇക്കാലത്ത് റോമാ സാമ്രാജ്യം

യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ മൂന്നു ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചു. മഹാപ്രവാചകനായ യേശുക്രിസ്തുവിന്റെ ജനനം അഗസ്റ്റസ് സീസറിന്റെ ഭരണകാലത്താണെന്ന കാര്യം നിങ്ങൾക്കറിയാമോ? ക്രിസ്തുമത സ്ഥാപകനായ യേശു പിറന്നത് ബേത്ലഹമിലാണ്. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും മനുഷ്യർ പരസ്പരം സ്നേഹിക്കണമെന്നും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. യേശുവിന്റെ മരണശേഷം പിൻഗാമികൾ അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചു. റോമാസാമ്രാജ്യം കിഴക്ക് മെസൊപ്പൊട്ടേമിയ വരെയും പടിഞ്ഞാറ് ഗൗൾ, ബ്രിട്ടൻ എന്നിവിടങ്ങളിൽ വരെയും വ്യാപിച്ചിരുന്നു. റോമാ സാമ്രാജ്യത്തിലെ മുഴുവൻ ജനങ്ങളും റോമൻ ജീവിത രീതി പുലർത്തിയിരുന്നു. സാമ്രാജ്യത്തിലെ എല്ലാ ഭാഗങ്ങളിലും സ്നാനഘട്ടങ്ങളോടുകൂടിയ നഗരങ്ങളും ക്ഷേത്രങ്ങളും കൊട്ടാരങ്ങളും വിനോദശാലകളും പണിതിരുന്നു. വില്ല എന്നു വിളിക്കുന്ന വലുതും സൗകര്യപ്രദമായതുമായ കളപ്പുരകൾ (Farm House) ഗ്രാമപ്രദേശങ്ങളിൽ നിർമ്മിച്ചിരുന്നു. അതത് പ്രദേശങ്ങളിൽ നടന്നിരുന്ന സൈനിക പരേഡുകളിലും മതപരമായ ആഘോഷങ്ങളിലും കളിക്കളങ്ങളിലെ പ്രധാന ചടങ്ങുകൾക്കും, നടനശാലകളിലും ചക്രവർത്തിമാർ എത്തിയിരുന്നു. മല്ലന്മാരോടോ, വന്യജീവികളോടോ വാളേന്തി നടത്തിയിരുന്ന ദ്വന്ദ്വയുദ്ധം, രഥയോട്ടം, വിനോദശാലകളിലെ മറ്റ് ആഘോഷങ്ങൾ എന്നിവയായിരുന്നു പ്രധാന വിനോദങ്ങൾ.



ചിത്രം 1.3 *റോമൻ കോളോസിയം*

ഗവർണർമാർ ഭരിക്കുന്ന നിരവധി പ്രോവിൻസുകളായി സാമ്രാജ്യം വിഭജിക്കപ്പെട്ടിരുന്നു. ഭരണകാര്യങ്ങൾ നിർവ്വഹിക്കാനായി ഗവർണറുടെ കീഴിൽ നിരവധി ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു. റോമൻ സൈന്യത്തിലെ പ്രധാന പോരാളികളുടെ സേനാവിഭാഗമായിരുന്നു 'ലീജിയൻസ്' (Legions). ഒരു കമാൻഡറുടെ കീഴിൽ 5000 പടയാളികൾ ഓരോ ലീജിയണിലും ഉണ്ടായിരുന്നു. ചക്രവർത്തിയുടെ ഹിതമനുസരിച്ചുള്ള ഭരണമാണ് നടത്തിയിരുന്നത്. ദുർബലരായ ചക്രവർത്തിമാരെ സേനാധിപൻമാർ ഭരണത്തിൽ നിന്നും പുറംതള്ളിയിരുന്നു. എ.ഡി. 395-ഓടുകൂടി ഭരണകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിപുലമായ റോമാസാമ്രാജ്യം രണ്ടായി വിഭജിച്ചു. 476 എ.ഡി.യിലുണ്ടായ വൈദേശിക ആക്രമണം മൂലം നശിപ്പിക്കപ്പെട്ടുവെങ്കിലും ബൈസാന്റിയൻ തലസ്ഥാനമാക്കിയിരുന്ന കിഴക്കൻ റോമാസാമ്രാജ്യം കുറെ നൂറ്റാണ്ടുകൾ കൂടി നിലനിന്നിരുന്നു. കോൺസ്റ്റെന്റയിൻ ചക്രവർത്തി കിഴക്കൻ സാമ്രാജ്യത്തിന് 'കോൺസ്റ്റാന്റിനോപ്പിൾ' എന്ന പുതിയ പേര്

നൽകി. ഇത് പിൽക്കാലത്ത് ബൈസാന്റയിൻ ചക്രവർത്തിമാരുടെ തലസ്ഥാന നഗരിയും പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തുമത വിഭാഗങ്ങളുടെ ആസ്ഥാനമാവുകയും ചെയ്തു.

## പാഠ്യപ്രവർത്തനം 1.2

പുരാതന റോമിലെ മല്ലൻമാരുടെ വാളേന്തിയുള്ള ദ്വന്ദ്വയുദ്ധത്തെക്കുറിച്ച് ഈ പാഠത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ടെലിവിഷനിലോ സിനിമയിലോ ഇത്തരം പയറ്റുകൾ നിങ്ങൾ കണ്ടിട്ടുണ്ടാകണം. ഇത് നല്ലതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? മനുഷ്യന്റെ വേദന കണ്ട് അതിൽ നിന്നും ആനന്ദം കൊള്ളുന്നത് നല്ല രീതിയാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇത്തരം കാര്യങ്ങളെ കുറിച്ച് നിങ്ങളുടെ വാക്കുകൾ അൻപതു വാക്കിൽ ഒതുക്കി എഴുതുക.

### 1.3.3. പേർഷ്യൻ സംസ്ക്കാരം

ഇരുമ്പ് യുഗത്തിൽ പേർഷ്യയിൽ (ആധുനിക ഇറാൻ) ജീവിച്ചിരുന്നത് ആര്യവർഗ്ഗക്കാരാണ്. അവരിൽ മിഡ്സ് എന്നറിയപ്പെടുന്ന ഒരു വിഭാഗം പേർഷ്യയുടെ പടിഞ്ഞാറു ഭാഗത്തും പേർഷ്യൻസ് എന്നറിയപ്പെടുന്ന മറ്റൊരു വിഭാഗം തെക്കു കിഴക്കൻ ഭാഗത്തും അധിവസിച്ചു. ഇറാന്റെ ഏറിയൊരു ഭാഗം കൈവശത്തിലാക്കിയ മിഡ്സ് അതിശക്തമായൊരു രാജ്യം സ്ഥാപിച്ചു. ആരംഭകാലത്ത് പേർഷ്യക്കാർക്കും അവരുടെ അധീശത്വം അംഗീകരിക്കേണ്ടി വന്നു. ബി.സി.550-ൽ സൈറസ് എന്ന ഒരു രാജാവ് പേർഷ്യൻ ജനതയെ ഒന്നിപ്പിച്ചു. അദ്ദേഹം അതിശക്തമായ ഒരു പട്ടാളത്തെ രൂപീകരിച്ച് ബാബിലോൺ, അസ്സാറിയ, ഏഷ്യാമൈനർ എന്നിവ ആക്രമിച്ച് കീഴടക്കി. ഡാരിയൂസ്-1 പേർഷ്യയിലെ ഏറ്റവും മഹാനായ രാജാവായിരുന്നു. അദ്ദേഹം അഖമേനിയൻ രാജവംശത്തിൽപെട്ട വ്യക്തിയായിരുന്നു. സിന്ധു നദി മുതൽ മെഡിറ്ററേനിയൻ കടലിന്റെ കിഴക്കേ തീരം വരെ വ്യാപിച്ചു കിടന്നതായിരുന്നു അദ്ദേഹത്തിന്റെ സാമ്രാജ്യം. ബി.സി. 518-ൽ പെഴ്സ്പോളിസ് തലസ്ഥാനമാക്കി. ഡാരിയൂസിന്റെ ഭരണകാലത്ത് പേർഷ്യൻകലയും നിർമ്മാണകലയും ശിൽപകലയും തഴച്ചു വളർന്നു.

പേർഷ്യൻ രാജാക്കൻമാർ കഴിവുള്ള ഭരണകർത്താക്കളായിരുന്നു. അവർ തങ്ങളുടെ സാമ്രാജ്യത്തെ പ്രവിശ്യകളായി തിരിച്ചു. ഓരോ പ്രവിശ്യയുടെയും ഭരണം സത്രപിന്റെയോ അല്ലെങ്കിൽ ഗവർണറുടെയോ ചുമതലയിലാക്കി. മികച്ച കുതിരപ്പട്ടാളവും നാവികസേനയും ഇരുമ്പായുധങ്ങളും ഉണ്ടായിരുന്ന പേർഷ്യാക്കാർ അതിസമർത്ഥരായ പടയാളികളായിരുന്നു. ബി.സി. 331-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി അവരെ കീഴ്പെടുത്തിയെങ്കിലും അവരുടെ സംസ്ക്കാരം തകർന്നില്ല. പാർത്ഥിയൻ, സെസ്സേനിയൻ സാമ്രാട്ടുകൾക്ക് കീഴിൽ അവ വളർച്ച പ്രാപിച്ചു കൊണ്ടിരുന്നു. എന്നാൽ അവസാനം എ.ഡി. ഏഴാം നൂറ്റാണ്ടിൽ അറബികൾ അവരെ കീഴടക്കി.

ഇന്തോ-ആര്യൻമാരെ പോലെ പേർഷ്യാക്കാരും ആദ്യകാലത്ത് പ്രകൃതി ശക്തികളെ ആരാധിച്ചിരുന്നു. അവർ സൂര്യദേവൻ, വാനദേവൻ, തുടങ്ങിയ ദൈവങ്ങളിൽ വിശ്വസിച്ചിരുന്നു. അഗ്നിയെ അവർ വിശുദ്ധിയുടെ പ്രതീകമായി കണക്കാക്കി. അഗ്നിക്ക് അധിഷ്ഠിതമായ ആചാരങ്ങളും മൃഗബലിയും അവർ നടത്തിയിരുന്നു. പിന്നീട് 'സൊറാസ്റ്റർ' എന്ന ഒരു മതപ്രസംഗകൻ സൗരാഷ്ട്രീയനിസം എന്ന മതം സ്ഥാപിച്ചു. സ്വർഗ്ഗത്തിന്റെയും പ്രകാശത്തിന്റെയും ദൈവമായ 'അഹുറമസ്ദ'യെക്കുറിച്ച് ജനങ്ങളെ പഠിപ്പിച്ചു. ഈ ദൈവം മനുഷ്യന് ശക്തിയും ആരോഗ്യവും പ്രദാനം ചെയ്യുന്നതായി ഈ മതം പറയുന്നു. സൊറാസ്റ്ററിന്റെ വീക്ഷണത്തിൽ ജീവിതം എന്നത് നന്മയും (വെളിച്ചം) തിൻമ (അന്ധകാരം) യും തമ്മിലുള്ള നിരന്തര പോരാട്ടമാണ്. പേർഷ്യക്കാരുടെ വിശുദ്ധ ഗ്രന്ഥത്തെ 'സെൻഡ് അവസ്ഥ' എന്നു വിളിക്കുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 1.2

1. ഇരുമ്പ് ഉപകരണങ്ങളുടെ ആവിർഭാവം സ്വാധീനം ചെലുത്തിയ മൂന്നു മേഖലകൾ ഏതെല്ലാം?
2. ഗ്രീസിലെ പ്രധാനപ്പെട്ട രണ്ട് നഗര രാഷ്ട്രങ്ങളുടെ പേരു പറയുക.
3. റോമാ നഗരം ഏതു നദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്?
4. താഴെ വാക്യങ്ങൾ പൂർത്തിയാക്കുക.

a) കോൺസ്റ്റാന്റിനോപ്പിൾ ................................. സാമ്രാജ്യത്തിന്റെ തലസ്ഥാനമാണ്.

b) പേർഷ്യാക്കാരെ കൂട്ടി യോജിപ്പിച്ചത് ...................................... രാജാവായിരുന്നു.

c) ഇന്തോ-ആര്യൻമാരും ആദികാല പേർഷ്യക്കാരും ................ നെ ആരാധിച്ചിരുന്നു

## 1.4 വേദകാലഘട്ടം - ഇൻഡ്യ

പൗരാണിക ഇന്ത്യയുടെ ചരിത്രത്തിൽ വേദകാലഘട്ടം ഒരു പുതിയ ഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. അത് ഏതാണ്ട് ബി.സി.1500-ൽ ആര്യൻമാരുടെ ഇന്ത്യയിലേക്കുള്ള കുടിയേറ്റത്തോടെയാണ് ആരംഭിച്ചത്. ഇത് ഏതാണ്ട് 1000 കൊല്ലക്കാലം നീണ്ടുനിന്നു. ഈ കാലയളവിൽ പല സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, മത വികാസങ്ങൾ നടക്കുകയുണ്ടായി. വേദ കാലഘട്ടത്തെ പ്രധാനമായും രണ്ടു തുല്യ കാലയളവുകളുടെ ഘട്ടങ്ങളായി വിഭജിക്കാം. ആരംഭ വേദ കാലഘട്ടവും അനന്തര വേദ കാലഘട്ടവും.

വേദങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? വേദകാലഘട്ടത്തെക്കുറിച്ച് നമുക്ക് അറിവു നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട ഉറവിടമാണ് വേദങ്ങൾ. ആരംഭ വേദകാലത്തെക്കുറിച്ച് അറിയുന്നത് പ്രധാനമായും ഋഗ്വേദത്തിൽ നിന്നാണ്. ആദ്യമായി രചിക്കപ്പെട്ട വേദവും ഇതു തന്നെയാണ്. വേദകാലവർഗ്ഗങ്ങൾ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളായി പഞ്ചാബിലും അഫ്ഗാനിസ്ഥാനിലും ജീവിച്ചിരുന്നു. ഈ കാലഘട്ടത്തെക്കുറിച്ച് പുരാവസ്തു വിജ്ഞാനപരമായ തെളിവുകളൊന്നും തന്നെയില്ല. ഇതിന്റെ കാരണം ആരംഭ വേദ കാല വർഗ്ഗങ്ങൾ നാടോടികളുടേതായ ജീവിതം നയിച്ചു കൊണ്ട്, ഒരേ സ്ഥലത്ത് കുറേ കാലം തുടർച്ചയായി പാർക്കാത്തതു കൊണ്ടാവാം. അവരുടെ സമ്പദ് വ്യവസ്ഥ പ്രധാനമായും അജപാലനത്തിലടിസ്ഥാനപ്പെട്ടിരുന്നു. പ്രധാന ഉപജീവന മാർഗ്ഗം കന്നുകാലി വളർത്തലായിരുന്നു. കുതിരയും, ആടും, ചെമ്മരിയാടും അവയിൽ പ്രധാനപ്പെട്ടവയായിരുന്നു. ചെറിയ തോതിൽ കൃഷിയും ചെയ്തിരുന്നു. കുടുംബം, ഗോത്രം, വർഗ്ഗം (ജന എന്നറിയപ്പെട്ടിരുന്നു) എന്നിവ സാമൂഹിക ഘടകങ്ങളായിരുന്നു. അവരുടെയിടയിൽ ജാതി വ്യവസ്ഥയില്ലായിരുന്നു. ഗോത്രത്തലവനെ രാജാവ് എന്നു വിളിച്ചിരുന്നു. പൊതുജന കാര്യങ്ങളിൽ 'സഭ', 'സമിതി' എന്നീ കൂട്ടങ്ങൾക്ക് പ്രാധാന്യം കല്പിച്ചിരുന്നു. അവർ അനേകം ദേവൻമാരെ ആരാധിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ദേവേന്ദ്രനായിരുന്നു.

വേദ സാഹിത്യ സമുച്ചയങ്ങളിൽ നിന്നും പുരാവസ്തു ഗവേഷണങ്ങളിൽ നിന്നും അനന്തര വേദ കാലത്തെക്കുറിച്ച് താരതമ്യേന കൂടുതൽ അറിവുണ്ട്. സാമവേദം, യജുർവേദം, അഥർവ്വ വേദം എന്നീ മൂന്നു വേദങ്ങൾ ഉൾക്കൊള്ളുന്നതാണ് അനന്തര വേദ കാല സാഹിത്യം. ഇവ കൂടാതെ നാലു വേദങ്ങളുടെയും ഗ്രന്ഥവ്യാഖ്യാനങ്ങളായ ബ്രാഹ്മണം,

അരണ്യകം, ഉപനിഷത്ത് എന്നിവയും ഇതിൽ പെടുന്നു. ഈ കാലഘട്ടത്തിൽ പെട്ടിരുന്ന ധാരാളം സ്ഥലങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അവയെല്ലാം തന്നെ അക്കാലത്തിന്റെ പ്രത്യേകതയായിരുന്ന 'പെയിന്റഡ് ഗ്രേ വെയർ' കൊണ്ട് പ്രശസ്തമാണ്. അതിനാൽ ഈ സ്ഥലങ്ങളെ 'പി.ജി.ഡബ്ളു.' സ്ഥലങ്ങൾ എന്നാണ് വിളിക്കുന്നത്.

അനന്തര വേദ കാലഘട്ടത്തിൽ കിഴക്കൻ പ്രദേശങ്ങളായ ഇൻഡോ-ഗംഗ, ഉത്തര ഗംഗാ സമതലങ്ങളിലേക്ക് ആര്യ സമുദായത്തിന്റെ വലിയ തോതിലുള്ള പ്രയാണം നടന്നു. ഈ കാലഘട്ടത്തിന്റെ അവസാനം കാശി, കോസല, വിദേഹ എന്നീ മൂന്നു പ്രധാന രാജ്യങ്ങൾ കിഴക്കൻ പ്രദേശങ്ങളിൽ ഉദ്ഭവിച്ചു. കൃഷിയായിരുന്നു അവരുടെ പ്രധാന തൊഴിൽ. നെല്ല്, ഗോതമ്പ്, കരിമ്പ് തുടങ്ങിയ പല വിളകളും അവർ കൃഷി ചെയ്തിരുന്നു. കരകൗശല വസ്തുക്കളുടെ നിർമ്മാണം വർദ്ധിക്കുകയും ഇരുമ്പായുധങ്ങളുടെ ഉപയോഗം നിലവിൽ വരുകയും ചെയ്തു. ആളുകൾ ഗ്രാമങ്ങളിൽ സ്ഥിരതാമസമാക്കിത്തുടങ്ങി. ജാതി വ്യവസ്ഥ ഇതോടൊപ്പം ഉയർന്നു വരുകയും വർണ്ണങ്ങൾ എന്ന പേരിൽ രൂപം പ്രാപിക്കുകയും ചെയ്തു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലു വർണങ്ങളാണുണ്ടായിരുന്നത്. രാജാവിന്റെയും അദ്ദേഹത്തിന്റെ ആളുകളുടെയും അധികാരം കൂടി വന്നു. അതോടെ കൂട്ടങ്ങളുടെ അധികാരങ്ങൾ ആനുപാതികമായി കുറയുകയും ചെയ്തു. യാഗങ്ങൾ സർവ്വ സാധാരണമായി. ദേവേന്ദ്രന്റെ പ്രാധാന്യം കുറഞ്ഞു. പ്രജാപതി എന്ന ദേവന്റെ പേര് വളരെ വിഖ്യാതമായി. ഈ കാലഘട്ടത്തിന്റെ അവസാനം കുരുതി എന്ന പൂജാവിധിയുടെ ഒരു പ്രതിപ്രവർത്തനം കൂടി. ഇക്കാര്യങ്ങളെല്ലാം ഉപനിഷത്തുക്കളിൽ നമുക്ക് കാണാൻ കഴിയും.

## പാഠ്യ പ്രവർത്തനം 1.3

താഴെപ്പറയുന്ന ഭാഗം വായിച്ചിട്ട് അടിയിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

**വിവിധ തരം ജീവിത വൃത്തികൾ (ഋഗ് വേദം IX 112)**

ഞങ്ങളുടെ ചിന്തകൾ പലതരങ്ങളായിത്തീരുന്നു. ജനങ്ങളുടെ കർമ്മങ്ങളും ബഹുവിധങ്ങളായിത്തീരുന്നു. തച്ചൻ മരം മുറിക്കുവാൻ ഇഷ്ടപ്പെടുന്നു. ബ്രാഹ്മണൻ പൂജ ചെയ്യുവാൻ വരുന്നവനെ ഇഷ്ടപ്പെടുന്നു. വൈദ്യൻ രോഗിയെ ഇച്ഛിക്കുന്നു. ഉണങ്ങിയ വൃക്ഷലതാ ശകലങ്ങളാൽ കർമാരൻ അമ്പുകൾ നിർമ്മിക്കുന്നു. പക്ഷികളുടെ തൂവലുകൾ കൊണ്ട് അയാൾ അമ്പുകൾക്ക് തൂവലുകൾ നിർമ്മിക്കുന്നു. അയാൾ കൽച്ചാണകൾ കൊണ്ട് അസ്ത്രങ്ങൾ നിശിതങ്ങളാക്കുന്നു. ഇവൻ ധനവാനെ അന്വേഷിക്കുന്നു. ഞാൻ യാഗത്തിൽ സ്തുതി പാടുന്നവനാണ്. മകൻ യജ്ഞത്തിന് ബ്രഹ്മനാണ്. അമ്മയാകട്ടെ കല്ലു കൊണ്ടുള്ള ഉരലിൽ ധാന്യം പൊടിക്കുന്നു .

1. ഇതിൽ പറഞ്ഞിരിക്കുന്ന വ്യത്യസ്തങ്ങളായ തൊഴിലുകൾ ഏതെല്ലാം?
2. ഏതു തരത്തിൽപെട്ട സമൂഹത്തെയാണ് അത് കാണിച്ചു തരുന്നത്?
3. ഈ തൊഴിലുകൾ എല്ലാം പാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണോ? എന്തുകൊണ്ട് ആണ് അല്ലെങ്കിൽ അല്ല?
4. സ്ത്രീകൾ എന്തു തരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു?

### 1.4.1. വേദ കാലാനന്തര ഘട്ടം

ബി.സി. 6–ാം നൂറ്റാണ്ട് ആയപ്പോഴേക്കും വടക്കേ ഇന്ത്യയിലും ഇന്ത്യയുടെ പൗരസ്ത്യ ഭാഗങ്ങളിലും വലിയ ഭരണകൂടങ്ങൾ ഉത്ഭവിച്ചു. അവയെ മഹാജനപഥങ്ങൾ എന്നു വിളിക്കുന്നു. അംഗ, മഗധ, വാജ്ജി, കാശി, കോസലം, മല്ല, കുരു, പാഞ്ചാലം, വത്സം, അവന്തി, ഗാന്ധാരം, ചേദി, അസ്മാകം, മത്സ്യം, സുരസേന, കംബോജം എന്നിങ്ങനെ 16 ജനപഥങ്ങൾ ഉണ്ടായിരുന്നു. അവന്തി, കോസലം, മഗധ എന്നിവയായിരുന്നു അവയിലേറ്റവും അതിശക്തം. കൃഷിയുടെ വ്യാപനം, വ്യാപാര വ്യവസായങ്ങളുടെ വളർച്ച, സംസ്ഥാനങ്ങളുടെ ഉത്ഭവം, നഗരവത്ക്കരണത്തിന്റെ ആരംഭം എന്നിവ സമൂഹത്തിൽ പുതിയ ശക്തികൾക്ക് രൂപം കൊടുത്തു. അങ്ങനെ ബി.സി. 6–ാം നൂറ്റാണ്ട് ഒരു മത–സാമൂഹ്യ പരിവർത്തനത്തിന്റെ കാലം കൂടിയായി. വേദ ബലികളോടും ബ്രഹ്മാനുഷ്ഠാനങ്ങളോടും ജനങ്ങൾക്കുള്ള എതിർപ്പ് അവർ പ്രകടിപ്പിച്ചു. ഇതിന്റെ ഫലമായി നിരവധി പുതിയ മതങ്ങൾ ഉത്ഭവിക്കാനിടയായി. അവയിലേറ്റവും പ്രസിദ്ധിയാർജ്ജിച്ചത് ജൈനമതവും ബുദ്ധമതവുമായിരുന്നു.

### 1.4.2. ബുദ്ധമതം

ബുദ്ധമത സ്ഥാപകനായ ഗൗതമ ബുദ്ധൻ ബി.സി.623–ൽ ഇന്തോ–നേപ്പാൾ അതിർത്തിയിലുള്ള ലുംബിനി യിൽ ജനിച്ചു. കപിലവസ്തുവിലെ ശാക്യവംശത്തിലെ പ്രധാനിയായ ശുദ്ധോദനന്റെ മകനായിരുന്നു ബുദ്ധൻ. 20–ാമത്തെ വയസ്സിൽ വീട് വിട്ടിറങ്ങിയ അദ്ദേഹത്തിന് ബോധഗയ എന്ന സ്ഥലത്തുള്ള ഒരു അരയാൽ ചുവട്ടിൽ വച്ച് ജ്ഞാനോദയം ലഭിച്ചു. വാരണാസിക്കടുത്തുള്ള സാരനാഥിൽ ആണ് അദ്ദേഹം തന്റെ ആദ്യ ധർമ്മ പ്രഭാഷണം നടത്തുന്നത്. നാല് ആര്യ സത്യങ്ങളും അഷ്ടാംഗ മാർഗ്ഗങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു അദ്ദേഹത്തിന്റെ ധർമ്മോപദേശം. ബുദ്ധന്റെ സിദ്ധാന്തമനുസരിച്ച്,

(i) ലോകം ദുഃഖപൂരിതമാണ്.

(ii) തൃഷ്ണയാണ് എല്ലാ ദുഃഖത്തിനും കാരണം.

(iii) തൃഷ്ണയെ കീഴ്പെടുത്തിയാൽ എല്ലാ ദുഃഖങ്ങളും ഇല്ലായ്മ ചെയ്യുവാൻ കഴിയും.

(iv) ഇതിന് താഴെ പറയുന്ന അഷ്ടാംഗ മാർഗ്ഗം പിന്തുടരാം.

(a) ശരിയായ കാഴ്ച (b) ശരിയായ ലക്ഷ്യം (c) ശരിയായ സംസാരം

(d) ശരിയായ പ്രവൃത്തി (e) ശരിയായ ജീവനമാർഗ്ഗം (f) ശരിയായ അധ്വാനം

(g) ശരിയായ ഓർമ്മ (h) ശരിയായ ധ്യാനം

ആഡംബരത്തിന്റേയും അങ്ങേ അറ്റത്തെ ലളിത ജീവിതത്തിന്റെയും മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് അദ്ദേഹം ഒരു മധ്യവർത്തി പാത സ്വീകരിച്ചു. തന്റെ അനുയായികൾക്ക് അദ്ദേഹം ഒരു പെരുമാറ്റ ചട്ടവും നിഷ്കർഷിച്ചു; ഹിംസിക്കാതിരിക്കുക, കളവു ചെയ്യാതിരിക്കുക തുടങ്ങിയവ. ഉത്തരപ്രദേശിലെ കുഷി നഗരത്തിൽ വച്ച് 80–ാം വയസ്സിൽ അദ്ദേഹം സമാധിയായി.

### 1.4.3. ജൈന മതം

ഋഷാബനാഥ് എന്ന ഒന്നാമത്തെ തീർത്ഥങ്കരനാണ് വർദ്ധമാന മഹാവീരൻ എന്ന പാർശ്വനാഥ്. അദ്ദേഹം 23–ാമത്തെ പാർശ്വനാഥനാണ്. ബി.സി. 540–ൽ വൈശാലി (ബീഹാർ) യിലുള്ള കുണ്ഡ ഗ്രാമത്തിൽ ജനിച്ചു. ജ്ഞാത്രിക ക്ഷത്രിയ വംശത്തിലെ പ്രധാനിയുടെ മകനായിരുന്നു അദ്ദേഹം. മുപ്പതാമത്തെ വയസ്സിൽ മഹാവീരൻ സന്യാസിയായി. ബി.സി.468

-ൽ രാജഗൃഹത്തിനടുത്തുള്ള പവ്വാപുരിയിൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ അനുയായികളെ ജൈനൻമാരെന്നു വിളിക്കപ്പെടുന്നു.

ജൈനമതം ഒരു സർവ്വസ്രഷ്ടാവിനെ സങ്കൽപ്പിക്കുന്നില്ല. ദൈവങ്ങളെ അംഗീകരിച്ചിരുന്നെങ്കിലും അവർ ജൈനഗുരുക്കൻമാർക്ക് താഴെയാണെന്ന് ജൈനർ വിശ്വസിച്ചു. ലൗകിക ബന്ധനങ്ങളിൽ നിന്നുള്ള മോചനമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. ബുദ്ധമതത്തെപ്പോലെ ഇവരും വേദബ്രാഹ്മണാചരങ്ങളെ എതിർത്തു. ജാതിവ്യവസ്ഥയെ എതിർത്ത അവർ കർമ്മ-പുനർജ്ജന സിദ്ധാന്തങ്ങളെ സ്വീകരിച്ചു. അഞ്ച് കാതലായ ആശയങ്ങളാണ് ജൈനമതത്തിനുണ്ടായിരുന്നത്.

(i) അഹിംസ അഥവാ സമാധാനം (ii) സത്യസന്ധത

(iii) മോഷ്ടിക്കാതിരിക്കൽ (iv) ലൗകിക ബന്ധനമില്ലായ്മ

(v) ബ്രഹ്മചര്യം

ജൈനമതത്തിന്റെ ത്രിരത്നങ്ങൾ എന്നറിയപ്പെടുന്നത് താഴെ നൽകുന്നു.

(a) ശരിയായ വീക്ഷണം

(b) ശരിയായ ജ്ഞാനം

(c) ശരിയായ പെരുമാറ്റം

## പാഠ്യപ്രവർത്തനങ്ങൾ 1.4

ശ്രീബുദ്ധന്റേയും മഹാവീരന്റേയും ഉദ്ബോധനങ്ങൾ ഓർത്തു നോക്കുക. അതിൽനിന്നും ഇക്കാലത്തും പ്രസക്തിയുള്ളതും നിങ്ങൾക്ക് നിത്യജീവിതത്തിൽ പാലിക്കപ്പെടാവുന്നതുമായ മൂന്ന് ഉദ്ബോധനങ്ങൾ ഏതെല്ലാം എന്ന് മനസ്സിലാക്കുക. ഇതിനെക്കുറിച്ച് നിങ്ങളുടെ ചിന്തകൾ കുടുംബത്തോടും സുഹൃത്തുക്കളോടും പങ്കു വയ്ക്കുക.


## 1.5. മൗര്യ കാലഘട്ടം 322 BC - 184 BC

ബിംബിസാരൻ, അജാത ശത്രു, മഹാപത്മാനന്ദ തുടങ്ങിയ ശക്തരായ രാജാക്കന്മാരുടെ കീഴിൽ മഗധ സാമ്രാജ്യം വളരെ വികസിച്ചു. BC 322 ൽ നന്ദവംശത്തിലെ അവസാനത്തെ രാജാവിനെ ചന്ദ്രഗുപ്ത മൗര്യൻ തോൽപ്പിച്ചു. നന്ദൻമാരെ ഗംഗാതീരത്തുനിന്നും ഗ്രീക്കുകാരെ പഞ്ചാബിൽ നിന്നും തുരത്തിയ അദ്ദേഹം മൗര്യസാമ്രാജ്യം സ്ഥാപിച്ചു. യുദ്ധത്തിന്റെയും പിടിച്ചടക്കലിന്റെയും ഒരു നീണ്ട കാലയളവിനൊടുവിൽ ഇന്ത്യയെ ഏകദേശം മുഴുവനായി ഏകോപിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. BC 322 മുതൽ BC 297 വരെയായിരുന്നു അദ്ദേഹത്തിന്റെ ഭരണ കാലഘട്ടം. ഭദ്രബാഹുവിന്റെ സ്വാധീനത്തിൽ ജൈനമതം സ്വീകരിച്ച അദ്ദേഹം മൈസൂറിനു സമീപമുള്ള ശ്രവണബലഗോളയിൽ വച്ച് മരിച്ചു.

അമിത്രഘാതൻ എന്നുംകൂടി അറിയപ്പെട്ടിരുന്ന ബിന്ദുസാരൻ (BC 297 - BC 272) ചന്ദ്രഗുപ്തന്റെ മകനും പിൻഗാമിയുമായിരുന്നു. ഡക്കാൺ കീഴ്പെടുത്തിയ അദ്ദേഹം മൗര്യശക്തിയെ മൈസൂർ വരെ എത്തിച്ചെന്ന് പറയപ്പെടുന്നു. പടിഞ്ഞാറൻ ഏഷ്യയിലെ ഗ്രീക്ക് രാജാവായിരുന്ന ആന്റിയോക്കസ് ഒന്നാമനുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ബുദ്ധകൃതികളിൽ കാണുന്നതനുസരിച്ച് അദ്ദേഹത്തിന്റെ മരണശേഷം സിംഹാസനത്തിനായി പുത്രന്മാർ തമ്മിൽ തർക്കമുണ്ടായി.

സഹോദരൻമാർ തമ്മിലുണ്ടായ ഈ യുദ്ധത്തിൽ ജയിച്ച് മഗധ സിംഹാസനം നേടിയത് അശോകനാണ് (BC 272 - BC 236). അശോകന്റെ ഭരണകാലത്തുണ്ടായ ഒരു പ്രധാന സംഭവം അദ്ദേഹത്തിന്റെ പതിമൂന്നാം ശിലാലിഖിതത്തിൽ പറഞ്ഞിട്ടുള്ള BC 260-ലെ കലിംഗ യുദ്ധമാണ്. പിന്നീട് അശോകൻ ബുദ്ധമതം സ്വീകരിക്കുകയും യുദ്ധം ഉപേക്ഷിക്കുകയും ചെയ്തു. ഉദാരമനസ്കനായ ഒരു ഭരണാധികാരിയായിരുന്ന അശോകൻ തന്റെ പ്രജകൾക്കു വേണ്ടി ഏറെ കാര്യങ്ങൾ ചെയ്തു. അദ്ദേഹത്തിന്റെ ധർമ്മതന്ത്രം, മതസഹിഷ്ണുത, മുതിർന്നവരെ ബഹുമാനിക്കൽ, വൃദ്ധരെ സംരക്ഷിക്കൽ, ദീനാനുകമ്പ, സത്യസന്ധത, പരിശുദ്ധി ഇവയെല്ലാം ആധാരമാക്കിയുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ബുദ്ധമതം ഇന്ത്യയുടെ അതിർത്തികൾക്കപ്പുറത്തേക്ക് വ്യാപിച്ചത്. അദ്ദേഹത്തിന്റെ കാലത്തെ ശിലാലിഖിതങ്ങളും സ്തംഭലിഖിതങ്ങളും ആ കാലഘട്ടത്തെക്കുറിച്ച് വിശദ വിവരങ്ങൾ നൽകുന്നു.

അശോകന്റെ മരണശേഷം സാമ്രാജ്യം പല ഭാഗങ്ങളായി തീർന്നു. വിദേശാക്രമണത്തിന്റെ ഭീഷണിയും ഈ കാലത്തുണ്ടായിരുന്നു. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി തികച്ചും മോശമായി. മൗര്യവംശത്തിലെ അവസാനത്തെ രാജാവ് ബൃഹദ്രഥൻ ആയിരുന്നു.




ചിത്രം 1.4. *അശോകന്റെ രാജശാസനങ്ങൾ*

## 1.6. സംഘകാലഘട്ടം (300 BC - 200 AD)

സംഘകാലഘട്ടത്തോടുകൂടിയാണ് ദക്ഷിണേന്ത്യയിൽ ചരിത്രകാലം തുടങ്ങുന്നത്. മധുരയിലെ പാണ്ഡ്യരാജാക്കന്മാരുടെ കീഴിലുണ്ടായിരുന്ന പണ്ഡിതൻമാരുടേയും സാഹിത്യകാരൻമാരുടേയും സമ്മേളനത്തെയാണ് സംഘം എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. തോൽകാപിയം, എട്ടുതൊഴൈ, പത്തുപത്തു, 18 ലഘു കൃതികൾ, മൂന്ന് ഇതിഹാസങ്ങൾ, ചിലപ്പതികാരം, മണിമേഖല, ശിവഗ ചിന്താമണി തുടങ്ങിയ കൃതികൾ ഉൾക്കൊള്ളുന്നതാണ് ആദ്യകാല തമിഴ് സാഹിത്യം. സംഘകാലഘട്ടം ഏകദേശം അഉ 200 നും ആഉ 200 നും ഇടയിലാണ് നിലനിന്നത്. പ്രധാനമായും പാണ്ഡ്യ രാജ്യത്തെക്കുറിച്ചാണ് പറയുന്നതെങ്കിലും ചോള, ചേര രാജ്യത്തെക്കുറിച്ചും വിലപ്പെട്ട വിവരങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. ദക്ഷിണ തമിഴ്നാടിന്റെ ഒരു ഭാഗമാണ് പാണ്ഡ്യൻമാർ ഭരിച്ചിരുന്നത്. മധുരയായിരുന്നു അവരുടെ തലസ്ഥാനം. ചേരൻമാർ കേരളവും ചോളൻമാർ ഉത്തര തമിഴ്നാടും ദക്ഷിണ ആന്ധ്രയും ഭരിച്ചു.

## 1.7. കുഷാന കാലഘട്ടം

മൗര്യ സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം ബാക്ട്രിയൻ ഗ്രീക്കുകാർ, ശാകൻമാർ, പാർത്ഥ്യൻമാർ, കുഷാനൻമാർ തുടങ്ങിയ അനവധി വിദേശ ശക്തികൾ ഭാരതത്തെ ആക്രമിച്ചു. ഭാരതത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളും വടക്ക് പ്രദേശങ്ങളും ഈ ശക്തികളുടെ അധികാരത്തിലായി. മദ്ധ്യേഷ്യയിൽ ഉണ്ടായിരുന്ന യുവച്ചി ഗോത്രത്തിന്റെ ഒരു ശാഖയായിരുന്നു കുഷാനൻമാർ. കുഷാന വംശത്തിലെ ആദ്യത്തെ രാജാവ് കുജുലകാഡ്ഫിസസ് ആയിരുന്നു. അദ്ദേഹത്തെ തുടർന്ന് വിവാകാഡ്ഫിസസ് രാജാവായി.

വിവാകാഡ്ഫിസസിനു ശേഷം അധികാരത്തിൽ വന്ന കനിഷ്കനായിരുന്നു കുഷാന വംശത്തിലെ ഏറ്റവും മഹാനായ രാജാവ്. കാശ്മീർ കീഴടക്കിയ അദ്ദേഹം ഇന്തോ-ഗംഗ സമതലത്തിലും ആധിപത്യം സ്ഥാപിച്ചു. മധ്യേഷ്യയിലെ കാഷ്ഗർ, യാർഖണ്ഡ്, ഖൊട്ടാൻ പ്രദേശങ്ങൾ അദ്ദേഹം കീഴടക്കി. പഞ്ചാബും അഫ്ഗാനിസ്ഥാനും അദ്ദേഹത്തിന്റെ സാമ്രാജ്യത്തിന്റെ ഭാഗങ്ങളായിരുന്നു. കനിഷ്കൻ ഒരു ബുദ്ധമത അനുയായി ആയിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി ബുദ്ധമതം മധ്യേഷ്യ, ചൈന തുടങ്ങി പല നാടുകളിലേക്കും വ്യാപിച്ചു. കലയും വിദ്യാഭ്യാസവും അദ്ദേഹം നന്നായി പ്രോത്സാഹിപ്പിച്ചു. രാജ്യത്തിന്റെ തലസ്ഥാനം പുരുഷപുര (പെഷ്വാർ) ആയിരുന്നു. വശിഷ്കൻ, ഹവിഷ്കൻ, കനിഷ്കൻ കക, വാസുദേവ എന്നിവരായിരുന്നു അദ്ദേഹത്തിന്റെ പിൻഗാമികൾ. കുഷാന വംശത്തിന്റെ അന്ത്യകാലത്തെ പ്രമുഖ രാജാവ് വാസുദേവനായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം കുഷാന വംശം അതിവേഗം തകർന്നു. കുഷാനവംശത്തിന്റെ തകർച്ച ഏകദേശം ഒരു നൂറ്റാണ്ട് നീണ്ടുനിന്ന ഉത്തരേന്ത്യയിലെ രാഷ്ട്രീയ അനിശ്ചിതത്വത്തിന് ആരംഭം കുറിച്ചു.

## 1.8. ഗുപ്ത കാലഘട്ടം (AD 319 - AD 550)

ഭാരത ചരിത്രത്തിൽ പുതിയൊരു കാലഘട്ടത്തിന് തുടക്കമിട്ടുകൊണ്ട് എ.ഡി.നാലാം നൂറ്റാണ്ടിൽ ഗുപ്തവംശം ശക്തിയാർജ്ജിച്ചു. അതുവരെ നിലനിന്നിരുന്ന അനിശ്ചിതത്വവും രാഷ്ട്രീയ ഭിന്നിപ്പും ഏകോപനത്തിന് വഴിമാറി. അതിശക്തരായ ഗുപ്തരാജാക്കന്മാരുടെ നേതൃത്വത്തിലും സംരക്ഷണത്തിലും ഭാരതീയ ജീവിതത്തിന്റെ വിവിധ മേഖലകൾ ഗണ്യമായ പുരോഗതി നേടി. ഉയർന്ന ഭൗതിക വളർച്ച ഈ കാലത്ത് ഉണ്ടായിരുന്നു എന്ന് ചൈനീസ് സഞ്ചാരിയായ ഫാഹിയാൻ (AD 4-5 നൂറ്റാണ്ടുകൾ) അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഗുപ്തവംശത്തിന്റെ സ്ഥാപകൻ മഹാരാജ ശ്രീ ഗുപ്തനാണെന്ന് പറയപ്പെടുന്നു. അദ്ദേഹത്തെ തുടർന്ന് ഘടോത്കചഗുപ്തനായിരുന്നു അധികാരത്തിൽ വന്നത്. മഹാരാജാ

ധിരാജ എന്ന സ്ഥാനം നേടിയ ചന്ദ്രഗുപ്തൻ-1 (319-355 എ.ഡി) ആയിരുന്നു ഗുപ്തരാജ വംശത്തിലെ ഒന്നാമത്തെ ഏറ്റവും പ്രമുഖനായ ചക്രവർത്തി. മറ്റൊരു പ്രമുഖ ചക്രവർത്തി സമുദ്രഗുപ്തനായിരുന്നു. സമുദ്രഗുപ്തന്റെ പട്ടാളപര്യടനത്തെക്കുറിച്ച് വിശദമായ ഒരു വിവരണം അലഹബാദിലെ സ്തംഭലിഖിതത്തിലുള്ള അദ്ദേഹത്തിന്റെ കൊട്ടാരകവി ഹരിസേന എഴുതിയ സ്തുതികാവ്യത്തിൽ കാണാം. മഹാനായ ഒരു യോദ്ധാവും ഭരണാധികാരിയും ആയിരുന്നു അദ്ദേഹം. ഒരു കവിശ്രേഷ്ഠനും കലാസ്വാദകനും, വിദ്യാഭ്യാസ വിചക്ഷണനും സംഗീതജ്ഞനും കൂടി ആയിരുന്നു. സാമ്രാജ്യത്വശക്തിയുടെ പ്രതീകമായ അശ്വമേധ യജ്ഞവും അദ്ദേഹം നടത്തിയിട്ടുണ്ട്.

സമുദ്രഗുപ്തന്റെ പിൻഗാമി ചന്ദ്രഗുപ്തൻ II (380 - 415 A.D.) ആയിരുന്നു. പാശ്ചാത്യ ഭാരതത്തിലെ ശാകൻമാരെ പരാജയപ്പെടുത്തിയതിനുശേഷം വിക്രമാദിത്യൻ എന്ന സ്ഥാനപ്പേര് അദ്ദേഹം സ്വീകരിച്ചു. അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി സമുദ്രഗുപ്തൻ പല പ്രധാനപ്പെട്ട വൈവാഹിക ബന്ധങ്ങളിൽ ഏർപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മകൾ പ്രഭാവതിയെ വകാഡക രാജാവായിരുന്ന രുദ്രസേനൻ കക ആണ് വിവാഹം ചെയ്തിരുന്നത്. ചന്ദ്രഗുപ്തൻ രണ്ടാമന്റെ മകനും പിൻഗാമിയുമായിരുന്ന കുമാരഗുപ്ത (A.D. 415 - A.D. 455) ന്റെ ഭരണം രാജ്യത്ത് സമാധാനം കൊണ്ടും സമൃദ്ധി കൊണ്ടും ശ്രദ്ധേയമാണ്. ഇദ്ദേഹത്തെ പിൻതുടർന്നു വന്നത് മകനായ സ്കന്ദഗുപ്ത (A.D. 455 - A.D. 467) നായിരുന്നു. അദ്ദേഹത്തിന് നിരവധി തവണ ഹൂണൻമാരുടെ ആക്രമണത്തെ നേരിടേണ്ടി വന്നു. അദ്ദേഹത്തിന്റെ പിൻഗാമികൾ ആയിരുന്ന പുരു ഗുപ്തൻ, ബുധ ഗുപ്തൻ, നരസിംഹ ഗുപ്തൻ എന്നിവർ അതിശക്തരും പ്രാപ്തരും ആയിരുന്നില്ല. ഇത് ക്രമേണ ഗുപ്ത സാമ്രാജ്യത്തെ നാശത്തിലേക്ക് നയിച്ചു.

ഏകാധിപത്യം ആയിരുന്നു ഗുപ്തകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ഭരണരീതി. ദൈനംദിന ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കാൻ മന്ത്രി സമിതി യും മറ്റ് ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. പ്രവിശ്യകൾ ഭരിച്ചിരുന്നത് ഗവർണർമാരായിരുന്നു. ജില്ലകളും നഗരങ്ങളും ഭരിക്കാൻ അവരുടെ കീഴിൽ നിരവധി ജീവനക്കാരുണ്ടായിരുന്നു. ഗ്രാമഭരണം അധികാരമുള്ള ഗ്രാമത്തലവന്റെ (ഗ്രാമികൻ) ചുമതലയിലായിരുന്നു. നീതിനിർവ്വഹണത്തിനും റവന്യൂ ഭരണത്തിനും ഫലപ്രദമായ ഒരു സമ്പ്രദായം ഗുപ്തൻമാരുടെ കാലത്തി വികസിപ്പിച്ചെടുത്തിരുന്നു.

### 1.8.1. ഗുപ്ത കാലഘട്ടത്തിനു ശേഷം (AD 500 - AD 500)

ഗുപ്തസാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം താനേശ്വരിലെ ഹർഷവർദ്ധനന്റെ കാലം വരെ അനിശ്ചിതത്വത്തിന്റെയും തകർച്ചയുടെയും കാലഘട്ടമായിരുന്നു. ഈ കാലത്ത് ഭാരതം അനേകം ചെറുനാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു. ഹൂണൻമാരെ കൂടാതെ ഉത്തരേന്ത്യയിൽ നാലു രാജ്യങ്ങൾ കൂടിയുണ്ടായിരുന്നു. മഗധയിലെ പിൽക്കാല ഗുപ്തൻമാർ കനൗജിലെ മൗകരിയൻമാർ, താനേശ്വറിലെ പുഷ്യഭൂതൻമാർ എന്നിവരായിരുന്നു അവർ. ഈ സമയത്ത് തെക്കെ ഇന്ത്യയിൽ ബദാമിയിലെ ചാലൂക്യൻമാരും കാഞ്ചിയിലെ പല്ലവൻമാരും ആയിരുന്നു ശക്തർ. പുലികേശൻ II-ാമനും (A.D. 642 - A.D.609) നരസിംഹവർമ്മൻ ഒന്നാമനും (A.D. 668 - A.D.630) ആയിരുന്നു യഥാക്രമം ചാലൂക്യ പല്ലവ രാജ്യങ്ങളിലെ പ്രമുഖ ഭരണാധികാരികൾ.

ഹർഷവർദ്ധനൻ ആണ് വീണ്ടും ഒരു വിപുല സാമ്രാജ്യം സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഉത്തരേന്ത്യയുടെ ഏതാണ്ട് എല്ലാ ഭാഗങ്ങളും കീഴടക്കിയതിനാൽ അദ്ദേഹത്തെ സകലോത്തരപഥനാഥൻ എന്ന് വിളിച്ചിരുന്നു. ഇക്കാലത്ത് ഇന്ത്യയുടെ രാഷ്ട്രീയ ഐക്യം ഒരു പരിധി വരെ സ്ഥാപിക്കപ്പെട്ടു. കാദംബരിയും ഹർഷചരിതവും രചിച്ച ബാണഭട്ടനെ ഹർഷൻ സംരക്ഷിച്ചിരുന്നു. പണ്ഡിതനായ ചൈനീസ് യാത്രികൻ ഹ്യൂയാംഗ്-സാംഗ് ഇന്ത്യ സന്ദർശിച്ചത് ഹർഷന്റെ കാലത്താണ്. ബംഗാൾ രാജാവായിരുന്ന ശശാങ്കൻ ഹർഷന്റെ സമകാലികനായിരുന്നു.

ഹിന്ദുമതത്തിന്റെ ശാക്തീകരണം ഈ കാലഘട്ടത്തിലായിരുന്നു. ഇന്ത്യയിൽ അന്ന് നിലവിലുണ്ടായിരുന്ന ജാതി വ്യവസ്ഥയെക്കുറിച്ച് ഹ്യൂയാംഗ്-സാംഗ് എഴുതിയിട്ടുണ്ട്. നിരവധി സങ്കരജാതികളുടെയും ഉപജാതികളുടെയും ഉത്ഭവം ഈ കാലത്തായിരുന്നു. ഹ്യൂയാംഗ്-സാംഗ് തൊട്ടുകൂടാത്തവരേയും ജാതിഭ്രഷ്ടരെയും കുറിച്ച് പരാമർശിക്കുന്നുണ്ട്. സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം ഗണ്യമായി ഇക്കാലത്ത് കുറയുകയുണ്ടായി. ബ്രാഹ്മണ മതത്തിന്റെ ആധിപത്യം ബുദ്ധമതത്തിന്റെ പതനത്തിന് വഴി വയ്ക്കുന്നതും ഇക്കാലത്താണ്. ഈ കാലഘട്ടത്തിൽ തന്നെ വൈഷ്ണവ മതവും ശൈവ മതവും, ജൈന മതവും നിലനിന്നിരുന്നു.

## 1.9. ഭാരത സംസ്ക്കാരം - ഒരു അവലോകനം

ലോക ചരിത്രത്തിൽ ഭാരതസംസ്ക്കാരത്തിന് ഒരു മഹത്തായ സ്ഥാനമാണുള്ളത്. പുരാതന ഗ്രീസിലെയും റോമിലെയും പോലുള്ള ജനാധിപത്യ റിപ്പബ്ളിക്കൻ ഭരണ സമ്പ്രദായങ്ങൾ ഇന്ത്യയിലും പ്രാചീന കാലത്ത് നിലനിന്നിരുന്നു. തത്വചിന്തയിലും വിവിധ ശാസ്ത്ര മേഖലകളിലും നമ്മൾ കാര്യമായ വളർച്ച നേടി. ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, രസതന്ത്രം, ലോഹസംസ്കാരവിദ്യ, വൈദ്യശാസ്ത്രം തുടങ്ങിയവയിൽ ഭാരതത്തിന്റെ സംഭാവന എടുത്തു പറയത്തക്കതാണ്. ആര്യഭട്ടനും വരാഹമിഹിരനും ഇന്ത്യയിലെ നിപുണരായ ഗണിതശാസ്ത്രജ്ഞരും ജ്യോതിശാസ്ത്രജ്ഞരും ആയിരുന്നു. ചരകനും ശുശ്രുതനും മഹാവൈദ്യൻമാരായിരുന്നു. ഇന്ത്യയിലെ പ്രശസ്തനായ ഒരു രസതന്ത്രജ്ഞനും ഔഷധ നിർമ്മാതാവുമായിരുന്നു നാഗാർജ്ജുനൻ. ദശാംശത്തെക്കുറിച്ചുള്ള അറിവും പൂജ്യത്തെക്കുറിച്ചുള്ള അറിവും ഉത്ഭവിച്ചത് ഭാരതത്തിലാണ്.

പുരാതന ഇന്ത്യാക്കാർ കല, വാസ്തുവിദ്യ, പെയിന്റിംഗ്, ശിൽപനിർമ്മാണം എന്നിവയിൽ അതിവിദഗ്ദ്ധർ ആയിരുന്നു. അശോകസ്തംഭങ്ങൾ, അജന്തയിലേയും എല്ലോറയിലേയും ഗുഹകൾ, ദക്ഷിണേന്ത്യൻ ക്ഷേത്രനിർമ്മിതി, സാഞ്ചിസ്തൂപം, മധുരയിലെ ബുദ്ധ പ്രതിമകൾ തുടങ്ങിയവ ഇന്ത്യയുടെ ബൃഹത്തായ കലാപാരമ്പര്യത്തിന്റെ ഉദാഹരണങ്ങൾ ആണ്. തക്ഷശില, നളന്ദ, വിക്രമശില, വല്ലഭി, കാശി, കാഞ്ചി തുടങ്ങിയ വിദ്യാകേന്ദ്രങ്ങൾ ഇന്ത്യാക്കാർക്കും വിദേശീയർക്കും ഒരുപോലെ ജ്ഞാനം പകർന്നു നൽകുന്ന മഹത്തായ വിദ്യാഭ്യാസ കേന്ദ്രങ്ങളായിരുന്നു. പ്രസിദ്ധരായ പണ്ഡിതരും അദ്ധ്യാപകരും അവിടെ പഠിപ്പിച്ചിരുന്നു. ഇന്ത്യയിലെ പഠന രീതികളും പാണ്ഡിത്യവും അറേബ്യൻ-മുസ്ലിം രാജ്യങ്ങളിൽ വളരെയധികം ശ്ലാഘിക്കപ്പെട്ടിരുന്നു.



**ചിത്രം 1.5** *സാഞ്ചിയിലെ സ്തൂപം*

പുരാതന ഭാരതത്തിൽ ധാരാളം മഹത്തായ സാഹിത്യകൃതികൾ രചിക്കപ്പെട്ടിരുന്നു. ഇന്തോ-യൂറോപ്യൻ സാഹിത്യത്തിന്റെ ഏറ്റവും ആദ്യത്തെ ഉദാഹരണമാണ് ഋഗ് വേദം. നാലു വേദങ്ങൾ, സൂത്രങ്ങൾ, രാമായണം, മഹാഭാരതം എന്നീ ഇതിഹാസ ഗ്രന്ഥങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, ത്രിപീഠകങ്ങൾ, ജൈന അഗമങ്ങൾ, അനവധി മതഗ്രന്ഥങ്ങൾ എന്നിവ പ്രാചീന ഭാരതത്തിൽ രചിക്കപ്പെട്ടു. കൂടാതെ അനേകം നാടകങ്ങളും, ഗദ്യങ്ങളും, പദ്യങ്ങളും രചിക്കപ്പെട്ടിരുന്നു. മഹാൻമാരായ സാഹിത്യപ്രതിഭകളായിരുന്ന കാളിദാസൻ, ബാണഭട്ടൻ, ഹരിസേനൻ, വിശാഖദത്തൻ, ദാസൻ, ഭൈരവി, ശുദ്രകൻ തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നു. സംസ്കൃതം, പ്രാകൃത, പാലി എന്നീ സാഹിത്യങ്ങൾ ഇക്കാലത്ത് വൻ പുരോഗതി നേടി.

## 1.3 പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. അന്ത്യവേദ കാലത്തെ ആളുകളുടെ പ്രധാന തൊഴിൽ എന്തായിരുന്നു?
2. കലിംഗ യുദ്ധത്തിനു ശേഷം അശോകൻ സ്വീകരിച്ച മതം എന്തായിരുന്നു?
3. പുരാതന ഭാരതത്തിലെ നാലു വിദ്യാകേന്ദ്രങ്ങളുടെ പേരു പറയുക?
4. പുരാതന ഭാരതത്തിലെ രണ്ട് ഭിഷഗ്വരൻമാരുടെ പേരു പറയുക?
5. പൂരിപ്പിക്കുക
   (a) തമിഴ് കൃതിയായ തോൽകാപ്പിയം ............. കാലഘട്ടത്തിന്റെ സംഭാവനയാണ്.
   (b) പാണ്ഡ്യ രാജാക്കന്മാരുടെ തലസ്ഥാനം ............. ആയിരുന്നു.
   (c) കനിഷ്കൻ ............. വംശത്തിലെ രാജാവായിരുന്നു.

## എന്താണ് നിങ്ങൾ പഠിച്ചത്?


- മാനവ സംസ്ക്കാരം പല ഘട്ടങ്ങളിലായാണ് ഉരുത്തിരിഞ്ഞത്. ഓരോ ഘട്ടവും സവിശേഷമായ എന്തെങ്കിലും സംഭാവനകൾ നൽകി.
- ശിലായുഗത്തെ തുടർന്ന് ചെമ്പ്, വെങ്കലം, ഇരുമ്പ് എന്നീ കാലഘട്ടങ്ങൾ ഉടലെടുത്തു.
- വെങ്കല കാലഘട്ടത്തിൽ നഗരങ്ങളെ അടിസ്ഥാനമാക്കി സംസ്ക്കാരങ്ങൾ ഉടലെടുത്തു.
- വെങ്കല കാലഘട്ടത്തിലാണ് ലേഖന വിദ്യ വികസിച്ചത്.
- നഗരാസൂത്രണം, കലാവൈഭവം - സംസ്ക്കാരം എന്നീ കാര്യങ്ങളിൽ സിന്ധുനദീതട സംസ്ക്കാരം ചെയ്ത സംഭാവനകൾ.
- ഇരുമ്പു കാലഘട്ടം പല കാലങ്ങളിൽ പല സ്ഥലങ്ങളിലായി വലിയ തോതിൽ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ വരുത്തി.
- ഗ്രീക്ക്, റോമൻ, പേർഷ്യൻ, ഇന്ത്യൻ സംസ്ക്കാരങ്ങൾ, രാഷ്ട്രീയം, തത്വചിന്ത, കല, നിർമ്മാണം, ശില്പകല തുടങ്ങി വിവിധ മേഖലകളിൽ കാര്യമായ സംഭാവനകൾ നൽകി.
- ബുദ്ധ ജൈന മതങ്ങൾ ബി.സി. ആറാം നൂറ്റാണ്ടിലെ ആദ്യത്തെ നവോത്ഥാന പ്രസ്ഥാനങ്ങൾ ആയിരുന്നു.

കുറിപ്പുകൾ

- ഭാരത സംസ്കാരം അതിന്റെ നീണ്ട കാലയളവിൽ വളരെ പ്രധാനമായ ചില പുരോഗതികളിലൂടെ കടന്നുപോകുകയുണ്ടായി. അതൊരിക്കലും മാറ്റമില്ലാത്തതായി നില കൊണ്ടിരുന്നില്ല.
- ഗണിതം, ജ്യോതിശ്ശാസ്ത്രം, രസതന്ത്രം, ലോഹസംസ്കാരവിദ്യ, ഔഷധങ്ങൾ, കല, നിർമ്മാണം, സാഹിത്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഭാരതം നൽകിയ വലിയ സംഭാവനകൾ

## പാഠ്യാന്ത്യ അഭ്യാസം

1. ശിലായുഗത്തിൽ നിന്ന് വെങ്കലകാലഘട്ടം എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?
2. ഹാരപ്പൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
3. ഇരുമ്പിന്റെ കണ്ടുപിടിത്തം ആളുകളുടെ ജീവിതത്തിൽ വരുത്തിയ മൗലികമായ മാറ്റങ്ങൾ എന്തെല്ലാം?
4. ബി.സി. അഞ്ചാം നൂറ്റാണ്ടിലെ റോമൻ സമൂഹവും സമ്പദ്ഘടനയും വിവരിക്കുക.
5. ആദിവേദ കാലത്തെ ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, മതപരമായ ജീവിതത്തെക്കുറിച്ച് വിവരിക്കുക.
6. അശോകന്റെ അഭിപ്രായത്തിൽ ധർമ്മം എന്നാൽ എന്ത്?
7. ലോക സംസ്കാരത്തിന് ഭാരതത്തിന്റെ സംഭാവനയെക്കുറിച്ച് ഒരു ലഘു കുറിപ്പ് എഴുതുക.
8. താഴെ കൊടുത്തിട്ടുള്ള ഭൂപട രേഖയിൽ അടിയിൽ പറയുന്നവ അടയാളപ്പെടുത്തുക.
   (i) ടൈഗ്രീസ്, യൂഫ്രട്ടീസ്, നൈൽ, ഹുവാങ്ഹോ, ഇൻഡസ് എന്നീ നദികൾ
   (ii) ഈജിപ്ത്, ഗ്രീസ്, റോം, ഇറാൻ, നളന്ദ എന്നീ പ്രദേശങ്ങൾ.




ലോകഭൂപട മാതൃക

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**1.1.**

1. (a) വർഗ്ഗങ്ങളായി
   (b) പ്രകൃതി ദുരന്തങ്ങൾ
   (c) മെസൊപ്പൊട്ടേമിയ
2. ചെമ്പ്
3. ടൈഗ്രീസ്, യൂഫ്രട്ടീസ്
4. ഹൈറോ ഗ്ലൈഫിക്സ്
5. ലോത്തൽ (ഗുജറാത്ത്), കാളിദാസൻ (രാജസ്ഥാൻ), ബാണാവലി (ഹരിയാന),സോളാവിറ (ഗുജറാത്ത്), റോപാർ (പഞ്ചാബ്)

**1.2**

1. കൃഷി, ഗതാഗതം, കരകൗശലം
2. ആഥൻസും സ്പാർട്ടയും
3. ടൈബർ
4. (a) ബൈസാന്റയിൻ സാമ്രാജ്യം
   (b) സൈറസ്
   (c) പ്രകൃതി ശക്തി

**1.3**

1. കൃഷിയും കരകൗശലവും
2. ബുദ്ധിസം
3. തക്ഷശില, നളന്ദ, കാശി, വിക്രമശില, വല്ലഭി
4. ചരകനും ശുശ്രുതനും
5. (a) സംഘ കാലഘട്ടം
   (b) മധുര
   (c) കുഷാന

2

# മധ്യകാല ലോകം

പ്രാചീനകാലത്ത് നിലനിന്നിരുന്ന വിവിധ സംസ്ക്കാരങ്ങളെക്കുറിച്ച് നാമിപ്പോൾ പഠിച്ചുകഴിഞ്ഞു. എന്നാൽ പ്രാചീനകാലഘട്ടം കഴിഞ്ഞപ്പോൾ അവയ്ക്ക് എന്തു സംഭവിച്ചു എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? സംസ്ക്കാരങ്ങൾ അവസാനിച്ചോ ? അതോ ഈ പ്രാചീന സംസ്ക്കാരങ്ങൾ തുല്യ പ്രാധാന്യമുള്ള മധ്യകാല സംസ്ക്കാരങ്ങളാൽ പിൻതുടരപ്പെട്ടോ-ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നമുക്ക് ഇവിടെ കണ്ടെത്താം. ഈ പാഠത്തിൽ റോമാ സാമ്രാജ്യത്തിന്റെ പതനത്തിനുശേഷം യൂറോപ്യൻ സമൂഹത്തിനു വന്ന മാറ്റം നമുക്ക് പഠിക്കാം. ഇസ്ലാം എന്ന പുതിയ മതത്തിന്റെ ഉത്ഭവം എങ്ങനെയാണ് ? പശ്ചിമ ഏഷ്യയിൽ ഒരു സാമ്രാജ്യത്തിൽ ഇസ്ലാം മതം ആരംഭംകുറിച്ചതും അതെങ്ങനെ മറ്റു ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ചുവെന്നും നമുക്ക് നോക്കാം. മധ്യകാലഘട്ടത്തിൽ ഹർഷന്റെ ഭരണകാലപതനത്തിനുശേഷം ഇന്ത്യയിൽ എന്തു സംഭവിച്ചുവെന്നും ഇതോടൊപ്പം നമുക്ക് പരിശോധിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിഞ്ഞതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- മനുഷ്യ പരിണാമത്തിലെ ഒരു പ്രധാന കാലഘട്ടമായി മധ്യകാലത്തെ കാണാൻ കഴിയുക.
- റോമാ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം രാഷ്ട്രീയരംഗത്തുവന്ന മാറ്റങ്ങൾ വിവരിക്കാൻ കഴിയുക
- പശ്ചിമ യൂറോപ്പിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെ രാഷ്ട്രീയ, സൈനിക, സാമൂഹിക, സാമ്പത്തിക വശങ്ങൾ വിശദീകരിക്കാനുള്ള കഴിവ് നേടുക.
- പശ്ചിമ ഏഷ്യയിൽ ഉണ്ടായ ഇസ്ലാം മതത്തിന്റെ വളർച്ചയും സാമൂഹ്യ രാഷ്ട്രീയ വികസനവും മനസ്സിലാക്കുക.
- മധ്യകാല ഇന്ത്യയിലെ രാഷ്ട്രീയഘടനയുടെ പ്രത്യേകതകൾ അറിയുക.
- മധ്യകാല ഭാരതത്തിന്റെ സമ്പദ്ഘടനയുടെ പ്രധാന പ്രത്യേകതകൾ മനസ്സിലാക്കുക.
- മധ്യകാല ഇന്ത്യയിലെ മതപരവും സാംസ്കാരികവുമായ ജീവിതം എങ്ങനെയാണ് ഒരു വിശേഷപ്പെട്ട പാരമ്പര്യത്തിന്റെ സംയോജനത്തെ പ്രതിനിധീകരിക്കുന്നതെന്ന് വിശകലനം ചെയ്യാൻ കഴിയുക.

## 2.1 മധ്യകാല യൂറോപ്പ്

മധ്യകാലഘട്ടത്തെ മധ്യയുഗങ്ങൾ എന്നും വിളിക്കാറുണ്ട്. പേരു സൂചിപ്പിക്കുന്നതുപോലെ മധ്യകാലഘട്ടം എന്നത് പ്രാചീന കാലഘട്ടത്തിനുശേഷവും ആധുനിക കാലത്തിന് മുമ്പും നിലനിന്നിരുന്നതാണ്. എന്നാലത് വാസ്തവത്തിൽ രണ്ടു മഹദ്കാലഘട്ടത്തിൽപ്പെട്ടു പോയ സ്വന്തമായി ഒന്നും അവകാശപ്പെടാനില്ലാത്ത ഒരു കാലമാണോ ? അല്ല, കാരണം അത് മാനവ പരിണാമചരിത്രത്തിലെ ഒരു പ്രധാന ഘട്ടമാണ്. അതുകൂടാതെ മധ്യകാലത്ത് ഉണ്ടായ നേട്ടങ്ങളും പ്രതാപങ്ങളും ആധുനികതയിലേയ്ക്കുള്ള സുപ്രധാന കാൽവെയ്പ്പുകളുമായിരുന്നു.

17-ാം നൂറ്റാണ്ടിൽ യുറോപ്യൻമാരാണ് "മദ്ധ്യകാലങ്ങൾ" എന്ന പദം ഉപയോഗിച്ചത്. ഗ്രീക്ക് റോമൻസംസ്ക്കാരങ്ങളുടെ ഇതിഹാസകാലത്തിനും അവരുടെ സ്വന്തം കാലത്തിനും ഇടയിലുള്ള ഇരുണ്ട കാലമായാണ് അവർ ഈ കാലഘട്ടത്തെ കണ്ടത്. എന്നിരുന്നാലും മധ്യകാലഘട്ടം ഒരു ഇരുണ്ട വീഴ്ച്ചകളുടെ ഒരു കാലഘട്ടം മാത്രം ആയിരുന്നില്ല. ഇസ്ളാമിക ലോകത്തിൽ അത് ഒരു സംസ്കാരം ജനിച്ച് വളർന്ന് പാരമ്യത്തിലെത്തിയ കാലഘട്ടമാണ്, ഇന്ത്യയിൽ അത് സംയോജനത്തിന്റെ കാലമായിരുന്നു. പഴയതും പുതിയതുമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ രീതികളുടെ സങ്കലനം ഉണ്ടായി. ഈ സങ്കലനത്തിൽ നിന്ന് ഉയിർകൊണ്ട ഒരു സവിശേഷ സംസ്ക്കാരം സഹവർത്തിത്വത്തെയും സഹിഷ്ണുതയെയും ഉയർത്തിക്കാട്ടി. ഇത് മധ്യകാല ഇന്ത്യയുടെ മുഖമുദ്രയായിത്തീർന്നു. യുറോപ്പിൽ പോലും സ്ഥിതിഗതികൾ വിചാരിച്ചത്ര അന്ധകാരമയമായിരുന്നില്ല. മധ്യകാലത്തിന്റെ ആരംഭദശയിൽ ഭൗതികവും സാസ്ക്കാരികവുമായ നേട്ടങ്ങൾ നന്നെ കുറവായിരുന്നു എന്നതിൽ സംശയം വേണ്ട. എന്നാൽ പിൽക്കാലമായപ്പോഴേയ്ക്കും യുറോപ്യൻമാർ അവരുടെ ജീവിത നിലവാരം ഉയർത്തി. പുതിയ പ്രസ്ഥാനങ്ങൾ വളർത്തി അവയിലൂടെ ചിന്തകളും അറിവുകളും നേടിയ അവർ സാഹിത്യത്തിലും കലയിലും നൈപുണ്യം നേടി. സത്യത്തിൽ ഈ കാലത്ത് യൂറോപ്പിലുണ്ടായ നവീന ചിന്തകൾ യൂറോപ്പിനെ മാത്രമല്ല ലോകത്തിലെ ഇതര സംസ്ക്കാര ങ്ങളെയും സ്വാധീനിച്ചു. ഈ കാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ വികാസപരിണാമങ്ങളുടെ താത്പര്യ ജനകമായ കഥ നമുക്കിവിടെ വിശകലനം ചെയ്യാം.

### 2.1.1. റോമാ സാമ്രാജ്യത്തിന്റെ പതനം

റോമൻ സംസ്കാരത്തിന്റെ ശക്തിയും മഹത്വവും കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു. റോമാ സാമ്രാജ്യം പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ട് പ്രദേശങ്ങളായി എങ്ങനെ വിഭജിക്കപ്പെട്ടുവെന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. പാശ്ചാത്യ ഭാഗത്തിന്റെ തലസ്ഥാനം റോമും പൗരസ്ത്യ ഭാഗത്തിന്റേത് കോൺസ്റ്റാന്റിനോപ്പിളുമായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ ഭരിച്ചിരുന്നത് കോൺസ്റ്റന്റൈൻ ആണ്. എ.ഡി. 33-ൽ പ്രാചീന ഗ്രീക്ക് നഗരമായിരുന്ന ബൈസാന്റൈനിൽ ഒരു പുതിയ തലസ്ഥാനം പൗരസ്ത്യ പ്രവശ്യകൾക്കായി അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ നിന്നാണ് കോൺസ്റ്റാന്റിനോപ്പിൾ എന്ന നാമധേയം ഉണ്ടായത്. പടിഞ്ഞാറൻ റോമിന്റെ തകർച്ചയ്ക്കുശേഷവും ഏകദേശം ആയിരം കൊല്ലത്തോളം കിഴക്കൻ റോമാസാമ്രാജ്യം നിലനിന്നിരുന്നു. അത് കിഴക്കൻ റോമാ സാമ്രാജ്യമെന്നും ബൈസാന്റിയൻ സാമ്രാജ്യമെന്നും അറിയപ്പെട്ടു. പടിഞ്ഞാറൻ യുറോപ്പ് താരതമ്യേന പിന്നോക്കാവസ്ഥയിലായിരുന്ന കാലത്ത് ഗ്രീക്ക് ഭാഷക്കാരായ ഈ കിഴക്കൻ ജനത സാമ്പത്തിക സാമൂഹിക സംസ്ക്കാരമേഖലകളിൽ സത്വര വളർച്ച കൈവരിച്ചു.

ഗോഥൻമാർ, വണ്ടൽ, വിസിഗോഥൻമാർ, ഫ്രാങ്കുകൾ തുടങ്ങിയുള്ള വിദേശാക്രമണങ്ങളുടെ ഫലമായാണ് പാശ്ചാത്യ റോമൻ സംസ്ക്കാരം തകർന്നത്. എ.ഡി. 476-ൽ റോമൻ



കുറിപ്പുകൾ

ചക്രവർത്തിയുടെ പരാജയത്തിനുശേഷം ഈ അക്രമികൾ വ്യത്യസ്ത പിന്തുടർച്ചാവകാശമുള്ള നാട്ടുരാജ്യങ്ങൾ സ്ഥാപിച്ചു.

ഈ രാഷ്ട്രീയ സംഘട്ടനങ്ങൾ സമൂലമായ ഒരു മാറ്റത്തിന് കാരണമായോ ? റോമാക്കാർ വികസിപ്പിച്ചെടുത്ത രാഷ്ട്രീയ സാമ്പത്തിക രീതികൾ മുഴുവനായും അപ്രത്യക്ഷമായോ ? പുതിയതായി വന്ന'ജർമ്മാനിക്ക്' രാജാക്കൻമാർ പഴയ രീതികളെ പുർണ്ണമായുംമാറ്റി അവരുടെതായ രീതികൾ സ്ഥാപിച്ചില്ല. യഥാർത്ഥത്തിൽ റോമൻ സമൂഹവും"ജർമ്മാനിക" സമൂഹവും പരസ്പരം ഇഴുകിച്ചേർന്നതിന്റെ ഫലമായി റോമൻ ജർമ്മാനിക് രീതികളിൽ നിന്നും തികച്ചും വിഭിന്നമായി പുതിയൊരു മാതൃകയിലുള്ള രാഷ്ട്രീയ സമ്പത്തിക സാഹചര്യങ്ങളും പുതിയൊരു സമൂഹവും യൂറോപ്പിൽ ഉയിർകൊണ്ടു.ഈ പുതിയ സമൂഹത്തിലെ ഒരു പുതിയ പ്രസ്ഥാനമായിരുന്നു ഫ്യൂഡലിസം. അതെങ്ങനെ രൂപപ്പെട്ടുവെന്നും അതിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നുവെന്നും നമുക്ക് പരിശോധിക്കാം.

## 2.2 ഫ്യൂഡലിസം - രാഷ്ട്രീയ, സൈനിക, സാമൂഹിക, സാമ്പത്തിക വശങ്ങൾ.

റോമാസാമ്രാജ്യത്തിന്റെ പതനത്തിനുശേഷം പാശ്ചാത്യ ദേശത്തെ "ജർമ്മാനിക്" ജനതയുടെ പിന്തുടർച്ചാവകാശമുള്ള ചെറു രാജ്യങ്ങൾക്ക് രാഷ്ട്രീയ സ്ഥിരത പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചു. വാസ്തവത്തിൽ, ചാർലിമെയ്ൻ എന്ന വിഖ്യാതരാജാവിന്റെ നേതൃത്വത്തിൽ ഈ പ്രദേശത്തെ രാജ്യങ്ങളിൽ ഒന്നിന് സാമാന്യം വലിയ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിന് സാധിച്ചു. ഏതാണ്ട് ഒമ്പതാം ശതകത്തിന്റെ മധ്യത്തോടെ പുതിയ ആക്രമണങ്ങളുടെ ഫലമായി ഇതിന്റെ തകർച്ച ആരംഭിക്കുകയുണ്ടായി. തത്ഫലമായുണ്ടായ രാഷ്ട്രീയ അരക്ഷിതാവസ്ഥ ഫ്യഡലിസം എന്നറിയപ്പെടുന്ന ഒരു പുതിയ രാഷ്ട്രീയ സംവിധാനത്തിന് വഴിതെളിച്ചു. ഫ്യൂഡലിസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് രാഷ്ട്രീയ പരമാധികാരമുള്ള ഒരു അധികാര ശ്രേണിയാണ്. ഈ ശ്രേണിയുടെ ഘടന ഒരു ഗോവണിയേയോ അഥവാ ഏണിപ്പടികളേയോ ഓർമ്മിപ്പിക്കുന്ന വിധത്തിലുള്ളതാണ്. അതിന്റെ ഏറ്റവും മുകളിൽ ഉണ്ടായിരുന്നത് രാജാവാണ്. താഴെ 'ഡ്യൂക്സ് 'എന്നും 'ഏൾസ്' എന്നും അറിയപ്പെട്ടിരുന്ന വലിയ പ്രഭുക്കൻമാരായിരുന്നു. തൊട്ടുതാഴെ "ബാരൺസ്" എന്നു വിളിക്കപ്പെട്ടിരുന്ന താഴ്ന്ന പ്രഭുക്കൻമാരുടെ ഒരു നിര ഉണ്ടായിരുന്നു. അവർക്കും താഴെയായി പ്രഭു ശ്രേണിയിലെ അവസാന കണ്ണിയായ "നൈറ്റ്സ്" (കുലീന കുടുംബക്കാരായ പട്ടാളക്കാർ) ആയിരുന്നു. പ്രഭുക്കൻമാർ അധികാരം നേടുന്നതും വിധേയപ്പെടുന്നതും അവർക്ക് തൊട്ടുമുകളിലുള്ള പ്രഭുവിനോടായിരുന്നു. ഇങ്ങനെ വിധേയമാകുന്നവർ പ്രഭുക്കൻമാരുടെ വാസൽ (അടിയാൻ) ആയിരുന്നു. അധികാര ശ്രേണിയിലെ ഈ പ്രഭു അടിയാൻ ബന്ധം മുകളിൽ നിന്ന് താഴെവരെയുള്ള എല്ലാ പ്രഭുക്കൻമാരുടെ ഇടയിലും മാറ്റമില്ലാതെ തുടർന്നു. തങ്ങളുടെ പ്രവിശ്യകളിൽ അവർ സർവ്വാധികാരികളായിരുന്നു. രാഷ്ട്രീയ ശക്തി ഇപ്രകാരം ചിന്നിച്ചിതറികിടക്കുകയായിരുന്നു. എന്നാൽ ഇതിൽ നിന്നും വിഭിന്നമായി റോമിൽ കണ്ടിരുന്നത് എല്ലാ അധികാരങ്ങളും രാജാവെന്ന വ്യക്തിയിൽ നിക്ഷിപ്തമായിരുന്നതാണ്., എന്നാൽ അധികാരത്തിന്റെ വികേന്ദ്രീകരണമാണ് ഫ്യൂഡലിസത്തിന്റെ രാഷ്ട്രീയ വശം.


പ്രഭു-അടിയാൻ ബന്ധങ്ങളുടെ വ്യക്ത്യാധിഷ്ഠിത സ്വഭാവം ഫ്യൂഡൽരാഷ്ട്രീയ ഘടനയുടെ മാത്രം പ്രത്യേകതയാണ്. ഈ ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി ഒരു വലിയ ചടങ്ങ് സംഘടിപ്പിക്കുന്നു. ഈചടങ്ങിൽ പ്രഭുവിനെ തന്റെ ആയുഷ്ക്കാലം മുഴുവനും സേവിച്ചുകൊള്ളാമെന്ന് അടിയാൻ പ്രതിജ്ഞ ചെയ്യുന്നു. അതേ സമയം അടിയാൻ പ്രഭു

വിന്റെ സംരക്ഷണം സ്വീകരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ അനിശ്ചിതത്വം നിലനിന്നിരുന്നതിനാൽ സംരക്ഷണത്തിന് ആ കാലത്ത് ഏറെ പ്രാധാന്യമുണ്ടായിരുന്നു.

താൻ അനുഭവിച്ചിരുന്ന സംരക്ഷണത്തിന് പകരമായി പ്രഭുവിന് വേണ്ടി വിവിധ സേവനങ്ങൾ ചെയ്യാൻ അടിയാൻ ബാധ്യസ്ഥനായിരുന്നു. ഇതിൽ പ്രധാനം സൈനിക സേവനമായിരുന്നു. പ്രഭു ആവശ്യപ്പെടുമ്പോൾ ഒരു നിശ്ചിത വിഭാഗം പട്ടാളത്തെ അദ്ദേഹത്തിന് എത്തിച്ചുകൊടുക്കേണ്ട ചുമതല അടിയാനുള്ളതാണ്. അതിനു പകരമായി പ്രഭു തന്റെ അടിമയ്ക്കു കൊടുക്കുന്ന പ്രതിഫലം മിക്കപ്പോഴും ഭൂമിയായിരുന്നു. അതിനെ "ഫീഫ്' എന്നു വിളിച്ചിരുന്നു. "ഫീഫ്ഡം" എന്ന ഈ രീതിയിൽ നിന്നാണ് ഫ്യൂഡലിസം എന്ന വാക്കുണ്ടായത്. തന്നെ പിന്തുണയ്ക്കുന്നവരുടെ സഹായത്താൽ പ്രഭുക്കൻമാർ സ്വന്തം പ്രദേശത്ത് യുദ്ധസന്നാഹങ്ങൾ നടത്തിയിരുന്നു. ഈ സൈനിക സഹായത്തോടെ തന്റെ മേലധികാരിയായ മേൽപ്രഭുവിന് ആവശ്യമുള്ളപ്പോൾ സൈനികരെ എത്തിക്കാൻ പ്രഭുക്കൻമാർക്ക് കഴിഞ്ഞു. ഇങ്ങനെ സ്ഥാപിക്കപ്പെട്ട പ്രദേശങ്ങളിൽ അവർ സർവ്വാധികാരികളായിരുന്നു. രാഷ്ട്രത്തിനുപോലും അവരെ ചോദ്യം ചെയ്യാൻ അധികാരം ഉണ്ടായിരുന്നില്ല.

അനിശ്ചിതത്വത്തിന്റെ ആ കാലഘട്ടത്തിൽ പ്രഭുക്കൻമാർ സംരക്ഷണം തേടിയതുപോലെ കൃഷിക്കാരും സംരക്ഷണത്തിനായി അന്വേഷിച്ചു. ഈ കാലത്ത് കൃഷിക്കാരന് സ്വന്തമായി കൃഷിഭൂമിയോ കാർഷിക ഉപകരണങ്ങളോ വിത്ത് വാങ്ങാനുള്ള പണമോ ഉണ്ടായിരുന്നില്ല. പണത്തിനും സംരക്ഷണത്തിനും വേണ്ടി അവർ പ്രഭുക്കൻമാരെ സമീപിച്ചു. അതിനായി അവർ തങ്ങളുടെ സ്വാതന്ത്ര്യം പണയപ്പെടുത്തുകയും സ്വയം ഭൂമിയിൽ കെട്ടിയിടപ്പെടുകയും ചെയ്തു. പിന്നീട് അവരെ ഭൂമിയിൽ ബന്ധിച്ച് നിർത്തുവാനും പ്രഭുക്കൻമാരെ വിട്ടിപോകുന്നതിൽ നിന്നും വിലക്കാനും വേണ്ട നിയമങ്ങൾ ഏർപ്പെടുത്തി. ഇങ്ങനെ ഭൂമിയോട് ബന്ധിക്കപ്പെട്ടിരുന്ന പൂർണ്ണമായും പ്രഭുക്കൻമാരുടെ കീഴിൽ ആശ്രയിച്ചിരുന്ന മധ്യകാല യൂറോപ്പിലെ കൃഷിക്കാരെ 'സെർഫുകൾ' എന്നാണ് വിളിച്ചിരുന്നത്. സമ്പത്തിന്റെ ഭൂരിഭാഗവും പ്രഭുക്കൻമാർ സമ്പാദിച്ചത് ഈ അവശ വിഭാഗങ്ങളെ ചൂഷണം ചെയ്താണ്. ഇത് മനസ്സിലാക്കാൻ അക്കാലത്തെ കാർഷിക മേഖല എങ്ങനെയാണ് സംഘടിപ്പിക്കപ്പെട്ടിരുന്നത് എന്ന് നമുക്ക് നോക്കാം.

ഒരു ഫ്യൂഡൽ പ്രഭുവിന് അധികാരമുണ്ടായിരുന്ന കൃഷിയിടത്തിനെ മൊത്തമായി വിളിച്ചിരുന്നത് "മാനർ" (മാടമ്പി വസ്തു) എന്നാണ്. പ്രഭുവിന്റെ വീടിനു ചുറ്റുമുള്ള ഭൂമി മൂന്നായി തരം തിരിയ്ക്കാം. പ്രഭുവിന് ഉപയോഗിക്കുവാനുള്ള ഭൂമി , കൃഷിക്കാർക്ക് ഭാഗിച്ചുനൽകിയിരുന്ന ഭൂമി, എല്ലാവരും ആടുമാടുകളെ മേയ്ക്കുവാൻ ഉപയോഗിച്ചിരുന്ന മേച്ചിൽ ഭൂമി. കൃഷിഭൂമി ഉപയോഗിച്ചിരുന്ന അടിമകൾ പ്രഭുവിന്റെ ജോലിക്കാരായി കണക്കാക്കപ്പെട്ടിരുന്നു. ഭൂമി ഉപയോഗിക്കുന്നതിന് പകരമായി വാടകയായി എന്തെങ്കിലും അവർ കൊടുക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. അത് ചെയ്തിരുന്നത് വേതനരഹിത സേവനത്തിലൂടെയായിരുന്നു. ആഴ്ച്ചയിൽ കുറച്ച് ദിവസങ്ങൾ പ്രഭുവിന്റെ ഭൂമിയിൽ ജോലി ചെയ്യുന്നത് ഇതിന്റെ ഭാഗമായിരുന്നു. കാർഷിക ജോലികൾ കൂടുതലുള്ള കൃഷിസമയത്ത്, -കൊയ്ത്ത്, മെതി തുടങ്ങിയ ജോലികളുള്ളപ്പോൾ അവർ കൂടുതൽ സമയവും അധിക ജോലിയും പ്രഭുവിനായി ചെയ്യേണ്ടിവന്നിരുന്നു. നിർമ്മാണപ്രവർത്തനങ്ങൾ വിറകുവെട്ടൽ തുടങ്ങി ജോലികളും ഈ വേതനരഹിത ജോലിയിൽ ഉൾപ്പെട്ടിരുന്നു. പിൽക്കാലങ്ങളിൽ ഇത്തരം ജോലികൾ പണമായി വേതനം നൽകുന്ന ജോലി എന്ന നിലയിലേയ്ക്ക് മാറി.




Source: Michael B. Petrovich et al., *People in Time and Place: World Cultures*, Silver, Burdett & Ginn, 1991

**ചിത്രം 2.1** *നാടുവാഴി പ്രഭുവിന്റെ ആവാസ സ്ഥലം*

അടിമകൾ തങ്ങളുടെ സ്വന്തം ഉത്പ്പാദനത്തിന്റെ ഒരു ഭാഗം നികുതിയിനത്തിൽ അടയ്ക്കേണ്ടിയിരുന്നു. പ്രഭുവിന് കുടുതൽ ആവശ്യമുള്ളതിനനുസരിച്ച് ഈ നികുതി നിർബന്ധമായി പിരിച്ചു. കൂടാതെ നേരിട്ടല്ലാത്ത നികുതിയും പ്രഭുക്കൻമാർ പിരിച്ചിരുന്നു. 'മാനർ' എന്നത് സ്വാശ്രയശേഷിയുള്ള കൃഷിയിടം ആണ്. ആതായത് എല്ലാ നിത്യോപയോഗ വസ്തുക്കളും അവരവിടെ ഉത്പ്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തു. അതിനാവശ്യമുള്ള ആല, ധാന്യം പൊടിക്കുന്ന സ്ഥലം, അപ്പമുണ്ടാക്കാനുള്ള സംവിധാനം, വൈൻ നിർമ്മാണ കേന്ദ്രം തുടങ്ങിയവ എല്ലാം അവിടെ ഉണ്ടായിരുന്നു. ഇതെല്ലാം പ്രഭുവിന്റെ ഉടമസ്ഥതയിലായിരുന്നു. കൃഷിക്കാരാകട്ടെ അത് ഉപയോഗിക്കാൻ നിർബന്ധിതരുമാണ്. അതിനുള്ള വാടക പ്രഭുവിന്റെ ഇംഗിതത്തിനനുസരിച്ച് അദ്ദേഹം നിശ്ചയിക്കും.

## പാഠ്യപ്രവർത്തനങ്ങൾ 2.1

റോമിലെ അടിമകളെക്കുറിച്ച് മുൻ പാഠത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ അദ്ധ്യാനിക്കുന്ന കർഷകരുടെ സ്ഥിതി ദിനപ്പത്രങ്ങളിൽ കൂടിയും മുതിർന്നവരോട് സംസാരിച്ചും നിങ്ങൾ മനസ്സിലാക്കുക. ഭാരതത്തിലെ ഇന്നത്തെ കർഷകരുടേയും അന്നത്തെ റോമിലെ അടിമകളുടേയും ജീവിതം ഒന്ന് താരതമ്യം ചെയ്യുക. നിങ്ങൾക്ക് എന്ത് നിഗമനത്തിൽ എത്താൻ പറ്റും. നിങ്ങളുടെ നിരീക്ഷണങ്ങളെക്കുറിച്ച് ഒരു ചെറിയ റിപ്പോർട്ട് തയ്യാറാക്കുക.

### 2.2.1 ഫ്യൂഡൽ സമ്പദ്ഘടനയിലെ മാറ്റങ്ങൾ- മധ്യകാല യൂറോപ്പിലെ സമൃദ്ധിയും പ്രതിസന്ധിയും

ഫ്യൂഡൽ വ്യവസ്ഥിതിയുടെ വിവിധ വശങ്ങളെക്കുറിച്ച് നാം മനസ്സിലാക്കി കഴിഞ്ഞു. ഈ വ്യവസ്ഥിതി മധ്യകാലം മുഴുവനും തുടരുകയായിരുന്നോ-? തീർച്ചയായും അല്ല. ഫ്യൂഡൽ സിസ്റ്റം തീർത്തും ഒരു നിശ്ചല രീതിയിലായിരുന്നില്ല. അതിന് ധാരാളം മാറ്റങ്ങൾ വരികയും ഫ്യൂഡൽ സമ്പദ്ഘടന സമൃദ്ധിക്കും പ്രതിസന്ധിക്കുമെല്ലാം വഴിപ്പെടുകയും ചെയ്തു. ആരംഭം മുതലേയുള്ള ഇതിന്റെ മാതൃകകൾ നമുക്കൊന്ന് കണ്ടുപിടിക്കാം.

റോമാസാമ്രാജ്യത്തിന്റെ പതനത്തിനു ശേഷമുള്ള ഏതാനും ചില നൂറ്റാണ്ടുകളിൽ വളരെ താഴ്ന്ന നിലവാരമുള്ള സാമ്പത്തിക ജീവിതമാണ് നിലനിന്നിരുന്നത്. നമുക്കറിയാവുന്നതുപോലെ അത് രാഷ്ട്രീയ മാറ്റങ്ങളുടേയും അതേ സമയം അനിശ്ചിതത്വത്തിന്റെയും കൂടി കാലഘട്ടമാണ്. നാഗരിക ജീവിതത്തിന്റേയും വ്യാപാരത്തിന്റേയും പണം കൈമാറ്റത്തിന്റേയും തകർച്ച ഈ കാലത്തിന്റെ ചില പ്രത്യേകതകളാണ്, ചില പട്ടണങ്ങൾ പിടിച്ചുനിന്നെങ്കിലും അവ കാര്യമായ സാമ്പത്തിക കർമ്മങ്ങളൊന്നും വഹിക്കാനാകാത്ത പുറംതോടുകൾ മാത്രമായിരുന്നു. റോഡുകൾ തകർന്നു. നാണയങ്ങൾക്കു പകരം സാധനങ്ങളുടെ കൈമാറ്റ രീതി വ്യാപകമായി. യൂറോപ്യൻ രാഷ്ട്രങ്ങൾ പ്രധാനമായും കൃഷിയേയും വളരെ ചെറിയ തോതിൽ പ്രാദേശിക വ്യാപാരത്തേയും ആശ്രയിച്ചിരുന്നു. ഏറ്റവും പ്രമുഖമായ സാമ്പത്തിക ഘടകം നമ്മൾ നേരത്തേ മനസ്സിലാക്കിയ സ്വയം പര്യാപ്തമായ 'ഫ്യൂഡൽ മാനർ' എന്ന കൃഷിഭൂമിയായിരുന്നു. കാർഷിക രംഗത്തെ സാങ്കേതിക ഉപയോഗം വളരെ പഴക്കം ചെന്നതും അതുകൊണ്ടുതന്നെ കാർഷികോത്പ്പാദനം വളരെ തുച്ഛവുമായിരുന്നു. ഏകദേശം എഡി. പത്താം നൂറ്റാണ്ടുവരെ ഈ സ്ഥിതി തുടർന്നു.

പത്താം നൂറ്റാണ്ടിനുശേഷം ഫ്യൂഡൽ ഉത്പ്പാദനരീതി സുപ്രധാനമായ മാറ്റങ്ങളിലൂടെ കടന്നുപോയി. ഉത്പ്പാദന രീതി കൂടുതൽ സ്ഥിരമായതോടുകൂടി കാർഷിക മേഖലയിൽ ഉത്പ്പാദനം വർദ്ധിച്ചു. സാങ്കേതിക വികസനവും കാർഷികോത്പ്പാദനത്തിന്റെ തോത് വർദ്ധിക്കുന്നതിന് കാരണമായി. റോമൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന കനം കുറഞ്ഞ കലപ്പയ്ക്കു പകരം പുതിയതരം കലപ്പ ഉപയോഗത്തിൽ വന്നു. ഈ പുതിയയിനം കലപ്പ കനംകൂടിയതും ചക്രങ്ങൾ ഉള്ളതും കാളകൾ വലിക്കുന്നതും ആയിരുന്നു. ഉത്തര യുറോപ്പിലെ കട്ടികൂടിയ ഒട്ടിപ്പിടിക്കുന്ന മണ്ണിനെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഇതു സഹായിച്ചു. കൃഷിഭൂമിയുടെ മൂന്നിൽ ഒന്നുഭാഗം ശരൽക്കാല വിളകൾക്കും മൂന്നിലൊന്നു ഭാഗം തരിശിട ങ്ങളും മൂന്നിലൊന്നുഭാഗം വസന്തകാല വിളവുകൾക്കും മാറ്റിവെയ്ക്കുകയും ചെയ്യുന്ന 'ത്രീഫീൽഡ്' സമ്പ്രദായം കൃഷിരീതിയിൽ കൊണ്ടുവന്നു. കൃഷിഭൂമിയുടെ ഒരു ഭാഗം തരിശ്ശിടുന്നതിലൂടെ മണ്ണിന്റെ ഫലഭുയിഷ്ഠത നിലനിർത്തുന്നതിന് ഏറെ സാധിച്ചു. പുതിയ തരം കലപ്പ, 'ത്രീഫീൽഡ്' രീതി തുടങ്ങിയ പല പുതിയ നവീന രീതികളും കാർഷികോത്പ്പാദനം വളരെ ഇരട്ടിയാക്കാൻ സഹായിച്ചു.

കാർഷികോത്പ്പാദനത്തിലെ വർദ്ധനവിനോടൊപ്പം വ്യാപാരത്തിന്റെ പുന:രുദ്ധാരണത്തിനും നഗര ജീവിതത്തിന്റെ വളർച്ചയ്ക്കും പത്തുമുതൽ പന്ത്രണ്ടുവരെയുള്ള നൂറ്റാണ്ടുകൾ സാക്ഷ്യം വഹിച്ചു. വ്യാപാരമെന്നതിൽ കൃഷിക്കാർ തങ്ങളുടെ അധിക ധാന്യമോ മുട്ടയോ പ്രാദേശിക വിപണികളിൽ വിൽക്കുന്നതുമുതൽ വീഞ്ഞും, പരുത്തിയും പോലുള്ള ഉത്പ്പന്നങ്ങൾ ദൂരേയ്ക്ക് കയറ്റിയയക്കുന്നതുവരെ ഉൾപ്പെട്ടിരുന്നു. റോഡു നിർമ്മാണത്തിൽ ഉണ്ടായ പുരോഗതി റോഡു ഗതാഗതത്തെ സഹായിച്ചു. നദീമാർഗ്ഗങ്ങളും കടൽമാർഗ്ഗങ്ങളും വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നു. വ്യാപാരത്തിലുണ്ടായ ഈ വർദ്ധനവ് കൈമാറ്റ വ്യവസ്ഥയെ അപര്യാപ്തമാക്കിയതിനാൽ പുതിയ മാതൃകയിലുള്ള ക്രയ വിക്രയ സമ്പ്രദായങ്ങൾ വികസിച്ചു. തത്ഫലമായി സമ്പദ്വ്യവസ്ഥയിൽ അഭൂതപൂർവ്വമായ വളർച്ചയുണ്ടായി. അതിദ്രുതഗതിയിലുള്ള നഗര വളർച്ചയുമുണ്ടായി. ദൂരദേശ വ്യാപാരവും ഗ്രാമങ്ങളിലുണ്ടായ കാർഷിക വളർച്ചയുമാണ് അതിനെ ത്വരിതപ്പെടുത്തിയത്. പട്ടണങ്ങൾ താമസിയാതെ ചില പ്രത്യേക മേഖലകളിൽ പ്രാവീണ്യം നേടാനാരംഭിച്ചു. വസ്ത്ര വ്യാപാരമായിരുന്നു അന്നത്തെ പട്ടണങ്ങളിൽ ഏറ്റവും പ്രബലമായ വ്യവസായമായി വളർന്നുവന്നത്. ഗിൽഡുകൾ പ്രാധാന്യം നേടുകയും വ്യാപാരപ്രവർത്തനങ്ങളും ഉത്പ്പാദനപ്രവർത്തനങ്ങളും അവയോടനുബന്ധിച്ചു നടത്തപ്പെടുകയും ചെയ്തു. ഈ മധ്യകാല നഗരങ്ങൾ കാലക്രമേണ കൂടുതൽ പ്രാധാന്യം നേടുകയും പിന്നീട് ഗ്രാമീണ ഫ്യൂഡൽ ബന്ധങ്ങളെ തകർക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കുകയും ചെയ്തു.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും ഈ സാമ്പത്തിക വളർച്ച അതിന്റെ പാരമ്യത്തിലെത്തി. അതുവരെയുണ്ടായ വളർച്ചയ്ക്ക് വിപരീതമായ ഒരു പ്രക്രിയയിലേയ്ക്ക് നയിച്ച് ചില പ്രധാന മാറ്റങ്ങൾ പതിമൂന്നാം നൂറ്റാണ്ടിൽ ഫ്യൂഡൽ വ്യവസ്ഥിതിയിലുണ്ടായി. സാമ്പത്തിക വളർച്ചയും സമൃദ്ധിയും ജനപ്പെരുപ്പമുണ്ടാക്കി. ഇതുമൂലം ജന്മികൾക്ക് കൂടുതൽ തൊഴിലാളികൾ ലഭ്യമായി. അതോടുകൂടി 'ഡിമേൻസ് '(ജന്മിവസ്തു) എന്നൊരു ഭൂവിഭാഗത്തിന്റെ ആവശ്യകത ഇല്ലാതായി. ഡിമേൻസുകളുടെ ഏറിയപങ്കും ചെറു ഭാഗങ്ങളായി വിഭജിച്ച് കൃഷിക്കാർക്ക് വാടകയ്ക്കു നൽകപ്പെട്ടു. ഈ വിഭാഗങ്ങൾ താരതമ്യേന ചെറുതായിരുന്നതിനാൽ ചെറിയ കൃഷിയിടങ്ങളിൽ ഉപയുക്തമായിരുന്ന പല സാങ്കേതിക വിദ്യകളും ഇവിടെ ഉപയോഗശൂന്യമായി. തൊഴിലാളികൾ ധാരാളമായി ഉണ്ടായിരുന്നതിനാൽ അവർക്കു പകരം സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന നിക്ഷേപകരുടെ എണ്ണവും കുറഞ്ഞു. അതോടൊപ്പം ജന്മി വസ്തു അപ്രത്യക്ഷമായതിനാൽ നിർബന്ധിത വേതന രഹിത സേവനവും അപ്രത്യക്ഷമായി. ആദ്യകാലഘട്ടത്തിലേതിൽ നിന്ന് വ്യത്യസ്തമായി ഭൂമിയ്ക്ക് വാടകപണമായോ സാധനങ്ങളായോ നൽകാൻ പ്രഭുക്കൻമാർ ആവശ്യപ്പെട്ടു. പണ വിപണിയുടെ വളർച്ചയും നഗര പ്രദേശങ്ങളുടെ വ്യാപാരോന്നതിയും എല്ലാം ഈ വികസനത്തെ പ്രോത്സാഹിപ്പിച്ചു. എന്നാൽ തൊഴിൽ സേവനത്തിന്റെയും സാങ്കേതികതയുടേയും അഭാവം കാർഷികോത്പ്പന്നത്തിൽ കുറവുണ്ടാക്കി. ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും ഉണ്ടായി. പ്ലേഗ് പോലുള്ള പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെട്ടു. ഇതെല്ലാം സമ്പദ്ഘടനയുടെ മൊത്തത്തിലുള്ള തകർച്ചയ്ക്കു കാരണമായി. എന്നാൽ പത്താം നൂറ്റാണ്ടിനു മുമ്പുള്ളതിനേക്കാൾ എളുപ്പത്തിൽ ഈ പതനത്തിൽ നിന്ന് പുനർജ്ജനിക്കാൻ അന്നത്തെ യൂറോപ്യൻ സമൂഹത്തിന് സാധിക്കുകയും ഏകദേശം 1450 എ ഡി യോടുകൂടി സമ്പദ്ഘടന വളർച്ചയിലേയ്ക്ക് നീങ്ങുകയും ചെയ്തു.

**? നിങ്ങൾക്ക് അറിയാമോ**

(പ്രഭു സ്വന്തമായി കൈവശം വെച്ചനുഭവിക്കുന്ന ഭൂവിഭാഗത്തിനെ വിളിച്ചിരുന്ന പേര് 'ഡിമേൻ' DEMESNE എന്നാണെന്നത് ഓർക്കുക)

മധ്യകാല യൂറോപ്യൻ ജനതയുടെ സാഹചര്യങ്ങളെക്കുറിച്ച് നമുക്കിപ്പോൾ ഒരു ധാരണയായല്ലോ-നൂറ്റാണ്ടുകളിലൂടെ അവരുടെ ജീവിത മാതൃകകളിൽ വന്ന വ്യതിയാനങ്ങളും നമ്മൾ കണ്ടു. ഭൗതിക സാഹചര്യങ്ങളിൽ വന്ന ഈ മാറ്റം മധ്യകാല യൂറോപ്പിന്റെ ഭൗതിക സാംസ്ക്കാരിക ചുറ്റുപാടുകളെ എങ്ങനെ ബാധിച്ചു എന്ന് നമുക്കൊന്ന് പരിശോധിക്കാം

പത്താം നൂറ്റാണ്ടിനുമുമ്പുള്ള താഴ്ന്ന സാമ്പത്തിക നില ഒരിക്കലും അന്നത്തെ കലയേയും വിദ്യാഭ്യാസത്തേയും ബാധിച്ചില്ല. വിദ്യാഭ്യാസം വളരെ കുറച്ചുപേർക്കുമാത്രം അർഹതപ്പെട്ട ഒന്നായിരുന്നു. സാധാരണ ജനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. പ്രഭുക്കൻമാരിൽ പോലും ഒരു വിഭാഗം നിരക്ഷരരായിരുന്നു. പുരോഹിത വർഗ്ഗത്തിൽപ്പെട്ട കുറച്ചുപേർക്കു മാത്രമാണ് വിദ്യാഭ്യാസംലഭിച്ചിരുന്നത്. വിദ്യാഭ്യാസത്തിന്റെ ഔപചാരിക ഭാഷയായ 'ലത്തീൻ' പുരോഹിതൻമാർക്കുമാത്രമേ അറിയുമായിരുന്നുള്ളൂ. ഈ വിദ്യാഭ്യാസം പോലും വളരെ സങ്കുചിതമായിരുന്നു. വിശകലനത്തിനും ചോദ്യം ചെയ്യലിനും യാതൊരു സ്ഥാനവുമില്ലായിരുന്ന അന്നത്തെ വിദ്യാഭ്യാസം മനപ്പാഠമാക്കൽ മാത്രം അടിസ്ഥാനമാക്കിയായിരുന്നു. എല്ലാ വിദ്യാഭ്യാസവും വിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു. ശാസ്ത്രങ്ങൾക്ക് വികസനത്തിനുള്ള ഒരു സാഹചര്യവും ഉണ്ടായിരുന്നില്ല. പുനരുദ്ധാരണത്തിനായി ചില ശ്രമങ്ങളുണ്ടായിരുന്നെങ്കിലും അവയൊന്നും ഭൗതികമായ സർഗ്ഗവാസനയെ ഉണർത്തുന്നതിന് പര്യാപ്തമായിരുന്നില്ല. എന്നാൽ പുരോഹിതൻമാരിലെ ചില ജ്ഞാനികൾ റോമൻ സാഹിത്യത്തിലെ പ്രധാന കൃതികൾ പകർത്തി

യെഴുതി സൂക്ഷിച്ചിരുന്നു. 11,12 നൂറ്റാണ്ടുകളിലെ സാഹിത്യ പുനരുദ്ധാരണത്തിന് അടിസ്ഥാനമായി വർത്തിച്ചത് ഈ കൃതികളായിരുന്നു. സാക്ഷരതയിലുള്ള കുറവുമൂലം സാഹിത്യ കൃതികളുടെ സൃഷ്ടിയിലും ഈ കാലയളവിന് കാര്യമായ സംഭാവനയൊന്നും നൽകാൻ കഴിഞ്ഞില്ല. കലാനിർമ്മാണങ്ങളുടെ കാര്യത്തിലും ഇതേ അനുഭവമായിരുന്നു. കൈയെഴുത്ത് പ്രതികൾ സൃഷ്ടിക്കുന്ന മേഖലയിൽ ഒരു പ്രത്യേക ശൈലി ഇക്കാലത്തുണ്ടാകുന്നുണ്ട്. മൊത്തത്തിൽ വരേണ്യരായ ഒരു ന്യൂന പക്ഷമൊഴിച്ച് യുറോപ്യൻ സമൂഹമാകെ ദാരിദ്ര്യത്തിന്റെ വക്കിലാണ് ജീവിച്ചിരുന്നത്. സാംസ്കാരിക നേട്ടങ്ങളും ഏറ്റവും ചെറിയ തോതിൽ മാത്രമായിരുന്നു. 'ബൈസാന്റയിൻ , ഇസ്ലാമിക തുടങ്ങിയ സമകാലീന സംസ്ക്കാരങ്ങളെ അപേക്ഷിച്ച് ഇക്കാലയളവിലെ യുറോപ്യൻ സംസ്ക്കാരം വളരെ പിന്നോക്കമായിരുന്നു.

പത്താം നൂറ്റാണ്ടുമുതലുണ്ടായ സമൃദ്ധിയും സമാധാനവും അക്കാലത്തെ സാസ്ക്കാരിക ജീവിതത്തിൽ ചില മാറ്റങ്ങളുണ്ടാക്കി. പ്രാഥമിക വിദ്യാഭ്യാസവും സാക്ഷരതയും സർവ്വകലാശാലകളും വളർന്നുവന്നത് ഈ കാലത്താണ്. ക്ലാസിക്കൽ സംസ്ക്കാരങ്ങളിൽ നിന്നും അറബ് സംസ്ക്കാരങ്ങളിൽ നിന്നും അറിവുകൾ നേടാനുള്ള ഒരു ശ്രമം ഇക്കാലത്താണ് ഉണ്ടാകുന്നത്. വലിയ മാറ്റം ചിന്തയിലും അറിവിലും അതിന്റെ ഫലമായി ഇക്കാലത്ത് യുറോപ്പിലുണ്ടായി. ആധുനിക കാലത്തുണ്ടായ വിജ്ഞാന പരിപൂർണ്ണതയുടെ ഒരു പ്രധാന കാൽവെയ്പ്പായിരുന്നു ഇത്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 2.1

1. ഫ്യൂഡൽ പ്രഭുവും അയാളുടെ കുടിയാനും തമ്മിലുള്ള ബന്ധം മുപ്പത് വാക്കുകളിൽ ചുരുക്കിയെഴുതുക ?

2. 'സെർഫ്സ്' ആരായിരുന്നു ?

3. താഴെപ്പറയുന്ന പ്രസ്താവനകൾ സാധൂകരിക്കുന്നതിനുള്ള കാരണങ്ങൾ എഴുതുക?

   (a) പത്തുമുതൽ പന്ത്രണ്ടുവരെയുള്ള നൂറ്റാണ്ടുകൾ നഗരജീവിതത്തിന്റേയും വ്യാപാരത്തിന്റേയും പുന:രുദ്ധാരണത്തിന് സാക്ഷ്യം വഹിച്ചു.

   ______________________________

   (b) ഫ്യൂഡൽ വ്യവസ്ഥിതിയുടെ വളർച്ചയിൽ 19–ാം നൂറ്റാണ്ടുമുതൽ ഒരു തിരിച്ചുപോക്കുണ്ടായി.

   ______________________________

   (c) പത്താം നൂറ്റാണ്ടിനുമുമ്പുള്ള സാങ്കേതിക ജീവിതം വിദ്യാഭ്യാസത്തേയും കലയേയും പോഷിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു.

   ______________________________

## 2.3 മധ്യകാല അറബ് സംസ്ക്കാരം

മരുഭൂമികളുടെ നാടാണ് അറേബ്യ. ഇസ്ലാമിന്റെ പിറവിക്കുമുമ്പ് ഭൂരിഭാഗം അറബികളും 'ബിഡൗനികൾ' അഥവാ അലഞ്ഞു നടക്കുന്ന ഒട്ടകം വളർത്തുകാർ ആയിരുന്നു. മരുഭൂമി ഉത്പ്പന്നങ്ങളായ ഈന്തപ്പഴങ്ങളും കന്നുകാലി വളർത്തലും ആയിരുന്നു അവരുടെ പ്രധാന ജീവിതമാർഗ്ഗം. കരകൗശല വസ്തുക്കളുടെ നിർമ്മാണക്കുറവും മന്ദഗതിയിലുള്ള കച്ചവ

ടവും വളരെ കുറഞ്ഞ നഗരവികസനവും ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. ആറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദീർഘദൂര വ്യാപാര പാതകളിൽ വന്ന മാറ്റം സമ്പദ്ഘടനയിൽ ഒരു മുന്നേറ്റം ഉണ്ടാക്കി. അറേബ്യയിലെ രണ്ട് പ്രധാന അയൽപക്ക സാമ്രാജ്യങ്ങളായിരുന്ന റോമും പേർഷ്യയും തമ്മിൽ നിരന്തര യുദ്ധത്തിലായിരുന്നു. ഈ യുദ്ധങ്ങൾ മൂലം ആഫ്രിക്കയും ഏഷ്യയും തമ്മിലുള്ള വ്യാപാരസംഘത്തിന്റെ യാത്രയ്ക്ക് സുരക്ഷിതമായി ഒരു വഴിയായിതീരുവാൻ അറേബ്യയ്ക്കു സാധിച്ചു. വ്യാപാരത്തിൽ നിന്ന് മുതലെടുത്ത കുറച്ച് പ്രധാന നഗരങ്ങളുടെ വളർച്ചയെ ഇത് പ്രോത്സാഹിപ്പിച്ചു. ചില വ്യാപാര പാതകളുടെ മധ്യത്തിൽ സ്ഥിതിചെയ്തിരുന്ന മെക്കയായിരുന്നു ഇതിൽ പ്രധാനം.

'കബ്ബാ' എന്ന പ്രാദേശിക മതകേന്ദ്രം ഇവിടെ സ്ഥിതി ചെയ്തിരുന്നതും മെക്കയുടെ സ്ഥാന ലബ്ധിക്കു വഴിതെളിച്ചു. അക്കാലത്ത് ഉണ്ടായിരുന്ന വ്യത്യസ്ത അറേബ്യൻ കുലങ്ങൾക്കും ഗോത്രങ്ങൾക്കും പ്രാധാന്യമുള്ള ഒരു ആരാധനാകേന്ദ്രമായിരുന്നു 'കബ്ബാ . മെക്കയുടെ സാമ്പത്തിക ജീവിതത്തിൽ ഏറെ അധികാരം ചെലുത്തിയിരുന്ന 'ഖുറേഷി' ഗോത്രമായിരുന്നു ഈ ആരാധനാകേന്ദ്രം നിയന്ത്രിച്ചിരുന്നത്. ലോകചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട സംഭവമായ ഇസ്ലാം മതത്തിന്റെ ഉത്ഭവം ഇക്കാലത്താണ്.

ഇസ്ലാംമത സ്ഥാപകനായ മുഹമ്മദ് നബി എ.ഡി. 570-ൽ മെക്കയിൽ 'ഖുറേഷി' ഗോത്രത്തിലാണ് ജനിച്ചത്. ചെറുപ്പത്തിൽ തന്നെ അനാഥനാക്കപ്പെട്ട മുഹമ്മദിനെ വളർത്തിയത് അദ്ദേഹത്തിന്റെ അമ്മാവനായിരുന്നു. ഒരു വൻ വ്യവസായി ആയി വളർന്ന മുഹമ്മദ് ഖദീജ എന്ന ധനികയായ വിധവയ്ക്കുവേണ്ടി സേവനം ചെയ്യുകയും പിന്നീട് അവരെ വിവാഹം കഴിക്കുകയും ചെയ്തു. അറബികൾ ബഹുദൈവങ്ങളിൽ വിശ്വസിച്ചിരുന്നു. മുഹമ്മദിനുണ്ടായ ഒരു പ്രത്യേക മതാനുഭവത്തിനുശേഷം ഈ ബഹുദൈവ വിശ്വാസം നിർബന്ധമായി ഏക ദൈവവിശ്വാസത്താൽ മാറ്റി മറിക്കപ്പെട്ടു. പിന്നീട് മുഹമ്മദിന് ലഭിച്ച നിരവധി സന്ദേശങ്ങളും വെളിപാടുകളും അദ്ദേഹത്തിന്റെ പുതിയ മതത്തിന് അടിസ്ഥാനമായി. പുതിയ മതം 'ഇസ്ലാം എന്നും മുഹമ്മദ് അതിന്റെ പ്രവാചകൻ എന്നും വിളിക്കപ്പെട്ടു. ആദ്യകാലങ്ങളിൽ ഖുറേഷ്യയിൽ നിന്നും ഏറെപേരെയൊന്നും മതം മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഭാര്യയായ ഖദീജ ഉൾപ്പെടെ കുറച്ച് പേർ മാത്രമേ അദ്ദേഹത്തോടൊപ്പം നിന്നുള്ളൂ. അതേസമയം മറ്റൊരു പട്ടണമായ 'യാത്രീബ്' എന്ന പ്രദേശത്ത് സംജാതമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടുത്തെ പ്രതിനിധികൾ അദ്ദേഹത്തെ ക്ഷണിച്ചു. എ.ഡി. 622-ൽ തന്റെ അനുയായികളുമൊന്നിച്ച് അദ്ദേഹം അവിടേയ്ക്ക് കുടിയേറി. അതിനുശേഷം അദ്ദേഹം തുടർച്ചയായ വിജയം നേടുകയും അങ്ങനെ ആ കുടിയേറ്റ വർഷം ഇസ്ലാമിക കലണ്ടറിന് ആരംഭം കുറിക്കുകയും ചെയ്തു. 'മദീന എന്ന് അദ്ദേഹം പുനർ നാമകരണം ചെയ്ത ആ പട്ടണത്തിൽ മുഹമ്മദ് ഭരണാധികാരിയായി. അപ്പോൾ മുതൽ അദ്ദേഹം താൻ മാനസ്സാന്തരപ്പെടുത്തിയവരെ ഒരു രാഷ്ട്രീയ മതവിഭാഗമായി സംഘടിപ്പിച്ചു. തന്റെ വിശ്വാസത്തെ മെക്കയിലേയ്ക്ക് പ്രചരിപ്പിക്കാനായി അനുയായികളുമൊത്ത് 'കാരവാൻ' യാത്രകൾ നടത്തി. ഒടുവിൽ ഖുറേഷിയെ കീഴ്പ്പെടുത്തിയ മുഹമ്മദ് എ.ഡി. 630 -ൽ മെക്കയിൽ കടന്നു. ഖുറേഷി ഗോത്രം പുതിയ മതത്തിന് കീഴ്പ്പെടുകയും അങ്ങനെ 'കബ്ബാ ഇസ്ലാമിന്റെ പ്രധാന ആരാധനാകേന്ദ്രം ആയിത്തീരുകയും ചെയ്തു. മെക്കയുടെ പരാജയത്തെ തുടർന്ന് അറേബ്യയിലെ എല്ലാ ഗോത്രങ്ങളും പുതിയ മതം സ്വീകരിച്ചു.

ഇസ്ലാമിക വിശ്വാസത്തിന് ലളിതമായ സിദ്ധാന്തങ്ങളാണുള്ളത്. ഇസ്ലാം എന്ന വാക്കിനർത്ഥം സമർപ്പണം എന്നും ആ വിശ്വാസത്തോടുള്ള കീഴ്പ്പെടൽ എന്നത് ദൈവത്തോടുള്ള പൂർണ്ണ അർപ്പണവുമാണ്. ഈ വിശ്വാസത്തിന്റെ പൂർണ്ണ അനുയായികളാണ് മുസ്ലീമുകൾ. ഒരു ദൈവമേയുള്ളൂ എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. മുസ്ലീമുകൾ മുഹമ്മദിനെ കരുതുന്നത് ദൈവത്തിന്റെ ഒടുവിലത്തേതും ഏറ്റവും മഹത്വപൂർണ്ണവുമായ പ്രവാചക



കുറിപ്പുകൾ



നെന്നാണ്. അവർ യഹൂദരുടേയും ക്രൈസ്തവരുടേയും പ്രവാചകരെ അംഗീകരിക്കുന്നുണ്ട്. ന്യായവിധിയുടെ നാളിൽ നല്ലവർക്ക് പറുദീസയിലെ നിത്യജീവിതവും ദുഷ്ടജനത്തിന് അഗ്നി ദുരിതവും നൽകപ്പെടും എന്നാണവരുടെ വിശ്വാസം. വിശ്വാസ ജീവിതം നയിക്കുന്നതിന് വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ 'ഖുറാൻ എന്ന അവരുടെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നെടുക്കാം. ദൈവത്തിൽ നിന്നും മുഹമ്മദിന് ലഭിച്ച വെളിപ്പെടുത്തലുകളുടെ ശേഖരമാണ് 'ഖുറാൻ . ഇവയിൽ ധർമ്മ കാരുണ്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം,മതാനുസാരിയായ പ്രാർത്ഥനയും ഉപവാസവും, മെക്കയിലേയ്ക്കുള്ള തീർത്ഥാടനം, ഖുറാൻ പാരായണം എന്നിവയും ഉൾപ്പെടുന്നു. ഇതിനോടൊപ്പം പ്രവാചക പ്രവൃത്തിയായ 'സുന്നയും' പ്രവാചക വചനങ്ങളായ 'ഹദീസും മുസ്ലീം വിശ്വാസികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഇസ്ലാമിൽ ദൈവത്തിനും വ്യക്തിക്കുമിടയിൽ ഇടനിലക്കാരില്ല. പുരോഹിതർക്ക് പകരം ഉള്ള മതപണ്ഡിതൻമാർ മതത്തെക്കുറിച്ചും മതവിശ്വാസത്തെക്കുറിച്ചും അഭിപ്രായ പ്രകടനം നടത്തുവാൻ അധികാരമുള്ളവരായിരുന്നു. സമത്വം ഇസ്ലാമിന്റെ മറ്റൊരു തത്വമാണ്. വിശ്വാസങ്ങളിലും സിദ്ധാന്തങ്ങളിലും യഹൂദമതമായും ക്രൈസ്തവമതമായും ഇസ്ലാമിന് ഏറെ സമാനതകളുണ്ട്.

### 2.3.1. സമൂഹവും സംസ്ക്കാരവും

പ്രാചീന ഗ്രീക്ക് ചിന്തകളുടെ പഠനത്തെ അടിസ്ഥാനമാക്കിയതായിരുന്നു അറബിക്ക് തത്വചിന്ത. ഗ്രീക്ക് തത്ത്വ ജ്ഞാനങ്ങൾ അവിടെ വിതച്ചത് യുക്തി ചിന്തയുള്ള ചിന്തകരാണ്. തത്വചിന്താപരമായ പഠനങ്ങൾക്കൊപ്പം ഈ തത്വ ചിന്തകൻമാർ ശാസ്ത്രപഠനങ്ങളിലും വ്യക്തിത്വം സ്ഥാപിച്ചു. അവർ ജ്യോതിശാസ്ത്രവും വൈദ്യശാസ്ത്രവും പരിശീലിച്ചു. കൃത്യതയാർന്ന വാനനിരീക്ഷണത്തിൽ അധിഷ്ഠിതമായിരുന്നു അവരുടെ ജ്യോതിശാസ്ത്രം. വൈദ്യശാസ്ത്രത്തിൽ ഗ്രീക്കുകാരുടെ വൈദ്യഗ്രന്ഥങ്ങൾ അതിസൂക്ഷ്മം വായിക്കുന്നതിനും അപ്പുറത്തേയ്ക്ക് അവർപോയി. പാശ്ചാത്യർക്കിടയിൽ 'അവിസെന്ന എന്നറിയപ്പെടുന്ന 'ഇബ്ൻസിന ക്ഷയരോഗത്തിന്റെ സാംക്രമിക സ്വഭാവം കണ്ടെത്തുകയും ഭയത്തിൽ നിന്നും ഉളവാകുന്ന ഒട്ടേറെ രോഗങ്ങളെ വിശദീകരിക്കുകയും ചെയ്തു. 'റേസസ്' എന്ന് പാശ്ചാത്യർ വിളിക്കുന്ന മധ്യകാലഘട്ടത്തിലെ ഏറ്റവും മഹാനായ വൈദ്യചികിത്സകനായിരുന്ന 'അൽ-റാസി അഞ്ചാം പനിയും വസൂരിയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തി. അറേബ്യയിലെ മറ്റ് ഭിഷഗ്വരൻമാരാകട്ടെ ഉദരാർബുദം കണ്ടെത്തുക, വിഷത്തിനെതിരെ വിഷസംഹാരി പ്രയോഗിക്കുക തുടങ്ങി അനേകം നേട്ടങ്ങൾ ഉണ്ടാക്കി.അറേബ്യൻ ജനതയുടെ ഏറ്റവും താത്പര്യജനകമായ സവിശേഷത എന്നു പറയുന്നത് എല്ലാ വൈദ്യസംസ്ക്കാരങ്ങൾക്കുപരിയായി ആശുപത്രികൾ പണിയുന്ന രീതി അവർ വളർത്തിയെടുത്തു എന്നുള്ളതാണ്. പേർഷ്യ, സിറിയ, ഈജിപ്റ്റ്, തുടങ്ങിയ നാടുകളിലെ പ്രധാന നഗരങ്ങളിലെല്ലാംകൂടി മുപ്പത്തിനാലോളം വലിയ ആശുപത്രികൾ ആധുനിക രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതായി കാണാം.

പ്രകാശ ശാസ്ത്രത്തിലും രസതന്ത്രത്തിലും ഗണിതശാസ്ത്രത്തിലും അവർ പ്രാഗല്ഭ്യം നേടി. ഊർജ്ജതന്ത്രജ്ഞർ പ്രകാശ ശാസ്ത്രം കണ്ടെത്തുകയും പ്രകാശത്തിന്റെ വേഗം, പ്രസരണം, അപഭംഗം, എന്നിവയെക്കുറിച്ച് സുപ്രധാന നിഗമനത്തിലെത്തുകയും ചെയ്തു. ചീനക്കാരം, അലക്കുകാരത്തിന്റെ അലോഹമൂലകം, വെടിയുപ്പ്, ഗന്ധകാമ്ലം, സിട്രിക്ക് ആസിഡ് തുടങ്ങി നിരവധി വസ്തുക്കളും കലർപ്പുകളും കണ്ടെത്തി അവർ രസതന്ത്രത്തിലും പ്രാവീണ്യം തെളിയിച്ചു. സ്വേദനം, അവസ്യന്ദനം, ഉത്പതനം (ബാഷ്പീകരണം) തുടങ്ങിയ രാസപ്രവർത്തനങ്ങൾക്ക് ആദ്യ വിശദീകരണം നൽകിയതും അവരാണ്. ഗണിത ശാസ്ത്രത്തിൽ ഗ്രീക്കുകാരുടെ രേഖാഗണിതവും ഭാരതീയരുടെ സംഖ്യാശാസ്ത്രവും ഏകോപിപ്പിച്ചുവെന്നതാണ് അവരുടെ ഏറ്റവും വലിയ നേട്ടം. പാശ്ചാത്യർ അറബ് സംഖ്യകൾ എന്നുവിളിക്കുന്ന ഇന്ത്യൻ സംഖ്യാശാസ്ത്രത്തെ ലോകമെങ്ങും പ്രചരിപ്പിച്ചത് അറബികളായിരുന്നു.

ഇങ്ങനെ നിലവിലുള്ള വിവിധ ശാഖകളുടെ സംയോജനത്തിലൂടെ ഗണിതത്തിലും രേഖാ ഗണിതത്തിലും ത്രികോണമിതിയിലും വൻ പുരോഗതി നേടാൻ അവർക്കു കഴിഞ്ഞു.

| European | 0 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|---|
| Arabic-Indic | ٠ | ١ | ٢ | ٣ | ٤ | ٥ | ٦ | ٧ | ٨ | ٩ |
| Eastern Arabic-Indic (Persian and Urdu) | ۰ | ۱ | ۲ | ۳ | ۴ | ۵ | ۶ | ۷ | ۸ | ۹ |
| Devanagari (Hindi) | ० | १ | २ | ३ | ४ | ५ | ६ | ७ | ८ | ९ |
| Tamil | | ௧ | ௨ | ௩ | ௪ | ௫ | ௬ | ௭ | ௮ | ௯ |

**ചിത്രം 2.2** *സംഖ്യാസമ്പ്രദായം*

സാഹിത്യത്തിലും പ്രത്യേകിച്ച് കവിതയിലും അറബ് സംസ്കാരം ഏറെ ശ്രദ്ധ നേടിയിരുന്നു. ഇപ്പോഴും ചർച്ചചെയ്യപ്പെടുന്ന ഒമർഖയ്യാമിന്റെ 'റുബായിയാത്ത്' എന്ന കാവ്യം അതിന് ഒരു ഉദാഹരണമാണ്. മറ്റ് മേഖലകളിലെപോലെ കലാ മേഖലയിലും അറബികൾ ബൈസാന്റൈൻ, പേർഷ്യൻ തുടങ്ങി വിവിധ ശൈലികളുടെ മനോഹരമായ സങ്കലനം നടത്തി. നിർമ്മാണ കലയായിരുന്നു അറബ് കലയിൽ ഏറ്റവും പ്രശസ്തമായിരുന്നത്. മുസ്ലീം പള്ളികൾ, കൊട്ടാരങ്ങൾ, മതപാഠശാലകൾ, തുടങ്ങിയവ അറബ് നിർമ്മാണ കലയുടെ ഉത്തമ മാതൃകകളാണ്. ഗോപുരങ്ങളും മിനാറുകളും ആർച്ചുകളും അവയുടെ സവിശേഷതയായിരുന്നു.

ചുരുക്കത്തിൽ പാശ്ചാത്യർ പിന്നോക്കാവസ്ഥയിൽ ഇഴഞ്ഞു നീങ്ങുമ്പോൾ അറബ് സംസ്ക്കാരം ബൗദ്ധികമായും കലാപരമായും അതിന്റെ അത്യുന്നതിയിൽ ആയിരുന്നു. ഒരു വൻ സാമ്രാജ്യത്തിന്റെ സ്ഥാപനം ലോകത്തിലെ പല പ്രമുഖ സംസ്ക്കാരങ്ങളുമായും ബന്ധപ്പെടുവാനുള്ള സാഹചര്യം അവർക്കു നൽകി. ഇത് ഇന്ത്യ, ആഫ്രിക്ക, തുർക്കി, പേർഷ്യ, അറേബ്യ തുടങ്ങി വിഭിന്ന സംസ്ക്കാരങ്ങളുടെ ഒരു സങ്കലനത്തിന് വഴിയൊരുക്കി. അങ്ങനെ ഉദാത്തമായകണ്ടുപിടുത്തങ്ങളുടേയും നേട്ടങ്ങളുടേയും ചേരുവകൾ ചേർത്ത് പാരമ്പര്യങ്ങളെ പിന്തള്ളിക്കൊണ്ട് സുരഭിലമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയും ചെയ്തു.

## പാഠ്യപ്രവർത്തനങ്ങൾ 2.2

നിങ്ങൾ ഇന്ത്യയോ വിദേശ രാജ്യങ്ങളോ സന്ദർശിച്ചപ്പോഴോ അല്ലെങ്കിൽ പുസ്തകങ്ങളിലോ മാസികകളിലോ കണ്ടിട്ടുള്ളതോ ആയ അറബ് നിർമ്മാണ കലയുമായി ബന്ധമുള്ള അഞ്ച് സ്മാരകങ്ങളുടെ ഒരു പട്ടിക ഓർമ്മയിൽ നിന്നും തയ്യാറാക്കുക. ഈ സ്മാരകങ്ങളുടെ സവിശേഷതകൾ എന്തെല്ലാം? ഈ സ്മാരകങ്ങൾ എവിടെയൊക്കെയാണ് സ്ഥിതിചെയ്യുന്നത്? ഈ സ്മാരകങ്ങൾ കണ്ടപ്പോൾ നിങ്ങളുടെ ചിന്തകൾ എന്തെല്ലാമായിരുന്നു? ഇവയെല്ലാം കേടുവരാതെ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

## 2.4 മദ്ധ്യകാല ഇന്ത്യൻ സംസ്ക്കാരം

കഴിഞ്ഞ പാഠത്തിൽ നാം ഗുപ്ത സാമ്രാജ്യത്തെക്കുറിച്ച് പഠിച്ചു. ഹർഷ വർദ്ധനന്റെ ഭരണശേഷം എട്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ കാണുന്നത് നരവധി രാജാക്കൻമാർ

അധികാരത്തിനും ആധിപത്യത്തിനും ശ്രമിക്കുന്ന ഒരു രാഷ്ട്രീയ സംഘർഷത്തിന്റെഫല മായുണ്ടായ അരാജകത്വത്തിന്റെ നീണ്ട ചരിത്രമാണ്. ഉത്തരേന്ത്യയിൽ ഉണ്ടായിരുന്ന മൂന്ന് പ്രമുഖ രാജവംശങ്ങൾ പാലൻമാരും പ്രതിഹരൻമാരും രാഷ്ട്രകൂടൻമാരുമായിരുന്നു. രജപുത്ര വംശങ്ങളായ 'ചൗഹാൻമാരും' 'പരാപരൻമാരു്ഗഹദ്വാളൻമാരും' മറ്റും ചെറിയ നാട്ടുരാജ്യങ്ങൾ സ്ഥാപിച്ചു.

ദക്ഷിണേന്ത്യയിൽ ചോളൻമാരായിരുന്നു പ്രബലർ. ഈ രാഷ്ട്രീയ സംഘട്ടനങ്ങളും അധികാരത്തിന്റെ വിഭജനവും 'ഗസ്നി'യിലെ 'മഹ്മൂദിനെ പോലൊരു ആക്രമണകാരിക്ക് അനുയോജ്യമായ സാഹചര്യങ്ങളൊരുക്കി. ഏഷ്യയുടെ മദ്ധ്യ-പശ്ചിമ ഭാഗങ്ങളിൽ ഏറെ യുദ്ധങ്ങൾ നടത്തി വിജയിച്ച മഹ്മൂദ് ഇന്ത്യയിലേയ്ക്കു തിരിഞ്ഞു. അദ്ദേഹത്തിന്റെ ഇന്ത്യൻ ആക്രമണം ആരംഭിച്ചത് എ.ഡി. 1000 ത്തിലായിരുന്നു. പിന്നീട് പലതവണ മഹ്മൂദ് പഞ്ചാബിനെ ആക്രമിച്ചു. കാശ്മീരിലും കിഴക്കൻ രാജസ്ഥാനിലും ഫലഭൂയിഷ്ഠമായ ഗംഗാതടത്തിലും അദ്ദേഹം ആക്രമണം നടത്തി. ഇന്ത്യയിൽ കീഴടക്കിയ പ്രദേശങ്ങൾ ചേർത്ത് ഒരു സാമ്രാജ്യം സ്ഥാപിക്കാൻ മഹ്മൂദിന് താത്പര്യമുണ്ടായിരുന്നില്ല.

### 2.4.1 രാഷ്ട്രീയ സംഭവങ്ങൾ

മഹ്മൂദിന്റെ ആക്രമണത്തെ തുടർന്ന് വന്നത് തുർക്കികളായിരുന്നു. പതിമൂന്നാം നൂറ്റാണ്ട് ആയപ്പോഴേയ്ക്കും തുർക്കികൾ ഉത്തരേന്ത്യയിൽ ആകമാനം അവരുടെ ആധിപത്യം സ്ഥാപിച്ചു. ഈ തുർക്കി ഭരണാധികാരികളെ സുൽത്താൻമാർ എന്ന് വിളിക്കുകയും അവർ ഡൽഹി തലസ്ഥാനമാക്കി ഭരണം നടത്തുകയും ചെയ്തിരുന്നു. അവരുടെ സാമ്രാജ്യം ഡൽഹി സുൽത്താനേറ്റ് എന്നറിയപ്പെട്ടിരുന്നു. ഇതിൽ ഏറ്റവും ശക്തരായ ഭരണവർഗ്ഗം ഖിൽജികളുടേതും തുഗ്ലക്കുകളുടേതുമായിരുന്നു.ഇവർക്ക് മിക്കപ്പോഴും മംഗോൾ ആക്രമ ണത്തിന്റെ ഭീഷണി നേരിടേണ്ടി വന്നിരുന്നു. അതേസമയം ദക്ഷിണേന്ത്യയിൽവിജയ നഗരം, ബ്രാഹ്മിണി എന്നീ രണ്ട് രാജ്യങ്ങൾ ആധിപത്യത്തിനായി നിരന്തരം പോരാട്ടത്തിലായിരുന്നു. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുഗളൻമാരുടെ ആഗമനത്തോടുകൂടി ഇന്ത്യാ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന് ആരംഭം കുറിച്ചു. രാഷ്ട്രീയാർത്ഥത്തിൽ ഇതു വരെ കണ്ടിട്ടില്ലാത്ത ഒരു ഏകഭാരത സാമ്രാജ്യത്തിന് ഇത് സാക്ഷ്യം വഹിച്ചു. രാഷ്ട്രീയ ഏകോപനവും ദീർഘ കാലം നീണ്ടുനിന്ന സ്ഥിരതയും സമാധാനത്തിനും സമൃദ്ധിക്കും സാമ്പത്തിക വളർച്ചയ്ക്കും കാരണമായി.

സാമൂഹികമായും സാംസ്ക്കാരികമായും അത് വിവിധപാരമ്പര്യങ്ങളുടെ ഒരു സങ്കലനകാലമായിരുന്നു. ഈ സങ്കലനത്തിന്റെ ഫലമായി സവിശേഷമായൊരു സാമൂഹ്യ ജീവിതക്രമവും മതാചാരങ്ങളും വിശ്വാസങ്ങളും പലതരം കലാരൂപങ്ങളും വളർന്നു വന്നു. അവയെല്ലാം പരസ്പരം സഹിഷ്ണുതയിലും സൗഹൃദപൂർണ്ണമായ സഹവർത്തിത്വത്തിലും അധിഷ്ഠിതമായിരുന്നു.

ഈ വലിയ കേന്ദ്രീകൃത സാമ്രാജ്യങ്ങളായ ഡൽഹി സുൽത്താനേറ്റിനും മുഗൾ സാമ്രാജ്യത്തിനും പുറമേ അനേകം ചെറിയ പ്രാദേശിക രാജവംശങ്ങളും ഇക്കാലത്ത് വളർന്നുവന്നു. ബംഗാളിലെ 'ഇല്യാൻഷാഹി' 'ഹുസൈൻഷാഹി ആസാമിലെ 'അഹോംസ് ഒറീസ്സയിലെ 'ഗജാപതി' രജപുത്ര രാജവംശങ്ങളായ രാജസ്ഥാനിലെ 'മീവാറും 'മാർവാറും ജോൺപൂരിലെ 'ഷാർക്കി തുടങ്ങിയ രാജവംശങ്ങൾ അവയിൽ ചിലതാണ്. ഈ സ്വതന്ത്ര പ്രാദേശിക രാജവംശങ്ങളുടെ വളർച്ച ശക്തമായ പ്രാദേശിക വ്യക്തിത്വങ്ങൾ വളർത്തുകയും ഒപ്പം അവരുടെ സ്വന്തമായ ഭാഷയും സംസ്ക്കാരവും സാഹിത്യവും വളർത്തുകയും ചെയ്തു.

### 2.4.2 രാഷ്ട്രീയ പ്രസ്ഥാനങ്ങൾ

തുർക്കികളുടേയും മുഗളൻമാരുടേയും ആഗമനം സർവ്വാധികാരത്തെക്കുറിച്ചും ഭരണ രീതിയെക്കിറിച്ചും പുതിയ ആശയങ്ങൾ കൊണ്ടുവന്നു. ഇസ്ലാമിക രാഷ്ട്രീയ ആശ

കുറിപ്പുകൾ

യത്തിൽ രാജാവെന്ന ഒരു ധാരണയും അതിനൊരു വ്യക്തമായ സ്ഥനവും ഉണ്ടായിരുന്നില്ല. പകരം അത് തുല്യരുടെ ഒരു സമൂഹഭരണത്തെ അടിസ്ഥാനമാക്കിയായിരുന്നു. ആദ്യകാലത്ത് അധികാരം സുൽത്താനും തുർക്കി പ്രഭുക്കൻമാരും പങ്കിട്ടെടുക്കുകയായിരുന്നു. എന്നാൽ ബാൽബന്റെ ഭരണകാലം സുൽത്താന്റെസ്ഥാനം കാര്യമായി ഉയർത്തുകയും അങ്ങനെ അദ്ദേഹം ഭരണത്തിന്റെയും രാജ്യത്തിന്റെയും പരിപൂർണ്ണ അധികാരം ഏറ്റെടുക്കു കയും ചെയ്തു. തുർക്കി പ്രഭുക്കൻമാരുടെ അധികാരം വളരെക്കുറഞ്ഞു. മുഗളൻമാരുടെ രാജാവിന്റെ അധികാരം അഭൂതപൂർവ്വമായ രീതിയിൽ ഉറപ്പിക്കുകയും ചെയ്തു.

ഡൽഹി സുൽത്താൻമാരും മുഗളൻമാരും ഭരണരീതിയിൽ കുറെയധികം നവീകരണം വരുത്തി. ഡൽഹി സുൽത്താൻമാരുടെ കീഴിൽ പട്ടാളമേധാവികൾക്ക് 'ഇക്ത കൊടുത്തിരുന്നു. ഇക്ത എന്നത് ഒരു ചെറിയ ഭൂപ്രദേശത്തെ വിളിച്ചിരുന്ന പേരാണ്. എന്നാൽ ഇതിന്റെ ഉടമസ്ഥാവകാശം നൽകിയിരുന്നില്ല. പകരം അവിടെ നിന്ന് നികുതി ഈടാക്കുവാനുള്ള അധികാരമാണ് അവർക്ക് നൽകപ്പെട്ടിരുന്നത്. ഈ നികുതി 'ഇക്തദാറിന് അതായത് 'ഇക്ത കൊടുത്തിട്ടുള്ള വ്യക്തിയ്ക്ക് അദ്ദേഹത്തിന്റെ സ്വകാര്യാവശ്യങ്ങൾ നിറവേറ്റുന്നതിനും തന്റെ സൈന്യത്തെ പരിപാലിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. 'ഇക്തകൾ കൈമാറ്റം ചെയ്യാവുന്നവയായിരുന്നു. ഈ സൈനിക ബലം ചക്രവർത്തി ആവശ്യപ്പെടുന്ന സമയത്ത് ഉപയോഗത്തിന് നൽകാൻ 'ഇക്തദാർ ബാധ്യസ്ഥനായിരുന്നു. എന്നാൽ നേരത്തേ നിലനിന്നിരുന്ന ഭൂനിയന്ത്രണരീതിയും ഭവുടമസ്ഥതാശ്രേണിയും ഗ്രാമങ്ങളിൽ മാറ്റമില്ലാതെ തുടർന്നു.

മുഗൾഭരണ സമ്പ്രദായം അല്പംകൂടെ കടന്നുചെല്ലുന്ന തരത്തിലുള്ളവയായിരുന്നു. അതായത് അതിന്റെ നികുതിയിൻമേലും ഭൂവുടമസ്ഥതയുടെമേലും ഉള്ള നിയന്ത്രണം ഗ്രാമീണതലത്തിൽ കുറെക്കൂടെ ആഴത്തിൽ ചെല്ലുന്നവയായിരുന്നു. മുഗളൻമാർ ഏർപ്പെടുത്തിയ 'മാൻസബ്ദാറുകൾ പ്രധാനമായും സൈനിക ചുമതലകളും, ചിലപ്പോഴൊക്കെ ഭരണ ചുമതലകളും നിർവ്വഹിച്ചു. 'മാൻസബ് എന്നത് വാസ്തവത്തിൽ ഒരു പ്രത്യേകപദവിയോ, സ്ഥാനമോ ആയിരുന്നു. ഇത് പട്ടാളമേധാവികളുടെ ഭരണ ക്രമത്തിലുള്ള സ്ഥാനം നിശ്ചയിക്കുകയും അയാളുടെ കീഴിലുള്ള പട്ടാളക്കാരുടെ എണ്ണത്തെ ആശ്രയിക്കുകയും ചെയ്തിരുന്നു. 'മാൻസബ്ദാറുകൾ' പ്രധാനമായും 'ജാഗിറുകൾ' (ഭൂമിവേതനമായി നൽകുന്ന രീതി) വഴിയാണ് വേതനം അനുഭവിച്ചിരുന്നത്. ഇവ ഇക്തകൾക്ക് തുല്യമായിരുന്നു. ഇക്തയിൽ ഭരണച്ചുമതലയും കൂട്ടിയോജിപ്പിച്ചിരുന്നെങ്കിൽ ജാഗിറുകൾക്ക് അതില്ലായിരുന്നുവെന്നതായിരുന്നു ഇവ തമ്മിലുള്ള വ്യത്യാസം. മുഗളൻമാരുടെ സാമ്രാജ്യത്വരീതികൾ 'മാൻസബ്ദാരി', 'ജാഗിർദാരി' രീതികളുടെ പ്രവർത്തന ക്ഷമതയെ അപേക്ഷിച്ചായിരുന്നു.

### 2.4. 3. സമ്പദ് ഘടന


ഡൽഹിസുൽത്താനേറ്റും മുഗൾ സാമ്രാജ്യവും കൃഷിയുത്പ്പാദനത്തിന്റെ അധികഭാഗവും നികുതിയായി ഈടാക്കിയിരുന്നു. മുഗൾകാലഘട്ടത്തിൽ, വിശേഷിച്ച് അക്ബറിന്റെ കാലത്ത് ദൂരവ്യാപകമായ മാറ്റങ്ങളും നികുതി പിരിവിന്റെ കാര്യത്തിലുണ്ടായി. ഭൂമി കൃത്യമായി അളക്കപ്പെടുകയും ഭൂ നികുതി ഓരോ സ്ഥലത്തിനുമനുസരിച്ച് തീരുമാനിക്കപ്പെടുകയുമുണ്ടായി. ഭൂമിയുടെ ഫലഭൂയിഷ്ഠിയും കണക്കിലെടുത്തിരുന്നു. സമകാലീന വിപണി നിലവാരമനുസരിച്ച് സംസ്ഥാനത്തിന്റെ ഓഹരിത്തുക കണക്കാക്കുകയും അത് പണമായി നിശ്ചയിക്കുകയും ചെയ്തു. പണമായി നികുതി അടയ്ക്കുന്നതിനെയാണ് ഭരണകർത്താക്കൾ പ്രോത്സാഹിപ്പിച്ചത്. കാർഷിക രംഗം വാണിജ്യവത്ക്കരിക്കപ്പെടുകയും ഗവൺമെന്റ് നാണ്യ വിളകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടൊരു കാലഘട്ടമായിരുന്നു ഇത്. അതുവരെ കൃഷിയ്ക്ക് ഉപയോഗിക്കപ്പെടാതിരുന്ന സ്ഥലങ്ങളിലേയ്ക്കും

വനപ്രദേശങ്ങളിലേയ്ക്കും കൃഷി വ്യാപിപ്പിക്കുന്നതിലും ഭരണകൂടം താത്പര്യമെടുത്തു. കാർഷികരംഗത്തെ നവാഗതർക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങളും നൽകിയിരുന്നു. കാർഷികാവശ്യങ്ങൾക്ക് വായ്പ്പകളും കൃഷിനാശത്തിന്റെ സമയങ്ങളിൽ നികുതിയിളവും ഭരണകർത്താക്കൾ നൽകി.

ഗുപ്ത കാലഘട്ടത്തെതുടർന്ന് തകർച്ചയിലായിരുന്ന വ്യാപാര വാണിജ്യങ്ങളും ഇക്കാല യളവിൽ പുനരുദ്ധരിക്കപ്പെട്ടു. നീണ്ട കാലത്തെ പതനത്തിൽ നിന്നും നഗരങ്ങളും ഉണർന്നു. പതിമൂന്നു, പതിനാലു നൂറ്റാണ്ടുകളിൽ ഈ നവ നഗരവത്ക്കരണത്തിന്റെ ഫലമായി ദേശീയ വ്യാപാരം ഗണ്യമായി വർദ്ധിച്ചു. വ്യാപാരത്തെ സഹായിക്കുന്ന വിധത്തിൽ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ഒട്ടേറെ പാതകൾ നിർമ്മിക്കപ്പെട്ടു. ഡൽഹി, ആഗ്ര, ലാഹോർ, മുൾട്ടാൻ, ധാക്ക, അഹമ്മദാബാദ്, സൂറത്ത്, കാംബെയ് തുടങ്ങിയ പ്രദേശങ്ങൾ പ്രധാന നഗരങ്ങ ളായി ഉയർന്നുവന്നു. പഞ്ചാബിൽ നിന്നുള്ള വ്യാപാരസാധനങ്ങൾ മദ്ധ്യപശ്ചിമ ഏഷ്യ യിലെ വിപണികൾ തേടി യാത്രയായി. മുഗളൻമാർകൊണ്ടുവന്ന സമാധാനവും ഭരണസ്ഥിര തയുംനഗര ങ്ങൾക്കിടയിലൂടെയുള്ള യാത്ര ഭയരഹിതവും എളുപ്പവുമാക്കി. തീരദേശ വ്യാപാരവും തഴച്ചുവളർന്നു. ഒട്ടേറെ വ്യാപാര വിഭാഗങ്ങൾ ഉണ്ടായിരുന്ന അക്കാലത്തെ വാണിജ്യരീതികളും ആചാരങ്ങളും ഉയർന്ന നിലവാരം പുലർത്തിയിരുന്നു. 'സേട്ടുമാർ, 'ബൊഹ്റ മാർ, മോഡിമാർ, തുടങ്ങിയവർ ദൂരദേശ വ്യാപാരങ്ങളിലും 'ബിപാരിസ്' 'വണി ക്കുകൾ തുടങ്ങിയവർ പ്രാദേശിക വ്യാപാരത്തിലും ശ്രദ്ധിച്ചു. ധാരാളമായി ഭക്ഷണവസ്തു ക്കൾ വ്യാപാരം ചെയ്തിരുന്ന പ്രത്യേക വിഭാഗമായിരുന്ന 'ബഞ്ചാരകൾ', 'ഷറഫു കൾ'('ഷോർഫ്യൂകൾ') എന്നു വിളിച്ചിരുന്നവർ കൈമാറ്റ രസീതുകൾ നൽകിയിരുന്ന പണ മിടപാടുകാർആയിരുന്നു. 'ഹുണ്ടി' അല്ലെങ്കിൽ കൈമാറ്റ ബിൽ എന്നത് നിർദ്ദിഷ്ട സ്ഥലത്ത്പിന്നീട്പണമടയ്ക്കാവുന്ന ഒരു ക്രഡിറ്റ് കത്താണ്. ഇത് രാജ്യത്തിന്റെ ഒരു ഭാഗ ത്തു നിന്ന് മറുഭാഗത്തേയ്ക്ക് ചരക്കു ഗതാഗതം സുഗമമാക്കി ദൂരദേശ പണമിടപാടു കളെ താരതമ്യേന എളുപ്പമാക്കി.

### 2.4.4 മതവും സംസ്ക്കാരവും

മത-സാംസ്ക്കാരിക മേഖലകളിൽ പാരമ്പര്യങ്ങളുടെ സുന്ദരമായ ഒരു സങ്കലനത്തിന് മദ്ധ്യ കാലഘട്ടം സാക്ഷ്യം വഹിച്ചു. ഭക്തി, സൂഫി, പ്രസ്ഥാനങ്ങൾ ഇതിന് ഉത്തമ ഉദാഹരണ ങ്ങളാണ്. വ്യക്തിപരമായ സമർപ്പണത്തിലൂടെ ഈശ്വരനുമായി ഏകത്വം പ്രാപിക്കുന്നതി നെക്കുറിച്ച് പറഞ്ഞിരുന്ന ഭക്തി പ്രസ്ഥാനം അന്നത്തെ ജനങ്ങളുടെ ദൈനംദിന ജീവത ത്തോടെ ഏറെ അടുത്തിരുന്നു. ആചാരാനുഷ്ഠാനങ്ങളെക്കാൾ അത് സ്നേഹത്തിനും സമർപ്പണത്തിനും പ്രാധാന്യം നൽകി. അത് ജാതി വ്യവസ്ഥയേയും ബ്രാഹ്മണരുടെ ആധി പത്യത്തേയും ചോദ്യം ചെയ്തു. ഭക്തി ചിന്തകരായിരുന്ന രാമാനന്ദൻ, കബീർ, രവിദാ സൻ, മീരാഭായി, ഗുരുനാനാക്ക്, തുക്കാറാം ചൈതന്യ തുടങ്ങിയവർ സാധാരണക്കാരുടെ മനസ്സിൽ അസാധാരണ സ്വാധീനം ചെലുത്തി. ഇന്നും അതു തുടരുന്നു. ഇവരിൽ ചിലർ വിശാലമായൊരു അനുയായി വൃന്ദത്തേയും നേടി. ഉദാഹരണത്തിന് ഗുരുനാനാക്ക് പഞ്ചാ ബിലെ ജനങ്ങൾക്കിടയിൽ ഏറെ സ്വാധീനം ചെലുത്തി. അദ്ദേഹത്തിന്റെ അനുയായികൾ സിക്കു മതം സ്വീകരിക്കുകയും അവരെ സിക്കുകാർ എന്നു വിളിക്കപ്പെടുകയും ചെയ്തു. അതുപോലെ തന്നെ സൂഫി സിദ്ധാന്തവും സൈദ്ധാന്തികരും ഈശ്വരനെ അറിയാനുള്ള ഏകമാർഗ്ഗമായിക്കണ്ടത് ഈശ്വരസമർപ്പണവും സ്നേഹവുമാണ്. അവർ സഹിഷ്ണുത യെപ്പറ്റിയും ജീവ കാരുണ്യത്തെപ്പറ്റിയും പ്രസംഗിച്ചു. ഇല്ലായ്മയുടെ ജീവിതം നയിച്ച അവർ സാധാരണക്കാരുടെ വിഷമങ്ങളും ദുഃഖങ്ങളും പങ്കിട്ടു. അതിന്റെ ഫലമായി ജനങ്ങൾക്കി ടയിൽ അവരുടെ സ്വാധീനം ശക്തമായി. ഭക്തി-സൂഫി ചിന്തകർ തമ്മിൽ ആശയവിനിമ യവും തത്വചിന്തകളുടെ കൈമാറ്റവും നടന്നിരുന്നു. ഈ രണ്ടു പ്രസ്ഥാനങ്ങളും വാസ്തവ ത്തിൽ ഹിന്ദു മുസ്ലീം, മതങ്ങൾക്കിടയിലുള്ള ഒരു പാലമായി വർത്തിച്ചു.



**ചിത്രം 2.3** *ഗുരു നാനാക്ജി*

### നിങ്ങൾക്ക് അറിയാമോ

(കബിർ ക ദോഹ-കബീറിന്റെ ഈരടി)

ദുഖ് മെ സുമിരൻ സബ്കരൈ, സുഖ്മെകരൈ ന: കോയി

ജോ സുഖ് മെ സുമിരൻ കരൈ, തൊ ദുഖ്, കാഹെ, കൊ ഹൊയ്.

(ദുഃഖം വരുമ്പോൾ ഓരോരുത്തരും ഈശ്വരനെ പ്രാർത്ഥിക്കുന്നു. സുഖത്തിൽ ആരും അത് ചെയ്യുന്നില്ല. ഒരുവൻ സന്തോഷത്തിലും ഈശ്വരനെ പ്രാർത്ഥിച്ചാൽ അയാൾക്ക് എങ്ങനെ ദുഃഖം വരാനാണ്?)

## പാഠ്യപ്രവർത്തനം 2.3

നിങ്ങളുടെ സംസ്ഥാനത്തോ, അടുത്ത് മറ്റെവിടെയോ, 'ഭക്തി' 'സൂഫി' വിശ്വാസികളായ സന്യാസിമാർ ജീവിച്ചിരുന്നിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുക. അവരുടെ ക്ഷേത്രങ്ങൾ സന്ദർശിച്ച് നിങ്ങളുടെ അനുഭവം എഴുതുക. (50-100 വരെ വാക്കുകൾ)

ഭക്തി, സുഫി, സന്യാസിമാരുടെ മൂന്ന് പടം വീതം ശേഖരിക്കുക. അവരുടെ ഉദ്ബോധ നങ്ങൾ മനസ്സിലാക്കുക, ഈ ഉദ്ബോധനങ്ങൾ തമ്മിലുള്ള സാമ്യവും വ്യത്യാസവും മനസ്സിലാക്കൂ. ഓരോന്നിനെക്കുറിച്ചും കുറച്ചു വാക്യങ്ങൾ എഴുതുക. ഇവരുടെ ഉദ്ബോധനങ്ങൾക്ക് ഇപ്പോഴും പ്രസക്തിയുണ്ടോ, നിങ്ങളുടെ ചിന്തകൾ കുടുംബത്തോടും,സുഹൃത്തു ക്കളോടും പങ്കു വയ്ക്കുക.

ഭാഷ സാഹിത്യം, കല, നിർമ്മാണം, നൃത്തം, സംഗീതം, എന്നിവയും വിവിധ സംസ്കാരങ്ങളുടെ സംയോജനത്തിന്റേതായ ഈ പ്രവണതയിൽ പങ്കു ചേർന്നു. ഭാഷയിലും സാഹിത്യത്തിലും പേർഷ്യൻ ഭാഷയും സംസ്കൃതവും പാരമ്പര്യഭാഷകളായി തഴച്ചു വളർന്നെങ്കിലും പ്രാദേശിക ഭാഷകളുടെ വളർച്ചയും വികസനവും ശ്രദ്ധേയമായിരുന്നു. ഹിന്ദി, ബംഗാളി, ഒറിയ, രാജസ്ഥാനി, ഗുജറാത്തി, തുടങ്ങി ഒട്ടനവധി പ്രാദേശിക ഭാഷകൾ പക്വതയാർജ്ജിക്കുകയും സാഹിത്യത്തിൽ ഉപയോഗിക്കപ്പെടാൻ തുടങ്ങുകയും ചെയ്തു.

കലയും നിർമ്മാണവും മദ്ധ്യകാലത്ത് തഴച്ചു വളർന്നു. രാജകീയ കേന്ദ്രങ്ങൾ സർക്കാർ

വേതനത്തിൽ കലാകാരൻമാരെ നിയമിച്ച് ചിത്രരചനകൾ നടത്തുന്ന രീതി മുഗൾ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. മുഗൾചിത്രരചനാശൈലി, പേർഷ്യൻ, ഇന്ത്യൻ ശൈലികളുടെ ഒരു സമ്പൂർണ്ണ സങ്കലനമായിരുന്നു. അതിന് ഒരു കാരണം ഈ ശൈലിയിലെ കലാകാരൻമാർ വിവിധ രീതികൾ പരിചയിച്ചവരും അതിൽ ചിലഘടകങ്ങൾ അവർ തങ്ങളോടൊപ്പം കൊണ്ടു പോന്നു എന്നുള്ളതുമാണ്. രജപുത്താന, ഗുജറാത്ത്, മാർവ തുടങ്ങിയവ അതിൽ ചിലതാണ്. ദ്വാശന്ത്, ബസവൻ, മുകുന്ദൻ, കേശവ് തുടങ്ങിയവർ അന്നത്തെ പ്രസിദ്ധ കലാകാരൻമാരായിരുന്നു. പേർഷ്യൻ ഗുരുക്കന്മാരായ അബ്ദുൾസമദ്, സയ്യിദ് അലി തുടങ്ങിയവരുടെ മേൽനോട്ടം പേർഷ്യൻ രീതികളും കൊണ്ടുവന്നു. കൈയ്യെഴുത്ത് പ്രതികളുടെ ലേഖനം മുഗൾ ചിത്രകലയുടെ ഒരു പ്രത്യേകതയാണ്.

ഇന്തോ-ഇസ്ലാമിക നിർമ്മാണ കലയിലും മദ്ധ്യകാല ഇന്ത്യയുടെ കൗതുകകരമായ സാംസ്കാരിക പ്രതിഫലനം നമുക്ക് ദർശിക്കാം. ഇന്ത്യൻ കർമ്മശേഷിയും വൈദഗ്ധ്യവും അലങ്കാര മാതൃകകളും ചിത്രണങ്ങളും പേർഷ്യൻ ശൈലിയിലേക്ക് സന്നിവേശിപ്പിച്ചിരിക്കുന്നത് കാണാം. ഹൈന്ദവ ഘടകങ്ങളായ മണി, സ്വസ്തിക, താമര, കലശം തുടങ്ങിയവയോടൊപ്പംപുതിയആർച്ചുകളുംതാഴികക്കുടങ്ങളുംപ്രത്യക്ഷപ്പെട്ടു തുടങ്ങി. കുത്തബ്മീനാർ, അലൈദർവാസ, തുഗ്ലക്ക് കാലഘട്ടത്തിന്റെ സ്മാരകങ്ങളായ ഗിയാസുദീന്റെ പട്ടണം തുടങ്ങിയവ ഡൽഹി സുൽത്താനേറ്റ് കാലത്തെ പ്രധാന നിർമ്മിതികളാണ്. മുഗൾകാലഘട്ടത്തിലെ സ്മാരകങ്ങൾ കുറെകൂടി ആഴത്തിലുള്ള സംയോജനവും ലയനവുംകാണിക്കുന്നു. ഫത്തേപുർസിക്രിയിലെ സ്മാരകങ്ങളായ പഞ്ചമഹൽ, ബീർബലിന്റെ കൊട്ടാരം, ഇബാദത്ത് ഖാനാ, ഹുമയൂണിന്റെ ശവകുടീരം, ആഗ്രയിലുള്ള ഇത്ത്മദ് ദൗളയുടെ ശവകുടീരം, താജ്മഹൽ തുടങ്ങിയവ മുഗൾ വാസ്തുവിദ്യയുടെ ഉത്തമ മാതൃകകളാണ്.

ഇന്ത്യയിലെ മിക്ക മദ്ധ്യകാല ഭരണാധികാരികളും സംഗീതം പ്രോൽസാഹിപ്പിച്ചു. ഇന്ത്യൻ സംഗീതവും ഉപകരണ സംഗീതവും അറബ്, ഇറാനികൾ, മധ്യേഷ്യൻ സംഗീത പാരമ്പര്യങ്ങളുമായി മുഖാമുഖം വന്നത് ഈ സമയത്താണ്. പുതിയ രാഗങ്ങൾ രചിക്കപ്പെട്ടു. സൂഫി, ഭക്തി സംഗീതധാരയ്ക്ക് പുതിയ ഉണർവ്വേകി.

ഇന്ത്യാചരിത്രത്തിലെ മധ്യകാലഘട്ടം അതിന്റെ രാഷ്ട്രീയ സാമ്പത്തിക സാംസ്ക്കാരിക ജീവിതത്തിന്റെ സവിശേഷതകൾകൊണ്ട് പുരാതന കാലത്തിനുശേഷം വന്ന മറ്റൊരു ശ്രദ്ധേയമായ കാലയളവായി മാറി.



**ചിത്രം 2.4** *കുത്തബ് മീനാർ*

കുറിപ്പുകൾ

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 2.2

1. 'മെക്ക' ഔന്നത്യത്തിലേയ്ക്ക് ഉയരാനുള്ള കാരണങ്ങൾ ഏവ ?

2. അറബ് സംസ്ക്കാരത്തിന്റെ സംഭാവനകൾ ദൃശ്യമാകുന്ന അഞ്ച് മേഖലകൾ ഏതെല്ലാം?

3. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

   (a) ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും .................. രാജവംശമാണ് ........................ ആധിപത്യം സ്ഥാപിച്ചിരുന്നത്

   (b) മുഗൾ രാജഭരണത്തിന്റെ പ്രവർത്തനം ...................................... ഇവയുടെ സുഗമ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ആയിരുന്നു.

   (c) .................................. ഭക്ഷ്യവസ്തുക്കളും ധാരാളം ചരക്കുകളുമായി യാത്ര ചെയ്ത് കൈമാറ്റ രസീതുകൾ നൽകിയിരുന്ന പണമിടപാടുകാർ.

   (d) ................................ ലൂടെ ഭക്തി പ്രസ്ഥാനം ഈശ്വരനുമായുള്ള സമന്വയത്തെപ്പറ്റി ഊന്നൽ നൽകുന്നു.

## നിങ്ങൾ എന്തൊക്കെ പഠിച്ചു

- ലോകത്തിന്റെ പല ഭാഗങ്ങളിലും വിവിധ മേഖലകളിലും ഗണ്യമായ പുരോഗതി ഉണ്ടായ കാലമായതുകൊണ്ട് മദ്ധ്യകാലത്തെ ഇരുണ്ട കാലഘട്ടമെന്ന് വിളിക്കാനാവില്ല.
- മദ്ധ്യകാല യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട പ്രസ്ഥാനം ഫ്യൂഡൽ വ്യവസ്ഥിതിയാണ്.
- രാഷ്ട്രീയ അധികാരത്തിന്റെ ശ്രേണീവത്ക്കരണമാണ് ഫ്യൂഡലിസത്തിൽ ഉണ്ടായത്.
- അടിമത്ത്വവും ' മാനർ' അധിഷ്ഠിത ഉത്പ്പാദനവുമായിരുന്നു ഫ്യൂഡലിസത്തിന്റെ സാമ്പത്തിക വശങ്ങൾ.
- ഫ്യൂഡലിസം നിശ്ചലമായ ഒന്നായിരുന്നില്ല. അത് വളർച്ചയുടേയും പ്രതിസന്ധികളുടേയും ഘട്ടങ്ങളിലൂടെ കടന്നുപോയി.
- പത്താം നൂറ്റാണ്ടിനുമുമ്പുള്ള യുറോപ്പ് താഴ്ന്ന നിലവാരത്തിലുള്ള സാംസ്ക്കാരിക നേട്ടങ്ങളെ ഉണ്ടാക്കിയുള്ളു. പത്താം നൂറ്റാണ്ടിനുശേഷം സാംസ്കാരിക ജീവിതം മെച്ചപ്പെട്ടു. പഠനവും ബൗദ്ധികവുമായ വളർച്ചയും അഭിവൃദ്ധിപ്പെടുകയും ചെയ്തു.
- ഏതാണ്ട് ഏഴാം നൂറ്റാണ്ടിൽ മുഹമ്മദ് നബി അവതരിപ്പിച്ച ലളിതമായ തത്വങ്ങളുടെ ഒരു മതമാണ് ഇസ്ലാം.
- ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും ഇസ്ലാം മതം പ്രചരിച്ചു.

- 1500 എ ഡി. വരെ ഇസ്ലാമിക സംസ്ക്കാരവും സമൂഹവും വൈവിധ്യമാർന്നതും ആഗോളതലത്തിലുള്ളതും ആയിരുന്നു. അത് ധാരാളം ശാസ്ത്രീയ വളർച്ചകൾക്കും സാംസ്ക്കാരിക പുരോഗതിയ്ക്കും കാരണമായി.

- തുർക്കികളുടേയും മുസ്ലീമുകളുടേയും ആഗമനം ഇന്ത്യയിൽ സർവ്വാധികാരത്തെക്കുറിച്ചും ഭരണത്തെക്കുറിച്ചും പുതിയ ആശയങ്ങൾക്ക് തുടക്കമിട്ടു. 'ഇക്ത', 'ജാഗിർദാരി', 'മാൻസബ്ദാരി' എന്നിവ സൈനിക സാമ്പത്തിക മേഖലകളിലെ നവീന ആശയങ്ങളായിരുന്നു.

- ഇന്ത്യയിലെ മദ്ധ്യകാലം സമ്പദ്ഘടനയിലെ വളർച്ചയുടെ കാലഘട്ടമായിരുന്നു. ഇന്ത്യയിലെ മദ്ധ്യകാല സാംസ്ക്കാരിക സാമൂഹിക ജീവിതം ഏറ്റവും പ്രാധാന്യമേറിയ വിവിധ പാരമ്പര്യങ്ങളുടെ അപൂർവ്വ സംയോജനമായിരുന്നു.

## പാഠ്യാന്ത്യ അഭ്യാസം

1. മനുഷ്യസമൂഹത്തിന്റെ ക്രമികമായ വികാസത്തെപ്പറ്റി പഠിക്കാൻ മദ്ധ്യകാലഘട്ടം ആവശ്യമാകുന്നതെന്തുകൊണ്ട് ?
2. റോമാസാമ്രാജ്യത്തിന്റെ പതനത്തിനുശേഷം പാശ്ചാത്യ യൂറോപ്പിലെ രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിലെ മാറ്റങ്ങളെന്തെല്ലാം?
3. മധ്യകാല സാമ്പത്തിക ഘടനയുടെ സവിശേഷതകൾ എന്തെല്ലാം?
4. ഇസ്ലാമിന്റെ പ്രധാന ഉദ്ബോധനങ്ങളെന്തെല്ലാമെന്ന് 100 വാക്കിൽ വിശദീകരിക്കുക?
5. മദ്ധ്യകാലഘട്ടത്തിലെ അറേബ്യൻ സംസ്ക്കാരം പുതിയ കണ്ടുപിടുത്തങ്ങളുടേയും നേട്ടങ്ങളുടേയും ഒരു കാലഘട്ടമായിരുന്നു. ഈ പ്രസ്താവനയെ സാധൂകരിക്കുക?
6. ഇക്തദാർ, മാൻസാബ് എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത് ?
7. 'ഭക്തി' പ്രസ്ഥാനത്തിന്റേയും 'സൂഫിസ'ത്തിന്റേയും സുപ്രധാന ഉദ്ബോധനങ്ങൾ എന്തെല്ലാം? ഹിന്ദുക്കളും മുസ്ലീമുകളും തമ്മിൽ ബന്ധിക്കുന്ന ഒരു പാലം പോലെ ഇത് എങ്ങനെ സംയോജിക്കുന്നു.?
8. എങ്ങനെയാണ് മദ്ധ്യകാല ഇന്ത്യ വിവിധ പാരമ്പര്യങ്ങളെ നന്നായി സമന്വയിപ്പിച്ചത് ?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തര സൂചിക

**2.1**

1. പ്രഭുവും അടിയാനും തമ്മിൽ വ്യക്തിപരമായ ഒരു ബന്ധം ഉണ്ടായിരുന്നു. അടിയാൻ പ്രഭുവിനെ സേവിക്കുമെന്ന് പ്രതിജ്ഞചെയ്തിരുന്നു. അതിന് പകരം അടിയാനെ സംരക്ഷിക്കുന്ന ചുമതല പ്രഭുവിന്റേതു മാത്രമായിരുന്നു.
2. പൂർണ്ണമായും പ്രഭുക്കൻമാരുടെ അധികാരത്തിൻ കീഴിലായിരുന്ന മദ്ധ്യകാല യൂറോ

പ്പിലെ ആശ്രിത കൃഷിക്കാരെ ആണ് സെർഫുകൾ എന്നു വിളിച്ചിരുന്നത്.

3. (a) ഇക്കാലത്ത് കാർഷികോൽപ്പന്നങ്ങളിൽ വൻ വർദ്ധനവുണ്ടായി. അതിനാൽ മിച്ചം വന്ന ഉല്പന്നങ്ങൾ വിൽക്കാനും അകലെയുള്ള വ്യാപാരോൽപ്പന്നങ്ങൾ വാങ്ങാനും കഴിഞ്ഞു.

   (b) തൊഴിൽ സേവനത്തിന്റെ കുറവും സാങ്കേതിക വിദ്യയുടെ മുരടിപ്പും കാർഷികോൽപ്പാദനത്തിൽ കുറവുണ്ടാക്കി. ആയതിനാൽ ഫ്യൂഡൽ വ്യവസ്ഥിതിയുടെ വളർച്ചയിൽ 13-ാം നൂറ്റാണ്ടുമുതൽ തിരിച്ചുപോക്കുണ്ടായി.

   (c) ഈ പ്രസ്താവന ശരിയല്ല. സമൂഹത്തിലെ വരേണ്യവിഭാഗത്തിലെ കുറച്ചുപേർക്കു മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. ഭൂരിഭാഗത്തിനും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നു. വിദ്യാഭ്യാസം വളരെ സങ്കുചിതവുമായിരുന്നു.

**2.2**

1. 2. 3 കാണുക

2. ജ്യോതിശാസ്ത്രം, ഔഷധം, പ്രകൃതിശാസ്ത്രം, സാഹിത്യം, ഗണിതം, വാസ്തുവിദ്യ

3. (a) ചോള

   (b) മാൻസബ്ദാരി, ജാഗിർദാരി

   (c) സറഫ്, ഷ്രോഫ്

   (d) സ്വയം സമർപ്പണം

# 3

# ആധുനിക ലോകം – 1

4 – ാം നൂറ്റാണ്ടുമുതൽ സാംസ്ക്കാരിക ബൗദ്ധിക മേഖലകളിൽ യൂറോപ്പ് ഗണ്യമായ മാറ്റത്തിന് സാക്ഷിയായി. പിന്നീട് ഈ മാറ്റങ്ങൾ ആധുനികകാലത്തിന്റെ ഉദയത്തിന് സഹായി ക്കുകയും ചെയ്തു. സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ ചിന്തയ്ക്കും യുക്തിവാദത്തിനും പ്രോത്സാഹനം നൽകി ജീവിതത്തിന്റെ സമസ്ത വീക്ഷണങ്ങളേയും ബാധിച്ചനവോത്ഥാന ത്തിന്റെ കാലമായിരുന്നു ഇത്. യുക്തി ചിന്തയുടേയും ശാസ്ത്രീയ അന്വേഷണത്തിന്റേയും ഒരു കാലം അറബ്നാടുകളിൽ നേരത്തേ തന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ ഈ നവോത്ഥാനകാലം ലോകത്തെമുഴുവൻ ബാധിച്ച ഒന്നാണ്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയോടുകൂടിയാണ് ആ മാറ്റങ്ങൾ ആരംഭിക്കുന്നത്. സമൂഹത്തെ ആധുനികമാക്കിയ ആ മാറ്റങ്ങളേയും വികസനത്തെയും കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം. അതോടൊപ്പം 20 –ാം നൂറ്റാണ്ടുവരെ ഉണ്ടായ പ്രധാന സംഭവങ്ങളും നമുക്ക് പരിശോധിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്ക് സാധിക്കുന്നത്.

- ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ ആഘാതങ്ങൾ ചർച്ച ചെയ്യാനുള്ള കഴിവ്.
- നവോത്ഥാനത്തിന്റെ അർത്ഥവും സ്വഭാവ വിശേഷങ്ങളും വിശദീകരിക്കാൻ സാധിക്കുന്നു.
- നവോത്ഥാനത്തിന്റെ കാരണങ്ങളും അതിനുള്ള സ്വാധീനവും വിശദീകരിക്കാൻ കഴിയുന്നു. ശാസ്ത്രത്തിന്റെ വികാസം വിവരിക്കാൻ കഴിവ് നേടുന്നു.
- യൂറോപ്പിലും മറ്റുരാജ്യങ്ങളിലും ഉണ്ടായ വ്യവസായ വിപ്ലത്തിന്റെ പ്രാധാന്യം വിശദീകരിക്കാൻ സാധിക്കും.
- അമേരിക്കൻ വിപ്ലവത്തിന്റെയും ഫ്രഞ്ചു വിപ്ലവത്തിന്റെയും ഫലങ്ങൾ വിശദീകരിക്കാൻ കഴിവ് നേടുന്നു.
- ജർമ്മനിയിലേയും ഇറ്റലിയിലേയും ദേശീയ ഏകോപന ശ്രമങ്ങൾ വിവരിക്കുവാൻ കഴിയും.
- റഷ്യൻ വിപ്ലവവും സോഷ്യലിസ്റ്റ് ചിന്തകളുടെ വളർച്ചയും പരിശോധിക്കുവാൻ സാധിക്കും.

## 3.1. ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ചയുടെ ഫലങ്ങൾ

മധ്യകാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥിതികളിൽ ഒന്നായിരുന്നു ഫ്യൂഡലിസം. കഴിഞ്ഞ പാഠത്തിൽ നിങ്ങൾ സവിസ്തരം അതു പഠിച്ചിട്ടുണ്ട്. യൂറോപ്പിൽ ധാരാളം നൂറ്റാണ്ടുകളിൽ ഈ വ്യവസ്ഥിതി പുഷ്ടി പ്രാപിച്ചുനിന്നിരുന്നു. എന്നാൽ മധ്യ വർഗ്ഗത്തിന്റെ ഉദയത്തോടുകൂടി ഫ്യൂഡലിസത്തിന്റെ പതനം ആരംഭിച്ചു. ശക്തരായ രാജാ ക്കന്മാരുടെ വരവ്, ഫ്യൂഡൽ പ്രഭുക്കൻമാർ തമ്മിലുള്ള യുദ്ധം എന്നീ കാരണങ്ങൾ ഈ പതനത്തിന് ആക്കം കൂട്ടി. പുതിയ പട്ടണങ്ങളുടേയും വലിയ നഗരങ്ങളുടേയും ആവിർ ഭാവവും വ്യാപാരത്തിന്റെ പുനരുജ്ജീവനവും ഫ്യൂഡൽ സമ്പ്രദായം ശിഥിലമാക്കാ നിടയാക്കി. ഈ നഗരങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന ഉല്പാദന കേന്ദ്രങ്ങളായിരുന്നു. ഫ്യൂഡൽ സമ്പ്രദായത്തിന്റെ നിയന്ത്രണങ്ങൾ ഒന്നുമില്ലാ ത്തതും സാധാരണ ജനങ്ങൾക്ക് എവിടെപ്പോകാൻ സ്വാതന്ത്ര്യമുള്ളതും ഏതു ജോലി ചെയ്യാൻ പറ്റിയ അന്തരീക്ഷമുള്ളതുമായിരുന്നു ഈ നഗരങ്ങൾ. ഫ്യൂഡൽ സമ്പ്രദായ ത്തിന്റെ ചൂഷണത്തിൽ നിന്ന് രക്ഷപ്പെട്ട് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നൽകുന്നതി നാൽ ഈ പട്ടണങ്ങൾ ഗ്രാമ പ്രദേശത്തെ കൈത്തൊഴിലുകാരേയും കർഷകതൊഴിലാളിക ളേയും ആകർഷിച്ചു. പരുത്തി, കരിമ്പ് മുതലായ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വിളകളുടെ ഉത്പാദനം നഗരങ്ങൾ പ്രോത്സാഹിപ്പിച്ചു. ഉത്പന്നങ്ങൾക്ക് കർഷകർക്ക് പണമാണ് പകരം നൽകിയിരുന്നത്. ഉൽപാദിപ്പിച്ച വസ്തുക്കളാകട്ടെ വിപണിയിൽ വിറ്റഴിക്കുകയും ചെയ്തിരുന്നു. പണം കൈമാറ്റ മാധ്യമമായി തീരുകയും ചെയ്തു. വിപണിയിൽ ലഭ്യമായ ആർഭാട വസ്തുക്കൾ വാങ്ങുന്നതിന് പണം വേണ്ടിയിരുന്ന പ്രഭുക്കന്മാർ അടിമകളിൽ നിന്ന് വേതനരഹിത സേവനത്തിന് പകരം പണം സ്വീകരിക്കാൻ തുടങ്ങി. ഇത് ശക്തരായ വ്യാപാരി വർഗ്ഗത്തിന്റെ ആവിർഭാവത്തിന് കാരണമായി. സാമൂഹ്യ ശ്രേണിയിൽ ഇവർക്ക് ഉയർന്ന സ്ഥാനം ലഭിക്കാനും ഇടയായി. ഫ്യൂഡൽ പ്രഭുക്കന്മാരുടെ സ്ഥാനം കുറയ്ക്കാൻ ആഗ്രഹിച്ച അവർ ശക്തരായ രാജാക്കന്മാരെ പിന്തുണച്ചു. ഇതിന്റെ യൊക്കെ ഫലമായി ഫ്യൂഡൽ സംവിധാനം തകർച്ചയിലായി.

അക്കാലത്ത് വളർന്നു വന്ന പുതിയ ആശയങ്ങളുടെ ഫലമായി ഒരു പുതിയ ഉണർവ് ആളുകളിലുണ്ടായി. ഇത് നവോത്ഥാനം എന്നു വിളിക്കപ്പെടുന്ന ഒരു പുതിയ പ്രസ്ഥാനത്തിന് ജന്മം നൽകി. അത് നമുക്ക് പഠിക്കാം.

## 3.2 നവോത്ഥാനം

സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ ചിന്തക്കും യുക്തിവാദത്തിനും പ്രോത്സാഹനം നൽകിയ യുക്തി ചിന്തയുടെ തുടക്കമായിരുന്നു ആധുനികകാലഘട്ടം. നവോത്ഥാനം മത നവീകരണം എന്നീ രണ്ട് പ്രസ്ഥാനങ്ങൾക്ക് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. ലോകമെമ്പാടുമുള്ള ജനങ്ങളുടെ സാംസ്ക്കാരികവും ബൗദ്ധികവും മതപരവും സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ ഈ പ്രസ്ഥാനങ്ങൾ വലിയ മാറ്റങ്ങൾ വരുത്തി. ഗതാഗതം, വാർത്താവിനിമയം എന്നീ രംഗങ്ങളിലെ പുരോഗതി ജനാധിപത്യ സമ്പ്രദായം, സമത്വത്തിലധിഷ്ഠിതമായ നിയമവ്യവസ്ഥ എന്നീ കാരണങ്ങളാൽ ഒരു നഗരവത്ക്കരണ കാലഘട്ടമായിക്കൂടി ഇതിനെ കരുതുന്നു.

പുരാതന റോമൻ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നാണ് ഇതിലെ ഭൂരിഭാഗം നഗരങ്ങളും നിർമ്മിച്ചത്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ വെനീസുപോലെയുള്ള ഇറ്റാലിയൻ നഗരങ്ങൾ വലിയ വാണിജ്യ കേന്ദ്രങ്ങളും ബൗദ്ധിക കേന്ദ്രങ്ങളുമായി മാറി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമ്പത്തിനോടൊപ്പം മഹത്തായ ആശയങ്ങളും വ്യാപാരികൾ അവിടേക്ക് ഇക്കാലത്ത് എത്തിച്ചു. പുതിയ രീതിയിലുള്ള ഈ സാമൂഹിക-സാമ്പത്തികഘടന ജനങ്ങൾക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം നൽകുകയും, കല, സാംസ്ക്കാ

രിക, വിദ്യാഭ്യാസരംഗങ്ങൾക്ക് പുരോഗതി കൈവരിക്കാനുള്ള അനുകൂല സാഹചര്യം നൽകുകയും ചെയ്തു. ജനങ്ങൾക്ക് പഠനത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ധാരാളം വിശ്രമ സമയം ലഭിച്ചിരുന്നു. വലിയ സാമ്പത്തിക വികാസത്തിന്റേയും കാലഘട്ടമായിരുന്നു ഇത്. കൈമാറ്റ രസീതുകൾ, പൊതുക്കടം, തുടങ്ങി വ്യാപാര പ്രവർത്തനത്തിനുവേണ്ട ആധുനികമായ വാണിജ്യ-വ്യവസായ തന്ത്രങ്ങൾ അക്കാലത്ത് വികസിപ്പിച്ചെടുത്തു. ഈ പ്രവർത്തനങ്ങളെല്ലാം ഇറ്റലിയെ നവോത്ഥാനത്തിന്റെ കേന്ദ്രമാക്കി മാറ്റി. നാഗരിക ജീവിതത്തിന്റെ പുനരുദ്ധാരണം, സ്വകാര്യമൂലധനം അടിസ്ഥാനമാക്കിയുള്ള വാണിജ്യം, ബാങ്കിംഗ് സമ്പ്രദായം, പരമാധികാരങ്ങളുള്ള രാഷ്ട്രങ്ങളുടെ രൂപീകരണം, പുതിയ യാത്രാ മാർഗ്ഗങ്ങളും ഭൂവിഭാഗങ്ങളും കണ്ടെത്താനുള്ള പര്യവേക്ഷണം, പ്രിന്റിംഗ് പ്രസ്സുകളുടെ സഹായത്തോടു കൂടിയുള്ള തദ്ദേശസാഹിത്യത്തിന്റെ വികസനം തുടങ്ങിയവയെല്ലാം ഇക്കാലത്തെ പ്രധാനപ്പെട്ട സംഭവ വികാസങ്ങളാണ്. അന്നത്തെ വ്യാപാരി സമൂഹം പൗരോഹിത്യ നിലപാടുകളേക്കാൾ കൂടുതൽ മതേതര താത്പര്യങ്ങൾ കാണിച്ചിരുന്നു. ഇത് നേരത്തെയുണ്ടായിരുന്ന ഗ്രാമീണ ബന്ധമായ സമൂഹത്തിന്റേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഒരു ലോക സമ്പദ്ഘടനയുടെ ഉദയത്തിന് സാഹസിക യാത്രികരും പര്യവേക്ഷകരും വളരെ പ്രധാനമായ ഒരു പങ്കു വഹിച്ചു. വ്യാപാര മാർഗ്ഗങ്ങളുടെ കണ്ടുപിടിത്തത്തോടുകൂടി അമേരിക്ക, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് ധാരാളം പുതിയ ഉൽപന്നങ്ങൾ കൊണ്ടുവരപ്പെട്ടു. ഇത് യൂറോപ്യൻമാരുടെ ജീവിതത്തെ സമ്പന്നമാക്കുകയും ലാഭം ഉണ്ടാക്കുന്നതിനുവേണ്ടി വലിയ തോതിൽ ഈ സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിന് അവർക്ക് പ്രചോദനം നൽകുകയും ചെയ്തു. ഇതിന്റെയൊക്കെ ഫലമായി വ്യാപാരികളും വ്യവസായസംരംഭകരും ബാങ്കേഴ്സും ഒത്തൊരുമിച്ച് ഒരു മൂലധനസൃഷ്ടി ഉണ്ടായി. രാഷ്ട്രീയ ജീവിതത്തിലും അതുപോലെ തന്നെ മറ്റ് രാജ്യങ്ങൾ തമ്മിലുള്ള ബന്ധത്തിലും ഈ മൂലധനം ഒരു പ്രത്യേകസ്ഥാനം നേടി. നവോത്ഥാനം ജനങ്ങളുടെ ചിന്താരീതികളിൽ അഗാധമാറ്റങ്ങൾ വരുത്തി. ഈ പുതിയ ചിന്തകളിൽ മാനവികത, യുക്തിചിന്ത, അന്വേഷണത്വരത, ചോദ്യം ചെയ്യാനുള്ള താൽപര്യം തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. ഗ്രീക്ക് ഇതിഹാസങ്ങളിലും റോമൻ സംസ്ക്കാരത്തിലും കൂടി ഉടലെടുത്ത സാംസ്ക്കാരിക നേട്ടങ്ങളിൽ ആളുകൾക്ക് ഒരു നവ താത്പര്യം ഉടലെടുത്തു. നവപണ്ഡിതൻമാർ മനുഷ്യന് പ്രാധാന്യം കൊടുക്കുകയും അവരെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. മനുഷ്യന്റെ സർഗ്ഗാത്മകതയിലും ലൗകിക സൗകര്യങ്ങൾതേടാനുള്ള അവന്റെ അവകാശത്തിലും മാനവികത വിശ്വാസമർപ്പിച്ചു. ലൗകിക സുഖങ്ങളെ എതിർത്തിരുന്ന മധ്യകാല മതത്തിന്റെ നിലപാടിനു വിരുദ്ധമായിരുന്നു ഇത്. മനുഷ്യനെ ചുറ്റിപറ്റിയുള്ള ഈ താത്പര്യം, ഭാഷ, സാഹിത്യം, ചരിത്രം, മൂല്യങ്ങൾ തുടങ്ങിയവയിൽ കാര്യമായ പഠനങ്ങളുളവാക്കി. ഈ കാലഘട്ടത്തിലാണ് മാനവിക വിഷയങ്ങൾ എന്ന് വിളിക്കപ്പെടുന്ന വിജ്ഞാനശാഖയുടെ ആരംഭം.

മാനവികതയുടെ പ്രതിഫലനം കലയുടേയും സാഹിത്യത്തിന്റേയും ശാഖകളിലും കാണാം. നവോത്ഥാനകലാകാരൻമാരുടെ ഏറ്റവും മികച്ച നേട്ടങ്ങൾ ചിത്രരചനയുടെ മേഖലയിലാണ്. ചിത്രകാരന്മാർ ചിത്രരചനയ്ക്കുവേണ്ടി മനുഷ്യശരീരഘടനയും രൂപവും പഠിച്ചു. അവർ മനുഷ്യരെ അതിന്റെ യഥാർത്ഥ രൂപത്തിലും അളവിലും ചിത്രീകരിക്കണമെന്നാഗ്രഹിച്ചു. ലിയോനാർഡോ ഡാവിൻചി, മൈക്കലാഞ്ചലോ, റാഫേൽ, ബോട്ടിസെല്ലി, ടിഷ്യൻ തുടങ്ങിയവരായിരുന്നു അക്കാലത്തെ പ്രമുഖ കലാകാരന്മാർ. ശിൽപകലയുടെ രംഗത്ത് കലാകാരന്മാർ തനതായ ശിൽപങ്ങൾ നിർമ്മിച്ചു. പഴയതിൽ നിന്നും വ്യത്യസ്തമായി കെട്ടിടങ്ങളോടനുബന്ധിച്ചല്ലാതെ വേറിട്ടുനിൽക്കുന്ന ശില്പങ്ങൾ ആയിരുന്നു നിർമ്മിക്കപ്പെട്ടിരുന്നത്. ഡോണോടെല്ലോ ആയിരുന്നു നവോത്ഥാനകാലത്തെ പ്രമുഖശില്പി. അദ്ദേഹമാണ് ലോകപ്രശസ്തമായ ഡേവിഡ് പ്രതിമ നിർമ്മിച്ചത്.

നവോത്ഥാനബോധം യൂറോപ്പിൽ ദേശീയബോധം ഉയർന്നുവരാനും ഇടയാക്കി. ജനങ്ങളെല്ലാവരും മദ്ധ്യകാലമത ബന്ധനങ്ങളിൽ നിന്ന് മുക്തി നേടാൻ ആഗ്രഹിച്ചു.

ദേശീയ വ്യക്തിത്വബോധം വളർന്നു. അത് ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് തുടങ്ങിയ ആധുനിക ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് കാരണമായി. ലത്തീൻ ഭാഷ ഉപേക്ഷിച്ച് എഴുത്തുകാർ പ്രാദേശിക ഭാഷകൾ ഉപയോഗിച്ച് കവിത, നാടകം, പദ്യം തുടങ്ങിയവ രചിച്ചു. തദ്ദേശീയ ഭാഷകളിൽ നവോത്ഥാനകാല എഴുത്തുകാർ ധാരാളം കൃതികൾ രചിച്ചു. ഇതോടൊപ്പം പ്രിന്റിംഗ് പ്രസ്സുകളും നിലവിൽ വന്നു. തന്മൂലം ധാരാളം ആളുകൾക്ക് ഈ കൃതികളുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടായി. ബൈബിൾ അച്ചടിക്കപ്പെട്ടതും കൂടുതൽ ആളുകൾ വായിക്കാനിട യായതും ഈ കാലത്താണ്. ഡാന്റെയുടെ 'ഡിവൈൻ കോമഡി', ഇറാസ്മസിന്റെ 'ഇൻ പ്രെയ്സ് ഓഫ് ഫോളി', മാഖിയ വല്ലിയുടെ 'ദ പ്രിൻസ്', സെർവാന്റിസിന്റെ 'ഡോൺ ക്വിക്സോട്ട്' തുടങ്ങിയവ അക്കാലത്തെ ആധുനിക യൂറോപ്യൻ ഭാഷകളിൽ എഴുതിയ പ്രമുഖ കൃതികളാണ്.



ചിത്രം 3.1 *ലിയോണാർഡോ ഡാവിഞ്ചിയുടെ മോണാലിസ*

നവോത്ഥാനത്തിന്റെ അന്ത്യകാലത്തോടടുത്ത് പ്രധാന പ്പെട്ട സംഭവങ്ങൾ യൂറോപ്പിന്റെ ചരിത്രത്തിൽ സംഭവിച്ചു. അതിൽ ആദ്യത്തേത് ക്രിസ്തുമതത്തിൽ പിളർപ്പിന് കാരണമായ പ്രൊട്ടസ്റ്റന്റ് മതനവീകരണമായിരുന്നു. റോമൻ കത്തോലിക്കപ്പള്ളികളിൽ നടന്നിരുന്ന മതനവീകരണമാണ് രണ്ടാമത്തേത്. ഇതിനെ കാത്തലിക് മതനവീകരണം അല്ലെങ്കിൽ പ്രതിനവീകരണം എന്നും പറയപ്പെട്ടിരുന്നു. ആധുനികലോകത്തിന്റെ ആവിർഭാവത്തിന് ഇടയാക്കിയ മത-സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നു റിഫർമേഷൻ അല്ലെങ്കിൽ മതനവീകരണം.

## പാഠ്യപ്രവർത്തനം 3.1

യുക്തിചിന്ത, മാനവികത, അന്വേഷണം, നിരീക്ഷണം, പരീക്ഷണം, നിഗമനം തുടങ്ങിയവ നവോത്ഥാനകാലഘട്ടത്തിൽ ഉയർന്നു വന്ന ആശയങ്ങളിൽ ചിലതാണ്. അതിന്റെ അർത്ഥതലങ്ങൾ കണ്ടുപിടിച്ച് നമ്മുടെ സമകാലിക ജീവിതവുമായി അതിനെ ബന്ധപ്പെടുത്തുക

## 3.3 മതനവീകരണം

മദ്ധ്യകാല കത്തോലിക്ക സഭയിൽ അന്ധവിശ്വാസങ്ങളും അഴിമതിയും പണത്തോടുള്ള ആർത്തിയും വർദ്ധിച്ചു. യഥാർത്ഥമായ കുരിശ് ദേവാലയങ്ങളിലുണ്ടെന്ന് അന്ധവിശ്വാസികളായിരുന്ന കർഷകരെ സഭ ബോധ്യപ്പെടുത്തി. യഥാർത്ഥ കുരിശെന്ന് കരുതപ്പെട്ട മരക്കഷണം കാണാനായി ജനങ്ങൾ പണം നൽകി. കാരണം അതിന് രോഗശാന്തിക്കുള്ള കഴിവുണ്ടെന്ന് വിശ്വസിപ്പിക്കപ്പെട്ടിരുന്നു. യുക്തിബോധത്തെക്കാൾ അന്ധമായ വിശ്വാസത്തിന് സഭ പ്രാധാന്യം നൽകി. ദൈവഭക്തരിൽ നിന്ന് പണം പിടുങ്ങാനുള്ള എളുപ്പവഴിയായിരുന്നു ഇത്. നവോത്ഥാനത്തിന്റെ വരവോടുകൂടി ഇതിനെല്ലാം മാറ്റമുണ്ടായി. യുക്തിചിന്തയിലൂടെ അല്ലാത്ത ഒന്നും നവോത്ഥാനത്തിന്റെ പുതിയ വീക്ഷണത്തിൽ സ്വീകരിക്കപ്പെട്ടില്ല. A.D 1517 ൽ മാർട്ടിൻ ലൂഥർ എന്ന ജർമ്മൻ പുരോഹിതൻ കത്തോലിക്ക സഭയുടെ ഈ അധികാരങ്ങളെ ചോദ്യം ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ

മതപരമായ കാര്യങ്ങൾക്ക് ബൈബിൾ മാത്രമായിരുന്നു പ്രാമാണിക ഗ്രന്ഥം. സഭയോടുള്ള അന്ധമായ വിശ്വാസത്തിലല്ല മറിച്ച് യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് മോക്ഷപ്രാപ്തി എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. സഭയിലെ സ്ഥാനങ്ങൾ തെറ്റായ മാർഗ്ഗത്തിലൂടെ പണമുള്ളവർ നേടാൻ അഥവാ വിൽക്കപ്പെടാൻ തുടങ്ങി. പാപ മോചനത്തിന്റെ വിൽപനയായിരുന്നു ഏറ്റവും വിമർശിക്കപ്പെട്ടത്. കാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകിയും കുരിശുയുദ്ധങ്ങളിൽ പങ്കെടുക്കാൻ ആവശ്യപ്പെടുന്ന രീതിയിലും ആയിരുന്നു പാപമോചന കത്തുകൾ പുറപ്പെടുവിച്ചിരുന്നത്. ജർമ്മൻ രാജകുമാരന്റെ സംരക്ഷണം മാർട്ടിൻ ലൂഥറിന് ഉണ്ടായിരുന്നു. ഇത് പ്രധാനമായും സഭയുടെ സ്വത്തു ക്കൾ പിടിച്ചെടുക്കണമെന്ന അദ്ദേഹത്തിന്റെ നിലപാടി നായിരുന്നു. സഭക്കെതിരായ എഴുത്തുകൾ നിർത്താൻ മാർട്ടിൻ ലൂഥർ തയ്യാറാകാത്തതിന്റെ പേരിൽ പോപ്പ് ലിയോ പത്താമൻ അദ്ദേഹത്തെ A.D 1521 ജനുവരി മൂന്നാം തീയതി സഭയിൽ നിന്നും പുറത്താക്കി. മാർട്ടിൻ ലൂഥർ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ തുടങ്ങിയ പ്രൊട്ടസ്റ്റ പ്രസ്ഥാനം ക്രിസ്ത്യൻ ലോകത്തെ രണ്ടായി വിഭജിച്ചു. അങ്ങനെ പ്രൊട്ടസ്റ്റന്റ്സ്, റോമൻ കത്തോലിക് എന്ന് രണ്ട് വിഭാഗങ്ങൾ ഉടലെടുത്തു. പാപമോചന കത്തുകൾ വഴിയല്ല മറിച്ച് ക്രിസ്തുവിനെ പിന്തുടരുന്നതിലൂടെ ആണ് മോക്ഷ പ്രാപ്തി എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ലൂഥറുടെ ആശയങ്ങൾ മതനവീകരണത്തിൽ സ്വാധീനം ചെലുത്തിയെങ്കിലും ഇംഗ്ലണ്ടിൽ മതനവീകരണം സംഭവിച്ചത് ഹെൻറി എട്ടാമൻ രാജാവ് തന്റെ ആദ്യ ഭാര്യയായ കാതറൈനുമായിട്ടുള്ള വിവാഹ ബന്ധം വേർപെടുത്താ നുള്ള ശ്രമത്തിന്റെ ഫലമായിട്ടായിരുന്നു. കാതറിനുമായുള്ള വിവാഹബന്ധം വേർപെടുത്താനുള്ള അനുമതി ഹെൻറി അപേക്ഷിച്ചെങ്കിലും അന്നത്തെ മാർപാപ്പ ആയ ക്ലെമന്റ് ഏഴാമൻ അത് നൽകിയില്ല. പോപ്പിന്റെ ഈ അധികാരത്തിന് മാറ്റം വരുത്തുവാൻ ഹെൻറി തിരഞ്ഞെടുത്ത ഉപകരണം പാർലമെന്റായിരുന്നു. രാജാവിന്റെ ആജ്ഞാനുവർത്തിയും പ്രധാന മന്ത്രിയുമായ തോമസ് ക്രോംവെലിന്റെ സഹായത്തോടെ വിപ്ലവാത്മകമായ നിയമങ്ങൾ ഒന്നിന് പിറകെ ഒന്നായി പാർലമെന്റിൽ പാസ്സാക്കി. അങ്ങനെ സഭയ്ക്ക് മുകളിൽ രാജാവിന്റെ അധികാരം സ്ഥാപിതമായി. തത്ഫലമായി കാതറിനുമായുള്ള വിവാഹം അസാധുവാക്കി കൊണ്ടുള്ള പ്രഖ്യാപനം നടന്നു. തുടർന്ന് സാധാരണക്കാരിയായ ആൻബോളിനുമായുള്ള രാജാവിന്റെ വിവാഹം നടത്താൻ അനുമതിയും ലഭിച്ചു.


**ചിത്രം 3.2** *മാർട്ടിൻ ലൂഥർ*

മത പുനരുദ്ധാരണത്തിന് കാരണമായ ഒരു വലിയ കലാപമായിരുന്നു മതനവീകരണം. കത്തോലിക്കസഭയ്ക്കകത്തും ഒരു നവീകരണ പ്രസ്ഥാനം ഉടലെടുത്തു. ഇതിനെ ബദൽ (പ്രതി) നവീകരണം എന്നു വിളിക്കാം. ഇത് അഴിമതി കുറയ്ക്കുന്നതും കത്തോലിക്കാ സഭയെ ഉദ്ധരിക്കുന്നതും ശക്തിപ്പെടുത്തുന്നതും ലക്ഷ്യമാക്കിയായിരുന്നു. മിഷനറി പ്രവർത്തനത്തിനും, വിശുദ്ധിക്കും, കാരുണ്യപ്രവർത്തനങ്ങൾക്കും ദൈവവേലയ്ക്കും പ്രാമുഖ്യം നൽകി സ്പെയിനിൽ ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച 'യേശുവിന്റെ സമൂഹ'ത്തിൽ നിന്നായിരുന്നു അതിന്റെ തുടക്കം. മറുവശത്ത് മാർട്ടിൻ ലൂഥർ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ രാജാവിന്റെയും ഹാൾറിച്ച് സിൻഗ്ളിയുടെയും ജോൺ കാൽവിന്റെയും പ്രവർത്തനഫലമായി മറ്റു രാജ്യങ്ങളിലേക്ക് വ്യാപിച്ചു.

## 3.1 പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. പൂരിപ്പിക്കുക

 (a) .................................... മനുഷ്യന്റെ സർഗ്ഗാത്മക കഴിവുകളിൽ വിശ്വസിച്ചു.

 (b) ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ചതാണ് ....................................

2. ഫ്യൂഡലിസം എന്നാലെന്തെന്ന് നിർവ്വചിക്കുക. ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ സവിശേഷതകൾ എഴുതുക.

3. നവോത്ഥാനത്തിന്റെ പ്രധാന ആശയങ്ങൾ ഏവ?

4. മാർട്ടിൻ ലൂഥറുടെ ക്രിസ്തീയ സഭയെ സ്വാധീനിച്ച രണ്ട് ഉദ്ബോധനങ്ങൾ ഏതെല്ലാം?

## 3.4 ശാസ്ത്രത്തിന്റെ വികസനം

നവോത്ഥാനകാലത്ത് ശാസ്ത്രമേഖലയിൽ അസാധാരണമായ വികസനം ഉണ്ടായി. നവോത്ഥാനകാലചിന്തകർ അന്ധമായ വിശ്വാസത്തേക്കാൾ യുക്തി ചിന്തയ്ക്ക് പ്രാധാന്യം നൽകിയിരുന്നതായി നാം പഠിച്ചു. നിരീക്ഷണ-പരീക്ഷണങ്ങളിൽകൂടി അറിവ് ലഭിക്കുന്നതിന് അവർ കൂടുതൽ ഊന്നൽ നൽകി. പാരമ്പര്യങ്ങളിലും സ്ഥാപിതാചാര ങ്ങളിലും ഉള്ള അന്ധ വിശ്വാസം അവർ നിഷേധിച്ചു. ഇത് അതിന് മുൻപ് അപ്രത്യ ക്ഷമായിരുന്ന ശാസ്ത്രീയാന്വേഷണങ്ങൾക്ക് കാരണമായി.. നവോത്ഥാനകാലം ഒരു ശാസ്ത്രീയ വിപ്ലവം തന്നെ കൊണ്ടു വന്നു. ലിയോണാർഡോ ഡാവിഞ്ചിയെപ്പോലുള്ള കലാകാരന്മാർ മനുഷ്യഘടനയേയും പ്രകൃതിയേയും നിരീക്ഷിച്ചുകൊണ്ടുള്ള ചിത്രകലയാണ് അക്കാലത്ത് ചെയ്തത്. ഇത് കലയും ശാസ്ത്രവും തമ്മിലുള്ള അതുല്യമായ ഇടചേരലിന് ഇടയാവുകയും ചെയ്തു. മനുഷ്യശരീര ശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും ശ്രദ്ധേയനേട്ടങ്ങളാണ് ഈ കാലഘട്ടത്തിലുണ്ടായത്. മൈക്കൻ സൈർവെറ്റസ് എന്ന സ്പാനിഷ് ഭിഷഗ്വരൻ രക്തചംക്രമണം കണ്ടുപിടിച്ചു. ഇംഗ്ലീഷു കാരനായ വില്യം ഹാർവി ഹൃദയത്തിന്റെ രക്തശുദ്ധീകരണ പ്രവർത്തനങ്ങളെയും ഞരമ്പിലൂടെയുള്ള രക്തയോട്ടത്തേയും കുറിച്ച് വിശദീകരിച്ചു. നവോത്ഥാന ശാസ്ത്ര ജ്ഞർ തുടക്കമിട്ടതോടെ മറ്റ് വിജ്ഞാന ശാഖകളിലും നിരീക്ഷണ പരീക്ഷ ണങ്ങൾ ആരംഭിച്ചു.

നവോത്ഥാനശാസ്ത്രത്തിന്റെ ഏറ്റവും മികച്ച നേട്ടങ്ങളിലൊന്ന് ജ്യോതിശാസ്ത്ര ത്തിന്റെ മേഖലയായിരുന്നു. കോപ്പർ നിക്കസ്സ്, കെപ്ലർ, ഗലീലിയോ തുടങ്ങിയവരെ നിങ്ങൾ കേട്ടിട്ടില്ലേ? അവർ മഹാൻമാരായ ജ്യോതിശാസ്ത്രജ്ഞന്മാരായിരുന്നു. സൂര്യന് ചുറ്റും ഭൂമി ഭ്രമണം ചെയ്യുന്നു എന്ന കാര്യം തെളിയിച്ചത് അവരായിരുന്നു. നവോത്ഥാനത്തിന് മുൻപ് ഭൂമിക്ക് ചുറ്റും സൂര്യൻ ഭ്രമണം ചെയ്യുന്നുവെന്ന് ആളുകൾ വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തെ ചോദ്യം ചെയ്യുന്നവരെ മതനിന്ദകരായി കരുതി കുറ്റവിചാരണ നടത്തുകയും ചെയ്തിരുന്നു. കോപ്പർ നിക്കസിന്റെ 'ഓൺ ദ റെവല്യൂഷൻ ഓഫ് ദ ഹെവൻലി സ്ഫിയർ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഭൂമിയും മറ്റു ഗ്രഹങ്ങളും സൂര്യനു ചുറ്റും ഏകകേന്ദ്ര വൃത്തങ്ങളിൽ നീങ്ങിക്കൊണ്ടിരിക്കയാണെന്ന് വാദിച്ചു. ആ സിദ്ധാന്തം അപൂർണ്ണ മായിരുന്നെങ്കിൽകൂടി അത് യുക്തി ബോധത്തെയും ചിന്തയേയും ഉയർത്തുന്നതായിരുന്നു. കെപ്ലർ ഈ സിദ്ധാന്തത്തെ വിപുലീകരിക്കുകയും സൂര്യനിൽ നിന്നുള്ള ദൂരത്തിനനുസരിച്ച് അവയുടെ വേഗം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും ഭൂമിയും മറ്റു ഗ്രഹങ്ങളും അണ്ഡാ

കൃതിയിലാണ് കറങ്ങുന്നതെന്നും വാദിച്ചു. ഇതിനെ ആസ്പദമാക്കിയാണ് ഐസക് ന്യൂട്ടൺ തന്റെ ഗുരുത്വാകർഷണ നിയമം വികസിപ്പിച്ചത്. തന്റെ ദൂരദർശിനി കൊണ്ട് ഗലീലിയോ വ്യാഴത്തിന്റെ ഉപഗ്രഹങ്ങളും ശനി യുടെ വലയങ്ങളും സൂര്യനിലുള്ള പുള്ളി കളെയും കണ്ടെത്തി. കോപ്പർനിക്കസിന്റെ കണ്ടു പിടുത്തങ്ങളെയും അദ്ദേഹം സ്ഥിരീകരിച്ചു. മറ്റു നാടുകളെക്കുറിച്ചും നാട്ടുകാരെകുറിച്ചും അറിയാനുള്ള ആകാംക്ഷ യൂറോപ്യരുടെ ഇടയിൽ നവോത്ഥാനം സൃഷ്ടിച്ചു. ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്ന് നമുക്ക് നോക്കാം..

## 3.5 പുതിയ സ്ഥലങ്ങളുടെ കണ്ടെത്തൽ

നവോത്ഥാനകാലത്തെ ഈ അന്വേഷണ ത്വരത ഒട്ടേറെ സാഹസികരെ പുതിയ നാടുകൾ തേടിയുള്ളയാത്രയ്ക്ക് പ്രേരിപ്പിച്ചു. പുതിയ വാണിജ്യമാർഗ്ഗങ്ങളുടെ കണ്ടുപിടുത്തം ലോകത്തിന്റെ ചരിത്രം തന്നെ മാറ്റി മറിച്ചു. ഈ കണ്ടുപിടുത്തങ്ങൾക്ക് പിന്നിലുള്ള പ്രമുഖ ലക്ഷ്യം ദൈവവും പ്രശസ്തിയും സ്വർണ്ണവുമായിരുന്നെന്ന് പറയപ്പെടുന്നു എന്നാലിതിൽ സ്വർണ്ണം അഥവാ സാമ്പത്തികാവശ്യം ഒരു പ്രധാന ലക്ഷ്യമായിരുന്നു. ഭൂമിശാസ്ത്ര പരമായ കണ്ടുപിടുത്തങ്ങൾക്ക് മുൻപുതന്നെ പൗരസ്ത്യലോകത്തുനിന്നും പരുത്തി, സുഗന്ധ ദ്രവ്യങ്ങൾ, വില കൂടിയ രത്നങ്ങൾ, പട്ട് മുതലായവ യൂറോപ്യൻ കച്ചവടക്കാർ കൊണ്ടു വന്നിരുന്നു. എന്നാൽ അവർക്ക് അറബി നാടുകളിലൂടെ യാത്ര ചെയ്യേണ്ടിയിരുന്നു. ഈ യാത്രകൾ അസൗകര്യവും അനിശ്ചിതത്വവും ഉണ്ടാക്കുന്നതായിരുന്നു. അതിനാൽ തെക്കു കിഴക്കൻ ഏഷ്യയിലേക്കുള്ള വ്യാപാരത്തിനായി അവർ നേരെയുള്ള ഒരു കപ്പൽമാർഗ്ഗം അന്വേഷിച്ചു. ഈ പര്യവേക്ഷകർ പുതുതായി കണ്ടെത്തിയ നാടുകളിൽ ക്രൈസ്തവമതം പ്രചരിപ്പിക്കാനും ലക്ഷ്യമിട്ടു. അങ്ങനെ അത് അവർക്ക് ദൈവവേലയ്ക്കുള്ള ഒരു മാർഗ്ഗം കൂടിയായി. ഒപ്പം ഈ സാഹസികർ പുതിയ കണ്ടുപിടുത്തങ്ങളിലൂടെ പ്രശസ്തി നേടാനും ആഗ്രഹിച്ചു. ഇന്ത്യ കണ്ടെത്തിയ വാസ്കോഡഗാമയെക്കുറിച്ചും ഇന്ത്യ കണ്ടെത്താൻ ശ്രമിച്ച് അമേരിക്കയിലെത്തിയ കൊളംബസിനെക്കുറിച്ചും നിങ്ങൾ കേട്ടിട്ടുണ്ടല്ലോ? ലോകം മുഴുവൻ സഞ്ചരിച്ചു ആദ്യ പര്യവേക്ഷകനായ ഫെർഡിനാന്റ് മെഗല്ലനെ നിങ്ങൾക്കറിയാമോ?. ബർത്തലോമിയ ഡയസ് മറ്റൊരു പ്രശസ്ത യാത്രിക നായിരുന്നു.

ഈ സാഹസിക യാത്രകൾക്ക് സഹായം നൽകിയിരു ന്നത് സമ്പന്നരായ വ്യക്തികളും രാജാക്കന്മാരുമായിരു ന്നു. യൂറോപ്യൻ സമ്പദ്ഘടനയിലെ വർദ്ധനവ് വൻപിച്ച വാണിജ്യത്തിനും കോളനി വത്ക്കരണത്തിനും കാരണ മായി. നാവികനായ ഹെൻറി എന്നു വിളിക്കപ്പെടു പോർച്ചുഗീസ് രാജാവായ ഹെൻറി ആയിരുന്നു ഇ പ്രമുഖൻ. കോമ്പസ്, അസ്ട്രോലാബ്, ജ്യോതിക പട്ടികകൾ ഭൂപടനിർമ്മാണകല തുടങ്ങിയവയുടെ വളർച്ച അതിനുവേണ്ട സാങ്കേതിക പിന്തുണയേകി. യൂറോപ്യൻ രാജ്യങ്ങളിലെ ഈ കണ്ടു പിടുത്തങ്ങൾ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളെ കോളനിവത്ക്കരിക്കുന്നതിനി ടയായി. ഈ കണ്ടുപിടുത്തങ്ങൾ വാണിജ്യത്തെ മെഡിറ്ററേനിയൻ വ്യാപാരം എന്ന സങ്കുചിത അവസ്ഥ യിൽനിന്ന് ഒരു ലോകപ്രസ്ഥാനമായി വളർത്തി. വാണിജ്യ താത്പര്യങ്ങൾ മെഡിറ്ററേനിയൻ തീരത്തുനിന്ന് അറ്റ്ലാന്റിക് തീരത്തേയ്ക്ക് മാറ്റപ്പെട്ടു. പുകയില, ശർക്കര, ഒട്ടകപക്ഷി, തൂവലുകൾ, ഉരുളക്കിഴങ്ങ്, തുടങ്ങി അനവധി പുതിയ വസ്തുക്കൾ



ചിത്രം 3.3 *വാസ്കോ ഡ ഗാമ*

വ്യാപാരത്തിലുൾപ്പെട്ടു. ഇതോടൊപ്പം പ്രാകൃതമായ അടിമ വ്യാപാരവും അമേരിക്കയിൽ ആരംഭിച്ചു. ആഫ്രിക്കയിൽ നിന്നും പിടിച്ചുകൊണ്ട് വന്ന് അറ്റ്ലാന്റിക് സമുദ്രംവഴി വടക്കേ അമേരിക്കയിലേയ്ക്ക് കടത്തി അവിടുത്തെ തോട്ടങ്ങളിൽ പണിയെടുക്കുന്നതിനുവേണ്ടി ഈ അടിമകളെ വിൽക്കുകയും ചെയ്തു.

ഈ വ്യാപാര രീതികളും പുതിയ സമുദ്രമാർഗ്ഗങ്ങളും ധാരാളം ധനംസമ്പാദിക്കുന്നതിന് യൂറോപ്യൻ കച്ചവടക്കാർക്ക് അവസരം ഒരുക്കി. അവർക്ക് ധാരാളം ധനം കുന്നുകൂട്ടാൻ ഇത് സഹായിച്ചു. ഈ സമ്പത്ത് പുതിയ യാത്രയ്ക്കായി ചെലവഴിക്കുകയും ചെയ്തു. ഇത് യൂറോപ്യൻ വ്യാപാരികളെ കൂടുതൽ ശക്തരും സമ്പന്നരുമാക്കിയ വ്യാവസായിക വിപ്ലവത്തിലേയ്ക്ക് നയിച്ചു.

### പാഠ്യപ്രവർത്തനം 3.2

ഒരു ലോക ഭൂപടമാതൃകയിൽ, വാസ്ക്കോഡഗാമ, ഫെർഡിനാൻഡ്, മെഗല്ലൻ, ക്രിസ്റ്റഫർ കൊളംബസ്സ് എന്നിവർപുതിയ സ്ഥലങ്ങൾ കണ്ടെത്താൻ സ്വീകരിച്ച സമുദ്രമാർഗ്ഗം രേഖപ്പെടുത്തുക.

## 3.6. വ്യാവസായിക വിപ്ലവം

ഏകദേശം A.D. 1750 ഓടുകൂടിയാണ് ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവം ആരംഭിച്ചത്. ഇംഗ്ലണ്ടാണ് ഏറ്റവും അനുയോജ്യമായ രീതിയിൽ അതിനൊരുങ്ങിയത് എന്നതു കൊണ്ടാണത്. ഇംഗ്ലീഷ് വ്യാപാരികൾ അന്താരാഷ്ട്ര വാണിജ്യവ്യാപാരങ്ങളിലൂടെ ധാരാളം സ്വത്ത് സമ്പാദിക്കുകയും അവരുടെ കോളനികളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ ധാരാളമായി എത്തിക്കുകയും ചെയ്തു. ബ്രിട്ടീഷ് കോളനികൾ അവരുടെ ഉത്പന്നങ്ങൾക്ക് നല്ല വിപണിയായും വർത്തിച്ചു. യന്ത്രവത്ക്കരണത്തിനാവശ്യമായ ഇരുമ്പ്, കൽക്കരി മുതലായ വസ്തുക്കളാൽ ഇംഗ്ലണ്ട് അനുഗൃഹീതയായിരുന്നു. യന്ത്രവത്ക്കരണത്തിനായി മുതലാളിമാർ ധാരാളം പണം ചെലവാക്കുകയും അങ്ങനെ ലാഭവും ഉൽപാദനവും വർദ്ധിപ്പി ക്കുകയും ചെയ്തു. ഉല്പാദനത്തിനുവേണ്ടി മനുഷ്യനും മൃഗവും ചെയ്തിരുന്ന ജോലികൾ യന്ത്രങ്ങൾ ഏറ്റെടു ക്കാൻ തുടങ്ങി. ഇത് സമൂഹത്തിൽ രണ്ടുതരം പൗരരെ സൃഷ്ടിക്കാൻ ഇടയാക്കി. ഒരു വിഭാഗത്തിനെ ക്യാപ്പിറ്റലിസ്റ്റ് അല്ലെങ്കിൽ ബൂർഷ്വാസി മറ്റേ വിഭാഗത്തിനെ തൊഴിലാളി അല്ലെങ്കിൽ പ്രോലിട്ടേറിയറ്റ് എന്നും പിന്നീട് വിളിക്കപ്പെട്ടു. അടുത്ത അധ്യായത്തിൽ നിങ്ങൾ വ്യവസായ വിപ്ലവത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സി ലാക്കുന്നതാണ്.

### പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 3.2

1. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

   (a) ഭാരതത്തിലേയ്ക്കുള്ള കപ്പൽ മാർഗ്ഗം ആരാണ് കണ്ടുപിടിച്ചത്?

   (i) ബാർത്തലോമ ഡയസ് (ii) വാസക്കോഡഗാമ

   (iii) കൊളംബസ് (iv) ഇവരാരുമല്ല.

2. ഇതിലേതാണ് നാവികപരമായ കണ്ടുപിടുത്തങ്ങളുടെ ഫലമല്ലാത്തത്.

(i) ഏഷ്യയിലേയും ആഫ്രിക്കയിലേയും കോളനിസ്ഥാപനം

(ii) യൂറോപ്യൻ വാണിജ്യത്തിന്റെ വ്യാപനം.

(iii) കോളനികളിൽ സാമ്പത്തിക വളർച്ച

(iv) അടിമ വ്യാപാരത്തിന്റെ തുടക്കം

2. ശാസ്ത്രമേഖലയിൽ നവോത്ഥാനം നൽകിയ രണ്ടു സംഭാവനകൾ പറയുക.

3. പുതിയ കപ്പൽ മാർഗ്ഗം കണ്ടുപിടിക്കാൻ യൂറോപ്യരെ സഹായിച്ച രണ്ട് കണ്ടുപിടുത്തങ്ങൾ ഏവ?

4. വ്യാവസായിക വിപ്ലവം മൂലം സമൂഹത്തിൽ വന്ന സുപ്രധാന മാറ്റം വ്യക്തമാക്കുക.

## 3.7 വിപ്ലവങ്ങളുടെ കാലഘട്ടം

1848 ലെ യൂറോപ്യൻ വിപ്ലവം ഭരണാധികാരികൾക്കെതിരായ ധാരാളം രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്കിടയാക്കി. ജനങ്ങൾക്ക് അധികാരികളോട് വലിയ തോതിലുള്ള അസംതൃപ്തി വളരുകയും രാജ്യകാര്യങ്ങൾ തീരുമാനിക്കുന്നതിന് തങ്ങൾക്കുകൂടി പങ്കാളിത്തം ഉണ്ടാകണ മെന്ന് ജനങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അച്ചടിയന്ത്രങ്ങളുടെ സഹായത്താൽ ജനങ്ങളുടെയിടയിൽ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ പ്രചരിക്കുകയും ജനങ്ങളിൽ രാഷ്ട്രീയ അവബോധം ഉണ്ടാവുകയും ചെയ്തു. അമേരിക്ക, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, റഷ്യ എന്നിവിടങ്ങളിലാണ് പ്രധാനമായും വിപ്ലവങ്ങൾ ഇക്കാലത്തുണ്ടായത്. 'ഗ്ലോറിയസ് റവല്യൂഷ' (രക്തരഹിതവിപ്ലവം) ന്റെ ഫലമായി ബ്രിട്ടനിൽ ഈ മാറ്റങ്ങൾ നേരത്തെതന്നെ സംഭവിച്ചിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യത്തിനുശേഷമാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക (യു. എസ്. എ) ജന്മം കൊണ്ടത്. റഷ്യൻ സ്വാതന്ത്ര്യസമരം തൊഴിലാളി പ്രസ്ഥാനത്തിലൂടെ ഒരു സോഷ്യലിസ്റ്റ് ഗവൺമെന്റ് രൂപീകരിക്കാനിടയാക്കി. പ്രബുദ്ധങ്ങളായ ആശയങ്ങളിൽ പ്രചോദിതരായ ജനങ്ങളിൽ ശക്തമായ ഒരു ദേശീയ ബോധവും ഈ പ്രക്ഷോഭങ്ങളോടൊപ്പം ഉടലെടുത്തു.

### 3.7.1 ഗ്ലോറിയസ് റവല്യൂഷൻ (രക്തരഹിതവിപ്ലവം)

വിപ്ലവങ്ങളുടെ കാലഘട്ടം ആരംഭിക്കുന്നതിന് വളരെമുമ്പുതന്നെ A.D. 1688 ലാണ് ഇംഗ്ലണ്ടിൽ ഗ്ലോറിയസ് റവല്യൂഷൻ എന്ന പേരിലറിയപ്പെടുന്ന സ്വാതന്ത്ര്യ പ്രക്ഷോഭം നടന്നത്. ഇത് ലോകത്തെ മറ്റ് വിപ്ലവങ്ങൾക്ക് പ്രചോദനമേകി. ഈ വിപ്ലവം വിജയത്തിലെത്തുന്നതിന് ആർക്കും രക്തം ചൊരിയേണ്ടി വന്നില്ല. അതിനാൽ ഇതിനെ രക്തരഹിത വിപ്ലവം എന്നും വിളിക്കുന്നു. തന്റെ ജനവിരുദ്ധ നിലപാടുകൾ കാരണം ഇംഗ്ലണ്ട് ഭരിച്ചിരുന്ന സ്റ്റുവർട്ട് രാജാവായ ജയിംസ് രണ്ടാമന് ജനങ്ങളുടെ പിന്തുണയില്ലാതായിതീർന്നു. എപ്പോൾ വേണ മെങ്കിലും ഉപയോഗിക്കാവുന്ന ചെലവേറിയ ഒരു സേനാവിഭാഗം അദ്ദേഹം രൂപീകരിച്ചു. ഗവൺമെന്റിലും സൈന്യത്തിലും സർവ്വകലാശാലകളിലും റോമൻ കത്തോലിക്കരെ കൂടുതലായി നിയമിച്ചു. രാജാവിന്റെ ഈ ചെയ്തികളെല്ലാം ജനങ്ങളെ രോഷാകുലരാക്കി. ജനങ്ങൾ രാജാവിനെ അധികാരത്തിൽ നിന്ന് പുറത്താക്കി. അദ്ദേഹത്തിന്റെ മകൾ മേരി രണ്ടിനേയും അവരുടെ ഭർത്താവും ഓറഞ്ചിലെ രാജകുമാരനുമായ വില്യം മൂന്നാമനെയും അധികാരത്തിൽ കൊണ്ടു വന്നു. ജയിംസ് രണ്ടാമന്റെ സ്വേച്ഛാഭരണത്തിന്റെ സ്ഥാനത്ത് ഭരണഘടനാ രൂപത്തിലുള്ള ഒരു സർക്കാർ നിലവിൽ വന്നു. ഈ സംഭവത്തോടെ പാർലമെന്റിന് രാജാവിനെ മാറ്റാനുള്ള ശക്തിയുണ്ടെന്ന് തെളിഞ്ഞു.

### 3.7.2. അമേരിക്കൻ വിപ്ലവം

ഇന്ന് നാം അനുഭവിക്കുന്ന പല രാഷ്ട്രീയാധികാരങ്ങളും 18-ാം നൂറ്റാണ്ടിന്റെ അന്ത്യകാല ത്തുണ്ടായ രണ്ട് പ്രധാനപ്പെട്ട വിപ്ലവങ്ങളുടെ ഫലമാണെന്നറിയുന്നത് നിങ്ങൾക്ക് രസകര മായി തോന്നുന്നില്ലേ.? ആധുനിക ലോകത്തിന്റെ നിർമ്മിതിക്ക് നിർണ്ണായക പങ്ക് വഹിച്ചതാണ് ഈ വിപ്ലവങ്ങൾ. അമേരിക്കൻ ഫ്രഞ്ച് വിപ്ലവങ്ങളിലൂടെ ജനങ്ങൾ തങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കുകയും ചൂഷണം അവസാനിപ്പിക്കുകയും ചെയ്തു.

16-ാം നൂറ്റാണ്ട് ആയപ്പോഴേയ്ക്കും യൂറോപ്യൻമാർ അമേരിക്കയിലേക്ക് കുടിയേറി പാർക്കാനാരംഭിച്ചു. ഈ കുടിയേറ്റം ഇംഗ്ലണ്ടിലെ മതപീഡനത്തിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടിയായിരുന്നു. സാമ്പത്തിക അഭിവൃദ്ധിനേടുകയെന്നതും അവരുടെ താത്പര്യമായി രുന്നു. ഈ കുടിയേറ്റക്കാർ അമേരിക്കയിൽ 13 -കോളനികൾ സ്ഥാപിച്ചു. അവരുടെ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രാദേശിക സമിതികളുമുണ്ടായിരുന്നു. ഈ കോളനി നിവാസി കൾ അവരുടെ താൽപര്യങ്ങൾക്കെതിരായ ഇംഗ്ലീഷ് നിയമങ്ങളു ടേയും അവരുടെ മാതൃ ദേശമായ ഇംഗ്ലണ്ടിന്റെയും ഇടപെടലിൽ അസംതൃപ്തരായിരുന്നു. ഇംഗ്ലീഷ് നിയമങ്ങളെല്ലാം ബ്രിട്ടന്റെ താൽപര്യത്തിന് അനുസരിച്ചായിരുന്നു. വ്യവസായങ്ങൾ തുടങ്ങാൻ കോളനികളെ ബ്രിട്ടൻ അനുവദിച്ചിരുന്നില്ല. ഇരുമ്പ്, തുണി തുടങ്ങിയ ബ്രിട്ടീഷ് വ്യവസായങ്ങളെ ബാധിക്കും എന്ന കാരണത്താലാണ് കോളനികൾക്ക് വ്യവസായം തുടങ്ങാൻ അനുമതി നൽകാതിരുന്നത്. ഇംഗ്ലണ്ട് നിർദ്ദേശിക്കുന്ന വിലയ്ക്ക് പഞ്ചസാര, പുകയില, പരുത്തി എന്നിവ ഇംഗ്ലണ്ടിലേക്കു മാത്രമേ കയറ്റിഅയക്കാൻ അനുവദിച്ചിരുന്നുള്ളൂ. അമേരിക്കൻ കോളനികളിൽ ഇതെല്ലാം ബ്രിട്ടനോടുള്ള എതിർപ്പിന് കാരണമായി.

18-ാം നൂറ്റാണ്ടിൽ ഫ്രാൻസുമായിട്ടുള്ള യുദ്ധം ഇന്ത്യൻ പ്രദേശങ്ങളിലെ യുദ്ധങ്ങൾ ഇവയെല്ലാം ബ്രിട്ടന് വളരെ ചെലവേറിയതായിരുന്നു. ഈ യുദ്ധങ്ങൾക്കാവശ്യമായ പണം അമേരിക്കൻ കോളനികളിൽ നിന്നും നികുതി പിരിച്ചാണ് അവർ കണ്ടെത്തിയത്. A.D 1765-ൽ ബ്രിട്ടീഷ് പാർലമെന്റ് സ്റ്റാമ്പു നിയമം പാസ്സാക്കി. അമേരിക്കയിലെ എല്ലാ ഇടപാടു കൾക്കും പ്രത്യേക സ്റ്റാമ്പ് നികുതിയടക്കണമെന്ന് ഈ നിയമം അനുശാസിച്ചു. വരുമാനമെല്ലാം അമേരിക്കയിൽ നില നിർത്താനുദ്ദേശിച്ചിരുന്ന പതിനായിരം സൈനികരുടെ സംരക്ഷണത്തിനുവേണ്ടിയായിരുന്നു. കോളനി നിവാസികൾ ഇതിനെ എതിർത്തു. അമേരിക്കൻ തുറമുഖ നഗരങ്ങളിൽ ലഹളകൾ തുടങ്ങിയ കോളനി സമിതികൾ സ്റ്റാമ്പ് നിയമത്തിനെതിരായി പ്രമേയങ്ങൾ പാസ്സാക്കി. ഇതിന്റെയെല്ലാം ഫലമായി അ.ഉ 1766 ൽ ബ്രിട്ടീഷ് പാർലമെന്റ് ഈ നിയമം പിൻവലിക്കാൻ നിർബന്ധിതമായി. എന്നിരുന്നാലും തേയിലയുടെ മേലുള്ള നികുതി തുടർന്നു. 1773 ൽ റെഡ് ഇന്ത്യാക്കാരായി വേഷവിധാനം ചെയ്ത കുറെ വിപ്ലവകാരികൾ തേയിലപ്പെട്ടികളുമായി വന്ന കപ്പലുകൾ കൈയ്യേറി തേയിലക്കെട്ടുകൾ കടലിൽ എറിഞ്ഞു. ഈ സംഭവം ബോസ്റ്റൺ ടീ പാർട്ടി എന്ന പേരിൽ അറിയപ്പെടുന്നു. തുടർന്ന് ബ്രിട്ടൻ ബോസ്റ്റൺ തുറമുഖം അടച്ചിട്ടു. എന്നാൽ ഈ സംഭവം അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന് ആരംഭമിട്ടു.

പതിമൂന്നു കോളനികളിലെയും പ്രതിനിധികൾ ചേർന്ന് ആദ്യത്തെ കോൺടിനെന്റൽ കോൺഗ്രസ്സ് 1774 ൽ ഫിലാഡെൽഫിയായിൽ വിളിച്ചു കൂട്ടി. ഈ സമ്മേളനം തങ്ങളുടെ അനുമതി ഇല്ലാതെ ഒരു നികുതിയും അടിച്ചേൽപ്പിക്കരുതെന്ന് ബ്രിട്ടീഷ് രാജാവിനോട് അഭ്യർത്ഥിച്ചു. രാജാവ് ഈ സംഭവത്തെ വിപ്ലവമായിട്ട് കണ്ട് കോളനികളോട് യുദ്ധം പ്രഖ്യാപിച്ചു. ഇത് യുദ്ധത്തിൽ കലാശിക്കുകയും 1776 ജൂലൈ 4 ന് ഫിലാഡൽഫിയയിൽ കൂടിയ കോൺഗ്രസ്സിൽ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തുകയും ചെയ്തു. സ്വാതന്ത്ര്യം ലക്ഷ്യ

മാക്കി കോളനിനിവാസികൾ ജോർജ്ജ് വാഷിംഗ്ടനു കീഴിൽ ഒരു പട്ടാളം രൂപീകരിക്കുകയും ചെയ്തു. ആദ്യം ജോർജ്ജ് വാഷിംഗ്ടൺ പരാജയപ്പെട്ടെങ്കിലും ഒടുവിൽ 1781 ൽ ഇംഗ്ലീഷ് പടത്തലവൻ കോൺവാലീസ് ജോർജ്ജ് വാഷിംഗ്ടണിന്റെ മുന്നിൽ കീഴടങ്ങി. 1783-ലെ പാരീസ് ഉടമ്പടിയിലൂടെ ഇംഗ്ലണ്ട് 13 കോളനികളുടേയും സ്വാതന്ത്ര്യം അംഗീകരിച്ചു. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം ലോക രാഷ്ട്രങ്ങളെ മുഴുവൻ പ്രചോദിപ്പിക്കുകയും എല്ലാവർക്കും ചില അടർത്തിമാറ്റാൻ പറ്റാത്ത അവകാശങ്ങളുണ്ടെന്നും അതിൽ സമത്വത്തിനുള്ള അവകാശം, ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം എന്നിവ ഉൾപ്പെടുന്നുവെന്നും സ്ഥാപിച്ചു. ബിൽ ഓഫ് റൈറ്റ്സ് - (അ കാശപത്രിക) സംസാരി ക്കാനുള്ള സ്വാതന്ത്ര്യം, പത്ര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, നീതി ലഭിക്കാനുള്ള സ്വാതന്ത്ര്യം മുതലായവ വാഗ്ദാനം നൽകി. അമേരിക്കൻ വിപ്ലവം 13 കോളനികൾക്കും ബ്രിട്ടനിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടിയുള്ള പോരാട്ടമായിരുന്നു. അങ്ങനെ സ്വാതന്ത്ര്യം നേടിയ 13 കോളനികളാണ് ഇന്നത്തെ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക (യു. എസ്. എ).

## പാഠ്യപ്രവർത്തനം 3.3

ബോസ്റ്റൺ ടീ പാർട്ടിക്ക് സാക്ഷിയായ ഒരു പത്രലേഖകനാണ് നിങ്ങൾ എന്ന് കരുതുക. ഈ സംഭവത്തിൽ പങ്കെടുത്തവരും കാണികളുമായ ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥരും അമേരിക്കക്കാരുമായ ആളുകളുമായി നിങ്ങൾ ഒരു അഭിമുഖം നടത്തുന്ന തായി ഭാവനയിൽ കാണുക. ഈ സംഭവത്തെക്കുറിച്ച് അവരുടെ അഭിപ്രായം ഉൾക്കൊള്ളുന്ന ഒരു ലേഖനം തയ്യാറാക്കുക. അതോടൊപ്പം എന്തായിരിക്കണം അവിടെ സംഭവിച്ചിട്ടുള്ളതെന്ന നിങ്ങളുടെ അഭിപ്രായവും റിപ്പോർട്ടിൽ രേഖപ്പെടുത്തുക.

### 3.7.3. ഫ്രഞ്ച് വിപ്ലവം

18-ാം നൂറ്റാണ്ടിലെ ഫ്രഞ്ച് സമൂഹം ഫ്യൂഡൽ സ്വഭാവത്തിൽ തന്നെയായിരുന്നു. രാജാവിന് പരിപൂർണ്ണമായ അവകാശവും അധികാരവും ഉണ്ടായിരുന്നു. സമൂഹം എസ്റ്റേറ്റുകൾ എന്ന് വിളിക്കപ്പെടുന്ന മൂന്നു ഭാഗങ്ങളായി വിഭജിച്ചിരുന്നു. ഒന്നാമത്തെ വിഭാഗം പുരോഹിതർ അല്ലെങ്കിൽ സഭ ആയിരുന്നു. രണ്ടാമത്തേത് പ്രഭുക്കൾ. ഈ ആദ്യരണ്ടു വിഭാഗങ്ങൾ ഏറെ ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. എല്ലാ സുഖസൗകര്യങ്ങളും അവർ കയ്യടക്കി. മതത്തിന്റെ പേരിൽ പ്രത്യേക അവകാശങ്ങൾ അവർക്കുണ്ടായിരുന്നു. രാജ്യ ഭരണവും അവരുടെ കൈകളിലായിരുന്നു. മൂന്നാം എസ്റ്റേറ്റുകാരായിരുന്ന കർഷകരും, പട്ടണത്തൊഴിലാളികളും മദ്ധ്യനിരക്കാരും ജോലിക്കാരുമെല്ലാം നികുതിഭാരംകൊണ്ട് കഷ്ടപ്പെട്ടു.

ഇക്കാലത്ത് ഫ്രാൻസിന്റെ ആഭ്യന്തരസ്ഥിതി ഒരു വിപ്ലവത്തിന് അനുയോജ്യമായിരുന്നു. ഫ്രാൻസ് ഭരിച്ചിരുന്ന ലൂയി XVI- ാമന്റെയും അദ്ദേഹത്തിന്റെ ഭാര്യ മേരി അന്റോണിറ്റിന്റെയും ആഡംബര ജീവിതം ഫ്രാൻസിനെ പാപ്പരാക്കി. കടബാധ്യതയിൽ നിന്ന് രക്ഷ നേടാൻ പുതിയ നികുതികൾ ഈടാക്കാനുള്ള നിയമത്തിന്റെ അംഗീകാരത്തിനുവേണ്ടി പുരോഹിതർ, പ്രഭുക്കൾ, സാധാരണക്കാർ എന്നീ മൂന്നുവിഭാഗങ്ങളുടെയും പ്രതിനിധികളുടെ ഒരു സമ്മേളനം വിളിച്ചു ചേർക്കാൻ അദ്ദേഹം നിർബന്ധിതനായി. (AD 1789), മൂന്നാം വിഭാഗക്കാരായ സാധാരണക്കാർ നികുതി സമ്പ്രദായത്തിൽ തുല്യത വരുത്തണമെന്നും പുരോഹിതരും പ്രഭുക്കളും അടങ്ങുന്ന ഒന്നും രണ്ടും എസ്റ്റേറ്റുകൾ അനുഭവിക്കുന്ന എല്ലാ

പ്രത്യേക അവകാശങ്ങളും റദ്ദു ചെയ്യണമെന്നും ആവശ്യപ്പെട്ടു. ഒടുവിൽ മൂന്നാം എസ്റ്റേറ്റു കാർ സ്വയം ദേശീയ അസംബ്ലിയായി പ്രഖ്യാപിക്കുകയും ചക്രവർത്തിയിൽ നിന്നും രാജ്യത്തിന്റെ അധികാരം പിടിച്ചെടുക്കുകയും ചെയ്തു. അവർ 'ഡിക്ലറേഷൻ ഓഫ് ദ റൈറ്റ്സ് ഓഫ് മാൻ ആൻഡ് സിറ്റിസൺ' (മനുഷ്യന്റേയും പൗരന്റേയും അവകാശ പ്രഖ്യാപനം) എന്ന ചരിത്രപ്രസിദ്ധമായ പ്രമാണരേഖ അംഗീകരിക്കുകയും ചെയ്തു. ഈ രേഖയാണ് പിന്നീട് 1791 ൽ നിലവിൽ വന്ന ഫ്രഞ്ചുഭരണഘടനയുടെ ആമുഖമായി തീർന്നത്. നിയമത്തിനുമുന്നിൽ സമത്വം, ജനങ്ങളുടെ പരമാധികാരം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, സ്വത്ത് സമ്പാദിക്കാനുള്ള അവകാശം, സുരക്ഷിതത്വത്തിനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, സംസാര സ്വാതന്ത്ര്യം, അറിയാനുള്ള അവകാശം, പാവപ്പെട്ടവർക്ക് സഹായം ലഭിക്കാനുള്ള അവകാശം, പീഡനത്തിനും അടിമത്തത്തിനും നിരോധനം, തങ്ങൾക്ക് സ്വീകാര്യമായ സർക്കാരുകളെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, സർക്കാർ ഓഫീസുകളിൽ എല്ലാ പൗരർക്കും ജോലി ചെയ്യാനുള്ള അർഹത എന്നിവ ഫ്രഞ്ചു വിപ്ലവത്തിന്റെ നേട്ടങ്ങളാണ്. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം ഫ്രഞ്ചുകാരിൽ സ്വാധീനം ചെലുത്തിയിരുന്നതാണ് ഈ നേട്ടങ്ങൾക്ക് എല്ലാം കാരണം.

A.D 1789 മുതൽ 15 വർഷക്കാലം നീണ്ടുനിന്ന ഫ്രഞ്ചുവിപ്ലവകാരികളുടെ യുദ്ധങ്ങൾ നേപ്പാളിയന്റെ യുദ്ധങ്ങൾ എന്നിവയുടെ ഫലമായി ഫ്രഞ്ചു റിപ്പബ്ലിക് രൂപം കൊണ്ടു. ഫ്രഞ്ചു വിപ്ലവം യൂറോപ്പിലെ മധ്യകാലഘട്ടസംവിധാനങ്ങളെല്ലാം പിച്ചിചീന്തി സ്വാതന്ത്ര്യത്തിന്റേയും ദേശീയതയുടേയും പുതിയ ആശയങ്ങൾ കൊണ്ടുവന്നു. സർക്കാർ, ഭരണസംവിധാനം, സൈന്യം, സമൂഹം, സംസ്ക്കാരം ഇവയിലെല്ലാം പരിപൂർണ്ണ മാറ്റത്തിന് ഫ്രാൻസ് സാക്ഷ്യം വഹിച്ചു. നെപ്പോളിയൻ ബോണപ്പാർട്ടിന്റെ കീഴിൽ ഫ്രാൻസ് ഒരു റിപ്പബ്ലിക്കായിതീർന്നു. ഫ്രഞ്ചുവിപ്ലവത്തിന്റെ മാർഗ്ഗനിർദ്ദേശകതത്വങ്ങൾ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയായിരുന്നു. വോൾട്ടയർ, മോൺടേസ്ക്യു, റൂസ്സോ എന്നീ പ്രബുദ്ധരായ ചിന്തകരുടെ ആശയങ്ങളാണ് ഫ്രഞ്ച് വിപ്ലവകാരികളെ പ്രചോദിപ്പിച്ചത്.

അമേരിക്കൻ സ്വാതന്ത്ര്യ സമരവും ഫ്രഞ്ചുവിപ്ലവവും ലോകമെമ്പാടുമുള്ള ജനങ്ങളിൽ ദേശീയ ബോധം ഉണർത്തി. അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൻ എന്നിവിടങ്ങളിലെ ദേശീയബോധം ഇറ്റലിയെയും സ്വാധീനിച്ചു. തത്ഫലമായി 1861 ൽ ഏകീകൃത ഇറ്റലിക്കുവേണ്ടിയുള്ള ഒരു വിപ്ലവം ഇറ്റലിയിലുമുണ്ടായി.


## പാഠ്യപ്രവർത്തനം 3.4

ഫ്രാൻസിന്റെയും അമേരിക്കയുടേയും പതാകകൾ അടിയിൽ കൊടുത്തിരിക്കുന്നു. ഫ്രഞ്ചു വിപ്ലവത്തിലും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലും ഈ പതാകകൾ വഹിച്ച പങ്ക് എന്ത്? പതാകയിലെ ഓരോ നിറവും എന്തിനെയാണ് സൂചിപ്പിക്കുക. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ നമ്മുടെ ദേശീയ പതാക ഇത്തരം പങ്ക് വഹിച്ചിട്ടുണ്ടോ? വ്യക്തമാക്കുക.

അമേരിക്കൻ ഭൂപടത്തിൽ എത്ര നക്ഷത്രങ്ങൾ ഉണ്ടെന്ന് എണ്ണുക. ഈ നക്ഷത്രങ്ങൾ എന്തിനെയാണ് പ്രതിനിധാനം ചെയ്യുക. ഇന്നത്തെ അമേരിക്കൻ പതാകയിൽ എത്ര നക്ഷത്രങ്ങളുണ്ട്.



ചിത്രം 3.4 *ഫ്രഞ്ച് വിപ്ലവകാലത്തെ ഫ്രാൻസിന്റെ പതാക*




### 3.7.4 ഇറ്റലിയുടെ ഏകീകരണം

18-ാം നൂറ്റാണ്ടിൽ ഇറ്റലി ചെറുസംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഈ ഓരോ സംസ്ഥാനത്തിനും പ്രത്യേകം പ്രത്യേകം രാജാക്കന്മാരും പാരമ്പര്യവുമായിരുന്നു. സാർഡീനിയ, ലൊംബാർഡി, വെനീഷ്യ,രണ്ട് സിസിലികൾ, ടസ്കാനി തുടങ്ങിയവയായിരുന്നു ഇറ്റലിയിലെ പ്രധാന സംസ്ഥാനങ്ങൾ. മധ്യകാലഘട്ടത്തിൽ മതം-രാഷ്ട്രീയം എന്നീ കാര്യങ്ങളിൽ പോപ്പിനായിരുന്നു കൂടുതൽ സ്വാധീനം. ഈ സംസ്ഥാനങ്ങളിൽ എല്ലായിടത്തും പോപ്പിന്റെ ഭരണം ആയിരുന്നു. അങ്ങനെ ഇതിനെ പേപ്പൽ സ്റ്റേറ്റ്സ് എന്നും വിളിച്ചു വന്നു. പോപ്പിന്റെ കീഴിൽ വിദേശ വ്യാപാരം, ബാങ്കിംഗ് ഇവയുടെ എല്ലാം കേന്ദ്രങ്ങളായി സംസ്ഥാനങ്ങൾ മാറി. അങ്ങനെ ഇറ്റലിയുടെ പ്രാധാന്യം വർദ്ധിക്കാൻ തുടങ്ങി. നവോത്ഥാന കാലത്ത് മറ്റ് രാഷ്ട്രങ്ങളേക്കാൾ ഇറ്റലി മുൻപന്തിയിലായിരുന്നുവെന്ന് നിങ്ങൾ പഠിച്ചു കഴിഞ്ഞിട്ടുണ്ട്. ഫ്രാൻസും റോമൻ സാമ്രാജ്യവും ദീർഘകാലം ഇറ്റലിയുടെ നിയന്ത്രണം ഏറ്റെടുക്കാൻ പൊരുതി. 1789-ലെ ഫ്രഞ്ചുവിപ്ലവം ഇറ്റലിയുടെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിച്ചത്. ഫ്രാൻസിൽ നിന്നും തങ്ങളുടെ രാജ്യത്തിന് നേരെയുള്ള അപകടം മനസ്സിലാക്കിയ ഇറ്റാലിയൻ ഭരണാധികാരികൾ ഫ്രാൻസിനെ എതിർത്തിരുന്ന യൂറോപ്യൻ രാജാക്കൻമാരുമായി അടുത്തു. ഫ്രാൻസ് റിപ്പബ്ലിക് ആയതിനുശേഷം ഒരു ഇറ്റാലിയൻ റിപ്പബ്ലിക് വേണമെന്നാഗ്രഹിക്കുന്നവരുടെ രഹസ്യക്ലബുകൾ ഇറ്റലിയുടനീളം രൂപം കൊണ്ടു. യൂറോപ്യൻ ശക്തികൾ നെപ്പോളിയനെ പരാജയപ്പെടുത്തിയതോടെ വിദേശനിയന്ത്ര ണത്തിൽ നിന്നും മുക്തമായ ഒരു ഏകീകൃത ഇറ്റലിക്കുള്ള സാധ്യത ഇറ്റലിക്കാർ കണ്ടു.

മസീനി, ഗാരീബാൾഡി തുടങ്ങിയ വിപ്ലവകാരികളും ചില രഹസ്യ സംഘടനകളും സ്വതന്ത്രവും ഏകീകൃതവുമായ ഒരു ഇറ്റലി എന്ന ആശയം പ്രചരിപ്പിച്ചു. 1849 മുതൽ വിക്ടർ ഇമ്മാനുവിലിന്റെ ഭരണത്തിലുള്ള പൈഡ്മോണ്ട് - സാർഡീനിയ രാജ്യം ഈ

ഏകീകരണത്തിന് സജീവമായ പങ്കു വഹിച്ചു. ഒരു രാജാവാണ് ഇറ്റലിയുടെ ഏകീകരണത്തിന് നേതൃത്വം നൽകി എന്നത് ഒരു പ്രത്യേകതയാണ്.വിക്ടർ ഇമ്മാനുവലിന്റെ പ്രധാനമന്ത്രി ആയിരുന്ന കാവർ ലൊംബാർഡി, ടസ്കനി, മെഡേന തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ആസ്ട്രിയക്കാരെ തുരത്തി. ഗാരിബാൾഡി, സിസിലിയും നേപ്പിൾസും മോചിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഈ രണ്ടു രാജ്യങ്ങളും ഇമ്മാനുവലിന് സമർപ്പിക്കുകയും അദ്ദേഹത്തെ ഇറ്റലിയുടെ രാജാവായി പ്രഖ്യാപിക്കുകയും ചെയ്തു. റോമും വെനീഷ്യയും പിന്നീട് ഇറ്റാലിയൻ സംസ്ഥാനങ്ങളുടെ ഫെഡറേഷനിൽ ലയിച്ചു. 1815 ലെ വിയന്നകോൺ ഗ്രസ്സോടുകൂടി ഇറ്റലിയിലെ ഏകീകരണ പ്രക്രിയ ആരംഭിക്കുകയും 1871 ലെ ഫ്രാങ്കോ റഷ്യൻ യുദ്ധത്തോടുകൂടി അവസാനിക്കുകയും ചെയ്തു.

### 3.7.5 ജർമ്മനിയുടെ ഏകീകരണം



ചിത്രം 3.6 ഒട്ടോവൻ ബിസ്മാർക്ക്

1815 ൽ നെപ്പോളിയന്റെ പരാജയത്തോടുകൂടി ജർമ്മനിയിലെ നല്ലൊരു വിഭാഗം ആളുകൾ ഒരു സ്വതന്ത്ര ജർമ്മനിക്ക് രൂപം നൽകണമെന്ന് ആഗ്രഹിച്ചു. ആസ്ട്രിയയും പെർഷ്യയും നയിക്കുന്ന 39 ചെറു സംസ്ഥാനങ്ങളുടെ ഒരു കോ ഫെഡറേഷൻ ആയിരുന്നു ജർമ്മനി. ജർമ്മനിയു സാമ്പത്തിക പുരോഗതിയെ തകർക്കുന്ന വിധം ഈ ചെറു സംസ്ഥാനങ്ങൾ പരസ്പരം പോരടിച്ചിരുന്നു. ആസ്ട്രിയ, ഫ്രാൻസ് എന്നീ രാജ്യങ്ങളെ ഒഴിവാക്കി പ്രഷ്യയുടെ ഭരണത്തിൽ ജർമ്മനിയെ ഏകീകരിക്കുവാൻ പ്രഷ്യൻ രാജാവായ കൈസർ വില്യം ഒന്നാമൻ പ്രധാനമന്ത്രിയായ ബിസ്മാർക്കിനെ ചുമതലപ്പെടുത്തി. ജർമ്മനിയെ അടിയന്തിരമായി ഏകീകരിക്കണമെന്നാഗ്രഹിച്ച നിർഭയനായ ആളായിരുന്നു ബിസ്മാർക്ക്. ഇതിനുവേണ്ടി അദ്ദേഹം സൈന്യത്തെ ആധുനികവത്ക്കരിച്ചു. അദ്ദേഹത്തിന്റെ ഏകീകരണ നയം 'നിണവും ഇരുമ്പും' എന്ന പേരിലാണ് അറിയപ്പെട്ടത്. ഇത് അദ്ദേഹത്തിന് 'അയൺ ചാൻസലർ' എന്ന ഒരു ഇരട്ടപ്പേരും സമ്പാദിച്ചു കൊടുത്തു. ബിസ്മാർക്ക് തന്റെ പരിഷ്ക്കരിച്ച സൈന്യത്തിന്റെ സഹായത്തോടെ ഷെൽസവിഗ്, ഹോൾസ്റ്റെയിൻ എന്നീ പ്രദേശങ്ങളിലെ ജർമ്മൻ ജനതയെ ആവേശഭരിതരാക്കി ആദ്യം ഡെൻമാർക്കിനെ നേരിട്ടു. 1864-ൽ ഡെൻമാർക്കിനെ പുറത്താക്കാൻ ആസ്ട്രിയുമായി ബന്ധം സ്ഥാപിച്ചു. ബിസ്മാർ ക്കിന്റെ അടുത്ത ലക്ഷ്യം ആസ്ട്രിയെ പരാജയപ്പെടുത്തുകയായിരുന്നു. തുടർന്ന് ആസ്ട്രിയയെ തോൽപിച്ച് അദ്ദേഹം ഉത്തര ജർമ്മൻ കോൺഫെഡറേഷൻ രൂപീകരിച്ചു. അതിനുശേഷം ആസ്ട്രിയയുടെ അധീനത്തിലിരുന്ന വെനീസ് ഇറ്റലിക്ക് തിരിച്ച് നൽകിപ്പിച്ച് ഇറ്റലിയെ യുദ്ധരംഗത്ത് നിന്ന് മാറ്റി. തന്റെ സമർത്ഥമായ തന്ത്ര പ്രയോഗംകൊണ്ട് ബിസ്മാർക്ക് പ്രഷ്യ, റഷ്യ, ഫ്രാൻസ്, എന്നീ രാജ്യങ്ങളെ സ്വന്തം ഭാഗത്തേക്ക് കൊണ്ടുവന്നു.

പ്രഷ്യയുടെ മേധാവിത്വത്തിന് തടസ്സമായിരുന്ന ഏകകാരണം ദക്ഷിണജർമ്മനിയിലെ നാല് ചെറുസംസ്ഥാനങ്ങളുടേയും ഫ്രാൻസിലെ നെപ്പോളിയൻ മൂന്നാമന്റെയും എതിർപ്പായിരുന്നു. 1871-ൽ പ്രഷ്യ ഫ്രാൻസിനെ ആക്രമിച്ച് പരാജയപ്പെടുത്തി. നെപ്പോളിയൻ മൂന്നാമൻ സ്ഥാനത്യാഗം ചെയ്തു. അൾസേയ്സ് ലോറൈൻ പ്രദേശം ജർമ്മനിക്ക് വിട്ടുകൊടുത്ത് ഫ്രാൻസ് സന്ധി ചെയ്തു. ഇതിനെതുടർന്ന് ആസ്ട്രിയ ഒഴിച്ചുള്ള എല്ലാ സംസ്ഥാനങ്ങളും ജർമ്മൻ കോൺഫെഡറേഷനിൽ ലയിച്ചു. അങ്ങനെ കൈസർ വില്യം ഒന്നാമന്റെ നേതൃത്വത്തിൽ ജർമ്മനിയുടെ ഏകീകരണം പൂർണ്ണമായി. ജർമ്മനിയുടെ ഏകീകരണത്തോടെ ആ രാജ്യം യൂറോപ്പിലെ പ്രബല ശക്തിയായി തീർന്നു.

### 3.7.6 സോഷ്യലിസ്റ്റ് പ്രസ്ഥാനവും റഷ്യൻ വിപ്ലവവും.

വ്യാവസായിക വിപ്ലവം സമൂഹത്തെ അസമത്വത്തിലേക്ക് നയിച്ചു. ഒരു വശത്ത് അവകാശങ്ങൾ നിഷേധിക്കപ്പെട്ട ചൂഷണത്തിന് വിധേയരായ സാധുക്കളായ തൊഴിലാളികളായിരുന്നു. മറുഭാഗത്ത് എല്ലാ പ്രത്യേക അവകാശങ്ങളും കൈവശപ്പെടുത്തിയിരുന്ന 'ക്യാപ്പറ്റിലിസ്റ്റുകൾ' ആയിരുന്നു. ഇത്തരം ഒരു സാമൂഹിക സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകാൻ പലരും ആഗ്രഹിച്ചു. സാമൂഹിക-സാമ്പത്തിക മണ്ഡലങ്ങളിൽ സമത്വം സ്ഥാപിച്ചു കൊണ്ടുള്ള ഒരു സമൂഹസൃഷ്ടിയുടെ ചിന്ത നിരവധി ആളുകളിലുണ്ടായി. സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ അന്ന് പ്രചരിച്ചിരുന്ന ആശയങ്ങൾ ഈ ചിന്താഗതിയെ പ്രോത്സാഹിപ്പിക്കയും ചെയ്തു. അങ്ങനെ സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹിക വ്യവസ്ഥിതി എന്ന ആശയം വേരുപിടിച്ചു. കാൾമാർക്സിന്റെയും ഫ്രെഡറിക് എംഗൽസി ന്റെയും സോഷ്യലിസത്തെക്കുറിച്ചുള്ള ശക്തമായ ആശയങ്ങൾ ജനങ്ങൾക്ക് പ്രചോദനമായി. കാൾ മാർക്സ് തന്റെ 'ദസ് ക്യാപ്പിറ്റൽ' എന്ന ഗ്രന്ഥത്തിൽകൂടി വർഗ്ഗ സമരങ്ങളുടെ ചരിത്രം തന്നെയാണ് എല്ലാ സമൂഹത്തിന്റെയും ചരിത്രമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തി. മുതലാളിമാർ എപ്പോഴും തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാൻ തൊഴിലാളികൾക്ക് അർഹമായ കൂലി നൽകില്ലെന്നും ഇതാണ് വർഗ്ഗസമരത്തിലേക്ക് നയിക്കുന്നതെന്നും അഭിപ്രായപ്പെട്ടു. മുതലാളിത്തം അവസാനിപ്പിച്ച് സോഷ്യലിസം നടപ്പിലാകുന്നതുവരെ ഈ വർഗ്ഗസമരം തുടരു മെന്നും ഉള്ള കാര്യം അദ്ദേഹം പ്രവചിച്ചു. എല്ലാ ഉൽപ്പാദന ഉപാധികളുടേയും ഉടമസ്ഥത രാഷ്ട്രത്തിന്റെ കൈയിലാവുകയും അസമത്വമില്ലാത്ത ഒരു സമൂഹത്തിന് ജന്മം നൽകുകയും ചെയ്യുന്നതാണ് സോഷ്യലിസത്തിന്റെ ഫലമായി ഉണ്ടാകുന്നതെന്നും അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി.

ലോകത്തിലാദ്യമായി ഒരു സോഷ്യലിസ്റ്റ് ഗവൺമെന്റ് രൂപീകൃതമായത് ഈ ആശയങ്ങൾ പ്രായോഗികമായതിന്റെ ഫലമാണ്. അന്ന് റഷ്യ ഒരു കാർഷിക രാജ്യമായിരുന്നു.

വ്യാവസായികമായി വളരെ പിന്നോക്കമായിരുന്ന റഷ്യ സാർ നിക്കോളസ് II എന്ന ഏകാധിപതിയുടെ ഭരണത്തിൻ കീഴിലായിരുന്നു. സാർ ചക്രവർത്തിയുടെ ഭരണത്തിൻ കീഴിൽ കർഷകരും തൊഴിലാളികളും വൻദുരിതങ്ങളാണ് നേരിടേണ്ടി വന്നത്. 1905 -ൽ നടന്ന വിപ്ലവത്തിന്റെ ഫലമായി 'ഡ്യൂമ' എന്ന ഭരണഘടനാ സ്ഥാപനം നിലവിൽ വന്നു. ഡ്യൂമയിൽ തൊഴിലാളികളുടേയും നഗരവാസികളുടേയും കുലീനൻമാരുടേയും പ്രതിനിധികളുണ്ടായിരുന്നു. 1905-ലെ വിപ്ലവത്തിനുശേഷവും പൗരന്മാരുടെ അവകാശങ്ങൾക്കും ജനാധിപത്യരീതിക്കും വളരെയധികം പരിമിതികളുണ്ടായി. തത്ഫലമായി ജനങ്ങളുടെ അസ്വസ്ഥത തുടർന്നു കൊണ്ടേയിരുന്നു.

സാർ നിക്കോളാസ് രണ്ടാമന്റെ സ്വേച്ഛാഭരണം കർഷകരുടേയും തൊഴിലാളികളുടേയും റഷ്യാക്കാരല്ലാത്ത റഷ്യയിൽ താമസിച്ചിരുന്നവരുടേയും ജീവിതം ദുസ്സഹമാക്കി. മനുഷ്യോചിതമല്ലാത്ത ജീവിത സാഹചര്യങ്ങളും ചൂഷണവും അമിതമായ നികുതിഭാരവും മൂലം പൊറുതിമുട്ടിയ ജനങ്ങൾ ചക്രവർത്തിക്കെതിരായി. ജനങ്ങൾക്ക് യാതൊരു രാഷ്ട്രീയാവകാശവും കൊടുത്തിരുന്നില്ല. സാമ്രാജ്യത്വ താത്പര്യങ്ങൾക്കുവേണ്ടി റഷ്യ ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കാളിയാവുകയും ചെയ്തു. തത്ഫലമായി വേണ്ടത്ര ആയുധങ്ങളോ തണുപ്പിനെ നേരിടാനാവശ്യമായ വസ്ത്രങ്ങളോ ഒന്നുമില്ലാതെ ആയിരക്കണക്കിന് സൈനികർ സൈബീരിയയിലെ തണുത്ത മരുഭൂമിയിൽ മരിച്ചു വീണു. ധാരാളം വിദഗ്ധ തൊഴിലാളികളേയും സൈനിക സേവനത്തിനയച്ച് അവരേയും അപമൃത്യുവിനിരയാക്കി. കുലീനൻമാരും സാർ നിക്കോളസ് രണ്ടാമന്റെ സ്വേച്ഛാരീതികളിൽ അസംതൃപ്തരായിരുന്നു. രാജ്യത്തെ പട്ടിണി സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. ഇതിന്റെയെല്ലാം ഫലമായി തൊഴിലാളികൾ ലഹളകളാരംഭിച്ചു. പണിമുടക്കിയ ജനക്കൂട്ടം കോടതികൾ, ജയിലുകൾ, ഓഫീസുകൾ എന്നിവയെല്ലാം തകർത്തു. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളി

ലേക്കും ഈ അശാന്തി വ്യാപിച്ചു. സൈന്യത്തിന്റെ ആയുധങ്ങളെല്ലാം തീർന്നു. ഭക്ഷണ ദൗർലഭ്യം രൂക്ഷമായി. ഈ പ്രതിസന്ധിയെ നേരിടാൻ ഗവൺമെന്റ് അവിടുത്തെ നാണയമായ റൂബിൾ നോട്ടുകൾ ലക്ഷക്കണക്കിന് അടിച്ചുവിതരണം ചെയ്തു. ഇത്പണപ്പെരുപ്പത്തിനിടയാക്കി. ജനങ്ങളുടെ കഷ്ടത ഒന്നുകൂടി വർദ്ധിച്ചു. അവസാനം ഭരണത്തിന്റെ എല്ലാ നിയന്ത്രണങ്ങളും സാർ ചക്രവർത്തിയുടെ കൈയ്യിൽ നിന്നും വഴുതി മാറി.



**ചിത്രം 3.7** *"എല്ലാ അധികാരങ്ങളും തൊഴിലാളികളുടെ സോവിയറ്റുകൾക്കും, ഭടന്മാർ, കൃഷിക്കാരുടെ ഡപ്യൂട്ടികൾ, സോഷ്യലിസ്റ്റ് മന്ത്രിമാർ എന്നിവർക്കും, മുതലാളിത്ത മന്ത്രിമാർ നശിക്കട്ടെ, നിക്കോളാസ് രണ്ടാമനെ പീറ്റർ-പോൾ കോട്ടയിലേക്ക് നാടുകടത്തുക" എന്നീ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള ബാനറുകളുമായി 1917 ജൂൺ 18 ന് ജനങ്ങൾ പെട്രോഗ്രാഡിൽ നടത്തിയ പ്രകടനം*

മാർക്സിന്റേയും ടോൾസ്റ്റോയിയുടെയും രചനകൾ വായിച്ച് ഉദ്ബുദ്ധരായ ജനങ്ങൾ പ്രത്യേകിച്ച് പ്രക്ഷോഭത്തിന് ആക്കം കൂട്ടി. തൊഴിലാളികൾ സോവിയറ്റ് എന്ന് വിളിച്ചിരുന്ന തൊഴിലാളികളുടെ സമിതികൾക്ക് രൂപം കൊടുത്തു. അവസാനം 1917 മാർച്ചിൽ സാർ ചക്രവർത്തിയെ പുറത്താക്കി മെൻഷിവിക് പാർട്ടിയുടെ നിയന്ത്രണത്തിൽ ഒരു താത്ക്കാലിക ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്നാൽ ഈ ഗവൺമെന്റിന് ജനങ്ങളുടെ അഭിലാഷ ങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 1917 ഒക്ടോബറിൽ ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷവിക് സോവിയറ്റുകളെ എല്ലാം സംഘടിപ്പിച്ചു. ഇവരെ അധികാരത്തിൽ നിന്നും ഒഴിവാക്കി. തുടർന്ന് ലെനിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് റഷ്യയിൽ നിലവിൽ വന്നു. ഈ ഒക്ടോബർ വിപ്ലവം റഷ്യൻ വിപ്ലവങ്ങളുടെ പരിസമാപ്തിയായിരുന്നു. ഇത് സാർ ചക്രവർത്തിമാരുടെ ഭരണം എന്നന്നേക്കുമായി അവസാനിപ്പിച്ച് യു എസ് എസ് ആർ എന്ന ഒരു പുതിയ രാഷ്ട്രം രൂപീകരിച്ചു.

അടുത്ത അധ്യായത്തിൽ നിങ്ങൾ വ്യവസായവത്ക്കരണം, സാമ്രാജ്യത്വം, ലോകമഹായുദ്ധങ്ങൾ എന്നിവയെപ്പറ്റി കൂടുതലായി പഠിക്കും. വ്യവസായ വിപ്ലവം ലോകത്തിന്റെ മുഖച്ഛായയിലും ജനങ്ങളുടെ ജീവിതരീതിയിലും വരുത്തിയ വൻപിച്ച മാറ്റങ്ങൾ നിങ്ങൾക്ക് ഇതിലൂടെ മനസ്സിലാക്കാം. അതോടൊപ്പം വ്യവസായ വിപ്ലവം ബാധിക്കാത്ത രാഷ്ട്രങ്ങളിൽ അതുണ്ടാക്കിയ സ്വാധീനവും തത്ഫലമായി ഇന്നും ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഭീകര യുദ്ധങ്ങളും അറിയാൻ കഴിയും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 3.3

1. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

   (a) എത്ര കോളനികളായിട്ടാണ് അമേരിക്ക വിഭജിക്കപ്പെട്ടത്

   (i) 13 (ii) 14 (iii) 15 (iv) 16

   (b) ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ് ആരായിരുന്നു

   (i) കുലീനർ (ii) പുരോഹിതർ (iii) സാധാരണക്കാർ (iv) രാജാവ്.

   (c) ജർമ്മനിയുടെ ഏകീകരണം വിജയപ്രദമായി നിർവ്വഹിച്ചതിന് നേതൃത്വം നൽകിയത്

   (i) കാവേർ (ii) മസ്സീനി (iii) ബിസ്മാർക് (iv) ഗാരിബാൾഡി

2. 1688 ലെ മഹത്തായ വിപ്ലവം (രക്ത രഹിതവിപ്ലവം) ലോകമെമ്പാടുമുള്ള സ്വാതന്ത്ര്യ സമരങ്ങൾക്ക് പ്രചോദനമേകി. ഈ പ്രസ്താവനയെ സാധൂകരിക്കുക.

3. ഫ്രഞ്ചു വിപ്ലവവും അമേരിക്കൻ സ്വാതന്ത്ര്യസമരവും തമ്മിലുള്ള രണ്ട് സാമ്യങ്ങൾ പറയുക.

4. റഷ്യൻ വിപ്ലവം സോഷ്യലിസ്റ്റ് ചിന്താഗതിക്ക് പ്രചോദനമായി. ലഘുവായി വിശദീകരിക്കുക.

## നിങ്ങൾ എന്താണ് പഠിച്ചത്

- പട്ടണങ്ങളുടേയും നഗരങ്ങളുടേയും വളർച്ച വ്യാപാരത്തിന്റെ പുനരുദ്ധാരണം, വാണിജ്യാധിഷ്ഠിത കൃഷിയുടെ വളർച്ച, പുതിയ വാണിജ്യ-വ്യാപാരി സമൂഹത്തിന്റെ താൽപര്യങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങൾ കൊണ്ട് മദ്ധ്യകാല യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥിതി തകർന്നു.
- ഗ്രീസിലെയും റോമിലെയും ക്ലാസ്സിക്കൽ നേട്ടങ്ങളോടുള്ള ആഭിമുഖ്യം 14 -ാം നൂറ്റാണ്ടിൽ നവോത്ഥാനത്തിന് അല്ലെങ്കിൽ പുനരുജ്ജീവനത്തിന് കാരണമായി. അത് ജനങ്ങളുടെ ചിന്താഗതിയെ സാരമായി മാറ്റി മറിക്കുകയും ചെയ്തു.
- മനുഷ്യന്റെ സർഗ്ഗാത്മക ശക്തിയായിരുന്ന മാനവികത ഉറപ്പിച്ച് പറയുകയും അങ്ങനെ മാനവിക ചിന്തകരുടെ പഠനവിഷയം മനുഷ്യനെസംബന്ധിച്ചുള്ളതായി തീരുകയും ചെയ്തു.
- ക്രൈസ്തവ സഭയിൽ കടന്നുകൂടിയ അധാർമ്മികതകൾക്കെതിരെയുള്ള ഒരു പോരാട്ടമായിരുന്നു മതനവീകരണം. ജർമ്മനിയിൽ മാർട്ടിൻ ലൂഥർ ആണ് അതാരംഭിച്ചത്. ക്രൈസ്തവലോകം കത്തോലിക്കർ, പ്രൊട്ടസ്റ്റന്റ് എന്നീ രണ്ടു വിഭാഗങ്ങളായി വിഭജിക്കപ്പെടാൻ അത് കാരണമായി.
- യുക്തി ചിന്തയുടെ വികാസവും ശാസ്ത്രീയവീക്ഷണത്തിന്റെ വളർച്ചയും ആധുനികശാസ്ത്രത്തിന്റെ വികാസവുമായിരുന്നു നവോത്ഥാനത്തിന്റെ പ്രധാന

നേട്ടങ്ങൾ. കോപ്പർനിക്കസ്, കെപ്ലർ, ഗലീലിയോ, ന്യൂട്ടൺ എന്നിവരുടെ നേട്ടങ്ങൾ ഇന്നും സ്മരിക്കപ്പെടുന്നു.

- നവോത്ഥാനത്തിന്റെ ഉണർവ് സമുദ്രാന്തര യാത്രകൾക്കും പുതിയ പ്രദേശങ്ങളുടെ കണ്ടുപിടുത്തത്തിനും വഴിയൊരുക്കി. ഇത് ലോകത്ത് ആകമാനം ദൂരവ്യാപകമായി ഫലങ്ങളുള്ളവാക്കി.
- വ്യാവസായിക വിപ്ലവം ഏകദേശം AD 1750 -ൽ ഇംഗ്ലണ്ടിലാരംഭിച്ചു. വ്യാവസായിക വിപ്ലവത്തിന്റെ വരവ് ഉൽപന്ന നിരക്ക് പല മടങ്ങ് വർദ്ധിപ്പിച്ചു. അത് ഒരു വിഭാഗം വ്യവസായ തൊഴിലാളികള സൃഷ്ടിക്കുകയും അവർ മുതലാളിമാരാൽ ദയനീയമായി ചൂഷണം ചെയ്യപ്പെടുകയും ചെയ്തു.
- 1783 ലെ അമേരിക്കൻ വിപ്ലവം ലോകമൊട്ടുക്ക് സമത്വം, സ്വാതന്ത്ര്യം, ജനങ്ങളുടെ അവകാശം തുടങ്ങിയ ആശയങ്ങൾക്ക് പ്രചോദനം നൽകി.
- മൊണ്ടെസ്ക്യൂ, വോൾട്ടെയർ, റൂസ്സോ മുതലായ തത്വചിന്തകരുടെ ആശയങ്ങളാൽ പ്രബുദ്ധമാക്കപ്പെട്ടതായിരുന്നു ഫ്രഞ്ചുവിപ്ലവം.വിപ്ലവ ആശയങ്ങളായിരുന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ആധുനിക രാഷ്ട്രങ്ങളെ ആഴത്തിൽ സ്വാധീനിച്ചു.
- ദേശീയ ബോധത്തിന്റെ വളർച്ച ജർമ്മനിയിലും ഇറ്റലിയിലും ഏകീകരണ പ്രസ്ഥാന ങ്ങൾക്ക് നാന്ദി കുറിച്ചു.
- വ്യവസായ തൊഴിലാളികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സോഷ്യലിസം എന്ന പുതിയ ആശയത്തിന് രൂപം നൽകി. ഈ അവബോധത്തിന്റെ ഫലമായിരുന്നു റഷ്യൻ വിപ്ലവം. അത് ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് ഗവൺമെന്റിന് രൂപം നൽകി.

## 3.14 പാഠ്യാന്ത്യ അഭ്യാസം

1. പട്ടണങ്ങളുടെ ഉയർച്ചയും വ്യവസായത്തിന്റെ ഉത്ഭവവും എങ്ങനെ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയെ നാശത്തിലേക്ക് നയിച്ചു?
2. മുൻകാല ചിന്താഗതികളും ജീവിതത്തിനും നവോത്ഥാനം ഒരു പൊളിച്ചെഴുത്ത് വരുത്തിയെന്ന് നിങ്ങൾ എന്തുകൊണ്ട് വിചാരിക്കുന്നു? നൂറു വാക്കിൽ വിശദമാക്കുക.
3. മതനവീകരണം യൂറോപ്പിനെയും ലോകത്തിന്റെ മറ്റു ഭാഗങ്ങളേയും എപ്രകാരം സ്വാധീനിച്ചു?
4. ആധുനിക ലോകത്തിന്റെ സമ്പദ്ഘടനയിലും സമൂഹത്തിലും പുതിയ ഭൂപ്രദേശങ്ങ ളുടെ കണ്ടുപിടുത്തം എങ്ങനെ മാറ്റം വരുത്തി?
5. അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിലടങ്ങിയിരിക്കുന്ന പ്രധാന ആശയങ്ങൾ എന്തെല്ലാം?
6. ഫ്രഞ്ചു വിപ്ലവത്തിലെ ഏത് ആശയങ്ങളാണ് ലോകത്തിന്റെ ഘടനയെ സ്വാധീനിച്ചത്?
7. ജർമ്മനിയിലേയും ഇറ്റലിയിലേയും നേതാക്കന്മാർ തങ്ങളുടെ രാജ്യത്തിന്റെ ഏകീ കരണത്തിന് ഉപയോഗിച്ച തന്ത്രങ്ങൾ ചർച്ച ചെയ്യുക.

8. റഷ്യൻ വിപ്ലവത്തിന് കാരണമാക്കപ്പെട്ട വ്യവസായ തൊഴിലാളികളുടെ അവസ്ഥ വിവരിക്കുക

## 3.1. പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**3.1**

1. (a) നവോത്ഥാനകാല പണ്ഡിതർ

   (b) ക്രിസ്തീയ സമൂഹം

2. പ്രഭു അടിയാൻമാർക്ക് ഭൂമിയും സംരക്ഷണവും നൽകും. പകരം അടിയാൻ അവന്റെ അധ്വാനം തിരിച്ചു നൽകണം. ഈ സമ്പ്രദായത്തിനെ ഫ്യൂഡലിസം എന്നു വിളിക്കുന്നു.

   (a) അടിയാൻ തന്റെ പ്രഭുവിന് വേണ്ടി ജോലി ചെയ്യുകയും പോരടിക്കുകയും വേണം.

   (b) രാജാവായിരുന്നു ഏറ്റവും ശക്തനായ ഫ്യൂഡൽ പ്രഭു.

3. മാനവികതയുടെ ഉണർവ്, യുക്തി ചിന്ത, അന്വേഷണം

4. (a) യേശുക്രിസ്തുവിലുള്ള അചഞ്ചലവിശ്വാസത്തിൽ കൂടിയാണ് മോക്ഷ പ്രാപ്തി യെന്നും മറിച്ച് സഭയിലുള്ള അന്ധമായ വിശ്വാസം കൊണ്ട് അതുനേടാം എന്നു കരുതുന്നത് തെറ്റാണെന്നുമായിരുന്നു മാർട്ടിൻ ലൂഥറുടെ അഭിപ്രായം.

   (b) ബൈബിൾ മാത്രമാണ് മതപരമായ പ്രാമാണിക ഗ്രന്ഥം.

**3.2**

1. a (ii)

   b (iii)

2. (a) അന്ധ വിശ്വാസത്തേക്കാൾ യുക്തിചിന്തയ്ക്ക്

   (b) നിരീക്ഷണ പരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്രീയാന്വേഷണം

3. വടക്കുനോക്കിയന്ത്രം, നക്ഷത്രദൂരമാപകയന്ത്രം.

4. സമൂഹം അസമമായി, രണ്ടു വിഭാഗം ജനങ്ങളുണ്ടായി. 1. ക്യാപ്പിറ്റലിസ്റ്റ് അല്ലെങ്കിൽ ബുർഷ്വാസി. 2. തൊഴിലാളി അല്ലെങ്കിൽ പ്രോലിറ്റേറിയറ്റ്

**3.3**

1. (a) (i)

   (b) (iii)

   (c) (iii)

2. പാർലമെന്റിന് സ്വേച്ഛാധികാരിയായ ജയിംസ് രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കാൻ കഴിഞ്ഞു. രക്തം ചിന്താതെ ഭരണഘടനാനുസൃതമായ ഒരു സർക്കാർ സ്ഥാപിക്കാൻ കഴിഞ്ഞു.

3. (a) രണ്ട് വിപ്ലവങ്ങളും ജനങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചു. ചൂഷണത്തിനെതിരായ ശക്തമായ നിലപാട്.

   (b) ലോകമെമ്പാടും ദേശീയബോധം ഉണർത്തി

4. ഫ്രഞ്ച് വിപ്ലവകാലത്തെ സമത്വം, സ്വാതന്ത്ര്യം, സംസാരസ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ ആശയങ്ങളും കാൾമാർക്സിന്റെ രചനകളും സോഷ്യലിസ്റ്റാശയങ്ങളെ പുഷ്ടിപ്പെടുത്തി. എല്ലാ ഉൽപാദനോപാധികളും സ്റ്റേറ്റ് നിയന്ത്രണത്തിൽ കൊണ്ടുവരാൻ റഷ്യൻ വിപ്ലവം സഹായിച്ചു. ഇത് സമത്വപൂർണമായ സമൂഹസൃഷ്ടിക്ക് കാരണമായി. ഇതെല്ലാം ജനങ്ങളെ സ്വാധീനിക്കുകയും ജനങ്ങളിൽ പ്രത്യേകിച്ച് തൊഴിലാളികളിൽ റഷ്യൻ വിപ്ലവം ഒരു വലിയ ഉണർവുണ്ടാക്കുകയും ചെയ്തു.

# 4

# ആധുനിക ലോകം - 2

നവോത്ഥാന കാലഘട്ടത്തിലെ സംഭവവികാസങ്ങൾ യൂറോപ്യൻ സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ശാസ്ത്രരംഗത്ത് അസാധാരണ സിദ്ധികൾ ഇക്കാലത്ത് ഉണ്ടായി. അന്ധമായ വിശ്വാസത്തേയും ആചാരങ്ങളേയും ഉപേക്ഷിച്ച് ജനങ്ങൾ നിരീക്ഷണ പരീക്ഷണ ങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങിയ പുതിയ മൂല്യങ്ങളെയും ആശയങ്ങളെയും സംബന്ധിച്ച് രാഷ്ട്രീയ അവബോധം അച്ചടിയന്ത്രത്തിന്റെ ആവിർഭാവത്തോടെ സൃഷ്ടിക്കപ്പെട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സാഹസിക യാത്ര നടത്തി പുതിയ സമുദ്രമാർഗ്ഗങ്ങൾ കണ്ടുപിടിക്കാൻ അന്ന് യൂറോപ്പിലെ പല രാജ്യങ്ങളിലും നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യം അനുയോജ്യമായിരുന്നു. ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിന് വിവിധഭാഗങ്ങളിലേയ്ക്ക് മിഷണറിമാർ സാഹസികമായ സഞ്ചാരം നടത്തി. വ്യാപാരികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സാധനങ്ങൾ തങ്ങളുടെ നാടുകളിലേക്ക് കൊണ്ടുവന്നു. സാങ്കേതിക വിദ്യയിലും മാറ്റങ്ങൾക്ക് അനുയോജ്യമായ കാലമായിരുന്നു. അതിന്റെ ഫലമായി വ്യവസായ വിപ്ലവം ഉടലെടുക്കുകയും ചെയ്തു. ഇത് തൊഴിലാളികളുടെ പ്രത്യേകിച്ച് ഇംഗ്ലണ്ടിലുള്ള തൊഴിലാളികളുടെ ജീവിതം മാറ്റിമറിച്ചു. വ്യവസായവിപ്ലവം, സാമ്രാജ്യത്വം, ഏഷ്യയിലെയും ആഫ്രിക്കയിലെയും കൊളോണിയലിസം എന്നിവ ലോകത്തുണ്ടാക്കിയ മാറ്റങ്ങൾ നമുക്ക് ഈ അധ്യായത്തിൽ പഠിക്കാം. അതോടൊപ്പം തന്നെ രണ്ട് ലോകമഹായുദ്ധങ്ങൾ, ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം എന്നീ സംഭവങ്ങളും നമുക്ക് പഠിക്കാം.


## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- വ്യവസായ വിപ്ലവത്തിന്റെ ഫലമായുണ്ടായ നൂതനരീതികളും സാങ്കേതിക മാറ്റങ്ങളും അറിയുന്നു.
- വ്യവസായ വിപ്ലവം സമൂഹത്തിൽ വരുത്തിയ സ്വാധീനം
- സാമ്രാജ്യത്തിനും കോളനി വത്ക്കരണത്തിനും ഇടയാക്കിയ ഘടകങ്ങൾ മനസ്സിലാക്കുന്നു.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സാമ്രാജ്യത്തിന്റെ വിവിധ ഘട്ടങ്ങൾ ചർച്ച ചെയ്യാനുള്ള അറിവ് നേടുന്നു
- രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിച്ച സംഭവങ്ങൾ കണ്ടുപിടിക്കാൻ കഴിയുക
- ഐക്യരാഷ്ട്രസംഘടനയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്ന് ലിസ്റ്റ് ചെയ്യാനുള്ള കഴിവ്

## 4.1 വ്യവസായ വിപ്ലവം

വ്യവസായവിപ്ലവം 18-ാം നൂറ്റാണ്ടിലാണ് നിലവിൽ വന്നത്. ഇത് സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഈ മാറ്റങ്ങൾ ഉറച്ച കാർഷിക-വാണിജ്യാടിത്തറയുള്ള ഒരു സമൂഹത്തെ ഒരു ആധുനിക സാമൂഹത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിക്കുന്നതിന് ഇടയാക്കി. വ്യാവസായിക വിപ്ലവത്തിന്റെ കാലഘട്ടം AD 1750 മുതൽ 1850 വരെ ആയിരുന്നുവെന്നാണ് ബ്രിട്ടീഷ് ചരിത്രം പറയുന്നത്. ഇക്കാലത്തെ കണ്ടുപിടുത്തങ്ങളും പുതിയ സാങ്കേതിക വിദ്യയും വൻതോതിലുള്ള യന്ത്രങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി സമ്പ്രദായം നിലവിൽ വരുത്തുന്നതിനിടയാക്കി. ഇതിന്റെ ഫലമായി സവിശേഷമായ ഒരു സാമ്പത്തികഘടനയുമുണ്ടായി. കൃഷിജോലിയിലേർപ്പെട്ടിരുന്ന ജനസാമാന്യം കാലക്രമേണ പട്ടണങ്ങളിലെ ഫാക്ടറികളിൽ ജോലിക്കാരായി. ഇത് എന്തുകൊണ്ട് സംഭവിച്ചു എന്ന് നിങ്ങൾ ക്കറിയാമോ? നേരത്തെവ്യാപാരികൾ ഉപയോഗിക്കാവുന്ന ഉത്പന്നങ്ങളാക്കി മാറ്റാൻ അസംസ്കൃത സാധനങ്ങൾ ഓരോ കുടുംബത്തേയും ഏല്പിച്ചിരുന്നു. നിർമിത ഉത്പന്ന ങ്ങൾ പിന്നീട് ഈ കുടുംബങ്ങളിൽ നിന്ന് ശേഖരിക്കുകയും ചെയ്തിരുന്നു. എന്നാൽ വർദ്ധിച്ചു വരുന്ന വിപണിയുടെ ആവശ്യം നേരിടാൻ ഈ സമ്പ്രദായത്തിന് കഴിഞ്ഞില്ല. അതിനാൽ 18-ാം നൂറ്റാണ്ടോടുകൂടി ധനികരായ വ്യാപാരികൾ ഫാക്ടറികൾ സ്ഥാപിച്ചു. അവിടെ അവർ പുതിയ യന്ത്രങ്ങൾ സ്ഥാപിക്കുകയും ഉല്പന്ന നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കൊണ്ടുവരികയും ചെയ്തു. ഈ ഫാക്ടറികൾ നിശ്ചിത ശമ്പളത്തിൽ തൊഴിലാളികളെ നിയമിച്ചു. അങ്ങനെ യന്ത്രങ്ങളുടെ സഹായത്തോടെ ഉല്പാദനം ഗണ്യമായി വർദ്ധിച്ചു. ഇങ്ങനെ ഫാക്ടറി സമ്പ്രദായം ജന്മംകൊണ്ടു.



ചിത്രം 4.1 *ആദ്യകാലത്തെ നൂൽനൂൽപ്പ് യന്ത്രം*

ആവിശക്തിയുടെ ഉപയോഗത്തോടുകൂടിയാണ് ബ്രിട്ടനിൽ വ്യാവസായിക വിപ്ലവം ആരംഭിച്ചത്. 1769-ൽ ജയിംസ് വാട്ട് ആവിയന്ത്രം കണ്ടുപിടിച്ചതിനാലാണ് ഇത് സാധ്യമായത്. 1733-ൽ ജോൺ കേയ് ഫ്ളൈയിംഗ് ഷട്ടിൽ (പറക്കുന്ന ഓടം) കണ്ടുപിടിച്ചു. ഇത് നെയ്ത് സമ്പ്രദായം എളുപ്പമാക്കുകയും ഉല്പാദനം നാലിരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തു. ജെയിംസ് ഹാർഗ്രീവ്സ് സ്പിന്നിംഗ് ജെന്നി കണ്ടുപിടിച്ചു. ഇതോടുകൂടി നൂലുനിർമ്മാണം എളുപ്പമാവുകയും ആവശ്യത്തിലധികം നൂല് ഉൽപാദിപ്പിക്കപ്പെടുകയും ചെയ്തു. ഈ കണ്ടുപിടിത്തത്തിനുശേഷം തുണിവ്യവസായം ഇക്കാലത്തെ പ്രധാന വ്യവസായമായി മാറി. സുലഭമായ കൽക്കരിയും ഇരുമ്പും ബ്രിട്ടന്റെ ത്വരിതഗതിയിലുള്ള വ്യവസായ വികസനത്തിന് നിർണ്ണായകഘടകങ്ങളായിരുന്നു. റോഡുകൾ, തോടുകൾ എന്നിവയുടെ നിർമ്മാണം, റെയിൽ റോഡ്, ആവിക്കപ്പൽ, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിസ്തൃത വിപണി തുടങ്ങിയവയെല്ലാം വ്യവസായ വികസനത്തിന്റെ ഫലമായി സംഭവിച്ച കാര്യങ്ങളാണ്. ഗ്യാസോലിൻ എൻജിനും

ഇലക്ട്രിസിറ്റിയും ഇക്കാലത്താണ് കണ്ടുപിടിക്കപ്പെട്ടത്. ആ കണ്ടുപിടുത്തങ്ങളും വികസനത്തെ സഹായിച്ചു. ബ്രിട്ടന് ഒരു വ്യാവസായികശക്തി ആകാനുള്ള എല്ലാ വിഭവങ്ങളും ഉണ്ടായിരുന്നു. 1850 ഓടുകൂടി വ്യാവസായികവിപ്ലവം പൂർത്തീകരിക്കപ്പെടുകയും വ്യവസായങ്ങൾ ബ്രിട്ടീഷുകാരുടെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഭാഗമായിതീരുകയും ചെയ്തു. വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങൾ ലോകമെമ്പാടും അനുഭവപ്പെട്ടു. 1830 നു ശേഷം ഫ്രാൻസിലും 1850 നു ശേഷം ജർമ്മനിയിലും ആഭ്യന്തര കലാപ (സിവിൾവാർ) ത്തിനുശേഷം യു.എസ്.എ യിലും വ്യവസായവത്ക്കരണം ആരംഭിച്ചു. വലിയ കണ്ടുപിടുത്തങ്ങളും പരിഷ്ക്കാരങ്ങളും ഇംഗ്ലണ്ടിലെ കാർഷികരംഗത്ത് പല പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനും വ്യാവസായിക വിപ്ലവം കൊണ്ട് സാധിച്ചു. ജത്രോടൾ കണ്ടുപിടിച്ച വിത്തു വിതയ്ക്കൽ യന്ത്രം കൃത്യമായ രീതിയിൽ കൃഷിയിറക്കുന്നതിന് സഹായിച്ചു. ഈ രംഗത്തുണ്ടായിരുന്ന പാഴാക്കലിനും ഇത് അറുതിവരുത്തി. അഉ 1760നും 1830 നും ഇടയിൽ ബ്രിട്ടീഷ് പാർലമെന്റ് എൻക്ലോഷർ നിയമങ്ങൾ പാസാക്കി. അതിന്റെ ഫലമായി ചെറിയ കൃഷിയിടങ്ങളെല്ലാം ചേർത്ത് വലിയ കൃഷിയിടങ്ങളാക്കി. ഇത് കാർഷികരംഗത്ത് ഉൽപാദനം വർദ്ധിപ്പിച്ചെങ്കിലും ധാരാളം ചെറുകിട കൃഷിക്കാർ ഭൂരഹിതരായിത്തീർന്നു. കാർഷികരംഗത്തെ യന്ത്രവൽക്കരണത്തിന്റെയും മറ്റും ഫലമായി കൃഷിയിടങ്ങളിൽ ജോലി ചെയ്യാനാവശ്യമായ ആളുകളുടെ എണ്ണം കുറഞ്ഞു. അതിനാൽ ഇതിൽ വലിയൊരു ഭാഗവും നഗരങ്ങളിൽ ജോലിക്കുവേണ്ടി കുടിയേറാൻ തുടങ്ങി. തന്മൂലം ഫാക്ടറികൾക്ക് നിസാരകൂലിക്ക് ജോലി ചെയ്യാൻ തയ്യാറായുള്ള ആൾക്കാരെ ലഭിച്ചു.

ഇംഗ്ലണ്ടിലെ അന്നത്തെ രാഷ്ട്രീയാവസ്ഥയും വ്യവസായ വിപ്ലവത്തിന്റെ വളർച്ചയ്ക്ക് സഹായിച്ചു. നിയമം മൂലം വ്യവസായതടസ്സങ്ങൾ നീക്കം ചെയ്തും പൊതുവിപണികൾ വഴിയും വ്യവസായികളെ സഹായിച്ചു. ഗതാഗതരംഗത്തെ നേട്ടം മൂലം ഇംഗ്ലണ്ടിന് കടലിനപ്പുറമുള്ള വിദേശരാജ്യങ്ങളിലെ വിപണികൾ കയ്യടക്കാൻ കഴിഞ്ഞു. പല രാജ്യങ്ങളും ഈ സമയത്ത് വ്യാപാരനയങ്ങൾ പാലിക്കാൻ തുടങ്ങി. ഇതനുസരിച്ച് വ്യവസായ വാണിജ്യ കാര്യങ്ങളിൽ ഗവൺമെന്റിന് നിയന്ത്രണം ഉണ്ടായിരുന്നു. കയറ്റുമതി കൂടുകയും ഇറക്കുമതി കുറയുകയും ചെയ്യുന്നതാണ് രാജ്യത്തിന്റെ സാമ്പത്തിക ശക്തിയെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത് കൊണ്ടുവന്നത്. ഒരു രാജ്യത്തിന്റെ സമ്പത്ത് അതിന്റെ സ്വർണ്ണം-വെള്ളി ശേഖരങ്ങളുടെ ഉടമസ്ഥതയും വാണിജ്യകാര്യങ്ങളിലുള്ള സർക്കാരിന്റെ പരിമിതമായ ഇടപെടലുകളുമാണെന്നും കരുതിയിരുന്നു.

ഒന്നാമതായി വാണിജ്യവത്ക്കരിക്കാൻ സാധ്യതയുള്ള രാജ്യമായി ഇംഗ്ലണ്ടിനെ കരുതുവാൻ നിങ്ങൾ വിചാരിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? മറ്റു രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇംഗ്ലണ്ടിന് ഭൂമിശാസ്ത്രപരമായ അനുകൂല സാഹചര്യം ഉണ്ടായിരുന്നു. ദ്വീപ് എന്ന നിലയിൽ സമുദ്ര സാമീപ്യം ആ രാജ്യത്തിന് ലഭിച്ചു. അതേസമയം തന്നെ യൂറോപ്പിലെ മറ്റ് രാജ്യങ്ങളിൽ നിന്ന് ഇംഗ്ലണ്ട് ഒറ്റപ്പെട്ടു കിടന്നിരുന്നു. അതിനാൽ മറ്റ് തടസ്സങ്ങ ളൊന്നുമില്ലാതെ അതിന് പുരോഗമിക്കാൻ കഴിഞ്ഞു. തോടുകൾ, നദികൾ, സമുദ്രം എന്നീ ജലമാർഗ്ഗങ്ങളിൽ കൂടി ഭൂരിഭാഗം പ്രദേശങ്ങളിലും നികുതി അല്ലെങ്കിൽ മറ്റ് പ്രതിബന്ധങ്ങൾ ഒന്നും കൂടാതെ ഇംഗ്ലണ്ടിന് സ്വതന്ത്ര വ്യാപാരം ചെയ്യാൻ കഴിഞ്ഞു. ഈ അനുകൂല ഘടകങ്ങൾ വ്യവസായ വിപ്ലവത്തിന് അനുയോജ്യമായ ഒരു പ്രദേശമായി ഇംഗ്ലണ്ടിനെ മാറ്റി.

## 4.2 വ്യവസായ വിപ്ലവകാലത്തെ നൂതനരീതികളും സാങ്കേതിക മാറ്റങ്ങളും

ധാരാളം പുതുമകളും കണ്ടുപിടുത്തങ്ങളും സാങ്കേതിക മാറ്റങ്ങളും ഇക്കാലഘട്ടത്തിലുണ്ടായി. വ്യവസായ വിപ്ലവം വ്യാവസായിക രാജ്യങ്ങളെ കഴിവുറ്റതും ശക്തിയുള്ള

തുമാക്കി തീർത്തു. ഉല്പന്നങ്ങൾ വേഗത്തിലും ഗണ്യമായ അളവിലും നിർമ്മിക്കാൻ തുടങ്ങിയതോടെ സാധനങ്ങൾക്ക് വില കുറയാനും ഇടയായി. വസ്ത്രവ്യാപാര രംഗത്തും ഗതാഗതരംഗത്തും ആണ് ഇതിന്റെ സ്വാധീനം കൂടുതൽ കാണാൻ കഴിഞ്ഞത്.

### 4.2.1 തുണി വ്യവസായം

തുണിവ്യവസായരംഗത്തെ സാങ്കേതിക വിദ്യയുടെ മുന്നേറ്റം ഇരുമ്പ് ഉരുക്ക് ഉല്പാദനത്തിൽ കണ്ടുപിടുത്തങ്ങളുടെ ഒരു പരമ്പര തന്നെ ആരംഭിക്കാനിടയാക്കി. ലോക വിപണിയിൽ ഇംഗ്ലണ്ടിൽ നിന്നുമുള്ള നിർമ്മിത വസ്തുക്കളുടെ വെള്ളപ്പാച്ചിൽ മറ്റ് രാജ്യങ്ങളെ ഇംഗ്ലണ്ടിന്റെ പാത പിന്തുടരാൻ പ്രചോദിപ്പിച്ചു. തുണി വ്യവസായത്തിലടങ്ങിയിരിക്കുന്ന സാങ്കേതിക വിദ്യയുടെ വിവരങ്ങൾ ചോർത്തിക്കൊടുക്കുന്നതും ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ വിദേശങ്ങളിൽ സഞ്ചരിക്കുന്നതും ബ്രിട്ടൻ നിയമം മൂലം നിരോധിച്ചു. ഈ നിരോധനം ബ്രിട്ടന്റെ ഈ രംഗത്തെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ 1789 ൽ ഈ സാങ്കേതികവിദ്യ മനസ്സിലാക്കിയിരുന്ന സാമുവൽ സ്ലേറ്റർ ഇംഗ്ലണ്ടിൽ നിന്ന് അമേരിക്കയിലെത്തുകയും അമേരിക്കക്ക് ഈ വിദ്യപകർന്നു കൊടുക്കുകയും ചെയ്തു. ഇത് അമേരിക്കയിൽ വ്യവസാ യ വിപ്ലവത്തിന് തുടക്കം കുറിച്ചു. തുടർന്ന് അമേരിക്കയിൽ ധാരാളം പ്രദേശങ്ങളിൽ വ്യാപകമായി പരുത്തിക്കൃഷി ആരംഭിച്ചു. ഈ പരുത്തി തോട്ടങ്ങളിൽ പണിയെടുക്കുന്നതി ന് അവർക്ക് ധാരാളം അടിമകളെ ആവശ്യ മായിവന്നു. ഫ്രാൻസിലും ജർമ്മനിയിലുമെല്ലാം വ്യവസായ വിപ്ലവം ആരംഭിക്കാൻ ഇത്തരം സംഭവങ്ങൾ കാരണമായി.

ആർക്ക്റൈറ്റിനെയാണ് ഫാക്ടറി സമ്പ്രദായത്തിന്റെ പിതാവ് എന്ന് വിളിക്കുന്ന തെന്ന് നിങ്ങൾക്കറിയാമോ? ആദ്യത്തെ ഫാക്ടറി സ്ഥാപിച്ചത് അദ്ദേഹമായിരുന്നു. വീട്ടിലെ യന്ത്രോപകരണങ്ങളുടെ നിർമ്മാണമായിരുന്നു പ്രധാനമായും ചെയ്തിരുന്നത്. ഫാക്ടറിയിലെ തൊഴിലാളികൾക്ക് ഏതാണ്ട് സ്ഥിരസ്വഭാവത്തിൽ ജോലികൊടുക്കുകയും ജോലിസമയം ക്ലിപ്തപ്പെടുത്തുകയും ചെയ്തിരുന്നു. 1779 ൽ സാമുവൽ ക്രോംപ്ടൺ സ്പിന്നിഗ്മൂൾ കണ്ടുപിടിച്ചു. തുടർന്ന് എഡ്മണ്ട് കാർട്ട്റൈറ്റ് പവർലൂം കണ്ടുപിടിച്ചു. ഇതോടെ നൂൽ നെയ്ത്തും തുണിനെയ്ത്തും പതിൻ മടങ്ങ് വർദ്ധിച്ചു. ഇത് ഡൈയിംഗ്, ബ്ലീച്ചിംഗ്, പ്രിന്റിംഗ് തുടങ്ങിയ വ്യവസായങ്ങളെയും ഉണർത്താൻ സഹായിച്ചു.

## പാഠ്യപ്രവർത്തനം 4.1

നിങ്ങളുടെ വീടിനു സമീപമുള്ള ഒരു കൈത്തറി നെയ്ത്തു കേന്ദ്രം സന്ദർശിക്കുക. അവിടെ എന്തൊക്കെ ജോലിയാണ് നടക്കുന്നതെന്നും സ്ത്രീ-പുരുഷ തൊഴിലാളികൾക്കായുള്ള തൊഴിൽ വിഭജനവും നേരിട്ടറിയുക. അവരുപയോഗിക്കുന്ന സാങ്കേതികവിദ്യ, അവർ നേരിടുന്ന പ്രശ്നങ്ങൾ, അവർ കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുകകയോ അല്ലെങ്കിൽ തൊഴിലിൽ അവരുടെ സഹായം തേടുകയോ ചെയ്യുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ച് നിങ്ങൾ എത്തിച്ചേർന്ന നിഗമനങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

സാങ്കേതികവിദ്യയിലെ മാറ്റങ്ങളും നവീനരീതികളും ഉൽപാദനം, ഗതാഗതം, വാർത്താവിനിമയം എന്നിവയിൽ വലിയ അഭിവൃദ്ധി ഉണ്ടാക്കി. രാസവ്യവസായം, വൈദ്യുതി സംബന്ധമായ വ്യവസായങ്ങൾ,പെട്രോളിയം, സ്റ്റീൽ എന്നീ വ്യവസായങ്ങൾ എല്ലാം ഇതിന്റെ ഫലമായുണ്ടായതാണ്. പുതിയ വാണിജ്യമാർഗ്ഗങ്ങളുടെ കണ്ടുപിടുത്തം വ്യാവസായിക വിപ്ലവത്തിന് ആക്കം കൂട്ടിയതോടൊപ്പം കൊളോണിയൽ സാമ്രാജ്യശക്തികൾ തമ്മിലുള്ള മത്സരത്തിലേക്ക് നയിക്കുകയും ചെയ്തു. തങ്ങളുടെ വ്യവസായ

ങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ, പുതിയ വിപണികൾ, ചെലവ് കുറഞ്ഞ ജോലിക്കാർ എന്നിവ ലഭിക്കുന്നതിനുവേണ്ടി തങ്ങളുടെ സാമ്രാജ്യങ്ങളുടെ വികസനം ലക്ഷ്യമാക്കിയായിരുന്നു ഈ മത്സരം. ഈ സാമ്രാജ്യത്വ വികസന മോഹം രണ്ട് ലോക മഹായുദ്ധങ്ങളിലേക്ക് നയിച്ചു. കോളനികളെ ചൂഷണം ചെയ്ത് അവരുടെ സാമൂഹിക, സാമ്പത്തിക രാഷ്ട്രീയ പാരമ്പര്യങ്ങളെയെല്ലാം ഈ സാമ്രാജ്യത്വ ശക്തികൾ നശിപ്പിച്ചു. അവസാനം കോളനികൾ ഇതിനെയെല്ലാം എതിർത്ത്, തങ്ങളുടെ സ്വന്തം രാഷ്ട്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

### 4.2.2. ആവിയന്ത്രം

നീരാവിശക്തിയുടെ പ്രയോഗവും അതിന്റെ വികസനവുമാണ് വ്യവസായ വിപ്ലവത്തിന്റെ മറ്റൊരു പ്രധാനനേട്ടം. മുൻപ് നിലവിലിരുന്ന പല മാർഗ്ഗങ്ങളും പരിഷ്ക്കരിച്ച് പുതിയ യന്ത്രസാമഗ്രികളായി വികസിപ്പിച്ചെടുക്കുന്നതിന്റെ ഫലമായി വ്യവസായങ്ങൾ വർദ്ധിച്ചു. തന്മൂലം കൂടുതൽ വൈദ്യുതിയും ആവശ്യമായി. തോമസ് ന്യൂകൊമൻ കൽക്കരി ഖനി കളിൽനിന്ന് വെള്ളം പമ്പു ചെയ്യുന്നതിന് ഉപയോഗിക്കാവുന്ന ഒരു യന്ത്രം കണ്ടുപിടിച്ചു. 1764-ൽ ജയിംസ് വാട്ട് യന്ത്രം പരിഷ്ക്കരിച്ച് അതിന്റെ കഴിവ് നാലിരട്ടിയാക്കി. തണുത്ത നീർധാരകൊണ്ട് നീരാവിയെ ഘനീഭവിപ്പിച്ച് വാക്യൂം (ശൂന്യസ്ഥലം)സൃഷ്ടിക്കാവുന്ന ഒരു അറ അദ്ദേഹം രൂപപ്പെടുത്തി. ഒരു സാങ്കേതികവിദ്യ മറ്റൊന്നിലേക്ക് ഉപയോഗിക്കുന്ന ഒരു കാലഘട്ടമായിരുന്നു ഇത്. ജയിംസ് വാട്ട് താൻ കണ്ടുപിടിച്ച എൻജിന്റെ വലിയ സിലിണ്ടർ തുളയ്ക്കാനുപയോഗിച്ചത് വിൽക്കിൻസിന്റെ ഡ്രിൽഗൺ ആണ്. സ്റ്റീം എൻജിന്റെ കണ്ടു പിടുത്തത്തോടെ കൽക്കരി ഉപയോഗിച്ചോടിക്കൊണ്ടിരുന്ന റെയിൽവേ എൻജിന്റെ സ്ഥാനം അതിനായി. മാത്രവുമല്ല റയിൽവേയുടെ ആവശ്യവും കൂടുതലായി. സ്റ്റീം എൻജിന്റെ കണ്ടു പിടുത്തം സാങ്കേതിക വിദ്യ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടു പോകാവുന്ന സ്ഥിതിയുണ്ടാവുകയും മറ്റ് വ്യവസായങ്ങളിൽനിന്നും ഇതിന് ആവശ്യങ്ങൾ ഉയരാൻ ഇടയാക്കുകയും ചെയ്തു. നദി-തടാക തീരങ്ങളിൽ ഫാക്ടറികൾ സ്ഥാപിക്കുന്ന സമ്പ്രദായ ത്തിന് മാറ്റവും ഉണ്ടായി.

### 4.2.3 കൽക്കരിയും ഇരുമ്പും

ആധുനികവ്യവസായത്തിന്റെ അടിത്തറ സ്ഥാപിച്ചത് സ്റ്റീം എൻജിനും, കൽക്കരിയും ഇരുമ്പുമാണ്. മരിക്കാനാഗ്രഹമുള്ളവർ മാത്രമാണ് കൽക്കരി ഖനികളിൽ ജോലിചെയ്യുന്ന തെന്ന് ഒരു കാലത്ത് ആളുകൾ വിശ്വസിച്ചിരുന്നു. കൽക്കരി ഖനിമാർഗ്ഗത്തിലൂടെ കെട്ടി വലിച്ച് മുകളിലെത്തിക്കുക ദുഷ്ക്കരമായ ജോലിയായിരുന്നു. ഇത് മുഴുവൻ കായികശക്തി യെ മാത്രം ആശ്രയിച്ചാണ് നടന്നിരുന്നത്. ഇതിനുവേണ്ടി മൃഗങ്ങൾ, പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ എന്നിവരെയെല്ലാം ഉപയോഗിച്ചിരുന്നു. കുട്ടികൾക്ക് അവരുടെ ചെറിയ ശരീരപ്രകൃതിമൂലം കൂടുതൽ മുൻഗണന ലഭിച്ചിരുന്നു. കൽക്കരിഖനികൾ ഏറ്റവും അപകടം പിടിച്ചതായിരുന്നു.

നീരാവിശക്തിയുടെ ഉപയോഗക്കൂടുതൽമൂലം കൽക്കരിയുടെ ആവശ്യം വളരെ വർദ്ധിക്കു കയും ചെയ്തു. തുരങ്കത്തിലെ വായുസഞ്ചാരമാർഗ്ഗം, കൽക്കരി എത്തിക്കുന്ന മാർഗ്ഗം, സേഫ്റ്റി ലാംബ്, കൽക്കരി ഖനിക്കുള്ളിലെ റിഡ്ജുകൾ പൊട്ടിക്കാൻ വെടിമരുന്ന് തുടങ്ങി പല രംഗങ്ങളിലും കൽക്കരി ഖനനത്തിന്റെ കാര്യത്തിൽ വലിയ പുരോഗതി ഉണ്ടായി. ഇതൊക്കെയാണെങ്കിലും ഖനിതൊഴിലാളികൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചു. അതോടൊപ്പം ശ്വാസകോശരോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളും അവരെ അലട്ടി.


ഇക്കാലത്ത് ഇരുമ്പ് വ്യവസായത്തിന്റെ കാര്യത്തിൽ വലിയ നേട്ടങ്ങളാണുണ്ടായത്.

AD 1709 ൽ എബ്രഹാം ഡാർബി കാരിരുമ്പ് കൽക്കരി കോർക്കിനോടുചേർത്ത് പുടം (അയിരിൽ നിന്ന്ലോഹം വേർതിരിച്ചെടുക്കാനുള്ള ഉരുക്കൽ) ചെയ്തു. നേരത്തെ കൽക്കരി ക്കുപകരം കരിയാണ് ഉപയോഗിച്ചിരുന്നത്. ഇതിനുവേണ്ട വിറക് എടുക്കുന്നതിനാൽ ഇംഗ്ലണ്ടിലെ വനങ്ങൾ നശിച്ചു തുടങ്ങി. ഹെൻറി കോർട്ട് എന്ന ഇരുമ്പ് സ്ഥാപന ഉടമസ്ഥൻ വാർപ്പിരുമ്പ് രൂപപ്പെടുത്തി. വ്യവസായ ആവശ്യത്തിന് ഇത് വളരെ ഉപയോഗമുള്ള ലോഹ മായി തീർന്നു. 1774 -ൽ ജോൺ വിൽക്കിൻസൺ ഡ്രില്ലിംഗ് മെഷീൻ കണ്ടുപിടിച്ചു. വളരെ കൃത്യതയോടെ തുളയ്ക്കുന്നതിന് ഇത് പ്രയോജനപ്പെട്ടു. 1788 മുതൽ 1806 വരെയുള്ള കാലത്ത് ഇരുമ്പ് ഉത്പാദനം പതിന്മടങ്ങ് വർദ്ധിക്കുകയും കാർഷിക യന്ത്രങ്ങൾ, കപ്പൽ നിർമ്മാണം, മറ്റ് ഇരുമ്പ്കൊണ്ട് നിർമ്മിക്കുന്ന സാധനങ്ങൾ എന്നിവയ്ക്കെല്ലാം വേണ്ടി ഇരുമ്പ് വ്യാപക മായി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു.

ഇരുമ്പ്-തുണി വ്യവസായങ്ങളുടെ വികസനം സാധനങ്ങൾ വേഗത്തിലും ചെലവു കുറച്ചും എത്തിക്കുന്നതിന് വേണ്ട ഗതാഗത സൗകര്യങ്ങൾ കണ്ടെത്തേണ്ടത് ആവശ്യമാക്കി തീർത്തു. വിദേശത്തും സ്വദേശത്തുമുള്ള വിപണികളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഈ ആവശ്യം പെട്ടെന്ന് നിറവേറ്റപ്പെടേണ്ടി വന്നു.

### 4.2.4 ഗതാഗതമാർഗ്ഗങ്ങളും വാർത്താവിനിമയവും

ഗതാഗത-വാർത്താവിനിമയ രംഗങ്ങളിലെ വൻപുരോഗതി വ്യവസായ വിപ്ലവത്തിന് വലിയ ഉത്തേജനം നൽകി. അസംസ്കൃതസാധനങ്ങൾ, നിർമ്മിത വസ്തുക്കൾ, ഭക്ഷണം ഇവയെല്ലാം വേണ്ട സ്ഥലങ്ങളിലെത്തിക്കുന്നതിനും വാങ്ങുന്നതിനും ആളുകളുടെ സഞ്ചാരത്തിനും ശരിയായ ഒരു ഗതാഗത സമ്പ്രദായം ആവശ്യമായിരുന്നു. 1700 കളുടെ ആരംഭകാലത്തോടെ പാലം, റോഡ് തുടങ്ങിയവയുടെ നിർമ്മാണത്തിൽ പുരോഗതി വന്നുതുടങ്ങി. അസംസ്കൃത സാധനങ്ങളും ഫാക്ടറിയുടെ ഉൽപന്നങ്ങളും എത്തേണ്ട സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ഇത് സഹായിച്ചു. റയിൽവേ ട്രാക്കിൽ ഓടിക്കാവുന്ന ആദ്യത്തെ സ്റ്റീം ലോക്കോമോട്ടീവ് എൻജിൻ 1814-ൽ ജോർജ് സ്റ്റീഫൻസൺ നിർമ്മിച്ചു. ആവിയന്ത്രത്തിന്റെ വരവോടെ റയിൽവേ ട്രാക്കിലൂടെ സാധനങ്ങൾ ഇംഗ്ലണ്ടിലെല്ലായിട ത്തും എത്തിക്കാൻ സാധിച്ചു. തോടുകൾ വഴി നടന്നു കൊണ്ടിരുന്ന ഗതാഗതത്തോടൊപ്പമാ യിരുന്നു ഇത്.




**ചിത്രം. 4.2** *ജോർജ് സ്റ്റീഫൻസന്റെ റോക്കറ്റ്, 1829*

**നിങ്ങൾക്കറിയാമോ**

സ്റ്റോക് ടൺ മുതൽ ഡാർലിംഗ്ടൺ വരെയുള്ള റയിൽവേ പാതയിലൂടെയാണ് 1825 -ൽ ആദ്യമായി ചരക്കും ആളുകളുമായുള്ള തീവണ്ടി എൻജിനുപയോഗിച്ചുള്ള യാത്ര നടന്നത്.

19-ാം നൂറ്റാണ്ടിൽ വിറകിന്റെ സഹായത്താലുള്ള ആവിക്കപ്പലുകളാണുണ്ടായിരുന്നത്. അല്പകാലം കഴിഞ്ഞപ്പോൾ സമുദ്രസഞ്ചാരത്തിന് ഇരുമ്പുകപ്പലുകളായി. വ്യവസായ വിപ്ലവത്തിന്റെ ആദ്യഘട്ടം നീരാവിയെ ആശ്രയിച്ചായിരുന്നെങ്കിൽ രണ്ടാംഘട്ടം വൈദ്യുതിയായിരുന്നു. മൈക്കിൾ ഫാരഡെ ആണ് ഇലക്ട്രിക് മോട്ടോർ കണ്ടുപിടിച്ചതെന്ന് നിങ്ങൾക്കറിയാമോ? ഇന്ന് വ്യവസായികമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ഫാക്ടറികൾ നടത്താൻ അത് ഉപയോഗിക്കുകയും ചെയ്യുന്നു. ഗതാഗത വാർത്താവിനിമയ സമ്പ്രദായത്തിലുണ്ടായ വേഗം ബിസിനസ്സ് രംഗത്തെ പണമിടപാടുകൾ, സൈനിക വിഭാഗങ്ങൾ തമ്മിലുള്ള ബന്ധം സ്ഥാപിക്കൽ ഇവയെല്ലാം എളുപ്പമാക്കി. ആളുകൾക്കും കോളനികൾക്കും രാജ്യങ്ങൾക്കുമെല്ലാം ഇത് വളരെ സഹായകരമായി. ടെലഗ്രാഫിന്റെയും ടെലഫോണിന്റെയും കണ്ടുപിടുത്തം ലോകത്തിലെവിടെയും അതിവേഗത്തിൽ വാർത്താവിനിമയം നടത്താൻ സാധ്യമാക്കി.

## 4.3 വ്യാവസായിക വിപ്ലവത്തിന്റെ ഫലങ്ങൾ

വ്യവസായ വിപ്ലവം ആളുകൾ നഗരങ്ങളിലേക്ക് ചേക്കേറാൻ പ്രോത്സാഹിപ്പി ക്കുകയും അങ്ങനെ ഒരു നഗരസമൂഹത്തിന് ജന്മം നൽകുകയും ചെയ്തു. തൊഴിലാളി കൾ അവർ ജോലി ചെയ്യുന്ന ഷോപ്പുകളുടേയും ഫാക്ടറികളുടേയും സമീപത്ത് താമസം തുടങ്ങി. മോശമായ പാർപ്പിടസൗകര്യം, ശുചിത്വത്തിന്റെ കുറവ്, അനാരോഗ്യകരമായ ചുറ്റുപാടുകൾ തുടങ്ങിയവ മൂലം ഈ തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. ഫാക്ടറി ഉടമസ്ഥർക്ക് ലാഭം മാത്രമായിരുന്നു ലക്ഷ്യം. 12 മണിക്കൂർ മുതൽ 14 മണിക്കൂർ വരെ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യേണ്ടി വന്നു. സ്ത്രീകൾക്കും കുട്ടികൾക്കും വളരെ കുറഞ്ഞ കൂലിയെ കൊടുത്തിരുന്നുള്ളു. ഫാക്ടറികളിൽ വേണ്ടത്ര വായുസഞ്ചാരം ലഭിക്കാനുള്ള വഴി ഇല്ലായിരുന്നു. അതുപോലെതന്നെ മുറികൾ വൃത്തിയില്ലാത്തതും, ശബ്ദായമാനവും, അന്ധകാരം നിറഞ്ഞതുമായിരുന്നു. അധികകാലം ഈ സ്ഥിതി തുടരാൻ അനുവദിച്ചിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ക്രമേണ തൊഴിലാളികൾ അവരുടെ ശക്തി മനസ്സിലാക്കുകയും ട്രേഡ് യൂണിയനുകൾ ഉടലെടുക്കുകയും ചെയ്തു. ഫാക്ടറി സമ്പ്രദായത്തിലെ അനീതികളിൽ നിന്നും തൊഴിലാളികളെ രക്ഷിക്കാൻ ഈ പ്രസ്ഥാനങ്ങൾ പ്രവർത്തനം ആരംഭിച്ചു. തൽഫലമായി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളും ജോലി സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പല നിയമങ്ങളും രൂപംകൊണ്ടു. അടുത്ത ഭാഗങ്ങളിൽ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം നിങ്ങൾ കൂടുതലായി പഠിക്കും.

## പാഠ്യപ്രവർത്തനം 4.2

നിങ്ങൾ നിങ്ങളുടെ വീട്ടിലോ, അയലത്തോ, കടയിലോ, ചന്തയിലോ ഒന്നു കണ്ണോടിച്ചാൽ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ അവരുടെ വിദ്യാഭ്യാസം നിഷേധിച്ചുകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത് കാണാൻ കഴിയുന്നുണ്ടോ? ബാല വേലയിൽ നിന്നും അവരെ മോചിപ്പിച്ച് അവർക്കു വിദ്യാഭ്യാസം നൽകാൻ നിങ്ങൾക്കു കഴിയുമോ? ഇവരെ സഹായിക്കാൻ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയുമെന്നാലോചിക്കുക.

കുറിപ്പുകൾ

വ്യവസായ വിപ്ലവത്തിന്റെ ഫലമായി ഉൽപാദനം വർദ്ധിക്കുകയും തൽഫലമായി സാധനങ്ങൾക്ക് വിലകുറയുകയും ചെയ്തു. മനുഷ്യരുടെ സ്ഥാനത്ത് യന്ത്രങ്ങളായി. തദ്ദേശീയമായ ഉൽപാദനം അവസാനിച്ചു. കാർഷികോൽപാദനം വർദ്ധിച്ചതുമൂലം ഭക്ഷണ സാധനങ്ങളുടെ വില കുറഞ്ഞു. ഫാക്ടറി, യന്ത്രോപകരണങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട ഒരു പുതിയ സമ്പദ്‌വ്യവസ്ഥ ഉയർന്നു വന്നു. ഈ പുതിയ കൂട്ടരെ ക്യാപ്പിറ്റലിസ്റ്റുകൾ എന്നു വിളിക്കപ്പെട്ടു. അവർ ഒരു ബാങ്കിംഗ് സമ്പ്രദായം രൂപീകരി ക്കുകയും അതിലൂടെ മിച്ച മൂലധനം ആവശ്യമുള്ള മേഖലകളിലേയ്ക്ക് വിതരണം ചെയ്യാനും കഴിഞ്ഞു. സ്വർണ്ണപ്പണിക്കാർ, കച്ചവടക്കാർ, ഉൽപാദകർ എന്നിവർ 17-ാം നൂറ്റാണ്ടിൽ സ്വകാര്യ ബാങ്കുകൾ സ്ഥാപിച്ചു.

വളരെ പെട്ടെന്നു തന്നെ വ്യവസായ വിപ്ലവം മറ്റുരാജ്യങ്ങളിലേക്കും വ്യാപിച്ചു. പുതിയ വാണിജ്യ മാർഗ്ഗങ്ങളുടെ കണ്ടുപിടുത്തം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതയ്ക്കു വേണ്ടിയുള്ള സാമ്രാജ്യത്വ രാജ്യങ്ങളുടെ വികസനമോഹം എന്നിവ അവർ തമ്മിലുള്ള മത്സരം വർദ്ധിപ്പിച്ചു. കോളനികൾ, സ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ചു. ഇത് യൂറോപ്യൻ രാജ്യങ്ങൾ പ്രത്യേകിച്ച് ഫ്രാൻസും ഇംഗ്ലണ്ടും തമ്മിൽ ശത്രുതയ്ക്കിടയാക്കി. പിന്നീട് ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങളും കോളനി സ്ഥാപിക്കാൻ തുടങ്ങി. ഈ സാമ്രാജ്യത്വ വികസന മോഹം രണ്ട് ലോകമഹായുദ്ധങ്ങളിലേക്ക് നയിച്ചു. ഈ സാമ്രാജ്യത്വ ശക്തികൾ തങ്ങളുടെ കോളനികളിലുണ്ടായിരുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പാരമ്പര്യങ്ങളെല്ലാം തകർത്തു. കോളനികൾ ഈ ശക്തികളെ എതിർത്ത് തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിൽ പ്രധാന പങ്കു വഹിച്ച രണ്ട് പ്രകൃതി വിഭവങ്ങൾ ഏവ?

2. ഗതാഗത വാർത്താവിനിമയങ്ങളിലുണ്ടായ വികസനം എപ്രകാരം കച്ചവടക്കാരെ സഹായിച്ചു?

3. കൽക്കരി ഖനികളിലും ഫാക്ടറികളിലും കുട്ടികളെ കൊണ്ട് ജോലിചെയ്യിപ്പിക്കാനുള്ള കാരണമെന്ത് ?

4. ചേരും പടി ചേർത്തെഴുതുക

| | | | |
|---|---|---|---|
| (a) | ജയിംസ് വാട്ട് | (i) | ഇരുമ്പുവ്യവസായം |
| (b) | സാമുവൽ ക്രോംപ്ടൺ | (ii) | ഇലക്ട്രിക് മോട്ടോർ |
| (c) | ഹെൻറി കോർട്ട് | (iii) | ആവിയന്ത്രം |
| (d) | മൈക്കിൾ ഫാരഡേ | (iv) | സ്പിന്നിംഗ് ജന്നി |
| | | (v) | സ്പിന്നിംഗ് മ്യൂൾ |
| | | (vi) | ഫ്ളൈയിംഗ് ഷട്ടിൽ |

## 4.4 സാമ്രാജ്യത്വത്തിന്റെയും കോളനിവത്ക്കരണത്തിന്റെയും വളർച്ച

കഴിഞ്ഞ ഭാഗങ്ങളിൽ വ്യവസായ വിപ്ലവത്തെക്കുറിച്ചും അത് എങ്ങനെ പാശ്ചാത്യ രാജ്യങ്ങളിൽ വ്യാപിച്ചതെന്നും പഠിച്ചിട്ടുണ്ട്. 19-ാം നൂറ്റാണ്ടോടുകൂടി മിക്കവാറും പാശ്ചാത്യ രാജ്യങ്ങളെല്ലാം വ്യവസായവത്ക്കരിക്കപ്പെട്ടുകഴിഞ്ഞു. ഈ രാജ്യങ്ങൾക്കെല്ലാം അസംസ്കൃത സാധനങ്ങൾ സ്ഥിരമായി ലഭിക്കേണ്ടതായി വന്നു. ആയതിനാൽ വ്യവസായ വത്ക്കരിക്കപ്പെടാത്ത രാജ്യങ്ങൾ തങ്ങളുടെ നിയന്ത്രണത്തിൽ ആക്കാനുള്ള ശ്രമം ആരംഭിച്ചു. ക്യാപ്പിറ്റലിസ്റ്റ് (മുതലാളിത്ത) രാജ്യങ്ങൾക്കും തങ്ങളുടെ അധിക മൂലധനം നിക്ഷേപിക്കാൻ പറ്റിയ പുതിയ സ്ഥലങ്ങളും പുതിയ വ്യവസായങ്ങളും ആവശ്യമായി തീർന്നു. തങ്ങളുടെ സ്വന്തം രാജ്യത്തോ അടുത്ത പ്രദേശങ്ങളിലെ ഇതിന് സാഹചര്യ മില്ലായിരുന്നു. തങ്ങളുടെ രാജ്യത്തിന്റെ അതിർത്തിക്കപ്പുറത്ത് സാമ്പത്തിക-രാഷ്ട്രീയ അധികാരം സ്ഥാപിക്കുന്നതിനെയാണ് സാമ്രാജ്യത്വം എന്നു പറയുന്നത്. ഇത് സൈനിക മാർഗ്ഗത്തിലോ അല്ലെങ്കിൽ മറ്റ് രീതികളിലോ ആകാം. ആക്രമിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ തങ്ങളുടെ ആശ്രിതരാജ്യമാക്കി കോളനികൾ സ്ഥാപിക്കുന്നതിനെയാണ് കൊളോണിയലിസം എന്നു പറയുന്നത്. അസംസ്കൃത സാധനങ്ങളുടെ ആവശ്യകത, വിപണികൾ, മൂലധന നിക്ഷേപത്തിന് പറ്റിയ സ്ഥലങ്ങൾ എന്നീ ആവശ്യങ്ങളാണ് സാമ്രാ ജ്യത്വരാജ്യങ്ങളെ തങ്ങളുടെ രാജ്യത്തിന് പുറത്തുള്ള രാജ്യങ്ങളെ ആക്രമിക്കാൻ പ്രേരിപ്പിച്ചത്. സൈനികാക്രമണം അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ കോളനികളുടെ സമ്പദ്ഘടനയുടെ നിയന്ത്രണം തങ്ങളുടെ കൈവശമാക്കുക എന്നതായിരുന്നു സാമ്രാജ്യത്വത്തിന്റെ ഒരു പ്രധാന സവിശേഷത. ഈ കോളനിവത്ക്കരണത്തിന്റെ ഫലമായി കോളനികളുടെ സമ്പത്തും മറ്റ് വിഭവങ്ങളും സാമ്രാജ്യത്വ രാജ്യങ്ങളിലേക്ക് ഒഴുക്കിക്കൊണ്ടിരുന്നു. കോളനികളുടെ താത്പര്യങ്ങൾ സാമ്രാജ്യത്വ രാജ്യങ്ങളുടെ താൽപര്യങ്ങൾക്ക് വിധേയമായിരുന്നു. ഒരു രാജ്യം ആക്രമിച്ചു കീഴടക്കിയ രാജ്യത്തെ സാമ്രാജ്യത്വരാജ്യമെന്നും പിടിച്ചടക്കലിന് വിധേയമായ രാജ്യത്തെ കോളനി എന്നും വിളിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഏഷ്യയിലേയും ആഫ്രിക്കയിലേയും മിക്കവാറും എല്ലാരാജ്യങ്ങളും യൂറോപ്പിലെ ഏതെങ്കിലും ഒരു രാഷ്ട്രത്തിന്റെ അധീനതയിലായി.

എന്തുകൊണ്ടാണ് ഈ വ്യവസായവത്കൃത രാജ്യങ്ങൾ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ ഏഷ്യയിലേയും ആഫ്രിക്കയിലെയും രാജ്യങ്ങളെ തെരഞ്ഞെടുത്തതെന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടോ ? ഈ രാജ്യങ്ങൾ വിഭവങ്ങൾ കൊണ്ട് സമ്പന്നവും എന്നാൽ രാഷ്ട്രീയമായും സൈനികമായും വളരെ ദുർബലവും വ്യാവസായികമായി വളരെ പിന്നോക്കവുമായിരുന്നു. ദൗർഭാഗ്യവശാൽ ഈ രാജ്യങ്ങൾ വളരെ അകലെയാണ് സ്ഥിതി ചെയ്തിരുന്നത്. നല്ല വാർത്താവിനിമയ സമ്പ്രദായമില്ലാതെ ഒരു രാജ്യത്തിനും ഈ രാജ്യങ്ങ ളിൽ നിന്ന് ലാഭം ഉണ്ടാക്കാനും കഴിയുമായിരുന്നില്ല. എന്നാൽ സാമ്രാജ്യത്വത്തോടൊപ്പം ഗതാഗതസമ്പ്രദായങ്ങളും വാർത്താവിനിമയ സൗകര്യവും വളരെ മെച്ചമായി. നല്ല റോഡുകൾ, ആവിക്കപ്പലുകൾ, റെയിൽവേ, തോടുകൾ തുടങ്ങിയവയുടെ നിർമ്മാണം ഇക്കാലത്ത് വ്യവസായവത്ക്കരണ രാജ്യങ്ങളിലും അവരുടെ കോളനികളിലും ഉണ്ടായി. വേഗത്തിൽ ചരക്കുകൾ കൊണ്ടുപോകാൻ കഴിഞ്ഞതോടെ കാര്യങ്ങൾ എളുപ്പമായി. സൈനികരേയും കോളനികളിൽ വേഗം എത്തിക്കാൻ കഴിഞ്ഞു. ടെലിഗ്രാഫ്, ടെലിഫോൺ ഇവ മൂലം നിസ്സാരമായി സന്ദേശങ്ങൾ കൈമാറാൻ കഴിഞ്ഞു. ഇതെല്ലാം കാരണം മിക്കവാറും എല്ലാ രാജ്യങ്ങൾക്കും സാമ്രാജ്യത്വരാജ്യങ്ങളുമായി ബന്ധപ്പെടാൻ എളുപ്പം കഴിഞ്ഞു.

തീവ്ര ദേശീയത സാമ്രാജ്യത്വത്തിന്റെ പ്രധാന ശക്തിയായി തീർന്നു. സ്വാഭിമാനം, അന്തസ്സ്, കീർത്തി എന്നിവയുടെ പേരിൽ ഇറ്റലിയും ജർമ്മനിയും പോലുള്ള രാജ്യങ്ങൾ മറ്റുള്ള

രാജ്യങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തി. ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ പിന്നോക്കമാണെന്നും അതിനാൽ തങ്ങളാണ് വംശീയമായി ഉന്നതർ എന്നും ഒരു മനോഭാവം ജനങ്ങളിൽ വളർത്താൻ യൂറോപ്യർ ശ്രമിച്ചിരുന്നു. കറുത്തവരെ പരിഷ്കൃത രാക്കുക എന്നത് വെള്ളക്കാരന്റെ ബാധ്യതയായിരുന്നുവെന്ന് ഈ രാജ്യങ്ങൾ കരുതി. ക്രൈസ്തവമതം പ്രചരിപ്പിക്കുന്നതിനും ആളുകൾക്ക് ജ്ഞാനോദയം നൽകുന്ന തിനും ഈ രാജ്യങ്ങൾ കീഴ്പ്പെടുത്തേണ്ടത് ആവശ്യമാണെന്ന് അവർ കരുതി. അത് അവരുടെ പ്രയത്നങ്ങൾക്ക് ധാർമ്മിക പിന്തുണയും നീതീകരണവും നൽകി.

യൂറോപ്യൻമാർക്കിടയിൽ മറ്റ് രാജ്യങ്ങൾ കീഴടക്കുന്നതിനായുള്ള ആഗ്രഹം ജനിപ്പി ക്കുന്നതിൽ സാഹസിക നാവിക പര്യവേക്ഷണയാത്രികരും വലിയ പങ്ക് വഹിച്ചു. ഈ വിദേശ രാജ്യങ്ങളിൽ അവർ കണ്ട സമ്പത്തും വിഭവങ്ങളും വിശദീകരിച്ചാണ് അവരത് സാധിച്ചത്. ക്രിസ്റ്റഫർ കൊളംബസ്, വാസ്കോഡഗാമ, ഫെർഡിനാൻഡ് മെഗല്ലൻ തുടങ്ങിയ പര്യവേക്ഷകരുടെ പേരുകൾ നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ?

### 4.4.1 ആഫ്രിക്കയിലെ സാമ്രാജ്യത്വം

ഒരു കാലത്ത് ആഫ്രിക്ക കറുത്ത ഭൂഖണ്ഡം എന്ന പേരിലാണ് അറിയപ്പെട്ടി രുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ? ഈ ഭൂഖണ്ഡത്തെക്കുറിച്ച് വളരെ കുറച്ച് അറിവേ ഉണ്ടായിരു ന്നുള്ളൂ. മിഷണറിമാരും പര്യവേക്ഷകരും ആയിരുന്നു ഈ ഭൂഖണ്ഡത്തിന്റെ ഉൾഭാഗങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചത്. ആനക്കൊമ്പ്, സ്വർണ്ണം, വസ്ത്രം, തടി, അടിമകളാക്കാൻ പറ്റിയ ആളുകൾ തുടങ്ങിയ കാര്യങ്ങൾ അവർ അവിടെ കണ്ടെത്തി.

ആഫ്രിക്കയിലെ രാഷ്ട്രീയ സമ്പ്രദായം വളരെ ദുർബലമായിരുന്നു. പിന്നോക്കാവസ്ഥയി ലായ സമ്പദ്ഘടനയും ജനതയും അതുപോലെതന്നെയുള്ള ഒരു സൈന്യവും ഇതായിരുന്നു ആഫ്രിക്കയിലെ അവസ്ഥ. അസംസ്കൃത വസ്തുക്കൾ ശേഖരി ക്കുന്നതിനും നിർമ്മിതവസ്തുക്കൾ വിറ്റഴിക്കാൻ പുതിയ വിപണി കണ്ടെത്താനും വേണ്ടി യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിൽ മത്സരം വളർന്നിരുന്നു. ഇതോടൊപ്പം തങ്ങളുടെ മേധാവിത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുക എന്ന ലക്ഷ്യവും ഈ രാഷ്ട്രങ്ങൾക്കു ണ്ടായിരുന്നു. സാങ്കേതികമായ മികച്ച ആയുധങ്ങൾ ഇവർക്കുണ്ടായിരുന്നതിനാൽ ആക്രമണ ങ്ങൾ എളുപ്പമാക്കി. 1875 വരെ ആഫ്രിക്കയിലെ വളരെ കുറച്ച് ഭൂവിഭാഗങ്ങൾ മാത്രമേ യൂറോപ്യരുടെ കൈവശമുണ്ടായിരുന്നുള്ളൂ. എന്നാൽ 1880-നും 1910-നും ഇടയിൽ ആഫ്രിക്ക മൊത്തമായി തന്നെ വിഭജിച്ച് യൂറോപ്യൻ രാജ്യങ്ങളുടെ അധീനത്തിലാക്കി. ആഫ്രിക്കയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ലണ്ടൻ, പാരീസ്, ലിസ്ബൺ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളുടെ തലസ്ഥാന നഗരങ്ങളിലായിരുന്നു. ഇത് അര നൂറ്റാണ്ടു കാലം നീണ്ടു നിന്നു.

**? നിങ്ങൾക്കറിയാമോ?**

ഏറ്റവും കൂടുതൽ ആഫ്രിക്കൻ കോളനികൾ ഫ്രാൻസിന്റെ അധീനതയിലായിരുന്നു. എന്നാൽ ഏറ്റവും കൂടുതൽ ആളുകളെ ഭരിച്ചിരുന്നത് ബ്രിട്ടനായിരുന്നു.

ഉത്തര-പശ്ചിമ ആഫ്രിക്ക, അൾജീറിയ, ടുണീഷ്യ, മൊറോക്കോ, ഐവറി കോസ്റ്റ്, ഡാഹോമി, മാലി എന്നീ രാജ്യങ്ങളെല്ലാം ഫ്രഞ്ച് അധീനതയിലായിരുന്നു. സാംബിയ, സൈറാ ലിയോൺ, ഗോൾഡ് കോസ്റ്റ്, നൈജീരിയ, ദക്ഷിണാഫ്രിക്ക, റൊഡേഷ്യ, ഉഗാണ്ട, കെനിയ, ഈജിപ്റ്റ്, സുഡാൻ എറിഷിയ, സോമാലിയയുടെ ഒരു ഭാഗം, ലിബിയ എന്നീ പ്രദേശങ്ങളെല്ലാം ബ്രിട്ടന്റെ കൈവശമായിരുന്നു. ദക്ഷിണ പശ്ചിമ ആഫ്രിക്ക, ടാങ്കനിക്കാ,

ടോഗോ ലാന്റ്, കാമറോൺ ഈ രാജ്യങ്ങൾ ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനി പരാജയപ്പെടുന്നതുവരെ അവരുടെ കൈവശമായിരുന്നു. 1914-ൽ അതായത് ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതു വരെ ലൈബീരിയ, എത്യോപ്യ എന്നീ രണ്ടു രാജ്യങ്ങൾ മാത്രമേ ആഫ്രിക്കയിൽ സ്വതന്ത്ര രാജ്യങ്ങളായി ഉണ്ടായിരുന്നുള്ളൂ. ഇതിൽ എത്യോപ്യ 1935 ൽ ഇറ്റലിയുടെ അധീനതയിലായി.

സാമ്രാജ്യത്വത്തിന്റെ ഒരു സവിശേഷ പ്രത്യേകത ആഫ്രിക്കയിലെ അടിമ വ്യാപാരമായിരുന്നു. യൂറോപ്യർ, ആഫ്രിക്കയിൽ നിന്നും അടിമകളെ കൊണ്ടുവന്ന് അമേരിക്കൻ കോളനികളിലെ കൃഷി തോട്ടങ്ങളിൽ പണി എടുപ്പിച്ചു. പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ സ്ഥിരസ്വഭാവമുള്ള അടിമച്ചന്ത നിലവിലിരുന്നു. AD 1500-നും 1800-നുമിടയിൽ ഏതാണ്ട് 150 ലക്ഷം ആഫ്രിക്കക്കാരെ പിടിച്ച് അടിമകളാക്കി വിറ്റിരുന്നു.

## പാഠ്യപ്രവർത്തനം 4.3

ഒരു വ്യക്തിയെ അയാളുടെ നിറം, വംശം, വർഗ്ഗം, ജാതി, മതം എന്നിവയെ അടിസ്ഥാനമാക്കി തരം തിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. ഇന്ത്യയിലും വിദേശങ്ങളിലും ഇപ്രകാരം കായികമായും അല്ലാതെയും അവഹേളനങ്ങൾക്ക് വിധേയമാക്കപ്പെടുന്ന നിരവധി സംഭവങ്ങൾ നമുക്കറിയാം. ഇത്തരം പ്രവൃത്തികൾ നമ്മൾ ചെയ്യുന്നത് വിവേകമുള്ളതും പക്വതയുള്ളതുമായ കാര്യങ്ങളായി നിങ്ങൾ കരുതുന്നുണ്ടോ? ഇത്തരം പ്രവൃത്തികൾക്ക് വിധേയനാകുന്ന വ്യക്തിയുടെ വിചാരങ്ങൾ എങ്ങനെ ആയിരിക്കും? ഇത്തരം സംഭവങ്ങൾ അവസാനിപ്പിക്കാനുള്ള ചില നിർദ്ദേശങ്ങൾ പറയുക.

### 4.4.2 ഏഷ്യയിലെ സാമ്രാജ്യത്വം.

യൂറോപ്യർ ആഫ്രിക്കയിലേതുപോലെ ഏഷ്യയിലും കോളനികൾ ആരംഭിച്ചു. പോർത്തുഗലും ഹോളണ്ടും ഇന്ത്യയുമായി വാണിജ്യം നടത്തി അഭിവൃദ്ധി പ്രാപിക്കുന്നത് ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും ഇഷ്ടപ്പെട്ടില്ല. അവർ അവസാനം പോർട്ടുഗീസുകാരെയും ഡച്ചുകാരെയും ഇന്ത്യയിൽ നിന്ന് തുരത്തി. തുടർന്ന് ഇംഗ്ലീഷ്, ഫ്രഞ്ച് കമ്പനികൾ ഇന്ത്യയിൽ അവരുടെ സെറ്റിൽമെന്റുകൾ സ്ഥാപിച്ചു. 1763-ൽ ഫ്രഞ്ചുകാരുടെ സ്വാധീനം ഇന്ത്യയിൽ അവസാനിപ്പിച്ച് ബ്രിട്ടീഷുകാർ ഇന്ത്യ അവരുടെ സ്വന്തം നിയന്ത്രണത്തിലാക്കാനുള്ള ശ്രമമാരംഭിച്ചു. ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ നിങ്ങൾ അടുത്ത അധ്യായ ത്തിൽ പഠിക്കും. തങ്ങളുടെ വിശ്വാസങ്ങൾക്കും പാരമ്പര്യത്തിനും വിരുദ്ധമായിരുന്നതിനാൽ ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ പാശ്ചാത്യ സംസ്ക്കാരവും ജീവിതരീതിയും അംഗീകരി ക്കാൻ തയ്യാറായില്ല. ബോക്സർ കലാപം, കറുപ്പ് യുദ്ധം എന്നീ സംഭവങ്ങളിലൂടെ വ്യാവസായിക രാജ്യങ്ങൾക്ക് ചൈനയിലിടപെടാൻ അവസരം കിട്ടി. ക്രമേണ പാശ്ചാത്യ രാജ്യങ്ങളുടെ സ്വാധീനം ഈ രാജ്യത്തിലും ഉണ്ടായി.

### 4.4.3 സാമ്രാജ്യത്വം - ചൈനയിൽ

ചൈനാക്കാരുടെ സാധനങ്ങൾക്ക് യൂറോപ്യൻ രാജ്യങ്ങളിൽ കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നു. എന്നാൽ യൂറോപ്യൻ സാധനങ്ങളോട് ചൈനാക്കാർക്ക് യാതൊരു മമതയുമുണ്ടായിരുന്നില്ല. ഈ സ്ഥിതി യൂറോപ്യൻ കച്ചവടക്കാർക്ക് ലാഭകരമായ ഒരു സ്ഥിതി ആയിരു ന്നില്ല. അതിനാൽ അവർ ചൈനയിലെ യുവാക്കളുടെ ആത്മവിശ്വാസം കെടുത്തി മടിയൻ മാരാക്കാനായി കറുപ്പ് ചൈനയിലേക്ക് കള്ളക്കടത്ത് നടത്തി. കറുപ്പിനുപകരം ചൈനയിലെ സാധനങ്ങൾ വാങ്ങുകയും ചെയ്തു. ഇത് ചൈനയെയും ബ്രിട്ടനെയും കറുപ്പ് യുദ്ധത്തിലേക്ക് നയിച്ചു. ഈ യുദ്ധത്തിൽ ചൈന പരാജയപ്പെടുകയും ബ്രിട്ടൻ നിരവധി

സൗജന്യങ്ങൾ ചൈനയിൽ നിന്ന് നേടുകയും ചെയ്തു. ബ്രിട്ടീഷ് വ്യാപാരികൾക്ക് കച്ചവടം ചെയ്യുന്നതിന് ചൈനയുടെ 5 തുറമുഖങ്ങൾ തുറന്നുകിട്ടി. വിദേശ ഉല്പന്നങ്ങളുടെ മേലുള്ള നികുതികൾ പിൻവലിക്കപ്പെട്ടു. ബ്രിട്ടീഷുകാർക്കെതിരെ ചൈനയിലെ കോടതികളിൽ യാതൊരു വിചാരണയും നടത്താൻ പാടില്ല എന്ന കാര്യവും ചൈന അംഗീകരിച്ചു. ഹോങ്കോങ് ദ്വീപ് ബ്രിട്ടന് നൽകുകയും ചെയ്തു.

ബ്രിട്ടീഷ് പതാകയെ അധിക്ഷേപിച്ചതിനും ഫ്രഞ്ച് മിഷണറിപ്രവർത്തകനെ വധിച്ചതിനുമുള്ള പ്രതികാരമായിട്ടാണ് രണ്ടാം കറുപ്പ് യുദ്ധം നടന്നത്. ഈ യുദ്ധത്തിൽ രണ്ട് വിദേശ ശക്തികളും കൂടി ചൈനയെ പരാജയപ്പെടുത്തുകയും കൂടുതൽ പ്രദേശങ്ങളുടെ അവകാശങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

ചൈനയിൽ നടക്കുന്ന ചൂഷണത്തിനും ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾക്കും എതിരെ ആയിരുന്നു ബോക്സർലഹള. പാശ്ചാത്യാശയങ്ങളോട് എതിർപ്പ് പ്രദർശി പ്പിച്ചിരുന്ന ഒരു സംഘടനയായിരുന്നു ബോക്സർമാർ. അവർ തങ്ങളുടെ മുഷ്ടി ഉപയോഗിച്ച് തന്നെ വിദേശിയരെ മർദ്ദിച്ചു. ഇവർക്ക് അന്നത്തെ ചൈനീസ് രാജവംശത്തിന്റെ പിന്തുണ യുണ്ടായിരുന്നു. ഈ ലഹളയും വിദേശശക്തികൾ പരാജയപ്പെടുത്തി.

### 4.4.4. ജപ്പാൻ

1868-ൽ ജപ്പാനിൽ മെയ്ജി യുഗം ഉദ്ഘാടനം ചെയ്യപ്പെട്ടു. ജപ്പാനെ സങ്കുചിതമായ ഒരു ഫ്യൂഡൽ സമൂഹത്തിൽ നിന്ന് മോചിപ്പിച്ച് ആദ്യ വ്യവസായവത്ക്കരണ രാഷ്ട്രമാക്കി മാറ്റിയ ഉദ്ബുദ്ധ ഭരണത്തിന്റെ തുടക്കമായിരുന്നു ഇത്. ജപ്പാനിൽ പ്രകൃതി വിഭവങ്ങൾ വളരെ കുറവായിരുന്നു. അതിനാൽ വിദേശ വിപണിയും അസംസ്കൃത സാധനങ്ങളും ജപ്പാന് ആവശ്യമായിരുന്നു.

1871-ൽ ഒരു സംഘം ജപ്പാനിലെ രാഷ്ട്രീയ നേതാക്കൾ യൂറോപ്പും അമേരിക്കയും സന്ദർശിച്ചു. അവർ രാഷ്ട്രത്തിന്റെ നേതൃത്വത്തിലുള്ള വ്യവസായനയത്തിന് രൂപം കൊടുത്തു. 1877-ൽ ബാങ്ക് ഓഫ് ജപ്പാൻ സ്ഥാപിച്ചു. ജപ്പാനിൽ സ്റ്റീൽ ഫാക്ടറികളും തുണി വ്യവസായങ്ങളും ആരംഭിച്ചു. വിദ്യാഭ്യാസം വിപുലീകരിച്ചു. വിദ്യാർത്ഥികളെ പാശ്ചാത്യ രാജ്യങ്ങളിലേക്കയച്ച് പഠിപ്പിച്ചു. 1905-ൽ രാജ്യത്തെ സമ്പന്നമാക്കുക സൈന്യത്തെ ശക്തിപ്പെടുത്തുക എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ജപ്പാൻ അജയ്യമായ ഒരു വ്യാവസായിക-സൈനിക രാഷ്ട്രമായി തീർന്നു. തുടർന്ന് ഫോർമോസ, ദക്ഷിണ സഖാലിൻ, കൊറിയ, മഞ്ചൂറിയ, ഇൻഡോ-ചൈന, ബർമ്മ, മലയ, സിംഗപ്പൂർ, ഇൻഡോനേഷ്യ, ഫിലിപ്പൈൻസ് എന്നീ പ്രദേശങ്ങൾ ജപ്പാൻ ആക്രമിച്ച് കീഴ്പ്പെടുത്തി.

### 4.4.5 ദക്ഷിണ-ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളിലെ സാമ്രാജ്യത്വം

നേപ്പാൾ, ബർമ്മ, ശ്രീലങ്ക, മലയ, ഇന്തോനേഷ്യ, ഇന്തോ-ചൈന, തായ്‌ലൻഡ്, ഇന്തോ-ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നതാണ് ദക്ഷിണ-ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ. പുതിയ സാമ്രാജ്യത്തിന്റെ ഉദയത്തിന് മുൻപുതന്നെ ഈ വിഭാഗത്തിലെ ധാരാളം രാജ്യങ്ങൾ യൂറോപ്യൻ അധീനത്തിലായിരുന്നു. ആദ്യം പോർട്ടുഗലിന്റെയും പിന്നീട് ഡച്ചുകാരുടെയും അതിനുശേഷം ബ്രിട്ടന്റെയും കീഴിലായിരുന്നു ശ്രീലങ്ക. ശ്രീലങ്കൻ കയറ്റുമതിയുടെ ഏതാണ്ട് എട്ടിൽ ഏഴ് ഭാഗം വരുന്ന തേയിലയുടെയും റബ്ബറിന്റെയും തോട്ടങ്ങൾ വച്ച് പിടിപ്പിച്ചത് ഇംഗ്ലണ്ടായിരുന്നു.

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളും സാമ്രാജ്യത്വത്തിന്റെ ദുരിതങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഇൻഡോ-ചൈനയിലെ ക്രിസ്ത്യാനികളെ സംരക്ഷിക്കാനെന്ന പേരിൽ ഫ്രഞ്ച് സൈന്യം

വിയറ്റ്നാമിനെ ആക്രമിച്ചു. ക്രമേണ വിയറ്റ്നാം, ലാവോസ്, കംബോഡിയ എന്നീ രാജ്യങ്ങൾ ഫ്രഞ്ചു കോളനികളായി തീർന്നു. മലയൻ രാജ്യങ്ങളുടെ നിയന്ത്രണത്തിനു വേണ്ടി ബ്രിട്ടൻ ബർമയും സിംഗപ്പൂർ തുറമുഖവും തങ്ങളുടെ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു.

**നിങ്ങൾക്കറിയാമോ**

ഫ്രഞ്ച് അധീനതയിലുള്ള ഇന്തോ ചൈനയുടെയും ബ്രിട്ടന്റെ അധീനതയിലുള്ള ബർമ്മയുടേയും ഇടയിൽപെട്ട് തായ്‌ലന്റ് അല്ലെങ്കിൽ സയാം ഒരു സ്വതന്ത്ര രാഷ്ട്രമായി സ്ഥിതി ചെയ്തിരുന്നു എന്ന കാര്യം നിങ്ങൾക്കറിയാമോ?

## 4.5 സാമ്രാജ്യത്വത്തിന്റെ ഫലങ്ങൾ

ആശയവിനിമയ രംഗത്തും ഗതാഗതരംഗത്തും ഉണ്ടായ പുരോഗതിയാണ് സാമ്രാജ്യത്തിന്റെ ഏറ്റവും നല്ല ഗുണഫലങ്ങൾ. റയിൽവേ, തോടുകൾ, ടെലഗ്രാഫ്, ടെലിഫോൺ തുടങ്ങിയവ ഇതിന്റെ ഉദാഹരണങ്ങളാണ്. രാഷ്ട്രീയ അവബോധവും ദേശിയതയും കോളനി രാജ്യങ്ങളിൽ വളരാൻ ഇത് സഹായിച്ചു. ആധുനിക വിദ്യാഭ്യാസവും ശാസ്ത്രവും വികസി പ്പിച്ചു. അത് സ്വാതന്ത്ര്യത്തിനു ശേഷം തങ്ങളുടെ രാജ്യങ്ങളുടെ വികസനത്തിനെ സഹായിച്ചു.

സാമ്രാജ്യത്വം കോളനികളിൽ ചില ദൂഷ്യഫലങ്ങളും ഉളവാക്കി. തദ്ദേശീയ വ്യവസായങ്ങൾ ഇത് നശിപ്പിച്ചു. പ്രകൃതി വിഭവങ്ങൾ ദാരുണമായി ചൂഷണം ചെയ്യപ്പെട്ടു. ചൈനയെ പലവിഭാഗങ്ങളുടെയും സ്വാധീനവലയത്തിലാക്കുകയും അന്തർദേശീയ വാണിജ്യത്തിന് തുറന്നു കൊടുക്കപ്പെടുകയും ചെയ്തു. ലൈബീരിയയും എത്യോപ്യയും ഒഴിച്ചുള്ള ആഫ്രിക്കൻ രാജ്യങ്ങൾ യൂറോപ്യൻ രാജ്യങ്ങൾക്കായി വിഭജിക്കപ്പെട്ടു. നല്ലൊരു പങ്ക് ആഫ്രിക്കക്കാരെ അടിമകളാക്കി. ദക്ഷിണാഫ്രിക്കയിൽ തൊലിയുടെ നിറത്തിന്റെ പേരിൽ തദ്ദേശീയരെ പീഡിപ്പിച്ചു. വർണ്ണവിവേചനനയം അല്ലെങ്കിൽ അപ്പാർതീഡ് എന്നപേരിലറിയപ്പെട്ടിരുന്ന ഈ നയം സാമ്രാജ്യത്വത്തിന്റെ ഏറ്റവും വലിയ ദൂഷ്യഫലമായിരുന്നു.

സാമ്രാജ്യത്വത്തിന് സദ്ഫലങ്ങളെക്കാൾ കൂടുതൽ ദൂഷ്യങ്ങളായിരുന്നു. അത് ഏഷ്യയിലേയും ആഫ്രിക്കയിലേയും സമ്പത്തും പ്രകൃതിവിഭവങ്ങളും കൊള്ളയടിച്ചു. സാമ്രാജ്യത്വശക്തികളുടെ വ്യവസായോത്പന്നങ്ങൾ വിറ്റഴിക്കുന്ന വിപണികളാക്കി കോള നികൾ. ഇത് ഈ രാജ്യങ്ങളിലെ സമ്പദ്ഘടനയെ നശിപ്പിച്ചു. അവരുടെ വംശീയ വിവേചന നയം കോളനികളിലെ ജനങ്ങളുടെ വിശ്വാസവും ആത്മാഭിമാനവും നശിപ്പിച്ചു. ഇന്ത്യയിൽ അവർ ആദ്യം കച്ചവടക്കാരായി വരികയും പിന്നീട് ഭരണാധികാരികളായി മാറുകയും ചെയ്തു. ഇന്ത്യയുടെ ഐശ്വര്യപ്രദമായ സമ്പദ്ഘടന അവർ നശിപ്പിച്ചു. ഇന്ത്യയിൽനിന്നും അസംസ്കൃതസാധനങ്ങൾമുഴുവൻ കടത്തിക്കൊണ്ടുപോയി. ആ സാധനങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന നിർമ്മിത വസ്തുക്കൾ വാങ്ങിക്കുന്ന ഒരു രാജ്യമായി ഇന്ത്യ മാറി. കൂടാതെ ഭീകരമായി നികുതികളും ഈടാക്കിയിരുന്നതിനാൽ ജനങ്ങൾ ദാരിദ്ര്യത്തിലായി.

മനുഷ്യ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടന്നത് 20-ാം നൂറ്റാണ്ടിലാണ്. ആവിയന്ത്രത്തിൽ തുടങ്ങി ബഹിരാകാശയാത്രയിൽ വരെ അത് എത്തി നിൽക്കുന്നു. മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയത്, കംപ്യൂട്ടർ നെറ്റ്‌വർക്ക് തുടങ്ങിയവയെല്ലാം ഇക്കാലത്താണ്. വേഗം ഏറിയ ഗതാഗതസമ്പ്രദായം, നിമിഷനേരം കൊണ്ടുള്ള ആശയവിനിമയം എന്നിവ മൂലം ലോകം വളരെ ചുരുങ്ങി. ദൗർഭാഗ്യവശാൽ സാമ്രാജ്യത്വ

വൈരവും ധനമോഹവും ലോകത്തെ മുഴുവൻ ബാധിച്ചു. ഇത് യൂറോപ്യൻ രാജ്യങ്ങൾ, ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളെ രണ്ട് ലോകമഹായുദ്ധത്തിലേക്ക് തള്ളിവിട്ടു. അടുത്ത ഭാഗത്ത് നമുക്കത് പഠിക്കാം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. സാമ്രാജ്യത്വം നിർവ്വചിക്കുക.
2. കോളനികളിലെ ഗതാഗതത്തിന്റെ വളർച്ചമൂലം സാമ്രാജ്യത്വവ്യാപനത്തിന് സഹായകരമായ രണ്ട് ഘടകങ്ങൾ ഏവ?
3. അടിമവ്യാപാരം എന്നാൽ എന്ത്
4. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

   a. താഴെപ്പറയുന്നവയിൽ ഏതാണ് കറുത്ത ഭൂഖണ്ഡം എന്ന പേരിലറിയപ്പെട്ടിരുന്നത്?

   (i) ആഫ്രിക്ക (ii) ഏഷ്യ (iii) യൂറോപ്പ്

   b. മെയ്ജിയുഗം (മെയ്ജി പുന: പ്രതിഷ്ഠാപനം) ഏത് രാജ്യത്താണ് സംഭവിച്ചത്?

   (i) കംബോഡിയ (ii) ശ്രീലങ്ക (iii) ജപ്പാൻ

   c. കറുപ്പുയുദ്ധം നടന്നത്?

   (i) ഇൻഡ്യ (ii) ചൈന (iii) ബർമ്മ

   d. ഫ്രഞ്ചു കോളനി ആയിരുന്നിട്ടില്ലാത്ത രാജ്യം?

   (i) വിയറ്റ്നാം (ii) മൊറോക്കോ (iii) കെനിയ

## 4.6 ഒന്നാം ലോക മഹായുദ്ധം

വ്യവസായവത്ക്കരണം, കോളോണിയലിസം, സാമ്രാജ്യത്വം എന്നിവ മൂലം ഏഷ്യയിലേയും ആഫ്രിക്കയിലെയും രാജ്യങ്ങൾ പിടിച്ചെടുക്കാൻ യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽകടുത്ത മത്സരം ഉണ്ടായി. ഏഷ്യയിലും ആഫ്രിക്കയിലും കോളനികൾ ലഭിക്കാതായതിനാൽ 19-ാം നൂറ്റാണ്ടിൽ ഈ മത്സരം രൂക്ഷമായി. മാത്രവുമല്ല പരസ്പരം വിശ്വാസമില്ലായ്മയും വിദ്വേഷവും മൂലം സന്ധിക്കുള്ള സാധ്യത അസാധ്യമാവുകയും ചെയ്തു. ഇത് 1914-ൽ യൂറോപ്പിൽ തുടങ്ങുകയും പെട്ടെന്ന് തന്നെ ലോകം മുഴുവൻ വ്യാപിച്ച ഒരു യുദ്ധമായിത്തീരുകയും ചെയ്തു. ചരിത്രത്തിലാദ്യമായി യുദ്ധത്തിലേർപ്പെട്ട എല്ലാ രാജ്യങ്ങളും അതിന്റെ മുഴുവൻ വിഭവങ്ങളും ഈ യുദ്ധത്തിനുവേണ്ടി സജ്ജമാക്കി. കരസേന, നാവികസേന, വ്യോമസേന എന്നീ മൂന്നു വിഭാഗങ്ങളും ഇതിൽ പങ്കാളികളായി. വിവേചനരഹിതമായ ബോംബേറിന്റെ ഫലമായി ധാരാളം സാധാരണ ജനങ്ങൾ മരണപ്പെട്ടു. യുദ്ധം ലോകത്തിലെ എല്ലാ പ്രമുഖരാജ്യങ്ങളിലും അവയുടെ കോളനികളിലും ഉണ്ടായതുകൊണ്ട് ഈ യുദ്ധത്തെ ഒന്നാം ലോക മഹായുദ്ധമെന്നു വിളിക്കുന്നു. ഇത് ലോക ചരിത്രത്തിലെ ഒരു നാഴികക്കല്ല് ആയി മാറി. ഒന്നാം ലോകമഹായുദ്ധം ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല. അത് 1914-ന് മുമ്പുണ്ടായ അനേകനാളുകൾ നീണ്ട സംഭവ വികാസങ്ങളുടെ പരിണത ഫലമാണ്.






### 4.6.1. ഒന്നാം ലോക മഹായുദ്ധത്തിന്റെ കാരണങ്ങൾ

ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി തുടങ്ങിയുള്ള രാജ്യങ്ങൾ തമ്മിലുള്ള സാമ്രാജ്യത്വ വിരോധം പ്രധാനപ്പെട്ട ഒരു കാരണമായിരുന്നു. മുൻപ് പുതിയ പുതിയ കോളനികൾ ലഭിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. അതിനാൽ അന്ന് യുദ്ധങ്ങൾ ഒഴിവായി. എന്നാൽ പിന്നീട് സ്ഥിതി മാറി. മിക്കവാറും ഏഷ്യയിലേയും ആഫ്രിക്കയിലേയും രാജ്യങ്ങൾ വിഭജിച്ച് കോളനികളാക്കി മാറ്റിക്കഴിഞ്ഞു. അതുമൂലം പുതിയ കോളനികൾ ലഭിക്കാതായി. ആ സാഹചര്യ ത്തിൽ കോളനികൾ ലഭിക്കണമെങ്കിൽ അധീനശക്തിയെ പരാജയപ്പെടുത്തിയാൽ മാത്രമേ പറ്റൂ എന്ന സ്ഥിതി സംജാതമായി. ഇത് യുദ്ധപരിതസ്ഥിതി ഉണ്ടാക്കി. 19–ാം നൂറ്റാ ണ്ടിന്റെ അവസാന പാദത്തിൽ ജർമ്മനി വമ്പിച്ച വ്യവസായ പുരോഗതിയും സാമ്പത്തിക വളർച്ചയും നേടി. ഇംഗ്ലണ്ടും ഫ്രാൻസും വ്യവസായ ഉൽപാദനത്തിൽ ജർമ്മനിയുടെ വളരെപ്പിറകിലായി. തൽഫലമായി ബ്രിട്ടന് ഉള്ളിടത്തോളം കോളനികൾ തങ്ങളുടെ സമ്പദ്ഘടനയുടെ ആവശ്യങ്ങൾ സഫലീകരിക്കാൻ ജർമ്മനിക്ക് വേണ്ടിവന്നു.അങ്ങനെ ജർമ്മനി ഇംഗ്ലണ്ടിന്റെ പ്രധാന ശത്രുവായിതീർന്നു. ജർമ്മനി ഏറ്റവും വലിയ യുദ്ധക്കപ്പലായ ഇംബരേറ്റർ നിർമ്മിച്ചതും ഉത്തര കടലിനെയും ബാൾട്ടിക് കടലിനെയും ബന്ധിപ്പിച്ചിരുന്ന കെയ്ൻകനാൽ നിർമ്മിച്ചതും ഇംഗ്ലണ്ടിന്റെ നാവികാധിപത്യത്തിന് കനത്തവെല്ലുവിളി ഉയർത്തി. ബർലിൻ നഗരത്തെയും ബാഗ്ദാദിനെയും ബന്ധിപ്പിച്ച് ഒരു റയിൽപ്പാതയും ജർമ്മനി നിർമ്മിച്ചു. പട്ടാളത്തെ അയക്കാൻ ജർമ്മനിക്ക് ഇത് കൂടുതൽ സൗകര്യങ്ങളൊരുക്കിയത് അവിടെയുള്ള ബ്രിട്ടീഷ് കോളനികൾക്ക് ഭീഷണിയായി.

ജർമ്മനിയെപോലെതന്നെ യൂറോപ്പിലെ എല്ലാ വൻശക്തികൾക്കും ജപ്പാനും സാമ്രാജ്യത്വ മോഹങ്ങളുണ്ടായിരുന്നു. ഒട്ടോമൻ സാമ്രാജ്യത്തിന്റെ അധീനതയിലുള്ള ഉത്തര ആഫ്രിക്കയിലെ ട്രിപ്പോളി ലഭിക്കാൻ ഏകീകൃത ഇറ്റലി ആഗ്രഹിച്ചു. ഫ്രാൻസിന് ആഫ്രിക്ക യിലെ മൊറോക്കൊയിൽ താത്പര്യം ജനിച്ചു. 1915–ലെ റഷ്യ–ജപ്പാൻ യുദ്ധത്തിൽ റഷ്യയെ പരാജയപ്പെടുത്തിയതിനാൽ കിഴക്കൻ പ്രദേശങ്ങളിൽ സ്വാധീനം വർദ്ധിപ്പിക്കാൻ ജപ്പാൻ ആഗ്രഹിച്ചു. ഒട്ടോമൻ സാമ്രാജ്യത്തിൽ ആസ്ട്രിയക്ക് നോട്ടമുണ്ടായിരുന്നു. ഈ സമയത്ത് അമേരിക്ക സാവധാനം ഒരു ശക്തിയേറിയ രാജ്യമായി വളർന്നു വരികയായിരുന്നു. വളരെ വേഗം വർദ്ധിച്ചു വരുന്ന വ്യാപാരം സംരക്ഷിച്ചു നിർത്തുന്നതിലാ യിരുന്നു അമേരിക്കയുടെ താത്പര്യം. ഏത് വൻശക്തിയുടെയും വികസനമോഹം ലോകസമാധാനത്തിന് വലിയ ഭീഷണി തന്നെ ആയിരുന്നു.

### 4.6.2 സഖ്യങ്ങളുടെ രൂപീകരണം

കൂടുതൽ കോളനികൾ സ്ഥാപിക്കാനായുള്ള സംഘട്ടനങ്ങളും കലഹങ്ങളും തങ്ങളെ സഹായിക്കാനാകുന്ന രാജ്യങ്ങളുമായി സഖ്യങ്ങളുണ്ടാക്കാൻ സാമ്രാജ്യത്വ ശക്തികളെ പ്രേരിപ്പിച്ചു. എതിരാളിക്കെതിരെ പരസ്പര സൈനിക സഹായങ്ങൾ വാഗ്ദാനം ചെയ്ത് 1882 –ൽ ജർമ്മനി, ഓസ്ട്രിയ, ഇറ്റലി എന്നീ രാജ്യങ്ങൾ സംയുക്തമായി. 'Triple Alliance' (ത്രികക്ഷി സഖ്യം) എന്ന ഒരു സൈനിക സഖ്യം രൂപീകരിച്ചു. ഇംഗ്ലണ്ട്, റഷ്യ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ 1907–ൽ Triple Entente (ത്രികക്ഷി സൗഹാർദ്ദം) എന്ന മറ്റൊരു സൈനിക സഖ്യവും രൂപീകരിച്ചു. പരസ്പര വിരുദ്ധമായ സൈനിക സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിനെ രണ്ട് വിരുദ്ധചേരികളായി തിരിക്കുകയും അവ തമ്മിൽ സംഘട്ടനങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്തു. അപകടകരമായ ആയുധങ്ങൾ നിർമ്മിക്കുന്നതിൽ ഈ രാജ്യങ്ങൾ തമ്മിൽ മത്സരിച്ചു. പരസ്പര വിദ്വേഷവും സംശയവും സമാധാനാന്തരീക്ഷം ആകെ മാറ്റിമറിച്ചു. ഇത് സംബന്ധിച്ച് അഴിച്ചുവിട്ട പ്രചരണങ്ങൾ യുദ്ധം ആരംഭിച്ചാൽ അത് യൂറോപ്പിനെ ആകെ ബാധിക്കുമെന്ന് വ്യക്തമാക്കി.

### 4.6.3 പാൻസ്ലാവ് പ്രസ്ഥാനവും ബാൽക്കൺ രാഷ്ട്രീയവും.

ഗ്രീസ്, റൊമെനിയ, ബൾഗേറിയ, സെർബിയ, മൊണ്ട്നെഗ്രോ, തുടങ്ങി നിരവധി ചെറു സംസ്ഥാനങ്ങൾ ഉൾപ്പെട്ടതായിരുന്നു കിഴക്കൻ യൂറോപ്പിലെ ബാൾക്കൺ പ്രദേശം. യഥാർത്ഥത്തിൽ ഈ സംസ്ഥാനങ്ങൾ തുർക്കി ഭരണാധികാരിയായ ഓട്ടോമൻ ചക്രവർത്തി യുടെ കീഴിലായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ബാൾക്കൺ സാമ്രാജ്യം തകരാനാരംഭിച്ചു. ഓസ്ട്രിയ, റഷ്യ തുടങ്ങിയ യൂറോപ്യൻ ശക്തികൾ ആ പ്രദേശത്ത് അധികാരം സ്ഥാപിക്കാനായി പാഞ്ഞെത്തി. ഇവിടുത്തെ ജനതയിൽ ദേശീയബോധം ഉണർന്നതോടെ അവസ്ഥ കൂടുതൽ സങ്കീർണ്ണമായി. ഈ ജനതയെ സ്ലാവ്സ് എന്നാണ് വിളിച്ചിരുന്നത്. കിഴക്കൻ യൂറോപ്പിലാകെ ചിതറികിടക്കുകയായിരുന്ന അവർ പാൻസ്ലാവ് പ്രസ്ഥാനം രൂപീകരിച്ചു. ആ പ്രദേശത്ത് ഏറ്റവും സ്ലാവ് ജനസംഖ്യയുള്ള സെർബിയയുടെ കീഴിൽ ഒന്നിക്കണമെന്നതായിരുന്നു അവരുടെ പ്രധാന ആവശ്യം. റഷ്യ ഇതിനെ പിന്താങ്ങി. എന്നാൽ ഓസ്ട്രിയ സെർബിയയേയും അവരുടെ ദേശീയ പ്രസ്ഥാനത്തെയും എതിർത്തു. ഇത് റഷ്യയും ആസ്ട്രിയയും തമ്മിലുള്ള വിരോധത്തിന് കാരണമായി. ശക്തരായ ഒരു സെർബിയൻ സാമ്രാജ്യം തങ്ങളുടെ ശക്തി കുറയ്ക്കുമെന്നതിനാൽ ഓസ്ട്രിയ അത് ആഗ്രഹിച്ചില്ല. 1908-ൽ ഓസ്ട്രിയ രണ്ട് സ്ലാവ് സംസ്ഥാനങ്ങളായ ബോസ്നിയയും ഹെർസെ ഗോവിനയും പിടിച്ചടക്കി. ഇത് സെർബിയയും ഓസ്ട്രിയയും തമ്മിൽ കലഹത്തിന് കാരണമായി. 1912-നും 1914നും ഇടയിൽ നാലു ബാൾക്കൺ സംസ്ഥാനങ്ങൾ ഓട്ടോമൻ ചക്രവർത്തിക്കെതിരെ സ്വാതന്ത്ര്യത്തിനായി പൊരുതി. അവസാനം തുർക്കി പരാജയപ്പെട്ടു കയും അവരുടെ എല്ലാ സമ്പത്തും നഷ്ടപ്പെടുകയും ചെയ്തു. സെർബിയയുടെ വലിയ സെർബിയ എന്ന ആഗ്രഹത്തെ തകർക്കാൻ ഓസ്ട്രിയ തിടുക്കത്തിൽ സ്വതന്ത്ര അൽബേനിയ രൂപീകരിച്ചു. സെർബിയയും റഷ്യയും ഒരു ഭാഗത്തും ഓസ്ട്രിയ മറുഭാഗത്തുമായുള്ള ശത്രുത വളർന്നുവന്നു.

1914 ആയപ്പോഴേയ്ക്ക് യൂറോപ്പ് സ്ഫോടനാത്മകമായ അവസ്ഥയിലെത്തിയിരുന്നു വെന്ന് നിങ്ങൾക്ക് ഇപ്പോൾ അറിയാം. ഈ സാഹചര്യത്തിൽ ഓസ്ട്രിയൻ സിംഹാസ നാവകാശിയായ ആർച്ച് ഡ്യൂക് ഫ്രാൻസിസ് ഫെർഡിനാന്റ് ബോസ്നിയൻ തലസ്ഥാനമായ സെരജവോയിലേക്ക് ഒരു ഔദ്യോഗികസന്ദർശനം നടത്തി. 1914ജൂൺ 28-ാം തീയതി സെരജവോയിൽ അദ്ദേഹം തന്റെ കാറിൽ നിന്ന് ഇറങ്ങുമ്പോൾ ഒരു സെർബിയൻ യുവാവ് അദ്ദേഹത്തെ വധിച്ചു. ഈ വധം യുദ്ധത്തിന്പെട്ടെന്നുള്ള കാരണമായി. തങ്ങളുടെ രാജകു മാരന്റെ വധത്തിന്റെ ഉത്തരവാദിത്തം ഓസ്ട്രിയ സെർബിയയുടെ മേൽ ചുമത്തുകയും നിരവധി നിബന്ധനകളുള്ള ഒരന്ത്യശാസനം അവർക്ക് അയയ്ക്കുകയും ചെയ്തു. റഷ്യൻ പിൻബലത്തിൽ സെർബിയ ഓസ്ട്രിയയുടെ അന്ത്യശാസനം അവഗണിക്കുകയും അതിർത്തി യിൽ യുദ്ധസന്നാഹം ആരംഭിക്കുകയും ചെയ്തു. ജൂലൈ 28ന് (1914) ഓസ്ട്രിയ സെർബിയ യുമായി യുദ്ധം പ്രഖ്യാപിച്ചു. 1914 ഓഗസ്റ്റ് 1ന് ജർമ്മനി റഷ്യയോട് യുദ്ധം പ്രഖ്യാപിച്ചു. 1914 ആഗസ്റ്റ് 3ന് ജർമ്മനി ഫ്രാൻസിനോടും യുദ്ധം പ്രഖ്യാപിച്ചു.

1914 ആഗസ്റ്റ് 4-ാം തീയതി ജർമ്മൻ പട ബൽജിയത്തിൽ പ്രവേശിച്ചപ്പോൾ, ഇംഗ്ലണ്ട്, ജർമ്മനിയുടെ നേരെ യുദ്ധഭീഷണി മുഴക്കി. അങ്ങനെ-യൂറോപ്പിലുണ്ടായ ഒരു ചെറിയ സംഭവം തുടരെ യുദ്ധങ്ങൾക്ക് കാരണമാവുകയും ആ പ്രാദേശിക യുദ്ധം താമസിയാതെ ഒന്നാം ലോകമഹായുദ്ധമായി പരിണമിക്കുകയും ചെയ്തു.

### 4.6.4 യുദ്ധത്തിന്റെ ഗതി

1914 ഓഗസ്റ്റിൽ ആരംഭിച്ച ഒന്നാം ലോകമഹായുദ്ധം 1918 നവംബർ വരെ തുടർന്നു. 1914 ലെ മാർനൈ പോരാട്ടം, വെർഡു പോരാട്ടം, 1916 ലെ സൊമ്മെ, ജ്യൂട്ട്ലാന്റ് പോരാട്ടങ്ങൾ

തുടങ്ങി അനേകം പോരാട്ടങ്ങൾ ഈ കാലയളവിലുണ്ടായി. 1917-ൽ രണ്ട് സുപ്രധാന സംഭവങ്ങൾ ഉണ്ടായി; ഏപ്രിലിൽ യു. എസ്. എയുടെ യുദ്ധപ്രവേശനവും നവംബറിൽ റഷ്യയുടെ പിൻമാറ്റവും.

1915-ൽ ജർമ്മൻ യു ബോട്ടുകൾ ബ്രിട്ടീഷ് യാത്രക്കപ്പലായ ലൂസിടാനിയ മുക്കു കയും അതിലെ യാത്രക്കാരായ 128 യു. എസ്. പൗരന്മാർ കൊല്ലപ്പെടുകയും ചെയ്തു. യു. എസ്. സെനറ്റ് ഇതിനെ ഏറെ ഗൗരവമായാണ് കണ്ടത്. കൂടാതെ ശക്തമായ ജർമ്മനി യു. എസ്. ആധിപത്യത്തിന് ഭീഷണിയാകുമെന്നു അവർ കരുതി. ഇതിലുമുപരി ആയുധങ്ങളുടെ ഏകവിതരണക്കാരായ യു.എസ്സിന് യുദ്ധം തുടർന്നാൽ സാമ്പത്തിക ലാഭം ലഭിക്കും. ഇതെല്ലാം മുൻകൂട്ടി കണ്ട യു.എസ് യുദ്ധത്തിൽ ചേരാൻ 1917-ൽ തീരുമാനിച്ചു.

1917-ൽ റഷ്യയിലുണ്ടായ ഒക്ടോബർ വിപ്ലവം നിങ്ങൾ പഠിച്ചത് ഓർക്കുന്നുണ്ടാ കുമല്ലോ വിപ്ലവകാരികളുടെ ഒരു പ്രധാന ആവശ്യം സമാധാനമായിരുന്നു. അതിനാൽ വിപ്ലവം തീർന്നയുടനെ യുദ്ധത്തിൽ നിന്ന് പിൻവാങ്ങി.

1918 ജൂലൈയോടുകൂടി ജർമ്മനി തകരാൻ തുടങ്ങി. ബൾഗേറിയയും തുർക്കിയും യഥാക്രമം സെപ്തംബറിലും ഒക്ടോബറിലും കീഴടങ്ങി. ആസ്ട്രിയായിലെ അരക്ഷിതാവസ്ഥ മൂലം അവിടുത്തെ ചക്രവർത്തി നവംബർ മൂന്നിന് കീഴടങ്ങി. ജർമ്മനിയിലും അതുപോലുള്ള വിപ്ലവങ്ങൾ കാരണം ചക്രവർത്തിയായിരുന്ന വില്യം 11 ഹോളണ്ടിലേക്ക് കുടിയേറുകയും ജർമ്മനി ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. പുതിയ സർക്കാർ 1918 നവംബർ 11 ന് യുദ്ധവിരാമസന്ധി ഒപ്പിടുകയും ഒന്നാം ലോകമഹായുദ്ധം ഇപ്രകാരം അവസാനിക്കുകയും ചെയ്തു.

യുദ്ധത്തിൽ യന്ത്രത്തോക്ക്, വിഷവാതകം, കിടങ്ങ് യുദ്ധം, അന്തർ വാഹിനി, പീരങ്കി തുടങ്ങി പലആയുധങ്ങളും ഉപയോഗിച്ചു. പുതിയ നിയമങ്ങളും പട്ടാളരീതികളുമെല്ലാം രണ്ടു വിഭാഗങ്ങളും പ്രയോഗിച്ചു. ഇംഗ്ലണ്ട് നാവികസാമ്പത്തിക ഉപരോധവും ടാങ്കുകളും വ്യോമാക്രമണ രീതികളും എല്ലാം പ്രയോഗത്തിൽ വരുത്തി. ഫ്രാൻസ് കിടങ്ങ് യുദ്ധവും ജർമ്മനി തങ്ങളുടേതായ അന്തർ വാഹിനികളും മറ്റും പരീക്ഷിച്ചു.

### 4.6.5 ഒന്നാം ലോകമഹായുദ്ധത്തിന്റെ സത്വര ഫലങ്ങൾ

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വിനാശകരവും ഭീകരവുമായ സംഭവങ്ങൾക്ക് ഒന്നാം ലോകമഹായുദ്ധം സാക്ഷ്യം വഹിച്ചു. നിരപരാധികളായ സാധാരണക്കാരുൾപ്പെടെ പത്ത് ലക്ഷത്തോളം പേർക്ക് അവരുടെ ജീവൻ നഷ്ടപ്പെട്ടു. യൂറോപ്പിലെ മിക്കരാജ്യങ്ങളിലും വൻ തോതിൽ വസ്തുവകകളുടെ നാശമുണ്ടായി. മൊത്തം 18000 കോടി ഡോളറിന്റെ ചെലവുണ്ടായി എന്ന് അനുമാനിക്കുന്നു. മിക്ക രാജ്യങ്ങളുടെയും സമ്പദ്ഘടന തകരുകയും അത്തൊഴിലില്ലായ്മ, ദാരിദ്ര്യം, സാമൂഹ്യ പ്രതിസന്ധി തുടങ്ങി അനേകം പ്രശ്ന ങ്ങളുണ്ടാക്കുകയും ചെയ്തു. 1919 ജനുവരിക്കും ജൂണിനുമിടയിൽ സഖ്യകക്ഷികൾ പാരീസിലെ വെഴ്സയിൽസ് കൊട്ടാരത്തിൽ സമ്മേളിച്ച് പരാജയപ്പെട്ടവരുടെ ഭാവി തീരുമാനിക്കുകയും ചെയ്തു. 27 -ഓളം രാജ്യങ്ങളുടെ പ്രതിനിധികൾ അതിൽ പങ്കെടുത്തെങ്കിലും തീരുമാനങ്ങൾ എടുത്തത് ബ്രിട്ടൻ, ഫ്രാൻസ്,യു. എസ്. എ എന്നീ രാഷ്ട്രങ്ങളുടെ തലവൻമാരായിരുന്നു. റഷ്യയെ ഒഴിവാക്കിയിരുന്നു. പരാജയപ്പെട്ട രാഷ്ട്രങ്ങൾക്ക് പങ്കെടുക്കാൻ അനുവാദമുണ്ടായിരുന്നില്ല. ഈ സഖ്യകക്ഷികൾ കീഴടങ്ങിയ ശക്തികളുമായി വിവിധ കരാറുകൾ ഒപ്പു വച്ചു. അവയിലേറ്റവും പ്രധാനം ജർമ്മനിയുമായുള്ള വെഴ്സയിൽസ് സന്ധിയും ഓസ്ട്രിയുമായുള്ള സെന്റ് ജെർമെയ്ൻ ഉടമ്പടിയും തുർക്കിയുമായുള്ള സെവ്റെസ് ഉടമ്പടിയും ആയിരുന്നു.

വെഴ്സയിൽസ് കരാർ ജർമ്മനിയെ സാമ്പത്തികമായും രാഷ്ട്രീയമായും സൈനിക മായും തകർത്തു. മുഴുവൻ ആക്രമണത്തിന് ജർമ്മനിയെ ഉത്തരവാദിയാക്കുകയും ഒരു വൻതുക നഷ്ടപരിഹാരം ആവശ്യപ്പെടുകയും ചെയ്തു. ഫ്രാൻസിൽ നിന്നും 1871-ൽ പിടി ച്ചടക്കിയ അൾസെയ്സ് ലോറെയ്ൻ അവർക്കുതന്നെ തിരിച്ചുനൽകി. ജർമ്മനിക്കും ഫ്രാൻസിനും ഇടയിലുള്ള റൈൻലാന്റ് നിരായുധീകരിക്കുകയും ത്രിശക്തി രാഷ്ട്ര സഖ്യങ്ങ ളുടെ കീഴിലാക്കുകയും ചെയ്തു. കൽക്കരി സമ്പുഷ്ടമായ സാർ താഴ്വര 15 വർഷത്തേക്ക് ഫ്രാൻസിന് നൽകി. ജർമ്മനിയെ നിരായുധീകരിച്ചു. കപ്പലുകൾ മുക്കി കളയുകയും കരസേനയെ ഒരു ലക്ഷം മാത്രമായി ചുരുക്കുകയും ചെയ്തു. ജർമ്മനിക്ക് അവരുടെ കോളനികളും നിഷേധിച്ചു. യൂറോപ്പിലുള്ള അവരുടെ സ്വത്തുക്കളെല്ലാം ബൽജിയത്തിനും ഹോളണ്ടിനുമായി നൽകി.

സെന്റ് ജർമയിൻ കരാർ ഓസ്ട്രിയയിൽ നിന്ന് ഹംഗറിയെ വേർപെടുത്തുകയും ഒരു സ്വതന്ത്ര രാഷ്ട്രമാക്കുകയും ചെയ്തു. ഓസ്ട്രിയയ്ക്ക് ഹംഗറിയുടെ സ്വാതന്ത്ര്യം അംഗീകരിക്കേണ്ടി വരികയും അവരുടെ ഭൂമിയുടെ ഭാഗങ്ങൾ ചെക്കൊസ്ലൊവേക്യ, റുമേനിയ, യുഗോസ്ലോവിയ തുടങ്ങിയവയ്ക്ക് നൽകേണ്ടിയും വന്നു. സെവ്റസ് ഉടമ്പടി ഒട്ടോമൻ സാമ്രാജ്യത്തെ തകർത്തു. അതിന്റെ ചില ഭാഗങ്ങൾ ത്രിശക്തി സൗഹാർദ്ദ രാജ്യങ്ങളുടെ അധികാരത്തിൽ കീഴിലാക്കി. ഉദാഹരണത്തിന് പാലസ്തീനും മെസൊപ്പൊട്ടേമിയയും ബ്രിട്ടനും സിറിയയ്ക്കും ഫ്രാൻസിനുമായി നൽകി. അവർ സ്വയം പര്യാപ്തരാകും വരെ ഈ രാജ്യങ്ങളെ ത്രിശക്തി സഖ്യ രാഷ്ട്രങ്ങൾ സഹായിക്കും.

യുദ്ധവും സമാധാന ഉടമ്പടികളും ലോകത്തിന്റെ പ്രത്യേകിച്ച് യൂറോപ്പിന്റെ രാഷ്ട്രീയ ഭൂപടത്തിൽ മാറ്റങ്ങൾ വരുത്തി. ഒക്ടോബർ വിപ്ലവത്തിനുശേഷം ഭരണത്തിലിരുന്ന റോമനോവ്സ് രാജവംശത്തെ പുറത്താക്കി. യുദ്ധത്തിന്റെ അന്ത്യത്തിൽ ജർമ്മനിയിലെ ഹോഹൻ സോളറെൻ വംശത്തെയും ആസ്ട്രിയയിലെ ഹാപ്സ്ബർഗ് രാജവംശത്തെയും പുറത്താക്കി. ജർമ്മൻ റിപ്പബ്ലിക്കൻ ഗവൺമെൻറ് സ്ഥാപിച്ചു. 1922-ലെ വിപ്ലവത്തിനുശേഷം രാജവാഴ്ച നിരോധിച്ചു. പരാജിത രാഷ്ട്രങ്ങളിലെ പ്രദേശങ്ങളിൽ ചെക്കോസ്ലവേക്യ, യുഗോസ്ലേവിയ എന്നീ രണ്ട് പുതിയ രാഷ്ട്രങ്ങൾ രൂപീകരിച്ചു. ഹംഗറി ഒരു സ്വതന്ത്ര രാഷ്ട്രമായി രൂപം പ്രാപിച്ചു. ബാൾടിക് സംസ്ഥാനങ്ങളായ എസ്തോണിയ, ലിത്വാനിയ, ലാട്വിയ, ഫിൻലൻഡ് എന്നിവ സ്വതന്ത്ര രാഷ്ട്രങ്ങളായി. റൊമാനിയയും പോളണ്ടും വിസ്തൃത പ്രദേശങ്ങളായി. ഇക്കാരണങ്ങളാലെല്ലാം യൂറോപ്പിലെ രാജ്യങ്ങളുടെ അതിർത്തി കളിൽ വലിയ മാറ്റങ്ങളുണ്ടായി. സമാധാന ഉടമ്പടികളെല്ലാം സ്വേച്ഛാപരമായിരുന്നു. പരാജിത രാഷ്ട്രങ്ങളുടെ അഭിപ്രായങ്ങളെ മാനിച്ചല്ല സന്ധി വ്യവസ്ഥകൾ ഉണ്ടാക്കിയത്. യുദ്ധത്തിന്റെ അവസാനം യൂറോപ്യൻ മേധാവിത്വത്തിന്റെ അവസാനം കൂടിയായിരുന്നു. യു. എസ്.എസ്. ആറും, യു.എസ്. എയും രണ്ട് വൻ ശക്തി കളായി ഉയർന്നുവന്നു. ഇക്കാല ഘട്ടത്തിൽ ഏഷ്യയിലെയും ആഫ്രിക്കയിലെയും ദേശീയ പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചു. 1918 ജനുവരിയിൽ യുദ്ധമവസാനിക്കുന്നതിന് യു. എസ്. പ്രസിഡന്റ് വുഡ്റോ വിൽസൺ പതിനാലിന സമാധാന സന്ധി മുന്നോട്ടുവച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലോക സമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടി ഒരു അന്താരാഷ്ട്ര സംഘടനയുടെ രൂപീകരണമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1920 ൽ ലീഗ് ഓഫ് നേഷൻസ് രൂപീകരിച്ചു.

### 4.6.6. ലീഗ് ഓഫ് നേഷൻസ് (സർവ്വ രാഷ്ട്ര സഖ്യം)

1920-ൽ ജനീവ തലസ്ഥാനമായി രൂപീകരിച്ച ആദ്യ അന്താരാഷ്ട്ര പ്രസ്ഥാനമായിരുന്നു ലീഗ് ഓഫ് നേഷൻസ്. ഈ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ ലോകത്ത് സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കുക, ഭാവിയിൽ യുദ്ധങ്ങൾ തടയുക, അന്താരാഷ്ട്ര സഹകരണം

വർദ്ധിപ്പിക്കുക, അന്താരാഷ്ട്ര പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക, അംഗരാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ആയിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ, ഇക്കാര്യങ്ങളിൽ സംഘടന പരാജയപ്പെടുകയാണു ണ്ടായത്. 1935ൽ ഇറ്റലി എത്യോപ്യയെ ആക്രമിച്ചപ്പോഴും 1936 ൽ ജപ്പാൻ മഞ്ചുറിയയെ ആക്രമിച്ചപ്പോഴും ലീഗ് ഓഫ് നേഷൻസിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കോളനികൾ സ്വന്തമാക്കുന്നതിൽ സാമ്രാജ്യശക്തികളുടെ താൽപര്യം പരസ്പരം വിദ്വേഷമുളവാക്കി.

## പാഠ്യപ്രവർത്തനങ്ങൾ 4.4

'ഭൂമി ഓരോരുത്തരുടേയും ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കും എന്നാൽ അത്യഗ്രഹം സാധിച്ചുകൊടുക്കുകയില്ല'. മഹാത്മാഗാന്ധി. ഈ ഉദ്ധരണി ശരിയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട് ശരി അല്ലെങ്കിൽ തെറ്റ് എന്ന് ഉദാഹരണസഹിതം സ്ഥാപിക്കുക.

## 4.7 രണ്ട് ലോകമഹായുദ്ധങ്ങൾക്കിടയിലെ ലോകം

രണ്ട് യുദ്ധങ്ങൾക്കിടയിലെ 20 വർഷത്തിൽ ധാരാളം മാറ്റങ്ങൾ ഉണ്ടായി. ഒരു ഭാഗത്ത് ഏഷ്യയിലും ആഫ്രിക്കയിലും ദേശീയ പ്രസ്ഥാനങ്ങൾ ശക്തിയാർജ്ജിച്ചു. സോഷ്യലിസ്റ്റ് ചിന്താഗതികൾ സോവിയറ്റ് യൂണിയനിലും മറ്റ് പല രാജ്യങ്ങളിലും പ്രചരിച്ചു. മറുഭാഗത്ത് യൂറോപ്പിലെ പ്രത്യേകിച്ച് ഇറ്റലി, ജർമ്മനിപോലെയുള്ള രാജ്യങ്ങൾമ്ലേച്ഛമായ സ്വേച്ഛാധിപത്യ ത്തിന് സാക്ഷിയായി. കടുത്ത സാമ്പത്തിക പ്രതിസന്ധിലോകത്തിന്റെ എല്ലാ ഭാഗങ്ങളേയും പ്രത്യേകിച്ച് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പാശ്ചാത്യ രാജ്യങ്ങൾ ഉൾപ്പെടെ ബാധിക്കുക യുണ്ടായി. 1929-ൽ ഏറ്റവും കടുത്ത സാമ്പത്തിക മാന്ദ്യം ഉണ്ടായി അത് ലോകത്തെയാകെ ബാധിക്കുന്നതിനും ഇക്കാലം സാക്ഷിയായി.

### 4.7.1 ഫാസിസത്തിന്റെയും നാസിസത്തിന്റെയും വളർച്ചയ്ക്കുള്ള കാരണങ്ങൾ.

യുദ്ധാനന്തരം ധാരാളം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ യൂറോപ്പിൽ രൂപം കൊണ്ടു. ഫാസിസവും നാസിസവും അത്തരം രണ്ട് പ്രസ്ഥാനങ്ങളായിരുന്നു. ഈ പ്രസ്ഥാനങ്ങൾക്ക് പൊതുവായ ചില സവിശേഷതകളുണ്ടായിരുന്നു. അത് ജനാധിപത്യത്തോടും സോഷ്യ ലിസത്തോടുമുള്ള ശത്രുത, സ്വേച്ഛാധിപത്യം സ്ഥാപിക്കുക എന്ന ലക്ഷ്യം തുടങ്ങിയവ യായിരുന്നു. ഭരണാധികാരികൾ, യാഥാസ്ഥിതിക വിഭാഗത്തിലെ സമ്പന്ന വർഗ്ഗം, ക്യാപ്പിറ്റലിസ്റ്റുകൾ എന്നിവർ ഈ പ്രസ്ഥാനങ്ങളെ പിന്തുണച്ചു. ഇവർ സോഷ്യലിസത്തിൽ നിന്നും തങ്ങളെ രക്ഷിക്കും എന്നുകരുതിയാണ് പിന്തുണച്ചിരുന്നത്. ഭീകരവാദവും കൊലയും ആഹ്വാനം ചെയ്തുകൊണ്ടുള്ള പ്രചാരണ പ്രവർത്തനം ഇവർ അഴിച്ചുവിട്ടു. സർക്കാർ ഇത് നിയന്ത്രിക്കുന്നതിൽ ഒരു താൽപര്യവും കാണിച്ചിരുന്നില്ല.

മുസ്സോളിനി ഇറ്റലിയിൽ ആരംഭിച്ച സ്വേച്ഛാധിപത്യത്തെയാണ് ഫാസിസം എന്നു വിളി ച്ചിരുന്നത്. ഫെയ്സസ് എന്ന അധികാര ചിഹ്നത്തെ സൂചിപ്പിക്കുന്ന പുരാതന ലാറ്റിൻ സംജ്ഞയിൽ നിന്നാണ് ആ വാക്ക് ഉണ്ടായത്. 1922-ൽ ഇറ്റാലിയൻ രാജാവിന്റെ പിന്തുണ യോടെ മുസ്സോളിനി അധികാരത്തിൽ വന്നു. 1925- മുതൽ 1943 വരെ സ്വേച്ഛാധിപത്യഭരണം നടത്തി. മുസ്സോളിനി എല്ലാ രാഷ്ട്രീയ കക്ഷികളെയും നിരോധിക്കുകയും ജനങ്ങളുടെ പിന്തുണ നേടാൻ ചില പരിവർത്തനങ്ങൾ കൊണ്ടുവരികയും ചെയ്തു. വിക്ടോറിയൻ ശക്തികളുടെ ഗർവ്, യുദ്ധാനന്തര പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിലവിലുള്ള ഗവൺമെൻറുകളുടെ കഴിവുകേട്, സർവ്വരാഷ്ട്ര സഖ്യത്തിന്റെ നിസ്സഹായ അവസ്ഥ,

ഫാസിസത്തെ നേരിടാനുള്ള ജനാധിപത്യപ്രസ്ഥാനങ്ങളുടെ പരാജയം തുടങ്ങിയവ സ്വേച്ഛാധിപത്യത്തിന് വഴിതെളിച്ചു.

ഫാസിസത്തിന്റെ ജർമ്മൻ രൂപമായിരുന്നു നാസിസം. അഡോൾഫ് ഹിറ്റ്ലറാണ് അത് ജർമ്മനിയിൽ സ്ഥാപിച്ചത്. യുദ്ധാനന്തര ഉടമ്പടികളുടെ ഇല്ലായ്മ ചെയ്യലും ജർമ്മനിയുടെ മാഹാത്മ്യത്തിന്റെ പുനർജ്ജീവനവും ഹിറ്റ്ലർ വാഗ്ദാനം ചെയ്തു. ജർമ്മനിയെ ഒരു മഹദ് രാജ്യമാക്കാനുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ നിരവധിയാളുകളെ അദ്ദേഹത്തോടൊപ്പം ചേർത്തു. ഒന്നാം ലോകമഹായുദ്ധമുണ്ടാക്കിയ മുറിവുകളിൽ അതൊരു ലേപനമായി. സാമ്പത്തിക തകർച്ചയിൽ നിന്നുള്ള മോചനത്തിന് ഒരു മാർഗ്ഗമായാണ് പലരും അതിനെ പിന്തുണച്ചത്. നാസികളുടെ വിജയം ജർമ്മൻകാർക്കുമാത്രമല്ല യൂറോപ്പിനാകെയും ലോകത്തിന്റെ വിവിധ ഭാഗങ്ങൾക്കും നാശോന്മുഖ ഫലങ്ങളാണുളവാക്കിയത്. ഹംഗറി, റുമേനിയ, പോർച്ചുഗൽ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ സ്ഥാപിക്കപ്പെട്ടു. പല രാജ്യങ്ങളിലും നിലവിൽ വന്ന ജനാധിപത്യ വിരുദ്ധ ഗവൺമെന്റു കളുടെ വളർച്ച രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിച്ചു.

### 4.7.2 ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ വന്ന വികസനങ്ങൾ

ഇംഗ്ലണ്ടും ഫ്രാൻസും മറ്റ് പല യൂറോപ്യൻ രാജ്യങ്ങളെയും പോലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും അനുഭവിക്കേണ്ടി വന്നെങ്കിലും ജനാധിപത്യത്തിൽ തുടർന്നു. തൊഴിലാളികളുടെ പണിമുടക്ക് മറ്റ് ഉപദ്രവങ്ങൾ എല്ലാം ഇംഗ്ലണ്ടിലുണ്ടായിരുന്നെങ്കിലും 1931-ൽ ലേബർ, ലിബറൽ, കൺസർവേറ്റീവ് എന്നീ പാർട്ടികളുടെ ഒരു സംയുക്ത ഗവൺമെന്റ് രൂപീകരിച്ച് പ്രശ്നങ്ങളെല്ലാം പരിഹരിച്ചു. 1936-ൽ ഫ്രാൻസിൽ ഇടതുപക്ഷ പാർട്ടികൾ ഉൾക്കൊള്ളുന്ന ഒരു സർക്കാർ രൂപീകരിച്ചു.

സോവിയറ്റ് യൂണിയൻ ലോകത്തിലെ ആദ്യ സോഷ്യലിസ്റ്റ് രാഷ്ട്രമായി. 1929-ൽ ലോകത്തിലെ എല്ലാ സമ്പദ്ഘടനകളും തകർന്നപ്പോഴും ബാധിക്കാതെ നിലനിന്ന ഒരേയൊരു രാഷ്ട്രമായിരുന്നു അത്. അവർ പുതിയ സോഷ്യലിസ്റ്റ് നയങ്ങൾ സമ്പദ്ഘടനയിൽ ചേർത്തിരുന്നു.

ഒന്നാം ലോക മഹായുദ്ധത്തിൽ പങ്കെടുത്തെങ്കിലും രാജ്യത്തിന് കാര്യമായ നഷ്ടങ്ങളൊന്നും ഉണ്ടായില്ല. വ്യവസായ സമൃദ്ധിയും രാഷ്ട്രീയ സ്ഥിരതയും സാമ്പത്തിക വളർച്ചയും അതിനെ ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യമാക്കി. എങ്കിലും പ്രതിസന്ധി 1929-ൽ അനുഭവിച്ചു. മുതലാളിത്ത വ്യവസ്ഥയിൽ അമിതോൽപാദനം സാമ്പത്തിക പ്രതിസന്ധിയും സാമ്പത്തിക മാന്ദ്യവുമുണ്ടാക്കി. സാധനങ്ങൾക്ക് വിലയിടിവ്, ലാഭവിഹിത ത്തിന്റെ കുറവ് തുടങ്ങിയവയുണ്ടായി. ബാങ്കുകൾ പൂട്ടിയതോടെ ജനങ്ങൾക്കവരുടെ ആയുഷ്ക്കാല സമ്പാദ്യം തന്നെ നഷ്ടപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്യൻ രാജ്യങ്ങൾക്ക് യു.എസ്.എ നൽകിയ വായ്പകൾ പിൻവലിക്കേണ്ടി വന്നു. അത് യൂറോപ്പിലും അസ്ഥിരതയുണ്ടാക്കി. യു.എസ്.എയിലെ വൻ സാമ്പത്തികമാന്ദ്യം ലോകത്തിലെ മറ്റു പല സമ്പദ്ഘടനകളെയും സാരമായി ബാധിച്ചു. യു. എസ്. എയിൽ ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റിന്റെ നേതൃത്വത്തിൽ വന്ന പുതിയ സർക്കാർ, സാമ്പത്തിക പുനരുദ്ധാരണത്തിന് 'ന്യൂഡീൽ' എന്നു പേരായ ഒരു കർമ്മപദ്ധതി ആവിഷ്ക്കരിച്ചു. ഇതിന്റെ കീഴിൽ പുതിയ തൊഴിൽ അവസരങ്ങൾ, കർഷകർക്ക് സഹായങ്ങൾ മുതലായവ ഉൾപ്പെടുത്തി.

ഏഷ്യയിലെ ഒരേയൊരു സാമ്രാജ്യ ശക്തിയായി വന്നത് ജപ്പാൻ ആയിരുന്നു. ജപ്പാൻ 1905-ൽ റഷ്യയെ പരാജയപ്പെടുത്തിയത് നിങ്ങൾ പഠിച്ചിട്ടുണ്ട്. രണ്ട് ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലത്ത് ജപ്പാൻ ഫാസിസത്തെ പിന്തുണയ്ക്കുന്ന ഒരുവൻ സൈനിക



കുറിപ്പുകൾ



ശക്തിയായി മാറി. റോം-ബർലിൻ, ടോക്കിയോ ആക്സിസ് ജപ്പാൻ ഫാസിസ്റ്റു രാജ്യ ങ്ങളുമായി ചേർന്ന് ഒപ്പുവച്ചു. കമ്മ്യൂണിസത്തെ ചെറുക്കാൻ ജർമ്മനിയോടും ഇറ്റലിയോടും ചേർന്ന് ആന്റി-കൊമിൻടേൺ എന്ന സഖ്യത്തിൽ ഒപ്പുവെയ്ക്കുകയും ചെയ്തു.

## 4.8. രണ്ടാം ലോകമഹായുദ്ധം

സമാധാനത്തിനും യുദ്ധമൊഴിവാക്കാനുമാണ് ലീഗ് ഓഫ് നേഷൻസ് രൂപീകരിച്ച തെങ്കിലും 20 വർഷത്തിനകം സ്വന്തം ദൗത്യത്തിൽ പരാജയപ്പെട്ട കാര്യവും നാം പഠിച്ചു കഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധം 1939 സെപ്തംബറിൽ ആരംഭിച്ചു. എന്തിനാണ് ഈ യുദ്ധം തുടങ്ങിയത് ? നമുക്കതിന്റെ കാരണങ്ങൾ പരിശോധിക്കാം.

### 4.8.1 രണ്ടാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ

മറ്റ് യുദ്ധങ്ങൾ പോലെതന്നെ രണ്ടാം ലോകമഹായുദ്ധവും യൂറോപ്പിൽ ആരംഭിച്ചു. താമസിയാതെ അത് ഒരു ലോകമഹായുദ്ധമായി പരിണമിച്ചു. ഫാസിസ്റ്റ് രാജ്യങ്ങൾ സാമ്രാജ്യത്വ ലാഭങ്ങൾക്കുവേണ്ടി ലോകത്ത് വീണ്ടും മാറ്റങ്ങൾ വരണമെന്നാഗ്രഹിച്ചു. ഇത് മറ്റ് സാമ്രാജ്യത്വ ശക്തികളുമായുള്ള സംഘർഷത്തിന് ഇടയാക്കി. വെഴ്സെയിൽസ് സന്ധി മൂലം ജർമ്മനി രാഷ്ട്രീയമായും സാമ്പത്തികമായും സൈനികമായും തകർന്നു എന്ന് നമ്മൾക്കറിയാം. അവർ പ്രതികാരത്തിന് ഒരുങ്ങുകയും അലൈഡ് ശക്തികളുമായി ബല പരീക്ഷണത്തിന് തയ്യാറാവുകയും ചെയ്തു. ഇറ്റലിയുടെ സ്ഥിതിയും മെച്ചമായിരു ന്നില്ല. അലൈഡ് ശക്തികളുമായി ചേർന്ന് ഒന്നാം ലോകമഹായുദ്ധത്തിൽ ഇറ്റലി പങ്കെടുത്തെങ്കിലും യുദ്ധാനന്തരം ഇറ്റലിക്ക് നിരാശയായിരുന്നു ഫലം. യുദ്ധത്തിൽ 600000 ഇറ്റലിക്കാർ മരണ മടഞ്ഞു. ഫാസിസ്റ്റ്-നാസി പാർട്ടികൾ യുദ്ധത്തെ മഹത്വവൽക്കരിക്കുക യും യുദ്ധത്തിലൂടെ തങ്ങൾക്ക് നഷ്ടമായ സ്ഥാനം തിരികെ നൽകുമെന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകുകയും ചെയ്തു. കീഴടക്കലിലൂടെയുള്ള വ്യാപനമായിരുന്നു അവരുടെ നയം. 1936 -ൽ ജർമ്മനി റൈൻലന്റ് കീഴടക്കി. 1938 -ൽ ഓസ്ട്രിയയും ചെക്കോസ്ലൊവാക്യയും ജർമ്മനിയുടെ കീഴിലായി. ഇറ്റലി എത്യോപ്യയെ ആക്രമിച്ചു. ആക്രമണങ്ങളും പിടിച്ചടക്കലും സാമൂഹിക അന്തരീക്ഷം കലുഷമാക്കുകയും യൂറോപ്യൻ രാജ്യങ്ങൾ തമ്മിൽ കലഹിക്കാനിടവരു ത്തുകയും ചെയ്തു.

ജപ്പാന്റെ സൈനിക വളർച്ചയും ഫാസിസ്റ്റു പിന്തുണയും നാം പഠിച്ചു. റോം-ബർലിൻ - ടോക്യോ അച്ചുതണ്ട് ഉടമ്പടിയിലൂടെ ഈ ശക്തികൾ പരസ്പര സഹായം ഉറപ്പു നൽകി. ഏഷ്യൻ പസഫിക് പ്രദേശങ്ങളിൽ ജപ്പാന് വ്യാപാരസ്വാതന്ത്ര്യവും അതേപോലെ യൂറോപ്പിൽ ഇറ്റലിക്കും ജർമ്മനിക്കും സ്വാതന്ത്ര്യവും നൽകി.

സോവിയറ്റ് യൂണിയന്റെ വിജയം പാശ്ചാത്യ ശക്തികളെ ഉത്കണ്ഠാകുലരാക്കി. മുതലാളിത്ത രാഷ്ട്രങ്ങൾ എന്ന നിലയിൽ തങ്ങളുടെ രാജ്യത്തേക്ക് കമ്യൂണിസത്തിന്റെ വരവ് തടയേണ്ടത് അവരുടെ ആവശ്യമായിരുന്നു. ഫാസിസ്റ്റുകളായ ഇറ്റലിയും ജർമ്മനിയും കമ്മ്യൂണിസ്റ്റ് വിരോധികളായതിനാൽ ഇംഗ്ലണ്ടും ഫ്രാൻസും അവരെ പിന്തുണയ്ക്കുന്ന ഒരു നയം തുടർന്നു. കാരണം അതിലൂടെ അവർക്ക് പാശ്ചാത്യലോകത്തേക്കുള്ള കമ്മ്യൂണി സത്തിന്റെ വികാസം തടയാം. ഈനയം പ്രീണന നയം അല്ലെങ്കിൽ 'Appeasement policy' എന്ന പേരിലറിയപ്പെടുന്നു.യുദ്ധത്തിനുശേഷം ജർമ്മൻ പട്ടാളത്തെ ഒരു ലക്ഷമായി നിഷ്കർ ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ ഹിറ്റ്ലർ അധികാരത്തിലെത്തിയപ്പോൾ അത് എട്ടു ലക്ഷമായി വർദ്ധിപ്പിച്ചു. അതിനെതിരെ പാശ്ചാത്യ ശക്തികൾ നിശബ്ദത പാലിച്ചു. ഹിറ്റ്ലർ വെഴ്സയിൽസ് ഉടമ്പടി അവഗണിച്ചുകൊണ്ട് റൈൻലന്റും ഓസ്ട്രിയയും കീഴ്പ്പെടുത്തിയപ്പോഴും പാശ്ചാത്യശക്തികൾ നിശബ്ദകാണികൾ മാത്രമായിരുന്നു. 1937-ൽ ജനകീയ സർക്കാരും ഫാസിസ്റ്റ് ജനറൽ ഫ്രാങ്കോയും തമ്മിൽ സ്പെയിനിൽ

ആഭ്യന്തര കലഹം പൊട്ടി പ്പുറപ്പെട്ടപ്പോൾ ഹിറ്റ്ലർ ആയുധസഹായമെത്തിക്കുകയും സ്പെയിനിലെ ജനകീയ സർക്കാരിനെ പുറത്താക്കാൻ ഫ്രാങ്കോയെ പിന്തുണയ്ക്കുകയും ചെയ്തു. ജനറൽ ഫ്രാങ്കോ യ്ക്കെതിരെ കൂട്ടായ നടപടിയെടുക്കാൻ സോവിയറ്റു യൂണിയൻ ഇംഗ്ലണ്ടിനോട് ആവശ്യപ്പെട്ടു. ലോകജനത മുഴുവൻ സ്പെയിനിലെ സർക്കാരിനെ പിന്തു ണച്ചിട്ടും ഇംഗ്ലണ്ടും ഫ്രാൻസും ഒരു നടപടിയും എടുത്തില്ല. ഈ പ്രീണിപ്പിക്കൽ നയം 1938-ൽ ഹിറ്റ്ലർ, ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും പ്രധാന മന്ത്രിമാരെ മ്യൂണിച്ചിലേക്ക് ക്ഷണിക്കുന്നതോടെ അതിന്റെ പാരമ്യത്തിലെത്തി. ഉത്തര ചെക്കൊസ്ലൊവാക്യയിലുള്ള സൂഡറ്റൻ ലാന്റ് പിടിച്ചടക്കാൻ ജർമ്മനിക്ക്, അനുവാദം നൽകിയമ്യൂണിച്ച് ഉടമ്പടിയിൽ 1938-ൽ അവർ ഒപ്പു വച്ചു. പിന്നീട് ചെക്കൊസ്ലൊവാക്യ മുഴുവനായും പിടിച്ചെടുക്കപ്പെട്ടു. പ്രീണിപ്പിക്കൽ നയം ഫാസിസ്റ്റു ശക്തികളെ കൂടുതൽ ശാക്തീകരിച്ചു. ബ്രിട്ടനും ഫ്രാൻസും ജർമ്മനിയേയും ഇറ്റലിയേയും പ്രീണിപ്പി ക്കുന്നത് സോവിയറ്റ് യൂണിയനെതിരെ പ്രവർത്തിക്കുന്നതിന് വേണ്ടിയാണെന്ന് ഇപ്പോൾ വളരെ വ്യക്തമായി. സോവിയറ്റ് യൂണിയൻ ഈ പദ്ധതിയെ പ്രതിരോധിക്കാൻ ജർമ്മനിയുമായി ഒരു ഉടമ്പടി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രണ്ടു രാഷ്ട്രങ്ങളും പരസ്പരം ആക്രമിക്കില്ലെന്ന് സമ്മതി ക്കുകയും ചെയ്തു. ഇതിലൂടെ ഭാവിയിലുണ്ടാകാവുന്ന ഒരു പോരാട്ടത്തിനൊരുങ്ങുവാൻ സോവിയറ്റ് യൂണിയനു സമയം ലഭിക്കുകയും ജർമ്മനിക്ക് സോവിയറ്റു യൂണിയന്റെ നിഷ്പക്ഷത ലഭിക്കുകയും ചെയ്തു. 1939 സെപ്തംബർ-1 ന് ജർമ്മനി പോളണ്ടിനെ ആക്രമിച്ചു. പോളണ്ടുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ബ്രിട്ടൻ സെപ്തംബർ 3 ന് ജർമ്മനിയുമായി യുദ്ധം പ്രഖ്യാപിച്ചു. ഇതോടെ രണ്ടാം ലോകമഹായുദ്ധത്തിന് അരങ്ങൊരുങ്ങി.

### 4.8.2 രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ

1945 സെപ്റ്റംബറിൽ യുദ്ധം അവസാനിച്ചു. മാനവ ചരിത്രത്തിലെ ഏറ്റവും വിനാശ കാരിയായ യുദ്ധമായിരുന്നു രണ്ടാം ലോകമഹായുദ്ധം. അത് ജീവനും വസ്തുക്കൾക്കും വിഭവങ്ങൾക്കും അഭൂതപൂർവ്വമായ നഷ്ടമുണ്ടാക്കി. വൻസൗധങ്ങൾ നിലം പരിശായി ആയിര ക്കണക്കിന് ആളുകൾക്ക് തങ്ങളുടെ സ്വന്തം നാട് നഷ്ടമായി. ജർമ്മൻ ജൂതൻമാർ വധിക്കപ്പെടുകയോ കോൺസൻട്രേഷൻ ക്യാമ്പുകളിൽ അടയ്ക്കപ്പെടുകയോ ചെയ്തു. അണുബോംബാക്രമണത്തിലൂടെ ജപ്പാൻ നഗരങ്ങളായ നാഗസാക്കിയും ഹിരോഷിമയും അവിടുത്തെ ജനങ്ങളോടൊപ്പം ഇല്ലായ്മ ചെയ്യപ്പെട്ടു. ന്യൂക്ലിയർഹോളോക്ലോസ്റ്റ യുദ്ധത്തിന്റെ തിക്തഫല ങ്ങളായിരുന്നു ഈ യുദ്ധത്തിന്റെ ഏറ്റവും വലിയ പ്രത്യാഘാതം. ജർമ്മനിയെ നാലായി തിരിച്ചു. ഓരോന്നും ഓരോ വിജയിച്ച രാജ്യങ്ങളുടെ അധീനത്തിലാക്കി. നാസിപാർട്ടിയെ നിരോധിക്കുകയും ജർമ്മൻ സൈന്യത്തെ പിരിച്ചു വിടുകയും ചെയ്തു. ജപ്പാൻ യു.എസിന്റെ മേൽനോട്ടത്തിലാക്കി. 1949-ൽ ജപ്പാനിൽ വീണ്ടും ഏകാധിപത്യം നിലവിൽ വന്നപ്പോൾ മാത്രമാണ് യു.എസ്. സേന പിൻവാങ്ങിയത്.

സോവിയറ്റ് യൂണിയനും യു. എസ്. എയും വൻശക്തികളായി ഉയർന്നു. ലോകം രണ്ടു ശക്തി കേന്ദ്രങ്ങളുടെ കീഴിലായി വിഭജിക്കപ്പെട്ടു. ഒന്ന് സോവിയറ്റ് യൂണിയന്റെ നേതൃത്വ ത്തിലുള്ള കമ്മ്യൂണിസ്റ്റ് ചേരി, മറ്റത് യു. എസ്. എയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യ ചേരി. ഈ രണ്ടു ചേരികളുടേയും ഇടയിൽ ആയുധം ഉപയോഗിക്കാതെ നടന്ന സംഘർഷ മാണ് ശീതസമരം അല്ലെങ്കിൽ കോൾഡ് വാർ (Cold war)

യു. എൻ. ഒ (യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ) എന്ന ലോകസംഘടന യുടെ രൂപീകരണമാണ് യുദ്ധത്തിന്റെ ഒരു ഏറ്റവും പ്രധാനപ്പെട്ട ഫലം. അതിനെക്കുറിച്ച് നിങ്ങൾ അടുത്ത ഭാഗത്ത് പഠിക്കും. ലോകം ധാരാളം മാറ്റങ്ങൾക്ക് വിധേയമായി. ലോക ത്തിന്റെ രാഷ്ട്രീയ ഭൂപടം തന്നെ മാറ്റി മറിക്കപ്പെട്ടു. ഏഷ്യയിലെയും ആഫ്രിക്കയിലേയും

കോളോണിയൽ ഭരണത്തിൽ യാതനകൾ അനുഭവിച്ചിരുന്ന രാഷ്ട്രങ്ങൾ സ്വതന്ത്ര രാഷ്ട്രങ്ങളായി. അതോടൊപ്പം അവർ ഒരുമിച്ച് ലോകത്തിലെ പ്രധാനപ്പെട്ട ശക്തിയായി മാറി.

## പാഠ്യപ്രവർത്തനം 4.5

വൻനാശം വിതയ്ക്കുന്ന യുദ്ധങ്ങൾ കണ്ടെങ്കിലും ഇന്നും ലോകത്ത് സംഘർഷം നിലനിൽക്കുന്നു. ലോക സമാധാനത്തിന് പ്രതിബന്ധമായി നിൽക്കുന്ന 5 പ്രശ്നങ്ങൾ തിരഞ്ഞെടുത്ത് പറയുക. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. ഒരു വ്യക്തി എന്ന നിലയിൽ ഈ ലോകം കൂടുതൽ മെച്ചമാക്കി തീർക്കാൻ നിങ്ങൾക്ക് എന്തെല്ലാം സംഭാവനകൾ ചെയ്യാൻ കഴിയും?

### 4.9 ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം

യുദ്ധത്തിന്റെ ഭീകരത ലോകനേതാക്കളെ സമാധാനത്തിനായുള്ള ഒരു അന്താരാഷ്ട്ര സംഘടനയുടെ ആവശ്യകതയേക്കുറിച്ച് ചിന്തിപ്പിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ, സോവിയറ്റ് നേതാവ് സ്റ്റാലിൻ, യു. എസ്. പ്രസിഡന്റ് റൂസ്വെൽറ്റ് എന്നിവർ ഇതിനെക്കുറിച്ച് ആലോചിക്കാൻ പല സമ്മേളനങ്ങൾ നടത്തി. ഒടുവിൽ 1945 ഒക്ടോബർ 24-ാം തീയതി യൂ. എസി.ലെ സാൻ ഫ്രാൻസിസ്കോ സമ്മേളനത്തിൽ 50 രാജ്യ ങ്ങളിലെ പ്രതിനിധികൾ യുണൈറ്റ്ഡ് നേഷൻസ് ചാർട്ടർ അംഗീകരിക്കുകയും ഐക്യ രാഷ്ട്ര സംഘടന രൂപീകരിക്കപ്പെടുകയും ചെയ്തു. അന്നുമുതൽ ലോകം മുഴുവൻ ഒക്ടോബർ 24 -യു. എൻ. ദിനമായി ആചരിക്കുന്നു. എല്ലാരാഷ്ട്രങ്ങൾക്കും തുല്യ പരമാധികാരമുണ്ട് എന്ന തത്വത്തിൽ അധിഷ്ഠിതമാണ് യു. എൻ. ഒ. ലോകത്ത് സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കുക, ഭാവിയിൽ യുദ്ധം തടയുക, അന്താരാഷ്ട്ര സഹകരണം ഉറപ്പുവരുത്തുക എന്നിവ യാണ് യു. എൻ.ഒ യുടെ പ്രധാന ലക്ഷ്യങ്ങൾ.

**നിങ്ങൾക്കറിയാമോ?**

ഇളം നീല പശ്ചാത്തലത്തിൽ വെള്ളയിൽ ഒലിവു മരച്ചില്ലകളിൽ നിർമ്മിച്ച ഒരു ചുരുൾ വളയത്തിനുള്ളിൽ ഉത്തരധ്രുവത്തിൽ നിന്ന് കാണുന്ന തരത്തിലുള്ള വൃത്താകൃതിയിലുള്ള ലോകഭൂപടമാണ് ഐക്യരാഷ്ടസംഘടനയുടെ ഔദ്യോഗിക ചിഹ്നം. ഇത് യു.എൻെറ പതാകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4.9.1 ഐക്യ രാഷ്ട്ര സംഘടനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം രൂപീകൃതമായ സർവ്വ രാഷ്ട്ര സഖ്യത്തിനെന്ന പോലെ അന്തർ ദേശീയ സമാധാനവും സുരക്ഷയുമായിരുന്നു ഐക്യരാഷ്ട്ര സംഘടനയുടേയും പ്രധാന ഉദ്ദേശ്യം. രാഷ്ട്രങ്ങൾ സമത്വത്തിന്റെ അടിസ്ഥാനത്തിൽ സൗഹൃദം വളർത്തുക, സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക, മാനസിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി അന്തർ ദേശീയ സഹകരണം വളർത്തുക എന്നിവയും പ്രധാന ഉദ്ദേശ്യങ്ങൾ തന്നെയായിരുന്നു. മനുഷ്യാവകാശവും മൗലികസ്വാതന്ത്ര്യവും ലോകത്തെ മുഴുവൻ ജനങ്ങൾക്കും ലഭിക്കുക എന്നതും യു. എൻ.ന്റെ ലക്ഷ്യങ്ങളിൽപെട്ടതായിരുന്നു. ഈ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വിവിധ രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ സന്തുലിതമായി ഏകോപിപ്പിക്കുന്നതിനുള്ള ഒരു പൊതുവേദിയായി വർത്തിയ്ക്കുക എന്നതും ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യമായിരുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ. 4.3


1. നാല് ബാൽക്കൺ രാഷ്ട്രങ്ങളുടെ പേരു പറയുക.
2. ത്രികക്ഷി സഖ്യത്തിലെ രാജ്യങ്ങൾ ഏതെല്ലാം?
3. ഒന്നാം ലോക മഹായുദ്ധത്തിന്റെ മൂന്ന് കാരണങ്ങൾ എഴുതുക.
4. 1920 ന് ശേഷം ഏകാധിപത്യഭരണ സമ്പ്രദായം സ്വീകരിച്ച രണ്ട് രാഷ്ട്രങ്ങളുടെ പേര് പറയുക.
5. 1929-ലെ വൻ സാമ്പത്തിക മാന്ദ്യത്തിന്റെ പ്രധാന കാരണമെന്ത്?
6. എന്ന് എവിടെവച്ച് യു. എൻ ഔപചാരികമായി രൂപീകരിച്ചു ?

## നിങ്ങൾ എന്തെല്ലാം പഠിച്ചു?

- കോളനിവത്ക്കരണത്തിന്റെ പുതിയ തരംഗം നവസാമ്രാജ്യത്വം അല്ലെങ്കിൽ നവ കൊളോണിയലിസം എന്നപേരിൽ 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലാരംഭിച്ചു.
- വാർത്താവിനിമയം ഗതാഗതം എന്നിവയുടെ വളർച്ച അധികാരവേഗം, തീവ്ര ദേശീയത, സംസ്ക്കാര സമ്പന്നരാകാനുള്ള ആഗ്രഹം എന്നിവയായിരുന്നു ഈ കോളനിവത്ക്കരണത്തിനു പിന്നിൽ. ഇതെല്ലാം വ്യവസായവൽക്കരണം സൃഷ്ടിച്ച ആവശ്യങ്ങളാണ്.
- ഏഷ്യയിൽ ജപ്പാൻ മാത്രമാണ് ഒരു സാമ്രാജ്യത്വശക്തിയായി വളർന്നത്.
- യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള കടുത്തവിരോധവും സഖ്യകക്ഷികളുടെ രൂപീകരണവും 1914-ൽ ഒന്നാം ലോകമഹായുദ്ധത്തിന് കാരണമായി.
- യുദ്ധത്തിന്റെ ഫലങ്ങളിൽ വെഴ്സയിൽസ് ഉടമ്പടിയിലൂടെ ജർമ്മനിയുടെ നേരേയുള്ള അപമാനകരമായ വ്യവസ്ഥകളും, പരാജിതശക്തികൾക്ക് കോളനി നഷ്ടവും, യൂറോപ്യൻ അതിർത്തികൾക്ക് മാറ്റവും ഒട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചയും ഹംഗറിയുടെ മോചനവും ലീഗ് ഓഫ്നേഷൻസിന്റെ രൂപീകരണവും ഉൾപ്പെടുന്നു.
- ഇറ്റലിയിൽ മുസ്സോളിനിയുടെ ഫാസിസവും ജർമ്മനിയിൽ ഹിറ്റ്ലറുടെ നാസിസവും ജനാധിപത്യം, സ്വാതന്ത്ര്യം, സോഷ്യലിസം, കമ്മ്യൂണിസം എന്നിവയെ 1919 - 1939 കാലയളവിൽ അടിച്ചമർത്തി.
- പാശ്ചാത്യ ശക്തികളുടെ പ്രീണന നയമാണ് രണ്ടാം ലോകമഹായുദ്ധത്തിന് കാരണമായത്.
- യു. എൻ. ന്റെ രൂപീകരണം, ജർമ്മനിയുടെ വിഭജനം, സാമ്രാജ്യ ശക്തികളുടെ തളർച്ച, ഏഷ്യയിലും ആഫ്രിക്കയിലും സ്വതന്ത്ര രാജ്യങ്ങളുടെ ഉത്ഭവം എന്നിവ രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലങ്ങളിൽ പെടുന്നു.
- യുദ്ധാനന്തര സാഹചര്യങ്ങൾ, യു. എസ്സ്.എ., സോവിയറ്റ് യൂണിയൻ എന്ന രണ്ടു ശക്തികളുടെ ഉദയത്തിനും അവർ തമ്മിലുള്ള ശീത യുദ്ധത്തിനും കാരണമായി.
- ലോകത്ത് സമാധാനത്തിനും രഞ്ജിപ്പിനും വേണ്ടിയാണ് ഐക്യരാഷ്ട്ര സംഘടന രൂപം കൊണ്ടത്.

## പാഠ്യാന്ത്യ ചോദ്യങ്ങൾ

1. പരുത്തിവസ്ത്രങ്ങളുടെ ഉൽപാദന കാര്യത്തിൽ തുണി വ്യവസായത്തിലെ കണ്ടുപിടുത്തങ്ങൾ എങ്ങനെ വലിയ മാറ്റത്തിനിടയാക്കി?
2. രാഷ്ട്രീയ, സാമ്പത്തിക, ഭൂമിശാസ്ത്ര, സാങ്കേതിക ഘടകങ്ങളിൽ ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന് സംഭാവന ചെയ്ത ഘടകം എന്ത്?
3. വ്യവസായ വിപ്ലവത്തിന്റെ വരവ് എന്തെല്ലാം നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടാക്കി?
4. വ്യവസായ വത്ക്കരണം നടക്കാത്ത പ്രദേശങ്ങൾക്കുവേണ്ടി വ്യവസായ വത്ക്കരണം നടന്ന രാജ്യങ്ങൾ തമ്മിൽ പോരടിച്ചത് എന്തു കൊണ്ട്?
5. കോളനികൾക്കുവേണ്ടിയുള്ള മത്സരത്തിൽ ജപ്പാൻ ചേരാനുള്ള കാരണമെന്ത് ?
6. കോളനികളുടെ മേലുള്ള സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം കൊണ്ടുള്ള രണ്ട് ഗുണങ്ങളും രണ്ടു ദൂഷ്യങ്ങളും എഴുതുക.
7. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ പരിശോധിക്കുക.
8. പാശ്ചാത്യ ശക്തികളുടെ പ്രീണന നയം ഇറ്റലിയിലെ ഫാസിസവും ജർമ്മനിയിലെ നാസിസവും വളരാൻ എങ്ങനെ ഇടയാക്കി?
9. രണ്ടാം ലോക മഹായുദ്ധത്തിലെ സംഭവങ്ങളുടെ ഗതി വിവരിക്കുക.
10. ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാം?
11. താഴെ കൊടുക്കുന്ന ലോക ഭൂപട രൂപരേഖയിൽ ഇനി പറയുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.
    (a) ബ്രിട്ടന്റെയും ഫ്രാൻസിന്റെയും രണ്ടു കോളനികൾ.
    (b) ഒന്നാം ലോകമഹായുദ്ധങ്ങളിലെ ത്രികക്ഷി സഖ്യരാഷ്ട്രങ്ങൾ, ത്രികക്ഷി സൗഹാർദ്ദത്തിലെ രാഷ്ട്രങ്ങൾ രേഖപ്പെടുത്തുക.
    (c) രണ്ടാം ലോക മഹായുദ്ധത്തിലെ സഖ്യശക്തികളും അച്ചുതണ്ട് ശക്തികളും



ചിത്രം – ഭൂപടം (ലോകം)

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**4.1**

1. കൽക്കരിയും ഇരുമ്പും.
2. അസംസ്കൃത വസ്തുക്കൾ കൊണ്ടുവരാനും ഉത്പന്നങ്ങൾ കൊണ്ടുപോകുവാനും.
3. കൊച്ചുകുട്ടികൾക്ക് ഇടുങ്ങിയതും തിരശ്ചീനവുമായ കൽക്കരി ഖനികളിൽ കയറാനും ഇറങ്ങാനും താരതമ്യേന എളുപ്പമായിരുന്നു. മാത്രവുമല്ല കുട്ടികൾക്ക് കുറഞ്ഞ കൂലി മതിയാകുംതാനും.
4. (a) iii

   (b) v

   (c) i

   (d) ii

**4.2**

1. മറ്റൊരു രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും ആയ അധികാരം പിടിച്ചെടുക്കുന്നത്
2. (a) കോളനികളിൽ നിന്ന് അങ്ങോട്ടും ഇങ്ങോട്ടും സാമ്രാജ്യത്വ രാജ്യങ്ങളിലേക്ക് സാധനങ്ങൾ വേഗം കൊണ്ടുപോകാനുള്ള സൗകര്യം

   (b) സൈന്യത്തെ വേഗം കോളനികളിൽ എത്തിക്കാനും അവിടെ നിലനിർത്താനുമുള്ള സൗകര്യം
3. യൂറോപ്യർ ആഫ്രിക്കയിൽ നിന്നും ആളുകളെ കൊണ്ട് വന്ന് അടിമകളാക്കി അമേരിക്കയിലെ അവരുടെ കോളനികളിലെ തോട്ടങ്ങളിൽ പണിയെടുപ്പിക്കുന്ന സമ്പ്രദായം.
4. (a) i

   (b) iii

   (c) ii

   (d) iii

**4.3.**

1. ഗ്രീസ്, റൊമാനിയ, ബൾഗേറിയ, സെർബിയ, മോൺടിനെഗ്രോ
2. ജർമ്മനി, ആസ്ട്രിയ, ഇറ്റലി

3. ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രധാനകാരണങ്ങൾ

(a) ജർമ്മനി ഒരു വ്യാവസായിക രാഷ്ട്രമായി ഉയർന്നതിന്റെ ഫലമായി അവർക്ക് അസംസ്കൃത സാധനങ്ങളുടെ ആവശ്യം രൂക്ഷമായി. അതിനുവേണ്ടി കോളനികൾ ലഭിക്കാനുള്ള ശ്രമം സാമ്രാജ്യശക്തികളായ ഇംഗ്ലണ്ടിനേയും ഫ്രാൻസിനെയും ജർമ്മനിയുടെ എതിരാളികളാക്കി.

(b) ത്രികക്ഷി സഖ്യം, ത്രികക്ഷി സൗഹാർദ്ദം എന്നീ സഖ്യങ്ങളുടെ രൂപീകരണം.

(c) ദേശീയ ബോധത്തിന്റെ വളർച്ച. പാൻസ്ലാവ് പ്രസ്ഥാനം

4. ഇറ്റലി- ജർമ്മനി

5. അമിതോത്പാദനം സാധനങ്ങളുടെ വിലകുറയാനിടയാക്കി. ബാങ്കുകൾ പൂട്ടിയതു മൂലം ജനങ്ങളുടെ സമ്പാദ്യം നഷ്ടപ്പെട്ടു.

6. 1945 ഒക്ടോബർ 24-ാം തീയതി യു. എസ്. എ.യിലെ സാൻ ഫ്രാൻസിസ്കോയിൽ നടന്ന സമ്മേളനത്തിൽ വച്ച് ഔപചാരികമായി യു. എൻ. രൂപീകരിച്ചു.

5

# ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ സാമ്പത്തിക-സാമൂഹിക-സാംസ്ക്കാരിക രംഗങ്ങളിൽ (1757-1857)

18-ാം നൂറ്റാണ്ടോടുകൂടി ലോകത്ത് നിരവധി സുപ്രധാന സംഭവങ്ങൾ ഉണ്ടായി. അതിലൊന്ന് ഇംഗ്ലണ്ടിൽ സംഭവിച്ച വ്യാവസായിക വിപ്ലവമാണ്. ക്രമേണ അത് യൂറോപ്പിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചു. വ്യവസായ വിപ്ലവത്തോടൊപ്പം വാണിജ്യത്തിനുള്ള പുതിയ സമുദ്ര സഞ്ചാരമാർഗ്ഗങ്ങളുടെ കണ്ടുപിടുത്തവും നിങ്ങൾപഠിച്ചിട്ടുണ്ട്. 1498 ൽ പോർത്തുഗൽകാരനായ വാസകോഡഗാമ അത്തരം ഒരു സമുദ്ര സഞ്ചാര മാർഗ്ഗമാണ് ഇന്ത്യയിലെത്താൻ വേണ്ടി കണ്ടുപിടിച്ചത്. തത്ഫലമായി പോർത്തുഗീസുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ഇന്ത്യയിൽ കച്ചവടത്തിനായി എത്തിച്ചേർന്നു. ഇതോടൊപ്പം അവർ മിഷണറി പ്രവർത്തനങ്ങളും ഇന്ത്യയിൽ വ്യാപിപ്പിച്ചു. ഇന്ത്യയുടെ ആധുനിക കാലഘട്ടം ആരംഭിക്കുന്നത് യൂറോപ്യൻ ശക്തികളുടെ വരവോടുകൂടിയാണെന്ന കാര്യം നിങ്ങൾക്കറിയാമോ?

## ഉദ്ദേശ്യങ്ങൾ

ഈ അധ്യായം പഠിച്ചതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരാനിടയായ കാരണങ്ങൾ ചർച്ച ചെയ്യുന്നതിന്.
- ബ്രിട്ടീഷുകാർ ഇന്ത്യ മുഴുവൻ തങ്ങളുടെ കോളനി ആക്കി തീർക്കാൻ സ്വീകരിച്ച വിവിധ രീതികൾ.
- ബ്രിട്ടീഷുഭരണകാലം ഇന്ത്യയുടെ സാമ്പത്തികരംഗത്തെ എങ്ങനെ സ്വാധീനിച്ചു
- ഇന്ത്യൻ സമൂഹത്തെയും സംസ്ക്കാരത്തെയും ബ്രിട്ടീഷുകാർ സ്വാധീനിച്ചത് വിവരി ക്കാൻ.
- 1857-ലെ വിപ്ലവത്തിന് ബ്രിട്ടീഷുകാർക്കെതിരെ നടന്ന പ്രതിഷേധ പ്രസ്ഥാനങ്ങളുടെ കാരണങ്ങൾ വേർതിരിച്ച് അറിയുന്നതിന്.


## 5.1 വിദേശീയരുടെ ഇന്ത്യയിലേക്കുള്ള വരവിന്റെ കാരണങ്ങൾ

തുടക്കത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നത് വ്യാപാരികളായിട്ടായിരുന്നു. വ്യവസായ വിപ്ലവത്തിന്റെ ഫലമായി അവിടെയുള്ള തങ്ങളുടെ ഫാക്ടറികളിലേക്ക് അസംസ്കൃത സാധനങ്ങൾ വൻതോതിൽ വേണ്ടിവന്നു. അതേസമയം തന്നെ അവിടെ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള വിപണിയുടേയും ആവശ്യമുണ്ടായി. ഇന്ത്യ ബ്രിട്ടന്റെ അത്തരം ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള വേദിയായി മാറി. 18-ാം നൂറ്റാണ്ട് ഇന്ത്യയിൽ

കുറിപ്പുകൾ



അധികാരത്തിന് വേണ്ടിയുള്ള കലഹങ്ങളുടെയും മുഗൾ സാമ്രാജ്യത്തിന്റെ പതനത്തിന്റെയും കാലഘട്ടമായിരുന്നു. ഈ അനുകൂല അന്തരീക്ഷം ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് ഇന്ത്യൻ പ്രദേശങ്ങളിൽ പരിപൂർണ്ണ ആധിപത്യം സ്ഥാപിക്കാനുള്ള സുവർണ്ണാവസരമായിരുന്നു. രാജ്യമെമ്പാടും യുദ്ധങ്ങൾ അഴിച്ചുവിട്ടും നിർബന്ധിത സന്ധികൾക്ക് വിധേയമാക്കിയും കൂട്ടിച്ചേർത്തും സഖ്യങ്ങളിലേർപ്പെട്ടും ആണ് ഈ ആധിപത്യം അവർ നേടിയത്. ബ്രിട്ടീഷുകാരുടെ നൂതനമായ ഭരണസാമ്പത്തിക നയങ്ങൾ രാജ്യത്തിന്റെ മേൽ നിയന്ത്രണം കൊണ്ടുവരാൻ വളരെയധികം സഹായിച്ചു. പാവപ്പെട്ട കൃഷിക്കാരെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് അവരിൽ നിന്നും വൻതുക നികുതിയായി ഈടാക്കുന്ന തരത്തിലുള്ളതായിരുന്നു അവരുടെ ഭൂനിയമങ്ങൾ. കാർഷിക വിളകൾക്കുപകരം നാണ്യവിളകളും ബ്രിട്ടനിലെ തങ്ങളുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃതസാധനങ്ങൾക്ക് പറ്റിയ വിളകളും കൃഷി ചെയ്യാൻ ഇന്ത്യൻ കർഷകരെ അവർ പ്രേരിപ്പിച്ചു. ശക്തമായ രാഷ്ട്രീയ നിയന്ത്രണം വഴി ഇന്ത്യയുമായുള്ള കച്ചവടം ബ്രിട്ടീഷുകാരുടെ കുത്തകയാക്കി മാറ്റി. മറ്റ് വിദേശ രാജ്യങ്ങളെയെല്ലാം പരാജയപ്പെടുത്തിയിരുന്നതിനാൽ ബ്രിട്ടീഷുകാർക്ക് കച്ചവട രംഗത്ത് മത്സരം നേരിടേണ്ടി വന്നുമില്ല. അസംസ്കൃത സാധനങ്ങൾ മുഴുവനും ഇന്ത്യയിൽ നിന്നും ഏറ്റവും കുറഞ്ഞ വിലയ്ക്ക് അവർ വാങ്ങിക്കുകയും നിർമ്മിത സാധനങ്ങൾ വലിയ വിലയ്ക്ക് ഇന്ത്യയിൽ വിൽക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണവർ സ്വീകരിച്ചിരുന്നത്. തങ്ങളുടെ രാജ്യത്തെ വ്യവസായങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇന്ത്യയിൽ നിന്നും ബ്രിട്ടനിൽ എത്തിക്കുന്ന സാധനങ്ങളുടെ മേൽ അവർ വൻ നികുതി ചുമത്തി. കൃഷിയിടങ്ങളിൽനിന്ന് അസംസ്കൃത സാധനങ്ങൾ തുറമുഖങ്ങളിലേയ്ക്ക് കൊണ്ടുവരുന്നതിനും അതു പോലെ മറിച്ച് നിർമ്മിത വസ്തുക്കൾ തുറമുഖങ്ങളിൽ നിന്ന് വിപണികളിലേയ്ക്ക് എത്തിക്കുന്നതിനും വേണ്ടി ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പല തരത്തിലുള്ള നിക്ഷേപങ്ങളും ബ്രിട്ടീഷുകാർ ചെയ്തു. രാജ്യഭരണത്തിന് ബ്രിട്ടീഷുകാരെ സഹായിക്കാൻ പറ്റിയ വിദ്യാസമ്പന്നരായ ഒരു കൂട്ടം ആൾക്കാരെ സൃഷ്ടിക്കാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം അവർ ഇന്ത്യയിലാരംഭിച്ചു. ഇത് അവരുടെ രാഷ്ട്രീയ അധികാരം ഉറപ്പിക്കാൻ വേണ്ടിയായിരുന്നു. ഈ നടപടികളെല്ലാം ബ്രിട്ടീഷുകാർക്ക് ഇന്ത്യ മുഴുവനും അവരുടെ സ്വാധീനം സ്ഥാപിക്കാനും ഭരണം കേന്ദ്രീകരിക്കാനും തുടരാനും സഹായിച്ചു.





**ചിത്രം 5.1** *ഈസ്റ്റ് ഇന്ത്യാ കമ്പനി ഉപയോഗിച്ചിരുന്ന നാണയം*




**ചിത്രം 5.2** *ഈസ്റ്റ് ഇന്ത്യാ കമ്പനി ഉപയോഗിച്ചിരുന്ന നാണയം*

## 5.2 അധിനിവേശത്തിന്റെ മാർഗ്ഗങ്ങൾ

യൂറോപ്പിന്റെ ഭൂപടത്തിൽ നോക്കൂ. നിങ്ങൾക്കതിൽ വലുതും ചെറുതുമായ ധാരാളം രാജ്യങ്ങൾ കാണാം. വ്യവസായ വിപ്ലവം ആരംഭിക്കുന്ന സമയം യൂറോപ്പിലെ ഈ രാജ്യങ്ങ ൾക്ക് അവരുടെ ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത സാധനങ്ങളോ, നിർമ്മിത സാധന ങ്ങൾ വിറ്റഴിക്കാനുള്ള വിപണിയോ ഉണ്ടായിരുന്നില്ല. ആയതിനാൽ ഏഷ്യയിലും ആഫ്രിക്കയിലും വിപണികൾ കണ്ടുപിടിക്കാനുള്ള ശ്രമം അവർ ആരംഭിച്ചു. ഇന്ത്യയുമാ യുള്ള വ്യാപാരകാര്യത്തിൽ ഇംഗ്ലണ്ട് വിജയിക്കുകയും A.D 1600-ൽ ഇതിനുവേണ്ടി അവർ ഈസ്റ്റിൻഡ്യാ കമ്പനി രൂപവത്ക്കരിക്കുകയും ചെയ്തു. ബ്രിട്ടീഷ് സർക്കാർ ഈ കമ്പനിക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. തത്ഫലമായി ഇംഗ്ലണ്ടിന് ഇന്ത്യൻ ഉപഭൂഖണ്ഡ ത്തിലേക്ക് അതിന്റെ രാജ്യാതിർത്തി വികസിപ്പിക്കാൻ കഴിഞ്ഞു. A.D 1613-ൽ ഈസ്റ്റ് ഇന്ത്യാ ക്കമ്പനി അതിന്റെ ആദ്യത്തെ ഫാക്ടറി സൂററ്റിൽ സ്ഥാപിച്ചു. 1615-ൽ സർ തോമസ് റോയ് മുഗൾ ചക്രവർത്തിയായ ജഹാംഗീറിൽ നിന്നും ആഗ്ര, അഹമ്മദാബാദ്, ബ്രോച്ച് എന്നിവിട ങ്ങളിൽ കൂടുതൽ ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം വാങ്ങി. ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ഏറ്റവും പ്രധാനപ്പെട്ട ആസ്ഥാനം ദക്ഷിണ തീരത്തുള്ള മദ്രാസിലാ യിരുന്നു. അവിടെ സെന്റ് ജോർജ്ജ് എന്ന പേരിലുള്ള ഒരു കോട്ട അവർ കെട്ടി. ഈസ്റ്റിൻ ഡ്യാ കമ്പനിക്ക് ഇന്ത്യൻ മണ്ണിൽ ആദ്യം ലഭിച്ച സ്വത്തായിരുന്നു അത്. ക്രമേണ കമ്പനി തങ്ങളുടെ വ്യാപാര മേഖല വർദ്ധിപ്പിക്കുകയും ഇന്ത്യയിൽ അവരുടെ നിയന്ത്രണം സ്ഥാപിക്കുകയും ചെയ്തു. മറ്റ് വിദേശ ശക്തികളെയെല്ലാം ഇന്ത്യയിൽ നിന്ന് പുറത്താ ക്കുന്ന കാര്യത്തിലും ബ്രിട്ടീഷുകാർ വിജയിച്ചു. തുടർന്ന് അവർ ഇന്ത്യയുടെ ഭരണ കാര്യങ്ങ ളിൽ ഇടപെടാനും തുടങ്ങി.





ചിത്രം 5.3 *വർത്തമാനകാല യൂറോപ്പിന്റെ ഭൂപട മാതൃക*

### നിങ്ങൾക്കറിയാമോ?

1696-ൽ ബംഗാളിൽ 3 ഗ്രാമങ്ങൾ വികസിച്ച് ഒരു നഗരമാക്കി മാറ്റി. അതിന് കൽക്കത്ത എന്ന് പേരും നൽകി. ഈ നഗരത്തിനു ചുറ്റും 'ഫോർട്ട് വില്യം' എന്നറിയപ്പെടുന്ന കോട്ടയും കെട്ടി.

19-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഭൂപടം നിങ്ങൾ ഒന്നു പരിശോധിക്കുക. അതിൽ ധാരാളം ചെറുതും വലുതുമായ സ്വതന്ത്ര രാജ്യങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. ഈ രാജ്യങ്ങൾക്കെല്ലാം അവരുടെ സ്വന്തം ഭരണാധികാരികളും സമ്പദ്ഘടനയും ഭാഷയും സംസ്ക്കാരവും ഉണ്ടായിരുന്നു. സ്ഥിരമായി ഈ രാജ്യങ്ങൾ പോരടിച്ചുകൊണ്ടിരുന്നു. മാത്രവുമല്ല ഈ ചെറുരാജ്യങ്ങൾ യൂറോപ്യൻ ശക്തികൾക്ക് പ്രത്യേകിച്ച് ബ്രിട്ടന് നിസ്സാര ഇരകളുമായിരുന്നു. 1757-ലെ പ്ലാസിയുദ്ധവും 1764 ലെ ബക്സർ യുദ്ധവും ബ്രിട്ടീഷ് ഭരണത്തിന് ഇന്ത്യയിൽ അടിത്തറയിട്ടു. ഈ യുദ്ധങ്ങളിൽക്കൂടി ഇന്ത്യയിൽ നീണ്ടു നിന്ന ഒരു ബ്രിട്ടീഷ് ഭരണത്തിന് തുടക്കം കുറിച്ചു. പ്ലാസി യുദ്ധത്തിലൂടെ ബംഗാളിൽ ഇംഗ്ലീഷുകാർ വിജയികളായി. അവർ മിർജാഫറെ ബംഗാളിലെ നവാബായി അവരോധിച്ചു. അതിനു പകരമായി ബ്രിട്ടീഷുകാർക്ക് വൻ തുകയും 24 പർഗാനകളുടെ അധികാരവുംലഭിച്ചു. എന്നാൽ പിന്നീട് മിർജാഫർ സമ്പത്തു നൽകാൻ തയ്യാറാകാത്തതിന്റെ പേരിൽ അയാളെ സ്ഥാന ഭ്രഷ്ടനാക്കി. മിർകാസിമിനെ നവാബാക്കി. മിർകാസിം ശക്തനായ ഭരണാധി കാരിയായിരുന്നു. ബ്രിട്ടീഷുകാരുടെ ആവശ്യങ്ങൾക്ക് മിർകാസിം വഴങ്ങിയില്ല. അതിനാൽ അദ്ദേഹത്തെ മാററി. വീണ്ടും മിർജാഫറെ നവാബാക്കി. മിർകാസിം, ഔധിലെ നവാബായ സിറാജ് ഉദ്-ദൗള, മുഗൾ ചക്രവർത്തി ഷാ-അല്ലം എന്നിവരുമായി ചേർന്ന് 1764 ഒക്ടോബർ 22-ന് ബക്സർ എന്ന സ്ഥലത്ത് വച്ച് ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടി. എന്നാൽ യുദ്ധത്തിൽ മിർജാഫറും സഖ്യവും പരാജയപ്പെട്ടു. ഇവരുടെ പരാജയം വളരെ നിർണ്ണായകമായിരുന്നു.




ചിത്രം 5.4 *19-ാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഭൂപടം*

കുറിപ്പുകൾ

ബംഗാളിൽ വിജയകരമായി ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിച്ചെങ്കിലും ഇന്ത്യ ഒട്ടൊക്കുള്ള ബ്രിട്ടീഷുകാരുടെ മേൽക്കോയ്മ വളരെ ബുദ്ധിമുട്ടേറിയതായിരുന്നു. ധാരാളം പ്രാദേശിക ശക്തികൾ അവരെ എതിർത്തു. ഇനിയും ഇന്ത്യയിലെ രാജ്യങ്ങൾക്കെതിരായി ബ്രിട്ടീഷുകാർ നടത്തിയ യുദ്ധങ്ങൾ നമുക്ക് പഠിക്കാം.

### 1. ആഗ്ലോ - മൈസൂർ യുദ്ധങ്ങൾ

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഹൈദർഅലിയുടെയും അദ്ദേഹത്തിന്റെ പുത്രൻ ടിപ്പു സുൽത്താന്റെയും കഴിവുറ്റ നേതൃത്വത്തിൽ മൈസൂർ പ്രബലമായ ഒരു രാജ്യമായി തീർന്നു. മൈസൂറും ബ്രിട്ടീഷുകാരും തമ്മിൽ നാലു യുദ്ധങ്ങൾ നടന്നു. അവസാനം നാലാം ആംഗ്ലോ മൈസൂർ യുദ്ധം (A.D 1799) ടിപ്പു സുൽത്താന്റെ വീരോചിതമരണത്തോടെ അവ സാനിച്ചു. ഇതോടെ മൈസൂറും ഇംഗ്ലണ്ടും തമ്മിലുള്ള മഹത്തായ യുദ്ധത്തിന്റെ അധ്യായ ത്തിന് വിരാമമായി. ഈ യുദ്ധങ്ങളുടെ ഫലമായി കാനറ, കോയമ്പത്തൂർ, ശ്രീരംഗപത്തനം എന്നിവ ഇംഗ്ലീഷുകാരുടെ കൈവശമായി.



ചിത്രം 5.5 *ടിപ്പു സുൽത്താൻ*


### 2. ആംഗ്ലോ- മറാത്ത യുദ്ധങ്ങൾ

18-ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ മധ്യ ഇന്ത്യിലും ഇന്ത്യയുടെ പശ്ചിമ ഭാഗത്തും പ്രാഗത്ഭ്യം നേടിയ മറ്റൊരു ശക്തിയാണ് മറാത്തകൾ. എന്നാൽ മറാത്തകൾക്കിടയിലുണ്ടാ യിരുന്ന അന്തച്ഛിദ്രം അവരുടെ ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷു കാർക്ക് ഇടപെടാനുള്ള അവസരം നൽകി. സഹായകസഖ്യ (Subsidiary Alliance) ത്തിന്റെ പേരിലായിരുന്നു ബ്രിട്ടീഷുകാരും മറാത്തക്കാരും തമ്മിൽ ധാരാളം യുദ്ധങ്ങൾ നടന്നത്. (5-2-1 ഭാഗത്ത് സഹാ യകസഖ്യത്തെപ്പറ്റി കൂടുതൽ പഠിക്കും.) 1817 മുതൽ 1819 വരെയുള്ള കാലയളവിൽ നടന്ന മൂന്നാം ആംഗ്ലോ-മറാത്തൻ യുദ്ധമായിരുന്നു ഇതിൽ ഏറ്റവും അവസാനത്തേത്. ഈ യുദ്ധ ത്തിൽ ഇംഗ്ലീഷുകാർ മറാത്ത ഭരണാധികാരി പേഷ്വായെ പരാജയപ്പെടുത്തി. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. ഒരു അടുത്തൂണും (പെൻഷൻ) കൊടുത്ത് ഉത്തരപ്രദേ ശിലെ കാൺപൂരി നടുത്തുള്ള ബിത്തൂർ എന്ന സ്ഥലത്തേക്ക് പറഞ്ഞയച്ചു.

### 3. ആംഗ്ലോ-സിക്ക് യുദ്ധങ്ങൾ

ഉത്തര പശ്ചിമ ഇന്ത്യയിൽ മഹാരാജാ രഞ്ജിത് സിങ്ങ് (1792-1839) ന്റെ കഴിവുറ്റ നേതൃത്വത്തിൽ സിക്കുകാർ ഒരു പ്രമുഖ രാഷ്ട്രീയ, സൈനിക ശക്തിയായി വളർന്നു

വന്നു. ഇന്ത്യയിലും ബ്രിട്ടീഷുകാർ സിക്കുകാരുടെ വളർച്ചയെ ഒരു പ്രബലമായ ഭീഷണി ആയിട്ടാണ് കണ്ടത്. അതുകൊണ്ട് സിക്കുകാരെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് അവർ ആഗ്രഹിച്ചു. 1839- ൽ രഞ്ജിത് സിങ്ങിന്റെ മരണശേഷം പഞ്ചാബിൽ അരാജകത്വം വിളയാടി. ഈ അവസരം മുതലെടുക്കുകയും അങ്ങനെ ഒന്നാം ആംഗ്ലോ സിക്ക് യുദ്ധം 1845-ൽ പൊട്ടി പുറപ്പെട്ടു. അത് സിക്കുകാരുടെ പരാജയത്തോടെ അവസാനിച്ചു. 1849-ലെ രണ്ടാം ആംഗ്ലോ- സിക്ക് യുദ്ധത്തിൽ സിക്കുകാരെ അവസാനമായി ഇംഗ്ലീഷുകാർ പരാജയപ്പെടുത്തി. ഈ യുദ്ധം ചെനാബ് നദിക്കടുത്തുള്ള ഗുജറാത്തിൽ വച്ചായിരുന്നു. ഈ യുദ്ധത്തിൽ സിഖ് ഭരണാധികാരികൾ പരാജയപ്പെട്ടു. ഡൽഹൗസി പ്രഭു പഞ്ചാബ് തങ്ങളുടെ പ്രദേശത്തോടെ കൂട്ടിച്ചേർക്കുകയും ചെയ്തു. രഞ്ജിത് സിംഗിന് പെൻഷൻ നൽകി ഇംഗ്ലണ്ടിലേക്ക് പറഞ്ഞയച്ചു.



**ചിത്രം 5.6** *മഹാരാജാ രഞ്ജിത് സിംഗ്*

### 5.2.1. മറ്റ് ആക്രമണങ്ങളും പിടിച്ചടക്കലുകളും

1761ലെ മൂന്നാം പാനിപ്പത്ത് യുദ്ധത്തോടുകൂടി ഇന്ത്യയിൽ ബ്രിട്ടീഷുകാർക്ക് വിജയത്തിന്റെ രംഗമൊരുങ്ങി. വളരെ പെട്ടെന്ന് തന്നെ ധാരാളം നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷു കാരുടെ നിയന്ത്രണത്തിലായി. ദത്താപഹാരനയം (Doctorine of lapse) സഹായകസഖ്യം (Subsidiary alliance) എന്നീ രണ്ട് സമ്പ്രദായത്തിലൂടെ ആയിരുന്നു നാട്ടുരാജ്യങ്ങളെ തങ്ങളുടെ വരുതിയിലാക്കിയത്. ദത്താപഹാരനയം മൂലം ധാരാളം സ്വതന്ത്ര രാഷ്ട്രങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്തോടെ കൂട്ടിച്ചേർക്കാൻ കഴിഞ്ഞു. ദത്താപഹാരനയത്തിന്റെ അടിസ്ഥാന ത്തിൽ ഒരു സംരക്ഷിത രാജ്യത്തിന്റെ ഭരണാധികാരി, സ്വാഭാവിക പിൻതുടർച്ചാവകാശി ഇല്ലാതെ മരിക്കുകയാണെങ്കിൽ ആ രാജ്യത്തെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലേക്ക് സംയോജി പ്പിക്കേണ്ടിയിരുന്നു. ദത്തെടുക്കപ്പെട്ട അവകാശികളിലേക്ക് സ്വത്തു ക്കളോ ബ്രിട്ടീഷുകാർ നൽകിവന്നിരുന്ന പെൻഷനോ കൈമാറാൻ പാടില്ലായിരുന്നു. ഇപ്രകാരം ഡൽഹൗസി പ്രഭു മറാത്തൻ രാജ്യങ്ങളായ സത്താറ (1848), സംബൽപൂർ (1850), ഉദയ്പുർ (1852),

നാഗ്പൂർ(1853), ഝാൻസി (1854), ഔദ്(1856) എന്നിവ ബ്രിട്ടീഷ് സാമ്രാജ്യ ത്തോടെ സംയോജിപ്പിച്ചു.

സഹായകസഖ്യം (സബ്സിഡിയറി സിസ്റ്റം) അനുസരിച്ച് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച് ബ്രിട്ടന്റെ സംരക്ഷണയിൽ കഴിയുന്ന രാജ്യങ്ങൾ തങ്ങളുടെ രാജ്യത്ത് ബ്രിട്ടീഷ് സൈന്യത്തെയാണ് നിലനിർത്തേണ്ടത്. വിദേശ കാര്യങ്ങളിലുള്ള തങ്ങളുടെ അവകാശം അടിയറവയ്ക്കണം. മറ്റ് വിദേശരാജ്യങ്ങളുമായി സാമ്പത്തികമായോ രാഷ്ട്രീയമായോ യാതൊരു സഖ്യവും ചെയ്യാൻ നാട്ടുരാജ്യങ്ങൾക്ക് അവകാശമുണ്ടായിരിക്കില്ല. അവരെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്ന ചുമതല ബ്രിട്ടീഷുകാർക്കായിരിക്കും.

ബ്രിട്ടീഷുകാരുടെ പിടിച്ചെടുക്കൽ നയത്തിന്റെ ദൂഷ്യഫലങ്ങൾ ഇന്ത്യൻ ഭരണാധികാരികൾ മാത്രമല്ല അനുഭവിച്ചത്. ഇവരെ ആശ്രയിച്ചു കഴിഞ്ഞിരുന്ന സൈനികർ, കൈവേലക്കാർ, കുലീനർ തുടങ്ങിയവരും ഈ നയത്തിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചു. ഭരണാധികാരികളിൽ നിന്നും പാരമ്പര്യമായി സംരക്ഷണം ലഭിച്ചിരുന്ന പണ്ഡിതർ, പുരോഹിതർ, സെമിന്ദർമാർ എന്നീ വിഭാഗങ്ങളെയും ഇത് ദോഷകരമായി ബാധിച്ചു. തത്ഫലമായി ഈ വിഭാഗക്കാരും ദരിദ്രരായി. അങ്ങനെ 19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി ബ്രിട്ടീഷുകാരെ എതിർക്കാനോ വെല്ലുവിളിക്കാനോ ഒരു ശക്തി പോലും ഇന്ത്യയിൽ ഇല്ല എന്ന സ്ഥിതി സംജാതമായി. ആസ്സാം, ആരഖാൻ, വടക്കുകിഴക്കൻ മേഖല, നേപ്പാളിന്റെയും ബർമ്മയുടെയും കുറെ ഭാഗങ്ങൾ എന്നിവകൂടി ബ്രിട്ടീഷുകാർ തങ്ങളുടെ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു (1818 1826). 1843-ൽ ബ്രിട്ടീഷുകാർ സിൻഡും കൈവശപ്പെടുത്തി.



**ചിത്രം 5.7** *ഝാൻസിയിലെ റാണി ലക്ഷ്മിഭായി*

## പാഠ്യപ്രവർത്തനം 5.1

നിങ്ങൾ 19-ാം നൂറ്റാണ്ടിലെ ഇന്ത്യയിലുള്ള ഒരു നാട്ടുരാജ്യത്തിലെ ഭരണാധികാരിയുടെ 15 വയസ്സുള്ള അനന്തിരവനൊ അനന്തിരവളോ ആണെന്ന് സങ്കൽപ്പിക്കുക. നിങ്ങളുടെ മാതുലന് മക്കളില്ല. അതിനാൽ നിങ്ങളെ രാജ്യാവകാശിയാക്കുന്നു. ദത്താപഹാരനയം അനുസരിച്ച് ബ്രിട്ടീഷുകാർ നിങ്ങളുടെ മാതുലന്റെ മരണാനന്തരം നിങ്ങളെ രാജ്യാവകാശി ആകാൻ അനുവദിക്കുന്നില്ലെങ്കിൽ നിങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിക്കും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. ശരിയായ ഉത്തരത്തിനു നേരെ ടിക് അടയാളമിടുക.

   (a) ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നത്?

   (i) കീഴടക്കാൻ (ii) സഞ്ചാരത്തിന് (iii) ആക്രമിക്കാൻ (iv) കച്ചവടത്തിന്

   (b) മിർജാഫർ എവിടുത്തെ നവാബായിരുന്നു?

   (i) മൈസൂർ (ii) പഞ്ചാബ് (iii) ബംഗാൾ (iv) ബേരാർ

2. ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നതിന്റെ രണ്ട് കാരണങ്ങൾ എഴുതുക.

3. നാട്ടുരാജ്യങ്ങളെ തങ്ങളുടെ സാമ്രാജ്യത്തിനോട് കൂട്ടിച്ചേർക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച രണ്ടു മാർഗ്ഗങ്ങൾ എഴുതുക.

## 5.3. സാമ്പത്തിക ഫലങ്ങൾ

ഏഷ്യയിലെയും ആഫ്രിക്കയിലെയും അമേരിക്കയിലെയും രാജ്യങ്ങളിൽ നിന്ന് ധാരാളം സമ്പത്ത് ശേഖരിച്ച് കൂട്ടി വയ്ക്കാൻ വ്യവസായവിപ്ലവം ഇംഗ്ലീഷ് വ്യാപാരികളെ സഹായിച്ചു. ഈ ധനം വ്യവസായങ്ങൾ ആരംഭിക്കാനും ഇന്ത്യയുമായി വ്യാപാരം നടത്താനുംവേണ്ടി ഉപയോഗിക്കാൻ അവർ ആഗ്രഹിച്ചു. ഇന്ന് യന്ത്രങ്ങൾ ഉപയോഗിച്ച് വൻതോതിൽ ഉൽപാദനം നടക്കുന്നതിന് നാം സാക്ഷികളാണ്. 18 ഉം 19 ഉം നൂറ്റാണ്ടുകളിൽ ആദ്യമായി ഇംഗ്ലണ്ടിൽ സംഭവിച്ച വ്യവസായ വിപ്ലവമാണ് ഇതിന് മാർഗ്ഗദർശിയായത്. വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി നിർമ്മിത വസ്തുക്കളുടെ വൻ വർദ്ധനയാണുണ്ടായത്. ഈസ്റ്റിൻഡ്യാ കമ്പനി ഈ വ്യാവസായികാടിത്തറ വികസിപ്പിക്കുന്നതിനുള്ള എല്ലാ സഹായവും ചെയ്തിരുന്നു. ഇക്കാലഘട്ടത്തിൽ വ്യാപാരികളേക്കാൾ കൂടുതൽ നേട്ടം ഉണ്ടാക്കുന്ന ഉൽപാദകർ എന്ന ഒരു വർഗ്ഗം ഇംഗ്ലണ്ടിൽ രൂപംകൊണ്ടു. ഇക്കൂട്ടർ കൂടുതൽ അസംസ്കൃത സാധനങ്ങൾ ഇന്ത്യയിൽ നിന്ന് ലഭിക്കുന്നതിലും ബ്രിട്ടനിൽ നിന്ന് ഇവ ഉപയോഗിച്ച് നിർമ്മിയ്ക്കുന്ന സാധനങ്ങൾ ഇന്ത്യയിൽ കൊണ്ടുവന്ന് വിറ്റഴിക്കുന്നതിലും കൂടുതൽ താൽപര്യം കാണിച്ചു. 1793നും 1813 നുമിടയിൽ ഈ ബ്രിട്ടീഷ് ഉൽപാദകർ അല്ലെങ്കിൽ നിർമ്മാണ വ്യവസായികൾ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുള്ള കുത്തക സമ്പ്രദായത്തിനും അവർക്ക് കിട്ടുന്ന പ്രത്യേക അവകാശത്തിനുമെതിരെ പ്രചരണം ആരംഭിച്ചു. അവസാനം ഇന്ത്യൻ വ്യാപാരത്തിലുള്ള ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ കുത്തക അവസാനി പ്പിക്കുന്നതിൽ അവർ വിജയിച്ചു. ഇതോടെ വ്യവസായ ഇംഗ്ലണ്ടിന്റെ സമ്പത്തുണ്ടാക്കാനുള്ള കോളനിയായി ഇന്ത്യ മാറി. ഇന്ത്യൻ വ്യവസായത്തിലും വ്യാപാരത്തിലും ഉണ്ടാക്കിയ സാമ്പത്തിക സ്വാധീനത്തെക്കുറിച്ച് ഇനിയും നമുക്ക് പഠിക്കാം.

### 5.3.1. തുണിവ്യവസായവും വാണിജ്യവും

ആദ്യകാലത്ത് ഇന്ത്യൻ കൈത്തറിക്ക് യൂറോപ്പിൽ ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. കോട്ടൺ, ലിനൻ, സിൽക്, കമ്പിളി തുണിത്തരങ്ങൾ എന്നിവയ്ക്ക് ഏഷ്യയിലേയും ആഫ്രിക്ക യിലെയും വിപണികളിൽ പ്രിയം കൂടിയിരുന്നു. വ്യവസായ വത്ക്കരണത്തിന്റെ വരവോടെ ഇംഗ്ലണ്ടിലെ തുണി വ്യവസായത്തിന് നല്ല പുരോഗതി ഉണ്ടായി. ബ്രിട്ടനും

ഇന്ത്യയും തമ്മിലുള്ള തുണി വ്യവസായത്തിനും ഇത് കാരണമാക്കി. മുൻപ് ഉണ്ടായിരുന്നതിന് വിപരീത മായി ഇന്ത്യൻ വിപണിയിലേക്ക് ബ്രിട്ടൻ യന്ത്ര സഹായത്താൽ നിർമ്മിച്ച തുണിത്തരങ്ങൾ ഇറക്കുമതി ചെയ്തു. ബ്രിട്ടനിൽ നിന്നും യന്ത്രത്തറികളിൽ നിർമ്മിച്ച വൻതോതിലുള്ള തുണിത്തരങ്ങളുടെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി ഇന്ത്യൻ കൈത്തറി മേഖലയ്ക്ക് വൻ ഭീഷണിയായി. യന്ത്രത്തിന്റെ സഹായത്താൽ നിർമ്മിതമായ ബ്രിട്ടീഷ് സാധനങ്ങൾ താരത മ്യേന വിലകുറച്ച് കിട്ടുകയും ചെയതു.

ബ്രിട്ടീഷ് സാധനങ്ങൾ ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നതിന് യാതൊരു നികുതിയും കൊടുക്കേണ്ട ആവശ്യവുമില്ലായിരുന്നു. അതുകൊണ്ട് വിദേശനിർമ്മിത സാധനങ്ങൾ ഇന്ത്യയിൽ വിലകുറച്ച് വിൽക്കുന്നതിൽ അവർ വിജയിച്ചു. നേരേമറിച്ച് ഇന്ത്യൻ കൈത്തറി വസ്തുക്കൾ വിദേശത്തേയ്ക്ക് അയക്കുമ്പോൾ വൻ നികുതിയും ഈടാക്കിയിരുന്നു. വ്യവ സായികളുടെ സമ്മർദ്ദം കാരണം ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ തുണിത്തരങ്ങളുടെ മേൽ ഒരു സംരക്ഷിത നികുതിയും കൂടി അടിച്ചേൽപ്പിച്ചു. തത്ഫലമായി അല്പകാലത്തി നുള്ളിൽ വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യം എന്നതിനു പകരം അസംസ്കൃത പഞ്ഞി കയറ്റി അയയ്ക്കുകയും ബ്രിട്ടീഷ് വസ്ത്രങ്ങൾ ഇറക്കുമതി ചെയ്യുകയും ചെയ്യുന്ന ഒരു രാജ്യമായി ഇൻഡ്യ അധ:പതിച്ചു. ഇതോടെ ഇന്ത്യൻ നെയ്ത്തുവ്യവസായം നാശോന്മുഖമായി. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന പലരും ഗ്രാമപ്രദേശങ്ങളിൽ ചേക്കേറി കാർഷിക തൊഴിലു കളിൽ ഏർപ്പെട്ടു. ഇത് ഗ്രാമീണ സമ്പദ്ഘടനയേയും ജീവിതവൃത്തികളെയും കൂടുതൽ ദുഷ്കരമാക്കി.

### നിങ്ങൾക്കറിയാമോ

**ഡ്യൂട്ടി:** സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ സർക്കാരിലേയ്ക്ക് നൽകുന്ന തുകയാണ് ഡ്യൂട്ടി.

**ടാക്സ്:** പ്രത്യേകം ചൂണ്ടിക്കാണിക്കുന്ന ചില സൗകര്യങ്ങളോ, സേവനങ്ങളോ, ലഭിക്കു മ്പോഴോ വരുമാനത്തിന്റെ പേരിലോ, വസ്തുവകകളുടെ വാങ്ങൽ, വില്പന ഇവയൊക്കെ നടത്തുമ്പോഴോ സർക്കാരിലേയ്ക്ക് നൽകാൻ ആവശ്യപ്പെടുന്ന തുകയാണ് ടാക്സ്.

**താരിഫ്:** ഇറക്കുമതി - കയറ്റുമതി ഇവ നടത്തുമ്പോൾ, ഔദ്യോഗികമായി ചില സാധനങ്ങളുടെ മേൽ ഡ്യൂട്ടി അല്ലെങ്കിൽ കസ്റ്റംസ് തീരുവ സർക്കാർ നിർണ്ണയി ച്ചിട്ടുണ്ട് ഇതാണ് താരിഫ്.

ബ്രിട്ടൻ നിർമ്മിത സാധനങ്ങൾ ഉപയോഗിക്കുന്നവരുടെ ഒരു രാജ്യമായി ഇന്ത്യയെ മാറ്റാനായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യം. തത്ഫലമായി, തുണി, ലോഹം, ഗ്ലാസ്സ്, പേപ്പർ

എന്നിവയുമായി ബന്ധപ്പെട്ട മേഖലകളിൽ ജോലി ഇല്ലാതായി. 1813 ഓടുകൂടി കരകൗശല വസ്തുക്കൾക്ക് സ്വദേശത്തും വിദേശത്തും വിപണികളില്ലാതായി. യന്ത്രം കൊണ്ട് ബ്രിട്ടനിലെ ഫാക്ടറികളിൽ നിർമ്മിക്കുന്ന സാധനങ്ങളോട് കിടപിടിക്കാൻ ഇന്ത്യൻ നിർമ്മിത സാധനങ്ങൾക്കു കഴിഞ്ഞില്ല. യുദ്ധവും കോളനിവത്ക്കരണവും കൊണ്ട് ഈ വിപണി കളെല്ലാം ബ്രിട്ടൻ പിടിച്ചടക്കി തങ്ങളുടെ കുത്തകയാക്കി. ഈ സാധനങ്ങളെല്ലാം കയറ്റുമതി ചെയ്തിരുന്ന രാജ്യമായിരുന്ന ഇന്ത്യ ഇതെല്ലാം ഇറക്കുമതി ചെയ്യുന്ന രാജ്യമായി. ബ്രിട്ടീഷു കാർ ഇന്ത്യൻ ഭരണാധികാരികൾ, കച്ചവടക്കാർ സെമിന്ദാരൻമാർ, സാധാരണക്കാർ എന്നിവ രിൽ നിന്നെല്ലാം പണം പിഴിഞ്ഞെടുത്തു. വ്യാപാരത്തിൽ നിന്ന് ലഭിക്കുന്ന ലാഭം ഇതു കൂടാതെയും അവർ കൈവശമാക്കി. ആദ്യം ഈസ്റ്റ് ഇൻഡ്യാ

കമ്പനിയുടെയും പിന്നീട് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു അവരുടെ സാമ്പത്തിക നയങ്ങൾ.

## പാഠ്യ പ്രവർത്തനം 5.2

### ബഹ്റിയർ - ഗരേരിയ നോമാഡ്സ് - ഒരു കേസ് സ്റ്റഡി (Case study)

ഗയ ജില്ലയിലെ 75 കമ്പിളി നെയ്ത്തുകാരുടെ ഒരു സമുദായത്തിലെ മിക്കവാറും എല്ലാവരും തന്നെ പണത്തിന്റെ ദൗർലഭ്യം കൊണ്ട് കമ്പിളി നെയ്ത്ത് ഉപേക്ഷിച്ചു. (ദ സൺഡേ ട്രിബ്യൂൺ - സെപ്ക്ട്രം, മാർച്ച് 11, 2012 റിപ്പോർട്ട് ചെയ്ത വാർത്ത) വിപണിയിൽ വിറ്റു കൊണ്ടിരിക്കുന്ന ബ്ലാങ്കറ്റുകളുമായി മത്സരിച്ച് ഞങ്ങൾക്ക് ബ്ലാങ്കറ്റ് വിൽക്കാൻ കഴിയില്ല. എന്നാണ് ഒരാൾ ഇതിന് കാരണമായി പറഞ്ഞത്. മറ്റൊരാൾ ഞങ്ങൾക്ക് പട്ടണത്തിൽ വിൽക്കാനുള്ള ബുദ്ധിമുട്ടുമൂലം ഞങ്ങൾ ഗ്രാമങ്ങളിൽ ബ്ലാങ്കറ്റ് വിൽക്കാൻ നിർബന്ധിതരായിരിക്കുന്നു എന്നും അഭിപ്രായപ്പെട്ടു.

ബ്രിട്ടീഷ് ഇന്ത്യയിലെ നെയ്ത്തുകാരുടേയും ഇന്നത്തെ ഇന്ത്യയിലെ ഈ നെയ്ത്തുകാരുടേയും അവസ്ഥ താരമത്യം ചെയ്യുക. രണ്ടും ഒന്നു തന്നെയാണോ? അതോ വ്യത്യസ്തമോ ഈ അവസ്ഥയിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികൾ നിങ്ങൾക്ക് നിർദ്ദേശിക്കാനുണ്ട്?

### 5.3.2 ഭൂനിയമങ്ങളും ഭൂനികുതി വ്യവസ്ഥകളും

പുരാതന കാലത്തിനുശേഷം മുതൽ മനുഷ്യന്റെ നിത്യവൃത്തിക്കുള്ള പ്രധാന മാർഗ്ഗം കൃഷിയായിരുന്നു. ആയതിനാൽ എല്ലാ ഭരണാധികാരികളും സർക്കാരിന്റെ വരുമാന മാർഗ്ഗമായി ലോകമെമ്പാടും കണ്ടിരുന്നത് ഭൂനികുതിയായിരുന്നു. 18-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായി മാറി. ബ്രിട്ടീഷ് ഭരണകാലത്ത് ഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിച്ചുകൊണ്ടേയിരുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. ആദ്യം കച്ചവട ത്തിന് വന്ന ബ്രിട്ടീഷുകാർ സമ്പത്തിനുവേണ്ടി ഇന്ത്യയെ കീഴടക്കാൻ ആഗ്രഹിച്ചു. ഭരണ നിർവ്വഹണത്തിനും വ്യാപാരത്തിനും കമ്പനിയുടെ പ്രോജക്ടുകൾക്കും മറ്റും പണം അവർക്ക് ആവശ്യമായിരുന്നു. കൃഷിക്കാർക്ക് ദ്രോഹമായി തീർന്ന നിരവധി ഭൂനികുതി പരീക്ഷണങ്ങൾ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടത്തി. അവരുടെ നയങ്ങൾ നടപ്പിലാക്കാനും യുദ്ധശ്രമങ്ങൾക്കും മറ്റും വേണ്ടി അവർ ഇന്ത്യൻ കർഷകരിൽ നിന്നും പണം പിഴിഞ്ഞെടുത്തു. ബ്രിട്ടീഷുകാർക്കുവേണ്ട റവന്യൂ സംഭരിക്കുന്നതിന് അവർ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു. നിത്യച്ചെലവുകൾപോലും നേരിടാൻ കഴിവില്ലാ തിരുന്ന ആളുകളുടെ ജീവിതത്തെ ഇത് വല്ലാതെ ബാധിച്ചു. അവർക്ക് തങ്ങളുടെ ഉല്പന്നങ്ങളുടെ വിഹിതവും ഭൂപ്രഭുക്കൾക്കും കളക്ടറന്മാർക്കും നൽകേണ്ടിയിരുന്നു. തദ്ദേശ ഭരണീയർ ഗ്രാമീണരായ പാവങ്ങൾക്ക് ആശ്വാസമോ സ്വാഭാവിക നീതിയോ നൽകുന്നതിൽ പരാജയപ്പെട്ടു.

1793-ൽ കോൺവാലിസ് പ്രഭു ബംഗാളിലും ബീഹാറിലും ശാശ്വത ഭൂനികുതിവ്യവസ്ഥ (Permanent settlement) ആവിഷ്ക്കരിച്ചു. ഇതനുസരിച്ച് ഭൂപ്രഭു അല്ലെങ്കിൽ സെമിന്ദാർ ഒരു നിശ്ചിത തുക ട്രഷറിയിൽ നിക്ഷേപിക്കണം. ഇതിന് പകരമായി അവരെ ഭൂമിയുടെ പാരമ്പര്യ ഉടമകളായി അംഗീകരിക്കും. ഈ സമ്പ്രദായം സെമിന്ദാരൻമാരെ ഭൂഉടമകളാക്കി മാറ്റി. കമ്പനിക്ക് നൽകേണ്ട തുക ഒരു നിശ്ചിതകാലത്തേക്ക് നിശ്ചയിച്ച് ട്രഷറിയിൽ അടപ്പിക്കുന്നതിനാൽ കമ്പനിയുടെ സാമ്പത്തിക സ്ഥിതി സുരക്ഷിതമായി. രാജ്യത്തുനിന്ന് എത്ര റവന്യൂ വരുമാനം ഉണ്ടാകുമെന്നും ഒരു സെമിന്ദാർ എത്ര നികുതി അടയ്ക്കേണ്ടി വരുമെ

ന്നും രണ്ടു കൂട്ടർക്കും ഇതുമൂലം അറിയാൻ കഴിഞ്ഞു. കൂടുതൽ റവന്യൂ വരുമാനം ലഭിക്കാൻ അവർ കർഷകരോട് ഉത്പാദനം വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുമായിരുന്നു. നിശ്ചിത നികുതി കൃത്യസമയത്ത് കൊടുക്കാൻ ഒരു സെമിന്ദാർ അമാന്തം കാണിച്ചാൽ അയാളുടെ ഭൂമി എടുത്ത് മറ്റൊരു സെമിന്ദാറിന് വിൽക്കും. ഈ ഭൂനികുതി ഒരു പുതിയ സെമിന്ദാരി വർഗ്ഗത്തെ സൃഷ്ടിക്കുകയും അവർ ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ മിത്രങ്ങളായി പ്രവർത്തി ക്കുകയും ചെയ്തു.വേണ്ട സന്ദർഭങ്ങളിൽ അവർ ബ്രിട്ടീഷുകാരെ സഹായിക്കുകയും കൃഷിക്കാർക്കും ബ്രിട്ടീഷുകാർക്കുമിടയിലെ ഇടനിലക്കാരായി പ്രവർത്തിക്കുകയും ചെയ്തു. ഈ വർഗ്ഗം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷുകാരെ പിന്തുണച്ചവരാണ്.

1822 ൽ മഹൽവാരി എന്ന ഒരു പുതിയരീതി ഗംഗാതടത്തിലും വടക്ക് പടിഞ്ഞാറൻ പ്രവിശ്യകളിലും മധ്യ ഇന്ത്യയിലും പഞ്ചാബിലും ഏർപ്പെടുത്തി. ഈ രീതിയിൽ ഒരു മഹലിലെ (പ്രദേശം) നികുതി ആ പ്രദേശത്തെ മൊത്തം ഉല്പന്നത്തെ അടിസ്ഥാനമാക്കി ആയിരിക്കും. ഒരു മഹൽ എന്നത് ഒരു ഗ്രാമമോ അല്ലെങ്കിൽ ഒരു കൂട്ടം ഗ്രാമങ്ങളോ ചേർന്നതായിരിക്കും സർക്കാർ നിശ്ചയിക്കുന്ന നികുതിയടയ്ക്കാൻ ഈ മഹല്ലിലെ ഭൂമിയുടെ ഉടമസ്ഥർക്ക് കൂട്ടായ ഉത്തരവാദിത്തമാണുള്ളത്. ബ്രിട്ടീഷുകാർ വൻനികുതി ആവശ്യപ്പെട്ടിരുന്നതിനാൽ പാവപ്പെട്ട കർഷകർക്ക് ഈ സമ്പ്രദായം ഒരു പ്രയോജനവും ചെയ്തില്ല.

റയട്ട് വാരി (പണ്ടാരവക ഭൂമി) സമ്പ്രദായം ബ്രിട്ടീഷുകാർ 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബോംബെയുടെ വിവിധഭാഗങ്ങൾ, മദ്രാസ് പ്രസിഡൻസി എന്നിവിടങ്ങളിലാണ് തുടങ്ങിയത്. ഇതനുസരിച്ച് സർക്കാർ ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാരുമായി നികുതി നേരിട്ട് പറഞ്ഞ് ഉറപ്പിച്ചു. നികുതി കൊടുക്കാൻ കഴിയുന്നിടത്തോളം കാലം ഈ ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകന് തന്നെ നൽകി. വളരെ ഉയർന്ന നികുതിയാണ് സർക്കാർ ചുമത്തിയിരുന്നത്. അതിനാൽ കർഷകന്റെ നേരെയുള്ള ചൂഷണം തുടർന്നു കൊണ്ടേയിരുന്നു.

### 5.3.3 കൃഷിയുടെ വാണിജ്യവത്ക്കരണം

വൻതോതിലുള്ള വാണിജ്യവിളകളുടെ ഉൽപാദനമായിരുന്നു ബ്രിട്ടീഷ്നയത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സാമ്പത്തിക പ്രത്യാഘാതം. തേയില, കോഫി, നീലം, കറപ്പ്, പരുത്തി, ചണം, കരിമ്പ്, എണ്ണക്കുരുക്കൾ എന്നീ വാണിജ്യവിളകളാണ് പ്രധാനമായും ആരംഭിച്ചത്. വിവിധതരത്തിലുള്ള ഉദ്ദേശ്യങ്ങൾക്കുവേണ്ടി വിവിധതരം വാണിജ്യവിളകൾ തുടങ്ങി. ബ്രിട്ടന്റെ താൽപര്യത്തിന്, അവരുടെ ചൈനയുമായുള്ള തേയില വ്യാപാരം തുടരാനാണ് ഇന്ത്യയിലെ കറപ്പ് കൃഷിയെ ഉപയോഗിച്ചത്. കറുപ്പ് വിപണി ബ്രിട്ടീഷുകാരുടെ കർശന നിയന്ത്രണത്തിലായിരുന്നു. അതിനാൽ ഇന്ത്യൻ കർഷകർക്ക് ഈ കൃഷിയിലൂടെ ലാഭം നേടാൻ കഴിഞ്ഞില്ല. നീലകൃഷി ഇന്ത്യാക്കാരെക്കൊണ്ട് നിർബന്ധമായി ചെയ്യിപ്പിച്ചു. എന്നിട്ട് ബ്രിട്ടീഷുകാർ പറയുന്ന വ്യവസ്ഥകളിൽ വിൽക്കണം. നീലം ബ്രിട്ടനിലെ നഗരങ്ങളിലെ വസ്ത്ര നിർമ്മാണത്തിനു വേണ്ടിയായിരുന്നു. എല്ലാ കർഷകരും തങ്ങളുടെ ഭൂമിയുടെ ഇരുപതിൽ മൂന്നുഭാഗത്ത് നീലം കൃഷി ചെയ്യണമെന്ന് നിർബന്ധിച്ചിരുന്നു. നീലം കൃഷിമൂലം വളരെക്കാലത്തേക്ക് ഭൂമിയുടെ ഫലഭൂയിഷ്ഠത ഇല്ലാതാകുമായിരുന്നു. അതിനാൽ നീലം കൃഷിചെയ്യാൻ അവർ വിസമ്മതിച്ചിരുന്നു. തേയിലത്തോട്ടങ്ങളുടെ ഉടമസ്ഥാവകാശം കൂടെക്കൂടെ മാറ്റുമായിരുന്നു. തേയില തോട്ടങ്ങളിലെ ജോലിക്കാർ വലിയ യാതനകൾ നേരിട്ടാണ് ഈ ജോലി ചെയ്തിരുന്നത്.

കൃഷിയിലെ വാണിജ്യവത്ക്കരണം ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ വേഗം കൂട്ടി. തത്ഫലമായി ഭൂമി സ്വന്തമായി ഇല്ലാത്തവരുടെ എണ്ണം വർദ്ധിച്ചു. വാണിജ്യവത്ക്കരണ ത്തിന്റെ ഫലമായി ധാരാളം വ്യവസായികളും, കച്ചവടക്കാരും, ഇടനിലക്കാരുമുണ്ടായി.

ഈ സാഹചര്യം കൂടുതൽ ചൂഷണത്തിന് അവസരമുണ്ടാക്കി. കർഷകർ തങ്ങളുടെ ഉത്പന്ന ങ്ങൾ വിളവെടുപ്പ് കാലത്ത് തന്നെ വിൽക്കാനിടയാക്കി. വാണിജ്യവിളകളിലേക്ക് മാറിയ തിനാൽ ഭക്ഷ്യവിളകളുടെ ഉത്പാദനം കുറഞ്ഞു. ഭക്ഷ്യദൗർലഭ്യം രാജ്യത്ത് ഭക്ഷ്യക്ഷാമം ഉണ്ടാക്കി. ഇതിനെതിരെ കർഷകർ കലാപം ഉണ്ടാക്കിയതിൽ അദ്ഭുത പ്പെടാനൊന്നുമില്ല. അടുത്ത അധ്യായങ്ങളിൽ ഇക്കാര്യം കൂടുതലായി നിങ്ങൾ പഠിക്കും. ബ്രിട്ടന്റെ വിവിധ സാമ്പത്തിക നയങ്ങൾ മൂലം ഇന്ത്യയിൽ നിന്നും ധാരാളം സമ്പത്ത് ബ്രിട്ടനിലേക്ക് ഒഴുകി. ബ്രിട്ടീഷുകാർ നിയമിച്ച ഉദ്യോഗസ്ഥർക്കുള്ള ശമ്പളം, പെൻഷൻ, സൈനികർക്കും സിവിലിയൻ മാർക്കും നൽകുന്ന പരിശീലനത്തിന്റെ ചെലവ് എന്നീ കാര്യങ്ങൾ ഇന്ത്യയുടെ മേൽ വീണ്ടും ബാധ്യതകൾ അടിച്ചേൽപ്പിച്ചു. ഈ തുക ഇന്ത്യയുടെ നന്മയ്ക്കുവേണ്ടി വിനിയോഗിച്ചിരുന്നെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന വളരെ മെച്ചമാകുമായിരുന്നു. ഇന്ത്യൻ സമൂഹത്തിന്റെ സാമൂഹിക സംസ്കാരത്തെ, ബ്രിട്ടീഷുകാർ നടപ്പാക്കിയ സാമ്പത്തിക നയങ്ങൾ എപ്രകാരം ബാധിച്ചുവെന്ന് നമുക്ക് പഠിക്കാം.

### 5.3.4. പുതിയ പണവായ്പാ വിഭാഗത്തിന്റെ വളർച്ച

ബ്രിട്ടീഷ് സർക്കാരിന്റെ ഉയർന്ന സമയബന്ധിത നികുതിപ്രകാരം വായ്പ കൊടുക്കു ന്നവരിൽ നിന്ന് പണം കടമെടുക്കാൻ കർഷകർ നിർബന്ധിതരായി. ഇവരിൽ നിന്നും വലിയ പലിശ ഈടാക്കി. ഈ കർഷകരെ അവർ ചൂഷണം ചെയ്തു. നിയമാനു സൃത മല്ലാത്ത വിവിധ മാർഗ്ഗങ്ങൾ-കള്ള ഒപ്പ്, കള്ളക്കണക്ക്, കള്ളവിരൽ അടയാളം തുടങ്ങിയവ -ഇവർ ഇതിന് സ്വീകരിച്ചിരുന്നു. സർക്കാരിന്റെ പുതിയ വ്യവസ്ഥകളെല്ലാം പണം കൊടുക്കുന്നവരെ സഹായിക്കുന്ന വിധമായിരുന്നു. പ്രാദേശിക വ്യാപാരികളോ, ഭൂപ്രഭു ക്കന്മാരോ ആണ് ഇത്തരത്തിൽ കടം കൊടുത്തിരുന്നത്. മിക്കവാറും മുഴുവൻ പണം പലിശയോടെ തിരിച്ചടയ്ക്കാൻ കർഷകർക്ക് കഴിഞ്ഞിരുന്നില്ല. അങ്ങനെ ക്രമേണ അവരുടെ ഭൂമി പണവായ്പക്കാരന്റെ കൈയ്യിലെത്തിച്ചേർന്നു.

### 5.3.5. മധ്യ വർഗ്ഗത്തിന്റെ ഉയർച്ച

ബ്രിട്ടീഷുഭരണത്തിന്റെ ഫലമായി ഇന്ത്യയിൽ ഒരു മദ്ധ്യവർഗ്ഗം ഉയർന്നു വന്നു. ബ്രിട്ടീഷുകാ രുടെ വ്യാപാര താൽപര്യങ്ങൾ വർദ്ധിച്ചു വന്നതോടെ ഇന്ത്യൻ ജനങ്ങളിലെ ഒരു ചെറു വിഭാഗത്തിന് പുതിയ അവസ്സരങ്ങൾ ലഭിച്ചു. ബ്രിട്ടീഷ് വ്യാപാരികളുടെയും ജനങ്ങളുടെയും ഇടയിലുള്ള ഏജന്റുമാർ, ഇടനിലക്കാർ എന്നീ നിലകളിലാണ് ഈ വിഭാഗം പ്രവർത്തിച്ചിരുന്നത്. ഇതിന്റെ ഫലമായി അവർക്ക് വലിയ നേട്ടങ്ങൾ ഉണ്ടായി ശാശ്വത ഭൂനി കുതി സമ്പ്രദായത്തിന്റെ ഫലമായുണ്ടായ ഭൂഉടമസമ്പ്രദായവും ഈ പുതിയ വർഗ്ഗ ത്തിന്റെ ഭാഗമായിരുന്നു. നല്ലൊരു ഭാഗം പഴയ ഭൂഉടമസ്ഥർക്ക് തങ്ങളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം നഷ്ടപ്പെടുകയും അതിന്റെ സ്ഥാനത്ത് പുതിയ ഉടമകൾ വരികയും ചെയ്തു. ഇവർക്ക് ചെറിയ തോതിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചു. അങ്ങനെ അവർ പുതിയ പ്രമാണി മാരായി മാറി. ബ്രിട്ടീഷുഭരണം വ്യാപിച്ചതോടുകൂടി പുതിയ ജോലി അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പുതിയ നിയമക്കോടതികൾ, ഗവൺമെന്റ് ഉദ്യോഗങ്ങൾ, വ്യവസായ ഏജന്റൻമാർ തുടങ്ങിയ വയെല്ലാം ഇക്കാലത്ത് ഉണ്ടായതിന് സാക്ഷിയാകുവാൻ ഇന്ത്യൻ സമൂഹത്തിന് കഴിഞ്ഞു. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർക്ക് ഭരണാധികാരി കളിൽ നിന്ന് സ്വാഭാവികമായും ഒരു പ്രത്യേക പരിരക്ഷ ലഭിച്ചു. അങ്ങനെ പുതിയ തൊഴിൽ-സേവന രംഗത്ത് പ്രവർത്തിക്കുന്ന ഒരു മധ്യവർഗ്ഗം കൂടി ഭൂപ്രഭുക്ക ളോടൊപ്പം ഉണ്ടായി.

### 5.3.6 ഗതാഗതവും വാർത്താവിനിമയവും

കാളവണ്ടി, ഒട്ടകം തുടങ്ങിയ മൃഗങ്ങൾ എന്നിവയായിരുന്ന ഗതാഗതത്തിന് അന്ന് ഉപയോഗത്തിലിരുന്നത്. ബ്രിട്ടീഷുകാരുടെ വരവ് ഇതിന് മാറ്റം വരുത്തി. അസംസ്കൃത

സാധനങ്ങൾ തുറമുഖങ്ങളിലെത്തിക്കുന്നതിനും ബ്രിട്ടനിൽ നിർമ്മിച്ച സാധനങ്ങൾ ഇന്ത്യയുടെ എല്ലാഭാഗത്തും എത്തിക്കുന്നതിനും റെയിൽവേ ഗതാഗതം ആവശ്യമായി വന്നു. ഇന്ന് നാം കാണുന്ന വിപുലമായ റെയിൽവേ ശൃംഖലയുടെ തുടക്കം 19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടു കൂടിയാണ് ആരംഭിച്ചത്. ബ്രിട്ടീഷ് ബാങ്കർമാർക്കും നിക്ഷേപകർക്കും അവരുടെ മിച്ചമുള്ള ധനവും മറ്റും ഇന്ത്യയിലെ റെയിൽവേ നിർമ്മാണത്തിന് വിനിയോഗിക്കാൻ കഴിഞ്ഞു. ബ്രിട്ടീഷ് മുതലാളിമാർക്ക് ഇന്ത്യയിലെ റയിൽവേ നിർമ്മാണം രണ്ടുതരത്തിൽ പ്രയോജനപ്പെട്ടു. ഉല്പന്നങ്ങൾ ബുദ്ധിമുട്ടില്ലാതെയും ലാഭകരമായും തുറമുഖങ്ങളിൽനിന്ന് ആഭ്യന്തര കമ്പോള ങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു എന്നതാണ് ആദ്യത്തെ പ്രയോജനം. റയിൽ എൻജിൻ, കോച്ചുകൾ, റയിൽപാത നിർമ്മിക്കാനും മറ്റും ആവശ്യമായ മൂലധനത്തിന്റെ നിക്ഷേപം എന്നിവയെല്ലാംബ്രിട്ടനിൽ നിന്നാണ് എന്നുള്ള തായിരുന്നു രണ്ടാമത്തെ പ്രയോജനം. സർക്കാർ, മുതൽ മുടക്കുന്ന ബ്രിട്ടീഷുകാർക്ക് ഏറ്റവും കുറഞ്ഞത് 5 ശതമാനം ലാഭം ഉറപ്പ് നൽകിയിരുന്നു. കൂടാതെ ഈ കമ്പനികൾക്ക് 99 കൊല്ലകാലത്തേക്ക് പാട്ടത്തിന് സ്വതന്ത്രമായി ഉപയോഗിക്കാൻ ഭൂമിയും നൽകിയിരുന്നു.

ബ്രിട്ടീഷുകച്ചവടത്തിന്റെ നേട്ടത്തിന് വേണ്ടിയാണ് റയിൽവേ ആരംഭിച്ചതെങ്കിലും അത് നമ്മുടെ രാജ്യത്ത് രാഷ്ട്രീയബോധം ഉണർത്താൻ വലിയ പങ്കാണ് വഹിച്ചത്. ബ്രിട്ടീഷുകാർക്ക് ഒരിക്കലും മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും ഗതാഗതരംഗത്തെ വിപുലമായ ശൃംഖലയും മികച്ച വിദ്യാഭ്യാസവും ജനങ്ങളേയും ആശയങ്ങളേയും വളരെ അടുപ്പിച്ചു.

ബ്രിട്ടീഷ് ഭരണകാലത്ത്, സ്വാതന്ത്ര്യം, സമത്വം, മനുഷ്യാവകാശങ്ങൾ, ശാസ്ത്രം, സാങ്കേതിക വിദ്യ എന്നിവയെല്ലാം പാശ്ചാത്യരിൽ നിന്നും ഇന്ത്യാക്കാരിലേക്ക് പകർന്നു. ഇനിയും നമുക്ക് ആധുനിക ആശയങ്ങൾ ഇന്ത്യൻ സമൂഹത്തിലുളവാക്കിയ സ്വാധീനം പഠിക്കാം.

### നിങ്ങൾക്കറിയാമോ

മദ്രാസിലെ റെഡ്ഹിൽ റെയിൽവേ പാത. 1837 ൽ ഉദ്ഘാടനം ചെയ്ത ഈ പാത ഗ്രാനൈറ്റ് കല്ല് കൊണ്ടുവരാനാണ് ഉപയോഗിച്ചത്. 1853-ൽ ബോംബെ-താന പാതയാണ് ആളുകളെ വഹിച്ചുകൊണ്ട് യാത്ര ചെയ്ത ആദ്യത്തെ റയിൽപാത. ഇതേ കൊല്ലം തന്നെ ഡൽഹൗസി പ്രഭു കൽക്കത്ത മുതൽ ആഗ്രവരെയുള്ള കമ്പിത്തപാൽ ലൈൻ സ്ഥാപിച്ചു. ഇതോടൊപ്പം തന്നെ ഡൽഹൗസി പ്രഭു പോസ്റ്റൽ സമ്പ്രദായവും ഇന്ത്യയിലാരംഭിച്ചു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. താഴെപ്പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് പറയുക. എന്തുകൊണ്ട്?

   (a) നികുതിയില്ലാതെ ഇന്ത്യയിലേക്ക് വിദേശസാധനങ്ങൾ കൊണ്ടുവരുന്നത് ഇന്ത്യൻ സമ്പദ്ഘടനക്ക് നല്ലതാണ്.

   ______________________________

   (b) എല്ലാ ഭൂനികുതി വ്യവസ്ഥകളും ബ്രിട്ടീഷുകാരുടെ നന്മയ്ക്കു വേണ്ടിയായിരുന്നു.

   ______________________________

(c) നീലം, അരി, ഗോതമ്പ്, തേയില, കറപ്പ് എന്നീ 5 കാർഷികവിളകളും ബ്രിട്ടീഷുകാരാണ് ഇന്ത്യയിൽ ആരംഭിച്ചത്.

____________________________________

(d) പണം വായ്പ കൊടുത്തിരുന്ന വർഗ്ഗത്തിലെ ചിലർ പുതിയ ഭൂഉടമകളായി മാറി.

____________________________________

2. ബ്രിട്ടീഷുകാർ വിപുലമായ റയിൽവേയുടെ ഒരു ശൃംഖല ഇന്ത്യയിൽ തുടങ്ങിയതിന്റെ രണ്ടു കാരണങ്ങൾ എഴുതുക.

## 5.4 ബ്രിട്ടീഷ് ഭരണത്തിന്റെ സാമൂഹിക സാംസ്കാരിക ഫലങ്ങൾ

ബ്രിട്ടീഷുകാരുടെ വരവിനുശേഷം ഇന്ത്യൻ സമൂഹത്തിൽ ധാരാളം മാറ്റങ്ങൾ സംഭവിച്ചു. 19-ാം നൂറ്റാണ്ടിൽ ശിശുഹത്യ, ശൈശവവിവാഹം, സതി, ബഹുഭാര്യാത്വം, കടുത്ത ജാതി സമ്പ്രദായം തുടങ്ങിയ നിരവധി അനാചാരങ്ങൾ നിലനിന്നിരുന്നു. ഇവയെല്ലാം മനുഷ്യന്റെ അന്തസ്സിന് നിരക്കാത്തതും മാനുഷികമൂല്യങ്ങൾക്ക് യോജിക്കാത്തതുമായിരുന്നു. ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും സ്ത്രീകളോട് വിവേചനപരമായി പെരുമാറിയിരുന്നു. സ്ത്രീകൾ സമൂഹത്തിലെ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട വർഗ്ഗമായിരുന്നു. അവരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ഒരവസരവും അവർക്ക് നൽകിയിരുന്നില്ല. ഉന്നത ജാതിയിലെ ഒരുപിടി ആളുകൾക്ക് മാത്രമായി വിദ്യാഭ്യാസം പരിമിതപ്പെടുത്തിയിരുന്നു. സംസ്കൃതത്തിലെഴുതിയിട്ടുള്ള വേദങ്ങൾ പഠിക്കാൻ ബ്രാഹ്മണർക്ക് മാത്രമേ അവസര മുണ്ടായിരുന്നുള്ളൂ. വളരെ ചെലവേറിയ മതാചാരങ്ങളും ബലികളും മരണത്തിന് മുൻപും പിൻപും നടത്താനുള്ള അവകാശം പുരോഹിത വർഗ്ഗത്തിന് മാത്രമായിരുന്നു.

ബ്രിട്ടീഷുകാരുടെ വരവോടുകൂടി, നവോത്ഥാനം, മതനവീകരണം, മറ്റ് യൂറോപ്പിൽ നടന്ന വിപ്ലവങ്ങൾ എന്നിവയുടെ ഫലമായുണ്ടായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മനുഷ്യാവകാശം തുടങ്ങിയ ആശയങ്ങളും അവർ ഇന്ത്യയിലേക്ക് കൊണ്ടു വന്നു. നമ്മുടെ സമൂഹത്തിലെ കുറെ വിഭാഗങ്ങളിൽ ഈ ആശയങ്ങൾ സ്വാധീനം ചെലുത്തുകയും അതിന്റെ ഫലമായി ധാരാളം നവീകരണപ്രസ്ഥാനങ്ങൾ ഉണ്ടാവുകയും ചെയ്തു. രാജാറാം മോഹൻ റോയ്, സർ സെയ്ദ് അഹമ്മദ്ഖാൻ, അരുണാ ആസഫ് അലി, പണ്ഡിറ്റ് രമാഭായി തുടങ്ങിയ വരായിരുന്ന ഈ നവീകരണപ്രസ്ഥാനത്തിന്റെ മുന്നണിയിൽ നിന്ന് പ്രവർത്തിച്ച പ്രമുഖ ഭാരതീയർ. സാമൂഹിക ഐക്യം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ലക്ഷ്യമാക്കി ക്കൊണ്ടായിരുന്നു ഈ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചത്. വനിതകളുടെ പദവി ഉയർത്തുന്ന തിനുള്ള പല നിയമങ്ങളും അക്കാലത്ത് ആവിഷ്ക്കരിച്ചു. അന്ന് ഗവർണർ ജനറലായിരുന്നു. ബൻറിക് പ്രഭു 1829 ൽ സതി സമ്പ്രദായം നിരോധിച്ചത് അത്തരത്തിലുള്ള ഒരു നടപടിയുടെ ഉദാഹരണമാണ്. 1856-ൽ പാസ്സാക്കിയ നിയമമൂലം വിധവകൾക്ക് വീണ്ടും വിവാഹം കഴിക്കാനുള്ള അനുമതി ലഭിച്ചു. ശൈശവവിവാഹം നിരോധിച്ചു കൊണ്ടുള്ള ശാരദ ആക്ട് 1929 ൽ പാസ്സാക്കി. ഈ നിയമം അനുസരിച്ച് 14 വയസ്സിൽ താഴെയുള്ള പെൺകുട്ടിയും 18 വയസ്സിൽ താഴെയുള്ള ആൺകുട്ടിയും വിവാഹം കഴിക്കുന്നത് നിയമവിരുദ്ധമായി. എല്ലാ പ്രസ്ഥാനങ്ങളും ജാതി സമ്പ്രദായത്തേയും പ്രത്യേകിച്ച് അയിത്തത്തേയും കഠിനമായി വിമർശിച്ചിരുന്നു.

മഹദ് വ്യക്തികളുടേയും, സാമൂഹിക നവീകരണ സംഘടനങ്ങളുടേയും ഫലമായി ട്ടുണ്ടായ ധാരാളം മാറ്റങ്ങൾ ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. വനിതകൾ നല്ല വിദ്യാഭ്യാസ അവസരങ്ങൾ ഉപയോഗിക്കാൻ

തുടങ്ങി. വീടിന് പുറത്തുള്ള തൊഴിലുകളിലും ജോലികളിലും അവർ ഏർപ്പെട്ടുതുടങ്ങി. ഇന്ത്യൻ നാഷണൽ ആർമിയിലെ ക്യാപ്റ്റൻ ലക്ഷ്മി സെഗാൾ, സരോജിനി നായിഡു, ആനിബസന്റ്, അരുണ ആസിഫ് അലി തുടങ്ങിയവർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്ക് വളരെ വലുതാണ്.



**ചിത്രം 5.8** *ക്യാപ്റ്റൻ ലക്ഷ്മി സെഗാളും (മുൻ നിരയിൽ മധ്യം) മറ്റ് ഐഎൻഎ ഭടന്മാരും നേതാജി സുഭാഷ് ചന്ദ്രബോസിനോടൊത്ത് (നേതാജി മുൻനിരയിൽ ഇടത്ത്)*

### 5.4.1 സാമൂഹിക- സാംസ്കാരിക നയങ്ങൾ

വൻപിച്ച ലാഭം ഉണ്ടാക്കുക എന്ന ആശയവുമായിട്ടാണ് ബ്രിട്ടീഷുകാർ ഇന്ത്യയിലേക്കു വന്നത്. നിസ്സാര വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങി അതുകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾ വലിയ വിലയ്ക്ക് വിറ്റഴിക്കുന്നതിലൂടെയാണ് ഈ ലാഭം കൊയ്യാൻ അവരുദ്ദേശിച്ചത്. ബ്രിട്ടീഷുകാർ ഇന്ത്യാക്കാരെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നും ആധുനികവത്ക്കരിക്കണമെന്നും ആഗ്രഹിച്ചു. എന്നാലത് അവരുടെ ഉത്പന്നങ്ങൾ ഉപയോഗിക്കാനും അവരുടെ താത്പര്യങ്ങൾക്ക് തടസ്സം സൃഷ്ടിക്കാതിരിക്കാനും പറ്റിയ വിധം ആയിരിക്കണമെന്നും അവർക്ക് നിർബന്ധമുണ്ടായിരുന്നു.

പാശ്ചാത്യ ആശയങ്ങളാണ് ആധുനികമെന്നും മറ്റുള്ളതിനേക്കാൾ ഉയർന്നതെന്നും ചില ബ്രിട്ടീഷുകാർ വിശ്വസിച്ചിരുന്നു. എന്നാലതേസമയം ഇന്ത്യൻ ആശയങ്ങൾ പഴയതും അധമവുമാണെന്ന് കൂടി അവർ കരുതി. ഈ വിശ്വാസം തീർച്ചയായും തെറ്റായ ഒന്നായിരുന്നു. ഇന്ത്യൻ ആശയങ്ങൾ ഇന്നും പ്രസക്തവും സമ്പന്നവുമാണ്. ഇക്കാലത്ത് ഇന്ത്യാക്കാരോട് മനുഷ്യത്വപരമായി സമീപനം പുലർത്തുന്ന ഒരു കൂട്ടം പുരോഗമനവാദികൾ ഇംഗ്ലണ്ടിലു ണ്ടായിരുന്നു. അവർ ഇന്ത്യയെ ആധുനികവും പുരോഗമനപരവുമായ ഒരു ശാസ്ത്ര ലോക ത്തിന്റെ ഭാഗമായി കാണണമെന്നാഗ്രഹിച്ചു. ഇന്ത്യാക്കാരുടെ മതപരമായ വിശ്വാസങ്ങളിലും സാമൂഹികാചാരങ്ങളിലും വളരെ കൂടുതലായ ഇടപെടലുകൾ ഉണ്ടായാൽ അത് ആളുകളിൽ നിന്നും ശക്തമായ പ്രതികരണമുണ്ടാകുമെന്ന് അവർ ഭയന്നിരുന്നു. ഇന്ത്യയിൽ എക്കാലവും അവരുടെ ഭരണം നിലനിൽക്കണമെന്നും അതിനെതിരായി ജനങ്ങളിൽ നിന്ന് പ്രതികരണങ്ങൾ ഒന്നും ഉണ്ടാകരുതെന്നും അവർ

ആഗ്രഹിച്ചു. അതിനാൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമെന്ന് അവർ പറഞ്ഞിരുന്നെങ്കിലും യഥാർത്ഥത്തിൽ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ അവർ ചെയ്യാൻ ശ്രമിച്ചുള്ളൂ. അതു തന്നെ പകുതി മനസ്സോടെ മാത്രവുമായിരുന്നു.

### 5.4.2 വിദ്യാഭ്യാസ നയം

ഇംഗ്ലീഷ് ഭാഷ ഇന്ത്യയിൽ ആരംഭിക്കുന്ന കാര്യത്തിൽ അവർ വലിയ താത്പര്യം എടുത്തു. അതിന് അവർക്ക് നിരവധി കാര്യങ്ങളുണ്ടായിരുന്നു. ഇന്ത്യാക്കാരെ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത് അവരുടെ നയത്തിന്റെ ഒരു ഭാഗമായിരുന്നു. ഇന്ത്യാക്കാരെ വളരെ താഴ്ന്ന ശമ്പളത്തിൽ ക്ലർക്കൻമാരായി അവർക്ക് വേണമായിരുന്നു. എന്നാൽ ഇതേ ജോലി ചെയ്യുന്ന വിദേശികൾ വലിയ ശമ്പളം ആവശ്യപ്പെടുകയും ചെയ്തിരുന്നു. കുറഞ്ഞ ശമ്പള ത്തിന് ഇന്ത്യാക്കാരെ കിട്ടിയതിനാൽ ഭരണച്ചെലവ് വളരെ കുറഞ്ഞു. ബ്രിട്ടീഷുകാരോട് കൂറ് പുലർത്തുന്നവരും ഇന്ത്യാക്കാരുമായി ബന്ധപ്പെടാൻ താത്പര്യമില്ലാത്തവരുമായ ഒരു കൂട്ടം പേരെ സൃഷ്ടിക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. ഈ വിഭാഗം ആളുകളെ ബ്രിട്ടന്റെ സംസ്ക്കാരങ്ങളും അഭിപ്രായങ്ങളും അംഗീകരിക്കുന്ന വിധത്തിലാകത്തവണ്ണം അവരെ പഠിപ്പിച്ചു. ഇവർ ബ്രിട്ടന്റെ സാധനങ്ങൾ വാങ്ങാൻ പറ്റിയ വിപണികൾ ഉണ്ടാക്കുന്ന കാര്യ ത്തിൽ സഹായിക്കുകയും ചെയ്തു. വിദ്യാഭ്യാസം രാജ്യത്ത് അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം ശക്തിപ്പെടുത്തുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കണമെന്ന് അവർ ആഗ്രഹിച്ചു. കുറച്ച് വിദ്യാസമ്പന്നരായ ആൾക്കാർ ഇംഗ്ലീഷ് വിദ്യാഭ്യാസം സാധാരണ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുമെന്നും അങ്ങനെ ഈ വിദ്യാസമ്പന്നരായ ആൾക്കാരിൽ കൂടി രാജ്യം ഭരിക്കാമെന്നും അവർ കരുതി. ബ്രിട്ടീഷുകാർ ഇംഗ്ലീഷ് അറിയാ വുന്നവർക്കു മാത്രമേ ജോലി നൽകിയിരുന്നുള്ളൂ. തന്മൂലം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാൻ ഇന്ത്യാക്കാർ തയ്യാറായി. വിദ്യാഭ്യാസം പെട്ടെന്ന് ധനികരുടെ കുത്തകയും നഗരവാസികളുടേതു മായിതീർന്നു.

A.D 1813 ൽ ബ്രിട്ടീഷ് സർക്കാർ ചാർട്ടർ ആക്ട് പാസ്സാക്കി. അതനുസരിച്ച് ഇന്ത്യയിൽ ശാസ്ത്രപഠനം നടപ്പിലാക്കാൻ ഒരു ലക്ഷം രൂപാ അനുവദിച്ചു. എന്നാൽ പണം അനുവദിച്ച തോടൊപ്പം തന്നെ ഒരു വിവാദവും പൊന്തി വന്നു. ശാസ്ത്രപഠനത്തിനുവേണ്ടിയല്ല പണം ചെലവഴിക്കേണ്ടത് പാശ്ചാത്യ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് വേണ്ടി ആയിരിക്കണം എന്നതായിരുന്നു മറ്റൊരു അഭിപ്രായം. പാരമ്പര്യ ഇന്ത്യൻ പഠനത്തിന് കൂടുതൽ പ്രാധാ ന്യം നൽകണമെന്നും ചിലർ അഭിപ്രായപ്പെടുകയുണ്ടായി. പഠന മാധ്യമം തദ്ദേശഭാഷയായി രിക്കണമെന്നും അതല്ല ഇംഗ്ലീഷ് ആയിരിക്കണം എന്നും രണ്ട് ചിന്താധാരകളും ഇക്കാല ത്തുണ്ടായി. ഈ അവ്യക്തതയ്ക്കിടയിൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠനം നടത്തു ന്നതിന്റെയും ഇംഗ്ലീഷ് ഒരു വിഷയം എന്ന നിലയിൽ പഠനം നടത്തുന്നതിന്റേയും വ്യത്യാസം മനസ്സിലാ ക്കാൻ കഴിയാതെ പോയി. ഇംഗ്ലീഷുകാർ സ്വാഭാവികമായും ഇംഗ്ലീഷ് മാധ്യമമായി ഉപയോഗി ക്കുന്നതിനും പാശ്ചാത്യ ആശയങ്ങളും സാഹിത്യവും പഠിപ്പിക്കുന്നതിനും അനുകൂല മായിരുന്നു.

1854 ലെ 'Woods despatch' ഇന്ത്യയിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ചുമതല സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു. Woods despatch' നിർദ്ദേശങ്ങളനുസരിച്ച് എല്ലാ പ്രൊവിൻസുകളിലും ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യുക്കേഷൻ രൂപീകരിച്ചു. കൂടാതെ 1857 ൽ കൽക്കട്ട, മദ്രാസ്, ബോംബെ എന്നിവിടങ്ങളിൽ അഫിലിയിറ്റേഡ് സർവ്വകലാശാല കൾ ആരംഭിച്ചു. എലിമന്ററി സ്ക്കൂളുകൾക്കു പകരമായി കുറച്ച് ഇംഗ്ലീഷുസ്ക്കൂളുകളും കോളേജുകളും തുടങ്ങി. സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യം അവഗണിക്കപ്പെട്ടു. വിദ്യാഭ്യാസ രംഗത്ത് ഇത്രയും വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭി

ച്ചെങ്കിലും ഇതു കൊണ്ട് ആളുകളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞിരുന്നില്ല.

ബ്രിട്ടീഷുകാർ അർദ്ധമനസ്സോടുകൂടിയ ഒരു വിദ്യാഭ്യാസ നയമാണ് ഇന്ത്യയിൽ നടപ്പിലാക്കിയതെങ്കിലും സമൂഹത്തിൽ ഇംഗ്ലീഷ് ഭാഷയും പാശ്ചാത്യ ആശയങ്ങളും നല്ല ചില ഫലങ്ങൾ ഉളവാക്കി. രാജാറാം മോഹൻ റായ്, ഈശ്വരചന്ദ്ര വിദ്യാസാഗർ, സ്വാമി ദയാനന്ദ സരസ്വതി, സർ സയ്ദ് അഹമ്മദ്ഖാൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ സാമൂഹ്യ പരിഷ്ക്കർത്താക്കൾ ജനാധിപത്യം, സ്വാതന്ത്ര്യം തുടങ്ങിയ പാശ്ചാത്യ ആശയങ്ങൾ സ്വാംശീകരിച്ച്, അന്ന് ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന മനുഷ്യത്വരഹിതമായ മതപരവും സാമൂഹികവുമായ ആചാരങ്ങളെ പരിഷ്ക്കരിച്ചവരായിരുന്നു. വിദ്യാഭ്യാസം സാധാരണ ജനങ്ങളിലേക്ക് എത്തിയിരുന്നില്ലെങ്കിലും സാമ്രാജ്യത്വ വിരുദ്ധത, ദേശീയത, സാമ്പത്തികവും സാമൂഹികവുമായ സമത്വം തുടങ്ങിയ ആശയങ്ങൾ, രാഷ്ട്രീയ പാർട്ടികൾ പൊതു സ്ഥലങ്ങളിൽ നടത്തിയ ചർച്ചകൾ, സംവാദങ്ങൾ, പത്രങ്ങൾ എന്നിവകളിൽ കൂടി ജനങ്ങളിൽ വേരുപിടിച്ചിരുന്നു.

ആധുനികത, യുക്തിബോധം, ജനാധിപത്യം, സ്വാതന്ത്ര്യം, ദേശസ്നേഹം തുടങ്ങിയ വീക്ഷണങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും ഇംഗ്ലീഷുഭാഷയുടെയും പ്രചാരം മൂലം ഇന്ത്യാക്കാർ സ്വീകരിക്കാനിടയായി. മാത്രവുമല്ല ശാസ്ത്രം, മാനവിക വിഷയങ്ങൾ, സാഹിത്യം തുടങ്ങി പുതിയ വിജ്ഞാനശാഖകൾ ഇന്ത്യാക്കാർക്ക് തുറന്നുകിട്ടുകയും ചെയ്തു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാസമ്പന്നരായ ആളുകൾ തമ്മിലുള്ള ആശയവിനിമയത്തിനുള്ള ഭാഷയായി ഇംഗ്ലീഷ് മാറുകയും ചെയ്തു. ഇത് ആളുകളെ പരസ്പരം യോജിപ്പി ക്കുകയും ക്രമേണ അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള രാഷ്ട്രീയ ബോധം അവരിൽ ഉണ്ടാക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ പോയി വിദ്യാഭ്യാസം ചെയ്യാനും അവിടെയുള്ള ജനാധിപത്യ സ്ഥാപനങ്ങൾ പരിചയപ്പെടാനും ഇന്ത്യാക്കാർക്ക് അവസരം കിട്ടി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം,മനുഷ്യാവകാശങ്ങൾ, സ്വയംഭരണം എന്നീ ആശയങ്ങൾ പ്രസിദ്ധചിന്തകനും എഴുത്തുകാരുമായ ജോൺലോക്, റസ്കിൻ, മിൽ, റൂസ്സോ തുടങ്ങിയവരുടെ രചനകളിൽകൂടി അവരിൽ രൂഢമൂലമായി. ഫ്രഞ്ച് അമേരിക്കൻ വിപ്ലവങ്ങളും ഇറ്റലിയുടേയും ജർമ്മനിയുടേയും ഏകീകരണവും ഈ ആശയങ്ങൾ അവരിൽ ബലപ്പെടുത്താൻ സഹായിച്ചു. കേവർ, ഗരിബാൾഡി, മസ്സിനി എന്നിവർ അവരുടെ ഇഷ്ടപ്പെട്ട വീരനായകരായി മാറി. ഈ മാതൃകകൾ ഇന്ത്യയിൽ പ്രാവർത്തിക മാക്കാൻ അവർ ആഗ്രഹിച്ചു.

ഇന്ത്യൻ പൈതൃകത്തിലും സംസ്ക്കാരത്തിലും അഭിമാനമുണ്ടാക്കുന്നതിനുവേണ്ടി പാശ്ചാത്യ ചിന്തകരായ മാക്സ്മുള്ളറും ആനിബസന്റും നാട്ടുഭാഷകളും സാഹിത്യകൃതികളും പ്രോത്സാഹിപ്പിച്ചു. തൻമൂലം ഇന്ത്യാക്കാർക്ക് തങ്ങളുടെ സാംസ്ക്കാരിക പാരമ്പര്യം പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. രാഷ്ട്രീയമായ ഉണർവ് ഉണ്ടാക്കുന്നതിലും ആശയങ്ങൾ കൈമാറ്റം ചെയ്യുന്നതിലും അച്ചടിശാലകൾ വഹിച്ച പങ്ക് സ്മരണീയമാണ്. പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും ആശയങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കാനുള്ള അവസരം നൽകി. അതുപോലെ നോവൽ, നാടകം, ചെറുകഥ, കവിത, ഗാനങ്ങൾ, നൃത്തം, കലകൾ, സിനിമ എന്നിവയിൽ കൂടി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും കാളോണിയൽ ഭരണ സമ്പ്രദായത്തിനെതിരെ എതിർപ്പു പ്രകടിപ്പിക്കാനും സാധിച്ചു. സാധാരണ ജനങ്ങളുടെ ഭാഷയും അവരുടെ ജീവിതവും സന്തോഷവും സങ്കടവും എല്ലാം പ്രദർശിപ്പിക്കുന്നതായിരുന്നു ഈ പറഞ്ഞ മാധ്യമങ്ങൾ. പത്രങ്ങളും പ്രസിദ്ധീകരണങ്ങളും ആത്മവിശ്വാസം, ആത്മാഭിമാനം, അവബോധം, ദേശീയത എന്നീ വികാരങ്ങളിലൂടെ ദേശീയബോധം ജനങ്ങളിൽ വളർത്തി.

### നിങ്ങൾക്കറിയാമോ

1943 ൽ ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസ്സോസിയേഷൻ (IPTA) സ്ഥാപിച്ചു. അഭിപ്രായവ്യത്യാസവും എതിർപ്പും പ്രകടിപ്പിക്കാനുള്ള ഒരു അവിഭാജ്യമാധ്യമമായി സംഗീതത്തെ ഈ സംഘടന ഉപയോഗിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷവും അതിന്റെ സാംസ്ക്കാരിക പ്രവർത്തനങ്ങൾ തുടർന്നു. ചൂഷണത്തിനെതിരായ അവബോധം, കർഷകത്യാഗങ്ങൾ അനശ്വരമാക്കൽ, 1857 ലെ വിപ്ലവം, അമൃതസറിലെ ജാലിയൻ വാലബാഗിൽ നടന്ന നരഹത്യകൾ തുടങ്ങിയവയായിരുന്നു ഇവരുടെ ഗാനങ്ങളുടെ വിഷയങ്ങൾ. യുദ്ധത്തിന്റെയും ലഹളകളുടേയും നിരർത്ഥകതയും ഇന്ത്യയുടെ വിഭജനത്തിനെതിരെയുള്ള പ്രതിഷേധവും അവർ ഗാനങ്ങളിൽകൂടി അവതരിപ്പിച്ചു.

തങ്ങളുടെ ഭരണം ഫലപ്രദമാക്കാൻ ബ്രിട്ടീഷുകാർ ധാരാളം തന്ത്രങ്ങൾ രൂപപ്പെടുത്തിയിരുന്നു. വാറൻ ഹേസ്റ്റിംഗ്സ്, വില്യം ജോൺസ്, ജോനാഥൻ ഡൺകൻ എന്നിവരെപ്പോലെയുള്ള ആദ്യകാല ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയുടെ പുരാതനപാരമ്പര്യത്തെ പ്രകീർത്തിച്ചിരുന്നു. ഈ പണ്ഡിതരായ ഭരണകർത്താക്കളെ 'ഓറിയന്റലിസ്റ്റുകൾ' എന്ന് വിളിക്കപ്പെട്ടിരുന്നു. ഇന്ത്യൻ ഭാഷകളും സാഹിത്യവും സംസ്ക്കാരവും അറിഞ്ഞിരിക്കുന്നത് ഇന്ത്യയിലെ അവരുടെ ഭരണത്തെ എളുപ്പമാ ക്കുമെന്ന് അവർ വിചാരിച്ചിരുന്നു. ഈ ഭരണാധികാരികളുടെ ശ്രമഫലമായി ധാരാളം പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ജന്മമെടുത്തു. 1781 ൽ വാറൻ ഹേസ്റ്റിംഗ്സ് കൽക്കത്ത മദ്രസ്സയും 1784 -ൽ വില്യം ജോൺസ് ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാളും 1794 -ൽ ജോനാഥൻഡൺകൻ ബനാറസിലെ സംസ്കൃത കോളേജും, 1800 ൽ വെല്ലസ്ലി ഫോർട്ട് വില്യം കോളേജും സ്ഥാപിച്ചു. ഈ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഏഷ്യാറ്റിക് സൊസൈറ്റിയും ഫോർട്ട് വില്യം കോളേജും ഇന്ത്യൻ സംസ്ക്കാരം, ഭാഷ, സാഹിത്യം എന്നിവയുടെ പഠനത്തിനുള്ള പ്രഭവകേന്ദ്രങ്ങളായിതീർന്നു. സംസ്കൃത ഭാഷയിലെ കാളിദാസനെപ്പോലെയുള്ള മഹാകവികളെ തങ്ങളുടെ വിശിഷ്ട കൃതികൾ ഇംഗ്ലീഷ് ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതിലൂടെ ലോകം മുഴുവൻ ആദ്യമായി അറിയാനിടയായി.

## പാഠ്യ പ്രവർത്തനം - 5.3

ഇന്ത്യയുടെ സംസ്ക്കാരം, വിജ്ഞാനം, പാരമ്പര്യം ഇവയെ മഹത് വത്ക്കരിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച ചില വ്യക്തികൾ ഇക്കാലത്ത് ഉണ്ടായിരുന്നു. ലോകമെമ്പാടും തങ്ങളുടെ സംഭാവനകൾ വിലമതിച്ചിരുന്ന കുറച്ചു മഹദ്വ്യക്തികളുടെ പേരുകൾ താഴെ കൊടുക്കുന്നു. ഗ്രന്ഥശാല, ഇന്റർനെറ്റ് എന്നിവയിൽ കൂടി അവരുടെ കൂടുതൽ കാര്യങ്ങളും കൃതികളും മറ്റും അറിയാനുള്ള ഒരന്വേഷണം നടത്തുക.

1. ആര്യഭട്ട ......................................................................................................
2. ചരക ......................................................................................................
3. മൈത്രേയി ......................................................................................................
4. ഗാർഗി ......................................................................................................

ഈ പഠനം ഇന്ത്യയുടെ ഭൂതകാലത്തിൽ അഭിമാനം കൊള്ളാനും നമ്മുടെ ആത്മാഭി മാനം വീണ്ടെടുക്കാനും ഇന്ത്യാക്കാരെ എങ്ങനെ സഹായിച്ചിട്ടുണ്ടായിരിക്കണം എന്ന് നിങ്ങൾ ചിന്തിക്കുക.

### 5.4.3. പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ഫലങ്ങൾ

എങ്ങനെയാണ് മത-സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനത്തിലേക്ക് നയിച്ചത്. പരിഷ്ക്കർത്താക്കളുടെ നിരന്തരമായ പരിശ്രമം സമൂഹത്തിൽ ബൃഹത്തായ സ്വാധീനമാണ് ചെലുത്തിയത്. മതപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ വലുതായ ആത്മാഭിമാനം, ആത്മവിശ്വാസം, രാജ്യത്തോട് അഭിമാനം എന്നിവ ഇന്ത്യാക്കാരുടെ മനസ്സിൽ സൃഷ്ടിച്ചു. ആധുനികലോകവുമായി അടുക്കാൻ ഈ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ധാരാളം ഇന്ത്യാ ക്കാരെ സഹായിച്ചു.

### 5.4.4 ബ്രിട്ടീഷ് ഭരണവും നീതിന്യായ വ്യവസ്ഥയും

ബ്രിട്ടീഷുകാർ ആരംഭിച്ച ഭരണ സമ്പ്രദായത്തോടെ ഇന്ത്യാക്കാർക്ക് പൊരുത്തപ്പെടാൻ വലിയ പ്രയാസമായിരുന്നു. ഇന്ത്യാക്കാരുടെ രാഷ്ട്രീയ അവകാശങ്ങളെല്ലാം നിഷേധിക്കുകയും അവരോട് ബ്രിട്ടീഷ് ഓഫീസർമാർ അവജ്ഞയോടെ പെരുമാറുകയും ചെയ്തു. ഭരണരംഗത്തും സൈന്യത്തിലുമുള്ള ഉയർന്ന സ്ഥാനങ്ങളിൽ നിന്നെല്ലാം ഇന്ത്യാക്കാരെ ഒഴിവാക്കിയിരുന്നു.

ഒരു പുതിയ നീതിന്യായ വ്യവസ്ഥ അവർ നടപ്പിലാക്കി. സിവിൽ, ക്രിമിനൽ, കോടതികളുടെ ഒരു ശ്രേണി നിലവിൽ കൊണ്ടു വന്നു. നിയമങ്ങൾ ക്രോഡീകരിച്ചു. ജുഡീഷറിയെ എക്സിക്യൂട്ടീവിൽനിന്ന് വേർപെടുത്തി. ഇന്ത്യയിൽ നിയമവാഴ്ച സ്ഥാപിക്കാനുള്ള ശ്രമങ്ങ ളുണ്ടായി. എന്നാൽ ഇത് ബ്രിട്ടീഷുകാർക്ക് ഏകപക്ഷീയമായ അധികാരങ്ങൾ നൽകാനും ഇന്ത്യാക്കാരുടെ അവകാശങ്ങളിലും സ്വാതന്ത്ര്യത്തിലും കൈകടത്താൻ അവരെ സഹായിക്കുകയും ചെയ്തു. നിയമകോടതികൾ സാധാരണക്കാർക്ക് എളുപ്പം പ്രാപ്യമായിരുന്നില്ല. നീതി വലിയ ചെലവേറിയ ഒരു കാര്യമായി മാറി. പുതിയ നീതിന്യായ വ്യവസ്ഥ യൂറോപ്യരെയും ഇന്ത്യാക്കാരേയും വേർതിരിച്ചു കണ്ടിരുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 5.3

1. ചേരുംപടി ചേർക്കുക

| | | | |
|---|---|---|---|
| (a) | വിധവാ പുനർവിവാഹനിയമം | (i) | 1857 |
| (b) | ചാർട്ടർ ആക്ട് | (ii) | 1794 |
| (c) | വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് | (iii) | 1813 |
| (d) | ബനാറസിലെ സംസ്കൃത കോളേജ് | (iv) | 1856 |
| | | (v) | 1855 |

2. ബ്രിട്ടീഷുകാർ സ്ഥാപിച്ച ഇന്ത്യൻ സംസ്ക്കാരത്തിൻേറയും ഭാഷകളുടേയും രണ്ട് കേന്ദ്രങ്ങൾ എഴുതുക.

3. ബ്രിട്ടീഷ് ഇന്ത്യയിലെ വനിതകളുടെ പദവി ഉയർത്താൻ എടുത്ത രണ്ട് നിയമ നടപടികൾ ലഘുവായി വിശദീകരിക്കുക.

## 5.5. പ്രതിഷേധ പ്രസ്ഥാനങ്ങൾ

സാമ്പത്തിക, രാഷ്ട്രീയ, സാമൂഹികരംഗങ്ങളിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ദൂഷ്യ ഫലങ്ങൾ മൂലം ഭാരതീയരിൽ വിദേശികളോട് കടുത്ത പ്രതിഷേധം ജനിപ്പിച്ചു. ഇത് രാജ്യം മുഴുവൻ ബ്രിട്ടീഷ്കാർക്കെതിരായ നിരവധി പ്രസ്ഥാനങ്ങളിലേക്ക് നയിച്ചു. കൃഷിക്കാരും മറ്റ് പാവങ്ങളും ചൂഷക ഭരണാധികാരികൾക്കെതിരെ കലഹം തുടങ്ങി. ഇതിനെ സംബന്ധിച്ച്

അടുത്ത അധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. 15 ലക്ഷം ജനങ്ങളെ മരണത്തി ലേക്ക് നയിച്ച 7-ക്ഷാമകാലങ്ങൾ 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുണ്ടായതായി രേഖപ്പെടു ത്തിയിട്ടുണ്ട്. അതുപോലെ 19-ാം നൂറ്റാണ്ടിന്റെ രണ്ടാമത്തെ പകുതിയിൽ 24 ക്ഷാമങ്ങളും ഇരുന്നൂറു ലക്ഷം മരണങ്ങളും ഉണ്ടായി. ഇതിൽ ഏറ്റവും ഭീകരം മുപ്പത് മുതൽ നാൽപ്പത് ലക്ഷം വരെ ആളുകൾ മരണമടഞ്ഞ 1943-ലെ ബംഗാൾ ക്ഷാമമായിരുന്നു. കൃഷിക്കാർ നികുതി ചുമത്തപ്പെട്ടതിനാലും വല്ലാതെ കഷ്ടപ്പെട്ടു. ബംഗാൾ ക്ഷാമത്തെ അതിജീവി ച്ചവർ സന്യാസിമാരുടേയും ഫക്കീറുകളുടേയും നേതൃത്വത്തിലുള്ള റബൽ സംഘങ്ങളിൽ അംഗങ്ങളായി. 1783-ൽ പ്രക്ഷോഭകർ കമ്പനിക്ക് നികുതി നൽകുന്നത് നിർത്തി. എന്നാൽ ഈ പ്രക്ഷോഭകാരികളെയെല്ലാം ബ്രിട്ടീഷുകാർ പരാജയപ്പെടുത്തി കീഴടക്കി. തമിഴ്നാട്. മലബാർ,ആന്ധ്രാ പ്രദേശത്തെ തീരദേശങ്ങളിൽ ഉണ്ടായിരുന്ന പോളിഗാർമാർ, മലബാറിലെ മാപ്പിളമാർ ഇവരെല്ലാം കോളോണിയൽ ഭരണത്തിനെതിരായി ലഹളകൾ നടത്തി. പശ്ചിമ ഉത്തരപ്രദേശിലെയും ഹരിയാനയിലേയും ജാട്ട് വിഭാഗവും 1824 ൽ കലാപങ്ങൾ നടത്തുകയുണ്ടായി. മഹാരാഷ്ട്രയിലും ഗുജറാത്തിലുമൊക്കെ ഇതുപോലെ വിപ്ലവങ്ങൾ ബ്രിട്ടീഷുകാരുടെ ഭരണത്തിനെതിരായി നടന്നു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആദിവാസികളും അവരുടെ ഭൂപ്രദേശങ്ങളിൽ ബ്രിട്ടീഷുകാർ അധീശത്വം സ്ഥാപിക്കുന്നതിനെതിരെ വിപ്ലവങ്ങൾ നടത്തുകയുണ്ടായി. ആദിവാസികൾ പലതരത്തിലുള്ള പീഡനങ്ങൾക്ക് വിധേയരായിരുന്നു. ഖന്ദേശിലെ ഭിൽസ് സിംഗ്ഭത്തിലെ കോളി എന്നിവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ അവർ വിപ്ലവങ്ങൾ നടത്തി. എന്നാൽ ഈ വിപ്ലവങ്ങളെല്ലാം ദാരുണമായി പരാജയ പ്പെടുത്തി. മർദ്ദിതരായ സന്താളുകൾ ബംഗാൾ, ബീഹാർ, ഒറിസ്സ എന്നീ പ്രദേശങ്ങളിൽ തങ്ങളുടെ ഭൂമികളിൽ നിന്ന് അവരെ ബലം പ്രയോഗിച്ച് ഇറക്കിവിട്ടതിന്റെ പേരിൽ ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവം നടത്തി. ഈ വിപ്ലവകാരികൾ അവരുടെ ഒരു ഗവൺമെന്റ് രൂപീകരിക്കുകയുണ്ടായി. എന്നാൽ ഇവരെയും ബ്രിട്ടീഷുകാർ പരാജയപ്പെടുത്തി. ഈ വിപ്ലവങ്ങളെല്ലാം പരാജയപ്പെട്ടെങ്കിലും ബ്രിട്ടീഷ് ഭരണത്തിന്റെ ജനവിരുദ്ധ സ്വഭാവം തുറന്നു കാട്ടുവാൻ സഹായിച്ചു. ഇന്നും നമ്മുടെ സമൂഹത്തിൽ ധാരാളം അസമാനതകൾ നമുക്ക് കാണാൻ കഴിയും. രാജ്യത്തെ ജനസംഖ്യയുടെ ഏതാണ്ടു മൂന്നിലൊന്നു ഭാഗം ഇപ്പോഴും ജീവിക്കാൻ ബുദ്ധിമുട്ടുന്നുണ്ട്. ഈ സാഹചര്യവും സ്വാതന്ത്ര്യം ലഭിക്കുന്ന കാലവുമായി നിങ്ങൾ താരതമ്യം ചെയ്യുക. നമ്മൾ നല്ല പുരോഗതി നേടിയിട്ടുണ്ടെങ്കിലും നമുക്ക് വളരെയധികം മുന്നോട്ടുപോകാൻ ഇനിയും ഉണ്ട്.



**ചിത്രം 5.9** *സന്താൾ കലാപം: റെയിൽവേ എഞ്ചിനീയർമാരും സന്താളുകളും തമ്മിൽ (ലണ്ടൻ ന്യൂസിൽ നിന്ന് എടുത്തത് -1856)*

## പാഠ്യ പ്രവർത്തനം 5.4

വിദഗ്ധരുടെ അഭിപ്രായത്തിൽ 2002 -നും 2006 -നും ഇടയ്ക്ക് 17500 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. കർഷക ആത്മഹത്യകൾ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണാടക, ഗുജറാത്ത്, കേരള, പഞ്ചാബ്, ഛത്തിസ്ഘട്ട്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നെല്ലാം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആത്മഹത്യയുടെ കാരണം വിളനാശവും കടങ്ങളും ആണ്. നല്ലൊരു ഭാഗം കർഷകരും കൃഷി ഉപേക്ഷിച്ചു. പത്രങ്ങൾ, മാസികകൾ, ഇന്റർനെറ്റ് എന്നിവ വഴിയോ അല്ലെങ്കിൽ അഞ്ചോ ആറോ കർഷകരോടൊ ചോദിച്ചോ കൂടുതൽ വിവരങ്ങളും ആത്മഹത്യ പോലുള്ള കഠിന നടപടികൾ സ്വീകരിക്കുന്നതിന്റെ കാരണങ്ങളും മനസ്സിലാക്കുക. ഇക്കാര്യത്തെക്കുറിച്ചുള്ള നിങ്ങളുടെ ചിന്തകളും പങ്കുവയ്ക്കുക.

നിങ്ങൾ 'Peepli Live' എന്ന സിനിമ കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കാണാൻ കഴിയുമെങ്കിൽ കാണുക.

### 5.5.1 1857 ലെ വിപ്ലവത്തിന്റെ ഫലങ്ങൾ

1770 നും 1857 നും ഇടയിൽ 12 വലിയതോതിലുള്ളതും ധാരാളം ചെറിയ തോതിലുള്ളതുമായ ക്ഷാമം ഇന്ത്യയിലുണ്ടായി. കർഷകരും കൈത്തൊഴിലുകാരും വളരെയധികം സാമ്പത്തിക ദുരിതങ്ങൾ നേരിട്ടു. ബ്രിട്ടീഷുകാരോടുള്ള വിരോധം വർദ്ധിപ്പിക്കാൻ ഇതെല്ലാം ഇടയാക്കി. അവസാനം ഈ അമർഷങ്ങളെല്ലാം 1857 ലെ വിപ്ലവത്തിൻ കലാശിച്ചു. സാധാരണ മനുഷ്യരുടെ വികാരങ്ങളെ ഒന്നും അവർ കണക്കിലെടുത്തിരുന്നില്ല. മൃഗീയമായ ഒരു ഭരണമാണ് അവർ നടത്തിയത്. അതിനാൽ ചില സാമൂഹ്യാചാരങ്ങൾക്ക് അറുതി വരുത്താൻ അവർ ശ്രമിച്ചത് ക്രിസ്തുമതത്തിലേക്ക് ആളുകളെ പരിവർത്തനം ചെയ്യാനാണെന്നാണ് ഇന്ത്യാക്കാർ കരുതിയത്. ഇതിന്റെയെല്ലാം ഫലമായി ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ഭരണ കാലത്ത് ധാരാളം ലഹളകളും കലാപങ്ങളും നടന്നു. വരുന്ന അധ്യായങ്ങളിൽ ചില പ്രധാന പ്പെട്ട ജനകീയ മുന്നേറ്റങ്ങളും അതിന്റെ പ്രത്യേകതകളും നിങ്ങൾ പഠിക്കും. നമ്മുടെ ദേശീയ പ്രസ്ഥാനത്തിൽ 1857 ലെ വിപ്ലവം വലിയ സ്വാധീനമാണ് ചെലുത്തിയത്. വ്യത്യസ്തമായ, വംശം, മതം, വർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവരെ ഒരുമിച്ച് കൊണ്ടുവന്ന് ആദ്യമായി നടത്തിയ യുദ്ധമായിരുന്നു 1857 ലെ ഇന്ത്യൻ വിപ്ലവം. ഈ വിപ്ലവം ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണം അവസാനിപ്പിക്കുകയും ഇൻഡ്യൻ സ്റ്റേറ്റുകളോട് ബ്രിട്ടീഷുകാരുടെ നയത്തിൽ മാറ്റം വരുത്തി ക്കുകയും ചെയ്തു. ദേശീയതയുടെ ഉദയമാണ് ഈ വിപ്ലവത്തിന്റെ പ്രധാനഫലം.വരും നാളു കളിൽ സ്വതന്ത്ര ഇന്ത്യയിൽ മറ്റുള്ളവർക്ക് ജീവിക്കാൻ വേണ്ടി ജീവത്യാഗം ചെയ്ത വീരനായകരെപ്പറ്റി ജനങ്ങൾ കൂടുതൽ ബോധവാന്മാരായി. എന്നാൽ ഈ യുദ്ധത്തിൽ ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയത്തിന്റെ ഫലമായി ഹിന്ദു-മുസ്ലീം ബന്ധത്തിൽ ചില കറുത്ത പാടുകളുണ്ടായി. ഇന്ത്യ ഇനിയും തുടർന്നു ഭരിക്കണമെങ്കിൽ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഭിന്നിപ്പിക്കണമെന്ന് ബ്രിട്ടീഷുകാർ ഈ വിപ്ലവത്തോടെ മനസ്സിലാക്കി.

### 5.5.2 ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനം - ഇന്ന്

ഈ അധ്യായം പഠിച്ചുകഴിയുമ്പോൾ ഇന്ത്യൻ ജീവിതത്തിന്റെ ഓരോ ചെറിയ മേഖലയിലും ബ്രിട്ടീഷ്കാരുടെ ഭരണം എപ്രകാരം സ്വാധീനം ചെലുത്തി എന്ന് നിങ്ങൾക്ക് കൂടുതൽ ബോധ്യമാകും. രണ്ട് വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിലുള്ള ദീർഘകാലത്തെ ചില മാറ്റങ്ങൾ ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ-വാണിജ്യ താത്പര്യങ്ങൾക്കുവേണ്ടി ബോധപൂർവം ഇന്ത്യയിൽ നടപ്പിലാക്കിയതാണ്. എന്നാൽ മറ്റ് ചിലത് ഇന്ത്യൻ പാശ്ചാത്യ സംസ്കാ

രങ്ങളുടെ സങ്കലനത്തിന്റെ ഉപോൽപന്നങ്ങളാണ്. ധാരാളം ബ്രിട്ടീഷുകാരും യൂറോപ്യരും ഇക്കാലഘട്ടത്തിൽ ഇന്ത്യയിൽ താമസിച്ചിരുന്നു. ഇതും സംസ്ക്കാരങ്ങളുടെ രൂപാന്തരീകരണത്തിന് കാരണമായി.

നമ്മുടെ വർത്തമാനകാല ജീവിതം ഒരു വലിയ പരിധിവരെ രൂപപ്പെടുന്നത് നമ്മുടെ തൊട്ടുമുൻപുള്ള ഭൂതകാലവുമായി ബന്ധപ്പെട്ടാണെന്ന് നാം മനസ്സിലാക്കണം. തൊട്ടുമുൻപുള്ള കാലത്ത്, നമ്മുടെ രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായിരുന്നുവെന്നത് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്ന ഒരു പ്രധാന ഘടകമാണ്. ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായിട്ടുണ്ടായ നിയമപരവും സാംസ്ക്കാരികവുമായ മാറ്റങ്ങൾ സംഭവിച്ചത് ഇന്നും നമ്മുടെ ജീവിതത്തെ ബാധിച്ചു കൊണ്ടിരിയ്ക്കുന്നു. റയിൽവേ, ക്ലബ് ജീവിതം, രാഷ്ട്രപതി ഭവൻ പോലുള്ള രാജകീയ സൗധങ്ങൾ, പാർലമെന്റ് ഇവയെല്ലാം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഓർമ്മപ്പെടുത്തലുകളാണ്. ബ്രിട്ടീഷ് ഭരണകാലത്ത് യൂറോപ്യൻമാരുമായുള്ള നമ്മുടെ ബന്ധത്തിന്റെ പ്രത്യക്ഷ ഫലങ്ങളാണ് ബ്രെഡ്, ചായ, കേക്ക് തുടങ്ങി നാം കഴിക്കുന്ന ഭക്ഷണ സാധനങ്ങൾ. ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന വേഷവിധാനങ്ങളായ ട്രൗസറുകൾ, കോട്ട്, ടൈ തുടങ്ങിയവ ബ്രിട്ടീഷുകാരിൽ നിന്നും നാം സ്വീകരിച്ചതാണ്. ഇന്ത്യൻ സിവിൾ സർവീസ് എന്ന ആശയവും ഇക്കാലത്തിന്റെ സംഭാവനയാണ്. ഇന്ത്യൻ വ്യോമ സേനയിൽ ഇപ്പോഴും യൂറോപ്യൻ പരിശീലനത്തിന്റെ പലഭാഗങ്ങളും ആ സംസ്ക്കാരവും നിലനിർത്തിയിരിക്കുന്നു. നമ്മുടെ പഠന മാധ്യവും പഠനവും കൂടുതലും ഇംഗ്ലീഷിൽതന്നെയാണ്. സുപ്രീംകോടതിയും ഹൈക്കോടതിയും തങ്ങളുടെ വിധിന്യായങ്ങൾ എഴുതുന്നത് ഇംഗ്ലീഷിലാണ്. ഈ ഭാഷതന്നെ ബ്രിട്ടീഷ് ഭരണ ത്തിന്റെ ഒരു ഇഷ്ടദാനമാണ്. സ്വന്തം രാജ്യത്ത് തൊഴിൽ തേടുന്നവരുടെ ആശയ വിനിമയ ഭാഷയും ഇംഗ്ലീഷ് തന്നെയാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 5.4

1. കർഷകരും ആദിവാസിസംഘങ്ങളും നടത്തിയ പ്രതിഷേധ പ്രസ്ഥാനത്തിന്റെ രണ്ടു കാരണങ്ങൾ എഴുതുക.

2. ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയം ഇന്ത്യൻ താത്പര്യങ്ങളെ എങ്ങനെ ബാധിച്ചു എന്ന് മുപ്പതുവാക്കിൽ ചുരുക്കി എഴുതുക.

## നിങ്ങൾ എന്തെല്ലാം പഠിച്ചു?

- ബ്രിട്ടീഷുകാർ കച്ചവടക്കാരായിട്ടാണ് വന്നതെങ്കിലും ഇന്ത്യൻ പ്രദേശങ്ങളിൽ അവർക്കു താത്പര്യമുണ്ടായിരുന്നു. നേരിട്ട് യുദ്ധം നടത്തി കീഴടക്കുക, കൂട്ടിച്ചേർക്കുക, നയതന്ത്രം എന്നീ പലതരം ഉപായങ്ങളിൽകൂടി അവർ ക്രമേണ ഇന്ത്യയുടെ എല്ലാഭാഗത്തും അധീശത്വം സ്ഥാപിച്ചു.

- 1757 ലെ പ്ലാസ്സിയുദ്ധം ബ്രിട്ടീഷുകാരുടെ ഇന്ത്യയിലെ രാഷ്ട്രീയ മേൽക്കോയ്മയ്ക്ക് തുടക്കംകുറിച്ചു. ബ്രിട്ടീഷ്ഭരണം ആഴത്തിലുള്ള സ്വാധീനം ഇന്ത്യാക്കാരുടെ സാമൂഹിക രാഷ്ട്രീയ ജീവിതത്തിൽ വരുത്തി.

- ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ഫലങ്ങൾ വളരെ ദൂരവ്യാപകമായിരുന്നു. ഇന്ത്യയുടെ പാരമ്പര്യ സമ്പദ്ഘടന നശിപ്പിച്ചു. ഇന്ത്യയുടെ സമ്പത്ത് ബ്രിട്ടനിലേക്ക്

ഒഴുക്കി. കൃഷിക്കാർ, കൈത്തൊഴിലുകാർ എന്നിവരെ ബ്രിട്ടന്റെ സാമ്പത്തിക നയങ്ങൾ വളരെ പ്രതികൂലമായി ബാധിച്ചു.

- ബ്രിട്ടീഷ് ഭരണത്തോടുള്ള അതൃപ്തി ബ്രിട്ടീഷുകാർക്കെതിരെ ധാരാളം പ്രതിരോധ പ്രസ്ഥാനങ്ങൾ ഉടലെടുക്കാൻ കാരണമാക്കി.സന്യാസി-ഫക്കിർ ലഹള, ഫാറാസി പ്രസ്ഥാനം, വഹാബി പ്രസ്ഥാനം, സന്താൾ വിപ്ലവം തുടങ്ങിയ ചിലതെല്ലാം ബ്രിട്ടീഷ് ഭരണത്തിനെതിരായ പ്രതിരോധത്തിന് ഉദാഹരണങ്ങളാണ്.

- 1857 ലെ വിപ്ലവം ഇന്ത്യാക്കാരുടെ രാഷ്ട്രീയ-സൈനിക ദൗർബല്യങ്ങളുടെ ഫലമായിട്ടാണ് പരാജയത്തിൽ കലാശിച്ചത്.

## പാഠ്യാന്ത്യ അഭ്യാസം

1. ബ്രിട്ടീഷുകാരുടെ ഭൂനികുതി നയങ്ങൾ കർഷകരുടെ ജീവിതത്തെ എങ്ങനെ ബാധിച്ചു?
2. പെർമനന്റ് സെറ്റിൽമെന്റ്, മഹൽവാരി സമ്പ്രദായം ഇവയെ വിവേചിച്ച് എഴുതുക
3. ഇന്ത്യയിൽ ദേശീയത വളരാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിയ സംഭാവന എന്ത്?
4. ഇന്ത്യയിൽ ഇംഗ്ലീഷ് ഭാഷയുടെ വിജയത്തിനുള്ള കാരണങ്ങൾ പരിശോധിക്കുക.
5. ബ്രിട്ടീഷ് സ്വാധീനം ഇപ്പോഴും ഇന്ത്യയിൽ കാണാനുണ്ട് എന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**5.1**

1. (a) (iv)
   (b) (iii)
2. ബ്രിട്ടനിലെ വ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾക്കുവേണ്ടിയും നിർമ്മിത സാധനങ്ങളുടെ വിപണി കണ്ടെത്താനും.
3. ഡോക്ടറൈൻ ഓഫ് ലാപ്സ്, സബ്സിഡിയറി അലൈയൻസ്

**5.2**

1. (a) തെറ്റ്. വില കുറഞ്ഞ വിദേശ സാധനങ്ങൾ ഇന്ത്യൻ കൈത്തറിക്ക് ഭീഷണിയായിരുന്നു. ഇന്ത്യൻ നെയ്ത്തുകാർക്ക് വലിയ നഷ്ടങ്ങൾ സംഭവിച്ചു.
   (b) തെറ്റ്. വൻനികുതി ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതിഷേധിക്കാൻ കാരണമാക്കി. സാമ്പത്തികമായി ബ്രിട്ടീഷ് സാമ്രാജ്യത്തിന് മെച്ചമുണ്ടായെങ്കിലും രാഷ്ട്രീയമായി പിന്നീട് അത് അവർക്ക് പരാജയത്തിന് കാരണമായി.
   (c) തെറ്റ്. നെല്ലും, ഗോതമ്പും ഭക്ഷ്യവിളകളാണ്.
   (d) അതെ, കൃഷിക്കാർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ അവരുടെ ഭൂമി പണം കടം കൊടുക്കുന്ന വർഗ്ഗത്തിന്റെ കൈയിലെത്തും.

2. തുറമുഖങ്ങളേയും മറ്റ് പ്രദേശങ്ങളേയും തമ്മിൽ ബന്ധപ്പെടുത്തി അസംസ്കൃത സാധനങ്ങൾ ശേഖരിച്ചുകൊണ്ടുപോകുന്നതിനും നിർമ്മിത സാധനങ്ങൾ വേഗം വ്യത്യസ്ത വിപണികളിൽ എത്തിക്കുന്നതുമായിരുന്നു പ്രധാന ഉദ്ദേശ്യം.

**5.3**

1. (a) (iv)
   (b) (iii)
   (c) (i)
   (d) (ii)

2. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ 1784ൽ വില്യം ജോൺസ്. 1800 ൽ വെല്ലസ്ലി പ്രഭു സ്ഥാപിച്ച ഫോർട്ട് വില്യം കോളേജ്.

3. സതി സമ്പ്രദായം ഭർത്താവ് മരിച്ചാൽ ഭർത്താവിന്റെ ചിതയിൽ ചാടി ഭാര്യ മരിക്കുക. 1829-ൽ നിരോധിച്ചു.

   1929-ൽ പാസ്സാക്കിയ ശാരദാ ആക്ട് 14 വയസ്സിൽ താഴെയുള്ള പെൺകുട്ടിയും 18 വയസ്സിൽ താഴെയുള്ള ആൺകുട്ടിയും വിവാഹം ചെയ്യുന്നത് ഈ നിയമം മൂലം നിരോധിച്ചു.

**5.4**

1. (a) കർഷകരുടെ മേൽ അടിച്ചേൽപിച്ച വൻ ഭൂനികുതി
   (b) ആദിവാസികളെ പീഡിപ്പിക്കുന്ന നയത്തിനും അവരുടെ ഭൂമി കൈവശപ്പെടുത്തുന്നതിനും എതിരെ.

2. ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയം മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കാൻ കാരണമാക്കി. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ബന്ധം വഷളാക്കി. ഇത് അവരുടെ ഭരണം തുടർന്നു കൊണ്ടുപോകാനായിരുന്നു.

# 6

# കോളോണിയൽ ഇന്ത്യയുടെ മത സാമൂഹിക ഉണർവ്വ്

13 വയസ്സ് പ്രായമുള്ള മിനി എന്ന പെൺകുട്ടിയും അവളുടെ അമ്മൂമ്മയും തമ്മിലുള്ള സംഭാഷണം നിങ്ങളൊന്ന് വായിക്കുക

മിനി: "ഏതു കോളേജിലാണ് അമ്മൂമ്മ പഠിച്ചത്?"

അമ്മൂമ്മ (പുഞ്ചിരിച്ചുകൊണ്ട്): "മോളെ, ഞാൻ ഒരു കോളേജിലും പോയിട്ടില്ല. ഞാൻ ആറാം ക്ലാസ്സുവരേയേ പഠിച്ചിട്ടുള്ളു. നിന്റെ പ്രായത്തിൽ എന്നെ കല്യാണവും കഴിപ്പിച്ചു."

മിനി (അത്ഭുതത്തോടെ): "13-ാമത്തെ വയസ്സിൽ കല്യാണമോ? അത് നിയമവിരുദ്ധമാണ്. അമ്മൂമ്മ അത് എതിർത്തില്ലേ?"

അമ്മൂമ്മ: "കാര്യങ്ങളെല്ലാം ആ സമയത്ത് വ്യത്യാസപ്പെട്ടതായിരുന്നു. എന്റെ കൂടുതൽ കൂട്ടുകാരും ഈ പ്രായത്തിൽ തന്നെ കല്യാണം നടത്തി."

ഈ സംഭാഷണം അവളെ കൂടുതൽ ജിജ്ഞാസുവാക്കി. അവളുടെ അമ്മൂമ്മ കുട്ടിയായിരുന്ന കാലത്ത് നിലനിന്നിരുന്ന ആചാരങ്ങൾ അറിയാൻ അവളാഗ്രഹിച്ചു. ഇക്കാലത്തിനുള്ളിൽ എങ്ങനെ ഇത്രയും മാറ്റങ്ങൾ സംഭവിച്ചു എന്ന് അവൾ അത്ഭുതപ്പെട്ടു. ഈ മാറ്റം കൊണ്ടുവരുന്നതിന് ആരാണ് ഉത്തരവാദികൾ, മിനിക്ക് ഇതും ഇതിൽ കൂടുതലും അറിയണമെന്ന് ആഗ്രഹമുണ്ടായി. 19 ഉം 20 ഉം നൂറ്റാണ്ടുകളിൽ പരിഷ്ക്കാരങ്ങൾ ആരംഭിച്ചത് എങ്ങനെയെന്ന് ഈ പാഠത്തിൽ നിങ്ങൾ പഠിക്കും. അതോടൊപ്പം ഈപരിഷ്ക്കാരങ്ങൾനമ്മുടെ സമൂഹത്തിലുണ്ടാക്കിയ ഫലങ്ങൾ എന്തെല്ലാമെന്നുകൂടി നിങ്ങൾക്ക് പഠിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്കു കഴിയുന്നത്

- 19-ാം നൂറ്റാണ്ടിൽ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന സാമൂഹികാചാരങ്ങൾ തിരിച്ചറിയാനുള്ള കഴിവ്
- സാമൂഹികാചാരങ്ങളെക്കുറിച്ചുള്ള അവബോധം വരുത്തുന്നതിൽ 19-ഉം 20-ഉം നൂറ്റാണ്ടുകളിലെ മത-സാമൂഹിക പ്രസ്ഥാനങ്ങൾക്കുള്ള പ്രാധാന്യം ചർച്ച ചെയ്യാൻ കഴിയുക.



കുറിപ്പുകൾ



- ജാതി സമ്പ്രദായം, ശൈശവ വിവാഹം, സതി അനുഷ്ഠിക്കൽ, എന്നീ ദുരാചാരങ്ങളെ നിയമത്തിലൂടെയും, മറ്റ് വഴികളിലൂടെയും ഇല്ലായ്മ ചെയ്യുന്നതിന് പരിഷ്ക്കർത്താക്കൾ നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുവാനുള്ള കഴിവ്.
- ഇന്ത്യയിൽ 19-ഉം 20-ഉം നൂറ്റാണ്ടുമുതൽ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ പരിഷ്ക്കർത്താക്കൾ വഹിച്ച പങ്ക്.
- പരിഷ്ക്കരണ പ്രസ്ഥാനം ഇന്ത്യൻ സമൂഹത്തിൽ വരുത്തിയ സ്വാധീനം വിശകലനം ചെയ്യാനുള്ള അറിവ്.

## 6.1 19-ാം നൂറ്റാണ്ടിന്റെ പ്രാരംഭകാലത്തെ സമൂഹം

2012-ൽ നിങ്ങൾ കാണുന്നതിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു 19-ാം നൂറ്റാണ്ടിലെ ആദ്യ പകുതിയിലെ ഇന്ത്യൻ സമൂഹം. സാമൂഹിക പുരോഗതിയ്ക്ക് തടസ്സം നിന്നിരുന്നത് രണ്ട് പ്രധാന കാരണങ്ങളാണ്. വിദ്യാഭ്യാസത്തിന്റെ കുറവും സ്ത്രീകളുടെ പിന്നോക്കാവസ്ഥയും ആയിരുന്നു ആ രണ്ടു കാരണങ്ങൾ. കർക്കശമായ ഒരു സമൂഹമായിരുന്നു അന്ന് ഉണ്ടായിരുന്നത്. മാനുഷികമൂല്യങ്ങൾക്കനുസൃതമല്ലാത്ത ചില ആചാരങ്ങൾ ഈ സമൂഹം പാലിച്ചുപോന്നിരുന്നു.

### 6.1.1 വിദ്യാഭ്യാസത്തിന്റെ കുറവ്

അന്നത്തെ കൂടുതൽ ആളുകളും നിരക്ഷരരായിരുന്നു. വിദ്യാഭ്യാസം ലോകമെമ്പാടും വളരെ ചെറിയ ഒരു വിഭാഗത്തിന്റെ കൈയിലായിരുന്നു. ഇന്ത്യയിൽ ഉന്നത ജാതിയിൽപ്പെട്ട ഒരുപിടി ആളുകൾക്ക് മാത്രമായി വിദ്യാഭ്യാസം പരിമിതപ്പെടുത്തിയിരുന്നു. സംസ്കൃതത്തിൽ എഴുതിയ വേദങ്ങളുമായി ബന്ധപ്പെടാൻ ബ്രാഹ്മണർക്ക് മാത്രമേ കഴിയുമായിരുന്നുള്ളൂ. സംസ്കൃതം അവർക്കുമാത്രം അറിയാവുന്ന ഒരു ഭാഷയായിരുന്നു. മതഗ്രന്ഥങ്ങളും ഈ ആളുകളുടെ നിയന്ത്രണത്തിൽ തന്നെ ആയിരുന്നു. അതിനാൽ അവർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ അതിനെ വ്യാഖ്യാനിച്ചു.

വിലയേറിയ മതപരമായ ചടങ്ങുകളായ ബലികർമ്മം, ജനനമരണങ്ങൾക്ക് ശേഷം നടക്കുന്ന ആചാരങ്ങൾ തുടങ്ങിയവയെല്ലാം നിശ്ചയിച്ചിരുന്നത് പുരോഹിത വർഗ്ഗമാണ്. മരണത്തിനുശേഷം മെച്ചമായ ഒരു ജീവിതം ലഭിക്കാൻ ഈ മതാചാരപരമായ ചടങ്ങുകൾ ചെയ്യണമെന്ന് അവർ അനുശാസിച്ചിരുന്നു. ആർക്കും ബ്രാഹ്മണ പുരോഹിതരെ ചോദ്യം ചെയ്യാൻ പാടുണ്ടായിരുന്നില്ല. കാരണം വിശുദ്ധ ഗ്രന്ഥങ്ങളിൽ എന്താണ് എഴുതിവെച്ചിരിക്കുന്നതെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. ഇതുപോലെ യൂറോപ്പിലും ബൈബിൾ ലത്തീൻ ഭാഷയിലാണ് എഴുതിയിരുന്നത്. സഭയുടെ ഭാഷയായിരുന്നു അത്. പുരോഹിതന്മാർ അതും, അവരുടെ ഇഷ്ടംപോലെ വ്യാഖ്യാനിച്ചു. അതിനാലാണ് ഇതിന്റെയൊക്കെ പ്രതികരണമെന്ന പോലെ നവോത്ഥാനവും മതനവീകരണ പ്രസ്ഥാനവും യുറോപ്പിലുണ്ടായത്. അത് നിങ്ങൾ ഈ പുസ്തകത്തിൽ പഠിച്ചുകഴിഞ്ഞു. യുറോപ്പിൽ നടന്ന പലതരം വിപ്ലവങ്ങളിൽകൂടി സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മനുഷ്യാവകാശങ്ങൾ തുടങ്ങിയ ആശയങ്ങൾ രൂഢമൂലമായി.

### 6.1.2 വനിതകളുടെ സ്ഥാനം

ഇന്ന് പെൺകുട്ടികൾക്കും സ്ത്രീകൾക്കും അവരുടെ വികസനത്തിനു വേണ്ട നല്ല അവസരങ്ങൾ ഉണ്ട്. വീടിനു പുറത്തു പഠിക്കാനും ജോലി ചെയ്യാനും അവർക്ക് കൂടുതൽ സ്വാതന്ത്ര്യം ഉണ്ട്. എന്നിരുന്നാലും 19-ാം നൂറ്റാണ്ടിൽ ഭൂരിഭാഗം സ്ത്രീകളുടേയും ജീവിതം വളരെ ബുദ്ധിമുട്ടേറിയതായിരുന്നു. ഇന്ത്യൻ സമൂഹിക അനാചാരങ്ങളായ പെൺകുട്ടിക

ളുടെ ഹത്യ, ശൈശവ വിവാഹം, സതി അനുഷ്ഠാനം, ബഹുഭാര്യാത്വം എന്നിവ സമൂഹത്തിലെ ചില വിഭാഗങ്ങളിൽ നിലനിന്നിരുന്നു. പെൺകുഞ്ഞുങ്ങളെ കൊല്ലൽ ഒരു സാധാരണകാര്യമായിരുന്നു. അതിജീവിക്കുന്ന പെൺകുട്ടികളെ ചെറിയ പ്രായത്തിൽതന്നെ വലിയ പ്രായമുള്ള പുരുഷൻമാർക്ക് വിവാഹം കഴിച്ചുകൊടുക്കുമായിരുന്നു.

ധാരാളം ജാതികളിലും മതങ്ങളിലും ബഹുഭാര്യാത്വം (ഒന്നിൽ കൂടുതൽ ഭാര്യമാർ) സമൂഹം അംഗീകരിച്ചിരുന്ന ഒരു കാര്യമായിരുന്നു. ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കാൻ വിധവയായ സ്ത്രീയെ നിർബന്ധിക്കുന്ന 'സതി' എന്ന സമ്പ്രദായം രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ നിലനിന്നിരുന്നു. ഈ സമ്പ്രദായത്തിൽ നിന്നും രക്ഷപ്പെടുന്ന സ്ത്രീകൾക്ക് സ്വത്തുവകകളിൽ യാതൊരു അവകാശവും ഇല്ലായിരുന്നു. വിദ്യാഭ്യാസം നേടാനും വഴികളില്ലായിരുന്നു. അങ്ങനെ സമൂഹത്തിൽ വളരെ താഴ്ന്ന സ്ഥാനമായിരുന്നു പൊതുവെ സ്ത്രീകൾക്ക് ഉണ്ടായിരുന്നത്. ആക്രമിക്കപ്പെടുമെന്ന ഭയവും, കുടുംബത്തിലെ മാന്യത നഷ്ടപ്പെടലും ഈ അവസ്ഥയ്ക്ക് ഒരു കാരണമായിരുന്നു. സ്ത്രീധന സമ്പ്രദായം പൂർവ്വികരുടെ സ്വത്തിലുള്ള അവകാശമില്ലായ്മ, തുടങ്ങിയവ മറ്റു ചില കാരണങ്ങളായിരുന്നു. ചില ആചാരങ്ങളും അന്ധവിശ്വാസങ്ങളും ഇന്ത്യാക്കാർ പുരോഗതി നേടുന്നതിൽ നിന്ന് തടയപ്പെട്ടിരുന്നു. ജനങ്ങളുടെ മത-സാമൂഹിക ജീവിതത്തിന് മാറ്റം വരുത്താൻ പരിഷ്ക്കാരങ്ങൾ വളരെ ആവശ്യമായിരുന്നു.

### ? നിങ്ങൾക്കറിയാമോ

**ശിശുഹത്യ:** ജീവനോടെ ഒരു ശിശുവിനെ കൊല്ലുന്നതോ, അല്ലെങ്കിൽ ജനിച്ച ഉടനെ തന്നെ കുഞ്ഞിനെ കൊല്ലുന്നതോ ആയ സമ്പ്രദായം

**കുട്ടികളിലെ സ്ത്രീ പുരുഷാനുപാതം:** 1-മുതൽ 6 വയസ്സുവരെയുള്ള കുട്ടികളിൽ 1000 ആൺകുട്ടികൾക്ക് എത്ര പെൺകുട്ടികൾ എന്ന അനുപാതം. 1961-ൽ ഇന്ത്യയിൽ 1000 ആൺകുട്ടികൾക്ക് 976 പെൺകുട്ടികളായിരുന്നു. അത് 2011-ലെ സെൻസസ് അനുസരിച്ച് 1000 ആൺകുട്ടികൾക്ക് 914 പെൺകുട്ടികളായിരുന്നു. ലോകം അംഗീകരിച്ച കണക്കനുസരിച്ച് 1000-ത്തിന് 950-ന് മുകളിൽ പെൺകുട്ടികൾ ഉണ്ടായിരിക്കേണ്ടതാണ്.

### പാഠ്യാധിഷ്ഠിത പ്രവർത്തനം 6.1

2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിൽ 1084 സ്ത്രീകൾക്ക് 1000 പുരുഷൻമാർ , ഹരിയാനയിൽ 877 സ്ത്രീകൾക്ക് 1000 പുരുഷൻമാർ, 1000 പുരുഷൻമാർക്ക് 914 സ്ത്രീകളിൽ കുറവുള്ള 5 സംസ്ഥാനങ്ങൾ കണ്ടെത്തുക.

കൂടുതൽ വിവരങ്ങൾക്ക് www. censusindia.gov.in സന്ദർശിക്കുക.

## 6.2. മാറ്റത്തിനുള്ള അഭിലാഷം: മതസാമൂഹിക രംഗങ്ങളിലെ ഉണർവ്വ്

വിവേചനം, അസമത്വം എന്നിവകൾക്കെതിരെയുള്ള ഉണർവ്വിലേയ്ക്ക് ജനങ്ങളെ നയിച്ച കാരണങ്ങൾ എന്തെല്ലാമായിരിക്കാമെന്നാണ് നിങ്ങൾ കരുതുന്നത്. സമൂഹത്തിന്റെ പുരോഗതിയും വികസ്സനത്തിനും തടസ്സമായിരിക്കുന്നത് ജനങ്ങളുടെ ഇടയിലുള്ള അജ്ഞതയും പിന്നോക്കാവസ്ഥയും ആണെന്ന് രാജാറാം മോഹൻ റോയ്, ഈശ്വരചന്ദ്ര വിദ്യാസാഗർ,

സ്വാമി ദയാനന്ദ സരസ്വതി, ജ്യോതിബാഫൂലേ, സർസയ്ദ് അഹമ്മദ്ഖാൻ, പണ്ഡിതര മാഭായി എന്നിവരെപ്പോലെയുള്ള പരിഷ്ക്കർത്താക്കൾ മനസ്സിലാക്കി. യുറോപ്യൻമാരു മായുള്ള സമ്പർക്കത്തിലൂടെ അവരുടെ ഈ ധാരണ ബലപ്പെട്ടു. ലോകത്തിന്റെ മറ്റു ഭാഗ ങ്ങളിലെ ജനജീവിതം ഇതിൽ നിന്ന് വ്യത്യസ്തമാണെന്നും അവർ കണ്ടു. ബ്രിട്ടീഷ് മിഷ നറിമാർ ക്രിസ്തുമതം പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ അവർ ഇവിടുത്തെ പല മതസാമൂ ഹികാചാരങ്ങളേയും വിമർശിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തു. ഇവരുടെ പല ആശയങ്ങളും പരിഷ്ക്കരണവാദികൾ അംഗീകരിച്ചു. സമൂഹത്തെ പരിഷ്ക്കരണത്തിന് വിധേയമാക്കണമെന്ന അഭിലാഷം വളരെ ശക്തമായിരുന്നു. ഈ പരിഷ്ക്കരണവാദികൾ ഈ വെല്ലുവിളി ഏറ്റെടുക്കാനും യാഥാസ്ഥിതിക ഇന്ത്യാക്കാരിൽ നിന്ന് വരുന്ന പ്രതി രോധത്തെ ചെറുക്കാനും അവർ തയ്യാറായിരുന്നു. അവർ സമൂഹത്തിൽ അഭിലഷണീയ മാറ്റങ്ങൾ വരുത്താൻ വേണ്ടി നിരവധി പ്രസ്ഥാനങ്ങൾ ആരംഭിച്ചു.

സ്വാമി ദയാനന്ദ സരസ്വതി , രാജാറാം മോഹൻ റോയ് എന്നിവരെപ്പോലെ പ്രബുദ്ധരായ വ്യക്തികൾ ഉള്ളതിനാലാണിത് സാധ്യമായത്. അവർ മതഗ്രന്ഥങ്ങൾ പഠിക്കുകയും അന്ന് നിലവിലിരുന്ന മത-സാമൂഹികാചാരങ്ങളിലെ തെറ്റുകളെ വിമർശിക്കുകയും ചെയ്തു. സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ സ്വാതന്ത്ര്യവും സമത്വവും നൽകുന്ന തരത്തിലുള്ള സമൂഹമാണ് വേണ്ടതെന്ന് അവർ അഭിപ്രായപ്പെട്ടു. ഇത് സാധ്യമാകണമെങ്കിൽ ശാസ്ത്രീ യവും ആധുനികവുമായ വിദ്യാഭ്യാസം, പ്രത്യേകിച്ച് സ്ത്രീകളുടെ ഇടയിൽ വ്യാപകമാക്ക ണമെന്നും അവർ ശഠിച്ചു. മത നവീകരണം സാധ്യമാകാതെ ഒരു മാറ്റവും നടപ്പിലാക്കാൻ കഴിയില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അവർ ആരംഭിച്ച പ്രസ്ഥാനമാണ് സോഷ്യോ, റിലിജിയസ് മൂവ്മെന്റ് (മത സാമൂഹിക പ്രസ്ഥാനം) എന്തുകൊണ്ടാണ് സമൂ ഹത്തിലെ ഉയർന്ന വർഗ്ഗത്തിന് വിദ്യാഭ്യാസവും മറ്റ് പ്രത്യേക അവകാശങ്ങളും ലഭ്യമാകു ന്നതെന്ന് പിന്നീട് നമുക്ക് മനസ്സിലാക്കാം.

### 6.2.1 ജാതി വ്യവസ്ഥ

വളരെ പണ്ടുമുതലെ ഇന്ത്യയിൽ ജാതി സമ്പ്രദായമുണ്ടായിരുന്നു. തൊഴിലിന്റെ അടി സ്ഥാനത്തിലാണ് ഇത് രൂപം കൊണ്ടത്. ഉയർന്ന ജാതിക്കാരുടെ മതഗ്രന്ഥങ്ങളെക്കുറി ച്ചുള്ള വ്യാഖ്യാനങ്ങളും താഴ്ന്നവർക്ക് ഈ ഗ്രന്ഥങ്ങൾ അപ്രാപ്യമായിരുന്നതും മതത്തിന്റെ പേരിൽ ധാരാളം അന്ധവിശ്വാസജഡിലമായ ആചാരങ്ങളിലേയ്ക്ക് കുറച്ചുകാലംകൊണ്ടു ആളുകളെനയിക്കാൻ കാരണമായി. ഇത് ഉയർന്ന ജാതിക്കാരിൽ അധികാരം കേന്ദ്രീകരി ക്കാനും താഴ്ന്ന ജാതിക്കാരെ ചൂഷണം ചെയ്യാനുമിടയാക്കി.

ബ്രാഹ്മണൻ. ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, എന്നീ നാലു വിഭാഗങ്ങളിലായി വർണ്ണത്തെയും തൊഴിലിനെയും അടിസ്ഥാനമാക്കി ഹിന്ദു സമൂഹം വിഭജിക്കപ്പെട്ടിരുന്നു. പ്രാർത്ഥന, ദൈവാ രാധന തുടങ്ങിയ കാര്യങ്ങളിലേർപ്പെട്ടിരുന്നവർ ബ്രാഹ്മണർ, കൃഷി, കച്ചവടം എന്നിവയിൽ ഏർപ്പെട്ടിരുന്നവർ വൈശ്യർ, യുദ്ധം ചെയ്യുന്ന വിഭാഗം ക്ഷത്രിയർ, ഈ മൂന്നുവിഭാഗ ത്തി ന്റേയും സേവകർ ശൂദ്രർ, തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിവ്യവസ്ഥ പാരമ്പര്യ മായിട്ടുള്ളതായിരുന്നു. ഒരു പ്രത്യേക ജാതിയിൽ ജനിച്ച ആൾക്ക് അയാൾ പിന്നീട് തന്റെ തൊഴിൽ മാറ്റിയാലും ജാതി മാറ്റാൻ കഴിയില്ലായിരുന്നു. ഇത് സമൂഹത്തിൽ അസമത്വം സൃഷ്ടിച്ചു. ഇത് താഴ്ന്ന ജാതിക്കാരെ ചൂഷണം ചെയ്യുന്ന അവസ്ഥയിലേയ്ക്കും നയിച്ചു. ഇതുകൊണ്ടെല്ലാം ജാതി സമ്പ്രദായം ആരോഗ്യകരവും ജനാധിപത്യപരവും, പുരോഗമന പരവുമായ ഒരു സമൂഹത്തിന്റെ വികസനത്തിന് തടസ്സമായിരുന്നു.

ഈ അനീതിക്കെതിരെ പോരാടാൻ ധാരാളം സാമൂഹിക-രാഷ്ട്രീയ പരിഷ്ക്കർത്താക്കളും സംഘടനകളും മുന്നോട്ടുവന്നു. ബ്രഹ്മസമാജം, ആര്യസമാജം,പ്രാർത്ഥനാസമാജം, രാമ

കൃഷ്ണമിഷൻ എന്നീ സംഘടനകളും സാമൂഹിക പരിഷ്ക്കർത്താക്കളായ ജ്യോതിബാ ഫൂലേ, പണ്ഡിത രമാഭായി, ശ്രീനാരായണഗുരു, പെരിയാർ, വിവേകാനന്ദസ്വാമികൾ, മഹാത്മാഗാന്ധി തുടങ്ങിയവരും ഈ കർക്കശമായ ജാതിവ്യവസ്ഥയ്ക്കെതിരെ അതിശക്തമായ പ്രതിഷേധമുയർത്തി. വേദങ്ങളുടേയും മറ്റ് ധർമ്മശാസ്ത്രങ്ങളുടേയും യഥാർത്ഥതത്വങ്ങൾക്ക് വിരുദ്ധമാണ് ജാതി സമ്പ്രദായം എന്നും, അത് യുക്തി രഹിതവും അശാസ്ത്രീയവുമാണെന്നും, മനുഷ്യവർഗ്ഗത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്നും അവർ വിശ്വസിച്ചു. ഈ മഹാൻമാരുടെ അക്ഷീണവും കഠിനവുമായ പരിശ്രമങ്ങളുടെ ഫലമായി ജനങ്ങൾ പരസ്പരം കൂടുതൽ സഹിഷ്ണുതയോടെ ജീവിച്ചു.

**? നിങ്ങൾക്കറിയാമോ**

ഇന്ത്യൻ ഭരണ ഘടനയുടെ അനുച്ഛേദം 16 അനുസരിച്ച് ഒരു പൗരനെ അയാളുടെ വംശം, ജാതി, ലിംഗം, ജനനസ്ഥലം, എന്നതിന്റെ പേരിൽ വേർതിരിക്കരുത് എന്ന് കർശനമായി നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ ഭരണഘടനാവ്യവസ്ഥ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗത്തെ രാജ്യത്തിന്റെ സാമൂഹിക-രാഷ്ട്രീയ സാമ്പത്തിക വികസനത്തിൽ അനായാസം പങ്കാളികളാക്കാൻ സഹായിച്ചു.

### 6.2.2. നിലവിലിരുന്ന മതപരമായ അനുഷ്ഠാനങ്ങൾ

മതത്തിന്റെ പേരിലാണ് മിക്കവാറും എല്ലാ സാമൂഹികാചാരങ്ങളും നടന്നിരുന്നത്. മതപരമായ പരിഷ്ക്കാരം അല്ലെങ്കിൽ നവീകരണമില്ലാതെ സാമൂഹിക പരിഷ്ക്കാരം എന്നു പറയുന്നത് അർത്ഥമില്ലാത്ത കാര്യമായി. നമ്മുടെ പരിഷ്ക്കർത്താക്കൾ എല്ലാവരും തന്നെ ഇന്ത്യൻ പാരമ്പര്യത്തിലും തത്വചിന്തയിലും അടിയുറച്ചവരും മതഗ്രന്ഥങ്ങളെക്കുറിച്ച് അഗാധമായ അറിവുള്ളവരും ആയിരുന്നു. പാശ്ചാത്യ ആശയങ്ങളും ജനാധിപത്യം, സമത്വം എന്നിവയിലടങ്ങിയ തത്വങ്ങളും നല്ല ഭാരതീയ മൂല്യങ്ങളോട് സംയോജിപ്പിക്കുന്നതിന് കഴിവുള്ളവരുമായിരുന്നു ഈ മഹത്വ്യക്തികൾ. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കാർക്കശ്യം നിറഞ്ഞതും അന്ധവിശ്വാസത്തിലധിഷ്ഠിതവുമായ ആചാരങ്ങളെ അവർ വെല്ലുവിളിച്ചു. വിശുദ്ധ ഗ്രന്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെ ഇത്തരം ആചാരങ്ങൾക്ക് യാതൊരു അംഗീകാരവുമില്ലെന്ന് അവർ പറഞ്ഞു. അന്ധവിശ്വാസങ്ങൾകൊണ്ട് നിറച്ചതും ദുഷിച്ച പുരോഹിതരാൽ ചൂഷണം ചെയ്യപ്പെട്ടതും ആയ മതത്തെ പ്രബുദ്ധരും യുക്തിചിന്തകരുമായ പല പരിഷ്കൃതവാദികളും ചോദ്യം ചെയ്തു. സമൂഹം രാഷ്ട്രീയവും യുക്തിപൂർവ്വവുമായ സമീപനം സ്വീകരിക്കണമെന്ന് ഇവർ ആവശ്യപ്പട്ടു. അവർ മനുഷ്യന്റെ അന്തസ്സിലും സ്ത്രീപുരുഷൻമാർ തമ്മിലുള്ള സാമൂഹിക സമത്വത്തിലും വിശ്വസിച്ചു.

### 6.2.3 വിദ്യാഭ്യാസരംഗം

19-ാം നൂറ്റാണ്ടിൽ ധാരാളം കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ സ്കൂളുകളിൽ അയച്ചിരുന്നില്ല. പരമ്പരാഗതമായ പാഠശാലകൾ, മദ്രസകൾ, മുസ്ലീം പള്ളികൾ, ഗുരുകുലങ്ങൾ, എന്നിവ വഴിയായിരുന്നു വിദ്യാഭ്യാസം നൽകിയിരുന്നത്. സംസ്കൃതം, വ്യാകരണം, ഗണിതം, മതവും തത്വചിന്തയും എന്നീ വിഷയങ്ങളോടുകൂടി മതപരമായ വിദ്യാഭ്യാസവും നൽകി. പാഠ്യപദ്ധതിയിൽ ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയ്ക്ക് യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. സമൂഹത്തിൽ അന്ധമായ പലവിശ്വാസങ്ങളും നിലനിന്നിരുന്നു. ചില സമുദായങ്ങളിൽ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യാൻ അനുവദിച്ചിരുന്നതേയില്ല. വിദ്യാസമ്പന്നരായ സ്ത്രീകൾ കല്യാണത്തിനുശേഷം പെട്ടെന്ന് വിധവകളാകും എന്ന് വിചാരിച്ചിരുന്നു. എന്നാൽ വാസ്തവത്തിൽ വിദ്യാഭ്യാസത്തിന്റെ കുറവും അവബോധമില്ലായ്മയും ആയിരുന്നു ഇന്ത്യാക്കാരുടെ ഇടയിലെ സാമൂഹിക, മതപരമായ പന്നോക്കാ

വസ്ഥയ്ക്കുള്ള മൂലകാരണം. അതിനാൽ ആധുനിക വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് അത്യാവശ്യമായിരുന്നു.

ഹിന്ദു, മുസ്ലീം, സിക്ക്, പാഴ്സി എന്നീ ഏതു മതങ്ങളിൽപെട്ട നവീകരണ വാദികളും ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നത് ലക്ഷ്യമിട്ടിരുന്നു. സമൂഹത്തെ ഉണർത്താനും ആധുനികവൽക്കരിക്കാനും പറ്റിയ ഏറ്റവും ഫലപ്രദമായ ഉപകരണം വിദ്യാഭ്യാസമാണെന്ന് അവർ വിശ്വസിച്ചു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 6.1

1. പരിഷ്ക്കരണ പ്രസ്ഥാനം ആരംഭിച്ചത് എത് രണ്ട് സാമൂഹിക അനാചാരങ്ങൾക്ക് എതിരായിട്ടാണ് ?
2. ജാതിസമ്പ്രദായം യുക്തി രഹിതവും അശാസ്ത്രീയവുമാണെന്ന് കരുതിയിരുന്നത് എന്തുകൊണ്ട് ?
3. മതകാർക്കശ്യത്തെ പരിഷ്ക്കരണ വാദികൾക്ക് വിമർശിക്കാനുള്ള അടിസ്ഥാനമെന്തായിരുന്നു ?
4. താഴെകൊടുത്തിരിക്കുന്ന ഭാഗം വായിച്ചിട്ട് തന്നിട്ടുള്ള ചോദ്യത്തിന് ഉത്തരം എഴുതുക

> ഡോ. ഭീം റാവ്, അംബദ്കർ അസ്പൃശ്യരെന്ന് കരുതിയിരുന്ന മഹർ ജാതിയിലെ ഒരു പാവപ്പെട്ട കുടുംബത്തിലായിരുന്ന ജനിച്ചത്. അദ്ദേഹത്തിന്റെ കോളേജ് വിദ്യാഭ്യാസം ഇന്ത്യയിലായിരുന്നു. പിന്നീടുള്ള ബിരുദങ്ങളുടെ പഠനത്തിനും ഗവേഷണത്തിനുമുള്ള ഡോക്ടറേറ്റും സമ്പാദിച്ചത് കൊളംബിയ സർവ്വകലാശാലയിൽ നിന്നും ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ നിന്നുമാണ്. ഇന്ത്യൻ ഭരണ ഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി, ചെയർമാനായായിരുന്നു ഡോ. അംബേദ്ക്കർ. സാമൂഹികവും സാമ്പത്തികവും ആയ കഷ്ടപ്പാടുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നിരുന്നെങ്കിലും അദ്ദേഹം തന്റെ ജീവിതം മുഴുവനും സാമൂഹിക വിവേചനത്തിനെതിരെ പോരാടാനായി ചിലവഴിച്ചു. 1990-ൽ 'ഭാരതരത്ന' എന്ന പരമോന്നത ബഹുമതി മരണാനന്തരം രാഷ്ട്രം അദ്ദേഹത്തിനു നൽകി.

(i) വിദ്യാഭ്യാസം കൂടാതെ മറ്റ് ഏതെല്ലാം ഗുണങ്ങളാണ് ഡോ. അംബേദ്ക്കറെ വിവേചനങ്ങളെ ചെറുക്കാനും സമൂഹത്തിന് സംഭാവനകൾ നൽകാനും പ്രാപ്തനാക്കിയത്. ?

## പാഠ്യപ്രവർത്തനങ്ങൾ 6.2

നിങ്ങൾ നിരീക്ഷിച്ചിട്ടുള്ള ജാതിവിവേചനത്തിന്റെ പേരിൽ നടന്ന രണ്ടു സംഭവങ്ങൾ രേഖപ്പെടുത്തുക. നിങ്ങളുടെ പ്രതികരണം 50 വാക്കിൽ എഴുതുക .

## 6.3. 19-ാം നൂറ്റാണ്ടിലെ മത സാമൂഹിക പരിഷ്ക്കരണവാദികൾ

ധാരാളം ഇന്ത്യൻ ചിന്തകരും നവീകരണ വാദികളും സമൂഹത്തിൽ മാറ്റം കൊണ്ടു വരുന്നതിനുവേണ്ടി മുന്നോട്ടുവന്നു. അവരുടെ അഭിപ്രായത്തിൽ മതവും സമൂഹവും കെട്ടുപിണഞ്ഞുകിടക്കുന്ന ഒന്നാണ്. ഗുണകരമായ വളർച്ചയും വികസനവും രാജ്യത്തിന് നേടാൻ

ഈ രണ്ടിനേയും പരിപോഷിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. അതിനാൽ ഇന്ത്യയിലെ ജനങ്ങളെ ഉദ്ബുദ്ധരാക്കുന്ന നടപടികൾ ഇവർ ആരംഭിച്ചു. അതിനുവേണ്ടി ചില സംഘടനകൾക്ക് രൂപം കൊടുത്തു. അത് നിങ്ങൾ ഇപ്പോൾ പഠിക്കും. ഈ പരിഷ്ക്കരണ വാദികളുടെ മറ്റ് പ്രധാന സംഭാവന വിദ്യാഭ്യാസരംഗത്തായിരുന്നു.

### 6.3.1. രാജാറാം മോഹൻറോയ്

ബംഗാളിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ രാജാറാം മോഹൻ റോയ് ജനിച്ചു. അദ്ദേഹത്തിന് നിരവധി ഭാഷകൾ അറിയാമായിരുന്നു. ഹിന്ദു മത ഗ്രന്ഥങ്ങളോടൊപ്പം അദ്ദേഹം ഖുറാനും ബൈബിളും പുതിയ നിയമവും വായിച്ചു പഠിച്ചു. വിശാലമായ വിദ്യാഭ്യാസം പലതരത്തിലുള്ള സംസ്ക്കാരങ്ങളും തത്വചിന്തകളും അദ്ദേഹത്തിന് മനസ്സിലാക്കാൻ വഴിതെളിച്ചു. സതി അനുഷ്ഠിക്കാൻ നിർബന്ധിതയായ തന്റെ സഹോദരന്റെ ഭാര്യയുടെ വിധി അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. ഇത് 'സതി എന്ന ദുരാചാരത്തെ അവസാനിപ്പിക്കണ മെന്ന് അദ്ദേഹം തീരുമാനിയ്ക്കാനിടയാക്കി. ആ സമയത്ത് നിലവിലിരുന്ന ഇത്തരം സാമൂഹികവും മതപരവുമായ ദുരാചാരങ്ങൾക്കെല്ലാം എതിരായി പ്രവർത്തിക്കുന്നതിലേയ്ക്ക് ഈ സംഭവം അദ്ദേഹത്തെ നയിച്ചു. ആ പ്രവർത്തനങ്ങളുടെ ഭാഗമായി 1828-ൽ അദ്ദേഹം 'ബ്രഹ്മസമാജം' സ്ഥാപിച്ചു. 'സതി' എന്ന ദുരാചാരത്തിന് എതിരായി പ്രവർത്തിയ്ക്കാൻ



**ചിത്രം 6.1** *രാജാറാം മോഹൻ റോയ്*

ആദ്യം മുന്നോട്ടു വന്ന വ്യക്തി അദ്ദേഹം ആയിരുന്നു. അത് അദ്ദേഹത്തിന്റെ ജീവിത കാലം മുഴുവൻ നീണ്ടു നിന്ന പോരാട്ടമായിത്തീരുകയും ചെയ്തു. ഇതിനെതിരെ അദ്ദേഹം പൊതു അഭിപ്രായം സമാഹരിക്കുകയും മതഗ്രന്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ടുതന്നെ ഈ അനാചാരത്തിന് ഹിന്ദുമതത്തിന്റെ യാതൊരു അനുമതിയും ഇല്ലെന്ന് സ്ഥാപിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്കിടയിൽ യാഥാസ്ഥിതിക ഹിന്ദുക്കളുടെ അപ്രീതിയും ശത്രുതയും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. അന്നത്തെ ഇന്ത്യയുടെ ഗവർണ്ണർ ജനറൽ ആയിരുന്ന സർ. വില്യം ബന്റിക്ക് ഇത്തരം പ്രവർത്തനങ്ങൾക്ക് മോഹൻറോയിയെ സഹായിച്ചു. അദ്ദേഹം 1829-ൽ സതി നിയമ വിരുദ്ധവും ശിക്ഷാർഹവുമായ കുറ്റമാണെന്നുള്ള നിയമം പാസാക്കി. റാംമോഹൻ വിധവാ പുനർ വിവാഹത്തിനുവേണ്ടിയുള്ള തന്റെ വാദങ്ങൾ തുടർന്നു. ശൈശവ വിവാഹത്തിനെതിരെയുള്ള തന്റെ ശ്രമവും ഇതിനോടൊപ്പം ഉണ്ടായി.

പാശ്ചാത്യ പൗരസ്ത്യ ചിന്തകളുടെ സമന്വയത്തെ അദ്ദേഹം പ്രതിനിധീകരിച്ചു. വേദം, വേദാന്തം, ഉപനിഷത്ത്, എന്നിവയെക്കുറിച്ച് ആധികാരികമായ അറിവുണ്ടായിരുന്ന അദ്ദേഹത്തിന് മതഗ്രന്ഥങ്ങളിലും നല്ല ജ്ഞാനം ഉണ്ടായിരുന്നതിനാൽ എല്ലാ മതങ്ങളിലേയും നന്മകൾ സ്വീകരിച്ചു. മതത്തെ നവീകരിക്കുന്നതിൽ വേദങ്ങൾക്കുള്ള പ്രാധാന്യം അദ്ദേഹംഎടുത്തു പറയുകയും എല്ലാ മതങ്ങളും തമ്മിലുള്ള ഐക്യം ഉയർത്തിപ്പിടുക്കുകയും ചെയ്തു. പ്രധാനപ്പെട്ട എല്ലാ പുരാതന ഹിന്ദു ഗ്രന്ഥങ്ങളും ബഹുദൈവ വിശ്വാസത്തെ എതിർക്കുകയും ഏക ദൈവവിശ്വാസം ഉപദേശിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹംവ്യക്തമാക്കി. വിഗ്രഹാരാധനയേയും അർത്ഥമില്ലാത്ത മതപരമായ ചടങ്ങുകളേയും അദ്ദേഹം വിമർശിച്ചു.

ഇന്ത്യയെ ആധുനികവത്ക്കരിക്കുന്നതിനുവേണ്ടി ഇംഗ്ലീഷ് ഭാഷ, സാഹിത്യം, ശാസ്ത്രീയ സാങ്കേതിക വിദ്യ ഇവയിലെല്ലാം അറിവ് നേടണമെന്ന് അദ്ദേഹം വാദിച്ചു. സ്വന്തം ചെലവിൽ കൽക്കട്ടയിൽ അദ്ദേഹം ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. മെക്കാനിക്സ് (യന്ത്രപ്പണി), തത്വശാസ്ത്രം എന്നിവ മറ്റ് വിഷയങ്ങളോടൊപ്പം അവിടെ പഠിപ്പിച്ചു. 1825-ൽ ഒരു വേദാന്ത കോളേജ് ആരംഭിച്ചു. ഉന്നത പഠനത്തിനുവേണ്ടി കൽക്കട്ടയിൽ ഹിന്ദുകോളേജ് ആരംഭിക്കാൻ രാജാറാം മോഹൻ റോയ് സഹായിച്ചു.

### 6.3.2 ഈശ്വര ചന്ദ്ര വിദ്യാസാഗർ


ചിത്രം 6.2 *ഈശ്വര ചന്ദ്ര വിദ്യാസാഗർ*

വലിയ പണ്ഡിതനും പരിഷ്ക്കർത്താവും ആയിരുന്ന ഈശ്വര ചന്ദ്ര വിദ്യാസാഗർ തന്റെ ജീവിതം മുഴുവൻ സാമൂഹിക പരിഷ്ക്കരണത്തിന് വേണ്ടി ഉഴിഞ്ഞുവെച്ചു. അദ്ദേഹത്തിന്റെ കഠിനമായ പരിശ്രമത്തിന്റെ ഫലമായി 1856-ൽ ഹിന്ദു വിധവാ പുനർ വിവാഹ നിയമം നടപ്പിലാക്കി. ശൈശവ വിവാഹത്തേയും ബഹുഭാര്യാത്വത്തേയും അദ്ദേഹം എതിർത്തു. മതപരമായ പ്രശ്നങ്ങളിൽ വേണ്ടത്ര അദ്ദേഹം ഇടപെട്ടില്ലെങ്കിലും അതിൽ വരുത്തുന്ന പരിഷ്ക്കാരങ്ങളെ എതിർത്തവരെ അദ്ദേഹം കഠിനമായി വിമർശിച്ചിരുന്നു.

സംസ്കൃത പണ്ഡിതനായിരുന്നുവെങ്കിലും പാശ്ചാത്യചിന്തകളോട് അദ്ദേഹത്തിന് തുറന്ന മനസ്സായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന സംഭാവനകൾ വിദ്യാഭ്യാസ രംഗത്തായിരുന്നു. ബംഗാളിസാഹിത്യം, സംസ്കൃത പഠനം എന്നിവയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഇന്ത്യാക്കാരെ പ്രചോദിപ്പിക്കാനും നൂറ്റാണ്ടുകളായിട്ടുള്ള അവരുടെ വിശ്വാസങ്ങളെ ഉലയ്ക്കാനും അവരുടെ ആശയങ്ങൾ നവീകരിക്കാനും വേണ്ടി സംസ്കൃത കോളേജിൽ പാശ്ചാത്യ ചിന്തകളുടെ പഠനം അദ്ദേഹം തുടങ്ങി. സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ അവരുടെ അവസ്ഥ മെച്ചപ്പെടുത്താൻ കഴിയൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ ദിശയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ പ്രയത്നങ്ങൾ പ്രശംസാർഹങ്ങളായിരുന്നു. ബംഗാളിൽ ഏതാണ്ട് പെൺകുട്ടികളുടെ 35 സ്കൂളുകൾ ആരംഭിക്കാൻ അദ്ദേഹം സഹായിച്ചു. സ്ത്രീവിദ്യാഭ്യാസത്തിന്റെ ചാമ്പ്യനായിരുന്നു അദ്ദേഹം. ഈശ്വരചന്ദ്ര സാഗറിന്റെ പരിശ്രമഫലമായി അബ്രാഹ്മണരായ കുട്ടികൾക്ക് സംസ്കൃതകോളേജിൽ പഠിക്കാൻ സാധ്യമായി.

### 6.3.3. സ്വാമി ദയാനന്ദ സരസ്വതി

വടക്കേ ഇന്ത്യയിൽ ഹിന്ദുമതത്തിന്റെ പരിഷ്ക്കരണ നടപടികൾക്കുവേണ്ടി 1875-ൽ സ്വാമി ദയാനന്ദ സരസ്വതി ആര്യസമാജം സ്ഥാപിച്ചു. വേദങ്ങൾ ഒരിക്കലും തെറ്റു സംഭവിക്കാത്തവയാണെന്നും എല്ലാ വിജ്ഞാനങ്ങളുടേയും അടിത്തറ ആണെന്നും അദ്ദേഹംകരുതി. വേദങ്ങളുമായി സംഘർഷത്തിലേർപ്പെടുന്ന എല്ലാ മതചിന്തകളേയും അദ്ദേഹം ഉപേക്ഷിച്ചു. ഓരോവ്യക്തിക്കും ദൈവവുമായി നേരിട്ട് ബന്ധപ്പെടാനുള്ള അവകാശമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. ഇസ്ലാം ക്രൈസ്തവ മതങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട ഹിന്ദുക്കളെ തിരിച്ച് ഹിന്ദുമതത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടി അദ്ദേഹം 'ശുദ്ധിപ്രസ്ഥാനം' ആരംഭിച്ചു. 'സത്യാർത്ഥ പ്രകാശ്' ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന കൃതി.

ആര്യസമാജം സാമൂഹിക പരിഷ്ക്കാരങ്ങൾക്കുവേണ്ടി വാദിക്കുകയും സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുവാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്തു. 'തൊട്ടുകൂടായ്മക്കെതിരെയും ഹിന്ദുമതത്തിലെ കർക്കശമായ ജാതിവ്യവസ്ഥക്കെതിരെയും സാമൂഹിക സമത്വം മെച്ചപ്പെടുത്താനും ഈ പ്രസ്ഥാനം പ്രവർത്തിച്ചു. ഹിന്ദി ഭാഷയിൽ എഴുതുകയും ഉദ്ബോധിപ്പിക്കു

കയും ചെയ്തതിനാൽ ഉത്തരേന്ത്യയിലെ ജനങ്ങളുടെയിടയിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ എളുപ്പത്തിൽ പ്രചരിച്ചു. ആത്മാഭിമാനവും സ്വാശ്രയബോധവും ജനങ്ങളിലുണ്ടാക്കിയതിനാൽ ദേശീയപ്രസ്ഥാനത്തിൽ ആര്യസമാജം ഒരു വലിയ പങ്കാണ് വഹിച്ചത്.



ചിത്രം 6.3 *സ്വാമി ദയാനന്ദ സരസ്വതി*

സാധാരണ ജനങ്ങളുടെയിടയിൽ വിദ്യാഭ്യാസം എത്തിക്കുന്ന കാര്യത്തിൽ ആര്യസമാജം വഹിച്ച പങ്ക് എടുത്തു പറയത്തക്കതാണ്. വേദിക് വിദ്യാഭ്യാസത്തിന് കോട്ടം തട്ടാത്ത വിധത്തിൽ പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി സ്വാമി ദയാനന്ദസരസ്വതിയുടെ ചില പിൻതുടർച്ചക്കാർ ഡി എ വി (ദയാനന്ദ ആംഗ്ലോവേദിക്) എന്ന പേരിൽ ധാരാളം സ്കൂളുകളും കോളേജുകളും രാജ്യത്ത് പിന്നീട് ആരംഭിച്ചു. സംസ്കൃതം, വേദപഠനം എന്നിവയോടൊപ്പം തന്നെ ഇംഗ്ലീഷും ആധുനിക ശാസ്ത്രവും അവർ പ്രോത്സാഹിപ്പിച്ചു.


### 6.3.4. രാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും

രാമകൃഷ്ണ പരമഹംസൻ (1836-1886) മതങ്ങൾ തമ്മിലുള്ള ഒഴിച്ചുകൂടാൻ വയ്യാത്ത യോജിപ്പും ആത്മീയ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയും ഉദ്ബോധിപ്പിച്ചു. ലോകത്തുള്ള വിവിധ മതങ്ങൾ ഒരേ ദൈവത്തെ കണ്ടെത്താനുള്ള വിവിധ വഴികൾ മാത്രമാണെന്ന് അദ്ദേഹം വിശ്വസിച്ചു. സ്വാമി വിവേകാനന്ദൻ (1863-1902) ആയിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന ശിഷ്യൻ.

"ലോകത്തിന്റെ ചരിത്രമെന്നത് അവരവരിൽതന്നെ വിശ്വാസമുണ്ടായിരുന്ന കുറച്ച് മനുഷ്യരുടെ ചരിത്രമാണ്. ആ വിശ്വാസം നമ്മുടെ ഉള്ളിലുള്ള ദൈവികത്വത്തെയാണ് വെല്ലുവിളിക്കുന്നത്. നിങ്ങൾക്ക് എന്തുവേണമെങ്കിലും ചെയ്യുവാൻ കഴിയും. നിങ്ങൾ പരാജയപ്പെടുന്നത് അമേയമായ ശക്തിയെ പ്രത്യക്ഷീകരിക്കാൻ വേണ്ടുവോളം കഠിനമായി പ്രയത്നിക്കാതിരിക്കാൻ ശ്രമിക്കുമ്പോൾ മാത്രമാണ്. ഒരു മനുഷ്യന് തന്നിലും ഒരു രാഷ്ട്രത്തിന് അതിലും എപ്പോഴാണ് വിശ്വാസം നഷ്ടപ്പെടുന്നത് അപ്പോൾ മരണം സംഭവിക്കുന്നു. ആദ്യം നിങ്ങളിൽ തന്നെ വിശ്വസിക്കുക;. പിന്നീട് ദൈവത്തിലും"

*- സ്വാമി വിവേകാനന്ദൻ*

മതപരമായ പരിഷ്ക്കരണത്തിനും അതീതമായി ചിന്തിച്ച ആദ്യത്തെ ആത്മീയ നേതാവായിരുന്നു വിവേകാനന്ദൻ. ഇന്ത്യൻ ജനതയെ ശക്തരാക്കാനും അവരിൽ തന്നെ വിശ്വാസം ജനിപ്പിക്കുന്നതിനും മതേതരവും ആത്മീയവുമായ ജ്ഞാനം ആവശ്യമുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. തന്റെ ഗുരുവായ രാമകൃഷ്ണ പരമഹംസന്റെ നാമധേയത്തിൽ 'രാമകൃഷ്ണമിഷൻ' സ്ഥാപിച്ചു. ഹിന്ദുസംസ്കാരത്തിന്റേയും മതത്തിന്റേയും സത്ത അദ്ദേഹം തന്റെ വാക്കുകളിലൂടെയും പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും വെളിച്ചത്തുകൊണ്ടു വന്നു. വേദാന്തത്തിന്റെ സത്തയിലും മതങ്ങളുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഐക്യത്തിലും സമത്വത്തിലും അദ്ദേഹം വിശ്വസിച്ചു. മതപരമായ അന്ധവിശ്വാസങ്ങൾ, വിജ്ഞാനപ്രസരണ വിരോധം, കാലഹരണപ്പെട്ട സാമൂഹികാചാരങ്ങൾ ഇവയെല്ലാം ഇല്ലായ്മ ചെയ്യുന്നതിന് അദ്ദേഹം ഊന്നൽ കൊടുത്തു. അസ്പൃശ്യതയും, കഠിനമായ ജാതി വ്യവസ്ഥയും ഇല്ലായ്മ ചെയ്യാൻ അദ്ദേഹം പരിശ്രമിച്ചു. സ്ത്രീകളുടെ അഭിവൃദ്ധിക്കും വിദ്യാഭ്യാസത്തിനും വേണ്ടി സ്വയം പരിശ്രമിച്ചിട്ട് സ്ത്രീകളെ ബഹുമാനിക്കാൻ അദ്ദേഹം ആളുകൾക്ക് പ്രചോദനം നൽകി. ജനങ്ങളുടെയിടയിലുള്ള അജ്ഞത തുടച്ചുമാറ്റാനായിരുന്നു ഏറ്റവും പ്രാഥമികമായ പ്രാധാന്യം സ്വാമി വിവേകാനന്ദൻ നൽകിയിരുന്നത്.




**ചിത്രം 6.4** *ശ്രീ രാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും*

### 6.3.5 സർ സയ്ദ് അഹമ്മദ്ഖാൻ

മുസ്ലീങ്ങളുടെ മതപരവും സാമൂഹികവുമായ ജീവിതം, ആധുനിക പാശ്ചാത്യ, ശാസ്ത്രീയ വിദ്യാഭ്യാസവും സംസ്കാരവും മനസ്സിലാക്കുന്നതിലൂടെ മാത്രമേ പുരോഗതി പ്രാപിക്കുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. മുസ്ലീങ്ങളുടെ ഇടയിലുള്ള സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കുക എന്നതിലായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ശ്രദ്ധ. മുസ്ലീം സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് അദ്ദേഹം കഠിനമായി പരിശ്രമിച്ചു. പർദാസമ്പ്രദായം, ബഹുഭാര്യാത്വം, വേഗം നടക്കുന്ന വിവാഹ മോചനം, വിദ്യാഭ്യാസത്തിന്റെ കുറവ് തുടങ്ങിയവ പെൺകുട്ടികളുടെ ഇടയിൽ സാർവ്വത്രികമായിരുന്നു. ഇതിനെല്ലാം അദ്ദേഹം എതിരായിരുന്നു. യാഥാസ്ഥിതിക മുസ്ലീങ്ങൾ അദ്ദേഹത്തെ എതിർത്തെങ്കിലും സ്ത്രീകളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ച്ചവെച്ചത്. യുക്തിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഖുറാൻ വ്യാഖ്യാനിച്ച് മതഭ്രാന്തിനും അജ്ഞതയ്ക്കും എതിരായി

സംസാരിക്കുകയും ചെയ്തു. ഇതോടൊപ്പം മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടിയുള്ള സാമൂഹിക പരിഷ്ക്കരണ നടപടികൾക്കും സർ സയ്ദ് അഹമ്മദ്ഖാൻ തുടക്കം കുറിച്ചു.

ജീവിതത്തിന്റെ ആരംഭകാലം മുഴുവൻ ഇംഗ്ലീഷ് ഭാഷാപഠനത്തിന് വേണ്ടി യാഥാസ്ഥിതിക മുസ്ലീങ്ങളുടെ എതിർപ്പിനെ നേരിട്ട് അദ്ദേഹം വാദിച്ചുകൊണ്ടിരുന്നു. ആധുനിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ മുസ്ലീങ്ങൾക്ക് പുരോഗതിയുണ്ടാവുകയുള്ളൂവെന്ന് അദ്ദേഹം കരുതി. 1864-ൽ ഗാസിപ്പൂരിൽ (ഇപ്പോഴത്തെ ഉത്തർപ്രദേശ്) ഒരു ഇംഗ്ലീഷ് സ്കൂൾ സർ സെയ്ദ് സ്ഥാപിച്ചു. പിൽക്കാലത്ത് അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയായി പരിണമിച്ച അലിഗറിലെ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് (എം.എ.ഒ) 1875-ൽ ആരംഭിച്ചത് സർ സയ്ദി അഹമ്മദ്ഖാൻ ആണ്. ഇംഗ്ലീഷ് മാധ്യമത്തിലൂടെ മാനവിക വിഷയങ്ങളും ശാസ്ത്രവും പഠിക്കാനുള്ള സൗകര്യം അവിടെ ഉണ്ടാക്കികൊടുത്തു. ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്നതിനുവേണ്ടി ഒരു 'സയന്റിഫിക്ക് സൊസൈറ്റി' യും അദ്ദേഹം സ്ഥാപിച്ചു. സാമൂഹിക പരിഷ്ക്കാരം പ്രത്യേകിച്ച് ആധുനിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധം മുസ്ലീമുകളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ഒരു ആനുകാലിക പ്രസിദ്ധീകരണവും ആരംഭിച്ചു. പരിഷ്ക്കരണത്തിനുവേണ്ടി അദ്ദേഹം സ്ഥാപിച്ച പ്രസ്ഥാനം 'അലിഗർ പ്രസ്ഥാനം' എന്ന പേരിലറിയപ്പെടുന്നു. മുസ്ലീങ്ങളുടെ ഇടയിൽ സാമൂഹിക രാഷ്ട്രീയ ഉണർവ്വുണ്ടാക്കാൻ വേണ്ടിയുള്ള ഒരു പ്രധാന നടപടിയായിരുന്നു ഇതെന്ന് പിന്നീട് തെളിയിക്കപ്പെട്ടു.




**ചിത്രം 6.5** *സർ സയ്ദ് അഹമ്മദ്ഖാൻ*

### 6.3.6 ജ്യോതിറാ ഗോവിന്ദറാവു ഫൂലെ

മഹാരാഷ്ട്രയിലെ ജ്യോതിറാ ഗോവിന്ദ് റാവ് ഫൂലെ മറ്റുള്ളവരെപ്പോലെ കൃഷിക്കാർക്കും താഴ്ന്ന ജാതിക്കാർക്കും തുല്യമായ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച മഹാനാണ്. സ്ത്രീകൾ, താഴ്ന്ന ജാതിക്കാർ, മറ്റ് സാധാരണക്കാർ എന്നിവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി അദ്ദേഹവും ഭാര്യ സാവിത്രീഭായി ഫൂലേയും നടത്തിയ

പരിശ്രമങ്ങളുടെ പേരിലാണ് അവരെ കൂടുതൽ അറിയപ്പെടുന്നത്. അദ്ദേഹം ആദ്യം തന്റെ പത്നിയെ വിദ്യാസമ്പന്നയാക്കി. അതിനുശേഷം രണ്ടുപേരുംകൂടി 1848- ഓഗസ്റ്റിൽ ഇന്ത്യയിൽ പെൺകുട്ടികൾക്കുവേണ്ടി ഒരു സ്കൂൾ ആരംഭിച്ചു. തുടർന്ന് 1851-ൽ പൂന യിൽ മറ്റൊരു സ്കൂളും പെൺകുട്ടികൾക്കുവേണ്ടി അദ്ദേഹം ആരംഭിച്ചു. ഇതെല്ലാം സ്ത്രീക ളുടെ ഉന്നമനത്തിനുവേണ്ടിയായിരുന്നു. വിധവകളുടെ പുനർ വിവാഹത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങളും സ്മരണീയങ്ങളാണ്. 1873-സെപ്തംബറിൽ ജ്യോതിറോയും തന്റെ കുറെ അനുയായികളും ചേർന്ന് 'സത്യ ശോധക് സമാജ്' (സത്യാമ്പേഷകരുടെ സംഘം) രൂപീകരിച്ചു. അധസ്ഥിത ജാതിക്കാരെ സ്വതന്ത്രരാക്കുകയും ചൂഷണങ്ങളിൽ നിന്നും മറ്റ് പീഡനങ്ങളിൽ നിന്നും അവരെ രക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. 'ജ്യോതിബ' എന്ന പേരിലാണ് കുടുതലും അദ്ദേഹം അറിയപ്പെട്ടിരുന്നത്.



**ചിത്രം 6.6** *ജ്യോതിറാ ഫൂലെയും ഭാര്യ സാവിത്രീഭായി ഫൂലെയും*

### 6.3.7 ജസ്റ്റീസ് മഹാദേവ് ഗോവിന്ദ് റാനഡെ

ജസ്റ്റീസ് മഹാദേവ് ഗോവിന്ദ് റാനഡെ മതപരമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാനായി പൂനാ സാർവജനിക് സഭയും 1867-ൽ ബോംബെയിൽ പ്രാർത്ഥനാസമാജവും സ്ഥാപിച്ചു. ജാതിയുടെ പേരിലുള്ള നിയന്ത്രണങ്ങൾ, ശൈശവ വിവാഹം നിരോധിക്കൽ, വിധവകളുടെ ജീവൻ രക്ഷിക്കൽ, വിവാഹത്തിനും മറ്റും വേണ്ടി വൻതുക ചെലവാക്കൽ, സ്ത്രീകളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളാണ് ഈ സംഘടനകൾ ചെയ്തിരുന്നത് . ബ്രഹ്മസമാജത്തെപ്പോലെ ഈ സംഘടനകളും ഏകദൈവത്തിന്റെ ആരാധനയ്ക്കുവേണ്ടി വാദിച്ചു. വിഗ്രഹാരാധനയെയും മതകാര്യങ്ങളിലെ പുരോഹിത വർഗത്തിന്റെ അപ്രമാദിത്വത്തേയും ഇവർ കുറ്റപ്പെടുത്തി. യൂണിവേഴ്സിറ്റിയുടെ പാഠ്യപദ്ധതി നാട്ടുഭാഷയിലാക്കി. തന്മൂലം ഉന്നത വിദ്യാഭ്യാസം ഇന്ത്യാക്കാർക്ക് എളുപ്പമായി. ഇന്ത്യയുടെ സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ സാമൂഹീകാന്തരീക്ഷം നശിപ്പിക്കാതെ തന്നെ സമൂഹത്തിന്റെ കർക്കശമായ പാരമ്പര്യത്തെ പരിഷ്ക്കരിക്കാൻ അദ്ദേഹം ശ്രമിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സ്ഥാപകാംഗം കൂടിയായിരുന്നു അദ്ദേഹം.



**ചിത്രം. 6.7** *ജസ്റ്റീസ് മഹാദേവ് ഗോവിന്ദറാനഡെ*




### 6.3.8. പണ്ഡിത രമാഭായ്


ചിത്രം 6.8 പണ്ഡിത രമാഭായ്

വനിതകളുടെ അവകാശങ്ങൾക്കും ശൈശവവിവാഹത്തിന് എതിരായും പോരാടിയിരുന്ന, മഹാരാഷ്ട്രയിലെ പ്രഖ്യാതയായ ഒരു സാമൂഹിക പരിഷ്കർത്താവായിരുന്നു പണ്ഡിതരമാഭായ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ അവർ പ്രോത്സാഹിപ്പിച്ചു. സ്ത്രീകളുടെ സ്ഥിതിമെച്ചപ്പെടുത്തുന്നതിനുവേണ്ടി 1881 -ൽ പൂനയിൽ 'ആര്യമഹിളാസമാജ്' എന്ന സംഘടനയ്ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചു. ഉപേക്ഷിക്കപ്പെട്ടവരും കുടുംബങ്ങളിൽ നിന്നുള്ള മറ്റ് അധിക്ഷേപങ്ങൾക്ക് വിധേയരായവരുമായ ചെറുപ്പക്കാരികളായ വിധവകളുടെ ഒരു അഭയകേന്ദ്രം എന്ന നിലയിൽ 'മുക്തിമിഷൻ 1889 -ൽ പൂനെയിൽ അവർ സ്ഥാപിച്ചു. 'ശ്രദ്ധസദൻ' (Sharda sadan) അവർ ആരംഭിച്ചതാണ്. ഇത് പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യസേവനം എന്നിവ വിധവകൾക്കും അനാഥർക്കും അന്ധർക്കും നൽകാനുള്ള ഒരു പ്രസ്ഥാനമായിരുന്നു. കുട്ടികളായ വധുക്കളുംവിധവകളും ഉൾപ്പെടയുള്ള സ്ത്രീകളുടെ ദാരുണ ജീവിതം കാണിച്ചുതരുന്ന ധാരാളം കൃതികൾ അവർ രചിച്ചു. 'ദ പണ്ഡിത രമാഭായ് മുക്തിമിഷൻ' ഇപ്പോഴും വളരെ സജീവമായി പ്രവർത്തിക്കുന്നു.

### 6.3.9 ആനിബസന്റ്


ചിത്രം 6.9 ആനിബസന്റ്

ആനിബസന്റ് 'തിയോസഫിക്കൽ സൊസൈറ്റി' (Theosophical Society) യിലെ ഒരംഗമായിരുന്നു അവർ 1893 -ൽ ഇന്ത്യയിൽ ആദ്യമായി വന്നു. ഈ പ്രസ്ഥാനം നയിച്ചിരുന്നത് പാശ്ചാത്യരായിരുന്നു. ഇവർ ഇന്ത്യയുടെ മത-തത്വചിന്താപാരമ്പര്യങ്ങളെ പ്രകീർത്തിക്കുന്നവരും ഇന്ത്യൻ പാരമ്പര്യത്തിലും സംസ്ക്കാരത്തിലും അഭിമാനബോധം ജനിപ്പിക്കാൻ വേണ്ടി നാട്ടുഭാഷകളേയും സാഹിത്യത്തേയും പ്രോത്സാഹിപ്പിക്കുന്നവരും ആയിരുന്നു. ഈ സംഘത്തിന്റെ പ്രവർത്തനം ഒരു രാഷ്ട്രീയ ഉണർവ് ഉണ്ടാക്കി കൂടാതെ ഇന്ത്യക്കാരിൽ ഒരു ആത്മവിശ്വാസം വളർത്താനും സ്വന്തം രാജ്യത്തിന്റെ പേരിൽ അഭിമാനം ഉളവാക്കാനും ഇത് സഹായിച്ചു. ഈ പ്രസ്ഥാനം മനുഷ്യന്റെ സാർവ്വലൗകീക സാഹോദര്യമാണ് ഉദ്ബോധിപ്പിച്ചത്. ആധുനിക ഇന്ത്യയുടെ വികസനത്തിന് ഇത് വൻസംഭാവനകൾ നൽകി. 1907 -ൽ ആനിബസന്റ് 'തിയോസഫിക്കൽ സൊസൈറ്റിയുടെ അധ്യക്ഷയായി.

ബസന്റ് ബനാറസിൽ ആൺകുട്ടികൾക്കുവേണ്ടി സെൻട്രൽ ഹിന്ദുകോളേജ് ആരംഭിച്ചു. ഇന്ത്യയ്ക്ക് ഒരു പുതിയ നേതൃത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ തിയോസഫിക്കിൽ സൊസൈറ്റിയുടെ തത്വങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ കോളേജ് സ്ഥാപിച്ചത്. ആധുനിക ശാസ്ത്രത്തോടൊപ്പം മതപരമായ ഗ്രന്ഥങ്ങളും വിദ്യാർത്ഥികൾ പഠിച്ചു. 1912 -ൽ ഈ കോളേജ് ബനാറസ് ഹിന്ദു യൂണിവേഴസിറ്റി എന്ന പേരിലുള്ള പുതിയ യൂണിവേഴ്സിറ്റിയുടെ ഭാഗമായി തീർന്നു.

## പാഠ്യപ്രവർത്തനം 6.3

സർക്കാർ നിയമങ്ങളും ധാരാളം പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ഒക്കെ ഉണ്ടായിട്ടും ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന രണ്ട് സാമൂഹിക അനാചാരങ്ങൾ അല്ലെങ്കിൽ അന്ധ

വിശ്വാസങ്ങൾ ഏതൊക്കെയെന്ന് കണ്ടുപിടിക്കുക. ഇതിനെതിരെ ഒരു വ്യക്തിയെന്ന നിലയിൽ നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?

**സൂചന:** സ്ത്രീധനം, ലിംഗവിവേചനം, നിരക്ഷരത, ശൈശവവിവാഹം, പെൺ ശിശുഹത്യ.

**ചെയ്യാവുന്നപ്രവർത്തനം:** സ്വന്തം ജീവിതം, ഗ്രൂപ്പ് ചർച്ചകൾ, പത്രങ്ങൾക്ക് കത്തെഴുതുക, പൊതുസ്ഥലങ്ങളിൽ ബുദ്ധിമുട്ടിലകപ്പെടുന്നവരെ സഹായിക്കുക.

### 6.3.10 മുസ്ലീം പരിഷ്ക്കരണ പ്രസ്ഥാനം

ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കാനും ബഹു ഭാര്യാത്വം പോലുള്ള സാമൂഹിക അനാചാരങ്ങൾ ഇല്ലായ്മചെയ്യാനും മറ്റുമായി ചില പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നു. അതിൽ പ്രാധാനപ്പെട്ട ഒന്നാണ് 1863 -ൽ അബ്ദുൾ ലത്തീഫ് കൽക്കത്തയിൽ സ്ഥാപിച്ച 'ദ മുഹമ്മദൻ ലിറ്ററസി സൊസൈറ്റി' ഉയർന്നവരും മധ്യവർഗ്ഗത്തിൽപ്പെട്ടവരുമായ മുസ്ലീങ്ങൾക്കിടയിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ ശ്രമിച്ച ആദ്യകാല സംഘടനകളിൽ ഒന്നാണിത്. ഹിന്ദു-മുസ്ലീം ഐക്യം വളർത്തുന്നതിലും ഈ സംഘടന പ്രധാന പ്പെട്ട ഒരു പങ്ക് വഹിച്ചു. ബംഗാളിലെ 'ഫറൈസി' പ്രസ്ഥാന ത്തിന്റെ നേതാവായിരുന്ന 'ഷരിയത്തുള്ള' കർഷകരുടെ പ്രശ്നങ്ങൾ ഏറ്റെടുത്തു. മുസ്ലീങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന മോശമായ ജാതിസമ്പ്രദായത്തേയും അദ്ദേഹം അധിക്ഷേപിച്ചു.


ചിത്രം 6.10 *മുഹമ്മദ് ഇക്ബാൽ*

മുസ്ലീങ്ങളുടെയിടയിൽ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ രാഷ്ട്രീയ ഉണർവിനുവേണ്ടി പ്രവർത്തിച്ച ധാരാളം മത-സാമൂഹിക പ്രസ്ഥാനങ്ങളുണ്ടായിരുന്നു. 1899-ൽ മിർസാഗുലാം അഹമ്മദ് സ്ഥാപിച്ച പ്രസ്ഥാനമായിരുന്നു അഹമ്മദീയ മൂവ്മെന്റ്. ഈ പ്രസ്ഥാനത്തിന്റെ കീഴിൽ രാജ്യമെമ്പാടും ധാരാളം സ്കൂളുകളും, കോളേജുകളും ആരംഭിച്ചു. അവർ ഇസ്ലാമിന്റെ സാർവലൗകികവും മനുഷ്യത്വപരവുമായ സ്വഭാവം ഊന്നിപറഞ്ഞു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ഐക്യത്തിനുവേണ്ടി അവർ നിലകൊണ്ടു. തൻെറ കവിതകളിൽ കൂടി നിരവധി തലമുറകളെ തത്വചിന്താപരവും മതപരവുമായ വീക്ഷണങ്ങളാൽ സ്വാധീനിപ്പിക്കാൻ ആധുനിക ഇന്ത്യയിലെ മഹാകവികളിൽ ഒരാളായ മുഹമ്മദ് ഇക്ബാലി (1876-1938) ന് കഴിഞ്ഞു.

**? നിങ്ങൾക്കറിയാമോ**

'സാരേ ജഹാംസെ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ'
ഇത് മുഹമ്മദ് ഇക്ബാൽ രചിച്ച പ്രസിദ്ധ ഗാനമാണ്.

### 6.3.11 അകാലി പരിഷ്ക്കരണ പ്രസ്ഥാനം

1870 - കളിൽ അമൃത്സറിലും ലാഹോറിലും രൂപീകൃതമായ രണ്ട് സിംഗ് സഭകൾ സിക്കുകാരുടെയിടയിൽ മതപരിവർത്തനപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു. 1892-ൽ അമൃത്സറിൽ സ്ഥാപിച്ച 'ഖൽസ കോളേജ്' സിക്ക്പഠനവും പഞ്ചാബി സാഹിത്യവും മെച്ചപ്പെടുത്താൻ സഹായിച്ചു. ബ്രിട്ടീഷുകാരുടെ സഹായത്തോടെയാണ് ഈ കോളേജ് ആരംഭിച്ചത്. 1920-ൽ പഞ്ചാബിൽ ഉയർത്തെഴുന്നേറ്റ അകാലി പ്രസ്ഥാനം ഗുരുദ്വാരകളിലേയും സിക് ക്ഷേത്രങ്ങളിലേയും ഭരണ സംവിധാനത്തെ ശുദ്ധീകരിക്കുന്ന

നടപടികൾ ആരംഭിച്ചു. 1921-ൽ മഹന്ത്കൾക്കെതിരെ ശക്തിയായ ഒരു സത്യാഗ്രഹം നടത്തിയതിന്റെ ഫലമായി 1925-ൽ ഗുരുദ്വാര ആക്ട് പാസ്സാക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. ഈ നിയമത്തിന്റെ സഹായത്താലും മറ്റ് പ്രത്യക്ഷ നടപടികൾ കൊണ്ടും അഴിമതിക്കാരായ മഹന്ത്കളുടെ നിയന്ത്രണത്തിൽ നിന്നും അധീനതയിൽ നിന്നും സിക്ക് പുണ്യസ്ഥലങ്ങളെല്ലാം അവർ സ്വതന്ത്രമാക്കി.

### 6.3.12 പാഴ്സികളുടെയിടയിലെ പരിഷ്ക്കരണ പ്രസ്ഥാനം



ചിത്രം 6.11 ദാദാഭായി നവറോജി

19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നറൗജിഫർദോൻജി, ദാദാഭായി നവറോജി, എസ്. എസ്. ബൻഗാളി തുടങ്ങിയവർ മുംബെയിലെ പാഴ്സികളുടെയിടയിൽ മതനവീകരണ പ്രസ്ഥാന ങ്ങൾ ആരംഭിച്ചു. 1851-ൽ 'റഹ്നുമായ്മസ്ദായസ്നം' സഭ (Rahunumai Mazdayasnam Sabha) അല്ലെങ്കിൽ മതനവീകരണ സംഘടന അവർ സ്ഥാപിച്ചു. വിദ്യാഭ്യാസപ്രചരണ ത്തിൽ പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യത്തിൽ ഈ സഭ വലിയ പങ്ക് വഹിച്ചു. പാഴ്സി മതത്തിലെ യാഥാസ്ഥിതിക ആചാരങ്ങൾക്കെതിരെ അവർ പ്രചരണം നടത്തി. കാലക്രമത്തിൽ ഇന്ത്യൻ സമൂഹത്തിലെ വളരെ പുരോഗമനപരമായ ഒരു വിഭാഗമായി പാഴ്സികൾ മാറിക്കഴിഞ്ഞു.

## പാഠ്യപ്രവർത്തനം 6.4

നമ്മുടെ സമൂഹം ജീവിക്കാൻ മെച്ചമാക്കി തീർക്കുന്നതിന് മഹത്തായ സംഭാവനകൾ നൽകിയ 10 പ്രമുഖ വ്യക്തികളുടെ പട്ടിക തയ്യാറാക്കുക. ഏതെല്ലാം മേഖലകളിലായിരുന്നു അവരുടെ സംഭാവനകൾ എന്നു കണ്ടു പിടിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. ശരിയായി ഉത്തരമെഴുതി പൂരിപ്പിക്കുക.

(i) ................. പാശ്ചാത്യപൗരസ്ത്യചിന്തകളുടെ സമന്വയത്തെ പ്രതിനിധാനം ചെയ്യുന്നില്ല.

(a) സ്വാമി വിവേകാനന്ദൻ (b) റാം മോഹൻ റോയ്
(c) ദയാനന്ദ സരസ്വതി (d) ഈശ്വരചന്ദ്രവിദ്യാസാഗർ

(ii) വേദങ്ങളുടെ അപ്രമാദിത്വത്തിന് .............................. ഊന്നൽ നൽകിയില്ല.

(a) സ്വാമി വിവേകാനന്ദൻ (b) രാമകൃഷ്ണ പരമഹംസൻ
(c) ദയാനന്ദ സരസ്വതി (d) സർ സെയ്ദ് അഹമ്മദ്ഖാൻ

(iii) അഴിമതിക്കാരായ മഹന്ത്കളുടെ നിയന്ത്രണത്തിൽ നിന്നും പുണ്യസ്ഥലങ്ങളെ മോചിപ്പിക്കാൻ ആരംഭിച്ച പ്രസ്ഥാനമാണ്.

(a) അകാലിപ്രസ്ഥാനം (b) ജാതിനവീകരണപ്രസ്ഥാനം
(c) ശുദ്ധിപ്രസ്ഥാനം (d) സത്യാഗ്രഹപ്രസ്ഥാനം

കുറിപ്പുകൾ

2 ചേരുംപടി ചേർക്കുക

| | |
|---|---|
| 1. ബ്രഹ്മസമാജ് | (a) സ്വാമിവിവേകാനന്ദൻ |
| 2. ആര്യസമാജ് | (b) ആനിബസന്റ് |
| 3. രാമകൃഷ്ണ പരമഹംസൻ | (c) സ്വാമിദയാനന്ദ സരസ്വതി |
| 4. തിയോസഫിക്കൽ സൊസൈറ്റി | (d) ജ്യോതിബാഫൂലെ |
| 5. അകാലിപ്രസ്ഥാനം | (e) പണ്ഡിത രമാഭായ് |
| 6. സത്യശോധക് സമാജ് | (f) രാജാറാം മോഹൻ റോയ് |
| 7. അലിഗർ പ്രസ്ഥാനം | (g) സിക്കുകാർ |
| 8. ആര്യമഹിളാസമാജ് | (h) ജസ്റ്റീസ് മഹാഗോവിന്ദറാനഡെ |
| | (i) സർ സെയ്ദ് അഹമ്മദ്ഖാൻ |
| | (j) ദാദാഭായ് നവറോജി |

3. പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ രണ്ട് പരിമിതികൾ എഴുതുക.

4. താഴെകൊടുത്തിരിക്കുന്ന ഭാഗം വായിച്ചിട്ട് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:

*രമാവതി എൻ ഐ ഒ എസ്സിന്റെ ഓഫീസിൽ ജോലി ചെയ്യുന്ന ഒരു ശിപായിയാണ്. 21-ാ മത്തെ വയസ്സിൽ അവൾ വിവാഹം കഴിച്ചു. എന്നാൽ ദൗർഭാഗ്യവശാൽ അവളുടെ ഇരുപത്തി എട്ടാമത്തെ വയസ്സിൽ ഭർത്താവ് മരിച്ചുപോയി. സെക്കന്ററിസ്കൂൾ വിദ്യാഭ്യാസം അവൾ പൂർത്തിയാക്കിയിരുന്നതിനാൽ എൻ ഐ ഒ എസ്സിലെ അവളുടെ ഭർത്താവിന്റെ ജോലി അവൾക്ക് നൽകി. തന്റെ കുട്ടികളെ സംരക്ഷിക്കാനും അവളുടെ കാര്യങ്ങൾക്കും ഈ ജോലികൊണ്ട് ഇന്ന് അവൾക്ക് കഴിയുന്നു. അവൾ ഒരു മാന്യമായ ജീവിതം നയിക്കുകയും അവളുടെ കുട്ടികൾ അവരുടെ അമ്മയിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു.*

(a) രമാവതി ഒരു കുട്ടിയായിരുന്നപ്പോൾ വിവാഹിതയായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു.?

(b) വീടിന് പുറത്ത് രമാവതിയെ ജോലി ചെയ്യാൻ അനുവദിച്ചില്ലായിരുന്നെങ്കിൽ അവൾക്കും അവളുടെ കുടുംബത്തിനും എന്തു സംഭവിക്കുമായിരുന്നു?

## 6.4 പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ഇന്ത്യൻ സമൂഹത്തിൽ വരുത്തിയ സ്വാധീനം

19-ാം നൂറ്റാണ്ടിൽ ഇന്ത്യാക്കാരുടെയിടയിൽ മത-സാമൂഹിക അവബോധം സൃഷ്ടിക്കുവാൻ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു ഈ എല്ലാ പ്രസ്ഥാനങ്ങളും മത-സാമൂഹിക ആശയങ്ങളിൽ യുക്തിപരമായ ധാരണകൾക്ക് ഊന്നൽ നൽകുകയും ശാസ്ത്രീയവും മാനുഷികവുമായ വീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇന്ത്യൻ സാംസ്കാരികധാരയോട് സമന്വയിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ കാര്യങ്ങളാണ് ആധുനികാശയങ്ങളും സംസ്ക്കാരവും എന്ന് ഈ പരിഷ്കർത്താക്കൾ കരുതിയിരുന്നു. ആധുനിക വിദ്യാഭ്യാസത്തിന്റെ വരവ് ഇന്ത്യാക്കാരെ ശാസ്ത്രീയവും യുക്തിപൂർവ്വകവുമായ ഒരു സമീപനം ജീവിതത്തോട് സ്വീകരിക്കാൻ മാർഗ നിർദ്ദേശം

നൽകി. എല്ലാ പ്രസ്ഥാന ങ്ങളും സ്ത്രീകളുടെ പദവി ഉയർത്താനും ജാതിസമ്പ്രദായത്തെ പ്രത്യേകിച്ച് തൊട്ടുകൂടായ്മക്കെതിരായും പ്രവർത്തിച്ചു സാമൂഹിക ഐക്യം ആണ് ഈ പരിഷ്ക്കരണപ്രസ്ഥാനങ്ങൾ ലക്ഷ്യമിട്ടിരുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി ഈ പ്രസ്ഥാനങ്ങൾ കഠിനമായി പരിശ്രമിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന് പ്രത്യേകിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകപ്പെട്ടിരുന്നു. വനിതകളുടെ പദവി ഉയർത്താനുള്ള നിയമനടപടികളും എടുത്തിരുന്നു. സതി അനുഷ്ഠിക്കൽ, ശിശുഹത്യ എന്നിവ നിയമവിരുദ്ധമായി പ്രഖ്യാപിച്ചിരുന്നു. 1856 -ൽ നിയമം മൂലം വിധവാപുനർ വിവാഹം സാധ്യമാക്കി. തന്മൂലം വിധവകളുടെ അവസ്ഥ യിൽ നല്ല മാറ്റം ഉണ്ടായി. വ്യത്യസ്ത ജാതിക്കാർ തമ്മിലും സമുദായങ്ങൾ തമ്മിലും വിവാഹം നടത്താൻ അനുവദിച്ചുകൊണ്ടുള്ള നിയമം 1872-ൽ പാസ്സാക്കി. 1860 -ൽ പെൺകുട്ടികളുടെ കല്യാണപ്രായം 10 വയസ്സാക്കി ഉയർത്തി. ശിശുവിവാഹം തടഞ്ഞുകൊണ്ടുള്ള ശ്രദ്ധ ആക്ട് (Shrada Act) 1929 -ൽ പാസാക്കി. അതു മൂലം പെൺകുട്ടികളും ആൺകുട്ടികളും യഥാക്രമം 14 വയസ്സിനു താഴെയും 18 വയസ്സിനു താഴെയുമുള്ളവർക്ക് വിവാഹം കഴിക്കാൻ സാധ്യ മല്ലാതായി. ഈപരിഷ്ക്കരണ ശ്രമങ്ങളുടെ ഫലം ഏറ്റവും കൂടുതൽ വെളിവാകുന്നത് ദേശീയ പ്രസ്ഥാനത്തിലാണ്. നല്ലൊരുവിഭാഗം സ്ത്രീകൾ ദേശീയ സ്വാതന്ത്ര്യസമരത്തിൽ പങ്കു ചേരാനായി പുറത്തേക്കുവന്നു. ഇന്ത്യൻ നാഷണൽ ആർമിയിലെ ക്യാപ്റ്റനായിരുന്ന ലക്ഷ്മി സെഗാൾ, സരോജനി നായിഡു, അരുണാ അസഫലി തുടങ്ങിയ ധാരാളം ധീരവനിതകളുടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പങ്ക് നിസ്തുലമാണ്. സ്ത്രീകൾ പർദ്ദകളിൽനിന്ന് പുറത്തേക്ക് വന്ന് പല തൊഴിലുകളിലും ഇന്ന് ഏർപ്പെടുന്നു.

പരിഷ്ക്കർത്താക്കളുടെ പിടിവിടാതെയുള്ള നിരന്തരമായ പരിശ്രമങ്ങൾ സമൂഹത്തിൽ വൻപിച്ച ഫലങ്ങൾ ഉളവാക്കിയിരുന്നു. ഇന്ത്യാക്കാരിൽ വൻ തോതിലുള്ള ആത്മാഭിമാനം, ആത്മവിശ്വാസം, രാജ്യത്തോടുള്ള അഭിമാനബോധം എന്നിവ രൂഢമൂലമാക്കാൻ ഈ മതനവീകരണപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. ആധുനികലോകവുമായി ബന്ധപ്പെടുവാൻ ഈ പ്രസ്ഥാനങ്ങൾ സഹായിച്ചു ഇന്ത്യൻ എന്ന സ്വത്വബോധം അവരിൽ ഉണ്ടായി. ഇത് അവസാനം ബ്രിട്ടീഷുകാർക്കെതിരെ യോജിച്ച സമരം നടത്താൻ കാരണമായിത്തീർന്നു.

20-ാം നൂറ്റാണ്ടിൽ പ്രത്യേകിച്ച് 1919 - നുശേഷം ഇന്ത്യൻ ദേശീയ പ്രസ്ഥാനം സാമൂഹിക പരിഷ്ക്കരണത്തിൻെറ പ്രധാന പ്രചാരകപ്രസ്ഥാനമായി മാറി. ഇന്ത്യൻ ഭാഷകൾ ജനങ്ങ ളുടെയിടയിലേക്ക് എത്തി. നോവൽ, നാടകം ചെറുകഥകൾ, കവിത, പത്രം എന്നി വയും 1930-ൽ സിനിമയും ജനങ്ങളുടെ വീക്ഷണങ്ങളെ പ്രചരിപ്പിക്കാൻ സഹായിച്ചു. ഈ പ്രസ്ഥാനങ്ങൾ ആത്മവിശ്വാസം, ആത്മ ബോധം, ദേശഭക്തി തുടങ്ങിയ വികാരങ്ങൾ മെച്ച പ്പെടുത്തുകയും അങ്ങനെ ദേശീയ ബോധം വികസിപ്പിച്ചെടുക്കുകയും ചെയ്തു. സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നോവലുകൾ വായിച്ചിട്ടുള്ളതോ സിനിമകൾ കണ്ടിട്ടുള്ള തോ നിങ്ങൾ ഇപ്പോൾ ഓർക്കുന്നുണ്ടോ? അത്തരത്തിലുള്ള ചില സിനിമകളുടേയും പാട്ടുകളുടെയും ഒരു പട്ടിക ഉണ്ടാക്കുക. ഈ സൂചന നിങ്ങൾക്ക് സഹായമായേക്കും ***"ഇൻസാഫ് കി ഡാഗർപെ, ബച്ചൊ ദിഖാവോചൽകെ, യെ ദേശ് ഹെ, തുമാരാ,നേതാ തുംഹി ഹോ കൽകെ"*** അല്ലെങ്കിൽ **ലതാ മങ്കേഷ്കർ** ഇതേ സിനിമയിൽ തന്നെ ആലപിച്ച **വന്ദേമാതരം.**

ഈ പ്രസ്ഥാനങ്ങൾക്ക് ചില പരിമിതികൾ ഉണ്ടായിരുന്നു. ഇത് ഒരു വളരെ ചെറിയ ശതമാനം ആളുകളെ മാത്രമേ ബാധിച്ചിരുന്നുള്ള കൂടുതലും വിദ്യാസമ്പന്നരെമാത്രം. വളരെ ദയനീയ സ്ഥിതിയിൽ ജീവിതം തുടരുന്ന കർഷകരുടെയും പാവങ്ങളുടെയും അടുക്കലേക്ക് ഈ നവീകരണ പ്രസ്ഥാനങ്ങൾ എത്തിച്ചേർന്നില്ല.

**മനുഷ്യസ്നേഹി:** എല്ലാവരുടേയും കാര്യത്തിൽ ശ്രദ്ധിക്കുകയും അവരുടെ ക്ഷേമത്തിനും സന്തോഷത്തിനും വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ആൾ.

**സ്വാതന്ത്ര്യം:** മറ്റുള്ളവർക്ക് ദ്രോഹം വരാത്ത രീതിയിൽ നമ്മുടെ ഇഷ്ടംപോലെ ചിന്തിക്കാനും പ്രവർത്തിക്കാനും ഉള്ള സ്വാതന്ത്ര്യം.

**സാഹോദര്യം:** സമാനതകൾ ഉള്ള വ്യക്തികൾ തമ്മിലുള്ള സഹോദരസ്നേഹം.

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- അന്ധവിശ്വാസങ്ങൾ, പിന്നോക്കാവസ്ഥ, സാമൂഹിക തിന്മകളായ സതി അല്ലെങ്കിൽ വിധവകളെ തീയിലിട്ടു കൊല്ലൽ, തൊട്ടുകൂടായ്മ തുടങ്ങിയ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു ഇന്ത്യൻ സമൂഹം.
- രാജാറാം മോഹൻ റോയ്, ഈശ്വര ചന്ദ്രവിദ്യാസാഗർ, ജ്യോതിറാ ഫൂലെ, സ്വാമി ദയാനന്ദ സരസ്വതി,സർ സയ്ദ് അഹമ്മദ്ഖാൻ, സ്വാമി വിവേകാനന്ദൻ എന്നിവരെപ്പോലെ വിദ്യാസമ്പന്നരായ ഇന്ത്യക്കാർ സാമൂഹ്യ-മതപരിഷ്ക്കരണങ്ങൾക്ക് മുൻകൈയെടുത്തു. സാമൂഹ്യ തിന്മകൾ കൂടുതലും മതവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മതങ്ങളിലാണ് ആദ്യം പരിഷ്ക്കരണങ്ങൾക്ക് തുടക്കമിട്ടത്.
- സമൂഹത്തിന്റെ പരിഷ്ക്കരണത്തിനുവേണ്ടി ആധുനികവിദ്യാഭ്യാസത്തിനും ശാസ്ത്രീയ വിജ്ഞാനത്തിനുമാണ് എല്ലാ മത-സാമൂഹിക പരിഷ്കരണക്കാരും ഊന്നൽ കൊടുത്തത്. സ്ത്രീ സമൂഹത്തിലെ പദവി ഉയർത്താൻ വേണ്ടി സ്ത്രീ വിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം നൽകി.
- പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനം സമൂഹത്തിൽ വളരെ വലുതായിരുന്നു. പരിഷ്ക്കരണ വാദികളുടെ നിരന്തര പരിശ്രമം കൊണ്ട് സതി, അസ്പൃശ്യത എന്നിവ നിയമം മൂലം നിരോധിച്ചു. വിധവാ പുനർവിവാഹം ആരംഭിച്ചു. ആധുനിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു.
- ഈ ശ്രമങ്ങളെല്ലാം നടന്നിട്ടും ഇന്നും ജനങ്ങളിൽ വേണ്ടത്ര അവബോധം വ്യാപിപ്പിക്കാൻ വിദ്യാസമ്പന്നരുടെ ഇടപെടൽ ആവശ്യമായിരിക്കുന്നു. മാധ്യമങ്ങളുടെ പങ്കും ഇക്കാര്യത്തിൽ നിർണ്ണായകമാണ്.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1. 19-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹികാചാരങ്ങൾ വിശദമാക്കുക
2. നമ്മുടെ സമൂഹത്തെ ഉണർത്താൻ പരിഷ്ക്കരണങ്ങൾ ആവശ്യമാണെന്ന് നിങ്ങൾ എന്തുകൊണ്ട് വിചാരിക്കുന്നു ?
3. മതപരിഷ്ക്കരണമില്ലാതെ നടത്തുന്ന സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ കൊണ്ട് അർത്ഥമില്ലെന്ന് നിങ്ങൾ എന്തുകൊണ്ട് വിചാരിക്കുന്നു ?
4. ഈ പരിഷ്ക്കരണവാദികൾക്ക് സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?
5. എപ്രകാരമാണ് സാമൂഹിക മതപരമായ പരിഷ്ക്കാരങ്ങൾ ദേശീയ പ്രസ്ഥാനത്തിലേക്ക് നയിച്ചത്?


6. ജാതിവ്യവസ്ഥയെ വെല്ലുവിളിക്കുന്നതിനും വിധവാ പുനർവിവാഹത്തിനും വേണ്ടി വാദിക്കുന്നതിനും താഴെ പറയുന്നപരിഷ്ക്കർത്താക്കളുടെ പങ്ക് വിശദമാക്കുക.
   (a) രാജാറാം മോഹൻ റോയ്
   (b) ഈശ്വർ ചന്ദ്രവിദ്യാസാഗർ
   (c) ജ്യോതിബഫൂലേ

7. താഴെപ്പറയുന്ന പ്രസ്ഥാനങ്ങളിൽ പൊതുവായി കാണുന്ന സവിശേഷതകൾ തിരിച്ചറിയുക.
   (a) തിയോസഫിക്കൽ സൊസൈറ്റിയും രാമകൃഷ്ണമിഷനും
   (b) അകാലി പ്രസ്ഥാനവും ആര്യസമാജവും

8. 19-ാം നൂറ്റാണ്ടിൽ സ്ത്രീ വിദ്യാഭ്യാസത്തിൻെറ വളർച്ചയ്ക്ക് നേരിട്ട തടസ്സങ്ങൾ എന്തെല്ലാം ?

9. മുസ്ലീങ്ങളുടെയിടയിൽ ആരാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത്? ഈ രംഗത്തുള്ള അദ്ദേഹത്തിന്റ/അവരുടെ സംഭാവന വിശദീകരിക്കുക.

10. ഭൂപടം ശ്രദ്ധാപൂർവ്വം പഠിച്ചിട്ട് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
   (a) ബ്രഹ്മസമാജം, ആര്യസമാജം, പ്രാർത്ഥനാസമാജം, എം. എ. ഒ. കോളേജുകൾ എന്നിവ പ്രവർത്തിച്ചിരുന്ന സ്ഥലങ്ങൾ.
   (b) പശ്ചിമ ഇന്ത്യയിൽ സജീവമായിരുന്ന സാമൂഹിക പരിഷ്ക്കർത്താക്കളുടെ പേരു പറയുക. അവർ ഏതുപ്രദേശത്തൊക്കെയാണ് പ്രവർത്തിച്ചിരുന്നതെന്ന് അടയാളപ്പെടുത്തുക.




ചിത്രം 6.12

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**6.1**

1. സതി, ജാതിവ്യവസ്ഥ, ശൈശവവിവാഹം, വിധവകളുടെ കഷ്ടാവസ്ഥ
2. മനുഷ്യവർഗ്ഗത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾക്ക് എതിരായിരുന്നതിനാൽ
3. ധൈര്യം, ദൃഢനിശ്ചയം, പ്രേരണ, ലക്ഷ്യംനേടുക എന്ന സ്വപ്നം. വിശുദ്ധ ഗ്രന്ഥങ്ങൾ അന്ധവിശ്വാസങ്ങളേയും മത കാർക്കശ്യങ്ങളേയും അംഗീകരിക്കുന്നില്ല എന്ന് അവർ മനസ്സിലാക്കി.
4. സ്വയം കണ്ടെത്തുക

**6.2**

1. (i) (c) (ii) (d) (iii) (a)
2. (i) (f) (ii) (c) (iii) (a) (iv) (b) (v) (g) (vi) (d)
   (vii) (i) (viii) (e)
3. (a) അവൾ നിരക്ഷരയാകുമായിരുന്നു. വളരെ നേരത്തെ വിവാഹം കഴിക്കും. കുട്ടികൾ ധാരാളം ഉണ്ടാകും. നേരത്തെയുള്ള ശിശുജനനം മൂലം അവൾക്ക് രോഗങ്ങൾ ഉണ്ടായേക്കാം.
   (b) ജീവിതം നിലനിർത്താൻ മാതാപിതാക്കളെയും ഭർത്താവിന്റെ ബന്ധുക്കളെയും ആശ്രയിക്കേണ്ടിവരുമായിരുന്നു.
4. (a) ജനസംഖ്യയിലെ വളരെ ചെറിയ ഒരു ജനവിഭാഗത്തിനെ മിക്കവാറും വിദ്യാസമ്പന്നരെ മാത്രം ബാധിച്ചു.
   (b) സാധാരണ ജനങ്ങളുടെ അടുക്കൽ എത്തിയില്ല.

# 7

# ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിരോധം

ബ്രിട്ടീഷ് കൊളോണിയൽ ഭരണം ഇന്ത്യൻ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും വമ്പിച്ച സ്വാധീനം ചെലുത്തി. വർഷംതോറും മാറിമാറി അപരിചിതർ നിങ്ങളെ ഭരിക്കുന്നത് നിങ്ങൾക്ക് ഭാവനയിൽ കാണാൻ കഴിയുമോ? ഇല്ല. നമുക്ക് കഴിയില്ല. നിങ്ങൾ 1947-ന് ശേഷം അതായത് ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായതിനു ശേഷം ജനിച്ചവരാണ്. ബ്രിട്ടീഷുകാർ ഇന്ത്യയെ കീഴടക്കി അവരുടെ കോളനിയാക്കിയത് നിങ്ങൾക്കറിയാമോ? അതിനുവേണ്ടി അവർക്ക് കടുത്ത ചെറുത്തു നില്പ്പുകൾ ജനങ്ങളിൽ നിന്ന് നേരിടേണ്ടി വന്നു. ആഭ്യന്തര ലഹളകളുടെ ഒരു ശ്രേണിതന്നെ ഇക്കാലഘട്ടങ്ങളിൽ ഉണ്ടായി. ഈ ലഹളകൾ അല്ലെങ്കിൽ വിപ്ലവങ്ങൾ നയിച്ചത് ബ്രിട്ടീഷുകാർ സ്ഥാനഭ്രഷ്ടരാക്കിയ ഭരണാധികാരികൾ, കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ മുൻ ഉദ്യോഗസ്ഥർ, നിസ്വരാക്കപ്പെട്ട സെമിന്ദാർമാർ, 'പോളിഗാർമാർ' എന്നിവരായിരുന്നു. ഈ പാഠത്തിൽ ചില പ്രധാനപ്പെട്ട ജനകീയ പ്രക്ഷോഭങ്ങൾ, അവയുടെ സ്വഭാവവും പ്രാധാന്യവുംതുടങ്ങിയകാര്യങ്ങൾ നിങ്ങൾ പഠിക്കും. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വലിയ സ്വാധീനം ചെലുത്തിയ 1857 -ലെ ഇന്ത്യൻ വിപ്ലവത്തെക്കുറിച്ചും അതോടൊപ്പം പഠിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- കൊളോണിയൽ ഭരണത്തിനെതിരായി 1857 ന് മുൻപു നടന്ന ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങളുടെ കാരണങ്ങൾ ചർച്ചചെയ്യാൻ
- കർഷകരുടെയും ആദിവാസികളുടെയും കലാപങ്ങളുടെ സ്വഭാവവും പ്രത്യേകതകളും വിശദീകരിക്കാൻ
- 1857 ലെ വിപ്ലവത്തിലേക്ക് നയിച്ച പ്രശ്നങ്ങൾ മനസ്സിലാക്കാൻ
- 1857 ലെ വിപ്ലവത്തിന്റെ പ്രാധാന്യവും പ്രത്യേകതകളും വിശകലനം ചെയ്യാൻ

## 7.1. കൊളോണിയൽ ഭരണത്തിനെതിരെയുള്ള ആദ്യകാല ജനകീയ പ്രതിരോധങ്ങൾ (AD 1750 - 1857)

എന്തുകൊണ്ടാണ് ഈ പ്രതിരോധ പ്രസ്ഥാനങ്ങളെയെല്ലാം ജനകീയം (Popular) എന്നു വിളിക്കുന്നതിന്റെ കാരണം? നിങ്ങൾക്ക് ചിന്തിക്കാമോ ? ഇത്തരം പ്രസ്ഥാനങ്ങളിൽ കൂടു

തൽ ആളുകൾ പങ്കെടുത്തത് കൊണ്ടായിരുന്നോ ? അതോ ഇതിൽ പലതും വിജയിച്ചു എന്ന കാരണത്താലാണോ ? ഈ ഭാഗം പഠിച്ചതിനു ശേഷം നിങ്ങൾക്ക് ഒരു അനുമാന ത്തിലെത്തിച്ചേരാം.

### 7.1.1 ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങളുടെ കാരണങ്ങൾ

എന്തിനാണ് ആളുകൾ പ്രതിരോധിക്കുന്നത് ? തങ്ങളുടെ അവകാശങ്ങൾ മറ്റുള്ളവർ കവർന്നെടുക്കുമ്പോഴാണ് അവർ പ്രതിരോധിക്കുന്നത്. എല്ലാ പ്രതിരോധ പ്രസ്ഥാനങ്ങളും ഏതെങ്കിലും തരത്തിലുള്ള ചൂഷണത്തിനെതിരായിട്ടാണ് ആരംഭിച്ചിട്ടുള്ളത്. ഇന്ത്യാക്കാരുടെ അവകാശങ്ങൾ, അന്തസ്സ്, സാമ്പത്തികസ്ഥിതി, ഇവയെല്ലാം നശിപ്പിച്ച ബ്രീട്ടിഷ് ഭരണം ഇത്തരം ചൂഷണത്തിന്റെ പ്രതിരൂപമായി തീർന്നിരുന്നു. പുറത്താക്കപ്പെട്ട ഭരണവർഗ്ഗങ്ങൾ, കൃഷിക്കാർ, ആദിവാസികൾ, എന്നിവരായിരുന്നു പ്രതിഷേധവും പ്രതിരോധവും പ്രധാനമായും കാണിച്ചത്. ബനാറസിലെ രാജാവായിരുന്ന ചെത്സിങ്ങിനോട് അന്യായമായി പണവും സൈന്യത്തേയും വാറൻഹേസ്റ്റിംഗ്സ് ആവശ്യപ്പെട്ടു. ഇത് രാജാവ് അംഗീകരിക്കാതിരുന്നതിനാൽ ഹേസ്റ്റിംഗ്സ് ബനാറസ് ആക്രമിച്ച് രാജാവിനെ ജയിലിൽ അടച്ചു. അതിനെതിരെ ബനാറസിലെ ജനങ്ങൾ വിപ്ലവം നടത്തി. മദ്രാസ് പ്രസിഡൻസിയിൽ 'പോളിഗാർമാർ' തങ്ങളുടെ സൈനികവും ഭൂമിയുടെ മേലും ഉള്ള അവകാശങ്ങൾ ബ്രിട്ടീഷ് അധികാരികൾ തട്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ ലഹള നടത്തി. മതാചാരങ്ങളിലുള്ള ബ്രിട്ടീഷുകാരുടെ ഇടപെടലുകളായിരുന്നു ഈ ജനകീയ വിപ്ലവങ്ങളുടെയെല്ലാം മറ്റൊരു കാരണം. പലപ്പോഴും ഈ ലഹളകൾ ക്രിസ്ത്യൻ വിരുദ്ധവുമായിരുന്നു. ജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത മത - സാമൂഹിക പരിഷ്ക്കാരങ്ങൾ ആരംഭിച്ചതിന്റെ പേരിലും ഈ കലാപങ്ങൾ നടന്നു.

പല കലാപങ്ങളിലും ഭരണവർഗത്തിന്റെ മതവും ചൂഷിത വിഭാഗത്തിന്റെ മതവും തമ്മിലുള്ള വ്യത്യാസം പെട്ടെന്നുള്ള ലഹളയ്ക്കുള്ള കാരണമായിട്ടുണ്ട്. മലബാർ പ്രദേശത്തെ മാപ്പിള ലഹളയാണ് ഇതിന് ഒരു ഉദാഹരണം. മലബാറിൽ മുസ്‌ലിം കൃഷിക്കാർ ഹിന്ദു പ്രഭുക്കൾക്കും പണം വായ്പകൊടുത്തവർക്കും എതിരായിട്ടാണ് പടപൊരുതിയത് അടുത്ത ഭാഗത്ത് ഈ പ്രസ്ഥാനത്തിന്റെ സ്വഭാവം മനസ്സിലാക്കാം.

### 7.1.2. ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങളുടെ സ്വഭാവം.


കലാപകാരികൾ അവരെ അടിച്ചമർത്തുന്നവരോടുള്ള പ്രതിഷേധം കാണിക്കാൻ സ്വീകരിച്ചിരുന്ന ഏറ്റവും വ്യാപകമായി ഉപയോഗിച്ച രണ്ട് ഉപകരണങ്ങളാണ് അക്രമവും കൊള്ളയും. അധസ്ഥിതരും ചൂഷിതരുമായ ആളുകൾ മിക്കവാറും അവരുടെ ചൂഷകരെ ആക്രമിച്ചിരുന്നു. അവർ ബ്രിട്ടീഷുകാരോ, സെമിന്ദാരൻമാരോ, റവന്യു പിരിക്കാൻ വരുന്ന ഉദ്യോഗസ്ഥരോ, മറ്റ് ധനികരോ ആയിരിക്കും. സന്താൾ വിപ്ലവത്തിൽ വലിയ തോതിലുള്ള അക്രമങ്ങൾ നടന്നു. ഊ വിപ്ലവത്തിൽ പണം വായ്പ കൊടുക്കുന്നവരുടെ കണക്കെഴുത്തു പുസ്തകങ്ങൾ നശിപ്പിച്ചു. സർക്കാർ കെട്ടിടങ്ങൾ തീവെച്ചു നശിപ്പിച്ചു. ചൂഷകരെ ശിക്ഷിച്ചു. കഴിഞ്ഞൊരു പാഠത്തിൽ ബ്രിട്ടീഷുകാരുടെ ഭൂനയങ്ങൾ നാം പഠിച്ചിട്ടുണ്ട്. ഈ ഭൂനയങ്ങളുടെ എല്ലാം ഉദ്ദേശ്യം കൃഷിക്കാരിൽ നിന്നും ആദിവാസികളിൽ നിന്നും കഴിയാവുന്നിടത്തോളം പണം പിഴിഞ്ഞെടുക്കുക എന്നതായിരുന്നു. ഇത് ഈ വിഭാഗക്കാരിൽ വൻ അസംതൃപ്തി ഉണ്ടാക്കുകയും അവർ ബ്രിട്ടീഷുകാർക്ക് എതിരെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാൻ ഇടയാക്കുകയും ചെയ്തു.

ബ്രിട്ടീഷുകാർ നഷ്ടപ്പെടുത്തിയ പഴയ സമ്പ്രദായങ്ങളും ബന്ധങ്ങളും പുനസ്ഥാപിക്കുന്നതിനു വേണ്ടിയായിരുന്നു ഈ ജനകീയ പ്രതിരോധങ്ങളെല്ലാം ലക്ഷ്യമാക്കിയിരുന്നതെന്ന് മനസ്സിലാക്കേണ്ടതാണ്. ഓരോ സംഘവും അവരുടെ സ്വന്തം കാരണങ്ങളാലാണ് കൊളോ

ണിയൽ ശക്തികൾക്കെതിരെ ശബ്ദമുയർത്തിയത്. ഉദാഹരണമായി സെമിന്ദാർമാർക്കും ഭരണാധികാരികൾക്കും നഷ്ടപ്പെട്ട അവരുടെ ഭൂമിയും മറ്റ് ഭരണസൗകര്യങ്ങളും തിരിച്ചു കിട്ടണം. അതുപോലെ ആദിവാസികൾക്ക് കച്ചവടക്കാരും പണം കടം കൊടുക്കുന്നവരും തങ്ങളുടെ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല എന്നതായിരുന്നു കാരണം.

## 7.2. 19-ാം നൂറ്റാണ്ടിലെ കർഷക പ്രസ്ഥാനങ്ങളും ഗോത്ര വർഗ്ഗങ്ങളുടെ കലാപങ്ങളും

1760 കളിൽ ആരംഭിച്ച ബംഗാളിലെ ഹൈന്ദവസന്യാസിമാരുടെ പ്രക്ഷോഭങ്ങളും ബീഹാറിലെ 'ചൗർ' (Chuar) വിഭാഗക്കാരുടെ ലഹളയും ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരായിരുന്നു.ഏതാണ്ട് ഒരു വർഷക്കാലം സായുധമായ ഒരു എതിർപ്പും നേരിടാതെ ഈ കലാപങ്ങൾ നടന്നു എന്നത് നിങ്ങളെ അതിശയിപ്പിക്കുന്നില്ലേ? അ.ഉ. 1763 -നും 1856 -നുമിടയിൽ ഏതാണ്ട് നാല്പത് വലുതും നൂറ്റുക്കണക്കിന് ചെറുതുമായ ലഹളകൾ നടന്നു. ഇതെല്ലാം തദ്ദേശീയ സ്വഭാവത്തിലും ആ പ്രദേശത്തെ മാത്രം ബാധിക്കുന്ന തരത്തിലുമായിരുന്നു. വ്യത്യസ്തമായ ലക്ഷ്യങ്ങൾക്കു വേണ്ടിയിട്ടുള്ളതായിരുന്നതിനാൽ ഓരോന്നും മറ്റുള്ളതിൽ നിന്നും ഒറ്റപ്പെട്ടു. അടുത്ത ഭാഗത്ത് ഇത്തരം കലാപങ്ങളെക്കുറിച്ച് നമുക്ക് കൂടുതൽ പഠിക്കാം.




**ചിത്രം 7.1** *19-ാം നൂറ്റാണ്ടിൽ കർഷകരുടെയും ഗോത്രവർഗ്ഗക്കാരുടെയും ലഹളകൾ നടന്ന ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ*

### 7.2.1 കർഷക കലാപം

നേരത്തെയുള്ള പാഠങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പലതരം ഭൂനികുതി വ്യവസ്ഥകളും അത് ഇന്ത്യൻ കർഷകരിൽ ഉണ്ടാക്കിയ പ്രതികൂല ഫലങ്ങളും നിങ്ങൾ പഠിച്ചിട്ടുണ്ട്. ശാശ്വത ഭൂനികുതി വ്യവസ്ഥ (പെർമനന്റ് സെറ്റിൽമെന്റ്) സെമീന്ദർമാരെ ഭൂമിയുടെ ഉടമകളാക്കിയിരുന്നു. എന്നാൽ റവന്യു അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഈ ഭൂമിയെല്ലാം തിരിച്ചെടുത്ത് മറ്റുള്ളവർക്ക് വിൽക്കുമായിരുന്നു. ഈ സ്ഥിതി കർഷകരിൽ നിന്നും അവരുടെ കൃഷി നശിച്ചു പോയാൽ പോലും പണം പിഴിഞ്ഞെടുക്കാൻ ഭൂഉടമകളെയും സെമീന്ദാർമാരെയും നിർബന്ധിതരാക്കി ഈ കർഷകർ 'മഹാജൻ' എന്ന് വിളിച്ചിരുന്ന പണം കടം കൊടുക്കുന്ന ആളുകളിൽ നിന്നും കൂടെക്കൂടെ പണം കടം വാങ്ങേണ്ടിവന്നു. നിസ്വരാക്കപ്പെട്ട ഇവർക്ക് പലപ്പോഴും വാങ്ങിച്ചപണവും അതിന്റെ പലിശയും കൂടി തിരിച്ചു കൊടുക്കാൻ കഴിഞ്ഞില്ല. ഇത് കർഷകർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയും വായ്പ വാങ്ങിയ പണം തിരിച്ചു കൊടുക്കാത്തതിന്റെ പേരിൽ അടിമത്തൊഴിലാളികളെ പോലെ പണിയെടുക്കേണ്ടതായും വന്നു. ഇക്കാരണത്താൽ പലപ്പോഴും ഈ ചൂഷകവർഗ്ഗത്തിന് തങ്ങളെ ചൂഷണം ചെയ്യുന്നവരുടെ നേരെ അക്രമം അഴിച്ചുവിടേണ്ടി വന്നു. സെമിന്ദാർമാർ പണം അടയ്ക്കാൻ വൈകുമ്പോൾ അവരുടെ ഭൂമി ഏറ്റെടുത്ത് ലേലത്തിൽ വയ്ക്കുകയും ഏറ്റവും കൂടുതൽ തുക പറയുന്ന ആളിന് കൊടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വരുന്നവർ മിക്കവാറും നഗര പ്രദേശങ്ങളിൽ നിന്ന് ഉള്ളവരായിരുന്നു. ഈ പുതിയ സെമിന്ദാർമാർക്ക് വളരെ കുറച്ച് അല്ലെങ്കിൽ ഒട്ടും തന്നെ ഭൂമിയിൽ താത്പര്യമില്ലായിരുന്നു. അവർ കൃഷി മെച്ചപ്പെടുത്താനോ വളത്തിനു വേണ്ടിയോ ഒന്നും പണം മുടക്കിയില്ല. കൃഷിക്കാരിൽ നിന്നും കഴിയാവുന്നിടത്തോളം ഭൂനികുതി വാങ്ങിച്ചെടുക്കുന്നതിൽ മാത്രമായിരുന്നു അവരുടെ താത്പര്യം. യാതൊരു പുരോഗതിയുമില്ലാതെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന കൃഷിക്കാർ വീണ്ടും നാശത്തിലേക്ക് പോകാൻ ഇതും സഹായിച്ചു.

ഈ സ്ഥിതിയിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി കൃഷിക്കാർ വാണിജ്യവിളകളായി നീലം, കരിമ്പ്, പണം, പരുത്തി, കറപ്പ് തുടങ്ങിയവ ഉല്പാദിപ്പിക്കാനാരംഭിച്ചു. ഇത് കൃഷിയിലെ വാണിജ്യവത്ക്കരണത്തിന് തുടക്കം കുറിച്ചു. വിളവെടുപ്പ് സമയത്ത് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടി അവർ വ്യവസായികൾ, കച്ചവടക്കാർ, ഇടനിലക്കാർ എന്നിവരെ ആശ്രയിക്കാൻ തുടങ്ങി. വാണിജ്യവിളകളിലേക്ക് കർഷകർ മാറിയതിന്റെ ഫലമായി ഭക്ഷ്യവിളകളുടെ ഉല്പാദനം വളരെ കുറഞ്ഞു. ഭക്ഷ്യസാധനങ്ങളുടെ ശേഖരം കുറഞ്ഞത് രാജ്യത്തെ പട്ടിണിയിലേക്ക് നയിച്ചു. ബ്രിട്ടീഷുകാരുടെ നയങ്ങൾ മൂലം ഉണ്ടായ ചില കർഷക ലഹളകൾ നമുക്കിനിയും പഠിക്കാം.

**(i) സന്യാസി – ഫക്കീർ ലഹള (1770– 1820–കൾ):** 1757– നു ശേഷം ബംഗാൾ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലായി. അവർ ഭൂ നികുതി വർദ്ധിപ്പിക്കുകയും കർഷകരെ ചൂഷണം ചെയ്യലും ആരംഭിച്ചു. 1770 – ലെ ബംഗാൾ ക്ഷാമം ഭൂമി കണ്ടുകെട്ടപ്പെട്ട കൃഷിക്കാരും, അധികാരഭ്രഷ്ടരാക്കപ്പെട്ട സെമിന്ദാർമാരും പിരിച്ചു വിടപ്പെട്ട പട്ടാളക്കാരും പാവങ്ങളും ഒരുമിക്കാനും അത് ബ്രിട്ടീഷ്കാർക്കെതിരായ പ്രക്ഷോഭണം നടത്തുന്നതിലേക്ക് നയിക്കാനും ഇടയാക്കി.


ഇവരോടുകൂടി ഹിന്ദു സന്യാസിമാരും മുസ്ലിം ഫക്കീർമാരും ചേർന്നു. ബംഗാളിലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു കൂട്ടം ഭിക്ഷാംദേഹികളായ മുസ്ളിങ്ങളായിരുന്നു ഫക്കീർമാർ. 'ദേവിചൗധുരണി' എന്ന വനിതയും 'ഭവാനിപഥക്കും' ആയിരുന്നു ഇവരെയെല്ലാം പിന്തുണച്ച ഹിന്ദു നേതാക്കന്മാർ. കലാപകാരികൾ ഇംഗ്ലീഷ് ഫാക്ടറികൾ ആക്രമിച്ച് സാധനങ്ങളും പണവും ആയുധങ്ങളും പടക്കോപ്പുകളും എല്ലാം പിടിച്ചെടുത്തു. 'മസ്നൂം ഷാ' ആയിരുന്നു ഇവരുടെ ഒരു പ്രധാന നേതാവ്. അവസാനം 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇവരെയെല്ലാം ബ്രിട്ടീഷ്കാരുടെ നിയന്ത്രണത്തിൻ കീഴിലാക്കി.

കുറിപ്പുകൾ

1777 നും 1820 നും ഇടയ്ക്കാണ് സന്യാസിമാരുടെ കലാപം ബംഗാളിലുണ്ടായത്. തീവ്രമായ കുഴപ്പത്തിനും ദുരിതത്തിനും കാരണമായ 1770 ലെ വൻക്ഷാമത്തിനു ശേഷമാണ് സന്യാസിമാർ ഈ വിപ്ലവം നടത്തിയത്. ഈ പ്രശ്നങ്ങൾ ഒക്കെ ഉണ്ടായിരുന്നിട്ടും ഈ വിപ്ലവത്തിന്റെ പെട്ടെന്നുണ്ടായ കാരണം ഹിന്ദുക്കളും മുസ്ളിങ്ങളും തീർത്ഥാടനത്തിനായി സന്ദർശിക്കുന്ന ചില പുണ്യസ്ഥലങ്ങളുടെ മേൽ ബ്രിട്ടീഷുകാർ കൊണ്ടുവന്ന നിയന്ത്രണങ്ങളാണ്.

**(ii) നീലം വിപ്ലവം (1859 – 1862):** തങ്ങളുടെ ലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ട നിരവധി മാർഗ്ഗങ്ങൾ ബ്രിട്ടീഷുകാർ സ്വീകരിച്ചിരുന്നു. അവർ ജനങ്ങളുടെ നിത്യവൃത്തിയ്ക്കുള്ള അടിസ്ഥാനമാർഗ്ഗങ്ങളിൽപോലും ഇടപെട്ടു തുടങ്ങി. പുതിയ വിളകൾ ആരംഭിച്ചതു മാത്രമല്ല കൃഷിരീതിയിലെ തന്ത്രങ്ങൾ കൂടി അവർ കൊണ്ടുവന്നു. സെമിന്ദാർമാരുടേയും കൃഷിക്കാരുടേയും മേൽ വൻസമ്മർദങ്ങൾ പ്രയോഗിച്ച് കൂടുതൽ നികുതികൾ ഈടാക്കുകയും പുതിയ വാണിജ്യവിളകൾ കൃഷി ചെയ്യിപ്പിക്കുകയും ചെയ്തു. അത്തരത്തിലൊരു വാണിജ്യവിളയായിരുന്നു 'നീലം'.ഇംഗ്ലണ്ടിലെ വസ്ത്രവ്യാപാരികളുടെ ആവശ്യനിർവ്വഹണത്തിനു വേണ്ടിയാണ് നീലം കൃഷികൾ തുടങ്ങണമെന്ന് തീരുമാനിക്കപ്പെട്ടത്. പ്രധാനമായും മൂന്നു കാരണങ്ങൾ കൊണ്ടായിരുന്നു നീലം കൃഷിയോട് കർഷകർ എതിർപ്പു പ്രകടിപ്പിച്ചരുന്നത്.

- വളരെ കുറഞ്ഞ വില മാത്രമേ നീലത്തിന് കർഷകർക്ക് കൊടുത്തിരുന്നുള്ളു.
- ഭക്ഷ്യ വിളകൾ പോലെ നീലം കൃഷി ലാഭകരമായിരുന്നില്ല.
- നീലം കൃഷി മണ്ണിന്റെ ഫലഭൂയിഷ്ഠത നശിപ്പിച്ചിരുന്നു.




ചിത്രം 7.2

വാണിജ്യ വിളകൾ ആരംഭിച്ചതോടെ ഭക്ഷ്യ ശേഖരം വളരെ കുറഞ്ഞു. മധ്യവർത്തികളുടെയും കച്ചവടക്കാരുടെയും ഇടയിൽപ്പെട്ട് കർഷകർ വളരെ ബുദ്ധിമുട്ടി. കർഷകർ വളരെ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കാൻ ഇവരെയാണ് ആശ്രയിച്ചിരുന്നത്. ആധിപത്യം നിലനിർത്താനും ആ പ്രദേശങ്ങളിലെ ഭരണത്തിലുണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനുമായി കച്ചവടക്കാരും മധ്യവർത്തികളും 'സെമിന്ദാര' ൻമാരെയാണ് പിന്തുണച്ചിരുന്നത്.

ബംഗാളിലെ നീലം കൃഷിക്കാർ നീലം കൃഷി ബഹിഷ്ക്കരിച്ചുകൊണ്ടുള്ള ഒരു പ്രസ്ഥാനം ആരംഭിച്ചു. ഹിന്ദുക്കളും മുസ്ളിങ്ങളുമായ കർഷകർ ഒരുമിച്ച് സമരം ആരംഭിക്കുകയും തോട്ടം ഉടമകൾക്കെതിരെ കേസ് കൊടുക്കുകയും ചെയ്തു. മിഷണറിമാരും പത്രങ്ങളും അവരെ പിന്തുണച്ചു. 1860 ൽ സർക്കാർ നിർബന്ധപൂർവ്വം നീലം കൃഷി ചെയ്യിപ്പിക്കുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഇത് വിപ്ലവകാരികളുടെ വിജയമായി തീർന്നു.



ചിത്രം 7.3 *ബംഗാളിലെ നീലം കൃഷി*

**(iii) 'ഫരാസി' പ്രസ്ഥാനം ( 1838 – 1848):** ബ്രിട്ടീഷ് സർക്കാരിനെതിരായ ആദ്യത്തെ നികുതിവിരുദ്ധ പ്രസ്ഥാനമായിരുന്നു ഇത് ഷരിയാത്തുള്ള ഖാനും ഡാഡുമിയനും ആയിരുന്നു ഇതിന്റെ നേതാക്കൾ. ഇവരുടെ സന്നദ്ധഭടൻമാർ വീരോചിതമായി നീലം തോട്ടമുടമകളുടെയും സെമിന്ദാരന്മാരുടെയും സായുധസംഘത്തോട് പോരാടി. ഭൂപ്രഭുക്കന്മാരുടെ നിഷ്ഠൂര ഭരണത്തിനും ചൂഷണത്തിനും എതിരായി ബംഗാളിലെ എല്ലാ കർഷകരെയും ഒരുമിച്ചു കൊണ്ടുവരാൻ ഇതിന് കഴിഞ്ഞു.

**(iv) വഹാബി പ്രസ്ഥാനം (1830 കൾ – 1860കൾ):** ഈ പ്രസ്ഥാനത്തിന്റെ നായകൻ റായ് ബറേലിയിലെ സെയ്ദ് മുഹമ്മദ് ബറേൽവി ആയിരുന്നു. അറേബ്യയിലെ അബ്ദുൾ വഹാബിന്റെയും ഡൽഹിയിലെ ദിവ്യനായിരുന്ന ഷാ-വാലിയുള്ളയുടെയും ഉദ്ബോധനങ്ങൾ അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. തുടക്കത്തിൽ ഈ പ്രസ്ഥാനം മൗലികമായി മതപരമായിരുന്നു. എന്നാൽ ചില സ്ഥലങ്ങളിൽ പ്രത്യേ

കിച്ച് ബംഗാളിൽ ഇത് വേഗം ഒരു വർഗ്ഗ സമരത്തിന്റെ സ്വഭാവത്തിലേക്ക് രൂപം പ്രാപിച്ചു. ഈ പ്രസ്ഥാനത്തിൽ ജാതി വ്യത്യാസം കണക്കിലെടുക്കാതെ കൃഷിക്കാർ ഭൂപ്രഭുക്കൻമാർക്കെതിരായി പോരാടി.

### 7.2.2 കർഷക ലഹളയുടെ ഫലങ്ങൾ

വിനാശകരമായ ബ്രിട്ടീഷുകാരുടെ സാമ്പത്തിക നയങ്ങൾ മൂലം ഇന്ത്യയിലെ പാരമ്പര്യ കൃഷി സമ്പ്രദായം തകർന്ന് തരിപ്പണമാവുകയും കർഷകരുടെ സ്ഥിതി വളരെ വഷളാവുകയും ചെയ്തു. നാടിന്റെ പല ഭാഗങ്ങളിലും കർഷക ലഹളകൾ നടന്നത് പ്രധാനമായും ബ്രിട്ടീഷുകാരുടെ ഈ നയങ്ങൾക്കെതിരെയായിരുന്നു. ഈ ലഹളകൾ ബ്രിട്ടീഷു ഭരണം ഇന്ത്യയിൽ നിന്നും അവസാനിപ്പിക്കാൻ വേണ്ടിയായിരുന്നില്ലെങ്കിലും,ഇന്ത്യാക്കാരിൽ ബ്രിട്ടീഷുകാർക്കെതിരായ ഒരു അവബോധം സൃഷ്ടിക്കാൻ ഈ ലഹളകൾക്ക് കഴിഞ്ഞു. അവരുടെ മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ സംഘടിക്കേണ്ടതിന്റെയും പോരടിക്കേണ്ടതിന്റെയും ആവശ്യകത അവർക്ക് ബോധ്യമായി. ചുരുക്കത്തിൽ ഈ കലാപങ്ങൾ പഞ്ചാബിലെ സിക്കുയുദ്ധം പോലെയുള്ള മറ്റനേകം ലഹളകൾക്കും അവസാനം 1857 ലെ വിപ്ലവത്തിനും അടിത്തറ ഒരുക്കി.

## പാഠ്യ പ്രവർത്തനം 7.1

നമ്മുടെ നിത്യജീവിതത്തിൽ നമ്മളെല്ലാം എതിർപ്പുകൾ കാട്ടാറുണ്ട്. ഇത്തരം പ്രതിരോധം എങ്ങനെ പ്രതിരോധ പ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു ? ചില പ്രതിരോധ പ്രസ്ഥാനങ്ങൾ എന്തുകൊണ്ട് ജനകീയമാകുന്നു. ഈ ചോദ്യങ്ങൾ നിങ്ങൾ സുഹൃത്തുക്കൾ. നിങ്ങളുടെ സമപ്രായക്കാർ, കുടുംബം എന്നിവരുമായി ചർച്ച ചെയ്യുക. അൻപത് വാക്കിൽ കൂടാതെ ഈ ചർച്ചയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.

### 7.2.3 ഗോത്ര (ആദിവാസി) വിപ്ലവങ്ങൾ

ബ്രിട്ടീഷ് ഭരണത്തിനെതിരെ കലാപമുയർത്തിയ മറ്റൊരു സംഘം ഗോത്രവർഗ്ഗക്കാരായിരുന്നു. ഇന്ത്യൻ ജീവിതത്തിന്റെ പ്രധാനവും അവിഭാജ്യവുമായ ഒരു ഭാഗമായിരുന്നു ഗോത്ര വർഗ്ഗ സംഘങ്ങൾ. അവരുടെ പ്രദേശങ്ങളെ അധീനപ്പെടുത്തി ബ്രിട്ടീഷ് ഭരണപ്രദേശങ്ങളോട് സംയോജിപ്പിക്കുന്നതുവരെ, അവർക്ക് അവരുടെ സ്വന്തം സാമൂഹിക-സാമ്പത്തിക സമ്പ്രദായങ്ങളുണ്ടായിരുന്നു. ഈ സമ്പ്രദായങ്ങൾ പാരമ്പര്യ സിദ്ധവും അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന തരത്തിലുള്ളതുമായിരുന്നു. സമുദായത്തിന്റെ കാര്യങ്ങളെല്ലാം ചെയ്തിരുന്ന ഒരു മുഖ്യനാണ് ഓരോ സമുദായത്തിന്റെയും തലവൻ. അവരുടെ കാര്യങ്ങൾ നിയന്ത്രിക്കാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ടായിരുന്നു. അവരുടെ പ്രധാന നിത്യവൃത്തിക്കുള്ള സ്രോതസ്സുകൾ ഭൂമിയും കാടും ആയിരുന്നു. അവരുടെ നിലനില്പിന് ആവശ്യമായ അടിസ്ഥാന വസ്തുക്കളെല്ലാം വനം അവർക്ക് നൽകിയിരുന്നു. ഗോത്ര വർഗ്ഗക്കാർ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ട് ജീവിച്ചു.

ബ്രിട്ടന്റെ നയങ്ങൾ ഗോത്രസമൂഹത്തിന് വിനയായി ഭവിച്ചു. ഈ നയങ്ങൾ താരതമ്യേന സ്വയം പര്യാപ്തമായ അവരുടെ സമ്പദ്ഘടനയേയും സമുദായത്തെയും നശിപ്പിച്ചു. വ്യത്യസ്ത പ്രദേശങ്ങളിലെ ഗോത്രസംഘങ്ങൾ ബ്രീട്ടുഷുകാർക്കെതിരെ പോരാട്ടം നടത്തിയിരുന്നു. ഈ പോരാട്ടങ്ങൾ ബ്രീട്ടിഷ് ഭരണത്തിന് നേരെ ആയിരുന്നതിനാൽ അതെല്ലാം സ്വഭാവത്തിൽ കൊളോണിയൽ വിരുദ്ധങ്ങളായിരുന്നു. അവർ പാരമ്പര്യ ആയുധങ്ങളായ അമ്പും വില്ലും പ്രധാനമായി ഉപയോഗിച്ചിരുന്നു. ഇത് പലപ്പോഴും അക്രമത്തിലേക്ക് തിരിയുകയും ചെയ്തിരുന്നു. ബ്രിട്ടീഷുകാർ വളരെ ശക്തമായി തന്നെ ഇവരെ

നേരിട്ടു. അവരെ സാമൂഹ്യവിരുദ്ധരായും കുറ്റവാളികളായും ചിത്രീകരിച്ചു. അവരുടെ സ്വത്തുക്കൾ എല്ലാം കണ്ടുകെട്ടി, അവരിൽ നിരവധി പേരെ തുറങ്കിലടയ്ക്കുകയും തൂക്കിക്കൊല്ലുകയും ചെയ്തു. ഗോത്രവർഗ്ഗക്കാരുടെ വിപ്ലവ പ്രവർത്തനങ്ങൾ ചില പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്നു. എന്നാൽ മറ്റുകോളനി വിരുദ്ധ പ്രസ്ഥാനങ്ങൾ വഹിച്ച പങ്കിൽ നിന്നും ഒട്ടും പിറകിലായിരുന്നില്ല ഇവരുടെ വിപ്ലവങ്ങൾ. ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന മറ്റ് ചില പ്രധാനപ്പെട്ട ഗോത്രവർഗ്ഗ (ആദിവാസി) വിപ്ലവങ്ങൾ പഠിക്കാം.

**(i) സന്താൾ വിപ്ലവം ( 1855 – 57):** സന്താൾ വർഗ്ഗക്കാർ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശത്തിന് ഡാമൻ-ഐ. കോ (Daman - 1 Koh) അല്ലെങ്കിൽ 'സന്താൾ പർഗാന' എന്നാണ് വിളിച്ചിരുന്നത്. വടക്ക് ബീഹാറിലെ ഭഗൽപൂർ മുതൽ തെക്ക് ഒറീസ, ഝാർഖണ്ഡിലെ ഹസാരിഭാഗ് മുതൽ ബംഗാളിന്റെ അതിർത്തിവരെ ഇത് വ്യാപിച്ചിരുന്നു. മറ്റ് ഗോത്ര വർഗ്ഗങ്ങളെപ്പോലെ സന്താളുകളും തങ്ങളുടെ ജീവിതം നിലനിർത്തുന്നതിനുവേണ്ടി വനത്തിലും വൻ കാടുകളിലും കഠിനമായി പ്രയത്നിച്ചിരുന്നു. അവർ സ്വന്തം കൃഷിയിടങ്ങളിൽ ജോലി ചെയ്ത് സമാധാനപരമായ ജീവിതം നയിച്ചിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥർ കച്ചവടക്കാരെയും, പണം കടം കൊടുക്കുന്നവരെയും, സെമിന്ദാർമാരെയും ഇവരുടെ അടുക്കൽ കൊണ്ടുവരുന്നതു വരെ ഈ ജീവിതം അവർക്ക് തുടരാൻ കഴിഞ്ഞിരുന്നു. സാധനങ്ങൾ കടത്തിൽ വാങ്ങാനും വിളവെടുപ്പ് സമയത്ത് വൻപലിശയോട് തിരിച്ചു നൽകാനും ഇവർ നിർബന്ധിക്കപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി പണം കടം കൊടുത്തവർക്ക് (മഹാജൻ) വിളവ് മാത്രമല്ല കലപ്പ, കാളകൾ, അവസാനം ഭൂമി എന്നിവവരെ കൊടുക്കാൻ അവർ നിർബന്ധിതരായി തീർന്നു. അങ്ങനെ വളരെ പെട്ടെന്നു തന്നെ ഇവർക്ക് വായ്പ കൊടുത്തവരുടെ അടിമപ്പണിക്കാരായി മാറേണ്ട സ്ഥിതിയും ഉണ്ടായി. തുടർന്ന് ശാന്തരായ ഗോത്രവർഗ്ഗക്കാർ തങ്ങളെ ചൂഷണം ചെയ്യുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കും, സെമിന്ദാർമാർക്കും, കടം കൊടുത്തവർക്കും എതിരെ ആയുധമെടുത്ത് പോരാട്ടം നടത്തേണ്ടസ്ഥിതി സംജാതമായി.

അവർ വിരോചിതമായി ബ്രിട്ടീഷ് സർക്കാരിനെതിരെ പോരാടി. ദൗർഭാഗ്യവശാൽ സന്താൾ വിപ്ലവം ഒരു അസമമായ യുദ്ധത്തിൽ പരാജയപ്പെട്ടു. എന്നാൽ ഈ വിപ്ലവങ്ങൾ ഭാവിയിലുണ്ടായ കാർഷിക സമരങ്ങൾക്ക് ഒരു പ്രചോദന സ്രോതസ്സായി ഭവിച്ചു.



**ചിത്രം 7.4** *ടിർക്കാ മഞ്ജി (Tirka Manjhi)*




**(ii) 'മുൺഡാ' വിപ്ലവം (1899– 1900):** 1857 നു ശേഷം നടന്ന ഏറ്റവും പ്രധാനപ്പെട്ടതും പ്രാമാണികവുമായ വിപ്ലവങ്ങളിൽ ഒന്നാണ് ഇത്. മുണ്ടകൾ മറ്റ് ആദിവാസി വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രത്യേക അവകാശങ്ങൾ പരമ്പരാഗതമായി തന്നെ അനുഭവിച്ചിരുന്നു. ബ്രിട്ടീഷുകാരുടെ വരവിനു മുമ്പായി തന്നെ കച്ചവടക്കാരും, പണം വായ്പകൊടുക്കുന്നവരും ഈ ഭൂസമ്പ്രദായം നശിപ്പിച്ചുകൊണ്ടിരുന്നു. ബ്രിട്ടീഷുകാർ ഈ പ്രദേശങ്ങളിൽ എത്തുകയും വ്യാപാരികളേയും കോൺട്രാക്ടർമാരേയും ഇവരുമായി ബന്ധപ്പെടുത്തുകയും ചെയ്തതോടെ ഈ നാശം വളരെ വേഗത്തിലായി. ബ്രിട്ടുഷുകാരുടെയും കോൺട്രാക്ടർമാരുടെയും പ്രവർത്തനം മുണ്ടാവിപ്ലവത്തിന് ജന്മം നൽകി. ഈ വിപ്ലവത്തിന്റെ ഏറ്റവും പ്രധാന നേതാവ് 'ബിർസമുണ്ട' ആയിരുന്നു. മിഷണറിമാരിൽ നിന്ന് കുറച്ചു വിദ്യാഭ്യാസം ലഭിച്ചിരുന്നതിനാൽ മറ്റുള്ളവരേക്കാൾ 'ബിർസമുണ്ടയ്ക്ക്' കൂടുതൽ കാര്യങ്ങൾ അറിയാമായിരുന്നു. അദ്ദേഹം പാരമ്പര്യമായി ചെയ്തു വരുന്ന പുണ്യവൃക്ഷങ്ങളെ ആരാധിയ്ക്കുന്ന സമ്പ്രദായം തുടരാൻ തന്റെ ആൾക്കാരെ പ്രോത്സാഹിപ്പിച്ചു. പാഴായികിടക്കുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിൽ നിന്ന് ബ്രിട്ടീഷുകാരെ തടയാൻ ഈ പ്രവൃത്തി ആവശ്യമായിരുന്നു. ഇതിനു വേണ്ടി 'ബിർസമുണ്ട' ഇംഗ്ലീഷ് ഉദ്യോഗസ്ഥർ, 'മഹാജൻ' എന്നിവരോട് ഏറ്റുമുട്ടി അവർ പോലീസ് സ്റ്റേഷൻ, ക്രിസ്ത്യൻ പള്ളികൾ എന്നിവയും മിഷണറിമാരെയും ആക്രമിച്ചു. ദൗർഭാഗ്യവശാൽ ഈ കലാപകാരികളെ പരാജയപ്പെടുത്തി. 1900 നു ശേഷം 'മുണ്ട' തുറുങ്കിൽ വച്ച് മരണമടഞ്ഞു. എന്നാൽ ഈ ആത്മത്യാഗം നിഷ്ഫലമായില്ല. 1908 ലെ 'ഛോട്ടാ നാഗ്പുർ ടെനൻസി ആക്ട്' കുറച്ച് ഭൂവുടമാവകാശം ആളുകൾക്ക് കൊടുക്കുകയും ആദിവാസികളുടെ അടിമവേല നിരോധിക്കുകയും ചെയ്തു. മുണ്ടാ വിപ്ലവത്തിന്റെ ശില്പി ബിർസ മുണ്ട ആയിരുന്നു. ഇന്നും ചിലരെല്ലാം ഇത് ഓർക്കുന്നുണ്ട്.



ചിത്രം 7.5 *ബിർസാ മുണ്ട*

**? നിങ്ങൾക്കറിയാമോ**

**ഇൻഡൻച്ചുറ്ഡ് (Indentured) – ലേബറർ (തൊഴിലാളി):** ഒരു നിശ്ചിത കാലയളവിലേക്ക് ഒരു കരാർ അടിസ്ഥാനത്തിൽ മറ്റുള്ളവർക്കു വേണ്ടി ജോലി ചെയ്യുന്ന ആൾ. വിദേശത്തോ മറ്റ് ഏതെങ്കിലും പുതിയ സ്ഥലത്തോ ജോലി ചെയ്യുന്ന ഈ വ്യക്തിക്ക് പകരം യാത്രക്കൂലി, താമസസൗകര്യം, ഭക്ഷണം എന്നിവ നൽകും.

**(iii) ജയിൻഷ്യ, ഗാരോ വിപ്ലവങ്ങൾ ( 1860 – 1870):** ഒന്നാം ആംഗ്ലോ – ബർമ്മ യുദ്ധത്തിനു ശേഷം ബ്രഹ്മപുത്രതാഴ്വര (ഇന്നത്തെ ആസ്സാം) യേയും സിൽഹട്ടി (ഇന്നത്തെ ബംഗ്ലാദേശ്) നെയും ബന്ധിപ്പിച്ചു കൊണ്ട് ഒരു റോഡ് നിർമ്മിക്കണമെന്ന് ബ്രിട്ടീഷുകാർ ആഗ്രഹിച്ചു. ഇന്ത്യയുടെ വടക്ക് കിഴക്കൻ ഭാഗങ്ങളായ ജയിൻഷിയയും ഗാരോയും (ഇന്നത്തെ മേഘാലയ) ഈ റോഡ് നിർമ്മാണത്തെ എതിർത്തു. ബ്രിട്ടീഷ് പട്ടാളത്തിന്റെ സഞ്ചാരസൗകര്യം വർദ്ധിക്കുമെന്ന തന്ത്ര പ്രധാനമായ പ്രാധാന്യം ഈ റോഡിനുള്ളതിനാലാണ് ഈ എതിർപ്പുണ്ടായത്. 1827 ൽ ജയിനിഷ്യക്കാർ റോഡുപണി അവസാനിപ്പിക്കാൻ ശ്രമിച്ചു. പെട്ടെന്നു തന്നെ അയലത്തുള്ള ഗാരോകുന്നുകളിലേക്ക് ഈ അസ്വസ്ഥത പടർന്നു. പരിഭ്രാന്തരായ ബ്രിട്ടീഷുകാർ ഈ ഗ്രാമങ്ങളിൽ തീയിട്ട് ധാരാളം പേരെ കൊന്നു. 1860 ൽ വീട്ടു നികുതിയും വരുമാന നികുതിയും കൂടി നടപ്പിലാക്കിയതോടെ ബ്രിട്ടീഷുകാരോടുള്ള ശത്രുത ഈ പ്രദേശത്തുകാർക്ക് ഒന്നു കൂടി വർദ്ധിച്ചു. അവസാനം ജയിൻഷിയാസ് നേതാവ് യു,കിയാങ്ങ് നോംഗ്ബയെ പിടിക്കുകയും പരസ്യമായി തൂക്കിക്കൊല്ലുകയും ചെയ്തു. ഗാരോ നേതാവായ പാടോഗൻ സാഗ്മയെ ബ്രിട്ടീഷുകാർ പരാജയപ്പെടുത്തുകയും ചെയ്തു.



**ചിത്രം 7.6:** *യു-ക്യാംഗ് നംഗ്ബ് സ്മാരകം (U-Kiang Nangbah memorial)*

**(iv) ഭിൽസ് കലാപം (1818–1831):** ഖണ്ഡേശി (ഇന്നത്തെ മഹാരാഷ്ട്ര – ഗുജറാത്ത് സംസ്ഥാനങ്ങൾ) ൽ ആണ് 'ബിൽ' വർഗ്ഗക്കാർ കൂടുതലായും കേന്ദ്രീകരിച്ചിരുന്നത്. ഖണ്ഡേശ് 1818 ൽ ബ്രിട്ടന്റെ അധീനതയിലായി. ഇവരെ ഭില്ലുകൾ പുറത്തുനിന്നുള്ളവരായി കണക്കാക്കി. ട്രിംബ്ക്ജി എന്ന ആളിന്റെ നേതൃത്വത്തിൽ അവർ ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തി.

**(v) കോൾ കലാപം ( 1831– 1832):** ഛോട്ടാ നാഗ്പൂരിലെ സിംഗ്ഭം എന്ന സ്ഥലത്തെ 'കോൾ' എന്ന വർഗ്ഗക്കാർ അവരുടെ മുഖ്യന്റെ കീഴിൽ സ്വയം ഭരണം അനുഭവിച്ചു കൊണ്ടിരുന്നവരാണ്. എന്നാൽ ബ്രിട്ടീഷുകാരുടെ വരവ് അവരുടെ സ്വാതന്ത്ര്യത്തിന് ഭീഷണി ആയി. പിന്നീട് ഗ്രോത്രവർഗ്ഗ ഭൂമിയുടെ കൈമാറ്റവും, പണം കടം കൊടുപ്പുകാർ, കച്ചവടക്കാർ എന്നിവരുടെ വരവും ബ്രിട്ടന്റെ നിയമങ്ങളും ആളുകൾക്ക് വലിയ സമ്മർദ്ദങ്ങളുണ്ടാക്കി. ഇത് കോൾ വർഗ്ഗക്കാരെ സംഘടിപ്പിക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ കലാപം നടക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഈ പ്രക്ഷോഭം അടിച്ചമർത്താൻ ബ്രിട്ടീഷുകാർക്ക് വളരെ അകലെ നിന്ന് സൈന്യത്തെ കൊണ്ടുവരേണ്ടിവന്നു.

**(vi) മാപ്പിള ലഹള (1836 – 1854):** മലബാർ പ്രദേശത്തെ കൃഷിപ്പണിയിലേർപ്പെട്ടിരിക്കുന്ന മുസ്‌ലിം കുടിയാന്മാർ, ഭൂരഹിതരായ തൊഴിലാളികൾ, മലബാർ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ഇവരെ ആയിരുന്നു മാപ്പിളമാർ എന്നു പറഞ്ഞിരുന്നത്. ബ്രിട്ടീഷുകാർ മലബാർ പ്രദേശം അധീനമാക്കിയതും പുതിയ ഭൂനിയമങ്ങൾ കൊണ്ടുവന്നതും ഭൂപ്രഭുക്കന്മാരുടെ ക്രൂരതകളും മാപ്പിള ലഹളയ്ക്ക് കാരണമായി. മാപ്പിള ലഹള അടിച്ചമർത്താൻ ബ്രിട്ടീഷുകാർക്ക് കുറച്ചു വർഷങ്ങൾ വേണ്ടിവന്നു.

## 7.1. പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. താഴെപ്പറയുന്നവയെ ഓരോ വാക്യത്തിൽ വിശദീകരിക്കുക

   (a) ഫക്കീർ (b) മഹാജൻ (c) മാപ്പിള

2. ഇന്ത്യൻ കർഷകനെ ചൂഷണം ചെയ്തിരുന്ന മൂന്ന് സംഘങ്ങളുടെ പേര് എഴുതുക.

   (a) ..................................................................

   (b) ..................................................................

   (c) ..................................................................

3. ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങളുടെ മൂന്നു കാരണങ്ങൾ എഴുതുക.

   (a) ..................................................................

   (b) ..................................................................


   (c) ..................................................................

## 7.3. 1857 ലെ വിപ്ലവം – കാരണങ്ങൾ, അതിന്റെ അടിച്ചമർത്തൽ, പ്രത്യാഘാതങ്ങൾ

1857 മെയ് 10 മീററ്റിലെ ഇന്ത്യൻ പട്ടാളക്കാർ ലഹള ആരംഭിച്ചതോടെ 1857 ലെ ഇന്ത്യൻ വിപ്ലവം ആരംഭിച്ചു. ബ്രിട്ടീഷുകാർ 'ശിപായി ലഹള' എന്നു വിളിച്ചിരുന്ന ഈ വിപ്ലവം ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ നടന്ന ആദ്യത്തെ സ്വാതന്ത്ര്യ സമരമായി ഇന്ന് എല്ലാവരും അംഗീകരിക്കുന്നു. ഇന്ത്യൻ പട്ടാളക്കാർ അവരുടെ യൂറോപ്യൻ ഓഫീസർമാരെ വധിച്ച് ഡൽഹിയിലേക്ക് മാർച്ച് ചെയ്തു. അവർ റെഡ് ഫോർട്ടിൽ കടന്ന് വയോവൃദ്ധനും അധികാരം എല്ലാം നഷ്ടപ്പെട്ടിരുന്ന ആളുമായ മുഗൾ ചക്രവർത്തി ബഹദൂർഷാ സഫറിനെ ഇന്ത്യൻ ചക്രവർത്തിയായി അവരോധിച്ചു. ഈ വിപ്ലവം അക്രമമോത്സുക

മായ ബ്രിട്ടീഷ് നയങ്ങൾക്കെതിരെയുള്ള ഒരു വലിയ കോളനി വിരുദ്ധ പ്രസ്ഥാനമായിരുന്നു. യഥാർത്ഥത്തിൽ ഇത് ബ്രിട്ടന്റെ ഭരണത്തിന്എതിരായ ഒരു സാമ്പത്തിക, രാഷ്ട്രിയ, സാമൂഹിക പ്രക്ഷോഭമായിരുന്നു. ബ്രിട്ടന്റെ കോളനി ഭരണത്തിനെതിരായി കടുത്ത കോപത്തിൻേറയും നിരാശയുടെയും ഫലമായ ഈ പൊട്ടിത്തെറി ഇന്ത്യയുടെ പലപ്രദേശങ്ങളിലും ഉള്ള ബ്രിട്ടന്റെ കോളോണിയിൽ ഭരണത്തിന്റെ അടിത്തറ ഇളക്കി. ഇന്ത്യാക്കാരെ ബ്രിട്ടീഷ്കാർക്കെതിരെ തിരിയാനിടയാക്കിയ അസംതൃപ്തിയുടെ കാരണങ്ങളെ കുറിച്ച് നമുക്ക് പഠിക്കാം.

(a) **രാഷ്ട്രീയ കാരണങ്ങൾ:** ബ്രിട്ടീഷുകാർ പിടിച്ചെടുക്കൽ നയം വഴി കോളനികൾ വർദ്ധിപ്പിച്ചു കൊണ്ടിരുന്നത് ഇന്ത്യൻ ഭരണാധികാരികളിൽ അസംതൃപ്തി ഉണ്ടാക്കി. എത്രമാത്രം ഭൂമിയും സമ്പത്തും ഇംഗ്ലണ്ടിനു വേണ്ടി കൈകക്കലാക്കാമോ അത്രയും കൈക്കലാക്കാനായിരുന്നു അവരുടെ ശ്രമം. ദത്താപഹാരനയം, സഹായസഖ്യം എന്നിവയിൽ കൂടി അനവധി സ്വതന്ത്രരാജ്യങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. ബ്രിട്ടീഷ് സംരക്ഷണം അനുഭവിക്കുന്ന രാജ്യങ്ങളിലെ രാജാക്കന്മാർ സ്വാഭാവിക അവകാശികളില്ലാതെ മരിക്കുമ്പോൾ ആ രാജ്യം ബ്രിട്ടീഷ് സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കാൻ ദത്താപഹാരനയം മൂലം കഴിഞ്ഞു. അതോടെ




**ചിത്രം 7.7** *1857 ലെ വിപ്ലവത്തിൽ പങ്കെടുത്ത ഇന്ത്യയിലെ നഗരങ്ങൾ*

രാജാക്കന്മാരുടെ ദത്തുപുത്രന്മാർക്ക് നിയമപരമായി ഭൂമിയിൽ യാതൊരു അവകാശവും ഇല്ലാതായി തീരുകയും രാജാക്കൻമാർക്ക് ബ്രിട്ടൻ നൽകിയിരുന്ന പെൻഷൻ ഇവർക്ക് നിഷേധിക്കുകയും ചെയ്തു. ഇപ്രകാരം ഡൽഹൗസി പ്രഭു സത്താറ, നാഗപ്പൂർ തുടങ്ങിയ മറാത്തൻ രാജ്യങ്ങളും ഝാൻസിയും മറ്റുധാരാളം ചെറിയ രാജ്യങ്ങളും തങ്ങളുടെ സാമ്രാജ്യത്തോട് കൂട്ടിച്ചേർത്തു. ബാജിറാവു രണ്ടാമൻ മരിച്ചതോടുകൂടി പെൻഷൻ നിർത്തലാക്കുകയും അദ്ദേഹത്തിന്റെ ദത്തുപുത്രൻ നാനാസാഹിബിന്റെ പെൻഷനുള്ള അവകാശം നിഷേധിക്കുകയും ചെയ്തു. ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഈ നടപടി ധാരാളം ഇന്ത്യൻ ഭരണാധികാരി കൾക്ക് ഇഷ്ടക്കേടും ഉണ്ടാക്കി. ദത്താപഹാരനയം നടപ്പിലാക്കുന്നതിനു മുൻപ് തങ്ങളുടെ രാജ്യത്തിന്റെ അനന്തരാവകാശിയെ ദത്തെടുക്കാൻ മക്കളില്ലാത്ത രാജാവിന് അവകാശമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇപ്രകാരം ചെയ്യണമെങ്കിൽ ബ്രിട്ടന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമായിവന്നു.

ബ്രിട്ടന്റെ കൂട്ടിച്ചേർക്കൽ നയം ഭരണാധികാരികളെ മാത്രമല്ല സൈനികർ, കൈവേലക്കാർ, കുലീനർ എന്നിവരെയെല്ലാം ഇത് ബാധിച്ചു പണ്ഡിതർ, പുരോഹിതവർഗ്ഗം എന്നിവർക്ക് രാജാക്കൻമാർക്ക് കിട്ടിക്കൊണ്ടിരുന്ന സംരക്ഷണവും ഇതോടൊപ്പം നഷ്ടമായി.

ആയിരക്കണക്കിന് സെമിന്ദാർമാർ കുലീനർ, പോളിഗർമാർ എന്നിവർക്ക് ഭൂമിയിലുള്ള നിയന്ത്രണവും അവയിൽ നിന്നുള്ള വരുമാനവും നഷ്ടമായി. ബ്രിട്ടനോടുകൂറു പുലർത്തി യിരുന്ന നവാബിന്റെ രാജ്യമായ 'ഔധ്' ഭരണക്കഴിവില്ലായ്മ ആരോപിച്ച് പിടിച്ചെടുത്തതും ബ്രിട്ടീഷുകാരോടുള്ള അതൃപ്തി വർദ്ധിപ്പിച്ചു. ഔധ് ഏറ്റെടുക്കുന്നതിന്റെ പേരിൽ ജോലി നഷ്ടപ്പെട്ടവർക്ക് പകരം ജോലി നൽകാൻ ബ്രിട്ടീഷുകാർ തയ്യാറായില്ല. കർഷകരിൽ നിന്നുപോലും വൻതോതിലുള്ള നികുതികളും ഭൂമിയുടെ മേലുള്ള നികുതികളും ഈടാക്കി. ജന ജീവിതത്തിന്റെ മൗലികമായ കാര്യങ്ങൾ പരമ്പരയായിട്ടുള്ള വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആദർശങ്ങൾ എന്നിവയിലുള്ള ബ്രിട്ടീഷുകാരുടെ തുടർച്ചയായ ഇടപെടലുകൾ തങ്ങളുടെ മതത്തിന് ഭീഷണിയാണെന്ന് ജനങ്ങൾ കണ്ടു. ബ്രീട്ടീഷ് ഭരണാധികാരികൾ ക്രമേണ ധിക്കാരികളായി. ഇക്കാരണങ്ങളാലെല്ലാം ജനങ്ങളും ബ്രിട്ടീഷുകാരും തമ്മിലുള്ള അകലം വർദ്ധിച്ചു.

**(b)** **സാമ്പത്തിക കാരണങ്ങൾ:** പാരമ്പര്യാധിഷ്ഠിതമായ ഇന്ത്യൻ സമ്പദ്ഘടനയെ അലങ്കോലപ്പെടുത്തി അതിനെ ബ്രിട്ടീഷ് സമ്പദ് ഘടനയുടെ വരുതിയിലാക്കിയത് വിപ്ലവത്തിന്റെ മറ്റൊരു പ്രധാന കാരണമാണ്. കച്ചവടത്തിന് വേണ്ടിയാണ് ബ്രിട്ടീഷുകാർവന്നതെങ്കിലും പെട്ടെന്നുതന്നെ അവർ ചൂഷണം ചെയ്യാനും അങ്ങനെ രാജ്യത്തെ ദാരിദ്ര്യാവസ്ഥയിലെത്തിക്കാനും തീരു മാനിച്ചു. ഉയർന്നഉദ്യോഗങ്ങളും ശമ്പളവും എല്ലാം അവർ കൈയ്യടക്കി. കയറ്റുമതിയും വിദേശസാധനങ്ങളുടെ ഇറക്കുമതിയും വർദ്ധിപ്പിക്കാൻ അവർ രാഷ്ട്രീയ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി.

ഇന്ത്യയുടെ സമ്പത്തെല്ലാം ഇംഗ്ലണ്ടിലേക്ക് ഒഴുക്കാനുള്ള എല്ലാവഴികളും അവർ സ്വീകരിച്ചു. ഇതിന്റെ യെല്ലാം ഫലമായി ഇന്ത്യൻ സമ്പദ്ഘടന തകർന്നു. ഇന്ത്യൻ താത്പര്യ ങ്ങൾക്കെതിരായി ഇവരുടെ പ്രവർത്തനങ്ങൾ മൂലം ഇന്ത്യൻ കരകൗശല വ്യവസായ ങ്ങളെല്ലാം പൂർണ്ണമായി തകർന്നു. രാജ്യങ്ങളുടെ വെട്ടിപ്പിടുത്തത്തോടെ ഈ മേഖലകളിൽ ഇന്ത്യൻ നാട്ടുരാജാക്കൻമാർ ഈ കരകൗശല തൊഴിലാളികൾക്ക് നൽകിയിരുന്ന രാജകീയ സംരക്ഷണങ്ങളെല്ലാം നിലച്ചു. യന്ത്രങ്ങൾ ഉപയോഗിച്ച് ബ്രിട്ടീഷ് ഫാക്ടറികളിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങളോട് മത്സരിക്കാൻ ഇവർക്ക്

കഴിഞ്ഞില്ല. തന്മൂലം ബ്രിട്ടീഷ് സാധനങ്ങളുടെ ഏറ്റവും വലിയ ഉപഭോക്തൃ രാജ്യമായും ഇംഗ്ലണ്ടിലെ ഫാക്റ്ററികൾക്ക് വേണ്ടത്ര അസംസ്കൃത സാധനങ്ങൾ നൽകുന്ന രാജ്യമായും ഇന്ത്യമാറി. ബ്രിട്ടനിൽ യന്ത്രങ്ങൾ ഉപയോഗിച്ചുണ്ടാക്കിയ വസ്ത്രങ്ങൾ കുറഞ്ഞ വിലയിൽ ഇന്ത്യയിൽ വിറ്റഴിച്ചു. അത് ഇന്ത്യ യിലെ നെയ്ത്തു വ്യവസായം നശിപ്പിച്ചു. ലക്ഷക്കണക്കിന് കൈത്തൊഴിലുകാർ അതോടെ തൊഴിൽ രഹിതരായി. ഇന്ത്യൻ നിർമ്മിതസാധനങ്ങൾക്ക് ബ്രിട്ടനിൽ കൂടുതൽ നികുതികൾ ചുമത്തി. ചുരുക്കത്തിൽ വ്യാപാരകാര്യത്തിൽ മത്സരം ഇല്ലാതായതോടെ അവർക്ക് വലിയ ലാഭം കൊയ്യാൻ കഴിഞ്ഞു. അങ്ങനെ ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്തും പ്രകൃതിവിഭവങ്ങളും ബ്രിട്ടനിലേക്ക് ഒഴുക്കി. ഇതുകൂടാതെ ഏതെല്ലാം നടപടി കളാണ് ഇന്ത്യയെ ചൂഷണം ചെയ്യാൻ ബ്രിട്ടൻ സ്വീകരിച്ചത്? ആവിക്കപ്പലും റയിൽവേയും ആരംഭിച്ചതോടെ അസംസ്കൃത സാധനങ്ങൾ വാങ്ങിക്കൊണ്ടു പോകാനും നിർമ്മിത വസ്തുക്കൾ വിൽക്കാനും എളുപ്പമായി. റയിൽവേ ബ്രിട്ടീഷുകാർക്ക് വലിയ വിപണികൾ തുറന്നു കൊടുത്തു. കൂടാതെ റയിൽവേ അസംസ്കൃത സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ നിന്ന് അത് ശേഖരിച്ച് തുറമുഖങ്ങൾ വഴി കയറ്റുമതിചെയ്യാനും സൗകര്യമൊരുക്കി. ഇതിന്റെയൊക്കെ ഫലമായി ഇന്ത്യൻ വിപണികൾ ബ്രിട്ടന്റെ നിർമ്മിതി സാധനങ്ങൾകൊണ്ട് നിറഞ്ഞു. എന്നാൽ റയിൽവേ രാജ്യത്ത് ദേശീയമായ ഒരു ഉണർവുണ്ടാക്കാൻ വളരെ പ്രധാനമായ പങ്കാണ് വഹിച്ചത് എന്നകാര്യം നിങ്ങൾക്കറിയാമോ? ആശയങ്ങളേയും ആളുകളേയും അടുപ്പിക്കാൻ റയിൽവേ ഉപകാരപ്പെട്ടു. എന്നാൽ ഇത് ബ്രിട്ടീഷു കാർക്ക് ഒരിക്കലും മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. 1853 -ൽ കൽക്കത്ത മുതൽ ആഗ്രവരെ ഡൽഹൗസി പ്രഭു ആദ്യത്തെ ടെലഗ്രാഫിക് ലൈൻ സ്ഥാപിച്ചു. കമ്പിത്തപാൽ സമ്പ്രദായത്തിനും തുടക്കം കുറിച്ചു. സർക്കാരിന് കൂടുതൽ വരുമാനവും ഭൂമിയിൽ നിന്നായിരുന്നതിനാൽ അത്തരം വരുമാനം വർദ്ധിപ്പിക്കാൻ ബ്രിട്ടീ ഷുകാർ പലവഴികളും ആലോചിച്ചു. ഭൂമിയുടെ നികുതി വർദ്ധിപ്പിച്ചതിന്റെ ഫലമായി കൃഷിക്കാർക്ക് തങ്ങളുടെ ഭൂമിയെല്ലാം നഷ്ടപ്പെടുകയും അവയെല്ലാം പണം വായ്പയ്ക്ക് നൽകുന്നവരുടേയും വ്യാപാരികളുടേയും കൈകളിലെത്തി ച്ചേരുകയും ചെയ്തു. ഇത് റയട്ട് വാരി, മഹൽ എന്നീ സമ്പ്രദായങ്ങളിൽ കൂടിയാണ് നടപ്പിലാക്കിയത്. ബംഗാളിലെയും ബീഹാറിലും ഒറീസയിലും നിലനിന്നിരുന്ന ശാശ്വത ഭൂനികുതി വ്യവസ്ഥ കർഷകർക്ക് ഭൂമിയിലുള്ള പരമ്പരാഗത അവകാശം അംഗീകരിച്ചില്ല. മറിച്ച് അവരുടെ മൊത്തം ഉല്പാദനത്തിന്റെ പതിനൊന്നിൽ പത്ത് ഭാഗം കൊടുത്തില്ലെങ്കിൽ അവരുടെ വസ്തു ഏറ്റെടുത്ത് വിൽക്കപ്പെടുകയും ചെയ്യുമായിരുന്നു. ഇതിൽ നിന്നും രക്ഷപ്പെടാൻ പണം കടം കൊടുക്കുന്നവരിൽ നിന്ന് ഉയർന്ന പലിശയ്ക്ക് പണം കർഷകർ വാങ്ങുമായിരുന്നു. ചിലപ്പോൾ ഭൂമി വിൽക്കുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ പലപ്പോഴും ഇവരെ പല കാരണങ്ങൾക്കും പീഡിപ്പിക്കുമായിരുന്നു. കൂടുതൽ പീഡനം ഭയന്ന് ഇതിനെ തിരെ കോടതിയിൽ ഇവർ പരാതിപ്പെടുകയുമില്ലായിരുന്നു. ബ്രിട്ടീഷുകാർ സൃഷ്ടിച്ച പുതിയ സെമിന്ദാരി വർഗ്ഗം ഇംഗ്ലീഷുകാരുമായി രാഷ്ട്രീയ സഖ്യത്തിലുമായിരുന്നു. ആവശ്യ മുള്ളപ്പോൾ അവർ ഇംഗ്ലീഷുകാരെ സഹായിക്കുകയും ഇടനിലക്കാരായി വർത്തിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യസമരത്തിന് എതിരായി ഈ പുതിയ വർഗ്ഗത്തിലെ ചിലർ ഇംഗ്ലീഷുകാരെ പിന്തുണയ്ക്കുകയും ചെയ്തു. 1770 -നും-80-നും ഇടയ്ക്കുള്ള കാലത്ത് നിരവധി ക്ഷാമങ്ങളുണ്ടായി. ഈ ഘടകങ്ങളാലെല്ലാം ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ആളുകളിൽ ജനിക്കുകയും അത് അവസാനം 1857 - ലെ വിപ്ലവ ത്തിൽ കലാശിക്കുകയും ചെയ്തു.

(c) **മത- സാമൂഹിക കാരണങ്ങൾ:** ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ വികാരങ്ങൾ ബ്രിട്ടീഷുകാർ ഒരിക്കലും പരിഗണിച്ചിരുന്നില്ല. 'സതി' സമ്പ്രദായം, പെൺ ശിശുഹത്യ, വിധവാ പുനർവിവാഹനിഷേധം, സ്ത്രീകൾക്ക്

വിദ്യാഭ്യാസം നൽകാതിരിക്കൽ തുടങ്ങിയ അനാചാരങ്ങൾക്കെതിരായ സാമൂഹിക പരിഷ്ക്കാരങ്ങൾ ആളുകളിൽ അസന്തുഷ്ടി ഉണ്ടാക്കി. ക്രിസ്ത്യൻ മിഷണറിമാർ സ്കൂളുകളും കോളേജുകളും ആരംഭിച്ചത് ആളുകളിൽ സംശയമുണ്ടാക്കി. ബ്രിട്ടീഷുകാർക്ക് അവരുടെ ആവശ്യങ്ങൾക്കും അവരുടെ സാധനങ്ങൾ വാങ്ങാനും പറ്റിയ വിദ്യാസമ്പന്നരായ ഒരു ജനവിഭാഗത്തിനെവേണമായിരുന്നു. എന്നാൽ അത് ഒരിക്കലും അവരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാകരുതെന്നും അവർക്കു ണ്ടായിരുന്നു. മിഷണറിമാർ സർക്കാരുമായി ചേർന്ന് അവരുടെ മതം നശിപ്പിക്കാനും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിക്കാനും ആണെന്ന് ആളുകൾ വിശ്വസിച്ചു. 1850-ൽ പാസ്സാക്കിയ ആക്ട് XXI അനുസരിച്ചു. ക്രിസ്തുമതം സ്വീകരിച്ചവർക്ക് പൈതൃകമായ സ്വത്തിന് അവകാശം നൽകി. ഈ പുതിയ നിയമം സ്വാഭാവികമായും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നവരോടു കാട്ടുന്ന ഒരു സൗജന്യമാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. ഇത് ആളുകളിൽ കൂടുതൽ ഉത്കണ്ഠയും ഭയവും ഉളവാക്കി.

മദ്രാസ് പ്രസിഡൻസിയിൽ ശിപായിമാരുടെ മതപരമായ വികാരങ്ങൾ വ്രണപ്പെടാനിടയായ സംഭവം ഉണ്ടായി. ഹിന്ദുശിപായിമാരോട് തങ്ങളുടെ നെറ്റിയിലെ ജാതിചിഹ്നം കാണിക്കുന്ന അടയാളങ്ങൾ കളയണമെന്നും മുസ്ളീംശിപായിമാരോട് അവരുടെ താടി എടുക്കണമെന്നും ബ്രിട്ടീഷുകാർ ആവശ്യപ്പെട്ടു. ഇന്ത്യൻ ശിപായിമാരുടെ വികാരങ്ങൾ മനസ്സിലാക്കുകയോ ശ്രദ്ധിക്കുകയോ ചെയ്തിരുന്നില്ല. എന്നതിൻെറ ഒരു തെളിവാണിത്. ശിപായിമാരുടെ താത്പര്യങ്ങൾക്ക് വിരുദ്ധമായി കടൽകടന്ന് പോകേണ്ട നാടുകളിൽ അവരെ സേവനത്തിന് നിയോഗിക്കാൻ തീരുമാനിച്ചു കടൽ കടന്ന് പോകുന്നത് തങ്ങളുടെ ജാതി നഷ്ടപ്പെടുമെന്ന ഒരു വിശ്വാസം അവർക്കിടയിൽ നിലനിന്നിരുന്നതിനാൽ ശിപായിമാർക്ക് ഇതിനോട് വിരോധമായിരുന്നു. മതപരമായ ഈ കാരണങ്ങൾ എല്ലാം ബ്രിട്ടീഷുകാരോടുള്ള അമർഷം കൂട്ടാനിടയാക്കി.

**(d)** **സൈന്യത്തിലെ അതൃപ്തി:** ഗവൺമെന്റിന്റെ നയങ്ങൾ മൂലം ദുരിതത്തിലായത് കർഷക കുടുംബങ്ങളിൽ നിന്നും വന്നവരായിരുന്നു. ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ സൈന്യത്തിലെ ശിപായിമാർ. സുബേദർ പദവിക്ക് മുകളിൽ ഉള്ള ഒരു സ്ഥാനവും ഇന്ത്യൻ പട്ടാളക്കാർക്ക് കൊടുക്കുമായിരുന്നില്ല. ചില സൈനികർ കടൽ കടന്നുള്ള സേവനത്തിന് സ്പെഷ്യൽ ബത്ത ആവശ്യപ്പെട്ടു. ചില സമയങ്ങളിൽ ഇത് നൽകിയെങ്കിലും പലപ്പോഴും നൽകാറില്ലായിരുന്നു. അതിനാൽ ഓഫീസർമാരെ ശിപായിമാർ വിശ്വസിക്കാത്ത സ്ഥിതിഉണ്ടായി. ശിപായിമാർക്ക് മറ്റ് നിരവധി അവശതകളും ഉണ്ടായിരുന്നു. ഇന്ത്യൻ പട്ടാളക്കാർക്ക് അവരോടൊപ്പം സമനിലയിൽ ജോലി ചെയ്യുന്ന ബ്രിട്ടീഷുകാരെക്കാൾ കുറഞ്ഞ വേതനമാണ് നൽകിയിരുന്നത്. ഇതിന്റെ ഫലമായി ഇന്ത്യൻ ശിപായിമാരുടെ മനോവീര്യം തകർന്നു. മതപരമായ വിലക്കുകൊണ്ട് സമുദ്രം താണ്ടിയുള്ള സേവനത്തിന് തയ്യാറാകാതിരുന്ന ശിപായിമാരോട് ബ്രിട്ടീഷുകാർ നിഷ്കരുണമായി മാറി. ഇതെല്ലാം 1857 - ലെ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങളാണ്.

**(e)** **പെട്ടെന്നുണ്ടായ കാരണം:** ഇന്ത്യാക്കാരിൽ ബ്രിട്ടിഷുകാരോട് ഭയങ്കരമായ പ്രതിഷേധം ഉയർന്നുവന്നുകൊണ്ടിരുന്നു. അവർക്കെതിരെ ലഹള നടത്താൻ ഇന്ത്യക്കാർ ഒരു സന്ദർഭം കാത്തു കൊണ്ടിരിക്കുകയായിരുന്നു. അരങ്ങ് ഒരുങ്ങിക്കഴിഞ്ഞിരുന്നു. കത്താൻ ഒരു പൊരി മാത്രമേ ആവശ്യമായിട്ടുണ്ടായിരുന്നുള്ളൂ. 1856-ൽ കൊഴുപ്പ് പുരട്ടിയ വെടിത്തിരകൾ പഴയവയ്ക്ക് പകരമായി ഉപയോഗത്തിൽ കൊണ്ടുവന്നത് ആ തിരിയായി തീർന്നു. പഴയകാലത്തെ തോക്കുകൾ പിൻവലിച്ച്






പുതിയ എൻഫീൽഡ് തോക്കുകൾ അവർക്കു നൽകി. റൈഫിളിൽ ഉപയോഗിക്കുന്നതിനുമുൻപ് തിരകളെപൊതിഞ്ഞിരുന്ന കൊഴുപ്പാർന്ന കടലാസ് കടിച്ചു കീറി നീക്കം ചെയ്യേണ്ടിയിരുന്നു. തിരകളിൽ ഉപയോഗിച്ച കൊഴുപ്പ് പശുക്കളിൽ നിന്നും പന്നികളിൽ നിന്നും ശേഖരിച്ചതാണെന്ന ഊഹാപോഹം സൈനീകർക്കിടയിൽ വ്യാപിച്ചു. പശുക്കൾ ഹിന്ദുക്കൾക്ക് വിശുദ്ധ മൃഗമായിരുന്നു. പന്നികൾ മുസ്ലിങ്ങൾക്ക് വർജ്ജ്യവു മായിരുന്നു. കൊഴുപ്പ് പുരട്ടിയ തിരകളുടെ അവതരണം ഹിന്ദു-മുസ്ലീം മതങ്ങളേയും മതപരമായ വികാരങ്ങളേയും മലിനപ്പെടുത്താൻ വേണ്ടിയുള്ള മന:പൂർവ്വമായ ശ്രമമാണെന്നും ശിപായിമാർക്ക് ബോദ്ധ്യപ്പെട്ടു. അതോടെ 1857 മാർച്ച് 29-ാം തീയതി ശിപായിമാരുടെ കലാപം പൊട്ടിപ്പുറപ്പെട്ടു.

### 7.3.2 വിപ്ലവത്തിന്റെ ഗതി

മംഗൾ പാണ്ഡെ എന്ന ശിപായി ആയിരുന്നു പരസ്യമായി ഓഫീസർമാരുടെ ആജ്ഞകൾ ലംഘിച്ചത്. 1857 മാർച്ച് 29-ാം തീയതി കൽക്കട്ടയ്ക്ക് അടുത്തുള്ള ബാരക്പൂറിൽ വച്ച് രണ്ട് ഇംഗ്ലീഷ് ഓഫീസർമാരെ പാണ്ഡെ വധിച്ചു. ബാരക്പൂറിലെ പട്ടാളറെജിമെന്റ് പിരിച്ചുവിട്ടു. മംഗൾപാണ്ഡെ സംഭവത്തെ കുറിച്ചുള്ള വാർത്ത പെട്ടെന്ന് തന്നെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും എത്തി. തുറന്ന യുദ്ധത്തിന് ഇത് കാരണമായി.



**ചിത്രം 7.8** *മംഗൾപാണ്ഡെ*

ഏറ്റവും നിർണ്ണായകമായ ലഹളനടന്നത് മീററ്റിലാണ് അവിടെ പുതിയ തിരകൾ ഉപയോഗിക്കാൻ വിസമ്മതിച്ച 85 ശിപായിമാരെ രണ്ടുമുതൽ 10 വർഷക്കാലത്തേക്ക് ശിക്ഷിച്ച് തടങ്കലിൽ വച്ചു. തൊട്ടടുത്ത ദിവസം അതായത് 1857 മേയ് 10-ാം തീയതി മീററ്റിലെ മൂന്ന് റജിമെന്റ് ഇന്ത്യൻ പട്ടാളക്കാർ ലഹള ആരംഭിച്ചു. അവർ ബ്രിട്ടീഷ് ഓഫീസർമാരെകൊന്ന് ജയിലുകൾ തുറന്ന് തങ്ങളുടെ സഖാക്കളെ സ്വതന്ത്രരാക്കി. എന്നിട്ട് അവർ ഡൽഹിയി ലേക്ക് മാർച്ച് നടത്തി അവിടെയുള്ള ഭടന്മാരും സാധാരണക്കാരും ഇവരോട് ചേർന്നു. അവർ ഡൽഹി പിടിച്ചെടുക്കുകയും ധാരാളം ബ്രിട്ടീഷ് ഓഫീസർമാരെ കൊല്ലുകയും ചെയ്തു. മുഗൾ ചക്രവർത്തിയായിരുന്ന ബഹുദൂർഷായെ ചക്രവർത്തിയായി അവരോധിക്കുകയും ചെയ്തു.

ഡൽഹിയിൽ നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ലഹള പടർന്നു. കാൺപൂരിൽ ലഹളയുടെ നേതൃത്വം വഹിച്ചത് നാനാസാഹിബ്ബായിരുന്നു. അവിടെയുള്ള ഇംഗ്ലീഷുകാരെ തുരത്തിയ

ശേഷം അദ്ദേഹം പേഷആയി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ സേനയെ 'താന്തിയ തോപ്പി, 'അസിമുള്ള എന്നിവർ നയിച്ചു. ലക്നൗവിൽ ഇതിന് നേതൃത്വം നൽകിയത് ഔധിലെ ബീഗം ഹസ്രത് മഹളായിരുന്നു. മൗലവി അഹമ്മദുള്ള അവരെ സഹായിച്ചു. ഝാൻസിയിൽ റാണി ലക്ഷ്മീഭായി നേതൃത്വം നൽകി. ബീഹാറിൽ 'കൺവർ സിംഗ്' ആയിരുന്നു പട നയിച്ചത്. ബറൈലിയിൽ ഖാൻ ബഹുദൂർഖാൻ നേതൃത്വം കൊടുത്തു.

ഡൽഹി നഷ്ടപ്പെട്ടത് ബ്രിട്ടീഷുകാരുടെ അന്തസ്സിന് വലിയ കോട്ടം തട്ടി. നഷ്ടപ്പെട്ട അന്തസ്സ് വീണ്ടെടുക്കാനായി അവർ പഞ്ചാബിലെ രാജാവിൻെറ സഹായം തേടി. നാലുമാസക്കാലം വിപ്ലവം തുടർന്നു. അവസാനം 1857 സെപ്തംബർ 10-ാം തീയതി ഡൽഹി ബ്രിട്ടീഷ് സൈന്യം തിരിച്ചു പിടിച്ചു. പിന്നെയും ഏതാണ്ട് 10 മാസത്തോളം യുദ്ധം തുടർന്നു. 1858 ജൂലൈ 8-ാം തീയതി കാനിംഗ്പ്രഭു യുദ്ധം അവസാനിപ്പിച്ചതായി പ്രഖ്യാപിച്ചു.



ചിത്രം 7.9 *ബീഗം ഹസ്രത് മഹൾ*

ഝാൻസിയിലെ റാണിലക്ഷ്മീഭായി, താന്തിയതോപ്പി, കൺവർസിംഗ് എന്നീ വീരനായകർ കടുത്ത പോരാട്ടമാണ് ബ്രിട്ടീഷ് സേനയ്ക്ക് എതിരെനടത്തിയത്. ലക്ഷ്മീഭായി കുതിരപ്പുറത്ത് ഇതുന്നാണ് തന്റെ പോരാളികളെ നയിച്ചത്. ലക്ഷ്മീഭായി ബ്രട്ടീഷുകാരുടെ കുതിരപ്പട്ടാളത്തെ അതി ധീരമായി നേരിട്ടു അവസാനം തൻെറ കുതിരപടക്കളത്തിൽ വീണു പോയിട്ടും ധീരയായ ആവനിത യുദ്ധം ചെയ്ത് വീരമൃത്യു വരിച്ചു. റാണി ലക്ഷ്മീഭായി വിപ്ലവകാരികളിൽ ഏറ്റവും മികച്ച അതിധീരയായ സൈനികയായിരുന്നു എന്നാണ് ബ്രിട്ടീഷ് കമാൻഡർ ഇൻ-ചീഫായിരുന്ന സർ ഹഗ്റോസ് അഭിപ്രായപ്പെട്ടത്. കൺവർസിംഗ് ബീഹാറിലെ മറ്റൊരു യുദ്ധത്തിൽ കൊല്ലപ്പെട്ടു. താന്തിയോതോപ്പി ഉറക്കത്തിൽ പിടിക്കപ്പെട്ടു. വിചാരണക്കുശേഷം അദ്ദേഹത്തെ തൂക്കികൊന്നു. മൂന്ന് വീരനായകരുടെയും അന്ത്യം ഇപ്രകാരമായിരുന്നു. അവസാനം വിപ്ലവം പൂർണ്ണമായി ബ്രിട്ടീഷുകാർ അടിച്ചമർത്തി.

ബഹുദൂർഷായേയും അദ്ദേഹത്തിന്റെ രണ്ട് പുത്രൻമാരെയും തടവുകാരാക്കി. ഒരു വിചാരണയ്ക്കു ശേഷം ബഹദൂർഷായെ റംഗൂണിലേയ്ക്ക് നാടുകടത്തി. 1862-ൽ 87-ാം

വയസ്സിൽ അവിടെവച്ച് അദ്ദേഹം മരണമടഞ്ഞു. പുത്രൻമാരെ വിചാരണകൂടാതെ ഡൽഹിയിൽ വച്ച് വെടിവെച്ചുകൊന്നു. ഇനി നമുക്ക് വിപ്ലവം പരാജയപ്പെടുവാനുള്ള കാരണങ്ങൾ പരിശോധിക്കാം.

## പാഠ്യ പ്രവർത്തനം 7.2

1857 – ലെ ഇന്ത്യൻ വിപ്ലവത്തിലെ ഏത് മഹദ്‌വ്യക്തിയാണ് നിങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രചോദനം നൽകിയിട്ടുള്ളത് ? നിങ്ങളെ പ്രചോദിപ്പിച്ച രണ്ടു ഗുണങ്ങൾ രേഖപ്പെടുത്തി നിങ്ങളുടെ അഭിപ്രായം പങ്കുവയ്ക്കുക.

### 7.3.3. വിപ്ലവത്തിന്റെ സ്വഭാവം

1857 –ലെ വിപ്ലവത്തെ വലയം ചെയ്ത നിരവധി സംവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് ചരിത്ര കാരൻമാർ 1857–58 –ലെ ഈ കലാപം ഒരു ശിപായി ലഹളയായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. 1857–നു മുമ്പ് ശിപായിമാരുടെ വെല്ലൂർ ലഹള ഇതിന് ഒരു ഉദാഹരണമാണ്. ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ കോട്ട കാവൽ നിൽക്കുന്ന സേനയ്ക്കെതിരായി ഇന്ത്യൻ സൈന്യത്തിലെ ശിപായിമാർ നടത്തിയ ലഹള ആയിരുന്നു ഇത്. ഈ ലഹള വളരെ പെട്ടെന്ന് അടിച്ചമർത്തി. മറ്റ് ഭാഗങ്ങളിലേയ്ക്ക് പടർന്നതേ ഇല്ല. കൻേറാൺമെന്റിൽ തന്നെ ഒതുങ്ങു കയും ചെയ്തു.

1857– ലെ വിപ്ലവത്തിന്റെ വസ്തുതകൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ ശിപായി ലഹളകളിൽ നിന്നെല്ലാം ഇതിന് വ്യത്യാസങ്ങൾ നിങ്ങൾക്ക് കാണാൻ കഴിയും. വിപ്ലവം തുടങ്ങിയത് ശിപായിമാരായിരുന്നെങ്കിലും ധാരാളം സാധാരണ ജനങ്ങൾ ഈ വിപ്ലവത്തിൽ പങ്കാളികളായി കർഷകരും കൈത്തൊഴിലുകാരും പങ്കെടുത്തതോടുകൂടി വ്യാപകവും ജനകീയവുമായ ഒരു സംഭവമായി ഇത് മാറി. ചില മേഖലകളിൽ സാധാരണക്കാർ ശിപായി മാർക്ക് മുൻപേ കലാപം ആരംഭിച്ചിരുന്നു. ഇതെല്ലാം കാണിക്കുന്നത് ഇത് ഒരു ജനകീയ പ്രക്ഷോഭം ആയിരുന്നു എന്നാണ്. ഹിന്ദു–മുസ്ലീം ഐക്യം ഈ യുദ്ധത്തിൻെറ സവിശേഷത ആയിരുന്നു. വ്യത്യസ്ത പ്രദേശങ്ങൾ തമ്മിലും ഐക്യം ഉണ്ടായിരുന്നു. ഒരു ഭാഗത്തുള്ള വിപ്ലവകാരികൾ മറ്റു ഭാഗത്തുള്ള വരുടെ പോരാട്ടത്തേയും സഹായിച്ചു. വിദേശ ഭരണത്തിനെതിരായി ഇന്ത്യയിലുണ്ടായ ആദ്യത്തെ ദേശീയ പ്രക്ഷോഭമായി ഈ വിപ്ലവത്തെ കാണേണ്ടതാണ്.

1857 – ലെ പ്രക്ഷോഭം ഏതെങ്കിലും ഒരു പ്രസ്ഥാനത്തിൻെറ പേരിലല്ല മറിച്ച് പലതിന്റെയും അടിസ്ഥാനത്തിലാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഇത് ഒരു വർഗ്ഗത്തിന്റെ ലഹള ആയിരുന്നില്ല. കൃഷിക്കാർ ഭൂഉടമകൾക്കെതിരെ കലഹിച്ചിരുന്നില്ല. അവർ പണംകടം കൊടുക്കുന്ന ധാന്യക്കച്ചവടക്കാർക്കും ബ്രിട്ടീഷ് ഇന്ത്യൻ ഗവൺ മെന്റിൻെറ പ്രതിനിധികളുടെ നേരേയുമാണ് ആക്രമണം തിരിച്ചിരുന്നത്. എന്നാൽ അവരുടെ നയങ്ങൾ ശക്തമായി സ്വാധീനം ചെലുത്തി ഒരു പ്രദേശം മൊത്തമായി പ്രതികരിക്കുന്ന സ്ഥിതി ഉളവായി. ഔധിലേയും മറ്റു ചില പ്രദേശങ്ങളിലേയും ലഹളകൾ ജനകീയമായിരുന്നു. ഈ പ്രക്ഷോഭങ്ങളിൽ ജനങ്ങൾ മൊത്തമായി ബന്ധപ്പെട്ടിരിക്കുകയും അവർ തന്നെ പ്രക്ഷോഭം നടത്തുകയുമായിരുന്നു. താലൂക്ക്ദാർമാരും കൃഷിക്കാരും ഔധിൽ ഒരുമിച്ച് ഒരു പൊതുശത്രുവിനെതിരായി പോരാടി. 1857–ലെ വിപ്ലവത്തിലാണ് ആദ്യമായി ഹിന്ദുക്കൾ, മുസ്ലിങ്ങൾ, ഭൂഉടമകൾ, കർഷകർ, എന്നീ വിഭാഗങ്ങളിൽ നിന്ന് വന്നിട്ടുള്ള സൈനികർ ഒത്തൊരുമിച്ച് ബ്രിട്ടീഷുകാർക്കെതിരെ തങ്ങളുടെ എതിർപ്പ് കാണിച്ചതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഭാവിയിലെ വിജയകരമായ കൊളോണിയൽ വിരുദ്ധ സമരങ്ങൾക്ക് അത്യാവശ്യം വേണ്ട അടിത്തറ ഇട്ടുതന്നത് 1857–ലെ വിപ്ലവമാണ്.

## 7.4. വിപ്ലവത്തിന്റെ പരാജയം

ഇന്ത്യയുടെ ചരിത്രത്തിൽ ഈ വിപ്ലവം ഒരു വലിയ സംഭവം ആയിരുന്നെങ്കിലും സംഘടിതവും ശക്തവുമായി ശത്രുവിനെ പരാജയപ്പെടുത്തി വിജയം നേടാനുള്ള സാദ്ധ്യത വളരെ കുറവായിരുന്നു. പൊട്ടി പുറപ്പെട്ട് ഒരു വർഷത്തിനകം തന്നെ ഈ പ്രക്ഷോഭം അടിച്ചമർത്തി. പലതരത്തിലുള്ള കാരണങ്ങളാണ് വിപ്ലവത്തെ പരാജയത്തിലേയ്ക്ക് നയിച്ചത്. കലാപകാരികളുടെയിടയിൽ അവരുടെ ഉദ്ദേശ്യങ്ങളിൽ ഐക്യം ഇല്ലായിരുന്നു. ബംഗാളിലെ ശിപായിമാർക്ക് മുഗളൻമാരുടെ പുരാതന കാലത്തെ കീർത്തി പുന:സ്ഥാപിക്കണമെന്നായി രുന്നു. താന്തിയാതോപ്പിയും നാനാസാഹിബിനും മറാത്തക്കാരുടെ ഭരണം വീണ്ടും കൊണ്ടു വരണമെന്ന് ആയിരുന്നു. ദത്താപഹാരനയം മൂലം നഷ്ടപ്പെട്ട ഝാൻസീ രാജ്യം തിരിച്ചു പിടിക്കണമെന്നതായിരുന്നു. ഝാൻസീറാണിയുടെ ലക്ഷ്യം പ്രക്ഷോഭം ഇന്ത്യ മുഴുവൻ വ്യാപിച്ചില്ല. മറിച്ച് ഉത്തര ഇന്ത്യയിലും മദ്ധ്യ ഇന്ത്യയിലുമായി പ്രക്ഷോഭം ഒതുങ്ങിപ്പോയി. ഉത്തരേന്ത്യയിൽ തന്നെയും കാഷ്മീർ, പഞ്ചാബ്, സിൻഡ്, രാജപുട്ടാണ എന്നീ രാജ്യങ്ങൾ ഇതിൽ നിന്ന് മാറിനിന്നു. ബ്രീട്ടീഷുകാർ ബോംബെ, മദ്രാസ് റജുമെന്റുകളുടേയും സിക്കു കാരുടേയും പിന്തുണ തങ്ങൾക്കാക്കുന്നതിൽ വിജയിച്ചു. അഫ്ഗാൻകാരും ഗൂർഖകളും ബ്രിട്ടീഷുകാരെ പിൻതാങ്ങി. പല ഇന്ത്യൻ ഭരണാധികാരികളും കലാപകാരികളെ സഹായി ക്കുന്ന കാര്യം നിരാകരിച്ചു. ഇതിൽ തന്നെ കുറെപ്പേർ തുറന്നുതന്നെ അവരോടു ശത്രുത കാണിക്കുകയും വിപ്ലവം അടിച്ചമർത്താൻ ബ്രിട്ടീഷുകാരെ സഹായിക്കുകയും ചെയ്തു. ഉന്നത മധ്യവർഗ്ഗത്തിൽപ്പെട്ടവരും ആധുനിക വിദ്യാഭ്യാസം നേടിയവരും ഈ വിപ്ലവത്തെ പിൻതാങ്ങിയില്ല. വിപ്ലവത്തിന്റെ നേതൃത്വം ദുർബലമായിരുന്നു. ആസൂത്രണത്തിലും സംഘടനാകാര്യത്തിലും ഇന്ത്യൻ നേതാക്കന്മാർക്ക് കഴിവ് കുറവായിരുന്നു. കലാപകാരികൾ ബ്രിട്ടീഷുകാർക്ക് തുല്യരായിരുന്നില്ല. മിക്കവാറും എല്ലാനേതാക്കന്മാരും അവരുടെ സ്വന്തം താത്പര്യത്തെ കുറിച്ച് മാത്രമാണ് ചിന്തിച്ചിരുന്നത്. ഇടുങ്ങിയ വ്യക്തി താത്പര്യങ്ങൾ മാത്രമാണ് ഈ വിപ്ലവത്തിന് അവർക്ക് പ്രേരണ ആയിരുന്നത്. അവരവരുടെ സ്വന്തം പ്രദേശങ്ങൾ മോചിപ്പിക്കുന്നതിന് വേണ്ടി മാത്രമാണ് അവർപോരാടിയത്. വിപ്ലവ പ്രസ്ഥാ നത്തെ ഏകോപിപ്പിക്കുന്നതിനോ അതിന് ഒരു ഉദ്ദേശ്യവും ദിശയും നൽകുന്നതിനോ പ്രാപ്തരായ ഒരു ദേശീയനേതാവും ഉയർന്നുവന്നിരുന്നില്ല. ലക്ഷ്മീഭായിയും താന്തിയാ തോപ്പിയും നാനാസാഹിബും ധീരരായിരുന്നു. പക്ഷെ അവർ നല്ല സൈനിക ജനറൽമാരാ യിരുന്നില്ല. നാനാസാഹിബിന്റെ രക്ഷപ്പെടലും ബഹുദൂർഷായുടെ മരണവും മൂലം 'പേഷ്വാ' ഭരണവും മുഗൾഭരണവും അവസാനിച്ചു.

പ്രക്ഷോഭകാരികൾക്ക് ആയുധത്തിന്റെയും പണത്തിന്റെയും കുറവുണ്ടായിരുന്നു. ഉണ്ടായിരുന്ന ആയുധങ്ങൾ തന്നെ പഴയതും കാലഹരണപ്പെട്ടതും ആയിരുന്നു. ബ്രിട്ടീഷുകാരുടെ സങ്കീർണ്ണവും ആധുനികവുമായ ആയുധങ്ങളോട് അവ ഒരിക്കലും കിടപിടിക്കുമായിരുന്നില്ല. പ്രക്ഷോഭകാരികൾ സുസംഘടിതരായിരുന്നില്ല. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന വിപ്ലവങ്ങൾ ഏകോപിപ്പിച്ചിരുന്നില്ല. ശിപായിമാർ പലപ്പോഴും നിയന്ത്രണമില്ലാതെ പെരുമാറിയിരുന്നു. നേരെമറിച്ച് ടെലിഗ്രാഫിക് സമ്പ്രദായവും കമ്പിത്തപാൽ വഴിയുള്ള ആശയ വിനിമയവും ബ്രിട്ടീഷുകാരെ അവരുടെ യുദ്ധരംഗങ്ങളിലെ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടാൻ സഹായിച്ചു. സമുദ്ര സഞ്ചാരത്തിലുള്ള ഇംഗ്ലീഷുകാരുടെ കഴിവ് അവർക്ക് ഇംഗ്ലണ്ടിൽ നിന്നും സഹായങ്ങൾ സമയത്ത് ലഭിക്കുന്നതിനും ദയനീയമായ ഈ വിപ്ലവത്തെ അടിച്ചമർത്താനും അവരെ സഹായിച്ചു.

## 7.5 വിപ്ലവത്തിന്റെ പ്രാമാണികതയും ഫലങ്ങളും

ബ്രിട്ടീഷുഭരണം ഇന്ത്യയിൽ അവസാനിപ്പിക്കണമെന്നും ഈ ഉദ്ദേശ്യത്തിനുവേണ്ടി യോജിപ്പോടു നിലനിൽക്കണമെന്നും ഇന്ത്യാക്കാർ ആഗ്രഹിച്ചു എന്നതിന്റെ ആദ്യ അടയാളമാണ് 1857-ലെ ഇന്ത്യൻ വിപ്ലവം ലക്ഷ്യം നേടുന്നതിൽ ഈ വിപ്ലവം പരാജയപ്പെ

ട്ടെങ്കിലും ഇന്ത്യാക്കാരുടെയിടയിൽ ദേശീയതയുടെ വിത്തുവിതയ്ക്കുന്ന കാര്യത്തിൽ ഇത് വിജയിച്ചു. വിപ്ലവത്തിൽ ജീവത്യാഗം ചെയ്ത വീരനായകരെക്കുറിച്ച് അവർക്ക് കൂടുതൽ അവബോധം ഉണ്ടായി. ഇതൊക്കെയാണെങ്കിലും ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ പരസ്പര വിശ്വാസമില്ലായ്മ ഉണ്ടാകുന്നതിന്റെ തുടക്കത്തിനും ഈ പ്രക്ഷോഭം കാരണമായി. പിന്നീട് ഈ വിശ്വാസമില്ലായ്മ മുതലെടുത്താണ് ബ്രിട്ടീഷുകാർ അവരുടെ ഭരണം ഇവിടെ തുടർന്നത്.

## 7.6 വിപ്ലവത്തിന്റെ പൈതൃകം

ജാതി, മതം, വർഗ്ഗം എന്നീ വേലിക്കെട്ടുകളൊന്നുമില്ലാതെ നടന്ന 1857 - ലെ വിപ്ലവം ഒരർത്ഥത്തിൽ സമാനതകളില്ലാത്തതായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യാക്കാർ നടത്തിയ ആദ്യത്തെ യോജിച്ചവെല്ലുവിളിയായിരുന്നു ഇത്. പ്രക്ഷോഭകാരികൾ പരാജയ പ്പെട്ടെങ്കിലും ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യാക്കാരോടുള്ള അവരുടെ നയങ്ങളിൽ മാറ്റം വരുത്താൻ നിർബന്ധിതരായി. 1858 ആഗസ്റ്റിൽ നല്ല ഒരു ഗവൺമെന്റിനുവേണ്ടിയുള്ള നിയമത്തിന്റെ പേരിൽ 'ബോർഡ് ഓഫ് കൺട്രോൾ' 'ബോർഡ് ഓഫ് ഡയറക്ടേഴ്സ്' എന്നീ രണ്ട് കാര്യങ്ങളും റദ്ദാക്കി. ഇന്ത്യയിലെ വൈസ്രോയിയെ ഭരണകാര്യങ്ങളിൽ സഹായി ക്കാൻ "സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇൻഡ്യ" സ്ഥാപിച്ച് 15 അംഗ ഇന്ത്യൻ കൗൺസിലും രൂപീകരിച്ചു. 1858 -ൽ ഈസ്റ്റിൻഡ്യാകമ്പനിയിൽ നിന്നും ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് സിംഹാസനത്തിന്റെ കീഴിലാക്കി. അങ്ങനെ വിക്ടോറിയരാജ്ഞി ഇന്ത്യയുടെ ചക്രവർ ത്തിയായി മാറി. ഇതോടെ ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണം അവസാനിച്ചു. 1858 നവംബർ ഒന്നിലെ രാജകീയ പ്രഖ്യാപനത്തിലൂടെ കമ്പനിയുടെ നയങ്ങൾ തുടരുമെന്ന് രാജ്ഞി അറിയിച്ചു അങ്ങനെ ഇന്ത്യ ബ്രിട്ടന്റെ ഒരു കോളനി ആയിതീർന്നു. ഇന്ത്യൻ ഭരണാധി കാരികൾക്ക് ദത്തെടുത്തതിനു ശേഷമുള്ള പിൻ തുടർച്ചാവകാശം രാജ്ഞി വാഗ്ദാനം ചെയ്തു. ഇന്ത്യൻ നാട്ടുരാജ്യങ്ങളുമായി ഈസ്റ്റിൻഡ്യാ കമ്പനി ഉണ്ടാക്കിയി ട്ടുള്ള കരാറുകളും സന്ധികളും പാലിക്കപ്പെടുമെന്നും രാജ്ഞിവാഗ്ദാനം ചെയ്തു.

ഹിന്ദു മുസ്ലീം ഐക്യം ബ്രിട്ടീഷുകാരുടെ ഭരണ തുടർച്ചയ്ക്ക് ദൂഷ്യം ചെയ്യുമെന്ന് അവർ മനസ്സിലാക്കിയിരുന്നു ആയതിനാൽ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയം നടപ്പിലാ ക്കണമെന്ന് അവർ ആഗ്രഹിച്ചു സിവിൽ - സൈനിക ഭരണങ്ങളിലെല്ലാമുള്ള താക്കോൽ സ്ഥാന ങ്ങളിൽ അവർ ഒരു ശക്തമായ നിയന്ത്രണം സ്ഥാപിച്ചിരുന്നു. അതിന്റെ ഭാഗമായി 1861-ൽ ആകർഷണീയമായ ഇന്ത്യൻ സിവിൽ സർവ്വീസ് ആക്ട് പാസാക്കി. ഇന്ത്യൻ സിവിൽ സർവ്വീസിലേക്ക് തിരഞ്ഞെടുക്കുന്നതിനുവേണ്ടി വർഷം തോറും ലണ്ടനിൽ വച്ച് മത്സര പരീക്ഷ നടത്തിയിരുന്നു..

ആംഗ്ലോ ഇന്ത്യൻ ചരിത്രത്തിൽ പരമപ്രധാനമായ പങ്കാണ് 1857 -ലെ ഇന്ത്യൻ വിപ്ലവം വഹിച്ചത്. ധാരാളം ഇന്ത്യാക്കാരും ബ്രിട്ടീഷ് ഭരണാധികാരികളോട് നീരസത്തിലും അവരെ വിശ്വസിക്കാതിരിക്കുകയും ചെയ്തതിനാൽ ബ്രിട്ടീഷുകാർ വളരെ ശ്രദ്ധാലുക്കളും അവരുടെ സാമ്രാജ്യകാര്യത്തിൽ പ്രതിരോധത്തിലുമായിരുന്നു. 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരിച്ചു. പിന്നീട് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ വീണ്ടും എല്ലാവരും ഒരുമിച്ചു ചേരുകയും സ്വയം ഭരണത്തിന് ആക്കം കൂട്ടുകയും ചെയ്തു. ബ്രിട്ടീഷുകാരോടുള്ള എതിർപ്പിൽ നിന്ന് വിട്ടുപോയ ഒരു വിഭാഗം ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഇന്ത്യാക്കാരായിരുന്നു. ബംഗാളിൽ ശാശ്വത ഭൂനികുതി വ്യവസ്ഥ (പെർമനന്റ് സെറ്റിൽമെന്റ്)യുടെ ഫലമായി പുതിയതായിരൂപംകൊണ്ട ബംഗാളി സെമിന്ദാർമാരുടെ അനന്തരഗാമികളിൽ ചിലരായിരുന്നു. ഇവർ 1857 -ലെ വിപ്ലവത്തിനു ശേഷം മുപ്പതോ നാല്പതോ വർഷങ്ങൾ കഴിഞ്ഞ് ഇവരിൽ കുറച്ചുപേർ ബ്രിട്ടീഷുകാർക്കെതിരായി തിരിഞ്ഞു എന്നത് കൗതുകമുണ്ടാക്കുന്നതാണ്.

1857 - ലെ ലഹളയ്ക്ക് പ്രധാനമായും ഉത്തരവാദി പട്ടാളക്കാരാണ്. അതിനാൽ സൈന്യത്തിൽ മൗലികമാറ്റങ്ങൾ ബ്രിട്ടീഷുകാർ വരുത്തി. യൂറോപ്യൻ സൈനികരുടെ എണ്ണം വർദ്ധിപ്പിച്ചു. ഇന്ത്യാക്കാരായ പട്ടാളക്കാരുടെ എണ്ണം 1857 -ന് മുമ്പുണ്ടായിരുന്ന തിൽ നിന്ന് വളരെ കുറച്ചു. മിക്കവാറും എല്ലാ ഇന്ത്യൻ പീരങ്കിപട്ടാളയൂണിറ്റും പിരിച്ചുവിട്ടു. പിരിച്ചു വിടാതിരുന്ന ചെറിയ വിഭാഗത്തെ ബ്രിട്ടീഷ് പട്ടാളക്കാരോടു ചേർത്തു. സൈന്യത്തിലെ എല്ലാ ഭരണക്കാരും ഭരണീയരും തമ്മിലുള്ള ബന്ധത്തിന്റെ കുറവാണ് 1857 -ലെ വിപ്ലവത്തിന്റെ ഒരു മൗലികകാരണമെന്ന് കൂടുതൽ ബോദ്ധ്യപ്പെട്ടു. അതിന്റെ പരിഹാരത്തിനുള്ള ഒരു ചെറിയ തുടക്കമെന്നനിലയിൽ 1861 -ലെ ഇന്ത്യൻ കൗൺസിൽ ആക്ട് അനുസരിച്ച് ജനങ്ങളെ പ്രതിനിധീകരിക്കുന്ന സ്ഥാപനങ്ങളുടെ വികസനത്തിനുള്ള ശ്രമം ആരംഭിച്ചു. യുദ്ധം മൂലമുണ്ടായ വൈകാരിക ഫലങ്ങളായിരുന്നു ഒരു പക്ഷെ ഏറ്റവും ദൗർഭാഗ്യകരമായി മാറിയത്. വംശീയ വിദ്വേഷമായിരുന്നു ഈ പ്രക്ഷോഭത്തിന്റെ ഏറ്റവും മോശമായ പൈതൃകം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 7.2

1. കൊളോണിയൽ ഭരണാധികാരികൾക്കെതിരെ ഇന്ത്യൻ ശിപായിമാർക്കുണ്ടായിരുന്ന രണ്ട് പരാതികൾ രേഖപ്പെടുത്തുക.
2. 1857 - ലെ വിപ്ലവത്തിലെ 3 പ്രധാനപ്പെട്ട നേതാക്കൻമാരുടെ പേര് എഴുതുക.
3. എപ്പോൾ എങ്ങനെ ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഭരണം റദ്ദാക്കി.?
4. 1857 - ലെ വിപ്ലവത്തിന്റെ 3 പ്രധാന പരാജയകാരണങ്ങൾ രേഖപ്പെടുത്തുക.

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- ജനങ്ങളുടെ നേരെയുള്ള മർദ്ദനവും ചൂഷണവും ആണ് ബ്രിട്ടീഷു ഭരണത്തിനെതിരെയുള്ള ലഹളയ്ക്കും പ്രതിരോധത്തിനും ഉള്ള പ്രധാനകാരണങ്ങൾ.
- സ്വന്തം ഭൂമിയിൽ നിന്ന് ഇറക്കിവിടപ്പെട്ട കൃഷിക്കാരും ഗോത്രവംശജരും (ആദിവാസികൾ) സ്വന്തം കൃഷിയിടങ്ങളിലെ തൊഴിലാളികളായി മാറി. പലതരത്തിലുള്ള നികുതി സമ്പ്രദായങ്ങൾ അവരുടെ ജീവിതം ദുസ്സഹമാക്കി.
- ബ്രിട്ടീഷ് നിർമ്മിതി സാധനങ്ങളുടെ ഇറക്കുമതിയുടെ ഫലമായി ചെറിയ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നവർക്ക് തങ്ങളുടെ ഫാക്ടറികൾ പൂട്ടേണ്ടതായിട്ടുവന്നു.
- ഇത്തരം മാറ്റങ്ങളും ബ്രിട്ടീഷുസർക്കാരിന്റെ ചുമതലാബോധമില്ലാത്ത മനോഭാവവും കർഷകരെ തങ്ങളുടെ അവശതകൾ പ്രക്ഷോഭങ്ങളിൽ കൂടി ബഹിർഗമിപ്പിക്കുന്നതിന് നിർബന്ധിതരാക്കി.
- ദൗർഭാഗ്യവശാൽ ഈ വിപ്ലവങ്ങൾ ബ്രിട്ടീഷുകാരുടെ സംഘടിതസായുധസേനയുടെ മുന്നിൽ വിജയപ്രദമായില്ല. എന്നിരുന്നാലും ഇന്ത്യയിലെ ബ്രിട്ടീഷ് രാജ്യത്തിനെതിരെയുള്ള ഭാവിയിലെ വെല്ലുവിളികൾക്ക് ഇത് വഴിയൊരുക്കി.
- 1857-ലെ വിപ്ലവം ബ്രിട്ടീഷ് അധികാരത്തിനുനേരെയുള്ള ഒരു വലിയ വെല്ലുവിളിയായിരുന്നു. സാധാരണക്കാരുടെ പിന്തുണയോടെ ശിപായിമാർ നയിച്ച ഒന്നായിരുന്നു അത്.

- മത, സാമ്പത്തിക, സാമൂഹിക, സൈനിക കാരണങ്ങളാണ് 1857 -ലെ ഇന്ത്യൻ വിപ്ലവത്തിന് ഉത്തരവാദികൾ.കൊഴുപ്പ് പുരട്ടിയ വെടിത്തിരകൾ വിപ്ലവത്തിന്റെ പെട്ടെന്നുണ്ടായ കാരണമായി മാറി.

- ഇന്ത്യയിലെ ഒരു വലിയ ഭാഗത്തെ ഈ വിപ്ലവം ബാധിച്ചു. മീററ്റ്, ഡൽഹി, കാൺപൂർ, ലക്നൗ, ഝാൻസി, ബെറെലി, ആര എന്നിവിടങ്ങളായിരുന്നു വിപ്ലവത്തിന്റെ പ്രധാന കേന്ദ്രങ്ങൾ. ഭക്ത്ഖാൻ, നാനാസാഹിബ്, താന്തിയതോപ്പി, അസിമുള്ള, ബീഗം ഹസ്രത്ത് മഹൾ, മൗലവി അഹമ്മദുള്ള, റാണീലക്ഷ്മീ ഭായി, ഖാൻ ബഹുദൂർ ഖാൻ, കൺവർ എന്നിവരായിരുന്ന ചില പ്രധാന നേതാക്കൾ

- പ്രക്ഷോഭം ബ്രിട്ടീഷുഭരണം അവസാനിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. യുദ്ധം പ്രാദേശികമായിരുന്നു. സംഘടിത സ്വഭാവത്തിന്റെ കുറവുണ്ടായിരുന്നു. നേതൃത്വം ദുർബലമായിരുന്നു. ആയുധം, പണം ഇവയുടെ കുറവുണ്ടായിരുന്നു. ഇതെല്ലാം പ്രക്ഷോഭത്തിന്റെ പരാജയ കാരണങ്ങളായിരുന്നു.

## പാഠ്യാന്ത്യ ചോദ്യങ്ങൾ

1. കർഷകരുടേയും ആദിവാസികളുടേയും (ഗോത്രവർഗ്ഗം) ലഹളകളിൽ കണ്ട രണ്ട് പൊതുവായ സവിശേഷതകൾ വിശദീകരിക്കുക.

2. രാഷ്ട്രീയവും, മത- സാമൂഹിക ഘടകങ്ങളും എങ്ങനെ 1857 -ലെ വിപ്ലവത്തിലേക്ക് നയിച്ചു ?

3. 1857 - ലെ വിപ്ലവത്തിന്റെ പ്രത്യേക പ്രാധാന്യമെന്ത് ?

4. 1857 - ലെ വിപ്ലവത്തിലെ നേതാക്കൻമാരുടെ പട്ടിക തയ്യാറാക്കുക. അവർ യുദ്ധത്തിൽ ചേരാനുള്ള കാരണങ്ങൾ വിശദീകരിക്കുക.

5. ബ്രിട്ടീഷുകാരിലോ അവരുടെ ഭരണത്തിലോ ഏതെങ്കിലും സ്വാധീനം ചെലുത്താൻ 1857 -ലെ വിപ്ലവത്തിന് കഴിഞ്ഞു എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അന്നത്തെ പരിതസ്ഥിതി വിശകലനം ചെയ്യുക. നിങ്ങളുടെ അനുമാനവും രേഖപ്പെടുത്തുക.


6. തങ്ങളുടെ ജീവിതവൃത്തിയ്ക്കുള്ള മാർഗ്ഗത്തിന് ഭീഷണിനേരിടുമ്പോഴാണ് സാധാരണ സന്ദർഭത്തിൽ ആളുകൾ പ്രതിഷേധിക്കുന്നത് എന്നാണ് ചരിത്രം പറയുന്നത്. ഇത്തരം ഒരു സംഭവം ഈ അടുത്തകാലത്ത് പത്രത്തിലോ മാസികയിലോ പ്രസിദ്ധീകരിച്ചത് കണ്ടെത്തി ഏതാണ്ട് 50 വാക്കുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുക.

7. (a) തന്നിരിക്കുന്ന ഭൂപടത്തിൽ താഴെപറയുന്ന വിപ്ലവങ്ങൾ നടന്ന പ്രദേശങ്ങൾ കണ്ടെത്തുക.

   (i) ഫക്കീർ - സന്യാസി ലഹള (ii) സന്താൾ വിപ്ലവം

   (iii) മുണ്ടാവിപ്ലവം (iii) ജയിൻഷിയ - ഗാരോവിപ്ലവം

   (b) ഓരോ വിപ്ലവത്തിന്റേയും ഓരോ കാരണവും എഴുതുക.




## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**7.1**

1. (a) ഫക്കീർ മാർ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഒരു കൂട്ടം മുസ്ലീം മത ഭിക്ഷാം ദേഹികൾ

   (b) മഹാജൻ- പണം വായ്പകൊടുക്കുന്നവരെ വിളിച്ചിരുന്നത്.

   (c) മാപ്പിളമാർ. ഭൂമിയിൽ കൃഷിചെയ്തിരുന്ന മുസ്ലീം കുടിയാൻ ഇവർ ഭൂരഹിത തൊഴിലാളികളും മലബാർപ്രദേശത്തെ മീൻപിടുത്തക്കാരും ആയിരുന്നു

2. (a) ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉദ്യോഗസ്ഥർ

   (b) ഭൂപ്രഭുക്കൾ

   (c) പണം പലിശയ്ക്ക് കൊടുക്കുന്നവർ

3. (a) ബ്രിട്ടീഷുകാരുടെ ചൂഷണം

   (b) വലിയ ഭൂനികുതികർഷകരുടെ മേൽ

(c) നാണ്യവാണിജ്യവിളകൾ നിർബന്ധമായി കൃഷി ചെയ്യിക്കൽ.

(d) മതാചാരങ്ങളിൽ ബ്രിട്ടീഷുകാരുടെ ഇടപെടലുകൾ

**7.2**

1 (a) കുറഞ്ഞ ശമ്പളം. സമുദ്രം കടന്നുള്ള സേവനത്തിന് മറ്റു ബത്തകളോ കൂടുതൽ പണമോ നൽകാതിരിക്കൽ.

(b) പ്രൊമോഷൻ, പെൻഷൻ, സേവന വ്യവസ്ഥകൾ എന്നിവകളിലെ സാമൂഹിക വിവേചനം

(c) കൊഴുപ്പു പുരട്ടിയ തിരകൾ -പശു, പന്നിഎന്നീ മൃഗങ്ങളിൽ നിന്ന് ശേഖരിച്ചതാണ് കൊഴുപ്പ് എന്ന ഊഹാപോഹങ്ങളുടെ പ്രചരണം. ഇത് മതവികാരങ്ങളെ ഇളക്കി.

2. റാണി ലക്ഷ്മീഭായി, താന്തിയതോപ്പി, ബീഗം ഹസ്രത്ത് മഹൽ നാനാസാഹിബ്, കൺവർസിംഗ്.

3. ബ്രിട്ടീഷ് പാർലമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇംഗ്ലണ്ടിലെ രാജ്ഞി, 1858 -ൽ നടത്തിയ പ്രഖ്യാപനത്തിൽ കൂടി ഈസ്റ്റിൻഡ്യാകമ്പനിയുടെ ഭരണം റദ്ദാക്കി.

4. (a) ഉത്തരമധ്യ ഇന്ത്യമാത്രം കേന്ദ്രീകരിച്ചായിരുന്നു വിപ്ലവം

(b) വിപ്ലവനേതൃത്വം ദുർബലമായിരുന്നു.

(c) ആയുധങ്ങളുടേയും പണത്തിന്റേയും കുറവ്

# 8

# ഇന്ത്യൻ ദേശീയ പ്രസ്ഥാനം

ചരിത്രാതീത കാലം തുടങ്ങി ആധുനിക കാലം വരെ ഉണ്ടായിട്ടുള്ള സംസ്കാരങ്ങളുടെ ചരിത്രം നിങ്ങൾ കഴിഞ്ഞ പാഠങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഈ ചരിത്രസംഭവങ്ങളിലൂടെയുള്ള സഞ്ചാരം നടത്തി നിങ്ങൾ ഇപ്പോൾ 'ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനം' എന്ന പാഠത്തിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. ഇത് വളരെ രസകരമായ ഒരു യാത്രയാണെന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? പരുക്കൻ കല്ലുകൾ സ്വയരക്ഷയ്ക്കും ആഹാരത്തിനായി മൃഗങ്ങളെ കൊല്ലാനും ഉപയോഗിച്ച് ആളുകൾ എങ്ങനെ കാടുകളിൽ ജീവിച്ചിരുന്നുവെന്ന് നിങ്ങൾ പഠിച്ചു. വെങ്കല ലോഹയുഗത്തെ കുറിച്ചും നിങ്ങൾക്കറിയാം. ലോഹങ്ങളുടെ കണ്ടുപിടിത്തം മൂലം ജീവിതം എത്രമാത്രം ആശ്വാസപ്രദമായി എന്നും മനസിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്നുണ്ടായ ഇരുമ്പ് യുഗം വ്യവസായവൽക്കരണത്തിന്റെ തുടക്കമായി. ഒരു സമൂഹം എങ്ങനെയാണ് രൂപം പ്രാപിക്കുന്നതെന്നും ചില ആളുകൾ മറ്റുള്ളവരേക്കാൾ കൂടുതൽ ശക്തരാകുന്നത് എങ്ങനെ എന്നും മറ്റും നിങ്ങൾ പഠിച്ചിട്ടുണ്ട്. അതുപോലെതന്നെ മനസിലാക്കിയിട്ടുള്ള കാര്യമാണ് ശക്തമായ രാഷ്ട്രങ്ങൾ സമ്പത്തും ഭൂമിയും അവരുടെ അത്യാർത്തിയുടെ ഉറവിടമാക്കിത്തീർത്തത്. ഇത് അന്യരാജ്യങ്ങളെ അധീനത്തിലാക്കാനും അവിടുത്തെ മനുഷ്യനെയും പ്രകൃതിവിഭവങ്ങളെയും ചൂഷണം ചെയ്ത് നിഷ്ഠൂരമായ ഭരണം നടത്തുന്ന സ്ഥിതിയും സൃഷ്ടിച്ചു. ഇത്തരം രാജ്യങ്ങൾക്കെതിരെ കനത്ത പ്രതി ഷേധവും പ്രതിരോധവും ചൂഷണത്തിന് വിധേയമാകുന്ന രാജ്യങ്ങളിൽ നിന്നുണ്ടായി. അത്തരത്തിൽ ചൂഷണത്തിന് വിധേയമായ രാജ്യങ്ങളിൽ ഒന്നാണ് നമ്മുടെ സ്വന്തം രാജ്യമായ ഇന്ത്യ.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്.

- ദേശീയബോധം വളരാനുള്ള കാരണങ്ങൾ തിരിച്ചറിയാൻ
- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണ വഴികൾ തേടാൻ
- ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങൾ ചർച്ച ചെയ്യാൻ
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ പ്രാമാണികരായ നേതാക്കളുടെ പട്ടിക തയ്യാറാക്കൽ
- ഈ പ്രസ്ഥാനത്തിൽ ഗാന്ധിജിയുടെ പങ്ക് ചർച്ച ചെയ്യാൻ

## 8.1 ദേശീയതയുടെ ഉത്ഭവം

മതപരമായ നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനം വർദ്ധിച്ച ദേശീയ ബോധത്തിലേക്ക് ആളുകളെ നയിച്ചു. യൂറോപ്പിൽ ഇതേ കാലത്തുണ്ടായ 'നവോത്ഥാന'ത്തിന്റെ സത്തയിൽ

ദേശീയതയുടെ ഉദയം പ്രതിഫലിപ്പിക്കപ്പെട്ടിട്ടുണ്ട്. ഫ്രഞ്ച് വിപ്ലവത്തോടുകൂടി ഈ ബോധം കുറെക്കൂടി വർദ്ധിച്ചു. ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലമായി രാജ്യത്തിന്റെ പരമാധികാരം ഒരു തനി സ്വേച്ഛാധിപതിയിൽ നിന്നും രാഷ്ട്രത്തെ മോചിപ്പിക്കാനും അതിന്റെ വിധി നിർണയിക്കാനും ശക്തിയുള്ള ഫ്രഞ്ച് പൗരന്മാരിൽ എത്തിച്ചേർന്നു. ഫ്രഞ്ച് വിപ്ലവത്തിലെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ അടയാള വാക്കുകൾ ലോകത്തെ മുഴുവൻ പ്രചോദിപ്പിച്ചു. അമേരിക്കൻ വിപ്ലവം, റഷ്യൻ വിപ്ലവം എന്നിവ പോലെയുള്ള മറ്റ് ധാരാളം വിപ്ലവങ്ങളും ദേശീയത എന്ന ആശയം ബലപ്പെടുത്തി. 1857 -ലെ പ്രക്ഷോഭണത്തിനു ശേഷം 19-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട ഇന്ത്യൻ ദേശീയതയുടെ വളർച്ച ഈ അധ്യായത്തിൽ നിങ്ങൾക്ക് പഠിക്കാം.

### 8.1.1 ഇന്ത്യൻ ദേശീയതയുടെ ഉദയം

ഇന്ത്യയിൽ ദേശീയ ഐക്യം സൃഷ്ടിക്കൽ ഒരു നീണ്ട പ്രക്രിയയായിരുന്നു. അതിന്റെ വേരുകൾ പുരാതന കാലഘട്ടം മുതൽ കണ്ടെത്താവുന്നതാണ്. അശോകൻ, സമുദ്രഗുപ്തൻ എന്നിവരെപ്പോലെയുള്ള ചക്രവർത്തിമാരാണ് പുരാതന കാലത്ത് ഇന്ത്യ മുഴുവനായി ഭരിച്ചിരുന്നത്. അക്ബർ മുതൽ ഔറംഗസീബ് വരെയുള്ളവർ മദ്ധ്യകാലഘട്ടത്തിലെ ചക്രവർത്തിമാരാണ്. എന്നാൽ 19-ാം നൂറ്റാണ്ടിൽ മാത്രമാണ് ദേശീയ ഐക്യം, ദേശീയ ബോധം എന്നീ ആശയങ്ങൾ ഉയർന്നുവന്നത്. നിങ്ങൾ 4-ാം അധ്യായത്തിൽ പഠിച്ച കൊളോണിയൽ വിരുദ്ധ പ്രസ്ഥാനങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടാണ് ഇതിന്റെ വളർച്ച. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ഘടകങ്ങൾ ദേശീയ ഐക്യം നേടുവാൻ ജനങ്ങളെ പ്രചോദിപ്പിച്ചിരുന്നു. കൊളോണിയലിസത്തിന് എതിരായി സമരങ്ങളുടെ പ്രക്രിയകളിൽ ജനങ്ങൾ കൂടുതൽ ഐക്യ ത്തോടെ പ്രവർത്തിക്കാൻ ആരംഭിച്ചു. കോളനി ഭരണം വിവിധ മർദ്ദിത വിഭാഗങ്ങൾ തമ്മിൽ ബന്ധം ഉണ്ടാകാനും അത് വ്യത്യസ്ത വിഭാഗങ്ങളെ ഒരുമിപ്പിക്കാനും സഹായിച്ചു. മർദ്ദിത രിലെ ഓരോ വർഗത്തിനും ഓരോ കൂട്ടത്തിനും കൊളോണിയലിസത്തിന്റെ ഫലം അനുഭവപ്പെട്ടത് വ്യത്യസ്ത രൂപത്തിലായിരുന്നു. അവരുടെ അനുഭവങ്ങൾ പല തരത്തിലായിരുന്നു. സ്വാതന്ത്ര്യത്തെ കുറിച്ചുള്ള അവരുടെ സങ്കൽപവും എല്ലായ്പ്പോഴും ഒരുപോലെ ആയിരു ന്നില്ല. ഇതെല്ലാം കൂടാതെ മറ്റു പലതും ദേശീയതയുടെ ഉദയത്തിനും വളർച്ചയ്ക്കും കാരണ മായിട്ടുണ്ട്. ധാരാളം പ്രദേശങ്ങൾക്ക് ബാധകമായ ബ്രിട്ടന്റെ നിയമങ്ങൾ രാഷ്ട്രീയവും ഭരണപരവുമായ ഐക്യത്തിലേക്ക് നയിച്ചു. ഇത് പൗരത്വം, ഇന്ത്യാക്കാർക്ക് ഒരു രാഷ്ട്രം എന്ന ധാരണകൾ ബലപ്പെടുത്തി. ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങൾ എന്ന പാഠം നിങ്ങൾ പഠിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ? കൃഷിക്കാരും ഗോത്രവർഗ്ഗക്കാരും തങ്ങളുടെ ഭൂമി ബ്രിട്ടീഷുകാർ തട്ടിയെടുത്തപ്പോൾ അതിനെതിരെ എങ്ങനെയാണ് കലാപങ്ങൾ ഉണ്ടാക്കിയ തെന്ന കാര്യവും നിങ്ങളുടെ ഓർമയിലുണ്ടാ കുമല്ലോ? അതുപോലെ, തങ്ങളുടെ ജീവിതവും വിഭവങ്ങളും കൈയ്യടക്കി ചൂഷണം ചെയ്തു കൊണ്ടിരുന്ന ബ്രിട്ടീഷുകാർക്ക് എതിരെ യോജി ക്കാനും പ്രതികരിക്കാനും മറ്റുള്ളവർക്കും ശക്തമായ പ്രേരണ നൽകി. 19-ാം നൂറ്റാണ്ടിലെ മത-സാമൂഹിക പ്രസ്ഥാനങ്ങളും ദേശീയത എന്ന വികാരം വളർത്താൻ സംഭാവനകൾ നൽകി. സ്വാമി വിവേകാനന്ദൻ, ആനിബസന്റ്, ഹെൻറി ഡെറൊസിയ തുടങ്ങിയവരെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുള്ളത് ഓർക്കുന്നുണ്ടാകുമല്ലോ? അവർ പുരാതന ഭാരതത്തിന്റെ യശസ്സ് പുനർജീവിപ്പിച്ചു. ജനങ്ങളിൽ തങ്ങളുടെ മതങ്ങളിലുള്ള വിശ്വാസവും സംസ്കാരവും അവർ സൃഷ്ടിച്ചു. അങ്ങനെ മാതൃഭൂമിക്കുവേണ്ടിയുള്ള സ്നേഹത്തിന്റെ സന്ദേശം ഈ മഹാത്മാക്കൾ ജനങ്ങളിൽ എത്തിച്ചു. ബങ്കിംചന്ദ്ര ചാറ്റർജി, സ്വാമിദയാനന്ദ സരസ്വതി, അരബിന്ദോഘോഷ് എന്നിവരെപ്പോലെയുള്ളവർ ദേശീയതയുടെ ധിഷണാപരവും ആത്മീയ വുമായ വശങ്ങൾ കാട്ടിക്കൊടുത്തു. ബങ്കിംചന്ദ്രയുടെ 'വന്ദേമാതരം' എന്ന മാതൃഭൂമി യോടുള്ള സ്തുതിഗീതം ദേശഭക്തരായ ദേശീയ പ്രവർത്ത

കരുടെ 'മുദ്രാവാക്യം' ആയി പരിണമിച്ചു. അത് തലമുറകൾക്ക് പരമമായ ആത്മത്യാഗ ത്തിന് പ്രചോദനമായി. അതോടൊപ്പം ഇത് ബ്രിട്ടീഷുകാരിൽ ഭയം ജനിപ്പിക്കുകയും ചെയ്തു. ഈ ഗാനത്തിന്റെ സ്വാധീനം വളരെ വലുതായിരുന്നു; ബ്രിട്ടീഷുകാർ അതു കൊണ്ടുതന്നെ ഗാനം നിരോധിച്ചു. അതുപോലെ സ്വാമി വിവേകാനന്ദന്റെ 'ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധിത' എന്ന ജനങ്ങളോടുള്ള ആഹ്വാനം ഇന്ത്യാക്കാരെ വല്ലാതെ ആകർഷിച്ചു. ഇത് ഇന്ത്യൻ ദേശീയതയുടെ ഗതിയിൽ ഒരു പ്രബല ശക്തിയായി പ്രവർത്തിച്ചു.

പ്രിന്റിംഗ് പ്രസ്സുകളുടെ സ്ഥാപനം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയ ങ്ങളുടെ വിപുലമായ പ്രചാരത്തിന് സഹായിച്ചിരുന്നു എന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇന്ത്യാക്കാരുടെയിടയിൽ ദേശീയ ബോധം പ്രചരിക്കാൻ ഈ ഘടകങ്ങളെല്ലാം സഹായകമായി.

ബ്രിട്ടീഷ് ഭരണത്തിനെതിരെ ശബ്ദം ഉയർത്തിയ ധാരാളം സംഘടനകൾ ഏതാണ്ടി ക്കാലത്ത് രൂപം കൊണ്ടു. ഈ സംഘടനകളിൽ കൂടുതലും പ്രാദേശികമായിട്ടുള്ള തായിരുന്നു. ഇവയിൽ ബംഗാൾ ഇന്ത്യൻ അസോസിയേഷൻ, ബംഗാൾ പ്രസിഡൻസി അസോസിയേഷൻ, പൂനെ പബ്ലിക് മീറ്റിംഗ് എന്നിവയെപ്പോലെയുള്ള സംഘങ്ങൾ വളരെ സജീവമാ യിരുന്നു. ഈ പ്രാദേശിക സംഘടനകൾ ഒരുമിച്ച് ബ്രിട്ടീഷ് ഭരണത്തിനെതിരെ നിന്നിരുന്നെങ്കിൽ ഇന്ത്യൻ ജനതയ്ക്ക് കൂടുതൽ ശക്തിയോടെ ശബ്ദമുയർത്താൻ കഴിയുമായിരുന്നു എന്ന ചിന്ത ഉടലെടുത്തു. ഈ ചിന്താഗതി 1885 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിലേക്ക് നയിച്ചു.

## 8.2 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവം (1885)

അല്ലൻ ഒക്ടോവിയൻ ഹ്യൂം 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചു. ഹ്യൂം റിട്ടയർ ചെയ്ത ഒരു സിവിൽ സർവീസ് ഓഫീസർ ആയിരുന്നു. ഇന്ത്യാക്കാരുടെ ഇടയിൽ രാഷ്ട്രീയ അവബോധം വളർന്നുവരുന്നത് അദ്ദേഹം മനസിലാക്കി. ഇതിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഒരു സുരക്ഷിതവും വ്യവസ്ഥാപിതവുമായ ഒരു ബഹിർഗമന മാർഗ്ഗം കൊടുക്കണമെന്ന് ഹ്യൂം ആഗ്രഹിച്ചു. അങ്ങനെ ചെയ്താൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള എതിർപ്പുകൾ ഒരു ജനകീയ പ്രക്ഷോഭ മായി വികസിക്കാതിരിക്കാൻ സഹായിക്കും എന്ന് അദ്ദേഹം കരുതി. അന്ന് വൈസ്രോയി ആയിരുന്ന ഡഫ്രിൻ പ്രഭുവും ഒരു സംഘം ഉന്നതരായ ഇന്ത്യാക്കാരും ഈ പദ്ധതി അംഗീകരിച്ചു. കൽക്കത്തയിലെ വുമേഷ് ചന്ദ്ര ബാനർജി (ഡബ്ല്യു.സി. ബാനർജി) ആദ്യത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. തങ്ങളുടെ ഉന്നതിക്കുവേണ്ടി പ്രയത്നി ക്കുന്നതിന് ഒരു ദേശീയ സംഘടന രൂപീകരിക്കണമെന്ന് വ്യഗ്രത കാട്ടിയിരുന്ന രാഷ്ട്രീയ ബോധമുള്ള ഇന്ത്യാക്കാരാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ പ്രതിനിധാനം ചെയ്തിരുന്നത്. ഇതിന്റെ നേതാക്കന്മാർക്ക് ബ്രിട്ടീഷുകാരിലും അവരുടെ നീതിബോധ ത്തിലും പൂർണ വിശ്വാസമുണ്ടായിരുന്നു. ഇന്ത്യാക്കാർ തങ്ങളുടെ അവശതകൾ ന്യായ യുക്തമായി ബ്രിട്ടീഷ് സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചാൽ അതെല്ലാം നിശ്ചയമായും പരിഹരിച്ചുകിട്ടുമെന്നും അവർ വിശ്വസിച്ചിരുന്നു. ഉല്പതിഷ്ണുക്കളായ ഇന്ത്യൻ നേതാക്കളിൽ ഏറ്റവും പ്രാമാണികർ ഫിറോസ് ഷാ മേത്ത, ഗോപാൽകൃഷ്ണ ഗോഖലെ, ദാദാബായ് നവറോജി, റാസ് ബഹാരി ബോസ്, ബദറുദ്ദീൻ തായ്ബ്ജി എന്നിവരായിരുന്നു. 1885 മുതൽ 1905 വരെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് വളരെ ഇടുങ്ങിയ സാമൂഹിക അടിത്തറ ആയിരുന്നു. അതിന്റെ സ്വാധീനം പട്ടണങ്ങളിലെ വിദ്യാസമ്പന്നരുടെ ഇടയിൽ മാത്രമായി ഒതുങ്ങിയിരുന്നു.



**ചിത്രം 8.1** *ഇന്ത്യൻ നാഷണൽ കോൺഗ്രസ് (1885 ലെ സെഷൻ)*

സംഘടനയുടെ ആദ്യകാല ലക്ഷ്യങ്ങൾ വളരെ പരിമിതമായിരുന്നു. ഇന്ത്യാക്കാർക്കു വേണ്ടി ബ്രിട്ടീഷുകാരോട് ആശയവിനിമയം നടത്തുക, അവരുടെ പരാതികൾ പറയുക എന്നീ ലക്ഷ്യങ്ങളായിരുന്നു അവ. അതിനെ മോഡറേറ്റുകളുടെ (മിതവാദികളുടെ) കാലഘട്ടം എന്നാണ് വിളിച്ചിരുന്നത്.

### 8.2.1 ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രാരംഭഘട്ടങ്ങൾ

കോൺഗ്രസ് തങ്ങളുടെ അവശതകൾ ഗവൺമെന്റിന്റെ മുൻപിൽ പരാതിരൂപത്തിൽ എഴുതി സമർപ്പിച്ചു. നിയമത്തിന്റെ ഒരു ചട്ടക്കൂട്ടിലാണ് അവർ പ്രവർത്തിച്ചിരുന്നത്. ഇക്കാരണത്താലാണ് ആദ്യകാലകോൺഗ്രസ് നേതാക്കന്മാരെ മിതവാദികൾ എന്നു വിളിച്ചിരുന്നത്. ആദ്യത്തെ ഇരുപത് വർഷക്കാലം കോൺഗ്രസ് മിതമായ ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്.

(a) ഭരണത്തിന്റെ വ്യാപനം, (b) ഭരണത്തിൽ ഇന്ത്യാക്കാരുടെ പങ്കാളിത്തം, (c) സൈനിക ചെലവിന്റെ ചുരുക്കൽ (d) വിദ്യാഭ്യാസം, തൊഴിൽ ഇവ നൽകുക, ഐസിഎസ് (ഇന്ത്യൻ സിവിൽ സർവീസ്) പരീക്ഷ ഇന്ത്യയിൽ നടത്തുക, (e) കർഷകരുടെ ബാധ്യത കുറയ്ക്കുക, (f) പൗരാവകാശങ്ങൾ സംരക്ഷിക്കുക, (g) എക്സിക്യൂട്ടീവിൽ നിന്നും നിയമവകുപ്പ് വേർപെടുത്തുക, (h) കുടിയാൻ നിയമങ്ങളിൽ മാറ്റം വരുത്തുക, (i) ഭൂനികുതിയും ഉപ്പുനികുതിയും കുറയ്ക്കുക (j) ഇന്ത്യൻ വ്യവസായങ്ങളുടേയും കൈത്തൊഴിലുകളുടേയും വളർച്ചയെ സഹായിക്കുന്ന നയങ്ങൾ സ്വീകരിക്കുക, (സ) ജനങ്ങൾക്കുവേണ്ട ക്ഷേമപരിപാടികൾ തുടങ്ങുക ഈ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിരുന്നത്.

ദൗർഭാഗ്യവശാൽ ഇവരുടെ പരിശ്രമങ്ങൾക്ക് ഒരു മാറ്റവും ബ്രിട്ടീഷ് നയങ്ങളിലോ ഭരണത്തിലോ ഉണ്ടാക്കാൻ കഴിഞ്ഞില്ല. തുടക്കത്തിൽ ബ്രിട്ടീഷുകാർ കോൺഗ്രസിനോട് ഒരു നല്ല മനോഭാവം കാണിച്ചു. എന്നാൽ 1887 ഓടുകൂടി ഈ മനോഭാവം മാറാൻ തുടങ്ങി. മിതവാദികളുടെ ആവശ്യങ്ങളൊന്നും അവർ അംഗീകരിച്ചില്ല. ആകെയുള്ള ഒരു നേട്ടം '1892 ലെ ഇന്ത്യൻ കൗൺസിൽ ആക്ട്' എന്ന ഒരു നിയമ നിർമാണം മാത്രമാണ്. അതനുസരിച്ച് അൽപം ചില അനൗദ്യോഗിക അംഗങ്ങളെ കൂടി ചേർത്ത് ഭരണസമിതി വലുതാക്കുകയും ഐസിഎസ് പരീക്ഷ ഒരേസമയം ഇന്ത്യയിലും ഇംഗ്ലണ്ടിലും നടത്തുകയും ചെയ്തു. കോൺ ഗ്രസിന്റെ വ്യവസ്ഥാപിത രീതിയിലുള്ള പ്രവർത്തനത്തോട് ധാരാളം നേതാക്കന്മാർക്കും വിശ്വാസം ക്രമേണ കുറഞ്ഞു തുടങ്ങി. ലക്ഷ്യം നേടുന്നതിൽ

കോൺഗ്രസ് പരാജയപ്പെട്ടെങ്കിലും ഒരു ദേശീയ ഉണർവ് സൃഷ്ടിക്കുന്നതിനും ഇന്ത്യാക്കാരുടെ മനസ്സിൽ നാമെല്ലാം ഒരു രാഷ്ട്രത്തിലെ ജനങ്ങളാണെന്നുള്ള ബോധം പ്രവേശിപ്പിക്കുവാനും കഴിഞ്ഞു. രാജ്യത്തിന്റെ വലിയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതി നുള്ള വേദിയാകാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിന് സാധിച്ചു. സർക്കാരിന്റെ നയങ്ങ ളെ വിമർശിക്കുന്നതിലൂടെ വളരെ വിലയേറിയ രാഷ്ട്രീയ പരിശീലനം നേതാക്കൾ ജനങ്ങൾക്കുകൊടുത്തു. എന്നാലും സർക്കാരുമായി നേരിട്ട് ഏറ്റുമുട്ടൽ ഉണ്ടാകുമെന്ന കാരണത്താൽ ആക്രമണോത്സുകമായ നടപടികൾക്കൊന്നും അവർ തയ്യാറായില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏറ്റവും മുഖ്യമായ നേട്ടം അത് ശക്തിയേറിയ ഒരു ദേശീയ പ്രസ്ഥാനത്തിന് അടിത്തറയിട്ടു എന്നതാണ്.

നേരത്തെ മിതവാദികളെ പിന്തുണച്ചിരുന്ന ബ്രിട്ടീഷുകാർ, ഈ പ്രസ്ഥാനം ഒരു ദേശീയ ശക്തിയായി വളരുന്നുവെന്നും അത് അവരെ രാജ്യത്തു നിന്നും പുറത്താക്കുമെന്നും പെട്ടെന്ന് മനസിലാക്കി. ഇത് അവരുടെ മനോഭാവത്തിൽ പരിപൂർണ്ണമായ മാറ്റം വരുത്തി. അവർ വിദ്യാഭ്യാസം നിയന്ത്രിക്കാനും പത്രങ്ങളെ സംയമിപ്പിച്ച് നിർത്താനും പറ്റിയ കർശനമായ നിയമങ്ങൾ പാസാക്കി. കുറച്ച് കോൺഗ്രസ് നേതാക്കളെ വശത്താക്കാൻ ചില്ലറ സൗജന്യ ങ്ങൾ നൽകി. ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന കഴ്സൺ പ്രഭു ഒരു കടുത്ത സാമ്രാജ്യത്വ വാദിയും ഇംഗ്ലീഷുകാരുടെ മേന്മയിൽ വിശ്വസിച്ചിരുന്ന ആളുമായിരുന്നു. ബ്രിട്ടീഷ് ഭരണാധി കാരികൾക്കെതിരെ ആളുകളെ ഇളക്കിവിടുന്നത് ശിക്ഷാർഹമായ കുറ്റമാക്കിക്കൊണ്ട് 1898 -ൽ ഒരു നിയമം അദ്ദേഹം പാസാക്കി. ഇന്ത്യൻ സർവകലാശാലകളുടെ മേൽ കുറ്റനിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മറ്റൊരു നിയമവും അദ്ദേഹം 1904 -ൽ പാസാക്കി. ഇന്ത്യൻ ദേശീയതയുടെ വളർച്ച അമർച്ച ചെയ്യുന്നതിന് കഴ്സൺ തുനിഞ്ഞിറങ്ങി. 1905 -ലെ കഴ്സന്റെ ചെയ്തി ഇതിന്റെ പ്രധാന തെളിവാണ്. അതിനെക്കുറിച്ച് നിങ്ങൾ അടുത്ത ഭാഗത്ത് പഠിക്കും.

### 8.3 ബംഗാൾ വിഭജനം 1905

1905 ൽ എന്ത് സംഭവിച്ചു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? കഴ്സൺ പ്രഭു ബംഗാളിന്റെ വിഭജനം പ്രഖ്യാപിച്ചു. ഇതിന്റെ കാരണമായി പറഞ്ഞിരുന്നത് ഭരണം മെച്ചപ്പെടു ത്തുന്ന ശ്രമത്തിന്റെ ഭാഗമെന്നാണ്. എന്നാൽ "ഭിന്നിപ്പിച്ച് ഭരിക്കുക" എന്നതായിരുന്നു യഥാർത്ഥലക്ഷ്യം. വിഭജനം മുസ്ലീങ്ങൾക്ക് ഒരു പ്രത്യേക സംസ്ഥാനം സൃഷ്ടിക്കാൻ വേണ്ടി ആയിരുന്നു. അങ്ങനെ വർഗീയ വിഷം നമ്മുടെ രാജ്യത്ത് അവർ ആദ്യമായി കുത്തിവച്ചു. വളർന്നുവരുന്ന ദേശീയ പ്രസ്ഥാനത്തിന് തടസം ഉണ്ടാക്കാനും ആ പ്രദേശത്തെ ഹിന്ദു ക്കളെയും മുസ്ലീങ്ങളെയും തമ്മിൽ വേർതിരിക്കാനും വേണ്ടിയാണെന്ന് ഇന്ത്യാക്കാർ കരുതി. പത്രങ്ങളിലൂടെയും തെരുവുകളിലൂടെയും വിഭജനത്തിനെതിരെ വൻ പ്രക്ഷോഭങ്ങൾ നടന്നു. ഇന്ത്യ ഒട്ടാകെ വിഭജനത്തെ ആളുകൾ എതിർത്തു. യോഗങ്ങൾ സംഘടിപ്പിച്ചും, ജാഥകൾ, പ്രകടനങ്ങൾ എന്നിവ വഴിയും ഈ എതിർപ്പ് തുടർന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം കൈകളിൽ 'രാഖി' കെട്ടി തങ്ങളുടെ ഐക്യവും ബ്രിട്ടീഷുകാരുടെ നടപടിയോടുള്ള എതിർപ്പും പ്രകടിപ്പിച്ചു.

### പാഠ്യ പ്രവർത്തനം 8.1

'രാഖി' എന്താണെന്ന് നിങ്ങൾക്കറിയാമോ? അതിനെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. ഇന്ത്യൻ ഉത്സവമായ 'രക്ഷാബന്ധനു' മായി അതിനെ ബന്ധപ്പെടുത്തുക.


കുറിപ്പുകൾ



അതോടൊപ്പം സ്വദേശി (സ്വന്തം രാജ്യത്ത് സ്വന്തം ആൾക്കാർ നിർമിക്കുന്ന) വസ്ത്രങ്ങൾ, സാധനങ്ങൾ വ്യവസായം, ദേശീയ വിദ്യാഭ്യാസം, ഇന്ത്യൻ ഭാഷകൾ എന്നിവ പ്രോത്സാഹിപ്പിച്ചു. പുതിയ ദേശീയ ചൈതന്യം-സ്വാശ്രയത്വം-ജനങ്ങൾക്കുണ്ടായി. തടവുശിക്ഷ ഉൾപ്പെടെയുള്ള അടിച്ചമർത്തൽ, വേദനാജനകമായ പീഡനം എന്നീ ബ്രിട്ടീഷ് ഭരണ സമ്പ്രദായങ്ങളോട് ജനങ്ങൾക്കുള്ള ഭയം മാറ്റിക്കൊണ്ട് ഒരു സമരായുധം എന്ന നിലയിൽ 'ബഹിഷ്ക്കരണ'ത്തിന്റെ പ്രാധാന്യം മനസിലാക്കിയത് ബാലഗംഗാധര തിലകനായിരുന്നു. ഇന്ത്യയിലുള്ള എല്ലാ ബ്രിട്ടീഷ് ഭരണയന്ത്രങ്ങളെയും നിശ്ചല മാക്കുവാൻ ഈ സമരതന്ത്രത്തിന് കഴിയുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. വിദേശവസ്ത്ര ബഹിഷ്കരണവും സ്വദേശി പ്രസ്ഥാനവും ധാരാളം സ്വദേശി സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നിമിത്തമായി. തുണിമില്ലുകൾ, ബാങ്കുകൾ, വസ്ത്രനിർമാണശാലകൾ, തുകൽവ്യവസായ ശാലകൾ, ഇൻഷ്വറൻസ് കമ്പനികൾ എന്നിവയെല്ലാം അങ്ങനെ രൂപം കൊണ്ടതാണ്. സ്വദേശി സാധനങ്ങളുടെ സ്റ്റോറുകൾ തുറക്കപ്പെട്ടു. സന്നദ്ധസേവകർ ഓരോ വീടിന്റെയും പടിവാതിൽക്കൽ സാധനങ്ങൾ എത്തിച്ചു. പ്രസ്ഥാനം മുഴുവൻ ആളുകളുടെ ഇടയിൽ വ്യാപിച്ചു. എല്ലാവരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ മുഴുവൻ പേരും ഇതിൽ പങ്കെടുത്തു. കോളേജുകളിലേയും സ്കൂളു കളിലേയും വിദ്യാർത്ഥികളായിരുന്നു ഇക്കാര്യത്തിൽ കൂടുതൽ സജീവം. ഇതിന്റെയെല്ലാം ഫലമായി 1911-ൽ ബംഗാൾ വിഭജന തീരുമാനം തിരുത്തുകയും വീണ്ടും ബംഗാളിനെ സംയോജിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ കോൺഗ്രസിലെ മിതവാദികൾക്കെതിരെ തീവ്രവാദികൾ (ഗരംദൾ) എന്ന ഒരു വിഭാഗം ഉടലെടുത്തു. ഈ തീവ്രവാദികൾ കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, വനിതകൾ എന്നിവരുൾപ്പെടെ എല്ലാ വർഗത്തിലും വിഭാഗ ത്തിലുംപെടുന്ന ആളുകളെ സർക്കാരിനെതിരെ അണിനിരത്താൻ ശ്രമിച്ചു. പൊതു ശത്രുവായ ബ്രിട്ടീഷുകാർക്കെതിരെ എല്ലാവരേയും യോജിപ്പിക്കുന്നതിൽ അവർ വിജയിച്ചു. യുവാക്കളിൽ ഏറ്റവും ഉയർന്ന നിലയിലുള്ള ദേശാഭിമാനവും തങ്ങളുടെ രാജ്യത്തെ -സ്വതന്ത്രയാക്കാനുള്ള അഭിനിവേശവും ഉയർന്നു. അവർ ജനങ്ങളെ ആത്മവിശ്വാസമുള്ളവരും സ്വാശ്രയരും ആക്കിത്തീർക്കാൻ സഹായിച്ചു. ഇന്ത്യൻ കുടിൽ വ്യവസായം അവർ പുനരുദ്ധരിച്ചു.

### 8.4 തീവ്ര ദേശീയവാദികളുടെ ഉദയം

മിതവാദികളുടെ മൃദുനയങ്ങൾ വികാരാധീനരായ തീവ്ര ദേശീയവാദികളുടെ ഉദയത്തിലേക്ക് നയിച്ചു. ഇക്കൂട്ടരെ 'തീവ്രവാദികൾ' എന്നു വിളിച്ചുവന്നു. ബ്രിട്ടീഷ് സർക്കാർ കോൺഗ്രസിന് എതിരെ തിരിയുകയും 1907 -ൽ കോൺഗ്രസിൽ പിളർപ്പുണ്ടാവുകയും ചെയ്തതോടെ ദേശീയ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടത്തിന് അവസാനമായി. 1965 മുതൽ 1918 വരെയുള്ള കാലഘട്ടം 'തീവ്രവാദികളുടെ യുഗം' എന്ന നിലയിലാണ് കണക്കാക്കുന്നത്. ലാലാ ലജ്പത് റായി, ബാലഗംഗാധർ തിലക്, ബിപിൻ ചന്ദ്രപാൽ (ലാൽ-ബാൽ-പാൽ) എന്നിവർ തീവ്രവാദി വിഭാഗത്തിന്റെ പ്രധാന നേതാക്കന്മാരായിരുന്നു. മിതവാദികൾ മുൻനിര യിൽ നിന്ന് പ്രവർത്തിച്ചിരുന്ന സമയങ്ങളിൽ കാര്യങ്ങളെല്ലാം വളരെ മന്ദഗതിയിലായിരുന്നു. എന്നാൽ തീവ്രവാദികൾ അതിന് വിപരീതമായി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. അവരുടെ പ്രവേശനം ഒരു പുതിയ പ്രവണതയ്ക്ക് തുടക്കംകുറിക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ഒരു നവമുഖം നൽകുകയും ചെയ്തു. മിതവാദികൾ ഇന്ത്യയുടെ രാഷ്ട്രീയ ലക്ഷ്യം തീരുമാനിക്കുന്നതിൽ പരാജയപ്പെട്ടെന്നും അവർ സ്വീകരിച്ച വഴികൾ മൃദുവും ഫലപ്രദമല്ലാത്തതുമായിരുന്നുവെന്നും തീവ്രവാദികൾ അഭിപ്രായപ്പെട്ടു. മാത്രവുമല്ല മിതവാദികൾ സമ്പന്ന ഭൂവിഭാഗത്തിൽ മാത്രം ഒതുങ്ങിയെന്നും സാധാരണ ജനങ്ങളുടെ പിന്തുണനേടുന്ന കാര്യത്തിൽ പരാജയപ്പെട്ടെന്നുമായിരുന്നു അവരുടെ കാഴ്ചപ്പാട്.



ചിത്രം 8.2 *ലാൽ-ബാൽ-പാൽ*

ബ്രിട്ടീഷുകാർ പൂർണമായും ഇന്ത്യാക്കാരെ ചൂഷണം ചെയ്യാനും, അവരുടെ സ്വയം പര്യാപ്തതയെ നശിപ്പിക്കാനും, ഇന്ത്യയുടെ സമ്പന്നതയെ വലിച്ചെടുക്കാനും ആണ് ശ്രമിക്കുന്നതെന്ന് ഈ നേതാക്കന്മാർ മനസിലാക്കി. ഇന്ത്യാക്കാർക്ക് ഉടനടി വിദേശ ഭരണത്തിൽ നിന്ന് മോചനം ഉണ്ടാകണമെന്നും രാജ്യത്തിന്റെ ഭരണം ഇന്ത്യാക്കാർ തന്നെ നടത്തണമെന്നും അവർ വിചാരിച്ചു. തീവ്രവാദികൾ, പരാതികൾ എഴുതി സർക്കാരിന് സമർപ്പിക്കുന്നതിനു പകരം ബ്രിട്ടീഷുകാർക്കെതിരെ, കൂട്ട പ്രതിഷേധങ്ങൾ സംഘടിപ്പിക്കുക, സർക്കാരിന്റെ നയങ്ങളെ വിമർശിക്കുക, വിദേശവസ്തുക്കൾ വർജ്ജിക്കുക, സ്വദേശി വസ്തുക്കൾ ഉപയോഗിക്കുക തുടങ്ങിയ ചെയ്തികളിലാണ് ഏർപ്പെട്ടിരുന്നത്. ബ്രിട്ടീഷുകാരുടെ കരുണയെ ആശ്രയിച്ച് കാര്യങ്ങൾ നേടാൻ കഴിയുമെന്ന് അവർ വിശ്വസിച്ചിരുന്നില്ല. മറിച്ച് സ്വാതന്ത്ര്യം അവരുടെ അവകാശമായി കരുതി. "സ്വാതന്ത്ര്യം ഞങ്ങളുടെ ജന്മാവകാശമാണ്. ഞങ്ങൾ അത് നേടിയിരിക്കും" എന്ന മുദ്രാവാക്യം ബാലഗംഗാധര തിലകൻ ജനങ്ങൾക്ക് നൽകി.

മിസിസ്സ് ആനിബസന്റിന്റെ ശ്രമഫലമായി കോൺഗ്രസിലെ രണ്ടു വിഭാഗങ്ങളും 1916 -ൽ വീണ്ടും യോജിച്ചു. ആനി ബസന്റിനെകുറിച്ച് കഴിഞ്ഞ പാഠത്തിൽ പഠിച്ചത് നിങ്ങൾ ഓർക്കുന്നില്ലേ? അവരുടെ പ്രവർത്തനം 1914 -ലെ 'ഹോം റൂൾ മൂവ്മെന്റ്' (സ്വയംഭരണ പ്രസ്ഥാനം) മുതലാണ് ആരംഭിച്ചത്. ഇന്ത്യയ്ക്ക് സ്വയംഭരണം നൽകണമെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടിരുന്നു. 1916 -ൽ മുസ്‌ലിം ലീഗും കോൺഗ്രസും തമ്മിൽ ഒരു ധാരണ ഉണ്ടാക്കി. ആ ധാരണയുടെ അടിസ്ഥാനത്തിൽ 'ലക്നൗ ഉടമ്പടി' അവർ ഒപ്പുവച്ചു. പിന്നീട് മഹാത്മാ ഗാന്ധി, ജവഹരിലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് എന്നിവർ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏറ്റവും പ്രഗത്ഭരായ നേതാക്കളായി. അവർ ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചു.

## പാഠ്യപ്രവർത്തനം 8.2

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഉത്ഭവം മുതൽ സ്വാതന്ത്ര്യം നേടിയതുവരെയുള്ള ചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെ ഒരു കാലഗണന രേഖ തയ്യാറാക്കുക. ഇതുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ശേഖരിച്ച് ചാർട്ടിൽ ക്രമമായി വയ്ക്കുക.

## 8.5 മുസ്ലീം ലീഗിന്റെ രൂപീകരണം - 1916

തീവ്രവാദി പ്രസ്ഥാനം ശക്തി പ്രാപിച്ചതോടെ ഇന്ത്യാക്കാരുടെ ഇടയിലുള്ള ഐക്യം തകർക്കാനുള്ള വഴികളും രീതികളും കണ്ടുപിടിക്കാൻ ബ്രിട്ടീഷുകാരുടെ ശ്രമം തുടങ്ങി. വർഗീയതയുടെ വിത്ത് ഇന്ത്യാക്കാരുടെയിടയിൽ വിതച്ച് അവർ ബംഗാൾ വിഭജനത്തിലൂടെ ഇതിന് പരിശ്രമിച്ചു. മുസ്ലീങ്ങളെ അവർക്ക് സ്വന്തമായി ഒരു സ്ഥിരമായ രാഷ്ട്രീയ സംഘടന ഉണ്ടാക്കാൻ അവർ പ്രേരിപ്പിച്ചു. 1906 ഡിസംബറിൽ ഡാക്കയിൽവച്ച് നടന്ന 'മുഹമ്മദൻ എഡ്യൂക്കേഷണൽ കോൺഫറൻസി'ൽ നവാബ് സലിം ഉല്ലാഖാൻ മുസ്ലീങ്ങളുടെ താൽപര്യ സംരക്ഷണാർത്ഥം 'സെൻട്രൽ മുഹമ്മദൻ അസോസിയേഷൻ' എന്ന സംഘടന രൂപവൽക്ക രിക്കുക എന്ന ആശയം മുന്നോട്ടുവച്ചു. അപ്രകാരം 1906 ഡിസംബർ 30-ാം തീയതി 'ഓൾ ഇൻഡ്യ മുസ്ലിംലീഗ്' സ്ഥാപിച്ചു. മറ്റൊരു പ്രമുഖവ്യക്തി ആയ ആഗാഖാനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. ലീഗിന്റെ പ്രധാനഉദ്ദേശ്യം മുസ്ലീങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ഉയർത്തിപ്പിടിക്കുകയും അവരുടെ ആവശ്യങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും പ്രത്യേകം പ്രത്യേകമായ നിയോജകമണ്ഡലം വേണമെന്ന ആവശ്യം ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചതോടുകൂടി ഗവൺമെന്റ് വർഗീയതയുടെയും വിഭജനത്തിന്റെയും വിത്ത് ഇന്ത്യാക്കാരുടെ ഇടയിൽ വിതച്ചു. മുസ്ലിം ലീഗിന്റെ രൂപീകരണം ബ്രിട്ടീഷുകാരുടെ 'ഭിന്നിപ്പിച്ചു ഭരിക്കുക'എന്ന മുഖ്യതന്ത്രത്തിന്റെ ആദ്യഫലമായിട്ട് കരുതാവുന്നതാണ്. കുറച്ചു കാലങ്ങൾക്കുശേഷം 'മുഹമ്മദാലി ജിന്ന' മുസ്ലിം ലീഗിൽ ചേർന്നു.

## 8.6 മിന്റോ-മോർലി ഭരണ പരിഷ്കാരങ്ങൾ (1909)

കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിലെ ഇന്ത്യൻ അംഗത്വം വർദ്ധിപ്പിച്ചുകൊണ്ടുള്ള 1892-ലെ ഇന്ത്യൻ കൗൺസിൽസ് ആക്ട് പാസാക്കിയ കാര്യം നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. 1909-ൽ പ്രഖ്യാപിച്ച പരിഷ്ക്കാരങ്ങൾ 1892 -ലെ പരിഷ്കരണത്തിന്റെ ഒരു വികസിത രൂപമായിരുന്നു. അന്നത്തെ സ്റ്റെയിറ്റ് സെക്രട്ടറിയായിരുന്ന മോർളി പ്രഭുവിന്റെയും വൈസ്രോയി ആയിരുന്ന മിന്റോ പ്രഭുവിന്റെയും പേരുകൾ ചേർത്ത് മിന്റോ-മോർളി' പരിഷ്കരണം എന്ന് 1909-ലെ ആ നിയമം അറിയപ്പെടുന്നു. അസംബ്ലിയിലെ ഇന്ത്യൻ പ്രാതിനിധ്യം പതിനാറിൽ നിന്നും അറുപതായി ഉയർത്തി. കുറച്ച് തെരഞ്ഞെടുക്കപ്പെടാത്ത അംഗങ്ങളെ കൂടി ഇതിൽ പെടുത്തിയിരുന്നു. നിയമനിർമാണസഭയിലെ അംഗങ്ങളുടെ എണ്ണം വർധിപ്പിച്ചെങ്കിലും അവർക്ക് യഥാർത്ഥത്തിൽ അധികാരങ്ങളൊന്നുമില്ലായിരുന്നു. ഒരു ഉപദേശക സമിതിയുടെ സ്വഭാവമായിരുന്നു അതിനുണ്ടായിരുന്നത്. ഏതെങ്കിലും ബില്ല് പാസാകുന്നതിനെ എതിർക്കാനുള്ള കഴിവും അസംബ്ലിക്കുണ്ടായിരുന്നില്ല. ബഡ്ജറ്റിനു മേലും അവർക്കവകാശം ഉണ്ടായിരുന്നില്ല.

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന നയത്തിന്റെ ഭാഗമായി മുസ്ലീങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡല സംവിധാനം ഏർപ്പെടുത്തി. ഇതനുസരിച്ച് മുസ്ലിം ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ നിന്ന് മുസ്ലീങ്ങൾ മാത്രമേ തെരഞ്ഞെടുക്കപ്പെടുകയുള്ളൂ. ഹിന്ദുക്കൾക്ക് ഹിന്ദുവിന് മാത്രവും. മുസ്ലീങ്ങൾക്ക് മുസ്ലീമിനും മാത്രമേ വോട്ടു ചെയ്യാൻ കഴിഞ്ഞിരുന്നുള്ളൂ. ഇത് മതാടിസ്ഥാനത്തിൽ ജനങ്ങളെ തിരിക്കാനും വർഗീയതയുടെ വിത്തുകൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വിതക്കാനും വേണ്ടിയുള്ള ഒരു നീക്കമായിരുന്നു. സർക്കാരിന്റെ നീക്കത്തെ ധാരാളം നേതാക്കൾ എതിർത്തു.

## 8.7 ഒന്നാം ലോകമഹായുദ്ധകാലത്തെ ദേശീയ പ്രസ്ഥാനം

1914 ൽ ഒന്നാം ലോക മഹായുദ്ധം ആരംഭിച്ചു എന്ന കാര്യം കഴിഞ്ഞ പാഠത്തിൽ നിങ്ങൾ പഠിച്ചു. ഈ യുദ്ധം യൂറോപ്പിലെ രാജ്യങ്ങൾക്ക് കോളനി സ്ഥാപിക്കുന്ന കാര്യത്തിൽ

കുത്തക ലഭിക്കുന്നതിനുവേണ്ടി ആയിരുന്നു. യുദ്ധകാലത്ത് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ നേതാക്കന്മാരോട് സഹായം അഭ്യർത്ഥിച്ചു. ചില വ്യവസ്ഥകളുടെ പുറത്ത് ഇന്ത്യൻ നേതാക്കൾ ഈ അഭ്യർത്ഥന സ്വീകരിച്ചു. അതനുസരിച്ച് യുദ്ധത്തിനു ശേഷം ബ്രിട്ടീഷുകാർ ഇന്ത്യൻ ജനതയ്ക്ക് ഭരണഘടനാപരമായ (നിയമനിർമാണം, ഭരണം) അധികാരം നൽകണമായിരുന്നു. ദൗർഭാഗ്യവശാൽ ബ്രിട്ടീഷ് സർക്കാർ ഒന്നാം ലോക മഹായുദ്ധകാലത്ത് എടുത്ത നടപടികൾ ഇന്ത്യാക്കാരിൽ വലിയ അസ്വസ്ഥത ഉളവാക്കി. യുദ്ധകാലത്ത് ബ്രിട്ടീഷു കാർക്ക് വലിയ വായ്പ എടുക്കേണ്ടതായിട്ടുവന്നു. അതിനുവേണ്ടി ഭൂമിയുടെ നികുതി (ലഗാൻ) വൻതോതിൽ വർദ്ധിപ്പിച്ചു. അവർ ഇന്ത്യാക്കാരെ നിർബന്ധപൂർവം സൈന്യത്തിൽ ചേർത്തു. അത്യാവശ്യസാധനങ്ങളുടെ വിലവർധിപ്പിച്ചു. വ്യക്തിപരവും തൊഴിൽപരവും ആയ എല്ലാ വരുമാനത്തിന്റെമേലും നികുതികൊണ്ടുവന്നു. ഇതിന്റെ ഫലമായി ഇന്ത്യൻ സമൂഹത്തിൽ നിന്നും അവർക്ക് പ്രതിഷേധം നേരിടേണ്ടി വന്നു. ചമ്പാരൻ, ബർദോളി, ഖെദ, അഹമ്മദാബാദ് എന്നിവിടങ്ങളിലെ കൃഷിക്കാരും തൊഴിലാളികളും ഈ ചൂഷണനയങ്ങൾക്കെതിരെ സജീവമായി പ്രതിഷേധിച്ചു. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ സ്കൂളുകളും കോളജുകളും വിട്ട് സമരത്തിൽ പങ്കാളികളായി. നൂറുകണക്കിന് അഭിഭാഷകർ അവരുടെ തൊഴിൽ ഉപേക്ഷിച്ചു. സ്ത്രീകളും ഈ സമരങ്ങൾക്ക് മുഖ്യമായ സംഭാവനകൾ നൽകി. ഗാന്ധിജിയുടെ വരവോടെ സ്ത്രീകളുടെ പങ്കാളിത്തം കൂടി. വിദേശ വസ്ത്ര ബഹിഷ്കരണം ഒരു വലിയ ജനകീയ പ്രസ്ഥാനമായി മാറി. വിദേശ വസ്ത്രങ്ങൾ കൂട്ടമായി കത്തിച്ച് തങ്ങളുടെ പ്രതിഷേധം ശക്തമാക്കി.

## പാഠ്യപ്രവർത്തനം 8.3

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വിജയത്തിന് മാധ്യമങ്ങൾ മുഖ്യപങ്ക് വഹിച്ചു. അക്കാലത്തെ മുൻപന്തിയിൽ നിന്ന ചില ദിനപത്രങ്ങൾ ഏതൊക്കെ എന്ന് കണ്ടുപിടിക്കുക. ഏതെല്ലാം തരത്തിലുള്ള മാർഗങ്ങൾ മാധ്യമപ്രചരണത്തിനുവേണ്ടി അന്ന് ഉപയോഗിച്ചു. ഒരു റിപ്പോർട്ട് തയ്യാറാക്കുക.

### 8.7:1 മിതവാദികളുടെയും തീവ്രവാദികളുടെയും ഒരുമിക്കൽ

യുദ്ധകാലത്ത് 1916 ൽ നടന്ന ലക്നൗ കോൺഗ്രസ് സമ്മേളനത്തിൽ വച്ച് മിതവാദികളും തീവ്രവാദികളും തമ്മിൽ ഒരുമിച്ചു. മുസ്ലിംലീഗും കോൺഗ്രസും പ്രത്യേക നിയോജക മണ്ഡലം എന്നത് അംഗീകരിച്ചു. എവിടെയൊക്കെ ഇതിൽ ഒരു പാർട്ടി ന്യൂനപക്ഷ മാകുന്നോ അവിടെ അവർക്ക് പരിഗണന നൽകുന്നകാര്യവും സമ്മതിച്ചു. കോൺഗ്രസും മുസ്ലിം ലീഗും ഒന്നിച്ച് ആവശ്യപ്പെട്ട സ്വയംഭരണം എന്നആവശ്യം സർക്കാരിന് തള്ളിക്കള യുവാൻ കഴിയുമായിരുന്നില്ല. ലക്നൗ സമ്മേളനത്തിന്റെ മറ്റൊരു പ്രാധാന്യം ഏകദേശം ഒൻപതു വർഷത്തെ ഇടവേളയ്ക്കുശേഷം തീവ്രവാദി നേതാക്കൾ കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്തു എന്നതാണ്. ബാലഗംഗാധര തിലകൻ വീണ്ടും പ്രാമുഖ്യം നേടുകയും 1920 -ൽ അദ്ദേഹത്തിന്റെ മരണം സംഭവിക്കുകയും ചെയ്യുന്നതുവരെ സജീവമായി പ്രവർത്തിക്കുകയും ചെയ്തു. കോൺഗ്രസും മുസ്ലിം ലീഗും തമ്മിലുള്ള ഐക്യം രാജ്യത്ത് ഒട്ടാകെ പ്രതീക്ഷയും ഉത്സാഹവും നിറച്ചു. അതോടൊപ്പം 'ഹോം റൂൾ' പ്രസ്ഥാനത്തിന്റെ വിജയം ആത്മവിശ്വാസവും ധൈര്യവും വർധിപ്പിച്ചു. ഇന്ത്യാക്കാരെ സമാധാനിപ്പിക്കുന്നതിനുവേണ്ടി 1919-ൽ 'മോൺടെഗു ചെംസ്ഫോർഡ്' പരിഷ്കാരങ്ങൾ നടപ്പിലാക്കി. ഇത് ദ്വിഭരണം-പ്രോവിൻസു കളിൽ (പ്രവിശ്യ) രണ്ടുതരം സർക്കാരുകളുടെ ഭരണം നടപ്പിലാക്കി. പ്രവിശ്യാഭരണം ഇതനുസരിച്ച് രണ്ടായി വിഭജിക്കപ്പെട്ടു. ഒന്നാമത്തേത് നിയമനിർമാണസഭകളിൽ കൂടി ഇന്ത്യയിലെ സമ്മതി

ദായകരോട് ഉത്തരവാദിത്വമുള്ളത്. രണ്ടാമത്തേത് ഗവർണറോട് ഉത്തര വാദിത്വ മുള്ളത്. ഭരണത്തിൽ ഇന്ത്യാക്കാർക്ക് കൂടുതൽ ഭാഗഭാഗിത്വം ഈ പരിഷ്കാരങ്ങൾ വാഗ്ദാനം ചെയ്തിരുന്നു.

ഒന്നാംലോക മഹായുദ്ധത്തിൽ ബ്രിട്ടനും സഖ്യകക്ഷികളും വിജയിച്ചു. ഒട്ടോമൻ സാമ്രാജ്യത്തിലെ വിശുദ്ധ സ്ഥലങ്ങളെല്ലാം ഖലീഫമാരുടെ കൈകളിൽ തന്നെയായിരിക്കും എന്ന ധാരണയുടെ അടിസ്ഥാനത്തിൽ മുസ്ലിങ്ങൾ ബ്രിട്ടീഷ് സർക്കാരിനെ യുദ്ധത്തിൽ പിന്തുണച്ചു. എന്നാൽ യുദ്ധം കഴിഞ്ഞപ്പോൾ നിർബന്ധപൂർവം തുർക്കി സുൽത്താനുമായി ഒരു പുതിയ കരാർ ഉണ്ടാക്കി. അതനുസരിച്ച് ഒട്ടോമൻ സാമ്രാജ്യം വിഭജിച്ചു. ഇത് ഖലീഫ മാരോടുള്ള ധിക്കാരമായി കരുതി മുസ്ലീങ്ങൾ പ്രതിഷേധിച്ചു. ഇതിന്റെ ഭാഗമായി ഷൗക്കത്ത് അലിയുടെയും മുഹമ്മദ് അലിയുടെയും നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചു.

ഒന്നാംലോക മഹായുദ്ധത്തിനു ശേഷം 'റൗളത്ത് നിയമം' എന്ന പേരിൽ ഒരു നിയമം കൂടി ബ്രിട്ടീഷുകാർ പാസാക്കി. ഇതനുസരിച്ച് ഒരു കോടതിയിലും വിചാരണ നടത്താതെ ഏതു വ്യക്തിയേയും അറസ്റ്റ് ചെയ്യാനും ജയിലിലടക്കാനുംഉള്ള അധികാരം ബ്രിട്ടീഷ് സർക്കാരിന് ആയി. ഇതോടൊപ്പം ഇന്ത്യാക്കാർ ഏതെങ്കിലും തരത്തിലുള്ള ആയുധം സൂക്ഷിക്കുന്നതും അവർ നിരോധിച്ചു. മതാചാരപ്രകാരം'കൃപാൺ' (ഒരു തരം ചെറിയവാൾ) കൂടെ കൊണ്ടു നടക്കുന്ന സിക്കുകാരെ ഈ തീരുമാനം കോപാകുലരാക്കി. ഇന്ത്യാക്കാർ ഈ നിയമങ്ങളെല്ലാം അവരുടെ മേലുള്ള അധിക്ഷേപമായി കണ്ടു. 1919 ഏപ്രിൽ 13-ാം തീയതി അമൃത്സറിലെ ജാലിയൻവാലാബാഗ് മൈതാനിയിൽ ഇതിനെതിരെ സമാധാനപരമായി പ്രതിഷേധിക്കാൻ ഒരു യോഗം വിളിച്ചുചേർത്തു. വൈശാഖി ഉത്സവം അവിടെ നടന്നുകൊണ്ടിരുന്നതിനാൽ ആയിരക്കണക്കിനാളുകൾ അവിടെ എത്തിയിരുന്നു. ഈ യോഗത്തെക്കുറിച്ച് അറിഞ്ഞയുടനെ ഒരു ബ്രിട്ടീഷ് ഓഫീസറായിരുന്ന ജനറൽ ഡയർ പട്ടാളക്കാരും ആയുധങ്ങളുമായി എത്തി. ജനക്കൂട്ടത്തിന് യാതൊരു മുന്നറിയിപ്പും നൽകാതെ ജനത്തിന് നേരെ നിറയൊഴിക്കുവാൻ ഉത്തരവിട്ടു. ജാലിയൻവാലാബാഗിന്റെ ഗേറ്റുകൾ പൂട്ടിയിട്ടിരുന്നതിനാൽ കുട്ടികളും സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ജനക്കൂട്ടത്തിന് രക്ഷപ്പെടാൻ ഒരു മാർഗവുമില്ലാതെ ആയി. മിനിട്ടുകൾക്കകം ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ഈ കൂട്ടക്കൊല ഇന്ത്യയിലെ ജനങ്ങളുടെ കോപം ആളിക്കത്തിച്ചു. ഈ നിഷ്ഠൂരമായ ചെയ്തിയിൽ പ്രതിഷേധിച്ച് മഹാകവി രബീന്ദ്രനാഥ ടാഗോർ ബ്രിട്ടീഷുകാർ അദ്ദേഹത്തിന് നൽകിയിരുന്ന "നൈറ്റ്ഹുഡ്' (Knighthood) എന്ന പദവി തിരിച്ചേൽപ്പിച്ചു.

## 8.1 പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യാക്കാരെ ദേശീയബോധത്തിലേക്ക് നയിക്കാനുണ്ടായ മൂന്നു കാരണങ്ങൾ വിശദീകരിക്കുക.
2. 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കാൻ ബ്രിട്ടീഷ് സർക്കാർ താൽപര്യപ്പെട്ടത് എന്തുകൊണ്ട്?
3. മിതവാദികളും തീവ്രവാദികളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമായിരുന്നു?
4. ഇന്ത്യയിലെ നേതാക്കൾ ഒന്നാംലോക മഹായുദ്ധകാലത്ത് ബ്രിട്ടീഷുകാരെ പിന്തുണച്ചത് എന്തുകൊണ്ട്?
5. ബ്രിട്ടീഷുകാർക്കെതിരെ ഖിലാഫത്ത് പ്രസ്ഥാനം എന്തുകൊണ്ട് ഉണ്ടായി?

## 8.8. ഗാന്ധിജിയുടെ വരവ്

മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ നിയമ വിദ്യാഭ്യാസം ബ്രിട്ടനിലായിരുന്നു. 1893 ൽ അദ്ദേഹം ദക്ഷിണാഫ്രിക്കയിലേക്ക് പോയി. 21 വർഷക്കാലം അവിടെ താമസിച്ചു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരോടുള്ള ബ്രിട്ടീഷു കാരുടെ പെരുമാറ്റം അദ്ദേഹത്തിന്റെ മനസ്സാക്ഷിയെ ഉലച്ചു. ദക്ഷിണാഫ്രിക്കൻ സർക്കാരിന്റെ വർണ വിവേചന നയത്തിനെതിരായി പോരാടണമെന്ന് അദ്ദേഹം തീരുമാനിച്ചു. വർണവിവേചനത്തിനെതിരെയുള്ള അദ്ദേഹത്തിന്റെ പ്രക്ഷോഭത്തിനിടയിൽ ഒരു പുതിയ സമരസമ്പ്രദായം അദ്ദേഹം രൂപപ്പെടുത്തി. അതാണ് 'സത്യഗ്രഹം'. ദക്ഷിണാഫ്രിക്കയിൽ അദ്ദേഹത്തിന്റെ സമരം വിജയിച്ചു. 1915-ൽ അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തി. 1916-ൽ അഹമ്മദാബാദിൽ സബർമതി ആശ്രമം സ്ഥാപിച്ചു. ഇത് അഹിംസ, സത്യം എന്നീ ആശയങ്ങൾ പരിശീലിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുംവേണ്ടി ആയിരുന്നു. ഇന്ത്യയിലെ ജനങ്ങളെയും അവരുടെ പ്രശ്നങ്ങളെയും മനസിലാക്കാൻവേണ്ടി പ്രധാനമായും ഗ്രാമങ്ങളിലൂടെ ഇന്ത്യ മുഴുവൻ സഞ്ചരിക്കാൻ ഗോപാലകൃഷ്ണ ഗോഖലെ അദ്ദേഹത്തെ ഉപദേശിച്ചു. ഗാന്ധിജിയുടെ സത്യഗ്രഹം എന്ന ആദ്യ പരീക്ഷണം നടക്കുന്നത് ബീഹാറി ലെ ചമ്പാരനിലായിരുന്നു. ബ്രിട്ടീഷുകാർക്ക് അവിടെ നീലം കൃഷിതോട്ടങ്ങളു ണ്ടായിരുന്നു. കർഷകരെ ബലം പ്രയോഗിച്ചാണ് അവർ നീലം കൃഷി ചെയ്യിച്ചിരുന്നത്.



*ചിത്രം 8.3 മോഹൻദാസ് കരംചന്ദ് ഗാന്ധി*


ഗാന്ധിജി ചമ്പാരനിൽ എത്തി തോട്ടം ഉടമകളുടെ മർദ്ദന നടപടികൾക്കെതിരെ കർഷകരെ അണിനിരത്തി. അതിന്റെ ഭാഗമായി 1917 -ൽ ചമ്പാരനിൽ സത്യഗ്രഹം എന്ന സമരമുറ പ്രയോഗത്തിൽ വന്നു. ഗുജറാത്തിലെ ഖെദ്ദ ജില്ലയിലും അവിടുത്തെ കർഷകർക്കുവേണ്ടി സത്യഗ്രഹം ഗാന്ധിജി സംഘടിപ്പിച്ചു. വിളനാശവും പകർച്ചവ്യാധിയും മൂലം നികുതി അടയ്ക്കാൻ കഴിയാത്ത കൃഷിക്കാർക്കുവേണ്ടിയായിരുന്നു ഈ സത്യഗ്രഹം. അഹമ്മദാബാദിൽ പരുത്തിമിൽ ഉടമകൾക്ക് എതിരെയും അദ്ദേഹം സമരങ്ങൾ സംഘടിപ്പിച്ചു.

## പാഠ്യപ്രവർത്തനങ്ങൾ 8.4

കർഷകർ നിങ്ങളോട് ഗാന്ധിജിയെ ബന്ധപ്പെട്ട് ചമ്പാരൻ സന്ദർശിക്കാൻ ക്ഷണിക്കണമെന്ന് ആവശ്യപ്പെടുന്നു എന്ന് സങ്കൽപിക്കുക. കർഷകരുടെ ദയനീയ അവസ്ഥ വിവരിച്ചുകൊണ്ടും അദ്ദേഹം ഈ കർഷകർക്കുവേണ്ടി എന്തെല്ലാം ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നുമെല്ലാം കാണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക.

### 8.8.1 നിസ്സഹകരണ പ്രസ്ഥാനം 1920-22

ബ്രിട്ടീഷ് സർക്കാരിനെ പിന്തുണക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ഈ സമയമായപ്പോഴേക്ക് ഗാന്ധിജി മനസിലാക്കി. ബീഹാറിലെ വിജയം ഗാന്ധിജിയെ കൂടുതൽ ധൈര്യമുള്ളവനാക്കി. അദ്ദേഹം 1919 -ലെ റൗളത്ത് നിയമത്തിനെതിരെ രാജ്യവ്യാപകമായി സത്യഗ്രഹം ആരംഭിക്കാൻ തീരുമാനിച്ചു. സർക്കാർ തങ്ങളുടെ ആവശ്യങ്ങൾ അംഗീകരി


കുറിപ്പുകൾ

ക്കുന്നില്ലെങ്കിൽ നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുമെന്ന് അദ്ദേഹം ബ്രിട്ടീഷുകാരെ ഭീഷണിപ്പെടുത്തി. ഗാന്ധിജി ഈ നിയമത്തിനെതിരെ പ്രതിഷേധിച്ചത് എന്തു കൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ഈ നിയമം സർക്കാരിന് രാഷ്ട്രീയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് വിപുലമായ അംഗീകാരങ്ങളാണ് നൽകിയിരുന്നത്.

കോടതിയിൽ ഹാജരാക്കാതെയും വിചാരണ കൂടാതെയും ആരേയും രണ്ടുവർഷംവരെ ജയിലിൽ അടയ്ക്കാൻ ഇത് സർക്കാരിന് അധികാരം കൊടുത്തു. അതിനാലാണ് ഗാന്ധിജി പ്രതിഷേധിച്ചത്. ഇത്തരം അന്യായമായ നിയമങ്ങൾക്ക് എതിരെ അഹിംസാത്മകമായ നിയമ നിഷേധത്തിന് ഗാന്ധിജി ആഹ്വാനം ചെയ്തു. ഗവൺമെന്റ് ഇതിന് യാതൊരു ശ്രദ്ധയും നൽകിയില്ല. അതുകൊണ്ട് 1920 ഓഗസ്റ്റിൽ അദ്ദേഹം നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചു. ജനങ്ങൾ ബ്രിട്ടീഷ് സർക്കാരുമായി സഹകരിക്കരുതെന്ന് അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. ഇതേസമയത്തുതന്നെ മുസ്ലിങ്ങൾ 'ഖിലാഫത്ത്' പ്രസ്ഥാനവും ആരംഭിച്ചു. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള നിസ്സഹകരണ സമരവും ആലി സഹോദരന്മാരുടെ നേതൃത്വത്തിലുള്ള ഖിലാഫത്ത് സമരവും കൈകോർത്ത് പിടിച്ച് ബ്രിട്ടീഷ് സർക്കാരിനെതിരായ ഒരു പൊതു ഏറ്റുമുട്ടൽ നടത്തി.

നിസ്സഹകരണ സമരത്തിന് വളരെ വിശദമായ ഒരു പരിപാടി ഗാന്ധിജി ആവിഷ്കരിച്ചിരുന്നു - (1) സർക്കാർ നൽകിയിരിക്കുന്ന സ്ഥാനങ്ങളും പദവികളും മെഡലുകളും മടക്കിക്കൊടുക്കുക. അതുപോലെ തദ്ദേശസ്ഥാപനങ്ങളിൽ സർക്കാർ നാമനിർദേശം വഴി കിട്ടിയിട്ടുള്ള സ്ഥാനങ്ങൾ രാജിവയ്ക്കുക; (2) ഔദ്യോഗികവും അനൗദ്യോഗികവുമായ ചടങ്ങുകൾ ബഹിഷ്കരിക്കുക; (3) ക്രമേണ സർക്കാർ സ്കൂളുകളും കോളേജുകളും ബഹിഷ്കരിക്കുക; (4) ബ്രിട്ടീഷ് കോടതികളെ അഭിഭാഷകരും വ്യവഹാരികളും ക്രമേണ ബഹിഷ്കരിക്കുക; (5) സൈനികരും മറ്റും മെസപ്പോട്ടോമിയൻ സേവനം അനുഷ്ഠിക്കണമെന്നുള്ളത് നിരസിക്കുക; (6) നിയമനിർമാണ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥികളും വോട്ടർമാരും ബഹിഷ്കരിക്കുക (7) വിദേശ സാധനങ്ങളും നാഷണൽ സ്കൂളുകളും കോളേജുകളും ബഹിഷ്കരിക്കുക ഇവയെല്ലാമായിരുന്നു പ്രധാനമായും ഗാന്ധിജി ആഹ്വാനം ചെയ്ത കാര്യങ്ങൾ.

പിന്നീട് ഇതിന് അനുബന്ധമായി താഴെ പറയുന്ന മൂന്ന് സൃഷ്ടിപരമായ പരിപാടികൾ കൂടി അദ്ദേഹം ആവിഷ്കരിച്ചിരുന്നു: (1) സ്വദേശി പ്രസ്ഥാനത്തിന് പ്രോത്സാഹനം, പ്രത്യേകിച്ച് കൈകൊണ്ടുള്ള നൂൽനൂൽപ്പും നെയ്ത്തും; (2) ഹിന്ദുക്കളുടെയിടയിലുള്ള അസ്പൃശ്യത ഇല്ലാതാക്കൽ; (3) ഹിന്ദു-മുസ്ലിം ഐക്യം അഭിവൃദ്ധിപ്പെടുത്തുക.

ഗാന്ധിജിയുടെ ഈ അഭ്യർത്ഥന മൂലം രാജ്യത്ത് അസാധാരണമായ ഒരു ആവേശം തന്നെ ഉണ്ടായി. വലിയ വിഭാഗം ജനങ്ങൾ തങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങളെല്ലാം ഉപേക്ഷിച്ച് ഈ സമരത്തിൽ പങ്കെടുത്തു. 1920 നവംബറിൽ കൗൺസിലിലേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ മൂന്നിൽ രണ്ട് വിഭാഗം വോട്ടർമാർ തെരഞ്ഞെടുപ്പിൽ നിന്ന് വിട്ടുനിന്നു. ആയിരക്കണക്കിന് വിദ്യാർത്ഥികളും അധ്യാപകരും സ്കൂളും കോളേജും ഉപേക്ഷിച്ചു. എന്നിട്ട് അവർ പുതിയ വിദ്യാഭ്യാസ കേന്ദ്രങ്ങൾ അവർക്കുവേണ്ടി തുറന്നു. മോത്തിലാൽ നെഹ്റു, സി.ആർ. ദാസ്, സി. രാജഗോപാലാചാരി, ആസിഫ് അലി എന്നിവരെപ്പോലെയുള്ള അഭിഭാഷകർ, കോടതികൾ ബഹിഷ്കരിച്ചു. നിയമനിർമാണ സഭകളും ബഹിഷ്കരിക്കപ്പെട്ടു. വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുകയും വിദേശവസ്ത്രങ്ങൾ അഗ്നിക്കിരയാക്കുകയും ചെയ്തു.



*ചിത്രം 8.4 ഗാന്ധിജി ദേശീയ പ്രസ്ഥാന കാലത്ത്*

എന്നാൽ ഗാന്ധിജിയുടെ വീക്ഷണങ്ങളുമായി പൊരുത്തപ്പെടാത്ത ചില സംഭവങ്ങൾ സമരകാലത്തു ണ്ടായി. അഹിംസാത്മകമായ നിസ്സഹകരണ പ്രസ്ഥാനം ശുഭകരമായിട്ടാണ് ആരംഭിച്ചതെങ്കിലും 1924 ആഗസ്റ്റിൽ ഹിംസകൊണ്ട് അത് കളങ്കപ്പെട്ടു. ഗവൺമെന്റ് കർശന മായ നടപടികൾ സമരക്കാർക്ക് എതിരെ എടുക്കാനാരംഭിച്ചു. പ്രമുഖരായ നേതാക്കളെഎല്ലാം അറസ്റ്റ് ചെയ്തു. ഏതാണ്ട് മുപ്പതിനായിരത്തോളം പേർ ജയിലിൽ അടയ്ക്കപ്പെട്ടു. അക്രമത്തിന്റെ പൊട്ടിപ്പുറപ്പെടലിനെ ഗാന്ധിജി വളരെ ഗൗരവമായിട്ടാണ് കണ്ടത്. ഉത്തർ പ്രദേശിലെ ഗോരക്പൂർ ജില്ലയിലെ 'ചൗരിചൗര' ഗ്രാമത്തിൽ 1922 ഫെബ്രുവരി 9 -ന് ജനക്കൂട്ടം അക്രമം നടത്തി. ചൗരിചൗരയിൽ പൊലീസ് സ്റ്റേഷന് തീയിട്ടു. അവിടെ ഉണ്ടായിരുന്ന 22 പൊലീസുകാരെയും ചുട്ടുകൊന്നു. തുടർന്ന് കൂടുതൽ അക്രമങ്ങൾ ബറേലിയിലും നടക്കുക യുണ്ടായി. 1922 ഫെബ്രുവരി 14 -ന് ഗാന്ധിജി സമരം പിൻവലിച്ചു. 1922 മാർച്ച് 18 -ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ആറു വർഷത്തേക്ക് വെറും തടവിന് ശിക്ഷിച്ചു. വിജയം നേടാൻ നിസ്സഹകരണസമരത്തിന് കഴിഞ്ഞില്ല. എങ്കിലും ഭാവിയിലെ സമരങ്ങൾക്ക് വേദി ഒരുക്കുന്ന കാര്യത്തിൽ അത് വിജയിച്ചു. നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചതിനു ശേഷം ഗാന്ധിജിയും അനുയായികളും ഗ്രാമങ്ങളിൽ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇതിൽ മദ്യവർജ്ജനം കൂടാതെ തൊട്ടുകൂടായ്മ, തീണ്ടൽ മുതലായവയ്ക്ക് വിലക്ക് ഏർപ്പെടുത്തുക, മതസൗഹാർദ്ദം എന്നീ പരിപാടികളും ഉണ്ടായിരുന്നു. ഇതുവഴി ജാതി അടിസ്ഥാനമാക്കിയുള്ള വിദ്വേഷം ഇല്ലാതാക്കുക എന്ന സന്ദേശം നൽകി.

## പാഠ്യപ്രവർത്തനം 8.5

സമരം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ നിന്നിട്ടും 'ചൗരിചൗര' സംഭവത്തിനു ശേഷം ഗാന്ധിജി നിസ്സഹകരണസമരം പിൻവലിച്ചു. ധാരാളംപേർ ഗാന്ധിജിയുടെ ഈ തീരു മാനത്തെ വിമർശിച്ചു. ആ സമയത്ത് നിങ്ങൾ ഒരു പത്രപ്രവർത്തകനായിരുന്നുവെന്ന് സങ്കൽപ്പിക്കുക. ഗാന്ധിജിയുമായി ഒരു കൂടിക്കാഴ്ചയ്ക്ക് ഈ സമരം പിൻവലിച്ച യുടനെ നിങ്ങൾക്ക് അനുവാദം കിട്ടിയെന്നും കരുതുക. നിസ്സഹകരണ സമരം പിൻവലിച്ച തീരുമാന ത്തിന്റെ ന്യായീകരണങ്ങളെക്കുറിച്ച് മഹാത്മാഗാന്ധിയുമായി നിങ്ങൾ നടത്തുന്ന ചർച്ച സംബന്ധിച്ച ഒരു സാങ്കൽപ്പിക സംഭാഷണം എഴുതുക.

ദേശബന്ധു ചിത്തരഞ്ജൻ ദാസ് (സി.ആർ. ദാസ്), മോത്തിലാൽ നെഹ്റു തുടങ്ങിയവർ കൗൺസിൽ തിരസ്കരണങ്ങളും നിയമനിർമാണ സഭയിൽ നിന്ന് വിട്ടുനിൽക്കുവാനുള്ള തീരുമാനവും അംഗീകരിച്ചില്ല. അവർ 1923 ജനുവരി ഒന്നാം തീയതി സ്വരാജ് പാർട്ടി രൂപീകരിച്ചു. സി. ആർ. ദാസ് പ്രസിഡന്റും മോത്തിലാൽ നെഹ്റു സെക്രട്ടറിയുമായി. കോൺഗ്രസിന് അകത്തുള്ള ഒരു പാർട്ടിയായിട്ടാണ് സ്വരാജ് പാർട്ടിയെ അതിന്റെ പ്രവർത്തകർ ചിത്രീകരിച്ചത്. കോൺഗ്രസിന് എതിരായ ഒരു പാർട്ടിയല്ല എന്നും അവർ വ്യക്തമാക്കി. 1919 -ലെ ബ്രിട്ടീഷ് സർക്കാരിന്റെ നിയമം ഇല്ലാതാക്കാനോ അതിന് ഭേദഗതി വരുത്താനോ സ്വരാജ് പാർട്ടിക്ക് കഴിഞ്ഞില്ല.

1927 -ൽ സർ ജോൺ സൈമൺ ചെയർമാനായ ഒരു കമ്മീഷനെ ബ്രിട്ടീഷ് സർക്കാർ നിയമിച്ചു. 1919 ലെ പരിഷ്കാരങ്ങളെക്കുറിച്ച് പഠിക്കാനും ഭരണഘടനാപരമായ കാര്യങ്ങൾക്ക് മറ്റ് നിർദേശങ്ങൾ നൽകാനുംവേണ്ടിയാണ് ഈ കമ്മീഷനെ നിയമിച്ചത്. ഇതിൽ ഇന്ത്യക്കാരായ അംഗങ്ങൾ ആരും ഉണ്ടായിരുന്നില്ല. വെള്ളക്കാരുടെ കമ്മീഷൻ എന്ന നിലയിൽ ഇന്ത്യാക്കാർ ഈ കമ്മീഷനെ ബഹിഷ്കരിച്ചു. അതിനാൽ കമ്മീഷൻ ഇന്ത്യയിൽ എത്തിച്ചേർന്നപ്പോൾ രാജ്യം മുഴുവനും ഇവർക്ക് പ്രതിഷേധങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. കരിങ്കൊടി കാണിക്കലും പ്രതിഷേധ പ്രകടനങ്ങളും ഹർത്താലും രാജ്യത്ത് എല്ലായിടത്തും ഉണ്ടായി. 'സൈമൺ ഗോ ബാക്ക്' എന്ന മുദ്രാവാക്യവും പ്രതിഷേധക്കാർ മുഴക്കിയിരുന്നു. ബ്രിട്ടീഷ് പൊലീസ് പ്രതിഷേധ പ്രകടനക്കാരുടെ നേരെ നിരവധി സ്ഥലങ്ങളിൽ ലാത്തിച്ചാർജ് ചെയ്തു. 'ലാലാ ലജ്പത്റായി'യെ പൊലീസ് ക്രൂരമായി മർദ്ദിക്കുകയും മർദ്ദനത്തിന്റെ ഫലമായി അദ്ദേഹം മരണമടയുകയും ചെയ്തു. സൈമൺ കമ്മീഷന് എതിരായ സമരം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ഒരു പുതിയ ബലം നൽകി.

ഇതിനിടയിൽ ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കന്മാർ ഇന്ത്യയ്ക്ക് ഒരു ഭരണഘടന തയ്യാറാക്കുന്നതിന്റെ തിരക്കിലായിരുന്നു. 'നെഹ്റു റിപ്പോർട്ട്' എന്ന പേരിലറിയപ്പെടുന്ന ഇത് ഭരണഘടനയുടെ ഒരു രൂപരേഖയായി രൂപം പ്രാപിച്ചു. ഇതിലെ പ്രധാന ശുപാർശകളിൽ, അവകാശപ്രഖ്യാപനം, പാർലമെന്ററി സമ്പ്രദായത്തിലുള്ള സർക്കാർ, പ്രായപൂർത്തി വോട്ട വകാശം, സുപ്രീംകോടതി തലപ്പത്തുവരുന്ന രീതിയിലുള്ള ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥ എന്നിവ അടങ്ങിയിരുന്നു. 20 കൊല്ലങ്ങൾക്കുശേഷം നിർമിച്ച സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിൽ ഈ ശുപാർശയിലെ കൂടുതൽ കാര്യങ്ങളുമാണ് അടിസ്ഥാനമായിവന്നത്. 1929-ൽ ലാഹോറിൽ നടന്ന ചരിത്രപ്രസിദ്ധമായ കോൺഗ്രസ് സമ്മേളനത്തിൽ 'പൂർണ സ്വരാജ്' സർക്കാരിനോട് ആവശ്യപ്പെടാനും ജനുവരി 26 പൂർണ സ്വരാജ് ആഘോഷിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്യാനും തീരുമാനിച്ചു. 1930 ജനുവരി 26-ാം തീയതി കോൺഗ്രസ് 'സ്വാതന്ത്ര്യദിനം' ആഘോഷിച്ചു. 1950 ൽ ഇതേ ദിവസം സ്വതന്ത്ര ഇന്ത്യ അതിന്റെ ഭരണഘടന അംഗീകരിച്ചു. ഇന്ത്യ അങ്ങനെ പരമാധികാര, ജനാധിപത്യ,സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായി മാറി. അതിനുശേഷം എല്ലാ വർഷവും ജനുവരി 26 നാം 'റിപ്പബ്ലിക് ഡേ'ആയി ആഘോഷി ക്കുന്നു.

### 8.8.2 ദണ്ഡി മാർച്ച്

ബ്രിട്ടീഷ് സർക്കാർ ഒരു പുതിയ നിയമം ഉണ്ടാക്കി. ഉപ്പിന്റെ മേൽ അവർ നികുതി ചുമത്തി. ഉപ്പ് മനുഷ്യന്റെ അടിസ്ഥാന ആവശ്യമായതിനാൽ അതിനുവേണ്ടിയുള്ള നികുതി ജനങ്ങൾ എതിർത്തു. എന്നാൽ ജനങ്ങളുടെ ആവശ്യത്തിന് ഒരു ശ്രദ്ധയും സർക്കാർ നൽകിയില്ല. 1930 മാർച്ച് 12- ന് ഗാന്ധിജി അദ്ദേഹത്തിന്റെ സബർമതി ആശ്രമത്തിൽ നിന്ന് ഗുജറാത്തിലെ ദണ്ഡി തീരത്തേക്ക് ഒരു മാർച്ച് നടത്തി. ഉപ്പ് ഉണ്ടാക്കുന്നതിനുവേണ്ടി ആയിരുന്നു ഉപ്പുയാത്ര. ഉപ്പ് നിയമത്തിന്റെ ലംഘനം ആയിരുന്നു സർക്കാരിനോടുള്ള അദ്ദേഹത്തിന്റെ ആദ്യ വെല്ലുവിളി. ദണ്ഡിയിലേക്ക്, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നയാത്ര

സമാധാന പരമായിരുന്നു. 1930 ഏപ്രിൽ 6 ന് ദണ്ഡിയിൽ എത്തിയ അദ്ദേഹം ഒരു കൈ നിറയെ കടൽ വെള്ളം എടുത്ത് ഉപ്പ് ഉണ്ടാക്കി നിയമം ലംഘിച്ചു. ഈ സമരത്തിൽ കൃഷിക്കാർ, കച്ചവടക്കാർ, സ്ത്രീകൾ എന്നിവർ വൻ തോതിൽ പങ്കെടുത്തു. ഗാന്ധിജിയെ 1930 മെയിൽ അറസ്റ്റ് ചെയ്ത് പൂനയിലെ 'യർവാദ' ജയിലിലടച്ചു. ഇന്ത്യൻ സ്വാത ന്ത്ര്യത്തോടുള്ള ബ്രിട്ടീഷ് മനോഭാവത്തിന് മാറ്റമുണ്ടാകാൻ ഉപ്പ് സത്യഗ്രഹം മുഖ്യമായ പങ്ക് വഹിച്ചു. 1931-ലെ ഗാന്ധി- ഇർവിൻ ഉടമ്പടി അതിന്റെ ഉദാഹരണങ്ങളിലൊന്നാണ്. 1931 -ലെ രണ്ടാം വട്ടമേശസമ്മേളന ത്തിൽ കോൺഗ്രസിന്റെ ഏക പ്രതിനിധിയായി ഗാന്ധിജി ലണ്ടനിൽപോയി പങ്കെടുത്തു. എന്നാൽ ഒരു കരാറിലും എത്തിച്ചേരാൻ കഴിഞ്ഞില്ല.ഗാന്ധിജിയുടെ അറസ്റ്റ് അദ്ദേഹത്തെ സമരത്തിന്റെ സജീവ നേതൃത്വത്തിൽ നിന്ന് മാറ്റിനിർത്താൻ കഴിഞ്ഞെങ്കിലും നിയമ ലംഘന സമരം തുടർന്നുകൊണ്ടേയിരുന്നു. വിദേശ സാധനങ്ങൾ പ്രത്യേകിച്ച് വസ്ത്രങ്ങൾ ബഹിഷ്കരിക്കുക എന്നതിന് പ്രത്യേക പ്രാധാന്യം സമരക്കാർ കൊടുത്തിരുന്നു.



ചിത്രം 8.5 *ഗാന്ധിജിയുടെ ദണ്ഡിമാർച്ച്*

നിയമലംഘന പ്രസ്ഥാനം ഒരു പരാജയമായിരുന്നെങ്കിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ അത് മർമപ്രധാനമായ ഘട്ടമായിരുന്നു. കോൺഗ്രസിന്റെ കൊടിക്കീഴിൽ വിവിധ പ്രദേശങ്ങളിലെ ഇന്ത്യാക്കാർ തമ്മിലുള്ളഐക്യം പ്രോത്സാഹിപ്പിക്കുവാൻ അതിന് കഴിഞ്ഞു. ഇളംതലമുറയെ പുതിയതായി ചേർക്കാനും അവരെ വിശ്വാസമുള്ളവരും ഉത്തര വാദിത്വബോധമുള്ളവരും ആക്കിതീർക്കാൻ വേണ്ട വിദ്യാഭ്യാസം നൽകാനും സംഘടന യിലെ സ്ഥാനങ്ങളിലേക്കും പ്രവിശ്യാഭരണത്തിനും ഉപയോഗിക്കാനുമുള്ള അവസരം ഇത് നൽകി. നിസ്സഹകരണ പ്രസ്ഥാനം രാഷ്ട്രീയ ആശയങ്ങളും അതിന്റെ പ്രയോഗവും രാജ്യ മെമ്പാടും പ്രചരിപ്പിച്ചു. കൂടാതെ കുഗ്രാമങ്ങളിൽപ്പോലും രാഷ്ട്രീയ അവബോധം ജനിപ്പി ക്കുവാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞു.

## 8.9 വിപ്ലവകാരികൾ

ബ്രിട്ടീഷുകാരുടെ പിന്തിരിപ്പൻ നയങ്ങൾ ഇന്ത്യയിലെ ഇളംതലമുറയിലെ ഒരു വിഭാഗത്തിന് അവരോട് അഗാധമായ വെറുപ്പ് ഉണ്ടാക്കാനിടയാക്കി. ഒരു സംഘടിത വിപ്ലവ പ്രസ്ഥാനത്തിൽക്കൂടി മാത്രമേ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂവെന്ന് അവർ വിശ്വസിച്ചു. അതിന്റെ ഫലമായി അവർ ബ്രിട്ടീഷുകാർക്കെതിരെ വിപ്ലവപ്രവർത്തനം നടത്തുന്നതിന് രഹസ്യസംഘങ്ങൾ രൂപീകരിച്ചു. മാത്രവുമല്ല അവരെ നേരിടാൻ വേണ്ട ശക്തി സംഭരിക്കുന്നതിനുവേണ്ടി യുവാക്കൾക്ക് അക്രമപ്രവർത്തനങ്ങൾ ചെയ്യാൻ വേണ്ട

കുറിപ്പുകൾ



കഠിനമായ പരിശീലനവും നൽകി. ജനവിരുദ്ധരായ ബ്രിട്ടീഷ് ഓഫീസർമാരെ കൊല്ലാൻ ഇവർ ശ്രമിച്ചു. അവരുടെ പ്രവർത്തനങ്ങൾക്കുവേണ്ട പണത്തിനുവേണ്ടി കൊള്ളകൾ നടത്തി. അക്രമപ്രവർത്തനത്തിനുവേണ്ടി ആയുധങ്ങൾ കവർച്ച ചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ഇപ്രകാരം അവർ അക്രമത്തിന്റെപാത സ്വീകരിച്ചു. ഇവരെ വിപ്ലവ കാരികൾ എന്നു വിളിച്ചു. ഇവരുടെ പ്രവർത്തനകേന്ദ്രങ്ങൾ പഞ്ചാബ്, മഹാരാഷ്ട്ര, ബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, ഒറീസ എന്നിവിടങ്ങളായിരുന്നു. കുദി റാംബോസ്, പ്രഫുല്ല ചൗകി, ഭൂപേന്ദ്രനാഥ് ദത്ത്, വി.ഡി. സവർക്കർ, സർദാർ അജിത് സിങ്, ലാലാ ഹർദയാൽ, സർദാർ ഭഗത്സിങ്, രാജ്ഗുരു, സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ് എന്നിവരാ യിരുന്നു വിപ്ലവ കാരികളിലെ പ്രമുഖർ. ഈ വിപ്ലവകാരികൾ രഹസ്യസംഘങ്ങൾ രൂപീകരിച്ചു. ധാരാളം ബ്രിട്ടീഷ് ഓഫീസർമാരെ കൊലചെയ്തു. റെയിൽവേഗതാഗതം തടസപ്പെടുത്തുക, ബ്രിട്ടീഷു കാരുടെ സമ്പത്ത് സംഘടിതമായി ആക്രമിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് വിപ്ലവകാരികൾ ചെയ്തിരുന്നത്. റാം പ്രസാദ് ബിസ്മിൽ, ആഷ്ഫ ക്കുള്ള ഖാൻ, ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷനിലെ മറ്റ് അംഗങ്ങൾ എന്നിവർ ചേർന്ന് 1925 ൽ ആയുധം ഉപയോഗിച്ച് ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണ് 'കോക്കോറി ഗൂഢാലോചന' എന്ന പേരിൽ പ്രശസ്തമായത്. 1928 -ൽ ചന്ദ്രശേഖർ ആസാദ്, ഭഗത് സിങ്, ബട്കേശ്വർദത്ത് തുടങ്ങിയവർ ചേർന്ന് ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന സംഘടന രൂപീകരിച്ചു. 1929 ഏപ്രിൽ 8 -ാം തീയതി ഭഗത്സിങ്ങും ബട്കേശ്വർ ദത്തും കൂടി ചേർന്ന് സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബ് എറിഞ്ഞു. പബ്ലിക് സേഫ്റ്റി ബിൽ, ട്രേഡ്സ് ഡിസ്പ്യൂട്ട് ബിൽ എന്നിവ പാസാക്കിയതിന്റെ പ്രതിഷേധ സൂചകമായിട്ടാണ് ഇങ്ങനെ ചെയ്തത്. 'ഇൻക്വിലാബ് സിന്ദാബാദ് '(വിപ്ലവം ജയിക്കട്ടെ) എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് ഇത് ചെയ്തത്. ഈ ബോംബേറിൽ ആരും മരിക്കുകയോ ആർക്കും മുറിവേൽക്കുകയോ ചെയ്തില്ല. ഈ കേസിന്റെയും മറ്റു ചില കേസിന്റെയും വിചാരണക്കുശേഷം ഭഗത് സിങ്, സുഖ്ദേവ്, രാജ്ഗുരു എന്നിവരെ 1931 -ൽ തൂക്കിക്കൊ ന്നു. അങ്ങനെ അവർ മാതൃഭൂമിക്കുവേണ്ടി രക്തസാക്ഷികളായി. ദേശീയ ഐക്യത്തി ന്റെയും അഭിലാഷത്തിന്റേയും പ്രതീകങ്ങളായി മാറി.



ഭഗത് സിംഗ് സുഖ്ദേവ് രാജ് ഗുരു ചന്ദ്ര ശേഖർ ആസാദ്

**ചിത്രം 8.6**

## പാഠ്യപ്രവർത്തനം 8.6

ഇന്ത്യൻ ദേശീയതയെ അടിസ്ഥാനമാക്കിയുള്ള സിനിമകൾ ഏതൊക്കെയെന്ന് കണ്ടുപിടിക്കുക. ആ സിനിമകൾ കണ്ടിട്ട് ദേശീയതയുടെ ഏതെല്ലാം വിഷയങ്ങളാണ് അത് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് തിരിച്ചറിയുക. ദേശീയതയിലേക്ക് നമ്മെ നയിക്കാൻ ഈ സിനിമകൾ യഥാർത്ഥത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക. നിങ്ങളുടെ ചിന്തകൾ ഒരു ഡയറിയിൽ കുറിച്ചിടുക. എന്നിട്ട് നിങ്ങളുടെ കുടുംബവുമായും സുഹൃത്തുക്കളുമായും ചർച്ച ചെയ്യുക.

## 8.10 സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം

20-ാം നൂറ്റാണ്ടിന്റെ മുഖ്യമായ ഒരു സവിശേഷത കോൺഗ്രസിനുള്ളിലും പുറത്തും സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം ഉണ്ടായി എന്നതാണ്. കർഷകർ ഭൂപരിഷ്കരണം നടപ്പാക്കുക, സെമിന്ദാരി സമ്പ്രദായം അവസാനിപ്പിക്കുക, നികുതി കുറയ്ക്കുക, കടത്തിന് ആശ്വാസം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിക്കാൻ ആരംഭിച്ചു. 1920 -ൽ സ്ഥാപിച്ച ഓൾ ഇൻഡ്യ ട്രേഡ് യൂണിയൻ കോൺഗ്രസ് തൊഴിലാളികളുടെ പുരോഗതിക്കും അവരുടെ ജീവിത പുരോഗതിക്കുവേണ്ടിയും പ്രവർത്തനം തുടങ്ങി. പരിപൂർണ സ്വാതന്ത്ര്യത്തിനുവേണ്ടി അവർ തൊഴിലാളികളെ ഒരുമിച്ചു നിർത്തി. അത് സ്വാതന്ത്ര്യ പ്രസ്ഥാനത്തിനും വിശാലമായ ഒരു അടിത്തറ നൽകി. പ്രാമാണികരായ തൊഴിലാളി, കമ്മ്യൂണിസ്റ്റ് നേതാക്കളിൽ ചിലരായിരുന്നു എം.എൻ. റോയ്, എസ്.എ. ഡാംഗേ, അംബാനി മുഖോപാദ്ധ്യായ, നളിനി ഗുപ്ത, മുസഫിർ അഹമ്മദ്, ഷൗക്കത്ത് ഉസ്മാനി, ഗുലാം ഹുസൈൻ, ശിങ്കാരവേലു ചെട്ടിയാർ, ബി.എം. അധികാരി, പി.സി. ജോഷി എന്നിവർ. അവർ വിപ്ലവത്തിന്റെ പോക്കിന്റെ ബാഹ്യരേഖ വരച്ചുകാണിച്ചു. വ്യക്തികളുടെ സമരം പൊതു രാഷ്ട്രീയ സമരമാക്കി പരിണമിപ്പിക്കുക, സ്വമേധയാളള്ള കർഷകസമരങ്ങൾ പൂർണ സ്വാതന്ത്ര്യത്തിനുള്ള രാജ്യവ്യാപകമായ പ്രസ്ഥാനമാക്കി മാറ്റുക, വിപ്ലവകരമായ ആശയങ്ങൾ പൊലീസുകാരുടെയും സൈന്യത്തിന്റെയും ഇടയിൽ പ്രചരിപ്പിക്കുക തുടങ്ങിയവയായിരുന്നു ഈ ബാഹ്യരേഖയിൽ പെടുത്തിയിരുന്നത്. 'സാമ്രാജ്യത്വത്തിന് എതിരെ' എന്നതായിരുന്നു പ്രധാന മുദ്രാവാക്യം. 1936-ൽ നെഹ്റു കോൺഗ്രസ് പ്രസിഡന്റായിരുന്നപ്പോൾ നടന്ന ലക്നൗ സമ്മേളനത്തിൽ ഇന്ത്യൻ പ്രശ്നങ്ങളുടെ പരിഹാരം സോഷ്യലിസ്റ്റ് ആശയങ്ങൾ സ്വീകരിക്കുന്നതിലൂടെ ആണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മാർക്സിസ്റ്റ് ആചാര്യനായ കാറൽ മാർക്സിന്റെ സിദ്ധാന്തങ്ങൾ നെഹ്റുവിൽ അഗാധമായ സ്വാധീനം ചെലുത്തിയിരുന്നു. സുബാഷ് ചന്ദ്രബോസിനെപ്പോലും സോഷ്യലിസ്റ്റ് ആശയങ്ങൾ സ്വാധീനിച്ചിരുന്നു. ഗാന്ധിജിയുമായിട്ടുള്ള അഭിപ്രായ വ്യത്യാസം മൂലം ബോസ് കോൺഗ്രസ് പാർട്ടിയിൽ നിന്നും രാജിവച്ച് ഫോർവേഡ് ബ്ലോക്ക് എന്ന ഒരു പാർട്ടി രൂപീകരിച്ചു.

## 8.11 വർഗീയ വിഭജനം

ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഭരണാധിപത്യം സ്ഥാപിക്കാൻ തുടങ്ങിയ നാൾമുതൽ, അതായത് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കാലത്ത് തന്നെ അവർ "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന നയം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഒരു ഇന്ത്യൻ ഭരണാധികാരിക്കെതിരെ മറ്റൊരു ഭരണാധികാരിയെ തിരിക്കാനും ആ പ്രശ്നത്തിൽ ഇടപെട്ട് രണ്ട് ഭരണാധികാരികളെയും മാറ്റി ബ്രിട്ടീഷുകാർ ആർക്കും എതിർപ്പില്ലാത്ത ഭരണാധികാരിയായി മാറുകയും ചെയ്യുന്നത് എങ്ങനെയെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാമത്തെ പകുതിയിലാണ് ഇത്തരം സംഭവം കൂടുതലും അരങ്ങേറിയത്. ബ്രിട്ടീഷ് സർക്കാർ ഹിന്ദുക്കളേയും മുസ്ലീങ്ങളേയും തമ്മിൽ അകറ്റുന്നതിന് തങ്ങളുടെ 'ഭിന്നിപ്പിച്ചുഭരിക്കൽ' നയം കരുതലോടെ സജീവമാക്കണമെന്ന് മനസ്സിലാക്കി. 1857-ലെ വിപ്ലവത്തിനുശേഷം ബ്രിട്ടീഷുകാർ സംശയത്തോടെയും നീരസത്തോടെയും ആണ് മുസ്ലിങ്ങളെ കണ്ടിരുന്നത്. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയെ നേരിടാൻ മുസ്ലിങ്ങളെ പ്രീണിപ്പിക്കേണ്ട സമയം എത്തിച്ചേർന്നു എന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഗവൺമെന്റ് മതത്തിന്റെ പേരിൽ ജനങ്ങളെ പരസ്പരം തമ്മിൽ തല്ലിക്കുന്നതിനും ശത്രുത വളർത്തുന്നതിനും ഉള്ള ഒരു അവസരവും പാഴാക്കിയില്ല. അവസാനം ഈ നയത്തിന്റെ ഭാഗമായി മുസ്ലിങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ സ്ഥാപിച്ചു. മുസ്ലിംലീഗിന്റെ രൂപീകരണത്തോടെ വർഗീയതയുടെ വിത്ത്പാകി. ബ്രിട്ടീഷ് ഉദ്യോഗ സ്ഥരുടെ പ്രോത്സാഹനത്തോടെയാണ് മുസ്ലിം ലീഗിന്റെ ഉത്ഭവം എന്ന കാര്യം നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ?

1932 -ലെ 'കമ്മ്യൂണൽ അവാർഡ്' ബ്രിട്ടീഷുകാരുടെ ഈ നയത്തിന്റെ ഭാഗമാണ്. ഈ അവാർഡനുസരിച്ച് മുസ്ലിങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലവും അധഃകൃത വിഭാഗത്തിന് സംവരണവും ഏർപ്പെടുത്തി. 1906 ൽ പ്രത്യേകനിയോജകമണ്ഡലങ്ങൾ വേണമെന്ന മുസ്ലിം ലീഗിന്റെ ആവശ്യപ്രകാരം 1907 ലെ മിന്റോ-മോർലി ഭരണപരിഷ്കാരത്തിലൂടെയാണ് ഇത് നടപ്പിൽ വരുത്തിയത്. ഇന്ത്യൻ ദേശീയതയെ നേരിടുന്നതിനുള്ള ഒരു മാർഗമായി മുസ്ലിം വർഗീയതയെ പോഷിപ്പിക്കുക എന്ന വീക്ഷണത്തോടെ ബ്രിട്ടീഷ് സർക്കാർ ചെയ്ത നടപടി യായിരുന്നു ഇത്. 1919 -ലെ പരിഷ്കാരങ്ങൾ വഴി പ്രത്യേക നിയോജകമണ്ഡലം എന്ന ആനുകൂല്യം സിക്കുകാർ, യൂറോപ്യന്മാർ, ആംഗ്ലോ ഇൻഡ്യൻസ്, ഇന്ത്യൻ ക്രിസ്ത്യാനികൾ തുടങ്ങിയ വിഭാഗങ്ങൾക്കുവേണ്ടി ഇത് വ്യാപിപ്പിക്കുകയും ചെയ്തു. 1935-ലെ ആക്ട് അനുസരിച്ച് 17 പ്രത്യേക നിയോജകമണ്ഡലങ്ങൾ സൃഷ്ടിക്കപ്പെട്ടു. വാസ്തവത്തിൽ വർഗീയ നിയോജകമണ്ഡലങ്ങൾ കലർപ്പില്ലാത്ത ഒരു തിന്മ ആയിരുന്നു. അത് ദേശീയ ഐക്യത്തിന് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. 1938-ൽ ദ്വിരാഷ്ട്രം എന്ന ആശയം പ്രത്യക്ഷപ്പെട്ടു. അത് 1940 -ൽ മുഹമ്മദാലി ജിന്ന വ്യക്തമായി ഉന്നയിക്കപ്പെടുകയും ചെയ്തു. അങ്ങനെ പാകിസ്ഥാൻ എന്ന ആവശ്യം ഉടലെടുക്കുകയും ബ്രിട്ടീഷ് അധികാരികൾ പ്രത്യക്ഷമായും പരോക്ഷമായും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1937 -നു ശേഷം നടന്ന തെരഞ്ഞെടുപ്പുകളിൽ ലീഗുമായി ചേർന്നുള്ള ഐക്യമുന്നണി മന്ത്രിസഭ ഉണ്ടാക്കാൻ കോൺഗ്രസ് തയ്യാറാകിതിരുന്നതാണ് പാകിസ്ഥാൻവേണമെന്ന ആവശ്യം ഉന്നയിക്കാൻ പെട്ടെന്നുണ്ടായ കാരണം. ഇത് രാജ്യത്തെ അരാജകത്വത്തിലേക്കും നാശത്തിലേക്കും വലിച്ചുകൊണ്ടുപോകുന്ന സ്ഥിതിയിലേക്ക് എത്തിച്ചു. ഈ സാഹചര്യത്തിൽ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കാനും രാജ്യത്ത് നിയമസമാധാനം പൂർണ തകർച്ചയിലേക്ക് എത്താതിരിക്കാനും വേണ്ടി 'ഒഴിച്ചുകൂടാൻ വയ്യാത്ത ബാധ' എന്ന നിലയിൽ ഇന്ത്യയുടെ വിഭജനം അംഗീകരിക്കപ്പെട്ടു.

## 8.2 പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. മറ്റ് പ്രതിഷേധങ്ങളിൽ നിന്ന് സത്യഗ്രഹം എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?
2. എന്തുകൊണ്ട് 'സൈമൺ കമ്മീഷ'നെ ഇന്ത്യാക്കാർ ബഹിഷ്കരിച്ചു? രണ്ട് കാരണങ്ങൾ എഴുതുക.
3. ഗാന്ധിജി എന്തുകൊണ്ടാണ് നിസ്സഹകരണ സമരം പിൻവലിച്ചത്?
4. വിപ്ലവകാരികളുടെ സമീപനം മറ്റുള്ളവരിൽ നിന്ന് എങ്ങനെ വ്യത്യസ്തമായി?
5. 'പൂർണ സ്വരാജ്' എന്നാൽ എന്തെന്നാണ് നിങ്ങൾ മനസിലാക്കുന്നത്?
6. ബ്രിട്ടീഷുകാർ വർഗീയ ചേരിതിരിവ് എങ്ങനെ പ്രോത്സാഹിപ്പിച്ചു?

## 8.12 സ്വാതന്ത്ര്യസമ്പാദനം (1935-47)

ബ്രിട്ടീഷ് സർക്കാർ 1933 മാർച്ചിൽ ഒരു ധവള പത്രം തയ്യാറാക്കി. ഈ ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ബില്ല് തയ്യാറാക്കി 1934 ഡിസംബറിൽ പാർലമെന്റിൽ അവതരിപ്പിച്ചു. 1935 ആഗസ്റ്റ് രണ്ടാം തീയതി ഗവൺമെന്റ് ഓഫ് ഇൻഡ്യ ആക്ട് എന്ന പേരിൽ ആ ബില്ല് പാസാക്കി. ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രവിശ്യകളെയും നാട്ടുരാജ്യങ്ങളെയും ചേർത്ത് ഒരു ഓൾ ഇന്ത്യാ ഫെഡറേഷൻ എന്ന ആശയമായിരുന്നു 1935 ൽ പാസാക്കിയ നിയമത്തിലെ ഏറ്റവും പ്രധാനമായ സവിശേഷത. ഈ നിർദ്ദേശിക്കപ്പെട്ട

ഫെഡറേഷനിൽ പ്രവിശ്യകൾ ചേരുന്നത് നിർബന്ധിതമാക്കിയിരുന്നു. നാട്ടുരാജ്യങ്ങൾക്ക് അവർക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം ചേർന്നാൽ മതിയായിരുന്നു. പ്രവിശ്യകളിൽ നിന്നും ഫെഡറേഷനിലേക്ക് തെരഞ്ഞെടുപ്പുകളിലൂടെയും നാട്ടുരാജ്യങ്ങളിൽ നിന്ന് നാമനിർദേശ ത്തിലൂടെയുമാണ് പ്രതിനിധികളെ കണ്ടെത്തിയിരുന്നത്. ബ്രിട്ടീഷ് ഇന്ത്യയിലെ 14% ആളുകൾക്ക് മാത്രമേ വോട്ട് ചെയ്യാൻ അവകാശമുണ്ടായിരുന്നുള്ളൂ. നിയമനിർമാണസഭ യുടെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. വിദേശബന്ധം, രാജ്യരക്ഷ എന്നീ അധികാരങ്ങളൊന്നും ഈ ഫെഡറേഷന് നൽകിയില്ല. ഈ നിയമം വിഭാഗീയതയേയും വർഗീയതയേയും പ്രോത്സാഹിപ്പിച്ചുകൊണ്ട് ബ്രിട്ടന്റെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന തിനുള്ളതായിരുന്നു. നെഹ്റു, ജിന്ന തുടങ്ങിയ എല്ലാ ദേശീയവാദികളും ഈ നിയമത്തെ എതിർത്തു.

1935 ഏപ്രിൽ 25 ന് കോൺഗ്രസ് സമ്മേളനം ലക്നൗവിൽ നടന്നു. ഈ നിയമത്തോട് പ്രതിഷേധമുണ്ടായിരുന്നെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തെ നേരിടാനും ഇന്ത്യൻ ദേശീയ തയ്ക്ക് വിരുദ്ധമായ ചട്ടങ്ങളും, ഓർഡിനൻ സുകളും മറ്റ് നിയമങ്ങളും അവസാനിപ്പിക്കുന്ന തിനും വേണ്ടി തെരഞ്ഞെടുപ്പുകളിൽ മൽസരിക്കാൻ ഈ സമ്മേളനത്തിൽ തീരുമാന മെടുത്തു. 1937 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വൻ വിജയം നേടി. 11 പ്രവിശ്യകളിൽ ഏഴെണ്ണത്തിൽ കോൺഗ്രസിന്റെ മന്ത്രിസഭ രൂപീകരിച്ചു. 1937 മാർച്ച് 18 ന് കൂടിയ ഓൾ ഇൻഡ്യ കോൺഗ്രസ്കമ്മറ്റി നിയമനിർമാണ സഭകളിൽ സ്വീകരിക്കേണ്ട നയങ്ങളെ സംബ ന്ധിച്ച ഒരു പ്രമേയം പാസാക്കി. ഈ പ്രഖ്യാപിത നയം ഈ പുതിയ നിയമത്തിനെതിരെ പൊരുതി അത് റദ്ദ് ചെയ്യണം എന്നുള്ളതിനായിരുന്നു. മാത്രവുമല്ല പൂർണസ്വാതന്ത്ര്യം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നകോൺഗ്രസ് ഈ പുതിയ ഭരണ സമ്പ്രദായത്തെ എതിർ ക്കുന്നു വെന്നും ഇന്ത്യയുടെ ഭരണഘടനാ നിർമാണത്തിനായി ഒരു ഭരണഘടനാ നിർമാണ സഭ (Constituent Assembly) രൂപീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യ പ്പെട്ടിരുന്നു. കോൺഗ്രസ് മന്ത്രിസഭകളുടെ വരവിൽപെട്ടെന്നുണ്ടായ ഫലം ജനമനസ്സു കളിൽ ഒരു ആശ്വാസം അനുഭവപ്പെട്ടു എന്നുള്ളതാണ്. അവർ അധികാരത്തിൽ വന്ന തോടെ രാഷ്ട്രീയ ത്തടവുകാരെ മോചിപ്പിച്ചു. നല്ല അളവിൽ പൗരാവകാശ ങ്ങൾ സ്ഥാപി ച്ചു. കാർഷിക നിയമം പാസാക്കി. അത് കർഷകർക്ക് നല്ല ആശ്വാസം നൽകി. അടിസ്ഥാന വിദ്യാഭ്യാസം ഓരോ കുട്ടിക്കും നിർബന്ധിതവും സൗജന്യവും ആക്കാനും തീരുമാനിച്ചു.

### 8.12.1 രണ്ടാം ലോക മഹായുദ്ധകാലത്തെ ദേശീയ പ്രസ്ഥാനം

രണ്ടാംലോക മഹായുദ്ധം 1939 ൽ പൊട്ടിപ്പുറപ്പെട്ടപ്പോൾ, വ്യവസ്ഥകളില്ലാത്ത സഹകരണം നിരാകരിച്ചെങ്കിലും കോൺഗ്രസ് ബ്രിട്ടനോട് സഹതാപത്തിന്റേതായ ഒരു മനോഭാവം കാണിച്ചു. "ഇന്ത്യയെ ഒരു സ്വതന്ത്ര ഇന്ത്യാ യൂണിയനായി പ്രഖ്യാപിക്കണം. ഇപ്പോൾ തന്നെ കഴിയാവുന്നിടത്തോളം ആ പദവിനൽകണം" എന്നതായിരുന്നു കോൺഗ്ര സിന്റെ ആവശ്യം. ബ്രിട്ടൻ ഇത് അംഗീകരിച്ചില്ല. അതിന്റെ ഫലമായി 1939 -ൽ എല്ലാ മന്ത്രിസഭ കളും രാജിവച്ചു. 1940 ൽ സി. രാജഗോപാലാചാരിയുടെ നിർദേശാനുസരണം കേന്ദ്രത്തിൽ ഒരു താൽക്കാലിക ദേശീയ ഗവൺമെന്റ് കൊണ്ടുവരണമെന്ന ആവശ്യം കോൺഗ്രസ് ഉയർത്തി. ഈ ആവശ്യം അന്ന് വൈസ്രോയി ആയിരുന്ന 'ലിൻ ലിത് ഗോ' നിരാകരിച്ചു. ഇതിനെതിരെ 1940 ഒക്ടോബറിൽ നിയമനിഷേധ പ്രസ്ഥാനം ആരംഭിച്ചു. ആചാര്യ വിനോബ ഭാവേ ആയിരുന്നു ആദ്യം സത്യാഗ്രഹം നടത്താൻ മുന്നോട്ടുവന്നത്. ബ്രിട്ടീഷ് സർക്കാർ 'ആറ്റ്ലി' ചെയർമാനായി ഒരു കമ്മറ്റി രൂപീകരിച്ച് ഇന്ത്യയ്ക്കുവേണ്ടി ഒരു 'ഡ്രാഫ്റ്റ് ഡിക്ലറേഷൻ' തയ്യാറാക്കി. അതുമായി 1942 മാർച്ചിൽ സ്റ്റാഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തി. അതനുസരിച്ച് യുദ്ധത്തിനുശേഷം ഇന്ത്യയ്ക്ക് ഒരു 'ഡൊമനിയൻ പദവി' (പുത്രികാ രാജ്യ പദവി) നൽകും. എന്നാൽ പൂർണസ്വാതന്ത്ര്യം വാഗ്ദാനം ചെയ്തില്ല.

ഇന്ത്യാക്കാരുടെ ദേശീയ സർക്കാരിനെക്കുറിച്ച് ഒരു പരാമർശവും ഇതിലുണ്ടായിരുന്നില്ല. കോൺഗ്രസ് ഈ വാഗ്ദാനം തിരസ്കരിച്ചു. ഒറ്റ രാജ്യമാക്കുന്നതിൽ പ്രതിഷേധിച്ചും. അസന്ദിഗ്ധമായി പാകിസ്ഥാൻ എന്ന ആശയം അംഗീകരിക്കാത്തതിനാലും മുസ്ലിം ലീഗിനും ഈ വാഗ്ദാനങ്ങൾ സ്വീകാര്യങ്ങളായില്ല. അങ്ങനെ ക്രിപ്സ് മിഷൻ പരാജയപ്പെട്ടു.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരപരിപാടികൾ വിദേശത്ത് താമസിച്ചു കൊണ്ട് സുഭാഷ് ചന്ദ്രബോസ് നടത്തിക്കൊണ്ടിരുന്നു. രണ്ടാം ലോക മഹായുദ്ധം ഇന്ത്യയുടെ സ്വാതന്ത്ര്യസമരം ശക്തമാക്കാനുള്ള ഒരവസരമായി അദ്ദേഹം കണ്ടു. ബോസിനെ 1940 മുതൽ വീട്ടുതടങ്കലിൽ വച്ചിരിക്കുകയായിരുന്നു. ഇന്ത്യൻ സമൂഹം അവിടെ അദ്ദേഹത്തെ നേതാവായി (നേതാജി) അംഗീകരിച്ചു. 'ജയ് ഹിന്ദ്' എന്ന് സംബോധന ചെയ്താണ് അദ്ദേഹത്ത അഭിവാദനം ചെയ്തത്. ഒരു ഇന്ത്യൻ സൈന്യത്തിന് അദ്ദേഹം രൂപം നൽകാൻ ശ്രമിച്ചു. ബ്രിട്ടീഷുകാർ ക്കെതിരെ ആയുധമെടുത്ത് അടരാടാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 1942-ൽ 'ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗ്' അദ്ദേഹം സ്ഥാപിക്കുകയും ഇന്ത്യയുടെ മോചനത്തിനു വേണ്ടി 'ഇൻഡ്യൻ നാഷണൽ ആർമി' **(INA)** രൂപീകരി ക്കാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. 'റാസ് ബിഹാരി ബോസി'ന്റെ ക്ഷണ ത്തിന്റെ അടിസ്ഥാനത്തിൽ 1943 ജൂൺ 13-ാം തീയതി സുഭാഷ് ചന്ദ്രബോസ് കിഴക്കനേഷ്യയിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ ഇൻഡ്യൻ ഇൻഡി പെൻഡൻസ് ലീഗിന്റെ പ്രസിഡന്റായും 'ആസാദ് ഹിന്ദ് ഹൗസ്' എന്ന് വ്യാപകമായി അറിയപ്പെടുന്ന ഐഎൻഎ യുടെ നേതാവുമായും അവരോധിച്ചു. അദ്ദേഹം 'ചലോ ദില്ലി' എന്ന പ്രസിദ്ധമായ 'പോർവിളി' ജനങ്ങൾക്ക് നൽകി. "എനിക്ക് നിങ്ങൾ രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകാം" എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം സ്വാതന്ത്ര്യം ജനതയ്ക്ക് വാഗ്ദാനം ചെയ്തു. 1944 ൽ ഇന്ത്യയുടെ പതാക അദ്ദേഹം കോഹിമയിൽ ഉയർത്തി. എന്നാൽ ദൗർഭാഗ്യവശാൽ ഈ പ്രസ്ഥാനം തകർക്കപ്പെട്ടു. നേതാജിക്ക് എന്തു സംഭവിച്ചു എന്നത് ഇന്നും അവ്യക്തമാണ്. 1945 ലെ ഒരു വിമാനാപകടത്തിൽ അദ്ദേഹം മരണമടഞ്ഞു എന്ന് പറയപ്പെടുന്നു. എന്നാൽ അത് സ്ഥിരീകരിച്ചിട്ടില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഐ.എൻ.എ.യ്ക്ക് ആദരണീയമായ ഒരു സ്ഥാനം ഉണ്ട്. നേതാജിയും അദ്ദേഹത്തിന്റെ ഐ.എൻ.എ.യിലെ ഭടന്മാരും കാട്ടിയ തീവ്രമായ ദേശസ്നേഹം ഇന്ത്യൻ ജനതയ്ക്ക് വലിയ പ്രചോദന സ്രോതസായി മാറി.





**ചിത്രം 8.7** *സുഭാഷ് ചന്ദ്രബോസും ഇന്ത്യൻ നാഷണൽ ആർമിയും*

### 8.12.2 ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനവും അതിനു ശേഷവും

ക്രിപ്സ്മിഷന്റെ പരാജയം ഇന്ത്യാക്കാരിൽ നിരാശയും വിദ്വേഷവും ഉളവാക്കി. ബ്രിട്ടനെതിരെ മറ്റൊരു പൊതുജന പ്രക്ഷോഭണത്തിന് സമയമായെന്ന് അവർക്ക് തോന്നി. യുദ്ധകാല ക്ഷാമത്താലും വർദ്ധിച്ചുവന്ന തൊഴിലില്ലായ്മയാലും ജനങ്ങളുടെ വിദ്വേഷം വർദ്ധിക്കുക ആയിരുന്നു. ജപ്പാന്റെ ആക്രമണത്തിന്റെ ഭീതി എപ്പോഴും ഉണ്ടായിരുന്നു. ജപ്പാന്റെ ആക്രമ ണത്തിന് ഇന്ത്യ ഇരയാകുന്നതിനുള്ള ഒരേയൊരു കാരണം ഇന്ത്യയിലെ ബ്രിട്ടീഷ് സാന്നിധ്യ മാണെന്ന് ഇന്ത്യൻ നേതാക്കൾക്ക് ബോധ്യപ്പെട്ടു.

ബ്രിട്ടീഷുകാരുടെ ഇന്ത്യയിലെ സാന്നിധ്യം ഇന്ത്യ ആക്രമിക്കാൻ ജപ്പാനുള്ള ക്ഷണമാണ് എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. 1941 ൽ ഇന്ത്യയിൽ നിന്നും രക്ഷപ്പെട്ട സുഭാഷ് ചന്ദ്രബോസ് ബർലിനിൽ നിന്നും തുടർച്ചയായി റേഡിയോയിലൂടെ പ്രക്ഷേപണം നടത്തി ബ്രിട്ടനോടുള്ള വിരോധവും ഇന്ത്യാക്കാരിൽ ജപ്പാനോടുള്ള ചായ്‌വ് വളർത്തുകയും ചെയ്തു.

ബ്രിട്ടൻ ഇന്ത്യയുടെ ആവശ്യം നിർബന്ധമായി അംഗീകരിക്കുകയോ അല്ലാത്ത പക്ഷം ഇന്ത്യ വിടുകയോ ചെയ്യണമെന്ന് ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ആവശ്യപ്പെട്ടു. വാർദ്ധയിൽ നടന്ന കോൺഗ്രസ് പ്രവർത്തക സമിതി 1942 ജൂലൈ 14-ന് ക്വിറ്റിന്ത്യാ പ്രമേയം പാസാക്കുകയും അത് ഓഗസ്റ്റ് 8-ന് കോൺഗ്രസിന്റെ ബോംബെ സമ്മേളന ത്തിൽ അംഗീകരിക്കുകയും ചെയ്തു. കഴിയുന്നത്ര വിശാലാടിസ്ഥാനത്തിൽ ഒരു അക്രമ രഹിത പൊതുജന പ്രക്ഷോഭണം ആരംഭിക്കുവാൻ കോൺഗ്രസ് തീരുമാനിച്ചു.

ഓഗസ്റ്റ് 8 -ന് കോൺഗ്രസ് പ്രതിനിധികളെ അഭിസംബോധന ചെയ്ത് ഗാന്ധിജി തന്റെ വികാരോജ്ജ്വലമായ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

> *"എനിക്കതിനാൽ ഉടൻ തന്നെ സ്വാതന്ത്ര്യം വേണം. കഴിയുമെങ്കിൽ ഈ രാത്രി പുലരുംമുമ്പേ.... പൂർണ സ്വാതന്ത്ര്യത്തിൽ കുറഞ്ഞ ഒന്നിനാലും ഞാൻ തൃപ്തിയടയാൻ പോകുന്നില്ല. ഇതാ ഒരു ചെറിയ മന്ത്രം ഞാൻ നിങ്ങൾക്കു തരുന്നു. അത് നിങ്ങളുടെ ഹൃദയത്തിൽ കൊത്തിവയ്ക്കുക. ഓരോ ശ്വാസത്തിലും അത് പ്രകാശിപ്പിക്കുക. ആ മന്ത്രം 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നതാണ്. ഒന്നുകിൽ നമുക്ക് ഇന്ത്യയെ സ്വതന്ത്രയാക്കാം. അല്ലെങ്കിൽ ആ ശ്രമത്തിൽ മരിച്ചുവീഴാം. അടിമത്വത്തിന്റെ നിലനിൽപ്പ് കാണാൻ നാം ജീവിച്ചിരിക്കരുത്."*

എന്നാൽ ക്വിറ്റിൻഡ്യാ പ്രസ്ഥാനം ഔപചാരികമായി തുടങ്ങുംമുമ്പെ തന്നെ കോൺഗ്രസിന്റെ എല്ലാ പ്രമുഖ നേതാക്കളെയും 1942, ഓഗസ്റ്റ് 9, പുലരുംമുമ്പേ അറസ്റ്റ് ചെയ്തു. കോൺഗ്രസിനെ നിരോധിക്കുകയും അത് നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിക്കുകയും ചെയ്തു. പത്രങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തി.

പ്രമുഖ നേതാക്കളുടെ അറസ്റ്റ് വാർത്ത രാജ്യത്തെ ഞെട്ടിച്ചു. ദേശമെങ്ങും അവരുടെ എതിർപ്പുകൾ കലാപങ്ങളിലൂടെയും ഹർത്താലുകളിലൂടെയും ജാഥകളിലൂടെയും പ്രകടനങ്ങളിലൂടെയും വെളിവാക്കപ്പെട്ടു. പ്രധാന നേതാക്കളെല്ലാം ജയിലിലായതോടെ പ്രസ്ഥാനം വിവിധ പ്രദേശങ്ങളിൽ വിവിധരൂപത്തിൽ നടത്തപ്പെട്ടു. ബ്രിട്ടീഷ് അധികാരത്തെ സൂചിപ്പിക്കുന്ന സർക്കാർ കെട്ടിടങ്ങളും പൊലീസ് സ്റ്റേഷനുകളും തപാലാഫീസുകളും അവർ തീവെച്ചു. റെയിൽവെയും ടെലിഗ്രാഫുകളും തകർത്തു: യു.പി.യിലെ ബാലിയ, പശ്ചിമ ബംഗാളിലെ മിഡ്നാപൂർ, ബോംബെയിലെ സത്താറ എന്നിവിടങ്ങളിൽ സമരം ഏറെ അക്രമാ സക്തമായി. ഗാന്ധിജിയുടെ മന്ത്രത്താൽ ആവേശമുൾക്കൊണ്ട ജനങ്ങൾ ഏറ്റവും വലിയ ത്യാഗത്തിനുപോലും ഒരുക്കമായിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവൺമെന്റ് സൈന്യത്തെയും പൊലീസിനെയും ജനങ്ങൾക്കുനേരെ ഉപയോഗിച്ചു. ജനങ്ങളുടെ നേർക്ക് നിഷ്കരുണം നിറയൊഴിച്ചു. ചരിത്രപ്രധാനമായ ഒരു വലിയ ജനകീയ പ്രക്ഷോ

ഭണമായിരുന്നു ക്വിറ്റിന്ത്യാ പ്രസ്ഥാനം. ദേശീയബോധത്തിന്റെ ആഴവും ആത്മബലിയും പ്രക്ഷോഭണത്തിനുള്ള ഇന്ത്യൻ ജനതയുടെ കഴിവും അത് വ്യക്തമാക്കി. ഈ പ്രസ്ഥാനം തുടങ്ങിയതിനു ശേഷം പുനർ ചിന്തനം നടത്തേണ്ടതായോ, പിന്തിരിയേണ്ടതായോ വന്നില്ല. ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു പ്രതീക്ഷയെക്കാൾ കൂടുതൽ യാഥാർത്ഥ്യമായി.



ചിത്രം 8.8 *ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം (ആഗസ്റ്റ് 1942)*

### 8.12.3 വിഭജനവും ഇന്ത്യയുടെ സ്വാതന്ത്ര്യവും

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ അധികാരത്തെ ചൊല്ലി കോൺഗ്രസും മുസ്‌ലിം ലീഗും തമ്മിൽ അഭിപ്രായ വ്യത്യാസം പെട്ടെന്നു തന്നെ പൊട്ടിപ്പുറപ്പെട്ടു. 1946 ന്റെ മധ്യത്തോടെ ലീഗ് ക്യാബിനറ്റ് മിഷൻ പ്ലാൻ തിരസ്കരിച്ചു. 1946 സെപ്തംബറിൽ കോൺഗ്രസ് കേന്ദ്രത്തിൽ ഗവൺമെന്റ് രൂപീകരിച്ചു. ലീഗ് സർക്കാരിന്റെ ഭാഗമാകാൻ ആഗ്രഹിച്ചില്ല. മറിച്ച് മുസ്‌ലിം ലീഗ് പാകിസ്ഥാൻ ലഭിക്കുന്നതിനുവേണ്ടി 1946 ഓഗസ്റ്റ് 16 പ്രത്യക്ഷ സമരദിന (Direct Action Day) മായി ആചരിച്ചു. ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലുള്ള കലഹം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വലിയ തരത്തിലുള്ള വർഗീയ ലഹളകൾക്ക് കാരണമായി. ആയിരക്കണക്കിന് ആളുകൾ ഈ ലഹളയിൽ മരണമടഞ്ഞു. ലക്ഷക്കണ ക്കിന് ആളുകൾക്ക് വീട് നഷ്ടപ്പെട്ടു. ഇതിനിടയിൽ മൗണ്ട് ബാറ്റൺ പ്രഭുവിനെ ഇന്ത്യയിലെ വൈസ്രോയിയായി അയച്ചു. 1947 ജൂണിൽ അദ്ദേഹം ഇന്ത്യയെ വിഭജിച്ചുകൊണ്ടുള്ള ഒരു പദ്ധതി തയ്യാറാക്കി. ഗാന്ധിജിക്ക് കഠിനമായ പ്രതിഷേധം ഉണ്ടായിരുന്നിട്ടും എല്ലാ പാർട്ടികളും വിഭജനത്തെ അംഗീകരിച്ചു. അങ്ങനെ ഇൻഡ്യൻ ഇൻഡിപെൻഡൻസ് ആക്ട് 1947 നിലവിൽ വന്നു. ഇന്ത്യൻ യൂണിയൻ എന്നും പാകിസ്ഥാൻ എന്നും പേരിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ രണ്ട് സ്വതന്ത്ര രാഷ്ട്രങ്ങൾ ഉടലെടുത്തു.1947 ഓഗസ്റ്റ് 14-ാം അർധരാത്രി കഴിഞ്ഞപ്പോൾ അധികാരകൈമാറ്റവും നടന്നു. 1947 ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രയായി.

## പാഠ്യപ്രവർത്തനം 8.7

നിങ്ങളെ ബ്രിട്ടീഷ് സർക്കാർ ഇൻഡ്യൻ നാഷണൽ കോൺഗ്രസിനോടും മുസ്ലിം ലീഗി നോടും സ്വാതന്ത്ര്യത്തിനു ശേഷം അധികാരകൈമാറ്റം എങ്ങനെ ആയിരിക്കണമെന്നു

ള്ളത് ചർച്ച ചെയ്യുന്നതിനുവേണ്ടി ക്യാബിനറ്റ് മിഷനിലെ ഒരു അംഗമായി തിരഞ്ഞെടുത്തു വെന്ന് സങ്കൽപിക്കുക. നിങ്ങൾക്ക് അവരുടെ മുമ്പിലേക്ക് ഇക്കാര്യത്തിൽ അവതരിപ്പിക്കാൻ പറ്റിയ നിർദേശങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

1. 1935 ലെ ആക്ടിന്റെ രണ്ട് അടിസ്ഥാന സവിശേഷതകൾ എഴുതുക.
2. മുസ്‌ലിം ലീഗിന്റെ ആവശ്യം എന്തായിരുന്നു?
3. 1935 നു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ പങ്കുചേരുന്നതിലേക്ക് കോൺഗ്രസിനെ നയിച്ച കാരണമെന്ത്?
4. രണ്ടാം ലോകമഹായുദ്ധകാലത്ത് ഇന്ത്യയിലെ ബ്രിട്ടീഷുകാരുടെ സാന്നിധ്യം ഇന്ത്യൻ നേതാക്കന്മാരിൽ എന്തുകൊണ്ട് ഉത്കണ്ഠ ഉണ്ടാക്കി?
5. ഇന്ത്യയുടെ വിഭജനത്തിന്റെ പ്രധാന കാരണങ്ങളെന്തെല്ലാമായിരുന്നു?

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- നവോത്ഥാനം, ഫ്രഞ്ച് വിപ്ലവം, അമേരിക്കൻ വിപ്ലവം, റഷ്യൻ വിപ്ലവം എന്നിവ ലോകത്തിന് ദേശീയബോധം എന്ന ആശയം പ്രോത്സാഹിപ്പിക്കാനിടയാക്കി.
- 19-ാം നൂറ്റാണ്ടിൽ കോളനിവിരുദ്ധ പ്രസ്ഥാനം ദേശീയതയുടെ ഉദയത്തിലേക്ക് നയിച്ചു. സമകാലിക സാമൂഹിക-മതപരിഷ്കാര പ്രസ്ഥാനങ്ങളും ദേശീയത എന്ന വികാരം വളർത്താൻ സംഭാവന നൽകി.
- ഇന്ത്യൻ ജനതയ്ക്കുവേണ്ടി ബ്രിട്ടീഷുകാരോട് ആശയവിനിമയം നടത്താനും അവരുടെ അവശതകൾ ഉന്നയിക്കാനും വേണ്ടി മാത്രമാണ് 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിൽ സ്ഥാപിച്ചത്.
- 1905 ൽ കഴ്സൺപ്രഭു ബംഗാൾ വിഭജനം പ്രഖ്യാപിച്ചു. ബംഗാളിൽ വളർന്നുവരുന്ന ദേശീയ പ്രസ്ഥാനത്തെ അലങ്കോലപ്പെടുത്താനുള്ള ശ്രമമായിട്ട് ഈ വിഭജനത്തെ ഇന്ത്യാക്കാർ വീക്ഷിച്ചു.
- മുസ്ലീങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പോഷിപ്പിക്കുന്നതിനും സർക്കാരിന്റെ മുന്നിൽ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാനും വേണ്ടി 1906-ൽ ഡാക്കയിൽ വച്ച് മുസ്ലിം ലീഗ് രൂപീകൃതമായി.
- ആശയഭിന്നതയുടെ പേരിൽ 1907 ൽ കോൺഗ്രസ് മിതവാദികൾ, തീവ്രവാദികൾ എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകളായി മാറി.
- യുദ്ധത്തിനുശേഷം ബ്രിട്ടൻ ഇന്ത്യയ്ക്ക് ഭരണഘടനാപരമായ അധികാരം നൽകാമെന്ന വ്യവസ്ഥയിൽ ഒന്നാം ലോക മഹായുദ്ധത്തിൽ ബ്രിട്ടീഷ് സർക്കാരിനെ സഹായിക്കാമെന്ന് ഇന്ത്യൻ നേതാക്കന്മാർ സമ്മതിച്ചു.
- ഗാന്ധിജി 'സത്യഗ്രഹം' എന്ന സമ്പ്രദായം സൗത്ത് ആഫ്രിക്ക, ചമ്പാരൻ, ഖെദ, അഹമ്മദാബാദ് എന്നിവിടങ്ങളിൽ പരീക്ഷിച്ച് വിജയിച്ചു.

കുറിപ്പുകൾ

- ബ്രിട്ടീഷ് സർക്കാരിനെതിരെ വിപ്ലവകാരികളായ ഭഗത്സിങ്, ചന്ദ്രശേഖർ ആസാദ്, സുഖ്ദേവ് എന്നിവരെപ്പോലെയുള്ള വിപ്ലവകാരികൾ അക്രമത്തിന്റെ പാത സ്വീകരിച്ചു.
- ഇന്ത്യയെ വർഗീയാടിസ്ഥാനത്തിൽ വിഭജിക്കാൻ ബ്രിട്ടീഷുകാർ വിതച്ച വിത്താണ് ഭാവിയിൽ ഇന്ത്യയെ വിഭജനത്തിലേക്ക് നയിച്ചത്.
- സുഭാഷ് ചന്ദ്രബോസ് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം ഇന്ത്യയ്ക്കു വെളിയിൽ നിന്ന് നടത്തി. ഇന്ത്യയെ ബ്രിട്ടനിൽ നിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ഇന്ത്യൻ നാഷണൽ ആർമിയുടെ നേതാവായി.
- ക്വിറ്റിൻഡ്യാ പ്രസ്ഥാനം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വഴി തെളിച്ചു. ഇത് ഗാന്ധിജിയിൽ നിന്നു വന്ന 'പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്ന അവസാനത്തെ ആഗ്രഹമായിരുന്നു.
- മുസ്‌ലിംലീഗ് മുസ്ലീങ്ങൾക്കുവേണ്ടി പാക്കിസ്ഥാൻ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടതാണ് വിഭജനത്തിലേക്ക് നയിച്ചത്. 1947 ഓഗസ്റ്റ് 15-ാം തീയതി ഇന്ത്യ സ്വതന്ത്രയായി.

## പാഠ്യാന്ത്യ ചോദ്യങ്ങൾ

1. ആരംഭഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്തു തരത്തിലുള്ള ആവശ്യങ്ങളാണ് ബ്രിട്ടീഷ് സർക്കാരിന്റെ മുന്നിൽ വച്ചിരുന്നത് ?
2. ബംഗാളിനെ വിഭജിക്കണമെന്ന് കഴ്സൺ പ്രഭുവിന് താൽപര്യം വന്നത് എന്തുകൊണ്ട്?
3. ആഫ്രിക്കയിലെ 'ഗാന്ധിജി'യുടെ സത്യഗ്രഹത്തിന്റെ പ്രാധാന്യം എന്ത്? ഇന്ത്യയിലെ സത്യഗ്രഹത്തിന്റെ സ്വഭാവം എന്തായിരുന്നു?
4. ലക്ഷ്യം നേടുന്നതിൽ നിസ്സഹകരണ പ്രസ്ഥാനം വിജയിച്ചുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ വാദത്തെ പിന്തുണയ്ക്കുന്ന രണ്ട് കാരണങ്ങൾ നൽകുക.
5. ഇന്ത്യ വിടാൻ 'സൈമൺ കമ്മീഷ'നോട് ആവശ്യപ്പെട്ടത് എന്തുകൊണ്ട്?
6. 'ദണ്ഡി' മാർച്ച് ഗാന്ധിജിയെ അറസ്റ്റ് ചെയ്യുന്നതിലേക്ക് നയിച്ചത് എന്തുകൊണ്ടായിരുന്നു?
7. ലെജിസ്ലേറ്റീവ് അസംബ്ലിയിൽ വിപ്ലവകാരികൾ ബോംബ് എറിയാനുള്ള കാരണം എന്ത്?
8. സുഭാഷ് ചന്ദ്രബോസ് നയിച്ച 'ആസാദ് ഹിന്ദ് ഫൗജി'ന്റെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പങ്ക് ചർച്ച ചെയ്യുക.
9. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന് ക്വിറ്റ് ഇൻഡ്യാ പ്രസ്ഥാനം നൽകിയ സംഭാവന എപ്രകാരമുള്ളതായിരുന്നു?
10. 20-ാം നൂറ്റാണ്ടിൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടീഷുകാരെ നിർബന്ധിതമാക്കിയ മൂന്നുകാരണങ്ങൾ എഴുതുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**8.1**

1. കോളനിവിരുദ്ധ പ്രസ്ഥാനം, ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ രാഷ്ട്രീയ-ഭരണപരമായ ഐക്യം, പുരാതന ഇന്ത്യയുടെ കീർത്തിയുടെ പുനരുദ്ധാരണം.

2. സുരക്ഷിതവും വ്യവസ്ഥാപിതവുമായ ഒരു ബഹിർഗമന മാർഗ്ഗം. ഇങ്ങനെ അവരുടെ കോപം ബ്രിട്ടീഷുകാർക്കെതിരായ സമരമായി വളരാതിരിക്കുക

3. മിതവാദികൾ അപേക്ഷ സമർപ്പിച്ചും, അപേക്ഷിച്ചും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചപ്പോൾ തീവ്രവാദികൾ ജനകീയ പ്രതിഷേധം, ഗവൺമെന്റ് നയങ്ങളെ വിമർശിക്കൽ, വിദേശ വസ്തു ബഹിഷ്കരണം, സ്വദേശി വസ്തുക്കളുടെ ഉപയോഗം എന്നീ വഴികളിൽ കൂടി പ്രശ്നപരിഹാരത്തിനു ശ്രമിച്ചു.

4. യുദ്ധത്തിന്റെ വിജയത്തിനു ശേഷം ഭരണഘടനാപരമായ അധികാരം ബ്രിട്ടൻ ഇന്ത്യയ്ക്കു നൽകുമെന്ന പ്രതീക്ഷയിൽ

5. ഒട്ടോമൻ രാജ്യത്തിന്റെ വിഭജനവും ഖലീഫമാരെ അധിക്ഷേപിക്കലും.

**8.2**

1. സത്യവും നീതിയും കണ്ടെത്താനുള്ള അഹിംസാത്മക നടപടി
2. കമ്മീഷനിൽ ഇന്ത്യാക്കാരാരും അംഗങ്ങളായിട്ട് ഇല്ലായിരുന്നു
3. സമരത്തിനിടയിൽ ലഹള പൊട്ടിപ്പുറപ്പെട്ടത് സമരം പിൻവലിക്കാൻ കാരണമായി
4. ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തുകൊണ്ടുള്ള സമരത്തിന്റെ പാത സ്വീകരിച്ചു. മറ്റുള്ളവർക്ക് ഇത് ഇഷ്ടമായില്ല.
5. പരിപൂർണ സ്വാതന്ത്ര്യവും പരമാധികാരവും
6. പ്രത്യേക നിയോജകമണ്ഡലങ്ങൾ മുസ്ലിങ്ങൾ, സിക്കുകാർ തുടങ്ങിയവർക്കു നൽകി. കൂടുതൽ വർഗീയമായ ആവശ്യങ്ങൾ ഉന്നയിക്കുവാനുള്ള പ്രോത്സാഹനം

**8.3**

1. ബ്രിട്ടീഷ് പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ആൾ ഇൻഡ്യാ ഫെഡറേഷന്റെ കീഴിൽ വരണം. വിദേശ ബന്ധമോ പ്രതിരോധമോ ഇതിന്റെ കീഴിൽ വരികയില്ല.
2. മുസ്ലിംലീഗ് മുസ്ലിങ്ങൾക്ക് പാകിസ്ഥാൻ എന്ന ഒരു പ്രത്യേക രാഷ്ട്രം ആവശ്യപ്പെട്ടു.
3. ഭരണഘടനാപരമായ അധികാരം ലഭിക്കാനും ബ്രിട്ടീഷ് നിയമങ്ങളിൽ മാറ്റം വരുത്താനും കോൺഗ്രസ് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
4. ബ്രിട്ടീഷുകാരുടെ സാന്നിധ്യം രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻകാർ ഇന്ത്യയെ ആക്രമിക്കാനിടയാക്കും എന്ന ഭയം.
5. വർഗ്ഗീയ ചേരിതിരിവ്, മുസ്ലിംലീഗിന്റെ ആവശ്യം, രാഷ്ട്രീയ കക്ഷികൾ തമ്മിൽ സമവായമില്ലായ്മ.

# 9

# ഇന്ത്യയുടെ ഭൂപ്രകൃതി

| | | |
|---|---|---|
| അദ്ധ്യാപകൻ | : | പ്രിയ പഠിതാക്കളെ! നമ്മുടെ വാസസ്ഥലം നമ്മുടെ ചിന്തയേയും പെരുമാറ്റത്തേയും ധാരാളമായി സ്വാധീനിക്കുന്നുണ്ട് എന്ന കാര്യത്തിൽ നിങ്ങൾ യോജിക്കുമല്ലോ.? നമ്മുടെ വാസ സ്ഥലത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാം. |
| നാദഷാ | : | ഞാൻ ഹിസ്സാർ നഗരവാസിയാണ്. ഫാരാ ഫത്തേഹബാദ് വാസിയും രാജിന്ദർ ബിവാ നിവാസിയുമാണ്. |
| അദ്ധ്യാപകൻ | : | ഈ സ്ഥലങ്ങൾ എവിടെ സ്ഥിതിചെയ്യുന്നുവെന്ന് നിങ്ങൾക്ക് അറിയാമോ? |
| രാജിന്ദർ | : | അറിയാം!. അവ ഇന്ത്യയിലെ ഹരിയാനയിൽ സ്ഥിതിചെയ്യുന്നു. എന്നാൽ ഇന്ത്യയുടെ സ്ഥാനം എവിടെയാണ്? |
| ഫാരാ | : | ഇന്ത്യ എവിടെ സ്ഥിതിചെയ്യുന്നു എന്ന് അറിയുന്നതിന്റെ ആവശ്യം എന്താണ്? |
| അദ്ധ്യാപകൻ | : | ഒരു രാജ്യത്തിന്റെ അധികരണം (സ്ഥാനം) അനന്യതയുടെ സൂചിക ആണ്. രാജ്യത്തിന്റെ സുപ്രധാന ഘടകങ്ങളായ കാലാവസ്ഥ, സസ്യ സമ്പത്ത്, കൃഷി, പ്രകൃതിവിഭവങ്ങൾ ആദിയായവ ആ രാജ്യത്തിന്റെ അധികരണത്തെ ആശ്രയിച്ചിരിക്കുന്നു. ഇവയുടെ സ്വാധീനം അവിടെ അധിവസിക്കുന്ന ജനങ്ങളുടെ ജീവിത സ്വഭാവം, ഭക്ഷണരീതി, ലോക രാജ്യങ്ങളിൽ അവിടുത്തെ ജനതയുടെ കരുത്ത് എന്നിവയെ ആഴത്തിൽ സ്വാധീനിക്കുന്നു. ഇന്ത്യയുടെ വിവിധ ഘടകങ്ങളെ മനസ്സിലാക്കുവാൻ ഇന്ത്യയുടെ അധികരണം അഥവാ സ്ഥാനം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ അദ്ധ്യായത്തിൽ ഇവയെ സംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യാം. |

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം, അക്ഷാംശവും രേഖാംശവും ആസ്പദമാക്കി വിവരിക്കുവാൻ;
- ഒരു ഭൂപടത്തിന്റെ സഹായത്തോടുകൂടി, അയൽരാജ്യങ്ങളെ ബന്ധപ്പെടുത്തി ഇന്ത്യയുടെ അധികരണാവസ്ഥയുടെ സവിശേഷത വിവരിക്കുവാൻ;
- രാഷ്ട്രീയഭൂപടത്തിന്റെ സഹായത്താൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെയും കേന്ദ്രഭരണപ്രദേശങ്ങളെയും സംബന്ധിച്ച് വിവിരിക്കുവാൻ;

കുറിപ്പുകൾ

- ഇന്ത്യയുടെ പ്രധാനപ്പെട്ട പ്രകൃതി ഭൂവിഭാഗങ്ങളെ സംബന്ധിച്ച് വിവരിക്കുവാൻ;
- ഇന്ത്യയിലെ നദീജല പ്രവാഹരീതികളെ സംബന്ധിച്ച് വിവരിക്കുവാൻ;
- ഹിമാലയ പർവ്വതനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നദീജലപ്രവാഹ സ്വഭാവവും ദക്ഷിണേന്ത്യയിലെ (പെനിൻസുലാർ ഇന്ത്യ) ജലപ്രവാഹ സ്വഭാവവും തമ്മിലുള്ള വ്യത്യസ്ഥത താരതമ്യം ചെയ്യുവാൻ;
- നദീജലം പവിത്രമായി സംരക്ഷിക്കുന്നതിൽ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം വിവരിക്കുവാൻ.

## 9.1 അധികരണം/ സ്ഥാനം

അദ്ധ്യാപകൻ: പഠിതാക്കളെ! ഇന്ത്യ എവിടെ സ്ഥിതിചെയ്യുന്നു എന്ന് ആരെങ്കിലും ചോദിക്കുമ്പോൾ (1) ഇന്ത്യയുടെ പരിപൂർണ്ണമായ അധികരണാവസ്ഥയും (2) ഇന്ത്യയുടെ ആപേക്ഷിക അധികരണാവസ്ഥയും ബന്ധപ്പെടുത്തി മേൽപറഞ്ഞ ചോദ്യത്തിന് രണ്ടു വിധത്തിൽ നമുക്ക് ഉത്തരം നൽകുവാൻ സാധിക്കും.ആദ്യമായി പരിപൂർണ്ണമായ അധികരണാവസ്ഥയും, ആപേക്ഷിക അധികരണാ വസ്ഥയും എന്താണ് എന്ന് നമുക്ക് പരിശോധിക്കാം.


പരിപൂർണ്ണമായ അധികരണാവസ്ഥ അക്ഷാംശവും രേഖാംശവും ആസ്പദമാക്കി പറയുന്നു. ആപേക്ഷികാധികരണാവസ്ഥ ഒരു സൂചനയെ അടി സ്ഥാനമാക്കി പറയുന്നു. ഉദാഹരണം: സമീപത്ത്, വിദൂരം ആദിയായവ.

### നിങ്ങൾക്കറിയാമോ


**അക്ഷാംശം:** ഭൂമിയിലെ ഉപരിതല കോണികദൂരം, ഭൂമദ്ധ്യരേഖയിൽ നിന്നും എത്ര ദൂരം തെക്ക് അഥവാ വടക്ക് എന്ന് പറയുന്നതാണ് അക്ഷാംശം.

**രേഖാംശം:** ഭൂമിയിലെ ഉപരിതല കോണികദൂരം ഗ്രീൻവിച്ച് ധ്രുവരേഖയിൽ നിന്നും എത്രദൂരം കിഴക്ക് അഥവാ പടിഞ്ഞാറ് എന്ന് പറയുന്നതാണ് രേഖാംശം.


**കോണികദൂരം:** മദ്ധ്യഭാഗങ്ങളിൽ നിന്ന്, ഇരുസൂചികൾ തമ്മിലുള്ള ദൂരത്തെ കോണിക ദൂരം എന്ന് വിളിക്കുന്നു.




അക്ഷാംശം 0° ഭൂമദ്ധ്യരേഖ മുതൽ 90° വടക്കും തെക്കും ധ്രുവങ്ങളിൽ വരെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും




*0° രേഖാംശം 0° ഗ്രീൻവിച്ച് മുതൽ 180° കിഴക്ക്/പടിഞ്ഞാറ് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.*




**ചിത്രം 9.1** *ഇന്ത്യയുടെ അക്ഷാംശവും രേഖാംശവും*

അദ്ധ്യാപകൻ: മുകളിൽ കൊടുത്തിരിക്കുന്ന ഭൂപടം ഉപയോഗിച്ച് ഇന്ത്യയുടെ അക്ഷാംശ -രേഖാംശങ്ങൾ നിങ്ങൾക്ക് കണ്ടുപിടിക്കാമോ?

\ mZj m C´ yb psS {] [ mh `q] t Zi w 8° 4’-ഉം 37° 6’-ഉം ഉത്തര അക്ഷാംശ വൃത്തത്തിലും 68° 7’ ഉം 97° 25’ കിഴക്ക് രേഖാംശവൃത്തത്തിലും സ്ഥിതിചെയ്യുന്നു. ഇപ്രകാരം ഉത്തര-ദക്ഷിണ അക്ഷാംശ വിസ്തൃതി 3214 കിലോമീറ്ററും പൂർവ്വ-പശ്ചിമ വിസ്തൃതി 2933 കിലോമീറ്ററും ആണ്. ആഗോള ഭൂപ്രദേശത്തിൽ ഇന്ത്യയുടെ വിസ്തൃതി 2.42 ശതമാനമാകുന്നു.

അദ്ധ്യാപകൻ: ഉത്തരാർദ്ധഗോളത്തിലും പൂർവ്വാർദ്ധഗോളത്തിലുമായി ഇന്ത്യാ രാജ്യം പൂർണ്ണമായും സ്ഥിതിചെയ്യുന്നു. ഉത്തരായനവൃത്തം (20° 30’ വടക്ക്) ഇന്ത്യയുടെ ഏതാണ്ട് മദ്ധ്യത്തിലൂടെ കടന്നുപോകുന്നു. ഈ രേഖ ഇന്ത്യയെ 2 ഭാഗങ്ങളായി വിഭജിക്കുന്നു. ഉത്തര ഭാഗം വടക്കേ ഇന്ത്യയെന്നും ദക്ഷിണ ഭാഗം തെക്കേ ഇന്ത്യയെന്നും അറിയപ്പെടുന്നു. ഇതുപോലെ 82° 30’ കിഴക്ക് രേഖാംശം ഏതാണ്ട് ഇന്ത്യയുടെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നു. ഇത് ഇന്ത്യയുടെ പ്രാമാണികധ്രുവസമയരേഖ (Standard Meridian) എന്ന് അറിയപ്പെടുന്നു.




അദ്ധ്യാപകൻ: ഇന്ത്യയുടെ ആപേക്ഷിക അധികരണാവസ്ഥ നിജപ്പെടുത്തി, താഴെ കൊടുത്തിരിക്കുന്ന സ്ഥലത്ത് കുറിക്കുക. ആപേക്ഷിക അധികരണാ വസ്ഥ എന്നാൽ ഇന്ത്യയുടെ സ്ഥാനം എത്ര വടക്ക്, തെക്ക്, വടക്കുകിഴക്ക്, സമീപത്ത്, മറുവശം / കുറുകെ എന്നൊക്കെയാണ് വിവക്ഷിക്കുന്നത്. ഏഷ്യാ ഭൂഖണ്ഡത്തിന്റെ ഒരു ഭാഗമാണ് ഇന്ത്യ. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് ബംഗാൾ ഉൾക്കടൽ, തെക്ക് ഇന്ത്യൻ മഹാസമുദ്രം എന്നിവകളാൽ ഇന്ത്യയുടെ മൂന്ന് വശങ്ങളും ചുറ്റപ്പെട്ടിരിക്കുന്നു. വടക്ക് - പടിഞ്ഞാറ് പാക്കിസ്ഥാനും, അഫ്ഗാനിസ്ഥാനും വടക്ക് ചൈന, ഭൂട്ടാൻ, തിബത്ത്, നേപ്പാൾ എന്നീ രാജ്യങ്ങളുമായി ഇന്ത്യ അതിർത്തി പങ്കിടുന്നു. ബംഗ്ലാദേശും, മ്യാൻമറും കിഴക്ക് അതിർത്തിയിലും, ഇന്ത്യാ മഹാസമുദ്രത്തിലെ ശ്രീലങ്കയും മാലിദ്വീപും തെക്കുഭാഗത്തും സ്ഥിതിചെയ്യുന്നു. ഇന്ത്യയുടെ ഏറ്റവും തെക്കുഭാഗത്തുള്ള പ്രദേശം. $6^{\circ}$ 4' ഉത്തര അക്ഷാംശ രേഖയിൽ സ്ഥിതി ചെയ്യുന്ന നിക്കോബാർ ദ്വീപിലെ ഇന്ദിരാ പോയിന്റ് ആണ്. ഇന്ത്യാ വൻകരയുടെ ഏറ്റവും തെക്കുഭാഗത്ത് കന്യാകുമാരിയാണ്.

$82^{\circ}$ 30' കിഴക്ക് ഡിഗ്രി രേഖാംശം, ഉത്തർപ്രദേശിലെ മിർസാപൂരിലൂടെ കടന്നുപോകുന്നു. ഈ രേഖ ഇന്ത്യാരാജ്യത്തിന്റെ പ്രാമാണിക സമയരേഖയാണ്. ഗുജറാത്തും അരുണാചൽപ്രദേശവും തമ്മിൽ രണ്ടു മണിക്കൂർ സമയവ്യത്യാസമുണ്ട്. അതുകൊണ്ട് $82^{\circ}$ 30' കിഴക്ക് ഡിഗ്രി രേഖാംശം ഇന്ത്യ യുടെ പ്രാമാണിക സമയരേഖയായി തെരഞ്ഞെടുത്തു. ഇന്ത്യാ രാജ്യത്തിന് മുഴുവൻ ബാധകമാകുന്ന ഒരു കേന്ദ്രധ്രുവരേഖ തെരഞ്ഞെടുത്തത് ഈ കാരണത്താലാണ്.


**? നിങ്ങൾക്കറിയാമോ**

$82^{0}30^{0}$E കിഴക്ക് ഡിഗ്രി രേഖാംശം, ഉത്തർപ്രദേശിലെ മിർസാപൂരിലൂടെ കടന്നുപോകുന്നു. ഈ രേഖ ഇന്ത്യാരാജ്യത്തിന്റെ പ്രാമാണിക സമയരേഖ യാണ്. ഗുജറാത്തും അരുണാചൽപ്രദേശവും തമ്മിൽ രണ്ടു മണിക്കൂർ സമയവ്യത്യാസമുണ്ട്. അതുകൊണ്ട് $82^{0}30^{0}$E കിഴക്ക് ഡിഗ്രി രേഖാംശം ഇന്ത്യ യുടെ പ്രാമാണിക സമയരേഖയായി തെരഞ്ഞെടുത്തു. ഇന്ത്യാ രാജ്യത്തിന് മുഴുവൻ ബാധകമാകുന്ന ഒരു കേന്ദ്രധ്രുവരേഖ തെരഞ്ഞെടുത്തത് ഈ കാരണത്താലാണ്.

### 9.1.1 അധികരണാവസ്ഥയുടെ പ്രാധാന്യം

ചിത്രം 9.2 നമുക്ക് പരിശോധിക്കാം. നിങ്ങൾ എന്ത് വീക്ഷിച്ചു? വിസ്തീർണ്ണത്തിലും ജനസംഖ്യാപരമായിട്ടും ദക്ഷിണഏഷ്യയിലെ ഏറ്റവും വലിയ രാജ്യമാണ് ഇന്ത്യ. മൂന്നു വശവും സമുദ്രങ്ങളാൽ ഇന്ത്യ ചുറ്റപ്പെട്ടിരിക്കുന്നു. ഇന്ത്യാ സമുദ്രത്തിലെ സുപ്രധാനമായ മേൽക്കോയ്മ ലഭിക്കത്തക്കവണ്ണം ഉള്ള ഒരു 'തന്ത്രപരമായ' സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. യൂറോപ്പും ആഫ്രിക്കയുമായിട്ടും, തെക്ക്-കിഴക്കൻ ഏഷ്യയുമായിട്ടും വിദൂര പൂർവ്വ ഏഷ്യയുമായിട്ടും, മറ്റു മഹാസമുദ്രങ്ങളായിട്ടും ഉള്ള സമുദ്രയാനപാതകളുടെ മേൽ ഇന്ത്യയ്ക്ക് മേൽക്കോയ്മ ഉണ്ട്. പ്രാചീനകാലം തൊട്ട് ഇന്ത്യയും മറ്റ് നിരവധി രാജ്യങ്ങളുമായി മെച്ചമായ വാണിജ്യബന്ധം പുലർത്തുന്നത് ഇക്കാരണത്താലാണ്. സമുദ്രമേഖലയിൽ നിർണ്ണായക സ്ഥാനമുള്ളതുപോലെ തന്നെ കര മാർഗ്ഗമായും ഇന്ത്യ മെച്ചമായ രീതിയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സിക്കിമിലെ നഥൂലചുരം, ഹിമാ ചൽപ്രദേശിലെ ഷ്പിക്കി-ലാ ചുരം, ജമ്മുകാശ്മീരിലെ സോജല, ബുരിജിലാ എന്നീ ചുരങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ഡാർജിലിംഗിന് സമീപമുള്ള കാലിംഗ്പോംഗും തിബത്തിലെ ലാസായും തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഇന്ത്യാ-തിബത്ത് വ്യാപാരമാർഗ്ഗം കടന്നുപോകുന്നത് ജെലിപ്പാലാ ചുരത്തിലൂടെയാണ്. പ്രാചീനകാലത്ത് ഇന്ത്യ

യിലേക്കു വന്ന നിരവധി സഞ്ചാരികൾക്ക് ഈ ചുരങ്ങളെല്ലാം മാർഗങ്ങളായിട്ടുണ്ട്. ചുരങ്ങൾ പ്രധാന വ്യാപാരമാർഗങ്ങൾക്ക് വാതായനങ്ങൾ ആയിരുന്നു. ഇതിനുപുറമെ പുത്തൻ ആശയങ്ങളുടെ വിനിമയ മാർഗ്ഗങ്ങളും. ക്രമേണ, ചുരങ്ങൾ സാംസ്കാരിക മാർഗങ്ങളുമായിത്തീർന്നു.




## പാഠപുസ്തകാധിഷ്ഠിതമായ ചോദ്യങ്ങൾ 9.1

(i) ചിത്രം 9.2 നിരീക്ഷിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ഇന്ത്യയുടെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന രണ്ട് രാജ്യങ്ങളുടെ പേര് കണ്ടുപിടിക്കുക.

(ii) ഇന്ത്യയുടെ കിഴക്കുവശത്തും പടിഞ്ഞാറുവശത്തുമുള്ള 2 പ്രധാന മഹാ സമുദ്രങ്ങളുടെ പേരുകൾ പറയുക.

(iii) പാക്ക് കടലിടുക്കിലൂടെ ഇന്ത്യയുമായി ബന്ധിപ്പിക്കുന്ന രാജ്യം ഏത്?


(iv) ഇന്ത്യയുമായി പൊതു അതിർത്തി പങ്കിടുന്ന 2 രാജ്യങ്ങളുടെ പേര് എഴുതുക.

## 9.2 ഇന്ത്യയിലെ സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും

വിസ്തീർണ്ണത്തിൽ ഇന്ത്യയ്ക്ക് ലോകരാജ്യങ്ങളിൽ ഏഴാമത്തെ സ്ഥാനമാണ്. ആകെ 15,200 കിലോമീറ്റർ കര പ്രദേശവും 6,100 കിലോമീറ്റർ തീരപ്രദേശവും ഇന്ത്യയ്ക്കുണ്ട്. ഇന്ത്യയുടെ വിസ്തീർണ്ണം 3.25 ദശലക്ഷം കിലോമീറ്റർ ആണ്. ലോകത്ത് ആകമാനമുള്ള കരപ്രദേശങ്ങളിൽ ഏതാണ്ട് 2.42 ശതമാനമാണ് ഇത്.

കുറിപ്പുകൾ

കാര്യക്ഷമമായ ഭരണസൗകര്യത്തിനായി, ഇന്ത്യയെ 28 സംസ്ഥാനങ്ങളായും 7 കേന്ദ്രഭരണ പ്രദേശങ്ങളായും വിഭജിച്ചിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ചിത്രം 9.3 നമുക്ക് പരിശോധിക്കാം.




*ചിത്രം 9.3 ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം*

ഓരോ സംസ്ഥാനത്തിനും കേന്ദ്രഭരണ പ്രദേശത്തിനും അവയുടേതായ തലസ്ഥാന നഗരം ഉണ്ടെന്ന് ചിത്രത്തിൽ നിന്ന് വ്യക്തമാണ്. ന്യൂഡൽഹി ഇന്ത്യയുടെ ദേശീയ തലസ്ഥാനം ആയിരിക്കെതന്നെ ഡൽഹി കേന്ദ്രഭരണ പ്രദേശത്തിന്റെ തലസ്ഥാനം കൂടിയാണ്. ഇതുപോലെ ഇരട്ട പദവിയുള്ള ഒരു തലസ്ഥാനം കൂടി നിങ്ങൾക്ക് കണ്ടുപിടിക്കാമോ? അതെ! ഛണ്ഡിഗഢ്, ഹരിയാന, പഞ്ചാബ് എന്നീ രണ്ട് സംസ്ഥാനങ്ങളുടെ തലസ്ഥാനമാണ് ചണ്ഡിഗഢ്. അതേസമയം ഒരു കേന്ദ്രഭരണപ്രദേശം കൂടിയാണ്.

## പ്രവർത്തനം 9.1

താഴെപറയുന്ന സ്ഥലങ്ങളിലൂടെ സഞ്ചരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു വെങ്കിൽ മുറിച്ച് കടക്കേണ്ടതായ ഏറ്റവും കുറഞ്ഞ, സംസ്ഥാനങ്ങളുടെ എണ്ണം എത്രയെന്ന് കണ്ടുപിടിക്കുക.

(a) കാശ്മീരിൽ നിന്നും മിസ്സോറാമിലേക്ക്
(b) പഞ്ചാബിൽ നിന്നും ബീഹാറിലേക്ക്
(c) ഡൽഹിയിൽ നിന്നും ബാംഗ്ലൂരിലേക്ക്
(d) മുംബൈയിൽ നിന്നും കൊൽക്കത്തായിലേക്ക്
(e) ചെന്നൈയിൽ നിന്നും റായ്പ്പൂരിലേക്ക്:

## പാഠപുസ്തക ചോദ്യങ്ങൾ 9.2

ചിത്രം 9.3 നിരീക്ഷിച്ച് താഴെ പറയുന്നതിന്റെ ഉത്തരം നൽകുക.

(i) ദക്ഷിണഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളുടെ പേര് എഴുതുക.
(ii) അന്തർദ്ദേശീയ അതിർത്തി പങ്കിടുന്ന ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളുടെ പേര്.
(iii) സിക്കിം സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന രണ്ട് രാജ്യങ്ങളുടെ പേര് കണ്ടുപിടിക്കുക.
(iv) അറബിക്കടലിന്റെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന രണ്ട് കേന്ദ്രഭരണപ്രദേശങ്ങൾ:

## 9.3 ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ

നാദഷാ : ഭൂപ്രകൃതി എന്നാൽ എന്ത്?

അദ്ധ്യാപകൻ : ഭൂമിയുടെ ഓരോ പ്രത്യേകതരം സ്വഭാവത്തെ ഭൂപ്രകൃതി എന്നു പറയുന്നു.

ഫാരാ : മുംബൈ തീരപ്രദേശം മണൽത്തരി നിറഞ്ഞതും ഷില്ലോംഗ് കുന്നിൻ പ്രദേശവും ആയിരിക്കുന്നതുപോലെ.

അദ്ധ്യാപകൻ : ശരിയാണ്. വൈവിധ്യമാർന്ന ഭൂപ്രകൃതിയോടുകൂടിയ കരപ്രദേശങ്ങൾ ചേർന്ന ഒരു വലിയ രാജ്യമാണ് ഇന്ത്യ.

രാജിന്ദർ : സ്ഥലസ്വഭാവം (ടോപ്പോഗ്രഫി) എന്നാൽ എന്താണ്?

അദ്ധ്യാപകൻ : പ്രകൃതിദത്തമായ പ്രത്യേകതകളോടുകൂടിയ ഒരു പ്രദേശത്തിന്റെ സ്വഭാവത്തെയാണ് സ്ഥലസ്വഭാവം എന്നുപറയുന്നത്.

വൈവിധ്യമാർന്ന സ്വഭാവങ്ങളോടുകൂടിയതും, വ്യത്യസ്തവുമായ ഒരു ഉപരിതലമാണ് ഭൂമിയുടെ കരപ്രദേശം. വൈജാതീയ സ്വഭാവത്തോടുകൂടിയ ഇന്ത്യയുടെ ഉപരിതല പ്രദേശത്തിന്റെ ഉത്ഭവത്തിന് കാരണമായേക്കാവുന്നത്

- ശിലകളുടെ രൂപീകരണത്തിലുള്ള വ്യത്യാസങ്ങൾ - ഇത്തരത്തിലുള്ള കര പ്രദേശങ്ങൾ ഉണ്ടായത് ദീർഘകാല ഭൗമിക പരിണാമങ്ങൾ മൂലമാണ്.
- ഭൗമികാവസ്ഥകളുടെ പ്രവർത്തനം, മണ്ണൊലിപ്പ്, മണ്ണിന്റെ വിന്യസിക്കൽ ആദിയായവ, ഭൂമിയുടെ ഉപരിതലസ്വഭാവത്തിന് ആക്കം കൂട്ടി.


കുറിപ്പുകൾ

**ഭൗതിക പരിണാമം:** കാലാവസ്ഥ മാറ്റം, കാറ്റ്, ജലം ഇവ മൂലം ഉപരിതലങ്ങളിൽ ഉണ്ടായിട്ടുള്ളതോ അല്ലെങ്കിൽ കാലാന്തരത്തിൽ ഉപരിതലശിലകളിൽ ഭൗതികമോ, സങ്കലനം മൂലമോ, ജൈവശാസ്ത്രപരമായിട്ടോ ഉണ്ടായിട്ടുള്ളതോ ആയ മാറ്റത്തെ ഭൗതികപരിണാമം എന്നു പറയുന്നു.

**മണ്ണൊലിപ്പ്:** ഭൗതികവസ്തുക്കളുടെ പ്രതിപ്രവർത്തനമായി ജീർണ്ണിക്കുന്ന ശിലാവസ്തുക്കൾ പ്രകൃതിഘടകങ്ങളായ കാറ്റ്, നദി, അരുവി, മഞ്ഞുപാളികൾ എന്നിവ യിലൂടെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേക്ക് മാറ്റപ്പെടുന്ന അവസ്ഥയ്ക്ക് മണ്ണൊലിപ്പ് എന്നു പറയുന്നു.

ഭൗതിക പരിണാമവും മണ്ണൊലിപ്പും വ്യത്യസ്ഥങ്ങളാണ്. ആദ്യത്തേത് ശിലകളിലുണ്ടാകുന്ന ഭൗതികമാറ്റമാണെങ്കിൽ രണ്ടാമത്തേത് ശിലാവസ്തുക്കൾ മറ്റൊരു സ്ഥലത്തേക്ക് മാറ്റപ്പെടുന്ന അവസ്ഥയാണ്.

ഭൗതികഘടകങ്ങളുടെ അഥവാ പ്രകൃത്യാഘടകങ്ങളുടെ വൈജാതിയ രാജ്യമാണ് ഇന്ത്യ. ചില പ്രദേശങ്ങൾ ഉത്തുംഗശൃംഗങ്ങളാണെങ്കിൽ മറ്റു ചില പ്രദേശങ്ങൾ നദികളും നദികൾ ചേർന്ന സമതലപ്രദേശങ്ങളുമാണ്. പ്രകൃതി സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ താഴെപ്പറയുന്ന ആറ് വിഭാഗങ്ങളായി വിഭജിക്കാം.




ചിത്രം 9.4 ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ

1. ഉത്തരപർവ്വതനിരകൾ
2. ഉത്തര സമതലപ്രദേശം
3. ദക്ഷിണഇന്ത്യയിലെ അർദ്ധദ്വീപ് പീഠഭൂമി
4. ഇന്ത്യാ മരുപ്രദേശം
5. തീരദേശസമതലം
6. ദ്വീപുകൾ

**1. ഉത്തരപർവ്വതനിരകൾ**: ഇത് മൂന്നായി തിരിക്കാം. അവ

(i) ഹിമാലയ പർവ്വതനിരകൾ


(ii) ഹിമാലയ കുറുപർവ്വതനിരകൾ

(iii) പൂർവ്വാഞ്ചൽ കുന്നുകൾ

**1. ഹിമാലയ പർവ്വതനിരകൾ:**

ഹിമാലയപർവ്വതം യൗവ്വനനിരപർവ്വതനിരകളാണ്. ഇവ ലോകത്തിലെ ഏറ്റവും ഉയരംകൂടിയ പർവ്വതനിരകളാണ്. ഹിമാലയപർവ്വതം പ്രകൃതി ഉയർത്തിയ ഒരു കോട്ടപോലെയാണ്. ഇവിടുത്തെ കൊടുംശൈത്യം, ദുർഘടമായ ഉപരിതലം, മഞ്ഞ് ആദിയായവ അന്യസ്ഥലങ്ങളിൽ നിന്നും ആളുകൾ ഇന്ത്യയിലേക്ക് വരുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. പടിഞ്ഞാറ് ഇൻഡസ് നദിമുതൽ കിഴക്ക് ബ്രഹ്മപുത്ര നദി വരെ ഇന്ത്യയുടെ വടക്ക് അതിർത്തിയിൽ ഏതാണ്ട് 2500 കിലോമീറ്റർ നീളത്തിലായി ഹിമാലയ പർവ്വതനിരകൾ വ്യാപിച്ചു കിടക്കുന്നു.

1. **ചുരം:** രണ്ടുമലകൾക്കിടയിലൂടെയുള്ള പ്രകൃത്ത്യാലുള്ള ഒരു യാത്രാ മാർക്ഷം.
2. **നിര**: കുന്നുകളോ കൊടുമുടികളോ ഉൾപ്പെട്ട ഒരു കരപ്രദേശം.
3. **കൊടുമുടി**: പർവ്വത നിരകളിലുള്ള ഏററവും ഉയർന്ന സ്ഥാനം.
4. **താഴ്‌വര**: ഉയർന്നുനിൽക്കുന്ന രണ്ടുപ്രദേശങ്ങളുടെ ഇടയിലുള്ള കുഴി അല്ലെങ്കിൽ നിരപ്പായ സ്ഥലം.
5. **ഡൂൺ** : ഹിമാചലിനും ഷിവാലിക്കിനും ഇടയിലുള്ള രേഖാംശ താഴ്‌വരകൾ




**ചിത്രം 9.5** *ഹിമാലയപർവ്വതനിരകൾ*

**(a) വിശാല ഹിമാലയം അഥവാ ഹിമാദ്രി:** വിശാല ഹിമാലയനിരകളിൽ ഉൾപ്പെട്ടിരിക്കുന്നത് ഏറ്റവും വടക്കുഭാഗത്തുള്ള കുന്നുകളും കൊടുമുടികളും ചേർന്ന ഭാഗമാണ്. ഹിമാദ്രിക്ക് ശരാശരി ഉയരം 6,000 മീറ്ററും, വീതി 120 മുതൽ 190 കിലോമീറ്ററും ആണ്. മുറിഞ്ഞ അവസ്ഥയിലല്ലാതെ നിരനിരകളായി ഇവ സ്ഥിതിചെയ്യുന്നു. ഉപരിതലം മഞ്ഞ് മൂടികിടക്കുന്നു. നിരവധി മഞ്ഞുമലകൾ ഇവിടെ നിന്നും താഴേക്ക് പതിക്കുന്നുണ്ട്. ഏറ്റവും ഉയരം കൂടിയ കൊടുമുടികളായ എവറസ്റ്റ്, കാഞ്ചൻജുംഗ. മക്കാലു, ദൗളഗിരി, നംഗപർബത് എന്നിവയ്ക്ക് ശരാശരി 8000 മീറ്ററിൽ കൂടുതൽ പൊക്കമുണ്ട്. എവറസ്റ്റ് കൊടുമുടി (8848 മീറ്റർ ഉയരം) യാണ് ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഹിമാലയത്തിലെ കാഞ്ചൻജുംഗയാണ്. ഉയർന്ന കുന്നിൻചുരങ്ങളായ ബാരാ, ലാച്ചാ-ലാ, ഷ്പിക്കി-ലാ, നഥൂ-ലാ, സോജി-ലാ, ബൊമിധി-ലാ എന്നിവ ഇവിടെയാണ്. കൂടാതെ ഗംഗാനദിയുടെയും ബ്രഹ്മപുത്രാനദിയുടെയും ഉത്ഭവവും ഹിമാലയത്തിൽ നിന്നാണ്.

**(b) ചെറു ഹിമാലയം അഥവാ ഹിമാചൽ:** ഈ പർവ്വതനിരകളുടെ ശരാശരി വീതി 50 കിലോമീറ്ററും ശരാശരി ഉയരം 1000 മീറ്ററിനും 4500 മീറ്ററിനും ഇടയ്ക്കാണ്. ഇവിടുത്തെ പ്രധാനപ്പെട്ട കുന്നിൻനിരകൾ പീർ പാഞ്ചൽ, ദൗലാധാർ, മഹാഭാരതം എന്നിവയാണ്. ലോകപ്രസിദ്ധങ്ങളായ നിരവധി സുഖവാസ സ്ഥലങ്ങൾ - സിംല, ദൽഹൗസി, ഡാർജലിംഗ്, ചാക്രതാ, മുസ്സോറി, നൈനിറ്റാൾ - എന്നിവ ഇവിടെ സ്ഥിതിചെയ്യുന്നു. ഇവകൂടാതെ വളരെ പ്രസിദ്ധങ്ങളായ കാശ്മീർ താഴ്‌വര, കുല്ലു താഴ്‌വര, കാങ്ഗരാ താഴ്‌വര എന്നിവയും ഹിമാചലിലാണ്.

**(c) ബാഹ്യ ഹിമാലയം അഥവാ ഷിവാലിക്ക്:** ഹിമാലയത്തിന്റെ അതിവ്യാപ്തമായ കുന്നിൻനിരകളാണ് ബാഹ്യ ഹിമാലയം അഥവാ ഷിവാലിക് എന്ന് അറിയപ്പെടുന്നത്. ഇതിന്റെ ഉന്നത തലങ്ങൾക്ക് 900 - 1100 മീറ്റർ വരെ ഉയരമുണ്ട്. താരതമ്യേന പൊക്കംകുറഞ്ഞ ജമ്മുമലകൾ, മിസ്സൊമലകൾ, മിഷിപ്പി മലകൾ തുടങ്ങിയവ ഷിവാലിക്കിന്റെ ഭാഗങ്ങളാണ്. ഷിവാലിക് മുതൽ ചെറുഹിമാലയം (ഹിമാചൽ) വരെ സ്ഥിതിചെയ്യുന്ന താഴ്‌വരകൾ ഡൂൺ എന്ന് ചേർത്ത് ഡെറാഡൂൺ, കൊട്‌ലിഡൂൺ, പട്‌ലിഡൂൺ എന്നിങ്ങനെ അറിയപ്പെടുന്നു.

### (ii) ഹിമാലയ കുറുനിരകൾ

അതിവ്യാപ്ത ഹിമാലയത്തിനു വടക്ക് അതിന് സമാന്തരമായി സ്ഥിതിചെയ്യുന്നവയാണ് ഹിമാലയൻ കുറുനിരകൾ. ഇവയെ ഷാസ്ക്കർ നിരകൾ എന്നും അറിയപ്പെടുന്നു. ഇതിന്റെ വടക്ക് വശത്ത് ലഡാക് മലനിരകൾ ഉണ്ട്. ഷാസ്ക്കറിനും ലഡാക്കിനും മദ്ധ്യേകൂടിയാണ് ഇൻഡസ്സ് നദി ഒഴുകുന്നത്. ഏറ്റവും വടക്കുഭാഗത്തായി കാരക്കോരം കുന്നിൻനിരകളും സ്ഥിതി ചെയ്യുന്നു. K2 എന്നറിയപ്പെടുന്ന പർവ്വതനിരയാണ് ലോകത്തിലെ പൊക്കം കൂടിയ രണ്ടാമത്തെ കൊടുമുടി. ഇത് ഇന്ത്യയിലെ കാരക്കോരം കുന്നിൻനിരകളിലാണ്.

### (iii) പൂർവ്വാഞ്ചൽ കുന്നുകൾ

പൂർവ്വാഞ്ചൽ കുന്നുകളിൽ ഉൾപ്പെട്ട മിഷ്നു, പട്ക്കോയി, നാഗാ, മിസ്സോ എന്നിവ പൂർവ്വ ഭാഗത്ത് സ്ഥിതിചെയ്യുന്നു. മേഘാലയ പീഠഭൂമിയും അവയിലെ ഗാരോ, ഖാസി, ജെയ്ന്ഷാ കുന്നുകളും പൂർവ്വാഞ്ചൽ മലനിരകളുടെ ഭാഗമാണ്.

## 9.3 പാഠ്യപുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങൾ

1. ഹിമാലയത്തിലെ മൂന്ന് പർവ്വതനിരകളുടെ പേരെഴുതുക.
2. ചിത്രം 9.7 പരിശോധിച്ച് താഴെ കൊടുത്തിരിക്കുന്നത് കണ്ടുപിടിക്കുക.
   (i) നംഗാപർബതും നന്ദാദേവിയും സ്ഥിതിചെയ്യുന്ന സംസ്ഥാനം ഏത്?
   (ii) 'അതെ' അല്ലെങ്കിൽ 'അല്ല'എന്ന് പറയുക.
   (a) എവറസ്റ്റ് കൊടുമുടി ഇന്ത്യയിൽ സ്ഥിതിചെയ്യുന്നു.
   (b) ഷ്പിക്കാ-ലാ ചുരം ഷിവാലിക് പർവ്വതനിരകളിലാണ്.
   (c) മാനസ്സരോവർ കൈലാസ് പർവ്വതത്തിലാണ്.
3. വിശാല ഹിമാലയം സ്ഥിതിചെയ്യുന്ന രാജ്യങ്ങളുടെ പേര് പറയുക.
4. പൂർവ്വാഞ്ചൽ കുന്നുകളിൽ രണ്ടെണ്ണത്തിന്റെ പേര് പറയുക.

### 2. ഉത്തര സമതലപ്രദേശം

ഉത്തര സമതലപ്രദേശത്തുള്ള സംസ്ഥാനങ്ങളുടെ സ്ഥാനം കണ്ടുപിടിച്ച് അവയുടെ പേര് പരിശോധിക്കാം. ചിത്രം 9.5 പരിശോധിക്കുക. ഹിമാലയത്തിനു തെക്ക് ദക്ഷിണപീഠഭൂമിയുടെ വടക്കുഭാഗത്തായിട്ടാണ് ഈ സമതല പ്രദേശം. ഇത് ഇൻഡസ്, ഗംഗാ, ബ്രഹ്മപുത്രാ എന്നീ മൂന്ന് പ്രധാന നദികളിലൂടെ ഒഴുകിവന്ന എക്കൽമണ്ണും മറ്റും നിക്ഷേപിച്ചുണ്ടായിട്ടുള്ളതാണ്. പടിഞ്ഞാറ് പഞ്ചാബ് മുതൽ കിഴക്ക് ആസ്സാം വരെ ഏതാണ്ട് 2400 കിലോമീറ്റർ ദൈർഘ്യത്തിൽ ഈ പ്രദേശം സ്ഥിതിചെയ്യുന്നു. പശ്ചിമഭാഗത്ത് ഏതാണ്ട് 300 കിലോമീറ്ററും, പൂർവ്വഭാഗത്ത് 150 കിലോമീറ്ററും വീതി ഈ സമതല പ്രദേശത്തിനുണ്ട്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, ആസ്സാം എന്നീ സംസ്ഥാനങ്ങൾ ഈ സമതലപ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഹിമാലയ പർവ്വതനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നദികളിലൂടെ ഒഴുകിവന്ന എക്കൽമണ്ണ് ഈ സ്ഥലങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ മണ്ണ് വളരെ ഫലഭൂയിഷ്ഠി ഉള്ളതാണ്. ഈ സമതലപ്രദേശം വലുപ്പംകൊണ്ടും ഫലഭൂയിഷ്ഠതകൊണ്ടും ലോകത്തിലെ വലിയ സമതലപ്രദേശങ്ങളിൽ ഒന്നാണ്. ഗോതമ്പ്, അരി, കരിമ്പ്, പരിപ്പുവർക്ഷങ്ങൾ, എണ്ണക്കുരുക്കൾ, ചണം എന്നിവ ഈ പ്രദേശത്തിലെ മുഖ്യവിളകളാണ്. ശരിയായ ജലസേചനസൗകര്യങ്ങൾ ഉപയോഗിച്ച് ഈ പ്രദേശം ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ മുഖ്യമായ പങ്ക് വഹിക്കുന്നു. ഉത്തര സമതല പ്രദേശത്തെ മുഖ്യമായും രണ്ടായി തിരിക്കാം.

(a) പശ്ചിമ സമതലപ്രദേശം

(b) ഗംഗ-ബ്രഹ്മപുത്രാ സമതലപ്രദേശം

### (a) പശ്ചിമ സമതലപ്രദേശം

ഈ സമതലപ്രദേശം ഇൻഡസ്സ് നദിയുടെ പോഷകനദികളിലൂടെ ഒഴുകിവന്ന ഏക്കൽമണ്ണ് നിക്ഷേപിച്ച് ഉണ്ടായിട്ടുള്ളതാണ്. ആരവല്ലി പർവ്വത നിരകളുടെ പശ്ചിമഭാഗത്തായി ഇത് സ്ഥിതിചെയ്യുന്നു. പ്രധാനപ്പെട്ട നദികൾ സത്ലജ്, ബിയാസ്, രവി എന്നിവയാണ്. പശ്ചിമ സമതലപ്രദേശം മേൽപ്പറഞ്ഞ നദികളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന കരപ്രദേശം പോലെയാണ്.

കുറിപ്പുകൾ

### (b) ഗംഗാ-ബ്രഹ്മപുത്രാ സമതലം

ഗംഗാ, ബ്രഹ്മപുത്ര നദികളിലൂടെ ഒഴുകിവന്ന എക്കൽമണ്ണ് നിക്ഷേപിച്ച് ഉണ്ടായിട്ടുള്ള താണ് ഈ സമതലപ്രദേശം. ഹാരപ്പാ, മോഹൻജൊദാരോ എന്നീ പേരുകളിൽ പ്രസിദ്ധ മായ പ്രാചീനകാല സംസ്കാരങ്ങൾ ഈ സമതല പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. മേൽപ്പറഞ്ഞ നദികളിലെ ജല സമ്പത്തും ഫലഭൂയിഷ്ഠമായ മണ്ണും, ഈ പ്രദേശത്ത് പ്രാ ചീന സംസ്കാരങ്ങൾ വ്യാപിച്ച് വളരുവാൻ കാരണമായിത്തീർന്നു.


**ഡ്യൂവാബ്:** രണ്ട് നദികൾക്കിടയിലെ എക്കൽഭൂമി. ഉദാഹരണം: പഞ്ചാബിലെ എക്കൽപ്രദേശം.

**ഖദാർ:** എല്ലാ വർഷങ്ങളിലും നദീജലപ്രളയം ഉണ്ടാകുന്ന പ്രദേശം.

**ബംഗർ:** ഒരിക്കലും നദീജലപ്രളയം ഉണ്ടാകാത്ത പ്രദേശം.

### 3. അർദ്ധദ്വീപ് പീഠഭൂമി

അർദ്ധദ്വീപ് പീഠഭൂമി എന്നാൽ മൂന്നുവശങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ട ത്രികോണാ കൃതിയിലുള്ള ഒരു താഴ്‌വര പ്രദേശം ആണെന്ന് താഴെ കൊടുത്തിരിക്കുന്ന ചിത്രം നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാകും. ഗോണ്ടവന പ്രദേശം എന്നറിയപ്പെട്ടിരുന്ന പ്രാചീനസ്ഥലത്തിന്റെ ഒരു ഭാഗമാണ് ഈ പ്രദേശം എന്ന് പറയപ്പെടുന്നു.. ഈ പീഠഭൂമി ഏതാണ്ട്, 5 ലക്ഷം ചതുരശ്രകിലോമീറ്റർ പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. ഗുജറാത്ത്, മഹാരാഷ്ട്ര, ബീഹാർ, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായാണ് ഈ പീഠഭൂമി വ്യാപിച്ചു കിടക്കുന്നത്.




ചിത്രം 9.6 അർദ്ധദ്വീപ് സമതലപ്രദേശം

നർമ്മദാ നദി ഈ പീഠഭൂമിയെ രണ്ട് ഭാഗങ്ങളായി വിഭജിക്കുന്നു. അവയാണ്, ഉയർന്ന മദ്ധ്യപീഠഭൂമിയും, ഡക്കാൺ പീഠഭൂമിയും.

**(i) ഉയർന്ന മദ്ധ്യപീഠഭൂമി:** ഇത് നർമ്മദാ നദി മുതൽ ഉത്തര സമതല പ്രദേശം വരെ വ്യാപിച്ചു കിടക്കുന്നു. ഗുജറാത്ത് സംസ്ഥാനത്ത് നിന്ന് തുടങ്ങി രാജസ്ഥാൻ സംസ്ഥാന ത്തിലൂടെ കടന്ന് ഡൽഹി വരെയാണ് ഇത് സ്ഥിതിചെയ്യുന്നത്. ആരവല്ലി പർവ്വതത്തിന് സമീപത്തുള്ള ഗുരുഷിഖാ (1772 മീറ്റർ) കൊടുമുടിയാണ് ഏറ്റവും ഉയരത്തിലുള്ളത്. മാൾവാ പീഠഭൂമിയും, ഛോട്ടാ നാഗ്പൂർ പീഠഭൂമിയും ഈ മദ്ധ്യ പർവ്വതനിരകളുടെ ഭാഗമാണ്. ബെത്വാ, ചമ്പൽ, കെൻ എന്നീ നദികൾ മാൾവാ സമതലപ്രദേശത്തെ പ്രധാന നദികളാണ്. മഹാദേവ്, കെയ്മൂർ, മെയ്ക്കൽ എന്നിവയാണ് ഛോട്ടാ-നാഗ്പൂർ പീഠഭൂമിയിലെ പ്രധാനപ്പെട്ട കുന്നുകൾ. വിന്ധ്യാ-സാത്പുര പർവ്വതങ്ങളുടെ ഇടയിൽ നർമ്മദാ താഴ്‌വര സ്ഥിതിചെയ്യുന്നു. നർമ്മദാനദി പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു.

**(ii) ഡക്കാൺ സമതലപ്രദേശം:** ഛോട്ടാ-നാഗ്പൂർ പീഠഭൂമിയിൽ നിന്ന് ശിലകളാൽ വേർതിരിക്കപ്പെട്ട നിലയിലാണ് ഡക്കാൺ പീഠഭൂമി സ്ഥിതിചെയ്യുന്നത്. കരിമണ്ണ് നിറഞ്ഞ ഈ പീഠഭൂമിയിലെ പ്രദേശം 'ഡക്കാൺ ട്രാപ്പ്' എന്നറിയപ്പെടുന്നു. ഇത് ഭൂമിയുടെ അന്തർ ഭാഗത്തു നിന്ന് ഉപരിതലത്തിലേക്കുള്ള ലാവാപ്രവാഹം മൂലം ഉണ്ടായിട്ടുള്ളതായി കരുതപ്പെടുന്നു. ഇവിടുത്തെ മണ്ണ് പരുത്തികൃഷിക്കും, കരിമ്പു കൃഷിക്കും ഏറ്റവും അനുയോജ്യമായിട്ടുള്ളതാണ്. ഡക്കാൺ പീഠഭൂമിയെ പ്രധാനമായി രണ്ടായി വിഭജിക്കാം.

(a) പശ്ചിമഘട്ടം
(b) പൂർവ്വഘട്ടം

**(a) പശ്ചിമഘട്ട മലകൾ:** പശ്ചിമഘട്ടം അല്ലെങ്കിൽ സഹ്യാദ്രി പർവ്വതനിരകൾ ഡക്കാൺ പീഠഭൂമിയുടെ പശ്ചിമഭാഗത്തായിട്ടാണ് സ്ഥിതിചെയ്യുന്നത് എന്ന് ചിത്രം 9.8 പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. ഏതാണ്ട് 1600 കിലോമീറ്റർ നീളത്തിൽ ഇത് പശ്ചിമതീരത്തിന് സമാന്തരമായി കിടക്കുന്നു. പർവ്വതശിഖരങ്ങളുടെ ഉയരം ശരാശരി 1000 മീറ്ററാണ്. പ്രസിദ്ധങ്ങളായ ഡോഡോ ബെട്ടാ, ആനമുടി, മകൂർതി എന്നിവ പശ്ചിമഘട്ട മലനിരകളിലെ കൊടുമുടികളാണ്. 2695 മീറ്റർ ഉയരമുള്ള ആനമുടിയാണ് ഏറ്റവും പൊക്കമേറിയ കൊടുമുടി. പശ്ചിമഘട്ട മലനിരകൾ തുടർനിരകളായിട്ടാണ് സ്ഥിതിചെയ്യുന്നതെങ്കിലും പാൽ ഘട്ട്, താൽ ഘട്ട്, ബോർ ഘട്ട് മുതലായ ചുരങ്ങളിലൂടെ മലനിരകൾ മുറിച്ചു കടക്കാവുന്നതാണ്. പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന ഗോദാവരി, ബീമാ, കൃഷ്ണാ നദികൾ കിഴക്കോട്ട് ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. മുൻപ് പ്രസ്താവിച്ചതു പോലെ തപ്തി നദി പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു. പടിഞ്ഞാറൻ മലനിരകളിൽ നിന്ന് ഒഴുകുന്ന അരുവികൾ അറബിക്കടലിൽ പതിക്കുന്നതിന് മുൻപായി പ്രവാഹങ്ങളായും വെള്ളച്ചാട്ടങ്ങളായും രൂപപ്പെടുന്നു. ശരാവതി നദിയിലെ ജോഗ് വെള്ളച്ചാട്ടവും കാവേരി നദിയിലെ ശിവസമുദ്രം വെള്ളച്ചാട്ടവും പ്രസിദ്ധങ്ങളാണ്.

**(b) പൂർവ്വഘട്ട മലനിരകൾ:** പൂർവ്വഘട്ട മലനിരകൾ ക്രമഭംഗിയില്ലാതെ ഉയർന്നും താഴ്ന്നും ആയ നിരകളിലായിട്ടാണ് സ്ഥിതിചെയ്യുന്നത്. മലനിരകളുടെ ശരാശരി ഉയരം 600 മീറ്ററാണ്. പൂർവ്വതീരപ്രദേശത്തിന് സമാന്തരമായി മഹാനദി താഴ്‌വര മുതൽ തെക്കോട്ട് നീലഗിരി കുന്നുകൾ വരെ ഈ മലനിരകൾ സ്ഥിതിചെയ്യുന്നു. 1501 മീറ്റർ ഉയരമുള്ള മഹേന്ദ്രഗിരിയാണ് ഏറ്റവും ഉയരംകൂടിയ കൊടുമുടി. പ്രസിദ്ധങ്ങളായ, ഒഡീഷയിലെ മഹേന്ദ്രഗിരി കുന്നുകൾ, നിമാഗിരി കുന്നുകൾ എന്നിവയും, ആന്ധ്രാപ്രദേശ്

കുറിപ്പുകൾ

സംസ്ഥാനത്തിന്റെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന നല്ലമലൈകുന്നുകൾ, തമിഴ്നാട്ടിലെ കൊല്ലിമല, പാച്ചിമല എന്നീ കുന്നുകളും ഇവിടെയാണ്. മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി നദികൾ ഈ പ്രദേശം മുഴുവൻ ജലസമൃദ്ധമാക്കുന്നു. പശ്ചിമഘട്ട - പൂർഘട്ട മലനിരകൾ നീലഗിരി കുന്നുകളിലാണ് കൂടിച്ചേരുന്നത്.

## പ്രവർത്തനം 9.2

പശ്ചിമഘട്ട മലനിരകളും പൂർവ്വഘട്ട മലനിരകളും തമ്മിലുള്ള പ്രധാനപ്പെട്ട അഞ്ച് വ്യത്യാസങ്ങൾ കണ്ടുപിടിക്കുക.

| | | |
|---|---|---|
| 1. ക്രമനിര | | |
| 2. ശരാശരി ഉയരം | | |
| 3. വ്യാപ്തി | | |
| 4. ഉയർന്ന കൊടുമുടി | | |
| 5. നദികൾ | | |

### 4. ഇന്ത്യാ മരുഭൂമി

ആരവല്ലി പർവ്വതനിരകളുടെ പശ്ചിമ അരികിലായി ഇന്ത്യാ മരുഭൂമി സ്ഥിതിചെയ്യുന്നു. ഇതിനെ **താർ മരുഭൂമി** എന്നു വിളിക്കുന്നു. വലുപ്പത്തിൽ ലോകത്തിലെ 9-ാമത്തെ മരുഭൂമിയാണ്. ഗുജറാത്ത്, രാജസ്ഥാൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. കാലാവസ്ഥ വരണ്ടതും അർദ്ധവരൾച്ചയുമായിട്ട് അനുഭവപ്പെടുന്നു. ശരാശരി വാർഷികമഴ 150 മില്ലിമീറ്ററിനു താഴെയാണ്. ഈ പ്രദേശത്ത് കുറ്റിച്ചെടികളും പ്രത്യേകതരം മുൾച്ചെടികളും മാത്രമാണ് വളരുന്നത്. ഈ പ്രദേശത്തുള്ള പ്രധാന നദി ലൂണിയാണ്. മഴക്കാലത്ത് ഏതാനും അരുവികൾ രൂപപ്പെടുന്നുവെങ്കിലും അവ മണൽതരികളിൽ തന്നെ അപ്രത്യക്ഷമാവുകയും ചെയ്യുന്നു.



ചിത്രം 9.7 ഇന്ത്യാമരുഭൂമി

*ഞാൻ താർ, ഇന്ത്യാ മരുഭൂമിയാണ്.*

1. വർഷത്തിലെ മിക്കവാറും മാസങ്ങളിൽ ഞാൻ ഉണങ്ങിവരണ്ട് കിടക്കുന്നു. നീരാവിയും വഹിച്ചുകൊണ്ടുള്ള കാറ്റ് ആരവല്ലിക്ക് സമാന്തരമായി പോകുന്നതിനാൽ എനിക്ക് ചിലപ്പോൾ ദുർബ്ബലമായ മഴ ലഭിക്കുന്നു.

2. ക്യാറ്റ്സ് പോലെയുള്ള മുൾച്ചെടികൾ എന്റെ ശരീരത്തിൽ കുത്തിക്കയറി നിൽക്കുന്നു.

3. നിങ്ങൾക്ക് ദാഹം അനുഭവപ്പെട്ടാൽ അനേകം കിലോമീറ്റർ നിങ്ങൾ താണ്ടിയാൽ നീരുറവയിലൊ ഏതാനും ചെറിയ ജലാശയങ്ങളിലോ എത്താം.

4. മരുക്കാറ്റ് അഥവാ (സാൻഡ് ഡ്യൂൻസ്) എന്റെ മരുപ്രദേശത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു.

5. ഇവിടുത്തെ ജനത സംപുഷ്ടമായ സംസ്ക്കാരങ്ങളും പാരമ്പര്യങ്ങളും പുലർത്തുന്നു.

## 5. തീരപ്രദേശ സമതലങ്ങൾ

ഇന്ത്യയുടെ ദക്ഷിണഭാഗത്തായി സ്ഥിതിചെയ്യുന്ന ഉപദ്വീപ് പോലെ തോന്നിക്കുന്ന പ്രദേശം ബംഗാൾ ഉൾക്കടലിനും അറബിക്കടലിനും സമാന്തരമായി സ്ഥിതിചെയ്യുന്നു. പശ്ചിമതീരപ്രദേശം വളരെ ഇടുങ്ങിയതാണ്. ഇവിടുത്തെ ശരാശരി വീതി 10 മുതൽ 20 കിലോമീറ്റർ വരെയാണ്. ഇതിന് 'റാൻ ഓഫ് കച്ച്' മുതൽ കന്യാകുമാരി വരെ ദൈർഘ്യമുണ്ട്. പശ്ചിമതീരപ്രദേശത്തെ മൂന്ന് ഭാഗങ്ങളായിട്ട് തിരിക്കാം. (1) കൊങ്കൺ തീരം (മുംബൈ - ഗോവാ) (2) കർണ്ണാടക തീരം (ഗോവ - മംഗലാപുരം) (3) മലബാർ തീരം (മംഗലാപുരം - കന്യാകുമാരി)

പൂർവ്വതീരപ്രദേശം ബംഗാൾ ഉൾക്കടലിന് സമാന്തരമായിട്ട് സ്ഥിതി ചെയ്യുന്നു. ഇതിന് പശ്ചിമതീരത്തിനേക്കാൾ വീതി കൂടുതലുണ്ട്. ഇവിടുത്തെ ശരാശരി വീതി 120 കിലോമീറ്ററാണ്. ഉത്തര തീരപ്രദേശം നോർത്തേൺ സർക്കർ എന്നും ദക്ഷിണ തീരപ്രദേശം കൊറമാണ്ടൽ തീരമെന്നും അറിയപ്പെടുന്നു. മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി നദികളിലെ ജലപ്രവാഹം മൂലം രൂപംകൊണ്ട നിരവധി തുരുത്തുകൾ (ഡൂവാബ്) തീരപ്രദേശത്ത് ഉണ്ട്. ഒഡിഷയിലെ മഹാനദി തുരുത്തിന്റെ ദക്ഷിണഭാഗത്തായി സ്ഥിതിചെയ്യുന്ന ചിൽക്കാ തടാകം, ഇന്ത്യയിലെ ഏറ്റവും വലിയ ഉപ്പുജല തടാകമാണ്. തീരപ്രദേശ ങ്ങളിൽ നിരവധി സുഗന്ധവ്യഞ്ജനങ്ങളും നെല്ല്, കുരുമുളക്, തെങ്ങ് മുതലായവയും കൃഷിചെയ്യുന്നു. പ്രസിദ്ധങ്ങളായ വാണിജ്യ-വ്യാപാര കേന്ദ്രങ്ങൾ കൂടിയാണ് തീരപ്രദേശം. അതുകൂടാതെ ഇവിടുത്തെ മത്സ്യബന്ധനവും അതിനോടു ചേർന്നുള്ള ഇതര വ്യവസായങ്ങളും മൂലം തീരപ്രദേശം വളരെ പ്രാധാന്യമേറിയതാണ്. മലബാർ തീരത്തുള്ള വേമ്പനാട് കായൽ പ്രസിദ്ധമായ ശുദ്ധജല തടാകമാണ്.

## 6. ദ്വീപുകൾ

ഇന്ത്യയിൽ രണ്ട് പ്രധാന ദ്വീപ്സമൂഹങ്ങളുണ്ട്. ബംഗാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന 204 ദ്വീപുകളെ ആൻഡമാൻ - നിക്കോബാർ ദ്വീപുകളെന്നും അറബിക്കടലിൽ സ്ഥിതി ചെയ്യുന്ന 43 ദ്വീപുകളെ ലക്ഷദ്വീപുകളെന്നും വിളിക്കുന്നു. ബംഗാൾ ഉൾക്കടലിലെ വടക്കു മുതൽ തെക്കുഭാഗം വരെ വ്യാപിച്ചു കിടക്കുന്നതാണ് ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ. ഈ ദ്വീപ് സമൂഹത്തിൽപ്പെട്ട ബാരൻ ദ്വീപിലെ അഗ്നിപർവ്വതം വളരെ സജീവമായിട്ടുള്ളതാണ്.

മലബാർതീരത്ത് കേരള സംസ്ഥാനത്തിന് സമീപമായി അറബിക്കടലിൽ സ്ഥിതിചെയ്യുന്നവയാണ് ലക്ഷദ്വീപ് സമൂഹം. ഈ ദ്വീപുകൾക്ക് ഏതാണ്ട് 32 ചതുരശ്രകിലോമീറ്റർ ദൈർഘ്യമുണ്ട്. കവരത്തിയാണ് തലസ്ഥാനം. വൈവിധ്യ മാർന്ന സസ്യജാലങ്ങളും മൃഗജാലങ്ങളുമുള്ള ഈ ദ്വീപുകൾ പവിഴപ്പുറ്റുകളാൽ രൂപീകൃതമായിട്ടുള്ളതാണ്. ഇവിടുത്തെ അന്തർജല സ്റ്റോക്കിംഗ്, ഡൈവിംഗ്, ആഴക്കടൽ ഡൈവിംഗ് മുതലായ വിനോദപരിപാടികൾ ധാരാളം വിനോദ സഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നു.

## പാഠപുസ്തകാധിഷ്ഠിതമായ ചോദ്യങ്ങൾ 9.4

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം ചുരുക്കത്തിൽ (2 വാചകങ്ങളിൽ കവിയരുത്) എഴുതുക.

   (i) ഡക്കാൺ ട്രാപ്പ് ഉണ്ടായത് എങ്ങനെയാണ്?

   (ii) തീരപ്രദേശങ്ങളിലെ ജനതയുടെ ഏതെങ്കിലും രണ്ട് പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ പറയുക.

   (iii) ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നത് എന്തുകൊണ്ടാണ്?

   (iv) പശ്ചിമ സമതലപ്രദേശങ്ങളുടെ രൂപീകരണത്തിന് കാരണമായ നദികളുടെ പേരെഴുതുക

## 9.4 ഇന്ത്യയിലെ നദീജല നിർഗ്ഗമന രീതികൾ

മുഖ്യമായും, നദികളിലെ ജലം ഭൂമിയുടെ ഉപരിതലങ്ങളിലൂടെ ഒഴുകി ജലസമൃദ്ധിയാക്കുന്നതിനെയാണ് നദീജല നിർഗ്ഗമന രീതികൾ എന്നു പറയുന്നത്. ഒരു നദിയും അതിന്റെ ചെറിയ പോഷകനദികളും മൂലം ഒരു പ്രദേശം മുഴുവൻ ജലസമൃദ്ധിയിലാകുന്നു. ആ പ്രദേശത്തെയാണ് നദീതടം എന്ന് വിളിക്കുന്നത്. ജലപ്രവാഹങ്ങളുടെ വേഗത, പ്രദേശത്തിന്റെ ഭൗമശാസ്ത്രപരമായ ഘടന, കരപ്രദേശത്തിന്റെ ചെരിവ് തുടങ്ങിയ നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു അവിടുത്തെ ജലനിർക്ഷമന രീതികൾ. ജലനിർക്ഷമന രീതിയിലൂടെ ഒരു നദി നിരവധി ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. ഒരു പ്രദേശത്തെ ജല സ്രോതസ്സുകൾ പൂർണ്ണമായും നിലനിർത്തുന്നതിനൊപ്പം പ്രകൃതിദത്തമായ കനാൽ സംവിധാനം, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് എക്കൽ മണ്ണ് നിക്ഷേപിക്കുന്നത്, മിച്ചംവരുന്ന ജലം മറ്റൊരു സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നത് ഇങ്ങനെ നിരവധി ധർമ്മങ്ങൾ നദികൾ നിർവ്വഹിക്കുന്നു. ഇവ കൂടാതെ, ശുദ്ധജല സ്രോതസ്സുകൾ, നാവിക സൗകര്യങ്ങൾ മുതലായ പരമ്പരാഗത ഉപയോഗങ്ങളും നദികൾക്കുണ്ട്. ജലാധിഷ്ഠിത വ്യവസായങ്ങൾ, ജലവൈദ്യുതി ഉൽപ്പാദന കേന്ദ്രങ്ങൾ മുതലായ ആധുനികകാലത്തിലെ ധർമ്മങ്ങൾ, നദികളുടെ പ്രാധാന്യം കൂടുതൽ വർദ്ധിപ്പിക്കുന്നു. ബോട്ടുയാത്രകൾ, തുഴച്ചിൽ, കിഴുക്കാംതൂക്കായ പാറക്കെട്ടു കളിൽ നിന്ന് നദികളിലേക്കുള്ള ചാട്ടം തുടങ്ങിയ നിരവധി കാര്യങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ധർമ്മങ്ങളാണ്. ഇപ്രകാരമുള്ള നദികളുടെ പ്രയോജനങ്ങൾ മൂലം മനുഷ്യജീവിതത്തിൽ നദികൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. ഈ കാരണങ്ങളാൽ നദികളെ മനുഷ്യരുടെ ആയുർരേഖ അഥവാ പ്രാണരേഖ എന്ന് വിശേഷിപ്പിക്കാം. പ്രാചീനകാലം മുതൽ നദീതടങ്ങളിൽ നിരവധി നഗരങ്ങൾ വളർന്ന് വികാസം പ്രാപിച്ചിട്ടുണ്ട്. നദീതടങ്ങൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളായി മാറിയിട്ടുണ്ട്. യമുനാതീരത്തുള്ള ദില്ലി, ഗംഗാതീരത്തുള്ള പാട്ന, ബ്രഹ്മപുത്രാ തീരത്തുള്ള നാസിക്ക്, മഹാനദിതീരത്തുള്ള കട്ടക്ക് തുടങ്ങിയവ ഏതാനും ചില ഉദാഹരണങ്ങളാണ്. നദീജലപ്രവാഹങ്ങളുടെ ഉത്ഭവ സ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ ഇവയെ രണ്ടായി തിരിക്കാം.

(a) ഹിമാലയ പർവ്വത പ്രദേശങ്ങളിൽ നിന്നുത്ഭവിക്കുന്ന നദികൾ

(b) ദക്ഷിണ ഇന്ത്യ അഥവാ ഉപദ്വീപ് പ്രദേശങ്ങളിലെ നദികൾ

**പോഷകനദി**: ഒരു വലിയ നദിയിലേക്ക് പ്രവഹിക്കുന്ന അരുവികൾ, ചെറുനദികൾ ഇവയെ പോഷകനദികൾ എന്ന് വിളിക്കുന്നു.

**തുരുത്ത് (ഡെൽറ്റാ)**: ഒരു നദിയുടെ പതനപ്രദേശത്ത് എക്കൽമണ്ണ്, ശിലകൾ എന്നിവ അടിഞ്ഞുകൂടി രൂപപ്പെടുന്ന കരപ്രദേശങ്ങളെ തുരുത്ത് എന്ന് വിളിക്കുന്നു. മിക്കവാറും ത്രികോണാകൃതിയിലൊക്കെയാണ് ഇവ രൂപപ്പെടുന്നത്. ഉദാ: ഗംഗാതുരുത്ത്

**നദീമുഖം (എസ്ച്യുവറി)**: ഭാഗികമായി ചുറ്റപ്പെട്ട അവസ്ഥയിൽ കടലിലെ തിരമാലകൾ അടിച്ചുകയറി നിക്ഷേപിക്കുന്ന ഉപ്പുവെള്ളവും നദികളിലെ ശുദ്ധജലവും കൂടിച്ചേർന്ന് ഉണ്ടാകുന്ന ചെറിയ തടാകങ്ങളെ നദീമുഖ തടാകങ്ങൾ എന്ന് വിളിക്കുന്നു.

## 9.5 പ്രധാനപ്പെട്ട ജലപ്രവാഹങ്ങൾ

മേൽ പ്രസ്താവിച്ചതുപോലെ ഉത്ഭവസ്ഥാനങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിലെ നദീജലപ്രവാഹങ്ങളെ രണ്ടായി തിരിക്കാം. അവ തമ്മിലുള്ള താരതമ്യപഠനം അടിസ്ഥാനമാക്കി നമുക്ക് ചർച്ച ചെയ്യാം.

### ഹിമാലയ നദീജലപ്രവാഹങ്ങൾ

1. അവ മഞ്ഞുമലകളിൽ നിന്ന് ഉത്ഭവിക്കുന്നതിനാൽ അവയ്ക്ക് ചിരന്തന സ്വഭാവം ഉണ്ട്. (വർഷം മുഴുവൻ ജലപ്രവാഹമുള്ളത്)
2. നദികൾ മൂലമുള്ള മണ്ണൊലിപ്പ് നിമിത്തം താഴ്വരകൾ രൂപപ്പെടുന്നു.
3. ഫലഭൂയിഷ്ഠമായ സമതലപ്രദേശങ്ങളിലൂടെ ഒഴുകുന്നതിനാൽ കനാൽ സംവിധാനത്തിന് അനുയോജ്യമാണ്.
4. നദികളുടെ പ്രവാഹത്തിൽ വളവുകളും തിരിവുകളും ഉള്ളതിനാൽ നദികളുടെ ഗതി മാറിക്കൊണ്ടിരിക്കും.

### 9.5.1 ഹിമാലയത്തിൽ നിന്നുള്ള മറ്റ് ജലനിർക്ഷമന രീതികൾ


ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന എല്ലാ നദികളും ചിരന്തന സ്വഭാവ മുള്ളതാണ്. വർഷക്കാലം മുഴുവൻ നദികളിലൂടെ ജലപ്രവാഹം ഉണ്ട്. മഞ്ഞുമലകൾ ഉരുകി നദികൾ ഉത്ഭവിക്കുന്നതുപോലെ മഞ്ഞുപാളികൾ ഉരുകിയും ജലം പ്രവഹിക്കുന്നു. മാത്രവുമല്ല മഴമൂലവും ഇവയിൽ ജലം ലഭിക്കുന്നു. പ്രധാനപ്പെട്ട നദീജലപ്രവാഹങ്ങൾ

| | | | |
|---|---|---|---|
| 1. | ഇൻഡസ് നദിവ്യൂഹം | : | ഝലം, രവി, ബിയാസ്, സത്‌ലജ് |
| 2. | ഗംഗാനദി വ്യൂഹം | : | യമുന, രാംഗംഗ, ഗാഗ്രാ, ഗോമ്തി, ഗാണ്ടക് ഖോസി മുതലായവ |
| 3. | ബ്രഹ്മപുത്രാ വ്യൂഹം | : | ദിബാങ്, ലോഹി, തിസ്തായും, മേഘ്നായും |

### 9.5.2 പെനിൻസുലാർ അഥവാ ഉപദ്വീപ് വ്യൂഹം

പെനിൻസുലാർ അഥവാ ഉപദ്വീപ് വ്യൂഹത്തിൽപ്പെട്ട നദികൾ മിക്കതും കിഴക്കോട്ട് ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. എന്നാൽ പശ്ചിമഘട്ടത്തിലെ നർമ്മദാ, തപ്തി നദികൾ മാത്രം പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു. ഈ നദികളിലെ ജലപ്രവാഹ സ്വഭാവം, കുത്തനെയുള്ള പതനം, വെള്ളച്ചാട്ടങ്ങൾ എന്നിവ ജലവൈദ്യുതി ഉൽപ്പാദനത്തിന് ഏറ്റവും അനുയോജ്യമാണ്. ഇവിടുത്തെ പ്രധാന നദികൾ മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നിവകളാണ്.

കുറിപ്പുകൾ




ചിത്രം 9.8 ഇന്ത്യയിലെ പ്രധാനപ്പെട്ട നദികൾ

## പ്രവർത്തനം 9.3

ഭൂപടത്തിൽ നൽകിയിരിക്കുന്ന ഭൂപ്രകൃതിയും, രാഷ്ട്രീയ ഭൂപടത്തിലെ സംസ്ഥാനങ്ങളുടെ സ്ഥാനവും പരിശോധിക്കുക. നാല് പ്രധാനപ്പെട്ട നദികളുടെ പേര് താഴെ കൊടുത്തിരിക്കുന്നു. ബന്ധപ്പെട്ട രേഖകൾ ശേഖരിച്ച് പട്ടിക പൂർത്തിയാക്കുക.

| നദികൾ | പ്രധാനപ്പെട്ട പോഷകനദികൾ | ഉത്ഭവം | നദി കടന്നുപോകുന്ന സംസ്ഥാനങ്ങൾ | പതിക്കുന്ന സ്ഥലം |
|---|---|---|---|---|
| ഗംഗാ | | | | |
| ബ്രഹമപുത്രാ | | | | |
| ഇൻഡസ് | | | | |
| സത്‌ലജ് | | | | |
| കാവേരി | | | | |
| ഗോദാവരി | | | | |
| കൃഷ്ണാ | | | | |

## പ്രവർത്തനം 9.4

അറ്റ്ലസ്സ് നിരീക്ഷിച്ച് ഗംഗാനദിയുടെ തീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങൾ കണ്ടുപിടിച്ച് അവ ഭൂപടത്തിൽ രേഖപ്പെടുത്തുക.

## 9.6 നദികൾ ശുചിയായി സൂക്ഷിക്കൽ

ഭൂമിയിലെ ജലസമ്പത്തിൽ 97 ശതമാനവും ഉപ്പുരസമുള്ളതും അവശേഷിക്കുന്ന 3 ശതമാനം ധ്രുവങ്ങളിൽ മഞ്ഞുമലകളായും, ഹിമപാളികളുമായി കിടക്കുന്നു. മഴ, നദികൾ, തടാകങ്ങൾ, അന്തർജ്ജല സ്രോതസ്സുകൾ മുതലായവയാണ് ശുദ്ധജല സ്രോതസ്സുകൾ. ഇവയെല്ലാം കൂടി ഒരു ശതമാനത്തിൽ കുറവാണ്. ഇത്രയും നിസ്സാരമായി അവശേഷിക്കുന്ന ശുദ്ധജലമാണ് ലോകജനസംഖ്യയ്ക്ക് മുഴുവനായിട്ടുള്ളത്. അതിനാൽ ജലം അമൂല്യമാണ്. വർദ്ധിച്ചുവരുന്ന ജലമലിനീകരണം ഭീതി ഉളവാക്കുന്നതാണ്.

നിങ്ങളുടെ ഗ്രാമത്തിലൂടെയോ, നഗരത്തിലൂടെയോ, അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമോ ഒഴുകുന്ന ഒരു നദി നിങ്ങൾ കണ്ടിരിക്കുമല്ലോ? ഇന്ത്യയിൽ നിരവധി നദികളുണ്ട്. ഈ നദീതടങ്ങളിൽ വസിക്കുന്ന ലക്ഷക്കണക്കിന് ജനതയുടെ പ്രാണരേഖകളാണ് നദികൾ. നദികളെ പ്രധാനമായും 4 വിഭാഗങ്ങളായി തിരിക്കാം.

(i) ഹിമാലയ പർവ്വതത്തിൽ നിന്ന് മഞ്ഞുമലകളും ഹിമപിണ്ഡങ്ങളും ഉരുകി വലിയ പ്രവാഹങ്ങളായി ഒഴുകുന്ന നദികൾ. ഈ നദികൾ ചിരന്തന സ്വഭാവമുള്ളതാണ് അഥവാ വർഷംമുഴുവൻ വറ്റാതെ ഒഴുകുന്ന നദികളാണ്.

(ii) മഴയെ മാത്രം ആശ്രയിച്ച് ഒഴുകുന്ന ഡക്കാൺ പീഠഭൂമിയിലെ നദികൾ.

(iii) താരതമ്യേന ദൈർഘ്യം കുറഞ്ഞതും വർഷം മുഴുവൻ ജലപ്രവാഹമില്ലാതെ ഒഴുകുന്ന തീരദേശനദികൾ. പ്രത്യേകിച്ചും പശ്ചിമ തീരപ്രദേശത്തുള്ള നദികൾ.

(iv) മഴവെള്ളം മാത്രം ആശ്രയിച്ചുള്ള പടിഞ്ഞാറൻ രാജസ്ഥാനിലെ ഉൾപ്രദേശങ്ങളിലെ നദികൾ. ഈ നദികൾ സാധാരണയായി എക്കൽ നിറഞ്ഞ തടാകങ്ങളിലെത്തുമ്പോഴേക്കും വറ്റുകയോ അല്ലെങ്കിൽ മണലാരണ്യത്തിൽ അവസാനിക്കുകയോ ചെയ്യുന്നു.

മനുഷ്യരുടെ ജീവിതരീതികളിൽ നദികൾക്ക് ഒരു പ്രമുഖസ്ഥാനം ഉണ്ട്. നിരവധി നഗരങ്ങളും പുണ്യസ്ഥലങ്ങളും നദീതീരങ്ങളിൽ സ്ഥിതിചെയ്യുന്നു. ഗംഗയും യമുനയും ദശലക്ഷങ്ങൾക്ക് പുണ്യനദികളാണ്. എന്നിട്ടും ഈ നദികൾ പരിസരങ്ങൾക്കുപോലും ഭീഷണിയാവുന്നതരത്തിലുള്ള അസംഖ്യം രീതികളാൽ മലീമസമാക്കുന്നു.

ഇന്ത്യയിലെ നദികളിലെ 70 ശതമാനത്തിൽ കൂടുതൽ ജലം മലീമസമാക്കുന്നത് അവയിൽ മലിനജലം ഒഴുക്കിയാണ്. അസംഖ്യം ജൈവശാസ്ത്ര സ്വഭാവമുള്ളതും രാസസ്വഭാവമുള്ളതും ആയ മലിനവസ്തുക്കൾ ജലത്തിൽ കലരുന്നതിനാൽ ഈ ജലം ഉപയോഗിക്കുന്നവർ മേൽപറഞ്ഞ മലിന വസ്തുക്കളും ഉപയോഗിക്കുന്നവരായി മാറുന്നു. ഇത് ജലജന്തുക്കളെ ബാധിച്ച് വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. മലിനവസ്തുക്കൾ ജലത്തിൽ കലർത്തുന്നതു പോലെ തന്നെ നദികളോടുള്ള ജനങ്ങളുടെ നിർവ്വികാരത ഈ പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. നഗരവാസികൾക്ക് നദികളോടുള്ള സമീപനം ആശാവഹമല്ല. ഉദാഹരണത്തിന് ഡൽഹി തലസ്ഥാന നഗരിയിലെ പൗരൻമാരുടെ ശ്രദ്ധ യമുനാ നദിയിലെ ഉയർന്ന തോതിലുള്ള മലിനീകരണത്തിൽ കാര്യക്ഷമമായിട്ട് പ്രകടിപ്പിച്ചിട്ടില്ല.

ജലവിഭവ ഉപയോഗക്രമങ്ങളും മറ്റും പ്രാദേശിക ഗവൺമെന്റു (സംസ്ഥാന ഗവൺമെന്റു) കളുടെ അധികാരപരിധിയിൽ വരുന്നതിനാൽ ഓരോ സംസ്ഥാന ഗവൺമെന്റും നദികൾ

കുറിപ്പുകൾ

അവരുടെ സ്വന്ത സമ്പത്തായി കരുതുന്നു. ആയതിനാൽ മലിനീകരണത്തിന്റെ പരിണത ഫലങ്ങൾ പരിഗണിക്കാതെ പോകുന്നു. നദികൾ പൊതു വിഭവമായി പരിഗണിച്ച് നിശ്ച യദാർഢ്യത്തോടു കൂടിയതും സമയാധിഷ്ഠിതവുമായ മാർക്ഷങ്ങളിലൂടെയുള്ള പ്രവർ ത്തനരീതി നടപ്പിലാക്കണമെന്നുള്ളത് പരി:സ്ഥിതി പ്രവർത്തകരുടേയും വിഭവസംരക്ഷ ണ വാദികളുടേയും ദീർഘകാലത്തെ ആവശ്യമാണ്. ജലശുദ്ധീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രതീക്ഷകളോടെ ഗവൺമെന്റ് ഏതാനും ബൃഹത്തായ നദീജല ശുദ്ധീകരണ പ്രവർത്തനങ്ങൾ - ഉദാഹരണത്തിന് ഗംഗാ ആക്ഷൻ പ്ലാൻ, (GAP), ദേ ശീയ ജലസംരക്ഷണ പദ്ധതി (NRCP) എന്നിവ ആരംഭിച്ചിട്ടുണ്ട്. മഴവെള്ള സംഭരണ മാർക്ഷങ്ങളായ മഴവെള്ള വിളവെടുപ്പുകൾ (Water Harvesting) രാജ്യത്തുടനീളം പ്രചാ രം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു നൂതന സംരംഭമാണ്. മൺസൂൺ കാലഘട്ടത്തിൽ ലഭി ക്കുന്ന ജലം മുഴുവൻ സംഭരണികളിലൂടെ നദീതടങ്ങളിൽ തന്നെ സംഭരിക്കുന്നതാണ് മേൽപറഞ്ഞ 'മഴവെള്ള വിളവെടുപ്പ്'. ഇത് ജനങ്ങളിൽ അവബോധവും വൈകാരിക മ നോഭാവവും ഉണ്ടാക്കുവാൻ ഉതകുന്നതാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന നദീജലമലി നീകരണത്തിനെതിരെ ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന തരത്തിലുള്ള വൈകാരി ക പ്രതികരണങ്ങൾ സൃഷ്ടിക്കുവാൻ നിരവധി പൗര സംഘടനകളും ജനകീയ പ്രസ്ഥാ നങ്ങളും പരിശ്രമിക്കുന്നുണ്ട്.

## പ്രവർത്തനം 9.5

1. നിങ്ങളുടെ പ്രദേശത്തുള്ള ഒരു നദിയോ, പ്രകൃതിദത്തമായ ജലസ്രോതസ്സോ കണ്ടുപിടിക്കുക. അവിടെ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ നിരീക്ഷി ക്കുക.
2. നദീജലത്തിനും നദിക്കും ഹാനികരമാകുന്നതരത്തിൽ അവിടെ ഏതു തരത്തിലുള്ള മനുഷ്യപ്രവർത്തനങ്ങൾ നടക്കുന്നു?
3. ജലമലിനീകരണം അവസാനിപ്പിക്കുന്നതിനായി നിങ്ങൾക്കും സുഹൃത്തു ക്കൾക്കും എന്തുചെയ്യുവാൻ സാധിക്കുമെന്നുള്ള നിർദ്ദേശങ്ങളടങ്ങിയ ഒരു കത്ത് പ്രാദേശിക ഭരണകൂടത്തിലേക്ക് അയക്കുക. നിങ്ങൾക്ക് ഈ കാര്യത്തിൽ എന്തു ചെയ്യുവാൻ സാധിക്കും എന്നുള്ളത് വ്യക്തമാക്കുക.
4. മനുഷ്യപ്രവർത്തനങ്ങൾ കൊണ്ട് മലീമസമാകുന്ന ജലം ഉളവാക്കുന്ന പ്രശ്നങ്ങളും ജനങ്ങളുടെ നിഷേധാത്മക സമീപനത്തിന്റെയും ഫലങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു മീറ്റിംഗ് സംഘടിപ്പിക്കുക.

   മലിനീകരണം അവസാനിപ്പിക്കുന്നതിനായി നിരവധി മാർഗങ്ങളുണ്ട്. ജലമലി നീകരണം നിയന്ത്രിക്കാനുള്ള മാർക്ഷങ്ങൾ നിർദ്ദേശിക്കുക.

## പാഠ്യപുസ്തകാധിഷ്ഠിത ചോദ്യം 9.5

*താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

1. ഉത്തരഭാഗത്തിൽ നിന്നും ഗംഗാനദിയിലേക്ക് ഒഴുകുന്ന രണ്ട് പോഷക നദികൾ
2. മഹാനദിയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന തടാകം ഏത്?
3. ഗോദാവരി നദിയിലെ ജലം ലഭിക്കുന്ന സംസ്ഥാനങ്ങളുടെ പേരെഴുതുക.
4. തുംഗഭദ്രാ നദിയുടെ പോഷകനദി ഏതാണ്?

## നിങ്ങൾ പഠിച്ചത്

- വടക്ക് അക്ഷാംശം 80 4’ -നും $37^{0}$ 6’-നും, കിഴക്ക് രേഖാംശം $68^{0}$ 7’-നും $97^{0}$ 25’-നും മദ്ധ്യേ ഇന്ത്യ സ്ഥിതിചെയ്യുന്നു. മൊത്തം അതിർത്തി നീളം 15,200 കിലോമീറ്ററാണ് ഇന്ത്യയ്ക്ക് 6,100 കിലോമീറ്റർ നീളത്തിലുള്ള തീരപ്രദേശവുമുണ്ട്. ഇന്ത്യയുടെ മൊത്തം വിസ്തീർണ്ണം 3.28 ദശലക്ഷം ചതുരശ്ര കിലോമീറ്ററാണ്.
- പ്രധാനമായും ഇന്ത്യയെ ആറ് ഭൂവിഭാഗങ്ങളായി തിരിക്കാം. ഉത്തര പർവ്വതനിരകൾ, ഉത്തര സമതലപ്രദേശം, ദക്ഷിണ അർദ്ധദ്വീപ് പീഠഭൂമി, ഇന്ത്യാ മരുഭൂമി തീരപ്രദേശങ്ങൾ, ദ്വീപ് സമൂഹങ്ങൾ.
- ഹിമാലയ പർവ്വതനിരകളെ മൂന്ന് സമാന്തരനിരകളായി തിരിക്കാം. ബൃഹത് ഹിമാലയം അഥവാ ഹിമാദ്രി, ചെറുഹിമാലയം അഥവാ ഹിമാചൽ, ബാഹ്യ ഹിമാലയം അഥവാ ഷിവാലിക്.
- പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഉത്തര സമതലപ്രദേശങ്ങളാണ്. ഇവിടുത്തെ മണ്ണ് വിവിധങ്ങളായ ധാന്യ കൃഷികൾക്ക് അനുയോജ്യമാണ്.
- ഉപദ്വീപ് സമതലപ്രദേശം ആരവല്ലി പർവ്വത പ്രദേശങ്ങളിൽ ആരംഭിച്ച് ഇന്ത്യയുടെ തെക്കേഅറ്റം വരെ വ്യാപിച്ചുകിടക്കുന്നു. രൂപാന്തരം സംഭവിച്ച പാറക്കൂട്ടങ്ങൾ നിറഞ്ഞ ഒരു പീഠഭൂമിയാണ് ഇത്.
- താർ മരുഭൂമി: ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നതാണ് ഈ മരുഭൂമി. ഇവിടുത്തെ കാലാവസ്ഥ മുഴുവൻ വരണ്ടതോ, അർദ്ധ വരൾച്ചയോടുകൂടിയതോ ആണ്.
- തീരപ്രദേശങ്ങൾ: അറേബ്യൻ കടലിനും ബംഗാൾ ഉൾക്കടലിനും സമാന്തരമായിട്ട് കിടക്കുന്നു. ഇവയെ പശ്ചിമതീരസമതല പ്രദേശമെന്നും കിഴക്കൻ തീരപ്രദേശങ്ങൾ എന്നും വിളിക്കുന്നു.
- പ്രധാനമായും രണ്ട് ദ്വീപ്സമൂഹങ്ങൾ ഇന്ത്യയ്ക്കുണ്ട്. ബംഗാൾ ഉൾക്കടലിലെ 204 ദ്വീപുകളെ ആൻഡമാൻ & നിക്കോബാർ ദ്വീപുകളെന്നും അറബിക്കടലിലെ 43 ദ്വീപുകളെ ലക്ഷദ്വീപുകളെന്നും വിളിക്കുന്നു.
- രണ്ട് പ്രധാന വിഭാഗങ്ങളായി ഇന്ത്യയിലെ നദികളെ തിരിക്കാം.(1) ഹിമാലയൻ നദിപ്രവാഹങ്ങൾ, (2) ദക്ഷിണ ഉപദ്വീപ് ജലപ്രവാഹങ്ങൾ. ഹിമാലയ പർവ്വത ത്തിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ ഇൻഡസ്, ഗംഗാ, ബ്രഹ്മപുത്ര എന്നിവയാണ്. ദക്ഷിണ ഉപദ്വീപ് പ്രദേശത്തുള്ള പ്രധാന നദികൾ നർമ്മദ, തപ്തി, ഗോദാവരി, കൃഷ്ണ, കാവേരി, മഹാനദി എന്നിവയാണ്.

## സമാപ്തി ചോദ്യങ്ങൾ

1. ഇന്ത്യയുടെ സ്ഥാനവും വിസ്തീർണ്ണവും വിവരിക്കുക.
2. ഇന്ത്യാ മരുഭൂമിയുടെ 3 സവിശേഷതകൾ വിവരിക്കുക.
3. ഹിമാലയത്തിന്റെ സമാന്തരങ്ങളായി കിടക്കുന്ന 3 പർവ്വതനിരകൾ - ഓരോന്നിനെപ്പറ്റിയും പ്രസക്തമായ 2 സൂചനകൾ വീതം എഴുതുക.

4. ഹിമാലയത്തിലെയും ദക്ഷിണഇന്ത്യയിലെയും നദീജലപ്രവാഹത്തിന്റെ രീതികളും അവ തമ്മിലുള്ള വ്യത്യാസങ്ങളിൽ ഏതെങ്കിലും 4 എണ്ണം പറയുക.

5. കാരണം പറയുക:-

   (i) ഉത്തര സമതല പ്രദേശങ്ങളിൽ ഫലഭൂയിഷ്ഠതയുള്ള മണ്ണ് ഉണ്ട്.

   (ii) ഇന്ത്യാമരുഭൂമിയിൽ സസ്യലതാദികൾ വളരെ കുറവായി കാണുന്നു.

**പ്രവർത്തന പദ്ധതി:**

നിങ്ങളുടെ വാസസ്ഥലത്ത് വരുന്ന സന്ദർശകർക്കായി ഒരു മാർഗ്ഗനിർദ്ദേശ പുസ്തകം (ഗൈഡ്ബുക്ക്) തയ്യാറാക്കുക.

1. മാർഗ്ഗനിർദ്ദേശപുസ്തകം നിങ്ങളുടെ പ്രദേശത്തിന്റെ തനതായ ഭൂമിശാസ്ത്ര പരമായ സവിശേഷതകളും ജനതയുടെ സിവേശഷതകളും വിവരിക്കുന്നതാ യിരിക്കണം.
2. സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ, വസിക്കുന്ന കരപ്രദേശത്തിലെ ഭൂമിയുടെ സവിശേഷതകൾ, കാലാവസ്ഥ, സസ്യങ്ങൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ മറ്റ് ഘടകങ്ങളായ തൊഴിൽ അവസരങ്ങൾ, സാമ്പത്തിക പ്രവർത്തനങ്ങൾ, വിനോദ പ്രവർത്തനങ്ങൾ, പ്രാദേശികഭാഷ, ആഹാരരീതി എന്നിവ പ്രത്യേകം അക്കമിട്ട് സൂചിപ്പിക്കുക
3. മാർഗ്ഗദർശനപുസ്തകത്തിൽ, പടങ്ങൾ, വരച്ചതും അല്ലാത്തതും അതുപോലെ തന്നെ നിങ്ങളുടെ വാസസ്ഥലത്തിന്റെ മറ്റ് പ്രത്യേകതകൾ എന്നിവ ഉണ്ടായിരിക്കണം.

## 9.1 പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**9.1**

1. (i) ബംഗ്ലാദേശ്, മ്യാൻമെർ

   (ii) ബംഗാൾ ഉൾക്കടലും അറബിക്കടലും

   (iii) ശ്രീലങ്ക

   (iv) പാകിസ്ഥാൻ, ഭൂട്ടാൻ

**9.2**

1. (i) കേരളം, തമിഴ്നാട്

   (ii) ജമ്മു & കാശ്മീർ, അരുണാചൽപ്രദേശ്

   (iii) നേപ്പാൾ, ഭൂട്ടാൻ

   (iv) ഡാമൻ & ഡ്യു, ഡാഡർ നാഗർ ഹാവെലി

**9.3**

1. ഹിമാദ്രി, ഹിമാചൽ, ഷിവാലിക്
2. A. ജമ്മു & കാശ്മീർ

   B. (a) അല്ല

   (b) അല്ല

   (c) അതെ

3. ഇന്ത്യാ, നേപ്പാൾ, ഭൂട്ടാൻ
4. പട്കോയ്, മിസ്സോ കുന്നുകൾ

**9.4**

1. (i) അഗ്നിപർവ്വത സ്ഫോടനം മൂലം

   (ii) (i) കൃഷി (ii) മത്സ്യബന്ധനം (iii) വാണിജ്യവും വ്യാപാരവും (ഏതെങ്കിലും രണ്ട്)

   (iii) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന അന്തർജ്ജല വിനോദങ്ങളും, ഉപരിജല വിനോദങ്ങളും, മറ്റു പ്രവർത്തനങ്ങളും ദ്വീപുകളിൽ ഉള്ളതിനാൽ

   (iv) സത്ലജ്, ബിയാസ്, രവി

**9.5**

1. ഗാണ്ടക്, കോഷി
2. ചിൽക്കാ
3. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഛത്തീസ്ഗഢ്
4. കൃഷ്ണാ

# 10

# കാലാവസ്ഥ

മോനയും രാജുവും മാതാപിതാക്കളോടൊപ്പം ആദ്യമായി സിംലയ്ക്ക് യാത്ര പോകുന്നതിന്റെ അതീവസന്തോഷത്തിലായിരുന്നു. അവരുടെ യാത്രയ്ക്കു വേണ്ടി വസ്ത്രങ്ങളും മറ്റും അടുക്കിയപ്പോൾ കുറച്ചു കമ്പിളി വസ്ത്രങ്ങൾ കൂടി കരുതുവാൻ അവരുടെ അമ്മ ആവശ്യപ്പെട്ടു. ദക്ഷിണ ഇന്ത്യയിൽ സ്ഥിതി ചെയ്യുന്ന തമിഴ്നാട്ടിലെ ചെന്നൈ പട്ടണത്തിലായിരുന്നു അവർ താമസിച്ചിരുന്നത്. മെയ്മാസത്തിലെ നല്ല ചൂടുകാലാവസ്ഥയിൽ ചെന്നൈയിൽ താമസിച്ചിരുന്ന അവർ, യാത്രയ്ക്ക് കമ്പിളിവസ്ത്രങ്ങൾ കുരുതുവാൻ ആവശ്യപ്പെട്ടപ്പോൾ അത്ഭുതപ്പെട്ടു. സിംലയിലെ കാലാവസ്ഥ തണുപ്പ് കൂടുതൽ ഉള്ളത് ആണ് എന്ന് കേട്ടപ്പോൾ അവരുടെ മനസ്സിൽ ഏതാനും സംശയങ്ങൾ ഉണ്ടായി. കാലാവസ്ഥ എന്നാൽ എന്താണ്? ഋതുവിശേഷം, കാലഭേദം, ദിനാന്തരീക്ഷം ഇവയൊക്കെ തമ്മിലുള്ള വ്യത്യാസമെന്താണ്? ഇന്ത്യയിൽ വ്യത്യസ്ത കാലാവസ്ഥ കാണപ്പെടുന്നത് എന്തുകൊണ്ടാണ്? താഴെ കൊടുത്തിരിക്കുന്ന പാഠഭാഗങ്ങളിൽ നിന്നും ഇതുപോലെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

## ലക്ഷ്യങ്ങൾ

ഈ അദ്ധ്യായം പഠിച്ച് കഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഇന്ത്യയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ മനസ്സിലാക്കുവാൻ;
- കാലവർഷത്തിന്റെ സ്വഭാവ സവിശേഷതകൾ വിവരിക്കുവാൻ;
- ഋതുഭേദങ്ങളുടെ കൃത്യമായ സംക്രമണവും പ്രത്യേകതകളും മനസ്സിലാക്കുവാൻ;
- സംക്രമണ രീതിയിൽ ഇന്ത്യയ്ക്ക് മഴ ലഭിക്കുന്നത് മനസ്സിലാക്കുവാൻ;
- ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ലഭിക്കുന്ന മഴയുടെ തോത് മനസ്സിലാക്കുവാൻ;
- നമ്മുടെ സാമൂഹിക ജീവിതത്തിലും സാംസ്ക്കാരിക ജീവിതത്തിലും കാലാവസ്ഥയുടെ പങ്ക് മനസ്സിലാക്കുവാൻ;
- ആഗോള പരിഃസ്ഥിതിയുടെ വ്യത്യാസവും സ്വാധീനവും കാലാവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ;

## 10.1 ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

മോനയും രാജുവും അവരുടെ മാതാപിതാക്കളുടെ കൂടെ തീവണ്ടിയിൽ യാത്ര ചെയ്തപ്പോൾ ശീതോഷ്ണസ്ഥിതിയും കാലാവസ്ഥയും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച്

ചോദിക്കുകയുണ്ടായി. കൂടെയുള്ള സഹയാത്രികരിൽ ഒരാൾ, അദ്ധ്യാപികയായ ശ്രീമതി രൂപ ആയിരുന്നു. അദ്ധ്യാപിക അവർക്ക് ശീതോഷ്ണസ്ഥിതിയും കാലാവസ്ഥയും തമ്മിലുള്ള വ്യത്യാസം ഇപ്രകാരം വിവരിച്ചുകൊടുത്തു. ഒരു രാജ്യത്തിലോ, ഒരു വലിയ ഭൂപ്രദേശത്തോ അനുഭവ പ്പെടുന്നതാണ് കാലാവസ്ഥ (climate). ഉദാഹരണത്തിന് ഇന്ത്യയിൽ മൺസൂൺ കാലാവസ്ഥ അനുഭവപ്പെടുന്നു. എന്നാൽ ശീതോഷ്ണസ്ഥിതി (weather) ഒരു ചെറിയ പ്രദേശത്ത്, നിങ്ങളുടെ നഗരത്തിലോ ഗ്രാമത്തിലോ അനുഭവപ്പെടുന്നത് ആണ്. തുടർച്ചയായി ഇത് മാറിക്കൊണ്ടിരിക്കുന്നതുമാണ്; ഉദാഹരണത്തിന് രാവിലെ മഴ, ഉച്ചയ്ക്ക് തെളിഞ്ഞ സൂര്യപ്രകാശം ലഭിക്കുന്നു. ഇതാണ് ശീതോഷ്ണസ്ഥിതി. കാലാവസ്ഥയും, ശീതോഷ്ണസ്ഥിതിയും തമ്മിലുള്ള വ്യത്യാസം അവരുടെ സിംലായ്ക്കുള്ള യാത്രയിൽകൂടി നിരീക്ഷിക്കുവാൻ ശ്രീമതി രൂപ അവരോട് ആവശ്യപ്പെട്ടു. ക്രമേണ അവർ ഈ വ്യതിയാനങ്ങൾ മനസ്സിലാക്കി. ദക്ഷിണേന്ത്യയിൽ ചൂടും ഈർപ്പവും കലർന്ന കാലാവസ്ഥയും അനുഭവപ്പെട്ടപ്പോൾ ഉത്തരേന്ത്യയിലേക്ക് പ്രവേശിച്ചതോടുകൂടി സാവധാനം ചൂടും വരൾച്ചയും അവർക്ക് അനുഭവപ്പെട്ടു. എന്നാൽ സിംലയിലേക്ക് അടുക്കും തോറും അവർക്ക് വഴിയിൽ തണുപ്പ് അനുഭവപ്പെട്ടു. അദ്ധ്യാപികയോട് ഇതിന്റെ കാരണങ്ങൾ ചോദിക്കുകയും, അദ്ധ്യാപിക ഈ വ്യതിയാനത്തിന്റെ വിവിധ കാരണങ്ങൾ വിവരിച്ചുകൊടുക്കുകയും ചെയ്തു.

**? നിങ്ങൾക്ക് അറിയാമോ**

ഒരു വലിയ ഭൂപ്രദേശത്ത് വളരെക്കാലം ഏതാണ്ട് 30 വർഷക്കാലത്തിൽ കൂടുതൽ അനുഭവപ്പെടുന്ന വ്യത്യസ്തമായ ശീതോഷ്ണാവസ്ഥയ്ക്ക് പൊതുവെ കാലാവസ്ഥ (climate) എന്നു പറയുന്നു. ശീതോഷ്ണസ്ഥിതി (weather) എന്നാൽ ഒരു നിശ്ചിത കാലയളവിൽ അനുഭവപ്പെടുന്നതാണ്. ദീർഘകാലം നിലനിൽക്കുന്ന ശീതോഷ്ണ സ്ഥിതിക്ക് ഒരു 'ഋതു' അഥവാ 'കാലം' എന്നു പറയുന്നു.

### 10.1.1 ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

1. **സ്ഥാനം:** ഭൂമദ്ധ്യ രേഖയോട് അടുത്ത് സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ ഉയർന്ന താപനിലയായിരിക്കും. എന്നാൽ ധ്രുവപ്രദേശങ്ങളിലേക്ക് നീങ്ങി തുടങ്ങുമ്പോൾ താപനില കുറഞ്ഞുകൊണ്ടിരിക്കും. നമ്മുടെ രാജ്യം ഉത്തര ഗോളാർദ്ധത്തിൽ ഭൂമദ്ധ്യ രേഖയോട് അടുത്ത് $8^{0}4$ x $23\frac{1}{2}^{0}$-ൽ സ്ഥിതി ചെയ്യുന്നു. കർക്കിടകരാശി (Tropic of Cancer) ഇന്ത്യയുടെ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്നു. ആയതിനാൽ ഇന്ത്യയുടെ ദക്ഷിണഭാഗത്ത് ഉഷ്ണമേഖല കാലാവസ്ഥയും ഉത്തരഭാഗത്ത് മിതോഷ്ണമേഖലാപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാലാവസ്ഥയും അനുഭവപ്പെടുന്നു. ഉദാഹരണമായി, ആന്ധ്രാ പ്രദേശത്ത് ഹരിയാനാ സംസ്ഥാനത്ത് അനുഭവപ്പെടുന്നതിനേക്കാൾ ചൂട് കൂടുതലാണ്. പൊതുവെ പറഞ്ഞാൽ കർക്കിടകരാശിക്ക് തെക്ക് കിടക്കുന്ന പ്രദേശങ്ങളിൽ വടക്ക് കിടക്കുന്ന പ്രദേശങ്ങളേക്കാൾ കൂടുതൽ സൂര്യതാപം അനുഭവപ്പെടുന്നു.

2. **സമുദ്രത്തിൽ നിന്നുള്ള ദൂരം:** ദക്ഷിണേന്ത്യയുടെ ഏതാണ്ട് പകുതിഭാഗം മൂന്നു വശവും സമുദ്രത്താൽ ചുറ്റപ്പെട്ടുകിടക്കുന്നു; പശ്ചിമഭാഗത്ത് അറബിക്കടലും, പൂർവ്വ ഭാഗത്ത് ബംഗാൾ ഉൾക്കടലും ദക്ഷിണഭാഗത്ത് ഇന്ത്യൻ മഹാസമുദ്രവും സ്ഥിതി

കുറിപ്പുകൾ

ചെയ്യുന്നു. സമുദ്രജലത്തിന്റെ സ്വാധീനത്താൽ ദക്ഷിണേന്ത്യയിൽ വേനൽക്കാലത്ത് ഉയർന്ന താപനിലയോ മഞ്ഞുകാലങ്ങളിൽ അതിശൈത്യമോ അനുഭവപ്പെടുന്നില്ല. ഉദാഹരണത്തിന്, ഉത്തരേന്ത്യ കടലിൽ നിന്നും അകലെ സ്ഥിതിചെയ്യുന്നതിനാൽ കടുത്ത കാലാവസ്ഥയും ദക്ഷിണേന്ത്യ കടലിന്റെ സമീപത്തായതിനാൽ മൃദുവായ കാലാവസ്ഥയും അനുഭവപ്പെടുന്നു. ഈ താപവ്യതിയാനങ്ങളും, വിവിധ പ്രദേശങ്ങളിൽ ലഭിക്കുന്ന വർഷപാതവും പട്ടിക 10.1 -ൽ കൊടുത്തിരിക്കുന്നതിൽ നിന്നും മനസ്സിലാക്കാം.

3. **ഉയരം/പൊക്കം:** സമുദ്രനിരപ്പിൽ നിന്നുള്ള ഉയരമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഉയരം വർദ്ധിക്കും തോറും അന്തരീക്ഷ വായുവിന്റെ സാന്നിദ്ധ്യം കുറഞ്ഞ് നമുക്ക് ശ്വസിക്കാനുള്ള വായു ലഭിക്കാതെ ശ്വാസതടസ്സം അനുഭവപ്പെടും. ഉയരം കൂടുംതോറും താപനിലയിൽ വ്യതിയാനം ഉണ്ടാകുന്നു. ഉദാഹരണത്തിന് കുന്നിൻപ്രദേശത്ത് സ്ഥിതിചെയ്യുന്ന സിംലാ പോലെയുള്ള നഗരങ്ങളിൽ, ശൈത്യവും, താഴ്ന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ലുധിയാനാ പോലെയുള്ള നഗരങ്ങളിൽ ചൂട് കാലാവസ്ഥയും അനുഭവപ്പെടുന്നു.

4. **മലനിരകൾ:** ഒരു പ്രദേശത്തെ മലനിരകളും കാലാവസ്ഥയെ വളരെയധികം സ്വാധീനിക്കുന്നു. ഇന്ത്യയുടെ ഉത്തരഭാഗത്ത് സ്ഥിതിചെയ്യുന്ന ഹിമാലയൻ പർവ്വതനിരകളുടെ ശരാശരി ഉയരം 6000 മീറ്ററാണ്. മദ്ധ്യേഷ്യയിൽ നിന്നുള്ള ശീതകാറ്റിൽ നിന്നും ഈ പർവ്വതനിരകൾ നമ്മുടെ രാജ്യത്തെ സംരക്ഷിക്കുന്നു. മറുഭാഗത്ത് തെക്കുപടിഞ്ഞാറൻ മഴമേഘങ്ങളെ തടഞ്ഞുനിർത്തി ഇന്ത്യയിൽ മഴ ലഭിക്കുന്നതിനും കാരണമാകുന്നു. അതുപോലെ പശ്ചിമഘട്ട മലനിരകൾ മഴമേഘങ്ങളെ തടഞ്ഞുനിർത്തി മലനിരകളുടെ താഴ്വാരങ്ങളിൽ കനത്ത മഴ ലഭിക്കുന്നതിനും കാരണമാകുന്നു.

5. **ഉപരിതലകാറ്റിന്റെ ദിശ:** കാറ്റ് അഥവാ വായുപ്രവാഹവും ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകമാണ്. വായുപ്രവാഹങ്ങൾ മുഖ്യമായും മൺസൂൺ കാറ്റ്, കരയിലെയും കടലിലെയും വായുപ്രവാഹങ്ങൾ, പ്രാദേശിക വായുപ്രവാഹങ്ങൾ എന്നിവകളാണ്. മഞ്ഞുകാലങ്ങളിൽ കാറ്റ് കരയിൽ നിന്നും കടലിലേക്ക് പ്രവഹിക്കുന്നതിനാൽ, അവ വരണ്ടതും, തണുത്തതും ആയിരിക്കും. എന്നാൽ, വേനൽക്കാലങ്ങളിൽ വായുപ്രവാഹം കടലിൽനിന്നും കരയിലേക്ക് ഉണ്ടാകുന്നു. അവയ്ക്ക് ഈർപ്പം കൂടുതലുള്ളതിനാൽ മിക്ക ഭാഗങ്ങളിലും വ്യാപകമായ തോതിൽ മഴ ലഭിക്കുന്നതിന് കാരണമാകുന്നു.

6. **ഉയർന്ന വായുമർദ്ദം:** ഉപരിതല വായു പ്രവാഹങ്ങൾ കൂടാതെ വളരെ ശക്തമായ വായുഭ്രമണങ്ങളുള്ള 'ജെറ്റ് സ്ട്രീമു'കളും (Jet Streams) ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്നു. സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 12,000 മീറ്റർ ഉയരത്തിൽ വളരെ ഇടുങ്ങിയ മേഖലകളിലൂടെ അതിശീഘ്രം പായുന്ന വായുപ്രവാഹങ്ങളാണ് 'ജെറ്റ് സ്ട്രീമുകൾ'. അവയോടൊപ്പം പടിഞ്ഞാറൻ പ്രക്ഷുബ്ധ കാറ്റുകൾ ഉണ്ടാകും. ഈ പ്രക്ഷുബ്ധ കാറ്റുകൾ മെഡിറ്ററേനിയൻ കടലിനടുത്ത് ഉത്ഭവിച്ച് കിഴക്കോട്ട് നീങ്ങുന്നു. മാർക്ഷമദ്ധ്യേ പേർഷ്യൻ ഉൾക്കടലിടുക്കിൽ നിന്നും ഈർപ്പം വലിച്ചെടുത്ത് ഇന്ത്യയുടെ വടക്കു പടിഞ്ഞാറു ഭാഗത്ത് മഴപെയ്യിക്കുന്നു. ഈ 'ജെറ്റ് സ്ട്രീമുകൾ' വേനൽക്കാലത്ത് വടക്കോട്ടുനീങ്ങി മദ്ധ്യേഷ്യയിൽ വീശുന്നു. ഇത് കാലവർഷത്തിന്റെ തുടക്കത്തിന് കാരണമാകുന്നു.


കുറിപ്പുകൾ

## പ്രവർത്തനം 10.1

ചില പ്രധാനപ്പെട്ട സ്റ്റേഷനുകളിലെ താപനിലയും (T) വർഷപാതവും (R)

| സ്റ്റേഷൻ | | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തം | ഒക്ടോ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ലേഖ് | T | -8 | -7 | -1 | 9 | 10 | 14 | 17 | 17 | 12 | 6 | 0 | -6 |
| | R | 10 | 8 | 8 | 5 | 5 | 5 | 13 | 13 | 8 | 5 | 0 | 5 |
| ചെന്നൈ | T | 25 | 26 | 28 | 31 | 33 | 33 | 31 | 31 | 30 | 20 | 26 | 25 |
| | R | 4 | 13 | 13 | 18 | 38 | 45 | 87 | 113 | 119 | 306 | 350 | 135 |

1. രണ്ടുസ്ഥലങ്ങളിലേയും ശരാശരി താപനില എഴുതുക
2. ഒരു വർഷത്തിൽ ഓരോ സ്റ്റേഷനിലും ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസം ഏത്?




ചിത്രം 10.1

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

മുകളിൽ കൊടുത്തിരിക്കുന്ന ഭൂപടം നിരീക്ഷിച്ച് താഴെ പറയുന്ന ചോദ്യങ്ങളുടെ ഉത്തരം എഴുതുക.

(a) ഭൂപടത്തിൽ ഇന്ത്യയെ രണ്ട് താപമേഖലകളായി തിരിച്ചു കാണിക്കുന്ന അക്ഷാംശത്തിന്റെ പേര് പറയുക. അക്ഷാംശത്തിന്റെ ഡിഗ്രിയും പ്രസ്താവിക്കുക.

(b) ഭൂപടം നിരീക്ഷിച്ച് സമുദ്രത്തിന്റെ സ്വാധീനമുള്ള നഗരങ്ങളും, സമുദ്രത്തിന്റെ സ്വാധീനം ഇല്ലാത്തതായ ഇന്ത്യയിലെ നഗരങ്ങളുടെയും പേര് പറയുക.

(c) മദ്ധ്യേഷ്യയിലെ കൊടും ശീതക്കാറ്റിൽ നിന്നും നമ്മുടെ രാജ്യത്തിനു സംരക്ഷണം നൽകുന്ന പർവ്വതനിര ഏതാണ്?

(d) ഭൂപടത്തിൽ കൊടുത്തിരിക്കുന്ന കാറ്റിന്റെ ഗതി നിരീക്ഷിക്കുക. എന്തു കൊണ്ടാണ് നമ്മുടെ രാജ്യത്തിൽ വരണ്ട ശീതകാലം അനുഭവപ്പെടുന്നത്?

മോനയും രാജുവും സിംലയിൽ അഞ്ചുദിവസം താമസിച്ചതിനുശേഷം മടങ്ങി. സന്തോഷകരമായി മടങ്ങിയെത്തിയ അവർ കൂട്ടുകാരുമായി അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മൺസൂൺ ഉടനെ ഉണ്ടാകുമെന്നുള്ള ദിനപത്രത്തിലെ വാർത്താതലക്കെട്ടുകൾ കണ്ട് അവർ അത്ഭുതപ്പെട്ടു. മൺസൂൺ എന്നതിന്റെ അർത്ഥം എന്താണ്? അദ്ധ്യാപകരുടെ സഹായത്തോടെ അവർ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുവാൻ ആഗ്രഹിക്കുന്നു. താഴെ പറയുന്ന വിഭാഗത്തിൽ അതിന്റെ ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കുക.

## 10.2 കാലവർഷത്തിന്റെ ഘടന


അറബി ഭാഷയിലെ 'മൗസിം' എന്ന വാക്കിൽനിന്നാണ് മൺസൂൺ എന്ന പദം ഉണ്ടായത്. ഇതിന്റെ അർത്ഥം 'ഋതു' എന്നാണ്. കാറ്റിന്റെ ദിശാ വ്യതിയാനം മൂലം ഒരു വർഷത്തിൽ ഉണ്ടാകുന്ന കാലാവസ്ഥാമാറ്റത്തെയാണ് കാലവർഷം കൊണ്ട് ഉദ്ദേശിക്കുന്നത്. ഉത്തരേന്ത്യ സമതല പ്രദേശങ്ങളിലുള്ള രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, പശ്ചിമ ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ വേനൽക്കാലത്ത് കഠിനമായ ചൂട് അനുഭവപ്പെടും. ചില പ്രദേശങ്ങളിൽ $45^0$ - $47^0C$ വരെ താപനില ആകാറുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടിക 10.1 ഇന്ത്യയിൽ അനുഭവപ്പെടുന്ന താപനില വ്യതിയാനത്തെ കാണിക്കുന്നു. ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന താപനിലയുടെ വ്യതിയാനങ്ങൾ മനസ്സിലാക്കുക.

| സ്റ്റേഷനുകൾ | | J | F | M | A | M | J | J | A | S | O | N | D |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ലേഖ് | താപം | -8 | -7 | -1 | 9 | 10 | 14 | 17 | 17 | 12 | 6 | 0 | -6 |
| | വർഷപാതം | 10 | 8 | 8 | 5 | 5 | 5 | 13 | 13 | 8 | 5 | 0 | 5 |
| ഷില്ലോംഗ് | താപം | 10 | 11 | 16 | 19 | 19 | 21 | 21 | 21 | 20 | 17 | 13 | 10 |
| | വർഷപാതം | 14 | 29 | 56 | 146 | 295 | 476 | 359 | 343 | 302 | 188 | 36 | 10 |
| ഡൽഹി | താപം | 14 | 17 | 23 | 29 | 34 | 35 | 31 | 30 | 29 | 21 | 20 | 15 |
| | വർഷപാതം | 21 | 24 | 13 | 10 | 10 | 68 | 186 | 170 | 125 | 14 | 2 | 9 |
| ജയ്സാൽമർ | താപം | 16 | 20 | 25 | 30 | 33 | 34 | 32 | 31 | 30 | 28 | 22 | 17 |
| | വർഷപാതം | 0.2 | 0.1 | 0.3 | 0.1 | 0.5 | 0.7 | 0.9 | 8.6 | 14 | 01 | 0.5 | 0.2 |
| മുംബൈ | താപം | 24 | 24 | 24 | 28 | 30 | 29 | 27 | 27 | 27 | 28 | 27 | 25 |
| | വർഷപാതം | 4 | 2 | 2 | 2 | 18 | 465 | 613 | 329 | 286 | 65 | 18 | 2 |
| ചെന്നൈ | താപം | 25 | 26 | 28 | 31 | 33 | 33 | 31 | 31 | 30 | 28 | 26 | 25 |
| | വർഷപാതം | 4 | 13 | 13 | 18 | 38 | 45 | 87 | 113 | 119 | 306 | 350 | 135 |
| തിരുവനന്തപുരം | താപം | 27 | 27 | 28 | 29 | 29 | 27 | 26 | 26 | 27 | 27 | 27 | 27 |
| | വർഷപാതം | 23 | 21 | 39 | 106 | 208 | 356 | 223 | 146 | 138 | 273 | 206 | 75 |

## നിങ്ങൾക്കറിയാമോ

- വായുവിന് ഭാരമുണ്ട്. ഈ ഭാരം നമ്മൾക്കു മർദ്ദം തരുന്നു. അതിനെ വായുമർദ്ദം എന്നുവിളിക്കുന്നു.
- താപവും വായുമർദ്ദവും തമ്മിൽ വിപരീതമായ ബന്ധമാണുള്ളത്. അതായത് ഏതെങ്കിലും പ്രദേശത്തെ താപനില ഉയർന്നതാണെങ്കിൽ വായുമർദ്ദം കുറവായിരിക്കും. അതുപോലെ മറിച്ചും സംഭവിക്കും.
- വായുമർദ്ദത്തിന്റെ വ്യതിയാനങ്ങൾ കാറ്റ് ഉണ്ടാകുന്നതിന് കാരണമാകുന്നു.


ദില്ലിയിലും ജോഡ്പൂരിലും മെയ്മാസത്തിൽ അനുഭവപ്പെട്ട ശരാശരി താപനില $33^0$C-ന് മുകളിലായിരുന്നു. ഇത്രയും ഉയർന്ന താപനില ആ പ്രദേശത്തെ വായു കൂടുതൽ ചൂട് ആകുന്നതിന് കാരണമാകുന്നു. ചൂട് വായു മുകളിലേക്ക് ഉയരുകയും തൽഫലമായി ന്യൂനമർദ്ദം താഴെ രൂപപ്പെടുകയും ചെയ്യും. ഈ ന്യൂനമർദ്ദത്തെ മൺസൂൺ ടർഫ് (monsoonal trough) അഥവാ മൺസൂൺ തണ്ണിത്തൊട്ടി എന്ന് അറിയപ്പെടുന്നു. ഈ പ്രതിഭാസത്തിന്റെ നിഴലിൽ വരുന്ന പ്രദേശങ്ങളാണ് പടിഞ്ഞാറ് ജെയ്സാൽമർ മുതൽ കിഴക്ക് ഒഡീഷയിലെ ബാലസോർ വരെയുള്ളത്.




**ചിത്രം 10.2** *മെയ്മാസത്തിലെ താപനില*

അതേസമയം കരപ്രദേശം ജലത്തിനേക്കാൾ പെട്ടെന്ന് ചൂടാകുന്നതിനാൽ ഇന്ത്യൻ മഹാസമുദ്രമേഖലയിലെ താപനില താരതമ്യേന താണനിലയിൽ ആയിരിക്കും. ആയതിനാൽ സമുദ്രമേഖലയിൽ താരതമ്യേന ഉയർന്ന മർദ്ദം രൂപപ്പെടുന്നു. നൽകിയിരിക്കുന്ന ചിത്രം 10.2 നിരീക്ഷിച്ച് ഈ പ്രതിഭാസം കൂടുതലായി മനസ്സിലാക്കുക.

ഇപ്രകാരം വടക്ക് മദ്ധ്യ ഇന്ത്യയുടെ സമതലപ്രദേശങ്ങളിലും ഇന്ത്യൻ സമുദ്രത്തിലും താപനിലയിൽ വ്യത്യാസം ഉണ്ടാവുകയും തൽഫലമായി മർദ്ദമേഖലകൾ രൂപപ്പെടുകയും ചെയ്യുന്നു. ഈ വ്യതിയാനം മൂലം സമുദ്ര മേഖലയിലെ ഉയർന്ന മർദ്ദം അനുഭവപ്പെടുന്ന പ്രദേശത്തുനിന്നും ഉത്തരേന്ത്യയിലെ ന്യൂനമർദ്ദ പ്രദേശങ്ങളിലേക്ക് വായു നീങ്ങുന്നു. അങ്ങനെ ജൂൺമാസം മദ്ധ്യമാകുന്നതോടെ വായുപ്രവാഹം ഉണ്ടാകുന്നത് ഇന്ത്യാ മഹാസമുദ്രത്തിലെ ഭൂമദ്ധ്യരേഖയിൽ നിന്നും ഇന്ത്യ ഉപഭൂഖണ്ഡത്തിലേക്കാകും. സാധാരണയായി ഈ പ്രവാഹം തെക്കുപടിഞ്ഞാറുനിന്നും വടക്കു കിഴക്കോട്ടായിരിക്കും. ഇത് വിപരീത ദിശയിലേക്ക് ഉണ്ടാക്കുന്ന ഉഷ്ണക്കാറ്റ് (trade winds northeast to south-west) ശൈത്യകാലത്ത് ആയിരിക്കും. ഇപ്രകാരം വിപരീതദിശയിലുള്ള കാറ്റിന്റെ ഗതി വടക്കു-കിഴക്ക് മുതൽ തെക്കു-പടിഞ്ഞാറ് വരെ ഉണ്ടാകുന്നത് മൺസൂൺ എന്നറിയപ്പെടുന്നു.




**ചിത്രം 10.3** *ജൂൺമാസത്തിലെ താപനില*

സമുദ്രമേഖലയിൽ ഉയർന്ന താപനില അനുഭവപ്പെടുന്ന ഭാഗത്തായിരിക്കും ഇപ്രകാരമുള്ള കാറ്റിന്റെ ഉത്ഭവം. അതുകൊണ്ട് വായുവിൽ ജലാംശത്തിന്റെ തോത് കൂടുതലായിരിക്കും. ജൂൺമാസം മുതൽ സെപ്റ്റംബർ വരെ 80 ശതമാനം മുതൽ 90 ശതമാനം വ്യാപകമായി മഴ ലഭിക്കുന്നതിന് ഇപ്രകാരം ജലാംശം നിറഞ്ഞ കാറ്റ് ഇന്ത്യാ ഉപഭൂഖണ്ഡത്തിലൂടെ പ്രവഹിക്കുന്നത് കാരണമാകുന്നു. ഈ വർഷപാതം കേവലം 4 മാസത്തേക്ക് മാത്രമേ നില നിൽക്കുകയുള്ളൂ.

### 10.2.1 മൺസൂണിന്റെ സവിശേഷതകൾ


1. ഒരേ രീതിയിൽ സ്ഥിരമായി ഉണ്ടാവുന്നതല്ല മൺസൂൺ. വ്യത്യസ്ത ശീതോഷ്ണ സ്ഥിതി മൂലം അതിന് തുടർച്ചാ സ്വഭാവവുമില്ല. ചിലപ്പോൾ മൺസൂൺ നേരത്തെ ഉണ്ടാവാം. അല്ലെങ്കിൽ കുറെ വൈകി ഉണ്ടാവാം.

2. മൺസൂൺ തുല്യമായി വ്യാപകവുമല്ല ഒഡീഷ, പശ്ചിമ ബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങളുടെ തീരപ്രദേശങ്ങളിൽ കനത്ത വർഷപാതം ലഭിക്കുമ്പോൾ ഉൾപ്രദേശങ്ങളായ ഹരിയാനയിലും മദ്ധ്യപ്രദേശത്തിലും ചെറിയ തോതിലുള്ള വർഷപാതം മാത്രമേ ഉണ്ടാവാറുള്ളൂ.

3. മൺസൂണിന്റെ ആഗമനത്തിൽ തന്നെ ഉയർന്നതോതിലുള്ള വർഷപാതം കുറെ ദിവസങ്ങളിൽ നിലനിൽക്കാം. ഇതിനെ 'burst of monsoon' അഥവാ 'മൺസൂണിന്റെ 'പൊട്ടിപ്പുറപ്പെടൽ' എന്നു വിളിക്കുന്നു. സാധാരണ കേരള തീരപ്രദേശങ്ങളിൽ മൺസൂണിന്റെ വരവോടുകൂടിയാണ് ഇത് ഉണ്ടാവുന്നത്

## അഭ്യാസം 10.2

ചിത്രം നിരീക്ഷിച്ച് താഴെ പറയുന്ന ചോദ്യങ്ങളുടെ ഉത്തരം നൽകുക.



(a) (b) (c)

ചിത്രം 10.4

1. തന്നിരിക്കുന്ന ചിത്രങ്ങളിൽ (a) (b) (c) എന്നിവയിൽ ഓരോന്നിലും ഋതുഭേദം ഏതുതരമെന്ന് കണ്ടുപിടിക്കുക.
2. ഋതുഭേദം ഉണ്ടാകുന്നതിന്റെ ക്രമത്തിൽ ചിത്രം അടുക്കുക.
3. ഏതു ഋതുഭേദമാണ് നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്നത്? എന്തുകൊണ്ട്? 30 വാക്കുകളിൽ ഉത്തരം എഴുതുക.

## 10.2 പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ

ചിത്രം 10.2, 10.3 എന്നിവയിൽ കൊടുത്തിരിക്കുന്ന മൺസൂണിന്റെ ആഗമനം നിരീക്ഷിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. ന്യൂനമർദ്ദമേഖലയ്ക്ക് താഴെയുള്ള സംസ്ഥാനങ്ങളുടെ പേര് എഴുതുക.

2. തെക്കു പടിഞ്ഞാറൻ ദിശയിൽ നിന്നും വരുന്ന മൺസൂൺ മേഘങ്ങൾ മൂലം വർഷപാതം ആദ്യം ലഭിക്കുന്ന സംസ്ഥാനം ഏതാണ്?

3. മൺസൂൺ കാറ്റ് ബംഗാൾ ഉൾക്കടൽ ഭാഗത്ത് എത്തുമ്പോൾ അവയുടെ ദിശ ഏതായിരിക്കും?

4. താഴെ പറയുന്ന നഗരങ്ങളിൽ ലഭിക്കുന്ന വർഷപാതത്തിന്റെ സ്ഥിതിവിവരം നിരീക്ഷിച്ച് നാല് നഗരങ്ങളിലെ ശരാശരി മൺസൂൺകാല വർഷപാതം കണ്ടുപിടിക്കുക. നഗരങ്ങളുടെ പേര്:

   (a) മുംബൈ  (c) ദില്ലി

   (b) ജെയ്സാൽമർ  (d) ഷില്ലോംഗ്

കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ മോനയുടെയും രാജുവിന്റെയും പിതാവിന് ദില്ലിയിലേക്ക് സ്ഥലമാറ്റം ഉണ്ടായി. അവർ ഡൽഹിയിലേക്ക് മാറ്റപ്പെട്ടു. ഡൽഹിയിലെ സാഹചര്യവും, പുതിയ ഭവനവും, പുതിയ വിദ്യാലയവും, പുതിയ സതീർത്ഥ്യരും എല്ലാം തന്നെ അവർക്ക് പുതുമ ആയിരുന്നു. അവരുടെ പാഠ്യപുസ്തകത്തിൽ നിന്ന് വായിച്ചു മനസ്സിലാക്കിയിട്ടുള്ള ഋതുഭേദങ്ങൾ അനുഭവമാകുന്നുവെന്ന് അവർക്ക് മനസ്സിലായി. വിവിധ ഋതുഭേദങ്ങൾ എങ്ങനെ ഉണ്ടാകുന്നുവെന്ന് താഴെ പറയുന്ന പാഠഭാഗത്തുനിന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുക.

## 10.3 ഋതുഭേദ സംക്രമണം

ഭൂമിശാസ്ത്രപരമായ സ്ഥാനം കൊണ്ട് നമ്മുടെ രാജ്യത്ത് വൈവിധ്യ മാർന്ന ഋതുഭേദങ്ങൾ ഉണ്ടാകുന്നു. ഇന്ത്യയിലെ ഋതുഭേദങ്ങളും അവയുടെ പ്രത്യേകതരമായ സവിശേഷതകളും നിങ്ങൾ ഈ ഭാഗത്ത് പഠിക്കും. ഇന്ത്യയിൽ നാലു തരത്തിലുള്ള ഋതുഭേദങ്ങൾ അനുഭവപ്പെടുന്നുണ്ട്.

(a) ശൈത്യകാലം (ഡിസംബർ - ഫെബ്രുവരി)


(b) വേനൽക്കാലം (മാർച്ച് - മെയ്)

(c) തെക്കു-പടിഞ്ഞാറൻ മൺസൂണിന്റെ ആഗമനം (ജൂൺ - സെപ്റ്റംബർ)

(d) കാലവർഷത്തിനുശേഷമുള്ള മൺസൂണിന്റെ പിൻവാങ്ങൽ (ഒക്ടോബർ - നവംബർ)

ഇതിൽ ഓരോന്നിനെ സംബന്ധിച്ചും നിങ്ങൾ കൂടുതൽ പഠിക്കും.


**(a) ശൈത്യകാലം:** ശൈത്യകാലത്തിന്റെ ദൈർഘ്യം ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലത്താണ്. ഇന്ത്യയുടെ തെക്കുഭാഗം മുതൽ വടക്കുഭാഗം വരെയുള്ള പ്രദേശത്ത് താപനില കുറഞ്ഞു കുറഞ്ഞു വരും.




**ചിത്രം 10.5** *ജനുവരിയിലെ ഏറ്റവും ഉയർന്ന താപനില*

ഡിസംബർ - ജനുവരി മാസങ്ങളിൽ ആണ് ഏറ്റവും കൂടുതൽ ശൈത്യം അനുഭവപ്പെടുന്നത്. ശരാശരി താപനില ഉത്തരേന്ത്യയിൽ 120 മുതൽ 150 സെൽഷ്യസും ദക്ഷിണേന്ത്യയിൽ 250 സെൽഷ്യസും ആകാറുണ്ട്. ഈ ഋതുഭേദത്തിൽ വടക്കെ ഇന്ത്യയിലും, വടക്കു പടിഞ്ഞാറൻ ഇന്ത്യയിലും ഹിമപാതം (snowfall) സാധാരണമാണ്. 'വെസ്റ്റേൺ ഡിസ്റ്റർബൻസസ്' (Western disturbances) അഥവാ പടിഞ്ഞാറൻ പ്രവാഹം മൂലം വർഷപാതം ലഘുവായ തോതിലായിരിക്കും. എന്നാൽ ഉയർന്ന ഹിമാലയത്തിന്റെ ചെരിവു പ്രദേശങ്ങളിൽ മഞ്ഞ് വീഴ്ച സാധാരണയായി ഉണ്ടാവും. ശൈത്യകാലത്ത് വടക്കു-പടിഞ്ഞാറൻ വാണിജ്യവാതം (trade wind) ഇന്ത്യയിൽ ഉണ്ടാവാറുണ്ട്. അവ കരയിൽ നിന്നും കടലിലേക്ക് വീശുന്നു. ആയതിനാൽ രാജ്യത്തിന്റെ മിക്കഭാഗങ്ങളിലും വരണ്ട കാലാവസ്ഥ ആയിരിക്കും. എന്നാൽ ഈ കാറ്റു ('വാണിജ്യവാതം') മൂലം തമിഴ്നാട് സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ശൈത്യകാല മഴ ലഭിക്കാറുണ്ട്.

വടക്കു-കിഴക്കൻ വാണിജ്യവാതത്തിൽ ഒരു ചെറിയ അംശം ബംഗാൾ ഉൾക്കടലിലും അടിക്കാറുണ്ട്. അവ നീരാവി വഹിച്ച് മഴ പെയ്യിക്കുന്നു. രാജ്യത്തിന്റെ വടക്കുഭാഗത്ത് മിക്ക ഭാഗങ്ങളിലും വരണ്ട കാലാവസ്ഥ അനുഭവപ്പെടുമ്പോൾ, തമിഴ്നാട് തീരപ്രദേശങ്ങളിൽ കാലാവസ്ഥ തെളിഞ്ഞ ആകാശവും, താഴ്ന്ന താപനിലയും, താഴ്ന്ന ക്ലിന്നത (humidtiy) യും ആയിരിക്കും. ശൈത്യകാല മഴ റാബി വിളകൾക്ക് വളരെ പ്രധാനപ്പെട്ടതാണ്.





ചിത്രം 10.5 *ജനുവരിയിലെ കാറ്റിന്റെ ഗതി*

**(b)** **ചൂടുകാലം:** ഫെബ്രുവരി മാസം അവസാനത്തോടുകൂടി താപനില ഉയർന്നു തുടങ്ങും. അതുകൊണ്ട് മാർച്ച് മാസം മുതൽ മെയ് മാസം വരെ വേനൽക്കാലമാണ്. സമതലപ്രദേശങ്ങളിലും, ഇന്ത്യയുടെ പടിഞ്ഞാറു ഭാഗത്തും ഉപ മഹാദ്വീപിന്റെ മദ്ധ്യഭാഗത്തും ഉയർന്ന താപം അനുഭവപ്പെടും. വടക്കൻ സമതലപ്രദേശ ങ്ങളിൽ തൻമൂലം ദൈർഘ്യമേറിയ ന്യൂനമർദ്ദം ഉണ്ടാകുന്നു. ഈ പ്രതിഭാസത്തെ 'കാലവർഷതോണി' (monsoonal trough) എന്നു പറയുന്നു. ഇതിന്റെ വ്യാപ്തി പടിഞ്ഞാറൻ രാജസ്ഥാനിലെ ജയ്സാൽമർ മുതൽ ജാർഖണ്ഡ്, ഒഡീഷയിലെ കിഴക്കൻ പ്രദേശം വരെ നീണ്ടുകിടക്കുന്നു. എന്നിരുന്നാലും ഈ കാലാവസ്ഥയിൽ ഇന്ത്യൻമഹാസമുദ്രത്തിൽ ഭൂമദ്ധ്യരേഖയ്ക്ക് തെക്കുഭാഗത്ത് അതിമർദ്ദമേഖല രൂപപ്പെടുന്നു. വടക്കു-പടിഞ്ഞാറൻ ഇന്ത്യയിൽ ഉച്ചയ്ക്കുശേഷമുള്ള മഞ്ഞ് കാറ്റുകൾ സധാരണമാണ്. വേനൽക്കാലത്ത് അതിതീക്ഷ്ണമായ വരണ്ട കാറ്റ് ഉത്തരേന്ത്യൻ സമതല പ്രദേശങ്ങളിൽ വീശുന്നു. ഇവയെ പ്രാദേശികമായി 'ലൂ' (loo) അഥവാ ഉഷ്ണക്കാറ്റ് എന്നു വിളിക്കുന്നു. ഈ ചൂട്കാറ്റ് ചില അവസരങ്ങളിൽ സൂര്യാഘാത ങ്ങൾക്ക് കാരണമാകാം. ചില സന്ദർഭങ്ങളിൽ ശക്തമായ കാറ്റും ഇടിമിന്നലോടു കൂടിയ വർഷപാതവും തുടർന്ന് കൊടുങ്കാറ്റും ഉണ്ടാവാം. പശ്ചിമ ബംഗാളിൽ ഈ കൊടുങ്കാറ്റിനെ 'ഖാൽ വൈശാഖി' (വൈശാഖി മാസത്തിലെ ആപത്ത്) എന്നു വിളിക്കുന്നു. ഈ ഉഷ്ണകാലത്തിന്റെ അവസാനത്തോടുകൂടി കാലവർഷത്തിന്റെ

തുടക്കം കുറിക്കുന്ന വർഷപാതം പ്രത്യേകിച്ചും കേരളത്തിലും, കർണ്ണാടകയിലും സാധാരണമാണ്. മൺസൂൺകാലത്തിന് മുൻപ് ലഭിക്കുന്ന ഈ വർഷപാതം മാമ്പഴത്തിന്റെ നേരത്തെയുള്ള വിളവെടുപ്പിന് സഹായകരമായതിനാൽ ഇവയെ 'മാംഗോ ഷവേഴ്സ്' (mangoe showers) അഥവാ 'മാങ്ങാ വർഷപാതം' എന്നു വിളിക്കുന്നു.

(c) **തെക്കു-പടിഞ്ഞാറൻ കാലവർഷത്തിന്റെ ആഗമനം:** അത്യുഷ്ണകാലാവസ്ഥയിൽ നിന്നും മോചനം പ്രാപിക്കുവാൻ ജനങ്ങൾ ആകാംഷയോടെ വർഷപാതത്തിനു വേണ്ടിയുള്ള കാത്തിരിപ്പ് തുടങ്ങുന്നു. കർഷകരാകട്ടെ അടുത്ത വിളവ് ഇറക്കുന്ന തിന് കൃഷി ഭൂമി ഒരുക്കാനുള്ള കാത്തിരിപ്പ് സമയമാണ്. ഇതിനെ 'ഖാരിഫ് സീസൺ' എന്നു പറയുന്നു. തെക്കു-പടിഞ്ഞാറൻ മൺസൂൺ വർഷപാതത്തിന്റെ കാലഘട്ടം ജൂൺ മാസം മുതൽ സെപ്റ്റംബർ വരെയാണ്. വളരെ ഉയർന്ന താപനില കാരണം ഉത്തരേന്ത്യയിൽ മെയ്മാസം അവസാനത്തോടുകൂടി മൺസൂൺ വരൾച്ച കൂടുതൽ ശക്തി പ്രാപിക്കുകയും ചെയ്യും. ഈ കാലഘട്ടത്തിൽ കാറ്റിന്റെ ഗതി സാധാരണ യായി തെക്കു-പടിഞ്ഞാറു നിന്നും, വടക്കു-കിഴക്കായിട്ടാണ്.




**ചിത്രം 10.7** *മൺസൂൺ കാലവർഷത്തിന്റെ ആഗമനം*

കാറ്റ് വളരെ ശക്തിയുള്ളതും മണിക്കൂറിൽ ശരാശരി 30 കിലോമീറ്റർ വേഗത്തിൽ നീങ്ങുന്നതുമാണ്. ഈർപ്പം കലർന്ന ഈ കാറ്റ് മെയ് അവസാന വാരത്തിൽ ആദ്യം ആൻഡമാൻ - നിക്കോബാർദ്വീപുകളിലും, ജൂൺ മാസ പ്രാരംഭത്തിൽ കേരളത്തിലും, മിന്നലും ഇടിയും ചേർന്ന വർഷപാതമായി എത്തുന്നു. ഇന്ത്യയിലെ മുഖ്യ ഋതുഭേദങ്ങൾക്ക് ഈ തെക്കു-പടിഞ്ഞാറൻ മൺസൂൺ കാരണമാകുന്നു. തെക്കു-പടിഞ്ഞാറൻ മൺസൂണിന്റെ ഉത്ഭവം രണ്ട് പ്രദേശങ്ങളിൽ നിന്നാണ്; (1) അറബിക്കടൽ (2) ബംഗാൾ ഉൾക്കടൽ

അറബിക്കടലിൽ നിന്നും ഉത്ഭവിക്കുന്ന തെക്കു-പടിഞ്ഞാറൻ മൺസൂൺ കാറ്റ് പശ്ചിമ ഘട്ട മലനിരകളിൽ തടയുന്നതിനാൽ, മലനിരകളുടെ പടിഞ്ഞാറൻ ചെരിവുകളിൽ കനത്ത മഴ ലഭിക്കുന്നു. ഏതാണ്ട് ജൂൺമാസം 10-ാം തീയതിയോടുകൂടി ഇവ മുംബൈയിലും എത്തുന്നു (ചിത്രം 10.7 കാണുക). ഈ കാറ്റ് പശ്ചിമഘട്ട പർവ്വതനിരകൾ പിന്നിട്ട് ഡക്കാൺ സമതലപ്രദേശത്തും മദ്ധ്യപ്രദേശത്തിന്റെ ഭാഗങ്ങളിലും എത്തുമ്പോൾ ദുർബലമാകുന്നു. ഈ പ്രദേശങ്ങൾ മഴനിഴൽ പ്രദേശങ്ങളായതു കാരണം നേരിയ മഴ മാത്രമേ ലഭിക്കുകയുള്ളൂ. ഈ കാറ്റ് വടക്കൻ സമതല പ്രദേശങ്ങളിൽ ജൂൺ മാസം 20-ാം തീയതിയോടുകൂടി എത്തുന്നു.


ബംഗാൾ ഉൾക്കടലിലൂടെ നീങ്ങുന്ന കാലവർഷകാറ്റ് ആദ്യം ആൻഡമാൻ -നിക്കോബാർ ദ്വീപുകളിലും ഇന്ത്യയുടെ വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലും പശ്ചിമ ബംഗാളിന്റെ തീരപ്രദേശങ്ങളിലും ഉത്തരേന്ത്യൻ സംസ്ഥാന ങ്ങളിലുമെല്ലാം ഏതാണ്ട് ജൂലൈ മാസം 15-ാം തീയതിയോടുകൂടി വ്യാപിക്കുന്നു. ഈ പ്രദേശങ്ങളിലെല്ലാം ഇവ കനത്ത മഴയ്ക്ക് കാരണമാകുന്നു. എന്നാൽ, വടക്കൻ സമതല പ്രദേശങ്ങളിലൂടെ പശ്ചിമ ഭാഗത്തേക്ക് നീങ്ങുംതോറും ലഭിക്കുന്ന മഴയുടെ തോത് കുറവായിരിക്കും. ഉദാഹരണത്തിന് കൊൽക്കത്തയിൽ ഇത് 120 സെ.മീറ്റർ ആണ്. അലഹബാദിൽ 91 സെ.മീറ്ററും ദില്ലിയിൽ 56 സെ. മീറ്ററും ആണ്. വർഷപാതം തുടർച്ചയായി ദിവസങ്ങളോളം നിലനിൽക്കുന്നില്ല എന്ന് നിങ്ങൾക്കും ബോദ്ധ്യമായിട്ടുണ്ടാവും. കാലവർഷത്തിനും ഇടവേള ഉണ്ട്. തന്മൂലം ശീതോഷ്ണസ്ഥിതിയിൽ വരണ്ടതും ഈർപ്പാംശമുള്ളതുമായ കാലാവസ്ഥ ഇടവിട്ട് അനുഭവപ്പെടും. ഇതിന്റെ അർത്ഥം, കാലവർഷം തുടർച്ചയായി ഏതാനും ദിവസങ്ങൾ മാത്രം ഉണ്ടാവുന്നു എന്നതാണ്. വർഷപാതം ഇല്ലാത്ത 'വരൾച്ച' ഏതാനും ദിവസങ്ങൾ പിന്നിട്ട് വീണ്ടും കാലവർഷം ഉണ്ടാകാം. വേനൽക്കാലവും വരൾച്ചയും പിന്നിട്ട് കാലവർഷം ലഭിക്കുന്നതിനാൽ താപനിലയിലും മാറ്റം ഉണ്ടാവുന്നു. ജൂൺമാസം പകുതിമുതൽ ജൂലൈ മാസം മദ്ധ്യം വരെ ഇത് 50 സെൽഷ്യസിനും 80 സെൽഷ്യസിനും ഇടയിലായിരിക്കും. ഇന്ത്യയുടെ പലഭാഗത്തും വെള്ളപ്പൊക്കം ഉണ്ടാവുന്നത് ഈ കാലഘട്ടത്തിലാണ്. ഇതിന്റെ പ്രധാന കാരണം അമിതമഴയും ജലവിഭവം ചിട്ടയായി നാം ഉപയോഗിക്കാത്തതുമാണ്. അതേസമയം പലസ്ഥലങ്ങളിലും ഈ വേളയിൽ വരൾച്ചയും അനുഭവപ്പെടുന്നു.

## പ്രവർത്തനം 10.3

ഇന്ത്യയുടെ ഏതൊക്കെ ഭാഗങ്ങളിലാണ് തുടർച്ചയായി വെള്ളപ്പൊക്കവും വരൾച്ചയും ഉണ്ടാകുന്നതെന്ന് പത്രങ്ങളിൽ നിന്നോ മറ്റ് മാർക്ഷങ്ങളിലൂടെയോ വിവരങ്ങൾ ശേഖരിക്കുക. വർത്തമാനപ്പത്രങ്ങളിൽ വരുന്ന കുറിപ്പുകൾ വെട്ടി യെടുത്ത് ആൽബം ഉണ്ടാക്കുക. കാരണങ്ങൾ ശേഖരിച്ച് ഏറ്റവും അടുത്ത കാലത്ത് ഉണ്ടായ വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും വിവരങ്ങൾ അപഗ്രഥിക്കുക.

**(d) കാലവർഷ പിന്മാറ്റം അഥവാ കാലവർഷാനന്തര കാലാവസ്ഥ:** കാലവർഷ പിന്മാറ്റ കാലാവസ്ഥ ഒക്ടോബർ-നവംബർ മാസങ്ങളിലാണ്. ഉത്തരേന്ത്യയിൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ താപനില കുറയുന്നു. ഇന്ത്യയുടെ വടക്കു -പടിഞ്ഞാറ് കാലവർഷക്കാറ്റ് ക്ഷയിച്ചു തുടങ്ങി സാവധാനം ഉത്തരേന്ത്യൻ

സമതല പ്രദേശങ്ങളിൽ നിന്നും അവ പിൻമാറുന്നു. തൽസ്ഥാനത്ത് ഉയർന്ന താപനില ഉണ്ടാവുന്നു. നവംബർ മാസത്തോടുകൂടി തെക്കു-പടിഞ്ഞാറൻ മൺസൂൺ കാറ്റ് ക്ഷയിച്ച് താപനിലയിൽ വ്യതിയാനം ഉണ്ടാവും. ഉയർന്ന താപനിലയും അന്തരീക്ഷത്തിലെ ഈർപ്പവും മൂലം ഉത്തരേന്ത്യൻ സമതല പ്രദേശങ്ങളിൽ കാലാവസ്ഥ കൂടുതൽ 'മർദ്ദക'മായി മാറുന്നു. ഇതിനെ സാധാരണയായി 'ഒക്ടോബർ താപം' ('October Heat') എന്നുവിളിക്കുന്നു. എന്നാൽ ഒക്ടോബർ അവസാനത്തോടുകൂടി താപനില കുറഞ്ഞ് രാത്രികൾ പ്രശാന്തമാവുന്നു. അതേസമയം, ഉത്തരേന്ത്യയിലെ ന്യൂനമർദ്ദം ബംഗാൾ ഉൾക്കടലിലേക്ക് നീങ്ങുന്നതിനാൽ, ഈ കാലയളവിൽ ചാക്രികചുഴലികൾ രൂപംകൊള്ളുന്നു. ഇവ ഒഡീഷാ, ആന്ധ്രാപ്രദേശ്, തമിഴ്നാട് പ്രത്യേകിച്ച്, മഹാനദി, ഗോദാവരി, കൃഷ്ണ എന്നീ നദികളുടെ പതനപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു.




**ചിത്രം 10.8** *മൺസൂണിന്റെ പിന്മാറ്റം*

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 10.3

ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

(i) ഉഷ്ണകാലത്ത് ഉത്തരേന്ത്യൻ സമതല പ്രദേശങ്ങളിൽ വീശിയടിക്കുന്ന വരണ്ട ചൂട് കാറ്റിനെ വിളിക്കുന്നത്

(a) 'ഖാൽ വൈശാഖി' (c) വാണിജ്യവാതം

(b) 'ലൂ' (d) മേൽപറഞ്ഞതെല്ലാം

(ii) മൺസൂണിന്റെ അറബിക്കടൽ ശാഖയുടെ പാതയിൽ തടസ്സമായി നിൽക്കുന്ന പർവ്വതനിര ഏതാണ്?

(a) ആരവല്ലി (c) പശ്ചിമഘട്ട മലനിരകൾ

(b) പൂർവ്വഘട്ട മലനിരകൾ (d) രാജ്മഹൽ കുന്നുകൾ

(iii) ബംഗാൾ ഉൾക്കടൽ ഭാഗത്തുനിന്നു ഉണ്ടാകുന്ന ഉഷ്ണമേഖല ചുഴലിക്കാറ്റ് സാധാരണയായി ഉണ്ടാകുന്നത്

(a) തെക്ക്-പടിഞ്ഞാറ് (c) മൺസൂണിന്റെ പിന്മാറ്റ സമയം

(b) 'ഹോട്ട്' കാലാവസ്ഥയിൽ (d) ശൈത്യകാലാവസ്ഥയിൽ

(iv) മാർച്ച് മാസത്തിൽ ഏറ്റവും കൂടുതൽ ചൂട് ഉണ്ടാവുന്ന സ്ഥലം ഏതാണ്?

(a) ദില്ലി (c) ഡക്കാൺ പീഠഭൂമി

(b) ഷില്ലോംഗ് (d) പഞ്ചാബ്

(v) മൺസൂൺ കാലവർഷത്തെ വിളിക്കുന്നത് . . . . .

(a) ഋതുകാറ്റ് (c) സ്ഥിരമായുള്ള കാറ്റ്

(b) താൽക്കാലിക കാറ്റ് (d) പ്രാദേശിക കാറ്റ്

ഋതുഭേദങ്ങൾ, അതിന്റെ സംക്രമണം / കാലചക്രം അതിന്റെ കാരണങ്ങളും അനന്തരഫലങ്ങളും ഇപ്പോൾ മോനായ്ക്കും രാജുവിനും വ്യക്തമായി മനസ്സിലായി. എന്നാൽ ഒരു ചോദ്യം മാത്രം ഉത്തരമില്ലാതെ അവശേഷിക്കുന്നു. കാലവർഷം ഒരു പ്രത്യേകസ്ഥലത്ത് കുറെകാലത്തേക്ക് ലഭിച്ചാൽ അതിന്റെ അർത്ഥം ഇന്ത്യയിൽ കാലവർഷം എല്ലായിടത്തും ലഭിക്കുന്നത് ഒരുപോലെയല്ല എന്നാണോ? ഇതിന്റെ ഉത്തരം മഴയുടെ ലഭ്യത കാണിക്കുന്ന ഭൂപടം നോക്കി കണ്ടുപിടിക്കുക.

## 10.4 മഴയുടെ ലഭ്യത / വ്യാപനം

ഇന്ത്യയിൽ വാർഷിക മഴയുടെ ലഭ്യത ഒരു നിശ്ചിതകാലയളവിൽ തുല്യമല്ല. ഉത്തരേന്ത്യൻ സമതല പ്രദേശങ്ങളിൽ പൂർവ്വദിക്കിൽ നിന്നും പശ്ചിമഭാഗത്തേക്ക് നാം നീങ്ങുംതോറും, മദ്ധ്യഇന്ത്യയിൽ മഴയുടെ തോത് കുറവാണ് എന്ന് മനസ്സിലാകും. ഇന്ത്യൻ ഉപദ്വീപിന്റെ തീരപ്രദേശങ്ങളിൽ നിന്നും ഉൾഭാഗത്തേക്ക് പോകുംതോറും മഴയുടെ തോത് കുറയുന്നു. ഇന്ത്യയുടെ വടക്കു-കിഴക്കു ഭാഗത്ത് പർവ്വതനിരകളുടെ ഉയരത്തിനനുസരിച്ച് മഴയുടെ തോത് വർദ്ധിക്കുന്നു. മഴയുടെ തോത് പരിശോധിച്ചാൽ വ്യക്തമായും ഇന്ത്യ ഒരു വൈരുദ്ധ്യാത്മകമായ പ്രകൃതി സ്വഭാവമുള്ള രാഷ്ട്രമാണ് എന്ന് മനസ്സിലാകും. ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളും മഴയുടെ തോത് ഏറ്റവും കുറവ് ലഭിക്കുന്ന പ്രദേശങ്ങളും ഇന്ത്യയിൽതന്നെ ഉണ്ട്. എന്തുകൊണ്ടാണ്

ഇപ്രകാരം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഇന്ത്യയിൽ മഴയുടെ വ്യാപനസംബന്ധിയായ വിവരണം എങ്ങിനെയെന്ന് താഴെ പറയുന്ന തലക്കെട്ടുകളിൽ നിന്നും മനസ്സിലാകും. തന്നിരിക്കുന്ന ഭൂപടം നിരീക്ഷിച്ച് സംസ്ഥാനങ്ങൾ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് മനസ്സിലാക്കുക.

(a) ഉയർന്ന തോതിലുള്ള മഴ ലഭിക്കുന്ന പ്രദേശങ്ങൾ (200 സെ.മീ. മുകളിൽ): ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഇന്ത്യയുടെ പശ്ചിമ തീരത്തും ഉപഹിമാലയ പർവ്വതനിരകളുടെ വടക്കു-പടിഞ്ഞാറും, ഗാരോ, ഖാസി, കൂടാതെ മേഘാലയത്തിലെ ജെനിഷ്യാ കുന്നുകളിലുമാണ്.

(b) മിതമായ രീതിയിൽ മഴ ലഭിക്കുന്ന സ്ഥലങ്ങൾ (100 സെ.മീ. - 200 സെ.മീ): 100 സെ.മീറ്ററിനും 200 സെ.മീറ്ററിനും ഇടയിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ പശ്ചിമഘട്ട പർവ്വതനിരകൾ, പശ്ചിമ ബംഗാൾ, ഒഡീഷ, ബീഹാർ തുടങ്ങിയ സ്ഥലങ്ങളാണ്.

(c) കുറഞ്ഞ മഴ ലഭിക്കുന്ന പ്രദേശങ്ങൾ (60 സെ.മീ. - 100 സെ.മീ.): കുറഞ്ഞതോതിൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഉത്തർപ്രദേശിലെ ഏതാനും ഭാഗങ്ങൾ, രാജസ്ഥാൻ, ഡക്കാൺ പീഠഭൂമിയുടെ ഉൾപ്രദേശങ്ങൾ എന്നിവ ഉൾപ്പെടുന്നു.


(d) അപര്യാപ്തമായ മഴ ലഭിക്കുന്ന പ്രദേശങ്ങൾ (60 സെ.മീറ്ററിന് താഴെ): രാജസ്ഥാൻ സംസ്ഥാനത്തിന്റെയും ഗുജറാത്ത് സംസ്ഥാനത്തിന്റെയും പശ്ചിമ ഭാഗങ്ങൾ, ലഡാക്ക്, കൂടാതെ ഇന്ത്യയുടെ ദക്ഷിണഭാഗത്തിന്റെ മദ്ധ്യഭാഗങ്ങൾ എന്നിവ അപര്യാപ്തമായി മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ടതാണ്.

## പ്രവർത്തനങ്ങൾ 10.4

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഇന്ത്യയിലെ ഉത്സവങ്ങളുടെ വിവരം ചേർക്കുക. സാമ്പത്തികമായി പ്രാധാന്യമുള്ളത് നിങ്ങളുടെ പ്രദേശത്ത് ഏത് ഋതുവാണെന്ന് കണ്ടുപിടിക്കുക. എന്തുകൊണ്ട് എന്നും വ്യക്തമാക്കുക.

| ഉത്സവങ്ങളുടെ പട്ടിക | ആഘോഷിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെ ? | തീയതിയും മാസവും | ഋതു | സാമ്പത്തികമായി പ്രാധാന്യമുള്ളത് |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

ഉത്സവകാലഘട്ടവും വിളവെടുപ്പ്കാലവും തമ്മിൽ ബന്ധമുണ്ടോ? ഒരു കാരണം നൽകുക.




ചിത്രം 10.9 *വാർഷിക മഴവ്യാപനം ഇന്ത്യയിൽ*

## 10.5 സാമൂഹിക - സാംസ്കാരിക ജീവിതം

ഋതുസംക്രമണത്തെ സംബന്ധിച്ചു ഇപ്പോൾ നിങ്ങൾക്ക് നന്നായി മനസ്സിലായി കാണും. എന്നാൽ നമ്മുടെ ദ്വീതിയ ചിന്തയിൽ ചോദിക്കും, കാലവും, നമ്മുടെ ജീവിതവും തമ്മിൽ ബന്ധമുണ്ടോ? അതേ! എന്നാണ് ഉത്തരം.

### ഋതുഭേദങ്ങൾ

ഋതുഭേദങ്ങൾ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഇന്ത്യ പ്രധാനമായും ഒരു കാർഷികരാജ്യമാണ്. ജനങ്ങളുടെ പ്രധാന സാമ്പത്തിക പ്രവർത്തനമായ കൃഷി ഋതുസംക്രമണത്തെ ആശ്രയിച്ചാണ്. മൺസൂൺ കാലവർഷത്തിന്റെ മുന്നോടിയായിട്ടാണ് ഖാരിഫ് (Kharif) വിളകൾ തുടങ്ങുന്നത്. വിളവെടുക്കുന്നത് മൺസൂൺ കാലവർഷത്തിനു ശേഷവും ആണ്. ശൈത്യ കാലത്താണ് റാബി വിളവ് ഇറക്കുന്നത്. വിളവ് എടുക്കുന്നതും. സൈയിദ് വിളകളാകട്ടെ, ശൈത്യകാലത്തിന്റെ അവസാനത്തിലും. വെള്ളപ്പൊക്കവും വരൾച്ചയും രാഷ്ട്രത്തിന്റെ സാമ്പത്തികവളർച്ചയെ തടസ്സപ്പെടുത്തുന്നവയാണ്. കാരണം നമ്മുടെ രാജ്യം കാർഷിക അടിസ്ഥാനരാഷ്ട്രമാണ്.

നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഋതുക്കളുമായി ബന്ധപ്പെട്ടവയാണ്. ശൈത്യകാലത്തിന്റെ വരവോടുകൂടി പകൽസമയം കുറഞ്ഞുവരുന്നു. നാം കമ്പിളിവസ്ത്രങ്ങൾ വാങ്ങുന്നു.

നിലക്കടലയും, ബദാം പരിപ്പും അതുപോലെ ഊർജ്ജം നൽകുന്ന ഭക്ഷണ പദാർത്ഥങ്ങൾ നമ്മുടെ ഭക്ഷണത്തിന്റെ പ്രധാന ഭാഗങ്ങളാകുന്നു. ശൈത്യകാലം ആയിട്ടും ആളുകൾ നിരവധി ഉത്സവങ്ങൾ ആഘോഷിക്കുന്നു. ഉദാഹരണമാണ് പല സംസ്ഥാനങ്ങളിലും മകരസംക്രാന്തി, പഞ്ചാബിൽ ലഹ്റി, തമിഴ്നാട്ടിൽ ജനുവരി മാസങ്ങളിലെ പൊങ്ങൽ മുതലായവ ആഘോഷിക്കുന്നു. ഫെബ്രുവരിമാസത്തിൽ ബസന്ദ് പഞ്ചമി ആഘോഷിച്ച് ജനങ്ങൾ നല്ല വിളവിനായി പ്രാർത്ഥിക്കുന്നു. ഉഷ്ണകാലം വളരെ വരണ്ടതാണ്. എന്നാൽ ഈ കാലത്ത് നിരവധി ദ്രവഘടകങ്ങളടങ്ങിയ ഫലങ്ങളും, ഐസ്ക്രീമും, പാനീയങ്ങളും, നമ്മെ ഓർമ്മപ്പെടുത്തുന്നു. ഹോളിയും, വൈശാഖിയും രണ്ട് പ്രധാന ആഘോഷങ്ങളാണ്. ഉഷ്ണകാലത്തിന്റെ അവസാനത്തോടുകൂടി കർഷകർ മൺസൂൺ പ്രതീക്ഷിച്ച് അടുത്ത വിളവ് ഇറക്കുന്നതിനായി ഭൂമി ഒരുക്കുന്നു. കേരളസംസ്ഥാനത്തിലെ ഉത്സവമായ ഓണം പ്രധാനമായും നെൽകൃഷിയുടെ വിളവെടുപ്പ് കാലഘട്ടമാണ്. ഇത് കേരളീയർ ദേശീയ ഉത്സവമായി ആഘോഷിക്കുന്നു. മൺസൂൺ കഴിഞ്ഞാൽ വിളവെടുപ്പിന്റെ കാലഘട്ടമാണ്. കൂടാതെ മറ്റ് ആഘോഷങ്ങളായ ദസ്സര, ദുർഗ്ഗാപൂജ, ദീപാവലി ഇവയെല്ലാം ഇന്ത്യയുടെ എല്ലാഭാഗത്തും ആഘോഷിക്കുന്നു.

## 10.6 ആഗോള പരിസ്ഥിതി മാറ്റത്തിന്റെ അനന്തരഫലം ഇന്ത്യയിലെ കാലാവസ്ഥയിൽ

നാല് വ്യക്തമായ ഋതുഭേദങ്ങൾ കൊണ്ട് ഇന്ത്യ ധന്യമാണ് എന്ന് ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. അവ വേനൽക്കാലം, ശൈത്യകാലം, ശിശിരകാലം, മൺസൂൺ എന്നിവയാണ്. എന്നാൽ ഈ ഋതുഭേദങ്ങളിൽ അടുത്തകാലത്ത് കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആഗോള താപനിലയിലുള്ള വ്യതിയാന ഫലമായിട്ടാണ് ഈ മാറ്റം ഉണ്ടായിരിക്കുന്നത്. ഇന്നത്തെ ഒരു വലിയ നീറുന്ന ആഗോള പ്രശ്നമായി ഇത് മാറിയിട്ടുണ്ട്. രാഷ്ട്രീയമായും, സാമൂഹ്യപരമായിട്ടും, സാമ്പത്തികമായിട്ടും സംജാതമായിട്ടുള്ള ഇതിന്റെ അനന്തരഫലങ്ങൾ നമ്മുടെ ജീവിതത്തിലും ജീവിതരീതിയിലും നിരവധി സ്വാധീനം ചെലുത്തുന്നുണ്ട്. ആഗോളതാപനിലയിലുള്ള വർദ്ധനവ് ആഗോളകാലാവസ്ഥയിൽ ഗൗരവമേറിയ അനന്തരഫലം ഉളവാക്കിയിട്ടുണ്ട്. ഇന്ത്യയ്ക്കും ഇതിന്റെ അനന്തരഫലങ്ങളിൽ നിന്നും മോചനം സാദ്ധ്യമല്ല. ഇതിന്റെ അനന്തരഫലങ്ങളെപ്പറ്റി ചിന്തിക്കുന്നത് വളരെ പ്രധാനപ്പെട്ടതായി നിങ്ങൾക്ക് തോന്നുന്നില്ലേ? അനന്തരഫലങ്ങളുടെ കാഠിന്യം ലഘൂകരിക്കുവാൻ നമ്മൾ ഓരോരുത്തർക്കും എന്തുചെയ്യുവാൻ സാധിക്കുമെന്ന് ചിന്തിക്കാം.

ആഗോള താപനില വർദ്ധനവ് എന്ത് എന്ന് നമുക്ക് ചിന്തിക്കാം. ഈ കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായിട്ടുള്ള നഗരവൽക്കരണം, ജനസംഖ്യാവർദ്ധനവ് മുതലായവ അന്തരീക്ഷ മലിനീകരണത്തിന് കാരണമായി. മനുഷ്യരുടെതന്നെ പ്രവർത്തനഫലമായി അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെയും, ക്ലോറോ ഫ്ളോറോ കാർബണിന്റെയും (CFC) മറ്റ് വിഷലിപ്തമായ വാതകങ്ങളുടെയും തോത് ക്രമാതീതമായി വർദ്ധിച്ചു. സൗരോർജ്ജത്തിന്റെ 75 ശതമാനവും ഭൂമിയുടെ ഉപരിതലം ആഗീകരണംചെയ്യുന്നു. തൽഫലമായി താപനില വർദ്ധിക്കുന്നു. അവശേഷിക്കുന്ന താപം അന്തരീക്ഷത്തിലേക്കുതന്നെ പ്രതിഫലിക്കുന്നു. ഇത് സാധാരണ താപനില നിലനിർത്തുന്നതിന് സഹായകരമാണ്. എന്നാൽ അന്തരീക്ഷ മലിനീകരണം മൂലം, പ്രതിഫലിച്ച താപം ഗ്രീൻഹൗസ് അഥവാ ഹരിത കവചത്തിൽതന്നെ കുടുങ്ങികിടക്കുന്നു. (GHCS) ഇവയിൽ മുഖ്യമായും കാർബൺഡൈ ഓക്സൈഡ് ആണ്. ഇത് ഭൂമിയുടെ ഉപരിതലത്തിലും താപനില വർദ്ധിപ്പിക്കുന്നതിന് കാരണമായി. $CO_2$ അഥവാ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് വ്യക്തമായ തെളിവുകൾ ഉണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ നിരവധി രാജ്യങ്ങൾ GHCS വാതകം കുറയ്ക്കുന്ന

തിനായി ഒരു ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും അന്താരാഷ്ട്ര ഉടമ്പടികൾ കാലാവസ്ഥയിൽ സുപ്രധാനമാറ്റം വരുത്തുന്നതിന് മതിയായവ അല്ല.

ഇന്ത്യയിലെ ജനസംഖ്യയിൽ 70 ശതമാനവും കാർഷികമേഖലയിൽ പണിചെയ്യുന്നവരാണ് എന്ന് നേരത്തെ പറഞ്ഞിരുന്നല്ലോ! കാലാവസ്ഥയിൽ വരുന്ന ഏതു മാറ്റവും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ അനന്തരഫലം ഉളവാക്കുന്നതാണ്. മനുഷ്യരുടെ ജീവിതരീതിയിൽ കാലാവസ്ഥ സുപ്രധാനമായ ഒരു പങ്കുവഹിക്കുന്നു എന്ന് ഈ അദ്ധ്യായം പഠിക്കുമ്പോൾ നമുക്ക് വ്യക്തമായി മനസ്സിലാകും. നമ്മുടെ ഭക്ഷണം, ഉത്സവങ്ങൾ, രാഷ്ട്രം എല്ലാംതന്നെ ഋതുഭേദങ്ങളുടെ സംക്രമണവുമായി അടുത്ത് ബന്ധപ്പെട്ടതാണ്. കാലാവസ്ഥ അനുകൂലമാവുമ്പോൾ മനുഷ്യജീവിതം മെച്ചപ്പെട്ടതും സുഖപ്രദവും ആയിരിക്കും. കാലാവസ്ഥാമാറ്റം കൃഷിയെ സ്വാധീനിക്കുന്നു. അതുപോലെ ആരോഗ്യം, ഗതാഗത സൗകര്യങ്ങൾ ഇവയെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ ജീവിതശൈലിയിലും രീതിയിലും മാറ്റം വരുത്തി, CFC പോലെ വിഷലിപ്തമായ വാതകങ്ങളുടെ തോത് കുറയ്ക്കുവാൻ നാം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## പ്രവർത്തനം 10.5

പ്രകൃതിക്ഷോഭം, ഭൂകമ്പം, ചുഴലിക്കാറ്റ് തുടങ്ങിയ ഭൂമിശാസ്ത്രപരമായ സംഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഡയറികുറിപ്പ് തയ്യാറാക്കുക. ഉണ്ടായ സംഭവം, പേരുസഹിതം, തീയതി, അതിന്റെ ഫലങ്ങൾ എന്നിവ അതിൽ ഉൾപ്പെടുത്തണം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 10.4

1. ഇന്ത്യയിലെ വർഷപാത വ്യാപനത്തിൽ ഉയർന്ന തോതിലുള്ള വ്യതിയാനങ്ങൾ നമ്മൾ കാണുന്നത് എന്തുകൊണ്ടാണ്?
2. ഏറ്റവും കുറഞ്ഞ തോതിൽ മഴ ലഭിക്കുന്ന ഇന്ത്യയിലെ മൂന്ന് പ്രദേശങ്ങളുടെ പേര് പറയുക.
3. ഖാരിഫ്, റാബി എന്നറിയപ്പെടുന്ന വിളവുകാലങ്ങൾ ഏതൊക്കെ മാസങ്ങളിലാണ്?
4. സയിദ് വിളവുകാലം എപ്പോൾ ആണ്?
5. മനുഷ്യരുടെ ഏതൊക്കെ പ്രവർത്തനങ്ങളാണ് ആഗോളതാപവർദ്ധനവിന് കാരണമാകുന്നത് ?

## നിങ്ങൾ പഠിച്ചത്

- ഇന്ത്യയുടെ സ്ഥാനം, കടലിൽ നിന്നുള്ള ദൂരം, സമുദ്രനിരപ്പിൽ നിന്നുള്ള ഭൂമിയുടെ ഉപരിതല ഉയർച്ച, പർവ്വതനിരകൾ, ഉപരിതല കാറ്റിന്റെ ഗതി, ഉപരിതല വായുപ്രവാഹം എന്നീ ഘടകങ്ങളെ ആശ്രയിച്ചാണ് ഇന്ത്യയുടെ കാലാവസ്ഥ സ്വഭാവം.
- ഇന്ത്യയിൽ അനുഭവപ്പെടുന്ന ഒരു പ്രത്യേകതരം കാറ്റ്, മൺസൂൺ കാറ്റ് എന്ന് അറിയപ്പെടുന്നു. കൃത്യതയോടെ മൺസൂൺ കാലവർഷം ഇന്ത്യയിൽ എത്തുന്നു.
- ഇന്ത്യയിലെ ഋതുഭേദങ്ങൾക്ക് ഒരു ചാക്രിക സംക്രമണം ഉണ്ട്. പ്രധാനമായും നാല് ഋതുഭേദങ്ങൾ ഉണ്ടാവുന്നു - അവ ശൈത്യകാലം, വേനൽക്കാലം, മൺസൂണിന്റെ ആഗമനം, മൺസൂണിന്റെ പിൻമാറ്റം എന്നൊക്കെ അറിയപ്പെടുന്നു.

- ഋതുഭേദങ്ങൾ നമ്മുടെ ജീവിതത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. അത് നമ്മുടെ പ്രവർത്തനത്തിലും ആഹാര രീതിയിലും സ്വാധീനം ഉണ്ടാക്കുന്നു.
- ആഗോള താപനില വർദ്ധനവ് ഇന്ത്യയുടെ കാലാവസ്ഥയേയും സ്വാധീനിക്കുന്നു.

## സമാപ്തി ചോദ്യങ്ങൾ

1. കാലാവസ്ഥയെ സ്വാധീനിക്കുന്നതും കാലാവസ്ഥാമാറ്റത്തിന് കാരണവുമാകുന്ന ഏതെങ്കിലും 5 ഘടകങ്ങൾ പറയുക. ഓരോന്നും ഉദാഹരണ സഹിതം വിവരിക്കുക.
2. കാലാവസ്ഥയും ശീതോഷ്ണസ്ഥിതിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.
3. കാറ്റും അതിന്റെ ദിശകളും കാലാവസ്ഥാമാറ്റത്തിന് കാരണമാകുന്നത് എങ്ങനെയാണ്? ഉദാഹരണ സഹിതം വിവരിക്കുക.
4. മൺസൂൺ എന്നാൽ എന്ത്? നിർവ്വചിക്കുക. വാണിജ്യവാതം അഥവാ ട്രേഡ് വിൻഡ് (trade wind) എന്നറിയപ്പെടുന്ന പ്രതിഭാസം എതിർദിശയിലേക്ക് മാറി വീശുന്നത് എന്തുകൊണ്ടാണ്?
5. ശൈത്യകാലത്തിന്റെ ഏതെങ്കിലും നാല് പ്രത്യേകതകൾ പ്രസ്താവിക്കുക.
6. ഉഷ്ണകാലത്തിന്റെ മുഖ്യമായ നാല് സവിശേഷതകൾ പറയുക.
7. ആഗോള താപനില വർദ്ധനവിന്റെ ഫലങ്ങൾ ഇന്ത്യയിൽ എപ്രകാരം എന്ന് ഉദാഹരണങ്ങൾ സഹിതം വിവരിക്കുക. സാഹചര്യ കാരണങ്ങൾ എന്തെല്ലാം?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**10.1**

(a) കർക്കിടായനവൃത്തം (Tropic of Cancer) $23\frac{1}{2}^0$ N

(b)

കടലിന്റെ സ്വാധീനം നിമിത്തം

(i) മുംബൈ

(ii) ചെന്നൈ

കടലിന്റെ സ്വാധീനം ഇല്ലാത്തവ

(iii) ലഖ്നോ

(iv) ദില്ലി

(c) ഹിമാലയ പർവ്വതനിരകൾ

(d) വടക്കു-കിഴക്കു നിന്ന് കാറ്റ് വീശുന്നതുമൂലം. കരയിൽ നിന്നും ഉത്ഭവിക്കുന്നതിനാൽ ഇത് വരണ്ടതും രാജ്യത്ത് മഴ ലഭിക്കുവാൻ സാധ്യതയില്ലാത്തതും ആണ്.

**10.2**

1. രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഒഡീഷയുടെ ഭാഗങ്ങൾ
2. കേരളം
3. തെക്കുനിന്നും വടക്കോട്ടും, വടക്കു-കിഴക്കുനിന്ന്, വടക്ക്-പടിഞ്ഞാറു നിന്ന്
4. (a) മുംബൈ : 4 മാസം (c) ദില്ലി : 4 മാസം

   (b) നാഗ്പൂർ : 4 മാസം (d) ഷില്ലോംഗ് : 6 മാസം

**10.3**

1. (i) (b) ലൂ

   (ii) (c) പശ്ചിമഘട്ടം

   (iii) (c) മൺസൂൺകാലത്തിന്റെ പിന്മാറ്റം

   (iv) (d) ഡക്കാൺ പീഠഭൂമി

   (v) (a) ഋതുക്കൾക്ക് അനുസൃതമായി ഉണ്ടാവുന്ന കാറ്റ്

**10.4**

1. തീരപ്രദേശങ്ങളിൽ നിന്നും കാറ്റ് വീശുമ്പോൾ അവ പരമാവധി മഴയ്ക്ക് കാരണമാകുന്നു. ഈ കാറ്റ് മദ്ധ്യ ഇന്ത്യയിലോ ഉത്തരേന്ത്യയിലോ എത്തു മ്പോഴേക്കും വരണ്ടതും കുറച്ചുമാത്രം മഴയ്ക്ക് സാദ്ധ്യതയുള്ളതായി മാറുന്നു.
2. ചെറിയ അളവിൽ മാത്രം മഴ ലഭിക്കുന്ന പ്രദേശങ്ങൾ
   1. ലേഖ് - ലഡാക്ക് ഭാഗത്തിന്റെ വടക്ക്
   2. പടിഞ്ഞാറൻ രാജസ്ഥാൻ
   3. തെക്ക് - മദ്ധ്യഭാഗം
3. *ഖാരിഫ്:* ജൂൺ - ജൂലൈ മാസങ്ങളിൽ

   *റാബി:* ഒക്ടോബർ - നവംബർ മാസങ്ങളിൽ
4. ശൈത്യകാലത്തിന്റെ അവസാനം മുതൽ അതായത് മാർച്ച് മുതൽ മെയ് വരെ
5. നഗരവൽക്കരണം, വ്യവസായവൽക്കരണം, വനനശീകരണം, അവശിഷ്ടങ്ങളും ചപ്പുചവറുകളും കത്തിക്കൽ മുതലായവ.

# 11

# ജൈവ വൈവിധ്യം

നിങ്ങൾക്ക് ചുറ്റും, മനോഹരമായ പ്രകൃതിദൃശ്യം, അല്ലെങ്കിൽ വൈവിധ്യ മാർന്ന പുൽ ചെടികളും സസ്യങ്ങളും, കുറ്റിക്കാടുകളും, വൃക്ഷങ്ങളും ചെറു പ്രാണികളും, പക്ഷികളും, മൃഗങ്ങളും നിങ്ങൾ കണ്ടിട്ടുണ്ടാവും. നമ്മുടെ ആഹാരത്തിനും, കരുത്തിനും ഇന്ധനത്തിനും, മരുന്നുകൾക്കും മറ്റ് അത്യാവശ്യ വസ്തുക്കൾക്കും നാം ആശ്രയിക്കുന്നത് മേൽപറഞ്ഞ വിവിധങ്ങളായ സസ്യങ്ങളേയും മൃഗങ്ങളേയുമാണ്. ഇവ കൂടാതെ നമുക്ക് ജീവിക്കാനും സാധിക്കയില്ല. ഏതാണ്ട് നാല് കോടി വർഷങ്ങൾക്ക് മുൻപു മുതൽ തുടർന്നുപോരുന്ന പരിണാമ പ്രക്രിയയുടെ ഫലമാണ് മേൽപറഞ്ഞ സസ്യ-ജന്തു ഉപഗണങ്ങളുടെ ഇന്നത്തെ സ്ഥിതി. എന്നിരുന്നാലും മനുഷ്യരുടെ പ്രവൃത്തികൾ നിമിത്തമായിട്ട് വളരെ ഭയാനകമായ തോതിൽ ഈ സമൃദ്ധമായ ജൈവവൈവിധ്യം നശിച്ചുകൊണ്ടിരിക്കുകയാണ്. മേൽപറഞ്ഞ സസ്യ-ജന്തു ഉപഗണങ്ങളുടെ സംരക്ഷണത്തിനായി നമ്മളിൽ ഓരോരുത്തർക്കും നിരവധി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. ജൈവ-വൈവിദ്ധ്യങ്ങളുടെ അമൂല്യ ങ്ങളായ ജീവിതസംരക്ഷണത്തിനായി നിരവധികാര്യങ്ങൾ നിങ്ങൾക്ക് നിർവ്വഹിക്കാം. വൈവിധ്യമാർന്ന സസ്യങ്ങളെ സംബന്ധിച്ചും, മൃഗങ്ങളെ സംബന്ധിച്ചും, സൂക്ഷ്മാണു ജൈവപദാർത്ഥങ്ങളെ സംബന്ധിച്ചും, സസ്യലതാദികളെ സംബന്ധിച്ചും നമ്മൾ മനസ്സിലാക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഏതാനും സസ്യങ്ങളെ സംബന്ധിച്ചും, മൃഗങ്ങളെ സംബന്ധിച്ചും, അവയുടെ പ്രാധാന്യം എവിടെയൊക്കെ കാണപ്പെടുന്നു എന്നതിനെ സംബന്ധിച്ചും, അവയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും ഈ അദ്ധ്യായത്തിൽ പഠിക്കാം.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ജൈവ-വൈവിധ്യമെന്നാൽ എന്തെന്ന് വിവരിക്കുവാൻ;
- ഇന്ത്യയിൽ നിലവിലുള്ള ജൈവ-വൈവിധ്യം വിവരിക്കുവാൻ;
- ജൈവ-വൈവിധ്യത്തിന്റെ പ്രാധാന്യം പ്രസ്താവിക്കുവാൻ;
- വനം അഥവാ പ്രകൃതിയിലെ സസ്യലതാദികളെയും വന്യമൃഗങ്ങളെ സംബന്ധിച്ചും വിവരിക്കുവാൻ;
- നീർത്തടങ്ങൾ, ജൈവ-ആവാസ സംരക്ഷണസ്ഥലങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗസംരക്ഷണ സ്ഥലങ്ങൾ, വനം എന്നിവ ഇന്ത്യാ ഭൂപടത്തിൽ അടയാളപ്പെടുത്തുവാൻ;
- നമ്മുടെ സ്ഥലത്തെ പ്രകൃതി ഹരിത സമ്പത്തും, വന്യമൃഗസമ്പത്തും സംരക്ഷിക്കുന്നതിൽ നമ്മുടെ പങ്ക് എന്ത് എന്ന് മനസ്സിലാക്കുവാൻ;

## 11.1 ജൈവ വൈവിധ്യം

ജൈവജാലങ്ങളുടെ വൈവിധ്യം എന്നതിന്റെ ചുരുക്കരൂപമാണ് ജൈവ വൈവിധ്യം എന്നു പറയുന്നത്. ഭൗമിക പരിസ്ഥിതിയിലെ വായു, മണ്ണ്, ജലം, ഊഷ്മാവ് തുടങ്ങിയ ഘടങ്ങൾ ഉൾപ്പെട്ട ഭൂമിയിലെ വൈവിധ്യമാർന്ന ജീവജാലങ്ങളെ സംബന്ധിച്ച് പറയുന്നതിനെയാണ് ജൈവജാലങ്ങളുടെ വൈവിധ്യം അഥവാ ജൈവ-വൈവിധ്യം എന്നു പറയുന്നത്. വളരെ ലളിതമായ വാക്കുകളിൽ, ജൈവവൈവിധ്യം എന്നാൽ, ഒരു പ്രദേശത്തെ ജീവജാലങ്ങളുടെ ഭൂതാത്മകമായ ഏകകം, സസ്യങ്ങളുടെയോ പ്രാണികളുടെയോ ഉപഗണം, പരിസര ആവാസ വ്യവസ്ഥിതി എന്നിവ അർത്ഥമാക്കുന്നു. ഇവയിൽ ഉൾപ്പെട്ടിരിക്കുന്നത് (i) ജീവജാലങ്ങളുടെ ഭൂതാത്മകമായ ഏകകം (ii) സസ്യങ്ങളുടെയോ ജീവജാലങ്ങളുടെയോ ഉപഗണ-വൈവിധ്യം (iii) പരിഃസ്ഥിതി വൈവിധ്യം ഇവയാണ്. ജൈവ വൈവിധ്യത്തിൽ സസ്യങ്ങളും മൃഗങ്ങളും കൂടി ഒരു ചെറിയ അംശം മാത്രമേ ആകുന്നുള്ളൂ. എന്നാൽ അഗോചരങ്ങളായ സൂക്ഷ്മാണുക്കൾ, ജൈവവൈവിധ്യത്തിൽ ഒരു വലിയ പങ്ക് വഹിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാമോ?




**ചിത്രം 11.1** *ജൈവവൈവിധ്യം*

**ഭൂതാത്മക ഏകകം / ബീജദ്രവ്യം:** പാരമ്പര്യമായി വ്യാപരിക്കുന്ന ഒരു ജീവിയുടെ അടിസ്ഥാന തന്മാത്ര. ഒരേ ഗണത്തിൽപ്പെടുന്ന വ്യക്തികളുടെ പാരമ്പര്യമായി വ്യാപരിക്കുന്ന അടിസ്ഥാന തന്മാത്രകൾ തമ്മിൽ സാമ്യമുണ്ടായിരിക്കും. അടിസ്ഥാന തന്മാത്രകൾ ആണ് ഒരു ഉപഗണത്തിന്റെ പ്രത്യേക സവിശേഷതകൾ നിലനിർത്തുന്നത്.

**ഉപഗണം:** പൊതുവായ സവിശേഷതകളോ, സ്വഭാവ സവിശേഷതകളോ ഉള്ളതും സംവർദ്ധനക്ഷമമായിട്ടുള്ളതുമായ ഒരു ഗണത്തെയാണ് ഉപഗണം എന്ന് അർത്ഥമാക്കുന്നത്.

**ആവാസവ്യവസ്ഥിതി:** ജീവജാലങ്ങളും അജൈവ വസ്തുക്കളും ചേർന്ന ഒരു ഭൂപ്രദേശം

### 11.1.1. ജൈവ-വൈവിധ്യസ്ഥിതി ഇന്ത്യയിൽ

ധ്രുവങ്ങളിൽ നിന്നും ഭൂമദ്ധ്യരേഖയിലേക്ക് മാറുന്നതനുസരിച്ച് ജൈവ വൈവിധ്യം വർദ്ധിച്ചുകൊണ്ടിരിക്കും. അക്ഷാംശം $8^{0}4'$ വടക്കും, രേഖാംശം $68^{0}7'$ നും $97^{0}25'$ കിഴക്കുമായി ഇന്ത്യ സ്ഥിതിചെയ്യുന്നു. ഇന്ത്യയിലെ ധന്യമായ ജൈവ-വൈവിധ്യം ഇന്ത്യയ്ക്ക് ഒരു പരമപ്രധാനമായ സ്ഥാനം ലഭിക്കുന്നതിന് കാരണമാണ്. ലോകത്തിലെ കരഭൂമിയുടെ 2.4 ശതമാനം മാത്രമേ ഇന്ത്യയ്ക്ക് ഉള്ളൂവെങ്കിലും ആഗോള ജൈവ ആവാസ വ്യവസ്ഥിതിയുടെ 8 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. യു.എൻ.ഈപി യുടെ ആഗോള ജൈവ വൈവിധ്യത്തിന്റെ കണക്കുപ്രകാരം ഇത് ഏതാണ്ട് 1.75 ദശലക്ഷമായി കണക്കാക്കപ്പെടുന്നു. ലോകത്തിലുള്ള ജീവജാല ഗണങ്ങളുടെ 6 ശതമാനം ഇന്ത്യയിൽ കാണപ്പെടുന്നു. ഇന്ത്യയുടെ വനസമ്പത്തിൽ ഉൾപ്പെട്ട 45,000 സസ്യഗണം ഏതാണ്ട് ലോകത്തിൽ ആകെയുള്ള സസ്യഇനങ്ങളുടെ 12 ശതമാനത്തോളം ആണ്. അപൂർവ്വമായി കാണുന്ന സസ്യഉപഗണങ്ങളുടെ പ്രദേശങ്ങൾ ലോകത്തിൽ 12 എണ്ണം ഉണ്ട്. അതിൽ 2 പ്രദേശങ്ങൾ ഇന്ത്യ യിലാണ്. ഇന്ത്യയിലെ വടക്കു-കിഴക്കൻ മേഖലയും പശ്ചിമഘട്ട മലകളുമാണ് ഈ രണ്ടു പ്രദേശങ്ങൾ.

ഉയർന്ന തോതിലുള്ള അപൂർവ്വ ഇനം സസ്യ ഉപഗണങ്ങളുടെ പ്രദേശങ്ങളെയാണ് **ജൈവവൈവിധ്യ 'ഹോട്ട്സ്പോട്ട്'** എന്നു പറയുന്നത്.

മറ്റൊരിടത്തും കാണാത്ത വിവിധ സസ്യ ഉപഗണങ്ങളുടെയും മൃഗ ഉപഗണങ്ങളുടെയും സാന്നിദ്ധ്യംകൊണ്ട് മറ്റു പ്രദേശങ്ങളെക്കാൾ വേറിട്ടു നിൽക്കുന്നതിനെ **'മെഗാ ബയോഡൈവേഴ്സിറ്റി'** അഥവാ മഹാജൈവ വൈവിധ്യ മേഖല എന്ന് പറയുന്നു.

## 11.2 ജൈവ-വൈവിധ്യത്തിന്റെ പ്രാധാന്യം

ഭൂമിയിലെ ജൈവസാന്നിദ്ധ്യം നിലിനിൽക്കുന്നതിന്റെ അടിസ്ഥാനമാണ് ജൈവ-വൈവിധ്യം. ഇതിന്റെ പ്രാധാന്യം ഒട്ടും കുറവായി കാണരുത്. ഒരു ഭൂപ്രദേശത്തിലെ ആവാസ വ്യവസ്ഥയിൽ ജീവജാലങ്ങളുടെ വൈവിധ്യം ഉണ്ട്. ആവാസ വ്യവസ്ഥിതി മേഖലകളിൽ ഇവ പരസ്പരം ആശ്രയിച്ചും പരസ്പരം ബന്ധപ്പെട്ടുമിരിക്കുന്നു. ഒരേ കാലാവസ്ഥാ സ്ഥിതിവിശേഷങ്ങളിൽ വൈവിധ്യമാർന്ന സസ്യലതാദികൾ വളരുന്നു എന്ന് നിങ്ങൾക്ക് അറിയാമോ? പക്ഷിമൃഗാദികളുടെ ആവാസവ്യവസ്ഥിതി ആ പ്രദേശത്തെ സസ്യജാലങ്ങളുടെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. ഒരു പ്രദേശത്തെ സസ്യ ആവാസവ്യവസ്ഥിതി മാറ്റപ്പെടുകയാണെങ്കിൽ അത് പക്ഷിമൃഗാദികളുടെ നിലനില്പിനെയും ബാധിക്കും. ഇവ രണ്ടും മനുഷ്യരുടെ ജീവിത നിലനില്പിനേയും ബാധിക്കുന്നു. വ്യവസ്ഥിതികളിലെ ഏതെങ്കിലും ഒരു ഘടകത്തിന്റെ കുറവ് മറ്റേ ഘടകത്തേയും ദോഷകരമായി ബാധിക്കുന്നു. മനുഷ്യർ, വൃക്ഷങ്ങൾ മുറിക്കുകയും മൃഗങ്ങളെ കൊല്ലുകയും ചെയ്യുമ്പോഴാണ് പരിസ്ഥിതിയുടെ അസന്തുലിതാ വസ്ഥ സംജാതമാകുന്നത്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്ക് മനുഷ്യർ തന്നെ എപ്രകാരം കാരണമാവുന്നു? പത്രങ്ങളിലും മാസികകളിലും കാണാറുള്ള ഏതാനും ലേഖനങ്ങൾ ശേഖരിച്ച് വായിച്ചാൽ പരിഃസ്ഥിതിയിൽ മനുഷ്യരുടെ സ്വാധീനം എപ്രകാരമാണ് എന്ന് നിങ്ങൾക്ക് മനസ്സിലാകും. ഒരു ഭൂപ്രദേശത്തിലുള്ള പരിസ്ഥിതി ആവാസവ്യവസ്ഥയിൽ എല്ലാ സസ്യങ്ങളും ജന്തുക്കളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ പരസ്പരം ആശ്രയിച്ചുമിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഈ പരിസ്ഥിതി ആവാസവ്യവസ്ഥിതിക്ക് പരമപ്രാധാന്യം ഉണ്ട്. ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്:

- ആഹാരവും ജലവും, തന്തുക്കളും കരുത്തും ഇന്ധനവും നൽകുന്നു;

കുറിപ്പുകൾ

- കാലാവസ്ഥയേയും രോഗങ്ങളേയും നിയന്ത്രിക്കുവാൻ; (ഉദാഹരണം: ശീതകാലത്ത് ആളുകൾക്ക് ജലദോഷവും ചുമയും ഉണ്ടാകുന്നു. മൺസൂൺകാലത്ത് വയറിൽ അണുബാധ ഉണ്ടാകുന്നു.)

### 11.2.1 ജൈവവൈവിധ്യം നഷ്ടപ്പെടുന്നതിന്റെ കാരണങ്ങൾ

ജനസംഖ്യാവർദ്ധനവിന്റെ ഫലമായി ജീവിതരീതികളിലുള്ള മാറ്റം, ഈ കാരണത്താൽ പ്രകൃതിവിഭവങ്ങളെ അമിതമായി വാണിജ്യാവശ്യങ്ങൾക്കായി ചൂഷണം ചെയ്യുകയും ചെയ്യുന്നു. ഇത് ജൈവവൈവിധ്യത്തെ നശിപ്പിക്കുന്നു. തൽഫലമായി മനുഷ്യന്റെ നില നിൽപിന് പ്രകൃതി നൽകുന്ന ഘടകങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്നതിനെ ദോഷകരമായി ബാധിക്കുന്നു. ഭൗതിക പരിസ്ഥിതിക്ക് മാറ്റമില്ല; മറിച്ച് ജൈവവൈവിധ്യത്തിന്റെ കുറവ് മനുഷ്യരുടെ സാമൂഹികവും സാംസ്കാരികവും ആത്മീയവുമായ വളർച്ചയേയും ഉന്നതിയെയും ബാധിക്കുന്നു.




**ചിത്രം 11.2** *ജൈവവൈവിധ്യം ഇല്ലാതാകുന്നതിന്റെ കാരണങ്ങൾ*

**നിങ്ങൾക്കറിയാമോ**

- 2010 വർഷം അന്തർദ്ദേശീയ ജൈവവൈവിധ്യ വർഷമായി ഐക്യ രാഷ്ട്ര സഭ പ്രഖ്യാപിച്ചിരുന്നു.

- ഐ.യു.സി.എന്നിന്റെ (ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ) കണക്ക് പ്രകാരം 2010-ഓടുകൂടി ആകെയുള്ള 52017 ഗണങ്ങളിൽ 18,788 ഉപഗണങ്ങൾ ഇല്ലാതെയാകുന്ന ഭീഷണിയിലാണ്. ലോകത്തിലെ 5490 സസ്തനജീവികളിൽ 78 എണ്ണം ഇല്ലാതെ ആയി. 188 എണ്ണം നിലനിൽപിന്റെ അത്യധികമായ ഭീഷണിയിലാണ്. 540 എണ്ണം ഇല്ലാതെ ആയിക്കൊണ്ടിരിക്കുന്നു. 492 ഭീഷണിയിലാണ്. ഉഭയജീവികളും ഇല്ലാതെ ആയിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. 6285 വിവിധ സസ്യങ്ങളിൽ 1895 എണ്ണം കടുത്ത ഭീഷണിയിലാണ്.

- ഇല്ലാതെയായിക്കൊണ്ടിരിക്കുന്ന വ്യക്തിഗത ഗണങ്ങൾ, പ്രകൃതിവാസ സ്ഥലങ്ങളുടെ നശീകരണം, ഭൂമിയുടെ ഉപയോഗത്തിനായുള്ള മാറ്റി മറിക്കൽ, കാലാവസ്ഥമാറ്റം, മലിനീകരണം ഇതൊക്കെ നിസ്സാരമാക്കൽ, ഇവ ഭീതിയുളവാക്കുന്ന തരത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്നു. വിവിധങ്ങളായ ജൈവഗണങ്ങളുടെ നിലനിൽപിന് ഇവയൊക്കെ കാരണമാകുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

## 11.1 പ്രവർത്തി

നിങ്ങളുടെ പ്രദേശത്ത് നിവസിക്കുന്ന ആളുകൾക്ക് പ്രയോജനപ്പെടുന്ന മൂന്ന് സസ്യഗണങ്ങളുടെ പേരും മൂന്ന് ജന്തുജാലങ്ങളുടെയോ /പക്ഷികളുടെയോ പേരും നിങ്ങൾക്ക് പറയാമോ? ഒരു ഉദാഹരണം നിങ്ങൾക്കുവേണ്ടി താഴെ പറയുന്നു.

| ക്രമനം. | സസ്യം | പ്രാധാന്യം | ക്രമനം. | മൃഗങ്ങൾ/ പക്ഷികൾ | പ്രാധാന്യം |
|---|---|---|---|---|---|
| 1 | വേപ്പ് | ഔഷധംനൽകുന്നു. തടി ലഭിക്കുന്നു. ഓക്സിജനും തണലും ലഭിക്കുന്നു | 1 | കഴുകൻ | ചീഞ്ഞളിഞ്ഞ മാംസങ്ങൾ / മാലിന്യം പരിസരത്ത് ഉണ്ടാകാതെ സൂക്ഷിക്കുന്നു. പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നു. വിവിധ കീടജന്തുക്കളെയും എലി പോലുള്ള ചെറിയ ജീവികളെയും നശിപ്പിക്കുന്നു. |
| 2 | | | 2 | | |
| 3 | | | 3 | | |
| 4 | | | 4 | | |

## 11.1 പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങൾ

1. ‘ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന്റെ അടിസ്ഥാനമായിട്ടുള്ളതാണ് ജൈവ വൈവിധ്യം’ രണ്ട് കാര്യകാരണങ്ങൾ സഹിതം ഇവ സമർത്ഥിക്കുക.
2. **‘ഹോട്ട്സ്പോട്ട്’** അഥവാ ഊഷ്മളമണ്ഡലം എന്നത് 30 വാക്കുകളിൽ വിവരിക്കുക.

## 11.3 വനവും വന്യമൃഗങ്ങളും

സസ്യഗണങ്ങളും വന്യമൃഗങ്ങളും നമ്മുടെ ആവാസവ്യവസ്ഥിതിയിൽ വിലയേറിയ പ്രകൃതിവിഭവങ്ങളാണ്. സസ്യങ്ങൾ നമുക്ക് മരവും, മനുഷ്യർക്കും മൃഗങ്ങൾക്കും തണലും നമുക്ക് ശ്വസിക്കുന്നതിനുള്ള ഓക്സിജനും തരുന്നു. കൂടാതെ, മണ്ണൊലിപ്പും പ്രകൃതിദുരന്തങ്ങളും തടയുന്നു. ഉയർന്ന വേഗതയിൽ വീശുന്ന കാറ്റ് തടഞ്ഞ് സംരക്ഷണം നൽകുന്നു. അന്തർജലശേഖരണത്തിന് സഹായിക്കുന്നു. ഫലങ്ങളും, കായ്കളും, റബ്ബർ, മറ്റ് മരക്കറകൾ, ടർപ്പൈൻ, എണ്ണ, പശ, ഔഷധചെടികൾ, കൂടാതെ നമ്മുടെ പഠനത്തിനാവശ്യമായ കടലാസ്സ് എന്നിവയും സസ്യങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നു. സസ്യങ്ങളുടെ നിരവധിയായ പ്രയോജനങ്ങളിൽ ഇത് ഏതാനും മാത്രം. വന്യമൃഗങ്ങളിൽ, മൃഗങ്ങളും, പക്ഷികളും പ്രാണികളും, ഉരഗങ്ങളും, ജലജന്തുക്കളും ഉൾപ്പെടുന്നു. ഇവ നമുക്ക് പാലും, മാംസവും, തോലും, കമ്പിളിയും നൽകുന്നു. തേനീച്ചപോലെയുള്ള പ്രാണികൾ നമുക്ക് തേൻ നൽകുന്നു. പ്രാണികൾ പുഷ്പങ്ങളിലെ പരാഗണത്തെ സഹായിക്കുന്നു. കൂടാതെ ആവാസവ്യവസ്ഥിതിയിൽ, വസ്തുക്കൾ ചീയുന്നതിനും മൂലഘടകങ്ങളായി വേർതിരിക്കുന്നതിനും സഹായിക്കുന്നു. പ്രാണികളെ തിന്ന് പക്ഷികൾ ജീവിക്കുന്നതു വഴി പക്ഷികളും മൂലഘടങ്ങളെ വേർതിരിക്കുന്നതിന് സഹായിക്കുന്നു. ചത്ത കന്നുകാലിവർക്ഷങ്ങളെ തിന്നു ജീവിക്കുന്ന കഴുകൻ ഒരു വലിയ തെരുവു സൂക്ഷിപ്പുകാരനെപ്പോലെ, പരിസ്ഥിതിയിലെ ഒരു പ്രധാനപ്പെട്ട ശുചീകരണ സൂക്ഷിപ്പുകാരനായി കണക്കാക്കാം. ജീവജാലങ്ങൾ വലുതാകട്ടെ, ചെറുതാകട്ടെ, ആവാസ വ്യവസ്ഥിതിയിലെ തുലനാവസ്ഥ നിലനിർത്തുന്നതിന് ജീവജാലങ്ങളും അവിഭാജ്യഘടകങ്ങളാണ്.

### 11.3.1 പ്രകൃതി സസ്യസമ്പത്ത് ഇന്ത്യയിൽ

ലോകത്തിലെ ഏതുഭാഗത്തും എന്നപോലെ ഇന്ത്യയിലെ കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവ ഇവിടുത്തെ പ്രകൃതി-സസ്യ സമ്പത്തിന്റെ പ്രധാന ഘടകങ്ങളായി പ്രവർത്തിക്കുന്നു. കാലാവസ്ഥയുടെ സ്വഭാവമനുസരിച്ച് അതായത് മഴയുടെ ലഭ്യത, ഭൂപ്രകൃതി എന്നിവയാലും ഭൗമഉപരിതല സ്വഭാവത്തിന് അനുസൃതമായിട്ടും, താഴെ കൊടുത്തിരിക്കുന്ന വിധത്തിലുള്ള വിവിധങ്ങളായ സസ്യഗണങ്ങൾ ഇന്ത്യയിൽ ഉണ്ട്. ഇന്ത്യയിലെ വടക്ക്-കിഴക്കൻ പ്രദേശം, പശ്ചിമഘട്ടമലനിരകൾ, ആൻഡമാൻ-നിക്കോബാർ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇടതിങ്ങിവളരുന്ന വനപ്രദേശങ്ങൾ ഉണ്ട്. അല്പമായ വനപ്രദേശങ്ങൾ ഉള്ളതിനാൽ ഉത്തരസമതല പ്രദേശങ്ങളിലും ഉത്തര പശ്ചിമപ്രദേശങ്ങളിലും കൃഷിചെയ്യുന്നു. ഡക്കാൺ പ്രദേശത്ത് കുറ്റിക്കാടുകളും ഇല പൊഴിയും വനപ്രദേശങ്ങളും ഉണ്ട്. ഇന്ത്യയിലെ വനപ്രദേശങ്ങളെ താഴെ പറയുന്ന രീതിയിൽ വിഭജിക്കാവുന്നതാണ്.

(i) ഉഷ്ണമേഖല നിത്യഹരിതവനങ്ങൾ

(ii) ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ

(iii) മുൾച്ചെടി കാടുകൾ

(iv) തീരദേശ കണ്ടൽകാടുകൾ

(v) ഹിമാലയ പർവ്വത വനപ്രദേശങ്ങൾ

### (i) ഉഷ്ണമേഖല - നിത്യഹരിതവനങ്ങൾ

വർഷം മുഴുവൻ ചൂടും തണുപ്പും നിലനിൽക്കുന്നതിനാൽ ഉഷ്ണ മേഖലാ വനങ്ങൾ നിത്യഹരിതവനങ്ങളായി നിലനിൽക്കുന്നു. ഏതെങ്കിലും ഒരു കാലാവസ്ഥയിൽ ഇലകൾ കൊഴിയുന്ന രീതി ഇല്ല. അതുകൊണ്ട് ഈ കാടുകൾ നിത്യഹരിതങ്ങളായി നിലനിൽക്കുന്നു. ചുരുങ്ങിയ കാലം മാത്രം നിൽക്കുന്നു. വരണ്ട കാലാവസ്ഥ ഒഴിച്ചാൽ ഈ ഭാഗത്ത്

200 സെന്റീമീറ്ററിന് മുകളിൽ മഴ ലഭിക്കുന്നു. വൃക്ഷങ്ങൾ ഏതാണ്ട് 60 മീറ്റർ ഉയരത്തിൽ കൂടുതൽ വളരുന്നു. മഹാവൃക്ഷങ്ങൾ, കുറ്റിക്കാടുകൾ, വള്ളിച്ചെടികൾ, പരാദസസ്യങ്ങൾ, പന്നൽച്ചെടികൾ എന്നിവ തിങ്ങിവളർന്ന് ഒരു ബഹുനിലസൗധം പോലെ ഇവിടെ വളരുന്നു. ഈ കാരണത്താൽ ഈ നിത്യഹരിതവനങ്ങളെ വ്യവസായിക അധിഷ്ഠിതമായി ഉപയോഗിക്കുന്നത് അപ്രായോഗികമാണ്. വൃക്ഷഗണങ്ങളുടെ സംഖ്യ ഈ ചെറിയ മേഖലയിൽ നിരവധിയാണ്. നിത്യഹരിതവനങ്ങളിൽ സാധാരണ വളരുന്നത് ഈട്ടി, കരിമരം (കരിന്താളി) മഹാഗണി മുതലായവയും ഇവ കൂടാതെ വനപ്രദേശങ്ങൾ ഇല്ലാത്ത ഭാഗങ്ങളിൽ റബ്ബർ, പ്ലാവ്, മുള മുതലായവയും വളരുന്നു. വലിയതോതിൽ മഴ ലഭിക്കുന്ന ഇന്ത്യയിലെ പശ്ചിമഘട്ടം, ആസ്സാമിലെ ഉയർന്ന പ്രദേശങ്ങൾ ലക്ഷദ്വീപ്, ആൻഡമാൻ & നിക്കോബാർ എന്നീ പ്രദേശങ്ങളിലാണ് നിത്യഹരിതവനങ്ങളുള്ളത്. ഇവിടെനിന്നു ലഭിക്കുന്ന മരം, വീട്ടുപകരണങ്ങളും കരകൗശലസാധനങ്ങളും ഉണ്ടാക്കുവാൻ ഉപയോഗിക്കുന്നു. മണ്ണൊലിപ്പും ഉരുൾപൊട്ടലും ഉണ്ടാകാതെ ഇവ സഹായിക്കുന്നു.

### (ii) ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ

വർഷത്തിലൊരിക്കൽ ഇലകൊഴിക്കുന്ന സസ്യഗണം ഉള്ളതാണ് ഉഷ്ണമേഖല ഇലപൊഴിയും കാടുകൾ. ഏറ്റവും കൂടുതൽ വ്യാപിച്ചുകിടക്കുന്നതാണ് ഈ വനപ്രദേശങ്ങൾ. 75 സെന്റീമീറ്റർ മുതൽ 200 സെന്റീമീറ്റർ വരെ വാർഷിക മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ് ഈ വിഭാഗത്തിൽപ്പെട്ട വന പ്രദേശം. ഡക്കാൺ പീഠഭൂമിയിലെ ഉത്തര-പൂർവ്വമേഖലയിലെയും പശ്ചിമഘട്ട മലനിരകളിലെയും പൂർവ്വതീരപ്രദേശത്തെയും ഏതാനും സ്ഥലങ്ങൾ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും ഈ വനപ്രദേശം ഉണ്ട്. കാർഷികാവശ്യത്തിനായി വലിയ തോതിൽ മനുഷ്യർ വെട്ടിതെളിക്കുന്നത് ഈ വനപ്രദേശങ്ങളാണ്. എങ്കിൽതന്നെയും, ഹിമാലയപർവ്വതത്തിന്റെ അടിവാരങ്ങളിലും ദക്ഷിണ ഇന്ത്യയിലെയും മദ്ധ്യഇന്ത്യയിലെയും കുന്നിൻപ്രദേശങ്ങളിലും ഈ വിഭാഗം കാടുകൾ ഉണ്ട്. വാർഷിക മഴയുടെ ലഭ്യതയനുസരിച്ച് ഈ വനപ്രദേശത്തെ (1) ഇലകൊഴിയും ക്ലിന്നകാടുകൾ (മോയിസ്റ്റ് ഡിസിഡിയേസ്) എന്നും (2) ഇലകൊഴിയും വരണ്ടകാടുകൾ (ഡ്രൈ ഡിസിഡിയേസ്) എന്നും രണ്ടു വിഭാഗങ്ങളായി തിരിക്കാം.


**(a) ഇലകൊഴിയും ക്ലിന്നകാടുകൾ** പ്രധാനമായും കാണുന്നത് 100-200 സെന്റീമീറ്റർ വാർഷികമഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ്. ഇവ പ്രധാനമായും കാണുന്നത് ഇന്ത്യയുടെ കിഴക്കൻപ്രദേശങ്ങളിലും വടക്കു-കിഴക്കൻ പ്രദേശങ്ങളിലും, ഹിമാലയത്തിന്റെ അടിവാരങ്ങളിലും ജാർഖണ്ഡ്, ഒഡിഷാ, ഛത്തീസ്ഗഡ് പ്രദേശങ്ങളിലും, പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചെരിവുപ്രദേശങ്ങളിലുമാണ്. തേക്ക്, മുള, സാൽ, സിഷാം, ചന്ദനമരം, ഖേയിർ, ഖുസും അർജ്ജുൻ, മാഹൂ, ജാമുൻ, മൾബെറി എന്നിവകളാണ് പ്രധാനമായും ഈ പ്രദേശങ്ങളിൽ വളരുന്നത്.

**(b) ഇലകൊഴിയും വരണ്ട കാടുകൾ** പ്രധാനമായും കാണുന്നത് 75-100 സെന്റീമീറ്റർ വാർഷികമഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ്. ദക്ഷിണഇന്ത്യയിലെ ഉൾപ്രദേശങ്ങളിലും ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലെ സമതലപ്രദേശങ്ങളിലും ഈ വിഭാഗത്തിലുള്ള കാടുകൾ കാണാം. തേക്ക്, സാൽ, അരയാൽ, വേപ്പ് മുതലായ വൃക്ഷങ്ങൾ ഇവിടെ വളരുന്നു.

### (iii) മുൾച്ചെടി കാടുകൾ

മുൾച്ചെടികൾ ഉൾപ്പെട്ട കുറ്റിക്കാടുകൾ പ്രധാനമായും കാണുന്നത് 75 സെന്റീമീറ്ററിന് താഴെ മഴ ലഭിക്കുന്ന പ്രദേശങ്ങളിലാണ്. അപൂർവ്വമായി ലഭിക്കുന്ന ചെറിയ മഴ ഒഴികെ ഈ പ്രദേശങ്ങളിൽ മുഖ്യമായും വരണ്ട കാലാവസ്ഥയാണ്. അതുകൊണ്ട് തിങ്ങിവളരു


കുറിപ്പുകൾ




ചിത്രം 11.3

ന്ന കാടുകൾ ഈ പ്രദേശത്ത് കാണാറില്ല. ദക്ഷിണഇന്ത്യയിലെ ഉൾപ്രദേശങ്ങളിലും വടക്കു-പടിഞ്ഞാറൻ ഇന്ത്യയിലും ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യപ്രദേശം, ഛത്തീസ്ഗഢ്, ഉത്തർപ്രദേശ്, ഹരിയാന, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ അർദ്ധവരൾച്ച പ്രദേശങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ട കാടുകൾ കാണപ്പെടുന്നു. ചെറിയ വൃക്ഷങ്ങളും, മണ്ണിൽ വളരെ താഴേക്ക് വളരുന്ന വേരുകളോടുകൂടിയ കുറ്റിച്ചെടികളും നിറഞ്ഞ ഈ പ്രദേശം വളരെ വ്യാപിച്ചുകിടക്കുന്നത് കാണാം. ചെറിയ അളവിൽ ജലബാഷ്പീകരണം സാധ്യമാവുന്നതരത്തിലുള്ള കട്ടിയായ, ചെറിയ ഇലകളോടുകൂടിയ ചെടികളുടെ കാണ്ഡം ജലസംഭരണത്തിന് സഹായകരമാവുന്ന തരത്തിലാണ്. ഈ പ്രദേശങ്ങളിൽ സാധാരണയായി വളരുന്നത് അക്കേഷ്യ, ആവണക്ക്, കരുവേലം, ക്യാറ്റസ്, ഖേർ, പന, ഈന്തപ്പന എന്നിവയാണ്.

### (iv) തീരദേശ വനങ്ങൾ (കണ്ടൽക്കാടുകൾ)

വേലിയേറ്റവും വേലിയിറക്കവും മൂലം ഉണ്ടായിട്ടുള്ള ചതുപ്പു സ്ഥലങ്ങളിലും നീർത്തടങ്ങളിലും കാണുന്നയിനം കാടുകളെ കണ്ടൽക്കാടുകൾ അഥവാ തീരദേശവനങ്ങൾ എന്നു വിളിക്കുന്നു. ഇത്തരം കാടുകൾ കാണുന്ന പ്രദേശം ചെളിയും എക്കൽമണ്ണും നിറഞ്ഞ ചതുപ്പുസ്ഥലങ്ങളാണ്. ജലനിരപ്പിന് താഴേക്ക് വേരുകൾ വളരുന്നു. വൃക്ഷത്തിന്റെ ഏതാനും ശിഖരങ്ങളും ഏതാനും കാലയളവിൽ വെള്ളത്തിൽതന്നെ ആയിരിക്കും. ഈ വിഭാ

ഗത്തിൽപ്പെടുന്ന കണ്ടൽക്കാടുകളെ 'മാംഗ്രോവ്' വനങ്ങൾ എന്നും വിളിക്കുന്നു. കട്ടി കൂടിയതും, പരുക്കനായി തുകൽ പോലെ തോന്നിക്കുന്ന ഇലകളോടുകൂടിയ ചെറിയ വൃക്ഷങ്ങൾ നിറഞ്ഞ നിത്യഹരിതകാടുകളായിട്ടാണ് ഇവ കാണ പ്പെടുന്നത്. സുന്ദർബാൻസ്, മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി നദികളുടെ പതനപ്രദേശങ്ങളിലെ തുരുത്തുകളിലും ആൻഡമാൻ & നിക്കോബാർ ദ്വീപുകളിലും ഈ വിഭാഗത്തിൽപ്പെടുന്ന കാടുകൾ കാണപ്പെടുന്നു. മാംഗ്രോവ് അഥവാ 'സുന്ദരി' എന്നറിയപ്പെടുന്ന മരങ്ങളാണ് സാധാരണയായി കാണപ്പെടുന്നതെങ്കിലും പന, തെങ്ങ്, കെയിറാ, അഗാർ മുതലായവയും ഇവിടെ വളരുന്നു. വാണിജ്യാടിസ്ഥാനത്തിൽ വൻതോതിലുള്ള നശീകരണത്തിൽ നിന്നും കണ്ടൽക്കാടുകളെ ഒഴിവാക്കിയത് വളരെ രസാവഹം തന്നെയാണ്. തീരദേശങ്ങളിലാണ് ഈ വിഭാഗത്തിൽപ്പെടുന്ന കാടുകൾ കണ്ടുവരുന്നത്. ചുഴലിക്കാറ്റുകളിൽ നിന്ന് മനുഷ്യർക്ക് സംരക്ഷണം നൽകുന്നതിന് ഏറെ സഹായകരമാണ് കണ്ടൽക്കാടുകൾ.

### (v) ഹിമാലയൻ കാടുകൾ

പേരിൽനിന്ന് വ്യക്തമാകുന്നതു പോലെ ഈ വിഭാഗത്തിൽപ്പെട്ട കാടുകൾ ഹിമാലയൻ പർവ്വതപ്രദേശത്ത് ആണ്. അന്തരീക്ഷതാപത്തിന്റെ കുറവും സമുദ്ര നിരപ്പിൽനിന്നും കുന്നുകളുടെ ഉയരമനുസരിച്ചും, കുന്നിൻചെരിവുകളിലും, സൂര്യരശ്മികൾ പതിക്കുന്നതനുസരിച്ചും വൈവിധ്യമാർന്ന കാടുകൾ ഇവിടെയുണ്ട്. ഉയർന്ന തോതിൽ ദുർബലമാണ് ആവാസവ്യവസ്ഥിതി. അടുത്ത കാല ദശകങ്ങളിൽ, ഹിമാലയപർവ്വതം വൻതോതിൽ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഉയർന്ന തോതിൽ മഴ ലഭിക്കുന്നിടങ്ങളിലും, ചൂട് കാലാവസ്ഥ നിലനിൽക്കുന്ന ഇടങ്ങളിലും, അതുപോലെതന്നെ 1000 മീറ്ററിൽ താഴെ പൊക്കമുള്ള പ്രദേശങ്ങളിലും ഹിമാലൻ കാടുകൾ ഇടതിങ്ങിവളരുന്നു. ഇപ്രകാരമുള്ള സ്ഥലങ്ങൾ ഉഷ്ണമേഖലാപ്രദേശങ്ങൾ പോലെ തോന്നിക്കും. നിത്യഹരിത വിശാലപത്രങ്ങളായി വളരുന്ന ഓക്മരങ്ങളും ചെസ്നട്ടും ആണ് പൊതുവെ 1000 - 2000 മീറ്റർ ഉയരമുള്ള കുന്നിൻപ്രദേശങ്ങളിൽ വളരുന്നത്. ഏതാണ്ട് ഇതേ ഉയരമുള്ള കിഴക്കൻ ഹിമാലയത്തിന്റെ അർദ്ധ ഉഷ്ണ മേഖലകളിൽ പൈൻമരങ്ങൾ ഉണ്ട്. എങ്കിലും ചിർ മരങ്ങളാണ് ഇവിടെ പൊതുവെ കാണപ്പെടുന്നത്. വർഷത്തിൽ 100 - 250 സെന്റീമീറ്റർ മഴ ലഭിക്കുന്ന 1500 - 3500 മീറ്റർ പൊക്കമുള്ള ഹിമാലയത്തിന്റെ പ്രദേശങ്ങളിൽ ക്ലിന്ന (മോസ്റ്റ് ടെമ്പറേറ്റ് ഫോറസ്റ്റ്) ഇലകൊഴിയും കാടുകൾ കാണുന്നു. ഹിമാലയത്തിന്റെ ഈ പ്രദേശത്ത് ഓക്ക്, ലോറൽ, ചെസ്നട്ട്, സിഡാർ, സിൽവർ, ഫിർ, സ്പ്രൂസ്, റോഡോഡെൻഡ്രൻ, ദേവദാരു എന്നീ വൃക്ഷങ്ങളാണ് പ്രധാനമായും വളരുന്നത്. തടിയുടെ വൻതോതിലുള്ള ഉപയോഗത്തിനായി ഈ മരങ്ങൾ വിപുലമായ തോതിൽ വെട്ടിനശിപ്പിക്കുന്നു. 3000 - 3800 മീറ്റർ ഉയരമുള്ള ഹിമാലയത്തിന്റെ കുന്നിൻപ്രദേശങ്ങളിൽ കണ്ടുവരുന്ന മറ്റൊരു വിഭാഗമാണ് ആൽപ്പയിൻ കാടുകൾ. വിശാലമായി വ്യാപിച്ചുകിടക്കുന്ന ഉയർന്ന പുൽത്തകിടിയിൽ അവിടെയുമിവിടെയുമായി പൈൻ, ബിർച്ച്, സിൽവർ, ഫിർ, റോഡോഡെൻഡ്രൻ തുടങ്ങിയ വൃക്ഷങ്ങൾ ആൽപ്പയിൻ കാടുകളിൽ വളരുന്നു.

## പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 11.2

1. ഉഷ്ണമേഖലാ മഴക്കാടുകളെ നിത്യഹരിതവനങ്ങൾ എന്നു പറയുന്നത് എന്തുകൊണ്ടാണ്? 30 വാക്കുകളിൽ വിവരിക്കുക.

2. കാരണം വ്യക്തമാക്കുക.

   (i) അടുത്തയിടെ ഉണ്ടായ ചുഴലിക്കാറ്റിൽ ഇന്ത്യയുടെ പൂർവ്വതീരപ്രദേശത്തു

വളരുന്ന കണ്ടൽക്കാടുകൾക്ക് വൻതോതിൽ നാശം സംഭവിച്ചു. കാരണം?

..............................................................................................................................

..............................................................................................................................

ii. ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളേക്കാൾ കൂടുതലായി ഹിമാലയത്തിലെ കാടുകൾ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുന്നു. കാരണം.


..............................................................................................................................

..............................................................................................................................

### 11.3.2 ഇന്ത്യയിലെ വന്യമൃഗജീവികൾ

ഇന്ത്യയുടെ പ്രത്യേകമായ ഭൂമിശാസ്ത്രപരമായ സ്ഥാനംകൊണ്ട്, ഇന്ത്യയുടെ വന്യമൃഗ ജീവി സമ്പത്ത് വലുതാണ് എന്ന് മുൻ അദ്ധ്യായത്തിൽ നിങ്ങൾ പഠിച്ചുകഴിഞ്ഞു. ഇന്ത്യ യുടെ വന്യമൃഗജീവി സമ്പത്ത് പ്രകൃതിയിൽ നിന്നു തന്നെ പാരമ്പര്യമായി ലഭിച്ചതാണ്. ലോകത്തിൽ അറിയപ്പെടുന്ന സസ്യ ഉപഗണങ്ങളിലും മൃഗഉപഗണങ്ങളിലും ഏതാണ്ട് 80 ശതമാനത്തോളം ഇന്ത്യയിലും കാണാം. മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യ പരിപാലന ത്തിനായി നിരവധി സസ്യഉൽപന്നങ്ങൾ സസ്യങ്ങളിൽ നിന്ന് ലഭിക്കുന്നു. മനുഷ്യരുടെ തള്ളിക്കയറ്റം ഈ അടുത്തയിടെയായി, ഇന്ത്യയുടെ വന്യമൃഗജീവി സമ്പ ത്തിന് ഭീഷണിയായി മാറിയിട്ടുണ്ട്. 1935 മുതൽ തന്നെ വന്യമൃഗജീവി സങ്കേതങ്ങളും സംരക്ഷണപ്രദേശങ്ങളും സ്ഥാപിച്ചു. ഇത് പിൽക്കാലത്ത് വിപുലമാക്കുകയും 1972-ൽ തന്നെ വന്യമൃഗസംരക്ഷണ ആക്ട് (Wildlife Protection Act, 1972) പാസ്സാക്കി. ഭാരത ത്തിന്റെ ജൈവവൈവിധ്യാവസ്ഥ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി വി വിധ പ്രോഗ്രാമുകൾ നമ്മുടെ രാജ്യത്ത് നടത്തുന്നുണ്ട്. പ്രകൃതി തന്നെ ഒരുക്കിയിട്ടുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും സസ്യങ്ങളുടെയും ആവാസകേന്ദ്രങ്ങൾ അപ്രകാരം തന്നെ ഇന്ത്യയിൽ സംരക്ഷിക്കുന്നു. 551 വന്യമൃഗജീവി സങ്കേതങ്ങൾ, 96 ദേശീയ ഉദ്യാ നങ്ങൾ, 25 നീർത്തടാകങ്ങൾ, 15 ബയോസ്ഫിയർ റിസർവ്വുകൾ എന്നിവ ഇന്ത്യയിൽ ഉട നീളം സംരക്ഷിക്കപ്പെടുന്നു. വന്യമൃഗജീവി ഉപഗണങ്ങളുടെ സംരക്ഷണത്തിനും, നശി ച്ചുകൊണ്ടിരിക്കുന്ന ജന്തുജീവികളുടെ സംരക്ഷണത്തിനും, മനുഷ്യരിൽ അവബോധം ഉ ണ്ടാക്കുന്നതിനുമായി മേൽപറഞ്ഞവ കൂടാതെ 33 ബോട്ടാണിക്കൽ ഗാർഡൻസും (സ സ്യതോട്ടങ്ങൾ), 275 വന്യമൃഗസങ്കേതങ്ങളും, നിരവധി ഡിയർ പാർക്കുകൾ (മാൻ സംര ക്ഷണകേന്ദ്രങ്ങൾ), സഫാരി പാർക്കുകൾ, അക്വേറിയം മുതലായവയും ഉണ്ടാക്കിയിട്ടു ണ്ട്. വന്യമൃഗജീവികളുടെ സംരക്ഷണത്തിനും, അവയുടെ ആവാസകേന്ദ്രങ്ങൾ സംര ക്ഷിക്കുന്നതിനുമായി 'പ്രോജക്ട് ടൈഗർ 1973', 'പ്രോജക്ട് എലിഫെന്റ് 1992' തുടങ്ങിയ പ്രത്യേക പദ്ധതികളും തുടങ്ങിയിട്ടുണ്ട്. ചില ജന്തുവിഭാഗങ്ങൾ ഇല്ലാതെ ആയിക്കൊ ണ്ടിരിക്കുന്നതിനാൽ മേൽപറഞ്ഞതുപോലെയുള്ള പ്രത്യേക പദ്ധതികൾ വളരെ പ്രധാന പ്പെട്ടതാണ്. എന്നിരുന്നാലും ജൈവൈവിധ്യം സംരക്ഷിക്കുന്നതിൽ ഇന്ത്യയിലെ ഓരോ പൗരനും അവരവരുടെ പങ്ക് മനസ്സിലാക്കാത്തിടത്തോളം മേൽപറഞ്ഞ ശ്രമങ്ങൾ ഒന്നും പൂർണ്ണവിജയം നേടും എന്ന് പറഞ്ഞുകൂടാ.

(i) **വന്യമൃഗജീവി സങ്കേതങ്ങൾ:** വന്യമൃഗജീവികളെ അവയുടെ ആവാസ സ്ഥലങ്ങ ളിൽ മതിയായ രീതിയിൽ തന്നെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വന്യമൃഗജീവി സങ്കേതങ്ങൾ സ്ഥാപിച്ചത്. ഏതാണ്ട് 2000 വിവിധയിനം പക്ഷികൾ, 3500 ഇനം സസ്തനജീവികൾ 30,000 വിവിധയിനം ഷട്പദങ്ങൾ വിവിധയിനം






പ്രാണികൾ ഏതാണ്ട് 1500 ഇനം സസ്യങ്ങൾ എന്നിവകളുടെ ആവാസ കേന്ദ്രങ്ങളായി വന്യമൃഗജീവികേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വന്യമൃഗങ്ങളുടെയും, പക്ഷികളുടെയും, ഉദാഹരണത്തിന് ഏഷ്യാറ്റിക് ആന, റോയൽ ബംഗാൾ കടുവാ, മഞ്ഞുകരടി, സൈബീരിയൻ ഇരണ്ട എന്നിവകളുടെ സങ്കേതങ്ങളായും വാസസ്ഥലങ്ങളായും സംരക്ഷണ വനങ്ങളായും വന്യമൃഗസങ്കേതങ്ങൾ പ്രവർത്തിക്കുന്നു. ചില പ്രത്യേകതരം മൃഗങ്ങളുടെ സങ്കേതങ്ങളായും സംരക്ഷണപ്രദേശങ്ങളായും നിരവധി വന്യമൃഗ ജീവികേന്ദ്രങ്ങളുണ്ട്. കേരളത്തിലെ പെരിയാർ വന്യമൃഗജീവി കേന്ദ്രം ആനകൾക്കും, ആസ്സാമിലെ കാസിരംഗാ വന്യമൃഗജീവികേന്ദ്രം കണ്ടാമൃഗങ്ങൾക്കും പ്രസിദ്ധങ്ങളാണ്. ഇന്ത്യയിൽ മൊത്തം 551 വന്യമൃഗജീവി കേന്ദ്രങ്ങളുണ്ട്. ഒലീവ് റീഡ്‌ലി കടൽ ആമകൾ, സൈബീരിയൻ കൊക്കുകൾ, ഫ്ളമിംഗോസ് തുടങ്ങിയ കുടിയേറ്റ മൃഗങ്ങൾക്കും പക്ഷികൾക്കും ഇന്ത്യ വാസസ്ഥലമാണ്.

**(ii)** **ദേശീയ ഉദ്യാനങ്ങൾ:** ഭാവിതലമുറയ്ക്കുവേണ്ടി വന്യമൃഗസമ്പത്തും അതുപോലെ തന്നെ ചരിത്രപരവും ദേശീയപ്രാധാന്യവുമുള്ള വസ്തുക്കൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടും കൂടിയാണ് ദേശീയ ഉദ്യാനങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. 1970കളിൽ ഇന്ത്യയിൽ ആകെ അഞ്ച് ദേശീയ ഉദ്യാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിൽക്കാലത്ത് ഇത് 13 എണ്ണമായി വർദ്ധിച്ചു. വന്യമൃഗജീവികളുടെ ആവാസ വ്യവസ്ഥിതികൾ സംരക്ഷിക്കുന്നതിനായി 1972-ൽ ഇന്ത്യയിൽ വന്യമൃഗജീവി സംരക്ഷണനിയമം (വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്) പാസ്സാക്കി. നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗജീവികളുടെ എണ്ണം നിജപ്പെടുത്തി അവയ്ക്ക് നിയമസംരക്ഷണം ലഭിക്കുക, ദേശീയ ഉദ്യാനങ്ങൾ എന്ന് പ്രഖ്യാപിച്ചിട്ടുള്ള ഇന്ത്യയിലെ എല്ലാ പ്രദേശങ്ങൾക്കും നിയമസംരക്ഷണം ലഭിക്കുക എന്നീ രണ്ട് പ്രധാന ലക്ഷ്യങ്ങൾ മേൽ പ്രസ്താവിച്ച നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ദേശീയ ഉദ്യാനങ്ങൾ (വന്യമൃഗജീവി സങ്കേതങ്ങൾ) | അപൂർവ്വ ഇനം വന്യമൃഗജീവികളുടെ സംരക്ഷണം |
|---|---|
| 1. ദാച്ചിഗ്രാം (ജമ്മു & കാശ്മീർ) | ഹാംഗൂൾ, കസ്തൂരിമാൻ |
| 2. കോർബറ്റ് (ഉത്തരാഖണ്ഡ്) | കടുവ, ആന, പുള്ളിപ്പുലി, മാൻ |
| 3. ദൂദ്വാ (ഉ. പ്രദേശ്) | ആന, കടുവ |
| 4. കാൻഹാ (മ. പ്രദേശ്) | കടുവ, ബാരസിംഗാ |
| 5. ബന്ദീപൂർ (കർണ്ണാടക) | കടുവ, ബാരസിംഗാ |
| 6. പെരിയാർ (കേരളം) | ആന |
| 7. ഭരത്പൂർ (രാജസ്ഥാൻ) | ആന |
| 8. ഡെസർട്ട് പാർക്ക് (രാജസ്ഥാൻ) | ആന, കടുവ |
| 9. ഗീർ (ഗുജറാത്ത്) | വിവിധ ജലപക്ഷികൾ |
| 10. കാസിരംഗാ (ആസ്സാം) | മരുഭൂമിയിലെ ചെന്നായ്, കുറുക്കൻ, സിംഹം, പുള്ളിപ്പുലി |
| 11. മാനസ്സ് (ആസ്സാം) | കണ്ടാമൃഗം, പുള്ളിപ്പുലി, പുള്ളിമാൻ, കാട്ടുപോത്ത്, ആന |
| 12. നാം ഡാഫാ (അരുണാചൽ പ്രദേശ്) | കടുവ, ഗൗർ, കാട്ടുപോത്ത് |
| 13. സുന്ദർ ബാൻഡ് (വെസ്റ്റ് ബംഗാൾ) | റോയൽ ബംഗാൾ കടുവ |




*ചിത്രം 11.4 ഇന്ത്യയിലെ ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗജീവിസങ്കേതങ്ങൾ, പക്ഷിസങ്കേതങ്ങൾ*

(iii) നീർത്തടങ്ങൾ: സ്ഥിരമായിട്ടോ, അല്ലെങ്കിൽ പ്രത്യേക കാലാവസ്ഥയിലോ മണ്ണ് നനഞ്ഞോ, അഥവാ, ജലാംശമുള്ളതായോ, ഉള്ള പ്രദേശങ്ങളാണ് നീർത്തടങ്ങൾ. ഭാഗികമായോ, അല്ലെങ്കിൽ പൂർണ്ണമായിട്ടോ ആ പ്രദേശങ്ങളിൽ തീരെ ആഴംകുറഞ്ഞ വെള്ളം ഉണ്ടായിരിക്കും. ചതുപ്പ് സ്ഥലങ്ങൾ, ചെളിക്കുണ്ടുകൾ, കായലുകൾ മുതലായവ നീർത്തടങ്ങളിൽപ്പെട്ടതാണ്. നീർത്തടങ്ങളിലെ ജലം ഉപ്പുരസമുള്ളതോ, ശുദ്ധജലമോ, അല്ലെങ്കിൽ ചെളിവെള്ളമോ ആയിരിക്കാം. പ്രകൃതിയിലെ മലിനജന ശുദ്ധീകരണത്തിൽ സുപ്രധാനമായ സ്ഥാനം നീർത്തടങ്ങൾക്ക് ഉണ്ട്. ജൈവശാസ്ത്രപരമായി ഏറ്റവും വൈവിധ്യമാർന്ന ആവാസ വ്യവസ്ഥിതി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളായിട്ടാണ് നിർത്തടങ്ങളെ കണക്കാക്കുന്നത്. നീർത്തടങ്ങളിൽ കാണുന്ന സസ്യജനങ്ങളിൽ പ്രധാനമായിട്ടുള്ളത് മാംഗ്രോവ്, വാട്ടർലില്ലിസ്, ക്യാറ്റെയിൽസ്, മുത്തങ്ങാ, പുളിമരം, കറുത്ത ശതാവരി, സൈപ്രസ് മരങ്ങൾ, ചിലയിനം പശമരങ്ങൾ മുതലായവയാണ്. ജന്തുവിഭാഗങ്ങളിൽ പ്രധാനമായും വിവിധയിനം ജീവികൾ, ഇഴജന്തുക്കൾ, പക്ഷികൾ, ഷട്പദങ്ങൾ പലയിനം സസ്തനജീവികൾ എന്നിവയാണ്. കാലാവസ്ഥാമാറ്റത്തിൽ നീർത്തടങ്ങൾ രണ്ട് പ്രധാനകാര്യങ്ങൾ നിർവ്വഹിക്കുന്നു. അന്തരീക്ഷത്തിലെ കാർബണിന്റെ തോത് നിയന്ത്രിച്ച് ലഘൂകരിക്കുന്ന ദൗത്യത്തിനു പുറമേ ആഗിരണാവസ്ഥയിലൂടെ ജലം സംഭരിക്കുന്നതും നിയന്ത്രിക്കുന്നതുമായ മറ്റൊരു ദൗത്യവും നിർവ്വഹിക്കുന്നു. 'രാംസർ ഉടമ്പടി' (Ramsar Convention)

അഥവാ നീർത്തടങ്ങളെ സംബന്ധിച്ചുള്ള അന്തർദ്ദേശീയ ഉടമ്പടി നീർത്തടങ്ങളുടെ നശീകരണത്തിലും, നീർത്തടങ്ങൾ മറ്റ് ഉപയോഗങ്ങൾക്കായി മാറ്റുന്നതു സംബന്ധിച്ചും ഉള്ള ആഗോളജനതയുടെ ഉൽകണ്ഠയിലുള്ള ഒരു ഉടമ്പടി എന്ന് വിശേഷിപ്പിക്കാം. അന്തർദ്ദേശീയ പ്രാധാന്യമുള്ള നീർത്തടങ്ങളുടെ പട്ടിക തയ്യാറാക്കി, അവയുടെ ബുദ്ധിപരമായ ഉപയോഗത്തിന് പ്രേരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, സംരക്ഷിക്കുക തുടങ്ങിയ പ്രാഥമിക ലക്ഷ്യങ്ങളാണ് ഈ ഉടമ്പടിയിലുള്ളത്. നീർത്തടങ്ങൾ ഉപയോഗശൂന്യമാണെന്ന മിഥ്യാധാരണ മാറ്റുക, ജനങ്ങളെ ബോധവൽക്കരിക്കുക, നീർത്തടങ്ങളിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം തടയുക ആദിയായവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**? നിങ്ങൾക്കറിയാമോ**

ഇന്ത്യയിലെ പ്രധാനപ്പെട്ട 25 നീർത്തടങ്ങൾ / രാംസർ മേഖലകൾ ഏതൊക്കെയെന്ന് പ്രത്യേകം നിജപ്പെടുത്തുകയുണ്ടായി.


**പട്ടിക 11.2 ഇന്ത്യയിലെ നീർത്തടങ്ങൾ**

| ക്രമനം. | പേര് | സംസ്ഥാനം | വിസ്തീർണ്ണം (കിലോമീറ്റർ) ($Km^2$) |
|---|---|---|---|
| 1. | അഷ്ടമുടി | കേരളം | 614 |
| 2. | ബിത്താർകണിക മാംഗ്രോവ് | ഒഡീഷാ | 650 |
| 3. | ചിൽക്കാ തടാകം | ഒഡീഷാ | 1165 |
| 4. | പൂർവ്വ കൽക്കട്ടാ നീർത്തടങ്ങൾ | വെ. ബംഗാൾ | 125 |
| 5. | കൊല്ലേരു തടാകം | ആന്ധ്രാപ്രദേശ് | 901 |
| 6. | ലോക്ടാക് തടാകം | മണിപ്പൂർ | 266 |
| 7. | പോയിന്റ് കാലിമീർ | തമിഴ്നാട് | 385 |
| 8. | പോങ് ഡാം തടാകം | ഹിമാചൽ പ്രദേശ് | 157 |
| 9. | സമ്പാർ തടാകം | രാജസ്ഥാൻ | 240 |
| 10. | സോമോറീ തടാകം | ജമ്മു & കാശ്മീർ | 120 |
| 11. | അപ്പർ ഗംഗാ കനാൽ | ഉത്തർ പ്രദേശ് | 266 |
| 12. | വേമ്പനാട് കോൾ നിലം | കേരള | 1512 |
| 13. | വൂളാർ തടാകം | ജമ്മു & കാശ്മീർ | 189 |
| 14. | ഹാരിക് തടാകം | പഞ്ചാബ് | 41 |
| 15. | ഭോജ് നീർത്തടം | മദ്ധ്യപ്രദേശ് | 32 |

### (iv) ജൈവ ആവാസ സംരക്ഷിതപ്രദേശങ്ങൾ

ജൈവവൈവിധ്യങ്ങളുടെ സംരക്ഷണം ഉൾപ്പെടെ ബഹുമുഖങ്ങളായ ലക്ഷ്യങ്ങളോടു കൂടിയ ഭൂമിയിലെ ആവാസസംരക്ഷിത സ്ഥലങ്ങളെയാണ് ജൈവആവാസ സംരക്ഷിത സ്ഥലങ്ങൾ എന്നു പറയുന്നത്. ഒന്നോ ഒന്നിലധികം ദേശീയ ഉദ്യാനങ്ങളോ, വന്യമൃഗ ജീവികേന്ദ്രങ്ങളോ ഉൾപ്പെട്ട 15 ജൈവആവാസ സംരക്ഷണകേന്ദ്രങ്ങൾ കേന്ദ്ര ഗവൺമെന്റ്

സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള കേന്ദ്രങ്ങൾ വിസ്തൃതിയേറിയ ജൈവആവാസ കേന്ദ്രങ്ങളാണ്. സസ്യജീവജാലങ്ങൾക്ക് മാത്രമല്ല ആ പ്രദേശങ്ങളിൽ വസിക്കുന്ന മനുഷ്യർക്കും അവരുടെ ജീവിതശൈലികൾക്കും ഇവിടെ സംരക്ഷണം ലഭിക്കുന്നു. ഈ കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ (i) സൂക്ഷ്മാണുജീവികൾ മുതൽ മൃഗങ്ങൾ, സസ്യലതാദികൾ വരെയുള്ള വിവിധ ജൈവസമ്പത്തിന്റെ സംരക്ഷണവും ഏകീകരണവും. (ii) ഈ പ്രദേശങ്ങളിലെ ജൈവവ്യവസ്ഥിതിയുടെ സംരക്ഷണം, ഗവേഷണം, പഠനം, ബോധവൽക്കരണം, പരിശീലനം ആദിയായവ.




**ചിത്രം 11.5** *ഇന്ത്യയിലെ ജൈവ ആവാസ സംരക്ഷിത പ്രദേശങ്ങൾ*

**പട്ടിക 11.3 ജൈവ സംരക്ഷിതപ്രദേശങ്ങൾ**

| ക്രമനം. | പേര് | സംസ്ഥാനം |
|---|---|---|
| 1. | നീലഗിരി | തമിഴ്നാട്, കേരളം, കർണ്ണാടക |
| 2. | ഗൾഫ് ഓഫ് മന്നാർ | തമിഴ്നാട് |
| 3. | സുന്ദർബാൻസ് | വെസ്റ്റ് ബംഗാൾ |
| 4. | നന്ദാദേവി | ഉത്തരാഖണ്ഡ് |

| | | |
|---|---|---|
| 5. | ദിഹാംഗ് - ദിബാംഗ് | അരുണാചൽപ്രദേശ് |
| 6. | പാച്ച്മാർഹി | മദ്ധ്യപ്രദേശ് |
| 7. | സിംലിപാൽ | ഒറീസ്സാ |
| 8. | അച്ചനാംകാർ-അമാർകാണ്ട്ക് | മദ്ധ്യപ്രദേശ് ഛത്തീസ്ഗഢ് |
| 9. | മനാസ് | ആസ്സാം |
| 10. | കാഞ്ചൻഗംഗാ | സിക്കിം |
| 11. | അഗസ്ത്യമല | കേരള |
| 12. | ഗ്രേറ്റ് നിക്കോബാർ | ആൻഡമാൻ & നിക്കോബാർ |
| 13. | നോക്റേക്ക് | മേഘാലയാ |
| 14. | ദിബ്റു-സയ്ക്കോവാ | ആസ്സാം |
| 15. | റാൻ ഓഫ് കച്ച് | ഗുജറാത്ത് |

## 11.4 ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന്റെ ആവശ്യം

ജൈവവൈവിധ്യം എന്നാൽ ആകെയുള്ള ജീവജാലങ്ങളുടെ ഗണം, ഉപഗണം, ആവാസ വ്യവസ്ഥിതി എന്നൊക്കെയാണ് എന്ന് സെക്ഷൻ 11.1-ൽ പറഞ്ഞിട്ടുണ്ടല്ലോ! നമ്മുടെ ഇവിടുത്തെ നിലനില്പിന്റെ അടിസ്ഥാനം തന്നെ ഈ വൈവിധ്യമാണെന്ന് പഠിച്ചുകഴിഞ്ഞു. പ്രകൃതിയാണ് നമുക്ക് ആവശ്യമുള്ള ആഹാരവും, ജലവും, അഭയവും, അടിസ്ഥാനവും നൽകുന്നത്. ഈ ഘടകങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടും ആശ്രയിച്ചുമാണ് നിലനിൽക്കുന്നത്. ഇതിൽ ഏതെങ്കിലും ഒരു ഘടകത്തിന് ഇളക്കംതട്ടിയാൽ അതിന്റെ അനന്തര ഫലം ജൈവആവാസ വ്യവസ്ഥയ്ക്ക് പലതരത്തിലായിരിക്കും ഉളവാകുന്നത്. പ്രകൃതി നൽകിയിരിക്കുന്ന ആവാസവ്യവസ്ഥ സംരക്ഷിക്കണമെങ്കിൽ നാം അതിനെ ഏതൊക്കെ വിധത്തിൽ ചൂഷണംചെയ്യുന്നുവെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. പ്രകൃതിയുമായുള്ള സൗഹാർദ്ദപരമായ ജീവിതശൈലി സ്ഥാപിക്കണമെങ്കിൽ നമ്മുടെ ജീവിതശൈലിയിൽ ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്. നമ്മുടെ ജീവിതത്തിൽ സസ്യജാലങ്ങൾക്ക് ഒരു വലിയ പങ്കാണ് ഉള്ളത്. നമ്മുടെ ജീവിതത്തെ സസ്യങ്ങളും സസ്യസമ്പത്തും എപ്രകാരം സ്വാധീനിക്കുന്നുവെന്ന് നമുക്ക് പരിശോധിക്കാം.

(i) ജൈവവൈവിധ്യത്തിന്റെ പ്രധാന ഘടകം സസ്യലതാദികളാണ്. സസ്യങ്ങൾ ഇല്ലെങ്കിൽ മൃഗങ്ങളും മറ്റ് ജീവജാലങ്ങളും സൂക്ഷ്മാണുജീവികളും അവയുടെ ആവാസകേന്ദ്രങ്ങളില്ലാതെയും, ആഹാരവും, ശ്വസിക്കുവാനുള്ള ഓക്സിജനും ലഭിക്കാതെ നശിച്ചുപോകും.

(ii) കാറ്റ്മൂലമോ, ജലംമൂലമോ ഉണ്ടാകുന്ന മണ്ണൊലിപ്പിനെ തടഞ്ഞുനിർത്തി സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും വേരുകൾ മണ്ണിന്റെ സംരക്ഷണം നിർവ്വഹിക്കുന്നു.

(iii) ജലസംക്രമണത്തിൽ സസ്യലതാദികൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. അന്തരീക്ഷവായുവും, മണ്ണും തമ്മിൽ സസ്യങ്ങൾ ബന്ധം നിലനിർത്തുന്നു. ഭൂമിയിൽ നിന്നും ജലം വലിച്ചെടുത്ത് ഇലകളിലൂടെ ജലകണങ്ങളായി അന്തരീക്ഷത്തിലേക്ക് വിടുന്നു.

(iv) ഭൂമിയുടെ ഉപരിതലത്തിലൂടെ ഒഴുകുന്ന ജലം തടഞ്ഞുനിർത്തുന്ന സ്വാഭാവിക തടയിണ പോലെ സസ്യങ്ങൾ പ്രവർത്തിക്കുന്നു.

(v) സസ്യങ്ങൾ 'പ്രഭാകലനത്തിലൂടെ' (ഫോട്ടോസിന്തസീസ്) അന്തരീക്ഷ വായുവിലെ കാർബൺഡൈഓക്സൈഡ് വലിച്ചെടുത്ത് തിരികെ ഓക്സിജൻ പുറത്തേക്ക് വിടുന്നു. അന്തരീക്ഷത്തിലെ മറ്റ് മലിനഘടകങ്ങളെയും അരിച്ച് ശുദ്ധീകരിക്കുന്നതിൽ സസ്യങ്ങൾ വലിയ പങ്ക് വഹിക്കുന്നു.

(vi) അന്തരീക്ഷത്തിലെ 'ഗ്രീൻഹൗസ് ഇഫക്ടിന്' സസ്യങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. വന നശീകരണം മൂലം ഉയർന്നതോതിലുള്ള കാർബൺ ഡൈഓക്സൈഡ് അന്തരീക്ഷത്തിൽ കലർന്ന് ഗ്രീൻഹൗസിൽ വിള്ളൽ ഉണ്ടാകുവാൻ കാരണമാകും.

(vii) ആഹാരവ്യവസ്ഥിതിയിലുള്ള തുലനാവസ്ഥ സംരക്ഷിക്കുന്നതിൽ വന്യമൃഗങ്ങൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. ആരോഗ്യദായകമായ ഒരു ആവാസ വ്യവസ്ഥിതി നിലനിർത്തുന്നതിന് ഇത് സഹായകമാവുന്നു.

(viii) നമുക്ക് അഗോചരമായ സൂക്ഷ്മാണുക്കൾ, പ്രകൃതിയിലെ വിസർജ്ജന വസ്തുക്കൾ ഇല്ലാതാക്കുന്നതിലും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിലും അസംഖ്യം ഔഷധപ്രാധാന്യമുള്ള ഘടകങ്ങളായും വർത്തിക്കുന്നു.

ആഗോള ആവാസ വ്യവസ്ഥിതിയുടെ സംരക്ഷണം വലിയ പ്രാധാന്യമുള്ളതാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കാണും. ലോകത്തിന്റെ ഏതു ഭാഗത്തുള്ള ആളുകളുടെ നിലനില്പിനും ജൈവവൈവിധ്യ വ്യവസ്ഥിതിയുടെ സംരക്ഷണം ആവശ്യമാണ്. ഉത്തമമായ ജീവിതശൈലി തെരഞ്ഞെടുക്കുന്നതിൽ, ഉത്തരവാദിത്വമുള്ള പൗരന്മാരെന്ന നിലയിൽ നമ്മുടെ പങ്ക് ക്രിയാത്മകമാണെന്ന് മനസ്സിലാക്കണം. ജൈവവൈവിധ്യ ആവാസ വൈവിധ്യം സംരക്ഷിക്കുന്നതിൽ നമ്മുടെ സംഭാവന ഇതായിരിക്കണം.

### ജൈവവൈവിധ്യം സംരക്ഷിക്കുന്നതിൽ ജനപങ്കാളിത്തം (ഒരു സംഭവ പഠനം)

25 വയസ്സു പ്രായമുള്ള രാജേന്ദ്ര സിംഗ് അയാളുടെ ജോലി ഉപേക്ഷിച്ച് ഒരു പിന്നോക്കപ്രദേശത്തെ വികസനത്തിനായി സ്വയം അർപ്പിച്ചു. ആൾവാറിന് സമീപമുള്ള ഏറ്റവും പിന്നോക്കപ്രദേശത്തേക്ക് അയാളും നാലു സുഹൃത്തുക്കളുമായി ഒരു ബസ്സിൽ പുറപ്പെട്ടു. ഖനി തൊഴിലാളികളും കള്ളത്തടിവെട്ടുകാരും വനം നശിപ്പിച്ച് വനസമ്പത്ത് കൊള്ളയടിക്കുന്നവരുടെ ഒരു സങ്കേതമായി ആ സമയത്ത്, ആൾവാർ മാറിയിരുന്നു. ആൾവാറിലെ അരുവികൾ ഇല്ലാതെയായി നദികൾ വറ്റി. കൃഷിസ്ഥലങ്ങൾ ഉണങ്ങിവരണ്ട അവസ്ഥയിലായിരുന്നു. മൺസൂൺകാലത്ത് അതിരൂക്ഷമായ ജലപ്രളയവും ഉണ്ടാകും. ഈ വിധത്തിലുള്ള വിപത്തുകൾ മൂലം ഗ്രാമവാസികൾ അവരുടെ കൃഷിസ്ഥലങ്ങളിലെ കുളങ്ങൾ ഉപേക്ഷിച്ചു. ഗ്രാമത്തിലെ പുരുഷന്മാർ മറ്റ് തൊഴിൽ തേടി നഗരത്തിലേക്ക് മാറി; സ്ത്രീകളാകട്ടെ വറ്റിവരണ്ട കൃഷിസ്ഥലങ്ങളിൽ ഏതാനും ദുർബ്ബലമായ കൃഷികളിലും ഏർപ്പെട്ടു. വെള്ളം ലഭിക്കുന്നതിനായി അനേകം കിലോമീറ്ററുകൾ അവർക്ക് അലയേണ്ടിവന്നു. 1985-ൽ രാജേന്ദ്ര ആൾവാറിൽ എത്തുമ്പോൾ ഇതായിരുന്നു അവസ്ഥ. അവിടെ എത്തുന്നതിന് മുൻപ് അയാൾ നായാടികളുമൊത്ത് ജോലി ചെയ്യുകയും, പിന്നോക്ക പ്രദേശങ്ങളിൽ പ്രകൃതിവിഭവങ്ങളുടെ ഉപയോഗങ്ങളിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു.

ഗ്രാമത്തലവന്റെ ഉപദേശം സ്വീകരിച്ച് രാജേന്ദ്ര ഗ്രാമവാസികളെ സംഘടിപ്പിച്ചു. പഴയ കുളങ്ങളും കിണറുകളും ശരിയാക്കി ആഴംകൂട്ടി. ഗ്രാമവാസികളെ സ്വയംപര്യാപ്തമാക്കുവാൻ ഉതകുന്ന 'ഗ്രാമസ്വാലംബൻ' വേനൽക്കാലങ്ങളിൽ സംഘടിപ്പിച്ച് ഗ്രാമങ്ങളുടെ വിവിധ ഭാഗങ്ങളിൽ 40 ദിവസംവരെ ബോധവൽക്കരണം സംഘടിപ്പി

ച്ചു. 'ഗ്രാമസ്വാലംബം' മണ്ണ് സംരക്ഷണം, മെച്ചമായ വിത്തുകളുടെ ഉപയോഗം, ഔഷധസസ്യങ്ങളുടെ ശേഖരണം, ശ്രമദാനം തുടങ്ങിയ പ്രവർത്തനങ്ങൾ ബോധവൽക്കരണ ക്ലാസ്സുകളിൽ ചർച്ചചെയ്തു. ഗ്രാമവാസികളുടെ പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളിലൂടെ മേൽപറഞ്ഞ പ്രവർത്തനങ്ങൾ ബന്ധിപ്പിച്ചു. ഏതാണ്ട് 6500 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന 1058 ഗ്രാമങ്ങളിൽ പുതിയതായി 8600 മഴവെള്ളസംഭരണികൾ (Water harvesting structures) ഉണ്ടാക്കുന്നതിന് അയാൾ പ്രധാന പ്രചോദനമായി. മഴവെള്ള സംഭരണികളിൽ 3500 എണ്ണം TBS-ലൂടെയും ബാക്കി 5700 എണ്ണം ഗ്രാമവാസികൾ തന്നെ ഉണ്ടാക്കുകയും ചെയ്തു.

രാജേന്ദ്രയുടെ നിശ്ചയദാർഢ്യം, ദർശനം, കഠിനപ്രയത്നം, സമർപ്പണം എന്നിവയിലൂടെ ആരവല്ലി കുന്നുകളിലെ 1058 ഗ്രാമങ്ങളിൽ പരിവർത്തനം ഉണ്ടാക്കുവാൻ അയാൾക്ക് സാധിച്ചു. ശരിയായ ജലഉപയോഗക്രമം കൊണ്ട് വറ്റിവരണ്ട കൃഷിസ്ഥലങ്ങൾ വീണ്ടും കൃഷിചെയ്യുവാനുള്ള സൗകര്യ മുണ്ടാക്കുന്നതിലും തിങ്ങിവളരുന്ന വൃക്ഷങ്ങളോടുകൂടിയ വനപ്രദേശവും വന്യമൃഗ ജീവികേന്ദ്രങ്ങളും ഉണ്ടാക്കുന്നതിനും വറ്റിവരണ്ട നദികളിലൂടെ വർഷം മുഴുവൻ പ്രവാഹം ഉണ്ടാകുന്നതിനും രാജേന്ദ്രക്ക് സാധിച്ചു. ജലാശയങ്ങളിൽ ജീവികളും, പക്ഷിസങ്കതങ്ങളും ഉണ്ടായി. ജൈവജാലങ്ങൾ വീണ്ടും സമൃദ്ധിയായി; മരുഭൂമി മരുപ്പച്ചകളും ജൈവകേന്ദ്രങ്ങളുമായി മാറി.

## ? നിങ്ങൾക്കറിയാമോ

പ്രകൃതിസംരക്ഷണത്തിനായി നമുക്ക് വളരെയധികം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

പ്രകൃതിയിൽ നിന്നും നമ്മൾ എടുക്കുന്നതിനു പകരം നമ്മൾ എന്ത് തിരിച്ചുകൊടുക്കുന്നു എന്ന് സ്വയം ചോദിക്കണം. നമ്മൾ ഒരു മരം മുറിക്കയാണെങ്കിൽ അതേസ്ഥലത്ത് രണ്ട് മരതൈകൾ നടണം. വന്യമൃഗങ്ങളിൽ നിന്നുണ്ടാക്കുന്ന ഉല്പന്നങ്ങൾ ഒഴിവാക്കി മറ്റ് ഉല്പന്നങ്ങൾ മാത്രം വാങ്ങുക. കടലാസ്സ് നഷ്ടപ്പെടുത്തരുത്. പുനർനിർമ്മാണം നടത്തിയ കടലാസ് ഉപയോഗിക്കുവാൻ ശ്രമിക്കുക.

## പ്രവർത്തനം 11.2

നിങ്ങളുടെ സംസ്ഥാനത്ത് ഏതെങ്കിലും നീർത്തടം ഉണ്ടെങ്കിൽ കണ്ടുപിടിക്കുക. നിങ്ങളുടെ വാസസ്ഥലത്തുനിന്ന് എത്ര ദൂരെയെന്നും കണ്ടുപിടിക്കുക.

## അദ്ധ്യായ ചോദ്യങ്ങൾ 11.3

1. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പി ക്കുക.

   (i) ഇന്ത്യയിൽ ഇപ്പോൾ ആകെ .................. വന്യമൃഗ സങ്കേതങ്ങൾ ഉണ്ട്. (441/551)

   (ii) ആസ്സാമിലെ .......................... ഇന്ത്യൻ കണ്ടാമൃഗങ്ങൾക്ക് പ്രസിദ്ധമാണ്. (മനാസ്സ് / കാസിരംഗാ)

കുറിപ്പുകൾ

(iii) ഹാരിക് നീർത്തടം സ്ഥിതിചെയ്യുന്നത് ........................... ൽ ആണ്. (പഞ്ചാബ് / ഹിമാചൽപ്രദേശ്)

(iv) ........................ ആവാസ വ്യവസ്ഥിതികേന്ദ്രം സ്ഥിതിചെയ്യുന്നത് തമിഴ്നാട് സംസ്ഥാനത്തിലാണ്. (ഗൾഫ് ഓഫ് മന്നാർ / പാച്ചമാർഹി)

2. നീർത്തടങ്ങൾ എന്താണ് എന്ന് നിർവ്വചിക്കുക.

..........................................................................................................................................

3. നിങ്ങളുടെ പരിസരത്തുള്ള ജൈവവൈവിധ്യം സംരക്ഷിക്കുവാൻ നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്ന മൂന്ന് കാര്യങ്ങൾ എഴുതുക.

(i) ..............................................................................................

(ii) ..............................................................................................

(iii) ..............................................................................................

## നിങ്ങൾ എന്തു പഠിച്ചു

- നമ്മൾ അധിവസിക്കുന്ന ഭൂമിയിൽ മഹത്തായ ജൈവവൈവിധ്യം ഉള്ളതിനാൽ നാം അനുഗ്രഹീതരാണ്.
- പ്രകൃതിയുടെ ഒരു അവിഭാജ്യഘടകമായ അത് സംരക്ഷിക്കുന്നതിന് നാം പ്രാധാന്യം കൊടുക്കണം.
- മറ്റൊന്ന് പകരംവയ്ക്കാനില്ലാത്ത പ്രകൃതിസമ്പത്തും ജൈവവൈവിധ്യവും സംരക്ഷിക്കുവാൻ ലോകത്തിലെമ്പാടുമുള്ള ആളുകൾ പരിശ്രമിക്കണം.
- വനവും വന്യമൃഗജീവികേന്ദ്രങ്ങളും ജൈവവൈവിധ്യത്തിന്റെ പ്രധാന ഘടകങ്ങളാണ്.
- വിപുലമായ വനസമ്പത്തിലും, പരമ്പരാഗതമായിട്ടുതന്നെയുള്ള സമ്പന്നമായ വന്യമൃഗജീവികളുമുള്ള നമ്മുടെ രാജ്യത്തിന് വിപുലമായ ജൈവവൈവിധ്യ സമ്പത്തിൽ ലോകത്തിലെ 12-ാമത്തെ സ്ഥാനമാണ് ഉള്ളത്.
- പ്രകൃതിസമ്പത്തിന് വെല്ലുവിളികൾ ഉയർത്തുന്ന കാര്യങ്ങളെ സംബന്ധിച്ചും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

## സമാപ്തി അഭ്യാസം

1. ജൈവവൈവിധ്യം നിർവചിക്കുക. വനവും, വന്യമൃഗജീവികളും, സൂക്ഷ് മാണുജീവികളും തമ്മിൽ പരസ്പരമുള്ള ബന്ധം വിശദീകരിക്കുക.

2. ഇന്ത്യയിലെ ഉഷ്ണവന നിത്യഹരിത വനങ്ങളുടെ സ്വഭാവങ്ങളും അവ വ്യാപിച്ചുകിടക്കുന്നത് എവിടെയൊക്കെ എന്നും വിവരിക്കുക.

3. ഇന്ത്യയിലെ ഇലകൊഴിയും ക്ലിന്നകാടുകളും ഇലകൊഴിയും വരണ്ട കാടുകളും തമ്മിലുള്ള രണ്ട് വ്യത്യാസങ്ങൾ വ്യക്തമാക്കുക.

4. ഇന്ത്യയിൽ ജൈവആവാസ വ്യവസ്ഥിതി കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള മൂന്ന് പ്രധാന ലക്ഷ്യങ്ങൾ പ്രസ്താവിക്കുക.

5. ജൈവവൈവിധ്യം നഷ്ടപ്പെടുന്നതിന് ഇടയാകുന്ന ഏതെങ്കിലും നാല് പ്രധാന കാരണങ്ങൾ പറയുക.

6. വനവും വന്യമൃഗജീവികളും സൂക്ഷ്മാണുക്കളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യം അനുയോജ്യമായ കാര്യകാരണങ്ങൾ സഹിതം ന്യായീകരിക്കുക.

7. താഴെ കാണുന്ന പട്ടിക പഠിച്ചശേഷം തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

| ദേശീയ ഉദ്യാനങ്ങൾ / വന്യമൃഗജീവി സങ്കേതം | സംരക്ഷിക്കുന്ന വന്യമൃഗജീവികൾ |
|---|---|
| 1. കാസിരംഗാ | കടുവ |
| 2. മാനാസ് | ആന |
| 3. പെരിയാർ | കസ്തൂരിമാൻ |
| 4. കോർബറ്റ് | സിംഹം |
| 5. ഡച്ചിഗ്രാം | കണ്ടാമൃഗം |
| 6. കാട്ടുപോത്ത് | |
| 7. പുള്ളിപ്പുലി | |
| 8. മാൻ | |

(a) അനുയോജ്യമായ ദേശീയ ഉദ്യാനങ്ങളും സംരക്ഷിക്കുന്ന മൃഗങ്ങളും തമ്മിൽ ചേരുംപടി ചേർക്കുക.

(b) ഏതെങ്കിലും ഒരു ദേശീയ ഉദ്യാനത്തിൽ സംരക്ഷിക്കപ്പെടാത്ത മൃഗത്തിന്റെ പേര് വൃത്തത്തിലിടുക.

(c) ഒന്നിലധികം ദേശീയ ഉദ്യാനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന മൃഗങ്ങളുടെ പേര് പറയുക.

8. ചിത്രം നമ്പർ 11.3 നോക്കുക.

(a) നിങ്ങളുടെ സംസ്ഥാനത്തുള്ള വനം ഏതു വിധത്തിലുള്ളതാണെന്ന് കണ്ടു പിടിക്കുക.

(b) മുൾച്ചെടികാടുകൾ ഉള്ള പ്രദേശങ്ങൾ ഏതെല്ലാം?

(c) തീരദേശവനങ്ങൾ ഏതൊക്കെ സ്ഥലങ്ങളിൽ മാത്രം കാണപ്പെടുന്നു? ആ പ്രദേശങ്ങളിൽ മാത്രം ഈ വനം കാണപ്പെടുന്നത് എന്തുകൊണ്ടാണ്?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**11.1**

1. ജീവജാലങ്ങളുടെ വിവിധഘട്ടങ്ങളിലുള്ള ആവശ്യത്തിനായി ആഹാരവും, ജലവും, കരുത്തും, ഓജസ്സും നൽകുന്നതിലും, കാലാവസ്ഥ നിയന്ത്രിക്കുന്നതിലും, രോഗാണു

ക്കൾ തടയുന്നതിലും പ്രധാന പങ്ക് വഹിക്കുന്ന ജൈവവൈവിധ്യം ഭൂമിയിൽ ജീവന്റെ നിലനിൽപിന്റെ അടിസ്ഥാനമാണ്.

2. ഒരു ജൈവവൈവിധ്യ ഹോട്ട്സ്പോട്ട് എന്നാൽ ഒരു പ്രദേശത്തെ അനേക ഗണം ജീവജാലങ്ങളാണ്. ചില പ്രത്യേകതരം സ്ഥലങ്ങളിൽ മാത്രം വളരുകയും പുഷ്ടിപ്പെടുകയും ചെയ്യുന്ന ജൈവഗണങ്ങളെയാണ് 'എൻഡമിക് സ്പീഷീസ്' (Endemic Species) എന്നു പറയുന്നത്.

**11.2**

1. നിത്യഹരിതവനങ്ങൾ, ഉഷ്ണകാലാവസ്ഥയും വർഷം മുഴുവൻ ജലം ലഭിക്കുന്ന കാലാവസ്ഥയുമുള്ള പ്രദേശങ്ങളിലാണ്. അവിടെ ധാരാളം മരങ്ങൾ വളരുന്നു. നിത്യഹരിതവനങ്ങളിലെ മരങ്ങളിൽ ഒരു കാലാവസ്ഥയിലും ഇലകൾ കൊഴിയുന്നില്ല. അതുകൊണ്ടാണ് അവയെ നിത്യഹരിത വനങ്ങൾ എന്നു പറയുന്നത്.

2. (i) പൂർവ്വതീരദേശ വനങ്ങൾ ചുഴലിക്കാറ്റിൽ നിന്നും കൊടുങ്കാറ്റിൽ നിന്നും സംരക്ഷണം നൽകുന്നു. എന്നാൽ അടുത്തകാലത്തുള്ള വലിയ വനനശീകരണം മൂലം ഈ പ്രദേശങ്ങളിൽ വീശുന്ന ശക്തമായ കൊടുങ്കാറ്റ് നിമിത്തം നാശനഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

2. (ii) ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളിൽ ഇടതിങ്ങി മിശ്രിത ഇനം മരങ്ങളും സസ്യങ്ങളും വളരുന്നു. അതുകൊണ്ട് ഈ പ്രദേശങ്ങളിലെ ചൂഷണം ലാഭകരമല്ല. എന്നാൽ, ഹിമാലയഭാഗത്തുള്ള കാടുകൾ ഇടതിങ്ങി വളരുന്നവയല്ലാത്തതിനാൽ അങ്ങിനെതന്നെ നിലനിൽക്കുന്നു. അവിടെ ചൂഷണം വലിയതോതിൽ സംഭവിക്കുന്നു.

**11.3**

1. (a) 551
   (b) കാസിരംഗാ
   (c) പഞ്ചാബ്
   (d) ഗൾഫ് ഓഫ് മന്നാർ

2. ചില കാലാവസ്ഥയിൽ ഭാഗികമായോ, അല്ലെങ്കിൽ സ്ഥിരമായിട്ടോ അല്ലാതെ മണ്ണ്, പൂർണ്ണമായ ജലസാന്നിധ്യം കൊണ്ട് നനവുള്ളതായി കാണപ്പെടുന്ന പ്രദേശങ്ങളെയാണ് നീർത്തടങ്ങൾ എന്നു പറയുന്നത്. ഇപ്രകാരമുള്ള സ്ഥലങ്ങൾ ഭാഗികമായിട്ടോ പൂർണ്ണമായിട്ടോ ആഴംകുറഞ്ഞ നീർത്തടങ്ങളായി മാറുന്നു.

3. നിങ്ങളുടെ പരിസരത്തുള്ള ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുന്നതിന് നിങ്ങൾക്ക് ചെയ്യാവുന്നത് (i) മരം മുറിക്കുന്നത് നിർത്തലാക്കുക (ii) കൂടുതൽ മരങ്ങൾ നടുക (iii) എല്ലാ ജന്തുക്കളെയും സംരക്ഷിക്കുക (iv) മുറിവേറ്റ പക്ഷികളെയും മൃഗങ്ങളെയും പരിചരിക്കുവാൻ ആശുപത്രികൾ സ്ഥാപിക്കുക (v) മലിനവസ്തുക്കളും ചീഞ്ഞളിഞ്ഞ സാധനങ്ങളും വലിച്ചെറിഞ്ഞ് പരിസരം മലിനമാക്കാതിരിക്കുക എന്നിവകളാണ്.

# 12

# കൃഷി ഇന്ത്യയിൽ

ഇന്ത്യയിലെ ഭൂപ്രകൃതി, കാലാവസ്ഥ, വനം എന്നിവയെപ്പെറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം പഠിച്ചു. ഇന്ത്യയുടെ നട്ടെല്ലായ കൃഷിയെപ്പറ്റി ഇനിയും പഠിക്കാം. ഇന്ത്യയിലെ 70 ശതമാനത്തിൽ കൂടുതൽ ആളുകൾ അവരുടെ ജീവസന്ധാരണത്തിന് കൃഷിയെ മാത്രം ആശ്രയിക്കുന്നു. നമ്മുടെ രാജ്യത്തെ ജനതയ്ക്ക് മുഴുവൻ കൃഷി ഒരു ജീവസന്ധാരണമാർഗ്ഗമാണ്. മനുഷ്യരുടെയും മൃഗങ്ങളുടെയും അടിസ്ഥാന ആവശ്യം നിറവേറ്റുന്നത് കൃഷിയാണ്. കാർഷികാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്ന ഒരു പ്രധാന സ്രോതസ്സാണ് കൃഷി. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. കാലാവസ്ഥാവൈവിധ്യം, നീണ്ടകാലം നിൽക്കുന്ന ചില ഋതുകാലഘട്ടം, ഫലഭൂയിഷ്ഠതയുള്ള മണ്ണ്, സമതലപ്രദേശങ്ങൾ ആദിയായവ കൃഷിക്ക് അനുകൂല ഘടകങ്ങളാകുന്നു. ഭുമിശാസ്ത്രപരമായ സ്ഥാനത്തിനു പുറമേ, ഇന്ത്യയിലെ തുടർച്ചയായിട്ടുള്ള പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രത്തിന്റെയും പുതിയ സാങ്കേതിക വിദ്യകളുടെയും പശ്ചാത്തലത്തിൽ വളരെ ക്രിയാത്മകമായ ശ്രമങ്ങൾ കാർഷിക മേഖലകളിൽ തുടരുന്നുണ്ട്.

ഇന്ത്യയിലെ വിവിധതരത്തിലുള്ള കൃഷിരീതികൾ, വിളവെടുപ്പ് സമ്പ്രദായങ്ങൾ എന്നിവ ഭൂമിശാസ്ത്രപരമായ ഘടകങ്ങളുടെ പരസ്പരബന്ധത്തിൽ നമുക്ക് ഈ പാഠത്തിൽ ചർച്ച ചെയ്യാം. അതുപോലെതന്നെ ഇന്ത്യയിലെ കൃഷിരീതികൾ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ചും മറ്റ് ഇതര വിഷയങ്ങളെ സംബന്ധിച്ചും ഈ അദ്ധ്യായത്തിൽ നമുക്ക് ചർച്ച നടത്താം.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഇന്ത്യയിലെ വിവിധ കൃഷിസമ്പ്രദായം വിവരിക്കുവാൻ,
- ഇന്ത്യയിലെ കൃഷിയുടെ സവിശേഷതകൾ വിവരിക്കുവാൻ,
- ഇന്ത്യയിലെ പ്രധാനപ്പെട്ട വിളവുകളും അവയുടെ ഉപയോഗവും സംബന്ധിച്ച് അനുക്രമണിക തയ്യാറാക്കാൻ.
- കാലാവസ്ഥയ്ക്കനുസരിച്ചും, മണ്ണിന്റെ സ്വഭാവമനുസരിച്ചുമുള്ള വിളവുകൾ കൃഷിചെയ്യുന്ന സമ്പ്രദായം കൂടുതൽ മനസ്സിലാക്കുവാൻ.

- പ്രധാനപ്പെട്ട വിളവുകൾ കൃഷിചെയ്യുന്ന സ്ഥലങ്ങൾ ഇന്ത്യയുടെ ഭൂപടത്തിൽ കണ്ടുപിടിക്കുവാൻ;
- ഇന്ത്യയിലെ കർഷകർ നേരിടുന്ന വെല്ലുവിളികൾ അപഗ്രഥിക്കുവാൻ.

## 12.1 ഇന്ത്യയിലെ വിവിധ കാർഷികരീതികൾ

ഇന്ത്യയിലെ ഭൂപ്രകൃതി വൈവിധ്യമുള്ളതാണെന്ന് നിങ്ങൾക്കറിയാമല്ലോ? 'ഇന്ത്യയുടെ ഭൂപ്രകൃതി' എന്ന അദ്ധ്യായത്തിൽ ഇതിനെ സംബന്ധിച്ച് നിങ്ങൾ പഠിച്ചുകഴിഞ്ഞു. വടക്ക് ജമ്മു & കാശ്മീർ മുതൽ വടക്കു-കിഴക്ക് അരുണാചൽ പ്രദേശ് വരെ വ്യാപിച്ചുകിടക്കുന്ന ഹിമാലയപർവ്വതം ഇന്ത്യയുടെ വടക്കു ഭാഗത്ത് സ്ഥിതിചെയ്യുന്നു. പശ്ചിമഘട്ടം എന്നും പൂർവ്വഘട്ടം എന്നും അറിയപ്പെടുന്ന രണ്ട് കുന്നിൻനിരകൾ ഇന്ത്യയിലുണ്ട്. വലുപ്പത്തിൽ വിശാലമായതും ലോകത്തിലെ ഏറ്റവും വലിയ സമതലപ്രദേശങ്ങളിൽ ഒന്നുമായ ഗംഗാസമതലം ഇന്ത്യയ്ക്കുണ്ട്. മദ്ധ്യ ഇന്ത്യയിൽ പീഠഭൂമിയും സ്ഥിതിചെയ്യുന്നു. ഭൂപ്രദേശ വൈവിധ്യം പോലെ ഇന്ത്യയിൽ കാലാവസ്ഥയ്ക്കും, മണ്ണിനും വൈവിധ്യം ഉണ്ട്. ഇന്ത്യയിലെ കൃഷിസമ്പ്രദായത്തിന്റെ പരിണാമത്തിൽ ഭൂപ്രദേശ വൈവിധ്യം, കാലാവസ്ഥ, വിവിധയിനം മണ്ണ് ഇവയോടൊപ്പം മറ്റു ഘടകങ്ങളായ ജലസേചനസൗകര്യം, യന്ത്രവൽക്കരണം, വർദ്ധിത വിളവിനാവശ്യമായ ഉയർന്ന ഗുണമേന്മയുള്ള (High Yielding Varieties (HYV)) വിത്തുകൾ, കീടനാശിനികൾ എന്നിവയുടെ പങ്കും വലുതാണ്. പ്രധാനപ്പെട്ട കൃഷി സമ്പ്രദായങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഉപജീവന കാർഷിക സമ്പ്രദായവും വാണിജ്യ കാർഷിക സമ്പ്രദായവും:** ഇന്ത്യയിലെ ഭൂരിപക്ഷം കൃഷിക്കാരും അവരുടെ ഉപജീവനമാർഗ്ഗമായിട്ടാണ് കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. കൃഷി സ്വന്തം ഉപഭോഗത്തിനായിട്ടെന്ന് അർത്ഥം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഉൽപന്നങ്ങൾ മുഴുവനും കർഷകരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആവശ്യത്തിനുമാത്രം. വിപണന ആവശ്യത്തിനായി ഒന്നും മിച്ചം ഉണ്ടാവില്ല. ഈ കൃഷിരീതിയിൽ കൃഷിസ്ഥലങ്ങൾ ചെറുതും തുണ്ടുകളായി വിഭജിച്ചതുമാണ്. കൃഷിരീതികൾ ലളിതവും പരമ്പരാഗതമായിട്ടുള്ളതുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ സമ്പ്രദായത്തിൽ ആധുനിക കൃഷിഉപകരണങ്ങളായ ട്രാക്ടറോ, കൃഷിഭൂമിയിലെ വിളകൾ സംരക്ഷിക്കുന്നതിനായി കീടനാശിനികളോ, കീടസംഹാരികളോ, രാസവളപ്രയോഗങ്ങളോ ഒന്നും ഉണ്ടാവില്ല. കർഷകർ പ്രധാനമായും കൃഷി ചെയ്യുന്നത് ധാന്യങ്ങൾക്കൊപ്പം, എണ്ണക്കുരുക്കൾ, പയറുവർക്ഷങ്ങൾ, പച്ചക്കറികൾ, കരിമ്പ് മുതലായവയാണ്.

   **വാണിജ്യകൃഷിസമ്പ്രദായം:** ഇത് മേൽപറഞ്ഞ ഉപജീവനകൃഷി സമ്പ്രദായത്തിന്റെ നേരെ വിപരീതമാണ്. ഈ സമ്പ്രദായത്തിൽ ഉൽപന്നങ്ങൾ പൂർണ്ണമായും കമ്പോളത്തിൽ വിൽക്കപ്പെടുന്നു. കൃഷിക്കാർ ജലസേചന സൗകര്യവും രാസവളങ്ങളും കീടനാശിനികളും കീടസംഹാരികളും ഉയർന്ന വിളവ് തരുന്ന വിത്തുകളും ഈ സമ്പ്രദായത്തിൽ ഉപയോഗിക്കുന്നു. പരുത്തി, ചണം, കരിമ്പ്, കപ്പലണ്ടി മുതലായവ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ കൃഷിചെയ്യുന്ന പ്രധാന വാണിജ്യ വിളകളാണ്. ഹരിയാനയിലെ ആളുകൾ പ്രധാനമായും ഗോതമ്പ് ഉപയോഗിക്കുന്നവർ ആണ്. അതുകൊണ്ട് അവിടെ കൃഷിചെയ്യുന്ന നെല്ല് വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നെൽകൃഷി പ്രധാനമായും ഉപജീവനമാർഗ്ഗമാണ്.

2. **ഊർജ്ജിത കൃഷിസമ്പ്രദായവും വിശാല കൃഷിസമ്പ്രദായവും:** ഒരു യൂണിറ്റ് കൃഷിഭൂമിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ തോതിന്റെ അടിസ്ഥാനത്തിലാണ് മേൽപറഞ്ഞ രണ്ടു കൃഷിരീതികളും വ്യത്യസ്തമായിരിക്കുന്നത്. അമേരിക്കയി

ലെയും ക്യാനഡായിലെയും മുൻ സോവിയറ്റ് യൂണിയനിലെയും ഉഷ്ണമേഖലാ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ എല്ലായിടത്തും വിശാല കൃഷിസമ്പ്രദായം പരീക്ഷിക്കപ്പെടുന്നില്ല. വലിയ വിസ്തൃതിയിലുള്ള കൃഷിസ്ഥലങ്ങളിൽ കൃഷിചെയ്യുന്ന സമ്പ്രദായത്തിനാണ് വിശാല കൃഷിരീതി എന്ന് പറയുന്നത്. മൊത്ത ഉൽപാദനം ഉയർന്ന തോതിലാണെങ്കിലും ഒരു യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന ഉല്പാദന തോത് ഇവിടെ കുറവാണ്. ഇന്ത്യയിൽ, പഞ്ചാബ്, ഹരിയാന, പശ്ചിമ ഉത്തർ പ്രദേശ് എന്നിവിടങ്ങളിൽ വിശാലകൃഷി സമ്പ്രദായം ഉണ്ട്. ഊർജ്ജിത കൃഷി സമ്പ്രദായത്തിൽ ഒരു യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ തോത് വളരെ കൂടുതൽ ആയിരിക്കും. താരതമ്യേന കൃഷിസ്ഥലങ്ങൾ കുറവായ ജപ്പാൻ ആണ് ഊർജ്ജിത കൃഷി സമ്പ്രദായത്തിന്റെ ഉത്തമദൃഷ്ടാന്തം. ഏതാണ്ട് ഇതുപോലെ സമാനമായ ഒരു രീതി ഇന്ത്യയിലെ കേരള സംസ്ഥാനത്തിലും കാണാം.

3. **തോട്ടവിള കൃഷിസമ്പ്രദായം:** തോട്ടവിള കൃഷിസമ്പ്രദായം അസ്വാഭാവികമാണെങ്കിലും ഇപ്പോൾ വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന രീതിയാണ്. വിപണനലക്ഷ്യം മാത്രം അടിസ്ഥാനമാക്കി ഏകവിളതോട്ടകൃഷിയാണ് മേൽപറഞ്ഞ രീതിയിലുള്ളത്. തേയില, കാപ്പി, റബ്ബർ, വാഴത്തോട്ടം, സുഗന്ധദ്രവ്യങ്ങൾ ഇതൊക്കെയാണ് തോട്ടവിള കൃഷിയുടെ ഉദാഹരണങ്ങൾ. 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരാണ് ഇവയിൽ മിക്കതും ഇന്ത്യയിൽ ആദ്യമായി പരീക്ഷിച്ചത്.

4. **മിശ്രിത കൃഷിസമ്പ്രദായം:** കൃഷിയിടങ്ങളിൽ കൃഷിയും കാലിവളർത്തലും ഒരേ സമയം നടത്തുന്ന സമ്പ്രദായത്തിനാണ് മിശ്രിത കൃഷിരീതി എന്നു പറയുന്നത്. മറ്റു കൃഷിയിടങ്ങളിലെ കർഷകരേക്കാൾ ഇവിടുത്തെ കർഷകർ സാമ്പത്തികമായി ഉയർന്ന വരായിരിക്കും.

കാർഷികരീതിയുടെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനമാക്കിയുള്ള കൃഷിയുടെ വിഭജനങ്ങളാണ് മേൽപറഞ്ഞവയെല്ലാം. കൃത്യതയില്ലാതെ മേൽപറഞ്ഞ രീതികൾ പരസ്പരം കൂടിച്ചേർന്നും കാണാവുന്നതാണ്. ഉദാഹരണത്തിന്, വാഴക്കൃഷി ഒരു തോട്ടവിള സമ്പ്രദായം ആണ്. അതേസമയം ഇത് ഒരു വാണിജ്യകൃഷി സമ്പ്രദായം കൂടിയാണ്.

## ? നിങ്ങൾക്കറിയാമോ

**ഹരിതവിപ്ലവം (Green Revolution):** പുതിയ സാങ്കേതികവിദ്യകളോടെ കൃഷി സമ്പ്രദായത്തിലും ഉൽപാദനത്തിലും വന്ന വലിയ മാറ്റത്തെയാണ് ഹരിതവിപ്ലവം എന്നു പറയുന്നത്. ഇന്ത്യയുടെ കാർഷികരംഗത്ത് ഉണ്ടായ ഈ വലിയ മുന്നേറ്റത്തിന്റെ അടിസ്ഥാന ഘടകങ്ങളായിരിക്കുന്നത് (i) മികച്ച വിളവ് തരുന്ന മേൽത്തരം വിത്തുകളുടെ ഉപയോഗം (ii) മതിയായ അളവിൽ ലഭ്യമായ ജലസേചന സൗകര്യം (iii) കാർഷിക ഉല്പന്നങ്ങളുടെ ഉയർന്ന തോതിലുള്ള ഉല്പാദനത്തിന് സഹായകരമായ രീതിയിൽ, ശരിയായ തോതിലുള്ള രാസവള പ്രയോഗം എന്നിവയാണ്.

**ശ്വേതവിപ്ലവം (White Revolution):** പ്രാദേശികവും, ഋതുഭേദ അസന്തുലിതാവസ്ഥയെയും പിന്തള്ളി, ദേശീയ തലത്തിൽ, പാലുൽപാദനത്തിൽ വന്ന മഹത്തരമായ മാറ്റത്തെയാണ് ശ്വേത വിപ്ലവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ മികച്ച സാങ്കേതിക മുന്നേ റ്റത്തിൽ ഉൾപ്പെട്ടിരിക്കുന്നത് (i) തദ്ദേശീയമായ കന്നുകാലികളുടെയും ഉയർന്ന രീതിയിൽ പാൽതരുന്ന യൂറോപ്പിലെ കന്നുകാലികളുടെയും തമ്മിലുള്ള സങ്കരയിനത്തിന്റെ ആവിർഭാവം, (ii) പാസ്റ്ററൈസേഷൻ അഥവാ പുതിയ ശീതീകരണരീതിയിലൂടെ ദിർഘകാലത്തേക്ക് പാലും, പാലുൽപ്പന്നങ്ങളും കേടുകൂടാ

കുറിപ്പുകൾ

തെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ (iii) ഗ്രാമപ്രദേശങ്ങളിൽ നിന്നും, പിന്നോക്ക പ്രദേശങ്ങളിൽ നിന്നും പാൽ ശേഖരിക്കുന്ന പുതിയ നടപടികൾ; (iv) മഹാവിദൂര നഗരപ്രദേശങ്ങളിലേക്ക് റോഡുവഴിയായും റെയിൽവേ വഴിയായും പാൽ അയക്കുന്നതിന് സഹായകരമായ ശീതീകരണ സൗകര്യത്തോടുകൂടിയ ഗതാഗത സൗകര്യം എന്നിവയാണ്.

**നീല വിപ്ലവം (Blue Revolution):** ശുദ്ധജല മത്സ്യബന്ധനത്തിലൂടെയും സമുദ്ര തല മത്സ്യബന്ധനത്തിലൂടെയും ഉയർന്നരീതിയിലുള്ള മത്സ്യബന്ധനരീതിയെയാണ് നീല വിപ്ലവം എന്ന് അറിയപ്പെടുന്നത്.

**മഞ്ഞ വിപ്ലവം (Yellow Revolution):** കോഴിവളർത്തൽ, താറാവുവളർത്തൽ മുതലായവയിലൂടെ മുട്ട, ഇറച്ചി മുതലായവകളുടെ ഉയർന്നതോതിലുള്ള ഉൽപാദനം ആണ് മഞ്ഞവിപ്ലവം.

**പാടലവർണ്ണ വിപ്ലവം (Pink Revolution):** ഉയർന്നതോതിലുള്ള ആപ്പിൾ ഉല്പാദനം പ്രത്യേകിച്ചും ഹിമാചൽ പ്രദേശ്, ജമ്മു & കാശ്മീർ സംസ്ഥാനങ്ങളിൽ നിന്ന് ഇതിനെയാണ് പാടല വർണ്ണ വിപ്ലവം എന്നറിയപ്പെടുന്നത്.

### പ്രവർത്തി 12.1

നിങ്ങളുടെ വാസസ്ഥലത്തുനിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ ഒരു സർവ്വെ നടത്തി, ഏതൊക്കെ വിധത്തിലുള്ള ധാന്യങ്ങളാണ് കൃഷിചെയ്യുന്നത് എന്ന് കണ്ടുപിടിക്കുക. നിങ്ങളുടെ നിഗമനങ്ങൾ താഴെ പറയുന്നരീതിയിലുള്ള കോളങ്ങളിൽ കാരണസഹിതം എഴുതുക.

| വിളകളുടെ പേര് | സംസ്ഥാനം | കൃഷിയുടെ രീതി | കാരണങ്ങൾ |
|---|---|---|---|
| സൂചന: ആപ്പിൾ | ഹിമാചൽ പ്രദേശ് | വാണിജ്യാടിസ്ഥാനത്തിൽ | അനുയോജ്യമായ കാലാവസ്ഥ, വിപുലമായ കൃഷിരീതി, കമ്പോളങ്ങളിലെ ഉയർന്ന ആവശ്യകത |
| | | | |

## 12.2 ഇന്ത്യയിലെ കൃഷിരീതിയുടെ സവിശേഷതകൾ

(a) **ഉപജീവനമാർഗ്ഗമായി നടത്തുന്ന കൃഷിരീതി:** മേൽ പ്രസ്താവിച്ചതുപോലെ ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിലും കൃഷി ഒരു ഉപജീവനമാർക്ഷമാണ്. ഇത് പരമ്പരാഗതമായിട്ടുതന്നെ നൂറ്റാണ്ടുകളായി ഇന്ത്യയിൽ നടന്നുവരുന്ന സമ്പ്രദായമാണ്. സ്വാതന്ത്ര്യാനന്തരം കാർഷികരീതിയിലുള്ള വലിയ മുന്നേറ്റം ഉണ്ടായി എങ്കിൽ തന്നെയും, ഇന്ത്യയിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇപ്പോഴും ഈ സ്ഥിതി തന്നെ തുടരുന്നു.

(b) **ജനസംഖ്യയുടെ സമ്മർദ്ദം കാർഷികമേഖലയിൽ :** ഇന്ത്യയിൽ വർദ്ധിതതോതിൽ

നഗരവൽക്കരണവും വ്യവസായവൽക്കരണവും കൈവരിക്കുന്നുവെങ്കിലും ഏതാണ്ട് 70 ശതമാനം ജനസംഖ്യ നേരിട്ടോ അല്ലാതെയോ ഇപ്പോഴും കൃഷിയെ ആശ്രയിച്ചിരിക്കുന്നു.

(c) **കാർഷികമേഖലയിലെ യന്ത്രവൽക്കരണം:** 1960കളുടെ അവസാനത്തിലോ 1970കളുടെ തുടക്കത്തിലോ ഇന്ത്യയിൽ ഹരിതവിപ്ലവം ഉണ്ടായി. ഇന്ത്യയിൽ കാർഷികവിപ്ലവവും ഹരിതവിപ്ലവവും ഉണ്ടായിട്ട് 40 വർഷം കഴിഞ്ഞിട്ടും പൂർണ്ണമായ രീതിയിൽ ഇന്നും യന്ത്രവൽ- ക്കരണം ഉണ്ടായിട്ടില്ല.

(d) **മൺസൂൺകാലത്തിലുള്ള ആശ്രയം:** ഇന്ത്യയിൽ ജലസേചന സാമഗ്രികളുടെ വ്യാപനം സ്വാതന്ത്ര്യാനന്തരം വലിയ തോതിലുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള വലിയ വികസനം ഉണ്ടായിട്ടുണ്ടെങ്കിലും ആകെയുള്ള കൃഷിഭൂമിയുടെ മൂന്നിലൊന്നു ഭാഗത്തു മാത്രമേ ജലസേചന സൗകര്യം ലഭിക്കുന്നുള്ളൂ. മൂന്നിൽ രണ്ടു ഭാഗം കൃഷിയും മൺസൂൺമഴയെ മാത്രം ആശ്രയിച്ചാണ്. നിങ്ങൾക്ക് അറിയാവുന്നതുപോലെ മൺസൂൺ മഴയുടെ ലഭ്യതയിലുള്ള അനിശ്ചിതത്വം മൂലം അത് അധികം ആശ്രയിക്കാവുന്നതുമല്ല. കാലാവസ്ഥയുടെ മാറ്റം കാരണം, മൺസൂൺ കൂടുതൽ ആശ്രയിക്കാവുന്ന നിലയിലുമല്ല.

(e) **വിളവുകളിലുള്ള വൈവിധ്യം:** ഇന്ത്യയിൽ വിവിധ വിളവുകൾ ഉള്ളത് എന്തുകൊണ്ടാണ് എന്ന് നിങ്ങൾക്ക് ഊഹിക്കാമോ? ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ ഇന്ത്യയുടെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണ് എന്നിവയിൽ വൈവിധ്യം ഉണ്ട്. ഇന്ത്യയിൽ ഉഷ്ണമേഖലാ കാലാവസ്ഥയും മിതശീതോഷ്ണ കാലാവസ്ഥയും ഉള്ളതിനാൽ ഈ രണ്ടു കാലാവസ്ഥയ്ക്കും അനുയോജ്യമായ വിളകൾ ഉണ്ട്. ഇന്ത്യയുടെ ഇപ്രകാരമുള്ള വൈജാതീയ സ്വഭാവം ലോകത്തിലെ ഏതാനും രാജ്യങ്ങൾക്കു മാത്രമേ ഉള്ളൂ. വിവിധതരത്തിലുള്ള വിളകളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഇത് നിങ്ങൾക്ക് കൂടുതൽ വ്യക്തമാകും. ഏകദേശമായ വിവരം ലഭിക്കുന്നതിന് പട്ടിക നമ്പർ 1 നോക്കുക.

(f) **ഭക്ഷ്യധാന്യവിളകൾക്ക് മുഖ്യസ്ഥാനം:** ഒരു വലിയ ജനസംഖ്യയ്ക്ക് ആവശ്യമുള്ള കൃഷി ചെയ്യേണ്ടതിനാൽ ഇന്ത്യയിൽ എല്ലായിടത്തും കർഷകരുടെ പ്രഥമ പരിഗണന ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനമാണ്. എന്നാൽ ഈ അടുത്തകാലത്ത് വാണിജ്യാധിഷ്ഠിത വിളവുകൾക്ക് കൂടുതൽ കൃഷിസ്ഥലങ്ങൾ ഉപയോഗിക്കുന്നതിനാൽ ഭക്ഷ്യവിളകളുടെ ഉപയോഗത്തിനുള്ള സ്ഥലങ്ങളിൽ കുറവുണ്ടായിട്ടുണ്ട്.

(g) **ഋതുഭേദങ്ങളുടെ സ്വഭാവം:** മൂന്ന് വ്യത്യസ്തങ്ങളായ കാർഷിക / വിളവെടുപ്പ് രീതികളുണ്ട്. കാലാവസ്ഥാഭേദത്തിന്റെ അടിസ്ഥാനത്തിൽ, ഖാരിഫ്, റാബി, സെയ്ത് എന്നീ മൂന്ന് രീതിയിലുള്ള വിളവിറക്കൽ രീതികളെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടാവും. ഈ മൂന്നു വിധത്തിലുള്ള വിളവിറക്കൽ രീതികൾ ഇന്ത്യയിൽ നിലവിലുണ്ട്. ഉദാഹരണത്തിന്, നെല്ല് ഒരു ഖാരിഫ് കൃഷിയാണ്. എന്നാൽ ഗോതമ്പ് ഒരു റാബി വിളയാണ്.

## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 12.1

1. ഊർജ്ജിത കൃഷിരീതിയും വിശാല കൃഷിരീതിയും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കി, ഓരോന്നിനും 2 ഉദാഹരണങ്ങൾ നൽകുക.




2. മേൽ പ്രസ്താവിച്ചിരിക്കുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രദേശത്തിന് അനുയോജ്യമായത് ഏതു കൃഷിസമ്പ്രദായമാണെന്ന് കണ്ടുപിടിക്കുക. (ഉദാഹരണം: ഹരിയാനയിലെ കൃഷിസമ്പ്രദായം കൂടുതൽ യന്ത്രവൽകൃതമാണ്. കൂടുതൽ ജലസേചനമാർക്ഷങ്ങളുണ്ട്. അതുകൊണ്ട് മൺസൂൺ കാലാവസ്ഥയെ അധികം ആശ്രയിക്കേണ്ടതില്ല.)

## 12.3 ഇന്ത്യയിലെ പ്രധാനപ്പെട്ട വിളകൾ

ഇന്ത്യയിൽ മിക്ക വിളകളും കൃഷിചെയ്യുന്നത് എന്തുകൊണ്ടാണ് എന്ന് നിങ്ങൾക്ക് അറിയാമോ? വടക്ക് ജമ്മു & കാശ്മീർ മുതൽ തെക്ക് കന്യാകുമാരി വരെയും, പശ്ചിമ തീരത്തുള്ള ഗുജറാത്ത് മുതൽ ഏറ്റവും വടക്കുകിഴക്കുഭാഗത്തെ സംസ്ഥാനമായ അരുണാചൽപ്രദേശം വരെയുള്ള വിളകൾ പരിശോധിച്ചാൽ ആയിരക്കണക്കിന് വിളകൾ ഉണ്ടെന്ന് മനസ്സിലാകും. ഇവയെല്ലാംകൂടി നമുക്ക് നാലു വിഭാഗങ്ങളായി തിരിക്കാം. തുടർന്ന് ഓരോ വിഭാഗത്തിലുള്ള വിളകളെപ്പറ്റി നമുക്ക് ചർച്ച നടത്താം.

**പട്ടിക 12.1**

| ക്രമനം. | വിളകളുടെ ഇനം | വിവരണം | പ്രധാന വിളകൾ |
|---|---|---|---|
| 1. | ഭക്ഷ്യവിളകൾ | ആളുകളുടെ ആഹാര ആവശ്യം | നെല്ല്, ഗോതമ്പ്, ചോളം, തിന, ചാമ പയറു വർഗ്ഗങ്ങൾ |
| 2. | നാണ്യവിളകൾ | വിളകൾ പ്രധാനമായും വിപണനത്തിന് അതേ അവസ്ഥയിലോ അല്ലെങ്കിൽ അർദ്ധ സംസ്കരണ മാർഗ്ഗത്തിലൂടെയോ | പരുത്തി, ചണം, കരിമ്പ്, പുകയില, എണ്ണക്കുരുക്കൾ |
| 3. | തോട്ടവിളകൾ | വിശാലമായ തോട്ടങ്ങളിൽ കൃഷിചെയ്യുന്നു | തേയില, കാപ്പി, നാളികേരം, റബ്ബർ |
| 4. | പഴവർഗ്ഗങ്ങൾ / പച്ചക്കറികൾ | പഴവർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്യുന്നു | പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ |

### 1. ഭക്ഷ്യവിളകൾ


**(i)** **നെല്ല്:** ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയാണ് നെല്ല്. മുഖ്യമായും ഇത് ഒരു ഖാരിഫ് അഥവാ വേനൽക്കാല വിളയായി കൃഷിചെയ്യുന്നു. ജന സംഖ്യയുടെ പകുതിയിൽ കൂടുതൽ ആളുകൾക്ക് ആവശ്യമായ അരിയുൽപാദനത്തിന് ആകെയുള്ള കൃഷിഭൂമിയുടെ 1/3 ഭാഗം ഉപയോഗിക്കുന്നു. ജനസംഖ്യയുടെ ഭൂരിഭാഗവും അരി ആഹാരത്തിൽ ആശ്രയിക്കുന്നു. ഏതു വിധത്തിലുള്ള ഭൂപ്രകൃതിയാണ് നെൽകൃഷിക്ക് ആവശ്യം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നെല്ലുല്പാദന പ്രദേശങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ താഴെ നൽകിയിരിക്കുന്ന വൈവിധ്യമുള്ള സാഹചര്യങ്ങളിൽ കൃഷി ചെയ്യുന്ന ഏകവിള നെല്ല് മാത്രമാണ് എന്ന് നിങ്ങൾക്ക് മനസ്സിലാകും.

നെൽകൃഷിക്ക് അനുകൂലമായ ചില കാലാവസ്ഥാ സാഹചര്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**(a)** **താപനില:** ചൂടും, ഈർപ്പവുമുള്ള കാലാവസ്ഥ നെൽകൃഷിക്ക് ആവശ്യമാണ്. ഊഷ്മാവ് താരതമ്യേന ഉയർന്ന് 240 സെൽഷ്യസ് നിലയിൽ ആയിരിക്കണം. ശരാശരി $22^{0}C$ മുതൽ $32^{0}C$ വരെ ഊഷ്മാവ് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ നെല്ല് വളരുന്നു.

**(b)** **മഴ:** 150-300 സെന്റീമീറ്റർ വരെ മഴ ലഭിക്കുന്ന പ്രദേശങ്ങളായ പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ നെൽകൃഷിക്ക് അനുയോജ്യമാണ്. 100 സെന്റീമീറ്ററിൽ കുറവ് മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജലസേചനസൗകര്യങ്ങളോടെ നെൽകൃഷി ചെയ്യുന്നു.

**(c)** **മണ്ണ്:** വൈവിധ്യ സ്വഭാവമുള്ള മണ്ണിൽ നെല്ല് വളരുന്നു. എന്നാൽ ചെളി നിറഞ്ഞതും പശപ്പുള്ളതുമായ എക്കൽപ്രദേശമാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. സമതല പ്രദേശങ്ങളിലാണ് മുഖ്യമായും നെല്ല് കൃഷി ചെയ്യുന്നത്. ജമ്മുകാശ്മീർ താഴ്വരകളിലും ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ കുന്നിൻ താഴ്വരകളിലും, സമുദ്രനിരപ്പിൽ നിന്നും താണുകിടക്കുന്ന കേരളത്തിലെ കുട്ടനാട് പ്രദേശങ്ങളിലും നെൽകൃഷി ചെയ്യുന്നു.




**ചിത്രം 12.1** *ഇന്ത്യയിലെ നെല്ലുല്പാദനസ്ഥലങ്ങൾ*

(d) **അദ്ധ്വാനം**: യന്ത്രവൽക്കരണം കൃഷിസമ്പ്രദായത്തിന് അനുയോജ്യമല്ലാത്തതിനാൽ, നെൽകൃഷി മുഖ്യമായും മനുഷ്യരുടെ കായികാദ്ധ്വാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

(e) **വ്യാപ്തി**: ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നെൽകൃഷി ഉണ്ട്. നെല്ലുല്പാദനത്തിൽ മുഖ്യ സംസ്ഥാനങ്ങൾ, തമിഴ്നാട്, വെസ്റ്റ് ബംഗാൾ, ആന്ധ്രാപ്രദേശ്, ബീഹാർ, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ്, പഞ്ചാബ്, ഒഡീഷാ, ഉത്തർപ്രദേശ്, കർണ്ണാടക, ആസ്സാം, മഹാരാഷ്ട്ര എന്നിവയാണ്. ഹരിയാന, മദ്ധ്യപ്രദേശ്, കേരളം, ഗുജറാത്ത്, കാശ്മീർ താഴ്‌വര എന്നീ പ്രദേശങ്ങളിലും നെല്ല് കൃഷിചെയ്യുന്നു.

(ii) **ഗോതമ്പ്**: ഇന്ത്യയിൽ നെല്ല് കഴിഞ്ഞാൽ അടുത്ത മുഖ്യസ്ഥാനം ഗോതമ്പിനാണ്. ഇത് ഒരു റാബിവിള അഥവാ ശീതകാലകൃഷിയായി ചെയ്യുന്നു. ശീതകാലത്തിന്റെ തുടക്കത്തിൽ വിത്തുവിതച്ച് ഉഷ്ണകാലത്തിന്റെ തുടക്കത്തോടെ ഗോതമ്പിന്റെ വിളവെടുപ്പ് നടത്തുന്നു. സാധാരണയായി (വ.ഇന്ത്യ) ഒക്ടോബർ - നവംബർ മാസങ്ങളിൽ വിത്തു വിതച്ച് മാർച്ച് - ഏപ്രിൽ മാസങ്ങളിൽ വിളവെടുപ്പ് നടത്തുന്നു. പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെയും വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലെയും ലക്ഷകണക്കിന് ആളുകളുടെ മുഖ്യാഹാരമാണ് ഗോതമ്പ്. ഇത് നെൽകൃഷി പോലെയല്ല. മുകളിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ പ്രധാനമായും ഒരു റാബിവിള അല്ലെങ്കിൽ ശീതകാലവിളയായിട്ടാണ് ഗോതമ്പ് കൃഷി ചെയ്യുന്നത്.

ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയ സാഹചര്യങ്ങൾ:


**(a)** **താപനില**: പ്രധാനമായും മദ്ധ്യ-അക്ഷാംശമേഖലയിലെ പുൽമേടുകളിലെ ഒരു പ്രധാന വിളയായി ഗോതമ്പ് കൃഷിചെയ്യുന്നു. ഏറ്റവും അനുയോജ്യമായ ഊഷ്മാവ് വിള തുടങ്ങുമ്പോൾ $10^0C$ മുതൽ $15^0C$ വരെയും, ഗോതമ്പ് പാകമായി, വിളവെടുക്കുന്ന സമയങ്ങളിൽ $21^0C$ മുതൽ $26^0C$ വരെയാണ്.

**(b)** **വർഷപാതം**: വർഷത്തിൽ ശരാശരി 75 സെന്റീമീറ്റർ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഗോതമ്പ് നന്നായി വളരുന്നു. വർഷത്തിൽ 100 സെന്റീമീറ്റർ ആണ് പരമാവധി വർഷപാതത്തിന്റെ തോത്. 100 സെന്റീമീറ്ററിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾ നെൽകൃഷിക്ക് അനുയോജ്യമാണെന്ന് നിങ്ങൾക്കറിയാമല്ലോ? നെൽകൃഷി പോലെ 75 സെന്റീമീറ്ററിൽ താഴെ മഴ ലഭിക്കുന്ന സ്ഥലങ്ങളിൽ ജനസേചനസൗകര്യങ്ങൾ ഉപയോഗിച്ച് ഗോതമ്പ് കൃഷി ചെയ്യാവുന്നതാണ്. ചെറിയതോതിലുള്ള ചാറ്റൽമഴ, പാകമാകുമ്പോൾ ലഭിച്ചാൽ കൂടുതൽ ഉല്പാദനം ലഭിക്കും. മറിച്ച്, പുഷ്പിക്കുന്ന വേളകളിൽ മഞ്ഞു വീഴ്ചയും, പാകമാവുമ്പോൾ കൊടുങ്കാറ്റും ഗോതമ്പ് കൃഷിക്ക് വൻനാശം വരുത്തിവയ്ക്കും.

**(c)** **മണ്ണ്**: വിവിധയിനം മണ്ണിൽ ഗോതമ്പ് കൃഷിചെയ്യാമെങ്കിലും വളക്കൂറുള്ള എക്കൽ മണ്ണും, പശപ്പുള്ള എക്കൽമണ്ണും ഏറ്റവും അനുയോജ്യമാണ്. സമതല പ്രദേശങ്ങൾ പൊതുവെ ഗോതമ്പ് കൃഷിക്ക് അനുയോജ്യമാണ്.

**(d)** **അദ്ധ്വാനം**: ഗോതമ്പുകൃഷിയിൽ വിപുലമായ യന്ത്രവൽക്കരണം സാധ്യമാവുന്നതുകൊണ്ട് മാനുഷികശേഷി വളരെ കുറച്ചുമാത്രമേ ആവശ്യമുള്ളൂ.

**(e)** **വ്യാപ്തി**: ഇന്ത്യയിൽ ഗോതമ്പുകൃഷിചെയ്യുന്ന പ്രധാന പ്രദേശങ്ങൾ ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്. പഞ്ചാബും ഹരിയാനയും കൂടി ആകെ ഉല്പാദനത്തിൽ 66 ശതമാനത്തോളം ഉല്പാദിപ്പിക്കുന്നു. (ചിത്രം 12.2 കാണുക)




ചിത്രം 12.2 *ഇന്ത്യയിലെ ഗോതമ്പുൽപാദന പ്രദേശങ്ങൾ*

(iii) തിന, ചാമ മുതലായവ: താരതമ്യേന ഉഷ്ണമേഖലാ കാലാവസ്ഥയിൽ ചുരുങ്ങിയ കാലംകൊണ്ട് വിളവെടുക്കുന്നതാണ് ഇവ. ആഹാരത്തിനും കാലിത്തീറ്റയ്ക്കുമായി കൃഷിചെയ്യുന്നു. ഇത് ഖാരിഫ് വിളയാണ്. മെയ്മാസം മുതൽ ആഗസ്റ്റ് വരെ കൃഷി തുടങ്ങി ഒക്ടോബർ - നവംബർ മാസങ്ങളിൽ വിളവെടുക്കുന്നു. ദുർബല വിഭാഗങ്ങളുടെയും സാധാരണക്കാരുടെയും മുഖ്യ ആഹാരമാണ്. നിരവധി ഇനം തിന, ചാമ മുതലായവ ഇന്ത്യയിൽ കൃഷി ചെയ്യുന്നു. ഇവ പ്രാദേശികമായി പല പേരുകളിൽ ബജ്റാ, റാഗി, ഖോരാ, കോടാൻ, കുട്ക്കി, രാകാ, രാജ്ഗിരാ എന്നൊക്കെ അറിയപ്പെടുന്നു. ഇന്ത്യയിൽ കൃഷിചെയ്യുന്നത് മുഖ്യമായും ജവാറും, ബജ്റായും, റാഗിയുമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, ഇവ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വ്യാപ്തി കഴിഞ്ഞ ഏതാനും വർഷങ്ങളായി കുറഞ്ഞുവരികയാണ്.

തിന, ചോളം മുതലായ വിളകൾക്ക് അനുയോജ്യമായ ഭൂപ്രകൃതിയും, കാലാവസ്ഥയും.

(a) **താപനില:** 270C – 320C വരെയുള്ള ഉയർന്ന താപനിലയുള്ള പ്രദേശങ്ങളിലാണ് ഇവ വളരുന്നത്.

(b) **വർഷപാതം:** മേൽ പ്രസ്താവിച്ചതുപോലെ തിന, ചോളം, മുതലായവ വരണ്ടസ്ഥല വിളകളാണ്. അതുകൊണ്ടാണ് വർഷം ശരാശരി 50 സെന്റീമീറ്റർ മുതൽ 100 സെന്റീമീറ്റർ വരെ മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഏറ്റവും അനുയോജ്യമായത്.

(c) **മണ്ണ്:** മണ്ണിൽ കുറവുള്ള മൂലകങ്ങളോട് പ്രതികരിക്കാത്ത വിളകൾ ആയതുകൊണ്ട് എക്കൽ കുറഞ്ഞതോ പശിമരാശി മണ്ണിലോ ഒക്കെ ഇവ നന്നായി വളരുന്നു.

(d) **വ്യാപ്തി:** ജാവറും, ബജ്റായും ഇന്ത്യയിലെ വടക്കൻ സംസ്ഥാനങ്ങളിലും ദക്ഷിണ സംസ്ഥാനങ്ങളിലും കൃഷിചെയ്യുന്നു. മദ്ധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ജാവറും ബജ്റായും കൃഷി ചെയ്യുന്നു. ദക്ഷിണേന്ത്യയിൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ റാഗി കൃഷി ഒതുങ്ങിനിൽക്കുന്നു.

(iv) **പയറുവർഗ്ഗങ്ങൾ:** സസ്യാഹാരഭുക്കുകൾക്ക് മാംസ്യത്തിന്റെയും പ്രോട്ടീന്റെയും കലവറകളാണ് നിരവധി പയറുവർഗ്ഗങ്ങൾ. മാംസവും മത്സ്യവും കഴിക്കുന്നവർക്ക് ലഭിക്കുന്ന അളവിനെക്കാൾ കുറച്ചുമാത്രമേ സസ്യഭുക്കുകൾക്ക് ലഭിക്കൂ എന്നതിനാൽ പയറുവർക്ഷങ്ങൾ ഇവർക്ക് വളരെ അനുഗ്രഹപ്രദമാണ്. കന്നുകാലിതീറ്റ ഉണ്ടാക്കുന്നതിനും, കാലിത്തീറ്റയായും ഇവ ഉത്തമമാണ്. ഇതിനുപുറമെ മണ്ണിലെ നൈട്രജൻ മുതലായ മൂലകങ്ങളെ നിലനിർത്തുന്നതിനും ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുമായി ഇത് മറ്റ് വിളകളുമായി മാറി മാറി കൃഷിചെയ്യാറുണ്ട്. നിരവധി ഇനം പയറുവർക്ഷങ്ങൾ ഇന്ത്യയിലുണ്ട്. വിവിധ കടലയിനങ്ങൾ, കപ്പലണ്ടി, പരിപ്പ്, ഉഴുന്ന്, ഗ്രീൻപീസ്, വിവിധയിനം പയറ്, മുതിര, പട്ടാണിപ്പയർ മുതലായവ ഈ വിഭാഗത്തിൽപ്പെടുന്നു. കടലയിനങ്ങളും പരിപ്പ് ഇനങ്ങളുമാണ് മറ്റ് പയറുവർക്ഷ ങ്ങളേക്കാൾ പ്രാധാന്യമുള്ളത്.

**കടല:** എല്ലാ പയറുവർഗ്ഗങ്ങളിലും പ്രധാനപ്പെട്ടതാണ് കടല. ആകെ ഉല്പാദനത്തിൽ 37 ശതമാനം കടലയിനങ്ങളിൽപ്പെട്ടതാണ്. പയറു വർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന്റെ ഏതാണ്ട് 30 ശതമാനത്തോളം സ്ഥലങ്ങളിൽ ഇവ കൃഷിചെയ്യുന്നു. സെപ്റ്റംബർ - നവംബർ മാസങ്ങളിൽ കൃഷി തുടങ്ങി ഫെബ്രുവരി - ഏപ്രിൽ മാസങ്ങളിൽ വിളവെടുക്കുന്ന ഇവ പ്രധാനമായും ഒരു റാബി വിളയാണ്. ഒന്നുകിൽ ഇവ തനിയെ അല്ലെങ്കിൽ ഗോതമ്പ്, ബാർലി, കടുക്, ലിൻസീഡ് എന്നിവകൾക്കൊപ്പമോ കൃഷി ചെയ്യുന്നു.

ആവശ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും

(a) **താപനില:** എല്ലാ കാലാവസ്ഥയിലും ഇത് കൃഷിചെയ്യുന്നുവെങ്കിലും ചെറിയ തണുപ്പും കുറച്ച് വരണ്ടകാലാവസ്ഥയും, 200C മുതൽ 250C വരെ താപനിലയും ഏറ്റവും അനുയോജ്യമാണ്.

(b) **വർഷപാതം:** 40 - 45 സെന്റീമീറ്റർ വാർഷിക മഴ ലഭിക്കുന്നത് ഉത്തമമാണ്.

(c) **മണ്ണ്:** പശപ്പുള്ള എക്കൽമണ്ണിൽ ഇവ നന്നായി വളരുന്നു.

(d) വ്യാപ്തി: ഇന്ത്യയിലെ മിക്കപ്രദേശങ്ങളിലും ഇവ കൃഷിചെയ്യുന്നുവെങ്കിലും 90 ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നത് മദ്ധ്യപ്രദേശ് ഉത്തർപ്രദേശ്, രാജസ്ഥാൻ, ഹരിയാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലാണ്.

## നിങ്ങൾക്കറിയാമോ

1. നെല്ലും, ഗോതമ്പും പ്രതികൂലമായ കാലാവസ്ഥയിൽ കൃഷിചെയ്യുവാൻ സാധിക്കാത്തവയാണ്. എന്നാൽ തിന, ചാമ മുതലായവ പ്രതികൂല കാലാവസ്ഥയെ ചെറുക്കുന്നവയാണ്.

2. പരമ്പരാഗതമായി തിന, ചാമ മുതലായവ പ്രധാന ആഹാരമായി ഇന്ത്യയിൽ ഉപയോഗിച്ചിരുന്നു. എന്നാൽ അടുത്തകാലത്തായി ജനസംഖ്യ യിലെ മുഖ്യ വിഭാഗങ്ങളും അരിയും ഗോതമ്പും മുഖ്യ ആഹാരങ്ങളായി ഉപയോഗിക്കുന്നവരായി മാറി.

3. ആഹാരക്രമങ്ങളുമായി ബന്ധപ്പെട്ട് രോഗങ്ങൾ അടുത്തകാലത്തായി അതിവ്യാപ്തമായി പടർന്നുപിടിക്കുന്നതിനാൽ, നാരുകൾ അടങ്ങിയ ഭക്ഷണപദാർത്ഥങ്ങളായ തിന, ചാമ മുതലായവ ഭക്ഷണത്തിലുൾപ്പെടുത്തി രോഗങ്ങൾ നിയന്ത്രിക്കുവാൻ നിർദ്ദേശിക്കുന്നു.

## പ്രവർത്തനം 12.2

1. നെല്ലരി, ഗോതമ്പ്, തിന, ചാമ മുതലായവ മുഖ്യാഹാരമായി ഉപയോഗിക്കുന്ന പ്രദേശങ്ങൾ / സംസ്ഥാനങ്ങൾ എന്നിവ കണ്ടുപിടിക്കുക. താഴെ പറയുന്ന സംസ്ഥാനങ്ങളിലെ ജനതയുടെ മുഖ്യാഹാരം (അരി, ഗോതമ്പ്, തിന, ചാമ, ചോളം) ഏതെന്ന് പറയുക.

| സംസ്ഥാനം | മുഖ്യആഹാരം |
|---|---|
| രാജസ്ഥാൻ | ഗോതമ്പ്, ബജറ |
| കർണ്ണാടക | |
| നിങ്ങളുടെ സംസ്ഥാനം | |

2. ഇന്ത്യയുടെ ഭൂപടത്തിൽ അരിയും ഗോതമ്പും മുഖ്യാഹാരമായി ഉപയോഗിക്കുന്ന സംസ്ഥാനങ്ങൾ രണ്ട് നിറങ്ങൾ കൊടുത്ത് തയ്യാറാക്കുക.

### 2 നാണ്യവിളകൾ

ഈ പാഠത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞിരിക്കുന്നതുപോലെ വിളകളുടെ അതേരൂപത്തിലോ അല്ലെങ്കിൽ ഭാഗികമായി സംസ്കരിച്ചോ വിപണനത്തിനായി കൃഷിചെയ്യുന്ന വിളകളെ നാണ്യവിളകൾ എന്നു പറയുന്നു. ഏതാനും തെരഞ്ഞെടുത്ത നാണ്യവിളകളെ സംബന്ധിച്ച് - കരിമ്പ്, പരുത്തി, ചണം, 2 പാനീയവിളകളായ തേയില, കാപ്പി 3 എണ്ണകുരുക്കൾ: നിലക്കടല, കടുക്, റേപ്പ്സീഡ് (മുള്ളങ്കിവർഗ്ഗത്തിൽപ്പെട്ടതും എണ്ണകുരുവായി ഉപയോഗിക്കുന്നതുമായത്) എന്നിവയെപ്പറ്റി ഈ വിഭാഗത്തിൽ കൂടുതൽ പഠിക്കാം.


**(i)** **കരിമ്പ്:** ദൈനംദിനജീവിതത്തിൽ പഞ്ചസാര ഉപയോഗിക്കാത്ത ഒരു ദിവസത്തെപ്പറ്റി നമുക്ക് ചിന്തിക്കാനാവുമോ? ഇന്ത്യയുടെ തദ്ദേശീയമായതും, മുളവർഗ്ഗത്തിൽപ്പെട്ടതുമായ ഒരു വിളയാണ് കരിമ്പ് എന്ന് നിങ്ങൾക്കറിയാമോ? ഇത് ഒരു ഖാരിഫ് വിളയാണ്. പഞ്ചസാര, ശർക്കര, ഖണ്ഡസാരി എന്നിവയുടെ പ്രധാന സ്രോതസ്സ് കരിമ്പ് ആണ്. ആൽക്കഹോൾ നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുവും

കുറിപ്പുകൾ

കരിമ്പിൽ നിന്നും ലഭിക്കുന്നു. നീര് ഊറ്റിയെടുത്ത കരിമ്പിൻചണ്ടി കടലാസ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. പെട്രോളിയം ഉൽപന്നങ്ങൾക്ക് പകരമായി ഉപയോഗിക്കാവുന്ന ഒരു പദാർത്ഥവും കരിമ്പിൽ നിന്നും ലഭിക്കുന്നു. അതുപോലെ നിരവധി രാസപദാർത്ഥങ്ങളും കരിമ്പിൽ നിന്നും ലഭിക്കുന്നു. കാലിത്തീറ്റയായും കരിമ്പ് ഉപയോഗിക്കുന്നു. കരിമ്പു കൃഷിക്ക് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും താഴെ വിവരിക്കുന്നു.

(a) **താപനില**: ചൂടും നീരാവി നിറഞ്ഞതുമായ കാലാവസ്ഥയും $21^0$C മുതൽ $27^0$C താപനിലയുമാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

(b) **വർഷപാതം**: കരിമ്പുകൃഷിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ളത് 75 – 150 സെന്റീമീറ്റർ വർഷപാതമാണ്. ഇതിൽ കുറവ് മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ പ്രത്യേകം ജലസേചനസൗകര്യം ഉണ്ടായിരിക്കണം.




**ചിത്രം 12.3** *ഇന്ത്യയിൽ കരിമ്പ് ഉൽപാദിപ്പിക്കുന്ന പ്രധാന സ്ഥലങ്ങൾ*

**(c) മണ്ണ്:** എല്ലാ ഇനം മണ്ണിലും കരിമ്പ് വളരുന്നു. ജലാംശമുള്ള ഏതുതരം മണ്ണിലും ഇവ കൃഷി ചെയ്യാം. എന്നാൽ പശയുള്ള, ആഴത്തിൽ എക്കൽ സമൃദ്ധമായ മണ്ണാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. കൂടുതൽ ക്ഷാരാംശമില്ലാത്തതും ലവണരസം കുറഞ്ഞതും സമൃദ്ധമായി നൈട്രജനും, കാൽസ്യവും, ഫോസ്ഫറസ്സും ഉള്ള മണ്ണ് ആണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. നിരപ്പായ സമതല പ്രദേശവും, നിരപ്പായ പീഠഭൂമിയും അനുയോജ്യമാണ്. ഇവിടെ ജലസേചനമാർക്ഷങ്ങൾക്ക് സൗകര്യവും പഞ്ചസാര മില്ലുകളിലേക്ക് ഉൽപന്നങ്ങളുടെ ഗതാഗതത്തിനും സൗകര്യം ഉണ്ട്. കരിമ്പുകൃഷിക്ക് ധാരാളം പ്രകൃതി വളവും രാസവളവും ആവശ്യമാണ്. കാരണം മണ്ണിലെ ഫലഭൂയിഷ്ഠത വലിയ അളവിൽ നഷ്ടപ്പെടും.

**(d) അദ്ധ്വാനം:** വലിയ തോതിൽ മനുഷ്യ പ്രയത്നവും സുലഭമായ അദ്ധ്വാനവും (കുറഞ്ഞനിരക്കിൽ) കരിമ്പുകൃഷിക്ക് ആവശ്യമാണ്. കരിമ്പുകൃഷിയുടെ ഓരോ ഘട്ടത്തിലും, തുടക്കം മുതൽ നടീൽ, പരിചരണം കളനീക്കൽ, ജലസേചനം, വെട്ടിയെടുത്ത് മില്ലിൽ കൊണ്ടുപോകുന്നതു വരെ അനേകം മനുഷ്യ പ്രയത്നം ആവശ്യമാണ്.

**(e) വ്യാപ്തി:** കരിമ്പുകൃഷി ചെയ്യുന്ന സ്ഥലവ്യാപ്തിയിൽ ലോകത്തിലെ ഏറ്റവും വലിയ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഉല്പാദനത്തിൽ ആഗോളതലത്തിൽ ബ്രസീലിനടുത്ത് 2-ാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. കരിമ്പു കൃഷിയുടെ വ്യാപനത്തിൽ ഇന്ത്യയെ മൂന്ന് വ്യക്തമായ പ്രദേശങ്ങളായി തിരിക്കാം. അവ താഴെ പറയുന്നവയാണ്.

(i) പഞ്ചാബ് മുതൽ ബീഹാർ വരെ വ്യാപിച്ചുകിടക്കുന്ന സത്‌ലജ് - ഗംഗാസമതലപ്രദേശം. കരിമ്പുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 51 ശതമാനവും ആകെ ഉല്പാദനത്തിന്റെ 60 ശതമാനവും ഈ സമതലപ്രദേശത്തിൽ വരും.

(ii) പശ്ചിമഘട്ടത്തിന്റെ ചെരിവുപ്രദേശങ്ങൾ - മഹാരാഷ്ട്രാ മുതൽ തമിഴ്നാട് വരെ വ്യാപിച്ചകിടക്കുന്ന കറുത്ത മണ്ണ് കാണപ്പെടുന്ന പ്രദേശം.

(iii) ആന്ധ്രാ സംസ്ഥാനത്തിലെ തീരപ്രദേശങ്ങളും കൃഷ്ണാനദിയുടെ താഴ്‌വര കളും.

**(ii) പരുത്തി:** ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിലാകമാനം പ്രാധാന്യമുള്ള ഒന്നാണ് പരുത്തി. പരുത്തി, തുണി വ്യവസായത്തിന് അസംസ്കൃതപദാർത്ഥം നൽകുന്നതിനോടൊപ്പം പരുത്തിക്കുരു വനസ്പതി ഉണ്ടാക്കുവാനും ഉപയോഗിക്കുന്നു. കറവപ്പശുക്കൾക്ക് തീറ്റയായി പരുത്തിക്കുരു കൊടുത്ത് പാലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നു. ഉഷ്ണമേഖലാ പ്രദേശത്തും മിതശീതോഷ്ണ പ്രദേശത്തും ഖാരിഫ് വിളയായി പരുത്തി കൃഷിചെയ്യുന്നു.

**പരുത്തികൃഷിക്ക് ആവശ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും:**

**(a) താപനില:** $21^0$C മുതൽ $30^0$C വരെ താപനിലയുള്ളതും ഇവ ഒരേപോലെ ലഭിക്കുന്നതുമായ കാലാവസ്ഥയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.


**(b) വർഷപാതം:** 200–210 മഞ്ഞുരഹിത ദിവസങ്ങൾ ലഭിക്കുന്ന പ്രദേശങ്ങളിൽ പരുത്തി സമൃദ്ധിയായി വളരുന്നു. മിതമായ വർഷപാതം, 50 – 100 സെന്റീ മീറ്റർ വരെ ആവശ്യമാണ്. 50 സെന്റീമീറ്ററിൽ താഴെ വർഷപാതം ഉള്ള സ്ഥലങ്ങളിൽ ജലസേചനമാർക്ഷങ്ങളിലൂടെ പരുത്തികൃഷി വിജയകരമായി ചെയ്യുവാൻ സാധിക്കും. തുടക്കത്തിലും വിളവെടുപ്പ് വേളകളിലും നല്ല സൂര്യപ്രകാശവും വരണ്ടകാലാവസ്ഥയും ലഭിക്കുന്നത് ഉത്തമമാണ്.

**(c) മണ്ണ്:** ഡക്കാൺ, മാൾവാ പീഠഭൂമി പ്രദേശങ്ങളിലെ കറുത്ത മണ്ണ് പരുത്തികൃഷിക്ക് അനുയോജ്യമാണ്, എന്നിരുന്നാലും, എക്കൽ മണ്ണ് ഉള്ള സത്‌ലജ് - ഗംഗാ സമതല

പ്രദേശവും ചുവന്നതും, മണൽത്തരിയുള്ളതുമായ പെനിൻസുലാർ ഇന്ത്യയും (ദക്ഷിണ ഇന്ത്യ) പരുത്തികൃഷിക്ക് അനുയോജ്യമാണ്.

**(d)** **മനുഷ്യപ്രയത്നം:** പാകമായ പരുത്തിശേഖരണത്തിന് യന്ത്രവൽക്കരണം ഇല്ലാത്തതിനാൽ ഈ ഘട്ടത്തിൽ ഫലവത്തായതും ലാഭകരവുമായ മനുഷ്യ പ്രയത്നം ആവശ്യമാണ്.

**(e)** **വ്യാപ്തി:** പരുത്തികൃഷി ചെയ്യുവാൻ വിശാലമായ ഭൂമി ഇന്ത്യയിൽ ഉണ്ട്. അമേരിക്കയും ചൈനയും കഴിഞ്ഞാൽ പരുത്തി ഉൽപാദനത്തിൽ ലോകത്തിലെ മൂന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്. പരുത്തി കൃഷിചെയ്യുന്ന ആകെയുള്ള കൃഷിഭൂമിയുടെ 2/3 ഭാഗവും നാല് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. പഞ്ചാബ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന എന്നീ സംസ്ഥാനങ്ങളാണ് പരുത്തി ഉൽപാദനത്തിലെ മുഖ്യ സംസ്ഥാനങ്ങൾ.




**ചിത്രം 12.4** *പരുത്തി ഉൽപാദനത്തിൽ ഇന്ത്യയിലെ പ്രധാന സ്ഥലങ്ങൾ*

**(iii) എണ്ണക്കുരുക്കൾ:** ഇന്ത്യയിലെ വാണിജ്യവിളകളിൽ ഒരു പ്രധാനപ്പെട്ട വിഭാഗമാണ് എണ്ണകുരുക്കൾ. എണ്ണകുരുക്കളുടെ കൃഷിസ്ഥല വിസ്തൃതിയിലും ഉല്പാദനത്തിലും ലോകത്തിലെ പ്രഥമസ്ഥാനം ഇന്ത്യയ്ക്ക് ഉണ്ട്. എണ്ണകുരുക്കളിൽ നിന്നുള്ള എണ്ണ നമ്മുടെ ആഹാരത്തിന്റെ ഒരു പ്രധാന ഇനം ആണ്. കൂടാതെ, പെയിന്റ്, വാർണീഷ്, സോപ്പ്, ലൂബ്രിക്കന്റ്, ഹൈഡ്രോ- ജിനേറ്റഡ് ഓയിൽ ഇവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത പദാർത്ഥമായും ഉപയോഗിക്കുന്നു. കുരുക്കളിൽ നിന്ന് ആട്ടിയെടുക്കുന്ന പിണ്ണാക്ക് കാലിത്തീറ്റ ഉണ്ടാക്കുന്നതിനും വളമായിട്ടും ഉപയോഗിക്കുന്നു.

**നിലക്കടല:** ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു എണ്ണക്കുരുവാണ് നിലക്കടല. ഖാരിഫ് വിളയായും റാബിവിളയായും നിലക്കടല കൃഷിചെയ്യുന്നു. ഇതിൽ 90–95 ശതമാനവും ഖാരിഫ് വിളയായിട്ടാണ്.

ആവശ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും:

**(a) താപനില:** ഉഷ്ണമേഖല കാലാവസ്ഥയും താപനില $20^0$ഇ $^0$ഇ0വരെയും ആണ് ഉത്തമമായിട്ടുള്ളത്.

**(b) വർഷപാതം:** 50–75 സെന്റീമീറ്റർ വാർഷിക വർഷപാതം ആണ് ഏറ്റവും അനുകൂലമായിട്ടുള്ളത്. നിലക്കടല കൃഷിക്ക് ഏറ്റവും ദോഷകരമായിട്ടു ള്ളത് മഞ്ഞ്, ദീർഘകാല വരൾച്ച, തുടർച്ചയായ മഴ, വെള്ളം കെട്ടി കിടക്കുന്നത് എന്നിവയാണ്. പാകമാവുമ്പോൾ വരണ്ട ശീതകാല കാലാവസ്ഥയാണ് ആവശ്യമായിട്ടുള്ളത്.

**(c) മണ്ണ്:** വെള്ളം അരിച്ചിറങ്ങുന്നതും മണൽ മിശ്രിതം ചേർന്നതുമായ എക്കൽ മണ്ണ്, ചെമ്മണ്ണ്, കറുത്തമണ്ണ്, മഞ്ഞമണ്ണ് എന്നിവയും നിലക്കടല കൃഷിക്ക് ഉത്തമമാണ്.

**(d) വിതരണം:** എണ്ണകുരുക്കളിൽ നിലക്കടലയ്ക്ക് ഒരു പ്രധാനസ്ഥാനം ഉണ്ട്. ഇന്ത്യയിൽ എണ്ണകുരുക്കൾ കൃഷിചെയ്യുന്ന ആകെയുള്ള സ്ഥലത്തിൽ ഏതാണ്ട് പകുതിഭാഗവും നിലക്കടല കൃഷിക്ക് ഉപയോഗിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ നിലക്കടല ഉൽപാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ആഗോള ഉൽപാദനത്തിൽ 1/3 ഭാഗം ഇന്ത്യയിലാണ്. ആന്ധ്രാ പ്രദേശ്, തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളാണ് പ്രധാനമായും നിലക്കടല കൃഷിചെയ്യുന്ന സംസ്ഥാനങ്ങൾ. ഈ മൂന്ന് സംസ്ഥാനങ്ങളും കൂടി ആകെയുള്ള ഉൽപാദനത്തിന്റെ 60 ശതമാനം ഉൽപാദിപ്പിക്കുന്നു. ബാക്കിയുള്ള 30 ശതമാനം മഹാരാഷ്ട്രാ, കർണ്ണാടക, ഒഡീഷാ എന്നീ സംസ്ഥാനങ്ങളിലാണ്.

**3. തോട്ടവിളകൾ**

**(i) തേയില:** തേയിലതോട്ടങ്ങളുടെ കാര്യത്തിൽ ഇന്ത്യ ലോകപ്രസിദ്ധമാണ്. പശ്ചിമ ബംഗാളിലെ ഡാർജ്ലിംഗ്, ആസ്സാമിലെ തേയിലതോട്ടങ്ങൾ എന്നിവയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ? ഇന്ത്യയിൽ വിപുലമായ തേയിലകൃഷി തുടങ്ങിയത് 1923–ൽ ബ്രിട്ടീഷുകാരാണ്. ആസ്സാം കുന്നുകളിൽ ബ്രിട്ടീഷുകാരാണ് ആദ്യമായി കാട്ടുചെടിപോലെ തേയിലചെടികൾ കണ്ടത്. തേയില ചെടികളിലെ ഇളംഇലകൾ നുള്ളിയെടുത്ത് ഉണക്കിപൊടിച്ചാണ് തേയില ഉണ്ടാക്കുന്നത്. ആഗോളതലത്തിൽ തേയില ഉൽപാദനത്തിൽ പ്രഥമസ്ഥാനം ഇന്ത്യയ്ക്കാണ് ചൈനയും ശ്രീലങ്കയും യഥാക്രമം രണ്ടും, മൂന്നും സ്ഥാനത്ത് നിൽക്കുന്നു.


തേയിലകൃഷിക്ക് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും താഴെ വിവരിക്കുന്നു.

(a) **താപനില:** ചൂടും തണുപ്പും കലർന്ന കാലാവസ്ഥയാണ് തേയിലകൃഷിക്ക് ആവശ്യമായിട്ടുള്ളത്. $20^0C – 30^0C$ താപനിലയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. $35^0C$-ൽ കൂടുതൽ താപനില ഉയരുന്നതും $10^0C$-ൽ കുറവ് താപനില ആകുന്നതും ഒരുപോലെ തേയിലചെടികളുടെ വളർച്ചയ്ക്കും ഇലകൾക്കും ഹാനികരമാണ്.

കുറിപ്പുകൾ

(b) **വർഷപാതം**: മേൽ പ്രസ്താവിച്ചതുപോലെ തേയിലചെടികളുടെ വളർച്ചയ്ക്ക് വലിയതോതിലുള്ള മഴ പ്രതിവർഷം ശരാശരി 150 – 300 സെന്റീമീറ്റർ വരെ ആവശ്യമാണ്. വർഷം മുഴുവൻ ഏതാണ്ട് ഒരേ രീതിയിൽ മഴ ലഭിക്കേണ്ടതുണ്ട്. നീണ്ടകാലം നിൽക്കുന്ന വരൾച്ച തേയിലയ്ക്ക് ഹാനികരമാണ്.

(c) **മണ്ണ്**: തേയിലചെടികളുടെ ശരിയായ വളർച്ചയ്ക്ക് നീരൊഴുക്കുള്ളതും വെള്ളം ഊർന്നിറങ്ങുന്നതുമായ എക്കൽമണ്ണാണ് നല്ലത്, എന്നിരുന്നാലും, വനമേഖലയിലെ സസ്യജൈവ പദാർത്ഥം (humus) കലർന്നതും ഇരുമ്പിന്റെ അംശം കൂടുതൽ ചേർന്നതുമായ കന്നിമണ്ണ് തേയിലചെടികളുടെ വളർച്ചയ്ക്ക് അത്യുത്തമമാണ്. തണൽമരങ്ങളുടെ വളർച്ച വലിയതോതിൽ തേയിലചെടികളുടെ വളർച്ചയ്ക്ക് ആവശ്യമായതിനാൽ, തണൽമരങ്ങൾക്കൊപ്പം തേയിലച്ചെടികൾ വളർത്തുന്നത് ഏറെ സഹായകരമാണ്.




*ചിത്രം 12.5 ഇന്ത്യയിൽ തേയില ഉൽപാദിപ്പിക്കുന്ന പ്രദേശങ്ങൾ*

**(d)** **അദ്ധ്വാനം:** കാര്യക്ഷമവും ലാഭകരവുമായ മനുഷ്യപ്രയത്നം തേയില ഉൽപാദനത്തിന് ആവശ്യമാണ്.

**(e)** **വ്യാപ്തി:** ആസ്സാമാണ് തേയില ഉൽപാദനത്തിൽ ഏറ്റവും മുൻപന്തിയിലുള്ളത്. ഇന്ത്യയിലെ തേയില ഉൽപാദനത്തിൽ ഏതാണ്ട് 50 ശതമാനവും ഇവിടെയാണ് ഉൽപാദിപ്പിക്കുന്നത്. ബ്രഹ്മപുത്രാനദിയുടെ താഴ്‌വരകളിലും ആസ്സാം കുന്നുകളുടെ അടിവാരത്തിലും തേയില കൃഷിചെയ്യുന്നു. തേയില ഉൽപാദനത്തിൽ രണ്ടാം സ്ഥാനം പശ്ചിമബംഗാളിനാണ്. പശ്ചിമബംഗാളിലെ ഡാർജ്‌ലിംഗ്, സിലിഗുരി, ജാൽപെഗുരി, കുച്ച്, ബീഹാർ എന്നീ ജില്ലകളിൽ തേയില കൃഷിചെയ്യുന്നു. തേയില ഉൽപാദനത്തിൽ മൂന്നാം സ്ഥാനം തമിഴ്നാടിനാണ്. ഇവിടുത്തെ നീലഗിരികുന്നുകളിലാണ് പ്രധാനമായും തേയില തോട്ടങ്ങൾ ഉള്ളത്.

**(ii)** **കാപ്പി:** കാപ്പി ഇന്ത്യയിൽ കൊണ്ടുവന്നത് എവിടെനിന്നാണ് എന്ന് നിങ്ങൾക്കറിയാമോ? എത്യോപ്യയിലെ (അബിസിനിയാ പീഠഭൂമി) തദ്ദേശീയമായ കാപ്പി 11-ാം നൂറ്റാണ്ടിൽ അറേബ്യയിലേക്കും അവിടെനിന്നും 17-ാം നൂറ്റാണ്ടിൽ ബാബാ ബുധാനാണ് കാപ്പിവിത്തുകൾ ഇന്ത്യയിലേക്ക് കൊണ്ടു വന്നത്. കർണ്ണാടകയിലെ 'ബാബാ ബുധാൻ' കുന്നുകളിൽ കൃഷി തുടങ്ങി. പശ്ചിമഘട്ടനിരകളുടെ അടിവാരത്തിൽ വൻതോതിൽ കാപ്പിതോട്ടങ്ങൾ ഉണ്ടാക്കിയത് ബ്രിട്ടീഷുകാരാണ്.

കാപ്പികൃഷിക്ക് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും താഴെ പ്രസ്താവിക്കുന്നതാണ്.

**(a)** **താപനില:** ചൂടും തണുപ്പും ഉള്ള കാലാവസ്ഥയും താപനില $15^{0}$C - $28^{0}$C ആണ് കാപ്പികൃഷിക്ക് ആവശ്യമായിട്ടുള്ളത്. തണൽമരങ്ങളുടെ കീഴിലാണ് സാധാരണയായി കാപ്പിചെടികൾ വളരുന്നത്. ശക്തമായ സൂര്യപ്രകാശവും $30^{0}$C മുകളിലുള്ള ഉയർന്ന താപവും മഞ്ഞും, ഹിമപാതവും കാപ്പിചെടികൾക്ക് ഹാനികരമാണ്. വിളവെടുപ്പ് വേളകളിൽ വരണ്ട കാലാവസ്ഥ ആവശ്യമാണ്.

**(b)** **വർഷപാതം:** 150 – 250 സെന്റീമീറ്റർ ശരാശരി വാർഷിക വർഷപാതം കാപ്പി ചെടിക്ക് ആവശ്യമാണ്.

**(c)** **മണ്ണ്:** നീരൊഴുക്ക് ഉള്ളതും ജലാംശം ഉള്ളതും സസ്യജൈവ പദാർത്ഥം ഏറെയുള്ളതും മൂലകങ്ങളായ ഇരുമ്പും, കാൽസ്യവും ഉള്ള എക്കൽ മണ്ണാണ് കാപ്പി വിളകൾക്ക് ആവശ്യമായിട്ടുള്ളത്. മണ്ണിന്റെ ഫലഭൂയിഷ്ഠത ശരിയായ രീതിയിൽ ഉണ്ടായിരിക്കണം. മതിയായ അളവിൽ വളം നൽകി ഫലഭൂയിഷ്ഠത നിലനിർത്തണം.

**(d)** **അദ്ധ്വാനം:** തേയില പോലെ കാപ്പികൃഷിക്കും ലാഭകരവും കാര്യപ്രാപ്തിയുമുള്ള മനുഷ്യപ്രയത്നം അത്യന്താപേക്ഷിതമാണ്. പരിചയസമ്പന്നരായ തൊഴിലാളികൾ, വിത്തുനടീൽ മുതൽ ചെടിയുടെ വളർച്ചയിലെ വിവിധ ഘട്ടങ്ങളിൽ വിളവെടുപ്പ് വരെയും അതിനുശേഷമുള്ള സംസ്കരണ പ്രക്രിയയിലും ആവശ്യമാണ്.

**(e)** **വ്യാപ്തി:** ഇന്ത്യയിൽ കാപ്പി ഉൽപാദനത്തിൽ മുൻനിരയിലുള്ള സംസ്ഥാനങ്ങളാണ് കർണ്ണാടക, കേരളം, തമിഴ്നാട് എന്നിവ.

## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 12.2

1. പരുത്തികൃഷിക്ക് ആവശ്യമായ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവയെപ്പറ്റി മൂന്ന് കാര്യങ്ങൾ വിവരിക്കുക.

2. തുടർച്ചയായി ഇന്ത്യയിലെ പരുത്തികൃഷി നശിച്ചുപോയാൽ ഇവിടുത്തെ ലക്ഷക്കണക്കിന് ആളുകളുടെയും ജനസംഖ്യയുടെയും ആവശ്യങ്ങൾ എങ്ങനെ പരിഹരിക്കും?

3. വാണിജ്യവിളകളെ എന്തുകൊണ്ടാണ് നാണ്യവിളകൾ എന്ന് വിളിക്കുന്നത്?

## 12.4 ഇന്ത്യയിൽ കൃഷിക്ക് നേരിടുന്ന പ്രധാന വെല്ലുവിളികൾ

ഇന്ത്യയിൽ കൃഷി നേരിടുന്ന വെല്ലുവിളികൾ അപഗ്രഥിക്കുമ്പോൾ ഇതിനെ പൊതുവെ 2 വിഭാഗങ്ങളിലായി തിരിക്കാം. ഒന്നാം വിഭാഗത്തിൽപ്പെട്ട വെല്ലുവിളികൾ വർഷങ്ങളായി സ്ഥായിയായി നിലനിൽക്കുന്നതാണ്. രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥിതി, കാലാ വസ്ഥാമാറ്റം, നിലവിലുള്ള കാർഷികരീതി എന്നീ കാര്യങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ള പുതിയ പ്രശ്നങ്ങളാണ്. മുഖ്യമായ വെല്ലുവിളികൾ നമുക്ക് വിശദമായി ചർച്ച ചെയ്യാം.

1. **മുഖ്യവിളവുകളുടെ ഉൽപാദനത്തിൽ ഉളവായിട്ടുള്ള മന്ദത:** മുഖ്യഭക്ഷ്യവിളകളായ നെല്ല്, ഗോതമ്പ് എന്നിവയുടെ ഉൽപാദനത്തിൽ കുറെക്കാലമായി മന്ദത ഉണ്ടായിട്ടുണ്ട്. കാർഷികശാസ്ത്രജ്ഞന്മാരെയും, നയരൂപീകരണ വിദഗ്ധരേയും ആസൂത്രണവിദഗ്ധരേയും ക്ലേശിപ്പിക്കുന്ന ഒരു സാഹചര്യമാണ് ഇത്. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ആവശ്യവും ഭക്ഷ്യവിളവുകളുടെ ഉല്പാദനത്തിലുള്ള കുറവും മൂലം ഉണ്ടായിട്ടുള്ള വിടവ് ഈ സാഹചര്യം തുടരുകയാണെങ്കിൽ വിപുലമായികൊണ്ടിരിക്കും. ഹരിത വിപ്ലവത്തിന് മുൻപുണ്ടായിരുന്ന അവസ്ഥയിലേക്കു പിന്മാറ്റം ആരുംതന്നെ ആഗ്രഹിക്കുന്നില്ല. ഹരിതവിപ്ലവത്തിന് മുൻപുണ്ടായിരുന്ന അവസ്ഥ എന്തായിരുന്നു എന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുക.

2. **കൃഷിചെയ്യുന്നതിനുള്ള സാമഗ്രികളിൽ ഉണ്ടായിട്ടുള്ള ഉയർന്ന ചെലവ്:** കൃഷിചെയ്യുന്നതിനുള്ള 'വിഭവ'ങ്ങളുടെ വില അടുത്തകാലത്ത് അനേക മടങ്ങുകളായി വർദ്ധിച്ചു. കൃഷിക്ക് ആവശ്യമുള്ള ഘടകങ്ങളിൽ വളം, കീട നാശിനികൾ, കീടസംഹാരികൾ, മേൽത്തരം വിത്തുകൾ, കൃഷി തൊഴിലാളികളുടെ വേതന വർദ്ധനവ് മുതലായവ ഉൾപ്പെട്ടിരിക്കുന്നു. കൃഷിചെലവുകളിലുള്ള വർദ്ധനവ് ചെറുകിട കൃഷിക്കാരെയും മദ്ധ്യനിര കർഷകരേയും ഒരുപോലെ ബുദ്ധിമുട്ടിലാക്കുന്നു.

3. **മണ്ണിലെ മൂലകശോഷണം:** ഇന്ത്യയിൽ പട്ടിണി ഇല്ലാതാക്കുന്നതിന് പരമമായ പങ്കുവഹിച്ച സംഭവമായിരുന്നു ഹരിതവിപ്ലവമെങ്കിൽ, മറിച്ച് ഇതിനു നിഷേധാത്മകമായ ഫലങ്ങളുമുണ്ടായിരുന്നു. അതിലൊന്നാണ് മണ്ണിന്റെ മൂലകശോഷണം. ഒരേ വിളവുതന്നെ വീണ്ടും വീണ്ടും കൃഷിചെയ്ത് മണ്ണിലെ പോഷകഘടകങ്ങൾ നഷ്ടപ്പെടുന്നതിനെയാണ് മണ്ണിന്റെ മൂലക ശോഷണം എന്നു പറയുന്നത്. മഴക്കാടുകളിലാണ് ഇത് സാധാരണയായി സംഭവിക്കാറുള്ളത്.

4. **ഭൂമിയിൽ ശുദ്ധജലത്തിന്റെ കുറവ്:** ഹരിതവിപ്ലവത്തിന്റെ രണ്ടാമത്തെ നിഷേധാത്മക ഫലം ഭൂമിയിൽ ശുദ്ധജലത്തിന്റെ കുറവാണ്. രാസവളങ്ങളുടെ ഉപയോഗവും, കൃത്രിമ ജലസേചന സൗകര്യങ്ങളുമായിരുന്നു ഹരിത വിപ്ലവത്തെ വിജയമാക്കിതീർത്തത്. പഞ്ചാബിലെയും, ഹരിയാനയിലെയും പശ്ചിമ ഉത്തർപ്രദേശിലെയും വരണ്ട


കുറിപ്പുകൾ



കൃഷിസ്ഥലങ്ങളിലേക്ക് ജല സേചനം നടത്തിയിരുന്നത് ഈ സംസ്ഥാനങ്ങളിലെ ഉപരിതല ശുദ്ധജലത്തിന്റെ അമിതമായ ഉപയോഗം വഴിയായിരുന്നു. ഈ സംസ്ഥാനങ്ങളിൽ ഇന്ന് ശുദ്ധജല ലഭ്യതയുടെ കുറവ് ഭയാനകമായിരിക്കുന്നു. ഈ സംസ്ഥാനങ്ങളിലൊക്കെ ഇതേ കൃഷിരീതികൾ തുടരുകയാണെങ്കിൽ സംസ്ഥാനങ്ങൾ കടുത്ത ശുദ്ധജലക്ഷാമം നേരിടേണ്ടിവരും.

5. **ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ:** അടുത്ത കാലത്തുള്ള ആഗോള കാലാവസ്ഥാ വ്യതിയാനം കൃഷി നേരിടുന്ന വെല്ലുവിളികളിൽ ഒന്നാണ്. കാർഷികമേഖലയിൽ ഇതിന്റെ ഭവിഷ്യത്ത് വലുതായിരിക്കുമെന്ന് പ്രവചിച്ചു കഴിഞ്ഞു. ഇന്ത്യയിലെ 70 ശതമാനം ജനസംഖ്യ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ ഇതിന്റെ ഭവിഷ്യത്ത് എപ്രകാരമായിരിക്കും എന്ന് നിങ്ങൾക്ക് ഊഹിക്കാം. പ്രവചനാതീതമായ വർഷപാതം, ഭയാനകമായ കൊടുങ്കാറ്റ് അഥവാ ചുഴലിക്കാറ്റ്, സമുദ്രജലനിരപ്പ് ഉയരുക, താപനില $2^0$C മുതൽ $3^0$C വരെ വർദ്ധിക്കുക മുതലായവ, കാലാവസ്ഥാ വ്യതിയാനം മൂലം സംഭവിക്കാവുന്ന വിപത്തുകളായിരിക്കുമെന്ന് പ്രവചിച്ചുകഴിഞ്ഞു. നെല്ല്, ഗോതമ്പ് എന്നിവകളുടെ ഉൽപാദനത്തെ മേൽപറഞ്ഞ മാറ്റങ്ങൾ ദോഷകരമായി ബാധിക്കും. ശീതകാല കാലാവസ്ഥയിൽ ഉണ്ടാകുന്ന താപനില വർദ്ധനവ് പ്രത്യേകിച്ച് വടക്കെ ഇന്ത്യയിലെ ഗോതമ്പ് ഉൽപാദനത്തെ ബാധിക്കും. തീരപ്രദേശങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന ചുഴലിക്കാറ്റും, ഉപ്പുജലഭീഷണിയും നെല്ല് ഉൽപാദനത്തെ സാരമായി ബാധിക്കും.

6. **ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ:** കാർഷികമേഖലയിൽ ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ നിങ്ങൾക്കറിയാമല്ലോ? വികസ്വര രാജ്യങ്ങളെയെല്ലാം ഇത് ബാധിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം പിഴിഞ്ഞെടുക്കുന്നതും ലാഭകരമായ കൃഷിക്കുള്ള ഭീഷണിയും വളരെ വ്യക്തമായ ദോഷഫലങ്ങളാണ്. വർദ്ധിച്ചുവരുന്ന കാർഷിക ചെലവുകളും ഉൽപന്നങ്ങളുടെ വിലയിലുള്ള ഇടിവും ഇതുമൂലം ഉണ്ടാകുന്നു. കർഷകർക്കു ലഭിക്കുന്ന സബ്സിഡിയിലുള്ള കുറവും അവർക്ക് സംരക്ഷണം നിഷേധിക്കലും ഉണ്ടാവാം. വികസിതരാജ്യങ്ങളിലെ ഉയർന്ന നിലയിൽ സബ്സിഡി ലഭിക്കുന്ന കർഷകരും ഇത് ലഭിക്കാത്ത കർഷകരും തമ്മിലുള്ള കടുത്ത മത്സരത്തിന്, വ്യപാര ഉദാരവൽക്കരണം (trade liberalization) ഇടയാക്കുന്നു.

**ആഗോളവൽക്കരണം**: ആളുകളും അവരുടെ സാമ്പത്തിക പ്രവർത്തനങ്ങളും സംസ്കാരവും വർദ്ധിതമായ നിലയിൽ ആഗോളതലത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന സ്ഥിതിയെ ആഗോളവൽക്കരണം എന്നു പറയുന്നു.

**ധനസഹായം**: ഒരു സംരഭത്തെയോ, വ്യക്തിയേയോ സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിന് പൊതു ഖജനാവിൽ നിന്ന് ഉപയോഗിക്കുന്ന പണം.

## ഉദാരവൽക്കരണം

7. **ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നത്:** ഭക്ഷ്യവിളവുകളുടെ ഉൽപാദനത്തിൽ, ഹരിതവിപ്ലവം ഉണ്ടാകുന്നതിന് മുൻപ്, ഇന്ത്യ സ്വയംപര്യാപ്തമായിരുന്നില്ല. ഇന്ത്യയിലെ ഗോതമ്പ് ഉൽപാദന കേന്ദ്രങ്ങൾ അഥവാ 'വീറ്റ് ബൗൾ' (ഗോതമ്പ് ശരാവം) എന്നറിയപ്പെടുന്ന സ്ഥലങ്ങളും പരുത്തികൃഷികേന്ദ്രങ്ങളും ജലസേചന മാർഗങ്ങൾ എന്നിവ 1947-ലെ വിഭജനത്തെ തുടർന്ന് പാക്കിസ്ഥാന്റെ ഭാഗമായിത്തീർന്നു. അതുപോല പരുത്തികൃഷിചെയ്യുന്ന പ്രധാന മേഖലയും നെൽപ്പാടങ്ങളും ഇപ്പോൾ ബംഗ്ലാദേശ് എന്നറിയപ്പെടുന്ന കിഴക്കൻ മേഖലയ്ക്കു നൽകി. ഹരിതവിപ്ലവത്തെ തുടർന്ന് ഇന്ത്യയിൽ ഭക്ഷ്യ ഉൽപാദനരംഗത്ത് ക്രമാതീതമായ നിലയിൽ വർദ്ധനവ് ഉണ്ടായി.

കുറിപ്പുകൾ

എന്നാൽ കഴിഞ്ഞ ദശകത്തിൽ ആകെ ഉൽപാദനത്തിൽ മന്ദതയാണ്. മറിച്ച് ഈ കാലയളവിൽ ജനസംഖ്യ 160-180 ലക്ഷം വർദ്ധിച്ചു. ഭക്ഷ്യ ഉൽപാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തത കൈവരിച്ചുവെങ്കിലും ഭക്ഷ്യധാന്യങ്ങളോടുള്ള അഭിഗമ്യത, ആളുകളുടെ പ്രാപ്തി, ലഭിക്കാനുള്ള പോഷകഘടകങ്ങൾ മുതലായ കാരണങ്ങളാൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. ഇന്ത്യയിലെ ജനസംഖ്യയ്ക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നത് ഏറ്റവും വലിയ വെല്ലുവിളിയാണ്.

8. **കർഷക ആത്മഹത്യ:** ഓരോ കർഷക ആത്മഹത്യയ്ക്കും നിരവധി കാരണങ്ങൾ ഉണ്ടാകും. എന്നാൽ 2 ലക്ഷം ആത്മഹത്യകൾ ഉണ്ടാകുമ്പോൾ അതിൽ ചില പൊതുവായ കാരണങ്ങൾ ഉണ്ടാകും. വളരെയധികം കാർഷിക കടബാദ്ധ്യതയും ഉയർന്നതലത്തിലുള്ള കാർഷിക മേഖലയിലെ വാണിജ്യ വൽക്കരണവും ഉണ്ടായിട്ടുള്ള പ്രദേശങ്ങളിലാണ് കർഷക ആത്മഹത്യ കൂടുതലായും ഉണ്ടായിട്ടുള്ളത്. ഭക്ഷ്യവിളവുകളുടെ ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവരേക്കാൾ നാണ്യവിളവുകളുടെ ഉൽപാദനത്തിൽ ഏർപ്പെട്ടിരുന്ന കർഷകരാണ് കടബാദ്ധ്യതയ്ക്ക് ഇരയായത്. എന്നിട്ടും കർഷക ആത്മഹത്യയുടെ അടിസ്ഥാന പ്രശ്നം ഇതുവരെയും പരിഹരിക്കപ്പെട്ടില്ല. കാർഷിക മേഖലയിലെ നിക്ഷേപത്തിലുള്ള കുറവും നാട്ടിൻപുറങ്ങൾ നാണ്യവിളവുകളിലേക്ക് മാറിയതും പതനത്തിന്റെ തുടക്കം കുറിച്ചു. കൃഷിക്ക് കൂടുതലായി നിക്ഷേപം ആവശ്യമുള്ള ഘട്ടങ്ങളിൽ, കാർഷികബാങ്കുകളുടെ പിന്മാറ്റവും കാർഷിക വരുമാനത്തിൽ ഗണ്യമായ കുറവു വന്നതും പ്രശ്നങ്ങൽ കൂടുതൽ വർദ്ധിക്കുന്നതിന് കാരണമായി. ഭക്ഷ്യവിളയിൽ നിന്നും നാണ്യവിളവുകളിലേക്ക് ലക്ഷക്കണക്കിന് കർഷകർ മാറിയതിന്റെ ഭവിഷ്യത്തുകൾ വളരെ കൂടുതലാണല്ലോ.? സഹായ സാധ്യതകളുടെ സ്വകാര്യവൽക്കരണം, പ്രശ്നങ്ങൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചു.

ഛത്തീസ്ഗഢ്, മദ്ധ്യപ്രദേശ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ അഞ്ച് സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യയും തുടർന്നുള്ള കെടുതികളും ഉണ്ടായത്. 2003-2008 കാലഘട്ടത്തിലെ കർഷക ആത്മഹത്യയിൽ 2/3 ഭാഗവും ഈ അഞ്ച് സംസ്ഥാനങ്ങളിലായിരുന്നു. മുഖ്യകാരണങ്ങൾ കടബാദ്ധ്യത, വിളവുകളുടെ നാശം, സാമ്പത്തിക നിരാശ എന്നിവകളായിരുന്നു. സമൂഹത്തിൽ കർഷകർക്ക് ഏറ്റ മാന്യതകുറവ്, പ്രാദേശികതലങ്ങളിൽ സാധുക്കളായ കർഷകർക്ക് പണം വായ്പ കൊടുത്തിരുന്നവർ ഈടാക്കിയിരുന്ന അമിതമായ പലിശ, കുടുംബത്തിലെ മാറാരോഗങ്ങൾ, മദ്യപാനം ഇതെല്ലാം കർഷകരുടെ ജീവിതം ദുസ്സഹമാക്കി.

## പ്രവർത്തനം 12.3

1. രാജ്യത്തിന്റെ രാഷ്ട്രീയനേതൃത്വം നിങ്ങളെ ഏൽപിക്കുകയാണെങ്കിൽ, മേൽപറഞ്ഞ വെല്ലുവിളികൾ നേരിടുന്നതിന് എന്തൊക്കെ നടപടികൾ നിങ്ങൾ സ്വീകരിക്കും? നിങ്ങൾ സ്വീകരിക്കുന്ന 2 മാർഗ്ഗങ്ങൾ എന്തൊക്കെയായിരിക്കും?

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 12.3

1. കാലാവസ്ഥാമാറ്റം ഇന്ത്യയിലെ കൃഷിയെ എങ്ങനെ ബാധിക്കും? രണ്ട് സാഹചര്യങ്ങൾ വിശദീകരിക്കുക.

.....................................................................................................................................

.....................................................................................................................................

.....................................................................................................................................

.....................................................................................................................................

.....................................................................................................................................

## നിങ്ങൾ എന്തു പഠിച്ചു?

- ഇന്ത്യയിൽ വിവിധതരത്തിലുള്ള കൃഷിരീതികൾ ഉണ്ട്. ഉപജീവനമാർക്ഷ മായിട്ട് ചെയ്യുന്നത്, നാണ്യവിളകൃഷികൾ, തീവ്രഊർജ്ജിതകൃഷിയും വിശാല കൃഷിരീതികളും, തോട്ടവിളകൾ, മിശ്രിതകൃഷി ഇവ ചിലതുമാത്രം.
- ഇന്ത്യയിലെ കൃഷിയുടെ മുഖ്യസവിശേഷതകൾ: കൃഷി ഉപജീവനമാർക്ഷ മായി ചെയ്യുന്നത്, കൃഷിക്ക് അത്യധികമായി മൺസൂൺ വർഷപാതത്തെ ആശ്രയിക്കുന്നത്, അതുപോലെ മൃഗങ്ങളെ ആശ്രയിക്കുന്നത്, വിളകളുടെ വൈവിധ്യം, അതിൽ ഭക്ഷ്യവിളകളുടെ മുഖ്യസ്ഥാനം.
- ഇന്ത്യയിലെ വിളകളെ മുഖ്യമായും 4 വിഭാഗങ്ങളായി തിരിക്കാം. അതായത് ഭക്ഷ്യവിളകൾ, നാണ്യവിളകൾ, തോട്ടവിളകൾ, ഫലവൃക്ഷങ്ങൾ.
- ഇന്ത്യയിലെ കൃഷി നേരിടുന്ന പ്രധാന വെല്ലുവിളികൾ - ഉൽപാദനത്തിലെ മാന്ദ്യത, കാർഷികസാധനങ്ങളുടെ ഉയർന്ന വില, മണ്ണിന്റെ ഫലഭൂയിഷ്ഠത ഇല്ലാതെയായികൊണ്ടിരിക്കുന്നത്, ശുദ്ധജലത്തിന്റെ ലഭ്യത കുറവ്, കാലാവസ്ഥാമാറ്റം, സമ്പദ്വ്യവസ്ഥിതിയിൽ ആഗോളവൽക്കരണവും ഉദാരവൽക്കരണവും, ഭക്ഷ്യസുരക്ഷ, കർഷക ആത്മഹത്യകൾ.

## സമാപ്തി പ്രവർത്തനങ്ങൾ

1. ഇന്ത്യയിലെ കൃഷിയുടെ ഏതെങ്കിലും നാല് സവിശേഷതകൾ വിശദീകരിക്കുക.
2. ഗോതമ്പു കൃഷിക്കും നെൽകൃഷിക്കും ആവശ്യമായ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ താരതമ്യം ചെയ്യുക.
3. തേയില, കാപ്പി എന്നീ വിളകൾക്ക് ആവശ്യമായ ഒരേ ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ തെരഞ്ഞെടുത്ത് ഏതെങ്കിലും 4 സമാനതകൾ എഴുതുക.
4. ഇന്ത്യയിൽ കൃഷി നേരിടുന്ന ഏതെങ്കിലും മുഖ്യമായ നാല് വെല്ലുവിളികൾ അപഗ്രഥിക്കുക.
5. ഭക്ഷ്യസുരക്ഷ എന്ന ആശയം വിശദമാക്കുക. ഭക്ഷണ സ്വയംപര്യാപ്തതയുമായി ഇത് എപ്രകാരം വ്യത്യസ്തമായിരിക്കുന്നു?

6. ഇന്ത്യയുടെ ഭൂപടത്തിൽ താഴെപറയുന്നവ കണ്ടുപിടിക്കുക.

   (i) കൂടുതൽ മനുഷ്യപ്രയത്നം ആവശ്യമായ രണ്ട് വിളകൾ

   (ii) ഉയർന്നും, താഴ്ന്നുമുള്ള ഭൂപ്രകൃതിയിൽ കൃഷിചെയ്യുന്ന രണ്ട് വിളകൾ

## പാഠപുസ്തകാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**12.1**

1. ഒരു യൂണിറ്റ് കൃഷിഭൂമിയിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളിലുള്ള വ്യതിയാനമാണ് അടിസ്ഥാനപരമായ വ്യത്യാസം. വിശാല കൃഷിസമ്പ്രദായം നിലവിലുള്ള രാജ്യങ്ങൾക്ക് മുഖ്യ ഉദാഹരണങ്ങളാണ് യു.എസ്സ്.എ., കാനഡ, മുൻ യു.എസ്സ്.എസ്സ്.ആർ എന്നിവ. ഊർജ്ജിത കൃഷിസമ്പ്രദായത്തിന് ഏറ്റവും അനുയോജ്യമായ ഉദാഹരണമാണ് ജപ്പാൻ.

2. പഠിതാക്കളുടെ പരിചയസമ്പന്നതയുടെ പേരിൽ

**12.2**

1. (i) താപനില $21^0C$ - $30^0C$ ഒരേപോലെ. (ii) 210 മഞ്ഞുരഹിത ദിവസങ്ങൾ ഒരു വർഷത്തിൽ ലഭിക്കുന്ന മിക്ക പ്രദേശങ്ങളിലും ഇത് വളരുന്നു. (iii) 50 സെ.മീ. – 100 സെ.മീ. വരെ മിതമായി മഴ ലഭിച്ചിരിക്കണം. എന്നിരുന്നാലും 50 സെ.മീറ്ററിൽ കുറവ് മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഉപയോഗിച്ച് പരുത്തി വിജയകരമായി കൃഷിചെയ്യാം (iv) നല്ല വിള ലഭിക്കുന്നതിന് ഉയർന്ന തോതിൽ മഴ തുടക്കത്തിലും, സൂര്യപ്രകാശം നല്ലതുപോലെ ലഭിക്കുന്നതും, വരണ്ട കാലാവ്സ്ഥയും പാകമാകുന്ന സമയത്തും അനിവാര്യമാണ്. (v) പരുത്തികൃഷിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ളത് കറുത്ത മണ്ണാണ്. എന്നിരുന്നാലും സത്‌ലജ് – ഗംഗാ സമതല പ്രദേശങ്ങളിലെ എക്കൽ നിലത്തിലും, പെനിൻസുലാർ ഇന്ത്യയിലെ ചെമ്മണ്ണിലും വെട്ടുകൽപ്രദേശത്തും പരുത്തി കൃഷി ചെയ്യാം. (vi) പാകമായ പരുത്തി നുള്ളിയെടുക്കുന്നതിൽ ഇതുവരെ യന്ത്രവൽക്കരണം ആയിട്ടില്ലാത്തതിനാൽ, ലാഭകരവും, കാര്യക്ഷമവുമായ മനുഷ്യാദ്ധ്വാനം പരുത്തിശേഖരത്തിൽ ആവശ്യമാണ് (ഏതെങ്കിലും മൂന്ന് എണ്ണം)

2. പഠിതാക്കളുടെ മുൻപരിചയത്തിന്റെ പേരിൽ

3. നാണ്യവിളകൾ വാണിജ്യവിളകൾ എന്നും അറിയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഉൽപന്നത്തിന്റെ സിംഹഭാഗവും കമ്പോളത്തിൽ പണസമ്പാദന ത്തിനായി വിൽക്കപ്പെടുന്നു.

12.3

1. കാലാവസ്ഥാ മാറ്റം കൊണ്ട് താപനില 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരും, സമുദ്രജലനിരപ്പ് ഉയരും, ചുഴലിക്കാറ്റുകൾ പൂർവ്വാധികം ശക്തമായിട്ടുണ്ടാകും, അതുപോലെ പ്രവചനാതീതമായ മഴയും. ഈ മാറ്റങ്ങളെല്ലാം നെല്ലിന്റെയും ഗോതമ്പിന്റെയും ഉൽപാദനത്തെ ദോഷമായി ബാധിക്കും. ശീതകാലത്തെ ഉയർന്ന താപനില പ്രത്യേകിച്ചും വടക്കെ ഇന്ത്യയിലെ ഗോതമ്പ് ഉൽപാദനത്തെ ബാധിക്കും. അടിക്കടി ഉണ്ടാകുന്ന ചുഴലിക്കാറ്റും തീരപ്രദേശങ്ങളിലെ ഉപ്പുവെള്ളവും തീരപ്രദേശങ്ങളിലെ നെൽകൃഷിയെ സാരമായി ബാധിക്കും.

# 13

# ഗതാഗതവും വാർത്താവിനിമയവും

രാകേഷും ഭാര്യയും ഒരു ചെറിയ ഗ്രാമത്തിൽ ആണ് ജീവിച്ചിരുന്നത്. ഇടിമിന്നലോടുകൂടിയ ഒരു വലിയ മഴ ഒരു ദിവസം സായംസന്ധ്യയ്ക്ക് ഉണ്ടായി. രാകേഷിന്റെ ഭാര്യയ്ക്ക് ശക്തിയായ വയറുവേദന ഉണ്ടായിരുന്നു. സമീപത്തുള്ള ഒരു ആശുപത്രിയിലേക്ക് അവരെ കൊണ്ടുപോകുവാൻ ഗ്രാമത്തിലെ നഴ്സ് ഉപദേശിച്ചു. എന്നാൽ രാകേഷിന് ഏതെങ്കിലും ഡോക്ടറുമായോ, ആശുപത്രിയുമായോ, ആംബുലൻസുമായോ ബന്ധപ്പെടുന്നതിനുള്ള വാർത്താവിനിമയ സൗകര്യമില്ലായിരുന്നു. തൊട്ടടുത്തുള്ള ആശുപത്രിയിലേക്ക് ഭാര്യയെ കൊണ്ടുപോകുന്നതിന് രാകേഷ് അയാളുടെ സുഹൃത്തിനോട് അപേക്ഷിച്ചു. നിർഭാഗ്യവശാൽ, ഏതാനും മീറ്റർ ദൂരത്തിനപ്പുറം സുഹൃത്തിന്റെ ട്രാക്ടർ ഓടിക്കുവാൻ സാധിച്ചില്ല. കാരണം, മഴവെള്ളം മൂലം റോഡ് മുങ്ങി ചില ഭാഗങ്ങൾ മുറിഞ്ഞു പോയിരുന്നു. രാകേഷിന് എന്തു ചെയ്യുവാൻ സാധിക്കും? പ്രശ്നത്തിന് പരിഹാരം എന്തായിരിക്കണം? നമ്മുടെ ജീവിതത്തിൽ ഗതാഗതത്തിന്റെയും വാർത്താവിനിമയ സൗകര്യങ്ങളുടെയും പ്രാധാന്യം ആണ് ഈ സംഭവം വ്യക്തമാക്കുന്നത്. ഈ അദ്ധ്യായത്തിൽ നമുക്ക് വിവിധ ഗതാഗത മാർഗ്ഗങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും അവയുടെ പ്രാധാന്യവും ഒരു രാഷ്ട്രത്തിന്റെ വികസനത്തിന് എത്ര പ്രാധാന്യമുള്ളതാണെന്ന് പരിശോധിക്കാം.

## ലക്ഷ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഒരു പ്രദേശത്തെ സാമൂഹിക - സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതും, ആളുകളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതുമായ ഗതാഗത സൗകര്യങ്ങളും, ആശയവിനിമയ സമ്പ്രദായങ്ങളും ഏതൊക്കെ എന്ന് സ്ഥാപിക്കുവാൻ;
- ദേശീയ വികസനത്തിന് സഹായകരമാകുന്നതും നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതുമായ റോഡുകളുടെ പ്രാധാന്യം മനസ്സിലാക്കുവാനും, ഈ പ്രാധാന്യങ്ങളുടെ അടിസ്ഥാനത്തിൽ റോഡുകളെ ഇനംതിരിക്കുവാനും;
- ഇന്ത്യയിലെ റെയിൽവേ ശൃംഖലയുടെ വിശാലതയും ഇതിന് കാരണമായ ഘടകങ്ങളെ സംബന്ധിച്ചും, റെയിൽവെ വികസനത്തിലുള്ള സാങ്കേതിക മികവുകളും പരിശോധിക്കുവാൻ;
- വിവിധ ജലഗതാഗത മാർഗ്ഗങ്ങളുടെ പ്രാധാന്യം പരിശോധിക്കുവാൻ;

- വർദ്ധിച്ചുവരുന്ന വായു ഗതാഗതത്തിന്റെ പ്രാധാന്യവും - എക്കാലത്തും വർദ്ധിച്ചു കൊണ്ടേയിരിക്കുന്ന ഈ മാർഗ്ഗത്തിന്റെ സാമ്പത്തിക പ്രാധാന്യവും പരിശോധിക്കുവാൻ;
- ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും ദൂരം കുറയ്ക്കുകയും ചെയ്യുന്ന ആശയ വിനിമയ സമ്പ്രദായങ്ങളുടെ പങ്ക് മനസ്സിലാക്കുവാൻ;

## 13.1 ഗതാഗതവും വാർത്താവിനിമയവും - ഒരു രാഷ്ട്രത്തിന്റെ ആയുർരേഖകൾ

നമ്മുടെ ജീവിതത്തിൽ ഇന്ന് ഗതാഗതവും വാർത്താവിനിമയവും ഒരു അവിഭാജ്യ ഘടകമാണ്. അവ കൂടാതെയുള്ള ഒരു ജീവിതം നമുക്ക് ചിന്തിക്കു വാൻ സാധിക്കുമോ? മതിയായ ഇന്ധനം ഇല്ലാതെ എല്ലാ ഗതാഗതമാർഗ്ഗങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും ഒരു ദിവസം നിലച്ചുപോയി എന്ന് നിങ്ങൾ സങ്കല്പിച്ചുനോക്കൂ! എന്തൊക്കെ പ്രശ്നങ്ങൾ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വരും എന്ന് ചിന്തിക്കൂ!!

### പ്രവർത്തനം 13.1

നിങ്ങളുടെ പ്രശ്നങ്ങൾ എഴുതുക.


- ..........................................................................................................
- ..........................................................................................................
- ..........................................................................................................
- ..........................................................................................................
- ..........................................................................................................

### 13.1.1 ഗതാഗതത്തിന്റെയും വാർത്താവിനിമയത്തിന്റെയും പങ്ക്

ഉൽപാദനകേന്ദ്രങ്ങളിൽ നിന്നും ഉൽപന്നങ്ങൾ വിപണനകേന്ദ്രങ്ങളിൽ എത്തിക്കുന്നതു വഴി വിവിധ ഗതാഗതമാർഗങ്ങൾ, ഒരു രാജ്യത്തിലെ വാണിജ്യത്തെയും വ്യാപാരത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഉൽപ്പന്നങ്ങൾ അധികമുള്ള സ്ഥലങ്ങളിൽ നിന്നും ഉൽപന്നങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നു. ആളുകൾ ഒരു സ്ഥലത്തു നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് ഗതാഗത സൗകര്യം ഉപയോഗിച്ച് ഉദ്യോഗസമ്പാദനത്തിനും, വിദ്യാഭ്യാസത്തിനും മറ്റ് അടിയന്തിര ആവശ്യങ്ങൾക്കും പോകുന്നു. ലോകത്തിലെ പ്രധാന സംഭവങ്ങളെപ്പറ്റിയും  പ്രവർത്തനങ്ങളെപ്പറ്റിയും നമുക്ക് വിവരം നൽകുന്നത് വാർത്താവിനിമയ സൗകര്യങ്ങളാണ്. ആളുകളുടെ ജീവിതത്തിലുള്ള പ്രോത്സാഹനകരങ്ങളായ മാറ്റത്തെ കുറിച്ചും അവരുടെ സാമ്പത്തികനിലയിലുള്ള പുരോഗതിയെ സംബന്ധിച്ചും നമുക്ക് വിവരങ്ങൾ നൽകുന്നു.

## ഗതാഗതമാർഗ്ഗങ്ങൾ 13.2

ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും വളർച്ചയ്ക്കും, വികസനത്തിനുമായി ഗവൺമെന്റ് ആശ്രയിക്കുന്നത് താഴെ പറയുന്ന ഘടകങ്ങളെയാണ്.





### 13.2.1 കരമാർഗ്ഗമുള്ള ഗതാഗതം പൊതുവെ രണ്ട് വിധത്തിലുണ്ട്

(i) റോഡുകൾ

(ii) റയിൽവേകൾ

### 1. റോഡു മാർഗ്ഗങ്ങൾ

ചിത്രം 13.1 പരിശോധിക്കുക. ഈ ചിത്രങ്ങളിൽ നിന്ന് ആദിമകാലത്തുനിന്നും ആധുനിക കാലത്തിലേക്കുള്ള പ്രയാണത്തിൽ വന്ന നമ്മുടെ മാറ്റങ്ങളെപ്പറ്റി ചിന്തിക്കുക. ഏതാണ്ട് 500 മീറ്റർ അകലെ താമസിക്കുന്ന നിങ്ങളുടെ സുഹൃത്തിന്റെ വീട്ടിലേക്ക് പോകണമെന്ന് ചിന്തിക്കുക. അല്ലെങ്കിൽ 200 കിലോമീറ്റർ അകലെ താമസിക്കുന്ന നിങ്ങളുടെ ബന്ധുവിനെ സന്ദർശിക്കണമെന്ന് ചിന്തിക്കുക. ഒരു ഗ്രാമവാസിക്ക് ബസ്സ് മാർഗ്ഗം നഗരത്തിൽ എത്തുവാൻ തീർച്ചയായും റോഡുകൾ ഉപകരിക്കും.



**ചിത്രം 13.1** *ഗതാഗതമാർഗ്ഗങ്ങൾ*




റോഡുകളാണ് കൂടുതലായി ആളുകൾ ഉപയോഗിക്കുന്ന മാർഗ്ഗമെന്ന് നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാവും. ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിൽ റോഡുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ഒരു രാജ്യത്തിന്റെ സാമൂഹിക, സാമ്പത്തികവളർച്ചയ്ക്ക് റോഡുകളുടെ പ്രാധാന്യം താഴെ വിവരിക്കുന്നവിധത്തിലാണ്.

- റോഡിലൂടെ വിവിധ വാഹനങ്ങൾ ആട്ടോറിക്ഷ, കാർ, സൈക്കിൾ, ബസ്സ്, സ്കൂട്ടർ, ട്രക്ക് മുതലായവ ഉപയോഗിച്ച് അടുത്തടുത്ത സ്ഥലങ്ങളിൽ പോകുവാൻ സൗകര്യം ഉണ്ട്.
- മറ്റ് ഗതാഗത മാർഗ്ഗങ്ങളെക്കാൾ, റോഡുകളുടെ നിർമ്മാണചെലവ്, പുനർനിർമ്മാണച്ചിലവ് ഇതെല്ലാം കുറവാണ്.
- റോഡുകൾ ഏറ്റവും സൗകര്യപ്രദമായതും, ലാഭകരവും ആണ്.
- റോഡുകളിലൂടെയാണ് നമ്മൾ റെയിൽവേസ്റ്റേഷൻ, വിമാനത്താവളം, തുറമുഖങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ എത്തുന്നത്.
- പെട്ടെന്ന് ചീത്തയാകുന്ന ഉൽപന്നങ്ങളായ പാൽ, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും മഹാനഗരങ്ങളിലേക്കും അല്ലെങ്കിൽ മറ്റ് ലക്ഷ്യസ്ഥാനങ്ങളിലേക്കും കൊണ്ടുപോകുന്നതിന് റോഡ് ഗതാഗതമാണ് അഭികാമ്യമായിട്ടുള്ളത്.
- പിന്നോക്കപ്രദേശങ്ങളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്നത് റോഡുകളാണ്. മലമ്പ്രദേശങ്ങൾ, കുന്നുകൾ, മരുഭൂമികൾ, സമതലങ്ങൾ ഈവിധമുള്ള എല്ലാ പ്രദേശങ്ങളിലും റോഡുകൾ നിർമ്മിക്കുവാൻ കഴിയും.

## വിവിധതരം റോഡുകൾ

ഒരേ പോലെയുള്ള റോഡുകൾ നിങ്ങൾ എല്ലായിടത്തും കാണാറുണ്ടോ? ഇല്ല ഒരിക്കലും സാധ്യമല്ല. ചില റോഡുകൾ മോശമായിരിക്കും; ചില റോഡുകൾ നല്ലതായിരിക്കും; ചിലത് ഇടുങ്ങിയതായിരിക്കും; ചിലത് വിശാലമായിരിക്കും; റോഡുകളെ തരംതിരിക്കുന്നത് പ്രധാനമായും രണ്ട് വിധത്തിലാണ്.

(i) നിർമ്മാണാവശ്യത്തിന് ഉപയോഗിച്ചിരിക്കുന്ന സാധന സാമഗ്രികൾ;

(ii) റോഡുനിർമ്മാണം നടത്തുന്നതും പരിരക്ഷിക്കുന്നതുമായ അധികാരികൾ.

### (i) നിർമ്മാണാവശ്യത്തിന് ഉപയോഗിച്ചിരിക്കുന്ന സാധന സാമഗ്രികൾ

റോഡുനിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനങ്ങളുടെ അടിസ്ഥാനത്തിൽ റോഡുകളെ മെറ്റൽ ചെയ്തത്, അല്ലാത്തത് എന്നീ രണ്ട് വിഭാഗങ്ങളായി തിരിക്കാം. മെറ്റൽ ചെയ്ത റോഡുകളെ ചുടുകട്ട, കോൺക്രീറ്റ്, സിമന്റ്, ടാറിട്ടത് എന്നിങ്ങനെ തിരിക്കാം. മെറ്റൽ ചെയ്യാത്തത്, മണൽ, ചെളി, വൈക്കോൽ / പുല്ല് എന്നിവകൊണ്ടൊക്കെ ഉണ്ടാക്കുന്നു.

## പ്രവർത്തനം 13.2


റോഡുകളുടെ നിർമ്മാണാവശ്യത്തിന് ഉപയോഗിച്ചിരിക്കുന്ന സാമഗ്രികൾ കണ്ടുപിടിക്കുക.

| മെറ്റൽ റോഡ് / പക്കാ റോഡ് | മെറ്റൽ ചെയ്യാത്തത് (കച്ചാ റോഡ്) |
|---|---|
| | |
| | |
| | |
| | |

### (ii) നിർമ്മാണവും സംരക്ഷണച്ചുമതലയുമുള്ള അധികാരികൾ

നമ്മുടെ റോഡുകൾ നിർമ്മിച്ചത് ആരാണെന്നോ, അവർക്ക് പണം നൽകിയതാരാണെന്നോ നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ജനങ്ങൾ നൽകിയ വിവിധ തരം നികുതികൾ, സംഭാവന പണം ഇവ ഉപയോഗിച്ചാണ് റോഡുകൾ ഉണ്ടാക്കിയിരിക്കുന്നത്. റോഡുകളുടെ സമഗ്ര വികസനത്തിനും മെച്ചമായ ഭരണസംവിധാനത്തിനും, വിവിധ ഗവൺമെന്റുകളുടെ പങ്ക് വളരെ വലുതാണ്.


കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച 'പ്രധാൻമന്ത്രി ഗ്രാമ സദക്ക് യോജന' (Pradhan Mantri Gram Sadak Yojana)ക്കാണ് ഗ്രാമങ്ങളിലെ റോഡുകളുടെ വികസനത്തിന്റെ ചുമതല.




ചിത്രം 13.2 ഇന്ത്യാ, സുവർണ്ണ ചതുർഭുജ റോഡുകൾ

ഇന്ത്യയിലെ സുവർണ്ണ ചതുർഭുജറോഡുകൾ ഗ്രാമങ്ങൾ തമ്മിലും, ഗ്രാമങ്ങളും, പ്രധാന റോഡുകളുമായി ബന്ധം ഉണ്ടാക്കുന്നതിന് സാധിക്കുന്നു. ഏതാണ്ട് 80 ശതമാനത്തിലും അധികം ഇന്ത്യയിലെ റോഡുകൾ പിന്നോക്ക പ്രദേശങ്ങളിലെ റോഡുകളുടെ വിഭാഗത്തിലാണ്. ഒരു ജില്ലയിലെ പ്രധാന നഗരങ്ങളും പട്ടണങ്ങളും തമ്മിലും ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ജില്ലാ പരിഷത്തുകളുടെ ചുമതലയിലാണ്. ഇന്ത്യയിലെ റോഡുകളിൽ ഏതാണ്ട് 14 ശതമാനം ജില്ലാ റോഡുകളാണ്.

**സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (SPWD)**: ജില്ലാ ആസ്ഥാനവും സംസ്ഥാന തലസ്ഥാനവും, സംസ്ഥാന ഹൈവേകളും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണവും പരിരക്ഷയും സംസ്ഥാന പൊതുമരാമത്തിന്റെ (State Public Works Department) ചുമതലയിലാണ്.




**ചിത്രം 13.3** *ഉത്തര – ദക്ഷിണ – പശ്ചിമ – പൂർവ്വ ഇടനാഴികൾ*

**ഇന്ത്യയിലെ ദേശീയ ഹൈവേ ഭരണാധികാര സമിതി (National Highway Authortiy of India):** ഇന്ത്യയിലെ വിവിധ ഭാഗങ്ങളുമായും സംസ്ഥാന തലസ്ഥാനങ്ങളുമായും തലസ്ഥാന നഗരികളെ വിവിധ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണവും സംരക്ഷണവും ദേശീയ ഹൈവേ ഭരണാധികാര സമിതിയിൽ നിക്ഷിപ്തമാണ്. ആകെയുള്ള റോഡിന്റെ രണ്ടു ശതമാനം മാത്രമെ ഇവ ഉള്ളൂ എങ്കിലും നാൽപതു ശതമാനം റോഡു ഗതാഗതവും ഈ റോഡുകൾ നിർവ്വഹിക്കുന്നു. ഇന്ത്യയുടെ ദക്ഷിണ - ഉത്തര പ്രദേശങ്ങളെയും പശ്ചിമ - പൗരസ്ത്യ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു വലിയ റോഡുവികസന പദ്ധതിക്ക് ഗവൺമെന്റ് തുടക്കമിട്ടിട്ടുണ്ട്. ഈ പദ്ധതി ഇന്ധനലാഭത്തിനും സമയക്കുറവിനും സഹായകരമാണ്. ഇന്ത്യയിലെ മഹാ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡു ഗതാഗതം ത്വരിതപ്പെടുത്തുവാൻ ഇത് സഹായിക്കും. ഈ പദ്ധതിക്ക് തുടക്കമിട്ടത് ഇന്ത്യയിലെ 'ദേശീയ ഹൈവേ ഭരണസമിതി'യാണ്.

**പ്രധാനപ്പെട്ട അതിശീഘ്ര ഹൈവേകൾ:**

(a) **സുവർണ്ണ ചതുർഭുജ ഇടനാഴികൾ:** ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത എന്നീ നഗരങ്ങളെ ബന്ധിപ്പിക്കുന്ന ചതുർഭുജാകൃതിയിലുള്ള ഒരു ഇടനാഴിയാണ് ഇത്.

(b) **ഉത്തര - ദക്ഷിണ ഇടനാഴി:** ശ്രീനഗറും കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്നു.

(c) **പശ്ചിമ - പൂർവ്വ ഇടനാഴി:** കിഴക്ക് സിൽച്ചാറും പടിഞ്ഞാറ് പോർബന്ധറുമായി ബന്ധിപ്പിക്കുന്നു.

**അതിർത്തി റോഡുകൾ:** ദേശീയ സുരക്ഷാചുമതലയുള്ള ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തിനായിട്ടും, യുദ്ധസമയങ്ങളിലും, അടിയന്തിരാവസ്ഥാ അവസരങ്ങളിലും സാധനങ്ങളുടെ സുഗമമായ നീക്കത്തിനും വേണ്ടി ഇന്ത്യയുടെ അതിർത്തികളിലൂടെ നിർമ്മിക്കുന്ന റോഡുകളെയാണ് അതിർത്തി റോഡുകൾ എന്നു വിശേഷിപ്പിക്കുന്നത്. ഇവയുടെ നിർമ്മാണവും സംരക്ഷണവും നടത്തുന്നത് അതിർത്തി റോഡ് ഓർഗനൈസേഷനാണ് (BRO).

**? നിങ്ങൾക്കറിയാമോ**

ഗംഗാ സമതലപ്രദേശങ്ങളുടെ കുറുകെ ഉത്തര - പശ്ചിമ പ്രദേശത്തു നിന്ന് പൂർവ്വ ദേശത്തേക്ക് 16-ാം നൂറ്റാണ്ടിൽ പാഷ്തൂൺ ചക്രവർത്തി, ഷെർഷാ സൂരി നിർമ്മിച്ച ഗ്രാന്റ് ട്രങ്ക് റോഡാണ് ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളതും നീളംകൂടിയതുമായ റോഡ്. ഇപ്പോൾ ഈ റോഡ് എൻ.എച്ച്. 1 (അമൃത്സർ - ഡൽഹി), എൻ.എച്ച്. 2 (ഡൽഹി - കൊൽക്കത്താ) എന്നീ പേരുകളിൽ അറിയ പ്പെടുന്നു. ഇന്ത്യയിൽ ഇന്ന് ഏതാണ്ട് 330 ലക്ഷം കിലോമീറ്റർ റോഡുകൾ ഉണ്ട്. എന്നാൽ 1947-ൽ ഇത് 4 ലക്ഷം കിലോമീറ്റർ മാത്രമായിരുന്നു.

## പ്രവർത്തനം 13.3

ചിത്രം 13.2-ഉം 13.3-ഉം കാണുക. ഏത് മുന്തിയ ഹൈവേയാണ് നിങ്ങളുടെ വീടിന് അടുത്തുകൂടി പോകുന്നത്. ഏത് ഭരണസമിതിയാണ് ഇത് സംരക്ഷിക്കുന്നത്?

### 2. റയിൽവേകൾ

വർത്തമാനപത്രം വായിച്ചുകൊണ്ടിരുന്ന അനുവിന്റെ അച്ഛൻ ഇപ്രകാരം പറഞ്ഞു. 'അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രയാസരഹിതമായ മാർഗ്ഗം ഇതാണ്. ഇതിന് കർശനമായ ശിക്ഷകളുമില്ല.' അനു ചോദിച്ചു. 'എന്തു സംഭവിച്ചു?' അനുവിന്റെ അച്ഛൻ

കുറിപ്പുകൾ

മറുപടി പറഞ്ഞു. 'പുതിയതായി ഒന്നുമില്ല. ഒരുകൂട്ടം പ്രക്ഷോഭകാരികൾ റയിൽവേട്രാക്കുകൾ തടഞ്ഞു. പ്രക്ഷോഭകാരികൾ, ആഗ്രാ - ഡൽഹി പാതയിൽ ട്രയിൻ തടഞ്ഞു നിർത്തി 2 ബോഗികൾ കത്തിച്ചു.' എന്തുകൊണ്ടാണ് അച്ഛൻ നിരാശനായത്? അനു അച്ഛനോട് ചോദിച്ചു. അച്ഛൻ ഇപ്രകാരം മറുപടി പറഞ്ഞു. റെയിൽവേ ട്രാക്കുകൾ ഉണ്ടാക്കുന്നതിന് ആയിരക്കണക്കിന് ആളുകൾ അനേകവർഷം പണിചെയ്തു. ലക്ഷക്കണക്കിന് രൂപാ ഇതിനും, റെയിൽവേ കോച്ചുകളുടെ നിർമ്മാണത്തിനും ചെലവായി. ആളുകൾക്ക് വേഗത്തിൽ യാത്രചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനുമായിട്ടാണ് ഇതൊക്കെ നിർമ്മിച്ചിരിക്കുന്നത്. ഇതുപോലെയുള്ള പ്രവർത്തനങ്ങൾ യാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്നു. ലക്ഷക്കണക്കിന് രൂപ നഷ്ടമുണ്ടാക്കുന്നു. ഇത് വാണിജ്യ-വ്യാപാരങ്ങളെ ബാധിക്കുന്നു.'

റയിൽവേയുടെ പ്രാധാന്യത്തെപ്പറ്റി അനുവിന് ഇപ്രകാരം ബോദ്ധ്യമായി.

- വിദ്യാഭ്യാസ ആവശ്യങ്ങൾ, വ്യാപാരം, സ്ഥലങ്ങൾ സന്ദർശിക്കുവാൻ, തീർത്ഥാടനം, സതീർത്ഥ്യരെയും ബന്ധുക്കളെയും സന്ദർശിക്കുവാൻ ഇങ്ങനെ വിവിധ ആവശ്യങ്ങൾക്കായി ആളുകൾക്ക് രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്ന് മറ്റു പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യാനുള്ള ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗ്ഗം റെയിൽവേയാണ്.
- ഏതുതരം വരമാനക്കാർക്കും യാത്രചെയ്യുവാൻ തരത്തിലുള്ള വിവിധ ജനറൽ, സ്ലീപ്പർ, ഏ.സി. ചെയർകാർ എന്നിവ റെയിൽവേയിൽ ഉണ്ട്.
- ഒരാൾക്ക് രാത്രിയിൽ സുരക്ഷിതമായി യാത്രചെയ്യുന്നതിന് സുഖപ്രദമായ ശയനാഗാരങ്ങളും വാഷ്റൂമുകളും ട്രയിനിൽ ഉണ്ട്.
- രാജ്യത്തിലെ വിവിധ ഉൽപന്നങ്ങൾ - കൽക്കരി ഖനികളിൽ നിന്നും കൽക്കരി ഫാക്ടറികളിലേക്കും, സിമന്റ്, വളം, പെട്രോളിയം, ആട്ടോ മൊബൈലുകൾ ഇവ ഫാക്ടറികളിൽ നിന്ന് വിപണനസ്ഥലങ്ങളിലേക്കും, ഭക്ഷ്യധാന്യങ്ങൾ കൃഷിസ്ഥലങ്ങളിൽ നിന്ന് വിപണനസ്ഥലങ്ങളിലേക്കും ഉപഭോഗസ്ഥലങ്ങളിലേക്കും എത്തിക്കുന്നതിൽ വലിയ പങ്കാണ് റെയിൽവേക്ക് ഉള്ളത്.

അതുകൊണ്ട് ഇത്രയും പ്രാധാന്യമുള്ള ഗതാഗത മാർക്ഷത്തെ സംരക്ഷിക്കുന്നതിൽ നമ്മൾ എല്ലാവരും സഹകരിക്കണം. സാധനങ്ങൾ കൊണ്ടുപോകുന്നതിനും, വിവിധ സ്ഥലങ്ങളിൽ എത്തിക്കു ന്നതിനും ആളുകളുടെ സുഗമമായ യാത്രയ്ക്കും റെയിൽവേയുടെ പങ്ക് വലുതാണ്. ഒരു രാഷ്ട്രത്തിന്റെ പുരോഗതിയിൽ റെയിൽവേയ്ക്ക് വലിയ പങ്കുണ്ട്.

### ? നിങ്ങൾക്കറിയാമോ

ഇന്ത്യയിൽ റെയിൽവേ തുടങ്ങുന്നത് 1853-ലാണ്. ബോംബെ - താനാ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള 34 കിലോമീറ്റർ ദൂരമാണ് ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ ലൈൻ.

ഏഷ്യയിലെ ഏറ്റവും വലിയ റെയിൽവേ സംവിധാനമാണ് ഇന്ത്യയുടെ റെയിൽവേ. 64,000 കിലോമീറ്ററിൽ കൂടുതലുള്ള ഇന്ത്യയുടെ റെയിൽവേ സംവിധാനം, ലോകത്തിലെ നാലാമത്തേതാണ്.

കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും വലിയ സംരംഭമാണ്. 1.6 മില്യൺ ജീവനക്കാരുള്ള റെയിൽവേക്ക് മാത്രം, പ്രത്യേക ബഡ്ജറ്റുമുണ്ട്. മെച്ചമായ ഭരണനടത്തിപ്പിനും മേൽനോട്ടത്തിനുമായി ഇത് 16 സോണുകളായി വിഭജിച്ചിരിക്കുന്നു.

റെയിൽവേയുടെ പ്രാധാന്യത്തെപ്പറ്റി അച്ഛനും അനുവും തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അനുവിന്റെ കൂട്ടുകാരിൽ ഒരാളായ ജിയ അവരുടെ ഭവനത്തിൽ എത്തി. സിക്കിം സംസ്ഥാനത്തിൽ നിന്നുള്ള ജിയ ഡൽഹി യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനിയാണ്. റെയിൽവേയുടെ നീതി ശാസ്ത്രം മനസ്സിലാക്കിയ ജിയയുടെ മനസ്സിലെ ചോദ്യം ഇതായിരുന്നു. സിക്കിമും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളുമായി പരസ്പരം ബന്ധിപ്പിക്കുന്ന റെയിൽവേ സംവിധാനം സിക്കിമിൽ കുറവുള്ളത് എന്തുകൊണ്ടാണ്? ഒരു നിമിഷം ആലോചിച്ചിട്ട് ജിയ ചോദിച്ചു. "അങ്കിൾ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ കൂടുതൽ റെയിൽവേ പാതകളും സംവിധാനവും ഉള്ളപ്പോൾ എന്റെ സംസ്ഥാനത്ത് വളരെ കുറച്ചു പാതകൾ മാത്രമേ ഉള്ളൂ. എന്തുകൊണ്ടാണ്?" റെയിൽവേയുടെ വികസനത്തിന് അത്യാവശ്യം ഉണ്ടായിരിക്കേണ്ട ഘടക ങ്ങൾ അദ്ദേഹം വിശദീകരിച്ചു.

- കുന്നിൻപ്രദേശങ്ങളിൽ റെയിൽവേലൈനുകളുടെ നിർമ്മാണം വളരെ പ്രയാസവും ചെലവ് കൂടുതലുമാണ്. എന്നാൽ സമതലപ്രദേശങ്ങളിൽ ഇത് മറിച്ചാണ്. അതുകൊണ്ട് ഗംഗാ സമതലപ്രദേശങ്ങളിൽ ഇന്ത്യയ്ക്ക് കൂടുതൽ റെയിൽപാതകളുണ്ട്. എന്നാൽ മരുപ്രദേശങ്ങൾ, കുന്നിൻപ്രദേശങ്ങൾ നദികളും പുഴകളും ഉള്ളതും കൂടുതൽ ചതുപ്പുസ്ഥലങ്ങൾ ഉള്ള പ്രദേശങ്ങളിലും റെയിൽപാതകൾ കൂടുതലായിട്ടില്ല.

- ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങൾ സമതലപ്രദേശങ്ങളിലായതുകൊണ്ട് ഈ സംസ്ഥാനങ്ങളെല്ലാം നിരവധി റയിൽപാതകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളെല്ലാം ഇന്ത്യയുടെ 'ഭക്ഷ്യധാന്യ പാനപാത്രം' (Food bowl of India) എന്നറിയപ്പെടുന്നു. ഇവിടെ ഉൽപാദിപ്പിക്കുന്ന ധാന്യം രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നത് പ്രധാനമായും റെയിൽ മാർഗ്ഗം ആണ്.

- ഖനികളും വ്യവസായങ്ങളും കൂടുതലായുള്ള പ്രദേശങ്ങളിൽ റെയിൽവേ വികസനം കൂടുതലായിട്ടുണ്ട്. കാരണം ഉൽപന്നങ്ങൾ മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള ഏറ്റവും ലാഭകരമായ മാർഗ്ഗം റെയിൽ ഗതാഗതമാണ്. വ്യവസായ-വാണിജ്യ കേന്ദ്രങ്ങൾ കുറവുള്ള സ്ഥലങ്ങളിലെ റെയിൽപാത നിർമ്മാണ നഷ്ടം ഒരിക്കലും നികത്താൻ സാധ്യമല്ലാത്തതിനാൽ താരതമ്യേന റെയിൽപാതകളുടെ എണ്ണം കുറവാണ്.

- ജനസംഖ്യ കൂടുതലുള്ള പ്രദേശങ്ങളിൽ ആളുകളുടെ യാത്രാവശ്യങ്ങൾ കൂടുതലായിരിക്കുന്നതിനാൽ ഈ പ്രദേശങ്ങൾ റെയിൽ ഗതാഗതവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

- വിദ്യാഭ്യാസം, ഉദ്യോഗം, വ്യാപാരാവശ്യം, വാണിജ്യം, ബാങ്ക് തുടങ്ങിയ കാര്യങ്ങൾക്കായി നഗരപ്രദേശങ്ങളും മഹാനഗരങ്ങളും കൂടുതൽ കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനാൽ ഇവിടങ്ങളിൽ വലിയ റെയിൽവേ നെറ്റ്വർക്ക് സൗകര്യങ്ങൾ ഉണ്ട്.

അനുവിന്റെ അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു. "ഇല്ല! ജിയാ, പിന്നോക്ക പ്രദേശങ്ങളിലെ റെയിൽവേ വികസനവും പിന്നോക്ക പ്രദേശങ്ങളെ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഇതിന് മുന്തിയ പരിഗണന കല്പിച്ചിട്ടുണ്ട്." ലോകത്തിൽ എവിടെയുള്ള ആളുമായി ഏതൊരാൾക്കും ഇൻർനെറ്റിലൂടെ ബന്ധപ്പെടുവാൻ സാധിക്കുമെന്ന് ജിയക്ക് അറിയാം.

### ഇന്ത്യൻ റയിൽവേയുടെ സാങ്കേതിക മികവുകൾ

ഇന്ത്യയുടെ വടക്കേയറ്റത്തുള്ള ജമ്മു മുതൽ തെക്കേയറ്റത്തുള്ള കന്യാകുമാരി വരെയുള്ള 3751 കിലോമീറ്റർ ദൂരം 71 മണിക്കൂർ കൊണ്ട് എത്തുവാൻ സാധിക്കുന്ന തരത്തിലുള്ള റെയിൽവേപാത നമുക്ക് ലഭ്യമാണ്. ഏതു വിഭാഗം വരുമാനക്കാരാകട്ടെ അവർക്കെല്ലാം തെരഞ്ഞെടുക്കാവുന്ന ഏ.സി.1, ഏ.സി.2, ഏ.സി.3, ഏ.സി. ചെയർകാർ, സെക്കന്റ് ക്ലാസ്സ്, സ്ലീപ്പർ, ജനറൽ ഇവയെല്ലാം ഇന്ന് ലഭ്യമാണ്. പരിസര മലിനീകരണത്തിന് ഇടയാകാത്തതും യാത്രക്കാർക്ക് ഹാനികരവുമല്ലാത്ത ഡീസൽ എഞ്ചിനും ഇലക്ട്രിക് എഞ്ചിനും ഇന്ന് ബ്രോഡ്ഗേജ് പാതകളിൽ ഉപയോഗിക്കുന്നു. അവരവരുടെ ഭവനങ്ങളിലിരുന്ന് ഇലക്ട്രോണിക് ടിക്കറ്റ് സംവിധാനത്തിലൂടെ യാത്രക്കാർക്ക് മുൻകൂട്ടി യാത്രാടിക്കറ്റുകൾ ബുക്ക് ചെയ്യാം. പ്രത്യേക റയിൽവേ ട്രക്ക് ബോഗികളിലൂടെ ഇൽപന്നങ്ങൾ ഫാക്ടറികളിൽ നിന്ന് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് റെയിൽ ഗതാഗതം സഹായകരമാണ്.

## പ്രവർത്തനം 13.4

താഴെ കൊടുത്തിരിക്കുന്ന ഗ്രിഡുകളിൽ നിന്ന് ഇന്ത്യയിലെ റയിൽവേ സോണുകളുടെ ആസ്ഥാനം കണ്ടുപിടിക്കുക.

| | | | | | | |
|---|---|---|---|---|---|---|
| *P* | *O* | *R* | *I* | *T* | *S* | *M* |
| *U* | *P* | *N* | *K* | *J* | *O* | *U* |
| *K* | *L* | *M* | *T* | *R* | *P* | *M* |
| *Q* | *U* | *W* | *A* | *I* | *T* | *B* |
| *K* | *O* | *L* | *K* | *A* | *T* | *A* |
| *J* | *A* | *I* | *P* | *I* | *N* | *I* |
| *Z* | *V* | *D* | *U* | *X* | *Y* | *R* |
| *C* | *H* | *E* | *N* | *N* | *A* | *I* |
| *T* | *K* | *L* | *J* | *Q* | *R* | *J* |
| *I* | *T* | *H* | *Q* | *X* | *Z* | *U* |
| *N* | *P* | *I* | *T* | *O* | *J* | *K* |

## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 13.1

1. താഴെ പറയുന്ന പ്രസ്താവനകൾ പൂർത്തിയാക്കുക.

   (a) പൂർവ്വ-പശ്ചിമ ഇടനാഴി ........................ ഉം ......................... ബന്ധിപ്പിച്ച് ഉണ്ടാക്കിയിരിക്കുന്നു.

   (b) നാല് മഹാനഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഉണ്ടാക്കിയ അതിശ്രേഷ്ഠ ഹൈവേ അറിയപ്പെടുന്നത് ......................................... ഇത് .........................................

2. (a) റെയിൽ പാതകളുടെ കൂടുതൽ ശൃംഖല ഉണ്ടാകാനുള്ള ഘടകം ഏതാണ് എന്ന് വിവരിക്കുക. ഉയർന്നതോതിലും അല്ലാത്തതുമായ രീതിയിൽ റെയിൽവേ ശൃംഖല ഉണ്ടായിട്ടുള്ളതും ഇല്ലാത്തതുമായ സംസ്ഥാനങ്ങൾ 2 വിഭാഗങ്ങളായി തിരിച്ച് അതിന്റെ കാരണങ്ങൾ വ്യക്ത മാക്കുക.

   (b) റോഡുമാർഗ്ഗവും റെയിൽമാർഗ്ഗവുമുള്ള ഗതാഗത സൗകര്യങ്ങളുടെ 2 പ്രധാന സവിശേഷതകളും 2 ന്യൂനതകളും ഓരോന്നിനും കണ്ടുപിടിക്കുക.

3. ഇന്ത്യയിൽ ഏതാനും സംസ്ഥാനങ്ങളിൽ മെച്ചമായ റെയിൽവേ സൗകര്യങ്ങളുടെ കുറവുണ്ട്. ഈ പ്രസ്താവനയെ ന്യായീകരിച്ച് 30 വാക്കുകളിൽ ഒരു കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 13.5

താഴെ കാണിച്ചിരിക്കുന്ന റെയിൽവേ റിസർവേഷൻ ഫോം നിങ്ങളുടെ കുടുംബാംഗങ്ങളെ കാണിക്കുക. കോളത്തിൽ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ചർച്ച ചെയ്ത് പൂരിപ്പിക്കുക.

(a) വൈദ്യശാസ്ത്രവിദഗ്ധൻ
(b) മുതിർന്ന പൗരൻ
(c) ശയനാഗാരം
(d) ഏതാനും ട്രയിനിൽ ലഭ്യമായ ആഹാരക്രമം

### RAILWAY RESERVATION / CANCELLATION REQUISITION FORM

If you are a Medical Practitioner Please tick ( ) in Box Dr. [ ] (You could be of help in an emergency)

If you want Sr. Citizen concession, please write Yes/No in box [ ] (if yes, please carry a proof of age during the journey to avoid inconvenience of penal charging under extant Railway Rules)

Do you want to be upgraded without any extra charge? Write [ ] Yes/No in the box. (If this option is not exercised, full fare paying passengers may be upgraded automatically)

| | |
|---|---|
| Train No & Name: | Date of Journey: |
| Class: | No.of Berth / Seat: |
| Station From: | Station To: |
| Boarding At: | Reservation Upto: |

| S.No. | Name in Block Letters (not more than 15 chars) | Sex (M/F) | Age | Concession / Travel Authority No. | Choice if any |
|---|---|---|---|---|---|
| | | | | | Lower / Upper Berth |
| | | | | | |
| | | | | | |
| | | | | | Veg / Non-veg Meal for Rajdhani / Shatabdi Express only |
| | | | | | |
| | | | | | |

CHILDREN BELOW 5 YEARS (FOR WHOM TICKET IS NOT TO BE ISSUED)

| S.No. | Name in Block Letters | Sex | Age |
|---|---|---|---|
| | | | |
| | | | |

**ONWARD / RETURN JOURNEY DETAILS**

Train No & Name ______________ Date ______________
Class ______________ Station From ______________ To ______________
Name of Applicant ______________
Full Address ______________

**Signature of the Applicant**

**FOR OFFICE USE ONLY**


S.No. of Requisition ______________ PNR No. ______________
Berth/Seat No. ______________ Amount Collected ______________

**Signature of Reservation Clerk**

Note: 1. Maximum permissible passengers are 6 per requisition.
2. One person can give one requisition form at a time.
3. Please check your ticket and balance amount before leaving the window.
4. Forms not properly filled or in illegible forms shall not be entertained.
5. Choice is subject to availability.

### 13.2.2 ജലഗതാഗതം

പ്രാചീനകാലത്ത് ആളുകൾ നദീതടങ്ങളിൽ താമസിച്ചിരുന്നത് എന്തുകൊണ്ടാണ് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വിദൂരസ്ഥലങ്ങളുമായി വാണിജ്യ വ്യാപാരം എപ്രകാരമായിരുന്നു? അതെ! നദികളിലൂടെയും സമുദ്രം വഴിയും ആയിരുന്നു അത്. പ്രാചീനകാലം മുതൽ ഇന്നുവരെയും ജലഗതാഗതം ഒരു പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമായിരുന്നു. ഇത് എന്തുകൊണ്ടെന്നാൽ:



**ചിത്രം 13.4** *ജലഗതാഗതമാർഗ്ഗം*

- മറ്റ് ഗതാഗതമാർഗ്ഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതാണ് ഏറ്റവും ലാഭകരമായ ഗതാഗതമാർഗ്ഗം. ഇതിന് നിർമ്മാണച്ചെലവ് ഇല്ല. സംരക്ഷണ ചെലവ് മാത്രമേ ഉള്ളൂ.
- വലുതും വിപുലവുമായ സാധനങ്ങൾ കൊണ്ടുപോകുവാൻ ജലഗതാഗതമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. ഒരേസമയം ലക്ഷക്കണക്കിന് ടൺ സാധനം കപ്പലിൽ കൊണ്ടുപോകുവാൻ സാധിക്കും.
- ഒരു (ഉപ)ഭൂഖണ്ഡത്തിൽ നിന്നും മറ്റൊരു ഭൂഖണ്ഡത്തിൽ വരെ കൊണ്ടു പോകേണ്ട പെട്രോളിയവും, പെട്രോളിയം ഉൽപന്നങ്ങളും കൊണ്ടുപോകുന്നതിന് ജലഗതാഗതമാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ഇന്ത്യയിൽ പെട്രോളിയം നിക്ഷേപം കുറവായതിനാൽ ഇത് മദ്ധ്യ-പൂർവ്വ ദേശങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യുകയാണ്.
- ഇന്ധനക്ഷമത കൂടുതൽ ഉണ്ട്. കൂടാതെ ഇവ പരിസ്ഥിതി-സൗഹാർദ്ദ പരമായിട്ടുള്ള ഒരു ഗതാഗതമാർഗ്ഗമാണ്.

ജലഗതാഗതം പ്രധാനമായും രണ്ട് വിഭാഗങ്ങളായി തിരിക്കാം. നിങ്ങൾക്കറിയാമോ? എന്തുകൊണ്ടാണ് അവയെ അന്തർജലഗതാഗതമാർഗ്ഗ (ഉൾനാടൻ ജലഗതാഗതമാർഗ്ഗം)മെന്നും സമുദ്രായനമാർഗ്ഗങ്ങൾ എന്നും വിഭജിച്ചിരിക്കുന്നത് എന്ന് കണ്ടുപിടിക്കുക.


**1. ഉൾനാടൻ ജലഗതാഗതമാർഗ്ഗം :** ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യമായ ഏതാണ്ട് 14,500 കിലോമീറ്റർ ജലപരപ്പ് ഇന്ത്യയ്ക്കുണ്ട്. അവയിൽ പ്രധാനമായും കനാലുകൾ, നദികൾ, കായലുകൾ, തടാകങ്ങൾ എന്നിവയാണ്. ഇവയിൽ ഏതാണ്ട് യന്ത്രവൽകൃതബോട്ടു ജലഗതാഗതത്തിന് അനുയോജ്യമായിട്ടുള്ളത് വടക്ക് ഗംഗാ, ബ്രഹ്മപുത്ര നദികളിലും തെക്ക് ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളിലുമായി 3,700 കിലോമീറ്റർ മാത്രമാണ്. റോഡ് ഹൈവേ വഴിയുള്ള ഗതാഗതത്തിരക്ക് കുറയ്ക്കുവാൻ ഉൾനാടൻ ജലഗതാഗതമാർഗ്ഗങ്ങൾക്ക് സാധിക്കും. സാധനങ്ങൾ കൊണ്ടുപോകുന്നതിനും ജലഗതാഗതമാർഗ്ഗം സൗകര്യപ്രദമാണ്.

**ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗത ഭരണസമിതി:** ഇന്ത്യാ ഉൾനാടൻ ജലഗതാഗത ഭരണസമിതി ഉണ്ടായത് 1986-ലാണ്. ഈ ഭരണസമിതിയാണ് ഇതിന്റെ വികസനവും സംരക്ഷണവും, നിയന്ത്രണവും വഹിക്കുന്നത്. താഴെ പറയുന്ന മൂന്ന് ജലഗതാഗതമാർഗ്ഗങ്ങളും ഇന്ത്യയുടെ ദേശീയ ജലഗതാഗതമാർഗ്ഗങ്ങൾ എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

1. എൻ.ഡബ്ല്യൂ 1: ഉത്തർപ്രദേശിലെ അലഹബാദിലുള്ള ഗംഗാനദി മുതൽ പ. ബംഗാളിലെ ഹാൽഡിയാ വരെ (1620 കിലോമീറ്റർ)
2. എൻ.ഡബ്ല്യു 2: സാദിയായിലെ ബ്രഹ്മപുത്രാ മുതൽ ആസ്സാമിലെ ഡുബ്റ വരെ (891 കിലോമീറ്റർ)
3. എൻ.ഡബ്ല്യു 3: കേരളത്തിൽ കൊല്ലം മുതൽ കൊടുങ്ങല്ലൂരിലെ കോട്ടപ്പുറം വരെ (205 കിലോമീറ്റർ)

**2. മഹാസമുദ്രായന ജലഗതാഗതമാർഗ്ഗങ്ങൾ:** ഇന്ത്യയുടെ മൂന്ന് വശങ്ങളും സമുദ്രത്താൽ ചുറ്റപ്പെട്ടുകിടക്കുന്നു എന്ന് ഇന്ത്യയുടെ ഭൂപടം പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും.

അറബിക്കടലും, ബംഗാൾ ഉൾക്കടലും, ഇന്ത്യൻ മഹാസമുദ്രവും ഇന്ത്യയുടെ മൂന്ന് വശങ്ങളിലുമായി ചുറ്റപ്പെട്ട് കിടക്കുന്നു എന്ന് ഇന്ത്യയുടെ ഭൂപടം പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. ഇന്ത്യക്ക് ആകെ 7576 കിലോമീറ്റർ തീരപ്രദേശം ഉണ്ട്. 1946-ൽ ഇന്ത്യക്ക് ആകെ 49 കപ്പലുകൾ ഉണ്ടായിരുന്നു. അവയുടെ കേവുഭാരം ആകെ 1,27,083 ടൺ ആയിരുന്നു. സ്വാതന്ത്ര്യാനന്തരം ഗവൺമെന്റ് നടപ്പിലാക്കിയ സംരംഭങ്ങളിലൂടെ ഇത് ആകെ 616 കപ്പലുകളായി വർദ്ധിച്ചു (2004). അതുപോലെ കേവുഭാരം ആകെ 7,00,000 ടൺ ആയി.




ചിത്രം 13.5 *ഇന്ത്യയിലെ മുഖ്യ തുറമുഖങ്ങൾ*

കുറിപ്പുകൾ

ഇന്ത്യയുടെ സമുദ്രായന ജലഗതാഗതത്തിലെ രണ്ട് പ്രധാന വിഭാഗങ്ങൾ

(a) **തീരദേശ കപ്പൽ ഗതാഗതം:** യാത്രക്കാരെയും, കപ്പൽചരക്കുകളും തീരദേശതുറമുഖങ്ങളിൽ നിന്നും തുറമുഖങ്ങളിലേക്ക് എത്തിക്കുന്നത് പ്രധാനമായും തീരദേശ കപ്പൽ ഗതാഗത മാർഗ്ഗങ്ങളിലൂടെയാണ്. ഏതാണ്ട് 100 നാവിഗേഷൻ കമ്പനികളുടെ കപ്പൽ ഇപ്രകാരം സർവ്വീസ് നടത്തുന്നുണ്ട്. ഇവർ ഏതാണ്ട് 7 ലക്ഷം ടൺ ചരക്ക് ഗതാഗതം 12 തുറമുഖങ്ങളിലും 189 ചെറിയതും ഇടത്തരവുമായ തുറമുഖങ്ങളിലും നിർവ്വഹിക്കുന്നു.

(b) **അന്തർദ്ദേശീയ കപ്പൽ ഗതാഗതം:** ഇന്ത്യയുടെ കപ്പൽ ഗതാഗത മികവിന്റെ ഭൂരിഭാഗവും അന്തർദ്ദേശീയ വ്യാപാരത്തിനാണ് ഉപയോഗിക്കുന്നത്. കിഴക്കൻ തീരപ്രദേശത്തുള്ള തുറമുഖങ്ങളിൽ നിന്ന് മ്യാൻമർ, മലേഷ്യാ, ഇന്തോനേഷ്യാ, ആസ്ട്രേലിയാ, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിലേക്കും, പശ്ചിമതീരപ്രദേശത്തുള്ള തുറമുഖങ്ങളിൽ നിന്ന് യു.എസ്സ്.എ., യൂറോപ്പ്, ഏഷ്യ എന്നീ ഭാഗങ്ങളിലേക്കും കയറ്റുമതിയും ഇറക്കുമതിയും ചെയ്യുന്നു.

## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 13.2

1. (a) താഴെ കൊടുത്തിരിക്കുന്ന ഭൂപടം ഉപയോഗിച്ച് പൂർത്തിയാക്കുക.

| തുറമുഖം | സംസ്ഥാനം | തീരപ്രദേശം |
|---|---|---|
| മുംബൈ | മഹാരാഷ്ട്ര | പശ്ചിമതീരം |
| | | |
| | | |
| | | |
| | | |
| | | |
| | | |

(b) തുറമുഖങ്ങളില്ലാത്ത പ്രദേശങ്ങൾ ശ്രദ്ധിക്കുക. അതിന്റെ ഏതെങ്കിലും ഒരു കാരണം വ്യക്തമാക്കുക.

### 13.2.3 വ്യോമഗതാഗതം

ഒരു പക്ഷിയേപ്പോലെ പറക്കുവാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടോ? ഗതാഗതകുരുക്ക് ഇല്ലാതെ നിങ്ങളുടെ ലക്ഷ്യസ്ഥലത്ത് വേഗത്തിൽ നിങ്ങൾക്ക്, വ്യോമമാർക്ഷം എത്തിച്ചേരുവാൻ സാധിക്കും. ആധുനിക വ്യോമഗതാഗതത്തിന് രൂപരേഖ നൽകിയത് 1903-ൽ റൈറ്റ് സഹോദരന്മാർ ആണ്. 1911-ൽ ഇന്ത്യയിൽ വ്യോമഗതാഗതം തുടങ്ങി. റോഡു ഗതാഗതം പോലെയും റയിൽ ഗതാഗതം പോലെയും ഇന്ന് വ്യോമഗതാഗതം ഒരു പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗം ആണ്. ഇന്ത്യയ്ക്ക് ആഭ്യന്തരവും, അന്തർദ്ദേശീയവുമായ വ്യോമഗതാഗതം നടത്തുവാനുള്ള സൗകര്യം ഉണ്ട്. ആധുനികകാലത്തിൽ ഇവയ്ക്കുള്ള പ്രാധാന്യം പരിശോധിക്കാം.



ചിത്രം 13.6 *വ്യോമഗതാഗതം*

ലോകം ഒരു ആഗോളഗ്രാമമാണെന്ന് വ്യോമഗതാഗതം ബോദ്ധ്യപ്പെടു ത്തുന്നു. ഏറ്റവും വേഗതയേറിയ ഗതാഗതമാർഗ്ഗം ആണ് ഇത്. നൂറുകണക്കിന് കിലോമീറ്റർ ദൂരത്ത് ഏതാനും മണിക്കൂറിനുള്ളിൽ എത്തിച്ചേരുവാൻ ഇത് സഹായകരമാണ്.

- ഉപരിതല തടസ്സങ്ങളായ ആരും കടന്നുചെല്ലാത്ത മലകൾ, ഇടതൂർന്ന വനം, ചതുപ്പുസ്ഥലം, പ്രളയപ്രദേശം ഇതിൽ നിന്നെല്ലാം ഇത് മുക്തമാണ്.
- വ്യോമഗതാഗതം ദേശീയസുരക്ഷയ്ക്ക് ആവശ്യമായതിനാൽ ഇതിന്റെ പ്രാധാന്യം വളരെ കൂടുതലാണ്.
- വിവിധ ഭൂഖണ്ഡങ്ങൾ തമ്മിൽ വ്യോമഗതാഗതം ബന്ധിപ്പിക്കുന്നതിൽ ഭൂമി ഒരു ആഗോളഗ്രാമമായി മാറുന്നു.
- നിശ്ചിത സമയത്തിനുള്ളിൽ തന്നെ അത്യാധുനിക ഉപകരണങ്ങൾ, വിലയേറിയതും അത്യാവശ്യവുമായ മരുന്നുകൾ, വലിയ വിലപിടിപ്പുള്ള പദാർത്ഥങ്ങൾ, പച്ചക്കറികൾ, ഫലവർഗ്ഗം എന്നിവ എത്തിക്കുന്നതിന് വ്യോമ ഗതാഗതം ഏറ്റവും അനുയോജ്യമാണ്.
- അത്യാവശ്യ സാധനങ്ങളോടുകൂടി ആളുകളെ പ്രകൃതിദുരന്ത സമയങ്ങളിലോ, അല്ലാതെയുള്ള കലാപവേളകളിലോ രക്ഷപ്പെടുത്തുന്നതിന് വ്യോമഗതാഗതം വളരെ പ്രയോജനപ്രദമാണ്.

ഏറ്റവും വലിയ ന്യൂനത, വ്യോമഗതാഗതത്തിന്റെ ഉയർന്ന ചെലവും കൂലിയുമാണ്. ആയതിനാൽ സാധാരണക്കാർക്ക് ഇപ്പോഴും വ്യോമഗതാഗതം അപ്രാപ്യമാണ്. ഈ കഴിഞ്ഞ കുറെ വർഷങ്ങളായി വ്യോമഗതാഗതത്തിന്റെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വ്യോമഗതാഗതം താഴെപറയുന്നവിധത്തിൽ തരംതിരിക്കാം.

### 13.2.4. ആഭ്യന്തര വ്യോമഗതാഗതവും അന്തർദ്ദേശീയ വ്യോമഗതാഗതവും

ഗവൺമെന്റിന്റെയും, സ്വകാര്യ സംരംഭകരുടെയും ആഭ്യന്തര വ്യോമ ഗതാഗതവും അന്തർദ്ദേശീയ വ്യോമഗതാഗതവും ഇന്ത്യയിൽ ഉണ്ട്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള 'പാവൻ ഹാൻസ് ഹെലികോപ്ടർ ലിമിറ്റഡ്' (Pawanhans Helicopter Ltd.) ഇന്ത്യയിലെ ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ, ഇന്ത്യൻ ഓയിൽ എന്നിവ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ വ്യോമഗതാഗതം നടത്തുന്നു.


## പുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 13.3

1. ഒന്നിലധികം അന്താരാഷ്ട്ര വിമാനത്താവളം ഉള്ള സംസ്ഥാനങ്ങൾ ഏതൊക്കെ?
2. അന്തർദ്ദേശീയ വിമാനത്താവളം ഇല്ലാത്ത രണ്ട് സംസ്ഥാനങ്ങൾ ഏതൊക്കെ?
3. നിങ്ങളുടെ വാസസ്ഥലത്തിനടുത്ത് ഉള്ള ആഭ്യന്തര വ്യോമഗതാഗത വിമാനത്താവളവും അന്തർദ്ദേശീയ വിമാനത്താവളവും ഏതൊക്കെ?

കുറിപ്പുകൾ

## 13.3 വാർത്താവിനിമയവും അതിന്റെ പ്രാധാന്യവും

നിങ്ങളുടെ സഹോദരിയുടെ വിവാഹം നിശ്ചയിച്ചു, നിങ്ങളുടെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യം നിങ്ങൾ ആഗ്രഹിക്കുന്നു. അവരെയൊക്കെ നിങ്ങൾ എങ്ങനെ വിവരം അറിയിക്കും? പെട്ടെന്ന് നിങ്ങളുടെ പിതാമഹന് ഒരു ഹൃദയസ്തംഭനവേദന ഉണ്ടാകുകയും, നിങ്ങളുടെ പിതാവ് ഓഫീസിലും ആണെങ്കിൽ എങ്ങനെ വിവരം അറിയിക്കും? ജപ്പാനിൽ ഉണ്ടായ സുനാമിയെപ്പറ്റിയും അല്ലെങ്കിൽ ഈജിപ്ഷ്യൻ പ്രസിഡന്റിന് എതിരായ വിപ്ലവത്തിൽ ലക്ഷങ്ങൾ പങ്കെടുത്തു എന്നും എങ്ങനെ അറിയും? നമ്മുടെ ദൈനംദിന ജീവിതത്തിൽ വാർത്താവിനിമയത്തിന്റെ പ്രാധാന്യവും ആവശ്യവും മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ നിങ്ങൾക്ക് ബോദ്ധ്യമാകും. ആശയങ്ങളുടെയും ചിന്തകളുടെയും കൈമാറ്റരീതിയെ വാർത്താവിനിമയം എന്നു പറയാം. അതുപോലെ നിങ്ങളുടെ ബന്ധുക്കളുമായി ദുഃഖങ്ങളും ആഹ്ലാദവും പങ്കിടു ന്നതും വാർത്താവിനിമയങ്ങളിലൂടെയാണ്.




ചിത്രം 13.7 *ഇൻഡ്യയിലെ പ്രധാനപ്പെട്ട അന്തദേശീയ വിമാനത്താവളങ്ങൾ*

വാർത്താവിനിമയ മാർഗ്ഗങ്ങൾ ആശയ വിനിമയത്തിന്റെ ഉദ്ദേശമനുസരിച്ച് മാറുന്നു എന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കാണും? വാർത്താ വിനിമയ മാർഗ്ഗങ്ങൾ നിരവധിയാണ്. കത്തുകൾ എഴുതിയും, ടെലഗ്രാം അയച്ചും, റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും, കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചും, പത്രങ്ങളിലൂടെയും, മാസികകളിലൂടെയും, ചെറിയ കുറിപ്പുകൾ എഴുതിയും ആളുകൾ പരസ്പരം ആശയവിനിമയം നടത്തുന്നു. ഇവ കൂടാതെ ഫാക്സ്, ഇ-മെയിൽ മുതലായവ വ്യാപാരം സംബന്ധിച്ചും അല്ലാതെയുള്ള ആവശ്യങ്ങൾക്ക് ആളുകൾ ഉപയോഗിക്കുന്നു.

ഏത് വാർത്താവിനിമയമാർഗ്ഗം തെരഞ്ഞെടുക്കുന്നു എന്നുള്ളത്, ഉദ്ദേശം അനുസരിച്ചാണ് എന്നത് പ്രധാനപ്പെട്ട കാര്യമാണ്.

പ്രധാനപ്പെട്ട വാർത്താവിനിമയമാർഗ്ഗങ്ങളെ 2 വിഭാഗങ്ങളായി തിരിക്കാം.

1. സ്വകാര്യ ആവശ്യത്തിനുള്ള വാർത്താവിനിമയമാർഗ്ഗങ്ങൾ അഥവാ വ്യക്തിഗത മാർഗ്ഗങ്ങൾ.
2. ബഹുജന വാർത്താവിനിമയ മാർഗ്ഗങ്ങൾ

1. സ്വകാര്യ ആവശ്യത്തിനുള്ള വാർത്താവിനിമയ മാർഗ്ഗങ്ങൾ

(i) പോസ്റ്റൽ സർവ്വീസ്

(ii) ടെലിഫോൺ സർവ്വീസ്

(i) **പോസ്റ്റൽ സർവ്വീസ്:** ഇത് വളരെ പഴക്കമുള്ള ഒരു വാർത്താവിനിമയ മാർഗ്ഗമാണ്. കത്തുകൾ വഴിയുള്ള വാർത്താവിനിമയം ഒരു വലിയ ജനകീയമാർഗ്ഗം ആയിരുന്നതുപോലെ ഇനിയും ആകണമെന്നില്ല എങ്കിൽതന്നെയും, ഇന്നും ഇവ ഒരു പ്രധാന വാർത്താവിനിമയ മാർഗ്ഗമാണ്. ഇന്ത്യയിലെ പോസ്റ്റൽശൃംഖല ലോകത്തിലെ തന്നെ ഏറ്റവും വലുതാണ്. 2001-ൽ ഇന്ത്യയിൽ ഏതാണ്ട് 1,55,000 പോസ്റ്റാഫീസുകൾ ഉണ്ടായിരുന്നു. കത്തുകളുടെ കൈമാറ്റം, മണി ഓർഡറുകൾ, പാർസൽ സർവ്വീസ്, പോസ്റ്റാഫീസ് സേവിംഗ്സ് പദ്ധതി തുടങ്ങി നിരവധി വിവിധങ്ങളായ സേവനങ്ങൾ ഇവ നിർവ്വഹിക്കുന്നുണ്ട്.

(ii) **ടെലിഫോൺ സേവനങ്ങൾ:** ആധുനികലോകത്തിൽ ടെലിഫോൺ സേവനങ്ങൾ പ്രധാനപ്പെട്ടതും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതുമായ സേവനമായി മാറിയിട്ടുണ്ട്. വേഗത്തിലും, സാധാരണക്കാർക്ക് ചെലവ് താങ്ങാവുന്നതും അതുപോലെ നമ്മുടെ ആവശ്യങ്ങൾക്ക് യഥാസമയം ലഭ്യമാകുന്നതുമാണ് ടെലഫോൺ സേവനങ്ങൾ.

2. **ബഹുജന വാർത്താവിനിമയ മാർഗ്ഗങ്ങൾ:** റേഡിയോ, ടെലിവിഷൻ, വർത്തമാനപത്രം, സിനിമ, ബുക്കുകൾ, മാസികകൾ, പരമ്പരാഗതമായ നാടോടിമാദ്ധ്യമങ്ങൾ, ഉപഗ്രഹചാനലിലൂടെ വാർത്താവിനിമയം മുതലായ മാർഗ്ഗങ്ങളിലൂടെ ഒരേസമയം നിരവധി ആളുകൾക്ക് വാർത്താവിനിമയം എത്തിക്കുന്നതിനെയാണ് ബഹുജന വാർത്താ വിനിമയ മാർഗ്ഗങ്ങൾ എന്നു പറയുന്നത്.

(i) **റേഡിയോ:** 1927-ൽ ഇന്ത്യയിൽ റേഡിയോ വഴിയുള്ള വാർത്താവിനിമയം ആരംഭിച്ചു. ആദ്യമായി തുടങ്ങിയത് ബോംബെയിലും കൽക്കട്ടായിലുമായിരുന്നു. രാജ്യത്തിലെ അത്യാവശ്യ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും, വിനോദത്തിനും വിജ്ഞാനത്തിനുമായിട്ടാണ് ഇവ തുടങ്ങിയത്. ഇന്ന്

കുറിപ്പുകൾ

രാജ്യത്തിന്റെ 90 ശതമാനം പ്രദേശങ്ങളിലും, 98.8 ശതമാനം ജനസംഖ്യയിലും ആൾ ഇന്ത്യാ റേഡിയോ (AIR) യുടെ പ്രോഗ്രാം എത്തുന്നുണ്ട്.

**(ii)** **ടെലിവിഷൻ:** ഇന്ത്യയിൽ ദേശീയതല ടെലിവിഷൻ പ്രക്ഷേപണ സർവ്വീസ് 1959-ൽ തുടങ്ങി. ലോകത്തിലെ തന്നെ ഏറ്റവും വലിയ ഭൂതല പ്രക്ഷേപണങ്ങളിൽ ഒന്നാണ് ഇന്ത്യയുടെ ടെലിവിഷൻ സംപ്രേഷണ ശൃംഖല. ഇന്ന് ഇന്ത്യയിലെ 87 ശതമാനം ജനസംഖ്യയ്ക്കും ടെലിവിഷൻ സർവ്വീസ് ലഭ്യമാണ്. ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ദേശീയതല ത്തിലും പ്രാദേശികതലത്തിലും ഏതാനും പ്രദേശങ്ങളിൽ മാത്രവു മായിട്ടുള്ള ടെലിവിഷൻ സംപ്രേഷണ സർവ്വീസും അതുപോലെ സ്വകാര്യമേഖലയിൽ വിദ്യാഭ്യാസം, അറിയിപ്പുകളുടെ വിനിമയം, വിനോദം എന്നീ പരിപാടികളോടുകൂടിയുള്ള ടെലിവിഷൻ സംപ്രേഷണവും ഉണ്ട്.

**(iii)** **കമ്പ്യൂട്ടർ (വിവര സാങ്കേതികവിദ്യ):** വാർത്താവിനിമയത്തിനും, സാമ്പത്തിക വികസനത്തിനും, അടിസ്ഥാനമായി ഇന്ന് കമ്പ്യൂട്ടർ മാറിക്കഴിഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കുകൾ, വിമാനത്താവളം, റെയിൽവെ, ആശുപത്രികൾ, ഓഫീസുകൾ മുതൽ വ്യാപാര-വാണിജ്യസ്ഥാപനങ്ങൾ വരെയും, വീടുകളിലും ഇന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു.

### 13.3.1 വാർത്താവിനിമയ രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ

ഈ അടുത്തകാലത്ത് വിവരസാങ്കേതികരംഗത്ത് വിപ്ലവകരങ്ങളായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തൽഫലമായി ജനങ്ങൾക്ക് നിരവധി പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്. അവ

**(a)** **ഇന്റർനെറ്റ്:** പലവിധത്തിലുള്ള വാർത്താവിനിമയ സൗകര്യങ്ങൾ ഇതുമൂലം ലഭ്യമാണ്. ലോകത്തിലെമ്പാടുമുള്ള എല്ലാ കമ്പ്യൂട്ടറുകളുമായി ഇന്റർനെറ്റ് ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഒരു ബട്ടൺ അമർത്തിയാൽ എല്ലാ വിവരങ്ങളും ലഭ്യമാകും.

**(b)** **വീഡിയോ സമ്മേളനങ്ങൾ:** ടെലികമ്മ്യൂണിക്കേഷൻ വഴിയും കമ്പ്യൂട്ടറുകളുടെയും സഹായത്താൽ രാജ്യത്തിന്റെ വിദൂരസ്ഥലങ്ങളിൽ ഇരിക്കുന്നവരുമായി സംസാരിക്കുവാനും, ആശയവിനിമയം നടത്താനും സാധിക്കുന്നു.

**(c)** **ഇ-കൊമേഴ്സ്:** ഇ-കൊമേഴ്സ് സൗകര്യം ഉപയോഗിച്ച് ഇന്റർനെറ്റിലൂടെ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുവാനുള്ള സൗകര്യം ലഭ്യമാണ്.

**(d)** **ഇന്റർനെറ്റ് ടെലിഫോണി:** ഒരു പ്രത്യേകതരം സോഫ്ട്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർ ഒരു ടെലിഫോണായി ഉപയോഗിക്കുവാൻ സാധിക്കുന്നു. ഇതുമൂലം ടെലിഫോണിന്റെ നിരക്കുകളിൽ വലിയ കുറവ് ഉണ്ടാകും.

**(e)** **ഇ-മെയിൽ:** കണ്ണടച്ച് തുറക്കുന്ന സമയത്തിനുള്ളിൽ ലോകത്തിന്റെ ഏതുഭാഗത്തേക്കും ഇന്റർനെറ്റുവഴി വാർത്താവിനിമയം സാദ്ധ്യമാക്കുന്നതാണ് ഇ-മെയിൽ. ഇതുവഴി കത്തുകളും അയക്കുവാൻ സാധിക്കുന്നു.

**(f)** **ടെലി-മെഡിസിൻ:** ആയിരക്കണക്കിന് കിലോമീറ്റർ അകലെയിരിക്കുന്ന ഒരു രോഗിയുമായി ഡോക്ടർക്ക് നേരിട്ട് നിർദ്ദേശങ്ങൾ കൊടുക്കുവാൻ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് സാദ്ധ്യമാകുന്നു.

ശാസ്ത്രീയനേട്ടവും സാങ്കേതികവിദ്യയും മൂലം ഇപ്രകാരം വിവര സാങ്കേതികവിദ്യയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് കാരണമായി. ആളുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും, തന്മൂലം ഏതവസരത്തിലും ആളുകളെ തമ്മിൽ കൂട്ടിയിണക്കുന്നതിനും സാദ്ധ്യമാകുന്ന തരത്തിൽ ലോകംതന്നെ ഒരു ആഗോള ഗ്രാമമായി മാറി.

കുറിപ്പുകൾ

## പ്രവർത്തനം 13.6

പഴയ ഒരു പായ്ക്കറ്റ് ചീട്ടുകളി കാർഡുകൾ എടുക്കുക. പത്രങ്ങളിൽ നിന്നും മാസികകളിൽ നിന്നും ലഭ്യമായ വിവിധ വാർത്താവിനിമയ മാർഗ്ഗങ്ങളുടെ ചിത്രം വെട്ടിയെടുക്കുക. വെട്ടിയെടുത്ത ഓരോ ചിത്രവും ഓരോ കാർഡിൽ ഒട്ടിക്കുക. ഒട്ടിച്ചിരിക്കുന്ന ചിത്രത്തിനോട് ബന്ധപ്പെട്ട ഓരോ ചോദ്യം കാർഡിന്റെ മറുവശത്ത് ഒട്ടിക്കുക. ഇപ്പോൾ നിങ്ങളുടെ പക്കൽ കമ്മ്യൂണിക്കേഷൻ കാർഡിന്റെ ഒരു സെറ്റ് ഉണ്ട്. ഇതുപയോഗിച്ച് നിങ്ങളുടെ സുഹൃത്തുക്കളുമായും കുടുംബത്തിലെ ബന്ധുക്കളുമായും ചീട്ട് കളിക്കുന്ന കളിയിൽ ഏർപ്പെടുക.

**സൂചന:** രാജ്യത്ത് ഉടനീളം ഒരേസമയം സന്ദേശം എത്തിക്കുന്നതിന് ഏത് വാർത്താ വിനിമയ സൗകര്യത്തിനാണ് കഴിയുക? (ഉത്തരം: ടെലിവിഷൻ)

## പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങൾ 13.4

1. താഴെ കൊടുത്തിരിക്കുന്നത് വ്യക്തിഗത ആശയവിനിമയം, ബഹുജന വാർത്താ മാദ്ധ്യമം, മറ്റുള്ളവ എന്നിങ്ങനെ തരംതിരിക്കുക.

   ഇലക്ട്രോണിക് മോണിറ്റർ, യൂട്ടിലിറ്റിവാൻ, ട്രാക്ടർ, ടെലിഗ്രാം, മെട്രോ റെയിൽ മൊബൈൽ, പോസ്റ്റ് കാർഡ്, ഫാക്സ്, ന്യൂസ് ബുള്ളറ്റിൻ, റേഡിയോ, ആംബുലൻസ്, ഫേസ്ബുക്ക്, ടിറ്റർ, മാഗസിൻ, ബൾക്ക് എസ്സ്.എം.എസ്സ്.

2. താഴെ പറയുന്ന പ്രസ്താവന ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരം നൽകുക.

   (a) ആശയം പരസ്പരം കൈമാറാനും, വാർത്തകളും ചിന്തകളും പരസ്പരം കൈമാറുവാനും ഉള്ള സന്ദേശം.

   (b) കത്തുകളും, പാർസലുകളും മണി ഓർഡറുകളും അയയ്ക്കുന്നതിനുള്ള സർവ്വീസ്.

   (c) ഇന്റർനെറ്റിലൂടെ കത്തുകൾ എഴുതുന്ന ഒരു സംവിധാനം

   (d) ഇന്ത്യയിൽ റേഡിയോയിലൂടെ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്യുന്ന അധികാരസ്ഥാനം

   (e) വ്യക്തികൾ തമ്മിൽ ആശയവിനിമയം നടത്തുവാൻ എല്ലായിടത്തും ലഭ്യമായതും, ഏറ്റവും പ്രചാരം നേടിയതുമായ മാർഗ്ഗം.

## നിങ്ങൾ പഠിച്ചത്


- ഗതാഗത മാർഗ്ഗങ്ങളുടെയും വാർത്താ വിനിമയത്തിന്റെയും ആവശ്യവും പ്രാധാന്യവും;
- ഇന്ത്യയിലെ റോഡുകൾ ഏതൊക്കെ തരത്തിൽ;
- രാഷ്ട്രത്തിന്റെ വികസനത്തിൽ റയിൽവേയുടെ പങ്ക്;

- വിവിധ ജലഗതാഗതമാർഗ്ഗങ്ങളുടെ പ്രാധാന്യം ഒരു രാജ്യത്തിന്റെ വ്യാപാര വാണിജ്യ രംഗങ്ങളിൽ;
- വായുമാർഗ്ഗമുള്ള ഗതാഗതമാർഗ്ഗങ്ങളുടെ ആവശ്യവും ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ അതിന്റെ പ്രാധാന്യവും;
- ആധുനിക വാർത്താ വിനിമയമാർഗ്ഗങ്ങളും അവയുടെ പ്രാധാന്യവും നമ്മുടെ ജീവിതത്തിൽ.

## സമാപ്തി പ്രവർത്തനങ്ങൾ

1. ഗതാഗതവും വാർത്താവിനിമയവും ഒരു രാജ്യത്തിന്റെയും അവിടുത്തെ സമ്പത്വ്യവസ്ഥയുടെയും ആയുർരേഖകളാണെന്ന് കണക്കാക്കുന്നത് എന്തുകൊണ്ടാണ്?
2. റോഡ് ഗതാഗതത്തിന്റെ മൂന്ന് ശ്രേഷ്ഠതകളും മൂന്ന് ന്യൂനതകളും എഴുതുക.
3. ഇന്ത്യയിൽ ജലഗതാഗത മാർക്ഷത്തിന്റെ പ്രാധാന്യം എന്ത്?
4. ഇന്ത്യയിലെ പ്രമുഖ തുറമുഖങ്ങൾ ഭൂപടത്തിൽ നോക്കി പഠിച്ചിട്ട് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.
   (a) ഇന്ത്യയുടെ പൂർവ്വതീരത്ത് എത്ര തുറമുഖങ്ങൾ ഉണ്ടെന്ന് തിട്ടപ്പെ ടുത്തി പറയുക.
   (b) രണ്ട് തുറമുഖങ്ങൾ വീതം ഉള്ള സംസ്ഥാനങ്ങൾ ഏവ?.
   (c) പാരദ്വീപ് തുറമുഖം സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിന്റെ പേര് എഴുതുക.
   (d) ഗോവയിലെ തുറമുഖത്തിന്റെ പേര് എഴുതുക.
   (e) ഇന്ത്യയിലെ ഏറ്റവും തെക്കേ അറ്റത്തുള്ള തുറമുഖത്തിന്റെ പേര് എഴുതുക.
5. മറ്റ് ഗതാഗതമാർഗ്ഗങ്ങളേക്കാൾ വായുമാർഗ്ഗമുള്ള ഗതാഗതത്തിന്റെ ഗുണങ്ങൾ ഏതൊക്കെ?
6. നിങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ വാർത്താവിനിമയത്തിന്റെ പ്രാധാന്യം പ്രസ്താവിക്കുക.
7. വ്യക്തിഗത വാർത്താവിനിമയത്തിന്റെയും ബഹുജന വാർത്താവിനിമയത്തിന്റെയും വ്യത്യാസങ്ങൾ വ്യക്തമാക്കുക.
8. കഴിഞ്ഞ ട്രെയിൻ യാത്രയിൽ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന അഞ്ച് പ്രധാന പ്രശ്നങ്ങൾ എഴുതുക. ഓരോ പ്രശ്നത്തിനും ഓരോ പരിഹാര നിർദ്ദേശവും എഴുതുക.
9. ഏറ്റവും കൂടുതൽ റെയിൽപാതകളും, എന്നാൽ മിതമായ രീതിയിൽ കൂലി ഉള്ളതും, ഏറ്റവും കുറവ് റെയിൽപാതകളുള്ളതുമായ സംസ്ഥാനങ്ങൾ ഇന്ത്യയുടെ ഒരു ഭൂപടത്തിൽ കണ്ടുപിടിക്കുക. വിവിധ സംസ്ഥാനങ്ങൾക്ക് എന്തുകൊണ്ടാണ് അത്തരത്തിലുള്ള റെയിൽസാന്ദ്രത?

   (**സൂചന:** പ്രയാസമേറിയ പ്രതലപ്രദേശം, കാലാവസ്ഥാസ്ഥിതി, സമ്പത് വ്യവസ്ഥിതി മുതലായവ)




*ഇന്ത്യയിലെ റയിൽവേ സോണുകൾ*

**പ്രോജക്ട്:**

നിങ്ങളുടെ പ്രദേശത്ത് കഴിഞ്ഞ 10 വർഷമായി താമസിക്കുന്ന 5 പേരുമായി അഭിമുഖം നടത്തി നിങ്ങളുടെ പ്രദേശത്ത് പുതിയ റോഡുകളോ / റെയിൽവേയോ ഉണ്ടായതിനെ തുടർന്ന് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെ എന്ന് ചോദിച്ചറിയുക.

**അല്ലെങ്കിൽ**

നിങ്ങളുടെ പ്രദേശത്ത് റോഡുകൾ നിർമ്മിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാപനം ഏത്? നിങ്ങൾ അവയുടെ ഓഫീസ് സന്ദർശിച്ച് വിവരങ്ങൾ ആരായുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**13.1**

1. (a) സിൽച്ചാർ, പോർബന്ദർ ഇവ രാജ്യത്തിന്റെ ഏറ്റവും കിഴക്കും പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്നു.

   (b) ചതുർഭുജ ഇടനാഴി, ജാമ്യതി, ചതുർഭുജം രാജ്യത്തുടനീളമുള്ള വിവിധ ഭൂപ്രകൃതികളെ സംബന്ധിച്ച്

2 (a) ഈ പ്രദേശങ്ങളിൽ ഒരു ഉയർന്ന റെയിൽ സാന്ദ്രത ഉണ്ടാകുവാനുള്ള കാരണങ്ങൾ.

പഞ്ചാബും, ഹരിയാനയും – വമ്പിച്ച കാർഷിക ഉത്പാദനം ഉള്ളതിനാൽ

മഹാരാഷ്ട്രാ, ഗുജറാത്ത് – വ്യവസായവൽക്കരണം നിമിത്തം

ജാർഖണ്ഡും, ഛത്തീസ്ഗഡും – മിനറൽ നിക്ഷേപം ഉള്ളതിനാൽ

(b) സാധാരണ ആളുകൾക്ക് ഇവ രണ്ടും അവരുടെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ ആയതിനാൽ;

ഒരു പ്രദേശത്തിന്റെ വികസനത്തിന് രണ്ടും അത്യാവശ്യമായതിനാൽ;

ദീർഘദൂരയാത്രയ്ക്ക് റെയിൽവേയാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്; ചെറിയദൂരയാത്രയ്ക്ക് റോഡ് ഗതാഗതമാണ് മിക്കവരും ഇഷ്ടപ്പെടുന്നത്; റെയിൽവേയ്ക്ക് വലിയ അളവിൽ ചരക്കുകൾ കൊണ്ടുപോകുവാൻ കഴിയും;

റോഡു ഗതാഗതത്തിന് ചെറിയ അളവിൽ മാത്രമേ ചരക്കുഗതാഗതം സാദ്ധ്യമാകൂ. റെയിൽപാതകളുടെ നിർമ്മാണത്തിന് ഉയർന്ന നിർമ്മാണ ചെലവും, സംരക്ഷണചെലവും ഉണ്ട്. റോഡുഗതാഗതത്തിന് ചെറിയ നിർമ്മാണചെലവും സംരക്ഷണചെലവും.

3. ഉയർന്ന പർവ്വതനിരകളും മുറിഞ്ഞ രീതിയിലുള്ള ഉപരിതല പ്രദേശങ്ങളും ആയതിനാൽ. ഉദാ: സിക്കിം, അരുണാചൽപ്രദേശ്

**13.2**

1 (a) പട്ടിക

| തുറമുഖം | സംസ്ഥാനം | തീരദേശം |
|---|---|---|
| കാണ്ട്ലാ | ഗുജറാത്ത് | പശ്ചിമതീരം |
| മുംബൈ | മഹാരാഷ്ട്രാ | പശ്ചിമതീരം |
| ജവഹർലാൽ നെഹ്റു | മഹാരാഷ്ട്ര | പശ്ചിമതീരം |
| മർമാഗെ | ഗോവ | പശ്ചിമതീരം |
| ന്യൂ മാംഗ്ളൂർ | കർണ്ണാടക | പശ്ചിമതീരം |
| കൊച്ചി | കേരള | പശ്ചിമതീരം |
| തൂത്തുക്കുടി | തമിഴ്നാട് | പൂർവ്വതീരം |
| ചെന്നൈ | തമിഴ്നാട് | പൂർവ്വതീരം |
| വിശാഖപട്ടണം | ആന്ധ്രാപ്രദേശ് | പൂർവ്വതീരം |
| പാരദ്വീപ് | ഒറീസ്സാ | പൂർവ്വതീരം |
| ഹാൽഡിയ | പശ്ചിമ ബംഗാൾ | പൂർവ്വതീരം |
| കൊൽക്കത്താ | പശ്ചിമ ബംഗാൾ | പൂർവ്വതീരം |

(b) രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ബീഹാർ തുടങ്ങിയ സ്ഥലങ്ങളിൽ തുറമുഖങ്ങളില്ല. കാരണം ഈ സംസ്ഥാനങ്ങൾ കടലുമായി ഒരുപാട് ദൂരെ സ്ഥിതിചെയ്യുന്നു.

**13.3**

1 മഹാരാഷ്ട്രാ

2. ഹരിയാനയും, രാജസ്ഥാനും

3. പഠിതാക്കളുടെ പരിചയം അനുസരിച്ച്

**13.4**

1 ഗതാഗതമാർഗ്ഗങ്ങൾ: യുട്ടിലിറ്റി വാൻ, ട്രാക്ടർ, മെട്രോ, റെയിൽ, ആംബുലൻസ്, ട്രോളി, സൈക്കിൾ

വാർത്താവിനിമയ മാർഗ്ഗങ്ങൾ: ടെലിഗ്രാം, മൊബൈൽ, പോസ്റ്റ് കാർഡ്, ഫാക്സ്, ഫേസ്ബുക്ക്, ട്വിറ്റർ

2 (a) പരസ്പരാശ്രയ വിനിമയമാർഗ്ഗം

(b) പോസ്റ്റൽ സർവ്വീസ്

(c) ഇ-മെയിൽ

(d) ആൾ ഇന്ത്യാ റേഡിയോ (AIR)

(e) മൊബൈൽ ഫോണുകൾ

# 14

# ജനസംഖ്യ: നമ്മുടെ ഏറ്റവും വലിയ സമ്പത്ത്

ഇന്ത്യയിലെ ജനസംഖ്യ ഒരു വലിയ പ്രശ്നമാണെന്ന് നിരവധി ആളുകൾ പറയുന്നത് നമ്മളൊക്കെ കേൾക്കാറുണ്ട്. നിങ്ങൾക്കും അതുപോലെ തോന്നി ക്കാണും! ഇന്ത്യയുടെ ജനസംഖ്യ 100 കോടിയിൽ കൂടുതലായി, ഇപ്പോഴും കൂടിക്കൊണ്ടിരിക്കുകയാണെന്നും നിങ്ങൾക്കറിയാമല്ലോ! ഏതാനും ദശകങ്ങൾക്കുള്ളിൽ ഇന്ത്യയിലെ ജനസംഖ്യ ചൈന യിലെ ജനസംഖ്യയേക്കാൾ കൂടുതലായി, ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യ യുള്ള രാഷ്ട്രമായി ഇന്ത്യ മാറും. ഈ സമീപനത്തിലൂടെ വീക്ഷിക്കുമ്പോൾ ഇന്ത്യയുടെ ജനസംഖ്യ ഒരു ബാദ്ധ്യതയായി മാറുന്നുവെന്നും, രാഷ്ട്രവികസനത്തിനും അതുപോ ലെ ആളുകളുടെ ഗുണനിലവാരത്തിനും ഹാനികരമാണ് എന്നും പറയാറുണ്ട്. എന്നാൽ ഇത് ശരിയാണോ? നമുക്ക് ചിന്തിച്ച് മനസ്സിലാക്കാം. ജനസംഖ്യ നമ്മുടെ മുതൽക്കൂട്ട് അ ല്ലേ? വലിയ സമ്പത്ത് അല്ലേ? മനുഷ്യ വിഭവശേഷിയുടെ കാര്യത്തിൽ ഇന്ത്യ ഇന്ന് ലോ കരാജ്യങ്ങളിൽ മുൻപന്തിയിൽ ആണ്. ആഗോളതലത്തിൽ മുൻപന്തിയിൽ നിൽക്കുന്ന തിന് സഹായകരമായ ഘടകങ്ങൾ ഇന്ത്യയിൽ യുവജനങ്ങളും അഭ്യസ്തവിദ്യരും ഉണ്ടാ വുന്നതാണ്. മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ ഇന്ത്യയ്ക്ക് ആഗോളതലത്തിൽ മുൻ പന്തിയിൽ നിൽക്കുവാൻ, അഥവാ എത്തുവാൻ സാധിക്കുന്നത് ഇവിടുത്തെ അഭ്യസ്ത വിദ്യരും സാമ്പത്തിക ഉൽപാദനകാര്യത്തിൽ സമർത്ഥരായ യുവാക്കളുടെ സമ്പത്തിലാ ണ്. നമ്മുടെ രാജ്യത്തിലെ വികസന കാര്യങ്ങളിൽ മാത്രമല്ല നിരവധി വിദേശരാജ്യങ്ങ ളിലെ വികസനത്തിലും അവർ പങ്കു വഹിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ജ നസംഖ്യ നമ്മുടെ രാഷ്ട്രത്തിന്റെ സമ്പത്തുതന്നെയാണ്, ജനസംഖ്യ ബാദ്ധ്യതയല്ല മറി ച്ച് ഏറ്റവും വലിയ സമ്പത്തുതന്നെയാണ്. ജനസംഖ്യ എങ്ങനെ രാജ്യത്തിലെ ഏറ്റവും വലിയ വിഭവം ആണ് എന്ന് ഈ പാഠത്തിൽനിന്നും മനസ്സിലാക്കാം.

## ലക്ഷ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ജനസംഖ്യ ഒരു പ്രശ്നം എന്ന നിലയിൽ സ്ഥിതിവിവര കണക്കുകൾ അപഗ്രഥിക്കാ തെ ഇന്ത്യാരാജ്യത്തിലെ ഏറ്റവും മഹത്തായ സമ്പത്ത് ആയി അപഗ്രഥിക്കുവാൻ;
- ജനസംഖ്യ ഒരു മാനവശേഷി വിഭവമായി മാറുന്ന ഘടകങ്ങൾ വിവരിക്കുവാൻ;
- ഉയർന്നതും, മിതമായതും, താഴ്ന്ന നിരക്കിലുമുള്ള ജനസംഖ്യാ പ്രദേശങ്ങൾ തിരി ച്ചറിയുവാനും ഭുപടത്തിൽ അത് പ്രത്യേകം അടയാളപ്പെടുത്തുവാനും;

കുറിപ്പുകൾ



- ജനസംഖ്യയുടെ വ്യാപനത്തേയും ജനസംഖ്യാ സാന്ദ്രതയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ അപഗ്രഥിക്കുവാൻ;
- ജനസംഖ്യാമാറ്റവും ജനസംഖ്യാ ഘടനയും പിന്നോക്കപ്രദേശങ്ങളിലും നഗരങ്ങളിലുമുള്ള ജനസംഖ്യാ ഘടന, വയസ്സിന്റെ ഘടന, സ്ത്രീപുരുഷ അനുപാതം, സാക്ഷരത എന്നീ കാര്യങ്ങൾ അപഗ്രഥിക്കുവാൻ;
- ജനസംഖ്യയിലെ നിർണ്ണായകമായ കൗമാരവിഭാഗത്തിന്റെ ആവശ്യങ്ങൾ അറിയുന്നതിനും അതുപോലെ ഈ വിഭാഗത്തിന്റെ സ്ഥാനികശക്തിയും അറിയുന്നതിനും;
- ഇന്ത്യയിൽ സ്ത്രീ ശാക്തീകരണത്തിന്റെ ആവശ്യകത അംഗീകരിക്കുവാനും / മനസ്സിലാക്കുവാനും;
- ഇന്ത്യാ ഗവൺമെന്റിന്റെ ജനസംഖ്യാ നയങ്ങൾ പ്രത്യേകിച്ചും മനുഷ്യവിഭവ ശേഷി വികസനത്തിലുള്ളത് വിലയിരുത്തുവാൻ;

## 14.1 ജനസംഖ്യ ഒരു വിഭവമായി

ജനസംഖ്യ എന്നാൽ സാധാരണയായി നാം മനസ്സിലാക്കുന്നത് ഒരുകൂട്ടം ആളുകളെയാണ്. ആദ്യമായി താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ജനസംഖ്യ എന്നതിന്റെ അർത്ഥം നമുക്ക് മനസ്സിലാക്കാം. വ്യത്യസ്ത സാഹചര്യങ്ങളിൽ ഈ പദം വ്യത്യസ്തമായി ഉപയോഗിക്കാറുണ്ട്. സാമൂഹ്യശാസ്ത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, മാനവസമുദായ ശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളുടെ പാഠ്യപുസ്തകത്തിൽ ഉപയോഗിക്കുന്ന ജനസംഖ്യയുടെ അർത്ഥം അല്ല ശാസ്ത്രവിഷയങ്ങളിലോ, ജീവശാസ്ത്രത്തിലോ ഉപയോഗി ക്കുന്നത്. എന്നാൽ സ്ഥിതവിവരകണക്കുകളിൽ ഈ പദം മറ്റൊരർത്ഥത്തിൽ ഉപയോഗിക്കുന്നുവെന്ന് നിങ്ങൾ പിന്നീട് പഠിക്കും. അത് എന്താണ് എന്ന് നിങ്ങൾക്ക് കണ്ടുപിടിക്കണമെന്നുണ്ടോ? സ്ഥിതിവിവരങ്ങൾ നൽകുന്ന പാഠപുസ്തകങ്ങൾ നോക്കി അത് കണ്ടുപിടിക്കുക. എന്നാൽ ഈ പാഠത്തിൽ ഉപയോഗിക്കുന്ന അർത്ഥം ഒരു പ്രത്യേക ഭൂപ്രദേശത്തോ, സ്ഥലത്തോ വസിക്കുന്ന ജനങ്ങളുടെ കൂട്ടം എന്ന അർത്ഥത്തിലാണ്. ജനസംഖ്യാ കണക്കിൽ ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

**ജനസംഖ്യ എന്നാൽ അർത്ഥം എന്താണ്?**

- ഒരു പ്രത്യേകസ്ഥലത്തോ, പ്രദേശത്തോ താമസിക്കുന്ന ആകെയുള്ള ആളുകളെ (ഉദാഹരണത്തിന് ഒരു ഗ്രാമത്തിലെ ജനസംഖ്യ, ഒരു നഗരത്തിലെ, ഒരു സംസ്ഥാനത്തെ, ഒരു രാജ്യത്തെ, ലോകത്തിലെ ജനസംഖ്യ)
- ഒരു പ്രത്യേക വിഭാഗത്തിലോ, വർക്ഷത്തിലോ അല്ലെങ്കിൽ കൂട്ടത്തെ (ഉദാ: പട്ടികജാതി, പട്ടികവർക്ഷം, അഥവാ മതവിഭാഗങ്ങൾ, ഹിന്ദുക്കൾ, മുസ്ലീമുകൾ, ക്രിസ്ത്യാനികൾ, സിക്കുകാർ മുതലായവ)
- ജീവശാസ്ത്രത്തിൽ പ്രജനനത്തിലൂടെ ഉണ്ടാകുന്ന കൂട്ടത്തെ അറിയപ്പെടുന്നത് സംഖ്യയിലാണ്. എന്നാൽ ജനസംഖ്യ എന്നു പറഞ്ഞാൽ അർത്ഥമാക്കേണ്ടത് വിഭവം അഥവാ മനുഷ്യവിഭവം എന്നാണ്.

എന്താണ് വിഭവം? ഉപയോഗിക്കാവുന്നതും, വീണ്ടും ഉപയോഗിക്കാവുന്നതും എന്ന് അർത്ഥമാക്കുന്നു. നമ്മുടെ മുറിയിൽ തന്നെ ഒന്ന് കണ്ണോടിക്കുക. വീട്ടുസാധനങ്ങൾ, പാഠപുസ്തകങ്ങൾ നോട്ട്ബുക്കുകൾ, പേന, കപ്പ് അങ്ങനെ പലതും നമ്മൾ മുറിയിൽ കണുന്നു. ഇവയെല്ലാം നമ്മുടെ വിഭവങ്ങളാണ്. നാം അത് നമ്മുടെ ജീവിതത്തിൽ ഉപയോഗിക്കുന്നു. വീണ്ടും ഉപയോഗിക്കുന്നു.



കുറിപ്പുകൾ

ഇവയുടെ ഉത്ഭവത്തെപ്പറ്റി നമുക്ക് ചിന്തിക്കാം. ഇവയെല്ലാംതന്നെ പ്രകൃതിയിൽ നിന്നും കിട്ടുന്ന വിഭവങ്ങൾ കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. വനത്തിൽ നിന്നും ലഭിക്കുന്ന തടി കൊണ്ട് വീട്ടുസാധനങ്ങൾ ഉണ്ടാക്കുന്നു. പുസ്തകങ്ങളും നോട്ട്ബുക്കുകളും വനത്തിൽ നിന്നും ലഭിക്കുന്നുണ്ട്. മരം കൊണ്ട് ഉണ്ടാക്കുന്ന കുഴമ്പിൽ (പൾപ്പ്) നിന്ന് പേപ്പർ ഉണ്ടാക്കുന്നു. പെട്രോളിന്റെ തന്നെ മറ്റൊരു അസംസ്കൃതവസ്തുവിൽ നിന്ന് ലഭിക്കുന്ന വിഭവംകൊണ്ട് പേന ഉണ്ടാക്കുന്നു. ഇതുപോലെ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന നിരവധി പദാർത്ഥങ്ങൾ സംയുക്തങ്ങളിൽ നിന്ന് വേർപെടുത്തി എടുക്കുന്നതോ, സംസ്ക്കരിച്ചതോ, അല്ലെങ്കിൽ പ്രകൃതി വിഭവങ്ങളിൽ നിന്ന് ഉണ്ടാക്കുന്നതോ ആണ്. ആളുകൾ അവരുടെ ശരീരാദ്ധ്വാനത്താലോ, മാനസിക പ്രവർത്തനങ്ങളിലൂടെയോ, പ്രകൃതി വിഭവങ്ങളെ മേൽപ്പറഞ്ഞ രീതിയിലോ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങളിലൂടെയോ, പ്രയോജനമുള്ള വസ്തുക്കളായി മാറ്റുന്നു.

### ? നിങ്ങൾക്കറിയാമോ

1985-ൽ കേന്ദ്ര ഗവൺമെന്റ് മുൻപ് ഉണ്ടായിരുന്ന വിദ്യാഭ്യാസ - സാംസ്ക്കാരിക വകുപ്പ് പുനഃസംഘടിപ്പിച്ചു പുതിയ മാനവശേഷി വിഭവ വികസന വകുപ്പാക്കി മാറ്റി. ഏതാനും സംസ്ഥാനങ്ങളും ഇപ്രകാരം ചെയ്തു. ഇതിന്റെ അർത്ഥം ജനസംഖ്യ ഒരു വിഭവമാണെന്ന ആശയത്തിന്റെ അംഗീകാരമാണ്.

വിഭവങ്ങൾ ഉപയോഗിക്കുകയും പുനഃസംസ്കരിക്കുകയും ചെയ്യാമെങ്കിൽ ജനസംഖ്യ എങ്ങനെ ഒരു വിഭവമായി കണക്കാക്കാം? കൃഷിഭൂമിയിൽ വിളയിക്കുന്ന ധാന്യവും, മണ്ണിൽ നിന്ന് കുഴിച്ചെടുക്കുന്ന ധാതുക്കളും, ഫാക്ടറികളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളും മനുഷ്യരുടെ പ്രവർത്തിയാണ്. ഒരു രാജ്യത്തിലെ ജനത വിവിധ സാധനങ്ങൾ ഉൽപാദിപ്പിക്കുകയും വിവിധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, സേവനങ്ങൾ കൂടുതൽ ഉണ്ടാക്കുകയും ചെയ്യുന്നത് അവരുടെ ജീവിതം കൂടുതൽ സുഖപ്രദം ആകുവാനായിട്ടാണ്. സൗകര്യങ്ങൾ ഏതുമാകട്ടെ, അത് ഗതാഗത സൗകര്യങ്ങളാകട്ടെ, വാർത്താ വിനിമയ സൗകര്യങ്ങളാകട്ടെ, സ്കൂളുകളും കലാലയങ്ങളും ആകട്ടെ, വൈദ്യുതി ഉൽപാദന യൂണിറ്റുകളാകട്ടെ, ഇറിഗേഷൻ സൗകര്യത്തിനായി ഘടകവസ്തുക്കളുടെ അന്യോന്യ ഘടനയാകട്ടെ, അല്ലെങ്കിൽ മറ്റെന്തുമാകട്ടെ അവയെല്ലാം തന്നെ ഒരു രാഷ്ട്രത്തിന്റെ വികസന കാര്യത്തിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു.

മേൽപറഞ്ഞ എല്ലാ സൗകര്യങ്ങളും ഉൽപാദിപ്പിക്കുന്നതിലും, വികസിപ്പിക്കുന്നതിലും പ്രയോജനകരമായ രീതികളിലേക്ക് മാറ്റുന്നതിലും മനുഷ്യർ ഏറ്റവും വലിയ വിഭവമായി മാറുന്നു. മാനുഷികവിഭവം ഇല്ലാത്ത മറ്റ് വിഭവങ്ങൾ വികസിപ്പിക്കുവാനോ / വർദ്ധിപ്പിക്കുവാനോ ശരിയായരീതിയിൽ ഉപയോഗിക്കുവാനോ സാദ്ധ്യമല്ല. അതുകൊണ്ട് ജനസംഖ്യയും, ജനസംഖ്യയുടെ ഗുണവിശേഷങ്ങളും മൊത്തത്തിൽ ഒരു രാജ്യത്തിലെ യഥാർത്ഥവും അന്തിമവുമായ വിഭവങ്ങൾ ആകുന്നു.

മേൽ പറഞ്ഞതിന്റെ വെളിച്ചത്തിൽ ആളുകളുടെ ഒരു വെറും സംഖ്യയോ അഥവാ ഒരു നിശ്ചിതകാലയളവിലെ ജനസംഖ്യാ കണക്കെടുപ്പിലൂടെ ലഭിക്കുന്ന കണക്കോ ഒരു ബാദ്ധ്യത ആയേക്കാം, എന്നാൽ ഗുണമേന്മയുള്ള ജനസംഖ്യ രാഷ്ട്രത്തിലെ മനുഷ്യവിഭവം തന്നെയാണ്. ജനസംഖ്യ ഒരു മൂലധനമായി മാറ്റുന്നതിന് രാജ്യം അവിടുത്തെ ജനതയുടെ ആരോഗ്യപരിപോഷണത്തിനും മതിയായ കലോറി അടങ്ങിയ ആഹാരവും അവരുടെ വിദ്യാഭ്യാസ സൗകര്യങ്ങളും പ്രത്യേക പരിശീലനങ്ങളും ലഭ്യമാക്കുന്നതിന് പുതിയ നിക്ഷേപ പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാൻ കേന്ദ്ര ഗവൺമെന്റും മറ്റ് സേവന സംഘടനകളും ശ്രമിക്കണം. ഓരോ വ്യക്തിയും അയാളുടെ / അവരുടെ കഴിവിനനുസരിച്ച് രാഷ്ട്രത്തിന്റെ വികസന യജ്ഞങ്ങളിൽ പങ്കാളികൾ ആകണം. അതുകൊണ്ട് ജനസംഖ്യ ഒരു മനുഷ്യ വിഭവമെന്നു പറയുമ്പോൾ

വികസനത്തിന്റെ അന്തിമലക്ഷ്യവും അതുപോലെ വികസനത്തിൽ പങ്കാളികളാവുകയും ചെയ്യുന്നു എന്ന് അർത്ഥമാക്കുന്നു. മേൽപറഞ്ഞതുപോലെ ജനസംഖ്യ ഒരു സംഖ്യയായി, വിഭവമെന്ന് വിളിക്കരുത്, എന്നാൽ ഈ സംഖ്യയെ പ്രയോജനപ്രദമായ കാര്യങ്ങളിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്.

## ? നിങ്ങൾക്കറിയാമോ

**മനുഷ്യ വിഭവം / മൂലധനം:** അടുത്തകാലത്തായി, ഒരു ബിസിനസ്സിലെ ജോലിക്കാരും ആളുകളും എന്നൊക്കെ പറയുന്നത് മാറിക്കഴിഞ്ഞു. നമ്മൾ ഉദ്യോഗസ്ഥരിൽ നിന്ന് മനുഷ്യ വിഭവങ്ങളിലേക്കും മനുഷ്യ മൂലധനത്തിലേക്കും മാറിക്കഴിഞ്ഞു. മനുഷ്യ മൂലധനം പ്രതിനിധാനം ചെയ്യുന്നത് വ്യക്തികളുടെ ഗുണങ്ങളാണ്. അവർ സാമ്പത്തികരാജ്യങ്ങളിൽ ഉൽപാദകരാണ്. അർത്ഥമാക്കുന്നത്, ഉൽപാദന കഴിവുകളും തൊഴിലിലുള്ള സാങ്കേതികപരിജ്ഞാനവുമാണ്.

**ജനസംഖ്യ കണക്കെടുപ്പ്:** ഒരു ജനവിഭാഗത്തിന്റെ എല്ലാ വിവരങ്ങളും ക്രമാനുഗതമായി ശേഖരിക്കുന്നതാണ് ജനസംഖ്യ കണക്കെടുപ്പ്. ഈ പദം അർത്ഥമാക്കുന്നത് വീട് വീടാംതോറും ഓരോ 10 വർഷത്തിലും ശേഖരിക്കുന്ന ദേശീയ ജനസംഖ്യ കണക്കെടുപ്പിനെയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടെ, ഇത് നടത്തുന്നു. ഇതിലൂടെ ജനസംഖ്യ സംബന്ധിച്ച നിരവധി കാര്യങ്ങൾ പ്രത്യേകിച്ച് സാമൂഹിക - സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചുള്ളത് ശേഖരിക്കുന്നു.

### ജനസംഖ്യ മനുഷ്യവിഭവമായി മാറുന്ന ഘടകങ്ങൾ

മനുഷ്യവിഭവമായി ജനസംഖ്യ മാറുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് സ്വാധീനിക്കുന്നത്? മേൽപറഞ്ഞ ചർച്ചകളിൽ നിന്ന് വിദ്യാഭ്യാസം, ആരോഗ്യം, ആളുകളുടെ പോഷകാഹാരനില, അവർക്ക് ലഭിച്ചിരിക്കുന്ന പ്രത്യേകമായ പരിശീലനങ്ങൾ, ഇവയെല്ലാം ജനസംഖ്യയുടെ ഗുണനിലവാരം നിശ്ചയിക്കുന്ന ഘടകങ്ങളാണ്. ഇതിന് പുറമേ വേറെ ഏതാനും പ്രധാനപ്പെട്ട സാമൂഹ്യ - ജനസംഖ്യാ ഘടകങ്ങളും ജനസംഖ്യ ഒരു വിഭവമായി കണക്കാക്കപ്പെടുന്നതിന് പങ്കുവഹിക്കുന്നു. അവയാണ് (1) ജനസംഖ്യാ വ്യാപനം (2) ജനസംഖ്യാമാറ്റം (3) ജനസംഖ്യാഘടന എന്നിവ. ഇവ മൂന്നും നമുക്ക് വിശദമായി മനസ്സിലാക്കാം. ആദ്യമായി ജനസംഖ്യയുടെ വ്യാപനത്തെ സംബന്ധിച്ചു തുടങ്ങാം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 14.1


1. വിഭവം എന്നുപറഞ്ഞാൽ എന്താണ്?
2. ജനസംഖ്യ മനുഷ്യ വിഭവമായി മാറുന്നതിനുള്ള ഗുണങ്ങൾ ഏതെല്ലാം?

## 14.2 ജനസംഖ്യയുടെ വ്യാപനം

വിഭവങ്ങൾ പ്രകൃതിയിൽ നിന്നുള്ളവയാകട്ടെ, അല്ലെങ്കിൽ മറ്റുള്ളവയാകട്ടെ അവ തുല്യമായി വ്യാപിച്ചിട്ടുള്ളവയല്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ? ഉദാഹരണത്തിന് പ്രകൃതിവിഭവങ്ങളായ വനസമ്പത്ത് ആകട്ടെ, അല്ലെങ്കിൽ ഇരുമ്പയിരോ, കൽക്കരിയോ ആകട്ടെ അത് ലോകത്തിലോ ഇന്ത്യയിലോ തുല്യമായിട്ടല്ല കാണപ്പെടുന്നത്. ജനസംഖ്യയെ സംബന്ധിച്ചും മനുഷ്യവിഭവശേഷിയെ സംബന്ധിച്ചും ഇതാണ് അവസ്ഥ. അത് ലോകത്തിൽ

ഒരിടത്തും ഒരുപോലെയല്ല കാണപ്പെടുന്നത്. ഒരു പ്രദേശത്ത് വസിക്കുന്നതോ, അല്ലെങ്കിൽ ഒരു സംസ്ഥാനത്ത്, വസിക്കുന്നതോ അല്ലെങ്കിൽ ഒരു രാഷ്ട്രത്തിൽ വസിക്കുന്നതോ ആയ ആളുകളെയാണ് ജനസംഖ്യാവ്യാപനം എന്നു പറയുന്നത്.

താഴെ കൊടുത്തിരിക്കുന്ന ചിത്രം കാണുവാൻ നിങ്ങൾക്ക് താൽപര്യം ഉണ്ടായിരിക്കുമല്ലോ. (ചിത്രം 14.1) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണപ്രദേശത്തുമുള്ള ജനസംഖ്യാവ്യാപനത്തെയാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഓരോ പുള്ളിയും 5 ലക്ഷം ജനസംഖ്യയെ പ്രതിനിധാനം ചെയ്യുന്നു. ചില സംസ്ഥാനങ്ങൾ വലിപ്പത്തിൽ കൂടുതലാണെങ്കിലും പുള്ളികളുടെ എണ്ണം കുറവാണ്. ഇതിന്റെ അർത്ഥം ഈ സംസ്ഥാനങ്ങളിലെ ജനസംഖ്യ ഒന്നുകിൽ എല്ലാ ഭാഗത്തേക്കും വ്യാപിച്ചിട്ടുണ്ട്. അല്ലെങ്കിൽ മിതമായ നിരക്കിൽ വ്യാപിച്ചിട്ടുണ്ട്. എന്നാൽ ചില സംസ്ഥാനങ്ങളിൽ പുള്ളികൾ വളരെ അടുത്തടുത്ത് ആണ്. ഒറ്റനോട്ടത്തിൽ അവ പെയിന്റു ചെയ്തതുപോലെ തോന്നിക്കും. അവിടെ ജനസംഖ്യാസാന്ദ്രത വളരെ കൂടുതലാണ്. സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും, ജനസംഖ്യ വിരളമായിട്ടും, നിയതമായ നിരക്കിലും, അധിക സാന്ദ്രതയിലും വ്യാപിച്ചിട്ടുള്ളതിന്റെ ഒരു പട്ടിക നമുക്ക് തയ്യാറാക്കാം.




**ചിത്രം 14.1** *ജനസംഖ്യാവ്യാപനം ഇന്ത്യയിൽ*



കുറിപ്പുകൾ




## 14.3 ജനസാന്ദ്രത

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2 സംസ്ഥാനങ്ങളിലെ ജനസംഖ്യാ നിരക്ക് താരതമ്യം ചെയ്യുന്നതിൽ താല്പര്യം ഉണ്ടായിരിക്കുമല്ലോ! നമുക്ക് മഹാരാഷ്ട്ര യും പശ്ചിമബംഗാളും ചിത്രത്തിൽ നോക്കി (ചിത്രം 14.1) താരതമ്യം ചെയ്യാം. രണ്ടു സം സ്ഥാനങ്ങളിലും ജനസംഖ്യാവ്യാപനം വ്യത്യസ്ഥമാണ്. ഒറ്റനോട്ടത്തിൽ തന്നെ പശ്ചിമ ബംഗാളിൽ കൂടുതൽ ജനസംഖ്യ ഉണ്ടെന്ന് കാണാം. എന്നാൽ ഇത് ശരിയല്ല. പശ്ചിമ ബംഗാളിനേക്കാൾ മഹാരാഷ്ട്രയിൽ ജനസംഖ്യ കൂടുതലാണ്. മഹാരാഷ്ട്ര സംസ്ഥാ നം പശ്ചിമബംഗാളിനേക്കാൾ വലുതാണ്. ഈ കാരണത്താൽ ജനസംഖ്യാവ്യാപനം വി കേന്ദ്രീകരിച്ചാണ്. അതുകൊണ്ട് ഇരുസംസ്ഥാനങ്ങളുടെയും വലുപ്പം പരിഗണിക്കാതെ ജനസംഖ്യ, സംഖ്യാപരമായി താരതമ്യംചെയ്യുന്നത് ശരിയാവുകയില്ല. ആയതിനാൽ ഓരോ പ്രദേശങ്ങളിലേയും രാജ്യങ്ങളിലേയും ജനസംഖ്യ താരതമ്യം ചെയ്യുന്നത് ജന സാന്ദ്രതയുടെ മാനദണ്ഡത്തിലാണ്.

**? നിങ്ങൾക്കറിയാമോ**

**ജനസാന്ദ്രത**: ഒരു നിശ്ചിത അളവു സ്ഥലത്ത് വസിക്കുന്ന ആളുകളുടെ എണ്ണത്തെയാ ണ് ജനസാന്ദ്രത എന്നു പറയുന്നത്. സാധാരണയായി ഇതു പറയുന്നത് ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് താമസിക്കുന്ന ആകെ ആളുകളെ അടിസ്ഥാനമാക്കിയാണ്. ഇത് കണക്കാക്കുന്ന രീതി / മാനദണ്ഡം

$$\text{ജനസാന്ദ്രത} = \frac{\text{ഒരു നിശ്ചിത സ്ഥലത്ത് വസിക്കുന്ന ആളുകളുടെ എണ്ണം}}{\text{ആ പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം (ച.കി.മീ.)}}$$



ചിത്രം 14.2 ഇന്ത്യൻ ജനസംഖ്യാ സാന്ദ്രത


കുറിപ്പുകൾ

ചിത്രം 14.2 കാണിക്കുന്നത് ഇന്ത്യയിലെ ജനസാന്ദ്രത ഒരുപോലെയല്ല എന്നതാണ്. ഓരോ സംസ്ഥാനത്തിലും അത് വ്യത്യസ്തമായിരിക്കും.

ജനസാന്ദ്രത കണക്കാക്കുന്നത് ഇപ്രകാരമാണ്. ഒരു നിശ്ചിത സ്ഥലത്ത് താമസിക്കുന്ന ആകെ ആളുകളുടെ എണ്ണത്തെ ആകെ വിസ്തീർണ്ണവുമായി ഹരിച്ച് കിട്ടുന്ന എണ്ണം ആണ്. ഒരു ചതുരശ്രകിലോമീറ്റർ സ്ഥലത്ത് താമസിക്കുന്ന ആളുകളുടെ എണ്ണം ഇപ്രകാരം ലഭിക്കും. ഉദാഹരണത്തിന് ഒരു ജില്ലയിലെ ആകെ ജനസംഖ്യ 2,50,000 എന്ന് സങ്കൽപ്പിക്കുക. വസിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 1000 ചതുരശ്ര കിലോമീറ്റർ. ഇവിടുത്തെ ജനസാന്ദ്രത ഇപ്രകാരം കണക്കാക്കാം.

$$\text{ജനസാന്ദ്രത} = \frac{\text{2,50,000 ആളുകൾ}}{\text{1000 ച.കി.മീ.}} = \text{250 ആളുകൾ (ച.കീ.മീറ്ററിൽ)}$$

## പ്രവർത്തനം 14.1





ചിത്രം 14.2 കാണുക. സംസ്ഥാനങ്ങൾ ഏതാണെന്ന് വ്യക്തമായി മനസ്സിലാക്കി സംസ്ഥാനങ്ങളുടെ പേര് എഴുതുക. ഉയർന്ന സാന്ദ്രതയുള്ളത് (ചതുരശ്ര കിലോമീറ്ററിൽ 500 ആളുകളിൽ കൂടുതൽ) മിതമായ നിരക്കിലുള്ളത് (ചതിരശ്രകിലോമീറ്ററിൽ 100-500 ആളുകളിൽ കൂടുതൽ) ലഘു സാന്ദ്രയുള്ളത് (ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കുറവുള്ളത്)

സംസ്ഥാനങ്ങളെ പൊതുവെ ഇപ്രകാരം വിഭജിക്കാം. ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ. മിതമായ ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ. ലഘുസാന്ദ്രതയുള്ള സംസ്ഥാനങ്ങൾ.

സംസ്ഥാനങ്ങളിൽ ജനസംഖ്യാ സാന്ദ്രതയിലുള്ള വ്യത്യാസത്തിന്റെ കാരണം നിങ്ങൾക്ക് പറയാമോ?

**സൂചന:** അനുകൂലമല്ലാത്ത / കഠിനമായ കാലാവസ്ഥാരീതികൾ, ക്രമരഹിതമായ ഭൂപ്രദേശം, മണ്ണിന്റെ കുറഞ്ഞ ഫലഭൂയിഷ്ഠി മുതലായവ താഴ്ന്നജന സാന്ദ്രതയ്ക്ക് കാരണമാകുന്നു. വളക്കൂറുള്ള മണ്ണ്, ധാരാളം വർഷപാതം, ജനസേചനസൗകര്യങ്ങളുടെ കൂടുതൽ വികസനം, മിതമായ കാലാവസ്ഥ, നഗരവൽക്കരണം മുതലായവ ഉയർന്ന ജനസാന്ദ്രതയ്ക്ക് കാരണമാകുന്നു. ശരാശരി ഫലഭൂയിഷ്ഠതയുള്ള മണ്ണ്, ശരാശരി പരിമിതമായ തോതിലുള്ള വർഷപാതം, ജലസേചനസൗകര്യങ്ങളുടെ പരിമിതി, കല്ലും മണലും നിറഞ്ഞ ഉപരിതലം ഈ ഭൂപ്രദേശങ്ങളിൽ മിതമായ നിരക്കിലുള്ള ജനസാന്ദ്രത മാത്രമേ ഉണ്ടാവുകയുള്ളൂ.




**ചിത്രം 14.3** *ദശാബ്ദങ്ങളിലെ ജനസാന്ദ്രത (1901-2001)*

ജനസാന്ദ്രതയും ക്രമമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ചിത്രം 14.3-ൽ കാണുന്നതു പോലെ 1901-ൽ ചതുരശ്രകിലോമീറ്ററിൽ ജനസംഖ്യാസാന്ദ്രത ഏറ്റവും താണ 77 ആളുകൾ ആയിരുന്നു. അത് നിരന്തരമായി വർദ്ധിച്ചു കൊണ്ടിരുന്നു. 1931-ൽ 90 ആളുകൾ ആയിരുന്നെങ്കിൽ 2001-ൽ 325 ആളുകൾ ആയി മാറി. ഏറ്റവും കൂടുതൽ സാന്ദ്രതയുള്ള സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും അറിയുവാൻ നിങ്ങൾക്ക് താല്പര്യം ഉണ്ടായിരിക്കുമല്ലോ? അതിന് നിങ്ങൾ ജനസംഖ്യാ സ്ഥിതിവിവരക്കണക്ക് പരിശോധിക്കേണ്ടിയിരിക്കുന്നു. 2001-ലെ ജനസംഖ്യാ കണക്കനുസരിച്ച് ദേശീയ തലസ്ഥാനപ്രദേശമായ ഡൽഹിയിലാണ് ഏറ്റവും ഉയർന്ന ജനസംഖ്യാ സാന്ദ്രത. ഇത് ചതുരശ്ര കിലോമീറ്ററിന് 9,340 ആയിരുന്നു. തൊട്ടടുത്ത് ചണ്ഡിഗഢും (ചതുരശ്ര കിലോമീറ്ററിന് 7,900 ആളുകൾ). അരുണാചൽ പ്രദേശത്തിലാണ് ഏറ്റവും കുറഞ്ഞ ജനസംഖ്യാസാന്ദ്രത. ഇവിടെ ചതുരശ്രകിലോമീറ്ററിന് 13 ആളുകൾ മാത്രം. സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന ജനസംഖ്യാസാന്ദ്രത പശ്ചിമ ബംഗാളിലാണ്. അതായത് ചതുരശ്രകിലോമീറ്ററിന്, 903 ആളുകൾ.


## ജനസംഖ്യാവ്യാപനത്തേയും ജനസാന്ദ്രതയെയും ബാധിക്കുന്ന ഘടകങ്ങൾ

ജനസംഖ്യയുടെ വ്യാപനം ക്രമമല്ലാത്തത് എന്തുകൊണ്ടാണ്? വിഭവങ്ങൾ ആയാസ്സരഹിതമായി ലഭിക്കുന്ന സ്ഥലങ്ങളിൽ ആളുകൾ കൂട്ടത്തോടെ താമസിക്കും എന്നുള്ളത് മനുഷ്യസഹജമാണ്. വിഭവങ്ങളിൽ ഉൾപ്പെട്ടതാണ് ശുദ്ധജലം, ഫലഭൂയിഷ്ഠമായ മണ്ണ്, ആഹാരവും അഭയവും / ഭവനം, തൊഴിൽ സാദ്ധ്യത തുടങ്ങിയ കാര്യങ്ങളാണ്. മേൽപറഞ്ഞ വിഭവങ്ങളുടെ ലഭ്യത ഭൂമിശാസ്ത്രപരമായ സവിശേഷതകളെ ആശ്രയിച്ചിരിക്കുന്നു. ഭൂമിശാസ്ത്ര പരമായ ഘടകങ്ങൾ തന്നെയാണ് ജനസംഖ്യയുടെ വ്യാപനത്തിലും സ്വാധീനിക്കുന്നത്. അതുകൊണ്ട് ജനസാന്ദ്രതയും ജനസംഖ്യാ വ്യാപനവും ക്രമരഹിതമായിരിക്കുന്നു. ജനസാന്ദ്രതയേയും ജനസംഖ്യാവ്യാപനത്തേയും സ്വാധീനിക്കുന്ന ഘടകങ്ങളെ നമുക്ക് രണ്ടായി തിരിക്കാം. ഭൗതികം, സാമൂഹിക-സാമ്പത്തികവും.

### A. ഭൗതിക ഘടകങ്ങൾ

മൂന്ന് പ്രധാന ഭൗതികഘടകങ്ങളാണ് ജനസംഖ്യയുടെ വ്യാപനത്തേയും ജനസാന്ദ്രതയേയും സ്വാധീനിക്കുന്നത്. അവയാണ് ഉപരിതല നിമ്നോന്നതം, കാലാവസ്ഥ, മണ്ണിന്റെ ഘടന.

**(i)** **ഉപരിതല നിമ്നോന്നതം:** നിങ്ങൾ ഒരു മലമ്പ്രദേശമോ അല്ലെങ്കിൽ താഴ്‌വരയോ അല്ലെങ്കിൽ സമതലപ്രദേശമോ സന്ദർശിച്ചിട്ടുണ്ടാവും. സമതലപ്രദേശങ്ങളേക്കാൾ മലമ്പ്രദേശത്ത് ജനസംഖ്യ വളരെ കുറവാണ് എന്ന് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാവും! ഒരു പ്രത്യേക ഭാഗത്തെ ഉയർന്ന പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളും തമ്മിലുള്ള നിമ്നോന്നത വ്യതിയാനങ്ങളും ഉപരിതലത്തിലുള്ള ചെരിവും പ്രദേശങ്ങളിലേക്ക് ആളുകൾക്ക് ആയാസരഹിതമായി പ്രവേശിക്കുന്നതിന് തടസ്സം നേരിടുന്നു. ആളുകൾക്ക് ആയാസരഹിതമായി പ്രവേശിക്കാവുന്ന സ്ഥലങ്ങളിൽ കൂടുതൽ ആളുകൾ വസിക്കുന്നു. അതുകൊണ്ടാണ് സമതല പ്രദേശങ്ങളിൽ ജനസാന്ദ്രത കൂടുതൽ ആയി കാണാറുള്ളതും. അതേസമയം ഉപരിതലം നിരപ്പല്ലാത്ത കുന്നുകളിലും പീഠഭൂമികളിലും ജനസാന്ദ്രത കുറവായി കാണാറുള്ളത് ഹിമാലയപർവ്വത പ്രദേശത്തിനോടടുത്തു സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലുള്ള ജനസാന്ദ്രതയും ജനസംഖ്യാപ്യാപനവും ഉത്തരേന്ത്യയിലെ സമതലപ്രദേശങ്ങളിലും കാണുന്ന ജനസാന്ദ്രതയും തമ്മിൽ താരതമ്യം ചെയ്താൽ ഭൂമിയുടെ ഉപരിതല നിമ്നോന്നതാവസ്ഥ ജനസംഖ്യാവ്യാപനത്തെ സ്വാധീനിക്കുന്നത് എപ്രകാരമാണെന്ന് മനസ്സിലാകും.




**ചിത്രം 14.4** *ജനസംഖ്യാവ്യാപനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ*

**നിമ്നോന്നതം:** ഭൂമിയുടെ ഉത്തുംഗത, ഭൂമിയുടെ ഉപരിതലത്തിൽ തന്നെ കാണപ്പെടുന്ന നിമ്നോന്നതാവസ്ഥ, കുന്നുകളായും താഴ്‌വരകളായും കാണുന്നത്.

**(ii) കാലാവസ്ഥ:** ജനസാന്ദ്രതയുടെയും ജനസംഖ്യാവ്യാപനത്തേയും സ്വാധീനിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കാലാവസ്ഥ. അനുകൂലമായ കാലാവസ്ഥ മനുഷ്യരുടെ ജീവിത സാഹചര്യങ്ങൾക്ക് അനിവാര്യമാണ്. കാലാവസ്ഥ അനുകൂലമായി കാണുന്ന പ്രദേശങ്ങളിൽ ഉയർന്ന ജനസാന്ദ്രത സാധാരണയായി കാണുന്നു. എന്നാൽ പരുഷമായ കാലാവസ്ഥയുള്ള സ്ഥലങ്ങളിൽ, അതായത് ഉഷ്ണമേഖലാ പ്രദേശങ്ങൾ, ശൈത്യമേഖലാ പ്രദേശങ്ങൾ, വളരെ വരണ്ടത് അല്ലെങ്കിൽ ചെളിപ്രദേശങ്ങൾ എന്നീ പ്രദേശങ്ങളിൽ ജനസാന്ദ്രത കുറവാണ്. ഇന്ത്യയിൽ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്ന രാജസ്ഥാനിലും, കൂടുതൽ ശൈത്യമേഖലകളായ ജമ്മു-കാശ്മീർ താഴ്‌വരകളിലും അല്ലെങ്കിൽ ഹിമാചൽ പ്രദേശം, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും ജനസാന്ദ്രത വളരെ കുറവാണ്.

**(iii) മണ്ണ്:** കൃഷിക്ക് അനുയോജ്യമായ മണ്ണ് ഉള്ള സ്ഥലങ്ങളെയാണ് മനുഷ്യർ ആശ്രയിക്കാറുള്ളത്. ഫലഭൂയിഷ്ഠി ഉള്ള മണ്ണ് ഉയർന്ന ജനസംഖ്യയെ പിന്താങ്ങുന്നു. ആയതിനാലാണ് ഫലഭൂയിഷ്ഠി ഉള്ള ഉത്തരേന്ത്യയിലെ സമതലപ്രദേശങ്ങളിലും, ഇന്ത്യയിലെ തീരപ്രദേശങ്ങളിലും ഉയർന്ന തോതി ലുള്ള ജനസംഖ്യ ഉള്ളത്. മറിച്ച് വളക്കൂറില്ലാത്ത മണ്ണ് കാണുന്ന മദ്ധ്യപ്രദേശിന്റെ ഏതാനും ഭാഗങ്ങളിലും രാജസ്ഥാനിലും, ഛത്തീസ്ഗഢിലും കുറഞ്ഞ ജനസാന്ദ്രതയേ ഉള്ളൂ.

## B. സാമൂഹ്യ-സാമ്പത്തിക ഘടകങ്ങൾ

ജനസാന്ദ്രതയും ജനസംഖ്യാവ്യാപനവും താഴെ പ്രസ്താവിക്കുന്ന സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

(i) **വ്യവസായവൽക്കരണവും നഗരവൽക്കരണവും:** നിങ്ങൾ സാധാരണ കാണുന്നതുപോലെ ഏറെ വ്യവസായങ്ങൾ ഉള്ള പ്രദേശങ്ങളിൽ ആളുകൾ കൂടുതലായി താമസിക്കുന്നു. അതുപോലെ നഗരങ്ങളിലും, പട്ടണങ്ങളിലും കൂടുതൽ ആളുകൾ സ്ഥിരമായി താമസിക്കുവാൻ ഇഷ്ടപ്പെടുന്നു. ധാതുലവണങ്ങൾ സമൃദ്ധിയായി കാണുന്ന പ്രദേശങ്ങളിലേക്കും ആളുകൾ ആകർഷിക്കപ്പെടുന്നു. ജാർഖണ്ഡിലെ ഖനിപ്രദേശങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതൽ ആണ്. ഇത് എന്തുകൊണ്ടെന്നാൽ, മേൽപറഞ്ഞ വിധത്തിലുള്ള സ്ഥലങ്ങളിൽ നിരവധി തൊഴിൽ സാദ്ധ്യതയുണ്ട്. കൂടാതെ കൂടുതൽ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് സൗകര്യവും ലഭിക്കുന്നു. ഇതുകൂടാതെ, വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനും നിരവധി സൗകര്യങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ട്. ഇന്ത്യയിലെ വൻനഗരങ്ങളായ ദില്ലി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, കൊൽക്കത്ത അതുപോലെയുള്ള നിരവധി വൻനഗരങ്ങളിൽ ജനസാന്ദ്രത വളരെ കൂടുതൽ ഉണ്ടെന്ന് നമുക്ക് അറിയാം.

(ii) **ഗതാഗതവും വാർത്താവിനിമയവും:** ഇന്ത്യയിൽ തന്നെ ചില ഭാഗങ്ങളിൽ ഉയർന്നതരത്തിലുള്ള ഗതാഗതസൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും മറ്റ് ഏതാനും പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലായിട്ടുണ്ട്. ഉത്തരേന്ത്യയിലെ സമതലപ്രദേശങ്ങൾ തമ്മിൽ പരസ്പരം ഭേദപ്പെട്ട രീതയിൽ ബന്ധപ്പെട്ടിട്ടുണ്ട്. അതേസമയം പൊതുജനങ്ങൾക്ക് മറ്റുപലവിധത്തിൽ പ്രയോജനകരങ്ങളായ ഏതാനും സൗകര്യങ്ങളും ഈപ്രദേശങ്ങളിൽ ഉണ്ട്. ഉത്തരേന്ത്യയിലെ സമതല പ്രദേശങ്ങൾ തമ്മിൽ പരസ്പരം നല്ലരീതിയിൽ തന്നെ ഗതാഗത സൗകര്യങ്ങളുണ്ട്. അതേസമയം വടക്കു-കിഴക്കൻ പ്രദേശങ്ങളിൽ താരതമ്യേന വളരെ കുറച്ചു മാത്രമേ അപ്രകാരമുള്ള സൗകര്യം ഉള്ളൂ. പൊതുജനസൗകര്യങ്ങൾ കൂടുതലായി വികസിച്ചിട്ടുള്ള പ്രദേശങ്ങളിൽ താരതമ്യേന ഉയർന്ന ജനസാന്ദ്രത ഉണ്ട്. സാംസ്കാരികമായും, മതപരവുമായ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ചില സാഹചര്യങ്ങളിൽ ജനങ്ങൾ തിങ്ങിപാർക്കുന്നു.

മേൽപറഞ്ഞ എല്ലാ ഘടകങ്ങളും സംയുക്തമായിട്ടാണ് പ്രവർത്തി ക്കുന്നത്. ഗംഗാസമതലപ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രത നമുക്ക് ഉദാഹരണമായിട്ടെടുക്കാം. സമതല പ്രദേശം, മണ്ണിന്റെ വളക്കൂറ്, അനുകൂലമായ കാലാവസ്ഥ, വ്യവസായവൽക്കരണവും, നഗരവൽക്കരണവും, കൂടാതെ താരതമ്യേന വികസനം പ്രാപിച്ച ഗതാഗതസൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും ഇവയുടെയെല്ലാം സംയുക്തഫലമായിട്ടാണ് ഈ പ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രത. മറിച്ച്, ക്രമരഹിതമായ കുന്നുകൾ നിറഞ്ഞ സ്ഥലം; പ്രതികൂലമായ കാലാവസ്ഥ, താഴ്ന്നതോതിലുള്ള ഗതാഗതസൗകര്യങ്ങളും, വാർത്താവിനിമയ സൗകര്യങ്ങളും തുടങ്ങിയ ഘടകങ്ങളുള്ള പ്രദേശങ്ങൾ, ഉദാഹരണത്തിന് അരുണാചൽപ്രദേശിൽ, താഴ്ന്നനിലയിലുള്ള ജനസാന്ദ്രത മാത്രമേ ഉള്ളൂ.

## പ്രവർത്തനം 14.2

ഇന്ത്യയുടെ വടക്കുഭാഗത്തുള്ള മഹത്തായ പർവ്വതനിരകളും, ദക്ഷിണേന്ത്യയിലെ പീഠഭൂമികളും ഉൾപ്പെട്ട ഭൂപ്രകൃതി വിഭാഗങ്ങൾ നൽകുന്ന അദ്ധ്യായം 11-ലെ ഭൂപടം പഠിക്കുക നമ്മുടെ മാതൃരാജ്യത്തിന്റെ പുഞ്ചിരിക്കുന്ന മുഖം ദർശിക്കുക. ചിത്രങ്ങൾ 14.1, 14.2, 14.4 എന്നിവയിൽ കൊടുത്തിരിക്കുന്ന ജനസാന്ദ്രതയുടെയും ജനസംഖ്യാവ്യാപനത്തിന്റെയും സ്ഥിതിവിവരകണക്കുകളും വസ്തുതകളും വായിക്കുക.

ചിത്രങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയും, അപഗ്രഥിച്ചും, ജനവാസത്തിന് അനുകൂല ഘടകങ്ങൾ നൽകുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 14.2

1. 2001-ലെ ജനസംഖ്യാ സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയിൽ ഉയർന്ന ജനസാന്ദ്രത ഉള്ള സംസ്ഥാനം ഏതാണ്?

   A. പശ്ചിമബംഗാൾ  B. കേരള

   C. തമിഴ്നാട്  D. ഉത്തർപ്രദേശ്

2. ഒരു ജില്ലയിലെ ആകെ ജനസംഖ്യ 3,00,000 ആണ്. ഈ ജില്ലയുടെ ആകെ വിസ്തീർണ്ണം 1000 ചതുരശ്ര കിലോമീറ്റർ ആണ്. ഇവിടുത്തെ ജനസാന്ദ്രത എത്ര?

   A. 150 ആളുകൾ (ച.കി.മീ.)  B. 200 ആളുകൾ (ച.കി.മീ.)

   C. 250 ആളുകൾ (ച.കി.മീ.)  D. 300 ആളുകൾ (ച.കി.മീറ്ററിൽ)

3. ഇന്ത്യയിലെ ദില്ലി, മുംബൈ, കൊൽക്കത്ത, ചെന്നൈ എന്നീ മഹാനഗരങ്ങളിലെ ഉയർന്ന ജനസാന്ദ്രതയ്ക്കുള്ള കാരണങ്ങൾ ഏതെങ്കിലും നാലെണ്ണം പ്രസ്താവിക്കുക.

4. ഉത്തരാഖണ്ഡിലെ താഴ്ന്ന ജനസാന്ദ്രത എന്തുകൊണ്ടാണ്? 2 കാരണങ്ങൾ പ്രസ്താവിക്കുക.

## 14.4 ജനസംഖ്യാമാറ്റം


ജനസംഖ്യാ വ്യതിയാനങ്ങൾ ഏതൊരു രാജ്യത്തിന്റെയും ജനസംഖ്യയുടെ ഗുണനിലവാരത്തെ വലിയതോതിൽ സ്വാധീനിക്കുന്നു. വ്യതിയാനങ്ങൾ ചിലപ്പോൾ ജനസംഖ്യയുടെ വളർച്ചയ്ക്കോ, ചിലപ്പോൾ കറയുന്നതിനോ കാരണമായിമാറും. ലോകത്തിലെ മൊത്തം ജനസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളും ഉണ്ട്. ജനസംഖ്യയുടെ വളർച്ച ത്വരിതഗതിയിലാണെങ്കിൽ അതിന്റെ സ്വാധീനം രാഷ്ട്രങ്ങളുടെ വിഭവങ്ങളും ജനസംഖ്യാവളർച്ചയും തമ്മിൽ സമതുലനം ആയിരിക്കില്ല. ഈ സാഹചര്യം മനുഷ്യവിഭവങ്ങളുടെ ഗുണനിലവാരത്തിൽ വിപരീതമായ ഫലം ഉളവാക്കുന്നു.

ഇന്ത്യയിലെ ജനസംഖ്യ ഏറെക്കാലമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.1901-ലെ 238 മില്ല്യൺ ജനസംഖ്യയിൽ നിന്ന് വർദ്ധിച്ച് 2001 ആയപ്പോഴേക്കും 1028 മില്യൺ ആയി മാറി. ഇത് ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനസംഖ്യാ വർദ്ധനവ് അരനൂറ്റാണ്ടിനിടയിൽ നാല് ഇരട്ടിയായി വളർന്നു. അതേസമയം പശ്ചിമയൂറോപ്പിലെ ഏതാനും രാഷ്ട്രങ്ങളിൽ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് എന്തുകൊണ്ടാണ്? ജനസംഖ്യയുടെ മാറ്റത്തിന് കാരണങ്ങളായ ഘടകങ്ങൾ നമുക്ക് തിരിച്ചറിയാം.

### ജനസംഖ്യാമാറ്റത്തിന് കാരണമാകുന്ന ഘടകങ്ങൾ

ഒരു രാജ്യത്തിലെ ജനസംഖ്യ വർദ്ധിക്കുന്നതോ, അല്ലെങ്കിൽ കുറയുന്നതോ മൂന്ന് ഘടകങ്ങളെ ആശ്രിയിച്ചിരിക്കുന്നു. (a) ജനനനിരക്ക് (b) മരണ നിരക്ക് (c) കുടിയേറ്റം. ജനസംഖ്യയുടെ മാറ്റത്തിന് കാരണമാകുന്ന ജനന നിരക്കോ, മരണനിരക്കോ അന്തിമമായി ജനസംഖ്യാമാറ്റത്തിന് കാരണമാകുന്നു. എന്നിരുന്നാലും, ചിത്രം 14.5-ൽ നിങ്ങൾ കാണുന്നതുപോലെ നമ്മുടെ രാജ്യത്ത് ഉണ്ടായ ജനസംഖ്യയുടെ പെട്ടെന്നുണ്ടായ വർദ്ധനവ്, ഉയർന്ന ജനനനിരക്കും, താഴ്ന്ന മരണനിരക്കും മൂലം ആണ്. ജനസംഖ്യാവർദ്ധനവിന്, കുടിയേറ്റം, ദേശീയതലത്തിൽ, കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ല.

### ജനസംഖ്യാവർദ്ധനവ്, ജനനം - മരണം (1961 - 2001)




ചിത്രം 14.5

ചിത്രം 14.5 ശ്രദ്ധാപൂർവ്വം പഠിച്ചാൽ മരണനിരക്ക് 1921-ന് ശേഷം കുറഞ്ഞുവരുന്നതായി നിങ്ങൾക്ക് മനസ്സിലാകും. ജനനനിരക്കും ഇതേ കാലഘട്ടത്തിൽ കുറഞ്ഞുവന്നിട്ടുണ്ട്. എന്നാൽ മരണനിരക്കിലുള്ള കുറവ് ജനന നിരക്കിനേക്കാൾ അതിവേഗത്തിലായിരുന്നു. അതുകൊണ്ട് ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസം കൂടുതലായി കൊണ്ടിരുന്നത് ജനസംഖ്യാ വർദ്ധനവിന് കാരണമായി.

ചിത്രം 14.6-ൽ കൊടുത്തിരിക്കുന്ന ദശകങ്ങളിലെ ജനസംഖ്യാവർദ്ധനവ് പരിശോധിച്ചാൽ വർദ്ധനവിന്റെ കൂടുതൽ വിവരങ്ങൾ വ്യക്തമാണ്. ദശകങ്ങളിലെ ജനസംഖ്യാവർദ്ധനവിൽ 1981-1991ൽ ഉണ്ടായ കുറവ് വളരെ വ്യക്തമാണ്. അതുപോലെ വീണ്ടും 1991-2001ലും. ഇത് ഒരു ശുഭ ലക്ഷണമായി കാണാം. എന്നാൽ, ജനസംഖ്യയുടെ വർദ്ധനവിൽ കുറവ് ഉണ്ടായിട്ടുണ്ട് എങ്കിലും പിൽക്കാലദശകങ്ങളിൽ ജനസംഖ്യാ വർദ്ധനവ് ഉണ്ട്. ഇത് നിങ്ങളെ അത്ഭുതപ്പെടുത്തിയേക്കാം.!

ജനന - മരണനിരക്കിന്റെ അടിസ്ഥാനത്തിൽ 1901-2001 വരെയുള്ള ജനസംഖ്യാവസ്ഥയുടെ വർദ്ധനവിന്റെയും കുറവിന്റെയും കാലഘട്ടത്തെ നാല് വിഭാഗങ്ങളായി തിരിക്കാം. (i) നിശ്ചലാവസ്ഥ, (ii) അചഞ്ചലത (iii) ദ്രുതാവസ്ഥ (iv) സാവധാനമായത്.

### ? നിങ്ങൾക്കറിയാമോ

**ജനനനിരക്ക്**: ഒരു നിശ്ചിത പ്രദേശത്തെ, 1000 ജനസംഖ്യയിൽ ഒരു നിശ്ചിത വർഷം ഉണ്ടായിട്ടുള്ള ജനനനിരക്കിനെ ക്രൂഡ് ബർത്ത് റേറ്റ് (ജനനനിരക്ക് എന്ന് പൊതുവെ അറിയപ്പെടുന്നു) എന്ന് പറയുന്നു.

ഒരു ജില്ലയിലെ ആകെ കുട്ടികളുടെ ജനനം ഒരു വർഷം 800 എന്നും മദ്ധ്യവർഷ ജനസംഖ്യ 25,000 എന്നും സങ്കല്പിക്കുക.

അപ്പോൾ


$$\text{ജനനനിരക്ക്} = \frac{800}{25,000} \times 1000 = \text{ആയിരത്തിൽ 32 എണ്ണം}$$

**മരണനിരക്ക്:** ഒരു നിശ്ചിത പ്രദേശത്തെ ഒരു നിശ്ചിത വർഷത്തെ ആയിരം ജനസംഖ്യയിൽ ഒരു വർഷം ഉണ്ടായിട്ടുള്ള മരണത്തെ ക്രൂഡ് ഡത്ത് റേറ്റ് (മരണനിരക്ക് എന്ന് പൊതുവെ അറിയപ്പെടുന്നു) എന്ന് പറയുന്നു.

ഒരു ജില്ലയിലെ ഒരു വർഷത്തെ മരണസംഖ്യ 600 എന്നും, മദ്ധ്യവർഷ ജനസംഖ്യ 25,000 എന്നും സങ്കല്പിക്കുക.

$$\text{അപ്പോൾ മരണനിരക്ക്} = \frac{600}{25,000} \times 1000 = \text{(ആയിരം ജനസംഖ്യയിൽ 24 എണ്ണം)}$$

**സ്വാഭാവിക വളർച്ചാനിരക്ക്:** സ്വാഭാവിക വളർച്ചാനിരക്ക് എന്നാൽ ജനന - മരണനിരക്കുകൾ തമ്മിലുള്ള വ്യത്യാസമാണ്. അതുകൊണ്ട് സ്വാഭാവിക വളർച്ചാനിരക്ക് എന്നാൽ ജനനനിരക്ക് - മരണനിരക്ക്. ഒരു നിശ്ചിത പ്രദേശത്തെ ഒരു നിശ്ചിത വർഷത്തെ ജനനനിരക്ക് 32 എന്നും മരണനിരക്ക് 24 എന്നും സങ്കൽപിക്കുക അതുകൊണ്ട് സ്വാഭാവിക വളർച്ചാനിരക്ക് = 32-24 = 8 (ആയിരം ജന സംഖ്യയിൽ)




**ചിത്രം 14.6** *ഇന്ത്യയിലെ ജനസംഖ്യാ വളർച്ച ദശകങ്ങളിൽ (1901 - 2001)*

20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇന്ത്യയിലെ ജനസംഖ്യ വ്യക്തമായ സംഖ്യകളിൽ വർദ്ധിക്കുകയായിരുന്നു. ഇതിൽ 1921-ൽ മാത്രമേ സംഖ്യയിൽ വ്യക്തമായ കുറവ് രേഖപ്പെടുത്തിയിട്ടുള്ളൂ. 1921-നുശേഷം തുടർച്ചയായ വർദ്ധനവ് വ്യക്തമാക്കുന്നു. അതുകൊണ്ട്, ഇന്ത്യയുടെ ജനസംഖ്യാചരിത്രത്തിൽ 1921 ജനസംഖ്യാവർഷത്തെ ദി ഗ്രേറ്റ് ഡിവൈഡ് അഥവാ 'മഹത്തായ വിഭജനം' എന്നു പറയുന്നു.

ഇന്ത്യയിലെ ജനസംഖ്യാവർദ്ധനവിന്റെ ദ്രുതഗതിയിലുള്ള ഈ വർദ്ധന വിന്റെ കാരണങ്ങൾ നമുക്ക് പരിശോധിക്കാം. ഏറ്റവും പ്രധാനപ്പെട്ട ഘടക ങ്ങളാണ് നിരക്ഷരത, താഴ്ന്ന നിലയിലുള്ള വിദ്യാഭ്യാസം, തൃപ്തികരമല്ലാത്ത ആരോഗ്യസ്ഥിതി, പോഷകാഹാരക്കുറവ്, ദാരിദ്ര്യം എന്നിവ. ആൺകുട്ടി കൾക്കു വേണ്ടിയുള്ള ഇഷ്ടക്കൂടുതൽ, ശൈശവവിവാഹം, മതവിശ്വാസങ്ങൾ, സമൂഹത്തിൽ വനിതകളുടെ താഴ്ന്ന അവസ്ഥ എന്നിവ ഏതാനും മറ്റ് നിർണ്ണായക സാമൂഹിക സാംസ്ക്കാരിക ഘടകങ്ങളാണ്.

കുറിപ്പുകൾ



## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 14.3

1. ജനനനിരക്ക് ആയിരത്തിൽ 45-ഉം മരണനിരക്ക് ആയിരത്തിൽ 25-ഉം ഉള്ള ഒരു പ്രദേശത്തെ പ്രകൃത്യാ വളർച്ചാനിരക്ക് എത്ര ആയിരിക്കും?

   A. ആയിരത്തിൽ 15 B. ആയിരത്തിൽ 18

   C. ആയിരത്തിൽ 20 D. ആയിരത്തിൽ 25

2. ഇന്ത്യയുടെ ജനസംഖ്യാവർദ്ധനവിൽ മുഖ്യകാരണമായിട്ടുള്ളത് താഴെ പറയുന്നവയിൽ ഏതാണ്?

   A. ഉയർന്ന ജനനനിരക്കും ഉയർന്ന മരണനിരക്കും

   B. താഴ്ന്ന ജനനനിരക്കും താഴ്ന്ന മരണനിരക്കും

   C. ഉയർന്ന ജനനനിരക്കും താഴ്ന്ന മരണനിരക്കും

   D. താഴ്ന്ന ജനനനിരക്കും ഉയർന്ന മരണനിരക്കും

3. ഇന്ത്യയിലെ ജനസംഖ്യാ ശാസ്ത്രത്തിലെ ഏറ്റവും വലിയ വിഭജനം എന്ന് 1921 വർഷത്തെ വിളിക്കുന്നത് എന്തുകൊണ്ട്?

## 14.5 ജനസംഖ്യാ ഘടന

ജനസംഖ്യാവ്യാപനം, സാന്ദ്രത, ജനസംഖ്യാ വർദ്ധനവ് മുതലായ കാര്യങ്ങൾ നിങ്ങൾ പഠിച്ചു. ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസത്തിന്റെ ആകമാനമായ ഫലമാണ് ജനസംഖ്യയുടെ വർദ്ധനവിന്റെ സ്വഭാവം നിശ്ചയിക്കുന്നത്. ജനസംഖ്യ ഒരു വിഭവമായി മാറുന്നതും ജനസംഖ്യയുടെ ഗുണനിലവാരം നിശ്ചയിക്കപ്പെടുന്നതും, ജനസംഖ്യയുടെ ഘടന വെളിപ്പെടുന്നതും, ഇതിന്റെ ഫലമാണ്. ജനസംഖ്യാഘടന എന്നാൽ എന്താണ്? ജനസംഖ്യയുടെ ഘടന എന്നാൽ ജനസംഖ്യയുടെ പ്രത്യേക സ്വഭാവങ്ങളായ ആയുസ്സ്/വയസ്സ്, സ്ത്രീപുരുഷ വിഭാഗങ്ങൾ, ഗ്രാമ-നഗരവാസികൾ, സാക്ഷരതാ നിലവാരം എന്നിവ അർത്ഥമാക്കുന്നു. ഇന്ത്യയിലെ ജനസംഖ്യയുടെ താഴെ പറയുന്ന വസ്തുതകളെ / സ്വഭാവങ്ങളെ സംബന്ധിച്ച് കൂടുതൽ മനസ്സിലാക്കാം.

(i) വയസ്സ് ഘടന

(ii) സ്ത്രീ-പുരുഷ ഘടന

(iii) ഗ്രാമ-നഗര ഘടന

(iv) സാക്ഷരത

### (i) വയസ്സ് ഘടന

രാഷ്ട്രത്തിന്റെ ഇപ്പോഴത്തെയും ഭാവിവികസനത്തിന്റെയും കാര്യത്തിൽ ജനസംഖ്യയുടെ വയസ്സ് ഘടനയിൽ പ്രത്യേകം സ്വാധീനമുണ്ട്. പരമ്പരാഗതമായി ജനസംഖ്യയെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം. കുട്ടികൾ (0 – 14 വയസ്സുവരെ), പ്രായപൂർത്തിയായവർ (15 – 60 വയസ്സ്), വൃദ്ധർ (60 വയസ്സിന് മുകളിൽ)




ചിത്രം 14.7 *വയസ്സ് ഘടന*

ഇന്ത്യയിലെ ജനസംഖ്യയുടെ മേൽ പറഞ്ഞ വയസ്സു ഘടന ചിത്രം 14.7-ൽ വ്യക്തമാക്കിയിട്ടുണ്ട്. 1971 മുതലുള്ള സ്ഥിതിവിവരകണക്ക് പരിശോധിച്ചാൽ മനസ്സിലാകും. കുട്ടികളുടെ ജനസംഖ്യ കുറഞ്ഞുവരുന്നതും, പ്രായപൂർത്തിയായവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതും. എന്നാൽ വൃദ്ധരുടെ സംഖ്യയിലും വർദ്ധനവ് കാണിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആശ്രിതജനസംഖ്യ വർദ്ധിച്ചുവരുന്നു. ആശ്രിതരുടെ സംഖ്യ വർദ്ധിക്കുമ്പോൾ ആശ്രിത അനുപാതവും വർദ്ധിക്കുന്നു. തൽഫലമായി മറ്റ് ഉൽപാദനലക്ഷ്യങ്ങൾക്കായി വിനിയോഗിക്കുന്ന വിഭവങ്ങൾ കുട്ടികളുടെ വളർച്ചയ്ക്കും പോഷണത്തിനുമായിട്ടും, വൃദ്ധജനവിഭാഗത്തിന്റെ ക്ഷേമത്തിനായിട്ടും ചെലവഴിക്കേണ്ടിവരും.

### ? നിങ്ങൾക്കറിയാമോ

### ആശ്രിത അനുപാതം

**ആശ്രിത അനുപാതം** = $\frac{\text{ആശ്രിത ജനസംഖ്യ (0 - 14 വയസ്സ് +60 വയസ്സിലും കൂടുതൽ പ്രായം)}}{\text{തൊഴിൽ ചെയ്യുന്ന ജനസംഖ്യാ വിഭാഗം (15-59 വയസ്സു വരെ)}} \times 100$

ഒരു ജില്ലയിലെ ആശ്രിതജനസംഖ്യ (0 - 14 വയസ്സും + 60 വയസ്സും)

7000 എന്നും തൊഴിൽ ചെയ്യുന്ന വിഭാഗം (15 - 59 വയസ്സ്) 18000 എന്നും സങ്കൽപിക്കുക.

ഇപ്രകാരം

ആശ്രിത അനുപാതം = $\frac{7000}{18,000} \times 100 = 38.39$

ഇതിന്റെ അർത്ഥം ഓരോ 100 ജനങ്ങളിലും 38.39 ആളുകൾ ആശ്രിതരും 61.11 ജനങ്ങൾ തൊഴിൽ ചെയ്യുന്നവരും ആണ്.

### ചിന്തിക്കുക, പര്യാലോചിക്കുക

നിങ്ങളുടെ അച്ഛന്റെയോ, അമ്മയുടെയോ മാതാപിതാക്കൾ 60 വയസ്സും അതിൽ കൂടുതലുമുള്ള വിഭാഗത്തിൽപ്പെട്ട ജനസംഖ്യയുടെ ആശ്രിതവിഭാഗത്തിൽപ്പെടുന്നു. നിങ്ങൾക്ക് അവർ ഒരു ഭാരമായി തോന്നുന്നുണ്ടോ? അവർ കുടുംബത്തിന്റെയും, സമൂഹത്തിന്റെയും ക്ഷേമത്തിനായി പങ്കുവഹിക്കുന്നില്ലേ? ഉത്തരം അതെ എന്നാണെങ്കിൽ അവർ എങ്ങനെ പങ്കു വഹിക്കുന്നു? ഉത്തരം അല്ല എന്നാണെങ്കിൽ അവർ പങ്കുവഹിക്കാത്തത് എന്തുകൊണ്ട്?

## യൗവ്വനക്കാർ ഒരു പ്രത്യേക ജനസംഖ്യാ വിഭാഗമായി

ജനസംഖ്യയിലെ വയസ്സുഘടന മനസ്സിലാക്കുവാൻ അവലംബിക്കുന്നതിൽ ഏറ്റവും അടുത്തകാലത്തെ സമീപനം യൗവ്വനക്കാരെ ഒരു പ്രത്യേക ജനസംഖ്യാ വിഭാഗമായി കാണണമെന്നതാണ്. പരമ്പരാഗതമായിട്ട് നാം ജനസംഖ്യയെ മൂന്ന് ഘട്ടങ്ങളായിട്ടാണ് കണക്കാക്കുന്നത്. ശൈശവം, പ്രായ പൂർത്തിയായവർ, വൃദ്ധർ എന്നിങ്ങനെയാണ്. എന്നാൽ നമ്മൾ നിരീക്ഷിക്കുന്നതുപോലെ കുട്ടികളും വൃദ്ധരും അല്ലാത്ത നിരവധി ആളുകളും ഉണ്ട്. നിങ്ങൾ തന്നെ ഈ ഘട്ടത്തിലാണ് എങ്കിൽ നിങ്ങളുടെ മാതാപിതാക്കളോ, അല്ലെങ്കിൽ മുതിർന്നവരോ നിങ്ങളോട് പറഞ്ഞിട്ടുള്ള അനുഭവം നിങ്ങൾക്കും ഉണ്ടായിട്ടുണ്ടാവും! 'നീ ചെയ്യുന്നത് എന്താണ്? ഇനിയും നീ ഒരു കുട്ടിയല്ലല്ലോ'. മറ്റൊരു സാഹചര്യത്തിൽ അതേ പ്രായപൂർത്തിയായ വ്യക്തി പറയും 'ഇത് എങ്ങിനെ നിങ്ങൾക്ക് ചെയ്യുവാൻ കഴിയും, നീ ഒരു പ്രായപൂർത്തിയായ ആളല്ലല്ലോ!': വാസ്തവത്തിൽ ശൈശവകാലഘട്ടത്തിനും, പ്രായപൂർത്തിയായ കാലഘട്ടത്തിനും മദ്ധ്യേ അതായത് 10 വയസ്സിനും 19 വയസ്സിനും മദ്ധ്യേയോ, അല്ലെങ്കിൽ ഏതാനും വർഷങ്ങൾ കൂടി കഴിഞ്ഞാൽ നിങ്ങളെ വിളിക്കുന്നത് പ്രായപൂർത്തിയായ ആളെന്നാണ്. ഇത്രയും പ്രായ പൂർത്തിയായ ആളുകളെ യൗവ്വനക്കാർ എന്നും വിളിക്കുന്നു. പാഠപുസ്തകത്തിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭാഗം വായിച്ച് യൗവ്വനക്കാർ എന്നതിന്റെ കൂടുതൽ അർത്ഥം മനസ്സിലാക്കുക.

### ? നിങ്ങൾക്കറിയാമോ


യൗവ്വനം എന്നാൽ അർത്ഥം എന്താണ്?

ഐക്യരാഷ്ട്ര സംഘടനയുടെ നിർവ്വചനങ്ങൾ അടിസ്ഥാനമാക്കിയിരിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന പ്രകാരത്തിലാണ്.

- കൗമാര വിഭാഗം 10 – 19 വയസ്സ് പ്രായം വരെ
- യുവജനങ്ങൾ 15 – 24 വയസ്സ് വരെ
- ചെറുപ്പക്കാർ 10 – 24 വയസ്സ് പ്രായം

പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർഷങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം കൗമാര വിഭാഗക്കാരെ ഒരു ജനസംഖ്യാ വിഭാഗമായി കണക്കാക്കുവാൻ സാധിക്കില്ല, കാരണം പ്രായപൂർത്തിയാകുന്നതിനുള്ള കല്പിത വർഷങ്ങൾ പല വ്യക്തികളിൽ വ്യത്യാസപ്പെട്ടിരിക്കും. 'കൗമാര വിഭാഗക്കാർ ഉൾപ്പെട്ടിരിക്കുന്നത് ശൈശവഘട്ടത്തിന്റെ അവസാനം മുതൽ പ്രായപൂർത്തിയാകുന്നതിന്റെ ആരംഭകാലം വരെയുള്ള ഒരു വളർച്ചയുടെ കാലം വരെ ദൈർഘ്യമുള്ളതാണ്. യൗവ്വനം എന്നാൽ ഇപ്രകാരം നിർവ്വചിക്കാം. ശൈശവകാലം മുതൽ പ്രായപൂർത്തിവരെയുള്ള കാലമാണ്. ഇത് ശാരീരികവും, മാനസികവും, സാമൂഹ്യപരവുമായിട്ടുള്ള അപാകതയുടെ കാലഘട്ടമായും, ലൈംഗിക പക്വതയുടെ ആരംഭം മുതൽ പ്രത്യുൽപാദനക്ഷമത വരെ ദൈർഘ്യമുള്ളതുമാണ്.

പട്ടിക 1.1-ൽ കാണിച്ചിരിക്കുന്നതുപോലെ യൗവ്വന വിഭാഗക്കാർ ജനസംഖ്യയുടെ ഒരു പ്രത്യേക വിഭാഗമായി ആകെയുള്ള (ഇന്ത്യയുടെ ജനസംഖ്യയിൽ)തിന്റെ 22.0 ശതമാനം ഉണ്ട്. ഇത് 2001-ലെ സ്ഥിതിവിവര കണക്ക് അനുസരിച്ചുള്ളതാണ്. അവർ ഉൾപ്പെട്ട വിഭാഗത്തിന്റെ സംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. 2009-ലെ ഇടക്കാല കണക്ക് അനുസരിച്ച് വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. 2000-മാണ്ടിലെ ദേശീയ ജനസംഖ്യാ നയപ്രകാരം ഈ വിഭാഗത്തിൽപ്പെട്ടവരെ കീഴ്സേവന ജനസംഖ്യാ വിഭാഗം (ഉപസേവന ജനസംഖ്യാ വിഭാഗം) എന്ന് വിശേഷിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ ആവശ്യങ്ങൾ ഇനിയും വ്യക്തമായി ശ്രദ്ധിക്കപ്പെട്ടിട്ടില്ല. ദേശീയ ജനസംഖ്യാനയം പ്രായപൂർത്തിയായ വിഭാഗങ്ങളുടെ ആവശ്യത്തിനായി വിവിധ കർമ്മപരിപാടികൾ നിർദ്ദേശിക്കുന്നു. അവയാണ് (1) പ്രായപൂർത്തി കൈവരിക്കുന്ന വേളകളിലുള്ള ശാരീരികവും, മാനസീകവും, സാമൂഹ്യമാറ്റങ്ങളും, വ്യതിയാന രീതികളും സംബന്ധിച്ച് ശരിയായ അറിവ് നൽകുക. (2) ശരിയായ ശാരീരികവും മാനസികവും സാമൂഹ്യവും ആരോഗ്യവും കൈവരിച്ച് ആവശ്യമായ കഴിവുകളുടെയും സിദ്ധികളുടെയും ശാക്തീകരണം ലഭിച്ച യൗവ്വനക്കാരെ അപകടകരമായ സാഹചര്യങ്ങളിൽപ്പെടാതെ തിരിച്ചുകൊണ്ടു വരുന്നതിനാവശ്യമായ അറിവുകൾ നൽകുക (3) പോഷകാഹാരം നൽകി, ആഹാരകാര്യങ്ങളിൽ സേവനം നടത്തുക. കൂടാതെ (4) ആവശ്യമായ ആരോഗ്യ സേവനങ്ങളും, വിദഗ്ധ ഉപദേശങ്ങളും ലഭ്യമാക്കുക.




*ചിത്രം 14.8 a ജനസംഖ്യയിൽ ഇൻഡ്യയിലെ സ്ത്രീപുരുഷ അനുപാതപ്രവണത)*

**പട്ടിക 1.1 യൗവ്വനക്കാർ (10-19 വയസ്സ്) സ്ത്രീ-പുരുഷ വിഭാഗങ്ങൾ (ആയിരത്തിൽ) ഇന്ത്യയിൽ, 1991 & 2001**

| ജനസംഖ്യാ വർഷം | ആകെ പ്രായപൂർത്തിയായവർ | ആകെ ജനസംഖ്യയുടെ % | പുരുഷന്മാർ | ആകെയുള്ള പുരുഷന്മാരുടെ % | സ്ത്രീകൾ | ആകെയുള്ള സ്ത്രീകളുടെ % |
|---|---|---|---|---|---|---|
| 1991 | 181419 | 21.4 | 95969 | 21.9 | 85450 | 21.0 |
| 2001 | 225061 | 21.9 | 119571 | 22.4 | 105490 | 21.2 |


## പ്രവർത്തനം 14.3

പട്ടിക 1.1-ൽ കൊടുത്തിരിക്കുന്ന സ്ഥിതിവിവരകണക്കുകൾ പഠിച്ചിട്ട് താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുക.

1. ജീവശാസ്ത്രപ്രകാരം പെൺകുട്ടികളുടെ സംഖ്യ കൂടുതലായിരിക്കണം, എന്നാൽ പ്രായപൂർത്തിയായ പെൺകുട്ടികളുടെ സംഖ്യ ആൺകുട്ടികളെക്കാൾ കുറവായിരിക്കുന്നത് എന്തുകൊണ്ടാണ്?
2. 1991-2001 കാലഘട്ടത്തിൽ യൗവ്വനവിഭാഗത്തിലെ പുരുഷന്മാരുടെയും സ്ത്രീകളുടെയും ജനസംഖ്യയിലെ ശതമാന സ്വഭാവം എപ്രകാരമാണ്?
3. വയസ്സായവർ / വൃദ്ധർ ഇവരെ ഉപ-സേവ വിഭാഗം ആയി പരിഗണിക്കുന്നത് എന്തുകൊണ്ടാണ്?
4. ജനസംഖ്യയുടെ യൗവ്വന വിഭാഗങ്ങളുടെ ആവശ്യങ്ങൾ ഉൾപ്പെടുത്തി ഒരു പട്ടിക തയ്യാറാക്കി സമൂഹത്തിന്റെ ശ്രദ്ധയ്ക്കായി അവതരിപ്പിക്കുക.

### (ii) സ്ത്രീ-പുരുഷ ഘടന

രാഷ്ട്രത്തിന്റെ ജനസംഖ്യ ഒരു വിഭവമായി മാറുന്നതിന് ജനസംഖ്യയിലെ സ്ത്രീ-പുരുഷ ഘടന ഒരു ഫലപ്രദമായ സൂചനയാണ്. വാസ്തവത്തിൽ പുരുഷ-സ്ത്രീ അനുപാതത്തിലാണ് പ്രഥമമായി അത് മനസ്സിലാക്കുന്നത്. സ്ത്രീ-പുരുഷ അനുപാതത്തെ 1000 പുരുഷന്മാരിൽ എത്ര സ്ത്രീകൾ എന്ന് പറയുന്നതായി നിർവ്വചിക്കാം. ഒരു നിശ്ചിത കാലഘട്ടത്തിലെ സ്ത്രീ-പുരുഷ സമത്വത്തിന്റെ പ്രധാന ചൂണ്ടുപലകയായി സ്ത്രീ-പുരുഷ അനുപാതത്തെ കണക്കാക്കാം. സ്ത്രീ-പുരുഷ അനുപാതം എപ്പോഴും അനുകൂലമായിരിക്കണം. എന്നാൽ നമ്മുടെ രാജ്യത്ത് സ്ത്രീകളുടെ കാര്യത്തിൽ സ്ത്രീ-പുരുഷ അനുപാതം എന്നും പ്രതികൂലമായിരിക്കുന്ന അവസ്ഥയാണ്. ഇത് കുറവായി വരുന്നത് ഉൽക്കണ്ഠ ഉളവാക്കുന്ന വസ്തുതയാണ്. 1901-ൽ ആയിരം പുരുഷൻമാർക്ക് 972 സ്ത്രീകളായിരുന്നുവെങ്കിൽ 2001-ൽ ഇത് 933 ആയി കുറഞ്ഞു. ഈ പ്രവണത വ്യക്തമാക്കുന്നതാണ് ചിത്രം 14.8 (a) യും (b)യും.




ചിത്രം 14.8 b ജനസംഖ്യയിൽ ഇൻഡ്യയിലെ സത്രീപുരുഷ അനുപാത പ്രവണത



കുറിപ്പുകൾ

## ? നിങ്ങൾക്കറിയാമോ

സ്ത്രീ-പുരുഷ അനുപാതം ഇപ്രകാരം കണക്കാക്കാം.

$$\text{സ്ത്രീ-പുരുഷ അനുപാതം} = \frac{\text{ഒരു പ്രദേശത്ത് ആകെയുള്ള സ്ത്രീകൾ}}{\text{ഒരു പ്രദേശത്ത് ആകെയുള്ള പുരുഷൻമാർ}}$$

ഒരു ജില്ലയിൽ ആകെയുള്ള സ്ത്രീകൾ 12,000 എന്നും ആകെയുള്ള പുരുഷന്മാർ 13,000 എന്നും സങ്കല്പിക്കുക. അപ്പോൾ

$$\text{സ്ത്രീ-പുരുഷ അനുപാതം} = \frac{12{,}000}{13{,}000} \times 1000 = \text{ആയിരം പുരുഷന്മാരിൽ 923 സ്ത്രീകൾ}$$

സ്ത്രീ-പുരുഷ അനുപാതം നമ്മുടെ രാജ്യത്ത് കുറവായിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് ചിന്തിക്കാം. പ്രധാനമായും സമൂഹത്തിൽ സ്ത്രീകളോടുള്ള വിവേചനമാണ് മുഖ്യ കാരണമെന്ന് പറയാം. ഒരു സംസ്ഥാനത്തും ഒരു കേന്ദ്രഭരണപ്രദേശത്തും മാത്രമേ സ്ത്രീ -പുരുഷ അനുപാതം അനുകൂലമായിട്ടുള്ളൂ - യഥാക്രമം കേരളവും പുതുശ്ശേരിയും. കേരള സംസ്ഥാനത്തിൽ ഇത് 1058-ഉം, പോണ്ടിച്ചേരി (പുതുശ്ശേരി)യിൽ 1001-ഉം ആണ്.

### ആൺകുട്ടി - പെൺകുട്ടി അനുപാതം

ആൺകുട്ടി - പെൺകുട്ടി അനുപാതത്തിലെ കുറവ് പ്രവണതയും നമ്മുടെ രാജ്യത്തിലെ ഒരു പ്രധാന പ്രശ്നംതന്നെയാണ്. 0-6 വയസ്സുള്ള കുട്ടികളുടെ ആൺകുട്ടി - പെൺകുട്ടി അനുപാതത്തിലും (ശിശുജനസംഖ്യ) തുടർച്ചയായ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1991-2001-ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം സ്ത്രീ-പുരുഷ അനുപാതത്തിൽ പൊതുവെ അല്പം പുരോഗതി കാണിക്കുന്നുവെങ്കിലും 0-6 വയസ്സുള്ള ജനസംഖ്യയുടെ ആൺകുട്ടി - പെൺകുട്ടി അനുപാതത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണപ്രദേശങ്ങളിലും, നാല് സംസ്ഥാനങ്ങളിൽ, അതായത് കേരളം, മിസ്സോറാം, സിക്കിം, ത്രിപുര എന്നിവിടങ്ങളിലും കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലും മാത്രം ശിശു ആൺ - പെൺ അനുപാതം മറ്റ് ജനസംഖ്യാവിഭാഗങ്ങൾ ഒപ്പം നിലകൊണ്ടിട്ടുള്ളൂ. ഏറ്റവും മോശമായ രീതിയിൽ ബാധിച്ച സംസ്ഥാനങ്ങളാണ് ഹരിയാന, ഹിമാചൽപ്രദേശ്, ഗുജറാത്ത്, പഞ്ചാബ്, ഉത്തരാഖണ്ഡും കേന്ദ്രഭരണ പ്രദേശമായ ഛണ്ഡിഗഢും, ദേശീയതലസ്ഥാന നഗരിയായ ഡൽഹിയും ആണ്. ആൺകുട്ടി - പെൺകുട്ടി അനുപാതത്തിലെ ഈ കുറവ് വ്യക്തമാക്കുന്നത് പെൺകുട്ടികളുടെ ഭ്രൂണഹത്യയോ ശിശുഹത്യയോ ഈ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശത്തും തുടരുന്നു എന്നതാണ്. ഈ പ്രവണതകൾ പരിഷ്കൃതസമൂഹത്തിന് എന്തായാലും യോജിച്ചതല്ല.

## (iii) ഗ്രാമ-നഗര ഘടന

ഇന്ത്യ കർഷകരുടെയും ഗ്രാമങ്ങളുടെയും നാടാണ്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ 10 ആളുകളിൽ 9 പേരും ഗ്രാമവാസികളായിരുന്നു. ഇപ്പോഴും ജനസംഖ്യയിൽ നാലിൽ മൂന്ന് ഭാഗം ഗ്രാമങ്ങളിലാണ് വസിക്കുന്നത്. ഇന്ത്യയിലെ നഗരങ്ങളെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. 'ജനസംഖ്യയുടെ നാലിൽ മൂന്നുഭാഗം ആളുകളും കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, കുറഞ്ഞത് 5000 ആളുകൾ നിവസിക്കുന്നതും, ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 400-ൽ കുറയാത്തതുമായ പ്രദേശങ്ങൾ, നഗരങ്ങൾ എന്നാണ്.

**Rural and Urban population**
(1951-2001)


| Year | Population (million) Rural | Population (million) Urban | % of population Rural | % of population Urban |
|---|---|---|---|---|
| 1951 | 299 | 62 | 82.7 | 17.3 |
| 1961 | 360 | 79 | 82.0 | 18.0 |
| 1971 | 439 | 109 | 80.1 | 19.9 |
| 1981 | 524 | 159 | 76.77 | 23.3 |
| 1991 | 629 | 218 | 74.3 | 25.7 |
| 2001 | 742 | 285 | 72.2 | 27.8 |

**ചിത്രം 14.9:** *ഗ്രാമ – നഗര പരിവർത്തനം*

ചിത്രം 14.9–ൽ കാണുന്നത് നമ്മൾ അതിവേഗം നഗരവൽക്കരണത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു എന്നാണ്. നഗരവൽക്കരണത്തിന്റെ പ്രധാന പ്രശ്നങ്ങളായ പാർപ്പിടങ്ങളുടെ കുറവ്, ജലദൗർലഭ്യം, വൈദ്യുതി, പരിസ്ഥിതിയിൽ കടന്നുകയറ്റം ഇവയെല്ലാം നാം ഇന്ന് അഭിമുഖീകരിക്കുന്നതിൽ മുഖ്യമായവകളാണ്.

### (iv) സാക്ഷരത

ഏത് സമൂഹത്തിന്റെയും പുരോഗതിയുടെ ചൂണ്ടുപലകയാണ് സാക്ഷരത. ജനസംഖ്യാ റിപ്പോർട്ടിൽ നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. 7 വയസ്സോ അതിൽ കൂടുതലോ ഉള്ള ഏതു വ്യക്തിയ്ക്കും ഏതെങ്കിലും ഒരു ഭാഷ മനസ്സിലാക്കുവാനും, വായിക്കുവാനും, എഴുതുവാനും സാധിക്കുന്നുവെങ്കിൽ ആ വ്യക്തിയെ സാക്ഷരനായി കണക്കാക്കും എന്നാണ്. ഇന്ത്യയിലെ സക്ഷരതാ നിരക്ക് 1951–ൽ 18.33 ശതമാനം ആയിരുന്നു. 2001–ൽ ഇത് 65.37 ശതമാനമായി ഉയർന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ സാക്ഷരത ഉള്ളത് കേരള സംസ്ഥാനം ആണ്. (90.86%) തൊട്ടടുത്ത് മിസ്സോറാമും (88.49%) ലക്ഷദ്വീപും (87.52%) നിൽക്കുന്നു. മൊത്തത്തിൽ സാക്ഷരതാനിരക്ക് പുരുഷന്മാരേക്കാൾ കുറവ് സ്ത്രീകളിലാണ്.




**ചിത്രം 14.10** *സാക്ഷരത*

## പ്രവർത്തനം 14.4

നിങ്ങളുടെ പ്രദേശത്തുള്ള 10–15 ഗൃഹങ്ങളിൽ നിന്നും താഴെ കാണിച്ചിരിക്കുന്ന വിവരങ്ങൾ ശേഖരിക്കുക.

1. ആരുമായി ഇൻർവ്യൂ / അഭിമുഖം നടത്തി ...........................................................................



കുറിപ്പുകൾ

2. വയസ്സ് .................................................. പ്രായം..................................................

3. വിദ്യാഭ്യാസ യോഗ്യത ..................................................

4. കുടുംബത്തിൽ സ്വന്തമായി വരുമാനം ഉള്ള എത്ര പേർ.

5. ആകെയുള്ള അംഗങ്ങൾ - പുരുഷൻ ............................ സ്ത്രീ ............................

6. കുടുംബത്തിലെ അംഗങ്ങളുടെ വയസ്സ് വിഭാഗങ്ങൾ

   (a) 14 വയസ്സു വരെ

   (b) 15 വയസ്സു മുതൽ - 60 വയസ്സു വരെ

   (c) 60 വയസ്സിന് മുകളിൽ ..................................................

7. മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ശേഖരിച്ചതിന്റെ വെളിച്ചത്തിൽ കണക്കാക്കി അപഗ്രഥിക്കുക.

   (a) സ്ത്രീ-പുരുഷ അനുപാതം

   (b) ആശ്രിത അനുപാതം

      (i) 14 വയസ്സിനു താഴെ .......................... അതിന്റെ ശതമാനം .........................

      (ii) 60 വയസ്സിനു മുകളിൽ ........................ അതിന്റെ ശതമാനം ......................

ഒരു രാജ്യത്തിലെ ജനസംഖ്യ അതിന്റെ സംഖ്യ കൊണ്ടു മാത്രം ഏറ്റവും വലിയ വിഭവമായി മാറുകയില്ല. ജനസംഖ്യാ വിഭാഗങ്ങളുടെ സവിശേഷതകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, സംഖ്യാ വിഭാഗങ്ങളെ ഒരു വിഭവമായി മാറ്റുന്നതിനും രാജ്യം പണം ചിലവാക്കേണ്ടിയിരിക്കുന്നു. ജനസംഖ്യാ വിഭാഗങ്ങളിലെ സംഖ്യകളെ മനുഷ്യവിഭവങ്ങളായി പരിവർത്തനം ചെയ്യുന്നതിന് ഇന്ത്യയും, അതുപോലെ മറ്റ് രാജ്യങ്ങളും വിവിധ മാർക്ഷങ്ങളും നയങ്ങളും പ്രോഗ്രാമുകളും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റിന്റെ ജനസംഖ്യ സംബന്ധിച്ച് വിവിധ നയങ്ങളും വനിതകളുടെ ശാക്തീകരണവും സംബന്ധിച്ചുള്ള കാര്യങ്ങൾ അടുത്ത വിഭാഗത്തിൽ മനസ്സിലാക്കാം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 14.4

1. 2001-ലെ ജനസംഖ്യാ വസ്തുതകൾ പ്രകാരം സ്ത്രീ-പുരുഷ അനുപാതം

   A. 920  B. 927  C. 933  D. 943

2. 2001-ലെ ജനസംഖ്യാപ്രകാരം നഗരങ്ങളിലെ ജനസാന്ദ്രത

   A. 27.8  B. 26.7  C. 25.7  D. 24.0

3. ആശ്രിത അനുപാതം കൂടുതൽ ആയാൽ അതിന്റെ ഫലം എന്തായിരിക്കും?

4. പ്രതികൂല പുരുഷ-സ്ത്രീ അനുപാതത്തിന് ഇടയാക്കുന്ന രണ്ട് കാരണങ്ങൾ വ്യക്തമാക്കുക.

## 14.6 ഇന്ത്യയിലെ ജനസംഖ്യാ നയങ്ങൾ

സ്വാതന്ത്ര്യലബ്ധിക്കു മുൻപുതന്നെ ജനസംഖ്യാവർദ്ധനവിന്റെയും ജനസംഖ്യാനയത്തിന്റെ ആവശ്യകതയെയും സംബന്ധിച്ചുള്ള ചർച്ചകൾ തുടങ്ങിയിരുന്നു എന്ന് നിങ്ങൾക്കറിയാമോ?

1938-ലെ ഇടക്കാല ഗവൺമെന്റ്, ദേശീയ ആസൂത്രണ കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റിയെ ജനസംഖ്യ സംബന്ധമായി പഠിക്കുവാനായി നിയമിച്ചിരുന്നു. ഈ സബ് കമ്മിറ്റിയുടെ 1940-ലെ ഒരു പ്രമേയത്തിൽ ഇപ്രകാരം പറയുന്നു. 'സാമൂഹ്യരാഷ്ട്രത്തിന്റെ നന്മയ്ക്കായിട്ടും, കുടുംബാനന്ദത്തിനും ദേശീയതലത്തിൽ ആസൂത്രണവും കുടുംബാസൂത്രണവും, കുട്ടികളുടെ എണ്ണത്തിൽ പരിധികളും ആവശ്യമാണ്.'

കുടുംബാസൂത്രണത്തിന്റെ പ്രാധാന്യം മുൻനിർത്തി 1952-ൽ ഒരു 'ദേശീയ ജനസംഖ്യാനയം', ദേശീയതലത്തിൽ ആവിഷ്ക്കരിച്ച് തുടങ്ങിയ ലോകത്തിലെ ആദ്യരാഷ്ട്രം ഇന്ത്യയാണ്. ഈ പ്രോഗ്രാമിന്റെ മുഖ്യലക്ഷ്യം ജനനനിരക്ക് കുറച്ച് രാഷ്ട്രത്തിന്റെ ദേശീയ ആവശ്യങ്ങൾക്ക് മതിയാവുന്ന നിലയിലേക്ക് ജനസംഖ്യാവർദ്ധനവ് നിയന്ത്രിക്കുക എന്നതായിരുന്നു. അതേ തുടർന്ന്, കാലാ-കാലങ്ങളിൽ ഇന്ത്യ ജനസംഖ്യാനയം കൂടുതൽ ഊന്നൽ നൽകി വ്യക്തവും നിയതവുമായ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ നിങ്ങൾ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുമ്പോൾ പാഠ്യപുസ്തകങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. 2000-ൽ ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ച ജനസംഖ്യാനയം ഈ സന്ദർഭത്തിൽ കൂടുതൽ മനസ്സിലാക്കുവാൻ ശ്രമിക്കാം.

### ദേശീയ ജനസംഖ്യാനയം (നാഷണൽ പോപ്പുലേഷൻ പോളിസി (NPP) 2000)

2000-ലെ ദേശീയ ജനസംഖ്യാനയം, അതിന്റെ സമീപനത്തിൽ ഗുണപരമായ ഒരു വ്യതിയാനം സ്വീകരിച്ചു. ജനസംഖ്യാ നിയന്ത്രണത്തെ സംബന്ധിച്ച് പ്രത്യക്ഷത്തിൽ ജനസംഖ്യാനയം ഊന്നൽ നൽകുന്നില്ല. ഈ നയം ഇപ്രകാരം പറയുന്നു. 'സാമ്പത്തികവും, സാമൂഹികവുമായ വികസനത്തിന്റെ ലക്ഷ്യം, ജനങ്ങളുടെ ജീവിതനിലവാരം ഗുണപ്പെടുത്തി, അവരുടെ ക്ഷേമം ഉയർത്തി, അവർ സമൂഹത്തിന്റെ ഉൽപാദന പ്രക്രിയകളിലെ ആസ്തികളായി മാറുന്നതിനുള്ള അവസരങ്ങളും താൽപര്യങ്ങളും നൽകുക എന്നാണ്.' ജനസംഖ്യാവർദ്ധനവിലെ വ്യതിയാനങ്ങൾക്ക് വിരാമമിട്ടുകൊണ്ട് ദൃഢമായ ഒരു ജനസംഖ്യാനയം ഒരു രാഷ്ട്രത്തിന്റെ പുരോഗതിയെ പ്രോത്സാഹിപ്പിക്കുന്നതാണ്. 2000-ലെ ദേശീയ ജനസംഖ്യാനയ (NPP)ത്തിന്റെ പെട്ടെന്നുള്ള ലക്ഷ്യം. ഇനിയും ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത ഗർഭനിരോധനം, ആരോഗ്യപരിപാലനത്തിനാവശ്യമായ സംവിധാനങ്ങൾ ആരോഗ്യപരിപാലനത്തിന് സഹായകരമായ ഉദ്യോഗസ്ഥർ കൂടാതെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഊർജ്ജിത പരിപാടിയിലൂടെ ജനസംഖ്യാ വർദ്ധനവ് കുറയ്ക്കൽ എന്നതാണ്. ആയതിലേക്ക് ഒരു മാതാവിന്റെ സ്ഥാനത്ത് പകരം നിൽക്കാവുന്ന ഏകമകൾ എന്ന ആശയം - തൽഫലമായി ജനസംഖ്യാ വർദ്ധനവ് 2010-ലേക്ക് പൂജ്യം തലത്തിലേക്ക് എത്തിക്കുക തുടങ്ങിയവ ആയിരുന്നു. ദേശീയ ജനസംഖ്യാനയത്തിന്റെ ദീർഘകാല ലക്ഷ്യം, ഒരു സുസ്ഥിരമായ ജനസംഖ്യ 2045 ആകുമ്പോഴേക്കും ആകുകയും തൽഫലമായി ജീവസന്ധാരണ ത്തിനുതകുന്ന സാമ്പത്തിക വളർച്ച, സാമൂഹ്യ വികസനം, പരിസര സംരക്ഷണം എന്നിവകളും കൈവരിക്കുക എന്നതാണ്.

**? നിങ്ങൾക്കറിയാമോ**

ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് അറ്റ് റീപ്ലേസ്മെന്റ് ലെവൽ (Total Fertility at Replacement Level): TFL എന്നറിയപ്പെടുന്ന ജനസംഖ്യാനയം ജനസംഖ്യാവർദ്ധനവ് പൂജ്യം തലത്തിലേക്ക് എത്തിക്കുക എന്നതാണ്. സമ്പൂർണ്ണ ഉൽപാദനക്ഷമത കൈവരിക്കുന്നതിനായി പുതിയതായി ജനിക്കുന്ന പെൺകുഞ്ഞുങ്ങൾക്ക് അവരുടെ ജീവിത




കാലത്തിൽ അവർക്ക് പകരം നിൽക്കാവുന്ന ശരാശരി ഏകകമകൾ മാത്രം. കൂടുതൽ പരിചിതവാക്കുകളിൽ ഓരോ മാതാവിനും അവർക്ക് പകരം നിൽക്കുവാൻ എത്ര കുട്ടികൾ വേണമോ, അത്രമാത്രം തൽഫലമായി ജനസംഖ്യാ വർദ്ധനവ് പൂജ്യം നിലയിലേക്ക് കുറയും.

**സുസ്ഥിരമായ ജനസംഖ്യ:** ജനനനിരക്കും മരണനിരക്കും മാറ്റമില്ലാതിരിക്കുന്ന ഒരു കാലയളവ്. ഈ വിധത്തിലുള്ള ജനസംഖ്യ മാറ്റമില്ലാത്തതായിരിക്കും. ഈ സ്വഭാവത്തോടുകൂടിയ ജനസംഖ്യയിൽ വിവിധ ആയുസ്സ് വിഭാഗത്തിൽപ്പെട്ടവരുടെ അംഗസംഖ്യയും കുറെയൊക്കെ മാറ്റമില്ലാതെ തുടരും. അതിന്റെ വർദ്ധനവ് നിയന്ത്രിതമായിരിക്കും. എന്നാൽ ജനനനിരക്കും, മരണനിരക്കും ഏതാണ്ട് തുല്യമായിരിക്കുമ്പോൾ ജനസംഖ്യ സുസ്ഥിരമായതും ചലിക്കാത്തതും ആയിരിക്കും.

## ഇന്ത്യയിലെ വനിതാശാക്തീകരണം

വനിതാശാക്തീകരണം ജനസംഖ്യയുടെ ഗുണപരമായ മനുഷ്യവിഭവത്തിന് നിർണ്ണായക പങ്കുവഹിക്കുന്നു. ജനസംഖ്യയുടെ 50 ശതമാനം വരുന്ന സ്ത്രീകൾ ഉണ്ടായിട്ടും അവർക്ക് അർഹമായ പരിഗണന നൽകാതെ അവർ വിവേചനത്തിന് വിധേയമാകുന്നു. ലളിതമായ വിശകലനത്തിൽ, മനുഷ്യവിഭവങ്ങളുടെ 50 ശതമാനം പങ്ക് രാഷ്ട്രത്തിന് ലഭിക്കാതെ പോകുന്നു. വികസിത ലോകത്തിൽ പാലിക്കപ്പെടുന്ന തത്വങ്ങളുടെ വിപരീതമായിട്ടാണ് ഇവ കാണപ്പെടുന്നത്. കുടുംബത്തിലെ കാര്യങ്ങൾ മാത്രം നിർവ്വഹിക്കുവാൻ വിധിക്കപ്പെട്ടവരായി നമ്മുടെ രാജ്യത്തെ സ്ത്രീകൾ ആയിത്തീരുന്നു. മാത്രവുമല്ല, എല്ലാത്തരം വിവേചനങ്ങൾക്ക് മൂകസാക്ഷികളായി അവർ മാറുന്നു. അസുഖകരമായ പെരുമാറ്റത്തിനും എല്ലാത്തരം കുറ്റങ്ങൾക്കും പാത്രീഭവിക്കുന്നു.

ഇന്ത്യൻ ഭരണഘടന നാം പരിശോധിക്കുമ്പോൾ മനസ്സിലാകും, അതിലെ വകുപ്പ് 14, 15, 16, 19, 39, 42, 51 (e) പ്രകാരം എല്ലാവർക്കും നീതിയും, സമത്വവും ഉറപ്പ് നൽകുന്നുവെന്ന് മനസ്സിലാകും. നിരവധി നിയമങ്ങളും പാസ്സാക്കിയിട്ടുണ്ട്. അവയിൽ ഉൾപ്പെട്ടതാണ് 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട്, 1971-ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്ട്, 1978-ലെ ചൈൽഡ് മാര്യേജ് റി-സ്ട്രെയിന്റ് ആക്ട് (ഭേദഗതി) മുതലായവ. ഇതൊക്കെ ഉണ്ടായിട്ടും സ്ത്രീകളുടെ പദവി ഒരു വലിയ പ്രശ്നമായി നിലനിൽക്കുന്നു.

ഈ കാര്യത്തിൽ ഏതാനും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തൽഫലമായി സ്ത്രീകളുടെ പദവിയിൽ ഗുണപരമായ മാറ്റം ഉണ്ടാവും എന്ന പ്രതീക്ഷയിലാണ്. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ സ്ത്രീശാക്തീകരണശ്രമങ്ങൾക്ക് ഒരു വലിയ ആക്കം സൃഷ്ടിക്കുവാൻ സാധിച്ചു. തൽഫലമായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലും, നഗരപാലിക സമിതി കളിലും 33 ശതമാനം വനിതാസംവരണം ഏർപ്പെടുത്തുവാൻ സഹായകരമായ വിധത്തിൽ നിയമം പാസ്സാക്കുവാൻ ഇന്ത്യൻ പാർലമെന്റിന് സാധിച്ചു. ഭരണഘടനയുടെ മറ്റൊരു ഭേദഗതിയിലൂടെ സംസ്ഥാന നിയമസഭകളിലും, ലോക്സഭയിലും 33 ശതമാനം വനിതാസംവരണം ഏർപ്പെടുത്തുവാനുള്ള ഒരു ബില്ലും പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ട്. 1990-ൽ പാസ്സാക്കിയ മറ്റൊരു ആക്ട് പ്രകാരം വനിതകളുടെ ഒരു ദേശീയ കമ്മീഷൻ 1992-ൽ നിലവിൽ വന്നു. കമ്മീഷന് നൽകിയിരിക്കുന്ന വിപുലമായ അധികാരങ്ങളിൽ വനിതകളുടെ നേരെയുള്ള ഏത് ദുഷ്പെരുമാറ്റവും കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കുറ്റവിചാരണ നടത്തുവാനും സ്ത്രീകളുടെ താല്പര്യം സംരക്ഷിക്കുവാനും അതിൽ വകുപ്പുകൾ ചേർത്തിട്ടുണ്ട്.

അന്തിമമായ ലക്ഷ്യം പരിഷ്കാരങ്ങൾ ത്വരിതപ്പെടുത്തുവാനും വികസനവും പുരോഗതിയും വനിതാശാക്തീകരണവും സ്ത്രീകളുടെ നേരെയുള്ള വിവേചനങ്ങളും ഇല്ലാതാക്കു

വാനുമാണ്. ഈ നടപടികൾ എല്ലാംതന്നെ സ്ത്രീകളുടെ എല്ലാ മേഖലകളിലെയും സജീവപങ്കാളിത്തത്തിനും പ്രവർത്തനങ്ങൾക്കുമുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുന്നതാണ്. സ്ത്രീശാക്തീകരണത്തെ സംബന്ധിച്ചും അതിന്റെ ആവശ്യകതകളെ സംബന്ധിച്ചും വിവിധ ശ്രമങ്ങളെ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ നിങ്ങൾക്ക് വായിച്ചു മനസ്സിലാക്കുവാൻ മറ്റൊരു അദ്ധ്യായത്തിൽ, അതായത് 'സാമൂഹ്യ-സാമ്പത്തിക വികസനവും പ്രതികൂല വിഭാഗങ്ങളുടെ ശാക്തീകരണവും' എന്ന തലക്കെട്ടുള്ള വിഭാഗത്തിൽ നൽകിയിട്ടുണ്ട്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 14.5

1. ഒരു പ്രത്യേക ജില്ലയിലെ ആകെ സ്ഥലം 200 ചതുരശ്ര കിലോമീറ്റർ എന്ന് സങ്കൽപിക്കുക. ഇതേ ജില്ല തന്നെ ആകെയുള്ള ജനസംഖ്യ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 17,400, 26,200, 36,200, 47,200, 59,800, 75,200 യഥാക്രമം 1951, 1961, 1971, 1981, 1991, 2001 വർഷങ്ങളിലാണ്.

   A. 6 ദശകങ്ങളിലുള്ള ജനസംഖ്യാ സ്ഥിതിവിവരകണക്ക് പ്രകാരമുള്ള ജനസാന്ദ്രത കണക്കാക്കുക.

   B. ഈ ദശകങ്ങളിലുള്ള ജനസാന്ദ്രതാ മാറ്റങ്ങൾ കണ്ടുപിടിക്കുക.

   C. ജനസാന്ദ്രത കണക്കാക്കിയപ്പോൾ ലഭിച്ച ഏതെങ്കിലും ഒരു പ്രത്യേക പ്രവണത നിങ്ങൾക്ക് കണ്ടുപിടിക്കാമോ?

## നിങ്ങൾ പഠിച്ചത്

- ഒരു രാജ്യത്തിൽ ഒരു പ്രത്യേക കാലയളവിൽ വസിക്കുന്ന ആകെയുള്ള ആളുകളുടെ സംഖ്യയാണ് ജനസംഖ്യ. നമ്മുടെ ജനസംഖ്യയുടെ വിവിധ സാമൂഹ്യ-സാമ്പത്തിക കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് ഓരോ ദശകത്തിന്റെയും പ്രാരംഭത്തിൽ ശേഖരിക്കുന്നത് സെൻസസ് അഥവാ ജനസംഖ്യാ കണക്കെടുപ്പ് എന്ന് വിളിക്കുന്നു.

- 2001-ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം ഇന്ത്യയുടെ ആകെ ജനസംഖ്യ 1028.7 മില്ല്യൺ ആണ്. ഇത് 1901-ലെ (238.3 മില്യൺ) ജനസംഖ്യയെക്കാൾ നാലിരട്ടി കൂടുതലാണ്. ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസത്തെ സ്വാഭാവിക വളർച്ചാനിരക്ക് എന്ന് പറയുന്നു.

- ജനസംഖ്യാസാന്ദ്രത എന്നാൽ ഒരു കിലോമീറ്റർ ചതുരശ്രകിലോമീറ്റർ പ്രദേശത്ത് വസിക്കുന്ന ആളുകളുടെ എണ്ണം എന്നാണ്. ഇൻഡ്യയിൽ ജനസംഖ്യാ വ്യാപനം ഉയർന്നതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ദേശീയ തലസ്ഥാനമായ ഡൽഹിയിലാണ് ഏറ്റവും കൂടുതൽ ജനസാന്ദ്രത (9294 ആളുകൾ ചതുരശ്ര കിലോമീറ്ററിൽ). അരുണാചൽ പ്രദേശിലാണ് ഏറ്റവും കുറഞ്ഞ ജനസാന്ദ്രത (ചതുരശ്ര കിലോമീറ്ററിന് 14 ആളുകൾ).

- സ്ത്രീപുരുഷ അനുപാതം എന്നാൽ ആകെ ജനസംഖ്യയിലെ 1000 പുരുഷന്മാരിൽ വനിതകൾ എത്ര എന്നതാണ്. ഇന്ത്യയിൽ സ്ത്രീ-പുരുഷ അനുപാതം അനുകൂലമല്ല. 2001-ലെ ജനസംഖ്യാ സ്ഥിതിവിവരകണക്ക് പ്രകാരം ഇത് 933 ആണ്. സ്ത്രീ-പുരുഷ അനുപാതം വനിതാ ശാക്തീകരണത്തിലൂടെ സാദ്ധ്യമാകും.

‘ ഇന്ത്യയിലെ ജനസംഖ്യയെ വയസ്സിന്റെ മാനദണ്ഡത്തിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം. (i) കുട്ടികൾ (0-14 വയസ്സ് വരെ) (ii) പ്രായ പൂർത്തിയായവർ (15-60 വയസ്സ് വരെ) (iii) പ്രായമായവർ (60 വയസ്സും അതിൽ കൂടുതൽ) കുട്ടികളും പ്രായമായവരും ആശ്രിത ജനസംഖ്യാ വിഭാഗത്തിൽപ്പെടുന്നു. ആകെ ജനസംഖ്യയിൽ ഇവർ 43 ശതമാനത്തോളം ഉണ്ട്.

- പ്രബുദ്ധ സമൂഹത്തിൽ സാക്ഷരത ഒരു പ്രധാന സൂചികയാണ്. ജനസംഖ്യാ സ്ഥിതി വിവര കണക്ക് പ്രകാരം 7 വയസ്സും അതിൽ കൂടുതലും പ്രായമായ വ്യക്തികൾക്ക് എഴുതുവാനും, വായിക്കുവാനും, കാര്യങ്ങൾ മനസ്സിലാക്കുവാനുമുള്ള കഴിവുണ്ടായിരിക്കണം. നമ്മുടെ രാജ്യത്തിലെ സാക്ഷരതാ നിലവാരം ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. 1951-ൽ ഇത് വെറും 18.33 ആയിരുന്നുവെങ്കിൽ 2001-ൽ അത് 65.37 ശതമാനമായി വർദ്ധിച്ചു. സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ സാക്ഷരതാ നിലവാരം ഉള്ളത് കേരള സംസ്ഥാനമാണ്. ഇവിടുത്തെ സാക്ഷരതാ നിലവാരം 90.86 ശതമാനം ആണ്.

- ദേശീയ ജനസംഖ്യാനയ (National Population Policy) ത്തിന്റെ പ്രധാന ലക്ഷ്യം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ്. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജനനനിരക്കും മരണനിരക്കും താഴ്ന്ന നിലയിലേക്ക് കുറയ്ക്കണം, കുടുംബക്ഷേമകാര്യങ്ങൾ നടപ്പിലാകണം, ജനസംഖ്യ മാറ്റമില്ലാത്തതായി തീരണം, സാമ്പത്തിക വളർച്ചയും, സാമൂഹ്യവികസനവും പരിസ്ഥിതി സംരക്ഷണവും സാദ്ധ്യമാകണം. ജീവിതനിലവാരം ഗുണപ്പെടുത്തി മതിയായ മുതൽമുടക്കിലൂടെ നമ്മുടെ വിപുലമായ ജനസംഖ്യയെ ഉൽപാദകക്ഷമതയുള്ള വിഭാഗമായി മാറ്റുവാൻ സാധിക്കും.

## സമാപ്തി പ്രവർത്തി

1. സ്ത്രീ-പുരുഷ അനുപാതം നിർവ്വചിക്കുക. ഇന്ത്യയിൽ സ്ത്രീപുരുഷ അനുപാതം അനുകൂലമല്ലാത്തത് എന്തുകൊണ്ട്?
2. ജനസംഖ്യയെ നിർവ്വചിക്കുക. ജനസംഖ്യാവർദ്ധനവ് തോത് എത്ര എന്നത് എങ്ങനെ മനസ്സിലാക്കാം?
3. ഇന്ത്യയിലെ ജനസംഖ്യയെ ഓരോ വിഭാഗത്തിന്റെയും പ്രായത്തിന്റെ മാനദ്ണ്ഡത്തിൽ വിഭജിക്കുമ്പോൾ ഓരോ വിഭാഗത്തെ സംബന്ധിച്ച് എന്ത് അടിസ്ഥാനമാണ് നമുക്ക് ലഭിക്കുന്നത്?
4. നമ്മുടെ വലിയ ജനസംഖ്യയെ ഒരു വിഭവമാക്കി മാറ്റുന്നത് എങ്ങനെ?
5. താഴെ പ്രസ്താവിക്കുന്ന പദം / പദസമൂഹങ്ങളെ സംബന്ധിച്ച് നിർവ്വചനം നൽകുക.
   (i) ജനസാന്ദ്രത
   (ii) ജനനനിരക്ക്, മരണനിരക്ക്, വളർച്ചാനിരക്ക്
   (iii) സാക്ഷരത
6. ദേശീയ ജനസംഖ്യാനയം വിവരിക്കുക
7. സ്ത്രീശാക്തീകരണം എന്നാൽ എന്ത്? സ്ത്രീശാക്തീകരണം സമൂഹത്തെ / സമുദായത്തെ എപ്രകാരം ശക്തിയുള്ളതാക്കുന്നു?

## പാഠഭാഗത്തെ ചോദ്യങ്ങളുടെ ഉത്തരം

**14.1**

1. നമ്മൾ ഉപയോഗിക്കുന്ന ഏതെങ്കിലും വസ്തു പുന:സംസ്കരണം നടത്തി ഉപയോഗിക്കുന്നതിനെ
2. വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, പ്രത്യേകതരത്തിലുള്ള പരിശീലനം

**14.2**

1. A. പശ്ചിമബംഗാൾ
2. D. 300 ആളുകൾ / ചതുരശ്രകിലോമീറ്റർ
3. (i) വ്യവസായവൽക്കരണം (ii) നഗരവൽക്കരണം (iii) ജോലി സാദ്ധ്യതകൾ (iv) ഗതാഗത സൗകര്യവും വാർത്താവിനിമയവും
4. (i) മുറിഞ്ഞ് മുറിഞ്ഞുള്ള ഉപരിതലപ്രദേശം
   (ii) കഠിനമായ കാലാവസ്ഥാ സാഹചര്യങ്ങൾ

**14.3**

1. C. 20 ആളുകൾ / ആയിരത്തിൽ ഒരാൾ
2. C. ഉയർന്ന ജനനനിരക്ക്, താഴ്ന്ന മരണനിരക്ക്
3. 1921 വർഷം വ്യക്തമാക്കുന്നത് ജനസംഖ്യയിൽ കുറവ്. അതേ തുടർന്ന് നിരന്തര വർദ്ധനവ് കാണിക്കുന്നു.

**14.4**

1. C. 933
2. A. 27.8
3. ആശ്രിത ജനസംഖ്യയുടെ ക്ഷേമത്തിനായി ഗവൺമെന്റ് കൂടുതലായി ശ്രദ്ധിക്കുന്നു. ആയതിനാൽ രാഷ്ട്രത്തിലെ വലിയ വികസനകാര്യ ങ്ങൾക്ക് കുറവ് നേരിടുന്നു.
4. (i) വനിതകളോടുള്ള വിവേചനങ്ങൾ
   (ii) പെൺഭ്രൂണഹത്യയും, ശിശുഹത്യയും

**14.5**

1.

| വർഷം | A<br>സാന്ദ്രത | B<br>ദശകമാറ്റങ്ങൾ സാന്ദ്രതയിൽ | C |
|---|---|---|---|
| 1951 | 87 | | ജനസാന്ദ്രത തുടർച്ചയായി വർദ്ധിക്കുന്ന പ്രവണത |
| 1961 | 131 | 44 | |
| 1971 | 181 | 50 | |
| 1981 | 236 | 55 | |
| 1991 | 299 | 63 | |
| 2001 | 376 | 77 | |

# സെക്കന്ററി സോഷ്യൽ സയൻസ് പാഠ്യപദ്ധതി

## അടിസ്ഥാന തത്വം

മനുഷ്യസമൂഹത്തെ സംബന്ധിച്ച പഠനം സങ്കീർണ്ണമായ ഒന്നാണ് സമൂഹ്യ ബന്ധങ്ങളുടെ പരസ്പര ബന്ധത്തെപ്പറ്റിയുള്ള പഠനം ഇതിൽ ഉൾപ്പെടുന്നു. സമൂഹത്തെ മനസ്സിലാക്കുന്നതിന് ധാരാളം വിഷയങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവുകൾ ആവശ്യമാണ്. ആയതിനാൽ സോഷ്യൽ സയൻസ് പാഠ്യപദ്ധതി നരവംശ ശാസ്ത്രം, സോഷ്യോളജി, ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രമീംമാസ എന്നിവയിൽ നിന്നുള്ള അറിവുകൾ സമഗ്രമായ ഒരു സമീപനത്തിലൂടെ സ്വീകരിക്കാൻ പരിശ്രമിക്കുന്നു.

നമ്മുടെ സമൂഹത്തിന്റെ ചരിത്ര, സാമൂഹിക-സാംസ്ക്കാരിക, സാമ്പത്തിക, രാഷ്ട്രീയ, ഭൗതിക വീക്ഷണങ്ങളെക്കുറിച്ചുള്ള അറിവുകൾ ലഭിക്കുന്നതിനും മനസ്സിലാ ക്കുന്നതിനും സോഷ്യൽസയൻസ് പഠനം വിദ്യാർത്ഥികളെ സഹായിക്കുന്നു. നേടിയ അറിവുകൾ യഥാർത്ഥ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്താനും അവരെ സഹായിക്കുന്നു. ഈ അനുഭവത്തിൽ നിന്ന് ലഭ്യമായ പ്രധാനപ്പെട്ട ജീവിത മൂല്യങ്ങൾ ആർജ്ജിക്കാനും ഉത്തരവാദിത്വമുള്ള ഒരു പൗരനായി വളരുന്നതിനും സഹായിക്കുന്നു. കൂടാതെ രാഷ്ട്രനിർമ്മാണ പ്രക്രിയയിലും അതിന്റെ വികസനത്തിലും ഫലപ്രദമായി പങ്കുചേരാനും ഇത് പഠിതാക്കളെ സഹായിക്കുന്നു.

## ഉദ്ദേശ്യങ്ങൾ

### പാഠ്യപദ്ധതി ലക്ഷ്യമാക്കുന്നത്

- മുൻതലമുറകളുടെ പോരാട്ടങ്ങൾ അനുഭവങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ പാഠങ്ങൾ ഉൾക്കൊള്ളുന്നതിന്
- രാജ്യത്തിന്റെ വിഭവങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കുന്നതിന്റേയും അവ സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകതയുടെ പ്രാധാന്യം സ്പഷ്ടീകരിക്കുന്നതിന്.
- നമ്മുടെ ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ജനാധിപത്യരാജ്യമായി ഇന്ത്യയെ നിലനിർത്തുന്നതിന്.
- സമകാലീന ഇന്ത്യയിൽ നിലനിൽക്കുന്ന വിവിധ സാമൂഹിക- രാഷ്ട്രീയ പ്രശ്നങ്ങൾ അറിയാനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നാം ഓരോരുത്തരുത്തർക്കും നൽകാവുന്ന സംഭാവന തിരിച്ചറിയുന്നതിനും.

## മൂല്യനിർണ്ണയം

ഫോർമേറ്റീവ് (ഇടയ്ക്കിടയ്ക്കുള്ള സമയങ്ങളിൽ) സമ്മേറ്റിവ് (കോഴ്സിന്റെ അവസാനം) എന്നീ രണ്ട് രീതികളിൽ മൂല്യനിർണ്ണയം നടക്കുന്നു. ട്യൂട്ടർമാർ പരിശോധിച്ച് മാർക്ക് നൽകുന്ന അസൈൻമെന്റുകളാണ് (Tutor marked Assignment - TMA) ഫോർമേറ്റീവ് മൂല്യനിർണ്ണയത്തിൽപ്പെടുന്നത്. വർഷത്തിൽ മാർച്ച്, ഒക്ടോബർ എന്നിങ്ങനെ രണ്ടു തവണകളായി നടക്കുന്ന 100 മാർക്കിന്റെ പൊതു പരീക്ഷയാണ് സമ്മേറ്റീവ് മൂല്യനിർണ്ണയം. 20 മാർക്കു വീതമുള്ള 3 TMA കൾ ഉണ്ടായിരിക്കും. ഇത് രണ്ടും കൂടാതെ സ്വയം മൂല്യനിർണ്ണയത്തിന് പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ, പാഠ്യാന്ത്യ അഭ്യാസങ്ങൾ, പാഠ്യപ്രവർത്തനങ്ങൾ തുടങ്ങിയ പാഠഭാഗത്തോടനുബന്ധിച്ചുള്ള ഘടകങ്ങളും ഓരോ പാഠത്തിന്റേയും അവിഭാജ്യഭാഗങ്ങളാണ്.

| മോഡ്യൂൾ | മോഡ്യൂളിന്റെ പേര് | വെയിറ്റേജ് | പഠനസമയം |
|---|---|---|---|
| മോഡ്യൂൾ 1 | ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ | 32 മാർക്ക് | 76 മണിക്കൂർ |
| മോഡ്യൂൾ 2 | ഇന്ത്യ: സ്വാഭാവിക പരിസ്ഥിതി വിഭവങ്ങളും വികസനവും | 27 മാർക്ക് | 64 മണിക്കൂർ |
| മോഡ്യൂൾ 3 | ജനാധിപത്യം പ്രവർത്തിപഥത്തിൽ | 28 മാർക്ക് | 68 മണിക്കൂർ |
| മോഡ്യൂൾ 4 | സമകാലീന ഇന്ത്യ: പ്രശ്നങ്ങളും ലക്ഷ്യങ്ങളും | 13 മാർക്ക് | 32 മണിക്കൂർ |
| | **ആകെ** | **100 മാർക്ക്** | **240 മണിക്കൂർ** |

# കോഴ്സ് വിവരണം

## മോഡ്യൂൾ 1: ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ

**വെയിറ്റേജ്: 32 മാർക്ക്** **പഠനസമയം : 76 മണിക്കൂർ**

**സമീപനം:** യുഗാന്തരങ്ങളിലൂടെ ഇന്ത്യയും ലോകവുംരൂപം പ്രാപിച്ചതിനെക്കുറിച്ചുള്ള അറിവ് പഠിതാക്കൾക്ക് പരിചിതമാക്കുക എന്നതാണ് ഈ മോഡ്യൂൾ ലക്ഷ്യമാക്കുന്നത്. താഴെപ്പറയുന്ന സംഭവങ്ങളും പ്രക്രിയകളും അവ അന്യോന്യം പ്രകടമായി വ്യത്യസ്തമായിരിക്കുന്നെങ്കിലും പുതിയ രാഷ്ട്രീയ സാമ്പത്തിക ശക്തികളെ പ്രതിനിധാനം ചെയ്യുന്നു. ഫ്രഞ്ച് വിപ്ലവം സ്വാതന്ത്ര്യം ജനാധിപത്യം എന്നിവയെ പ്രോത്സാഹിപ്പിച്ചപ്പോൾ റഷ്യൻ വിപ്ലവം സോഷ്യലിസ്റ്റ് ആശയങ്ങൾ ഉടലെടുക്കാൻ സഹായിക്കുകയും ചെയ്തു.ജർമ്മനിയിലെ നാസിസ്സം സോഷ്യലിസത്തിന്റേയും ജനാധിപത്യത്തിന്റെയും നിരാകരണ സിദ്ധാന്തത്തിന്റെ ഒരു കേസ് സ്റ്റഡിയാണ്. സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് ഇന്ത്യയിലെ കൊളോണിയലിസം മൂലമുള്ള ഫലങ്ങൾ ബ്രിട്ടന്റെ ഭരണത്തിനെതിരായി ഇന്ത്യൻ ദേശീയ പ്രസ്ഥാനം വഴിയുള്ള പ്രതിരോധം, എന്നിവ പഠിതാക്കളെ പരിചയപ്പെടുത്തുക എന്നത് ഇത് ലക്ഷ്യമാക്കുന്നു. ജനകീയ പരമാധികാരം, തുല്യപൗരത്വം എന്നീ ആശയങ്ങൾ എങ്ങനെ വികസിപ്പിച്ചുവെന്നും ഇതിലൂടെ കാണാം. സ്വാതന്ത്ര്യസമരത്തിലെ ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങളും ഇതിലൂടെ പഠിതാക്കൾക്ക് പരിചിതമാകുന്നു. ചിന്താശക്തി, ആശയ വിനിമയശേഷി, പരസ്പരം ആലോചനശേഷി എന്നീ ജീവിതനൈപുണികൾ പഠിതാക്കളിൽ വികസിപ്പിച്ചെടുക്കുന്നതിന് അനുയോജ്യമായ രീതിയിലുള്ള ഉദാഹരണങ്ങൾ, പ്രവർത്തനങ്ങൾ, സർവ്വേകൾ, കേസ് സ്റ്റഡികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ശ്രദ്ധയോടുകൂടിയാണ് പാഠത്തിലെ വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്.

സോഷ്യൽ സയൻസ് പ്രവേശിക

1. പുരാതന ലോകം
2. മദ്ധ്യകാല ലോകം
3. ആധുനിക ലോകം -I
4. ആധുനിക ലോകം - II
5. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഫലം - സാമ്പത്തിക- സാമൂഹിക - സാംസ്ക്കാരിക രംഗങ്ങളിൽ (1757 - 1857)
6. കൊളോണിയൽ ഇന്ത്യയിലെ മത-സാമൂഹിക ഉണർവ്വ്
7. ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിരോധം
8. ഇന്ത്യൻ ദേശീയ പ്രസ്ഥാനം

## മോഡ്യൂൾ 2: ഇന്ത്യ: സ്വാഭാവിക പരിസ്ഥിതി, വിഭവങ്ങളും വികസനവും

**വെയിറ്റേജ്: 27 മാർക്ക്** **പഠനസമയം : 64 മണിക്കൂർ**

**സമീപനം:** നൈസർക്ഷിക പരിസ്ഥിതി, വിഭവങ്ങളും വികസനവും എന്നിവ തമ്മിലുള്ള പരസ്പരബന്ധം പഠിതാവിനെ പരിചയപ്പെടുത്തുന്ന രീതിയിലാണ് ഈ മോഡ്യൂൾ രൂപകൽപന ചെയ്തിരിക്കുന്നത്. പരിസ്ഥിതിയുടെ അടിസ്ഥാന മൂലഘടകങ്ങൾ അതിന്റെ ഊർജ്ജസ്വലത എന്നിവ മനസ്സിലാക്കാൻ ഈ മോഡ്യൂൾ പഠിതാവിനെ സഹായിക്കുന്നു. മനുഷ്യൻ കൂടി പങ്കാളിയായ മുഴുവൻ ജീവജാലങ്ങളുടേയും നിലനിൽപ്പിനും വളർച്ചയ്ക്കും ഭൂമിയിൽ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കൂടി അത് എടുത്തു കാട്ടുന്നു.

പ്രകൃതി വിഭവങ്ങളുടെ അടിസ്ഥാനം അതിന്റെ സമഗ്രതയിലും ശാസ്ത്രീയ വികസനങ്ങൾ സുസ്ഥിരാടിസ്ഥാനത്തിലും പഠിതാക്കൾ പരിചിതമാകുന്ന രീതിയിലാണ് ഈ മോഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. പ്രകൃതി വിഭവങ്ങൾ മനുഷ്യനിർമ്മിത വിഭവങ്ങൾ എന്നിവ സംബന്ധിച്ചും അവയുടെ വിതരണവും വ്യാപനവും ഉപഭോഗരീതികളും അവയുടെ പരിപാലനവും ഉപയോഗരീതികളും ഇതിൽ ചർച്ച ചെയ്യുന്നു. ഇന്ത്യയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ മോഡ്യൂൾ വികസിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയുടെ ഭൗതികവും സാംസ്ക്കാരികവുമായ വൈവിധ്യങ്ങളും അതിലടങ്ങിയിരിക്കുന്ന ഏകത്വവും പഠിതാക്കൾക്ക് മനസ്സിലാക്കുന്നതിന് ഇത് സഹായിക്കുന്നു. ഭൂമിശാസ്ത്രപരമായ വസ്തുതകൾ, കാലാവസ്ഥ, മണ്ണ്, സസ്യജാലം, വന്യമൃഗങ്ങൾ എന്നിവയെല്ലാം ഭൗതിക വൈവിധ്യങ്ങളിൽ ഉൾപ്പെടുന്നു. സാംസ്ക്കാരിക ഘടകങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് ഇന്ത്യൻ സംസ്ക്കാരം, ഇന്ത്യൻ സാഹചര്യത്തിൽ സംസ്ക്കാരം എന്ന പദത്തിന്റെ അർത്ഥ വ്യാപതി, സാംസ്ക്കാരിക വൈവിധ്യം, അതിന്റെ ഭൗതികഘടകങ്ങളുമായിട്ടുള്ളബന്ധം എന്നിവ ഉൾപ്പെടുന്നു. ഇത് ഇന്ത്യയുടെ സമ്പന്നമായ നൈസർക്ഷികവും സാംസ്ക്കാരികവുമായ പാരമ്പര്യവും അത് ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും ഊന്നിപ്പറയുന്നു. ചിന്താശക്തി, ആശയവിനിമയശേഷി പരസ്പരാലോചനാശേഷി, എന്നീ ജീവിത നൈപുണികൾ പഠിതാക്കളിൽ വികസിപ്പിച്ചെടുക്കുന്നതിന് അനുയോജ്യമായ രീതിയിലുള്ള ഉദാഹരണങ്ങൾ, പ്രവർത്തനങ്ങൾ, സർവ്വേകൾ, കേസ് സ്റ്റഡികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ശ്രദ്ധയോടുകൂടിയാണ് പാഠത്തിലെ വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്.

1. ഇന്ത്യയുടെ ഭൂപ്രകൃതിശാസ്ത്രം
2. കാലാവസ്ഥ
3. ജൈവ-വൈവിധ്യം
4. കൃഷി ഇന്ത്യയിൽ
5. ഗതാഗതവും വാർത്താവിനിമയവും
6. ജനസംഖ്യ നമ്മുടെ ഏറ്റവും വലിയ വിഭവം.

## മോഡ്യൂൾ 3: ജനാധിപത്യം പ്രവർത്തിപഥത്തിൽ

വെയിറ്റേജ്: 28 മാർക്ക് പഠനസമയം : 68 മണിക്കൂർ

സമീപനം: രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പര ബന്ധം ഉറപ്പിച്ച് അവകാശങ്ങൾക്കും കർത്തവ്യങ്ങൾക്കും പ്രാമുഖ്യം നൽകി ഉത്തമപൗരനായി തീരുന്നതിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഈ മോഡ്യൂൾ രൂപകല്പന ചെയ്തിട്ടുള്ളത്. ആസൂത്രണത്തിലും നടപ്പാക്കലിലും ഒരു ക്ഷേമ രാഷ്ട്രമാണ് ഈ മോഡ്യൂൾ ഉദ്ദേശിക്കുന്നത്. പ്രാദേശികവും അതിനു മുകളിലുള്ളതുമായ വിവിധ തലങ്ങളിലെ ഗവൺമെന്റുകളുമായി പഠിതാക്കൾക്ക് പരിചയം ഉണ്ടാകണമെന്ന് ഈ മോഡ്യൂൾ ഉദ്ദേശിക്കുന്നു.പ്രാദേശികതലത്തിൽ മൂന്ന് സ്ഥാപനങ്ങൾ - പഞ്ചായത്ത് രാജ്, മുനിസിപ്പൽ ഭരണം, ജില്ലാ ഭരണം എന്നിവ ഉൾപ്പെടുന്നു. ഇതിന് പുറമെ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുമുണ്ട്. ചിന്താശക്തി, ആശയ വിനിമയശേഷി, പരസ്പരാലോചനാശേഷി എന്നീ ജീവിതനൈപുണികൾ പഠിതാക്കളിൽ വികസിപ്പിച്ചെടുക്കുന്നതിന് അനുയോജ്യമായ രീതിയിലുള്ള ഉദാഹരണങ്ങൾ, പ്രവർത്തനങ്ങൾ, സർവ്വേ, കേസ് സ്റ്റഡികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ശ്രദ്ധയോടുകൂടിയാണ് പാഠത്തിലെ വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്.

1. ഭരണഘടനാ മൂല്യങ്ങളും രാഷ്ട്രീയ സമ്പ്രദായവും ഇന്ത്യയിൽ
2. മൗലികാവകാശങ്ങളും മൗലിക കർത്തവ്യങ്ങളും
3. ഇന്ത്യ- ഒരു ക്ഷേമരാഷ്ട്രം.-1
4. പ്രാദേശിക ഗവൺമെന്റും ഭരണവും -11
5. സംസ്ഥാനതല ഭരണ നിർവ്വഹണം
6. കേന്ദ്രതല ഭരണ നിർവഹണം
7. രാഷ്ട്രീയ പാർട്ടികളും സമ്മർദ്ദവിഭാഗങ്ങളും
8. ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കെടുക്കൽ

## മോഡ്യൂൾ 4: സമകാലീന ഇന്ത്യ: പ്രശ്നങ്ങളും വെല്ലുവിളികളും

വെയിറ്റേജ്: 13 മാർക്ക് പഠനസമയം : 32 മണിക്കൂർ

സമീപനം: രാജ്യത്തിന്റെ അകത്തു നിന്നും പുറത്തു നിന്നും ഉള്ള രാഷ്ട്രീയ, സാമൂഹിക -സാമ്പത്തിക വെല്ലുവിളികളെ തിരിച്ചറിയാൻ ഈ മോഡ്യൂൾ സഹായിക്കുന്നു. പഠിതാവ് രാഷ്ട്രത്തിന്റെ പ്രശ്നങ്ങൾ അറിയാനും അവ പരിഹരിക്കുന്നതിനും പ്രാപ്തനാകണം. ഈ മോഡ്യൂൾ കൊണ്ട് ഇതാണ് മുഖ്യമായും ഉദ്ദേശിക്കുന്നത്.

1. ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ
2. ദേശീയോദ്ഗ്രഥനവും മതേതരത്വവും
3. സാമൂഹിക-സാമ്പത്തികവികസനവും അവശ ജനവിഭാഗങ്ങളും
4. പരിസ്ഥിതി അപചയവും ഡിസാസ്റ്റർ മാനേജ്മെന്റും
5. സമാധാനവും സുരക്ഷിതത്വവും

First Fold

**Feed back on Lessons 13-27**

| Lesson No. | Lesson Name | Was the Content | | | | Was the language | | Were the Illustrations | | What you have learnt is | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | Easy | Difficult | Interesting | Confusing | Simple | Complex | Useful | Not Useful | Very helpful | Somewhat helpful | Not Helpful |
| 13. | | | | | | | | | | | | |
| 14. | | | | | | | | | | | | |
| 15. | | | | | | | | | | | | |
| 16. | | | | | | | | | | | | |
| 17. | | | | | | | | | | | | |
| 18. | | | | | | | | | | | | |
| 19. | | | | | | | | | | | | |
| 20. | | | | | | | | | | | | |
| 21. | | | | | | | | | | | | |
| 22. | | | | | | | | | | | | |
| 23. | | | | | | | | | | | | |
| 24. | | | | | | | | | | | | |
| 25. | | | | | | | | | | | | |
| 26. | | | | | | | | | | | | |
| 27. | | | | | | | | | | | | |

Fourth Fold

Third Fold

*Dear learner,*

*You must have enjoyed going through yours course books. It was our endeavor to make the study material relevant, interactive and interesting. Production of course books is a two way process. Your feedback would help us improve the study material. Do take a few minutes of your time and fill-up the feedback form so that an interesting and useful study material can be made.*

*Thank you*
*Course Co-ordinator*
*Psychology*

**Feed back on Questions**

| Lesson No. | Lesson Name | Intest Questions | | Terminal Questions | | |
|---|---|---|---|---|---|---|
| | | Useful | Not useful | Easy | Diff. | V.diff. |
| 13. | | | | | | |
| 14. | | | | | | |
| 15. | | | | | | |
| 16. | | | | | | |
| 17. | | | | | | |
| 18. | | | | | | |
| 19. | | | | | | |
| 20. | | | | | | |
| 21. | | | | | | |
| 22. | | | | | | |
| 23. | | | | | | |
| 24. | | | | | | |
| 25. | | | | | | |
| 26. | | | | | | |
| 27. | | | | | | |

Second Fold

Final Fold and seal

**Complete and Post the feedback form today**

Yours suggestion

______________________

______________________

______________________

______________________

Did you consult any other book to study Psychology? Yes/No

If yes, give reason for consulting it.

______________________

______________________

Name: ______________________

Enrolment No: ______________________

Address: ______________________

______________________

Subject: ______________________

Book No.: ______________________

**Course Coordinator,**
**Psychology**
**National Institute of Open Schooling**
**A-24-25, Institutional Area**
**Sector-62, NOIDA (U.P.), Pin-201309**

Postage Stamp

No Enclosures allowed